150 YEARS OF CELEBRATING THE MAHATMA



ജില്ലാ പദ്ധതി

ഇടുക്കി

ജില്ലാ പ്ലാനിംഗ് ഓഫീസ്, ഇടുക്കി

ജില്ലാ പദ്ധതി

ഇടുക്കി

ജില്ലാ പ്ലാനിംഗ് ഓഫീസ്, ഇടുക്കി

മുഖവുര

ഇന്ത്യൻ ഭരണഘടനയുടെ 73-74 ഭേദഗതികളിലൂടെ രൂപീകൃതമായ ജില്ലാ ആസൂത്രണ സമിതിയുടെ പരമ പ്രധാനമായ ഉത്തരവാദിത്വമാണ് ജില്ലാ പദ്ധതി രൂപീകരിക്കുക എന്നത്. മലയോര ജില്ലയായ ഇടുക്കിയുടെ പ്രശ്നങ്ങളും പരിമിതികളും പോലെ സാധ്യതകളും സംസ്ഥാനത്തെ മറ്റ് ജില്ലകളിൽ നിന്ന് വ്യത്യസ്തമാണ്. അതുകൊണ്ടുതന്നെ ജില്ലയുടെ സമഗ്ര വികസനത്തിന്റെ രൂപരേഖയാകാവുന്ന ജില്ലാ പദ്ധതി തയ്യാറാക്കുക എന്നത് തികച്ചും ശ്രമകരമായ പ്രവർത്തനമാണ്. ഒരു പദ്ധതിയും പൂർണ്ണമല്ല എന്ന യാഥാർത്ഥ്യം അംഗീകരിക്കുമ്പോഴും പ്രായോഗികതയിലൂന്നിയ ഒരു ജില്ലാ പദ്ധതി തയ്യാറാക്കി എന്നത് ഏറ്റവും സന്തോഷകരമായ കാര്യമാണ്.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, പ്രാദേശിക സർക്കാരുകൾ അതുപോലെ തന്നെ വിവിധ തലത്തിലുള്ള ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുമെല്ലാം ജില്ലയിൽ വിവിധങ്ങളായ വികസന പ്രവർത്തനങ്ങൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇത്തരം പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുവാൻ പര്യാപ്തമായ ജില്ലാ പദ്ധതി വരുംകാല വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് മുന്നോട്ട് പോകുന്നതിന് സഹായകമാകും എന്ന കാര്യത്തിൽ സംശയമില്ല.

മഹത്തായ ഈ ഉദ്യമം വൻവിജയമാക്കിയ ബഹുമാന്യ ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരേയും സന്നദ്ധ പ്രവർത്തകരേയും നന്ദിയോടെ ഓർക്കുന്നു. വളരെ കുറച്ചു സമയം മാത്രമെടുത്ത് തയ്യാറാക്കിയിട്ടുള്ള ജില്ലാ പദ്ധതി വരും വർഷങ്ങളിൽ പരിഷ്കരിക്കേതുണ്ട്.

ഇടുക്കിയുടെ വികസന സ്വപ്നങ്ങൾ പൂവണിയുന്നതിനുതകുന്ന ജില്ലാ പദ്ധതി നിലവിലുള്ള ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും മാർഗ്ഗ ദീപമായി ഭവിക്കട്ടെ എന്ന പ്രതീക്ഷയോടെ.....

കുമാരി കൊച്ചുത്രേസ്യാ പൗലോസ്
പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത്
& ചെയർപേഴ്സൺ ജില്ലാ ആസൂത്രണ സമിതി

മുഖവുര

ഇടുക്കിയുടെ സമഗ്ര വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ എന്ന രീതിയിൽ തയ്യാറാക്കപ്പെട്ടിട്ടുള്ള ജില്ലാ പദ്ധതിരേഖ വരുംകാല വികസന മുന്നേറ്റത്തിന്റെ നാഴികക്കല്ലാണ് എന്ന കാര്യത്തിൽ സംശയമില്ല.

രണ്ടു ഭാഗങ്ങളായി തയ്യാറാക്കപ്പെട്ടിട്ടുള്ള ജില്ലാ പദ്ധതിയുടെ ഒന്നാം ഭാഗം വികസന പരിപ്രേക്ഷ്യവും രണ്ടാം ഭാഗം പദ്ധതി നിർദ്ദേശങ്ങളുമാണ്.

ജില്ലാ പദ്ധതിയുടെ ഒന്നാം ഭാഗത്ത് ഹ്രസ്വകാല വികസന പരിപ്രേക്ഷ്യവും ദീർഘകാല വികസന പരിപ്രേക്ഷ്യവും ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ലയിൽ 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് നടപ്പാക്കുന്ന പദ്ധതി സംബന്ധിച്ച് ഹ്രസ്വകാല പരിപ്രേക്ഷ്യവും അടുത്ത 20 വർഷത്തെ പദ്ധതി സംബന്ധിച്ച് ദീർഘകാല പരിപ്രേക്ഷ്യവും തയ്യാറാക്കിയിട്ടുണ്ട്. ഇടുക്കി ജില്ലയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളോടൊപ്പം മഹാപ്രളയത്തിലുണ്ടായിരിക്കുന്ന നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള കാഴ്ച്ചപ്പാടുകളാണ് അവതരിപ്പിച്ചിരിക്കുന്നത്.

ജില്ലാ പദ്ധതിയുടെ രണ്ടാം ഭാഗം ജില്ലയുടെ വികസന കാഴ്ച്ചപ്പാട് അന്വർത്ഥമാക്കുന്നതിനു വേണ്ടി വിവിധ തലങ്ങളിൽ നടത്തേണ്ട പ്രവർത്തനങ്ങളാണ്. ജില്ലയുടെ ഓരോ വികസനമേഖലയിലെയും പ്രശ്നങ്ങൾ അപഗ്രഥിച്ച് സ്ഥിതി വിവരക്കണക്കുകളുടെ അടിസ്ഥാനത്തിലാണ് പദ്ധതികൾ നിർദ്ദേശിച്ചിട്ടുള്ളത്. ഈ നിർദ്ദേശങ്ങൾ ജില്ലയുടെ വരുംകാല വികസനത്തിന് ആക്കം കൂട്ടുവാൻ ഉപകരിക്കുന്നതാണ്. വിവിധ തട്ടുകളിലാണ് ഇത്തരം നിർദ്ദേശങ്ങൾ നടപ്പാക്കേണ്ടത്. അതിനാൽ മേൽത്തട്ട് നിർദ്ദേശങ്ങളും കീഴ്ത്തട്ട് നിർദ്ദേശങ്ങളും പ്രത്യേക അദ്ധ്യായമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ഒരു പദ്ധതിയുടെ വിജയം നിർണ്ണയിക്കുക പ്രസ്തുത പദ്ധതിയെ എങ്ങനെ ജനങ്ങൾ ഉൾക്കൊള്ളുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ്. അതുകൊണ്ടുതന്നെ നമ്മൾ തയ്യാറാക്കിയിട്ടുള്ള ജില്ലാ പദ്ധതിയുടെ അടിസ്ഥാനത്തിൽ ജില്ലയുടെ ഭാവി പദ്ധതികൾക്ക് രൂപം നൽകുവാൻ എല്ലാവർക്കും കഴിയട്ടെ എന്ന് ആശംസിക്കുന്നു.

ശ്രീ. ജീവൻ ബാബു .കെ, ഐ.എ.എസ്
ജില്ലാ കളക്ടർ

മുഖവുര

നമ്മുടെ സംസ്ഥാനത്ത് പഞ്ചായത്തിരാജ് നഗരപാലിക നിയമങ്ങൾ പ്രാബല്യത്തിൽ വന്നതോടൊപ്പം അധികാര വികേന്ദ്രീകരണം പൂർണ്ണതലത്തിൽ എത്തുകയും ചെയ്തതിനാൽ ജില്ലാ പദ്ധതി തികച്ചും അനിവാര്യമായിരിക്കുകയാണ്. ഒൻപതാം പദ്ധതിക്കാലത്ത് നമ്മൾ ആദ്യമായി ഒരു പദ്ധതി തയ്യാറാക്കിയെങ്കിലും വികസന പ്രശ്നങ്ങളിലും മുൻഗണനകളിലും വളരെ പ്രകടമായ മാറ്റങ്ങൾ ഉണ്ടായിരിക്കുകയാണ്. ഈയൊരു മാറ്റം കണക്കിലെടുത്ത് സംസ്ഥാന ആസൂത്രണ ബോർഡ് നിർദ്ദേശ പ്രകാരം വീണ്ടും ഒരു ജില്ലാ പദ്ധതി തയ്യാറായിരിക്കുകയാണ്.

സംസ്ഥാന പദ്ധതി മുൻഗണനകളും ജില്ലയുടെ സവിശേഷ സാഹചര്യങ്ങളും കണക്കിലെടുത്താണ് ജില്ലാ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. തികച്ചും കാർഷിക ജില്ലയായ ഇടുക്കി മഹാപ്രളയത്തോടെ വലിയ കഷ്ടപ്പാടുകൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ അവസരത്തിൽ ജില്ലയെ പിന്നോക്കാവസ്ഥയിൽ നിന്ന് കരകയറ്റുക എന്നത് ഏറ്റവും ശ്രമകരമായ കാര്യമാണ്. അതുകൊണ്ടുതന്നെ നമ്മുടെ ജില്ലാ പദ്ധതിയും പദ്ധതി നിർവ്വഹണവും ഏറെ പ്രധാനപ്പെട്ടതാണ്.

ഇടുക്കി ജില്ലയുടെ എല്ലാ വികസന മേഖലകളെയും വികസനത്തിലേക്കു നയിക്കുവാൻ ഉപകരിക്കുന്ന ഈ പദ്ധതി വികസന രംഗത്ത് ഒരു മാർഗ്ഗദീപമായി ഭവിക്കട്ടെ എന്ന് ആശംസിക്കുന്നു.

ശ്രീമതി. കെ.കെ.ഷീല
ജില്ലാ പ്ലാനിംഗ് ഓഫീസർ

ജില്ലാ പദ്ധതി

ഇടുക്കി : ജില്ലാ വികസന പരിപ്രേക്ഷ്യം

അധ്യായം	ഉള്ളടക്കം	പേജ് നമ്പർ
1	**ആമുഖം:** ജില്ലയുടെ ഭൂപടം, പ്രാഥമിക സ്ഥിതി വിവര കണക്കുകൾ ജനസംഖ്യ ജില്ലയുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിസ്തൃതി , ഭൂപ്രകൃതി, ജനസംഖ്യ വളർച്ചയും കുടിയേറ്റവും, വികസന ചരിത്രം	1-31
2	**വിഭവ ലഭ്യത**	32
	2.1 മനുഷ്യ വിഭവം	32-39
	2.2 പ്രകൃതി വിഭവം	39-48
	2.3 ധന വിഭവം	48-70
	2.4 സ്ഥാപന വിഭവം	70-76
3	**വികസനത്തിന്റെ സ്ഥലമാനങ്ങൾ**	77-115
4	**വികസന മേഖലകൾ: അവസ്ഥയും പരിപ്രേക്ഷ്യവും**	116
4.1	**ഉത്പാദന മേഖല**	116
	4.1.1 നീർത്തടാധിഷ്ഠിത വികസനം	116
	A. കൃഷി, ജലസേചനം	116-135
	B. മണ്ണ്- ജലസംരക്ഷണം	136-157
	4.1.2 മൃഗ സംരക്ഷണം, ക്ഷീര വികസനം	158-206
	4.1.3 മത്സ്യ വികസനം	207-237
	4.1.4 പരിസ്ഥിതി, കാലാവസ്ഥ വ്യതിയാനം, വനവികസനം	238-263
	4.1.5 വ്യവസായം, വാണിജ്യം, സ്വയംതൊഴിൽ സംരംഭങ്ങൾ	264-292
4.2	**സേവന മേഖല**	293
	4.2.1 ആരോഗ്യം	293-336
	4.2.2 കുടിവെള്ളം	337-350
	4.2.3 ശുചിത്വം (ഖര-ദ്രാവക മാലിന്യ സംസ്കരണം	351-359
	4.2.4 പാർപ്പിടം	360-376
	4.2.5 സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം	377-404
	4.2.6 വിദ്യാഭ്യാസം (അംഗനവാടി വിദ്യാഭ്യാസം ഉൾപ്പെടെ) സംസ്കാരം	405-455
	4.2.7 കായികം, യുവജനകാര്യം	456-462

4.3	**പശ്ചാത്തല മേഖല**	463
	4.3.1 ഊർജ്ജം	463-476
	4.3.2 ഗതാഗതം, വാർത്താ വിനിമയം	477-497
	4.3.3 വിനോദ സഞ്ചാരം	498-508
4.4	പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ	509
	4.4.1 പട്ടികജാതി വികസനം	509-540
	4.4.2 പട്ടിക വർഗ്ഗ വികസനം	541-602
	4.4.3 വനിതകൾ, വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ എന്നിവരുടെ വികസനം	603-611

പാർട്ട്-II

5	കേന്ദ്ര സംസ്ഥാന സർക്കാരുകൾ ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനവും അവ പരമാവധി പ്രയോജനപ്പെടുന്നതിനുള്ള നിർദ്ദേശങ്ങളും	612-638
6	തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി അവലോകനവും പദ്ധതി മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും	639- 652
7	പരിപ്രേക്ഷ്യത്തിന്റെയും നിർദ്ദേശങ്ങളുടെയും സംഗ്രഹവും ഉപസംഹാരവും അനുകരണീയമായ മാതൃകകളും	653- 687
8	സംയോജിത ഏകോപിത പ്രൊജക്ടുകളും നൂതന പ്രൊജക്ടുകളും	688-695

ഭാഗം-3 അനുബന്ധങ്ങൾ

അനുബന്ധം	ഇനം	പേജ് നമ്പർ
1	ജില്ലയിലെ സ്ത്രീ പുരുഷാനുപാതം	697
2	സ്ത്രീ പുരുഷാനുപാതം കുട്ടികളിൽ	698-699
3	പഞ്ചായത്തുകളും മുൻസിപ്പാലിറ്റികളും- വിസ്തൃതി കുടുംബങ്ങളുടെ എണ്ണം, ജനസാന്ദ്രത, കുടുംബാംഗങ്ങളുടെ ശരാശരി എണ്ണം	699-701
4	ഇടുക്കി ജില്ലയിലെ പഞ്ചായത്തുകളിലേക്കൊരു എത്തിനോട്ടം	701-717
5	റോഡുകളുടെ വിവരങ്ങൾ	717
6	ഇടുക്കി ജില്ലയിലെ അധിവാസ കേന്ദ്രങ്ങളും അവയുടെ സഞ്ചിത പ്രവർത്തന സൂചകവും	718-719
7	ഇടുക്കി ജില്ലയിലെ അധിവാസ കേന്ദ്രങ്ങളുടെ ഭാവിയിലെ ക്രമം	719-721
8	കൃഷി വകുപ്പിന്റെ ജില്ലയിലെ ഓഫീസുകൾ	721-722
9	ഇടുക്കി ജില്ലയിലെ പഞ്ചായത്തുകളിലെ മണ്ണൊലിപ്പ് അവസ്ഥ	722-724
10	ജില്ലയിലെ രജിസ്റ്റർ ചെയ്തതും ചെയ്യാത്തതുമായ മീൻപിടുത്തക്കാരുടെ ജനസംഖ്യാ മാപ്പ്	725
11	മത്സ്യബന്ധനം മുഖ്യതൊഴിലായിരിക്കുകയും എന്നാൽ ക്ഷേമനിധിയിൽ അംഗത്വമില്ലാത്തവരുടെയും വിവരം.	726
12	റിസർവോയർ ഫിഷറീസ് ഇൻലാന്റ് സർവ്വേ- നിലവിൽ കാണു മത്സയിനം	727-730
13	ജനകീയമത്സ്യകൃഷി	730-731
14	2015-2016-17 കാലഘട്ടത്തിലെ ജനകീയ മത്സ്യകൃഷിയുടെ ഭൗതിക സാമ്പത്തിക പുരോഗതി റിപ്പോർട്ട്	731-738
15	ജില്ലയിലെ 2016-2017 വർഷങ്ങളിലെ പകർച്ചവ്യാധികളുടെ കണക്ക്	738
16	ഹോമിയോ ആശുപത്രികളിലെ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകൾ	739
17	ആശുപത്രി സാന്ദ്രത ഹോമിയോപ്പതി സ്ഥാപനങ്ങൾ	740
18	ജനസംഖ്യ അടിസ്ഥാനത്തിൽ ഹോമിയോപ്പതി സ്ഥാപനങ്ങളുടെ വിന്യാസം	741

19	കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന പഞ്ചായത്തുകളും മുൻസിപ്പാലിറ്റിയും നിയോജക മണ്ഡലം അടിസ്ഥാനത്തിൽ	742-743
20	കേരള വാട്ടർ അതോറിറ്റി, പി.എച്ച് സബ് ഡിവിഷൻ, തൊടുപുഴ, പദ്ധതി നിർദ്ദേശങ്ങൾ	744-749
21	കേരള വാട്ടർ അതോറിറ്റി, പ്രോജക്ട് ഡിവിഷൻ കട്ടപ്പന മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ	749-751
22	ഹോട്ടലുകൾ, റസ്റ്റോറന്റുകൾ ടി & സ്നാക്ക് ബാറുകൾ	752
23	മലിനജല സംരക്ഷണം	752
24	ജില്ലയിലെ അന്തരീക്ഷ മർദ്ദത്തിന്റെ വിശദാംശങ്ങൾ	753-754
25	അന്തരീക്ഷ മലിനീകരണ വിവരങ്ങൾ	754-756
26	ഖര മാലിന്യ സംസ്കരണം 2012 മുതൽ നടപ്പിലാക്കിയ പദ്ധതി വിശദാംശങ്ങൾ	756-757
27	ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ സംസ്ക്കരണ പ്രോജക്ടുകൾ	757-758
28	LOCATION AND ADDRESS OF MRFS	758
29	LOCATION AND ADDRESS OF RRFs	758-759
30	LOCATION AND ADDRESS OF SWAP SHOP	759
31	LOCATION AND ADDRESS OF AEROBIC COMPOSTING (THUMBOORMUZHI) UNITS	759-760
32	2016-17 ശുചിത്വമിഷൻ സാങ്കേതികാനുമതി നൽകിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ	760
33	കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തി ചെയ്ത വീടുകളുടെ വിശദാംശങ്ങൾ	760-762
34	ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവരങ്ങൾ	762-770
35	ഊർജ്ജ മേഖല	770-771
36	ഹൈഡൽ ടൂറിസത്തിന്റെ വിവരങ്ങൾ	772-777
37	PMGSY Statement Showing Physical & Finance	778-780
38	വിനോദസഞ്ചാര മേഖല	780-784
39	ക്ലീൻ ഡെസ്റ്റിനേഷൻ പ്രോഗ്രാം	784-785
40	പട്ടികജാതി - പ്രായാടിസ്ഥാനത്തിലെ വിവരങ്ങൾ	785
41	പട്ടിക വർഗ്ഗം- ഏകാദ്ധ്യപക വിദ്യാലയങ്ങൾ	786
42	ആദിവാസി പുനരധിവാസ പ്രവർത്തനങ്ങൾ	787-791
43	പട്ടികവർഗ്ഗ കുടുംബങ്ങൾ സമുദായ അടിസ്ഥാനത്തിലും ബ്ലോക്ക് അടിസ്ഥാനത്തിലും ഉള്ള വിശദാംശങ്ങൾ	791-794
44	പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവരങ്ങൾ	794-797

45	ആരോഗ്യ പരിചരണത്തിന് സർക്കാർ സ്ഥാപനങ്ങളെ സമീപിക്കുന്നതിന്റെ വിവരങ്ങൾ	797
46	സാമൂഹ്യ സുരക്ഷ ശാരീരിക ബുദ്ധിമുട്ടുകൾ നേരിടുന്നവരുടെ വിവരങ്ങൾ	798
47	തദ്ദേശ സ്ഥാപനങ്ങളുടെ 2016-17 വർഷത്തെ ടി.എസ്.പി. വിഹിതം - വിവരങ്ങൾ	798-799
48	ലാന്റ് കേപ്പബിലിറ്റി ക്ലാസിഫിക്കേഷൻ	800-803
49	നീർത്തടങ്ങൾ	804-826
50	മാനവ വിഭവ ശേഷി	827-828
51	നഗരവൽക്കരണം	829-836
52	വിഭവങ്ങൾ	837-856
53	കന്നുകാലി വളർത്തു കേന്ദ്രങ്ങളുടെയും അറവുശാലകളുടെയും വിവരങ്ങൾ	857-858
54	ജനസംഖ്യ	859-883
55	വികസന ശ്രേണിയിലെ ക്രമം	884-887
56	പ്രവർത്തന സ്വഭാവം	888-889
57	പ്രളയം -2018	890-892

N
Marayoor
Kanthalloor
Edamalakudi
Vattavada
Munnar
Devikulam
Adimali
Pallivasal
Chinnakanal
Bisonvally
Vallathuval
Vannapuram
Santhanpara
Rajakkad
Idukki-Kanjikuzhi
Karimannoor
Kumaramangalam
Konnathady
Senapathy
Udumbanchola
Manakkad
Edavetty
Udumbannoor
Vathikudy
Vazhathope
Nedumkandam
Purapuzha
Kathirumanam
Vellayamattom
Erattayar
Kamakshy
Muttom
Kudayathoor
Bamparumpara
Karunapuram
Kanjikuzhi
Upputhara
Vandanmedu
Elappara
Kokkayar
Peerumade
Vandiperiyar
Paruvanthanam
Kumily
LSG BOUNDARY
DISTRICT BOUNDARY
STATE BOUNDARY
NATIONAL HIGHWAY
STATE HIGHWAY
WATERBODY

ഇടുക്കി ജില്ല

അദ്ധ്യായം 1

ആമുഖം

മലനിരകൾ നിറഞ്ഞ ഭൂപ്രദേശമാണ് ഇടുക്കി ജില്ല. കേരള സർക്കാർ ഉത്തരവ് നമ്പർ 54131/C2/71/RD തീയതി 24/01/1972 പ്രകാരം 1972 ജനുവരി 26-ന് ജില്ല രൂപീകൃതമായി. കേരളത്തിന്റെ മധ്യഭാഗത്തായി അക്ഷാംശം 9^0 15' നും 10^0 2' നും രേഖാംശം 76^0 37'നും 77^0 നും 25' നും ഇടയിലായി ജില്ല സ്ഥിതി ചെയ്യുന്നു. പെരിയാർ നദിയിൽ കുറവൻ കുറത്തി മലകൾക്കിടയിലുള്ള (ഇപ്പോൾ ഇടുക്കി ജലവൈദ്യുതി സ്ഥിതി ചെയ്യുന്ന) വൻ മലയിടുക്കിൽ നിന്നുമാണ് ഇടുക്കി എന്ന പേര് സിദ്ധിച്ചത്.

ജില്ലയ്ക്ക് തെക്ക് വടക്ക് 115 കി.മീ നീളവും കിഴക്ക് പടിഞ്ഞാറ് 67 കി.മീ വീതിയുമുണ്ട്. വടക്ക് കോയമ്പത്തൂർ ജില്ല, കിഴക്ക് തമിഴ് നാട്ടിലെ തേനി, ദിണ്ടുക്കൽ, തിരുപ്പൂർ ജില്ലകളും,പടിഞ്ഞാറ് എറണാകുളം, കോട്ടയം ജില്ലകളും, തെക്ക് പത്തനംതിട്ട ജില്ലയുമാണ് ഇടുക്കി ജില്ലയുടെ അതിർത്തികൾ. 1972-ൽ ഇടുക്കി ജില്ല രൂപീകൃതമായതിനുശേഷം കുറച്ചു വർഷത്തോളം ജില്ലാ ആസ്ഥാനം കോട്ടയത്തായിരുന്നു. ഭൂപ്രകൃതിയാൽ ജില്ലയുടെ കേന്ദ്രസ്ഥാനമായ കുയിലിമലയിൽ 1976-ൽ ജില്ലാആസ്ഥാനം സ്ഥാപിതമായി.

4358 ച.കി വിസ്തീർണ്ണമുള്ള (കേരളത്തിന്റെ 11 ശതമാനം) ഇടുക്കി ജില്ലയാണ് കേരളത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ ജില്ല. രാജവാഴ്ച കാലത്ത് വേണാട്ട് സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു ഇടുക്കി. ദേവികുളം, തൊടുപുഴ, ഉടുമ്പൻചോല, പീരുമേട്, ഇടുക്കി എന്നിവയാണ് ജില്ലയിലെ താലൂക്കുകൾ. ജില്ലയിൽ ദേവികുളം, അടിമാലി, നെടുംകണ്ടം, ഇളംദേശം, തൊടുപുഴ, ഇടുക്കി, കട്ടപ്പന അഴുത എന്നീ 8 ബ്ലോക്കു പഞ്ചായത്തുകളും തൊടുപുഴ, കട്ടപ്പന മുൻസിപ്പാലിറ്റികളും 52ഗ്രാമപഞ്ചായത്തുകളും ഉണ്ട്.

ഇടുക്കി ജില്ലയുടെ ഏതാണ്ട് പകുതിയോളം വനഭൂമിയാണ്. തീവണ്ടിപ്പാത ഇല്ലാത്ത കേരളത്തിലെ രണ്ട് ജില്ലകളിൽ ഒന്നാണ് ഇത്. കേരള സംസ്ഥാനത്തിനാവശ്യമായ വൈദ്യുതിയുടെ 65 ശതമാനവും ഈ ജില്ലയിലെ ജലവൈദ്യുത പദ്ധതികളിൽ നിന്നാണ് ലഭിക്കുന്നത്. ഇന്ത്യയിലെ ഏറ്റവും വലിയ കമാന അണക്കെട്ടായ (ആർച്ച് ഡാം) ഇടുക്കി ഇവിടെയാണ് സ്ഥിതിചെയ്യുന്നത്. കേരളത്തിലെ ഏറ്റവും വലിയ ജല വൈദ്യുത പദ്ധതിയും ഇതാണ്. പന്ത്രണ്ടു വർഷത്തിലൊരിയ്ക്കൽ മാത്രം പുഷ്പിക്കുന്ന നീലക്കുറിഞ്ഞിയുടെ നാടായ ഇടുക്കി കേരളത്തിൽ വിനോദസഞ്ചാരത്തിന് ഏറ്റവും അധികം ശ്രദ്ധ നേടിയിട്ടുള്ള ജില്ലയാണ്.

ജില്ല ഒറ്റനോട്ടത്തിൽ

ജനസംഖ്യ	പുരുഷൻ	5,52,808
	സ്ത്രീ	5,56,166
	ആകെ	11,08,974

കുടുംബങ്ങളുടെ എണ്ണം	2,79,812
സ്ത്രീ പുരുഷ അനുപാതം	1006
സാക്ഷരതാ നിരക്ക്	92
പട്ടികജാതി ജനസംഖ്യ	1,45,486
പട്ടിക വർഗ്ഗ ജനസംഖ്യ	55,815
ജനസാന്ദ്രത (ച.കി.മീ.)	255
തൊഴിൽ പങ്കാളിത്ത നിരക്ക്	46.56%

ചരിത്രം

ശിലായുഗ സംസ്കൃതി

ഇടുക്കി ജില്ലയിലെ മനുഷ്യവാസം ആരംഭിക്കുന്നത് നവീന ശിലായുഗത്തെ തുടർന്ന് വന്ന, പെരിങ്കൽ പരിഷ്കൃതിയുടെ കാലഘട്ടം മുതലാണ്. കേരളത്തിലെ മറ്റെല്ലാ സ്ഥലങ്ങൾക്കൊപ്പം ഇടുക്കി ജില്ലയിലും ഈ കാലഘട്ടത്തിൽ ജനവാസമുണ്ടായിരുന്നുവെന്ന് റേഡിയോ കാർബൺ പരീക്ഷണങ്ങൾ തെളിയിക്കുന്നു. മഹാ ശിലായുഗ സംസ്കാരത്തിന്റെ കാലം മുതൽ (ബി.സി. അഞ്ചാം നൂറ്റാണ്ട് മുതൽ) ഇരുമ്പ് ഉപയോഗിച്ചിരുന്നു. ഇടുക്കിയുടെ മലയോരങ്ങളിലും താഴ്വരകളിലുമുള്ള ശവസംസ്കാര സ്മാരകങ്ങളിലധികവും നന്നങ്ങാടികളും, മുനിയറകളുമാണെങ്കിലും അപൂർവ്വമായി കുടക്കല്ലുകളും, നടക്കല്ലുകളും, തൊപ്പിക്കല്ലുകളും, കാണപ്പെട്ടിട്ടുണ്ട്. വിവിധ വലിപ്പത്തിലുള്ള മൺപാത്രങ്ങൾ, ആയുധങ്ങൾ, കൽപാളികൾ, തുടങ്ങിയവയൊക്കെയാണ് ഇവിടെ നിന്നും കണ്ടെത്തിയിട്ടുള്ള മറ്റ് ശിലാവശിഷ്ടങ്ങൾ. ശിലായുഗ മനുഷ്യവിഭാഗമായിരുന്ന ചുടുവോർ, ഇടുവോർ, എന്നീ വിഭാഗങ്ങളുടെ ശരീരാവശിഷ്ടങ്ങൾ ജില്ലയുടെ പല ഭാഗങ്ങളിൽ നിന്നും കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ട്. മൃതദേഹം അടക്കം ചെയ്തിരുന്ന ശ്മശാനഭൂമികളാണ് ശിലായുഗത്തിലെ അവശേഷിപ്പുകളിലേറെയും. പത്തോ പതിനഞ്ചോ, അതിലധികമോ മൃതദേഹങ്ങൾ അടക്കം ചെയ്തിരുന്നുവെന്ന് തെളിയിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ, അന്നത്തെ ചുടുകാടായിരുന്നുവെന്ന് കരുതുന്നു. മറയൂർ, ചെമ്പകപ്പാറ, മുനിയറ, കട്ടപ്പന, പുറ്റടി, കള്ളിപ്പാറ, തോപ്രാംകുടി എന്നിവിടങ്ങളിലാണ് ഇത്തരത്തിലുള്ള ശവപ്പറമ്പുകൾ കണ്ടെത്തിയിട്ടുള്ളതെങ്കിലും, ജില്ലയുടെ മറ്റെല്ലാ ഭാഗങ്ങളിലും ഒറ്റതിരിഞ്ഞ മഹാ ശിലായുഗ സ്മാരകങ്ങൾ കാണപ്പെട്ടിട്ടുണ്ട്. രണ്ടായിരിത്തിലധികം വർഷങ്ങളെ അതിജീവിച്ച ശിലായുഗ സ്മാരകമായി മുനിയറകൾ ഇടുക്കിയിലെ മറയൂരിൽ മാത്രം കാണപ്പെടുന്നു. അഗ്നികുണ്ഡമുപയോഗിച്ച് ചുട്ടുപഴുപ്പിക്കുന്ന പാറകളിൽ തണുത്ത വെള്ളമൊഴിക്കുമ്പോൾ അടർന്നു വരുന്ന കൂറ്റൻ ശിലാപാളിയുപയോഗിച്ചാണു മുനിയറ അടക്കമുള്ള എല്ലാ പ്രാചീന ശവക്കല്ലറകളും നിർമ്മിച്ചിരിക്കുന്നത്. നാല് അടിയിലേറെ വലിപ്പമുള്ള നന്നങ്ങാടിയെന്നും മുതുമക്കച്ചാടിയെന്നും പറയപ്പെടുന്ന വലിയ മൺകലങ്ങൾ ജില്ലയുടെ എല്ലാ ഭാഗങ്ങളിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്. മറയൂർ, ഉടുമ്പൻചോല, അടിമാലി, അമരാവതി, അണക്കര, തോപ്രാംകുടി, കാഞ്ചിയാർ, മുരിക്കാട്ടുകുടി, മേരികുളം, ഉപ്പുതറ, കമ്പിളികണ്ടം, കൊമ്പൊടിഞ്ഞാൽ എന്നിവിടങ്ങളിൽ നിന്നെല്ലാം നന്നങ്ങാടികൾ കണ്ടെത്തിയിട്ടുണ്ട്. ഇവ ധാരാളമായി കണ്ടെത്തിയിട്ടുള്ളത് കട്ടപ്പനക്കടുത്തുള്ള ചെമ്പകപ്പാറ പ്രദേശത്താണ്. ഇടുക്കി

ജില്ലയിലെ തങ്കമണിക്കടുത്തുള്ള അമ്പലമേട്ടിൽ കണ്ടെത്തിയ ശിലായുഗഗുഹക്ക് ഗുരുവായൂരിലെ അരിയന്നൂരിലും തൃശൂർ ജില്ലയിലെ ചില ഭാഗങ്ങളിലും കണ്ടെത്തിയ ചെങ്കൽ ഗുഹകളോട് സാമ്യമുണ്ട്. ഒന്നിലധികം അറകളുള്ള ഗൂഹാ ശ്മശാനങ്ങളിൽ നിന്നും, ഇരുമ്പുകൊണ്ടുള്ള ആയുധങ്ങളും ധാരാളം മൺപാത്രങ്ങളും ലഭിക്കുകയുണ്ടായി. നടുക്കല്ലുകൾ അഥവാ പുലച്ചിക്കല്ലുകളാണ് ഇടുക്കി ജില്ലയിൽ നിന്നും കണ്ടെത്തിയ മറ്റൊരു മഹാശിലായുഗ സ്മാരകം.മൃതാവശിഷ്ടങ്ങൾ അടക്കം ചെയ്ത സ്ഥലത്ത് നാട്ടുന്ന ഒറ്റക്കല്ലുകളാണിത്. അയ്യപ്പൻകോവിലിലും, ചെമ്പകപാറക്കടുത്തുള്ള കൊച്ചു കാമാക്ഷിയിലും, തൂക്കുപാലത്തിനടുത്തുള്ള ബാലഗ്രാമിലും, മുണ്ടിയെരുമയിലും കണ്ടെത്തിയ നടുക്കല്ലുകൾ ശിലായുഗത്തിലെ മറ്റൊരു ശവസംസ്കാര രീതിയെ സൂചിപ്പിക്കുന്നു. ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ഇവിടുത്തെ മനുഷ്യവാസത്തിന് മൂവായിരം വർഷത്തെ പഴക്കമുണ്ടെന്ന് ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. ജില്ലയിലെ വിവിധ ഭാഗങ്ങളിൽ വാസമുറപ്പിച്ച ജനങ്ങളുടെ ജീവിത രീതിയും ആചാരാനുഷ്ഠാനങ്ങളും തമ്മിൽ പ്രകടമായ പ്രാദേശിക ഭേദം നിലനിന്നിരുന്നു. മുനിയറകൾ കല്ലറകൾ. നന്നങ്ങാടികൾ തുടങ്ങിയവയെല്ലാം ചില സ്ഥലങ്ങളിൽ കാണപ്പെട്ടതിന്റെ കാരണവും ഇതാണ്.

രാജഭരണവും ശേഷമുദ്രകളും

രാജ ഭരണവുമായി ബന്ധപ്പെട്ട ആദിമ ഭൂതകാലങ്ങളുടേയും നീക്കിയിരുപ്പുകളുടേയും കാര്യത്തിൽ ഇടുക്കി പിന്നിലല്ല. ഗൗരവമായ പഠനങ്ങളോ ചരിത്ര വീക്ഷണങ്ങളോ ഇതേപ്പറ്റി ഉണ്ടായിട്ടില്ലാത്തതിനാൽ ചരിത്രം വ്യക്തമല്ലെന്നേയുള്ളു. സംശയാതീതമായി വെളിപ്പെട്ടില്ലെങ്കിലും സംഘകാല ചേരന്മാരുടെ തലസ്ഥാനമായിരുന്ന കുഴമൂർ ഇന്നത്തെ കുമളിയായിരിക്കാം എന്നൊരു വാദം ചരിത്ര പണ്ഡിതന്മാർക്കിടയിൽ ഇപ്പോഴും സജീവമാണ്. അങ്ങനെയെങ്കിൽ കുമളിയുടെ പ്രതാപകാലത്തിന് ഏറ്റവും കുറഞ്ഞത് രണ്ടായിരം വർഷങ്ങളുടെയെങ്കിലും പഴക്കമുണ്ടാകണം. സ്ഥിരീകരിക്കപ്പെട്ട രേഖകൾ പ്രകാരം ജില്ലയിലെ ഏറ്റവും പ്രാചീനമായ കൊട്ടാരവശിഷ്ടം കാരിക്കോട് രാജവംശത്തിന്റേതാണെന്ന് കാണുന്നു. രണ്ടാം ചേര സാമ്രാജ്യകാലം (800-1102) മുതൽ കേരളത്തിന്റെ ചരിത്രധാരയിലേക്കെത്തിയ കീഴ്മലൈനാട് രാജവംശത്തിന്റെ ആസ്ഥാനമാണ് കാരിക്കോട്. ഇവിടുത്തെ ഗ്രാമവഴികൾക്കരികിൽ പഴയ കൊട്ടാരക്കെട്ടുകളുടെ കരിങ്കൽശേഷിപ്പുകളും യുദ്ധകഥകളും ഇന്നുമുണ്ട്. രാജകുടുംബത്തിന്റെ ആസ്ഥാന മന്ദിരങ്ങൾ സ്ഥിതി ചെയ്തിരുന്ന സ്ഥലം മാത്രമിപ്പോൾ പ്രാചീന - മധ്യകാല ചരിത്രത്തിന്റെ പഠനഭൂമിയായി ബാക്കി നിൽക്കുന്നു. അഞ്ചേക്കറോളം വരുന്ന ഇവിടം ക്ഷേത്രം വക ഭൂമിയാണ്. ക്രിസ്തുവർഷം 1660-ൽ കീഴ്മലൈനാട് വടക്കുംകൂർ രാജാക്കന്മാർക്ക് വിധേയപ്പെട്ടതിനു ശേഷവും കാരിക്കോടിന്റെ പ്രതാപം അസ്തമിച്ചില്ല. പിന്നീട് ഇവിടം വടക്കുംകൂർ ശാഖയുടെ ഭരണകേന്ദ്രമെന്ന നിലയിലാണ് എഴുത്ത് രേഖകളിൽ പരാമർശിക്കപ്പെടുന്നത്. തിരുവതാംകൂർ രാജവംശവുമായി ബന്ധപ്പെട്ട ചരിത്രാവിഷ്ടങ്ങളും നാമമാത്രമായി തൊടുപുഴ, കാരിക്കോട് മേഖലയിലുണ്ട്.

ഗോത്ര ജീവിതവും സംസ്കാരവും

ഇടുക്കി കുടിയേറ്റങ്ങളുടെ ചരിത്രഭൂമിയാണ്. ശിലായുഗകാലത്തോളം നീളുന്ന ഒരു ചരിത്ര പശ്ചാത്തലം അതിനുണ്ട്. ഈ മലനിരകളിലേക്കുള്ള ആദ്യത്തെ ലക്ഷണമൊത്ത, തനതായ കുടിയേറ്റം ഗോത്രസമൂഹങ്ങളുടേത് തന്നെയാണ് എന്ന് തറപ്പിച്ചു പറയാനാവും പ്രധാനമായും രണ്ട് കൈവരികളിലൂടെയാണ് ഇടുക്കി മലനിരകളിലേക്കുള്ള അവരുടെ നടന്നുകയറ്റം. തമിഴ് അടിവാരങ്ങൾ താണ്ടി, അതിർത്തി പ്രദേശങ്ങളിലെ ചുരങ്ങൾ കയറി, മലമുകളിലെത്തിയവരാണ് ഒരു കൂട്ടർ. ഇടനാടിനോട് ചേർന്ന് കിടക്കുന്ന കിഴക്കൻ മലകൾ താണ്ടി കിഴക്കോട്ട് വ്യാപിപ്പിച്ചവരാണ് മറ്റൊരുകൂട്ടർ. ഇവരെ കൂടാതെ മലമ്പണ്ടാരം, മലയൻ, മലവേടൻ എന്നീ ഗോത്ര വർഗ്ഗങ്ങളുമുണ്ട്.

ഇടുക്കിയിലെ ഗോത്രസമൂഹങ്ങളെ തമിഴ് ബന്ധമുള്ളവരും മലയാള ബന്ധമുള്ളവരുമെന്ന് പൊതുവെ രണ്ടായി വിഭജിക്കാം. ഇതിൽ മന്നാൻ, മുതുവാൻ, മലപ്പുലയൻ പളിയൻ എന്നിവരാണ് തമിഴ് ബന്ധമുള്ളവർ. ജീവിത രീതികൾ ആചാരങ്ങൾ

വിശ്വാസങ്ങൾ, ഭാഷാ, കല, സംസ്കാരം, മലനിരകളിലേയ്ക്കുള്ള പലായന വഴികൾ എന്നിവയെല്ലാം ഇത് സാക്ഷ്യപ്പെടുത്തുന്നു. തമിഴ് ഗോത്രങ്ങളുടെ ആരാധനമൂർത്തികൾ മധുരമീനാക്ഷിയും മുരുകനും കറുപ്പുസ്വാമിയുമൊക്കെ ആണെങ്കിൽ മലയാള ഗോത്രങ്ങളുടേത് ശ്രീഅയ്യപ്പനും ശിവനും പാർവ്വതിയും വിഷ്ണുവുമൊക്കെയാണ്.മലയാള ബന്ധമുള്ളവരെ പ്രധാനമായും രാമായണവും മഹാഭാരതവുമൊക്കെ സ്വാധീനിക്കുമ്പോൾ തമിഴ് ഗോത്രങ്ങളുടെ പ്രധാന സ്വാധീനം ചിലപ്പതികാര കഥയ്ക്ക് ആസ്പദമായ കോവിലൻ കണ്ണകി ചരിത്രമാകുന്നു. ഗോത്രസമൂഹങ്ങളുടെ കാര്യത്തിൽ ഇടുക്കിയ്ക്ക് കേരളത്തിൽ രണ്ടാം സ്ഥാനമുണ്ട്. വിവിധ ഗോത്രങ്ങളിലായി 55815 വരും ജനസംഖ്യ, ഇത് ഇടുക്കിയിലെ ആകെ ജനസംഖ്യയുടെ 5 ശതമാനത്തോളം വരും. 19350 കുടുംബങ്ങളുമുണ്ട്.

ഇടുക്കിയിലെ പ്രധാനപ്പെട്ട ഗോത്രവിഭാഗമായ മന്നാൻമാർ മധുരയിൽനിന്ന് അതിർത്തി ഗ്രാമങ്ങളിലെ കുമളി, കമ്പംമെട്ട്, ബോഡിമോട്ട് തുടങ്ങിയ ചുരങ്ങളിലൂടെ മലകയറിവന്നതെന്നാണ് ചരിത്രം. ജില്ലയിലെ നാലു താലൂക്കുകളിലും മന്നാൻമാരുടെ അധിവാസ കേന്ദ്രമുണ്ട്. കാഞ്ചിയാർ, കട്ടപ്പന, ഇരട്ടയാർ, ഉടുമ്പൻചോല, സേനാപതി, വാഴത്തോപ്പ്, അടിമാലി, മൂന്നാർ തുടങ്ങിയ വിവിധ പഞ്ചായത്തുകളിലെ ഏതാണ്ട് 46 കുടികളിലായി ഏകദേശം ഇരുപത്തി അയ്യായിരത്തിലധികം വരും ജനസംഖ്യ.

ജില്ലയിലെ മറ്റൊരു പ്രബല ഗോത്രവർഗ്ഗ വിഭാഗമാണ് മുതാവൻമാർ. ദേവികളും താലൂക്കിലെ തമിഴ്-മലയാളം അതിർത്തി പ്രദേശങ്ങളിലെ വനപ്രദേശങ്ങളിലാണ് ഇവർ കുടിയുറപ്പിച്ചത്. മറ്റൊരു ഗോത്രവർഗ്ഗ വിഭാഗമായ പളിയന്മാർ അണക്കര, പുളിയൻമല, അന്യാർതൊളു, കുമളി എന്നിവിടങ്ങളിലാണ് അധിവാസം. ഇടുക്കിയിലെ പൈനാവിലും ഏതാനും കുടുംബക്കാരുണ്ട്.

മറയൂർ തടത്തിലും പ്രാന്തപ്രദേശങ്ങളിലുമായി കുടിവെച്ചു കഴിയുന്ന മലപ്പുലയൻമാർ തമിഴ്ഗ്രാമക്കാരായ വെള്ളാളപ്പിള്ളമാരുടെ ആശ്രിതൻമാരായി കടന്നുവന്നവരാണെന്നാണ് പറയുന്നത്. മറയൂർ തടത്തിൽ 21 ഊരുകളിലായിട്ടാണ് ഇവരുടെ താമസം. മലയാള ബന്ധമുള്ള മലയരൻ, ഊരാളി, ഉള്ളാടൻ തുടങ്ങിയ ജനസമൂഹങ്ങളെ സംബന്ധിച്ചും ഏതാണ്ട് ഒരേ രീതിയിലുള്ള കഥകളാണ് പ്രചരിച്ചു കാണുന്നത്. ഒരു കാലത്ത് രാജാവും രാജ്യവും പ്രജകളുമെല്ലാമുണ്ടായിരുന്ന പ്രബലമായ ഒരു ജനസമൂഹമായിരുന്നു ഇവരെന്നാണ് പഴയ തലമുറയിലുള്ളവർ ഓർക്കുന്നത്. മലയരൻ, ഊരാളി തുടങ്ങിയ സമൂഹങ്ങളെ പ്രധാനമായും തൊടുപുഴ, ഉടുമ്പൻചോല താലൂക്കുകളിലായിട്ടാണ് കാണുന്നത് ഉള്ളാടന്മാർ മിക്കവാറും എല്ലാ താലൂക്കുകളിലും ചിതറിയാണുള്ളതെങ്കിലും ഇടുക്കി, പട്ടയക്കുടി, പഴയരി പ്രദേശങ്ങളിലാണ് കൂടുതലായി കണ്ടുവരുന്നത്. ഊരാളിമാർ, ഇടുക്കി, കഞ്ഞിക്കുഴി, പട്ടയക്കുടി, കാഞ്ചിയാർ, തുടങ്ങിയ പ്രദേശങ്ങളിലാണ് ഏറെയുള്ളത്. കുടയത്തൂർ, പെരിങ്ങാശ്ശേരി, കോളപ്ര, പൂച്ചപ്ര, മുള്ളരിങ്ങാട്, പൂമാല തുടങ്ങിയ പ്രദേശങ്ങളിലാണ് മലയരയൻമാരുടെ കേന്ദ്രങ്ങൾ.

പൈതൃകപ്പെരുമകളുടെ വേരുകൾ ചികയുമ്പോൾ ആധിപത്യമുള്ള നാഗരിക സമൂഹത്തേക്കാൾ ഏറെ മുമ്പിലാണ് ഗിരിവർഗ്ഗക്കാരുടെ സ്ഥാനമെന്നു കാണാം. തിന്നും കുടിച്ചും വെറുതെ മലമുകളിൽ കഴിയുക മാത്രമായിരുന്നില്ല ഈ ജനവിഭാഗം ചെയ്തിരുന്നത്. ആടിയും പാടിയും കഥ പറഞ്ഞും കരകൗശല വേലകളിൽ ഏർപ്പെട്ടും തങ്ങളുടേതു മാത്രമായ രീതികളിൽ ജീവിതത്തെ ചിട്ടപ്പെടുത്തിയതും പ്രാക്തനസംസ്കൃതിയുടെ അനേകം അപൂർവ്വ ചാരുതകളെ സൃഷ്ടിച്ചെടുക്കുവാൻ അവർക്കു കഴിഞ്ഞിരുന്നു. മലങ്കെട്ടുകളിൽ ഇവർ സൃഷ്ടിച്ചെടുത്ത ഇത്തരം സാംസ്കാരിക കൂട്ടായ്മകൾ പലതും കാലത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് മണ്ണിടിഞ്ഞു കൊണ്ടിരിക്കുകയാണെങ്കിലും എല്ലാ പ്രതിസന്ധികളേയും അതിജീവിച്ച് അന്യം നിന്ന് പോകാതെ നിലനിന്നു പോരുന്ന ചിലതെല്ലാം ഇപ്പോഴുമുണ്ട്.

ഇന്ത്യയിൽ കേരളത്തിലും ത്രിപുരയിലും മാത്രമേ ആദിവാസികൾക്കു രാജാവുള്ളു. കേരളത്തിൽ മന്നാന്മാർക്കു മാത്രവും.കാഞ്ചിയാർ പഞ്ചായത്തിലെ കോവിൽമലയിലാണ് രാജാവിന്റെ ആസ്ഥാനം. ജില്ലയിലെ മുഴുവൻ മന്നാൻമാരും ഈ രാജാവിന്റെ പ്രജകളാണ്.

രാജാധികാരമോ പ്രജാക്ഷേമ പ്രവർത്തനങ്ങളോ അതിന്റേതായ അർത്ഥത്തിൽ നിർവ്വഹിക്കപ്പെടുന്നില്ലെങ്കിലും ഒരു പ്രതീകം പോലെ, വിശ്വാസം പോലെ ഇത് നിലനിന്ന് പോരുന്നുണ്ട്.

സാഹിത്യത്തിന്റെയും ഇതര കലാരൂപങ്ങളുടേയും കാര്യത്തിലും സ്വന്തമായ പൈതൃകങ്ങൾ സൃഷ്ടിച്ചവരാണ് ഇക്കൂട്ടർ. തമിഴ് സാഹിത്യത്തിലെ പഞ്ചമഹാകാവ്യങ്ങളിൽ ഒന്നായ ചിലപ്പതികാരകഥയ്ക്ക് ആസ്പദമായ കോവിലൻ കണ്ണകി ചരിത്രത്തിന്റെ നാടൻ വ്യാഖ്യാനമാണ് മന്നാൻ ഗോത്രത്തിന്റെ തനതു കലാരൂപമായ കൂത്തും അതിലെ പാട്ടുകളും, പൂക്കാലി നാടകം, പാമ്പാട്ടി നാടകം, വണ്ടിക്കാരനും കണക്കപ്പിള്ളയും, പച്ചകുത്തുകാരി, മണ്ണാനും മണ്ണാത്തിയും, കുരുത്തി നാടകം എന്നിങ്ങനെ ആറ് നാടോടി നാടകരൂപങ്ങൾ ഉൾക്കൊള്ളുന്നതാണ് ഊരാളിമാരുടെ പ്രസിദ്ധമായ കുറത്തിനാടകം, കമ്പുകളിയും ചവിട്ടുകളിയും മലങ്കൂത്തും വേറെയുണ്ട്. ഉള്ളാടന്മാരുടെ മുത്തിയൂട്ടുപാട്ട് മറ്റൊരു കലാരൂപമാണ്. മലയരയൻമാരുടെ മലയൂട്ട് മാമാങ്കവും മലപ്പുലയൻമാരുടെ പരമ്പരാഗത ആട്ടവും ആകർഷകമായ നൃത്തരൂപങ്ങളാണ്. ആട്ടവും പാട്ടും കൂത്തും കുമ്മിയടിപ്പാട്ടും ഏറെ പ്രസിദ്ധമായ ആശപ്പാട്ടും കൊണ്ട് സമ്പന്നമാണ് മുതുവാൻമാരുടെ കലാരംഗം. ഇത്തരത്തിൽ എടുത്തു പറയാവുന്ന വൈവിദ്ധ്യമാർന്ന ഒട്ടേറെ കലാരൂപങ്ങൾ കൊണ്ട് ഏറെ സമ്പന്നമാണ് ഇടുക്കിയുടെ ഗിരിനിരകൾ.

യൂറോപ്യൻ അധിനിവേശം

പീരുമേട് മൂന്നാർ മേഖലകളിലെ യൂറോപൻ സംസ്കാരത്തിന്റെ വ്യാപനം പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിലാണെങ്കിൽ പോലും അതിനു മുമ്പു തന്നെ നാമമാത്രമായ ചില സന്ദർശനങ്ങൾ ഇവിടേക്കുണ്ടായിരുന്നുവെന്നുവേണം കരുതാൻ. ഇംഗ്ലീഷുകാരനായ ലഫ്. ജാർവിസ് 1834 ൽ എഴുതിയിട്ടുള്ള രേഖകളിൽ കുമളി ഭാഗത്തെ ആനവേട്ടയെക്കുറിച്ച് വിശദീകരിക്കുന്നു. പാശ്ചാത്യ മിഷണറിയായ ഹെൻട്രി ബേക്കർ ജൂനിയറിൽ നിന്നുമാണ് ഇടുക്കിയിലെ യൂറോപ്യൻ അധിനിവേശത്തിന്റെ ചരിത്രമാരംഭിക്കുന്നത്. ജില്ലയിലെ പടിഞ്ഞാറൻ ചെരുവിലെ കാടുകളിലായിരുന്ന ഗോത്രവിഭാഗമായ മലയരയന്മാരുടെ ക്ഷണപ്രകാരം ഹെൻട്രിബേക്കറും സഹോദരൻ ജോർജജ് ബേക്കറും 1850-ൽ മുണ്ടക്കയത്ത് എത്തി. അവിടെ താമസിച്ചുകൊണ്ട് ദുർഘടമായ മലങ്കെട്ടുകളിലൂടെ കുട്ടിക്കാനം, വണ്ടിപ്പെരിയാർ, ഏലപ്പാറ എന്നിവിടങ്ങളിലെക്കെത്തി. തന്റെ മൂത്തപുത്രനായ ഹാരിബേക്കർക്ക് വേണ്ടി തിരുവതാംകൂർ മഹാരാജാവിൽനിന്നും ഈ പ്രദേശം സൗജന്യമായി വാങ്ങുവാൻ ഹെൻട്രിക്ക് കഴിഞ്ഞതോടെ പീരുമേട് താഴ്വരയെ സംബന്ധിക്കുന്ന പിൽകാല ചരിത്രത്തിന്റെ ആദ്യാക്ഷരം കുറിക്കപ്പെട്ടു. പീഠഭൂമിയിലെ കാർഷിക സംസ്കൃതിയുടെ തുടക്കം കാപ്പികൃഷിയുമായി ബന്ധപ്പെട്ടതാണ്. ആദ്യ എസ്റ്റേറ്റായ ടീഫോഡ് 1860-ൽ ആരംഭിച്ചു . (ഹാരി ബേക്കറുടെ മുത്തശ്ശി ജനിച്ച സ്ഥലമാണ് ഇംഗ്ലണ്ടിലെ ടിഫോഡ് എന്ന ഗ്രാമം) ഹെൻട്രി ബേക്കറുടെ സഹോദരൻമാരെക്കുറിച്ചും പുത്രീ ഭർത്താവായ ജോൺ ഡാനിയേൽ മൺട്രോയെക്കുറിച്ചും (ജെ.ഡി മൺട്രോ) പീരുമേട്ടിലെ തോട്ട വ്യവസായത്തിന്റെ ചരിത്രാരംഭത്തിൽ പരാമർശമുണ്ട്. ഹോപ്, ആഷ്‌ലി, സ്റ്റാഗ് ബ്രൂക്ക് എസ്റ്റേറ്റുകൾ സ്ഥാപിച്ചത് ഇവരാണ്. തേങ്ങാക്കൽ, ചെങ്കര, പ്ലക്കാട് തോട്ടങ്ങൾക്കും ഏറെക്കുറെ ഇത്ര തന്നെ പഴക്കമുണ്ടന്ന് കാണാം.

ബ്രിട്ടീഷ് പ്ലാന്റർമാരുടെ അധിനിവേശത്തെ ജില്ലാ ചരിത്രത്തിലെ സുപ്രധാന ഘട്ടങ്ങളിലൊന്നായി പരിഗണിക്കാം. ഇക്കാര്യത്തിൽ പീരുമേടെന്നോ മൂന്നാറെന്നോ ഉള്ള ഭേദമില്ല. ഇവിടുത്തെ വ്യവസായികാവബോധവും ഗതാഗത സൗകര്യങ്ങളുമൊക്കെ ഇതേ വികാസഘട്ടത്തിന്റെ തന്നെ പിൻതുടർച്ചയെ സൂചിപ്പിക്കുന്നു. 1872-ൽ കോട്ടയം മുതൽ പീരുമേട് വരെയും 1885-ൽ വണ്ടിപ്പെരിയാർ, കുമളി വഴി ഗൂഡല്ലൂരിലേയ്ക്കും ചെറിയൊരു കാളവണ്ടിപ്പാത പണികഴിപ്പിച്ചു. കുട്ടിക്കാനത്തുനിന്നും ഏലപ്പാറ വഴി ചീന്തലാറിലേക്കുള്ള പാത നിർമ്മിച്ചത് ജെ.ഡി. അറോറയാണ്.പീരുമേട് തടത്തിലെ തോട്ട വ്യവസായവുമായി

ബന്ധപ്പെട്ട കുടിയേറ്റ സാന്നിദ്ധ്യം ഇവിടെയെമ്പാടുമുണ്ട്. ഇക്കാലത്ത് കാപ്പികൃഷികൾ നശിച്ചു പോയതിനെത്തുടർന്ന് പരുത്തിയും റബ്ബറും കൃഷി ചെയ്തിരുന്നുവെങ്കിലും പീഠഭൂമിയിലെ ഭൗമ കാലാവസ്ഥാ സ്വഭാവങ്ങൾക്ക് ഇവയൊന്നും അനുയോജ്യമായിരുന്നില്ല. അതിനും ശേഷമാണ് പരീക്ഷണ അടിസ്ഥാനത്തിൽ തേയിലകൃഷി ആരംഭിക്കുന്നതും വ്യാപകമാകുന്നതും.

നാമമാത്രമായിട്ടാണെങ്കിലും ഒരു മലമ്പാതയുണ്ടായപ്പോൾ മുതൽ ബ്രിട്ടീഷ് പ്ലാന്റർമാരും തദ്ദേശസമ്പന്നരും ഇവിടെ തോട്ടങ്ങൾ സ്ഥാപിച്ചു. ബോണാമി, വാളാർഡി, ഗ്ലെൻമേരി, ഫെയർഫീൽഡ്, ലാഡ്രം, ടീ ആൻ, വാഗമൺ, കോട്ടമല, പെരിയാർ, കണ്ണിമാറ, ഹെവൻവാലി, മൂന്നാർ, പശുപാറ തുടങ്ങിയ എസ്റ്റേറ്റുകളൊക്കെ ഇങ്ങനെയാണ് ആരംഭിക്കുന്നത്.

യൂറോപ്യൻ തോട്ടസംസ്കൃതിയുടെ പ്രാരംഭകാലത്ത് പീരുമേട്, താഴ് വരയിലേക്കെത്തുന്നതിനേക്കാൾ ദുഷ്കരമായിരുന്നു മൂന്നാർ മേഖലകളിലേയ്ക്കുള്ള യാത്ര. കൊടൈക്കനാൽ ബോഡിനായ്ക്കന്നൂർ എന്നിവിടങ്ങളിൽ നിന്നും അവ്യക്തമായ കാട്ടുതാരകൾ മാത്രമെ ഇവിടേക്കുണ്ടായിരുന്നുള്ളു. പൂഞ്ഞാർ രാജാവിൽ നിന്നും ജോൺ ദാനിയേൽ മൺറോ മൂന്നാർ മലകൾ പാട്ടത്തിനെടുക്കുന്നത് 1877 ലാണ്. ഇംഗ്ലീഷുകാർക്ക് മൂന്നാർ മലകളിലേയ്ക്കുള്ള വഴി കാട്ടിക്കൊടുത്ത കണ്ണൻദേവൻ, അഞ്ചുനാടൻ തമിഴരുടെ സംഘത്തലവനായിരുന്നുവെന്ന് ബ്രിട്ടീഷ് രേഖകളിൽ പറയുന്നു. പിന്നീട് മൂന്നാർ മലകൾ കണ്ണൻദേവൻ ഹിൽസ് എന്നു പരാമർശിക്കപ്പെട്ടു. താഴ്വരയുടെ വിധികർത്താവിനെ സംബന്ധിച്ച ഓർമ്മക്കുറിപ്പെന്ന നിലയിലും ഇത് വായിച്ചെടുക്കാം. പീരുമേട് തടത്തിലെന്നതുപോലെ കാപ്പിചെടികളായിരുന്നു കണ്ണൻദേവൻ മലകളിലും ആദ്യ കൃഷി, പിന്നാലെ ചായത്തോട്ടങ്ങളാരംഭിച്ചു. എ.എച്ച്.ഷാർപ്പ് സ്ഥാപിച്ച പാർവ്വതി എസ്റ്റേറ്റിലാണ് മൂന്നാറിലെ തേയില കൃഷിയുടെ തുടക്കം (1894).

ബ്രിട്ടീഷ് പ്ലാന്റർമാരെത്തുമ്പോൾ മൂന്നാറിലേയും പീരുമേട്ടിലേയും കാടുകളിൽ ഗോത്രവർഗ്ഗങ്ങളും വന്യമൃഗങ്ങളും മാത്രമെയുള്ളു. പീരുമേട് താഴ്വരയെ അപേക്ഷിച്ച് കണ്ണൻ ദേവൻമലകളിലായിരുന്നു ആദിവാസി കുടിയിരുപ്പുകളിലധികവും.

1924 ജൂലൈ മാസത്തിൽ മൂന്നാർ മലകളിൽ ഉണ്ടായ കനത്ത മഴയിലും വെള്ളപ്പൊക്കത്തിലും (കൊല്ലവർഷം 1099-ലെ വെള്ളപ്പൊക്കം) ഇംഗ്ലീഷ് പരിഷ്കൃതിയുടെ കണ്ടെത്തലുകളിലധികവും ഒഴുകിപ്പോയി. മലമ്പാതകളും റെയിൽവെയും വാസസ്ഥലങ്ങളുമൊക്കെ ഇതിലുൾപ്പെടും. കോതമംഗലം തട്ടേക്കാട്-കുട്ടമ്പുഴ, പൂയംക്കൂട്ടി -കല്ലാർ എന്നിവിടങ്ങളിലൂടെയുള്ള പഴയ ആലുവ -മൂന്നാർ റോഡ് പാടെ നശിച്ചു. അതിന് ശേഷമാണ് കോതമംഗലം. നേര്യമംഗലം വാളറ- അടിമാലി-പള്ളിവാസൽ തുടങ്ങിയ സ്ഥലങ്ങളിലൂടെ കടന്ന് പോകുന്ന ഇപ്പോഴത്തെ റോഡിന്റെ (ഇന്നത്തെ കൊച്ചി-മധുര ദേശിയ പാത) നിർമ്മാണം ആരംഭിച്ചത്. 1931 -ൽ റോഡിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത് തിരുവതാംകൂർ റീജന്റ് ആയിരുന്ന സേതു ലക്ഷ്മിഭായി തമ്പുരാട്ടിയാണ്. ഉടുമൽപേട്ടയിൽ നിന്ന് മൂന്നാറിലേക്കും 1931-ൽ ആലുവ-മൂന്നാർ ബസ് സർവ്വീസും ആരംഭിച്ചു.

പീരുമേട്, മൂന്നാർ മലനിരകളിൽ ഉത്പാദിപ്പിക്കപ്പെടുന്ന തേയിലയുടെ വിപണനത്തിലും അതേ പ്രതികൂലത ദർശിക്കാം. കയറ്റുമതിക്ക് വേണ്ടി തൂത്തുകുടി, ആലുവ തുറമുഖങ്ങളിലേയ്ക്ക് തേയില എത്തിച്ചിരുന്നത് കാളവണ്ടിയിലാണ്.പീരുമേട് താഴ്വരയിലെ കാളവണ്ടിക്കാർ 1915-ൽ നടത്തിയ പണിമുടക്കിനെക്കുറിച്ച് ബ്രിട്ടീഷ് രേഖകളിൽ പറയുന്നു. സമരത്തെ നേരിടാൻ ഇംഗ്ലണ്ടിൽ നിന്നും മൂന്ന് ലോറികൾ മുണ്ടക്കയത്ത് എത്തിച്ചുവെങ്കിലും അതിലൊന്ന് പോലും ചുരം കയറി പീരുമേട്ടിലെത്തിയില്ല. ഇതേതുടർന്നാണ് പീഠഭൂമിയിൽ നിന്നും മുണ്ടക്കയത്തേക്കുള്ള റോപ്പ് വേ സംവിധാനത്തിന്റെ നിർമ്മാണം. ഒന്നാം ലോക മഹായുദ്ധകാലത്ത് റോപ്പ്വേയുമായി ഇംഗ്ലണ്ടിൽ നിന്നും തിരിച്ച കപ്പൽ കടലിൽ തകർക്കപ്പെട്ടു. (1919) പിന്നീട് 1924 ൽ റോപ്പ് വേ നിർമ്മിക്കാൻ കഴിഞ്ഞുവെങ്കിലും ചുരുങ്ങിയ കാലത്തെ പ്രവർത്തനക്ഷമതയേ അതിനുണ്ടായിരുന്നുള്ളു. അംഗസംഖ്യയുടെ

അടിസ്ഥാനത്തിൽ വിലയിരുത്തുമ്പോൾ ഏറെയൊന്നും വലുതല്ലാത്ത ബ്രിട്ടീഷ് അധിനിവേശത്തെയാണ് ഇവിടെ കാണാൻ കഴിയുക. എന്നാൽ ഇതിലൂടെ ഉണ്ടായ രൂപമാറ്റങ്ങൾ വളരെ വലുതായിരുന്നു. 1931 -ൽ കനേഷുമാരി കണക്കെടുപ്പ് പ്രകാരം ഇടുക്കിയിലാകെ 194 ഇംഗ്ലീഷുകാർ മാത്രമെ ഉണ്ടായിരുന്നുള്ളു. യൂറോപ്യൻ സംസ്കൃതിയുടെ ആരംഭവും വികാസവും എത്രത്തോളം ഉണ്ടായിരുന്നു എന്നതിന്റെ സൂചകങ്ങളാണ് ഇന്ന് ഇവിടെയുള്ള ബ്രിട്ടീഷ് സ്മാരകങ്ങളിലധികവും.

കർഷക കുടിയേറ്റം

ഇരുപതാം നൂറ്റാണ്ടിന്റെ പിറവിയോടെ ഇടുക്കിയുടെ മലമടക്കുകളിലേയ്ക്ക് കർഷക കുടിയേറ്റം ആരംഭിച്ചു. 1910 മുതൽ തുടങ്ങിയ കുടിയേറ്റം 1955 വരെ സജീവമായി തുടർന്നുവന്നു. 1910-1920 കാലത്ത് വാഗമൺവഴി ഉപ്പുതറയിലേയ്ക്കും 1930-1933 കാലത്ത് മുണ്ടക്കയം വഴി ഏലപ്പാറയിലേയ്ക്കും കുടിയേറ്റം ആരംഭിച്ചു. ഏലപ്പാറയിൽ ഏക്കറിന് 5 രൂപ സർവ്വെ തുക നൽകിയ 30 കുടുംബങ്ങൾക്ക് താമസിക്കാൻ അനുവാദം നൽകിയതിലൂടെ അവിടം ജനവാസകേന്ദ്രം ആയി.

രണ്ടാം ലോകമഹായുദ്ധത്തോടെയുണ്ടായ രൂക്ഷമായ ഭക്ഷ്യക്ഷാമം മൂലം കുടിയേറ്റവും ഭൂമി പാട്ടത്തിന് നല്കുന്ന സമ്പ്രദായവും സർക്കാർ പ്രോൽസാഹിപ്പിച്ചു. 20-10-42 -ന് നെൽകൃഷിയും ഹ്രസ്വകാല വിളകളും ഉൾവനങ്ങളും ചതുപ്പ് നിലങ്ങളും നൽകാമെന്ന് തീരുമാനിച്ച് സർക്കാർ പത്ര പരസ്യം നൽകി. പീരുമേട്, ദേവികുളം താലൂക്കുകളിലെ പുൽമേടുകളും റിസർവ്വ് വനങ്ങളും ഉൾപ്പെടെയുള്ള ഭൂമിയാണ് നൽകാൻ ഉത്തരവായത്. കുത്തക പാട്ട വ്യവസ്ഥയിലും ഭൂമി നൽകാൻ 1949-ൽ തന്നെ സർക്കാർ ഉത്തരവായി.

ഊർജ്ജിത ഭക്ഷ്യോത്പാദന പദ്ധതിയുമായി (Grow more food Scheme) ബന്ധപ്പെട്ട് മറയൂരിൽ 220 ഏക്കർ 45 ബ്ലോക്കുകളായും ദേവിയാറിൽ 246 ഏക്കർ 77 ബ്ലോക്കുകളായും തിരിച്ചു നൽകി. കല്ലാർ പട്ടം കോളനിയുടെ പ്രഖ്യാപനവും ഭൂമി വിതരണവും 1955 ജനുവരി 20-ന് ധനകാര്യ മന്ത്രിയായിരുന്ന പി.കെ. കുഞ്ഞുസാഹിബ് നടത്തി. 1945-1950- ഓടെ കാഞ്ചിയാർ,കട്ടപ്പന, വെള്ളിലാംകണ്ടം, കൊച്ചുതോവാള തുടങ്ങിയ പ്രദേശത്ത് കർഷകരെത്തിത്തുടങ്ങി. 1957 ആയപ്പോൾ ഇരട്ടയാറിന്റെ വിവിധ പ്രദേശങ്ങളിലും 1948-ൽ വണ്ടൻമേട്, ചക്കുപള്ളം എന്നീ പ്രദേശങ്ങളിലും ആളുകളെത്തി.

നേര്യമംഗലം റോഡിന്റെ നിർമ്മാണം പൂർത്തിയായതോടെ 1935 മുതൽ കോതമംഗലം, മൂലമറ്റം, തൊടുപുഴ, പെരുമ്പാവൂർ, എറണാകുളം, ആലുവ, എന്നീ മേഖലകളിൽ നിന്നും മീനച്ചിൽ താലൂക്കിൽ നിന്നും ആളുകൾ അടിമാലി, കുഞ്ചിത്തണ്ണി, ഇരുപതേക്കർ, ബൈസൺവാലി, രാജാക്കാട്, രാജകുമാരി, ശാന്തൻപാറ തുടങ്ങിയ സ്ഥലങ്ങളിലെത്തി. ഹ്രസ്വകാല കൃഷിക്കായി തിരുവിതാംകൂർ സർക്കാർ 1937കാലത്ത് 3000 ഏക്കർ ഭൂമി അടിമാലിയിൽ ഒരു വിഭാഗം ധനിക കൃഷിക്കാർക്ക് നൽകി. പിന്നീട് 1948 ൽ (Grow more food Scheme) പദ്ധതി പ്രകാരം ഭക്ഷ്യവസ്തുക്കൾമാത്രം കൃഷി ചെയ്യാൻ കുറെ ഭൂമികൂടി നൽകി. ഈ പ്രദേശത്ത് 1000 ഏക്കർ വിമുക്തഭടന്മാർക്കും 200 ഏക്കർ പിന്നോക്ക പട്ടിക വിഭാഗങ്ങൾക്കും നൽകി.

പള്ളിവാസൽ പദ്ധതിയുമായി ബന്ധപ്പെട്ട് തൊഴിലാളികൾ 1933 മുതൽ എത്തിതുടങ്ങിയിരുന്നു. 1946-48 കാലത്ത് ഇവർ വെള്ളത്തൂവൽ, എല്ലക്കല്ല് പ്രദേശത്ത് താമസം തുടങ്ങി. പട്ടംതാണുപിള്ള മുഖ്യമന്ത്രിയായിരുന്ന കാലത്ത് അഞ്ചുനാട് പ്രദേശത്ത് കർഷകർക്ക് കോളനി നൽകി കുടിയിരുത്തി. പട്ടിണിയും പരിവട്ടവും രോഗപീഡകളും മോശപ്പെട്ട കാലാവസ്ഥയും കുടിയേറ്റത്തിന്റെ ആദ്യ നാളുകൾ ദുരിതപൂർണ്ണമാക്കി. കുറേപ്പേർ എല്ലാം ഉപേക്ഷിച്ച് തിരിച്ച് പോയി. കണ്ണീരും ചോരയും വീണ് കുതിർന്ന മണ്ണിലാണ് ആദിമ കർഷകർ സ്വപ്നങ്ങൾ ഇഴപാകിയത്. കൂടുതൽ കർഷകരും കുടുംബാംഗങ്ങളും

മലയോരപ്രദേശത്ത് എത്തിയതോടെ നിലനില്പിനായി അധികാരികളിൽ നിന്നും ഏറെ ആവശ്യങ്ങൾ നേടിയെടുക്കുവാനും പ്രതിസന്ധികളെ അതിജീവിക്കാനുമായി കർഷകരുടെ കൂട്ടായ്മകൾരൂപീകരിച്ച് ഒട്ടേറെ പ്രക്ഷോഭങ്ങൾ നയിച്ചു.

കർഷക സമര ചരിത്രത്തിൽ ശ്രദ്ധേയമായ സമരമാണ് അമരാവതി സമരം. അയ്യപ്പൻകോവിലിന്റെ പ്രാന്തപ്രദേശങ്ങളിൽ അധിവസിച്ചിരുന്ന ജനതയെ കോരിച്ചൊരിയുന്ന മഴയത്ത് 1961 മെയ് 2-ന് അവരുടെ കുടിലുകൾക്ക് തീ വച്ച് അമരാവതിയിലെ ചെളിക്കുഴിയിലേയ്ക്ക് തള്ളിയതിനെതിരെയുള്ള പ്രതിഷേധവും പോരാട്ടവും ചരിത്ര രേഖകളിലെ തിളങ്ങുന്ന അധ്യായമാണ്. എ.കെ.ജി.-യുടെ നിരാഹാരത്തെ തുടർന്ന് ഭരണാധികാരികൾ ഒത്ത് തീർപ്പിന് തയ്യാറായി. 1963-64 കാലത്ത് ചുരുളി-കീരിത്തോട് മേഖലയിലെ കുടിയിറക്കത്തിനെതിരെ നടത്തിയ പോരാട്ടവും ശ്രദ്ധേയമാണ്. അങ്ങനെ ഒട്ടേറെ കർഷകപോരാട്ടങ്ങളുടെയും കൂടി ചരിത്രമാണ് ഇടുക്കിയുടേത്. കാലാകാലങ്ങളിൽ കുടിയേറിയ കർഷകരുടെ പട്ടയ പ്രശ്നം ഇന്നും പരിഹാരം തേടുകയാണ്.

വികസന ചരിത്രം

സവിശേഷമായ ഭൂപ്രദേശങ്ങളും കാലാവസ്ഥയും പ്രകൃതി ദൃശ്യങ്ങളും ഒത്തിണങ്ങുന്ന സഞ്ചാരികളുടെ പറുദീസയെന്ന് അറിയപ്പെടുന്ന ഇടുക്കി ജില്ല സഹസ്രാബ്ദങ്ങൾക്ക് മുമ്പ് തന്നെ ചരിത്രത്തിൽ ഇടം നേടിയിരുന്നു. ഓർമകളുടെ മണിചിത്രത്താഴു തുറക്കുമ്പോൾ പൗരാണിക പ്രശസ്തമായ ഈ മരതക മലരണി മണ്ണിന്റെ അകത്തളങ്ങളിൽ ഒളിഞ്ഞു കിടക്കുന്ന വൈഡൂര്യ ശോഭ തെളിയുകയാണ്.

എന്നാൽ ഇടുക്കി ജില്ല 1972 ജനുവരി 26 ന് രൂപം കൊള്ളുമ്പോൾ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിലും ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങളുടെ കാര്യത്തിലും വളരെയധികം പിന്നിലായിരുന്നു. ആരോഗ്യസ്ഥാപനങ്ങളുടെ സ്ഥിതിയും വ്യത്യസ്ഥമായിരുന്നില്ല . മറ്റു ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ ഇപ്പോഴും പിന്നോക്കമാണെങ്കിലും പഴയ അവസ്ഥയിൽ നിന്നും വലിയ മാറ്റം ഉണ്ടായിട്ടുണ്ട്. വികസനത്തിന്റെ കാര്യത്തിൽ ഇക്കഴിഞ്ഞ 46 സംവത്സരങ്ങൾ ജില്ലയെ സംബന്ധിച്ച് നിർണ്ണായക വർഷങ്ങളായിരുന്നു. ഈ കാലഘട്ടത്തിൽ ജില്ലയുടെ പ്രധാന മേഖലകളിലുണ്ടായ മാറ്റങ്ങൾ നമുക്കു വിലയിരുത്തേണ്ടിയിരിക്കുന്നു.

കാർഷിക മേഖല

ഇടുക്കിയുടെ മലനിരകൾക്ക് വളരെ പൗരാണികവും സമ്പന്നവുമായ ഒരു കാർഷിക ചരിത്രമാണ് പറയാനുള്ളത്. മഹാശിലായുഗ കാലം മുതൽ സജീവമായി നിലനിന്നിരുന്ന നാഗരികത കെട്ടിപ്പടുത്തത് കൃഷിയിലൂടെയും കാർഷിക ഉത്പന്നങ്ങളുടെ വിപണനത്തിലൂടെയുമാണ്. രണ്ട് സഹസ്രാബ്ദങ്ങൾക്കു മുമ്പ് തന്നെ ഇടുക്കിയുടെ പർവ്വതമേഖലകളിലുമായി വിദേശിയർക്ക് വാണിജ്യ ബന്ധമുണ്ടായിരുന്നു എന്നതിന് വിശ്വാസയോഗ്യമായ ധാരാളം തെളിവുകളുണ്ട്. ഇടുക്കിയിലെ പർവ്വതമേഖലകളിൽ സുലഭമായിരുന്ന ഏലം, ചന്ദനം, കറുവാപ്പട്ട, കുരുമുളക് തുടങ്ങിയ വിഭവങ്ങൾ ഫിനീഷ്യരും, അറബികളും, ഗ്രീക്കുകാരും, ചീനക്കാരും റോമാക്കാരുമൊക്കെ വിലയ്ക്ക് വാങ്ങിയിരുന്നു. വണ്ടന്മേടിനടുത്തു പുറ്റടി അണക്കര തുടങ്ങി ഹൈറേഞ്ചിലെ വിവിധ സ്ഥലങ്ങളിൽ നിന്നും കണ്ടെത്തിയ പുരാതന റോമൻ നാണയങ്ങൾ വിരൽ ചൂണ്ടുന്നതും ഇതേ വസ്തുതയിലേയ്ക്കാണ്. ഹൈറേഞ്ചിൽ പരക്കേ കാണപ്പെടുന്ന നനങ്ങാടികളും മറ്റും പുരാതനവും സമ്പന്നവും സംസ്കൃതവുമായ ഒരു കർഷിക സംസ്കാരത്തിന്റെ അവശേഷിപ്പുകളാണെന്ന് കരുതപ്പെടുന്നു. കൂടാതെ ആനപ്പാറയിലേയ്ക്കുള്ള വഴിയരികിലെ പാറയിൽ കൊത്തിയെടുത്തിട്ടുള്ള ''തിരികല്ല്'' അതിനു സമീപമുള്ള 'ഉരൽക്കുഴി' എന്നിവയെല്ലാം പുരോഗതി പ്രാപിച്ചിട്ടുള്ള ഒരു കാർഷിക സമൂഹത്തിന്റെ അടയാളങ്ങളാണ്.

സംഘകാലം മുതൽ ദക്ഷിണേഷ്യയിലെ പ്രബല രാജവംശങ്ങളായിരുന്നു ചേര, ചോള, പാണ്ഡ്യന്മാർ. ഇതിൽ ഇടുക്കിയും ഇടുക്കി ഉൾക്കൊള്ളുന്ന കേരളനാടും ചേര രാജവംശത്തിന്റെ കീഴിലായിരുന്നു എന്ന് കാണാം.പതിനൊന്നാം നൂറ്റാണ്ടോട് കൂടി ചേര, ചോള യുദ്ധത്തിന്റെ ഫലമായി രാജ ഭരണം കൂടുതൽ ദുർബലമാകുകയും കേരളം പതിനെട്ടോളം സ്വരൂപികൾ ഭരിക്കുന്ന നാടായി വിഭജിയ്ക്കപ്പെടുകയും ചെയ്തു.

എന്നാൽ പത്താം നൂറ്റാണ്ടോടടുപ്പിച്ച് ഇന്നത്തെ ഇടുക്കിയുടെ ഭാഗമായ മലനാടിന്റെ ഗണ്യമായ ഭാഗങ്ങൾ ആലുവയ്ക്കടുത്തുള്ള ചെങ്ങമനാട് ദേവസ്വത്തിനു കൈമാറ്റം ചെയ്യപ്പെട്ടതായി ചെങ്ങമനാട് ദേവസ്വം ഗ്രന്ഥവരികളിൽ രേഖപ്പെടുത്തിയിരിക്കുന്നു. തുടർന്ന് 1200 ൽ (കൊല്ല വർഷം 375 കന്നി മാസം) ചെങ്ങമനാട് ദേവസ്വത്തിൽ നിന്നും കണ്ണൻദേവൻ മലനിരകൾ കാരിക്കോട് ആസ്ഥാനമാക്കി ഭരണം നടത്തിയിരുന്ന കീഴ്മല പെരുമാൾമാർക്കും (കാരിക്കോട് സ്വരൂപം) 1252 ൽ (കൊല്ല വർഷം 427 മേടമാസം) പൂഞ്ഞാർ രാജാവായിരുന്ന കുലശേഖര പെരുമാൾക്കും കൈമാറ്റം ചെയ്യപ്പെട്ടു.

അതിനു മുമ്പു തന്നെ 1189 ൽ (കൊല്ല വർഷം 364 മീന മാസം) കീഴ്മല ദേശവാഴിയ്ക്കു നൽകിയതിനു തെക്കും പെരിയാറിനു കിഴക്കും പെരിഞ്ചാൻകുട്ടിക്കു വടക്കുമായി കിടക്കുന്ന മഞ്ഞപ്പാറ മലയകം പൂഞ്ഞാറ്റിൽ തമ്പുരാനു കൈമാറിയിരുന്നു. ഇവിടെ ഭൂമി കൈമാറുന്നത് ''ഊരാളർ, എരുപത്തെൺമാരും, സ്വാമി പുരുഷനും വേണാട്ടു മനുഷ്യവും കീഴ്മല മനുഷ്യവും പൊതുവരും'' കൂടിയാണെന്ന് രേഖകൾ വ്യക്തമാക്കുന്നു.

1419 ൽ (കൊല്ലവർഷം 594 മകര മാസം) തെക്കും കൂർ സ്വരൂപത്തിൽ നിന്നും മഞ്ഞമല പെരിയാർ ഉൾപ്പെട്ട മലമ്പുറലും പൂഞ്ഞാറ്റിൽ പെരുമാൾക്ക് എഴുതി കൊടുക്കപ്പെട്ടു.

പൂഞ്ഞാർ രാജവംശത്തിന്റെ അധീശത്വത്തിൽ ഭൂവുടമസ്ഥയിലുണ്ടായ മാറ്റം കർഷകരുടെ കൂട്ടത്തോടെയുള്ള ഒഴിഞ്ഞുപോക്കിനു കാരണമായതോടുകൂടി ഇടുക്കി കൊടും വനമായി മാറി.

ഏതാണ്ട് നാല് അഞ്ചു നൂറ്റാണ്ടുകൾ നീണ്ട ഇരുണ്ട ഈ കാലഘട്ടത്തിനു ശേഷം പതിനെട്ടാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടുകൂടിയുണ്ടായ യൂറോപ്യൻ അധിനിവേശത്തോടെയാണ് ഇടുക്കിയുടെ കാർഷിക ചരിത്രം വീണ്ടും ആരംഭിക്കുന്നത്.

പിന്നീട് പഴയ വണ്ടൻമേട് പകുതിയിലെ കൽത്തൊട്ടി താവളം സർവ്വെ 24ൽ പ്പെട്ട 200 ഏക്കറും, ചക്കുപള്ളം താവളം സർവ്വെ 194 ൽ പ്പെട്ട 100 ഏക്കറും, അണക്കര താവളം സർവ്വെ 17 ൽ പെട്ട 650 ഏക്കറും റിസർവ്വിൽ നിന്നൊഴിവാക്കി നെൽ കൃഷിയ്ക്കായി പതിച്ചു നൽകി.

വനപ്രദേശത്ത് ഭക്ഷ്യ വിളകൾ കൃഷി ചെയ്യാൻ 1940-ൽ കുത്തകപ്പാട്ട വിളംബരമുണ്ടായതിനെത്തുടർന്ന് വളരെയേറെ ഭൂമി പാട്ടമായി (പണ്ടാരപ്പാട്ടം) നൽകുകയുണ്ടായി. നെല്ല്, മരച്ചീനി മുതലായവ ആയിരുന്നു പ്രധാന കൃഷികൾ.

1954 ൽ ഹൈറേഞ്ച് കോളനിവത്ക്കരണം പദ്ധതി പ്രകാരം പീരുമേട് താലൂക്കിലെ കല്ലാർ, ദേവികുളം താലൂക്കിലെ മറയൂർ, കാന്തല്ലൂർ, ദേവിയാർ എന്നിവിടങ്ങളിൽ ഭൂരഹിത കർഷക തൊഴിലാളികൾക്ക് 5 ഏക്കർ ഭൂമി വീതം നൽകി കുടിയിരുത്തുകയുണ്ടായി. 7326 ഏക്കർ ഭൂമിയാണ് ഇപ്രകാരം നൽകിയത്. കൃഷിയ്ക്കും വീടു കെട്ടുന്നതിനുമായി 5000 രൂപ വായ്പയായി നൽകുകയുണ്ടായി. ഇന്നത്തെ ഉടുമ്പൻചോല താലൂക്കിൽ കല്ലാർപട്ടം കോളനിയിലാണ് ഏറ്റവും കൂടുതൽ ഭൂമി നൽകിയത്.(6860 ഏക്കർ) വിവിധ സർക്കാർ ഉത്തരവുകളിലൂടെയുള്ള കുടിയിരുത്തലുകൾക്കൊപ്പം കുടിയേറ്റത്തിന്റെ പ്രവാഹം 1960 ആകുമ്പോഴേയ്ക്കും അവസാനിച്ചു കഴിഞ്ഞിരുന്നു. പെരിയാറിന്റെ കിഴക്ക് കാട്ടു വഴികളിലൂടെ കാൽനടയായി എത്തിയ കുടിയേറ്റ കർഷകന് ആദിവാസികൾ ആയിരുന്നു സഹായത്തിന് ഉണ്ടായിരുന്നത്. ഹൈറേഞ്ചിലെ കുടിയേറ്റ കർഷകന്റെ കഠിനാധ്വാനത്തിന്റെയും പ്രകൃതി ശക്തികളോടുള്ള നിരന്തര യുദ്ധങ്ങളുടേയും അധ്യായം തുറക്കപ്പെടുകയായിരുന്നു.

തുടർന്നുള്ള വർഷങ്ങൾ വന്യമൃഗങ്ങളോടും മലമ്പനിയോടും മോശം കാലാവസ്ഥയോടും പ്രകൃതി ദുരന്തങ്ങളോടും മല്ലിട്ട് മണ്ണിൽ പൊന്നുവിളയിച്ച ഇടുക്കിയിലെ കർഷകന്റെ കഠിനാദ്ധ്വാനത്തിന്റെ കഥ പറയുന്നു. ലോ-റെയ്ഞ്ചിൽ റബ്ബറും ഹൈ-റേഞ്ചിൽ ഏലവും കുരുമുളകുമായിരുന്നു പ്രധാന നാണ്യവിളകൾ. അതോടൊപ്പം പ്ലാവും മാവും നെല്ലും മരച്ചീനിയും ചേനയും കാച്ചിലും വാഴയും പച്ചക്കറികളും എല്ലാം അവർ കൃഷി ചെയ്തു. റബ്ബർ കൃഷിയിൽ ആർ.ആർ.ഐ. 105 ഉം ഏലം കൃഷിയിൽ ഞള്ളാനി ഏലവും ഉത്പാദനത്തിൽ പുതിയ അദ്ധ്യായങ്ങൾ രചിക്കുന്നതിന് കഴിഞ്ഞ കുറേ ദശാബ്ദങ്ങൾ സാക്ഷിയായി.

ഗതാഗതം

രണ്ടു സഹസ്രാബ്ദങ്ങൾക്കുമുമ്പ് തന്നെ ഇടുക്കിയുടെ പർവ്വതമേഖലകളുമായി വിദേശീയർക്ക് വാണിജ്യ ബന്ധമുണ്ടായിരുന്നു. ഇടുക്കിയിലെ പർവ്വത മേഖലകളിൽ സുലഭമായിരുന്ന ഏലം, കുരുമുളക്, ചന്ദനം, കറുവാപ്പെട്ട,ഇഞ്ചി തുടങ്ങിയ വിഭവങ്ങൾ ഫിനീഷ്യരും അറബികളും ഗ്രീക്കുകാരും ചീനക്കാരും റോമക്കാരുമൊക്കെ വിലയ്ക്കുവാങ്ങിയിരുന്നു.

ഈയാവശ്യത്തിലേയ്ക്കായി 2500 വർഷങ്ങൾക്കു മുമ്പു തന്നെ പ്രധാനപ്പെട്ട രണ്ട് വാണിജ്യ പാതകൾ ഇടുക്കിയിലൂടെ കടന്നു പോയിരുന്നു. മധുരയിൽ നിന്നും ആരംഭിച്ച കമ്പം മംഗളാദേവി കുമളി പീരുമേട് കോലാഹലമേട് ഈരാറ്റുപേട്ട വഴി മുസരീസ് തുറമുഖം (കൊടുങ്ങല്ലൂർ) വരെയുള്ള തെക്കൻ വാണിജ്യ പാതയും മധുരയിൽ നിന്ന് തന്നെ ആരംഭിച്ച് മൂന്നാർ കോതമംഗലം വഴി മുസിരിസ് തുറമുഖം വരെയുള്ള വടക്കൻ വാണിജ്യ പാതയും അവയുടെ അനുബന്ധ പാതകളും ഈ പാതയിലേയ്ക്ക് വിവിധ ചുരങ്ങളിലൂടെ തമിഴകത്തെ വിവിധ സ്ഥലങ്ങളുമായി ബന്ധിപ്പിക്കുന്ന പാതകളും കൂടിച്ചേർന്നതാണ് അന്നു നിലവിലുണ്ടായിരുന്ന പ്രധാന സഞ്ചാര മാർഗ്ഗങ്ങൾ.

മഹാശിലായുഗ കാലഘട്ടത്തിന്റെ സമ്പന്ന കാലത്ത് ഇടുക്കിയിൽ സജീവമായി നിലനിന്നിരുന്ന നാഗരീഗതയുടെ നട്ടെല്ലായി വർത്തിച്ചത് ഈ പാതകളാണ്. മൃഗങ്ങളെ ഉപയോഗിച്ചോ തലച്ചുമടായോ ആയിരുന്നു ചരക്കു നീക്കങ്ങൾ നടത്തിയിരുന്നത് എന്നു വേണം അനുമാനിക്കാൻ.സംഘകാലത്തിന്റെ അവസാന കാലത്ത് പൂഞ്ഞാർ രാജവംശ സ്ഥാപനത്തോടു കൂടി ഭൂവുടമസ്ഥയിലുണ്ടായ മാറ്റങ്ങളെ തുടർന്ന് കാർഷിക മേഖല താറുമാറായതോടുകൂടി കാർഷിക മേഖലയെ ആശ്രയിച്ചു നിലനിന്നിരുന്ന ഭൂരിഭാഗം ജനങ്ങളും ഒഴിഞ്ഞു പോകാൻ നിർബന്ധിതരായി. ജനങ്ങൾ ഒഴിഞ്ഞ് പോയി ഹൈറേഞ്ചു മലനിരകൾ വനമായി മാറിയതോടു കൂടി ഏതാണ്ട് 1000 വർഷത്തോളം സജീവമായി നിന്നിരുന്ന ഈ പാതകൾ നശിച്ച് ചരിത്രത്തിന്റെ ഭാഗം മാത്രമായി.

എന്നാൽ ഏതാണ്ട് 600 വർഷത്തോളം നീണ്ട അന്ധകാരയുഗത്തിനു ശേഷം ഇടുക്കിയുടെ ആധുനിക ഗതാഗത സൗകര്യ വികസനത്തിനു തുടക്കം കുറിച്ചത് പതിനെട്ടാം നൂറ്റാണ്ടിലാണ്. പതിനേഴാം നൂറ്റാണ്ടിന്റെ മധ്യത്തോട്കൂടി തന്നെ പൂഞ്ഞാറിൽ നിന്നും കോലാഹലമേട് വഴി കുട്ടിക്കാനത്തിന്റെ തെക്ക് ഭാഗത്ത് കൂടി മുറിഞ്ഞപുഴയെത്തി അവിടെ നിന്നും പീരുമേട് വണ്ടിപ്പെരിയാർ കുമളി വഴി തമിഴ്നാട്ടിലേയ്ക്ക് നീളുന്ന കാലിത്താരകൾ നിലവിലുണ്ടായിരുന്നതായി കാണുന്നു. ഇന്നത്തെ കൊല്ലം തേനി ഹൈവേയുടെ ഭാഗമായ കോട്ടയം കുമളി റോഡ് 1863 ൽ റാണി ലക്ഷ്മിഭായി തമ്പുരാട്ടി പണി കഴിപ്പിച്ചു. ഇതു പല ഘട്ടങ്ങളായാണു പൂർത്തിയാക്കിയത്. ആദ്യം കോട്ടയത്തു നിന്നും മുണ്ടക്കയം വരെയും തുടർന്ന് 1872 ൽ പീരുമേട് വരെയും നിർമ്മിക്കപ്പെട്ടു. തുടർന്ന് ജെ.ഡി.മൺറോ കുട്ടിക്കാനത്തു നിന്നും ഏലപ്പാറ വഴി ചിന്നാറിലേയ്ക്കുള്ള പാത നിർമ്മിച്ചു.

വടക്കൻ വാണിജ്യ പാതയുടെ ഭാഗമായിരുന്ന ആലുവ മൂന്നാർ റോഡ് 1891 ൽ പണി ആരംഭിച്ച് ഒരു ദശകം കൊണ്ട് പൂർത്തിയായി. 1902 ൽ തേയില കൊണ്ടു പോകുന്നതിനു വേണ്ടി മാട്ടുപ്പെട്ടി മുതൽ ടോപ് സ്റ്റേഷൻ വരെ (കാളകൾ കെട്ടി വലിക്കുന്ന) ഒരു മോണോ

റെയിൽ സ്ഥാപിക്കപ്പെട്ടു. 1908 ൽ മൂന്നാർ മുതൽ ടോപ്പ് സ്റ്റേഷൻ വരെ ഒരു ചെറിയ ട്രെയിൻ (സ്റ്റീം എൻജിൻ) ഓടി തുടങ്ങി. തുടർന്ന് ബുക്കാനൻ. ആനമുടി, കുണ്ടള ഹൈറേഞ്ച് തുടങ്ങി നാലോളം ട്രെയിനുകൾ സർവ്വീസ് നടത്തിയിരുന്നു. കൂടാതെ ടോപ്പ് സ്റ്റേഷൻ മുതൽ ബോഡിനായ്ക്കന്നൂരിനു സമീപമുള്ള കോട്ടഗുഡി വരെ ചരക്കെത്തിക്കുന്നതിന് ഒരു റോപ്പ് വേയും മൂന്നാറിൽ ഉടനീളം പുതിയ റോഡുകളും നിർമ്മിക്കപ്പെട്ടു. 1904 ൽ മൂന്നാർ ഉദുമൽപ്പേട്ട വണ്ടിപ്പാത നിർമ്മിയ്ക്കപ്പെട്ടു. കൂടാതെ കുമളി മൂന്നാർ റോഡും നിർമ്മിയ്ക്കപ്പെട്ടു. 1924 ജൂലൈയിൽ ഉണ്ടായ കടുത്ത പേമാരിയിലും വെള്ളപ്പൊക്കത്തിലും മൂന്നാർ തകർന്നടിഞ്ഞു. റെയിൽവേയും ആലുവ മൂന്നാർ റോഡുമൊക്കെ വെറും ഓർമ്മ മാത്രമായി.

തുടർന്ന് 1925 ൽ മൂന്നാർ കൊടൈക്കനാൽ റോഡ് നിർമ്മിയ്ക്കപ്പെട്ടു. പിന്നീട് രണ്ടാം ലോകമഹായുദ്ധകാലത്ത് ഇൻഡ്യക്കെതിരെ ജപ്പാന്റെ യുദ്ധപ്രഖ്യാപനത്തെ തുടർന്ന് തങ്ങളുടെ കുടുംബാംഗങ്ങളെ കൊടൈക്കനാൽ കൊളംബോ വഴി ഇംഗ്ലണ്ടിലേയ്ക്ക് ഒഴിപ്പിച്ചുകൊണ്ട് പോകുന്നതിന്റെ ഭാഗമായി മൂന്നാർ കൊടൈക്കനാൽ റോഡ് പുനർ നിർമ്മിയ്ക്കപ്പെട്ടു.

1924 ൽ തകർന്നടിഞ്ഞ ആലുവാ മൂന്നാർ റോഡ് കോതമംഗലം തട്ടേക്കാട് കുട്ടമ്പുഴ പൂയംകുട്ടി കല്ലാർ വഴിയായിരുന്നെങ്കിൽ പുതിയ ആലുവാ മൂന്നാർ റോഡ് കോതമംഗലം നേരിയമംഗലം വാളറ അടിമാലി വഴിയാണ് പുനർനിർമ്മിയ്ക്കപ്പെട്ടത്. ഈ റോഡിന്റെ ഉദ്ഘാടനം 1931 ൽ തിരുവിതാംകൂർ റീജന്റായിരുന്ന റാണി സേതുലക്ഷ്മി തമ്പുരാട്ടി നിർവ്വഹിച്ചു.

പിന്നീട് ഇടുക്കി ഡാംസൈറ്റിലേയ്ക്ക് സാധനങ്ങളും ഉപകരണങ്ങളും കൊണ്ടുപോകുന്നതിനായി തൊടുപുഴ പുളിയൻമല റോഡ് നിർമ്മിയ്ക്കപ്പെട്ടു. 1980 കൾ ആയപ്പോഴേയ്ക്കും ഇടുക്കിയിലെമ്പാടും പല റോഡുകളും നിർമ്മിയ്ക്കപ്പെട്ടു.

ഇടുക്കിയിലെ ഗ്രാമീണ റോഡുകളുടെ വികസനത്തിൽ കുതിച്ചുചാട്ടമുണ്ടായത് 1996 ൽ ജനകീയാസൂത്രണ പദ്ധതിയുടെ ആവിർഭാവത്തോടു കൂടിയാണ്. ഇക്കഴിഞ്ഞ 20 വർഷങ്ങൾ, ഇടുക്കിയുടെ റോഡ് കണക്ടിവിറ്റിയിൽ വിപ്ലവാത്മക മാറ്റമാണുണ്ടാക്കിയത്.എന്നിരുന്നാൽ തന്നെയും റോഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നിർവ്വഹിക്കാത്തതിനാൽ ജില്ലയിലെ റോഡുകളുടെ അവസ്ഥ ശോചനീയമാണ്.റോഡുകളുടെ ദൈർഘ്യത്തിലും ഗുണനിലവാരത്തിലും കാര്യമായ വ്യത്യാസം ഉണ്ടായെങ്കിലും വാഹനങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് അതിന്റെ പതിൻമടങ്ങാണ്.

<u>വൈദ്യുതി</u>

കേരളത്തിന്റെ മൊത്തം ഉൽപ്പാദനശേഷിയായ 2186.14 മെഗാവാട്ട് വൈദ്യുതിയിൽ 1420.99 (65%) ഇടുക്കി ജില്ലയിലെ പള്ളിവാസൽ, ചെങ്കുളം, നേര്യമംഗലം, പന്നിയാർ, ഇടുക്കി, ഇടമലയാർ, ലോവർ പെരിയാർ എന്നീ 7 ജല വൈദ്യുത പദ്ധതികളിൽ നിന്നാണ് ലഭിക്കുന്നത്.

1940 കളിൽ തുടക്കം കുറിച്ച വൈദ്യുതി ഉല്പാദന പദ്ധതികളിൽ ജില്ലയുടെ വികസനത്തിൽ നിർണ്ണായകമായ പങ്ക് വഹിച്ചു. മേഖലയോട് ബന്ധപ്പെട്ട ചരിത്രം വിവരിക്കുമ്പോൾ ഗോത്ര വർഗ്ഗ സംസ്കൃതിയുടെ അവസാനത്തെ കണ്ണിയെന്നറിയപ്പെടുന്ന കരുവള്ളായൻ കൊലുമ്പനിലൂടെ ജില്ലയുടെ വികസനത്തിന് പുതിയ മാനം കൈവന്നത് സ്മരിക്കേണ്ടതാണ്. ഇടുക്കി പദ്ധതിയുടെ പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിൽ ഡബ്ലു.ജെ. ജോൺ, വി.ജെ.തോമസ് പ്രജാ സഭാ മെമ്പറായിരുന്ന എ.കെ.നാരായണപിള്ള. ഇറ്റാലിയൻ എഞ്ചിനീയർമാരായിരുന്ന ആഞ്ചലോ, ഒമേഡയ, ക്ലന്തയോമസ്സല്ലി എന്നിവരുടെ പ്രവർത്തനങ്ങളും ജില്ലാ വികസന ചരിത്രത്തിലെ പ്രധാന സംഭാവനകളാണ്. സൂര്യപ്രകാശത്തിൽ നിന്നും കാറ്റിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്നതിന് കൂടുതൽ ഗവേഷണം നടത്തേണ്ടിയിരിക്കുന്നു.

ഉന്നത വിദ്യാഭ്യാസം

ജില്ല രൂപം കൊള്ളുമ്പോൾ തൊടുപുഴയിലുള്ള ന്യൂമാൻ കോളേജും നരിയാമ്പറയിലുണ്ടായിരുന്ന പ്രീ-ഡിഗ്രി വരെ മാത്രം പഠനസൗകര്യമുണ്ടായിരുന്ന ഒരു ജൂനിയർ കോളേജും (ഡി.ബി.എസ് കോളേജ്) മാത്രമാണ് ജില്ലയിലുണ്ടായിരുന്നത്. അതുകൊണ്ടു തന്നെ എസ്.എസ്.എൽ.സി കഴിഞ്ഞാൽ ജില്ലയിലെ ബഹുഭൂരിപക്ഷം വിദ്യാർത്ഥികളും പഠനം ഉപേക്ഷിക്കുകയോ, അന്നുണ്ടായിരുന്ന ഏതാനും പാരലൽ കോളേജുകളെ ആശ്രയിക്കുകയോ മാത്രമേ സാധ്യമായിരുന്നുള്ളൂ. ഹോസ്റ്റലിൽ നിർത്തി പഠിപ്പിക്കാൻ ശേഷിയുണ്ടായിരുന്ന ഏതാനും കുട്ടികളെ കോട്ടയത്തും എറണാകുളത്തും വിട്ട് പഠിപ്പിച്ചിരുന്നതൊഴിച്ചാൽ ഉന്നത വിദ്യാഭ്യസമെന്നത് ഇടുക്കിയിലെ ഹൈറേഞ്ച് മേഖലയിലുള്ളവർക്ക് കിട്ടാക്കനിയായിരുന്നു. 1975 ൽ ഡി.ബി.എസ് കോളേജിൽ വിദ്യാർത്ഥി സമരത്തെ തുടർന്നുണ്ടായ ചില അനിഷ്ടസംഭവങ്ങളെ തുടർന്ന് ഡി.ബി.എസ് കോളേജ് അടച്ചുപൂട്ടിയതോടു കൂടി ഹൈറേഞ്ച് മേഖലയിൽ ഉണ്ടായിരുന്ന ഏക വിദ്യാഭ്യാസ സ്ഥാപനവും ഇല്ലാതായി. തുടർന്നുണ്ടായ ബഹുജന സമ്മർദ്ദത്തെ തുടർന്ന് 1977 ൽ കട്ടപ്പനയിൽ ഒരു ജൂനിയർ കോളേജായി കട്ടപ്പന ഗവൺമെന്റ് കോളേജ് ആരംഭിച്ചു. തുടർന്ന് 1981 ൽ സി.എം.ഐ സഭ മൂലമറ്റത്തും 1982 ൽ എം.ഇ.എസ് നെടുംകണ്ടത്തും ഓരോ എയ്ഡഡ് കോളേജുകൾ ആരംഭിച്ചു. ഒന്നര പതിറ്റാണ്ടുകൾക്ക് ശേഷം 1995 ൽ മൂന്നാർ ഗവൺമെന്റ് കോളേജും കുട്ടിക്കാനം മരിയൻ കോളേജും രാജകുമാരി എൻ.എസ്.എസ് കോളേജും പ്രവർത്തനം ആരംഭിച്ചു.

തുടർന്ന് 2001 മുതൽ 2006 വരെയുള്ള ഒന്നര ദശാബ്ദക്കാലം ജില്ലയിലെ ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങളിൽ ഒരു കുതിച്ചുചാട്ടം തന്നെയുണ്ടായി. ഇന്ന് ജില്ലയിൽ സർക്കാർ, എയ്ഡഡ്, അൺ-എയ്ഡഡ് മേഖലകളിലായി നിലവിലുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കണക്ക് പരിശോധിച്ചാൽ ഇക്കാര്യം മനസ്സിലാകും.

എങ്കിലും ഇനിയും കൂടുതൽ വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങൾ ജില്ലയിൽ ഉണ്ടാകേണ്ടിയിരിക്കുന്നു.

ആരോഗ്യ രംഗം

ആദ്യകാല ചികിത്സാരീതിയിൽ പ്രകൃതിക്കും ഔഷധ സസ്യങ്ങൾക്കും പ്രാധാന്യം കൽപ്പിച്ചിരുന്നു. ഇടുക്കിയിലെ വനാന്തരങ്ങളിലുള്ള അമൂല്യ ഔഷധസസ്യങ്ങളും ചികിത്സാരീതികളും ആദിവാസി മേഖലകളിലേക്കു കാലാന്തരങ്ങളിൽ ഒതുങ്ങി. തലമുറകൾ കൈമാറിയ ഈ ചികിത്സരീതികൾ ഇന്നും നിലനിൽക്കുന്നു. അടുത്ത കാലത്തായി സമൂഹത്തിന്റെ ശ്രദ്ധയും പ്രോത്സാഹനവും ഈ ദിശയിലേക്ക് ലഭിക്കുന്നു എന്നുള്ളത് ആശ്വാസമേകുന്നു. ആദിവാസി ചികിത്സാരംഗത്തെ വൈവിധ്യങ്ങൾ രേഖപ്പെടുത്തി വരും തലമുറയ്ക്കുവേണ്ടി സംരക്ഷിക്കപ്പെടണം. കാട്ടുതീ മൂലം നശിച്ചു പോകുന്ന അമൂല്യ ഔഷധ സസ്യങ്ങൾ സംരക്ഷിക്കുവാനും വികസിപ്പിക്കുവാനും നമുക്ക് കഴിയണം. പുതിയ പേറ്റന്റ് നിയമം മൂലം നമ്മുടെ തനതായ ഈ സമ്പത്ത് ജില്ലയ്ക്ക് നഷ്ടപ്പെടുവാൻ അനുവദിച്ചുകൂടാ.

ആദ്യകാലം മുതൽ തന്നെ ഇടുക്കി ജില്ല ആയുർവേദ ചികിത്സാരംഗത്ത് പ്രശസ്തമായിരുന്നു. രാജ വൈദ്യനായിരുന്ന ശ്രീ.ദാമോദരൻ വൈദ്യർ, ധന്വന്തരി വൈദ്യശാലയുടെ സ്ഥാപകനും ആയുർവ്വേദ ചികിത്സാരംഗത്തെ അതുല്യ പണ്ഡിതനുമായിരുന്ന ശ്രീ.സി.എൻ നമ്പൂതിരി തുടങ്ങിയ ഒട്ടേറെ പേർ ഈ ജില്ലയുടെ ചരിത്ര താളുകളിൽ സ്ഥാനം പിടിക്കുന്നു. ജില്ലയുടെ ആയുർവ്വേദ മരുന്നുകളുടെ വ്യാവസായിക ഉത്പ്പാദനം ആദ്യമായി ആരംഭിച്ചത് ധന്വന്തരിശാലയാണ്.ഇന്ന് ജില്ലയിലും സംസ്ഥാനത്തും അറിയപ്പെടുന്ന ഒരു സ്ഥാപനമായി ഇത് മാറിയിട്ടുണ്ട്.ഇന്ന് ജില്ലയിൽ സർക്കാർ സ്വകാര്യ മേഖലകളിൽ ആയുർവ്വേദ ആശുപത്രികളും ഡിസ്പെൻസറികളും ധാരാളമുണ്ട്.

ബ്രിട്ടീഷുകാരുടെ വരവോടെ പ്രചാരത്തിലായ ഇംഗ്ലീഷ് വൈദ്യം ജില്ലയിലും പ്രചരിച്ചു. ഇതിന്റെ ഭാഗമായി ആശുപത്രികൾ ആരംഭിക്കുന്നതിന് മിഷൻ പ്രവർത്തകർ കൂടുതലായി മുന്നോട്ട് വന്നു. വേഗത്തിലുള്ള രോഗശാന്തി ജനങ്ങളെ ഈ മേഖലയിലേക്ക് കൂടുതൽ ആകർഷിച്ചു. ഇന്ന് ആരോഗ്യ സ്ഥാപനമെന്നാൽ അലോപ്പതി ചികിത്സ എന്ന ചിന്തയിൽ സമൂഹം എത്തി നിൽക്കുകയാണ്. അടുത്ത കാലത്തായി മരുന്നുകളുടെ പാർശ്വഫലങ്ങളും മറ്റും ജനങ്ങളുടെ മനോഭാവത്തിൽ ചെറിയ മാറ്റം വരുത്തിയിട്ടുണ്ട്.

ജില്ലയുടെ രൂപീകരണ കാലത്ത് പ്രധാന ആശ്രയം സർക്കാർ പ്രൈമറി സെന്ററുകളും ഏതാനും സ്വകാര്യ ആശുപത്രികളുമായിരുന്നു. എന്നാൽ വിദഗ്ധ ചികിത്സ ആവശ്യമുള്ളവർക്ക് കോട്ടയം മെഡിക്കൽ കോളേജിനെ ആശ്രയിക്കുകയേ മാർഗ്ഗമുണ്ടായിരുന്നുള്ളൂ. ഇന്ന് 2 ജില്ലാ ആശുപത്രിയും നാലു താലൂക്ക് ആശുപത്രിയും പതിനൊന്ന് ഫാമിലി ഹെൽത്ത് സെന്ററുകളും അടക്കം സർക്കാർ മേഖലയിൽ 1096 ബെഡ്ഡുകളും സ്വകാര്യ മേഖലയിൽ നിരവധി ആശുപത്രികളും ലഭ്യമാണ്. കൂടാതെ സർക്കാർ ആയുർവേദ ഹോമിയോ ആശുപത്രികളിൽ യഥാക്രമം 180 ഉം 50 ഉം ബെഡ്ഡുകളും നിലവിലുണ്ട്. കൂടാതെ സ്വകാര്യ മേഖലയിൽ അറുപതോളം സ്വകാര്യ ഡിസ്പെൻസറികളും പ്രവർത്തിച്ചു വരുന്നു. സർക്കാർ ആയുർവ്വേദ ഹോമിയോ ഡിസ്പെൻസറികൾ കൂടാതെ നൂറിലധികം സ്വകാര്യ ആയുർവേദ ഹോമിയോ ഡിസ്പെൻസറികൾ ജില്ലയിൽ പ്രവർത്തിച്ചു വരുന്നു. എങ്കിലും ഇന്നും വിദഗ്ധ ചികിത്സ ആവശ്യമായി വന്നാൽ കോട്ടയം മെഡിക്കൽ കോളേജിനെയോ എറണാകുളം കോട്ടയം ജില്ലകളിലെ സ്വകാര്യ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളെയോ ആശ്രയിക്കുകയേ തരമുള്ളൂ.

ഹോമിയോ ചികിത്സാരീതി ജില്ലയിൽ വേരൂന്നിയിട്ട് അധികം കാലമായില്ല. കുറഞ്ഞ ചെലവ് സാധാരണക്കാരെ ഈ രംഗത്തേക്ക് കൂടുതൽ അടുപ്പിച്ചു കൊണ്ടിരിക്കുന്നു. കാലചക്രത്തിന്റെ മാറ്റം പോലെ പ്രകൃതി ചികിത്സ രംഗത്തേക്കും ആളുകൾ ആകർഷിക്കപ്പെടുന്നുണ്ട്. ഔഷധ സസ്യ പ്രചാരണവും മലിനീകരണ നിരോധനവും ഇന്ന് ഏറെ പ്രാധാന്യത്തോടെ സമൂഹം കാണുന്നു. ആർദ്രം പദ്ധതി ചികിത്സ രംഗത്ത് വളരെയധികം ഗുണം ചെയ്യുമെന്ന് കരുതുന്നു. വർദ്ധിച്ചു വരുന്ന ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കാൻ ബോധവൽക്കരണവും വ്യായാമ മുറകളും സ്കൂൾ പാഠ്യ പദ്ധതിയുടെ ഭാഗമാക്കണം.

പരമ്പരാഗത, കുടിൽ വ്യവസായങ്ങൾ

ജില്ലയിൽ ഏതാണ്ട് 5600 എം.എസ്.എം.ഇ യൂണിറ്റുകളും അതിൽ 2280 വനിത യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്.

കുടുംബശ്രീയുടെ കീഴിൽ 2015-16 ൽ 12384-എൻ.എച്ച്.ജി കളും, 7062 ജെ.എൽ.ജി കളും ഉണ്ട്. ഇതിൽ 28924 എസ്.സി, എസ്.ടി അംഗങ്ങളും 14452 പൊതുവിഭാഗത്തിലെ അംഗങ്ങളും ഉൾപ്പെടുന്നു. മൊത്തം 56.69 കോടി അനുബന്ധ ലോൺ ഈ സ്ഥാപനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്.

പരമ്പരാഗതമായി വ്യവസായങ്ങൾ എന്ന നിലയിൽ ഈറ്റ, ചൂരൽ എന്നിവ ഉപയോഗപ്പെടുത്തിയുള്ള നെയ്ത്തു പണികൾ ഇടുക്കി ജില്ലയിലെ ഒരു പ്രധാന കുടിൽ വ്യവസായമായിരുന്നു. സ്ത്രീകളും പുരുഷൻമാരും കുട്ടികളും ഈ ജോലിയിൽ പങ്കുചേർന്നിരുന്നു. അസംസ്കൃത വസ്തുക്കൾ എന്ന നിലയിൽ ലഭിച്ച ഈറ്റയും ചൂരലും വനവിഭവങ്ങളായിരുന്നു.പരുത്തി കൃഷി നടത്തി വന്നിരുന്ന മറയൂർ, കാന്തല്ലൂർ, എന്നിവിടങ്ങളിൽ കൈത്തറി വ്യവസായവും നിലനിന്നിരുന്നു. വനനശീകരണം, പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ കടന്നു കയറ്റം, പുതിയ ഉപഭോഗസംസ്കാരം ഇവയൊക്കെ പരമ്പരാഗത വ്യവസായങ്ങളെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു.

വിനോദ സഞ്ചാര മേഖല

സ്വദേശത്തും വിദേശത്തുമുള്ള വിനോദസഞ്ചാരികളെ വളരെ ആകർഷിക്കുന്ന പ്രകൃതി മനോഹരമായ ജില്ലയാണ് ഇടുക്കി. മൂന്നാർ, തേക്കടി, വാഗമൺ, തൊമ്മൻകുത്ത്, അഞ്ചുരുളി, രാമക്കൽമേട്, കൂമ്പൻപാറ, പരുന്തുംപാറ പ്രദേശങ്ങൾ പ്രത്യേകം എടുത്തു പറയേണ്ടതാണ്. മൂന്നാർ, തേക്കടി, ഇടുക്കി എന്നീ പ്രധാന കേന്ദ്രങ്ങളെയാണ് വിനോദ സഞ്ചാരത്തിന്റെ സുവർണ്ണ ത്രികോണം എന്ന് വിളിക്കുന്നത്.

സുഖവാസ വിനോദ കേന്ദ്രങ്ങൾ - ഇടുക്കി ജില്ലയ്ക്ക് ലോക വിനോദ സഞ്ചാര ഭൂപടത്തിൽ സവിശേഷ സ്ഥാനം നേടിക്കൊടുത്തത് അതിന്റെ വൈവിധ്യമാർന്ന ഭൂപ്രകൃതിയും കാലാവസ്ഥയുമാണ്. ജില്ലയിലെ പ്രധാനപ്പെട്ട വിനോദ സഞ്ചാര കേന്ദ്രങ്ങൾ മൂന്നാർ, ഇരവികുളം നാഷണൽ പാർക്ക്, തേക്കടി, വാഗമൺ, മറയൂർ, കാന്തല്ലൂർ, മാട്ടുപ്പെട്ടി, അഞ്ചുരുളി, പാഞ്ചാലിമേട്, പരുന്തുംപാറ, പീരുമേട്, ചെങ്കുളം ഡാം, മലങ്കര ഡാംതുടങ്ങിയവയാണ്.

കൂടാതെ ഇടുക്കി ജില്ലയിൽ ചെറുതും വലുതുമായ നിരവധി വെള്ളച്ചാട്ടങ്ങൾ ഉണ്ട്.വളരെ നയന മനോഹരവും ടൂറിസ്റ്റ് ആകർഷണ കേന്ദ്രങ്ങളുമായ ഇവ മഴക്കാലത്താണ് അതിന്റെ മനോഹാരിതയും ശക്തിയും ആർജിക്കുന്നത്. ടൂറിസ്റ്റുകളെ ആകർഷിക്കുന്ന വെള്ളച്ചാട്ടങ്ങൾ ചീയപ്പാറ, വാളറ,തൊമ്മൻകുത്ത്, ചെല്ലാർകോവിൽ, ഉടുമ്പന്നൂർ പഞ്ചായത്തിലെ തേൻമാരികുത്ത്, മുറിഞ്ഞപുഴ, വാഗമണ്ണിനു സമീപത്തുള്ള പാലൊഴുകും അരുവി എന്നിവയാണ്. ഇതു കൂടാതെ മനോഹരങ്ങളായ അനവധി വെള്ളച്ചാട്ടങ്ങൾ ജില്ലയിൽ സ്ഥിതി ചെയ്യുന്നു. ഇരട്ടയാർ, അഞ്ചുരുളി ടണലിൽ നിന്നും ഇടുക്കി ജലാശയത്തിലേക്ക് പതിക്കുന്ന മനുഷ്യ നിർമ്മിത ജലപാതവും ഇതിൽ ഉൾപ്പെടുന്നു.

ജനസംഖ്യ

കേരളത്തിലെ ജനസംഖ്യ

കേരളത്തിലെ വിവിധ ജില്ലകളിലെ ജനസംഖ്യ ചുവടെ കൊടുത്തിരിക്കുന്നു.

ചിത്രം 1.1 കേരളത്തിലെ ജനസംഖ്യ



ഉറവിടം- സെൻസസ് 2011

കേരളത്തിലെ ജനസംഖ്യ ഏറ്റവും കൂടുതൽ മലപ്പുറം ജില്ലയിലും ഏറ്റവും കുറവ് വയനാട് ജില്ലയിലുമാണ്. ഇടുക്കിക്ക് ജനസംഖ്യയിൽ പതിമൂന്നാം സ്ഥാനമാണുള്ളത്.

സംസ്ഥാന വിസ്തൃതിയിൽ 11.2% ഉൾക്കൊള്ളുന്ന ഇടുക്കി ജില്ലയിൽ സംസ്ഥാന ജനസംഖ്യയുടെ 3.3% മാത്രമാണുള്ളത്.

ജനസംഖ്യ പരിണാമം

രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും ജില്ലയുടെയും ജനസംഖ്യ പരിണാമത്തിന്റെ ചിത്രം ചുവടെ നൽകിയിരിക്കുന്നു.

ചിത്രം 1.2

ദശാബ്ദ ജനസംഖ്യാ പരിണാമം



	1911-21	1921-31	1931-41	1941-51	1951-61	1961-71	1971-81	1981-91	1991-01	2001-11
Growth_Idukki	9.2	72.6	30.3	35.7	73.4	31.9	26	10.4	7	-1.8
Growth_Kerala	9.2	21.9	16	22.8	24.8	23.6	19.2	14.3	9.4	4.9
Growth_India	-0.3	11	14.2	13.3	21.6	24.8	24.7	23.9	21.5	17.6

ഉറവിടം -സെൻസസ് റിപ്പോർട്ടുകൾ

കഴിഞ്ഞ ഒരു നൂറ്റാണ്ടിലെ ജില്ലയിലെ ജനസംഖ്യാ ചരിത്രം പരിശോധിച്ചാൽ മറ്റു ജില്ലകളെ അപേക്ഷിച്ച് അസാധാരണമായ ഏറ്റക്കുറച്ചിലുകൾ വിവിധ കാലഘട്ടങ്ങളിൽ ഉണ്ടായതായി കാണാം. രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും ജനസംഖ്യയിൽ 1911 മുതൽ 1971 വരെ ക്രമാനുഗതമായ വർദ്ധനവ് ഉണ്ടാവുകയും തുടർന്നങ്ങോട്ട് വർദ്ധനാനിരക്ക് കുറഞ്ഞ് വരികയും ചെയ്തതായി കാണാം.

എന്നാൽ ജില്ലയൽ 1921-31, 1951-61 കാലഘട്ടങ്ങളിൽ 72.6%, 73.4% ജനസംഖ്യാ വർദ്ധനവാണ് വന്നിരിക്കുന്നത്. ഈ വർദ്ധനവ് ഈ കാലഘട്ടങ്ങളിൽ വന്ന വ്യാപകമായ കുടിയേറ്റങ്ങളുടെ ചിത്രമാണ് വരച്ചു കാണിക്കുന്നത്. 1911 മുതൽ 1981 വരെ ജില്ലയിലെ ജനസംഖ്യ വർദ്ധനവ് സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും നിരക്കിനേക്കാളും കൂടുതലായിരുന്നെങ്കിലും 1981 നു ശേഷം സ്ഥിതി മാറി വരികയും രാജ്യത്തിന്റെ നിരക്കിനേക്കാൾ കുറഞ്ഞു വരികയും 2011 ആയപ്പോഴേക്കും പത്തനംതിട്ട ജില്ലയോടൊപ്പം ജനസംഖ്യ കുറവ് വന്ന (നെഗറ്റീവ് വളർച്ച)ജില്ലകളിൽ ഉൾപ്പെടുകയും ചെയ്തു.

പട്ടിക 1:1 : **ജനസംഖ്യ ബ്ലോക്ക് തലത്തിൽ**

ബ്ലോക്ക്	2001			2011		
	ആകെ	പുരുഷൻ	സ്ത്രീ	ആകെ	പുരുഷൻ	സ്ത്രീ
ദേവികുളം	135190	68368	66822	121577	61034	60543
അടിമാലി	125861	63532	62329	126262	63282	62980
നെടുംകണ്ടം	150176	75086	75090	147661	73596	74065
ഇടുക്കി	129265	65090	64175	124516	62092	62424
കട്ടപ്പന	174302	87187	87115	178506	88714	89792
അഴുത	164316	82328	81988	149514	74405	75109
ഇളംദേശം	126682	63370	63312	128716	64054	64662
തൊടുപുഴ	76278	38413	37865	79430	39683	39747
തൊടുപുഴ (M)	46246	22851	23395	52045	25563	26482
ജില്ല ആകെ	**1129221**	**566682**	**562539**	**1108974**	**552808**	**556166**

ഉറവിടം- സെൻസസ് റിപ്പോർട്ട് 2001, 2011

ജില്ലയിലെ 8 ബ്ലോക്കുകളിലും 1991 വരെ ജനസംഖ്യ ക്രമാനുഗതമായി വർദ്ധിച്ചുവരികയും തുടർന്ന് ദേവികുളം, നെടുംകണ്ടം, ഇടുക്കി, അഴുത ബ്ലോക്കുകളിൽ ജനസംഖ്യയിൽ കുറവും അടിമാലി, ഇളംദേശം, കട്ടപ്പന, തൊടുപുഴ ബ്ലോക്കുകളിൽ ചെറിയ തോതിൽ വർദ്ധനവും ഉണ്ടായി.

ചിത്രം 1.3 : ജനസംഖ്യ പിരമിഡ്, ഇടുക്കി 2011



അവലംബം:-സെൻസസ് 2011

വ്യത്യസ്ഥ പ്രായത്തിലുള്ള ജനസംഖ്യാ ഗ്രൂപ്പുകളെ അതിന്റെ ആൺ-പെൺ തിരിച്ച് ഘടനാപരമായി പഠിക്കുവാൻ പിരമിഡ് ഉപകരിക്കുന്നു. ജനസംഖ്യാ പിരമിഡിൽമെച്ചപ്പെട്ടത് എന്ന് പൊതുവായി വിലയിരുത്തപ്പെടുന്നത് ചുവട് ഭാഗം വീതി കൂടിയതും മുകളിലേക്ക് വീതി കുറഞ്ഞ് വരുന്നതുമായ ഘടനയാണ്. ജനസംഖ്യയിൽ പ്രായമായവരുടെ അനുപാതം

കൂടിവരികയും കുട്ടികളുടെ അനുപാതം കുറഞ്ഞുവരികയും ചെയ്യുന്ന പ്രതിഭാസത്തെയാണ് ജനസംഖ്യയുടെ പ്രായമാകൽ എന്നു പറയുന്നത്.

ജനസംഖ്യ പിരമിഡിൽ 15 വയസ്സിൽ താഴെയുള്ള ഏജ് ഗ്രൂപ്പിലുള്ളവരുടെ എണ്ണം താഴേക്ക് കുറഞ്ഞുവരുന്നതായികാണാം. ഭാവിയിൽകുടുംബങ്ങളിൽ പ്രായം കൂടിയ ആളുകൾ കൂടിവരികയും കുട്ടികളായവർ കുറഞ്ഞുവരികയും ചെയ്യുന്നതിന്റെ ഒരു സൂചനയാണിത്. പിരമിഡ് പരിശോധിച്ചാൽ 30 വയസ്സിൽ താഴെയുള്ള ഏജ്ഗ്രൂപ്പിൽ സ്ത്രീകളുടെ എണ്ണം പുരുഷൻമാരുടെ എണ്ണത്തേക്കാൾ കുറയുന്നതായും ഉയർന്ന ഏജിലുള്ള വ്യത്യസ്ത ഏജ്ഗ്രൂപ്പിൽ സ്ത്രീകളുടെ എണ്ണം പുരുഷൻമാരുടേതിനേക്കാൾ കൂടുന്നതായും കാണാൻ സാധിക്കും. സ്ത്രീ-പുരുഷാനുപാതം 2001-ൽ 993 ആയിരുന്നത് 2011-ൽ 1006 ആയി ഉയർന്നു. എന്നാൽ കുട്ടികളിൽ ഇക്കാലയളവിൽ ഇത് 969-ൽ നിന്ന് 964 ആയി കുറഞ്ഞു. മേൽപറഞ്ഞ വസ്തുതകളും സ്ത്രീകളുടെ ഉയർന്ന ആയുർദൈർഘ്യവും കൂടി പരിഗണിച്ചാൽ ഭാവിയിൽ പ്രായമായ സ്ത്രീകൾ കുടുംബത്തിന്റെ ഉത്തരവാദിത്വം കൂടുതലായി ഏറ്റെടുക്കേണ്ട സാഹചര്യം ഉണ്ടാകും. ഇത് വൃദ്ധസദനങ്ങളുടെയും, പാലിയേറ്റീവ് കെയർ യൂണിറ്റുകളുടേയും ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു.

പട്ടിക 1.2 : <u>ജനസംഖ്യ നിയോജക മണ്ഡലങ്ങളുടെ അടിസ്ഥാനത്തിൽ (2011)</u>

നിയോജക മണ്ഡലം	കുടുംബങ്ങൾ	ജനസംഖ്യ			പട്ടിക ജാതി			പട്ടിക വർഗ്ഗം		
		ആകെ	പുരുഷൻമാർ	സ്ത്രീകൾ	ആകെ	പുരുഷൻമാർ	സ്ത്രീകൾ	ആകെ	പുരുഷൻമാർ	സ്ത്രീകൾ
തൊടുപുഴ	61110	248069	123278	124791	13333	6612	6721	11942	6034	5908
പീരുമേട്	53946	213297	106065	107232	45611	22698	22913	7999	3969	4030
ഉടുമ്പൻചോല	55045	212957	106200	106757	20456	10145	10311	28831	1447	1437
ദേവികുളം	52053	203115	101894	101221	54541	27224	27317	21027	10618	10409
ഇടുക്കി	57471	230789	114986	115803	11504	5697	5807	11963	5926	6037

ഉറവിടം: സെൻസസ് 2011

ഇടുക്കി ജില്ലയിൽ 5 അസംബ്ലി മണ്ഡലങ്ങളാണുള്ളത്.

1. **<u>തൊടുപുഴ നിയോജക മണ്ഡലം</u>** - ആലക്കോട് , കരിമണ്ണൂർ, കോടിക്കുളം, ഉടുമ്പന്നൂർ, വണ്ണപ്പുറം, വെള്ളിയാമറ്റം, ഇടവെട്ടി, കരിങ്കുന്നം, കുമാരമംഗലം, മണക്കാട്, മുട്ടം, പുറപ്പുഴ പഞ്ചായത്തുകളുംതൊടുപുഴ മുനിസിപ്പാലിറ്റിയും ചേർന്നതാണ്.
2. **<u>ഇടുക്കി നിയോജക മണ്ഡലം</u>** - കൊന്നത്തടി, കുടയത്തൂർ, അറക്കുളം, കഞ്ഞിക്കുഴി, കാമാക്ഷി, മരിയാപുരം, വാത്തിക്കുടി, വാഴത്തോപ്പ്, കാഞ്ചിയാർ പഞ്ചായത്തുകളുംകട്ടപ്പന മുനിസിപ്പാലിറ്റിയും ചേർന്നതാണ്.
3. **<u>ദേവികുളം നിയോജക മണ്ഡലം</u>** - അടിമാലി, ബൈസൺവാലി, പള്ളിവാസൽ, വെള്ളത്തൂവൽ, ചിന്നക്കനാൽ, ദേവികുളം, കാന്തല്ലൂർ, മാങ്കുളം, മറയൂർ, മൂന്നാർ, വട്ടവട, ഇടമലക്കുടി എന്നീ പഞ്ചായത്തുകൾ ചേർന്നതാണ്.
4. **<u>പീരുമേട് നിയോജക മണ്ഡലം</u>** - ഏലപ്പാറ, കൊക്കയാർ, കുമളി, പീരുമേട്. പെരുവന്താനം, വണ്ടിപ്പെരിയാർ, അയ്യപ്പൻകോവിൽ, ചക്കുപള്ളം, ഉപ്പുതറ, എന്നീ പഞ്ചായത്തുകൾ ചേർന്നതാണ്.

5. **<u>ഉടുമ്പൻചോല നിയോജക മണ്ഡലം</u>** - ശാന്തൻപാറ, കരുണാപുരം, നെടുംകണ്ടം, പാമ്പാടുംപാറ, രാജാക്കാട്, രാജകുമാരി, സേനാപതി, ഉടുമ്പൻചോല, ഇരട്ടയാർ, വണ്ടൻമേട് എന്നീ പഞ്ചായത്തുകൾ ചേർന്നതാണ്.

സ്ത്രീപുരുഷ അനുപാതം

ആയിരം പുരുഷന്മാർക്ക് സ്ത്രീകളുടെ എണ്ണം എന്നതാണ് ഇതിൽ നിന്നും ഉദ്ദേശിക്കുന്നത്. സ്ത്രീ പുരുഷ അനുപാതം ഏറ്റവും കൂടുതലുള്ള സംസ്ഥാനമാണ് കേരളം. കേരളത്തിൽ ഇത് കണ്ണൂരിൽ ഏറ്റവും കൂടുതലും ഇടുക്കിയിൽ ഏറ്റവും കുറവുമാണ്

ചിത്രം: 1.4 : സ്ത്രീപുരുഷ അനുപാതം



	1901	1911	1921	1931	1941	1951	1961	1971	1981	1991	2001	2011
India	972	964	955	950	945	946	941	930	934	926	933	943
Kerala	1004	1008	1011	1022	1027	1028	1022	1016	1032	1036	1058	1084
Idukki	839	842	850	834	875	909	914	937	963	975	993	1006

ഉറവിടം:-സെൻസസ് റിപ്പോർട്ടുകൾ

പട്ടിക 1.3 : **<u>സാക്ഷരത</u>**

വർഷം	സാക്ഷരതാ നിരക്ക്		
	ഇന്ത്യ	കേരളം	ഇടുക്കി
1991	52.21	89.81	86.98
2001	64.83	90.86	88.69
2011	74.04	93.91	92.2

ഉറവിടം:-സെൻസസ് റിപ്പോർട്ടുകൾ

സാക്ഷരതയുടെ കാര്യത്തിൽ ജില്ല 11-ാം സ്ഥാനത്താണ്. ബ്ലോക്കുകളിൽ സ്ത്രീകളും പുരുഷന്മാരും തമ്മിലുള്ള സാക്ഷരത വ്യത്യാസം പരിശോധിച്ചാൽ ഇത് ദേവികുളം, അഴുത ബ്ലോക്കുകളിൽ യഥാക്രമം 15.7% , 11.1% ആണെന്നുള്ളത് സാക്ഷരത പ്രവർത്തനത്തിൽ കൂടുതൽ ഊന്നൽ ഈ ബ്ലോക്കുകളിൽ സ്ത്രീകളുടെ ഇടയിൽ നൽകേണ്ടതിന്റെ ആവശ്യകത വെളിപ്പെടുത്തുന്നു.

തൊഴിൽ പങ്കാളിത്തം

തൊഴിൽ പങ്കാളിത്തം ഏറ്റവും കൂടുതൽ ഉള്ള ജില്ല ഇടുക്കിയാണന്നത് തികച്ചും അഭിമാനകരമായകാര്യമാണ്. കഴിഞ്ഞ10 വർഷത്തിനുള്ളിൽ 3.4 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.കേരളത്തിൽ 34.78 ശതമാനം ഉള്ളപ്പോൾ ഇടുക്കിയിൽ ഇത് 46.56 ശതമാനമാണ്.തൊഴിൽ പങ്കാളിത്തം ഏറ്റവും കൂടുതൽ വട്ടവട, ഉടുമ്പൻചോല, ശാന്തൻപാറ,

വാത്തിക്കുടി, ചിന്നക്കനാൽ പഞ്ചായത്തുകളിലും ഏറ്റവും കുറവ് തൊടുപുഴ മുൻസിപ്പാലിറ്റി, കുമാരമംഗലം, കരിങ്കുന്നം പഞ്ചായത്തുകളിലുമാണ്.

ചിത്രം. 1.5 : തൊഴിൽ പങ്കാളിത്തം



ഉറവിടം: -സെൻസസ് 2011

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗം

2011 സെൻസസ് പ്രകാരം ജില്ലയിൽ പട്ടികജാതി ജനസംഖ്യ 145486 ഉം ഇത് സംസ്ഥാനത്ത് പട്ടികജാതി ജനസംഖ്യയുടെ 4.8% ആണ്. പട്ടിക വർഗ്ഗ വിഭാഗക്കാർ 55,815 ഉം ഇത് സംസ്ഥാനത്തെ പട്ടിക വർഗ്ഗ ജനസംഖ്യയുടെ 11.5% ഉം ആണ്. പട്ടിക വർഗ്ഗ വിഭാഗക്കാരുടെ എണ്ണത്തിൽ ജില്ലയിലെ മൊത്തം ജനസംഖ്യയുടെ 13.1% പട്ടിക ജാതിക്കാരും 5% ആളുകൾ പട്ടിക വർഗ്ഗക്കാരുമാണ്. സംസ്ഥാനത്തെ ആദ്യത്തെ പട്ടികവർഗ്ഗ പഞ്ചായത്ത് ആയ ഇടമലക്കുടി ഈ ജില്ലയിലാണ് സ്ഥിതി ചെയ്യുന്നത്.

വിവിധ ഭാഷ സംസാരിക്കുന്നവരുടെ എണ്ണം

ഇടുക്കി ജില്ല തമിഴ്നാടിനോടാണ് കൂടുതൽ ഭാഗത്തും അതിർത്തി പങ്കിടുന്നത്. തോട്ടം മേഖലയിൽ തമിഴ് വിഭാഗത്തിന്റെ നല്ല സ്വാധീനം ഉണ്ട്.

ചിത്രം :1.6 : വിവിധ ഭാഷ സംസാരിക്കുന്നവർ



ഉറവിടം: -സെൻസസ് 2011

ജനസംഖ്യ സെൻസസിന്റെ അടിസ്ഥാനത്തിൽ മലയാളം 76% , തമിഴ് 20% , കന്നട, തെലുങ്ക് എന്നിവ യഥാക്രമം 2%, 2% വും ആണ്.

പട്ടിക: 1.4 : പ്രവാസി മലയാളികൾ

പ്രദേശം	പ്രവാസികളുള്ള വീടുകളുടെ എണ്ണം	ജോലിക്കാരുടെ എണ്ണം	ആകെ പ്രവാസി മലയാളികൾ
കേരളം	1161306	1426853	1625653
ഇടുക്കി	8154	10954	14575

ഉറവിടം:-സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

സംസ്ഥാന സമ്പദ്ഘടനയിൽ പ്രവാസി മലയാളികളുടെ സംഭാവന സ്തുത്യർഹമാണ്. എന്നാൽ ഇടുക്കി ജില്ലയിൽ മൊത്തം പ്രവാസികളുടെ 1% മാത്രമാണുള്ളത്. പശ്ചിമേഷ്യൻ രാജ്യങ്ങളിലാണ് ജില്ലയിൽ നിന്നും കൂടുതൽ പേര് ജോലി ചെയ്യുന്നത്.

പട്ടിക: 1.5 : വിവിധ രാജ്യങ്ങളിൽ ജോലിചെയ്യുന്നവരുടെ എണ്ണം

രാജ്യം	എണ്ണം	രാജ്യം	എണ്ണം
സൗദി അറേബ്യ	2689	യു.എസ്.എ	1740
യു.എ.ഇ	2530	യു.കെ	1746
കുവൈറ്റ്	1432	ഓസ്ട്രേലിയ	705
ഖത്തർ	714		

ഉറവിടം:-സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

തൊഴിൽ വിഭാഗമായി തിരിച്ചാൽ ജില്ലയിൽ നിന്നും 30% പേർ നഴ്സായി ജോലി ചെയ്യുന്നു. സംസ്ഥാന തലത്തിൽ മൊത്തം നഴ്സുമാർ 6% മാത്രമാണ്. വിദേശത്തു ജോലി ചെയ്യുന്ന സ്ത്രീകളുടെ സംസ്ഥാന ശരാശരി 6% മാത്രമാണെങ്കിലും ജില്ലയിൽ ഇത് 33 % ആണ്.

ഭൂപ്രകൃതി

മധ്യകേരളത്തിന്റെ കിഴക്കേ അതിരിലായി പശ്ചിമഘട്ട മലനിരകൾ ഉൾപ്പെട്ട ജില്ലയാണിത്. മലമടക്കുകളും കുന്നുകളും പർവ്വതങ്ങളും പാറക്കെട്ടുകളും താഴ്‌വരകളും നിറഞ്ഞ് വൈവിധ്യമാർന്ന ഭൂപ്രകൃതിയാൽ അനുഗ്രഹീതമായ ഒരു ജില്ലയാണ് ഇടുക്കി. വടക്ക് മഹാരാഷ്ടയിലെ താപ്തി നദിക്കര മുതൽ തെക്ക് താമ്രപർണ്ണി നദിയുടെ ഉത്ഭവ സ്ഥാനം വരെ 1440 കി.മീ. നീണ്ട് കിടക്കുന്ന ഇടുക്കി ജില്ല കൂടി ഉൾപ്പെടുന്ന സഹ്യാദ്രിയാണ് അതിശൈത്യമോ അത്യുഷ്ണമോ ഇല്ലാത്ത കാലാവസ്ഥ കേരളത്തിന് സമ്മാനിക്കുന്നത്. സഹ്യ പർവ്വതത്തിലെ ഏറ്റവും ഉയർന്ന ഭാഗം സ്ഥിതി ചെയ്യുന്നത് ഇടുക്കി ജില്ലയിലാണ്. സമുദ്രനിരപ്പിൽ നിന്നും രണ്ടായിരം മീറ്ററിൽ അധികം ഉയരമുള്ള 12 കൊടുമുടികൾ ഇവിടെയുണ്ട്. ആനമല, ഇരവിമല, താത്തുമല, ചെണ്ടവരൈ, കുമരിക്കൽ, കരിങ്കുളം, ദേവിമല, പെരുമല, ഗുണ്ടൂർമല, കാബൂലമല, ദേവികുളം, അഞ്ചുനാട്, എന്നിവയാണ് അവ. ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ കൊടുമുടിയായ ആനമുടി (2817 മീറ്റർ) ദേവികുളം താലൂക്കിലെ കണ്ണൻദേവൻ ഹിൽസ് വില്ലേജിലാണ് സ്ഥിതിചെയ്യുന്നത്. പെരിയാർ കടുവ സംരക്ഷണകേന്ദ്രത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും ഇടുക്കി ജില്ലയിലാണ്. ഭൂവിസ്തൃതിയുടെ പകുതിയോളം ഭാഗം വനമായിട്ടുള്ള ജില്ലയുടെ 90% മലനാട്ടിലും 10% ഇടനാട്ടിലും സ്ഥിതി ചെയ്യുന്നു. തൊടുപുഴ മുൻസിപ്പാലിറ്റിയും തൊടുപുഴ, ഇളംദേശം ബ്ലോക്കുകളുമാണ് ഇടനാടു പ്രദേശം.

കാലാവസ്ഥ

ഇടുക്കി ജില്ലയ്ക്ക് അതിന്റേതായ തനത് കാലാവസ്ഥയാണ് ഉള്ളത്. ഇടുക്കി ജില്ലയിലെ ശരാശരി താപനില 15 ഡിഗ്രിക്കും 32 ഡിഗ്രിക്കും ഇടയിലാണെങ്കിലും മൂന്നാർ പ്രദേശങ്ങളിൽ മഞ്ഞ് കാലത്ത് -2 ഡിഗ്രി സെൽഷ്യസ് വരെ താഴാറുണ്ട്. എങ്കിലും ജില്ലയിൽ പൊതുവെ സമശീതോഷ്ണകാലാവസ്ഥയാണ് അനുഭവപ്പെടുന്നത്. സംസ്ഥാന ശരാശരിയേക്കാൾ ഉയർന്ന തോതിൽ മഴ ലഭിക്കുന്ന ഇവിടെ പ്രതിവർഷം 4000 മീറ്റർവരെ മഴ ലഭിക്കുന്നുണ്ടെങ്കിലും മറയൂർ രാമക്കൽമേട് പ്രദേശങ്ങളിൽ ലഭിക്കുന്ന മഴയുടെ അളവ് പൊതുവെ വളരെ കുറവാണ്. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ലഭിക്കുന്ന കാലവർഷവും സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ ലഭിക്കുന്ന തുലാവർഷവുമാണ് പ്രധാന മഴ സീസണെങ്കിലും കഴിഞ്ഞ കുറെ വർഷങ്ങളായി തുലാവർഷം പൊതുവെ ദുർബലമാണ്. മിക്കവാറും വർഷങ്ങളിൽ കനത്ത മഴയിലും കാറ്റിലും ഉരുൾപ്പൊട്ടലിലും മണ്ണിടിച്ചിലിലും വൻനാശനഷ്ടങ്ങൾക്ക് ജില്ല സാക്ഷ്യം വഹിക്കാറുണ്ട്.

നദികൾ

ജില്ലയിലെ പ്രധാന നദികൾ പെരിയാറും പാമ്പാറുമാണ്. കൂടാതെ തൊടുപുഴയാർ, പെരിയാറിന്റെ പോഷക നദികളായ മുതിരപ്പുഴയാർ, പെരിഞ്ചാംക്കുട്ടിയാർ എന്നിവയും ജില്ലയിലെ പ്രധാന ആറുകളാണ്. ഇവകൂടാതെ മീനച്ചിലാർ, മണിമലയാർ, മൂവാറ്റുപുഴയാർ എന്നിവ ഉത്ഭവിക്കുന്നത് ഇടുക്കി ജില്ലയിൽ നിന്നാണ്. ഇതിൽ പാമ്പാർ കിഴക്കോട്ട് ഒഴുകി കാവേരി നദിയിൽ ചേരുന്നു. പെരിയാർ വന്യജീവി സംരക്ഷണ കേന്ദ്രത്തിലെ ചൊക്കംപെട്ടി മലയിൽ നിന്ന് ഉത്ഭവിക്കുന്ന പെരിയാർ കേരള സംസ്ഥാനത്തെ ഏറ്റവും വലിയ നദിയാണ്.

ഗതാഗത ബന്ധം

ഇടുക്കി ജില്ലയിൽ കൂടി ആകെ 4 (നാല്) ദേശീയപാതകൾ കടന്നുപോകുന്നു. (1) മുണ്ടക്കയം- കുമളി (കൊല്ലം-തേനി ദേശീയപാത എൻ.എച്ച് 183) ആകെ നീളം 55.98 കി.മീ. (2) നേര്യമംഗലം- ബോഡിമെട്ട് (കൊച്ചി- ധനുഷ്കോടി എൻ.എച്ച് 85) ആകെ നീളം 100.98 കി.മീ. (3) അടിമാലി- കുമളി എൻ.എച്ച് 185- ആകെ നീളം 82 കി.മീ. (4) വണ്ടിപെരിയാർ- ഗവി എൻ.എച്ച് 83 -ആകെ നീളം 20 കി.മീ. കൂടാതെ ജില്ലയിൽ 13 സംസ്ഥാന പാതകളുമുണ്ട്.

ജില്ലയിലെ പ്രധാന സംസ്ഥാന പാതകൾ പുനലൂർ- മൂവാറ്റുപുഴ, തൊടുപുഴ- പുളിയൻമല എന്നിവയാണ്.

റയിൽ യാത്രാ സൗകര്യം സമീപ ജില്ലയായ കോട്ടയം, എറണാകുളം, എന്നീ ജ ജില്ലകളിൽ മാത്രമേ ഉള്ളൂ. ഇടുക്കിയിൽ നിന്ന് ട്രെയിൻ യാത്ര ചെയ്യുന്നതിനായി കോട്ടയം, എറണാകുളം, ആലുവ എന്നീ സ്ഥലങ്ങളിലേയ്ക്ക് പോകണം. ജില്ലാ ആസ്ഥാനത്തുനിന്ന് യഥാക്രമം 120 കി.മീ., 135 കി.മീ, 110 കി.മീ ദൂരത്താണ്. ഇതുകൂടാതെ ജില്ലയുടെ അയൽ സംസ്ഥാനമായ തമിഴ്നാട്ടിലെ തേനി- ഉദുമൽപ്പെട്ട് എന്നീ സ്ഥലങ്ങളിൽ നിന്നും ട്രെയിൻ യാത്ര സൗകര്യം ലഭ്യമാണ്.ഇടുക്കിയിൽ നിന്ന് തേനിയിലേക്ക് ഏകദേശം 95 കി.മീ. അകലെയാണ് റെയിൽവേ സ്റ്റേഷൻ ഉള്ളത്. മൂന്നാർ മേഖലയിലുള്ളവർക്ക് തിരുവനന്തപുരം പാലക്കാട് എന്നിവിടങ്ങളിൽ പോകുന്നതിന് ഉദുമൽപേട്ടയിലേക്ക് ഏകദേശം 105 കി.മീ. റോഡുമാർഗ്ഗം സഞ്ചരിച്ചാൽ റയിൽയാത്ര സൗകര്യവും ലഭിക്കും. 125 കി.മീ. എറണാകുളം ജില്ലയിലെ കൊച്ചിയിലാണ് നാവികയാത്ര സൗകര്യമുള്ളത് (കൊച്ചിൻ പോർട്ട്). അപ്രകാരം 103 കി.മീ. അകലെ കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് സ്ഥിതിചെയ്യുന്നു. കൂടാതെ സമീപ സംസ്ഥാനമായ തമിഴ് നാട്ടിലെ മധുരയിലാണ് മറ്റൊരു എയർപോർട്ട് ഉള്ളത്. മധുരയിലേയ്ക്ക് ഇടുക്കിയിൽ നിന്ന് 170 കി.മീ. ദൂരമാണ് ഉള്ളത്.

ചിത്രം 1.7 ജില്ലയിലെ ഗതാഗത ബന്ധം

ഭാഗം മൂന്ന്

അനുബന്ധം :1.1 അടിസ്ഥാന സ്ഥിതി വിവരകണക്ക് 2017 ഇടുക്കി, കേരളം

അടിസ്ഥാന വിവരങ്ങൾ	കേരളം	ഇടുക്കി	ഇടുക്കി (10 വർഷം മുമ്പ്)
നിലവിൽ വന്ന തീയതി	01/11/1956	26/01/1972	
A. സെൻസസ് 2011	കേരളം 2011	ഇടുക്കി 2011	ഇടുക്കി 2001
ഭൂവിസ്തൃതി	38,852 ച.കി.മി	4,358 ച.കി.മി	4,358 ച.കി.മി
സ്ഥാനം	അ: $8^0 04'$ & $12^0 44'$ രേ: $74^0 54'$ & $77^0 12'$	അ: $9^0 15'$ & $10^0 2'$ രേ: $76^0 37'$ & $77^0 25'$	അ: $9^0 15'$ & $10^0 2'$ രേ: $76^0 37'$ & $77^0 25'$
ആകെ ജനസംഖ്യ പുരുഷൻ സ്ത്രീ	3,34,06,061 1,60,27,412 1,73,78,649	11,08,974 5,52,808 5,56,166	11,29,221 5,66,682 5,62,539
ദശവർഷ വളർച്ചാ നിരക്ക്	4.91%	-1.79%	6%
ജില്ലാ ജനസംഖ്യാ വിഹിതം	*	3.30%	3.54%
കുടുംബങ്ങളുടെ എണ്ണം	78,35,517	2,79,812	2,64,597
സ്ത്രീ പുരുഷ അനുപാതം	1084	1006	993
ദശവർഷ സ്ത്രീ പുരുഷാ അനുപാത മാറ്റം	26	13	18
ബാല ആൺ-പെൺ അനുപാതം	964	964	969

ദശവർഷത്തെ ബാല ആൺ-പെൺ അനുപാത വ്യതിയാനം	4	-5	
സാക്ഷരതാ നിരക്ക്	94	92	88.7
ദശവർഷ സാക്ഷരത നിരക്ക് വ്യതിയാനം	3.1	3.3	1.97
പട്ടികജാതി ജനസംഖ്യ	30,39,573	1,45,486	1,59,362
പട്ടികജാതി ജനസംഖ്യ (ശതമാനം)	9.1%	13.1%	14.1%
ആകെ പട്ടിക ജാതി ജനസംഖ്യയിൽ ജില്ലാ വിഹിതം	*	4.8%	5.1%
പട്ടിക വർഗ്ഗ ജനസംഖ്യ	4,84,839	55,815	50,973
പട്ടിക വർഗ്ഗ ജനസംഖ്യ (ശതമാനം)	1.5%	5.0%	4.5%
ആകെ പട്ടിക വർഗ്ഗ ജനസംഖ്യയിൽ ജില്ലാ വിഹിതം	*	11.5%	14%
ജനസാന്ദ്രത (ഒരു ച.കി.മീ)	860	255	259
ദശവർഷ ജന സാന്ദ്രത മാറ്റം	41	-4	17
തൊഴിൽ പങ്കാളിത്ത നിരക്ക്	34.78%	46.56%	43.16%
തൊഴിൽ പങ്കാളിത്ത നിരക്ക് (പുരുഷൻ)	52.73%	60%	58.11%
തൊഴിൽ പങ്കാളിത്ത നിരക്ക് (സ്ത്രീ)	18.23 %	33.20%	28.10%
B.ഭരണ വ്യവസ്ഥ	**കേരളം 2017**	**ഇടുക്കി 2017**	**ഇടുക്കി 2006**
പാർലമെന്റ് നിയോജക മണ്ഡലങ്ങൾ	**20**	**1**	**1**
അസംബ്ലി നിയോജക മണ്ഡലങ്ങൾ	**140**	**5**	**5**
റവന്യു ഡിവിഷനുകൾ	**21**	**2**	**2**
താലൂക്കുകൾ	**75**	**5**	**4**
വില്ലേജുകൾ	**1572**	**64**	**64**
ജില്ലാ പഞ്ചായത്തുകൾ	**14**	**1**	**1**
ആകെ ജില്ലാ പഞ്ചായത്തു വാർഡുകൾ	**331**	**16**	**16**
ബ്ലോക്കുകൾ	**152**	**8**	**8**
ആകെ ബ്ലോക്കു പഞ്ചായത്ത് വാർഡുകൾ	**2079**	**104**	**96**
മുൻസിപ്പാലിറ്റികൾ	**87**	**2**	**1**
ആകെ മുൻസിപ്പാലിറ്റി വാർഡുകൾ	**3122**	**69**	**32**
പഞ്ചായത്തുകൾ	**941**	**52**	**52**
ആകെ പഞ്ചായത്തു വാർഡുകൾ	**15962**	**792**	**750**
C.ബാങ്കുകൾ	**കേരളം 2016**	**ഇടുക്കി 2016**	**ഇടുക്കി 2006**
ഷെഡ്യൂൾഡ്, വാണിജ്യ ബാങ്കുകൾ	**6166**	**173**	**101**
ഷെഡ്യൂൾഡ്,	**61.84**	**121.09**	**126.7**

വാണിജ്യബാങ്കുകളുടെ വായ്പാ നിക്ഷേപ അനുപാതം			
D.വിദ്യാഭ്യാസം	**കേരളം 2016**	**ഇടുക്കി 2016**	**ഇടുക്കി 2006**
ഹൈസ്കൂളുകൾ (Stage-wise)	**3021**	**163**	**140**
സർക്കാർ സ്കൂളുകൾ	**1162**	**80**	**56**
പ്രൈവറ്റ് എയ്ഡഡ് സ്കൂളുകൾ	**1406**	**70**	**73**
സ്വകാര്യ അൺഎയ്ഡഡ് സ്കൂളുകൾ	**453**	**13**	**13**
അപ്പർ പ്രൈമറി സ്കൂളുകൾ (Stage-wise)	**2979**	**90**	**107**
സർക്കാർ സ്കൂളുകൾ	**865**	**25**	**40**
പ്രൈവറ്റ് എയ്ഡഡ് സ്കൂളുകൾ	**1848**	**60**	**63**
സ്വകാര്യ അൺഎയ്ഡഡ് സ്കൂളുകൾ	**266**	**5**	**4**
ലോവർ പ്രൈമറി സ്കൂളുകൾ (Stage-wise)	**6882**	**236**	**231**
സർക്കാർ സ്കൂളുകൾ	**2592**	**94**	**85**
പ്രൈവറ്റ് എയ്ഡഡ് സ്കൂളുകൾ	**3886**	**125**	**136**
സ്വകാര്യ അൺ എയ്ഡഡ് സ്കൂളുകൾ	**404**	**17**	**10**
സ്കൂളുകളുടെ ആകെ എണ്ണം(Stage-wise)	**12882**	**489**	**478**
ഗവൺമെന്റ്	**4619**	**199**	**181**
പ്രൈവറ്റ് എയ്ഡഡ്	**7140**	**255**	**272**
പ്രൈവറ്റ് അൺഎയ്ഡഡ്	**1123**	**35**	**25**
കുട്ടികളുടെ എണ്ണം (1-X)2016-17	**37,02,820**	**1,08,449**	**1,38,227**
എൽ.പി.തലം	**12,64,303**	**36,053**	**54,008**
യു.പി.തലം	**11,13,227**	**31,024**	**43,580**
ഹൈസ്കൂൾ തലം	**13,25,240**	**37,772**	**40639**
സി.ബി.എസ്സ്.ഇ. സ്കൂളുകൾ 2016	**1210**	**49**	**18**
ഐ.സി.എസ്.ഇ.സ്കൂളുകൾ 2016	**148**	**4**	**4**
കേന്ദ്രീയ വിദ്യാലയങ്ങൾ	**36**	**1**	**0**
ജവഹർ നവോദയ	**14**	**1**	**1**
ഹയർ സെക്കണ്ടറി സ്കൂളുകൾ	**2073**	**80**	**65**
ഗവൺമെന്റ്	**833**	**36**	**24**
പ്രൈവറ്റ് എയ്ഡഡ്	**854**	**32**	**26**
പ്രൈവറ്റ് അൺഎയ്ഡഡ്	**386**	**13**	**15**
ഹയർ സെക്കണ്ടറി ബാച്ചുകൾ	**7243**	**242**	**153**
സയൻസ്	**3731**	**127**	**86**
കൊമേഴ്സ്	**1400**	**42**	**32**
ഹ്യുമാനിറ്റീസ്	**2117**	**73**	**35**
കുട്ടികളുടെ എണ്ണം(എച്ച്.എസ്സ്.എസ്സ്.)	**3,83,582**	**11,984**	**9950**
ഗവൺമെന്റ്	**1,63,967**	**4,421**	**3670**
പ്രൈവറ്റ് എയ്ഡഡ്	**1,88,340**	**6,801**	**5646**

പ്രൈവറ്റ് അൺ എയ്ഡഡ്	31,275	762	634
വൊക്കേഷണൽ ഹയർ സെക്കണ്ടറി 2016-17	389	16	16
ഗവൺമെന്റ്	261	11	11
പ്രൈവറ്റ് എയ്ഡഡ്	128	5	5
വി.എച്ച്.എസ്.എസ്. കോഴ്സുകൾ 2016-17	1100	46	46
ഗവൺമെന്റ്	706	31	31
പ്രൈവറ്റ് എയ്ഡഡ്	394	15	15
ലാഭകരമല്ലാത്ത സ്കൂളുകളുടെ എണ്ണം	5715	259	66
ഗവൺമെന്റ്	2606	148	*
പ്രൈവറ്റ് എയ്ഡഡ്	3109	111	*
ഉന്നത വിദ്യാഭ്യാസം	കേരളം 2016	ഇടുക്കി 2016	ഇടുക്കി 2006
ആർട്ടസ് ആന്റ് സയൻസ് കോളേജുകൾ. (കൊളീജിയേറ്റ് എഡ്യൂക്കേഷൻ കീഴിൽ)	213	33	8
ഗവൺമെന്റ്	60	2	2
പ്രൈവറ്റ് എയ്ഡഡ്	153	7	6
എഞ്ചിനീയറിംഗ് കോളേജുകൾ	183	4	4
ഗവൺമെന്റ്	9	1	1
പ്രൈവറ്റ് എയ്ഡഡ്	3	0	0
പ്രൈവറ്റ് അൺ എയ്ഡഡ്	171	5	3
എഞ്ചിനീയറിംഗ് കോളേജുകൾക്ക് സീറ്റുകൾ	60376	1660	1080
ഗവൺമെന്റ്	3283	300	240
പ്രൈവറ്റ് എയ്ഡഡ്	1850	0	0
പ്രൈവറ്റ് അൺ എയ്ഡഡ്	55243	1360	840
E.ആരോഗ്യം-(ബെഡുകൾ ബ്രാക്കറ്റിൽ)	കേരളം 2016	ഇടുക്കി 2016	ഇടുക്കി 2009
ജനറൽ ആശുപത്രികൾ	18(6920)	0	0
ജില്ലാ ആശുപത്രികൾ	18(5157)	2(274)	1(130)
പ്രൈമറി ഹെൽത്ത് സെന്ററുകൾ	681(2138)	31(122)	40(466)
കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ	234(6612)	13(282)	14(302)
സ്പെഷ്യാലിറ്റി	21(5652)	0(0)	0(0)
റ്റി.ബി. ക്ലിനിക്കുകൾ	17(116)	1(0)	1(0)
താലൂക്ക് ആശുപത്രികൾ	79(8364)	4(254)	4(527)
പി.എച്ച്.സി(24 X7)	168(3195)	11(164)	
ആകെ സ്ഥാപനങ്ങൾ (ആരോഗ്യ വകുപ്പിന് കീഴിൽ)	1280(38302)	64(1096)	62(1425)
ആരോഗ്യവകുപ്പിന് കീഴിലെ സ്ഥാപനങ്ങളിലെ ആകെ ഐ.പി/ഒ.പി.രോഗികളുടെ എണ്ണം 2015-16	10,67,38,751	42,71,483	20,10,727
ഐ.പി. രോഗികളുടെ എണ്ണം	33,18,976	1,51,822	39,841

ഒ.പി. രോഗികളുടെ എണ്ണം	10,34,19,775	41,19,661	19,70,986
മെഡിക്കൽ/മെഡിക്കൽ സ്റ്റാഫുകൾ	**കേരളം 2016**	**ഇടുക്കി 2016**	**ഇടുക്കി 2009**
മെഡിക്കൽ ഓഫീസർ	5335	198	138
ദന്തരോഗഡോക്ടർ	83	4	4
നഴ്സുമാർ	8098	222	201
വനിത ഹെൽത്ത് ഇൻസ്പെക്ടർ	1107	59	59
ഫാർമസിസ്റ്റ്	1599	65	65
എൻ.എം.എസ്/ജെ.പി.എച്ച്.എൻ	6224	315	315
ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ	3638	227	223
ഹെൽത്ത് ഇൻസ്പെക്ടർ	893	55	53
ആയുർവ്വേദ ഹോസ്പിറ്റലുകൾ	**കേരളം 2016**	**ഇടുക്കി 2016**	**ഇടുക്കി 2009**
ആയുർവ്വേദ ഹോസ്പിറ്റലുകൾ	127(3,064)	3(180)	3(160)
ആകെ രോഗികൾ	47,59,108	73,083	82633
ഐ.പി. രോഗികളുടെ എണ്ണം	85,085	2,313	2,056
ഒ.പി.രോഗികളുടെ എണ്ണം	46,74,023	70,770	80,577
ഡിസ്പെൻസറികൾ	816	45	37
ഒ.പി. രോഗികളുടെ എണ്ണം	1,32,09,054	5,83,737	*
ഡോക്ടർമാർ	1138	61	61
ഹോമിയോ ഹോസ്പിറ്റലുകൾ (ബെഡുകൾ)	**കേരളം 2016**	**ഇടുക്കി 2016**	**ഇടുക്കി 2009**
ഹോമിയോ ഹോസ്പിറ്റലുകൾ (ബെഡുകൾ)	34(955)	2(50)	2(50)
ഹോമിയോ ഡിസ്പെൻസറികൾ	659	38	33
രോഗികളുടെ എണ്ണം	2,79,19,136	10,94,341	784035
ഐ.പി.രോഗികളുടെ എണ്ണം	41,966	7,324	618
ഒ.പി. രോഗികളുടെ എണ്ണം	2,78,77,170	10,87,017	818306
ഡോക്ടർമാർ	778	45	38
സ്വകാര്യ മെഡിക്കൽ ലാബോറട്ടറീസ് 2014	4168	102	*
F.ക്ഷേമപദ്ധതികൾ.	**കേരളം 2016**	**ഇടുക്കി 2016**	**ഇടുക്കി 2013**
സാമൂഹിക നീതി വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾ	82070	3882	3311
പഞ്ചായത്ത് നടപ്പാക്കുന്ന പ്രധാന പെൻഷൻ , പദ്ധതികളുടെ ആകെ ഗുണഭോക്താക്കൾ	33,99,128	1,04,715	*
വികലാംഗ പെൻഷൻ ഗുണഭോക്താക്കൾ	3,26,249	9,512	8438
വിധവാ പെൻഷൻ ഗുണഭോക്താക്കൾ	11,19,265	29,750	18942
ദേശീയ വാർധക്യ പെൻഷൻ ഗുണഭോക്താക്കൾ	13,76,637	53,025	12889
അവിവാഹിത പെൻഷൻ	71,076	721	379

കർഷക തൊഴിലാളി പെൻഷൻ	5,05,901	11,707	*
ദരിദ്ര ഗ്രാമീണ കുടുംബങ്ങളുടെ ശതമാനം (എസ്.ഇ.ഡി.സി. 2011)	30.33	33.99	*
പട്ടിക ജാതി (എസ്.ഇ.ഡി.സി. 2011)	57.66	50.65	*
പട്ടിക വർഗ്ഗ (എസ്.ഇ.ഡി.സി 2011	61.68	53.76	*
വനിതാ കമ്മീഷന് ലഭിച്ച ആകെ പരാതികൾ	6377	283	259
ജില്ലയിലെ ജയിൽ തടവുകാർ (വനിത)	7770(213)	97(0)	77(0)
റോഡ് അപകടങ്ങൾ	39137	1153	968
അംഗനവാടികളുടെ എണ്ണം	30611	1561	
പോസ്റ്റ് ഓഫീസുകളുടെ എണ്ണം	5066	258	258
ടെലിഫോൺ എക്സചേയിഞ്ച്	1321	79	
പ്രവാസി മലയാളി ജോലിക്കാരുടെ എണ്ണം 2014	14,24,859	10,959	
G.കൃഷി	കേരളം 2017	ഇടുക്കി 2017	ഇടുക്കി 11-12
നെൽകൃഷി വിസ്തൃതി 2016-17 (ഹെക്ടർ)	171398	695	1264
നെല്ല് ഉല്പാദനം(ടൺ)	436483	1631	3134
ഉൽപാദന നിരക്ക് (കിലോ ഗ്രാം/ ഹെക്ടർ	2547	2347	2479
കുരുമുളക് വിസ്തൃതി 2016-17(ഹെക്ടർ)	85207	43790	44010
ഏലം വസിതൃതി 2016-17 (ഹെക്ടർ)	39080	31165	33076
തെയില വിസ്തൃതി 2016-17(ഹെക്ടർ)	30205	21970	24705
കാപ്പി വിസ്തൃതി 2016-17 (ഹെക്ടർ)	84976	12717	13060
റബ്ബർ വിസ്തൃതി 2016-17 (ഹെക്ടർ	551050	40590	40030
പൈനാപ്പിൾ വിസ്തൃതി 2016-17(ഹെക്ടർ)	8045	1190	858
കാലവർഷത്തിന് മുമ്പ് ലഭ്യമായ മഴ 2016 (മി.മീ) (സാധാരണ മഴ)	313 (379.9)	358(426.6)	
തെക്ക് പടിഞ്ഞാറൻ കാലവർഷത്തിൽ ലഭ്യമായ മഴ 2016 (മി.മീ) (സാധാരണമഴ)	1352.3 (2037.7)	1569.5(2276.2)	2409.7(2584.5)
വടക്ക് കിഴക്കൻ കാലവർഷത്തിൽ ലഭ്യമായമഴ 2016 (മി.മീ) (സാധാരണ മഴ)	185 (480.7)	174 (564.2)	665.5(637.5)
H.ജനനമരണ നിരക്ക് 2015	**കേരളം**	**ഇടുക്കി**	**ഇടുക്കി 2006**
മരണ നിരക്ക്	7.4	6	4.89
ജനന നിരക്ക്	15.13	11.9	13.9
ശിശു മരണ നിരക്ക്	5.91	2.3	3
ചാപിള്ള ജനനം/സ്റ്റിൽ ബർത്ത്	4.75	3.28	2.39

മാതൃ മരണം	0.17	0.46	*
I. സംയോജിത ആഭ്യന്തര ഉൽപാദനം 216-17 അടിസ്ഥാന വർഷം 2011 -12(സ്ഥിര വില)	**കേരളം**	**ഇടുക്കി**	**ഇടുക്കി (11-12)**
സംയോജിത ആഭ്യന്തര ഉൽപാദനം 2016-17 (Q) ലക്ഷത്തിൽ	42458889	1485762	1269744
കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും	4494128 (10.6%)	434168(29.2%)	452390(35.6%)
1.1 വിളകൾ	2363463(5.6%)	294147(19.8%)	344890(27.1%)
1.2 കന്നുകാലി സമ്പത്ത്	1309801(3.1%)	61550(4.1%)	92393(7.3%)
1.3 വനവും വനസമ്പത്തും	415719(1%)	75873(5.1%)	13624(1.1%)
1.4 മീൻപിടുത്തം	405145(1%)	2598(.2%)	1483(0.1%)
2 ഖനനവും കൽപ്പണിയും	290496(0.7%)	7519(0.5%)	9980(0.8%)
A ആകെ പ്രാഥമിക മേഖല	4784624(11.2%)	441687(29.7%)	462370(36.4%)
3. ഉൽപ്പന്ന നിർമ്മാണം	4316653(10.2%)	94723(6.4%)	84540(6.7%)
4. വൈദ്യുതി, ഗ്യാസ്, ജലവിതരണം, മറ്റുള്ളവ	493946(1.2%)	17892(1.2%)	16329(1.3%)
5. നിർമ്മാണം	6056143 (14.3%)	166110(11.2%)	137848(10.9%)
B. ദ്വിതീയ മേഖല ആകെ	10866742 (25.6%)	278726(18.8%)	238718(18.8%)
6. വ്യാപാരം, ഹോട്ടൽ & റസ്റ്റോറന്റ്	7246495 (17.1%)	213674 (14.4%)	161066(12.7%)
7. ഗതാഗതം, സംഭരണം, വാർത്താവിനിമയം	3964021(9.3%)	128057(8.6%)	100025(7.9%)
8. ധനകാര്യ സേവനങ്ങൾ	2158810(5.1%)	97730(6.6%)	59573(4.7%)
9. റിയൽ എസ്റ്റേറ്റ് ഉടമസ്ഥത, നിയമപരമായ ക്രയവിക്രയം	6910579(16.3%)	44628(3%)	41404(3.3%)
10. പൊതുഭരണം	1588091(3.7%)	97197(6.5%)	56829(4.5%)
11. ഇതര സേവനങ്ങൾ	4939527 (11.6%)	194063(13.1%)	149760(11.8%)
C. തൃതീയ മേഖല ആകെ	26807523 (63.1%)	765349(52.2%)	568657(44.8%)
പ്രതി ശീർഷ വരുമാനം-2016-17(Q) (രൂപയിൽ)	123707	135316	114618
J. ടൂറിസം-2016	**കേരളം 2016**	**ഇടുക്കി 2016**	**ഇടുക്കി 2006**
2016 ലെ വിദേശികളായ ടൂറിസ്റ്റുകൾ	1038419	50366	39378
2016 ലെ സ്വദേശികളായ ടൂറിസ്റ്റുകൾ	13172535	752478	473772
ഹോട്ടലുകൾ (ലോഡ്ജിംഗ് & അക്കോമഡേഷൻ)	4762	749	*

റെസ്റ്റോറന്റുകൾ	36507	1694	*
ലഘുഭക്ഷണശാലകൾ	16461	252	*
തട്ടുകടകൾ	11033	142	*
K.മൃഗസംരക്ഷണം-2012	**കേരളം 2012**	**ഇടുക്കി 2012**	**ഇടുക്കി 2007**
കന്നുകാലികൾ	1328627	90074	157601
എരുമ/പോത്ത്	102269	5690	2713
പന്നികൾ	55782	11696	18040
ആടുകൾ	1246077	98503	140723
നായ്ക്കൾ	923359	61047	72297
തെരുവ് നായ്ക്കൾ	268994	5827	*
മുയലുകൾ	230550	39697	37491
L. മത്സ്യ ബന്ധനം	**കേരളം 2016**	**ഇടുക്കി 2016**	**ഇടുക്കി 2006**
ഉൾനാടൻ മത്സ്യ തൊഴിലാളികൾ	235472	706	843
മത്സ്യ ഉല്പാദനം- ഉൾനാടൻ (ലക്ഷം ടൺ)	2.11	0.03	*
സമുദ്ര മത്സ്യ ഉല്പാദനം - (ലക്ഷം ടൺ)	5.17	0	*
എം.എസ്.എം.ഇ.യൂണിറ്റ്സ് (15-16)	7705	187	*
തൊഴിൽ സംഘടിത മേഖല (സ്ത്രീകൾ ബ്രാക്കറ്റിൽ)	**കേരളം 2016**	**ഇടുക്കി 2016**	**ഇടുക്കി 2006**
പൊതുമേഖല ജോലിക്കാരുടെ എണ്ണം	574957(186865)	12796(3318)	14952(4066)
കേന്ദ്രസർക്കാർ	58259(13985)	334(140)	1016(312)
സംസ്ഥാന സർക്കാർ	265371(104877)	8247(2490)	7853(1798)
കേന്ദ്ര അർദ്ധ സർക്കാർ	88746(24375)	779(176)	1042(242)
സംസ്ഥാന അർദ്ധ സർക്കാർ	135912(34557)	2649(363)	4331(1545)
തദ്ദേശ സ്വയം ഭരണ സ്ഥാപനം	26669(9071)	787(149)	710(169)
സ്വകാര്യ മേഖല (സംഘടിത)	610000	37000	43989
എപ്ലോയിമെന്റ് എക്സചേഞ്ചിലെ മൊത്തം തൊഴിൽ അന്വേഷകരുടെ എണ്ണം(30.9.2016)	3523232(2192032)	110016(64245)	135067(77866)
പൊതു തൊഴിൽ അന്വേഷകർ	3267058(2072540)	106568(63107)	131333
സാങ്കേതിക തൊഴിൽ അന്വേഷകർ	256174(119492)	3448(1138)	3734
M..റോഡുകൾ-2016	**കേരളം**	**ഇടുക്കി**	**ഇടുക്കി 2006**
പി .ഡബ്ല്യു.ഡി.യുടെ കീഴിൽവരുന്ന സംസ്ഥാന പാതകളുടെ നിളം(കി.മീ)	4342	998	964
പി. ഡബ്ല്യൂ.ഡി.യുടെ കീഴിൽ വരുന്ന പ്രധാന ജില്ലാ റോഡുകളുടെ നീളം (കി.മീ)	27470	1869	1530
N. കര ഗതാഗതം	**കേരളം 2016**	**ഇടുക്കി 2016**	**ഇടുക്കി 2006**
വാഹനങ്ങളുടെ എണ്ണം	10171813	199433	53635
ചരക്ക് വാഹനങ്ങൾ	556795	14752	4619
ബസുകൾ	106758	2863	1332

കാറുകളും ജീപ്പുകളും	2070635	46588	12623
ടാക്സികൾ	107567	3529	3328
മുച്ചക്ര വാഹനങ്ങൾ	610235	21593	6918
ഇരുചക്ര വാഹനങ്ങൾ	64472302	102198	23149
മറ്റുള്ളവ	232609	7478	666
മോട്ടോർ വാഹന സൂചിക 2015- 16 (അടിസ്ഥാന വർഷം 2002=100)	*	552	148
വാഹന അപകടങ്ങളുടെ എണ്ണം 2015-16	60949	4265	1164
കെ.എസ്.ആർ.ടി.സി ബസുകളുടെ എണ്ണം 2015-16	5677	246	165
O. കുടുംബശ്രീ 2017	**കേരളം 2017**	**ഇടുക്കി 2017**	**ഇടുക്കി 2010**
അക്ഷയ	2628	121	
അയൽകൂട്ടങ്ങൾ	258035	20745	10840
എ.ഡി.എസ്.	19230	1427	
സി.ഡി.എസ്	1071	54	
അയൽ കൂട്ടങ്ങളിലെ കുടുംബങ്ങളുടെ എണ്ണം	3987023	286305	175285
ബാലസഭകളുടെ എണ്ണം	53792	3476	2277
ബാലസഭയിലെ കുട്ടികളുടെ എണ്ണം	821102	37272	38756
P. വ്യവസായം	**കേരളം 2015-16**	**ഇടുക്കി 15-16**	**ഇടുക്കി 2010**
പ്രവർത്തനക്ഷമമായിട്ടുള്ള എം.എസ്.എം.ഇ/എസ്.എസ്.ഐ യൂണിറ്റുകൾ	257466	5613	7700
പ്രവർത്തനക്ഷമമായിട്ടുള്ള എം.എസ്.എം.ഇ/എസ്.എസ്.ഐ	64293	2281	2491
വനിത യൂണിറ്റുകൾ			
എം.എസ്.എം.ഇ/എസ്.എസ്.ഐ. യൂണിറ്റുകൾ ലഭ്യമാക്കിയ തൊഴിലവസരങ്ങൾ	1318666	31567	27550
പ്രവർത്തനക്ഷമമായ വ്യവസായ സഹകരണ സംഘങ്ങൾ	408	7	6
മൈനിംഗ് & ജിയോളജി വകുപ്പ് കളക്ട് ചെയ്ത റോയല്റ്റി (ലക്ഷം)	13969.45	323.18	

Source: Economic Review, Census Handbook, agricultural Statistics etc

അദ്ധ്യായം-2:

വിഭവ ലഭ്യത

1. മനുഷ്യ വിഭവങ്ങൾ

ഏതൊരു സ്ഥാപനത്തിന്റെയോ വാണിജ്യ മേഖലയുടെയോ സാമ്പത്തിക മേഖലയുടെയോ തൊഴിൽ ശക്തിയായി പ്രവർത്തിക്കുന്ന ആളുകളെയാണല്ലോ മനുഷ്യ വിഭവം എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്. വിഭവ ലഭ്യതകൊണ്ടും ലഭ്യമായ വിഭവങ്ങളുടെ വിനിയോഗം കൊണ്ടും വ്യക്തിയിലും അതിനനുസൃതമായി സമൂഹത്തിലും രൂപപ്പെടുന്ന വളർച്ചയിലേക്കുള്ള മാറ്റത്തെയാണ് വികസനം എന്ന വാക്കുകൊണ്ട് വിവക്ഷിക്കുന്നത്. വികസനത്തിന്റെ ആദ്യ കണ്ണി മനുഷ്യ വിഭവ ശേഷി തന്നെയാണ് അവന്റെ ജീവിതത്തിൽ ഉണ്ടാകുന്ന സാമൂഹ്യവും സാംസ്കാരികവുമായ വളർച്ചയാണ് വികസനം. ഇങ്ങനെയുള്ള വികസനത്തിന് ആദ്യകാലങ്ങളിൽ സഹായകരമായത് പ്രകൃതി വിഭവങ്ങളും അവന്റെ കായിക അധ്വാനവുമാണ്. കാലക്രമേണ വിഭവങ്ങളുടെ കാര്യത്തിൽ പുതിയ മാനങ്ങൾ കൈവന്നു.

ഏതൊരു സ്ഥാപനത്തിന്റെയും അടിസ്ഥാനവും സ്വഭാവവും അവിടെ ഇടപഴകുന്ന മനുഷ്യരിൽ നിന്നും തുടങ്ങുന്നു. എല്ലാ യന്ത്ര സാമഗ്രികളേയും പോലെ തന്നെ മനുഷ്യരേയും അതിലെ ഒരു വിഭവമായി തന്നെയാണ് പ്രവർത്തികൾ ചെയ്യുവാൻ വിദ്യാഭ്യാസ യോഗ്യതയും പ്രവർത്തി പരിചയവും വയസ്സുമൊക്കെ നിർണ്ണയിക്കപ്പെടുന്നത് സർവ്വ സാധാരണമാണ്. എന്നാൽ വിദ്യാഭ്യാസത്തിന്റെയും പ്രവർത്തി പരിചയത്തിന്റെയും മാനദണ്ഡങ്ങളെല്ലാം മാറ്റിവച്ച് പലരും പല വിധത്തിൽ പലതോതിൽ പ്രവർത്തിക്കുകയും അതിന്റെ ഫലത്തിൽ ഗണ്യമായ രീതിയിലുള്ള ഏറ്റക്കുറച്ചിലുകൾ പ്രകടമാവുകയും ചെയ്യുന്നത് ആർക്കും നിഷേധിക്കാനാവാത്ത ഒരു സത്യം തന്നെയാണ്. അപ്പോൾ കൃത്യതയോടെ നാം കണക്കാക്കി നിർണ്ണയിച്ച അളവുകോലുകൾ തെറ്റായി മാറുന്നു. അവരവരുടെ വ്യത്യസ്ഥങ്ങളായ വ്യക്തിത്വങ്ങളും പ്രവർത്തികളിലുണ്ടാകുന്ന വ്യതിയാനങ്ങളുമാണ് അതിനുള്ള കാരണം.

ഒരു പ്രദേശത്തിന്റെ വികസനത്തിൽ ഏറ്റവും കൂടതൽ പരിഗണിക്കപ്പെടേണ്ടതും അധിക വിഭവ സമാഹരണത്തിന് ഉത്തേജകമാകേണ്ടതും ആ പ്രദേശത്തെ മനുഷ്യ വിഭവശേഷിയാണ്. അതുകൊണ്ട് തന്നെ ജനസംഖ്യയും ജനങ്ങളുടെ സാമൂഹിക, സാംസ്കാരിക, വിദ്യാഭ്യാസ, സാമ്പത്തിക നിലവാരങ്ങളും വിശദമായി പരിശോധിക്കേണ്ടിവരുന്നു. ഇതിന് പുറമെ തൊഴിൽ രംഗത്തെ വൈവിധ്യങ്ങൾ കൂടി പരിശോധിക്കുമ്പോൾ വികസനരംഗത്ത് ഇന്ന് വിനിയോഗിക്കപ്പെടുന്ന മാനവശേഷിയും അധികമായി ലഭിക്കാവുന്ന വിഭവശേഷിയും കണ്ടെത്തുവാനും വികസന പ്രക്രിയയ്ക്ക് അനിവാര്യമായ ഒരു വികസന പരിപ്രേക്ഷ്യം തയ്യാറാക്കുവാനും സാധിക്കും.

സാമ്പത്തിക ശാസ്ത്ര മാനദണ്ഡ പ്രകാരമുള്ള ആളോഹരി വരുമാനം വളരെ താഴ്ന്ന നിലയിലായിട്ടും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളോട് താരതമ്യം ചെയ്യുമ്പോഴും യൂറോപ്പിലെയും അമേരിക്കയിലേയും ചില പ്രദേശങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ പോലും കേരളം ഉയർന്ന ജീവിത നിലവാരം പുലർത്തുന്നു എന്നു കാണാവുന്നതാണ്. സാക്ഷരത, ആയ്യുർദൈർഘ്യം, ശിശുമരണ നിരക്ക്, ജനനനിരക്ക് എന്നീ ഘടകങ്ങളെടുത്ത് പരിശോധിച്ചാൽ കേരളം വികസിത രാജ്യങ്ങൾക്കൊപ്പം നിൽക്കുന്നു. റിച്ചാർഡ് ഫ്രാങ്കി മുതൽ അമർത്യസെന്നും ഷാങ്ങ്ദ്രോസും വരെയുള്ള പഠിതാക്കൾ കേരള മാതൃകയെ ലോകത്തിന്റെ മുമ്പിൽ ഉയർത്തികാട്ടി 'സാമൂഹികവും വിദ്യാഭ്യാസപരവും പൊതുജനാരോഗ്യപരവുമായ രംഗങ്ങളിൽ കേരളം കൈവരിച്ച നേട്ടങ്ങൾ സാമ്പത്തിക വളർച്ചയുടെ ഫലമായിട്ടൊന്നുമായിരുന്നില്ല. 1997ലെ അമേരിക്കയുടെ ആളോഹരി വരുമാനം 29.080 ഡോളർ ആയിരുന്നു. എന്നാൽ കേരളത്തിന്റേത് വെറും 300 ഡോളറും. പക്ഷേ അമേരിക്കയുടെയും കേരളത്തിന്റെയും ശരാശരി ആയ്യുർദൈർഘ്യം യഥാക്രമം 77 ഉം 70 ഉം ആണ്. കേരളത്തിൽ സ്ത്രീകളുടെ ആയ്യുർദൈർഘ്യം അനതിവിദൂരഭാവിയിൽ 80 കവിയുമെന്നാണ് മതിപ്പ്.

ഇടുക്കി ജില്ലയിലെ ജനങ്ങളുടെ വികസന പങ്കാളിത്തം വൈവിധ്യങ്ങൾ കൊണ്ട് സങ്കീർണ്ണമാണ്. സാമൂഹിക സാംസ്കാരിക തൊഴിൽ സന്ദർഭങ്ങളിൽ പ്രാദേശികവും ഭാഷാപരവുമായ വൈവിധ്യങ്ങൾ ഉണ്ട്. ഉയർന്ന മലമ്പ്രദേശങ്ങളും പാറക്കെട്ടുകളും ചെരിഞ്ഞ കൃഷിയിടങ്ങളും താഴ്വരകളും ഉൾപ്പെടുന്ന 5019-ച.കി.മീ വിസ്തീർണ്ണമുള്ള ഈ ജില്ലയിൽ 184.1 ച.കി.മീ മാത്രമെ മദ്ധ്യതലമുള്ളൂ. ബാക്കി 96.33% ഉയർന്ന തലമാണ്.

1972 ൽ രൂപംകൊള്ളുമ്പാൾ 5019 ച.കി.മീ വിസ്തീർണ്ണമുണ്ടായിരുന്ന ഇടുക്കി ജില്ലയിലെ ആകെ ജനസംഖ്യ 7,05,606 ആയിരുന്നു. ഇതിൽ 395,297 പേർ സ്ത്രീകളും ആയിരുന്നു. എന്നാൽ ജനസാന്ദ്രതയാകട്ടെ 151.1991 ആയപ്പോഴേയ്ക്കും ജില്ലയിലെ ജനസംഖ്യ 10,79,369 ആയും ജനസാന്ദ്രത 215 ആയും വർദ്ധിച്ചു. ജനസാന്ദ്രത സംസ്ഥാനത്തിൽ 749 ആണ്. സംസ്ഥാനത്തെ ഏറ്റവും ജനസാന്ദ്രത കുറഞ്ഞ ജില്ലയാണ് ഇടുക്കി. ജില്ലയിൽ എസ്റ്റേറ്റ് മേഖല, വനം, റിസർവോയർ പ്രദേശം എന്നിവയാണ് ഇതിനു കാരണം. ജില്ലയിൽ ജനസാന്ദ്രത വർദ്ധനവിനോടൊപ്പം ജനവാസ പ്രദേശത്തിന്റെ വിസ്തീർണ്ണം കൂടുകയും വനപ്രദേശം കുറയുകയും ചെയ്തിട്ടുണ്ട്. ഇത് കൂടാതെ റിസർവോയറുകൾ മൂലവും വനം കുറഞ്ഞു. ഇത് ജില്ലയുടെ പരിസ്ഥിതിയിൽ മാറ്റം വരുത്തിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ 1901 മുതൽ 2011 വരെയുള്ള ജനസംഖ്യാ സംബന്ധമായ വിവരങ്ങൾ പട്ടികയിൽ ചേർത്തിരിക്കുന്നു.

പട്ടിക 2.1

ജനസംഖ്യാ സാന്ദ്രത ദശക വ്യതിയാനങ്ങൾ

വർഷം	പുരുഷൻ	സ്ത്രീകൾ	ആകെ	ദശക വ്യതിയാനം	ജനസാന്ദ്രത
1901	25939	21747	47666		9
1911	54072	45533	99605	100.88	20
1921	56791	50005	108796	9.23	22
1931	102408	85359	187767	72.59	37
1941	130354	114064	244418	30.17	48
1951	173723	157860	331603	35.67	66
1961	303106	277029	560235	73.4	115
1971	395297	370311	765608	31.95	151
1981	494999	476637	971636	26.91	192
1991	546548	532621	1079369	10.4	215
2001	566682	662539	1129221	7.0	259
2011	552806	556166	1108974	1.8	255

ഇടുക്കി ജില്ലകളിലെ 95.39% ജനങ്ങളും താമസിക്കുന്നത് ഗ്രാമീണ മേഖലയിലാണെന്ന് കാണാം. നഗര പ്രദേശത്തെ ജനസംഖ്യ 4.7%, ജില്ലയിലെ ജനസാന്ദ്രത 255 ആണ്. ഉടുമ്പൻചോല താലൂക്കിലാണ് ജനസാന്ദ്രത ഏറ്റവും കൂടുതൽ (399). തൊടുപുഴ താലൂക്ക് രണ്ടാമത് നിൽക്കുന്നു (366). പീരുമേട് താലൂക്കാണ് ഏറ്റവും പിന്നിൽ.

പട്ടിക 2.2 താലൂക്ക്തല ജനസംഖ്യാ വിശദാംശങ്ങൾ

താലൂക്ക്	ജനസംഖ്യ	വിസ്തൃർണ്ണം (ച.കി.മീ)	ജനസാന്ദ്രത	സ്ത്രീ പുരുഷ അനുപാതം
ഉടുമ്പൻചോല	4,29,780	1077.13	399	1005
തൊടുപുഴ	3,25,951	084.93	368	
ദേവികുളം	1,77,021	1052.09	109	995
പീരുമേട്	1,76,622	1402.62	376	1010

സ്ത്രീ പുരുഷ അനുപാതം

1901-ൽ സംസ്ഥാനത്തെ സ്ത്രീ പുരുഷ അനുപാതം 1004 ആയിരുന്നപ്പോൾ ഇടുക്കി ജില്ലയിൽ അത് 839 മാത്രമായിരുന്നു. 2011 ആയപ്പോഴേയ്ക്കും ഇത് സംസ്ഥാന തലത്തിൽ 1954-ഉം ജില്ലയിൽ 1006-ഉം ആയി ഉയർന്നു. 1931 ഒഴികെയുള്ള ഓരോ ദശകങ്ങളിലും ക്രമാനുഗതമായ വളർച്ച നിരീക്ഷിക്കാവുന്നതാണ്. സംസ്ഥാനത്ത് സ്ത്രീ-പുരുഷാനുപാതം ഏറ്റവും കുറവ് ഇടുക്കി ജില്ലയിലാണ്. ഗ്രാമ പ്രദേശത്തെ സ്ത്രീ-പുരുഷാനുപാതം 1005 -ഉം നഗരപ്രദേശത്ത് 1036 ഉം ആണ്. കുട്ടികളുടെ കാര്യത്തിൽ ജില്ല ഏഴാം സ്ഥാനത്താണ്.

പട്ടിക 2.3

1.4 Sex –Ratio for State and Districts 1901-2011

State/ District code	State/District	Sex Ratio (Number of females per 1000 males)											
	Year	1901	1911	1921	1931	1941	1951	1961	1971	1981	1991	2001	2011
1	2	3	4	5	6	7	8	9	10	11	12	13	14
32	Kerala	1004	1008	1011	1022	1027	1028	1022	1016	1032	1036	1058	1084
01	Kasargodu	1060	1053	1050	1040	1039	1046	1026	998	1020	1026	1047	1079
02	Kannur	1060	1079	1121	1106	1110	1074	1048	1033	1040	1049	1090	1133
03	Wayanadu	805	815	786	804	835	838	903	922	949	966	995	1035
04	Kozhikode	1009	1022	1038	1032	1044	1019	1007	1004	1020	1027	1057	1097
05	Malappuram	1017	1020	1037	1059	1062	1055	1057	1041	1052	1053	1066	1096
06	Palakkad	1042	1057	1069	1079	1079	1085	1077	1056	1056	1061	1066	1067
07	Thrissur	1004	1009	1051	1075	1082	1105	1093	1081	1100	1085	1092	1109
08	Ernakulam	985	990	969	994	994	1008	999	988	997	1000	1019	1028
09	Idukki	839	842	850	834	875	909	914	937	963	975	993	1006
10	Kottayam	965	969	947	966	966	987	988	991	1001	1003	1025	1010
11	Alappuzha	986	987	986	997	1003	1022	1026	1025	1043	1051	1079	1100
12	Pathanamthitta	986	987	949	975	986	996	1011	1019	1056	1062	1094	1129
13	Kollam	987	988	989	1006	1013	997	996	1000	1022	1035	1060	1113
14	Thiruvananthap-uram	996	990	981	1003	1017	1018	1005	1008	1030	1036	1060	1080



ജനങ്ങളുടെ സ്വഭാവം

സാമൂഹ്യസ്ഥിതി

കേരളത്തിലെ മറ്റ് ജില്ലകളെപ്പോലെ തന്നെ ഇടുക്കിയിലും എല്ലാ പ്രധാന മതവിഭാഗങ്ങളിലും ഉൾപ്പെടുന്ന ജനങ്ങൾ നിവസിക്കുന്നു. 48.66%

Description	Total	Percentage
Hindu	541,854	488696
Muslim	82.206	7.41%
Christian	481.507	43.42%
Sikh	100	0.01%
Budhist	189	0.02%
Jain	44	0.00%
Others	384	0.03%
Not Started	2690	0.24%

ഹിന്ദുക്കളും 43.42% ജനങ്ങൾ ക്രിസ്ത്യാനികളും 7.41% ജനങ്ങൾ മുസ്ലീംങ്ങളുമാണ്. ജൈന, ബുദ്ധമത വിഭാഗങ്ങളിൽപ്പെട്ട ജനങ്ങളും ജില്ലയിലുണ്ട്. 0.24% ജനങ്ങൾ അവരുടെ മതവിശ്വാസം വെളിപ്പെടുത്താത്തവരോ മതവിശ്വാസം ഇല്ലാത്തവരോ ആണ്.



പട്ടിക 2.5

ജനസംഖ്യാ- പട്ടികജാതി/പട്ടികവർഗ്ഗം- ബ്ലോക്ക് അടിസ്ഥാനത്തിൽ

Bolck/ Munciplaity	Households	Population			Scheduled Caste			Scheduled Tribe		
		Total	Male	Female	Total	Male	Female	Total	Male	Female
Adimali	31914	126262	63282	62980	11419	5638	5781	8589	4316	4273
Azhutha	37416	149514	74405	75109	38450	19107	19343	4265	2112	2153
Devilkulam	31945	121577	61934	60543	47819	23917	23893	13599	6908	6691
Elamdesam	31882	128716	64054	64662	6662	3318	3344	11299	5747	5552
Idukki	31097	124516	62092	62424	5911	2923	2988	8738	4310	4428
Nedumkandom	37983	477661	73596	74065	11259	5574	5685	1785	904	881

ജനസംഖ്യാ-പട്ടികജാതി/പട്ടികവർഗ്ഗം-ബ്ലോക്ക് അടിസ്ഥാനത്തിൽ



ആകെ ജനസംഖ്യയുടെ 13% പട്ടികജാതിക്കാരും 5% പട്ടിക വർഗ്ഗക്കാരും ആണ്. പട്ടിക ജാതിക്കാരുടെ എണ്ണത്തിൽ ഇടുക്കി ജില്ല സംസ്ഥാനത്ത് മൂന്നാമതും പട്ടിക വർഗ്ഗക്കാരുടെ എണ്ണത്തിൽ രണ്ടാമതും ആണ്. സംസ്ഥാനത്തിന്റെ ആദ്യത്തെ ഗോത്ര വർഗ്ഗ പഞ്ചായത്ത് ഇടുക്കി ജില്ലയിലെ ഇടമലക്കുടി ഗ്രാമപഞ്ചായത്താണ്. 2010 നവംബർ 1 ന് ഇടമലക്കുടി ഗ്രാമപഞ്ചായത്ത് നിലവിൽ വന്നു.

സാക്ഷരതാ നിലവാരം

2011-ലെ സെൻസസ് അനുസരിച്ച് സംസ്ഥാനത്തെ സാക്ഷരത നിരക്ക് 93.91 ആണ് പുരുഷന്മാരുടേത് 96.02 ഉം സ്ത്രീകളുടേത് 91.98 ഉം ആണ്. ഇടുക്കി ജില്ലയെ സംബന്ധിച്ച് യഥാക്രമം, 92.2, 94.84, 89.59 എന്നിങ്ങനെയാണ്.

മലയാള ഭാഷ സംസാരിക്കുന്ന 81.2% ജനങ്ങളാണ് ഇടുക്കി ജില്ലയിലുള്ളത്. തമിഴ്, കന്നട, തെലുങ്ക് ഭാഷകൾ സംസാരിക്കുന്നവർ യഥാക്രമം 20%, 2%, 2% എന്നിങ്ങനെയാണ്

പട്ടിക-2.6, ജില്ലയിലെ വിവിധ ഭാഷ സംസാരിക്കുന്നവരുടെ ശതമാനം

	Percentage
Malayalam	81.20%
Tamil	20%
Kannada	2%
Telugu	2%

ചിത്രം-2.3



2. പ്രകൃതി വിഭവങ്ങൾ

പ്രകൃതി വിഭവങ്ങൾ

പ്രകൃതിയിൽ ലഭ്യമായ ഉപയോഗപ്രദമായ വസ്തുക്കളാണ് പ്രകൃതി വിഭവങ്ങൾ. പ്രകൃതിയുടെ വരദാനമാണ് പ്രകൃതി വിഭവങ്ങൾ. അവയിൽ പ്രധാനപ്പെട്ടവയാണ് മണ്ണ്, ജലം, കാറ്റ്, വനങ്ങൾ, ധാതുക്കൾ, സസ്യങ്ങൾ, മൃഗസമ്പത്ത്, സൂര്യപ്രകാശം, മലകൾ, മനുഷ്യൻ, പ്രകൃതി വാതകങ്ങൾ മുതലായവ.

പ്രകൃതിയുടെ വിഭവങ്ങളാൽ അനുഗ്രഹീതമായ സംസ്ഥാനത്തെ ഏറ്റവും വലിയ രണ്ടാമത്തെ ജില്ലായായ ഇടുക്കി ജില്ല നിരവധി സവിശേഷതകൾ നിറഞ്ഞതാണ്.

ഇടുക്ക് എന്ന് അർത്ഥം വരുന്ന ധാരാളം ഇടുക്കുകൾ നിറഞ്ഞ മലകൾ നിബിഡമായ പ്രദേശം ആയതിനാൽ ജില്ലയ്ക്ക് ഇടുക്കി എന്ന പേരുമായി.

തെക്കേ ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടിയായ ആനമുടി സ്ഥിതി ചെയ്യുന്നത് ഇടുക്കി ജില്ലയിലാണ്. ലോകത്തിൽ തന്നെ അപൂർവ്വം സ്ഥലങ്ങളിൽ മാത്രമായി അവശേഷിച്ചിട്ടുള്ള ഷോള വനങ്ങളും നീലക്കുറിഞ്ഞിയും വരയാടുമെല്ലാം ഇടുക്കി ജില്ലയിൽ നമുക്ക് കാണാവുന്നതാണ്. മലകളും മലഞ്ചെരുവുകളും താഴ് വാരങ്ങളും നദികളും അണക്കെട്ടുകളും പുൽമേടുകളും നിറഞ്ഞ ജില്ല പ്രകൃതി രമണീയമാണ്.

പൊതു ഭൂമിശാസ്ത്രം

4479 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ജില്ല വടക്ക് അക്ഷാംശം 9^0.15 നും 10^0.21 ഇടയിലും കിഴക്ക് രേഖാംശം 76^0.15നും 77^0.15നും ഇടയ്ക്ക് സ്ഥിതി ചെയ്യുന്നു. തെക്ക് വടക്ക് ഏറ്റവും കൂടിയ ഉയരം 115 കി.മീ ഉം കിഴക്കു പടിഞ്ഞാറു ഏറ്റവും കൂടിയ ഉയരം 67 കി.മീ ഉം ആണ്.

അതിരുകൾ

വടക്ക്: തൃശൂർ, കോയമ്പത്തൂർ ജില്ല

കിഴക്ക്: തമിഴ്നാട്ടിലെ തേനി, ദിണ്ടുക്കൽ, തിരുപ്പൂർജില്ലകൾ

പടിഞ്ഞാറ്: എറണാകുളം, കോട്ടയം ജില്ലകൾ

തെക്ക്: പത്തനംതിട്ട ജില്ല

ഭൂപ്രകൃതി

കേരളത്തിലെ വയനാടൊഴികെയുള്ള മറ്റു ജില്ലകളിൽ നിന്നും തികച്ചും വ്യത്യസ്തമായ ഭൂപ്രകൃതിയാണ് ഈ ജില്ലക്കുള്ളത്. കടലോര പ്രദേശം ഇല്ലാത്ത ജില്ലയുടെ 97 ശതമാനം പ്രദേശങ്ങളും കാടുകളും മലകളും കൊണ്ട് നിറഞ്ഞിരിക്കുന്നു. താഴ്ന്ന ഭൂപ്രദേശങ്ങൾ തീരെ ഇല്ല. 41% പ്രദേശവും കാടുകളാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ ചന്ദനക്കാടുകൾ കാണപ്പെടുന്ന പ്രദേശമായ മറയൂർ ജില്ലയിലാണ് സ്ഥിതി ചെയ്യുന്നത്. സമുദ്രനിരപ്പിൽ നിന്ന് 2000 മീറ്ററിലധികം ഉയരമുള്ള 14 കൊടുമുടികൾ ഇവിടെയുണ്ട്. ഹിമാലയത്തിനു തെക്കുള്ള ഏറ്റവും വലിയ കൊടുമുടികളായ ആനമുടിയും, മീശപ്പുലി മലയും മൂന്നാർ പഞ്ചായത്തിലാണ് സ്ഥിതിചെയ്യുന്നത്. ഇത്തരം ഭൂപ്രകൃതിയായതിനാൽ ജില്ലയുടെ ഭൂരിഭാഗം പ്രദേശങ്ങളും പരമ്പരാഗത കൃഷിരീതികൾക്ക് അനുയോജ്യമല്ല. എന്നാൽ സുഗന്ധദ്രവ്യങ്ങളുടെ കൃഷിക്ക് യോജിച്ച ഭൂപ്രകൃതിയാണ്.

ക്രമ നം	സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം	പ്രദേശം	ഭൂവിസ്തൃതിയുടെ ശതമാനം
1	20 മീ-100 മീ	ഇടനാട്	4.5
2	100 മീ-300 മീ	മധ്യ ഉന്നതതടം	7.5
3	300 മീ-600 മീ	ഉന്നതതട പശ്ചിമഘട്ട മലയടിവാരം	12.1
4	600 മീ-1200 മീ	പശ്ചിമഘട്ട മലനിരകൾ	48.3
5	1200 മീറ്ററിനുമുകളിൽ	ഉയർന്ന പശ്ചിമഘട്ട മലനിരകൾ	24.5

ഇടനാട് പൂർണ്ണമായും തൊടുപുഴ താലൂക്കിന്റെ പടിഞ്ഞാറു ഭാഗത്തുള്ള തൊടുപുഴ നഗരസഭയും ഇടവെട്ടി, മണക്കാട് കുമാരമംഗലം, കരിമണ്ണൂർ, കോടികുളം പഞ്ചായത്തും ഉൾപ്പെടുന്നു. മധ്യ ഉന്നതതടം ദേവികുളം താലൂക്കിന്റെ പടിഞ്ഞാറു ഭാഗവും ഉടമ്പന്നൂർ, വെള്ളിയാമറ്റം, കുടയത്തൂർ മുട്ടം കരിംകുന്നം പഞ്ചായത്തുകളും ഉൾപ്പെടുന്നു.

ഉന്നതതട പശ്ചിമഘട്ട മലയടിവാരത്തിൽ ദേവികുളം താലൂക്കിലെ അടിമാലി, വെള്ളത്തൂവൽ പഞ്ചായത്തുകളും ഉൾപ്പെടുന്നു. ജില്ലയുടെ ഏതാണ്ട് പകുതിയോളം പ്രദേശങ്ങൾ പശ്ചിമഘട്ട മലനിരകളാണ്. ഉയർന്ന പശ്ചിമഘട്ട മലനിരകൾ ഇടുക്കി ജില്ലയുടെ വടക്കു ഭാഗത്തുള്ള ദേവികുളം, മൂന്നാർ, ഇടമലക്കുടി, ശാന്തൻപാറ, പഞ്ചായത്തുകളിലും കുമളി പഞ്ചായത്തിന്റെ തെക്ക് കിഴക്ക് ഭാഗങ്ങളിലുമായി വ്യാപിച്ചു കിടക്കുന്നു.

ഭൂഗർഭ സവിശേഷതകൾ

ജില്ലയിൽ പ്രധാനമായും പ്രികാംബ്രിയൻ മെറ്റമോർഫിക് വിഭാഗത്തിൽ പെട്ട ശിലകളാണ് കണ്ടുവരുന്നത്. ചാർനോ കൈറ്റ്, ഗാർ നൈറ്റ്, ബയോട്ടൈറ്റ്നിസ്, ഗ്രാനൈറ്റ് നീസ് എന്നിവയാണ് പ്രധാന ഭൂഗർഭ ശിലകൾ

മണ്ണ്

ജില്ലയിൽ പ്രധാനമായും 15 തരം മണ്ണിനങ്ങൾ കാണപ്പെടുന്നു. പ്രധാനപ്പെട്ട മണ്ണിനങ്ങൾ : മണക്കാട് ഇനം, ചീനിക്കുഴി, തൊമ്മൻ കുത്ത് ഇനം, വെൺമണി ഇനം, മറയൂർ ഇനം ആനമുടി ഇനം, പാമ്പാടുംപാറ എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. ജില്ലയിലെ രേഖപ്പെടുത്തിയ മണ്ണ് സീരിസുകളാണ് K 31,3334,36,37,38,09,11 ഏറ്റവും കൂടുതൽ കാണപ്പെടുന്ന മണ്ണ് സീരിസുകളാണ് K 36, K 38

.**<u>വനങ്ങൾ</u>**

ജില്ലയുടെ കിഴക്ക് ഭാഗം പൂർണ്ണമായും വനപ്രദേശമായി കാണുന്നു. സംസ്ഥാനത്തെ ആകെ വനങ്ങളുടെ നാലിലൊന്നു ഭാഗം ജില്ലയിലാണ്. ഔദ്യോഗിക രേഖകളനുസരിച്ച് 41%വും വനപ്രദേശമാണ്. ഉയരം കൂടിയ കൊടുമുടിയായ ആനമുടി സ്ഥിതിചെയ്യുന്നത് ഇടുക്കി ജില്ലയിലാണ്. 11 മുടികൾ ജില്ലയിൽ ഉണ്ട്. ജലവൈദ്യുതി പദ്ധതികൾക്കായി ജില്ലയുടെ 1.2% വനഭൂമി നഷ്ടപ്പെട്ടതായി കരുതുന്നു. കേരളത്തിലെ വലിയ ചന്ദനക്കാടുകൾ ഇടുക്കി ജില്ലയിലെ മറയൂർ ഗ്രാമപഞ്ചായത്തിലാണ്. ജില്ലയുടെ ആകെ വിസിതൃതിയുടെ 45.47% മലകളും മലഞ്ചെരുവുകളും നിബിഡവനങ്ങളും താഴ്വരകളും ഉൾപ്പെടുന്നു.

ജില്ലയിലെ ധാതു വിഭവങ്ങൾ

ജില്ലയിൽ കൂടുതലായി ഖനനം ചെയ്യുന്ന ധാതുക്കൾ കരിങ്കല്ലും ആറ്റുമണലുമാണ്. ഖനനം ചെയ്യുന്നതിനുള്ള ബുദ്ധിമുട്ടും, ആറ്റുമണലിന്റെ അഭാവവും ഹൈറേഞ്ച് മേഖലയ്ക്ക് തൊട്ടടുത്ത ജില്ലയായ എറണാകുളത്തെ ആശ്രയിക്കേണ്ടി വരുന്നു.

ജൈവ വൈവിധ്യം

കേരളത്തിന്റെ പഴക്കുട, സുഗന്ധ വ്യഞ്ജന കലവറ, കിഴക്കിന്റെ കാശ്മീർ, കേരളത്തിന്റെ കാശ്മീർ എന്നിങ്ങനെ അറിയപ്പെടുന്ന ജില്ല. സംസ്ഥാനത്തെ ആദ്യ ജൈവ ഗ്രാമമായ ഉടുമ്പന്നൂർ ഈ ജില്ലയിലാണ്.

ജൈവ വൈവിധ്യത്തിന്റെ കാര്യത്തിൽ ജില്ല അനുഗ്രഹീതമാണ് . പ്രകൃതിദത്ത വനങ്ങളും, വന്യജീവി സങ്കേതങ്ങളും ഔഷധസസ്യങ്ങളും പ്രകൃതിദത്ത ജൈവ വിഭവങ്ങൾക്ക് മുതൽകൂട്ടാകുമ്പോൾ കാർഷിക വിളകളും വളർത്തു മൃഗങ്ങളും ജൈവ സമ്പത്തിന് അനുഗ്രഹീതമാകുന്നു. ജില്ലയിൽ അത്യപൂർവമായി കാണുന്ന ചിത്രശലഭമാണ് ചെറുപഞ്ചനേത്രി.

വന്യജീവി സമ്പത്ത്

വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ ജില്ലയിൽ ഉണ്ട്. പ്രോജക്ട് ടൈഗർ പദ്ധതി ആദ്യമായി ആരംഭിച്ചത് പെരിയാർ വന്യജീവി സങ്കേതത്തിലാണ്. അപൂർവ്വമായ ചോല പുൽമേടുകൾ മതികെട്ടാൻ ചോല ദേശീയ ഉദ്യാനത്തിലെ പ്രത്യേകതയാണ് കേരളത്തിലെ ഏറ്റവും ചെറിയ ദേശീയ ഉദ്യാനമായ പാമ്പാടും ചോല ജില്ലയിലാണ്. കേരളത്തിലെ ഏറ്റവും വലിയ ദേശീയ ഉദ്യാനമായ പെരിയാർ ജില്ലയിലാണ്. ചിന്നാറിൽ കാണപ്പെടുന്ന ഒരു അപൂർവ്വജീവിയാണ് ചാമ്പൽ മലയണ്ണാൻ. ജില്ലയിൽ സസ്തനി വർഗ്ഗത്തിൽപ്പെട്ട വന്യജീവികൾ ഉണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. വരയാട് എന്നയിനം സസ്തനി കേരളത്തിലെ ഏറ്റവും ഉയരം കൂടിയ ദേശീയ ഉദ്യാനമായ ഇരവികുളം നാഷണൽ പാർക്കിലെ രാജമലയിൽ കാണപ്പെടുന്നു. ജില്ലയിലെ സംരക്ഷിത വന്യജീവി സങ്കേതങ്ങളിൽ ധാരളമായി ആന, മ്ലാവ്, കാട്ടുപോത്ത്, മാൻ, പുള്ളിമാൻ, കുരങ്ങുകൾ, പുലി, കുറക്കൻ, ഉടുമ്പ്, കഴുകൻ ഇവയെല്ലാം കാണപ്പെടുന്നു.

ജലം

ജല വൈദ്യുത ഉത്പാദനത്തിൽ ഒന്നാം സ്ഥാനമുള്ള ജില്ല. ജലവിഭവങ്ങളുടെ കാര്യത്തിൽ ജില്ല അനുഗ്രഹീതമാണ്. സംസ്ഥാനത്തെ ആദ്യത്തെ ജല വൈദ്യുത പദ്ധതിയായ പള്ളിവാസലും ഏറ്റവും വലിയ ജല വൈദ്യുത പദ്ധതിയായ ഇടുക്കി ജലവൈദ്യുത പദ്ധതിയും ജില്ലയിലാണ്.

നദികൾ

കേരളത്തിൽ കിഴക്കോട്ടൊഴുകുന്ന നദികളിൽ ഒന്നായ പാമ്പാർ ജില്ലയിൽ കൂടി ഒഴുകുന്നു. പെരിയാർ, മൂവാറ്റുപുഴയാർ, മണിമലയാർ എന്നിവ ജില്ലയിൽ നിന്ന് ഉത്ഭവിക്കുന്നു. പമ്പാനദി ജില്ലയുടെ തെക്കേ അതിരിലൂടെ ഒഴുകുന്നു. പാമ്പാർ മറയൂർ കടന്ന് കാവേരിയിൽ ചേരുന്നു. പെരിയാറിന്റെ പ്രധാന പോഷക നദികളാണ് മുതിരപ്പുഴയാറും പെരിഞ്ചാൻകുട്ടിയാറും. പെരിയാർ, തലയാർ, തൊടുപുഴയാർ, കാളിയാർ എന്നിവയാണ് ജില്ലയിലെ പ്രധാന നദികൾ. പമ്പാനദി ഉൽഭവിക്കുന്നതും ഇടുക്കി ജില്ലായിൽ നിന്നാണ്. പെരിയാർ ജില്ലയുടെ തെക്കു കിഴക്ക് ഭാഗത്തുള്ള ശിവഗിരിയിൽ നിന്നും ഉൽഭവിച്ച് ജില്ലയിലെ എല്ലാ താലൂക്കുകളിലൂടെയും കടന്നു പോകുന്നു.

നദീതടം	ജില്ലയിലെ വിസ്തൃതി(ച.കി.മീ.)	ജില്ലയുടെ മൊത്തം വിസ്തീർണ്ണത്തിന്റെ ശതമാനം
പെരിയാർ	3819	75.45
മുവാറ്റുപുഴ	600	11.66
പമ്പ	258	5.10
പാമ്പാർ	384	7.59

<u>ജില്ലയിലെ പ്രധാന നദികൾ</u>

ക്രമ നമ്പർ	പേര്	നീളം കി.മീ.	ആകെ കേരളത്തിലെ വൃഷ്ടി പ്രദേശം ച.കി.മീ.
1.	പെരിയർ	244	5287
2.	മൂവാറ്റുപുഴ	121	1554
3.	മീനച്ചിൽ	78	1272
4.	മണിമല	90	847
5.	പമ്പ	176	2235
6.	അച്ചൻ കോവിൽ	128	1484
7.	പാമ്പാർ		384

ഭൂഗർഭ ജലം

ഇന്ത്യയിലെ ഏറ്റവും വലിയ ഭൂഗർഭ ജല വൈദ്യുതി നിലയമായ മൂലമറ്റം പവർ ഹൗസ് ജില്ലയിലാണ്. വെട്ടുകല്ല് പ്രദേശങ്ങളും ക്രിസ്റ്റെലൻ പാറകളും ചേർന്ന ജലവാഹക അടുക്കുകളിലാണ് ജില്ലയിലെ ഭൂഗർഭ ജലം കണ്ടു വരുന്നത് 40 മുതൽ 90 മീറ്റർ വരെ താഴ്ചയിൽ വിള്ളലുള്ള പാറകൾ കാണുന്നു. അവിടെ ജല സംഭരണ സാധ്യതകൾ കണ്ടുവരുന്നു.

ചതുപ്പ് നിലങ്ങൾ

മൂന്നാർ, മാട്ടുപ്പെട്ടി ഭാഗങ്ങളിൽ ഏതാനും ചെറിയ ചതുപ്പ് പ്രദേശങ്ങൾ ഉണ്ട്.

കായൽ തടാകങ്ങൾ

5 പ്രകൃതിദത്ത തടാകങ്ങൾ. 9 മനുഷ്യ നിർമ്മിത തടാകങ്ങൾ. കായലുകളും വൻകിട ശുദ്ധ ജല തടാകങ്ങളുമില്ല.

റിസർവോയറുകൾ

മനുഷ്യ നിർമ്മിതമായ റിസർവോയറുകൾ ഈ ജില്ലയിലെ സമ്പദ് ഘടനയിലും കേരളത്തിന്റെ മൊത്തത്തിലുള്ള സമ്പദ് ഘടനയിലും ഗണ്യമായ പങ്ക് വഹിക്കുന്നു. കുറവൻ , കുറത്തി എന്നീ മലകൾക്കിടയിലുള്ള ഇടുക്കിലാണ് ഇന്ത്യയിലെ ഏറ്റവും വലിയ കമാനാകാര അണക്കെട്ടായ ഇടുക്കി അണക്കെട്ട്. ഏഷ്യയിലെ ആദ്യ കോൺക്രീറ്റ് ഡബ്ബിൾ കർവ്വേച്ചർ ഡാമാണ്. ഇന്ത്യയിലെ ആദ്യത്തെ മണ്ണ് കൊണ്ട് നിർമ്മിച്ച ആനയിറങ്കൽ അണക്കെട്ട് ജില്ലയിലാണ്. സ്വന്തമായി വൈദ്യുതി ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്ത ഇന്ത്യയിലെ ആദ്യ പഞ്ചായത്തായ മാങ്കുളം ജില്ലയിലാണ്. കേരളത്തിലെ ഏറ്റവും വലിയ ജല വൈദ്യുത പദ്ധതിയായ ഇടുക്കി ജലവൈദ്യുത പദ്ധതി പെരിയാറിലാണ് കേരളത്തിലെ ആദ്യത്തെ ജലവൈദ്യുത പദ്ധതിയായ പള്ളിവാസൽ ഈ ജില്ലയിലാണ്.

ജില്ലയിലെ പ്രധാനപ്പെട്ട റിസർവോയറുകൾ

ആനയിറങ്കൽ അണക്കെട്ട്, ആനത്തോട് അണക്കെട്ട്, ചെറുതോണി അണക്കെട്ട്, ഇടമലയാർ , ഇടുക്കി ആർച്ച് അണക്കെട്ട്, കല്ലാർകുട്ടി അണക്കെട്ട്, കുളമാവ് അണക്കെട്ട്, കുണ്ടള അണക്കെട്ട്, കുറ്റിയാർ അണക്കെട്ട്. ലോവർ പെരിയാർ അണക്കെട്ട്, മാട്ടുപ്പെട്ടി അണക്കെട്ട്, മലങ്കര അണക്കെട്ട്, പെരിയാർ അണക്കെട്ട്, പൊൻമുടി അണക്കെട്ട്, സെൻകുളം അണക്കെട്ട് എന്നിവയാണ് പ്രധാന അണക്കെട്ടുകൾ. ഇടുക്കി ഹൈഡ്രോ ഇലട്രിക് പ്രോജക്ട് ആണ്. ഇതിൽ ഇടുക്കി, ചെറുതോണി, കുളമാവ് ഡാമുകൾ ഉൾപ്പെടുന്നു.

ഔഷധ സസ്യ സമ്പത്ത്

സസ്യസംരക്ഷണം എന്നത് നമ്മുടെ പൈതൃകമായ ഒരു സംസ്കാരമായിരുന്നു. ലക്ഷ്യബോധമില്ലാത്ത വികസന പ്രവർത്തനങ്ങൾ നമ്മുടെ സംസ്കാരിക മൂല്യങ്ങളെ തകർത്തു. ഉഷ്ണമേഖല മഴക്കാടുകളുടെ സാന്നിദ്ധ്യം കൊണ്ട് സമൃദ്ധമായ വനഭൂമികളിൽ ഏറിയ പങ്കും നമ്മുടെ ജില്ലയിലാണ്. മറ്റു ജില്ലകളെ അപേക്ഷിച്ച് ജൈവ വൈവിധ്യത്തിൽ നമ്മുടെ ജില്ല വളരെ മുന്നിലാണ്. കേരളത്തിലെ ആദ്യ സമ്പൂർണ്ണ തേൻ ഉൽപ്പാദക പഞ്ചായത്തായ ഉടുമ്പന്നൂരും ഇന്ത്യയിലെ ഏറ്റവും വലിയ ഏലം ലേല കേന്ദ്രമായ വണ്ടന്മേടും ജില്ലയിൽ ആണ്.

ജില്ലിയിലെ വിവിധതരം ഔഷധ സസ്യങ്ങൾ

ശതാവരി, കീഴാർനെല്ലി, കുടകപ്പാല, പ്ലാശ്, മൈലെള്ള്, കിരിയാത്ത്, സർപ്പ ഗന്ധി, ചീവിക്കായ്, വയൽചുള്ളി, നാഗഗന്ധി, ഗരുഢക്കൊടി, അടപതിയൻ, കുമ്പിൾ, ഉമ്മം, മുക്കുറ്റി, തഴുതാമ, ഇരുംവേലി ഇവയാണ്.

ജില്ലയിൽ 127387 ഹെക്ടർ സ്ഥലത്ത് സുഗന്ധ വ്യഞ്ജനങ്ങൾ ഉത്പാദിപ്പിക്കുന്നു. കേരളത്തിന്റെ മൊത്തം ഉൽപ്പാദനത്തിന്റെ 36% ജില്ലയിൽ ഉത്പാദിപ്പിക്കുന്നു. കേരളത്തിൽ ഗോതമ്പ് കൃഷി ചെയ്യുന്ന ഏക പ്രദേശമായ വട്ടവട ജില്ലയിലാണ്. കേരളത്തിൽ വെളുത്തുള്ളി കൃഷി ചെയ്യുന്ന ഏക ജില്ലയും. കേരളത്തിൽ ഏറ്റവും കൂടുതൽ ഉരുളക്കിഴങ്ങ് ഉൽപ്പാദക ജില്ലയും ഇടുക്കി ആണ്.

മത്സ്യ സമ്പത്ത്

മത്സ്യ സമ്പത്തിന്റെ കാര്യത്തിൽ ജില്ല വളരെ പിന്നിലാണ് കടൽ സാമിപ്യമില്ലാത്ത ജില്ലയായതിനാൽ കടൽ ആവാസവ്യവസ്ഥയിൽ വളരുന്ന ജീവികൾ ജില്ലയിൽ ഉണ്ട്. മൂന്നാർ, രാജമല, ദേവികുളം, മന്നാമല, എന്നിവിടങ്ങളിൽ ശീതമത്സ്യങ്ങളെ കാണുന്നു.

ജലസംരക്ഷണം

ജലസംരക്ഷണം ജലസമ്പത്തും പരിസ്ഥിതിയും നിലനിർത്തുന്നതിനും ആവസപരിപാലനത്തിനും സാമ്പത്തികവും സാമൂഹികവുമായ ഉന്നമനത്തിനും ആവശ്യമാണ്. ജലക്ഷാമം പരിഹരിക്കുന്നതിനായി ലഭ്യമായ ജലസമ്പത്ത് ഭാവിയിൽ നിയന്ത്രിക്കുന്നതിനും ഉപയോഗിക്കുന്നതിനും കൃത്യമായ ആസൂത്രണം ആവശ്യമാണ്.

കാറ്റ്

കാറ്റിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത് രാമക്കൽമേട്ടിലാണ്. ജില്ലയിൽ കിഴക്കൻ അതിർത്തി പ്രദേശങ്ങളിൽ ഉള്ള ഹൈറേഞ്ച് മേഖലയിൽ കാറ്റിന്റെ വേഗത കൂടുതലാണ്. ഈ ഭാഗങ്ങളിൽ കാറ്റിൽ നിന്നുള്ള ഊർജ്ജം ഉൽപാദനത്തിനുള്ള സാധ്യതകൾ ഉണ്ട്. കാറ്റിന്റെ ഏറ്റവും കൂടിയ ശരാശരി വേഗത രാമക്കൽമേട് ഭാഗത്താണ്.

രാമക്കൽമേട്- 30.4. km/h

പാഞ്ചാലിമേട്-20.06 km/h

കോലാഹലമേട്-18.04 km/h

ഇരവിമല, കാത്തുമല, ചെറുവരൈമല, കുമരിക്കല്ല്, കരിംകുളം, ദേവിമല, പെരുമാൾമല, ഗുഡുർമല, ദേവികുളം, അഞ്ചനാട്, കരിമല, ആനമല, ശിവഗിരിമല, വെള്ളിമല, മംഗളഗിരി മല, മീശപ്പുലിമല തുടങ്ങി 31 എണ്ണം

മഴ

കേരളത്തിലെ ഏക മഴ നിഴൽ പ്രദേശമായ ചിന്നാർ ജില്ലയിലാണ്. ജില്ലയിൽ വർഷത്തിൽ ലഭിക്കുന്ന മഴ 250 cm മുതൽ 425 cm വരെയാണ്. ദേവികുളം താലൂക്കിലെ പടിഞ്ഞാറൻ മേഖലയിലാണ് ഏറ്റവും കൂടുതതൽ മഴ ലഭിക്കുന്നത്. ഇവിടെ 500 cm വരെ മഴ ലഭിക്കാറുണ്ട്. ജില്ലയുടെ കിഴക്കൻ, വടക്കുകിഴക്കൻ, മേഖലയിലാണ് ഏറ്റവും കുറവ് മഴ ലഭിക്കുന്നത്. ഈ

ഭാഗങ്ങളിൽ 150 cm വരെയാണ് മഴ ലഭിക്കുന്നത്. ജില്ലയിൽ മൂന്നാർ, ദേവികുളം, പള്ളിവാസൽ, വെള്ളത്തൂവൽ പഞ്ചായത്തുകളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പഞ്ചായത്തുകൾ.

മഴയുടെ തോത് (മി.മീ/ വിസ്തീർണ്ണം)

മാസം	ഇടുക്കി	കേരളം
ജൂലൈ	1025.10	625.96
ആഗസ്റ്റ്	478.80	337.06
സെപ്റ്റംബർ	616.70	329.35
ഒക്ടോബർ	369.50	320.61
നവംബർ	120.00	97.17
ഡിസംബർ	142.90	88.42
ജനുവരി	18.40	12.56
ഫെബ്രുവരി	29.30	8.37
മാർച്ച്	13.30	13.47
ഏപ്രിൽ	215.10	134.34
മെയ്	89.90	71.01
ജൂൺ	711.30	592.10

വെള്ളപ്പൊക്കം

വെള്ളപ്പൊക്കം മൂലമുള്ള ഭീതിയും അതുമൂലം ഉണ്ടാകുന്ന ദുരിതവും ഇപ്പോഴും നിനില്ക്കുകയും പല അവസരങ്ങളിലും അത് വർദ്ധിച്ചുവരികയും ചെയ്യുന്നു.

മനുഷ്യൻ

സംസ്ഥാനത്തെ ആദ്യ ബാല സൗഹൃദ ജില്ല ഇടുക്കിയാണ് കേരളത്തിലെ ഏക ആദിവാസി പഞ്ചായത്ത് ഇടമലക്കുടി ഗ്രാമപഞ്ചായത്താണ്.

പ്രകൃതി ക്ഷോഭം

ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ കണക്കുപ്രകാരം 20161-17 സാമ്പത്തിക വർഷത്തിൽ 1959.98 mm മഴ രേഖപ്പെടുത്തിയിട്ടുള്ളതും പ്രകൃതി ക്ഷോഭത്തിലും ശക്തമായ മഴയിലും കാറ്റിലുമായി ജില്ലയിൽ 1042.44 ഹെക്ടർ ഭൂമിയിലെ 15342675 രൂപയുടെ കാർഷിക വിളകൾക്ക് നാശം സംഭവിച്ചിട്ടുള്ളതുമാണ്.

വികസന സാധ്യതകൾ

1. ഏറ്റവും കൂടുതൽ കൃഷി ചെയ്യുന്ന ഗ്രാമ പഞ്ചായത്തുകളായ വട്ടവട, കാന്തല്ലൂർ എന്നിവിടങ്ങളിലെ മണ്ണിനങ്ങളായ വട്ടവട ഇനം, കാന്തല്ലൂർ ഇനം എന്നീ മണ്ണിനങ്ങൾ കാണപ്പെടുന്ന സ്ഥലങ്ങളിൽ കൃഷി സാധ്യത വളരെ കൂടുതലാണ്
2. ചന്ദനക്കാടുകൾ നിറഞ്ഞ മറയൂർ ഗ്രാമപഞ്ചായത്തിൽ ചന്ദനതൈല ഫാക്ടറിയുടെ വിപണന സാധ്യത കൂടുതലായി പ്രയോജനപ്പെടുത്താവുന്നതാണ്.
3. തേൻ ഉൽപ്പാദന സാധ്യതകൾ കൂടുതലായി പ്രയോജനപ്പെടുത്താവുന്നതാണ്.
4. വനവിഭവങ്ങളായ ഈറ്റ, മുള എന്നിവ കൊണ്ടുള്ള വസ്തുക്കളുടെ വിപണന സാധ്യത കൂടുതലായി പ്രയോജനപ്പെടുത്താവുന്നതാണ്.
5. മൂന്നാറിലെ പൂക്കളുടെ പ്രദർശന സാധ്യതകൾ കൂടുതലായി പ്രയോജനപ്പെടുത്താവുന്നതാണ്.

<u>ജില്ല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ</u>

1. പ്രകൃതി വിഭവങ്ങളുടെ അമിതമായ ചൂഷണം
2. വനവിസ്തൃതി ജില്ലയിൽ കുറഞ്ഞു വരുന്നതിന്റെ ഫലമായി മഴ ലഭ്യത കുറവും വരൾച്ചയും പ്രകൃതി ക്ഷോഭവും മൃഗ സമ്പത്ത് കുറയുകയും ചെയ്യുന്നു.
3. കർഷകർക്ക് സുഗന്ധദ്രവ്യങ്ങൾ ശേഖരിച്ച് സൂക്ഷിച്ചു വെക്കുന്നതിനുള്ള ഗോഡൗണുകളുടെ കുറവ്
4. വന്യജീവി സങ്കേതത്തോട് ചേർന്നുള്ള എൽ.പി. സ്കൂളിലെ 11 കുട്ടികളിൽ 5 പേർക്ക് വന്യ ജീവികളിൽ കാണാറുള്ള മ്ലാവ് വട്ടൻ എന്ന സൂക്ഷ്മ ജീവിയുടെ ആക്രമണം
5. അടിസ്ഥാന സൗകര്യങ്ങളിലുള്ള പിന്നോക്കാവസ്ഥ
6. ഏറ്റവും കൂടുതൽ കൃഷി ചെയ്യുന്ന ഗ്രാമപഞ്ചായത്തുകളായ വട്ടവട, കാന്തല്ലൂർ എന്നിവിടങ്ങളിൽ ജലക്ഷാമം രൂക്ഷമാണ്.
7. മണ്ണൊലിപ്പ് വളരെ കൂടുതലാണ്.
8. ഏറ്റവും കൂടുതൽ പച്ചക്കറി കൃഷി ചെയ്യുന്ന ഗ്രാമ പഞ്ചായത്തുകളായ വട്ടവട, കാന്തല്ലൂർ, മറയൂർ എന്നിവിടങ്ങളിൽ ജലക്ഷാമം രൂക്ഷമാണ്. കൂടാതെ ഗതാഗത സൗകര്യം കുറഞ്ഞ നിരക്കിലുള്ള വായ്പാ സൗകര്യം , വിപണന സൗകര്യം എന്നിവയുടെ അഭാവത്തെ മറികടക്കാൻ സാധിച്ചാൽ കേരളത്തിനാവശ്യമായ മുഴുവൻ പച്ചക്കറിയും ലഭ്യമാക്കാവുന്നതാണ്.

3.ധനവിഭവങ്ങൾ

ആഭ്യന്തരവരുമാനം

ഇടുക്കി ജില്ലയുടെ ആകെ ആഭ്യന്തര വരുമാനം 2015-16 വർഷത്തിൽ 1931449 ലക്ഷം രൂപയാണ്. സംസ്ഥാനത്തിലെ ഏറ്റവും കുറവ് വളർച്ചാ നിരക്ക് ജില്ലയിലാണ് ആയത് 4.43 ശതമാനമാണ്. നികുതി വരുമാനം വർദ്ധിക്കുന്നതിനും ജില്ലയുടെ വരുമാനം വർദ്ധിക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വർദ്ധനവ് അത്യന്താപേക്ഷിതമാണ്.

വായ്പാ നിക്ഷേപ അനുപാതം

ഇടുക്കി ജില്ലയുടെ വായ്പ നിക്ഷേപ അനുപാതം 12109 ആണ്. വായ്പ അനുപാതത്തിൽ ഈ വർഷം ഇടുക്കി ജില്ലയ്ക്ക് രണ്ടാം സ്ഥാനമാണുള്ളത്. ഒന്നാം സ്ഥാനത്ത് വയനാട് ജില്ലയാണ്. വാണിജ്യ, ബാങ്ക് ശാഖകളുടെ എണ്ണം 173 മാത്രമാണ്. ഇത് കേരളത്തിലെ ഏറ്റവും കുറവ് ആയ രണ്ട് ജില്ലകളിൽ ഒന്നാണ്. ഏറ്റവും കുറവ് വയനാട് ആണ് 119. നിക്ഷേപത്തിന്റെ കാര്യത്തിൽ ആകെ നിക്ഷേപം.4073 കോടി രൂപയാണ്. എന്നാൽ ഏറ്റവും കുറഞ്ഞ നിക്ഷേപങ്ങളുടെ രണ്ടാമത്തെ ജില്ലയാണ് ഇടുക്കി. ഈ സാഹചര്യത്തിൽ ഡെപ്പോസിറ്റ്, സേവിംഗ്സ് നിക്ഷേപങ്ങളും വർദ്ധിപ്പിക്കേണ്ടതായുണ്ട്.

നിക്ഷേപം

ഇടുക്കി ജില്ലയുടെ നിക്ഷേപ സാധ്യതയുള്ള മേഖലകൾ പ്രധാനമായും കൃഷി, ടൂറിസം, ഹോട്ടൽ, റെസ്റ്റോറന്റ് ഉല്പന്ന നിർമ്മാണം എന്നിവയാണ്. ഇവയ്ക്ക് ആവശ്യമായ വായ്പ ലഭ്യമാകുന്നതിന് വാണിജ്യ ബാങ്കുകളുടെ എണ്ണം വർദ്ധിക്കേണ്ടതായും കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ കൃഷിക്കാർക്കും മറ്റ് സ്ഥാപനങ്ങൾക്കും നൽകേണ്ടതുണ്ട്. ചെറുകിട, മൈക്രോ സംരംഭങ്ങൾ കൂടുതലായി വളരുന്നതിനുള്ള സാഹചര്യം ഒരുക്കേണ്ടതുണ്ട്. കൂടാതെ പ്രധാന മേഖലകളായ കൃഷി, ടൂറിസം, ഉല്പന്ന നിർമ്മാണം എന്നിവയിൽ കൂടുതൽ നിക്ഷേപം വരേണ്ടതായുണ്ട്.

പ്രതിശീർഷ വരുമാനം

ഇടുക്കി ജില്ലയുടെ പ്രതിശീർഷ വരുമാനം 2015-16 വർഷത്തിൽ 119908

ഇടുക്കി ജില്ലയുടെ മൊത്തം ആഭ്യന്തര ഉത്പാദനം മേഖല തിരിച്ച്

ഇടുക്കി ജില്ലയുടെ മേഖല തിരിച്ചുള്ള മൊത്തം ആഭ്യന്തര ഉത്പാദനം 201314 മുതൽ 2015-16 വരെയുള്ളത് ഉൾപ്പെടുത്തിയിട്ടുണ്ട്. 2011-12 അടിസ്ഥാനത്തിൽ മൊത്തം സംയോജിത മൂല്യം നടപ്പു വിലയും സ്ഥിര വിലയും കാണിച്ചിരിക്കുന്നു. ഇതിൽ

പ്രാഥമിക മേഖലയുടെ മൊത്തം സംയോജിത മൂല്യം 2013-14 ൽ നടപ്പുവിലയിൽ 555592 ലക്ഷം രൂപയും 2015-16 വർഷത്തിൽ 645794 ലക്ഷം രൂപയും ആണ്. ദ്വദീയ മേഖലയുടെ ആകെ മൂല്യം 341630 ലക്ഷം രൂപ നടപ്പുവിലയും 290547 രൂപ സ്ഥിരവിലയുമാണ് .ത്രിതീയ മേഖലയുടെ 2013-14 വർഷത്തെ ആകെ മൂല്യം 765085 ലക്ഷം രൂപയും സ്ഥിര വിലയിൽ 659244 ലക്ഷം രൂപയുമാണ്. ഇത് 2015-16 ൽ ത്വരിത കണക്ക് അനുസരിച്ച് 944016 ലക്ഷം രൂപയും 728192 ലക്ഷം രൂപയുമാണ്.

ക്രമ നം	അദ്ധ്വാന ഉത്ഭവം	2013-14 നടപ്പു വിലയിൽ	2013-14 നടപ്പു വിലയിൽ	2014-15 (താല്ക്കാലികം) നടപ്പു വിലയിൽ	2014-15 (താല്ക്കാലികം) സ്ഥിരവിലയിൽ	2015-16 (ത്വരിതം) നടപ്പ് വിലയിൽ	2015-16 (ത്വരിതം) സ്ഥിരവിലയിൽ
1	കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും	545222	456871	649693	79111	623965	471910
2	വിളകൾ	320272	267957	416970	306912	392504	319614
3	കന്നുകാലി സമ്പത്ത്	128308	102351	138103	102750	125081	84750
4	വനവും വനസമ്പത്തും	89938	65961	9220	65215	102129	64861
5	മീൻപിടുത്തം	705	602	3400	2233	4251	2685
6	ഖനനവും കൽപ്പണിയും	10370	8871	20553	17590	21829	18682
ആകെ പ്രാഥമിക മേഖല		555592	465742	670246	496701	645794	4905931
1	ഉല്പന്ന നിർമ്മാണം	92369	83265	92700	81520	103656	93963
2	വൈദ്യുതി, ഗ്യാസ് ജലവിതരണം	25626	22563	17029	17679	27196	22354
3	വൈദ്യുതി, ഗ്യാസ് മറ്റുള്ളവ	23189	20351	16212	17241	26499	21800
4	ജലവിതരണം	2639	2212	617	638	607	554
5	നിർമ്മാണം	173977	151785	201583	65273	210779	174230
B. ദ്വിതീയ മേഖല ആകെ		292174	257613	311313	264671	341630	290547
1	വ്യാപാരം, ഹോട്ടൽ & റെസ്റ്റോറന്റ്	218405	103520	251637	197141	292961	213900
2	ഗതാഗതം സംഭരണം വാർത്താവിനിമയം	126550	114045	134289	116017	146358	120409
3	ബാങ്കിംഗും ഇൻഷുറൻസും	82051	75109	91672	83825	98010	89524
4	റിയൽ എസ്റ്റേറ്റ് ഉടമസ്ഥത, നിയമപരമായ	45638	40380	44843	37732	58055	46467

	ക്രയവിക്രയം						
5	പൊതുഭരണം	93176	78109	117163	91578	122647	89964
6	ഇതരസേവനങ്ങൾ	199265	168082	199039	157708	225967	168457
C. ത്രതീയ മേഖല ആകെ		765085	659244	838663	684001	944018	728192
1	മൊത്തം ജില്ലാ സംയോജിത മൂല്യം അടിസ്ഥാനവിലിൽ	1612852	1362600	1820222	1445373	1931443	1509331
2	ജസംഖ്യ (എണ്ണം)	1103969	1103969	1101974	1101974	1099962	1099982
3	പ്രതിശീർഷ വരുമാനം (രൂപയിൽ)	146096	125239	165178	131162	1755886	137214

പട്ടിക 2.1 : ഇടുക്കി ജില്ല അദ്ധ്വാന ഉത്ഭവം തിരിച്ചുള്ള മൊത്തം സംയോജിതമൂല്യം (അടിസ്ഥാന വില 2011-12) 2013-14 , 2014-15 (താത്ക്കാലികം) നടപ്പ്: 2015-16 (ത്വരിതം) നടപ്പ് വിലയിൽ , സ്ഥിരവിലയിൽ (ലക്ഷം രൂപയിൽ)

പട്ടികയിൽ ഓരോ മേഖലയുടെയും ആഭ്യന്തര ഉല്പാദനം (ശതമാനത്തിൽ) ജില്ലയുടെ പ്രാഥമിക മേഖലയുടെ പ്രാധാന്യം ദ്വിതീയ മേഖലയേക്കാൾ ഉയർന്നു നിൽക്കുന്നു. ഇത് സംസ്ഥാനത്തിന്റെ മേഖലാ വിതരണവുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

പട്ടിക-2.2: ഇടുക്കി ജില്ല അദ്ധ്വാന ഉത്ഭവം തിരിച്ചുള്ള മൊത്തം സംയോജിത മൂല്യം (അടിസ്ഥാന വില 2011-12) 2013-14, 2014-15 (താത്ക്കാലികം) നടപ്പ്, 2015-16 (ത്രിതീയം) നടപ്പ് വിലയിൽ, സ്ഥിര വിലയിൽ- ശതമാനത്തിൽ)

ക്രമ നം	അദ്ധ്വാന ഉത്ഭവം	2013-14 നടപ്പ് വിലയിൽ	2013-14 സ്ഥിര വിലയിൽ	2014-15 (താത്ക്കാലികം) നടപ്പുവിലയിൽ	2014-15 (താത്ക്കാലികം)	2015-16 (ത്വരിതം) നടപ്പ് വിലയിൽ	2015-16 (ത്വരിതം) സ്ഥിരവിലയിൽ
A. ആകെ പ്രാഥമിക മേഖല		34.44	33.66	36.62	34.36	33.43	32.50
B. ദ്വിതീയ മേഖല ആകെ		18.11	18.63	17.10	18.31	17.06	19.20

C. തൃതീയ മേഖല ആകെ	47.43	47.68	46.07	47.32	48.87	48.24
മൊത്തം ജില്ലാ സംയോജിത മൂല്യം അടിസ്ഥാന വിലയിൽ	100	100	100	100	100	100

ചിത്രം 2.1 -ഇടുക്കി ജില്ല (അദ്ധ്വാന ഉത്ഭവം തിരിച്ചുള്ള മൊത്തം സംയോജിത മൂല്യം (അടിസ്ഥാന വില 2011-12) 2013-14, 2014-15 (താത്ക്കാലികം) നടപ്പ് 2015-16 (ത്വരിതം) നടപ്പ് വിലയിൽ, സ്ഥിര വിലയിൽ, (ശതമാനത്തിൽ)



ചിത്രം 2.1 ഓരോ മേഖലയുടെയും ആഭ്യന്തര ഉല്പാദനവും ആകെ വിതരണമാണ് കാണിക്കുന്നതിന് ആകെ സംയോജിത മൂല്യത്തിൽ 201314 വർഷത്തിൽ പ്രാഥമിക മേഖലയുടെ സംഭാവന 34.44 ശതമാനമാണ് (നടപ്പുവിലയിൽ) ദ്വീതിയ മേഖലയുടെ സംഭാവന 18.11 ശതമാനം മാത്രമാണ്. ഇതെ വർഷത്തിൽ ആകെ ത്രിതീയ മേഖലയുടെ സംഭാവന 47.43 ശതമാനവുമാണ്. 2015-16 വർഷത്തിൽ (ത്വരിത കണക്ക്) നടപ്പു വിലയിൽ 33.43 ശതമാനം പ്രാഥമിക മേഖലയുടെ സംഭാവനയും 17.66 ശതമാനം ദ്വിതീയ മേഖലയുടെ സംഭാവനയും 48.87 ശതമാനം ത്രിതീയ മേഖലയുടേതുമാണ്. സ്ഥിര വിലയിൽ 2013-14 വർഷത്തിൽ പ്രാഥമിക, ദ്വിതീയ, ത്രിതീയ മേഖലകളുടെ സംഭാവന 33,68, 18.63, 47.66 എന്നീ ശതമാനത്തിലാണ്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി- വിഹിതം

4358 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഇടുക്കി ജില്ല, വടക്ക് അക്ഷാംശം $9^0 5'$നും $10^0 2'$നും ഇടയിലും കിഴക്ക് രേഖാംശം $76^0 37'$നും $77^0 25'$ നും ഇടയിൽ സ്ഥിതിചെയ്യുന്നു. ജില്ലയുടെ ആകെ വിസ്തൃതിയുടെ 45.47% സംരക്ഷിത വനങ്ങളും, മലകളും, മലഞ്ചെരിവുകളും, താഴ്‌വാരങ്ങളും, നിബിഡവനങ്ങളും ഉൾപ്പെടുന്നു. ജില്ലയുടെ തെക്ക് വടക്ക് ദൂരം 115 കി.മീറ്ററും കിഴക്ക് പടിഞ്ഞാറു ദൂരം 67 കി.മീറ്ററുമാണ്. വടക്ക് എറണാകുളം, കോയമ്പത്തൂർ ജില്ലകൾ, കിഴക്ക് തമിഴ്നാട്ടിലെ തേനി, ദിണ്ടുകൽ, തിരുപ്പൂർ ജില്ലകൾ, പടിഞ്ഞാറ് എറണാകുളം, കോട്ടയം ജില്ലകൾ, തെക്ക് പത്തനംതിട്ട ജില്ല എന്നിങ്ങനെയാണ് ജില്ലയുടെ അതിർത്തികൾ. 2000 മീറ്റർ ഉയരത്തിലുള്ള 14 കൊടുമുടികൾ ഇവിടെയുണ്ട്. ആനമല, ഇരവിമല, താത്തുമല, ചെന്താവര, കുമാരിക്കൽ, കരികുളം, ദേവിമല, പെരുമൾ, ഗുഡൂർ, കാമ്പുള, ദേവികുളം, അഞ്ചുനാട്, ശബരി മല, കരിമല എന്നിവയാണവ. ജില്ലയിലെ പ്രദേശങ്ങളെ സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരത്തിന്റെ അടിസ്ഥാനത്തിന്റെ 5 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നത് പട്ടിക 3.5 ലും ചിത്രം 3.13 ലും കൊടുത്തിരിക്കുന്നു.

ചിത്രം 3.13 : നിമ്നോന്നത സ്ഥിതി

20 മീറ്ററിനു മുതൽ 100 മീറ്റർ വരെ ഉയരത്തിലുള്ള ഇടനാട് പൂർണ്ണമായും തൊടുപുഴ താലൂക്കിന്റെ പടിഞ്ഞാറു ഭാഗത്തുള്ള തൊടുപുഴ നഗര സഭയും, സമീപ പഞ്ചായത്തുകളും ഉൾപ്പെടുന്നു. 100 മീറ്റർ മുതൽ 300 മീറ്റർ വരെ ഉയരത്തിലുള്ള മധ്യ ഉന്നതതടം ദേവികുളം താലൂക്കിന്റെ പടിഞ്ഞാറുഭാഗത്തും 300 മീറ്റർ മുതൽ 600 മീറ്റർ വരെ ഉയരത്തിലുള്ള പശ്ചിമഘട്ടമലയടിവാരം ദേവികുളം താലൂക്കിലും പീരുമേടു താലൂക്കിന്റെ പടിഞ്ഞാറു ഭാഗത്തും

തൊടുപുഴ താലൂക്കിലുമായി വ്യാപിച്ചുകിടക്കുന്നു. ഉയർന്ന പശ്ചിമഘട്ടമലനിരകൾ ദേവികുളം, ഉടുമ്പഞ്ചോല, പീരുമേട് താലൂക്കുകളിലായി വ്യാപിച്ചുകിടക്കുന്നു.

കാലാവസ്ഥ

ഇടുക്കി ജില്ല ഉഷ്ണമേഖലാ പ്രദേശത്തിന്റെ ഈർപ്പ അന്തരീക്ഷവും, ഉയർന്ന വർഷപാതവുമുള്ള പ്രദേശമാണ്. ഹൈറേഞ്ച് പ്രദേശങ്ങളിൽ തണുത്ത കാലാവസ്ഥയാണ് അനുഭവപ്പെടുന്നത്. ഇവിടെ താപനില നവംബർ-ജനുവരി മാസങ്ങളിൽ 15^0Cനും 22^0Cനും ഇടയിലും മാർച്ച് - ഏപ്രിൽ മാസങ്ങളിൽ 27^0C നും 32^0Cനും ഇടയിലുമാണ്. ലോറേഞ്ച് പ്രദേശങ്ങളിൽ ശരാശരി ഊഷ്മാവ് 27^0C ആണ്. ദേവികുളം താലൂക്കിലെ മൂന്നാർ പ്രദേശത്ത് നവംബർ - ഡിസംബർ മാസങ്ങളിൽ തണുപ്പ് -3^0Cവരെയാകുന്നു. ജൂൺ മുതൽ ആഗസ്റ്റ് വരെയുള്ള ഇടവപ്പാതിയും, ഒക്ടോബർ - നവംബർ മാസങ്ങളിൽ ലഭിക്കുന്ന തുലാവർഷവുമാണ് പ്രധാന മഴക്കാലങ്ങൾ. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്ഥതരം കാലാവസ്ഥയാണുള്ളത്. ജില്ലയിലെ ശരാശരി വർഷപാതം 250 cm. നും 425 cm. നും ഇടയിലാണ്. ദേവികുളം താലൂക്കിന്റെ പടിഞ്ഞാറൻ ഭാഗങ്ങളിൽ ചിലപ്പോൾ 500 cm. നും മുകളിൽ മഴ ലഭിക്കുന്നു. എന്നാൽ ജില്ലയുടെ കിഴക്കൻ, വടക്കു-കിഴക്കൻ പ്രദേശങ്ങളിൽ 100 cm. താഴെ മാത്രം മഴ ലഭിക്കുന്ന മഴ നിഴൽ പ്രദേശങ്ങളാണ്. മൂന്നാർ, പള്ളിവാസൽ, വെള്ളത്തൂവൽ മുതലായ സ്ഥലങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്.

മണ്ണ്

ഭൂപ്രകൃതിയും ഭൂഗർഭ സവിശേഷതകളും നിമ്നോന്നത സവിശേഷതകളും കൂടിചേർന്നു പ്രവർത്തിച്ചുവരുന്നതിന്റെ ഫലമായി വിവിധതരത്തിലുള്ള മണ്ണുകൾ ജില്ലയിൽ രൂപപ്പെട്ടിട്ടുണ്ട്. നല്ല മഴ ലഭിക്കുന്നതും നീർവാർച്ചയുള്ളതുമായ പ്രദേശമാണ് ഇടുക്കി ജില്ല. പ്രകൃതി പ്രതിഭാസങ്ങളുടേയും ആവർത്തനകൃഷിയുടേയും ഫലമായി മണ്ണിന്റെ ഘടനയിൽ മാറ്റം വന്നിട്ടുണ്ട്.

താഴെ ചേർക്കുന്ന പട്ടികയിൽ ജില്ലയിലെ ഓരോ ഭൂപ്രദേശത്തും കണ്ടുവരുന്ന പ്രധാന മണ്ണിനങ്ങൾ, മണ്ണിന്റെ പ്രത്യേകതകൾ എന്നിവ കൊടുത്തിരിക്കുന്നു.

ഭൂപ്രദേശം	മണ്ണിനം	സവിശേഷതകൾ
ഇടനാട്	മണക്കാട്	നല്ല നീർവാർച്ചയുള്ളതും താഴ്ചയുള്ളതുമായ മഞ്ഞകലർന്ന ചുവപ്പു നിറത്തോടെയുള്ളതും, പശിമരാശി മേൽമണ്ണും, കളിമണ്ണുകലർന്ന അടി മണ്ണോടുകൂടിയതും, ചെറിയതോതിൽ ചരൽ കലർന്നിട്ടുള്ളതുമായ മണ്ണ്.

	കരിങ്കുന്നം	കൂടിയ നീർവാർച്ചയുള്ളതും, മഞ്ഞകലർന്ന ചുവപ്പു നിറത്തോടുകൂടിയതും, ചരൽ സാമാന്യമായി കലർന്നതുമായ, പശിമരാശി മേൽ മണ്ണോടും, കളിമണ്ണ് ചേർന്ന അടി മണ്ണോടും, കൂടിയ താഴ്ചയുള്ള മണ്ണ്. ഇതിൽ അപഭ്രംശം സംഭവിച്ചുകൊണ്ടിരിക്കുന്ന ഉരുളൻകല്ലുകൾ മേൽനിരപ്പിൽ നിന്നും ഏകദേശം 80 സെ.മീ. താഴ്ചയിൽ കണ്ടുവരുന്നു.
	പുറപ്പുഴ	നീർവാർച്ച കുറഞ്ഞതും, നല്ല താഴ്ചയുള്ളതുമായ, എക്കൽ മണ്ണ്, സാധാരണയായി പാടങ്ങളിൽ കുറഞ്ഞുവരുന്നു. ഇരുണ്ട തവിട്ടുനിറവും കാണുന്നു. മണലും കളിമണ്ണും കലർന്ന രചന.
മിഡ് അപ് ലാന്റ്, 100 - 300 മീറ്റർ ചരിവ് 10-25%	ചീനിക്കുഴി	വർദ്ധിച്ച നീർവാർച്ചയുള്ള 75 സെ.മീറ്ററിൽ അധികം താഴ്ചയുള്ള ചുവപ്പുകലർന്ന തവിട്ടുനിറത്തോടുകൂടിയ കളിമണ്ണ് കലർന്ന പശിമരാശി മണ്ണ്. 90 സെ.മീറ്ററിൽ താഴെയുള്ള ഭാഗത്ത് 50 മുതൽ 75 ശതമാനം വരെ അപഭ്രംശം സംഭവിച്ചു കൊണ്ടിരിക്കുന്ന പാറയുടെ ഭാഗങ്ങൾ കാണാം, തുടർന്ന് പാറയുടെ സ്വഭാവം അടിയിലേയ്ക്കു കാണിക്കുന്നു.
	മുള്ളരിങ്ങാട്	നല്ല നീർവാർച്ചയുള്ളതും, നല്ല താഴ്ചയുള്ളതുമായ ഇരു തവിട്ടു നിറത്തിലുള്ള കളിമണ്ണും ചെറിയ തോതിൽ മണൽ തരികളും കലർന്ന മണ്ണ് ചില സന്ദർഭങ്ങളിൽ ഇളംമഞ്ഞ കലർന്ന തവിട്ടു നിറവും കാണാറുണ്ട്.
അപ് ലാന്റ്, 300-600 മീ. ചരിവ് 30-60%	തൊമ്മൻകുത്ത്	നല്ല നീർവാർച്ചയുള്ളതും, നല്ല താഴ്ചയുള്ളതുമായ, കറുപ്പുകലർന്നതോ ഇളം മഞ്ഞ കലർന്നതോ ആയ ചുവപ്പ് മണ്ണും മലമ്പ്രദേശങ്ങളിൽ കാണുന്നു.
	പെരിങ്ങാശ്ശേരി	നല്ല നീർവാർച്ചയുള്ളതും 75 സെ.മീറ്ററിനുമേൽ താഴ്ച വരുന്നതും, ഇരുണ്ട ചെമപ്പു കലർന്ന തവിട്ടു നിറമോ, മഞ്ഞ കലർന്ന ചുവപ്പു നിറമോ ഉള്ളതായ മണൽ ചെറിയ തോതിൽ കലർന്ന പശിമരാശി മണ്ണ്, അപഭ്രംശം സംഭവിച്ചുകൊരിക്കുന്നതുമായ കല്ലുകൾ 75 സെ.മീറ്ററിൽ താഴെയുള്ള ഭാഗത്ത് 70 മുതൽ 80% വരെ കണ്ടു വരുന്നു. ചിലയിടങ്ങളിൽ പാറക്കല്ലുകൾ മണ്ണിനു മുകളിൽ തന്നെ കാണാം.
ഹൈറേഞ്ച്, 600-1200 മീ. (മറയൂർ ഭാഗം ഒഴികെ) ചരിവ് 30%-50%	വെൺമണി	നല്ല നീർവാർച്ചയുള്ളതും നല്ല താഴ്ചയുള്ളതുമായ ചരൽ കലർന്ന, മലമ്പ്രദേശങ്ങളിൽ കാണുന്നതും ചുവപ്പു കലർന്നതും തവിട്ടു നിറത്തിലോ, ചുവപ്പുനിറത്തിലോ ഉള്ളതും ആയ കളിമണ്ണു കലർന്ന പശിമരാശി മണ്ണ്.
	അടിമാലി	നല്ല നീർവാർച്ചയുള്ള കുന്നുകളിലേയും മലകളിലേയും ചരൽ കലർന്ന മണ്ണ്. 75 സെ.മീറ്ററിൽ കൂടുതൽ താഴ്ചയുണ്ട്. ഇരുണ്ട തവിട്ടു നിറമോ, മഞ്ഞ കലർന്ന ചുവപ്പു നിറമോ ആയിരിക്കും. അപഭ്രംശം വന്നുകൊണ്ടിരിക്കുന്ന പാറകളും, വെട്ടുകല്ലിന്റെ അംശവും കാണുന്നു. ചരലും മണലും കലർന്ന, കളിമണ്ണ് പശിമരാശി മണ്ണും ഇതിൽപ്പെടുന്നു.

	പാമ്പാടുംപാറ	നല്ല നീർവാർച്ചയുള്ളതും നല്ല താഴ്ചയുള്ളതുമായ മലമ്പ്രദേശങ്ങളിലെ മണ്ണ് ഇരുണ്ട ചുവപ്പു കലർന്ന തവിട്ടുനിറത്തിലുള്ള കളിമണ്ണ്.
മറയൂർ, മഴ നിഴൽ പ്രദേശം 900-1200 മീ.	കട്ടപ്പന	നല്ല നീർവാർച്ചയുള്ളതും നല്ല താഴ്ചയുള്ളതുമായ മലമ്പ്രദേശങ്ങളിലെ മണ്ണ്. ഇരുണ്ട ചാരനിറം കലർന്ന തവിട്ടു നിറമോ, മഞ്ഞ കലർന്ന ചുവപ്പു നിറമോ ആയിരിക്കും. അപഭ്രംശം സംഭവിച്ചുകൊിരിക്കുന്ന പാറക്കല്ലുകൾ മണ്ണിൽ 100 സെന്റീ മീറ്റർ താഴ്ച കഴിഞ്ഞാൽ കുറവ് വരുന്നു.
ഉയർന്ന മലനിര, 1200 മീറ്ററിനു മുകളിൽ	കുമ്മിട്ടാൻകുഴി	നീർവാർച്ച കുറഞ്ഞതും, താഴ്ന്ന പ്രദേശങ്ങളിൽ കാണുന്നതുമായ എക്കൽ ചേർന്ന മണ്ണ്, ഇരുണ്ട മഞ്ഞ നിറത്തോടുകൂടിയ തവിട്ടുനിറമോ, ചുവപ്പു കലർന്ന തവിട്ടുനിറമോ ആയിരിക്കും. മണൽ കലർന്നതും കളികലർന്നതുമായ മണ്ണ്.
	ആനമുടി	ചരിവ് 20-70% നല്ല നീർവാർച്ചയുള്ളതും താഴ്ചയുള്ളതുമായ വനത്തിൽ കാണുന്ന മണ്ണ് ഇരു ചുവപ്പുകലർന്ന തവിട്ടുനിറം, അല്ലെങ്കിൽ ചുവപ്പുകലർന്ന മഞ്ഞനിറം, കളിമണ്ണ് അപഭ്രംശം സംഭവിച്ചുകൊിരിക്കുന്ന പാറക്ഷണങ്ങൾ 100-125 സെ.മീ. താഴ്ചയിൽ 30-40% വരെ കാണുന്നു.
	കാന്തല്ലൂർ	നീർവാർച്ചയുള്ള മലകളിലെ നല്ല താഴ്ചയുള്ള, ഇരുണ്ട മഞ്ഞ കലർന്ന തവിട്ടു നിറത്തിലും, തവിട്ടുനിറത്തിലുമുള്ള മണൽ കലർന്നതായ പശിമരാശി മണ്ണ്.
	ചിന്നാർ	താഴ്ച കുറഞ്ഞതും, ഇരുണ്ട ചുവപ്പുകലർന്ന തവിട്ടു നിറത്തിലോ, ചുവപ്പു കലർന്ന തവിട്ടു നിറത്തിലോ ആയ, മണൽ കലർന്ന പശിമരാശി മണ്ണ്, പാറക്കല്ലുകൾ മണ്ണിനു മുകളിൽ പലയിടങ്ങളിലും കാണാം.

നദികൾ

കേരളത്തിലെ ഏറ്റവും നീളം കൂടിയ നദിയായ പെരിയാർ, പാമ്പാർ എന്നിവയാണ് ഇടുക്കി ജില്ലയിലെ പ്രധാന നദികൾ. ഏഷ്യയിലെ ഏറ്റവും വലിയ കമാന അണക്കെട്ടായ ഇടുക്കിഡാം പെരിയാർ നദിക്ക് കുറുകെയുള്ള കുറവൻ, കുറത്തി മലകൾക്കിടയിൽ സ്ഥിതിചെയ്യുന്നു. പെരിയാർ, ജില്ലയുടെ തെക്കുകിഴക്കു ഭാഗത്തുള്ള ശിവഗിരികുന്നുകളിൽ നിന്ന് ഉത്ഭവിക്കുന്നു. വൈദ്യുതിക്കും കൃഷിക്കുമായി നിരവധി അണക്കെട്ടുകൾ പെരിയാർ നദിക്കു കുറുകെ നിർമ്മിച്ചിട്ടുണ്ട്. മുല്ലപ്പെരിയാർ അണക്കെട്ട്, ലോവർ പെരിയാർ, ഭൂതത്താൻകെട്ട് അണക്കെട്ട് മുതലായവ പെരിയാറിനു കുറുകെയുള്ള അണക്കെട്ടുകളാണ്. കുണ്ടള, ആനയിറങ്കൽ, പൊന്മുടി, കല്ലാർകുട്ടി മുതലായവ പെരിയാറിന്റെ പോഷകനദികളിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള അണക്കെട്ടുകളാണ്. ഇരവികുളം, ദേവികുളം തടാകങ്ങൾ, എന്നിവ ജില്ലയിലെ പ്രകൃതിദത്ത തടാകങ്ങളാണ്. മഴക്കാലത്ത് മലമുകളിൽ നിന്നും താഴേക്കൊഴുകുന്ന ചെറിയ നദികളിലെല്ലാം തന്നെ നിരവധി വെള്ളച്ചാട്ടങ്ങൾ രൂപം കൊണ്ടിട്ടുണ്ട്. ചീയപ്പാറ, അഞ്ചുരുളി, തൊമ്മൻകുത്ത്, വാളറ, വാഗമൺ മുതലായവ ജില്ലയിലെ പ്രധാന

വെള്ളച്ചാട്ടങ്ങളാണ്. കൂടാതെ ധാരാളം ആറുകളും കൈത്തോടുകളും, കുഞ്ഞരുവികളും, നീർച്ചാലുകളും ജില്ലയിലുണ്ട്.

ജൈവവൈവിധ്യം

ഇന്ത്യയിലെ ജൈവവൈവിധ്യ മേഖലയായ പശ്ചിമഘട്ട മലനിരകളുടെ സംരക്ഷണത്തിനായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 13.11.2013 ൽ പുറത്തിറക്കിയ കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ കരട് വിജ്ഞാപനപ്രകാരമുള്ള പരിസ്ഥിതിലോല പ്രദേശങ്ങളായ 123 വില്ലേജുകളിൽ ഇടുക്കി ജില്ലയിലെ 47 വില്ലേജുകളും ഉൾപ്പെടുന്നു. വൈവിധ്യപൂർണ്ണമായ ജൈവസമ്പത്തുകൊണ്ട് അനുഗ്രഹീതമായ ഇടുക്കി ജില്ലയിൽ ഈട്ടി, തേക്ക്, ആഞ്ഞിലി, ചന്ദനം, തുടങ്ങിയ വൃക്ഷങ്ങളും കാട്ടുപോത്ത്, ആന, മുള്ളൻപന്നി, കേഴ, മലയണ്ണാൻ, മ്ലാവ് എന്നിങ്ങനെയുള്ള മൃഗങ്ങളും മലമുഴക്കി വേഴാമ്പൽ, മൈന, തത്ത, മലമ്പ്രാവ്, എന്നീ പക്ഷികളും 1000 ൽ പരം ഷഡ്പദങ്ങളും, 200 മുതൽ 300 വരെ വിഭാഗത്തിലുള്ള പന്നൽ ചെടികളും 3780 ൽ പരം പുഷ്പിക്കുന്ന സസ്യങ്ങളും കാണപ്പെടുന്നു. ഇരവികുളം സംരക്ഷിതമേഖലയിൽ കാണപ്പെടുന്ന 12 വർഷത്തിലൊരിക്കൽ മാത്രം പൂക്കുന്ന നീലക്കുറിഞ്ഞി, കൂടാതെ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വരയാടുകൾ, മറയൂർ ചന്ദനക്കാടുകൾ മുതലായവയൊക്കെ ഇടുക്കിയുടെ മാത്രം സമ്പത്താണ്. എന്നാൽ വനനശീകരണം, പരിസ്ഥിതി മലിനീകരണം, അമിതവിഭവശോഷണം, കളനാശിനികളുടെയും കീടനാശിനികളുടെയും അമിതമായ ഉപയോഗം ഇവയൊക്കെ ജൈവവൈവിധ്യ വ്യവസ്ഥ നേരിടുന്ന ഭീഷണികളാണ്.

ജില്ലയെ മൂന്ന് ജൈവമേഖലകളാക്കി തരം തിരിക്കാവുന്നതാണ്.

ജൈവമേഖലകൾ

മേഖല -1: മൂവാറ്റുപുഴ, പാമ്പാർ, മണിമല നദീതട പ്രദേശങ്ങളിൽപ്പെടുന്ന നിമ്നോന്നത ഭൂമിയാണിത്. കുമളി (ഭാഗീകം), പീരുമേട് (ഭാഗീകം), പെരുവന്താനം, കൊക്കയാർ, ഏലപ്പാറ(ഭാഗീകം), അറക്കുളം(ഭാഗീകം), വട്ടവട(ഭാഗീകം), വണ്ണപ്പുറം, കുടയത്തൂർ, മുട്ടം, മണക്കാട്, പുറപ്പുഴ, തൊടുപുഴ മുനിസിപ്പാലിറ്റി, ഉടുമ്പന്നൂർ, ആലക്കോട്, കോടിക്കുളം, വാഴത്തോപ്പ്, കരിങ്കുന്നം എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്നു.

മേഖല -2: പെരിയാർ നദീതട പ്രദേശങ്ങളിൽ പെടുന്ന വലിയ ചെരുവുകളോടുകൂടിയ മലമ്പ്രദേശം. കുമളി (ഭാഗീകം), വണ്ടിപെരിയാർ, ചക്കുപള്ളം, പീരുമേട് (ഭാഗീകം), വണ്ടൻമേട്, കരുണാപുരം, ഇരട്ടയാർ, പാമ്പാടുംപാറ, നെടുംങ്കണ്ടം, കട്ടപ്പന, ഏലപ്പാറ (ഭാഗീകം), ഉപ്പുതറ, കാഞ്ചിയാർ, അറക്കുളം (ഭാഗീകം), മരിയാപുരം, കൊന്നത്തടി, വാത്തിക്കുടി, ഇടുക്കി, കഞ്ഞിക്കുഴി, വെള്ളത്തൂവൽ, ബൈസൺവാലി, മൂന്നാർ (ഭാഗീകം), പള്ളിവാസൽ, കുട്ടമ്പുഴ, അടിമാലി, രാജാക്കാട്, രാജകുമാരി, ശാന്തമ്പാറ, ഉടുമ്പൻചോല, ചിന്നക്കനാൽ, ഇടുക്കി ടൗൺഷിപ്പ്, അയ്യപ്പൻകോവിൽ പഞ്ചായത്തുകൾ.

മേഖല -3: പാമ്പാർ നദീതട പ്രദേശത്ത് വരുന്ന നിമ്നോന്നത പ്രദേശം. കാന്തല്ലൂർ, വട്ടവട, മൂന്നാർ (ഭാഗീകം), മറയൂർ പഞ്ചായത്തുകൾ.

ജില്ലയിലെ നിമ്നോന്നത സ്ഥിതി (ചരിവ്)

40 മീ.മുതൽ 2695 മീ. ഉയരം വരെയുള്ള ജില്ലയുടെ ഭൂപ്രകൃതിയുടെ പ്രവർത്തന സ്വഭാവവും സാധ്യമായ പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിനും പ്രദേശങ്ങളുടെ ചരിവ് മനസ്സിലാക്കുകയും ഈ ചരിവിന്റെ അടിസ്ഥാനത്തിൽ പ്രദേശങ്ങളെ തരം തിരിച്ചിരിക്കുകയും ചെയ്തിരിക്കുന്നു. കോണ്ടൂർ മാപ്പുകൾ ഉപയോഗിച്ചാണ് ഭൂമിയുടെ ചരിവ് മനസ്സിലാക്കിയിരിക്കുന്നത്. ഇത്തരത്തിൽ തരം തിരിച്ചിരിക്കുന്ന വിവിധ പ്രദേശങ്ങളും അവയിൽ സാധ്യമായ പ്രവർത്തനങ്ങളും പട്ടിക 3.6 -ൽ കൊടുത്തിരിക്കുന്നു.

ഭൂമിയുടെ ചെരിവ്	പ്രവർത്തന സ്വഭാവം
0^0-15^0	മനുഷ്യ ആവാസവ്യവസ്ഥയ്ക്ക് അനുയോജ്യം
15^0-30^0	കൃഷിക്ക് അനുയോജ്യം
30^0-50^0	ഹോൾട്ടികൾച്ചറിന് അനുയോജ്യം
50^0 കൂടുതൽ	വനപ്രദേശം, മറ്റുവികസനങ്ങൾക്ക് അനുയോജ്യമല്ലാത്ത പ്രദേശങ്ങൾ

പട്ടിക 3.6: സാധ്യമായ പ്രവർത്തനങ്ങൾ

ഇടുക്കി ജില്ലയിലെ 0^0 ക്കും 15^0 ക്കും ഇടയിലുള്ള ഏറ്റവും ചെറിയ ചരിവുള്ള പ്രദേശങ്ങൾ ജില്ലയുടെ പടിഞ്ഞാറ് ഭാഗത്തുള്ള ലോറേഞ്ച് പ്രദേശങ്ങളായ തൊടുപുഴ നഗര സഭയും സമീപ പഞ്ചായത്തുകളുമാണ്. ജില്ലയിലെ നിമ്നോന്നത സ്ഥിതി വിലയിരുത്തിയാൽ ജനവാസ യോഗ്യമല്ലാത്ത ഒരു പഞ്ചായത്തും ഇല്ല എന്ന് മനസ്സിലാക്കാം. കൂടാതെ കൃഷിക്ക് അനുയോജ്യമായ 15^0 - 30^0 ചെരിവുള്ള ഭൂപ്രദേശങ്ങൾ ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലുമുണ്ട്. ഹോർട്ടി കൾച്ചറിന് അനുയോജ്യമായ 30^0 - 50^0 ചെരിവ് ഉള്ള പ്രദേശങ്ങൾ ജില്ലയുടെ തെക്കുഭാഗത്തുവരുന്ന കൊക്കയാർ, പീരുമേട്, പെരുവന്താനം പഞ്ചായത്തുകളിലും കുമളി പഞ്ചായത്തിന്റെ തെക്കുകിഴക്ക് ഭാഗങ്ങളിലുമാണ് കൂടുതലായുള്ളത്. ചെരിവ് 50^0 കൂടുതലുള്ളത് ജില്ലയുടെ വടക്ക് ഭാഗത്തുള്ള മാങ്കുളം, ഇടമലക്കുടി, മറയൂർ, കാന്തല്ലൂർ, വട്ടവട, മൂന്നാർ, ദേവികുളം പഞ്ചായത്തുകളിലാണ്. ഈ പഞ്ചായത്തുകളിൽ ചെരിവ് 50^0 ൽ കൂടുതലാണെങ്കിലും ഇവിടെ മനുഷ്യ ആവാസവ്യവസ്ഥയ്ക്കും, കൃഷിയ്ക്കും, ഹോർട്ടികൾച്ചറിനും അനുയോജ്യമായ പ്രദേശങ്ങളും ഉണ്ട് എന്നു കാണുന്നു. ജില്ലയുടെ ചരിവ് ചിത്രം 7.2 ൽ കാണിച്ചിരിക്കുന്നു

അനുമാനം

ഇടുക്കി ജില്ലയെ സംബന്ധിച്ചിടത്തോളം കൃഷിക്ക് പ്രാമുഖ്യം കൂടുതലുള്ളതിനാലും, ഭൂമിയുടെ ചരിവ് കൂടുതലുള്ള മലയോര പ്രദേശങ്ങൾ ഉള്ളതിനാലും പ്രകൃതിക്ഷോഭം, മണ്ണൊലിപ്പ്, ഉരുൾപൊട്ടൽ എന്നിവയുടെ സാധ്യതകൾ കൂടി കണക്കിലെടുത്ത് അടിസ്ഥാന പ്രകൃതി വിഭവങ്ങളായ മണ്ണിന്റെയും, ജലത്തിന്റെയും ജൈവസമ്പത്തിന്റെയും സംരക്ഷണത്തിലൂടെ ഭൂമിയുടെ കാര്യക്ഷമതക്കനുസരിച്ച് ശാസ്ത്രീയമായ ഭൂവിനിയോഗവും കൃഷിരീതികളും സ്വീകരിക്കേണ്ടത് അനിവാര്യമാണ്. കൃഷിക്കും, ഹോർട്ടികൾച്ചറിനും അനുയോജ്യമായ പ്രദേശങ്ങൾ ജില്ലയിൽ കൂടുതലായതിനാൽ പച്ചക്കറികൃഷി, ഔഷധസസ്യകൃഷി, പൂകൃഷി, കാർഷിക നേഴ്സറികൾ എന്നിവയുടെ പ്രവർത്തനങ്ങൾ കൂടുതൽ പരിപോഷിപ്പിക്കുന്നതിനു സാധിക്കും. മണ്ണൊലിപ്പ് തടയുന്നതിനാവശ്യമായ കല്ല് കയ്യാല, മൺ കയ്യാല എന്നിവയുടെ നിർമ്മാണവും കോണ്ടൂർ ട്രഞ്ചുകൾ, സസ്യതടയണകൾ ഇവയുടെ നിർമ്മാണവും നടപ്പിലാക്കാവുന്നതാണ്.

പ്രകൃതിവിഭവങ്ങളുടെ സുസ്ഥിരമായ വികസനവും, ഉപയോഗവും, പാരിസ്ഥിതിക സന്തുലനാവസ്ഥയും സാദ്ധ്യമാക്കികൊണ്ടുള്ള വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കാവുന്നതാണ്.

റോഡ് ശൃംഖല - വികസന സങ്കൽപം

മറ്റ് ജില്ലകളുമായും അന്യ സംസ്ഥാനങ്ങളുമായും ബന്ധിപ്പിക്കുന്ന ദേശീയപാതകളും സംസ്ഥാനപാതകളും ഏതൊരു ജില്ലയെ സംബന്ധിച്ചിടത്തോളവും വളരെ പ്രധാനപ്പെട്ട റോഡുകളാണ്. വികസനസോണുകളെയും പ്രധാന കവലകളെയും അധിവാസകേന്ദ്രങ്ങളെയും ബന്ധിപ്പിക്കുന്നതിനുവേണ്ടി ആസൂത്രണം ചെയ്തിട്ടുള്ള ഭാവി ഗതാഗതശൃംഖലയിൽ ദേശീയ സംസ്ഥാനപാതകൾ, പ്രാഥമിക റോഡ്, ദ്വിതീയ റോഡ്, തൃതീയ റോഡ് എന്നിവയാണുള്ളത്. വികസന സങ്കൽപം അനുസരിച്ച് ജില്ലയിലെ ഒന്നാം ക്രമമുള്ള അധിവാസകേന്ദ്രങ്ങളേയും കവലകളേയും ബന്ധിപ്പിക്കുന്ന മേജർ റോഡുകൾ ഉൾപ്പെടുന്നതാണ് പ്രാഥമിക റോഡുകൾ. രണ്ടാം ക്രമമുള്ള അധിവാസകേന്ദ്രങ്ങളേയും കവലകളേയും ഒപ്പം ഒന്നാംക്രമകവലകളേയും ബന്ധിപ്പിക്കുന്ന സബ്മേജർ റോഡുകൾ ഉൾപ്പെടുന്നതാണ് ദ്വിതീയ റോഡുകൾ. താഴ്ന്ന ക്രമം ഉള്ള അധിവാസകേന്ദ്രങ്ങളെ തമ്മിൽ പരസ്പരവും, ഒന്നും രണ്ടും ക്രമം കവലകളുമായും ബന്ധിപ്പിക്കുന്ന മറ്റെല്ലാ മൈനർ റോഡുകളും തൃതീയ റോഡുകളാണ്. പ്രാഥമികറോഡുകൾക്ക് 21 മീ. വീതിയും ദ്വിതീയ റോഡുകൾക്ക് 16 മീ. വീതിയും തൃതീയ റോഡുകൾക്ക് 12 മീ. വീതിയുമാണ് നിർദ്ദേശിക്കുന്നത്. മേൽപറഞ്ഞ എല്ലാത്തരം റോഡുകളും ഉൾപ്പെടുന്ന ഗതാഗത ശൃംഖല ചിത്രം 3.14ൽ കാണിച്ചിരിക്കുന്നു.കൂടുതൽ വിശദാംശങ്ങളും സ്ഥിതിവിവരക്കണക്കുകളും ഗതാഗതം എന്ന അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.



ചിത്രം 3.14: ഇടുക്കി ജില്ലയുടെ വിഭാവന റോഡ് ശൃംഖല

അനുമാനം

- ഇടുക്കി ജില്ലയിൽ പൊതുവെ മെച്ചപ്പെട്ട രീതിയിലുള്ള റോഡ് ഗതാഗത സൗകര്യങ്ങൾ ലഭ്യമാണ്.
- പ്രധാന സ്ഥലങ്ങൾ കേന്ദ്രീകരിച്ച് നല്ല ബസ് ടെർമിനലുകൾ സ്ഥാപിക്കേണ്ടത് ടൂറിസ വികസനത്തിന് അത്യന്താപേക്ഷിതമാണ്.
- നിലവിലുള്ള റോഡുകൾ സാധ്യമായവ വീതി കൂട്ടിയും കാലാകാലങ്ങളിൽ യഥാസമയം അറ്റകുറ്റപ്പണി നടത്തിയും സംരക്ഷിച്ചാൽ സുഗമമായ ഗതാഗതം ഉറപ്പുവരുത്തുന്നതിനും റോഡപകടങ്ങൾ ഗണ്യമായി കുറക്കുന്നതിനും സാധിക്കും.
- ഗതാഗത സൗകര്യങ്ങൾ ലഭ്യമല്ലാത്ത സങ്കേതങ്ങളിലും ഊരുകളിലും ഗതാഗത യോഗ്യമായ റോഡ് ഉണ്ടാക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തുകളും വനം വകുപ്പും പ്രഥമപരിഗണന നൽകേണ്ടതാണ്.
- ഹൈറേഞ്ചിലെ ആദ്യകാല കുടിയേറ്റ പാതയായ ഉടുമ്പന്നൂർ- കൈതപ്പാറ- മണിയാറൻകുടി- ഇടുക്കി റോഡ് ഗതാഗതയോഗ്യമാക്കിയാൽ ജില്ലയിലെ ടൂറിസത്തിനും അതിലുപരി വാഴത്തോപ്പ് പഞ്ചായത്തിലെ പെരുങ്കാല, മുക്കണ്ണൻകുടി, മണിയാറൻകുടി എന്നീ ആദിവാസി മേഖലകൾക്കും കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിലെ മക്കുവള്ളി, കൈതപ്പാറ പ്രദേശങ്ങളിലെ ആദിവാസിമേഖലകൾക്കും പ്രയോജനം ചെയ്യും. റോഡ് വനമേഖലയിൽ കൂടിയായതിനാൽ ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതി ആവശ്യമാണ്.
- കുളമാവിൽ നിന്ന് അയ്യപ്പൻകോവിലേക്ക് ഇടുക്കി ജലസംഭരണിയിൽകൂടി ബോട്ട് സർവ്വീസ് നടത്തുന്നത് ടൂറിസത്തിന്റെ വളർച്ചയ്ക്കും റോഡ് മാർഗ്ഗമുള്ള യാത്രയുടെ സമയ ദൈർഘ്യം കുറക്കുന്നതിനും ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും സഹായിക്കും. ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതി ആവശ്യമാണ്.
- പഴയ ആലുവ- മൂന്നാർ റോഡ് (കോതമംഗലം- വടാട്ടുപാറ- വലിയപാറക്കുടി- ലക്ഷ്മി എസ്റ്റേറ്റ്- മൂന്നാർ റോഡ്) യാഥാർത്ഥ്യമായാൽ ടൂറിസം മേഖലയ്ക്ക് ഗുണകരമാകും.
- ടൂറിസത്തിന് അനന്തസാധ്യതകളുള്ള ജില്ലയായതിനാൽ ഇടുക്കി, മൂന്നാർ, തേക്കടി, വാഗമൺ എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് റയിൽ, വ്യോമ ഗതാഗത സാധ്യതകൾ തേടുന്നത് ഉചിതമായിരിക്കും.
- പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ റോപ്‌വേക്കുള്ള സാധ്യതയും പരിഗണിക്കപ്പെടേണ്ടതാണ്.

വികസന ശ്രേണിയിലെ ക്രമം

അധിവാസ കേന്ദ്രങ്ങളുടെ (അതായത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ) ക്രമം അവിടെ ലഭ്യമായ സൗകര്യങ്ങളുടെ എണ്ണത്തിന്റെയും രീതികളുടെയും അടിസ്ഥാനത്തിൽ നിശ്ചയിക്കുകയാണിവിടെ. അവയുടെ സ്ഥലപരമായ പ്രാധാന്യത്തിന്റെ അടിസ്ഥാനത്തിൽ വരും കാലത്തെ ക്രമം കണ്ടെത്താൻ ഇവിടെ ശ്രമിക്കുന്നു.

അധിവാസ കേന്ദ്രങ്ങളുടെ നിലവിലുള്ള ക്രമം

അധിവാസ കേന്ദ്രങ്ങളുടെ ക്രമം കത്തെുന്നതിന് സഞ്ചിത പ്രവർത്തന സൂചക (Composite functional Index- CFI) രീതിയാണ് ഉപയോഗിക്കുന്നത്. ഒരു അധിവാസകേന്ദ്രത്തിലെ താഴെ പറയുന്ന തരം സൗകര്യങ്ങളുടെ എണ്ണവും സാന്നിധ്യവും ആസ്പദമാക്കിയാണ് ആ അധിവാസകേന്ദ്രത്തിന്റെ സഞ്ചിത നിർവഹണ സൂചകം കണക്കാക്കുന്നത്.

1. വിദ്യാഭ്യാസ സൗകര്യങ്ങൾ
2. ഗതാഗത സൗകര്യങ്ങൾ
3. ആരോഗ്യ സൗകര്യങ്ങൾ
4. ഭൗതികമായ അടിസ്ഥാന സൗകര്യങ്ങൾ
5. ചന്തകൾ,വാണിജ്യകേന്ദ്രങ്ങൾ
6. കാർഷിക മേഖലയിലെയും അനുബന്ധ മേഖലകളിലേയും സൗകര്യങ്ങൾ

മുകളിൽ സൂചിപ്പിച്ച ഓരോ സൗകര്യങ്ങൾക്കും ജില്ലയിലുള്ള വെയിറ്റേജ് അടിസ്ഥാനമാക്കി കണക്കാക്കിയ സൂചകം അനുബന്ധം 8.1 ൽ നൽകിയിരിക്കുന്നു. അധിവാസ കേന്ദ്രങ്ങളുടെ ക്രമം നിശ്ചയിക്കുന്നതിന് ഓരോ അധിവാസകേന്ദ്രത്തിനും അനുസൃതമായ സൂചകം അതിനു നേർക്ക് ഗ്രാഫിൽ രേഖപ്പെടുത്തുന്നു. അപ്രകാരം രേഖപ്പെടുത്തിയ ഗ്രാഫ് ചിത്രം 8.1 ൽ കാണിച്ചിരിക്കുന്നു.

[Note- weightage of a facility = Total No. of settlements/No. of settlements having that facility. CFI of a settlement = No. of a particular facility in the settlement X weightage of that facility]

അനുബന്ധം 8.1 ൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം തൊടുപുഴ മുനിസിപ്പാലിറ്റി മാത്രമാണ് ഒന്നാം ക്രമ അധിവാസകേന്ദ്രമായുള്ളത്. കട്ടപ്പനയാണ് രണ്ടാം ക്രമത്തിലുള്ള അധിവാസകേന്ദ്രം, 7 മൂന്നാം ക്രമ അധിവാസ കേന്ദ്രങ്ങളും 17 നാലാം ക്രമത്തിലുള്ള പഞ്ചായത്തുകളും ശേഷിക്കുന്ന 28 പഞ്ചായത്തുകൾ അഞ്ചാം ക്രമത്തിലുള്ള അധിവാസകേന്ദ്രങ്ങളുമാണ്. മാപ്പിൽ രേഖപ്പെടുത്തിയിരിക്കും പോലെ നിലവിലുള്ള ഒന്നും രണ്ടും ക്രമ അധിവാസകേന്ദ്രങ്ങൾ സംസ്ഥാനപാതകളുമായി ചേർന്നു കിടക്കുന്നു. മാപ്പിൽ കാണിച്ചിരിക്കുന്ന 7 മൂന്നാം ക്രമ അധിവാസ കേന്ദ്രങ്ങളിൽ 4 എണ്ണം ദേശീയ പാതയ്ക്കു സമീപവും 3 എണ്ണം നല്ല രീതിയിൽ ഗതാഗത ശൃംഖലയാൽ ബന്ധപ്പെട്ടു കിടക്കുന്നതുമാണ്. വ്യത്യസ്ത ക്രമമുള്ള അധിവാസ കേന്ദ്രങ്ങളുടെ സ്ഥലപര വിന്യാസം ചിത്രം 3.14-ൽ കാണിച്ചിരിക്കുന്നു.

അധിവാസ കേന്ദ്രങ്ങളുടെ ഭാവിയിലെ ക്രമം - സ്വീകരിച്ച രീതിശാസ്ത്രം

ഭാവിയിലെ ക്രമം നിശ്ചയിക്കുന്നതിന് സ്വീകരിച്ച രീതി ശാസ്ത്രത്തെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്. അധിവാസ കേന്ദ്രങ്ങളുടെ ഭാവിയിലെ ക്രമം കണ്ടെത്തുന്നതിന് ഉപയുക്തമാക്കുന്ന ക്രിസ്റ്റല്ലറുടെ കേന്ദ്രസ്ഥാന സിദ്ധാന്തത്തിന്റെ ആശയം ഇപ്രകാരമാണ്. സേവനം ലഭിക്കുന്ന പ്രദേശത്തെയോ ജനങ്ങളെയോ ആസ്പദമാക്കി വിവിധ ക്രമമുള്ള അധിവാസകേന്ദ്രങ്ങൾ കഴിവതും ഒരു കേന്ദ്രസ്ഥാനത്തായിരിക്കണം സ്ഥലപരമായി വിതരണം ചെയ്യപ്പെടേണ്ടത്. സൈദ്ധാന്തികമായി പറയുകയാണെങ്കിൽ ജില്ലയ്ക്ക് ആകമാനം പര്യാപ്തമാം വിധം ഒന്നാം ക്രമമുള്ള ഒരു അധിവാസകേന്ദ്രം ഉണ്ടായിരിക്കണം. ക്ലിസ്റ്റല്ലറുടെ സിദ്ധാന്തം അനുസരിച്ച് ഒരു അധിവാസകേന്ദ്രത്തിന്റെ സേവനപ്രദേശം ഷഡ്ഭുജാകൃതിയിൽ ആയിരിക്കും. എന്നാൽ ഇടുക്കിയെ സംബന്ധിച്ചിടത്തോളം ഒന്നാം ക്രമമുള്ള അധിവാസ കേന്ദ്രമായ തൊടുപുഴ മുനിസിപ്പാലിറ്റിയുടെ സേവനപ്രദേശം ഷഡ്ഭുജാകൃതിയിലുള്ളതല്ല. മറിച്ച് ജില്ലയുടെ വടക്കുപടിഞ്ഞാറ് കോണിൽ അതിർത്തി പ്രദേശങ്ങളോടുചേർന്നു കിടക്കുന്നതിനാൽ ജില്ലയ്ക്കാകമാനം സേവന പ്രദേശമായി ഉപയോഗിക്കാൻ കിഴിയുന്നതല്ല. ആകയാൽ ക്രിസ്റ്റല്ലറുടെ കേന്ദ്രസ്ഥാന സിദ്ധാന്തം ഉപയോഗിച്ച് രണ്ടാം ക്രമത്തിലുള്ള അധിവാസകേന്ദ്രം കണ്ടെത്തുന്നതിന് പരിമിതികളുണ്ട്. ഉയർന്ന ക്രമമുള്ള അധിവാസകേന്ദ്രത്തിന്റെ ഷഡ്ഭുജാകൃതിയുള്ള സേവന പ്രദേശത്തിന്റെ ശീർഷങ്ങളിലാണ് താഴ്ന്ന ക്രമമുള്ള അധിവാസകേന്ദ്രങ്ങൾ സ്ഥിതിചെയ്യുന്നത് എന്നാണ് ക്രിസ്റ്റല്ലറുടെ കേന്ദ്രസ്ഥാന സിദ്ധാന്തം വ്യക്തമാക്കുന്നത്. എന്നാൽ ഇവിടെ ഒന്നാം ക്രമമുള്ള അധിവാസകേന്ദ്രത്തിന്റെ സേവനപ്രദേശം ജില്ലയുടെ വടക്കുപടിഞ്ഞാറ് ഭാഗത്തായതിനാൽ മറ്റു സബ്റീജിയനുകളിലായി (വടക്കുകിഴക്ക്, തെക്കുകിഴക്ക്, തെക്ക്പടിഞ്ഞാറ്) രണ്ടാം ക്രമമുള്ള മൂന്ന് അധിവാസകേന്ദ്രങ്ങളെങ്കിലും ഉണ്ടായിരിക്കണം. രണ്ടാം ക്രമമുള്ള അധിവാസകേന്ദ്രങ്ങളെ യോജിപ്പിക്കുന്ന നേർരേഖകളിലേക്ക് ലംബസമഭാജികൾ വരച്ച് രണ്ടാം ക്രമമുള്ള അധിവാസ കേന്ദ്രങ്ങളുടെ സേവന പ്രദേശങ്ങൾ വേർതിരിച്ചെടുക്കാവുന്നതാണ്. ഈ പ്രദേശം ആകൃതികൊണ്ട് ഷഡ്ഭുജമോ ഷഡ്ഭുജത്തിന്റെ ഭാഗമോ ആയിത്തീരും. ഷഡ്ഭുജത്തിന്റെ ശീർഷങ്ങൾ അടുത്ത താഴ്ന്നക്രമം (അതായത് മൂന്നാം ക്രമം) ഉള്ള അധിവാസകേന്ദ്രങ്ങളുടെ സ്ഥാനം നിർണ്ണയിക്കുന്നു. മൂന്നാം ക്രമമുള്ള അധിവാസകേന്ദ്രങ്ങളുടെ സേവന പ്രദേശം ഷഡ്ഭുജാകൃതിയിൽ വേർതിരിച്ച് കണ്ടെത്താനാകും. ജില്ലയിലെ ശേഷിക്കുന്ന അധിവാസകേന്ദ്രങ്ങൾക്ക് ഏറ്റവും താഴ്ന്ന ക്രമം (അതായത് നാലാം ക്രമം) ആണുള്ളതെന്ന് കരുതാം.



ചിത്രം 3.15: അധിവാസകേന്ദ്രങ്ങളുടെ നിലവിലെ ക്രമം അനുസരിച്ചുള്ള സ്ഥലപരവിന്യാസം

അധിവാസകേന്ദ്രങ്ങളുടെ ഭാവിയിലെ ക്രമം - സ്വീകരിച്ച നടപടിക്രമം

രണ്ടാം ക്രമം ഉള്ള അധിവാസ കേന്ദ്രങ്ങൾ കണ്ടെത്തൽ

മുമ്പ് വിശദീകരിച്ച രീതിയിൽ ജില്ലയിലെ അധിവാസകേന്ദ്രങ്ങളുടെ 20 വർഷത്തിനുശേഷമുള്ള ക്രമം നിശ്ചയിക്കുമ്പോൾ അധിവാസകേന്ദ്രങ്ങളുടെ നിലവിലുള്ള ക്രമം (പ്രത്യേകിച്ചും ഉയർന്ന ക്രമം ഉള്ള അധിവാസ കേന്ദ്രങ്ങളുടേത്) അപ്പാടെ മാറ്റാൻ പാടില്ല. ഇടുക്കി ജില്ലയിലെ അധിവാസകേന്ദ്രങ്ങളുടെ നിലവിലുള്ള ക്രമം അഞ്ചുതരത്തിലാണ്. ഒന്നാം ക്രമമുള്ള അധിവാസകേന്ദ്രങ്ങൾ, രണ്ടാം ക്രമമുള്ള അധിവാസകേന്ദ്രങ്ങൾ മൂന്നാം ക്രമമുള്ള അധിവാസകേന്ദ്രങ്ങൾ, നാലാം ക്രമമുള്ള അധിവാസ കേന്ദ്രങ്ങൾ, അഞ്ചാം ക്രമമുള്ള അധിവാസ കേന്ദ്രങ്ങൾ എന്നിങ്ങനെ. അധിവാസ കേന്ദ്രങ്ങളുടെ നിലവിലുള്ള ക്രമം അനുസരിച്ച് ഏറ്റവും ഉയർന്ന മൂന്ന് ക്രമം ഉള്ള അധിവാസ കേന്ദ്രങ്ങളെ ചില ചെറിയ മാറ്റങ്ങളോടുകൂടി അതേപടി നിലനിർത്തേണ്ടിവരും. അതായത് നിലവിലുള്ള ഒന്നാം ക്രമത്തിലുള്ള അധിവാസ കേന്ദ്രത്തെ ഒന്നാം ക്രമത്തിൽ തന്നെ നിർബന്ധമായും എടുക്കണം. രണ്ടും മൂന്നും ക്രമത്തിലുള്ള അധിവാസകേന്ദ്രങ്ങളുടെ വെയിറ്റേജിൽ വലിയ അന്തരം ഇല്ലാത്തതിനാൽ രണ്ടാം ക്രമ അധിവാസകേന്ദ്രങ്ങളെയും മൂന്നാം ക്രമ അധിവാസ കേന്ദ്രങ്ങളെയും ഒരുമിച്ചാക്കി ഭാവിയിൽ രണ്ടാം ക്രമത്തിലുള്ള അധിവാസകേന്ദ്രങ്ങളാക്കി മാറ്റം വരുത്താം.

ജില്ലയിലെ ഒന്നാം ക്രമ അധിവാസകേന്ദ്രമായ തൊടുപുഴ മുനിസിപ്പാലിറ്റി മലയോര പ്രദേശങ്ങളിൽ നിന്നും വളരെ അകലെയും താഴ്ന്ന പ്രദേശത്തും ആയതിനാൽ ഹൈറേഞ്ച് മേഖലയുടെ വികസനത്തിൽ കാര്യമായ ഒരു സ്വാധീനവും ചെലുത്താൻ ഇടയില്ല. അതിനാൽ ഹൈറേഞ്ചിൽ ഒരു ഒന്നാം ക്രമ അധിവാസകേന്ദ്രം കണ്ടെത്തേയിരിക്കുന്നു. അപ്രകാരം ഹൈറേഞ്ചിനെ പുരോഗതിയിലേക്കു നയിക്കുന്നതിനു വേണ്ടി ജില്ലാ ആസ്ഥാനം എന്ന നിലയ്ക്ക് വാഴത്തോപ്പ് ഗ്രാമ പഞ്ചായത്തിനെയും രണ്ടാം ഗ്രേഡ് മുനിസിപ്പാലിറ്റിയായി മാറിയ കട്ടപ്പനയേയും ഭാവിയിൽ ഒന്നാം ക്രമ അധിവാസ കേന്ദ്രമാക്കാം.

ജില്ലയുടെ തെക്കുപടിഞ്ഞാറൻ ഡിവിഷനിൽ രണ്ടാം ക്രമത്തിലുള്ള അധിവാസ കേന്ദ്രങ്ങൾ ഇല്ല എന്ന് ചിത്രം 3.14 ൽ നിന്നും വ്യക്തമാണ്. ഉയർന്ന ക്രമം ഉള്ള അധിവാസകേന്ദ്രങ്ങളുടെ ഷഡ്ഭുജാകൃതിയുള്ള സേവന പ്രദേശത്തിന്റെ ശീർഷങ്ങളിലായിരിക്കും താഴ്ന്ന ക്രമം ഉള്ള അധിവാസ കേന്ദ്രങ്ങളുട സ്ഥാനം എന്ന ക്രിസ്റ്റല്ലറുടെ സിദ്ധാന്തം ഇവിടെ പ്രയോഗിക്കാനാവില്ല. കാരണം ഒന്നാം ക്രമമുള്ള അധിവാസ കേന്ദ്രങ്ങളുടെ (തൊടുപുഴ മുനിസിപ്പാലിറ്റി, കട്ടപ്പന മുനിസിപ്പാലിറ്റി, വാഴത്തോപ്പ് ഗ്രാമ പഞ്ചായത്ത്) സേവനപ്രദേശം ജില്ല ആകമാനമാണ് എന്ന സങ്കൽപ്പത്തിൽ. അതിനാൽ താഴെ പറയുന്ന മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി തെക്കുപടിഞ്ഞാറൻ ഡിവിഷനിൽ ഒരു രണ്ടാം ക്രമ അധിവാസ കേന്ദ്രം കണ്ടെത്തണം.

1. അധിവാസ കേന്ദ്രങ്ങളുടെ ഭരണപരമായ പദവി, 2. കേന്ദ്രീയത, 3. ഗതാഗതബന്ധം, 4. നിലവിലുള്ള ക്രമം.

മേൽ സൂചിപ്പിച്ച മാനദണ്ഡങ്ങൾക്ക് ഏറ്റവും കൂടുതൽ മുൻഗണനാമൂല്യം ഉള്ള അധിവാസകേന്ദ്രത്തെ രണ്ടാം ക്രമ അധിവാസകേന്ദ്രമായി ആ ഡിവിഷനിൽ നിന്നും കണ്ടെത്തുന്നു. അതുപ്രകാരം തെക്കുപടിഞ്ഞാറൻ ഡിവിഷനിൽ നിന്നും പീരുമേട് ഗ്രാമ പഞ്ചായത്തിനെയും വടക്കു കിഴക്കൻ ഡിവിഷനിൽ വാത്തിക്കുടി ഗ്രാമപഞ്ചായത്തിനെയും രണ്ടാം ക്രമ അധിവാസകേന്ദ്രമായി തെരഞ്ഞെടുക്കുന്നു.

ചിത്രം 3.16: ഭാവിയിലെ ഒന്നാം ക്രമ അധിവാസ കേന്ദ്രങ്ങളും രാം ക്രമ അധിവാസ കേന്ദ്രങ്ങളും



രണ്ടാം ക്രമമുള്ള അധിവാസ കേന്ദ്രങ്ങൾ ഇവയാണ്.

1. അടിമാലി, 2. മൂന്നാർ, 3.നെടുങ്കണ്ടം 4.കുമളി, 5.പീരുമേട്, 6. വാത്തിക്കുടി, 7. വണ്ടിപ്പെരിയാർ

രണ്ടാം ക്രമമുള്ള ഓരോ അധിവാസകേന്ദ്രത്തിന്റെയും സേവന പ്രദേശം കണ്ടെത്തുന്നതിന് ക്രിസ്റ്റല്ലറുടെ സിദ്ധാന്ത്രം അനുസരിച്ച് ഇനി ഇപ്രകാരം ചെയ്യുന്നു. നാം പരിഗണിക്കുന്ന രണ്ടാം ക്രമമുള്ള അധിവാസ കേന്ദ്രത്തിന്റെ സേവന പ്രദേശമായി പ്രസ്തുത അധിവാസ കേന്ദ്രത്തെ കേന്ദ്ര ബിന്ദുവാക്കി ഒരു ബഹുഭുജം നിർമ്മിക്കണം. പിന്നീട് ബഹുഭുജത്തെയും സമീപത്തെ രണ്ടാം ക്രമമുള്ള അധിവാസ കേന്ദ്രത്തെയും യോജിപ്പിക്കുന്ന രേഖയിൽ നിന്ന് ലംബസമഭാജികൾ (Perpendicular Bisectors)വരക്കുന്നു. ഭാവിയിലെ ഒന്നാം ക്രമമുള്ള അധിവാസ കേന്ദ്രങ്ങളുടെ സ്ഥലപരവിതരണവും രണ്ടാം ക്രമമുള്ള അധിവാസ കേന്ദ്രങ്ങളുടെ സ്ഥലപര വിതരണവും ചിത്രം 3.16 ൽ കൊടുത്തിരിക്കുന്നു.

സാധാരണയായി ഉയർന്ന ക്രമമുള്ള ഒരു അധിവാസകേന്ദ്രം ചുറ്റുപാടുമുള്ള അധിവാസ കേന്ദ്ര ങ്ങളുടെ രണ്ടാം ക്രമം ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതായിരിക്കും. അതായത് ഒന്നാം ക്രമമുള്ള അധിവാസകേന്ദ്രങ്ങൾ സാധാരണ ഗതിയിൽ രണ്ടാം ക്രമമുള്ള അധിവാസ കേന്ദ്രങ്ങളായും പ്രവർത്തിക്കുന്നതാണ്. രണ്ടാം ക്രമമുള്ള അധിവാസ കേന്ദ്രങ്ങളുടെ സേവനപ്രദേശം മുകളിൽ വിവരിച്ചതുപോലെ വേർ തിരിച്ചെടുത്താൽ തന്നെയും അത് പുന:ക്രമീകരിക്കേതായി വരും. ഒന്നാം ക്രമമുള്ള അധിവാസ കേന്ദ്രം രണ്ടാം ക്രമമുള്ള അധിവാസ കേന്ദ്രമായി പ്രവർത്തിക്കുന്ന സന്ദർഭത്തിൽ അതിന്റെ സേവനപ്രദേശം കണക്കിലെടുത്താണ് ഈ പുന:ക്രമീകരണം.

മൂന്നാം ക്രമം ഉള്ള അധിവാസ കേന്ദ്രങ്ങൾ കണ്ടെത്തൽ

ക്രിസ്റ്റല്ലറുടെ സിദ്ധാന്തം അനുസരിച്ച് ഉയർന്ന ക്രമം ഉള്ള അധിവാസകേന്ദ്രങ്ങളുടെ ഷഡ്ഭുജാകൃതിയുള്ള സേവന പ്രദേശങ്ങളുടെ ശീർഷങ്ങളിലായിരിക്കും താഴ്ന്ന ക്രമമുള്ള അധിവാസകേന്ദ്രങ്ങളുടെ സ്ഥാനം. രണ്ടാം ക്രമമുള്ള അധിവാസ കേന്ദ്രങ്ങളുടെ ഷഡ്ഭുജാകൃതിയുള്ള സേവനപ്രദേശങ്ങളുടെ ശീർഷങ്ങളോട് ചേർന്ന് വരുന്ന സ്ഥലങ്ങളിലാണ് മൂന്നാം ക്രമമുള്ള അധിവാസ കേന്ദ്രങ്ങളുടെ സ്ഥാനം എന്നാണ് ഇതിനർഥം. കട്ടപ്പനയെ സംബന്ധിച്ചിടത്തോളം ഏറെക്കുറെ ഷഡ്ഭുജാകൃതിയുള്ള ഒരു സേവന പ്രദേശം രൂപപ്പെട്ടുവരുന്നുണ്ട്. ഈ ബഹുഭുജത്തിന്റെ ശീർഷങ്ങളിൽ വരുന്ന അധിവാസകേന്ദ്രങ്ങൾ ഉടുമ്പഞ്ചോല, കൊന്നത്തടി, അറക്കുളം, ഏലപ്പാറ, ചക്കുപള്ളം എന്നീ ഗ്രാമ പഞ്ചായത്തുകളാണ്. ഈ അധിവാസകേന്ദ്രങ്ങളെ ശരിക്കും

ചിത്രം 3.17 ഭാവിയിലെ മൂന്നാം ക്രമ അധിവാസകേന്ദ്രങ്ങൾ

മൂന്നാം ക്രമം ഉള്ള അധിവാസകേന്ദ്രങ്ങളായി പരിഗണിക്കാം. എന്നാൽ കൊന്നത്തടി, അറക്കുളം, ഏലപ്പാറ, ചക്കുപള്ളം എന്നീ ഗ്രാമപഞ്ചായത്തുകൾ അവികസിത അധിവാസകേന്ദ്രങ്ങളാണ്. അതിനാൽ തൊട്ടടുത്തുള്ള വികസിത അധിവാസ കേന്ദ്രത്തെ മൂന്നാം ക്രമമുള്ള അധിവാസകേന്ദ്രമായി പരിഗണിക്കാം. ഇവിടെ കൊന്നത്തടിക്കുപകരം മുട്ടം പഞ്ചായത്തിനെ ഉൾപ്പെടുത്തിയും അറക്കുളം, ഏലപ്പാറ എന്നീ ഗ്രാമപഞ്ചായത്തുകളെ മൂന്നാം ക്രമ അധിവാസ കേന്ദ്രങ്ങളാക്കി നിലനിർത്തിയും ഉയർന്ന ക്രമവുമായിട്ടുള്ള സേവനവും വികസനവും ലഭ്യമാക്കുന്നു. ഹൈറേഞ്ചിൽ സേവനം ലഭ്യ മാക്കുന്നതിന് മറയൂർ, ഉടുമ്പൻചോല എന്നീ ഗ്രാമ പഞ്ചായത്തുകളെയും മൂന്നാം ക്രമമുള്ള അധിവാസ കേന്ദ്രങ്ങളായി വിഭാവനം ചെയ്യുന്നു. മൂന്നാം ക്രമം ഉള്ള അധിവാസ കേന്ദ്രങ്ങളുടെ സ്ഥലപര വിന്യാസം ചിത്രം 3.16 ൽ നൽകിയിരിക്കുന്നു.

സൈദ്ധാന്തികമായി മൂന്നാം ക്രമമുള്ള ഈ അധിവാസ കേന്ദ്രങ്ങളിലോരോന്നിന്റെയും സേവനപ്രദേശം ഐക്യരൂപ്യമുള്ളതും ഷഡ്ഭുജാകൃതിയുള്ളതുമാണ്. ക്രിസ്റ്റല്ലറുടെ സിദ്ധാന്തം അനുസരിച്ച് ഉയർന്ന ക്രമം ഉള്ള അധിവാസകേന്ദ്രങ്ങൾ താഴ്ന്ന ക്രമം ഉള്ള അധിവാസകേന്ദ്രങ്ങളായും പ്രവർത്തിക്കുമല്ലോ. അതിനാൽ ഉയർന്ന ക്രമമുള്ള അധിവാസ കേന്ദ്രങ്ങളുടെ സാമീപ്യം പരിഗണിച്ച് താഴ്ന്ന ക്രമമുള്ള അധിവാസകേന്ദ്രങ്ങളുടെ സേവന പ്രദേശം അവഗണിക്കാവുന്നതാണ്. ഉയർന്ന ക്രമം ഉള്ള അധിവാസ കേന്ദ്രങ്ങളുടെ സേവനപ്രദേശവും

ഷഡ്ഭുജാകൃതി ഉള്ളതാണ്. മൂന്നാം ക്രമമുള്ള അധിവാസകേന്ദ്രങ്ങളുടെ സേവനപ്രദേശം നൽകിയിരിക്കുന്നതിൽ നിന്നും ചില പ്രദേശങ്ങൾക്ക് സേവനം നൽകാവുന്ന മൂന്നാം ക്രമമുള്ള അധിവാസകേന്ദ്രങ്ങളൊന്നും ഇല്ലെന്നുള്ളതും ചില പ്രദേശങ്ങൾ സമീപ മൂന്നാം ക്രമ അധിവാസകേന്ദ്രത്തിന്റെ സേവനപ്രദേശങ്ങളിൽ ഉൾപ്പെട്ടുവരുന്നതായും വ്യക്തമാണ്. ഈ പ്രശ്നങ്ങൾക്ക് പരിഹാരമായി സേവനപ്രദേശം നിജപ്പെടുത്തി ചുവടെ ചേർക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം പുതുതായി മൂന്നാം ക്രമമുള്ള അധിവാസകേന്ദ്രങ്ങൾ കണ്ടെത്തേത് ആവശ്യമാണ്.

1. കേന്ദ്രീയത, 2. ഗതാഗതബന്ധം, 3. നിലവിലുള്ള ക്രമം.

ഈ മാനദണ്ഡങ്ങൾക്കനുസരിച്ച് വണ്ണപ്പുറം ഗ്രാമ പഞ്ചായത്തിനെ മൂന്നാം ക്രമ അധിവാസകേന്ദ്രമായി തെരഞ്ഞെടുക്കാവുന്നതാണ്.

മൂന്നാം ക്രമമുള്ള അധി വാസകേന്ദ്രങ്ങൾ

1. മുട്ടം, 2. അറക്കുളം, 3.ഏലപ്പാറ, 4.വണ്ണപ്പുറം, 5. ഉടുമ്പഞ്ചോല, 6.മറയൂർ.

അധിവാസ കേന്ദ്രങ്ങളുടെ ഭാവിയിലെ ക്രമം ചിത്രം 3.18 ലും അനുബന്ധം 8.2 ലും നൽകിയിരിക്കുന്നു.

ഉയർന്ന ക്രമം ഉള്ള അധിവാസകേന്ദ്രങ്ങളുടെ സ്വഭാവരീതിയും സേവന പ്രദേശവും

ഒരു അധിവാസ കേന്ദ്രത്തിന്റെ സ്വഭാവരീതി എന്നതു കൊണ്ടുദ്ദേശിക്കുന്നത് അതിന് നഗരപ്രകൃതമാണോ, അർധ നഗരപ്രകൃതമാണോ അർധ ഗ്രാമപ്രകൃതമാണോ, ഗ്രാമ പ്രകൃതമാണോ ഉള്ളത് എന്ന അന്വേഷണമാണ്. (അധ്യായം 10-ൽ വിശദമാക്കുന്നുണ്ട്.)

ഉയർന്ന ക്രമം ഉള്ള അധിവാസകേന്ദ്രങ്ങളുടെ സാമാന്യ സ്വഭാവരീതി പട്ടിക 3.7 ലും ചിത്രം 3.18 ലും വ്യക്തമാക്കിയിരിക്കുന്നു



ചിത്രം 3.18:അധിവാസ കേന്ദ്രങ്ങളുടെ ഭാവിയിലെ ക്രമം

ക്രമം	അധിവാസകേന്ദ്രത്തിന്റെ പേര്	സ്വഭാവരീതി
1	തൊടുപുഴ മുനിസിപ്പാലിറ്റി	നഗരം
1	കട്ടപ്പന മുനിസിപ്പാലിറ്റി	നഗരം
1	വാഴത്തോപ്പ്	അർദ്ധഗ്രാമം
2	അടിമാലി	ഗ്രാമം
2	മൂന്നാർ	ഗ്രാമം
2	കുമളി	ഗ്രാമം
2	പീരുമേട്	ഗ്രാമം
2	വാത്തിക്കുടി	ഗ്രാമം
2	നെടുങ്കം	ഗ്രാമം
2	വണ്ടിപെരിയാർ	ഗ്രാമം
3	മുട്ടം	ഗ്രാമം
3	അറക്കുളം	ഗ്രാമം
3	ഏലപ്പാറ	ഗ്രാമം
3	വണ്ണപ്പുറം	ഗ്രാമം
3	ഉടുമ്പഞ്ചോല	ഗ്രാമം
3	മറയൂർ	ഗ്രാമം

പട്ടിക 3.7: ഉയർന്ന ക്രമം ഉള്ള അധിവാസ കേന്ദ്രങ്ങളുടെ സ്വഭാവരീതി (അവലംബം – IDDP)

മേൽ പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം തൊടുപുഴ മുനിസിപ്പാലിറ്റിയും കട്ടപ്പന മുനിസിപ്പാലിറ്റിയും മാത്രമാണ് നഗരസ്വഭാവമുള്ള അധിവാസകേന്ദ്രങ്ങൾ. അതേ സമയം ഇവയുടെ സേവനപ്രദേശത്തിന് ഗ്രാമ സ്വഭാവവുമാണ്. വാഴത്തോപ്പ് അർദ്ധഗ്രാമസ്വഭാവം ഉള്ള അധിവാസകേന്ദ്രമാണെങ്കിലും ഇതിന്റെ സേവനപ്രദേശം പൂർണ്ണമായും ഗ്രാമമാണ്. ശേഷിക്കുന്ന രണ്ടും മൂന്നും ക്രമത്തിലുള്ള മുഴുവൻ അധിവാസകേന്ദ്രങ്ങളും ഗ്രാമ സ്വഭാവമുള്ളവയാണ്. ഇടവെട്ടി താഴ്ന്ന ക്രമമാണെങ്കിലും നഗരസഭയോടു ചേർന്ന് കിടക്കുന്നതിനാൽ അർദ്ധഗ്രാമസ്വഭാവം കാണിക്കുന്നു.

അനുമാനം

ജില്ലയിലെ അധിവാസകേന്ദ്രങ്ങളുടെ ഭാവിയിലെ ക്രമത്തിന്റെ പഠനത്തിൽ നിന്നും തൊടുപുഴ മുനിസിപ്പാലിറ്റിയും, കട്ടപ്പന മുനിസിപ്പാലിറ്റിയും വാഴത്തോപ്പ് ഗ്രമപഞ്ചായത്തുമാണ് ഏറ്റവും ഉയർന്ന ക്രമത്തിലുള്ള അധിവാസകേന്ദ്രങ്ങൾ. നെടുങ്കണ്ടം, വണ്ടിപ്പെരിയാർ, അടിമാലി, മൂന്നാർ, കുമളി, പീരുമേട്, വാത്തിക്കുടി എന്നിവയാണ് ഭാവിയിലെ രണ്ടാം ക്രമമുള്ള അധിവാസകേന്ദ്രങ്ങൾ. വിവിധ ക്രമത്തിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിന്യാസവും ജനസംഖ്യാവിന്യാസവും തമ്മിലുള്ള അനുപാതം ചില പ്രദേശങ്ങളിൽ വിത്യാസപ്പെട്ടാണ് കാണുന്നത്. പശ്ചാത്തല സൗകര്യങ്ങളുടെ വിതരണം ജനസംഖ്യാ വിതരണത്തിന് അനുസൃതമായല്ല ജില്ലയിൽ പല ഭാഗത്തും ഉള്ളത്. ഇടുക്കി ജില്ലയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാണ് ഇതിനു കാരണം. ജനസംഖ്യയ്ക്കാനുപാതികമായി അടിസ്ഥാന സൗകര്യങ്ങളിൽ വർദ്ധനവു വരുത്തി നിലവിലെ സ്ഥിതിയ്ക്കു മാറ്റം വരുത്താവുന്നതാണ്.



ചിത്രം 3.19: ഉയർന്ന ക്രമം ഉള്ള അധിവാസകേന്ദ്രങ്ങളുടെ സാമാന്യ സ്വഭാവരീതി

വികസന നിയന്ത്രിത മേഖലകൾ

നിലവിലെ സ്ഥിതി

കേരളത്തിലെ ഏറ്റവും സുന്ദരവും മലനിരകളാൽ ചുറ്റപ്പെട്ടും, നിബിഡവന പ്രദേശം കൊണ്ട് അനുഗ്രഹീതവുമായ സ്ഥലമാണ് ഇടുക്കി ജില്ല. ഇവിടുത്തെ മലനിരകളും തനതായുള്ള താഴ്‌വാരങ്ങളും, നിബിഡവനങ്ങളും, ജലാശയങ്ങളും, തേയിലത്തോട്ടങ്ങളും, ഏല മലകളും, വന്യ ജീവി സംരക്ഷണ കേന്ദ്രങ്ങളും ഏവരുടേയും ശ്രദ്ധയാകർഷിക്കുന്ന, മനംകവരുന്ന കാര്യങ്ങളാണ്.

പ്രകൃതിദത്ത സമ്പത്തിന്റെ കലവറയായ ഇടുക്കി ജില്ല കേരളത്തിന്റെ ഏകദേശം മദ്ധ്യത്ത് തെക്കുകിഴക്കൻ ഭാഗത്തു സ്ഥിതിചെയ്യുന്നു. മലയാളത്തിൽ 'ഇടുക്ക്' എന്ന പദത്തിനെ അന്വർത്ഥമാക്കി ധാരാളം ഇടുക്കുകൾ ഉള്ള പ്രദേശം എന്ന ധ്വനി വരുന്ന വാക്കിൽ നിന്നാണ് ഇടുക്കി എന്ന പേരിട്ടിരിക്കുന്നത്. 4368 ച.കി.മീറ്റർ ഭൂവിസ്തൃതിയുള്ള പ്രദേശത്തിൽ ഏറ്റവും കൂടുതൽ പ്രാധാന്യമുള്ളത് വന്യജീവി സംരക്ഷണ കേന്ദ്രങ്ങളും മലനിരകളുടെ സ്ഥാനങ്ങളും കൊടുമുടികളുടെ സ്ഥാനങ്ങളുമാണ്. പരിസ്ഥതിക്കു ദോഷം വരാത്ത അടിസ്ഥാന സൗകര്യ വികസനത്തിലൂടെ വന്യജീവി സംരക്ഷണ കേന്ദ്രങ്ങളിൽ എക്കോ ടൂറിസത്തിന് വളരെയേറെ വളർച്ച കൈവരിക്കാവുന്നതാണ്. നാണ്യവിളകളുടെയും തേയിലത്തോട്ടങ്ങളുടേയും, റബ്ബർ കൃഷിയുടേയും ഉൽപാദനത്തിൽ ജില്ല മുന്നിൽ നിൽക്കുന്നു. ഏഷ്യയിലെ ഏറ്റവും ഉയരമുള്ള ആർച്ചു ഡാം ഇടുക്കിയിൽ സ്ഥിതിചെയ്യുന്നു. ഭാഷാ ന്യൂനപക്ഷങ്ങൾ ധാരാളമായി അധിവസിക്കുന്ന കേരളത്തിലെ പ്രധാനജില്ലയാണ് ഇടുക്കി. തമിഴ് ഭാഷ സംസാരിക്കുന്ന ന്യൂനപക്ഷമാണ് ഇടുക്കിയിൽ കൂടുതലുള്ളത്. ഇവർ പ്രധാനമായും പീരുമേട്, ഉടുമ്പൻചോല, ദേവികുളം മേഖലകളിൽ സ്ഥിതിചെയ്യുന്ന ഏലം, തേയില കൃഷികളുമായി ബന്ധപ്പെട്ട് ജീവിക്കുന്നു. ജീവിത സംസ്കാരത്തിലും, കൃഷിരീതിയിലും വ്യത്യസ്ഥത പുലർത്തുന്ന ആളുകളാണ് ഇവിടെ അധിവസിക്കുന്നത്.

ഖനനവും ഭൂവിജ്ഞാനവും

നിലവിലെ സ്ഥിതി

ഇടുക്കി ജില്ലയിലെ ഭൂപ്രദേശത്തിൽ 97%-ത്തോളം പ്രദേശം കുന്നുകളും കൊടുമുടികളും വനപ്രദേശവും ഇടകലർന്ന രീതിയിലാണ്. ജില്ലയുടെ പടിഞ്ഞാറ് ഭാഗത്ത് ഏകദേശം 3% ഇട പ്രദേശമായി സ്ഥിതിചെയ്യുന്നു. തീരപ്രദേശം ഇടുക്കി ജില്ലയിൽ ഇല്ല. 50%-ത്തോളം വരുന്ന ഭൂപ്രദേശം വനഭൂമിയായി കണക്കാക്കുന്നു. സമുദ്രനിരപ്പിൽ നിന്നും 2000 മീറ്റർ അധികം ഉയരമുള്ള 12 കൊടുമുടികൾ ഈ പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്നു. ഇവയിൽ ഏറ്റവും ഉയരംകൂടിയ ആനമുടി, ജില്ലയിലെ ദേവികുളം താലൂക്കിലെ കെ.ഡി.എച്ച്. വില്ലേജിൽ സ്ഥിതിചെയ്യുന്നു. ഇരവിമല, ഗുണ്ടുമല, ചെണ്ടുവര, കുമരിക്കൽ, കരിംകുളം, ദേവിമല, പെരുമല, ഫുട്ടൂർ, കബുല, ദേവികുളം, അഞ്ചുനാട് എന്നിവയാണ് മറ്റു കൊടുമുടികൾ. മലനിരകളാൽ ചുറ്റപ്പെട്ടു കിടക്കുന്ന ഇവിടത്തെ ഭൂരിഭാഗം പ്രദേശങ്ങളിലും നിബിഡവനങ്ങളും ഉയർന്ന മലകളും താഴ്ച്ചയുള്ള താഴ്‌വാരങ്ങളും സ്ഥിതിചെയ്യുന്നതുകൊണ്ട് ശാസ്ത്രീയ കൃഷിരീതിക്ക് ഭൂരിഭാഗം പ്രദേശങ്ങളും അനുയോജ്യമല്ല.

ഭൗതീകാവസ്ഥ

ജിയോളജി

പാറക്കൂട്ടങ്ങളും പാറക്കെട്ടുകളും നിറഞ്ഞുനിൽക്കുന്ന പശ്ചിമഘട്ടപ്രദേശത്താണ് ജില്ലയുടെ സ്ഥാനം. സാധാരണ പാറക്കെട്ടുകൾ കൂടുതലുമുള്ളത് പശ്ചിമഘട്ടത്തിന്റെ അടിവാരത്തായാണ്. പാറകൾ കൂടുതലും കാണുന്നത് വടക്കുപടിഞ്ഞാറ്- തെക്കുകിഴക്ക് പ്രദേശത്താണ്. മൂന്നാറിലും, മൂന്നാറിന്റെ പ്രാന്തപ്രദേശത്തുമാണ് കൂടുതലും പാറനിരകൾ കാണപ്പെടുന്നത് എന്നു മനസ്സിലാക്കുവാൻ സാധിക്കും.

ധാതുസ്രോതസ്സ്

ഗ്രാഫൈറ്റ്

ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ നടത്തിയ പഠനങ്ങളിൽനിന്നും മനസ്സിലാക്കുവാൻ സാധിച്ചത് കൂടുതൽ ധാതുനിക്ഷേപങ്ങളുള്ളത് തൊടുപുഴ താലൂക്കിലെ നാഗപ്പുഴ, മണക്കാട്, മേമടത്ത്, ആവോലി, ചിന്നാർ തുടങ്ങിയ പ്രദേശങ്ങളിലാണ് എന്നാണ്. 10-25% ഗ്രാഫൈറ്റ് ഘടകങ്ങളുള്ള 2,66,000 ടണ്ണോളം അസംസ്കൃത വസ്തു ഈ മേഖലയിൽ നിന്നും ലഭ്യമാകും എന്നാണ് കണക്കാക്കുന്നത്. ഇരുമ്പയിരിന്റെ ഒരു വലിയ ശേഖരം തന്നെ കാളിയാർ എസ്റ്റേറ്റ്, കോട്ടപാറ എസ്റ്റേറ്റ്, മുള്ളരിങ്ങാട്, പനംകുട്ടി, എന്നിവിടങ്ങളിലും നേര്യമംഗലം പ്രദേശത്തും ഉണ്ട് എന്നു മനസ്സിലാക്കാം. കാന്തീക അംശമുള്ള അയിര് ചമ്പക്കാട് പ്രദേശത്തും, ഖരാവസ്ഥയിലുള്ള ചുണ്ണാമ്പുകല്ലുകളുടെ ശേഖരം കല്ലാർകുട്ടി, ഇടവെട്ടി പ്രദേശത്തും ഉള്ളതായി മനസ്സിലാക്കാം. എന്നിരുന്നാലും ഇതുവരേയും സാമ്പത്തിക നേട്ടമുണ്ടാക്കുന്ന ശേഖരം ഒന്നുംതന്നെ ജില്ലയിൽ കണ്ടെത്തിയിട്ടില്ല.

പ്രധാനപ്പെട്ട ധാതു ഖനനങ്ങൾ ഒന്നും ജില്ലയിൽ നടക്കുന്നില്ലാത്തതിനാൽ അതു മൂലമുണ്ടാകുന്ന വരുമാനം ഒന്നുംതന്നെയില്ല. കരിങ്കല്ലിന്റെ റോയൽറ്റിയും, മെറ്റൽ ക്രെഷറിന്റെ ഫീസും, പുതുക്കൽ ഫീസും മാത്രമാണ് ഈ ഇനത്തിൽ ലഭിക്കുന്ന വരുമാനം. 2010-2011 ലെ റവന്യൂ വരുമാനത്തിന്റെ കണക്കിൽ ആകെ ഇടുക്കി ജില്ലയിൽ നിന്ന് ലഭ്യമായ തുക സംസ്ഥാനത്തിന്റെ ഈ മേഖലയിൽനിന്നും ലഭ്യമായ തുകയുടെ കേവലം 3.44% മാത്രമാണ് എന്നു മനസ്സിലാക്കാവുന്നതാണ്. (സംസ്ഥാനം 36.34 കോടി, ഇടുക്കി 1.24 കോടി) (അതിനുശേഷമുള്ള വർഷത്തിലെ കണക്കുകൾ ലഭ്യമായിട്ടില്ല).

ഉൽപ്പാദനം/ ഉപയോഗം

നിർമ്മാണത്തിനാവശ്യമായ കരിങ്കല്ല്, മണൽ, മെറ്റൽ മുതലായവയാണ് ഇവിടെ ഉത്പാദിപ്പിക്കുന്ന പ്രധാന ഉത്പന്നങ്ങൾ. ഗ്രാനൈറ്റ് സ്റ്റോൺ കൂടുതലായും ഉത്പാദിപ്പിക്കുന്നത് ഇടുക്കിയിലെ ഹൈറേഞ്ച് മേഖലയിൽനിന്നുമാണ്. താഴ്വാരമേഖലകളിൽ ഇതിന്റെ ലഭ്യത കുറവാണ്. മലയോരമേഖലകളിൽ റോഡുസൗകര്യം കുറവായതിനാൽ ഖനനവും, വിതരണവും വളരെ ചിലവേറിയ കാര്യമാണ്.

പ്രശ്നങ്ങൾ

50% പ്രദേശം വനഭൂമിയായതിനാൽ ഈ പ്രദേശങ്ങൾ മുഴുവനും സംരക്ഷിക്കപ്പെടേണ്ടിയിരിക്കുന്നു. പൊതു പങ്കാളിത്തത്തോടു കൂടിയുള്ള ഒരു ഖനന പ്രവർത്തനവും ജില്ലയിലെങ്ങും നടക്കുന്നില്ല. താഴെക്കിടയിലുള്ള പ്രവർത്തനങ്ങളുടെ പോലും കണക്കുകൾ ലഭ്യമല്ലാത്തതിനാൽ ഒരു വികസന പ്രവർത്തനവും കാര്യക്ഷമമായി നടപ്പിലാക്കുവാൻ സാധിക്കുന്നില്ല. റവന്യൂ രേഖകളിലുള്ള വ്യക്തതയില്ലായ്മ മൂലം കാര്യക്ഷമതയോടെ പ്രവർത്തനം നടത്തുവാൻ കഴിയുന്നില്ല. ഭൂപ്രകൃതിയുടെ പ്രത്യേകതമൂലം കടന്നുചെല്ലുവാനുള്ള സൗകര്യത്തിന്റെ കുറവ് ഖനനത്തെ മോശമായി സ്വാധീനിക്കുന്നു. ജില്ലയിൽ പ്രവർത്തിക്കുന്ന കരിങ്കൽ ക്വാറികളുടേയും മെറ്റൽ യൂണിറ്റുകളുടേയും കണക്കുപ്രകാരം ആകെ 47 യൂണിറ്റുകൾ ഉള്ളതിൽ ദേവികുളം താലൂക്കിൽ 5-ഉം, പീരുമേട് താലൂക്കിൽ 5-ഉം, തൊടുപുഴയിൽ 19-ഉം ഉടുമ്പൻചോലയിൽ 18-ഉം പ്രവർത്തിക്കുന്നു. (2010-11 ലെ കണക്ക്.) (ചിത്രം 3.20&3.21).

ചിത്രം3.20: മെറ്റൽ ക്രഷർയൂണിറ്റുകളുടെ വിന്യാസം

ഭൂവിനിയോഗം

4368 ച.കി.മീറ്റർ വിസ്തൃതിയുള്ള ഇടുക്കി ജില്ലയിലെ ഭൂവിനിയോഗം കൃഷി, ഗാർഹികം, വാണിജ്യം, വ്യവസായം, ഖനനമേഖല, പ്ലാന്റേഷൻ, മറ്റു വിനിയോഗങ്ങൾ തുടങ്ങിയവയാണ്. ഭൂരിപക്ഷപ്രദേശമായ വനമേഖല പ്രധാനമായും ജില്ലയുടെ വടക്ക് കിഴക്ക് തെക്ക് മദ്ധ്യമേഖലകളിൽ വ്യാപിച്ചുകിടക്കുന്നു. പ്ലാന്റേഷനുകൾ കൂടുതലും വനമേഖലയിലും വനമേഖലയുമായി ചേർന്നും കിടക്കുന്നു. ജില്ലയിലെ കൃഷിഭൂമികൾ കൂടുതലായും വാസ ഗൃഹങ്ങളോടുചേർന്നും, മറ്റു പ്രധാന ഭൂവിനിയോഗമായ വാണിജ്യം എല്ലാ പട്ടണപ്രദേശങ്ങളിലും, വ്യവസായങ്ങൾ പട്ടണപ്രദേശത്തും അതിന്റെ പ്രാന്ത പ്രദേശങ്ങളിലും കാണപ്പെടുന്നു.

പ്രകൃതി ദുരന്ത സാദ്ധ്യതാ പ്രദേശങ്ങൾ

മണ്ണിടിച്ചിൽ സാദ്ധ്യതാ പ്രദേശങ്ങൾ

ദേവികുളം താലൂക്കിലെ 177.8 ചതുരശ്ര കിലോമീറ്റർ പ്രദേശവും, തൊടുപുഴ താലൂക്കിലെ 52 ച.കി.മീറ്റർ പ്രദേശവും, ഉടുമ്പൻചോല താലൂക്കിലെ 69.8 ച.കി.മീറ്റർ പ്രദേശവും പീരുമേട് താലൂക്കിലെ 88.7 ച.കി.മീ. പ്രദേശവും ഉൾപ്പെടെ ആകെ 388.3 ച.കി.മീറ്റർ പ്രദേശം വളരെ കൂടുതൽ മണ്ണിടിച്ചിൽ സാദ്ധ്യതയുള്ളതായി കണക്കാക്കുന്നു.

ചിത്രം3.21:പാറമടയൂണിറ്റുകളുടെ വിന്യാസം

ദേവികുളം താലൂക്കിലെ 259.6 ച.കി.മീ, തൊടുപുഴ താലൂക്കിലെ 1830 ച.കി.മീ., ഉടുമ്പൻചോല താലൂക്കിലെ 183.9 ച.കി.മീ. പീരുമേട് താലൂക്കിലെ 286.6 ച.കി.മീറ്റർ പ്രദേശവും ഉൾപ്പെടെ ആകെ 912.8 ച.കി.മീ. പ്രദേശം താരതമ്യേന മണ്ണിടിച്ചിൽ സാദ്ധ്യത കുറഞ്ഞ പ്രദേശവുമായി കണക്കാക്കുന്നു (ചിത്രം 3.22).

വെള്ളപ്പൊക്ക സാദ്ധ്യതാ പ്രദേശം

തൊടുപുഴ താലൂക്കിലെ 26.9 ചി.കി.മീ. പ്രദേശവും ഉടുമ്പൻചോല താലൂക്കിലെ 11.3 ച.കി.മീ. പ്രദേശവും കൂടി ആകെ 38.2 ച.കി.മീ. പ്രദേശം ജില്ലയിൽ വെള്ളപ്പൊക്ക സാദ്ധ്യതാ പ്രദേശമായി കണക്കാക്കുന്നു. പീരുമേട് താലൂക്കിലെ വണ്ടിപ്പെരിയാർ ടൗൺ പ്രദേശത്ത് പെരിയാറിലെ ജലനിരപ്പ് ഉയരുന്നതിനനുസരിച്ച് പെരിയാറിന്റെ കൈവഴിയിൽ വെള്ളം നിറയുന്നതുമൂലം എല്ലാ വർഷങ്ങളിലും വെള്ളപ്പൊക്കമുണ്ടാകാറുണ്ട്. അതുകൊണ്ട് വണ്ടിപ്പെരിയാർ ടൗൺ പ്രദേശത്തെ വെള്ളപ്പൊക്ക സാധ്യതാ പ്രദേശമായി കണക്കാക്കാവുന്നതാണ് (ചിത്രം 9.6).

ഭൂകമ്പ സാദ്ധ്യതാ പ്രദേശങ്ങൾ

ജില്ലയുടെ പല ഭാഗങ്ങളും ഭൂകമ്പ സാധ്യതാ പ്രദേശങ്ങളായി വിശദ പഠനങ്ങളിൽനിന്നും കണ്ടെത്തിയിട്ടുണ്ട്. ജില്ലയുടെ പലപ്രദേശത്തും പ്രത്യേകിച്ച് ഡാമുകൾക്കു സമീപവും മറ്റു പ്രധാന പ്രദേശങ്ങളിലും ഭൂകമ്പമാപിനികൾ സ്ഥാപിച്ചിട്ടുണ്ട്. ഭൂകമ്പത്തിന്റെ തോത് റിക്ടർ സ്കെയിലിൽ 3-ൽ കൂടുതൽ വരുന്നത്, മൂന്നിനും നാലിനും ഇടയിൽ വരുന്നത്, 4-ന് മുകളിൽ വരുന്നത് എന്നിങ്ങനെ തരംതിരിച്ച് മാപ്പിൽ കൊടുത്തിരിക്കുന്നു (ചിത്രം 9.6).

ഇടിമിന്നൽ സാദ്ധ്യതാപ്രദേശങ്ങൾ

ജില്ലയിലെ ഇടിമിന്നൽ ദുരന്തങ്ങൾ ഉണ്ടാകുവാൻ സാദ്ധ്യതയുള്ള പ്രദേശങ്ങൾ പ്രധാനമായും വാഗമൺ പ്രദേശവും, കുടയത്തൂർ പ്രദേശവുമാണ്. (ചിത്രം 3.22).



ചിത്രം 3.22: ***Multiple Hazard Map***

പരിസ്ഥിതി ലോല പ്രദേശങ്ങൾ

കേന്ദ്ര പരിസ്ഥിതി മന്ത്രാലയം 2013 ഏപ്രിൽ 15-ാം തീയ്യതി പുറപ്പെടുവിച്ചിരിക്കുന്ന പശ്ചിമഘട്ടപ്രദേശത്തെ സംബന്ധിച്ചുള്ള കരടു വിജ്ഞാപനപ്രകാരം ഇടുക്കി ജില്ലയിലെ പഴയ താലൂക്കുകളായ ദേവികുളം, പീരുമേട്, തൊടുപുഴ, ഉടുമ്പൻചോല എന്നിവയിലെ 48 വില്ലേജുകളിലായി ഏകദേശം 3800-ഓളം ച.കി.മീ. പ്രദേശം പരിസ്ഥിതി ലോലപ്രദേശമായി കണക്കാക്കിയിരിക്കുന്നു. വില്ലേജടിസ്ഥാനത്തിൽ ദേവികുളം താലൂക്കിലെ എല്ലാ വില്ലേജുകളും (13 എണ്ണം) പീരുമേട് താലൂക്കിലെ 8 വില്ലേജുകളും, തൊടുപുഴ താലൂക്കിലെ 4 വില്ലേജുകളും, ഉടുമ്പൻചോല താലൂക്കിലെ എല്ലാ വില്ലേജുകളും (23 എണ്ണം) പരിസ്ഥിതി ലോലപ്രദേശമായി കണക്കാക്കിയിരിക്കുന്നു (ചിത്രം 9.7).

ചിത്രം 3.23: ജില്ലയുടെ മാപ്പിൽ കാണിച്ചിരിക്കുന്ന ESA പ്രദേശങ്ങൾ

വനം

ഇടുക്കി ജില്ലയിൽ ഉൾപ്പെടുന്ന വനപ്രദേശം പ്രധാനമായും മറയൂർ, മാങ്കുളം, പെരിയാർ ഈസ്റ്റ്, മൂന്നാർ വന്യജീവി ഡിവിഷൻ എന്നിവയാണ്. ഇതുകൂടാതെ ഭാഗീകമായി മറ്റു ഡിവിഷനുകളും ഇടുക്കി ജില്ലയിൽ ഉൾപ്പെടുന്നു. ഇടുക്കി ജില്ലയിലെ പ്രധാന വന ഡിവിഷനുകൾ പട്ടിക 3.8 ൽ നൽകിയിരിക്കുന്നു.

പട്ടിക 3.8: ഇടുക്കി ജില്ലയിലെ പ്രധാന വനഡിവിഷനുകൾ

Sl. No.	Division	Reserved Forest	Proposed Forest	Vested Forest	Total
1	Kothamangalam	316.8451	-	0.1576	317.0027
2	Munnar	371.3950	244.3700	2.4500	618.2150
3	Marayur	13.9720	47.2600	0.0760	61.3080
4	Mankulam	90.0600	-	-	90.0600
5	Kottayam	627.2870	-	31.9670	659.2540
6	Periyar	618.0000	-	-	618.0000
7	Periyar West	157.0000	-	-	157.0000
8	Munnar Wildlife	276.8450	-	-	276.8450
9	IdukkiWildlife	130.5240	-	-	130.5240

കേരളത്തിലെ ആദ്യത്തെ വന്യജീവി സംരക്ഷണകേന്ദ്രത്തിന്റെ പ്രവർത്തനം ഇടുക്കി ജില്ലയിലെ പെരിയാർ ടൈഗർ റിസ്സർവ്വ് എന്നറിയപ്പെടുന്ന തേക്കടിയിൽ ആണ്. 1895 ൽ നിർമ്മിച്ച മുല്ലപ്പെരിയാർ ഡാമിന്റെ നിർമ്മാണത്തോടനുബന്ധിച്ച് പെരിയാർ ടൈഗർ റിസ്സർവ്വിന് തുടക്കമായി. 1899 ൽ പെരിയാർ -ലേക്ക് റിസ്സർവ്വ് രൂപപ്പെട്ടു. 1933 ൽ SCH Robinson എന്ന ആളിനെ ആദ്യ വൈൽഡ് ലൈഫ് വാർഡനായി തിരുവിതാംകൂർ മഹാരാജാവ് നിയമിച്ചു. ശ്രീ. SCH Robinson എന്ന വൈൽഡ് ലൈഫ് വാർഡന്റെ ശുപാർശ അനുസരിച്ച് 1934 ൽ Nellikkampetty Game Sanctuary രൂപീകരിച്ചു. 1950 ലെ പെരിയാർ വന്യമൃഗസംരക്ഷണ കേന്ദ്രത്തിന്റെ ഭൂവിസ്തൃതി 777 ച.കി.മീ. ആയിരുന്നു. 1998 ൽ കേരളത്തിലെ ആദ്യത്തെ കടുവാ സംരക്ഷണ കേന്ദ്രമായി പെരിയാർ കടുവാ സംരക്ഷണ കേന്ദ്രത്തെ പ്രഖ്യാപിച്ചു. എന്നാൽ 1991 ലെ കടുവകളുടെ കണക്കെടുപ്പിൽ 1982 ലെ കോർ ഏരിയയിലുള്ള കടുവാ സംരക്ഷണ പ്രദേശത്തെ നാഷണൽ പാർക്ക് ആയി പ്രഖ്യാപിച്ചു.

പട്ടിക 3.9 : നാഷണൽ പാർക്കുകളുടേയും വന്യമൃഗസംരക്ഷണ കേന്ദ്രങ്ങളുടേയും വിവരങ്ങൾ

Sl.No.	Name	Area (Sq.km)
1	Eravikulam National Park	97.000
2	Anamudy Shola	7.500
3	Mathikettan Shola	12.817
4	Pampadum Shola	1.318
	Wildlife Sancturies	
1	PeriyarWildlifeSancturies(Tiger Reserve)	925.000
2	Idukki WildlifeSancturies	70.00
3	Chinnar WildlifeSancturies	90.440
4	Kurinjimala WildlifeSancturies	32.00

5 ഫോറസ്റ്റ് നാഷണൽ പാർക്കുകളിൽ 4 എണ്ണവും ഇടുക്കി ജില്ലയിലാണ്. ഇതിൽ വരയാടുകൾ (Nilgiri Tahr)അധിവസിക്കുന്നതിൽ പ്രസിദ്ധമായ ഇരവികുളം ദേശീയപാർക്കാണ് കേരളത്തിലെ ആദ്യത്തെ ഫോറസ്റ്റ് ദേശീയ പാർക്കായി പ്രഖ്യാപിച്ചിട്ടുള്ളത്. ജില്ലയിലെ മറ്റ് ദേശീയ പാർക്കുകൾ

പാമ്പാടുംചോല, ആനമുടിചോല, മതികെട്ടാൻചോല എന്നിവയാണ്. നാഷണൽ പാർക്കുകളുടേയും വന്യമൃഗസംരക്ഷണകേന്ദ്രങ്ങളുടേയും വിവരങ്ങൾ പട്ടിക 3.9 ൽ നൽകിയിരിക്കുന്നു.

നിത്യഹരിത വനങ്ങൾ സാധാരണ കാണുന്നത് സമുദ്രനിരപ്പിൽ നിന്നും 200-1500 മീറ്റർ ഉയർന്ന പ്രദേശത്താണ്. ഇവിടെ ലഭിക്കുന്ന മഴയുടെ വാർഷിക അളവ് 250-1500 സെന്റീമീറ്ററിന് ഇടയിലാണ്.ഷോള, ഗ്രാസ്സ് പ്രദേശങ്ങൾ കൂടുതലായ് കാണുന്നത് സമുദ്രനിരപ്പിൽ നിന്ന് 1500 മീറ്റർ ഉയർന്ന പ്രദേശങ്ങളിലാണ്. Nilgiri Hills ഇവയിൽ ഉൾപ്പെടുന്നു.

ജില്ലയിലെ ജൈവവൈവിധ്യം

ജൈവവൈവിധ്യം കൊണ്ടും ജന്തു വൈവിവിധ്യം കൊണ്ടും സമ്പന്നമാണ് ഇടുക്കി ജില്ലയിലെ വനപ്രദേശങ്ങൾ. അപൂർവ്വമായ സസ്യങ്ങൾ, വന്യമൃഗങ്ങൾ, ഉരഗവർഗ്ഗങ്ങൾ, പക്ഷികൾ, ഉഭയജീവികൾ, ശുദ്ധജലമൽസ്യങ്ങൾ, ഷഡ്പദങ്ങൾ എന്നിവ ഇവിടെ കാണപ്പെടുന്നു. കൂടാതെ വിലമതിക്കാനാവാത്ത ഔഷധസസ്യങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, മുള, ഈറ, ചൂരൽ, ഓർക്കിഡുകൾ, തേൻ, മെഴുക്, തെള്ളി, കുന്തിരിക്കം ഇവയെല്ലാം നമ്മുടെ വനസമ്പത്താണ്.

മണ്ണും മനുഷ്യനും വനവും വന്യജീവികളും ഇണങ്ങിയും പിണങ്ങിയും കഴിയുന്ന ഇടുക്കി ജില്ലയെ ഒഴിവാക്കിക്കൊണ്ട് ഒരു പരിസ്ഥിതി ചർച്ചയ്ക്കും പൂർണ്ണമാവില്ല. ലോകത്തിലെ തന്നെ ഏറ്റവും സമ്പന്നമായ ജൈവ വൈവിദ്ധ്യ കലവറയാണ് പശ്ചിമഘട്ടത്തിന്റെ ഭാഗമായ ഇടുക്കി ജില്ല. മനുഷ്യന്റെ അടങ്ങാത്ത ദൂരം ഇവയ്ക്കെല്ലാം വലിയ ഭീഷണി ഉയർത്തുന്നുണ്ട്. ഇതിന്റെ കെടുതികളിൽ നിന്നും നമ്മുടെ ജില്ലയും മുക്തമല്ല. ഈ പ്രശ്നങ്ങളെ സംബന്ധിച്ച് ഗൗരവമായ ചർച്ചകൾ എത്രയോ നടന്നിട്ടുണ്ട്. ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്ന നിരവധിയായ കമ്മീഷനുകൾ നിരന്തരമായ വിവാദങ്ങൾ കോടതികളുടെയും സർക്കാരുകളുടെയും പരിഗണനയായും എക്കാലവും വിഷമമായിട്ടുള്ള ഈ പ്രശ്നങ്ങളിൽ അന്തിമമായ വാക്കോ വിധിയോ ഇനിയും ഉണ്ടായിട്ടില്ല. ജൈവവൈവിധ്യ കലവറ, നിരവധിയായ സാങ്ചറികൾ സുഗന്ധ വ്യജ്ഞന കൃഷിയിൽ വളരെ മുന്നിൽ നിൽക്കുന്ന ജില്ല നല്ലതോതിൽ മഴ ലഭിക്കുന്ന ജില്ല. താരതമ്യേന മെച്ചപ്പെട്ട കാലാവസ്ഥ ടൂറിസ്റ്റ് ആകർഷണ കേന്ദ്രങ്ങൾ നിരവധിയായ വെള്ളച്ചാട്ടങ്ങൾ, കുന്നുകൾ, മലകൾ, പുൽമേടുകൾ, കാർഷിക ജില്ല എന്നിങ്ങനെ ഒട്ടനവധി സവിശേഷതകൾ നിറഞ്ഞതാണ് നമ്മുടെ ജില്ല.

പാരിസ്ഥിതികമായ വളരെ മെച്ചപ്പെട്ട നിലയായിരുന്ന ജില്ല ഇന്ന് പലവിധ ഭീഷണികളും നേരിടുന്നു.

1. നദിയും, തോടുകളും, പൊതു ജലാശയങ്ങളും, മാലിന്യങ്ങൾ നിക്ഷേപിക്കാനുള്ള കുപ്പതൊട്ടികളായി മാറിക്കൊണ്ടിരിക്കുന്നു.

2. കീടനാശിനികളുടെ അമിതവും അശാസ്ത്രീയവുമായ ഉപയോഗം. വാഹനങ്ങളുടെ അമിത പെരുപ്പം പ്ലാസ്റ്റിക്കിന്റെ അമിത ആശ്രയത്വം തുടങ്ങിയവ മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതുണ്ട്.

ഹരിതകേരള മിഷന്റെ ഈ രംഗത്തെ പ്രവർത്തനങ്ങൾ ആശാവഹമാണ് എങ്കിലും ഈ രംഗത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

അനുമാനം

ഭൂവിനിയോഗം, ഭൂപ്രകൃതി പരിസ്ഥിതി ലോലപ്രദേശങ്ങൾ മുതലായവയെക്കുറിച്ച് ലഭ്യമായ വിവരങ്ങളിൽനിന്നും ഇടുക്കി ജില്ലയിലെ ഭൂപ്രകൃതിയെ ആസ്പദമാക്കിയുള്ള വികസനപ്രവർത്തനങ്ങൾക്കേ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അനുവാദം നൽകാവൂ. സംരക്ഷിക്കപ്പെടേണ്ടവ സംരക്ഷിച്ചു തന്നെ മുന്നോട്ടുപോകണം. തീരദേശ നിർമ്മാണ നിയന്ത്രണ നിയമത്തിനു കീഴിൽ വരുന്ന പ്രദേശങ്ങൾ ഒന്നും തന്നെ നിലവിൽ കാര്യമായി ഇല്ലാത്തതും എന്നാൽ KLU Act നിർദ്ദേശിക്കുന്ന തോട്ടം മേഖലകൾ, പ്ലാന്റേഷൻ മേഖലകൾ എന്നിവയുടെ എല്ലാം പ്രവർത്തനം KLU Actന് വിധേയമായി മാത്രമേ നടത്തുവാൻ അനുവാദം നൽകാവൂ.നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി മനുഷ്യന്റെ ജീവനും സ്വത്തിനും പൂർണ്ണ സംരക്ഷണം ലഭ്യമാക്കുന്ന തരത്തിലും, പ്രകൃതിയുടെ സന്തുലിതാവസ്ഥക്ക് യാതൊരു വിധ കോട്ടവും തട്ടാത്ത തരത്തിലുമുള്ള വികസന പ്രവർത്തനങ്ങളെ അനുവദിക്കാവൂ.

കേരള കെട്ടിട നിർമ്മാണതട്ടങ്ങൾ KMBR 99, KPBR 2011 എന്നിവ അനുസരിച്ച് പുതിയതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് മഴവെള്ള സംഭരണി ഭൂഗർഭജല പുനർക്ഷമത സംവിധാനങ്ങൾ, മഴക്കുഴി തുടങ്ങിയവ നിർബന്ധമായും പുതിയ നിർമ്മാണകെട്ടിട സ്ഥലത്ത്/കെട്ടിടത്തിൽ ഉണ്ടായിരിക്കണമെന്ന് ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ നിഷ്കർഷിക്കുകയും അവ ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം. കൂടാതെ ചെറിയ തടയണകൾ കെട്ടിനിർത്തി മഴവെള്ളം സംഭരിക്കുന്നതിനും, നീർച്ചാലുകൾ, അരുവികൾ, കൈതോടുകൾ എന്നിവ സംരക്ഷിച്ചു നിർത്തുന്നതിനും ബന്ധപ്പെട്ട വകുപ്പുകൾ/ഏജൻസികൾ/വ്യക്തികൾ ശ്രദ്ധിക്കേണ്ടതാണ്.ജൈവവൈവിധ്യങ്ങളുടെ ഒരു അപൂർവ്വ കലവറയാണ് ജില്ല. നിലവിൽ ഉള്ള അടിസ്ഥാനഘടകങ്ങൾ വനസംരക്ഷണത്തിന് വലിയൊരളവുവരെ സംഭാവനകൾ നൽകിയിട്ടുള്ളതായി കാണുന്നു. എന്നിരുന്നാലും ന്യൂനതകൾ പരിഹരിച്ച് കൃത്യനിഷ്ഠയോടെ മുന്നോട്ടുപോകാനായാൽ വളരെയധികം ഭംഗിയായ വനവികസനവും സംരക്ഷണവും ജൈവവൈവിധ്യങ്ങളുടെ വർദ്ധനവും സാധ്യമാകുന്നതാണ്.

അധിവാസ കേന്ദ്രങ്ങളുടെ പ്രവർത്തന സ്വഭാവം

ഒരു അധിവാസകേന്ദ്രത്തിന്റെ പ്രവർത്തനം ആ അധിവാസ കേന്ദ്രത്തിനുള്ളിലെ പ്രധാന പ്രവർത്തിയാണ്. അത് കാർഷികമായോ, അനുബന്ധ പ്രവർത്തികളുമായോ ബന്ധപ്പെട്ട ഗ്രാമീണസ്വഭാവമുള്ള പ്രവർത്തനങ്ങളാകാം. അല്ലെങ്കിൽ ദ്വിതീയ –ത്രിതീയമേഖലകളുമായി

ബന്ധപ്പെട്ട നഗര സ്വഭാവമുള്ള പ്രവർത്തനങ്ങളുമാകാം. അധിവാസകേന്ദ്രത്തിലെ പ്രധാന ഭൂവിനിയോഗവും, പ്ലോട്ടുകളുടെ ശരാശരിവലുപ്പവും പരിഗണിച്ച് അധിവാസ കേന്ദ്രത്തിന്റെ പ്രധാന പ്രവർത്തനം നിർണ്ണയിക്കാവുന്നതാണ് (പട്ടിക3.15&3.16).

പട്ടിക 3.15: പ്രവർത്തന സ്വഭാവം നിർണ്ണയിക്കുന്ന രീതി

Situation	PPn Conc category	% of other workers + HH workers	Category of Res/ Agr.mixed
1	1/3rd ppn category	>= 90%	Residential
2	2/3 to 1 ppn category	<=70	Agricultural

അവലംബം-IDDP-LDPഇടുക്കി

അധിവാസ കേന്ദ്രങ്ങളുടെ സ്വഭാവം

കേരളത്തിലെ അധിവാസ കേന്ദ്രങ്ങളുടെ രൂപമാതൃക മറ്റുസംസ്ഥാനങ്ങളുടേതിൽ നിന്നും വ്യത്യസ്തമാണ്. അപ്രകാരം കേരളത്തിലെ മറ്റു ജില്ലകളിൽ നിന്നും വ്യത്യസ്തമാണ് മലയോരമേഖലയായ ഇടുക്കിജില്ലയിലെ അധിവാസകേന്ദ്രങ്ങൾ. അതുകൊണ്ട് അധിവാസമേഖലയുടെ പ്രവർത്തനം വച്ചുകൊണ്ട് നഗരഗ്രാമപ്രദേശങ്ങളെ സാധാരണരീതിയിൽ വേർതിരിക്കാൻ കഴിയില്ല. ഗ്രാമത്തിന്റേയും നഗരത്തിന്റേയും പ്രത്യേകതകൾ കൂടിചേർന്ന ഒരുസ്വഭാവം നിലനിൽക്കുന്നുണ്ട് ഇടുക്കിയിൽ. അത് പ്രത്യേകമായി കാണേണ്ടതുണ്ട്. ഗ്രാമത്തിന്റേയും,നഗരത്തിന്റേയും, സ്വഭാവം പ്രകടിപ്പിക്കുന്ന അധിവാസകേന്ദ്രങ്ങളിൽ അർദ്ധഗ്രാമസ്വഭാവവും, അർദ്ധനഗര സ്വഭാവുംകൂടി പ്രകടമാണെന്ന് ഭൂവിനിയോഗത്തേയും, പ്ലോട്ടിന്റെ വലിപ്പത്തേയുംഅടിസ്ഥാനമാക്കി നടത്തിയ അപഗ്രഥനങ്ങൾ വ്യക്തമാക്കുന്നു. ജില്ലയുടെ പ്രവർത്തന സ്വഭാവം ചിത്രം 3.24 ൽ കാണിച്ചിരിക്കുന്നു.

Average plot size	Category of Res/Agr.mixed
Plot size less than 25	Urban
Plot size 25-50	Semi urban
Plot size 50-75	Semi rural

അവലംബം-IDDP-LDPഇടുക്കി

ഒരു പ്രദേശത്തെ അർദ്ധ- നഗര പ്രദേശം എന്ന് വിളിക്കുന്നുവെങ്കിൽ അവിടെ നാഗരീകവും ഗ്രാമീണവുമായ പ്രവർത്തനങ്ങൾ ഉണ്ടായിരിക്കുകയും നഗര പ്രവർത്തനങ്ങൾ മുഖ്യമായിരിക്കുകയും വേണം. മുഖ്യ പ്രവർത്തനങ്ങൾ ഗ്രാമീണമാണെങ്കിൽ പ്രദേശത്തെ അർദ്ധ-ഗ്രാമ പ്രദേശം എന്നു പറയുന്നു. രീതീ ശാസ്ത്രത്തെ അടിസ്ഥാമാക്കി ജില്ലയിലെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളുടേയും പ്രർത്തനസ്വഭാവം നിശ്ചയിച്ചത് അനുബന്ധം 10.1ൽ നൽകിയിരിക്കുന്നു.



ചിത്രം 3.24 ; അധിവാസ കേന്ദ്രങ്ങളുടെ പ്രവർത്തന സ്വഭാവം

ഒരു പ്രദേശത്തെ നിലവിലുള്ള അധിവാസക്രമമനുസരിച്ച് പ്രവർത്തന സ്വഭാവം നിർണ്ണയിക്കുന്ന സൂചകം കണക്കാക്കുന്നത് ആ പ്രദേശത്ത് ലഭ്യമാക്കുന്ന സൗകര്യങ്ങളുടെ സാമീപ്യം അനുസരിച്ചാണ്. ആയത് ചുവടെ ചേർക്കുന്നു.

1. വിദ്യാഭ്യാസ സൗകര്യം.
2. യാത്രാ സൗകര്യം.
3. ആരോഗ്യ പരിപാലന സൗകര്യം.
4. ഭൗതീക പശ്ചാത്തല സൗകര്യം.
5. ചന്തകൾ.
6. കൃഷിയും അനുബന്ധ മേഖലകളിലുമുള്ള സൗകര്യം.

ഈ സൗകര്യങ്ങളുടെ സാമീപ്യം അനുസരിച്ച് എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും വെയിറ്റേജ് മാർക്ക് നല്കുകയും ആ മാർക്കിന്റെ അടിസ്ഥാനത്തിൽ പ്രവർത്തന സ്വഭാവം

നിർണ്ണയിക്കുകയും ചെയ്യുന്നു. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നല്കിയിരിക്കുന്ന വെയിറ്റേജ് മാർക്കിന്റെ വിവരങ്ങൾ അനുബന്ധം 10.2 ൽ നൽകിയിരിക്കുന്നു.

അനുമാനം

പ്രവർത്തന സ്വഭാവത്തിന്റെ അടിസ്ഥാനത്തിലുള്ള അധിവാസ കേന്ദ്രങ്ങളുടെ സ്ഥലപര വിതരണം നാല് വിഭാഗങ്ങളേയും വേർതിരിച്ചു കാട്ടുന്നു. തൊടുപുഴ നഗരസഭ പ്രദേശം പട്ടണപ്രദേശ സ്വഭാവമുള്ളതും (URBAN)കട്ടപ്പന നഗരസഭ പ്രദേശം ഭാഗീകമായ പട്ടണ പ്രദേശമായും (SEMI UBAN)എന്നാൽ സൗകര്യങ്ങളുടെ കാര്യം പരിഗണിക്കുമ്പോൾ കാർഷീക മേഖലയുടെ സാന്നിദ്ധ്യം കൂടിയുള്ള പട്ടണ പ്രദേശമായും കാണുന്നു. അതുപോലെ തൊടുപുഴ നഗരസഭാ പ്രദേശത്തിന് സമീപമുള്ള ഇടവെട്ടി ഗ്രാമ പഞ്ചായത്ത് ഭാഗീകമായി നഗര പ്രദേശ സ്വഭാവം (SEMI RURAL)കാണിക്കുന്ന ഗ്രാമ പ്രദേശമാണ്. ജില്ലയിലെ മറ്റ് തദ്ദേശ ഭരണ സ്ഥാപന പ്രദേശങ്ങൾ എല്ലാം ഗ്രാമ പ്രദേശ സ്വഭാവം (RURAL)കാണിക്കുന്നു.

4.1 ഉത്പാദന മേഖല

അദ്ധ്യായം 4

4.1.1. നീർത്തടാധിഷ്ടിത വികസനം

4.1.1. A.കൃഷി ജലസേചനം

ആമുഖം

വളരെ വൈവിധ്യമാർന്ന ഭൂപ്രകൃതിയോട് കൂടിയ ഇടുക്കി ജില്ല, ഇവിടെ വസിക്കുന്ന ജനങ്ങളിലും സംസ്ക്കാരത്തിലും കാലാവസ്ഥയിലും അതുപോലെ തന്നെ കൃഷി ചെയ്യുന്ന വിളകളിലും പച്ചക്കറിയിലും ഒക്കെ വൈവിധ്യം പുലർത്തുന്നു. കേരളത്തിലെ വലിപ്പംകൊണ്ട് രണ്ടാമത്തെ വലിയ ജില്ലയായ ഇടുക്കി ജില്ല അഞ്ച് താലൂക്കും അറുപത്തിനാല് റവന്യൂ വില്ലേജും അമ്പത്തിരണ്ട് ഗ്രാമപഞ്ചായത്തും 2 മുനിസിപ്പാലിറ്റിയും എട്ട് ബ്ലോക്കുകളും ചേർന്നതാണ്. ഇടുക്കി ജില്ലയുടെ നിരന്ന ഭൂപ്രകൃതിയുള്ള താലൂക്ക് എന്ന് വിശേഷിപ്പിക്കാവുന്ന ഏക താലൂക്കായ തൊടുപുഴ എറണാകുളം ജില്ലയോട് ചേർന്ന് കിടക്കുന്നു. മറ്റു നാല് താലൂക്കുകളും മലയോര ഗ്രാമപ്രദേശങ്ങളെ ഉൾക്കൊള്ളുന്നതാണ്. ഇടുക്കി ജില്ലയുടെ ഉയർന്ന പ്രദേശങ്ങളിലെല്ലായിടത്തും അന്തരീക്ഷ ഊഷ്മാവ് താഴ്ന്ന് നിൽക്കുന്നത് കൊണ്ട് സമശീതോഷ്ണ കാലാവസ്ഥ അനുഭവപ്പെടുന്നു. അതുപോലെ തന്നെ താഴ്ന്ന് കിടക്കുന്ന തൊടുപുഴ താലൂക്കിൽ ഈർപ്പം കൂടിയ ഉഷ്ണ കാലാവസ്ഥ അനുഭവപ്പെടുന്നു.

ഇടുക്കി ജില്ലയിൽ പ്രതിവർഷം ശരാശരി 2898 മില്ലിമീറ്റർ മഴ ലഭിക്കുന്നു. ജില്ലയുടെ 96% പ്രദേശവും പർവ്വത നിരകളോട് കൂടിയ മലയോര പ്രദേശങ്ങൾ ആണ്. 50 % പ്രദേശം റിസർവ്വ് വനങ്ങളാണ്. ജില്ലയുടെ പ്രത്യേകത അനുസരിച്ച് ജില്ലയെ 4 അഗ്രോ ഇക്കോളജിക്കൽ യൂണീറ്റായി വിഭജിച്ചിരിക്കുന്നു.

1. ഉയരം കൂടിയ തെക്കൻ മലയോര പ്രദേശം
2. തെക്ക് - മധ്യ മല അടിവാര പ്രദേശം
3. കുമളി മലനിരകൾ
4. മറയൂർ മലനിരകൾ.

ഏതാണ്ട് 60% കൃഷിയിടവും ചെറുകിട കർഷകരുടെ കൈകളിലാണ്(marginal farmers). കൃഷി സ്ഥലങ്ങളെ ചെറിയ ചെറിയ പ്ലോട്ടുകളായി വിഭജിക്കപ്പെടുന്നത് കൊണ്ട് ശാസ്ത്രീയ പരിപാലന മുറകൾ അനുവർത്തിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുകയും അതുകൊണ്ട് തന്നെ ഉൽപാദനം കുറയുകയും ചെയ്യുന്നു. ഇവിടുത്തെ മറ്റൊരു പ്രത്യേകത വളരെ കുറഞ്ഞ ജലലഭ്യതയാണ്. ജലസേചനത്തിനുള്ള കുളങ്ങൾ, തടയണകൾ, മുതലായവയുടെഅപര്യാപ്തത കൃഷി ഉൽപാദനത്തെപ്രതികൂലമായി ബാധിക്കുന്നു. സംസ്ഥാനത്തിനു വേണ്ട വൈദ്യുതി ഉല്പാദിപ്പിക്കുന്ന ജലവൈദ്യുത പദ്ധതികൾ ഇടുക്കി ജില്ലയിൽ ധാരാളം ഉണ്ടെങ്കിലും വൈദ്യുതി ഉല്പാദിപ്പിച്ച ശേഷമുണ്ടാകുന്ന ജലം കാർഷിക ജലസേചനത്തിനായി ഉപയോഗിക്കാൻ സാധിക്കുന്നില്ല എന്നുള്ളത് വലിയ പരിമിതിയായി അവശേഷിക്കുന്നു.

കേരളത്തിൽ കാർഷിക മേഖലയിൽ നിന്നുള്ള വരുമാനത്തിൽ 2-ാം സ്ഥാനമാണ് ഇടുക്കി ജില്ലയ്ക്കുള്ളത്. കിഴക്കൻ കാശ്മീർ എന്നറിയപ്പെടുന്ന ഈ ജില്ല തമിഴ്നാടുമായി ചേർന്നു കിടക്കുന്നു. വിദേശികളെ ആകർഷിച്ച കറുത്ത പൊന്ന് വിളയുന്ന ഈ ജില്ലയിൽ സുഗന്ധ വിളകളായ ഏലം, ഇഞ്ചി, മഞ്ഞൾ, വാനില, കറുകപ്പട്ട തുടങ്ങിയ വിളകളും സമൃദ്ധമായായി വളരുന്നു. തേയില കൃഷിക്ക് അനുയോജ്യമായ മലഞ്ചരിവുകളുള്ള ഈ ജില്ല കേരളത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്നു. ശീതകാല പച്ചക്കറികൾ കരിമ്പ് തുടങ്ങിയ വിളകൾ കൃഷി ചെയ്യാവുന്നതും ഈ ജില്ലയുടെ ഒരു പ്രത്യേകതയാണ്. കൂടാതെ നെല്ല്, തെങ്ങ്, ഗോതമ്പ്, കൂവരക്, പച്ചക്കറികൾ, ഔഷധ സസ്യങ്ങൾ , പുഷ്പകൃഷി, കിഴങ്ങ് കൃഷി, ഫലവർഗ്ഗ ചെടികൾ എന്നിവയും സമൃദ്ധിയായി വളരുന്നു.

കന്നുകാലി വളർത്തലിന് വളരെ സാധ്യതയുള്ള ഒരു ഭൂപ്രദേശമാണ് ഇവിടെയുള്ളത്. സമുദ്ര നിരപ്പിൽ നിന്നും 10 മീറ്റർ മുതൽ 1500 മീറ്റർ വരെ ഉയരമുള്ള ഹൈലാൻഡ് ഉൾപ്പെട്ട പ്രകൃതി

രമണീയമായ ഭൂപ്രദേശം ഏവരെയും ആകർഷിക്കുന്നതാണ്. തേക്കടി, മുല്ലപ്പെരിയാർ, ഇടുക്കി, കുളമാവ് തുടങ്ങിയ ജലവൈദ്യുതപദ്ധതികളും ജലസമൃദ്ധമായ പുഴകളും തടാകങ്ങളും ജില്ലയുടെ മാറ്റ് കൂട്ടുന്നു. ടൂറിസ്റ്റ് ഭൂപടത്തിൽ ലോകശ്രദ്ധയെ ആകർഷിക്കുന്ന ജില്ലയാണ് ഇടുക്കി. ഇവിടുത്തെ 92% ജനങ്ങളുടെയും ജീവിത രീതി കാർഷികമേഖലയെ ആശ്രയിച്ചുള്ളതാണ്.വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കത്തക്ക വിധത്തിൽ ഫാം ടൂറിസത്തിന് വളരെ പ്രാധാന്യം വരുംകാല പദ്ധതികളിൽ നടപ്പിലാക്കേണ്ടത് അനിവാര്യമാണ്. ഓരോ പ്രദേശത്തിനും കാലാവസ്ഥാടിസ്ഥാനത്തിലുള്ള കൃഷി വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയാൽ കേരളത്തിന്റെ പുരോഗതിയിൽ നേതൃത്വം വഹിക്കത്തക്ക വിധത്തിൽ ഈ ജില്ലയെ മാറ്റിയെടുക്കുവാൻ സാധിക്കും.

ഇടുക്കി ജില്ല 5 ഉപ-സൂക്ഷ്മ മേഖലകൾ ഉൾപ്പെട്ടതാണ്. പ്രധാനമായും 1. അണ്ണാമല വനനിരകൾ 2. മറയൂർ മലനിരകൾ 3. ഏലം മലനിരകൾ 4.പെരിയാർ നദീതടം 5. തേക്കടി വനമേഖലകൾ.

അണ്ണാമല വന മേഖലകൾ ഹരിത വനങ്ങൾ നിറഞ്ഞതാണ്. ഇതിലെ ആനമുടിയാണ് തെക്കേ ഇൻഡ്യയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി.ഇതിന്റെ ഉയരം 2695 മീറ്ററാണ്.മറയൂർ മലനിരകൾ ജില്ലയുടെ കിഴക്കൻ മേഖലകളിലേയ്ക്ക് വ്യാപിച്ചു കിടക്കുന്നു. വട്ടവട വില്ലേജിൽ തെക്കേ അറ്റത്ത് 2523 മീറ്റർ വരെയാണ് ഈ മലനിരകളുടെ ഉയരം. ഏലം മലനിരകൾ ജില്ലയുടെ കിഴക്കൻ മേഖലകളിലായി വ്യാപിച്ചു കിടക്കുന്നു. വളരെ ഫലഭൂയിഷ്ഠമായ ഈ പ്രദേശത്ത് തേയില, ഏലം തോട്ടങ്ങൾ സ്ഥിതി ചെയ്യുന്നു. ഉയർന്ന മലനിരകൾക്ക് 2185 മീറ്റർ വരെ ഉയരമുണ്ട്.പെരിയാർ നദീതട പ്രദേശങ്ങൾ, പെരിയാർ നദിയുടെ വൃഷ്ടി പ്രദേശങ്ങളായി വടക്ക് പടിഞ്ഞാറ് ഭാഗത്തായി സ്ഥിതി ചെയ്യുന്നു. പടിഞ്ഞാറോട്ട് ചരിഞ്ഞു കിടക്കുന്ന ഈ പ്രദേശങ്ങൾക്ക് 1000 മീറ്ററിനു താഴെ ഉയരമേയുള്ളൂ. തേക്കടി വനനിരകൾ, പടിഞ്ഞാറ് ഭാഗത്തേയ്ക്ക് ചെരിഞ്ഞവയാണ്. 1337 മീറ്റർ വരെ ഉയരമുള്ളവയാണിവ.

ജില്ലയിലെ പ്രധാന നദികൾ പെരിയാറും പാമ്പാറുമാണ്. ഇവ കൂടാതെ മീനച്ചിലാർ, മണിമലയാർ, മൂവാറ്റുപുഴയാർ എന്നിവ ഉത്ഭവിക്കുന്നത് ഇടുക്കി ജില്ലയിൽ നിന്നാണ്. ഇതിൽ പാമ്പാർ കിഴക്കോട്ട് ഒഴുകി കാവേരി നദിയിൽ ചേരുന്നു. ബെൻമോർ എസ്റ്റേറ്റിൽ നിന്നാണിതിന്റെ തുടക്കം.പെരിയാർ വന്യജീവി സംരക്ഷണ കേന്ദ്രത്തിലെ ചൊക്കംപെട്ടി മലയിൽ നിന്ന് ഉത്ഭവിക്കുന്ന പെരിയാർ കേരള സംസ്ഥാനത്തെ ഏറ്റവും വലിയ നദിയാണ്.

കേരളത്തിലെ ജനസംഖ്യയുടെ 3.32% ആണ് ഇടുക്കി ജില്ലയിലുള്ളത്. 11.09 ലക്ഷം ജനസംഖ്യയിൽ 10.57 ലക്ഷം പേരും ഗ്രാമങ്ങളിലും 0.52 ലക്ഷം നഗരങ്ങളിലും താമസിക്കുന്നവരാണ്. 13.12% പട്ടിക ജാതിക്കാരും, 5.03% പട്ടിക വർഗ്ഗക്കാരുമാണ്.

ഈ ജില്ലയുടെ ഭൂവിസ്തൃതി 4,36,328 ഹെക്ടറാണ്. ഇത് സംസ്ഥാന വിസ്തൃതിയുടെ 11.23 ആണ്.ജില്ലയുടെ വിസ്തൃതിയുടെ 45.47% വനമാണ്. കൃഷിക്കുപയുക്തമാകാതെ 2.74% സ്ഥലം ജില്ലയിലുണ്ട്. കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി 2,06,809 ഹെ. ആണ്. ഇത് സംസ്ഥാന കൃഷി സ്ഥലത്തിന്റെ 9.98% മാത്രമാണ്.

ജില്ലയിലെ പ്രധാന വിളകൾ കുരുമുളക്, ജാതി, ഇഞ്ചി, മഞ്ഞൾ, കപ്പ, ചക്ക, മാങ്ങ, പൈനാപ്പിൾ, കൊക്കോ, റബ്ബർ, തേയില, ഏലം എന്നിവയാണ്. സംസ്ഥാനത്തെ നെൽകൃഷിയുടെ 1% മാത്രമാണ് ഇടുക്കി ജില്ലയിലുള്ളത്. കുരുമുളക് കൃഷിയാണ് പ്രധാന വിള. ഇത് സംസ്ഥാന കൃഷിയുടെ 51% ആണ്. പ്ലാവ്, കൊക്കോ എന്നിവയും സംസ്ഥാന തലത്തിൽ ഒന്നാമത്തെയായി നിൽക്കുന്നു.

മൃഗസംരക്ഷണം, ജനങ്ങളുടെ ഒരു പ്രധാന വരുമാന മാർഗ്ഗമാണ്. ഈ രംഗത്ത് ഇനിയും വലിയ സാദ്ധ്യതകളുണ്ട്.

തൊഴിലാളി ലഭ്യതയെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ പ്രധാന തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരും, ചെറുകിട തൊഴിലാളികളും ഉൾപ്പെടെ 5,16,363 പേരാണ് ജില്ലയിലുള്ളത്. ഇതിൽ സ്ഥിരം തൊഴിലാളികൾ 41,5947 ഉം ചെറുകിട തൊഴിലാളികൾ 1,00,416 ഉം ആണ്. തൊഴിലാളികളെ പ്രധാനമായും കൃഷിക്കാർ, കർഷകത്തൊഴിലാളികൾ, കുടിൽ വ്യവസായ തൊഴിലാളികൾ, മറ്റു തൊഴിലാളികൾ എന്നിങ്ങനെ തരം തിരിക്കാം. ജില്ലയിലെ സ്ത്രീ തൊഴിലാളികൾ 35.76% ആണെങ്കിലും, ചെറുകിടത്തൊഴിലാളികളിൽ സ്ത്രീ തൊഴിലാളികളാണ് കൂടുതൽ. ഇവർ 56.04% വരും.സംസ്ഥാന ശരാശരി 44.49%.

റോഡ് മാർഗ്ഗമുള്ള ഗതാഗതമാണ് പ്രധാനമായും ഈ ജില്ലയിൽ ഉള്ളത്. സ്റ്റേറ്റ്ഹൈവെ 998.372 കിലോമീറ്ററും ജില്ലാ റോഡുകൾ 1853.39 കിലോമീറ്ററുമാണ്. ജില്ലയിൽ റെയിൽ ഗതാഗത മാർഗ്ഗങ്ങളില്ല.

സാമ്പത്തിക ഇടപാടുകൾക്കായി ബാങ്ക് ശൃംഖലകൾ വ്യാപകമായിട്ടുണ്ട്. 131 വാണിജ്യ ബാങ്കുകളിലായി 2307 കോടി നിക്ഷേപങ്ങളും 2786 കോടി വായ്പകളും ഉണ്ട്. സ്റ്റേറ്റ് ബാങ്ക് ഗ്രൂപ്പിനു തന്നെ 40 ബ്രാഞ്ചുകൾ ജില്ലയിലുണ്ട്. ദേശീയ ബാങ്കുകൾ 40 എണ്ണം ഷെഡ്യൂൾഡ് ബാങ്കുകൾ 44, ജില്ലാ സഹകരണ ബാങ്ക് ശാഖകൾ 46, സർവ്വീസ് സഹകരണ ബാങ്കുകൾ 71 എന്നിവയും ജില്ലയിൽ പ്രവർത്തിച്ചു വരുന്നു.

ഇടുക്കി വ്യാവസായികമായി പിന്നോക്കമാണ്.

കാലാവസ്ഥ

ഇടുക്കി ജില്ലയിലെ പടിഞ്ഞാറു നിന്നും കിഴക്കൻ പ്രദേശങ്ങളിലേയ്ക്ക് പോകുംതോറും കാലാവസ്ഥാ വ്യതിയാനങ്ങൾ പ്രകടമാണ്. പടിഞ്ഞാറൻ പ്രദേശങ്ങളിലെ സമനിരപ്പ് പ്രദേശങ്ങളിൽ മിതമായ കാലാവസ്ഥയാണ്(താപനില 21 മുതൽ 33^0 c വരെ) അനുഭവപ്പെടുന്നത്.കിഴക്കു ഭാഗത്തെ ഉയർന്ന പ്രദേശങ്ങളിൽ തണുപ്പുള്ള കാലാവസ്ഥയും, ഇവിടുത്തെ താപനില നവംബർ- ജനുവരി മാസങ്ങളിൽ 5^0 മുതൽ മാർച്ച്- ഏപ്രിലിൽ 15^0 വരെയും അനുഭവപ്പെടാറുണ്ട്.

ജില്ലയിൽ ധാരാളം മഴ ലഭിക്കുന്നത് തെക്ക്-പടിഞ്ഞാറൻ മൺസൂൺ കാലത്തും, വടക്കു-കിഴക്കൻ മൺസൂൺ വഴിയുമാണ്. വാർഷിക മഴയുടെ തോത് 250 മുതൽ 425 സെന്റിമീറ്റർ വരെയാണ്. ദേവികുളം താലൂക്കിന്റെ പടിഞ്ഞാറൻ ഭാഗങ്ങളിൽ 500 സെന്റിമീറ്റർ വരെ മഴ ലഭിക്കാറുണ്ട്. കിഴക്കൻ ഭാഗങ്ങളിലും വടക്കു കിഴക്കൻ പ്രദേശങ്ങളിലും വളരെ കുറഞ്ഞ മഴയാണ് ലഭിക്കാറുള്ളത്. ഇത് ഏകദേശം 150 സെന്റി മീറ്റർവരെയാകാറുണ്ട്. മൂന്നാർ, ദേവികുളം, പള്ളിവാസൽ, വെള്ളത്തൂവൽ എന്നിവിടങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്.

മഴയുടെ തോത്.

മാസം	ഇടുക്കി	കേരളം
ജൂലൈ	1025.10 മി മീ	625.96 മി മീ
ഓഗസ്റ്റ്	478.80	337.06
സെപ്റ്റംബർ	616.70	329.35
ഒക്ടോബർ	369.50	320.61
നവംബർ	120.00	97.17
ഡിസംബർ	142.90	88.42
ജനുവരി	18.40	12.56
ഫെബ്രുവരി	29.30	8.37
മാർച്ച്	13.30	13.49
ഏപ്രിൽ	215.10	134.34
മെയ്	89.90	71.01
ജൂൺ	711.30	592.10

ഭൂവിനിയോഗം

ക്രമ. നം	ഭൂവിനിയോഗ ഇനം	ഇടുക്കി ജില്ല (ഹെ)	കേരളം(ഹെ)
1	ആകെ വിസ്തീർണ്ണം	436328	3886287
2	വനം	198413	1081500
3	കൃഷിയോഗ്യമല്ലാത്ത ഭൂമി (കാർഷികേതര)	11971	384174
4	കൃഷിയോഗ്യമല്ലാത്ത തരിശുഭൂമി	1963	19573
5	പുൽമേടുകൾ	104	153

6	വൃക്ഷവിളകൾ കൃഷിചെയ്യുന്ന ഭൂമി	231	3690
7	താൽക്കാലിക തരിശുഭൂമി	2615	91665
8	തുടർച്ചയായി ഒഴിഞ്ഞുകിടക്കുന്ന ഭൂമി	812	51943
9	ചതുപ്പുനിലം	0	189
10	യഥാർത്ഥത്തിൽ കൃഷി ചെയ്യുന്ന ഭൂമി	206809	2071507
11	ഒന്നിൽകൂടുതൽ കൃഷി ചെയ്യുന്ന ഭൂമി	101459	575954
12	ആകെകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം	308268	2647461

(അവലംബം :ഇക്കണോമിക്സ് &സ്റ്റാറ്റിസ്റ്റിക് ഡിപ്പാർട്ട്മെന്റ്)

ഇടുക്കി ജില്ലയിലെ മലയോര പ്രദേശങ്ങൾ സമുദ്രനിരപ്പിൽ നിന്നും 600 മീറ്റർ മുതൽ 1600 മീറ്റർ വരെ ഉയരത്തിൽ സ്ഥിതിചെയ്യുന്നു. ആയതുകൊണ്ടുതന്നെ ഇവിടെ വൈവിധ്യമാർന്ന സസ്യ ലതാദികളും, മൃഗങ്ങളും കാണപ്പെടുന്നു. ജില്ലയുടെ 90 ശതമാനത്തിൽ കൂടുതൽ ഭാഗവും ഇതുപോലുള്ള മലമ്പ്രദേശങ്ങമാണ്.

വിഭവ സ്രോതസ്സ്

മണ്ണ്:- ഇടുക്കി ജില്ലയിൽ പ്രധാനമായും രണ്ടുതരത്തിലുള്ള മണ്ണാണ് കാണപ്പെടുന്നത്.

1. Lateritesoil(വെട്ടുകല്ല് മണ്ണ്)
2. Alluvial soil(എക്കൽ മണ്ണ്)

ജില്ലയുടെ പല ഭാഗത്തുള്ള മണ്ണിന്റെ ഘടന ചുവടെ ചേർക്കുന്നു.

മേഖലകൾ	മണ്ണ്.
മണക്കാട്	ചുവപ്പോ അല്ലെങ്കിൽ ചുവപ്പ് കലർന്ന മഞ്ഞയോ ആയിട്ടുള്ള കളിമണ്ണിന്റെ സ്വഭാവവും ഉള്ള മണ്ണ്.
ചീനിക്കുഴി	ചുവപ്പു കലർന്ന തവിട്ടു നിറത്തിലുള്ള മണ്ണോ അല്ലെങ്കിൽ മഞ്ഞ കലർന്ന ചുവപ്പ് നിറത്തിലുള്ള കളിമണ്ണിന്റെ സ്വഭാവം കൂടിയ മണ്ണ്.
തൊമ്മൻകുത്ത്	കറുത്തതോ അല്ലെങ്കിൽ മഞ്ഞ നിറമുള്ള ചുവപ്പോടു കൂടിയതുമായ മണ്ണ്.
വെൺമണി	ചുവപ്പു കലർന്ന തവിട്ടു നിറത്തിലോ അല്ലെങ്കിൽ ചുവപ്പു നിറത്തോടു കൂടിയ മണ്ണ്.
മറയൂർ	കടുത്ത മഞ്ഞ കലർന്ന തവിട്ടോ അതുമല്ലെങ്കിൽ ചുവപ്പുരാശി മാത്രമായ മണ്ണ്.
പാമ്പാടുംപാറ	കടുത്ത ചുവപ്പുകലർന്ന തവിട്ടു നിറത്തിലുള്ള മണ്ണ്
ആനമുടി	കടുത്ത ചുവപ്പു കലർന്ന തവിട്ടു നിറത്തിലുള്ള മണ്ണ്.

പ്രധാന വിളകളും അവയുടെ കൃഷി രീതിയും ബ്ലോക്കടിസ്ഥാനത്തിൽ

ക്രമ നം	ബ്ലോക്ക്	പ്രധാനവിളകൾ	ഇടവിളകൾ	മറ്റു ഫലവർഗ്ഗങ്ങൾ	കിഴങ്ങുവർഗ്ഗങ്ങ ൾപുഷ്പങ്ങൾ
1	തൊടുപുഴ	റബ്ബർ, തെങ്ങ്, നെല്ല്	പച്ചക്കറി, വാഴയിനങ്ങൾ കുരുമുളക്, ജാതി, ഗ്രാമ്പു	പ്ലാവ്, മാവ്, റംമ്പൂട്ടാൻ, പേര, പൈനാപ്പിൾ, പപ്പായ	കപ്പ, ചേമ്പ്, ചേന, മധുരക്കിഴങ്ങ്
2	ഇളംദേശം	റബ്ബർ, തെങ്ങ്, നെല്ല്	വാഴ, പച്ചക്കറി, കുരുമുളക്, ജാതി	പ്ലാവ്, മാവ്, റംമ്പൂട്ടാൻ, പൈനാപ്പിൾ,	കപ്പ, കാച്ചിൽ, ചേന, കൂർക്ക
3	ഇടുക്കി	കുരുമുളക്,	ഏലം, പച്ചക്കറി,	പ്ലാവ്, മാവ്,	കപ്പ, ചേന,

		റബ്ബർ, തെങ്ങ്, നെല്ല്	വാഴയിനങ്ങൾ ജാതി, ഗ്രാമ്പു	റംമ്പൂട്ടാൻ, അവക്കാഡോ	കൂർക്ക ചേമ്പ്,, മധുരക്കിഴങ്ങ്
4	അടിമാലി	കുരുമുളക്, ഏലം, തെങ്ങ്	കൊക്കോ, കമുക്, വാഴ, ജാതി, ഗ്രാമ്പു, ഇഞ്ചി, മഞ്ഞൾ, നെല്ല്	പ്ലാവ്, മാവ്, റംമ്പൂട്ടാൻ	കപ്പ, ചേന, കൂർക്ക ചേമ്പ്, കാച്ചിൽ
5	കട്ടപ്പന	കാപ്പി, തേയില, ഏലം, തെങ്ങ്, കുരുമുളക്	വാഴ, കമുക്, ജാതി, ഗ്രാമ്പു, കശുമാവ്, കൊക്കോ, ഇഞ്ചി, മഞ്ഞൾ, പച്ചക്കറി	പ്ലാവ്, മാവ്, റംമ്പൂട്ടാൻ	കപ്പ, കൂർക്ക, കാച്ചിൽ, കൂവ
6	പീരുമേട് (അഴുത)	കുരുമുളക്, ഏലം, തേയില, കാപ്പി, കൊക്കോ, തെങ്ങ്	പച്ചക്കറി, കുറുമ്പുല്ല്, വാഴ, ജാതി, ഇഞ്ചി, മഞ്ഞൾ, വെറ്റിലക്കൊടി	പ്ലാവ്, മാവ്, റംമ്പൂട്ടാൻ	കപ്പ, ചേമ്പ്, കാച്ചിൽ, മധുരക്കിഴങ്ങ്, കൂർക്ക, പുഷ്പകൃഷി
7	നെടുങ്കണ്ടം	എലം, കാപ്പി, കുരുമുളക്, റബ്ബർ, നെല്ല്, പച്ചക്കറി, വാഴ	തേയില, ജാതി, ഗ്രാമ്പു	പേര, മാവ്, പ്ലാവ്	കപ്പ, ചേന, ചേമ്പ്, കൂർക്ക, മധുരക്കിഴങ്ങ്, ഔഷധസസ്യ ങ്ങൾ
8	ദേവികുളം	ശീതകാലപച്ചക്ക റികൾ, കരിമ്പ്, തേയില	നെല്ല്, ഇഞ്ചി, മഞ്ഞൾ	ഓറഞ്ച്, ആപ്പിൾ, പീച്ച്, പ്ലം	പുഷ്പകൃഷി

തേയില

കേരളത്തിലെ 75.1% തേയില ഉത്പാദിപ്പിക്കുന്നത് ഇടുക്കി ജില്ലയിലാണ്. ഇടുക്കി ജില്ലയിലെ ഹൈറേഞ്ചുകളിൽ കേന്ദ്രീകരിച്ചിരിക്കുന്നു. ഉയർന്നതും വിദൂരതയിലും സ്ഥിതി ചെയ്യുന്ന പശ്ചിമഘട്ട മലനിരകളിൽ കാണപ്പെടുന്നു. തേയില എസ്റ്റേറ്റുകൾ കൂടുതലായും സർക്കാർ ഭൂമിയിലും 30 മുതൽ 99 വർഷം വരെ പാട്ടത്തിന് ചെയ്യുന്നു. വലിയ തോട്ടം കമ്പനികൾ തേയില ഉത്പാദനത്തിൽ മുൻപന്തിയിൽ നിൽക്കുന്നു. ചെറുകിട കർഷകരുടെ സംഭാവന തുലോം കുറവാണ്.

ജില്ലയുടെ വടക്കും തെക്കുമായി സ്ഥിതി ചെയ്യുന്ന ഉടുമ്പൻചോല, പീരുമേട് താലൂക്കുകളിലും ദേവികുളം താലൂക്കുകളിലുമായി തേയില കൃഷി ചെയ്ത് വരുന്നു.

തേയില ബോർഡ്

ആഗോള കമ്പോളത്തിൽ ഗുണത്തിലും ഗണത്തിലും , ഉത്പാദനത്തിലും വിതരണത്തിലും രാജ്യത്തെ മുൻഗണനയിലെത്തിക്കുകയാണ് ലക്ഷ്യം. മികച്ച മാനേജ്മെന്റിലൂടെയും, തേയില തോട്ടങ്ങളിൽ മത്സരക്ഷമതയുള്ള നൂതന കൃഷിരീതികൾ നടപ്പിലാക്കുകയും , നൂതന സംസ്കരണ മാർഗ്ഗങ്ങളിലൂടെ ഉയർന്ന ഗുണനിലവാരമുള്ള തേയില ഉത്പാദിപ്പിക്കുക , കയറ്റുമതി മൂല്യമുള്ള തേയിലയുടെ ഉപയോഗം, ടി മേഖലയിൽ ഗവേഷണ -വികസന പരിപാടികൾ ശക്തിപ്പെടുത്തുക എന്നിവയാണ് ദൗത്യം.

ആകെ 92 വലിയ തേയില എസ്റ്റേറ്റുകൾ ഉള്ളതിൽ 56 എണ്ണം ഏകദേശം 22,00 ഹെക്ടറിലായി ജില്ലയിൽ വ്യാപിച്ചു കിടക്കുന്നു. ചെറുകിട തേയില മേഖലയിൽ നിന്നായി ശാരാശരി ഹെക്ടറിന് 1200 -1500 കിലോ വരെ ഉത്പാദനം നടക്കുന്നുണ്ട്. നാല് പ്രധാന മേഖലകളിലായി തേയില ഉത്പാദന

പ്രദേശത്തെ തിരിച്ചിട്ടുണ്ട്. വണ്ടിപ്പെരിയാർ, മേഖല (21.1), പീരുമേട് മേഖല (7.1) ഏലപ്പാറ മേഖല (19.1), ഹൈറേഞ്ച് അഥവാ മൂന്നാർ മേഖല (53.1)

ഏലം

ജില്ലയിലെ ഉടുമ്പൻചോല താലൂക്കിന്റെ കിഴക്ക് -മധ്യത്തായി ഏലം കൃഷി ചെയ്ത് വരുന്നു. ഏകദേശം 45,000 ഹെക്ടറിലായി വ്യാപനം ചെയ്തിരിക്കുന്ന ഏലം കൃഷിയിൽ നിന്നും വർഷത്തിൽ 25,000 ഉത്പാദനം നടത്തുന്നുണ്ട്. ഒരു ലക്ഷത്തോളം കുടുംബങ്ങൾ പൂർണ്ണമായും ഏലം കൃഷിയെ അശ്രയിച്ചു കഴിയുന്നു. തോട്ടം മേഖലയിലെ പ്രശ്നങ്ങൾ ഏലം കൃഷിയേയും ബാധിച്ചിട്ടുണ്ട്.

ഏലം മേഖലയുടെ ദീർഘകാലത്തിലുള്ള നിലനിൽപിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ

1. ഏലം കൃഷിയെ വാണിജ്യ വിള എന്ന പദവിയിൽ നിന്നും മാറ്റി ഭക്ഷ്യവിള / കാർഷിക വിള എന്നാക്കി മാറ്റുക
2. ഉത്പാദന ചെലവിന്റെ അടിസ്ഥാനത്തിൽ തറവില നിശ്ചയിക്കുക
3. ജലസേചനത്തിനും ഏലയ്ക്ക ഉണക്കുന്നതിനും സബ്സിഡി നിരക്കിൽ വൈദ്യുതി ചാർജ്ജ് ലഭ്യമാക്കുക.
4. ഉത്പാദന ചെലവ് കുറക്കുന്നതിന് നൂതന സാങ്കേതിക മികവുള്ള കാർഷിക രീതികൾ വികസിപ്പിക്കുക
5. ജൈവ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുക
6. വ്യക്തികൾക്കും സംഘടനകൾക്കും സബ്സിഡി അനുവദിക്കുക
7. മൂല്യ വർധിത ഉത്പന്നങ്ങൾ നിർമ്മിക്കുക
8. ഏലം കൃഷി സ്ഥലത്തിന് ഉടമസ്ഥാവകാശം ലഭ്യമാക്കുക
9. പരിസ്ഥിതി-സൗഹൃദ വിനോദ സഞ്ചാരം ഏലം കൃഷിയിടങ്ങളിൽ ഉറപ്പ് വരുത്തുക
10. ഏലം ഗവേഷണ മേഖല വിപുലപ്പെടുത്തുക

ജനകീയാസൂത്രണ കാർഷിക പദ്ധതികൾ 2017 – 18

ക്രമ.നം	തദ്ദേശ സ്വയംഭരണ സ്ഥാപനം	പദ്ധതികളുടെ എണ്ണം	അടങ്കൽ തുക
1	ജില്ലാ പഞ്ചായത്ത്	19	38.4 കോടി
2	ബ്ലോക്ക് പഞ്ചായത്ത്	47	7.3 കോടി
3	ഗ്രാമ പഞ്ചായത്ത്		21.57 കോടി
4	മുൻസിപ്പാലിറ്റി	10	4.37 കോടി

ഇടുക്കി ജില്ല- കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

ക്രമ നം.	പദ്ധതികൾ	അനുവദിച്ച തുക ലക്ഷത്തിൽ
	സംസ്ഥാന പദ്ധതികൾ	
1	നെൽ കൃഷി വികസനം	127.5060
2	മണ്ണ്, വേര് ആരോഗ്യ പരിപാലനവും ഉല്പാദനക്ഷമത വർദ്ധിപ്പിക്കലും	37.4700
3	പയർ, കിഴങ്ങ് വർഗ കൃഷി വികസനം	8.0000
4	കൃഷി വിജ്ഞാന വ്യാപനം	155.0800
5	അഗ്രോ സർവ്വീസ് സെന്റർ & സർവ്വീസ് ഡെലിവറി	31.5874
6	അഗ്രോ സർവ്വീസ് സെന്റർ	8.4000
7	വിള ആരോഗ്യ പരിപാലനം	61.4480
8	ഡിപ്പാർട്ട്മെന്റ് ലാബ് ആധുനീക വൽക്കരണം	4.9000
9	വിപണികളുടെ വികസനം	43.1200
10	ഓണസമൃദ്ധി	29.4000
11	പച്ചക്കറി വികസനം	562.8639
12	ജൈവകൃഷിയും നല്ല കൃഷി മുറകളും	74.7500
13	നല്ലയിനം നടീൽ വസ്തുകളുടെ ഉല്പാദനവും വിതരണവും	31.0000
14	നല്ലയിനം നടീൽ വസ്തുകളുടെ ഉല്പാദനവും വിതരണവും (ഫാമുകളിൽ)	110.0500
15	തെങ്ങു കൃഷി വികസനം	103.0650
16	പഴവർഗ്ഗങ്ങൾ, പുഷ്പങ്ങൾ, ഔഷധസസ്യങ്ങൾ എന്നിവയുടെ കൃഷി	32.2000
17	സുഗന്ധ വിള വികസനം	621.8250
18	ലോക്കേഷൻ സ്പെസിഫിക് സ്കീം	45.0000
19	പ്രത്യേക കാർഷിക മേഖല	1.0000
20	വിള ഇൻഷ്വറൻസ്	
	ആകെ (സംസ്ഥാന പദ്ധതികൾ)	2088.66526
	കേന്ദ്രാവിഷ്കൃത പദ്ധതികൾ	
	കാർഷിക യന്ത്രവൽക്കരണം	64.5
	ആകെ	64.5
	ആകെ	**2153.16526**

ക്രമ നം	**ഇതര പദ്ധതികൾ**	
1	പ്രകൃതി ക്ഷോഭം	
2	ഡിപ്പാർട്ട്മെന്റ് ഫണ്ട്	
3	റവന്യൂ ഫണ്ട്	35.00

4	കാർഷിക വിളകൾക്ക് സൗജന്യ വൈദ്യുതി	27.00000
5	കർഷക പെൻഷൻ	2687.05100
	നെൽ കൃഷി ഉൽപ്പാദന ബോണസ് (പഞ്ചായത്ത്)	12.00000
7	നെൽ കൃഷി ഉൽപ്പാദന ബോണസ് (നഗരപാലിക)	0.10000
	ആകെ	2726.15100
	ആകെ	4879.31626
	രാഷ്ട്രീയ കൃഷി വികാസ് യോജന	31.00
	ആകെ മൊത്തം	4910.316

AAP 2017-18 - SHM Idukki

		Total area	Assistance Lakh	Fin Target Lakh
1)	നടീൽ വസ്തുക്കളുടെ ഉത്പാദനം ഓപ്പൺ പോളിനേറ്റഡ് ക്രോപ്സ്	2 ha	0.35000/ha	0.70000
2)	പുതിയ കൃഷിത്തോട്ടങ്ങൾ			
a.	പഴവർഗ്ഗങ്ങൾ			
1.	സ്ട്രോബറി	35 ha	0.5/ha	17.5
2.	വാഴ (കന്ന്)	70 ha	0.2625	18.375
3.	വാഴ (ടിഷ്യൂകൾച്ചർ)	20 ha	0.375	7.5
4.	പപ്പായ (without integration)	5 ha	0.225	1.125
5.	പപ്പായ (with integration)	1 ha	0.6	0.6
6.	അൾട്രാ ഹൈഡെൻസിറ്റി meadow orchard (with integration)	25 ha	0.48	12
7.	ഹൈഡെൻസിറ്റി പ്ലാന്റിംഗ് (without integration)	5ha	0.24	1.2
8.	ഹൈഡെൻസിറ്റി പ്ലാന്റിംഗ് (with integration)	30 ha	0.36	10.8
b.I	പ്ലാവ് - with integration	5 ha	0.18	0.9
II	ഹൈബ്രിഡ് പച്ചക്കറി	20 ha	0.2	4.0
III	പുഷ്പ കൃഷി 1. കട്ട് ഫ്ളവർ	1 ha	0.4	0.4
IV	സുഗന്ധ വ്യജ്ഞന വിളകൾ 1.ഇഞ്ചി 2. മഞ്ഞൾ	150 ha	0.12	18.0
V	തോട്ട വിളകൾ 1. കൊക്കോ	50 ha	0.12	6.0
B3	കൃഷിത്തോട്ടങ്ങളുടെ പുനരുദ്ധാരണം (കുരുമുളക്)	200 ha	0.2	40.0
B4	ജലസംഭരണികളുടെ നിർമ്മാണം 1) സാമൂഹികാടിസ്ഥാനത്തിലുള്ള ജലസംഭരണികൾ/കുളങ്ങൾ/ പ്ലാസ്റ്റിക് ലൈനിങ്ങോടുകൂടിയ റിസർവോയറുകൾ (മലയോര പ്രദേശങ്ങൾ) 2) സ്വകാര്യ സംരഭകർ/കർഷകർക്കുള്ള ജലസ്രോതസ്സുകൾ (മലയോര പ്രദേശം)	2 unit 10 unit	25.0 0.9	66.00 9.0
B5	സംരക്ഷിത കൃഷി			
	1. ഷെയ്ഡ് നെറ്റ് ഹൗസ് ട്യൂബുലർ സ്ട്രക്ചർ (മലയോര പ്രദേശം)	10000^{m2}	0.00408	**40.8**
	2. നടീൽ വസ്തുകളുടെയും കൃഷിയുടേയും			

	ചെലവ്(പോളിഹൗസിന് അകത്തു മാത്രം)			
	a. മൂല്യം കൂടിയ പച്ചക്കറികൾ	10000^{m2}	0.0007	7.0
	b.ഓർക്കിഡ് / ആന്തൂറിയം	3500^{m2}	0.0035	12.25
	c.കാർനേഷൻ/ജെർബെറ	3500^{m2}	0.00305	10.675
	d.റോസ്/ ലിലിയം	3500^{m2}	0.00213	7.455
B7	ജൈവ കൃഷി			
	1. ജൈവകൃഷി പ്രാവർത്തിക മാക്കൽ (3rd Year)	500	0.03	15.0
	2. ജൈവ സർട്ടിഫിക്കറ്റ് ലഭ്യമാക്കൽ (3rd Year)	10	2.0	20.0
B9	Certification for GAP including infrastructure	35ha	0.05	1.75
B11	ഹോർട്ടികൾച്ചർ മേഖലയിലെ യന്ത്രവൽകരണം			
	1) പവർ ടില്ലർ (8 BHP ക്ക് താഴെ)	1 unit	0.5	0.5
	2) പവർ ടില്ലർ (8 BHP ക്ക് മുകളിൽ)	2 unit	0.75	1.5
	3) Self-propelled Horticulture Machinery(Fruit plucker, tree pruners, fruit harvesters, power operated horticulture tools for pruning, budding, grafting, shearing, weed cutters, track trolley etc.)	16 Unit	1.25	20.0
	4) സസ്യ സംരക്ഷണ ഉപാദികൾ a) വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന സ്പ്രെയർ (16 ലിറ്ററിന് മുകളിൽ) b) എക്കോ ഫ്രണ്ട്ലി വിളക്കു കെണി c) വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന സ്പ്രെയർ (8 12 litre)	 78 unit 34 unit 2 unit	 0.1 0.014 0.031	 7.8 0.476 0.062
ഇ)	സംസ്കരണവും വിപണനവും 1. പായ്ക്ക് ഹൗസ് 2. Preservation Unit a. New Unit b. Upgradation 3. PUSA Zero energy cool Chamber (100 Kg)	 5 unit 3 unit 2 unit 5 unit	 2.0 1.0 0.5 0.02	 10.0 3.0 1.0 0.1
	Grand Total			373.618

PMKSY

2017-18 ൽ വിവിധ ജലസേചന, ജല സംരക്ഷണ പദ്ധതികൾക്കായി വ്യക്തികൾക്കും പൊതുവായിട്ടും 499.1 ലക്ഷം രൂപയുടെ പദ്ധതികൾ സമർപ്പിച്ചിരിക്കുന്നു.

മൂന്നാർ പ്രത്യേക കാർഷിക മേഖല

വട്ടവട പഴത്തോട്ടത്തിൽ 46.33 ഏക്കർ സ്ഥലം ഏറ്റെടുത്തു. ദേവികുളം ബ്ലോക്കിൽ ദേവികുളം, മൂന്നാർ, വട്ടവട കാന്തല്ലൂർ, മറയൂർ പഞ്ചായത്തുകളിലെ 5000 കർഷകരെ ഉൾപ്പെടുത്തി 428 ജെ.എൽ.ജി ഗ്രൂപ്പുകൾ രൂപീകരിച്ചു.വട്ടവടയിൽ കേരള ഗ്രാമീൺ ബാങ്കിന്റെ ശാഖ ആരംഭിച്ചു.

ഹരിത കാർഡുകൾ വിതരണം ചെയ്തു. കൂടാതെ 76.9 കോടി രൂപ അടങ്കൽ തുക വരുന്ന പദ്ധതി മൂന്നാർ പ്രത്യേക കാർഷിക മേഖലയ്ക്കു വേണ്ടി സമർപ്പിച്ചിട്ടുണ്ട്. മൊത്തം 30.70 കോടി രൂപയും 2017-18 വർഷത്തിൽ 7.4 കോടി രൂപയും ധനസഹായമായി വകയിരുത്തിയിട്ടുണ്ട്.

ജില്ലയിലെ ജലസേചന സൗകര്യങ്ങൾ

ജില്ലയിലെ ജലസേചന സൗകര്യങ്ങൾ							
ക്രമ നം	ബ്ലോക്ക്	മൈനർ ഇറിഗേഷൻ	മീഡിയം ഇറിഗേഷൻ	മേജർ ഇറിഗേഷൻ	ആകെ	കിണർ	കുളം
1	തൊടുപുഴ	2750	364	85	3199	12223	904
2	ഇളംദേശം	2217	713		2930	11137	713
3	ഇടുക്കി	7768	1330	107	9205	15196	7573
4	അടിമാലി	16302	257	33	16592	11292	2295
5	കട്ടപ്പന	13755	1650		15405	7674	3593
6	അഴുത	203			203	2763	333
7	നെടുങ്കണ്ടം	11737	673	338	12748	8693	4663
8	ദേവികുളം	2534	779	704	4017	2153	633
		57266	5,766	1,267	64,299	71,131	20,707

സമുദ്ര നിരപ്പിൽ നിന്നും 450 മീറ്റർ മുതൽ 1750 മീറ്റർ വരെ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന പശ്ചിമ ഘട്ട ഭൂപ്രദേശമാണ് ഇടുക്കി ജില്ലയുടെ പ്രത്യേകത. ജലസേചനത്തിനായി വൻകിട പദ്ധതികൾ ആവിഷ്ക്കരിക്കാൻ പര്യാപ്തമായ ഭൂപ്രദേശമല്ലാത്തതിനാൽ ചെറിയ തടയണകൾ, കുളങ്ങൾ, കിണർ, പ്രകൃതി ദത്തമായ ജലസ്രോതസ്സുകൾ എന്നിവയെ വൻ തോതിൽ കൃഷിക്കാർക്ക് ആശ്രയിക്കേണ്ടി വരുന്നു. ജില്ലയുടെ ചെങ്കുത്തായ ഭൂപ്രകൃതിമൂലം ജലം സംഭരിയ്ക്കപ്പെടുകയോ ഭൂമിയിലേയ്ക്ക് ആഴ്ന്നിറങ്ങുകയോ ചെയ്യുന്നില്ല. ജില്ലയിലെ നദികളും അരുവികളും ചരിവുള്ളതും അടിത്തട്ട് പാറയോടു കൂടിയതുമാണ്. തൻമൂലം മഴക്കാലത്ത് നദികളിലെ ജലം മണ്ണിലേയ്ക്ക് ആഴ്ന്നിറങ്ങാതെ വളരെ വേഗത്തിൽ തന്നെ സമതല പ്രദേശങ്ങളിലേയ്ക്ക് എത്തിച്ചേരുന്നു. നദികളിൽ ഇടവിട്ട് ചെക്ക് ഡാമുകൾ പണിയുകയാണെങ്കിൽ ഈ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കാണാവുന്നതാണ്. അടിത്തട്ട് പാറയുടെ ഘടനയോടു കൂടിയതും ഇരുകരകളിലും ആവശ്യത്തിന് ഉയരം ലഭിയ്ക്കുന്നതുമായ പ്രദേശങ്ങളിൽ മിനിഡാമുകൾ നിർമ്മിയ്ക്കാവുന്നതാണ്. വിയറുകൾ വി.സി.ബി.കൾ എന്നിവ ഉപരിതലത്തെ ജലത്തെ സംഭരിച്ചു നിർത്തുന്നതിനും സമീപ പ്രദേശങ്ങളിലെ ഭൂഗർഭ ജല വിതാനം ഉയർത്തുന്നതിനും സഹായിക്കുന്നു. മൈക്രോ ഇറിഗേഷനും സ്പ്രിംഗ്ളർ ഇറിഗേഷനും പ്രോത്സാഹിപ്പിക്കുകവഴി ജലത്തിന്റെ ശരിയായ വിനിയോഗം സാധ്യമാക്കാവുന്നതാണ്. ജലസംഭരണികളിൽ നിന്ന് ഭൂഗുരുത്വ ബലത്താൽ കൃഷിയിടങ്ങളിലേയ്ക്ക് വെള്ളമെത്തിയ്ക്കുകഎന്ന ധർമ്മമാണ് കനാലുകൾ നിർവഹിക്കുന്നത്.ജലവിതരണത്തിനായുള്ള ഏറ്റവും സുഗമമായ മാർഗ്ഗമാണിത്.ഈ ഡിവിഷനു കീഴിൽ ഏകദേശം 225230 മീ.കനാലുകൾ ജലസേചനത്തിനായി നിർമ്മിച്ചിട്ടുണ്ട്. ഇതിൽ ഏറിയ പങ്കും മറയൂർ, കാന്തല്ലൂർ, വട്ടവട എന്നീ പഞ്ചായത്തുകളിലാണ് . ഈ പ്രദേശങ്ങളിലെ പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ നെൽക്കൃഷി എന്നിവയ്ക്ക്, ഇവ വളരെയധികം സഹായകരമാണ്. ടി കനാലുകളുടെഅറ്റകുറ്റ പണികൾ യഥാസമയം നടത്തേണ്ടതുണ്ട്.

ഈ ഡിവിഷനു കീഴിൽ ജലസേചനസൗകര്യം ഒരുക്കുന്നതിലേയ്ക്കായി PMKSY പദ്ധതിയിൽ വിവിധ പഞ്ചായത്തുകളിൽ 257 ചെക്ക് ഡാമുകൾ, 395 കുളങ്ങൾ, 30 ഫീൽഡ് ചാനലുകൾ എന്നിവയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ തോടുകളുടെ സംരക്ഷണത്തിനും കനാലുകളുടെ നവീകരണം നിർമ്മാണം എന്നിവയ്ക്കുമായി വിവിധ പദ്ധതികൾ അനുമതി ലഭിയ്ക്കുന്ന മുറയ്ക്ക് നടപ്പാക്കാവുന്നതാണ്.

പാമ്പാർ നദീതട പദ്ധതി

കേരളത്തിൽ കിഴക്കോട്ടൊഴുകുന്ന മൂന്നു നദികളിൽ ഒന്നായ പാമ്പാർ നദി കാവേരി നദിയുടെ പോഷകനദിയായ ഒരു അന്തർ സംസ്ഥാന നദിയാണ്.

384 ചതുരശ്ര കിലോമീറ്ററാണ് പാമ്പാർ നദിയുടെ കേരളത്തിലെ വൃഷ്ടി പ്രദേശം. കാവേരി നദീജല തൽക്ക പരിഹാര ട്രൈബ്യൂണലിന്റെ അന്തിമ വിധിപ്രകാരം കേരളത്തിന് അനുവദിച്ചിട്ടുള്ളത് 30 റ്റി.എം.സി ജലമാണ്. ഇതിൽ 3 റ്റി.എം.സി ജലം പാമ്പാർ നദീതടത്തിൽ നിന്നുള്ള വിഹിതമാണ്.

ഈ 3 റ്റി.എം.സി ജലം ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നതിന് ആവശ്യമായ വിവിധ പദ്ധതികളാണ് ഈ നദീതട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനായി താഴെ പറയുന്ന 4 വിവിധ സ്കീമുകളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

1. തലയാർ സ്കീം
2. വട്ടവട സ്കീം
3. ചെങ്ങലാർ സ്കീം
4. ചമ്പക്കാട്

I. **തലയാർ പദ്ധതി** - ഈ പദ്ധതിക്ക് അനുവദിച്ചിരിക്കുന്ന സംസ്ഥാന വിഹിതം 0.78 റ്റി.എം.സി ആണ്. ഇതിൽ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. അപ്പർ ചട്ടമൂന്നാർ ഡാം
2. ലോവർ ചട്ടമൂന്നാർ ഡാം

II.**വട്ടവട സ്കീം** - 0.52 റ്റി.എം.സി ജലം ഉപയുക്തമാക്കുന്നതിന് താഴെ പറയുന്ന 6 ഡാമുകളുടെ നിർമ്മാണമാണ് പ്രാഥമിക സർവ്വേ പ്രകാരം കണ്ടെത്തിയിരിക്കുന്നത്.

1. ഒറ്റമരം ഡാം
2. കൊട്ടക്കാമ്പൂർ ഡാം
3. പഡഗിരി ഡാം
4. വട്ടവട സ്കീം
5. കടവരി ഡാം
6. കല്ലാടൻ കണ്ണവായ് മേട്ട്

ഇതിൽ ഒറ്റമരം ഡാം ഒഴികെയുള്ള 5 ഡാമുകളിടെയും ഡാം നിർമ്മാണത്തിനാവശ്യമായ സ്ഥലം വനഭൂമിയാകയാൽ സ്ഥലം ഏറ്റെടുക്കൽ പ്രക്രിയയ്ക്ക് കാലതാമസം എടുക്കുന്നതിനാൽ ഒറ്റമരം ഡാമിന്റെ നിർമ്മാണത്തിന് പ്രാമുഖ്യം കൊടുത്ത് പര്യവേഷണ ജോലികൾചെയ്തുവരുന്നു.

<u>കാർഷിക യന്ത്രവൽക്കരണം</u>.

ജില്ലയിൽ 5 അഗ്രോ സർവ്വീസ് സെന്ററുകൾ, 10 കാർഷിക കർമ്മസേനകൾ എന്നിവ പ്രവർത്തിച്ചു വരുന്നു. കൂടാതെ കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന ഗ്രൂപ്പുകൾക്ക് 80% സബ്സിഡി നിരക്കിൽ യന്ത്രോപകരണങ്ങൾ നൽകി വരുന്നു.

<u>വികസന വെല്ലുവിളികൾ</u>

മണ്ണൊലിപ്പ്, ഉരുൾപൊട്ടൽ,നിമ്നോന്നതഘടന, ജലദൗർലഭ്യം, തൊഴിലാളി ദൗർലഭ്യം തുടങ്ങിയവയെല്ലാം കാർഷിക മേഖല നേരിടുന്ന വെല്ലുവിളികളാണ്. വന്യമൃഗങ്ങളുടെ കടന്നുകയറ്റം ജില്ലയിലെ കർഷകർ നേരിടുന്ന മറ്റൊരു വെല്ലുവിളിയാണ്.ജില്ലയിലെ ഭൂഘടന ആധുനിക യന്ത്രങ്ങളുടെ ഉപയോഗത്തെ ഗണ്യമായി പരിമിതപ്പെടുത്തുന്നു. വർദ്ധിച്ച തോതിലുള്ള രോഗ കീടബാധകൾ, കാർഷോൽപന്നങ്ങളുടെ വിലയിലുണ്ടാകുന്ന ചാഞ്ചാട്ടങ്ങൾ, കാലാവ്ഥയിലുള്ള വ്യതിയാനം, പൊതു-സ്വകാര്യമേഘലകളിൽ കാർഷികോൽപന്നങ്ങളുടെ സംഭരണ വിതരണ ശൃഖലയുടെ അഭാവം.

വികസന കാഴ്ചപ്പാടുകൾ

കൃഷിയോടൊപ്പം അനുബന്ധമേഖലകളായ മത്സ്യകൃഷി, ക്ഷീര വികസനം, കന്നുകാലി വളർത്തൽ, മുട്ടകോഴി കൃഷി, പട്ടുനൂൽ പുഴു തുടങ്ങിയവയ്ക്ക് കൂടി പ്രാമുഖ്യം നൽകുന്ന ഒരു വികസന കാഴ്ചപ്പാടാണ് ത്രിതല പഞ്ചായത്തുകളിലൂടെ നടപ്പിലാക്കേണ്ടത്. അതോടൊപ്പം മണ്ണ് സംരക്ഷണത്തിനും ജല സംരക്ഷണത്തിനും ജലസേചനത്തിനും പ്രത്യേകം ഊന്നൽ നൽകേണ്ടതാണ്. വിവിധ വകുപ്പുകളുടെ സംയോജനത്തിലൂടെയുള്ള ഒരു വികസന തന്ത്രമാണ് നാം കൈകൊള്ളേണ്ടത്. വികസന പദ്ധതിയിൽ കാർഷികമേഖലയ്ക്ക് പ്രാമുഖ്യം നൽകി ഇടുക്കി പാക്കേജ് പോലുള്ള പദ്ധതികളും അനിവാര്യമാണ്. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിലൂടെ ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനും ജൈവവൈവിധ്യം നിലനിർത്തുന്നതിനും പ്രഥമ സ്ഥാനം നൽകേണ്ടതുണ്ട്. അതോടൊപ്പം തന്നെ സമ്മിശ്ര കൃഷി, തേനീച്ച വളർത്തൽ തുടങ്ങിയവക്കും പ്രത്യേക പരിഗണന കൊടുക്കേണ്ടതാണ്

ഇടുക്കി ജില്ല സുഗന്ധവിളകൾ ഉൾപ്പെടെ എല്ലാതര വിളകളുടെയും കൃഷിക്ക് അനുയോജ്യമായ ഒരു ഭൂപ്രദേശമാണ്. അതിലുപരി ലോകശ്രദ്ധ ആകർഷിക്കത്തക്കവണ്ണമുള്ള പ്രകൃതി ഭംഗിയുള്ള ഒരിടം കൂടിയാണ്. ഇത്തരത്തിലുള്ള ഒരു അനുഗ്രഹം പരമാവധി ഉപയോഗപ്പെടുത്തുകയാണെങ്കിൽ വികസനകാര്യത്തിൽ ഒരു കുതിച്ചു ചാട്ടം ഉണ്ടാക്കിയെടുക്കുവാൻ നമുക്കു സാധിക്കും. കാർഷികമേഖലയിൽ ടൂറിസവുമായി ബന്ധപ്പെടുത്തി ഫാം ടൂറിസം പോലുള്ള പദ്ധതികൾക്ക് പ്രാമുഖ്യം നൽകേണ്ടതാണ്.

പുൽമേടുകളും കാലിവളർത്തലിന് അനുയോജ്യമായ കാലാവസ്ഥയുമുള്ള ഈ പ്രദേശത്ത് കന്നുകാലി വളർത്തലിന് കൂടുതൽ സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകിയാൽ കാർഷിക മേഖലക്കാവശ്യമായ ജൈവവളങ്ങൾ ലഭ്യമാകുന്നതിനോടൊപ്പം കർഷക കുടുംബങ്ങൾക്ക് അധിക വരുമാനത്തിനുമുള്ള അവസരം കൂടി ഉണ്ടാകും. കൂടാതെ ധാരാളം ജലസംഭരണ പ്രദേശങ്ങളും ആവശ്യത്തിനുള്ള മഴയുംഉള്ളതു കൊണ്ട് മത്സ്യകൃഷി പല പഞ്ചായത്തുകളിലും കർഷകർക്ക് ഒരു ഉപജീവനമാർഗ്ഗമായി സ്വീകരിക്കാവുന്നതാണ്.

റബ്ബർ പോലുള്ള കൃഷി വ്യാപകമായുള്ള ചില പഞ്ചായത്തുകളിൽ തേനീച്ച വളർത്തൽ, ഇടവിള കൃഷിയായ കൂവ, റോബസ്റ്റ വാഴ, ഔഷധസസ്യങ്ങൾ തുടങ്ങിയവ കൃഷി ചെയ്ത് അധിക വരുമാനം ഉണ്ടാകാനുള്ള പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്. ചെറുതേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളും നടപ്പാക്കാവുന്നതാണ്

<u>മൾബറി കൃഷി</u> - പട്ടുനൂൽ പുഴു വളർത്തൽ (സെറികൾച്ചർ) ജില്ലയിൽ വലിയ സാദ്ധ്യതയുള്ള ഒരു കാർഷിവ്യവസമാണ്. മറയൂർ, കാന്തല്ലൂർ കൂടാതെ മറ്റ് പല പഞ്ചായത്തുകളും മൾബറി കൃഷിക്ക് സാദ്ധ്യയുള്ളതാണ്.

കുരുമുളക് പോലുള്ള കൃഷിക്ക് പ്രത്യേക പാക്കേജ് നടപ്പിലാക്കി ആ കൃഷിയെ പരിപോഷിപ്പിക്കേണ്ടതാണ്.

ഏലത്തോട്ടങ്ങളിൽ തേനീച്ച വളർത്തൽ വ്യാപിപ്പിക്കേണ്ടതാണ്. കൂടുതൽ വിള തരുന്ന സങ്കരഇനം ചെടികളുടെ ഉത്പാദനവും കൃഷിയും വ്യാപിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ അനിവാര്യമാണ്. കാന്തല്ലൂർ, മറയൂർ തുടങ്ങിയ പ്രദേശങ്ങളിൽ ശീതകാല പച്ചക്കറികൾ, കരിമ്പ് തുടങ്ങിയ വിളകൾ പരിപോഷിപ്പിക്കുന്നതിന് കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ്.

തെങ്ങ് കൃഷിക്ക് നിലവിലെ രോഗകീടബാധ ഒഴിവാക്കുതിന് യുദ്ധകാല അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും മേൽത്തരം തെങ്ങുംതൈകളുടെ ഉത്പാദനവും വിതരണവും ഉണ്ടാകേണ്ടതായിട്ടുണ്ട്. ത്രിതല പഞ്ചായത്തുകളുടെയും കോക്കനട്ട് ഡവലപ്മെന്റ് ബോർഡിന്റെയും

സംയുക്ത ആഭിമുഖ്യത്തിലുള്ള ഒരു സമഗ്ര തെങ്ങുകൃഷി പദ്ധതി ഈ മേഖലയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

കുടുംബശ്രീ, പുരുഷ സ്വാശ്രയ സംഘങ്ങൾ, വിദ്യാർത്ഥികൾ, യൂത്ത് ക്ലബുകൾ, സന്നദ്ധ സംഘടനകൾ എന്നിവയെ ഉൾപ്പെടുത്തി പച്ചക്കറി, നെല്ല്, വാഴ, ഇഞ്ചി, മഞ്ഞൾ തുടങ്ങിയ ഏകവർഷ വിളകളുടെ കൃഷിസ്ഥലവ്യാപ്തി വർദ്ധിപ്പിക്കുന്നതിനായി സമഗ്രമായ ഒരു പദ്ധതിക്ക് രൂപം കൊടുക്കേണ്ടതും പ്രത്യേക ധനസഹായം നടപ്പിലാക്കേണ്ടതുമാണ്.

ജൈവ വൈവിധ്യം നിലനിൽക്കത്തക്ക വിധത്തിലുള്ള വികസന കാഴ്ചപ്പാടാണ് നമുക്കാവശ്യം

<u>വിവിധ വിളകളുടെ സാധ്യതാവിസ്തീർണ്ണം</u>

<u>തെങ്ങ് കൃഷി</u>

നിലവിലുള്ള വിസ്തീർണ്ണം (ഹെക്ടർ)	സാധ്യത വിസ്തീർണ്ണം (ഹെക്ടർ)	ആകെ വിസ്തീർണ്ണം (ഹെക്ടർ)
6163	586	6749
രോഗബാധിത തെങ്ങുകൾ - 63956 എണ്ണം	മുറിച്ചു മാറ്റേണ്ടത്- 26395	സംഘ സംരക്ഷണ പ്രവർത്തനത്തിലൂടെ മാറ്റിയെടുക്കാവുന്നവ - 37561
മേൽത്തരം തെങ്ങിൻ തൈകളുടെ ആവശ്യകത (എണ്ണം) - 105480.		

<u>മറ്റുകൃഷികൾ</u>

കൃഷിയുടെ പേര്	നിലവിലുള്ള കൃഷി സ്ഥലം (ഹെക്ടർ)	കൃഷി ചെയ്യാവുന്ന വിസ്തീർണ്ണം		ആകെ (ഹെക്ടർ)
		തനത് കൃഷി(ഹെ)	ഇടവിള(ഹെ)	
കപ്പ	4620	1536	1217	2753
നേന്ത്ര വാഴ	4100	864	1013	1877
മറ്റിനം വാഴ	2790	324	960	1284
കുരുമുളക്	37450	5154	2263	7417
കുരുമുളക്പുനരുദ്ധാരണം		1574	867	2441
ഇഞ്ചി	1500	325	413	738
ഇഞ്ചി പ്രദർശനത്തോട്ടം				253 പ്ലോട്ടുകൾ @ 25 സെന്റ്/പ്ലോട്ട്
ഇഞ്ചി വിത്തുല്പാദനം				63
മഞ്ഞൾ	385	53	104	157
മഞ്ഞൾ പ്രദർശനത്തോട്ടം				32
മഞ്ഞൾ വിത്തുല്പാദനം				69

<u>ജില്ലയിലെ വിവിധ വിളകളുടെ ഒരു താരതമ്യ പഠനം</u>

ക്രമ.നം	വിളകൾ	കേരളം (കിലോ/ഹെ.)	ഇടുക്കി (കിലോ/ഹെ.)

1	a. നെല്ല്ഒന്നാംവിള	2524	2500
	b. നെല്ല്രണ്ടാംവിള	2859	2520
	c. നെല്ല്മൂന്നാംവിള	3235	2200
2	മരച്ചീനി	38996	43480
3	കശുമാവ്	654	300
4	റബ്ബർ	923	1050
5	കരിമ്പ്	9791	10770
6	തെങ്ങ്	7491(nuts)	4420(nuts)

പച്ചക്കറികൾ

ക്രമ.നം	വിളകൾ	കേരളം (കിലോ/ഹെ.)	ഇടുക്കി (കിലോ/ഹെ.)
1	പച്ചമുളക്	941	894
2	ഉരുളകിഴങ്ങ്	18558	18558
3	പയർവർഗ്ഗങ്ങൾ	709	2567
4	വെളുത്തുള്ളി	8333	1910

പഴവർഗ്ഗങ്ങൾ

ക്രമ.നം	വിളകൾ	കേരളം (കിലോ/ഹെ.)	ഇടുക്കി (കിലോ/ഹെ.)
1	വാഴ (നേന്ത്രൻ)	8806	9194
2	വാഴ (മറ്റിനങ്ങൾ)	8251	10421
3	പ്ലാവ്	3178	1830
4	മാവ്	5616	
5	കൈതച്ചക്ക	9620	9524
6	കപ്പളങ്ങ (പപ്പയ)	5956	2163

കാർഷിക പദ്ധതികൾ പോരായ്മകളും പരിഹാര മാർഗ്ഗങ്ങളും.

ക്രമ. നം	കാർഷിക പദ്ധതികളുടെ പോരായ്മകൾ	പരിഹാര നിർദ്ദേശങ്ങൾ
1.	ഗുണമേൻമയുള്ള ഉത്പാദനോപാധികളുടെ ലഭ്യതക്കുറവ് (ജൈവവളങ്ങൾ, ജൈവ കീടനാശിനികൾ എന്നിവയുടെ ഗുണമേന്മ കുറവ്)	1. ജൈവവളങ്ങൾ, കീടനാശിനികൾ എന്നിവയുടെ ഗുണമേന്മ പരിശോധിക്കുന്നതിന് ജില്ലയിൽ ഒരു പരിശോധനാ ലാബ് അനുവദിക്കുക 2. വളം, കീടനാശിനി ഗുണനിയന്ത്രണ ഉദ്യോഗസ്ഥരുടെ സേവനം ജില്ലാ തലത്തിലും ബ്ലോക്ക് തലത്തിലും ലഭ്യമാക്കുക. 3. അതിർത്തികളിൽ പരിശോധന ശക്തമാക്കുക. 4. ഡിപ്പാർട്ടുമെന്റ് തലത്തിലുള്ള ഫാമുകളും അംഗീകൃത ഫാമുകളും ശക്തിപ്പെടുത്തുക. 5. ഗുണമേൻമയുള്ള ഉത്പാദനോപാധികളുടെ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക.
2.	വിദഗ്ദ തൊഴിലാളികളുടെ അഭാവം	1. കാർഷിക കർമ്മസേന പഞ്ചായത്തുതലത്തിൽ രൂപീകരിക്കുക 2.തൊഴിലാളികൾക്ക് വിദഗ്ധ പരിശീലനം നൽകി കാർഷിക മേഖലയിൽ പുനർവിന്യസിക്കുക.
	കാലാവസ്ഥയുടെ	1. ഗ്രീൻ ഹൗസ്, മഴമറ, പോളിഹൗസ് തുടങ്ങിയ ആധുനിക

3.	വ്യതിയാനം	കൃഷി സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുക 2. കാലാവസ്ഥ വ്യതിയാനം കൊണ്ട് ഉണ്ടാകുന്ന കൃഷി നഷ്ടം പരിഹരിക്കാൻ വിള ഇൻഷ്വറൻസ് ഏർപ്പെടുത്തുക.
4.	അന്തരീക്ഷ ആർദ്രത കൂടുതലായതിനാൽ ഈ ജില്ലയിൽ കുമിൾരോഗങ്ങളുടെ വർദ്ധനവ്	1.മുൻകൂട്ടി കുമിൾനാശിനി പ്രയോഗം (സ്പ്രേയിംഗ്) നടത്തുക. 2. കുമിൾ നാശിനി സബ്സിഡി നിരക്കിൽ കർഷകർക്ക് നൽകുക.
5.	പാറക്കെട്ടുകളും ചരിഞ്ഞ പ്രദേശങ്ങളും ഉള്ളതിനാൽ രൂക്ഷമായ മണ്ണൊലിപ്പ് മൂലം മണ്ണിന്റെ ഉല്പാദന ക്ഷമത കുറയുന്നത് മൂലം വിളവ് കുറയുന്നു.	മണ്ണ്സംരക്ഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുക.
6.	റബ്ബർ പോലുള്ള ഏകവിളകളുടെ കടന്നുകയറ്റം, മറ്റു വിളകളെ ദോഷമായി ബാധിക്കുന്നു.	സമ്മിശ്രകൃഷിക്ക് പ്രോത്സാഹനം നൽകുക.
7.	സംഭരണത്തിനും സംസ്കരണത്തിനുള്ള സാധ്യതകളുടെ അഭാവം, വിപണന സൗകര്യങ്ങളുടെ കുറവ്	1. ഉത്പന്നങ്ങളെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ആക്കുന്നതിനുള്ള ചെറുകിട യൂണീറ്റുകൾ കുടുംബശ്രീ, കർഷക ഗ്രൂപ്പുകൾ എന്നിവരെക്കൊണ്ട് നടപ്പിലാക്കുക. 2. കൃഷിയിട വിപണനം, ഇ-മാർക്കറ്റിംഗ്, ആഴ്ച ചന്തകൾ, ഇക്കോ ഷോപ്പുകൾ എന്നിവ ശക്തിപ്പെടുത്തുക. 3. ഉത്പാദനോപാധികൾ മുൻകൂറായി സംഭരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക. അവയുടെ ഗുണമേന്മയും ഉറപ്പു വരുത്തുക. 4. ഫ്രീസർ സൗകര്യത്തോടെയുള്ള കേന്ദ്രീകൃത സംഭരണ സംസ്കരണ ശാലകൾ ആരംഭിക്കുക.
8.	ഭൂമിയുടെ തുണ്ടുവത്ക്കരണം	ക്ലസ്റ്റർ, ഗ്രൂപ്പു ഫാമിംഗ് എന്നിവ വിപുലീകരിക്കുകയും അവ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക
9.	കാർഷികോല്പന്നങ്ങളുടെ വിലയിടിവ്	1. ഉത്പന്നങ്ങളെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ആക്കുന്നതിനുള്ള വ്യവസായ യൂണീറ്റുകൾ ആരംഭിക്കുക. 2.മെച്ചപ്പെട്ട സാങ്കേതിക വിദ്യകൾ ലഭ്യമാക്കുക. 3. ഉൽപന്നങ്ങൾക്ക് താങ്ങ് വില നിശ്ചയിക്കുക.
10	ഉല്പന്നവില അടിസ്ഥാനമാക്കിയുള്ള കൃഷി രീതി തയ്യാറാക്കുന്നില്ല. (Production plan)	1. Production planതയ്യാറാക്കുക 2. കർഷകർക്ക് ഉത്പന്നങ്ങളുടെ ഗുണമേൻമയെ കുറിച്ചുള്ള അറിവും പ്രായോഗിക പരിജ്ഞാനവും നൽകുക 3. ബാങ്കുകൾ വായ്പാ ലഭ്യമാകുന്നതിന് വിളയുടെ അടിസ്ഥാനത്തിൽ ധനസഹായം നൽകുക
10.	രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിത ഉപയോഗം.	1. സമയബന്ധിതമായുള്ള മണ്ണ് പരിശോധന ശക്തമാക്കുക. 2. കൃഷി ഉദ്ധ്യോഗസ്ഥരുടെ സേവനവും മേൽനോട്ടവും കർഷകർക്ക് ഉറപ്പാക്കുക.
11.	യന്ത്രവൽക്കരണത്തിന്റെ അഭാവം	ഓരോ സ്ഥലത്തിനും അനുയോജ്യമായ യന്ത്രങ്ങളുടെ നിർമ്മാണവും ലഭ്യത ഉറപ്പാക്കുക.
12.	വിവിധ വകുപ്പുകളുടെ ഏകോപന കുറവ്.	മൃഗ സംരക്ഷണം, ജലസേചനം, ഇലക്ട്രിസിറ്റി, ധനകാര്യ സ്ഥാപനങ്ങൾ, വ്യവസായം, ഫിഷറീസ്, കൃഷി, മണ്ണ് സംരക്ഷണം തുടങ്ങിയ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനം അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്
13.	ശാസ്ത്രീയ കൃഷി രീതികൾ	1.യൂണിവേഴ്സിറ്റിയിലുള്ള ശാസ്ത്രജ്ഞരേയും വിദഗ്ദ കർഷകരേയും കൃഷിവകുപ്പിൽ നിന്നും വിരമിച്ച

	അവലംബിക്കുന്നതിനുള്ള വിമുഖത	ജീവനക്കാരേയുംകൃഷിശാസ്ത്രത്തിൽവിദ്യാസമ്പന്നരായ തൊഴിൽ രഹിതരെയും ഉൾപ്പെടുത്തി പ്രവർത്തനം ഊർജ്ജസ്വലമാക്കുക. 2. മൂന്ന് വാർഡുകൾക്ക് ഒരു ഫീൽഡ് ഉദ്യോഗസ്ഥൻ എന്ന നിലയിൽ വിന്യസിച്ച് കൃഷി ഭവനുകളെ ശക്തിപ്പെടുത്തുക. 3.ശാസ്ത്രീയ മണ്ണ് പരിശോധന 4.സൂക്ഷ്മമൂലകങ്ങൾ, ജൈവവളങ്ങൾ ശരിയായരീതിയിൽ ഉപയോഗിക്കത്തക്കസംവിധാനം ഒരുക്കുക.
14.	ഉത്പന്നങ്ങളുടെ ഗ്രേഡിംഗ് (അഗ്മാർക്ക്) തുടങ്ങിയ തരംതിരിവിന്റെ പോരായ്മ	കർഷകർക്ക് ഉത്പന്നങ്ങളുടെ ഗുണമേൻമയെ കുറിച്ചുള്ള അറിവും പ്രായോഗിക പരിജ്ഞാനവും നൽകുക
15.	പട്ടയംസംബന്ധിച്ച പ്രശ്നങ്ങൾ.	പട്ടയ വിതരണം സമയ ബന്ധിതമായി നടപ്പിലാക്കുക.
16.	പാട്ടകൃഷിക്ക് ഉടമസ്ഥർ വിമുഖത കാണിക്കുന്നു	പഞ്ചായത്തുകളിൽ തരിശായി കിടക്കുന്ന കൃഷിഭൂമികൾ, പഞ്ചായത്ത് പ്രസിഡന്റ്, കൃഷി ഓഫീസർ, സി.ഡി.എസ്. ചെയർപേഴ്സൺ എന്നിവരുടെ നേതൃത്വത്തിൽ ഏറ്റെടുത്ത് ആവശ്യമുള്ള കർഷക കൂട്ടായ്മകൾക്ക് കൃഷിക്ക് ഉപയുക്തമാക്കുന്ന നിയമങ്ങൾ പ്രാബല്യത്തിൽ വരുത്തുക.
17.	ദേവികുളം താലൂക്കിലെ കാന്തല്ലൂർ, വട്ടവട പ്രദേശങ്ങളിൽ യൂക്കാലിപ്റ്റസ് ഗ്രാന്റിസ് വൻതോതിൽ നട്ടുപിടിപ്പിക്കുന്നതു മൂലം ജലദൗർലഭ്യം രൂക്ഷമാവുകയും മറ്റു വിളകളുടെ കൃഷിയെ ബാധിക്കുകയും ചെയ്യുന്നു.	കൃഷിയെ ദോഷകരമായി ബാധിക്കുന്ന യൂക്കാലിപ്റ്റസ് ഗ്രാന്റിസ് മരങ്ങൾ മുറിച്ചു മാറ്റി പകരം ശീതകാല പച്ചക്കറികളും, പഴവർഗ്ഗങ്ങളും കൃഷി ചെയ്യുക

.

<u>കാർഷികമേഖലയിലെ വികസന പദ്ധതി നിർദ്ദേശങ്ങൾ</u>

1. **<u>നെൽകൃഷി വികസനം.</u>**
   a. നിലവിലെ ഉല്പാദന വർദ്ധനവിനുള്ള പദ്ധതികൾ- മേൽത്തരം വിത്തുകളുടെ വിതരണം, ഉല്പാദനോപാധികളുടെ ലഭ്യത ഉറപ്പാക്കൽ, പലിശരഹിത വായ്പ .
   b. തരിശുനിലം കൃഷിയോഗ്യമാക്കുക. ഓരോ വർഷവും 50 ഹെക്ടർ വീതം 15 വർഷം 750 ഹെക്ടർ
   c. കരനെൽകൃഷി 25 ഹെക്ടർ വീതം ആകെ 375 ഹെക്ടർ
   d. ജലസേചനം, ജലനിർഗ്ഗമന സൗകര്യം മെച്ചപ്പെടുത്തുന്നതിന് അടിസ്ഥാന സൗകര്യ വികസനം, യന്ത്രവൽക്കരണം, റൈസ് മിൽ സ്ഥാപിക്കൽ

<u>തെങ്ങ് കൃഷി വികസനം</u>

1. സംയോജിത രോഗകീടനിയന്ത്രണം
2. തെങ്ങ് കൃഷി പുനരുദ്ധാരണം
3. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി ചേർന്ന് മേൽത്തരം തെങ്ങിൻ തൈയുടെ ഉല്പാദനം വിതരണം.
4. ക്ലസ്റ്റർ അടിസ്ഥാനത്തിൽ മണ്ണ് പരിശോധന, കുമ്മായം ചേർക്കൽ, വളപ്രയോഗം, കീടരോഗനിയന്ത്രണം.
5. തെങ്ങ് കൃഷിക്കാർക്ക് പരിശീലനം
6. ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ.
7. തെങ്ങുകയറ്റ പരിശീലനം
8. പുതിയ തെങ്ങ് കൃഷി

9. ശാസ്ത്രീയ മണ്ണ് പരിശോധന
10. ഇടവിള കൃഷി പ്രോത്സാഹനം
11. ഒരു വീട്ടിൽ ഒരു തെങ്ങ് പദ്ധതി.
12. തെങ്ങ് പരിപാലനം
13. എണ്ണയാട്ട് മില്ലുകൾ
14. തേങ്ങ സംഭരണം വിപണനം
15. തരിശു സ്ഥല കൃഷി
16. കരകൗശല വസ്തുക്കളുടെ ഉല്പാദനം വിപണനം (തെങ്ങ് അടിസ്ഥാനമാക്കി)
17. നാളികേര വികസന ബോർഡുമായി സഹകരിച്ച് മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റുകൾ

വാഴകൃഷി

1. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഏത്തവാഴ കൃഷി
2. ഇടവിളയായി മറ്റിനം വാഴകൃഷി
3. ഗ്രൂപ്പ് അടിസ്ഥാനത്തിൽ വിപണന യൂണിറ്റ്
4. പ്രദർശനത്തോട്ടം
5. ചിപ്സ് യൂണിറ്റ്.
6. വാഴവിത്ത് ഉല്പാദനം, വിതരണം- ടിഷ്യു
7. വാഴകൃഷിയ്ക്ക് പരിശീലനം
8. പ്രൊഡക്ഷൻ ബോണസ് നൽകൽ
9. നല്ല വാഴ കർഷകർക്ക് സമ്മാനം.

കിഴങ്ങു കൃഷി വികസനം

1. കപ്പ കൃഷിക്ക് ആനുകൂല്യം
2. കുടുംബശ്രീ, പുരുഷ സ്വാശ്രയ സംഘം, സ്കൂൾ കുട്ടികൾക്ക് കപ്പ കൃഷിക്ക് ധനസഹായം
3. തരിശു സ്ഥലങ്ങളിൽ കിഴങ്ങു വർഗ്ഗ കൃഷി പ്രോത്സാഹനം
4. ഇടവിളയായി ചേന, ചേമ്പ് തുടങ്ങിയ വിളകൾ കൃഷി
5. മേൽത്തരം വിത്തുകളുടെ ഉല്പാദനവും വിപണനവും
6. ക്ലസ്റ്റർ അടിസ്ഥാനത്തിൽ കിഴങ്ങു വർഗ്ഗ കൃഷി പ്രോത്സാഹനം
7. ചിപ്സ് യൂണിറ്റ് നിർമ്മാണം
8. മൂല്യവർദ്ധിത ഉല്പന്ന യൂണിറ്റ്.

പച്ചക്കറി കൃഷി വികസനം

1. വീട്ടു വളപ്പിൽ പച്ചക്കറി കൃഷി
2. സ്ഥാപനങ്ങളിൽ ചെറിയ യൂണിറ്റിൽ കൃഷി
3. ക്ലസ്റ്റർ അടിസ്ഥാനത്തിൽ കൃഷി (കുടുംബശ്രീ, പുരുഷ സ്വാശ്രയ സംഘം)

4 വാണിജ്യ അടിസ്ഥാനത്തിലെ കൃഷി .പച്ചക്കറിയ്ക്ക്ഉത്പാദനബോണസ് .
5ശീതകാല പച്ചക്കറിക്ക് പ്രത്യേക പ്രോത്സാഹനം.
6സംഭരണ ശാലകൾ വിപണന സ്റ്റാളുകൾ സ്ഥാപിക്കൽ
7ലോക്കൽ മാർക്കറ്റിങ് യൂണിറ്റ്
8തരിശു സ്ഥലകൃഷി
9മേൽത്തരം വിത്തുല്പാദനം
10ജൈവകൃഷിക്ക് ഉല്പാദനോപാധികളുടെ ലഭ്യത ഉറപ്പു വരുത്തുക, അവയുടെ ഗുണമേന്മ, വിപണന സൗകര്യം ഇവ ഉറപ്പു വരുത്തുക.
11തറവില ലഭ്യമാക്കുക
12മഴമറ കൃഷി പ്രോത്സാഹിപ്പിക്കുക.

കമുക് കൃഷി വികസനം

1. തരിശുനില കൃഷി വികസനം
2. പുനരുദ്ധാരണ കൃഷിയ്ക്കുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള പദ്ധതി.
3. രോഗ-കീട നിയന്ത്രണോപാധികളുടെ വിതരണ പദ്ധതികൾ
4. മേൽത്തരം തൈകളുടെ ഉല്പാദനവും വിതരണവും
5. ഇടവിള കൃഷിയ്ക്ക് ഊന്നൽ നൽകൽ.

ജാതികൃഷി വികസനം

1. പുതു കൃഷി വികസനം
2. ഉല്പാദനോപാധികളുടെ വിതരണം
3. ജലസേചന പദ്ധതികൾ (Drip, well, pumpset)
4. നടീൽ വസ്തുക്കളുടെ വിതരണം
5. സംഭരണ യൂണീറ്റ്
6. അസംസ്കൃത വസ്തുക്കളുടെ ഉല്പാദനം.
7. പ്രദർശനത്തോട്ടത്തിനുള്ള ആനുകൂല്യം.

ഗ്രാമ്പു കൃഷി വികസനം

1. സാധ്യത മേഖലയിലെ കൃഷി വികസനം
2. പ്രത്യേക പരിപാലന തോട്ടം
3. മേൽത്തരം തൈകളുടെ ഉല്പാദനവും വിതരണവും
4. സംഭരണ യൂണിറ്റ് നിർമ്മാണം
5. ജലസേചന പദ്ധതികൾ.

ഇഞ്ചികൃഷി വികസനം

1. **പുതുകൃഷി**
   a. ആവശ്യമായ മേൽത്തരം നടീൽ വസ്തുക്കളുടെ വിതരണം
   b. ജൈവവള നിർമ്മാണവും വിതരണവും
   c. രോഗ കീടനിയന്ത്രണത്തിനുള്ള ഉല്പാദനോപാധികളുടെ വിതരണം

2പ്രദർശന തോട്ടം

3 **ഇഞ്ചി സംസ്കരണ യൂണിറ്റ്** - പച്ചയിഞ്ചി ചുക്കാക്കി സംഭരിച്ച് ഗ്രേഡിംഗ് നടത്തി വില്പന. ഇത് കുടുംബശ്രീ യൂണീറ്റുകൾക്ക് ധനസഹായത്തോടു കൂടി നടപ്പിലാക്കാം.

4 ഇഞ്ചി-ഇടവിളകൃഷിക്കുള്ള പ്രോത്സാഹന പദ്ധതി (അനുയോജ്യമായ പച്ചക്കറി, കിഴങ്ങു വർഗ്ഗകൃഷി)

5 വീട്ടാവശ്യത്തിനുള്ള ഇഞ്ചികൃഷി

6 ഗ്രോ ബാഗ്, ചട്ടി മുതലായവയിലുള്ള കൃഷി പ്രോത്സാഹിപ്പിയ്ക്കുന്നതിനുള്ള ധനസഹായം.

7 ഉല്പാദന ബോണസ്.

മഞ്ഞൾകൃഷി വികസന പദ്ധതി.

1. തരിശുകൃഷി പ്രോത്സാഹിപ്പിക്കൽ
   a. വിളകളുടെ ഇട പ്രദേശങ്ങളിൽ
   b. തരിശു സ്ഥലങ്ങളിൽമിനിമം 25 സെന്റ് സ്ഥലത്ത് കൃഷിയിറക്കുമ്പോൾ ഒരു യൂണീറ്റ് എന്നു കണക്കാക്കി ധനസഹായം നൽകൽ.
2. മേൽത്തരം മഞ്ഞൾ നടീൽ വസ്തുക്കളുടെ വിതരണം
3. ഏറ്റവും നല്ല മഞ്ഞൾ കർഷകർക്കുള്ള അവാർഡ് നൽകൽ (പഞ്ചായത്ത്/ബ്ലോക്ക്/ ജില്ലാതലങ്ങളിൽ)

ഫലവർഗ്ഗം -

1. ഹൈറേഞ്ച് - ഓറഞ്ച്, ലെമൺ, ആപ്പിൾ, നടീൽ വസ്തുക്കളുടെ വിതരണം- പുഷ്പകൃഷി - കട്ട് ഫ്ളവർ കൃഷി പ്രോത്സാഹനം.
2. പുതുകൃഷി സഹായം-റംബുട്ടാൻ,സ്ട്രോബറി, പപ്പായകൃഷി ചെയ്യുന്നതിന് ധനസഹായം
3. പ്ലാവ്, മേൽത്തരം നടീൽ വസ്തുക്കൾവിതരണം, സംഭരണ, സംസ്ക്കരണ യൂണിറ്റ് സ്ഥാപിക്കൽ.

തോട്ടവിള കൃഷി വികസന നിർദ്ദേശങ്ങൾ

തേയില

1. വൈറ്റ് ടീ
2. മണ്ണ് സംരക്ഷണം
3. പരിശീലന പരിപാടി
4. ജൈവ വള നിർമ്മാണ യൂണീറ്റ്
5. ബയോ കൺട്രോൾ പെസ്റ്റിസൈഡ് പ്രൊഡക്ഷൻ യൂണിറ്റ്.
6. നടീൽ വസ്തുക്കളുടെ ഉല്പാദനം, വിപണനം
7. വിലസ്ഥിരതാ ഫണ്ട് നൽകൽ
8. ജലസേചന സൗകര്യം
9. IFS യൂണിറ്റ് ധനസഹായം

കൊക്കൊ കൃഷി വികസനം

1. പുതുകൃഷി (നടീൽ വസ്തുക്കളുടെ വിതരണം, ജൈവവളം, സസ്യ സംരക്ഷണം)
2. പുനരുദ്ധാരണ കൃഷി (തോട്ടങ്ങളിലെ കേടുതൈകൾ മാറ്റി മേൽത്തരം തൈകൾ നടീൽ)
3. നഴ്സറികൾ- മേൽത്തരം തൈകളുടെ ഉല്പാദനവും വിതരണവും
4. കീടരോഗ നിയന്ത്രണോപാധികൾ നൽകൽ
5. സംഭരണ യൂണിറ്റുകൾ
6. അസംസ്കൃത വസ്തുക്കളുടെ ഉല്പാദനം
7. പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ

കാപ്പികൃഷി വികസന പദ്ധതികൾ

1. പുനരുദ്ധാരണ കൃഷി
2. പുതു കൃഷി
3. രോഗ-കീട നിയന്ത്രണ പദ്ധതികൾ
4. മേൽത്തരം തൈകളുടെ ഉല്പാദനവും വിതരണവും.
5. വളം, കക്ക മുതലായവയുടെ ഉല്പാദനം
6. പ്രൊഡക്ഷൻ ബോണസ് നൽകൽ
7. ഇടവിള കൃഷിയ്ക്ക് ഊന്നൽ നൽകൽ.

ഏലകൃഷി വികസനം

1. പുനരുദ്ധാരണ കൃഷി
2. നേഴ്സറിക്കുള്ള ധനസഹായം
3. ജലസേചന സൗകര്യം (കുളം, സ്പ്രിംഗ്ലർ, ഡ്രിപ്പ് മുതലായവ)
4. ഏലത്തോട്ടത്തിലുള്ള തേനീച്ച വളർത്തൽ
5. ഏലം പ്രോസസിംഗ് യൂണീറ്റ് (ഡ്രൈയർ)
6. ഏലം ഗ്രേഡിംഗ് പദ്ധതി.
7. ഏലം കൃഷികൾക്കുള്ള മണ്ണിര കമ്പോസ്റ്റ് യൂണീറ്റ്

ഫാം ടൂറിസം

ലേബർ ബാങ്ക് രൂപീകരണം

ജലസേചന സൗകര്യം

1. District irrigation Planപ്രകാരം-ചെക്ക്ഡാം, പടുതാക്കുളം, പമ്പ്സെറ്റ്, ഡ്രിപ്പ് ജലസേചനം

ജൈവകൃഷി പ്രോത്സാഹനം

1. ജൈവകൃഷി ഫലവത്താക്കുന്നതിന് കീടരോഗ നിയന്ത്രണത്തിനായി മിത്രകീടങ്ങൾ, കുമിളുകൾ, നിമാ വിരകൾ, പരിസ്ഥിതി എഞ്ചിനീയറിങ് ഇവ പ്രചരിപ്പിക്കുക.
2. കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിച്ച് ജൈവവള ലഭ്യത വർദ്ധിപ്പിക്കുക.
3. ചാണകം, ട്രൈക്കോഡർമ സമ്പുഷ്ടമാക്കി വിതരണം നടത്തുന്നതിന് സഹായം നൽകുക.

കാർഷിക മേഖലയിൽ MGNREGS (മഹാത്മാഗാന്ധി ഗ്രാമീണ തൊഴിൽ ദാന പദ്ധതി)

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിൽ ദാന പദ്ധതി പ്രകാരം 2013-14 മുതൽ 2017-18 വരെ കാർഷിക മേഖലയിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ താഴെ പറയുന്ന പ്രകാരമാണ്.

Land Development			
Financial Year	**Total Works**	**Expenditure**	**Estimated Outcome Unit (Hectre)**
2013014	8788	2666.51	10188.3
2014015	10164	4566.53	11309.41
2015016	427	215.36	235.25
2016017	11380	5351.89	1867.26
2017018	1453	700.7	1288.6
Total	**32212**	**13500.99**	**24888.82**

4.1.1.B. നീർത്തടാധിഷ്ടിത വികസനം – മണ്ണ് ജലസംരക്ഷണം

ആമുഖം

കേരളത്തിന്റെ മദ്ധ്യഭാഗത്ത് സ്ഥിതി ചെയ്യുന്ന മലകളും താഴ്‌വരകളും നിറഞ്ഞ മനോഹരമായ മലയോര ജില്ലയാണ് ഇടുക്കി. 1972 ജനുവരി 26-ന് ദേവികുളം, പീരുമേട് ഉടുമ്പൻചോല താലൂക്കുകൾ കോട്ടയം ജില്ലയിൽ നിന്നും, തൊടുപുഴ താലൂക്ക് എറണാകുളം ജില്ലയിൽ നിന്നും വേർപെടുത്തി കൂട്ടിച്ചേർത്താണ് ഇടുക്കി ജില്ല രൂപീകരിച്ചത്.

പശ്ചിമഘട്ടത്തിന്റെ ഭാഗമായി സ്ഥിതി ചെയ്യുന്ന ഈ ജില്ലയുടെ ഭൂരിഭാഗം പ്രദേശവും സമുദ്ര നിരപ്പിൽ നിന്നും 2500 – 5000 അടി ഉയരത്തിലാണ് സ്ഥിതി ചെയ്യുന്നത്. തെക്കേ ഇന്ത്യയിലെ ഏറ്റവും വലിയ പർവ്വതമായ ആനമുടി (8841 അടി) ഇടുക്കി ജില്ലയിലാണ് സ്ഥിതി ചെയ്യുന്നത്. വളരെ ഉയരത്തിലുള്ളതും വളരെ ചെരിവുകൂടിയതുമായ അനവധി കുന്നുകളും താഴ്‌വരകളും നിറഞ്ഞ നിമ്നോന്നത ഭൂപ്രകൃതിയാണ് ഈ ജില്ലയിലുള്ളത്. ഇന്ത്യൻ കൗൺസിൽഫോർ അഗ്രിക്കൾച്ചറൽ റിസേർച്ചിന്റെ (ICAR) അഗ്രോ ക്ലൈമറ്റിക് സോൺ തരംതിരിവു പ്രകാരം ഇടുക്കി ജില്ല ഉൾപ്പെടുന്നത് ഹൈ ആൾട്ടിറ്റ്യൂഡ് സോൺ എന്ന വിഭാഗത്തിലാണ്. ജില്ലയിൽ ആകെ 52 ഗ്രാമ പഞ്ചായത്തുകളും, 8 ബ്ലോക്ക് പഞ്ചായത്തുകളും, 2 മുൻസിപ്പാലിറ്റികളും ആണ് നിലവിലുള്ളത്.

കേരളത്തിന്റെ ഏകദേശം മധ്യഭാഗത്തായിട്ടാണ് ഇടുക്കി ജില്ല സ്ഥിതി ചെയ്യുന്നത്. ആകെ 4363ച.കി.മി വിസ്തീർണ്ണമുള്ള ഇടുക്കി, വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പാലക്കാടിന് തൊട്ട് പിന്നിലായി രണ്ടാംസ്ഥാനത്ത് സ്ഥിതി ചെയ്യുന്നു. കേരളത്തിന്റെ ആകെ വിസ്തീർണ്ണത്തിന്റെ 13 ശതമാനം വിസ്തൃതി ഉൾപെടുന്നതാണ് ഇടുക്കി ജില്ല. ജില്ലയുടെ ആകെ വിസ്തീർണ്ണത്തിന്റെ 50% അധികം പ്രദേശവും വനമേഖലയാണ്. ജില്ലയുടെ തെക്കുവടക്കായുള്ള നീളം ഏകദേശം 115 കി.മീറ്ററും,കിഴക്ക് പടിഞ്ഞാറായുള്ള വീതി ഏകദേശം 67 കി.മീറ്ററുമാണ്.കേരളത്തിന്റെ സ്പൈസസ് ഗാർഡൻ എന്ന് ഈ ജില്ലയെ വിശേഷിപ്പിക്കുന്നു.

സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരം	ഭൂമിയുടെ വിഭാഗം	വിസ്തൃതിയുടെ ശതമാനം
20 മി – 100 മി	മിഡ് ലാന്റ്	4.50
100 മി – 300 മി	മിഡ് – അപ് ലാന്റ്	7.50
300 മി –600 മി	അപ് ലാൻഡ്	15.20
600 മി – 1200 മി	പശ്ചിമഘട്ട ഹൈറേഞ്ച്	48.30
➢ 1200 മി	അപ്പർപശ്ചിമഘട്ട ഹൈറേഞ്ച്	24.50

ജനസംഖ്യ

ഇടുക്കി ജില്ലയിൽ 2011-ലെ സെൻസസ് പ്രകാരം 1108974 ആണ് ഇവിടുത്തെ ജനസംഖ്യ. ജനസംഖ്യയിൽ ഭൂരിഭാഗവും കൃഷികൊണ്ട് ഉപജീവനം കഴിക്കുന്നവരാണ്. കൃഷിയും, കന്നുകാലി വളർത്തലുമാണ് ജില്ലയിലെ ജനങ്ങളുടെ പ്രധാന ജീവനോപാധികൾ. ജില്ലയിലെ ജനസംഖ്യയുടെ 10% ആളുകൾ എസ്റ്റേറ്റ് തൊഴിലാളികളാണ്.

ഭൂപ്രകൃതി



പൂർണ്ണമായും പശ്ചിമഘട്ട പ്രദേശത്ത് ഉൾപ്പെടുന്ന ജില്ലയാണ് ഇടുക്കി. അതുകൊണ്ട് തന്നെ വളരെ പ്രത്യേകതകൾ ഉള്ള ഒരു ഭൂപ്രകൃതിയാണ് ഇടുക്കി ജില്ലക്കുള്ളത്. ജില്ലയിലെ ഭൂരിഭാഗവും ഹൈലാന്റ് (97%) പ്രദേശമാണ്. ഇടതൂർന്ന വനങ്ങളും വളരെ ഉയർന്നതും ചരിവുള്ളതുമായ മലകളും, താഴ്വാരങ്ങളും നിറഞ്ഞ നിമ്നോന്നതമായ ഭൂപ്രകൃതിയാണ്ഇടുക്കി ജില്ലക്കുള്ളത്. ജില്ലയുടെ 3% പ്രദേശം മാത്രമാണ് ഇടനാട് വിഭാഗത്തിൽ ഉൾപ്പെട്ടിരിക്കുന്നത്. ഇവ തൊടുപുഴയും ഇളംദേശം ബ്ലോക്കിന്റെ ചില പ്രദേശങ്ങളും ഉൾപ്പെടുന്നവയാണ്. വളരെ നിമ്നോന്നതവും വളരെ ചെരിവുകൂടിയ മലഞ്ചെരിവും, മറ്റു താഴ്വാരങ്ങളും നിറഞ്ഞ ജില്ലയിലെ ഭൂപ്രകൃതി മറ്റ് ജില്ലകളിൽ ഉള്ളതുപോലുള്ള പരമ്പരാഗത കാർഷിക വിളകൾക്കും, കൃഷി രീതികൾക്കും അനുയോജ്യമല്ല. എങ്കിലും വനമേഖല ഒഴിച്ച് ലഭ്യമായ ഈ ചരിവ് സ്ഥലങ്ങളിൽ ഇവിടുത്തെ കാലാവസ്ഥയ്ക്കും, മണ്ണിനും യോജിച്ച കൃഷികൾ ഇവിടത്തെ കർഷകർ കാലാകാലങ്ങളായി ചെയ്തുവരുന്നു. .

കാലാവസ്ഥ

ജില്ലയിൽ സാധാരണയായി ഈർപ്പം നിറഞ്ഞ ഉഷ്ണമേഖല (Humid Tropical) കാലാവസ്ഥയാണ് കണ്ടുവരുന്നത്. മാർച്ച് മാസം മുതൽ മെയ് മാസം വരെ വളരെ ചൂടുകൂടിയ കാലാവസ്ഥയാണ് ഇവിടെയുള്ളത്. ജൂൺമാസം മുതൽ സെപ്തംബർ മാസം വരെ തെക്ക് പടിഞ്ഞാറൻ മൺസൂൺ കാലവർഷവും, തുടർന്ന് ഒക്ടോബർ മുതൽ ഡിസംബർ മാസം വരെ വടക്കുകിഴക്കൻ മൺസൂണായ തുലാവർഷവും ജില്ലയിൽ ലഭിക്കുന്നു. ശരാശരി വാർഷിക മഴ ലഭ്യത ഏകദേശം 3769 മി.മീറ്ററാണ്.



അവലംബം :**Indian Meteorological Department- www.imdtvm.gov.in**

ജില്ലയുടെ കിഴക്ക് പ്രദേശവും വടക്കു കിഴക്കു പ്രദേശവുമാണ് ഏറ്റവും കുറവ് മഴ ലഭിക്കുന്ന പ്രദേശം. ജില്ലയിലെ മഴ നിഴൽ പ്രദേശങ്ങൾ ഉൾപ്പെടുന്ന മറയൂർ,കാന്തല്ലൂർ, ചിന്നാർ മേഖലകളിൽ വർഷത്തിൽ 1000 മി.മി. കുറഞ്ഞ നിരക്കിലാണ് മഴ ലഭിക്കുന്നത്. ദേവികുളം താലൂക്കിൽപെട്ട വട്ടവടയിലും ഈ രീതിയിൽ കുറഞ്ഞ മഴയാണ് ലഭിക്കാറുള്ളത്. എന്നാൽ പീരുമേട്ടിലും ജില്ലയോട് ചേർന്നുകിടക്കുന്ന നേര്യമംഗലം ഭാഗത്തും വർഷത്തിൽ 5000 മി.മി.കൂടുതൽ മഴ ലഭിക്കാറുണ്ട്.



അവലംബം :**Indian Meteorological Department- www.imdtvm.gov.in**

ഡിസംബർ മാസം മുതൽ ഫെബ്രുവരി മാസം വരെയാണ് ജില്ലയിൽ ഏറ്റവും തണുപ്പു കൂടിയ കാലാവസ്ഥ അനുഭവപ്പെടുന്നത്. ജില്ലയിൽ അനുഭവപ്പെടുന്ന കുറഞ്ഞ താപനില 13.7^{0}C 19.7^{0}C വരെയും കൂടിയ താപനില ഏകദേശം 24.8^{0}C 30.9^{0}Cവരെയും കണ്ടു വരുന്നു. ജില്ലയുടെ കിഴക്കും പടിഞ്ഞാറും ഭാഗങ്ങൾ തമ്മിൽ കാലാവസ്ഥയുടെ കാര്യത്തിൽ പ്രകടമായ വ്യത്യാസം കണ്ടുവരുന്നുണ്ട്. പടിഞ്ഞാറ് ഭാഗം മിഡ്ലാന്റ് ഗണത്തിൽ വരുന്നതിനാൽ മിതമായ രീതിയിലുള്ള കാലാവസ്ഥയാണ് സാധാരണ കണ്ടുവരുന്നത്. ജില്ലയുടെ കിഴക്ക് ഭാഗം ഹൈലാന്റ് പ്രദേശം ആയതിനാൽ താരതമ്യേന തണുപ്പുകൂടിയ കാലാവസ്ഥയാണ് നിലനിൽക്കുന്നത്.

പ്രധാന വിഭവങ്ങൾ

കൃഷിയും അനുബന്ധമേഖലയുമാണ് പ്രധാന തൊഴിലും പ്രധാന വരുമാന മാർഗ്ഗവും. ഏലം,തേയില,കുരുമുളക്,റബ്ബർ,കാപ്പി എന്നീ വിളകളാണ് കൃഷിഭൂമിയുടെ പകുതിയിൽ കൂടുതൽ സ്ഥലങ്ങളിലും കൃഷി ചെയ്യുന്നത്. നെൽകൃഷി വളരെ കുറവ് സ്ഥലങ്ങളിൽ മാത്രമേ ചെയ്യുന്നുള്ളൂ. ജില്ലയുടെ ആകെ ഭൂവിസ്തൃതിയായ 436328 ഹെ. പ്രദേശത്തിൽ ഏകദേശം 308268 ഹെ. പ്രദേശമാണ് കൃഷിഭൂമിയായി നിലനിൽക്കുന്നത്. ഇതിൽ ഏകദേശം 37450 ഹെ. കുരുമുളകും ഏകദേശം 42750 ഹെ. പ്രദേശത്ത് ഏലവും, 18600 ഹെ. തേയിലയും, ഏകദേശം 29700 ഹെ. റബ്ബറും 10600 ഹെ.സ്ഥലത്ത് കാപ്പിയും 7550 ഹെ. സ്ഥലത്ത് കൊക്കോ, പച്ചക്കറി,വാഴ, ഇഞ്ചി, കപ്പ, പയർ വർഗ്ഗങ്ങൾ മുതലായവയും കൃഷി ചെയ്തുവരുന്നു. ഏകദേശം 1256 ഹെ. സ്ഥലത്ത് നെൽകൃഷിയും ചെയ്തുവരുന്നു

കേരളത്തിലെ ശീതകാല പച്ചക്കറി ഉത്പാദനത്തിലെ സിംഹഭാഗവും ഇടുക്കി ജില്ലയിലെ വട്ടവട, കാന്തല്ലൂർ പഞ്ചായത്തുകൾ ഉൾപ്പെടുന്ന ദേവികുളം താലൂക്കിൽ നിന്നാണ് ഉൽപ്പാദിപ്പിക്കപ്പെടുന്നത്.ഇതുകൂടാതെ കാന്തല്ലൂർ പഞ്ചായത്തിൽ ആപ്പിൾ, ഓറഞ്ച് മുതലായ ഫലവർഗ്ഗങ്ങളും, മറയൂരിൽ കരിമ്പും പ്രധാനമായി കൃഷി ചെയ്തുവരുന്നു.

വിസ്തൃതി	ഉടമസ്ഥരുടെ എണ്ണം	ശതമാനം
1 ഹെക്ടർ വരെ	169822	80.42
1 ഹെക്ടറിനും 2 ഹെക്ടറിനും ഇടയിൽ	30283	14.34
2 ഹെക്ടറിനു മുകളിൽ	11069	5.24



കേരളത്തിലെ സുഗന്ധ വിളകളുടെ ഉത്പാദനത്തിൽ ഒന്നാം സ്ഥാനം ഇടുക്കി ജില്ലയ്ക്കാണ്. കുരുമുളക്, ഏലം എന്നിവയാണ് ജില്ലയിൽ ഉത്പാദിപ്പിക്കപ്പെടുന്ന പ്രധാന സുഗന്ധവിളകൾ. കൂടാതെ കൊക്കോ, ജാതി, ഗ്രാമ്പൂ, കറുവപ്പട്ട, ഇഞ്ചി, മഞ്ഞൾ എന്നിവയും ഉത്പാദിപ്പിക്കപ്പെടുന്നു. തേയില ഉത്പാദനത്തിൽ ഈ ഹൈറേഞ്ച് ജില്ല മുന്നിട്ടു നിൽക്കുന്നു. ഇതോടൊപ്പം കാപ്പി, റബ്ബർ, തെങ്ങ്, മരച്ചീനി, പച്ചക്കറി, വാഴ എന്നിവയും ഇവിടെ കൃഷി ചെയ്തുവരുന്നു. നെൽകൃഷി താരതമ്യേന കുറവാണ്.

ജലസ്രോതസുകൾ

മഴയെ ആശ്രയിച്ചാണ് പ്രധാനമായും ജില്ലയിൽ കൃഷി ചെയ്തുവരുന്നത്. ജില്ലയിൽ ലഭ്യമായ മഴയിൽ ഭൂരിഭാഗവും ലഭിക്കുന്നത് രണ്ട് മൺസൂൺകളിൽ നിന്നാണ്. പെരിയാർ, പമ്പ, മണിമലയാർ, മീനച്ചിലാർ, പാമ്പാർ, മൂവാറ്റുപുഴയാർ എന്നീ ആറ് നദികളാണ് ജില്ലയിലെ പ്രധാന ജലസോത്രസുകൾ. പെരിയാറാണ് ജില്ലയിലെ പ്രധാന നദി.ഏകദേശം 244 കി.മി നീളമുള്ള പെരിയാറാണ് കേരളത്തിലെ തന്നെ നീളത്തിൽ ഒന്നാമതായുള്ള നദി. ഇത് ഉത്ഭവിക്കുന്നത് ജില്ലയുടെ തെക്ക് കിഴക്ക് ഭാഗത്തായി സ്ഥിതി ചെയ്യുന്ന ശിവഗിരിയിൽ നിന്നാണ്. പെരിയാർ ജില്ലയിലെ എല്ലാ താലൂക്കുകളിലൂടെയും ഒഴുകുന്ന ഒരു നദിയുമാണ്. പെരിയാർ ജില്ലയുടെ പല ഭാഗത്തും തടഞ്ഞ് വൈദ്യുതി ഉത്പാദനത്തിനും, ജലസേചനത്തിനുമായി ഉപയോഗപ്പെടുത്തുന്നു. മുല്ലപ്പെരിയാർ ഡാം, ഇടുക്കി ജലവൈദ്യുത പദ്ധതി, ഇടമലയാർ ജലവൈദ്യുതപദ്ധതി, നിർദ്ദിഷ്ട ലോവർ പെരിയാർ പദ്ധതി എന്നിവ പെരിയാർ നദിയിലാണ് നിലകൊള്ളുന്നത്.

കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ജലവൈദ്യുത പദ്ധതിയായ ഇടുക്കി ജലവൈദ്യുത പദ്ധതി സ്ഥിതി ചെയ്യുന്നത് ഇടുക്കി ജില്ലയിലാണ്. ഒൻപത് ജലസംഭരണികളും നാല് ശുദ്ധ ജലതടാകങ്ങളും ജില്ലയിൽ സ്ഥിതി ചെയ്യുന്നു.

കുണ്ടള ഡാം, മാട്ടുപ്പെട്ടി ഡാം, മൂന്നാർ ഹെഡ്‌വർക്ക്സ് ഡാം, പൊൻമുടി ഡാം, കല്ലാർകുട്ടി ഡാം എന്നിവ സ്ഥിതി ചെയ്യുന്നത് പെരിയാറിന്റെ കൈവഴികളിലാണ്. ഇതു കൂടാതെ ഇരവികുളം, ദേവികുളം തടാകം, ഇലവീഴാപൂഞ്ചിറ എന്നീ സ്വാഭാവിക തടാകങ്ങളും ജില്ലയിൽ സ്ഥിതി ചെയ്യുന്നു. ഏഷ്യയിലെ ആദ്യത്തെ ആർച്ച് ഡാം, കേരളത്തിലെ പ്രധാനപ്പെട്ട ജലവൈദ്യുത പദ്ധതി എന്നിവ സ്ഥിതി ചെയ്യുന്നത് ഇടുക്കി ജില്ലയിലാണ്.

മണ്ണിനങ്ങൾ

ക്ളേലോം, ലാറ്ററൈറ്റ്, അലൂവിയൽ എന്നീ വിഭാഗത്തിൽപ്പെട്ട മണ്ണിനങ്ങളാണ് പ്രധാനമായും ജില്ലയിൽ കാണപ്പെടുന്നത്. കൂടാതെ വനമേഖലയിൽ ഫോറസ്റ്റ്ലോം വിഭാഗത്തിൽപ്പെട്ട മണ്ണിനവും കാണപ്പെടുന്നു. ഏകദേശം 80% പ്രദേശങ്ങളിലെയും മണ്ണ് വളരെയധികം മണ്ണൊലിപ്പിന് സാധ്യതയുള്ളവയുമാണ്.

ജില്ലയിൽ പ്രധാനമായും ആറു ബെഞ്ചുമാർക്ക് മണ്ണിനങ്ങളാണ് തിരിച്ചറിയപ്പെട്ടിട്ടുള്ളത്. ഇവ മണക്കാട്, തൊമ്മൻകുത്ത്, ചിന്നാർ, വെൺമണി, പാമ്പാടുംപാറ, ആനമുടി എന്നീ സീരീസുകളാണ്. ജില്ലയിലെ 80% ൽ അധികം പ്രദേശങ്ങളും ഈ സീരീസുകളിൽ ഉൾപ്പെടുന്നു. ഇവ കൂടാതെ കാണപ്പെടുന്ന മറ്റു മണ്ണുസീരീസുകൾ അനുബന്ധമായി ചേർക്കുന്നു..(അവലംബം:- ബഞ്ച്മാർക്ക് സോയിൽ ഓഫ് കേരള, മണ്ണുപര്യവേക്ഷണ മണ്ണുസംരക്ഷണ വകുപ്പ്, കേരള)

ജില്ലയിലെ നിലവിലുള്ള അവസ്ഥയും പൊതുവായ പ്രശ്നങ്ങളും

ജില്ലയുടെ പകുതിയിലധികം പ്രദേശങ്ങളും വനത്തിന്റെ ഭാഗങ്ങളാണ്. ജില്ലയുടെ പൊതുവായ ഭൂപ്രകൃതി വളരെ ഉയർന്നതും, ചെരിവുകൂടിയതുമായ കുന്നുകളും, താഴ്ന്നഭാഗവും ഉൾപ്പെട്ട നിമ്നോന്നത ഭൂമിയാണ്. വളരെ ചെരിവുകൂടിയതും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശവുമായതിനാൽ, മഴക്കാലത്ത് കൃഷിഭൂമിയിൽ നിന്ന് വളരെ വലിയ അളവിലുള്ള മണ്ണൊലിപ്പ്ഉണ്ടാവാറുണ്ട്.കൃഷി പ്രധാന വരുമാന മാർഗ്ഗമായുള്ള ഈജില്ലയിൽ മണ്ണൊലിപ്പു മൂലം കാർഷിക ഉൽപ്പാദനത്തിലും, മണ്ണിന്റെ ഉൽപാദനക്ഷമതയിലും വളരെ കുറവു സംഭവിച്ചുവരികയാണ്. ശാസ്ത്രീയരീതിയിലുള്ള മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ ജില്ലയുടെ മിക്ക പ്രദേശങ്ങളിലും നടക്കാത്തതിനാൽ ഫലഭൂയിഷ്ഠമായ മേൽമണ്ണ് വളരെ വേഗത്തിൽ ഒഴുകി നഷ്ടപ്പെടുകയും ആയത് കാർഷിക മേഖലയെ നേരിട്ട് ബാധിക്കുകയും ചെയ്യുന്നു. ജില്ലയിലെ ഭൂരിഭാഗവും പ്രദേശങ്ങൾ വളരെ ചെരിവുകൂടിയ പ്രദേശങ്ങളായതിനാൽ വർഷകാലത്ത് ലഭിക്കുന്ന മഴവെള്ളം ഭൂമിയിൽ കിനിഞ്ഞിറങ്ങി ഭൂഗർഭ ജലത്തിന്റെ പോഷണവും ഈ പ്രദേശങ്ങളിൽ വേണ്ടരീതിയിൽ നടക്കുന്നുമില്ല. ജില്ലയിൽ ലഭിക്കുന്ന മഴയുടെ 60% ൽ അധികവും ഉപരിതലത്തിലൂടെ ഒഴുകി നഷ്ടപ്പെടുകയാണ്. തന്മൂലം ഭൂഗർഭജലവിതാനത്തിലും ഗണ്യമായ കുറവ് ജില്ലയിൽ കാണപ്പെടുന്നു.

ജില്ലയിൽ ലഭ്യമായ കൃഷിസ്ഥലം വളരെ ചെരിവു കൂടിയതും നിരപ്പില്ലാത്തതുമാണ്. ചെരിവു കൂടിയതും, ചെങ്കുത്തായതുമായ ഈ ഭൂമിയിൽ കൃഷി ചെയ്യുക എന്നത് വളരെ ബുദ്ധിമുട്ടാണ്. ജീവസന്ധാരണത്തിനായി കൃഷിയല്ലാതെ മറ്റ് മാർഗ്ഗങ്ങൾ ഇല്ലാത്ത സാഹചര്യങ്ങളിൽ ഇവിടുത്തെ കർഷകർ ഈ ഭൂമിയിൽ കൃഷിചെയ്തു ഉപജീവനം നടത്തുന്നു. മൺസൂൺകാലത്ത് പെയ്യുന്ന കനത്ത മഴയും വളരെ ചെരിവുള്ള ഭൂപ്രകൃതിയും കാരണം മറ്റു ജില്ലകളെ അപേക്ഷിച്ച് മണ്ണൊലിപ്പും അനുബന്ധ പ്രശ്നങ്ങളും ഇടുക്കി ജില്ലയിൽ വളരെ കൂടുതലാണ്. ചെരിവുകൂടിയ പ്രദേശങ്ങളിൽ കനത്ത മഴ കൂടുതൽ സമയം നീണ്ടു നിൽക്കുന്ന അവസരങ്ങളിൽ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ മുതലായ ദുരന്തങ്ങളും ജില്ലയിൽ സംഭവിക്കാറുണ്ട്.

ജില്ലയുടെ പ്രധാന പ്രശ്നങ്ങൾ ആയി കാണുന്നത് വർഷകാലം കഴിഞ്ഞാൽ ഉണ്ടാവുന്ന ജലദൗർലഭ്യമാണ്. ഇത്തരം പ്രദേശങ്ങളിൽ മഴവെള്ളം കൂടുതലായി ശേഖരിച്ചു വയ്ക്കുന്നതിനും, അവ ശുദ്ധീകരിച്ച് കിണർ റീച്ചാർജ്ജിംഗ്, കുഴൽകിണർ റീച്ചാർജ്ജിംഗ് എന്നിവ നടത്തുന്നതും വളരെ നല്ല ഫലം നൽകുന്നതായി കാണപ്പെടുന്നു. ഇത്തരം പദ്ധതികൾ ഈ പ്രദേശങ്ങൾക്ക് പ്രത്യേകമായും ജില്ലയിൽ മഴവെള്ളസംഭരണം എന്ന നിലയിലും നടത്താവുന്നതാണ്.

അനിയന്ത്രിതമായ മണ്ണൊലിപ്പുമൂലം ജില്ലയിലെ ഡാമുകളിൽ മണ്ണ് അടിയുന്നതിനും അതുവഴി ഡാമിന്റെ സംഭരണശേഷി കുറയുന്നതിനും കാരണമാകുന്നു. കാലവർഷത്തിലുള്ള കനത്ത ജലപ്രവാഹത്തിന് ജില്ലയിലെ പുഴകളുടേയും തോടുകളുടേയും പാർശ്വങ്ങൾ ഇടിഞ്ഞ് സമീപത്തെ കൃഷി ഭൂമിയ്ക്ക് നാശം സംഭവിക്കുന്ന സാഹചര്യം ഉണ്ടാകാറുണ്ട്. വേനൽക്കാലത്തിന്റെ ആരംഭത്തിൽത്തന്നെ ജലസ്രോതസുകളായ ഉറവകൾ,തോടുകൾ,അരുവികൾ,നദികൾ എന്നിവ വറ്റിവരളുന്നു. കിണറുകളിലും, കുളങ്ങളിലും മുൻകാലങ്ങളെ അപേക്ഷിച്ച് കൂടുതൽ വരൾച്ചയ്ക്ക് കാരണമാകുന്നു. വനനശീകരണം, മണലൂറ്റ്, മണ്ണ് ഖനനം, നെൽപാടങ്ങളുടെ നികത്തൽ കൃഷിഭൂമിയുടെ കാർഷികേതര ഉപയോഗം എന്നിവ പലവിധ പാരിസ്ഥിതിക പ്രശ്നങ്ങൾക്കും വഴി തെളിക്കാറുണ്ട്. ജില്ലയുടെ കാലാവസ്ഥയിലും പ്രകടമായ വ്യതിയാനങ്ങൾ മുൻ കാലങ്ങളെ അപേക്ഷിച്ച് കണ്ടു വരുന്നു.

മറ്റ് പ്രത്യേക പ്രാദേശിക പ്രശ്നങ്ങൾ

ജില്ലയിലെ മേൽ പ്രതിപാദിച്ച പൊതുവായ പ്രശ്നങ്ങൾക്ക് പുറമെ ജില്ലയുടെ ചില പ്രദേശങ്ങളിൽ മറ്റു ചില പ്രാദേശിക പ്രശ്നങ്ങളും നിലനിൽക്കുന്നു.

വർഷകാലം കഴിഞ്ഞാൽ ഉടൻ തന്നെ ജില്ലയിൽ ഉപരിതല ജലത്തിന്റെ ദൗർലഭ്യവും ഭൂഗർഭ ശേഖരത്തിന്റെ കുറവും പൊതുവായി കാണപ്പെടുന്നുവെങ്കിലും ജലദൗർലഭ്യരൂക്ഷത കൂടുതലായി അനുഭവപ്പെടുന്ന ജില്ലയിലെ രണ്ട് പ്രദേശങ്ങളാണ് കട്ടപ്പന ബ്ലോക്കും, നെടും കണ്ടം ബ്ലോക്കും. ഈ രണ്ട് ബ്ലോക്കുകളിൽ ഉൾപ്പെട്ട വിവിധ പഞ്ചായത്ത് പ്രദേശങ്ങളിൽ രൂക്ഷമായ ജലക്ഷാമം വേനൽക്കാലത്ത് അനുഭവപ്പെടാറുണ്ട്. ജില്ലയിൽ ഏറ്റവും കൂടുതൽ കുഴൽകിണറുകൾ ഉള്ളതും, വളരെ ആഴത്തിൽ കുഴൽ കിണറുകൾ നിർമ്മിക്കേണ്ടി വരുന്നതുമായ പ്രദേശങ്ങളാണ് ഇവ. ദേവികുളം താലൂക്കിലെ വട്ടവട,കാന്തല്ലൂർ,മറയൂർ എന്നീ ഭാഗങ്ങളിലും ജലക്ഷാമം രൂക്ഷമാണ്. ഈ താലൂക്കിൽപ്പെട്ട കാന്തല്ലൂർ, മറയൂർ, ചിന്നാർ മേഖലകൾമഴനിഴൽ പ്രദേശങ്ങളാണ്. ഇവിടെ ലഭിക്കുന്ന മഴ വളരെ തുച്ഛമാണ്.

നെടുംകണ്ടം ബ്ലോക്കിൽ ഉൾപ്പെട്ട കരുണാപുരം പഞ്ചായത്ത് പ്രദേശത്ത് ജില്ലയിൽ സാധാരണ ലഭിക്കുന്ന മഴയുടെ അളവിൽനിന്നും വളരെ കുറച്ച് മഴ മാത്രമേ ലഭിക്കാറുള്ളൂ. തന്മൂലം ഈ പഞ്ചായത്തിൽ ജലദൗർലഭ്യം വളരെ രൂക്ഷമാണ്. ജലദൗർലഭ്യം മൂലം ആളുകൾ ഈ പ്രദേശം വിട്ടൊഴിഞ്ഞുപോകുന്ന ഒരു സ്ഥിതിയും നിലവിലുണ്ട്. വളരെ ആഴത്തിൽ നിർമ്മി ച്ചിരിക്കുന്ന കുഴൽ കിണറുകൾ ഈ പഞ്ചായത്തിലെ സാധാരണ കാഴ്ചയാണ്. തന്മൂലം ഭൂഗർഭ ജലത്തിന്റെ അനിയന്ത്രിതമായ കുറവും ഈ മേഖലയിൽഅനുഭവപ്പെടുന്നു. കരുണാപുരം പഞ്ചായത്ത് ഇത്തരത്തിൽ ഒരു മഴനിഴൽ പ്രദേശമായി രൂപാന്തരപ്പെട്ടു വരികയാണെന്നും പറയ പ്പെടുന്നു.

വർഷകാലത്ത് ഉണ്ടാകുന്ന വലിയ തോതിലുള്ള വെള്ളമൊഴുക്ക് മൂലം ജില്ലയിലെ നദികളുടേയും,തോടുകളുടേയും തീരങ്ങൾ മിക്കതും വലിയ നാശത്തിന്റെ വക്കിലാണ്. മണ്ണൊലിപ്പു മൂലം ഒഴുകി നഷ്ടമാകുന്ന മേൽമണ്ണ്, ജില്ലയുടെ വിവിധ പ്രദേശങ്ങളിലുള്ള ഡാമുകളിലും മറ്റ് ജലസംഭരണികളിലും അടിഞ്ഞ് അവയുടെ ജലസംഭരണശേഷിക്ക് വലിയ തോതിലുള്ള കുറവും ഉണ്ടാക്കുന്നു. വളരെ വലിയ ചരിവുള്ള ഭൂപ്രകൃതി ആയതിനാൽ ഇത്തര ത്തിലുള്ള വെള്ളമൊഴുക്ക് പൂർണ്ണമായി തടയുവാൻ സാധിക്കുയില്ല. എന്നാൽ നദികളുടെ ഉൽഭ വസ്ഥാനം മുതൽ വിവിധ തരത്തിലുള്ള തടയണകൾ നിർമ്മിച്ച് വെള്ളത്തിന്റെ വളരെവേഗത്തി ലുള്ള ഒഴുക്ക് നിയന്ത്രിക്കുന്നതിന് സാധിക്കും. അത്തരത്തിലുള്ള പദ്ധതികൾ ഇത്തരം പ്രദേശങ്ങൾക്ക് മാത്രമായി രൂപീകരിക്കാവുന്നതാണ്.

മണ്ണൊലിപ്പുമൂലം ഉണ്ടാകുന്ന മറ്റൊരു പ്രധാന പ്രശ്നമാണ് മണ്ണിലെ മൂലകങ്ങളുടേയും, മൈക്രോ ന്യൂട്രിയന്റുകളുടേയും നഷ്ടം. ഇത്തരത്തിൽ മൂലകങ്ങൾ ഒഴുകി നഷ്ടമാകുന്നതുകൊണ്ട് ഫലഭൂയിഷ്ഠത കുറയുകയും കൂടുതൽ വളപ്രയോഗം ആവശ്യമായി വരുകയും തന്മൂലം കർഷകർക്ക് കൃഷിച്ചിലവ് കൂടുകയും ചെയ്യുന്നു.

ഉരുൾപൊട്ടൽ മേഖലകൾ

പെരുവന്താനം, അറക്കുളം, വെള്ളിയാമറ്റം,വണ്ണപ്പുറം,ഉടുമ്പന്നൂർ, കഞ്ഞിക്കുഴി, കട്ടപ്പന, ഏലപ്പാറ,അടിമാലി, നെടുങ്കണ്ടം, ഉപ്പുതറ, ചക്കുപള്ളം പഞ്ചായത്തുകളിലെ ഉയർന്നതും ചെരിവുകൂടിയതുമായ പ്രദേശങ്ങളിൽ വർഷകാലത്ത് നീണ്ടു നിൽക്കുന്ന കനത്ത മഴ പെയ്യുന്ന അവസരങ്ങളിൽ ഉരുൾപൊട്ടലുകൾ,മണ്ണിടിച്ചിലുകൾ എന്നിവ മിക്കവാറും ഉണ്ടാകാറുണ്ട്. ഇത്ത രത്തിൽ ഉരുൾപൊട്ടൽ, ലാൻഡ് സ്ലിപ്പുകൾ ഉണ്ടാകുമ്പോൾ കൃഷികൾക്കും, ഭൂമിയ്ക്കും മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കും നാശം സംഭവിക്കാറുണ്ട്. ജനങ്ങളുടെയും, മൃഗങ്ങളു

ടെയുംജീവനും ചിലപ്പോഴൊക്കെ ഹാനിയും സംഭവിക്കാറുണ്ട്. ഇത്തരത്തിൽ നാശനഷ്ടം ഉണ്ടാകുന്ന പ്രദേശങ്ങളിൽ അധികജലം മണ്ണിൽ സംഭരിക്കുന്നതിനു പകരം വളരെ സുരക്ഷിതമായി ഒഴുക്കികളയുന്നതിനുള്ള പ്രവർത്തികൾ ഏറ്റെടുത്തു നടത്തേണ്ടത് അത്യാവശ്യമാണ്.മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ പ്രദേശങ്ങൾക്ക് മാത്രമായി നീർവാർച്ചാസൗകര്യം ഉറപ്പുവരുത്തുന്നതും, എന്നാൽ മണ്ണൊലിപ്പിനെ നിയന്ത്രിക്കുന്നതുമായ തരത്തിലുള്ള പദ്ധതികൾ രൂപീകരിക്കേണ്ടതാണ്. ഇത്തരത്തിൽ ഉരുൾപൊട്ടൽ ഭീഷണിയുള്ള പ്രദേശങ്ങളിൽ ജലസംഭരണം ഇല്ലാത്ത ഗ്രേഡഡ്ബണ്ടുകൾ കൂടുതലായി നിർമ്മിക്കാവുന്നതാണ്. ഈ പ്രദേശങ്ങളിലുള്ള നീർച്ചാലുകളുടെ അരികുകൾ ബലപ്പെടുത്തേണ്ടതും അത്യാവശ്യമാണ്.

വട്ടവട പഞ്ചായത്തിൽ പൊതുവെ സാധാരണയായും, കൊക്കയാർ പഞ്ചായത്തിൽ ഈ അടുത്ത കാലത്തും ഫ്ളാഷ് ഫ്ളഡ് ഉണ്ടാകുന്ന സ്ഥിതിവിശേഷവും ഉണ്ടായിട്ടുണ്ട്. കനത്ത മഴ വളരെസമയം തുടർച്ചയായി പെയ്യുമ്പോഴാണ് ഇത് സാധാരണ സംഭവിക്കുന്നത്.

സ്പെഷ്യൽ അഗ്രിക്കൾച്ചർ സോൺ

കാന്തല്ലൂർ, വട്ടവട, മറയൂർ പഞ്ചായത്തുകൾ ഇടുക്കി ജില്ലയുടെ സ്പെഷ്യൽ അഗ്രിക്കൾച്ചർ സോണുകളായി പരിഗണിക്കപ്പെടുന്നു. ശീതകാല പച്ചക്കറികളുടെ വലിയ സ്രോതസ്സുകളായി കാന്തല്ലൂർ, വട്ടവട പഞ്ചായത്തുകളേയും, മറയൂർ പഞ്ചായത്തിനെ കരിമ്പു കൃഷിയുടേയും മേഖലയായി കാണാവുന്നതാണ്. കാന്തല്ലൂർ വട്ടവട, പഞ്ചായത്തുകൾക്ക് കൃഷിക്ക് ആവശ്യമുള്ള ജലം ലഭ്യമാക്കുന്നതിനുള്ള കൂടുതൽ പദ്ധതികൾ ആവിഷ്ക്കരിച്ചാൽ, ഈ പഞ്ചായത്തുകളിൽ നിന്നും കേരളത്തിന് ആകെ ആവശ്യമുള്ള പച്ചക്കറികളുടെ ഒരു വലിയഭാഗം ഉൽപ്പാദിപ്പിക്കുവാൻ സാധിക്കും. ഇപ്പോൾ നിലവിൽ ഈ പഞ്ചായത്തുകളിൽ എല്ലായിടത്തും തന്നെ ജലദൗർലഭ്യം വലിയതോതിൽ അനുഭവപ്പെടുന്നു. എന്നാൽ ഈ പ്രദേശങ്ങളിൽ ലഭ്യമാകുന്ന മഴവെള്ളവും മറ്റ് ലഭ്യമായ സ്രോതസ്സുകളിൽ നിന്നുള്ള ജലവും കനാലുകൾ വഴിയും മറ്റും എത്തിച്ച് പച്ചക്കറി വിളകൾക്ക് ലഭ്യമാക്കാവുന്നതാണ്.

തോട്ടവിള കൃഷി

തോട്ടവിള പ്രദേശങ്ങളിലായി തേയില, ഏലം, റബ്ബർ, കാപ്പി മുതലായവിളകൾ കൃഷിചെയ്യുന്ന പ്രദേശങ്ങളാണ് ജില്ലയിലുള്ളത്.

തേയിലതോട്ടങ്ങൾ ഉള്ള ജില്ലയുടെ പ്രദേശങ്ങളിൽ വളരെവലിയ തോതിലുള്ള മണ്ണൊലിപ്പ് സാധാരണയായി കാണുവാൻ കഴിയാറില്ല. സാധാരണയായി വലിയ ചരിവുള്ള പ്രദേശങ്ങളിൽ തേയിലകൃഷി ഇല്ലാത്തതും, തേയിലചെടികളുടെ വേരുകൾ മണ്ണിനെ നന്നായി പിടിച്ചു നിർത്തുന്നതും, ഇത്തരം പ്രദേശങ്ങളിലെ മണ്ണൊലിപ്പിന്റെ കുറവിന് കാരണമാണ്. എന്നാൽ ഈ പ്രദേശങ്ങളിൽ വേനലിൽ ജലദൗർലഭ്യവും കണ്ടുവരാറുണ്ട്. ആയതിനാൽ ജലസംഭരണത്തിനും, റീച്ചാർജ്ജിംഗിനുമായുള്ള പദ്ധതികൾ ഇത്തരം പ്രദേശങ്ങളിൽ ആവിഷ്ക്കരിക്കാവുന്നതാണ്. എന്നാൽ വളരെ ചരിവുള്ള പ്രദേശങ്ങളിൽ ഇത്തരത്തിൽ ജലസംഭരണത്തിനുള്ള നിർമ്മിതികൾ ഉണ്ടാക്കുവാൻ പാടില്ല.

ഏലം കൃഷിചെയ്യുന്ന പ്രദേശങ്ങൾ സാധാരണയായി വളരെയധികം ചരിവ് ഉള്ളതും, എന്നാൽ മണ്ണിനെ പിടിച്ചുനിർത്തുന്ന മറ്റ് സസ്യങ്ങളുടെ കുറവും കാണപ്പെടുന്നു. ഇത്തരം പ്രദേശങ്ങളിൽ ഉരുൾപൊട്ടൽ മേഖലകൾ ഒഴിവാക്കി വിവിധ തരത്തിലുള്ള മണ്ണുജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കാവുന്നതാണ്.

ഇടുക്കി ജില്ലയിലെ ഭൂപ്രകൃതിയുടേയും കാലാവസ്ഥയുടേയും പ്രത്യേകത മൂലം, വളരെ വിലപ്പെട്ട പ്രകൃതി സമ്പത്തുകളായ മണ്ണും ജലവും നഷ്ടമാകുന്ന അവസ്ഥയുണ്ട്. മണ്ണൊലിപ്പും അനുബന്ധ പ്രശ്നങ്ങളും, വരൾച്ചയും, കുടിവെള്ള ക്ഷാമവും ജില്ലയിലെ കൃഷിയേയും ജനജീവിതത്തേയും പരിസ്ഥിതിയേയും പൊതു ആവാസവ്യവസ്ഥയേയും കാര്യമായി ബാധിക്കാറുണ്ട്. ആയതിനാൽ ഈ പ്രശ്നങ്ങൾക്ക് പരിഹാരമായി നീർത്തടാടിസ്ഥാനത്തിൽ അനു

യോജ്യമായ ശാസ്ത്രീയ മണ്ണുജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തേണ്ടത് അത്യാവശ്യമാണ്.

പരിഹാരനിർദ്ദേശങ്ങൾ.

മണ്ണൊലിപ്പുമൂലം ഫലഭൂയിഷ്ഠമായ മേൽമണ്ണ് നഷ്ടപ്പെടുന്നതുമൂലം മണ്ണിന് ശോഷണവും അപചയവും സംഭവിക്കുന്നു. മണ്ണിനോടൊപ്പം തന്നെ കാർഷികവും ഗാർഹികവുമായ ആവശ്യത്തിനായി മഴയിൽ നിന്നും ലഭ്യമാകുന്ന ജലമെന്ന പ്രകൃതി വിഭവവും ഒഴുകി നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. ഇതുമൂലം വരൾച്ചയ്ക്കും കാർഷിക ഉത്പാദനക്കുറവിനും കാരണമാകുന്നു. കേരളത്തിൽ മണ്ണൊലിപ്പ് ഉണ്ടാകുന്നത് മഴ മൂലമാണ്. ആയതിനാൽ മണ്ണുസംരക്ഷണ മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതുവഴി ജലസംരക്ഷണവും സാധ്യമാക്കും. ആയതിനാൽ മണ്ണും ജലവും എന്ന പരസ്പര പൂരകമായ രണ്ടു പ്രകൃതിവിഭവങ്ങളും നീർത്തടാടിസ്ഥാനത്തിൽ സംരക്ഷിക്കപ്പെടേണ്ടത് അത്യാവശ്യമാണ്. നീർത്തടം എന്നുപറഞ്ഞാൽ പ്രകൃതി ദത്തമായ ഒരു നീർവാർച്ച പ്രദേശമാണ്. ഒരു ഉയർന്ന പ്രദേശത്തുനിന്നും മഴവെള്ളം ചരിവിന് അനുസൃതമായി താഴേയ്ക്ക് ഒഴുകി വിവിധ നീർച്ചാലുകൾ വഴി പൊതുവായ ഒരു നീർച്ചാലിലേയ്ക്ക് ബഹിർഗമിക്കുന്ന പ്രദേശത്തെയാണ് നീർത്തടം എന്ന് വിവക്ഷിക്കുന്നത്. സാധാരണയായി വെള്ളം ഉപരിതല നീർച്ചാലുകൾ വഴിയും അതിനടിയിൽ കൂടിയുള്ള അണ്ടർഗ്രൗണ്ട് പ്രവാഹമായും ഒഴുകുകയാണ് ചെയ്യുന്നത്. ചെറിയ ചാലുകൾ ചേർന്ന് വലിയ ചാലുകളായും, തോടുകളായും പുഴകളായും മാറുന്നു. ജലം ഉയർന്ന ഭാഗത്തുനിന്നും ചെരിവിന് അനുസൃതമായി താഴ്ന്ന ഭാഗത്തേയ്ക്ക് ഒഴുകുന്നതിനാൽ ഈ ജലത്തെ പ്രകൃതിദത്തമായ നീർത്തടം എന്ന അതിർത്തികളിൽ നിർത്തി മാനേജ് ചെയ്യാവുന്നതാണ്.

ശാസ്ത്രീയമായ മണ്ണുജലസംരക്ഷണ പ്രവർത്തനങ്ങളിലൂടെ മണ്ണിനെയും ജലത്തെയും സംരക്ഷിക്കുന്നതോടൊപ്പം മറ്റ് ചില സ്ഥലങ്ങളിൽനിന്നുംജലം സുരക്ഷിതമായി ഒഴുക്കിക്കളയേണ്ട പ്രവർത്തനങ്ങളും ജില്ലയിൽ നടത്തേണ്ടത് അത്യാവശ്യമാണ്. മണ്ണിടിച്ചിൽ കൂടുതലായ സ്ഥലങ്ങളിൽ ജലസംരക്ഷണത്തേക്കാൾ ജലത്തിന്റെ സുരക്ഷിതമായ ഒഴുക്കി കളയലിനാണ് പ്രാമുഖ്യം നൽകേണ്ടത്.ശാസ്ത്രീയമായ ജലസംരക്ഷണ മാർഗ്ഗങ്ങളിലൂടെ വേനൽകാലത്തെ ജലക്ഷാമം പരിഹരിക്കുന്നതിനോടൊപ്പം വളരെ ഫലഭൂയിഷ്ഠമായ മേൽമണ്ണ് സംരക്ഷിക്കുവാനും സാധിക്കുന്നതാണ്.

നീർത്തടങ്ങൾ

നീർത്തടം എന്നത് പ്രകൃതി വിഭവങ്ങളായ മണ്ണും, ജലവും സസ്യങ്ങളും, ജന്തുക്കളും, മറ്റു ജീവജാലങ്ങളും അടങ്ങുന്ന വളരെ സങ്കീർണ്ണമായ അടിസ്ഥാന പ്രകൃതിദത്തവികസന യൂണിറ്റാണ്. ആയതിനാൽ നീർത്തടപ്രദേശത്തിന്റെ ഏതെങ്കിലും പ്രദേശത്ത് ഏതെങ്കിലും വിഭവങ്ങളിൽ നടത്തുന്നഒരു പ്രവൃത്തി അതിനു താഴെയുള്ള പ്രദേശത്തിലെ വിഭവങ്ങളേയും അവയുടെ വിവിധ സവിശേഷതകളേയും ബാധിക്കുന്നു.ആയതിനാൽ നീർത്തടാടിസ്ഥാനത്തിലുള്ള പ്രകൃതി വിഭവപരിപാലനം ഏറ്റവും ശാസ്ത്രീയവും അടിസ്ഥാനപരവുമായ വികസന മാർഗ്ഗമാണ്.

നീർത്തടത്തിന്റെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നീർത്തടത്തെ മാക്രോവാട്ടർഷെഡ് (>50000 Ha), സബ് വാട്ടർഷെഡ് (10000-50000 Ha), മില്ലി വാട്ടർഷെഡ് (1000-10000 Ha), മൈക്രോ വാട്ടർഷെഡ് (100-1000 Ha), മിനി വാട്ടർഷെഡ് (1-100 Ha) എന്നിങ്ങനെ തിരിച്ചിരിക്കുന്നു. ഇടുക്കി ജില്ലയിൽ ഉൾപ്പെടുന്ന പ്രധാന വാട്ടർഷെഡുകൾ താഴെ പറയുന്നവയാണ്.



1. **പെരിയാർ വാട്ടർഷെഡ്**
2. **പാമ്പാർ വാട്ടർഷെഡ്**
3. **മൂവാറ്റുപുഴ വാട്ടർഷെഡ്**
4. **മണിമല വാട്ടർഷെഡ്**
5. **പമ്പ വാട്ടർഷെഡ്**

ഈ 5 വാട്ടർഷെഡുകളിലുമായി 967 മൈക്രോവാട്ടർഷെഡുകൾ ജില്ലയിലുണ്ട്. 967 മൈക്രോവാട്ടർഷെഡുകൾ ഉൾപ്പെട്ട 433639 ഹെ. സ്ഥലത്തിൽ 350685 ഹെ സ്ഥലത്തും വളരെ രൂക്ഷമായ രീതിയിൽ മണ്ണൊലിപ്പും അനുബന്ധപ്രശ്നങ്ങളുമുണ്ട്.

ഇടുക്കി ജില്ലയിലെ പഞ്ചായത്തുകളിലെ മണ്ണൊലിപ്പ് അവസ്ഥ

ക്രമ നമ്പർ	പഞ്ചായത്തിന്റെ പേര്	വിസ്തീർണ്ണം ച.കി.മി	മണ്ണൊലിപ്പിന്റെ തീവ്രത
1	അടിമാലി	181.655	മോഡറേറ്റ് ടു സിവിയർ
2	ആലക്കോട്	30.827	മോഡറേറ്റ്
3	അറക്കുളം	108.761	മോഡറേറ്റ് ടു സിവിയർ
4	അയ്യപ്പൻകോവിൽ	34.130	മോഡറേറ്റ് ടു സിവിയർ
5	ബൈസൻവാലി	46.693	മോഡറേറ്റ് ടു സിവിയർ
6	ചക്കുപള്ളം	31.174	മോഡറേറ്റ് ടു സിവിയർ
7	ചിന്നക്കനാൽഹ	68.147	മോഡറേറ്റ് ടു സിവിയർ
8	ദേവികുളം	208.022	മോഡറേറ്റ് ടു സിവിയർ
9	ഇടമലക്കുടി	109.041	മോഡറേറ്റ് ടു സിവിയർ
10	ഇടവെട്ടി	25.968	മോഡറേറ്റ്
11	ഏലപ്പാറ	148.928	മോഡറേറ്റ് ടു സിവിയർ
12	ഇരട്ടയാർ	38.007	മോഡറേറ്റ് ടു സിവിയർ
13	ഇടുക്കി കഞ്ഞിക്കുഴി	93.025	മോഡറേറ്റ് ടു സിവിയർ
14	കാമാക്ഷി	46.150	മോഡറേറ്റ് ടു സിവിയർ
15	കാഞ്ചിയാർ	56.106	മോഡറേറ്റ് ടു സിവിയർ
16	കാന്തല്ലൂർ	114.980	മോഡറേറ്റ്
17	കരിമണ്ണൂർ	46.504	മോഡറേറ്റ് ടു സിവിയർ
18	കരിംകുന്നം	22.837	മോഡറേറ്റ്
19	കരുണാപുരം	53.374	മോഡറേറ്റ് ടു സിവിയർ
20	കട്ടപ്പന മുൻസിപ്പാലിറ്റി	57.468	മോഡറേറ്റ് ടു സിവിയർ
21	കോടിക്കുളം	27.405	മോഡറേറ്റ്

22	കൊക്കയാർ	52.300	മോഡറേറ്റ്
23	കൊന്നത്തടി	70.691	മോഡറേറ്റ് ടു സിവിയർ
24	കുടയത്തൂർ	29.976	മോഡറേറ്റ് ടു സിവിയർ
25	കുമാരമംഗലം	23.545	മോഡറേറ്റ്
26	കുമളി	799.574	മോഡറേറ്റ് ടു സിവിയർ
27	മണക്കാട്	22.207	മോഡറേറ്റ്
28	മാങ്കുളം	76.258	മോഡറേറ്റ് ടു സിവിയർ
29	മറയൂർ	107.648	മോഡറേറ്റ് ടു സിവിയർ
30	മരിയാപുരം	41.212	മോഡറേറ്റ് ടു സിവിയർ
31	മൂന്നാർ	269.291	മോഡറേറ്റ് ടു സിവിയർ
32	മുട്ടം	24.412	മോഡറേറ്റ് ടു സിവിയർ
33	നെടുങ്കണ്ടം	93.569	മോഡറേറ്റ് ടു സിവിയർ
34	പള്ളിവാസൽ	64.112	മോഡറേറ്റ് ടു സിവിയർ
35	പാമ്പാടുംപാറ	40.111	മോഡറേറ്റ് ടു സിവിയർ
36	പീരുമേട്	90.131	മോഡറേറ്റ് ടു സിവിയർ
37	പെരുവന്താനം	80.409	മോഡറേറ്റ്
38	പുറപ്പുഴ	27.819	മോഡറേറ്റ്
39	രാജാക്കാട്	29.192	മോഡറേറ്റ് ടു സിവിയർ
40	രാജകുമാരി	37.763	മോഡറേറ്റ് ടു സിവിയർ
41	ശാന്തൻപാറ	80.260	മോഡറേറ്റ് ടു സിവിയർ
42	സേനാപതി	26.816	മോഡറേറ്റ് ടു സിവിയർ
43	തൊടുപുഴ മുൻസിപ്പാലിറ്റി	35.410	മോഡറേറ്റ്
44	ഉടുംമ്പൻചോല	69.101	മോഡറേറ്റ് ടു സിവിയർ
45	ഉടുംമ്പന്നൂർ	130.743	മോഡറേറ്റ് ടു സിവിയർ
46	ഉപ്പുതറ	46.444	മോഡറേറ്റ് ടു സിവിയർ
47	വണ്ടൻമേട്	79.899	മോഡറേറ്റ് ടു സിവിയർ
48	വണ്ടിപെരിയാർ	61.834	മോഡറേറ്റ് ടു സിവിയർ
49	വണ്ണപ്പുറം	52.191	മോഡറേറ്റ്
50	വാത്തിക്കുടി	56.154	മോഡറേറ്റ് ടു സിവിയർ
51	വട്ടവട	67.034	മോഡറേറ്റ്
52	വാഴത്തോപ്പ്	199.840	മോഡറേറ്റ് ടു സിവിയർ
53	വെള്ളിയാമറ്റം	48.609	മോഡറേറ്റ് ടു സിവിയർ
54	വെള്ളത്തൂവൽ	35.140	മോഡറേറ്റ്
	ആകെ	4518.898	

നീർത്തടങ്ങളുടെ മുൻഗണന

മണ്ണുജലസംരക്ഷണ പ്രവർത്തനങ്ങൾക്കായി പദ്ധതികൾ നീർത്തടാടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുമ്പോൾ ഓരോ പഞ്ചായത്ത് പ്രദേശത്തെ മണ്ണൊലിപ്പിന്റെ തീവ്രതയുടേയും മറ്റ് മുൻഗണനാ മാനദണ്ഡങ്ങളുടേയും അടിസ്ഥാനത്തിൽ ആയിരിക്കണം ഇത് തെരഞ്ഞെടുക്കേണ്ടത്. കൂടാതെ മണ്ണിന്റെ ശോഷണം,അപചയത്തിന്റെ തീവ്രത,ചെരിവ്, മണ്ണൊലിപ്പിന് കൂടുതൽ സാദ്ധ്യതയുള്ളതും കൂടുതൽ മഴ ലഭിക്കുന്നതുമായ പ്രദേശങ്ങൾ, മണ്ണിന്റെ ഘടന, മണ്ണിന്റെ ആഴം, ഭൂവിനിയോഗം, ജലദൗർലഭ്യത,സംരക്ഷിക്കപ്പെടാത്ത ഭൂമി, ജനങ്ങളുടെ പൊതു ആവശ്യം എന്നിവ മാനദണ്ഡമാക്കിയുയുള്ള മുൻഗണനാ ക്രമപ്രകാരമാണ് ഇവ തെരഞ്ഞെടുക്കുന്നത്.

കൃഷിഭൂമി നീർത്തടങ്ങളുടെ മുൻഗണന			
ക്രമ നമ്പർ	മുൻഗണന വിഭാഗം	നീർത്തടങ്ങളുടെ എണ്ണം	വിസ്തീർണ്ണം(ഹെ)
1	ഉയർന്നമുൻഗണന	301	167060
2	ഇടത്തരംമുൻഗണന	78	34572
3	കുറഞ്ഞമുൻഗണന	295	127185
	ആകെ	**674**	**328817**

ഇടുക്കി ജില്ലയിൽ നിലവിലുള്ള 52 പഞ്ചായത്തുകളിൽ, 39 എണ്ണത്തിൽ തീവ്രതയേറിയ മണ്ണൊലിപ്പ് പ്രശ്നങ്ങളുണ്ട്. പ്രധാനമായും 5 നദീതടങ്ങളെ അടിസ്ഥാനമാക്കി വർഗ്ഗീകരിച്ചിരുക്കുന്ന മൈക്രോവാട്ടർഷെഡുകൾ 674മൈക്രോവാട്ടർഷെഡുകൾ ജില്ലയിൽ ഉൾപ്പെടുന്നുണ്ട്. ഇവയിൽ 301 നീർത്തടങ്ങൾ വളരെ മുൻഗണന നൽകേണ്ട ഹൈപ്രയോറിറ്റി വാട്ടർഷെഡുകളാണ്. 78 നീർത്തടങ്ങൾ മീഡിയം പ്രയോറിറ്റി വിഭാഗത്തിലും 295 നീർത്തടങ്ങൾ ലോ പ്രയോറിറ്റിവിഭാഗത്തിലും ഉൾപ്പെടുന്നു.

മണ്ണുസംരക്ഷണ മുൻഗണനാക്രമം

1. ഹൈലാന്റ് പ്രദേശം (മലനാട്)(97%).
2. മിഡ് ലാന്റ് പ്രദേശം (ഇടനാട്) (3%)

ജില്ലയിലെ ബഹുഭൂരിപക്ഷം പ്രദേശങ്ങളും ഹൈലാന്റ് എന്ന വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. ആയതിനാൽ ഇത്തരം പ്രദേശങ്ങളിലാണ് ഏറ്റവും കൂടുതൽ മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങൾ അനിവാര്യമായി വരുന്നത്. കൂടാതെ ഉരുൾപൊട്ടൽ,മണ്ണിടിച്ചിൽതുടങ്ങിയ പ്രത്യേക പ്രശ്നങ്ങൾ ഉണ്ടാകുന്നതും ഈ മേഖലയിലാണ്. ആയതിനാൽ ഈ പ്രദേശങ്ങളിലെ സംരക്ഷണ പ്രവർത്തനങ്ങൾ 3 മുൻഗണനാ വിഭാഗങ്ങളായി തിരിച്ച് നടപ്പാക്കാവുന്നതാണ്.

I. ഉയർന്ന മുൻഗണനാ ക്രമമുള്ള നീർത്തടങ്ങൾ

വളരെ ചെരിവുകൂടിയതും, വളരെ വലിയ അളവിൽ മഴലഭിക്കുന്നതുമായ നീർത്തടങ്ങളെയാണ് ഉയർന്ന മുൻഗണനാ ക്രമമുള്ള നീർത്തടങ്ങളായാണ് പരിഗണിക്കുന്നത്. വിവിധ മണ്ണുസംരക്ഷണ പ്രവർത്തനങ്ങളുടെ അഭാവം മൂലം ഇത്തരം പ്രദേശങ്ങളിൽ വലിയ തലത്തിലുള്ള മണ്ണൊലിപ്പ് അനുഭവപ്പെടുന്നു. ആയതിനാൽ ഈ പ്രദേശങ്ങളിൽ അടിയന്തിരമായി മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ നടത്തേണ്ടത് അത്യാവശ്യമാണ്. ഉയർന്ന മുൻഗണനാ ക്രമമുള്ള നീർത്തടങ്ങളിലെ കൃഷിഭൂമിയിൽ നടപ്പിലാക്കുന്ന മണ്ണുസംരക്ഷണ പ്രവർത്തനങ്ങളാണ് കല്ലുകയ്യാലകൾ, ഗ്രേഡഡ് ബണ്ടുകൾ, പുല്ലുവച്ചുപിടിപ്പിക്കൽ, വൃക്ഷതൈനടീൽ എന്നിവയും ഇത്തരം പ്രദേശങ്ങളിലെ നീർച്ചാൽ സംരക്ഷണത്തിന് വിവിധ തരത്തിലുള്ള ചെക്ക് ഡാമുകളായ (ലൈവ് ചെക്ക്ഡാം, ബ്രഷ് വുഡ്ചെക്ക്ഡാം, ലൂസ് ബോൾഡർ,മേസൺട്രി), പാർശ്വഭിത്തി നിർമ്മാണം മുതലായവ നടപ്പിലാക്കാവുന്നതാണ്. ഇത്തരം പ്രദേശങ്ങളിൽ ഉൾപ്പെട്ട ഉരുൾപൊട്ടൽ മേഖലകളിൽ വെള്ളത്തിനെ സുഗമമായി ഒഴുക്കിക്കളയുക എന്നതിനാണ് മുൻഗണന നൽകേണ്ടത്. വെള്ളത്തിന്റെ സുഗമമായ ഒഴുക്കിന് നീർച്ചാലുകളെ ബലപ്പെടുത്തലും, കനാലുകളുടെ നിർമ്മാണവുമാണ് നീർച്ചാൽ സംരക്ഷണ പ്രവർത്തനങ്ങളായി നടപ്പിലാക്കേണ്ടത്.

II. മീഡിയം മുൻഗണനാ നീർത്തടങ്ങൾ

മീഡിയം ചെരിവോടുകൂടിയതുമായ ഭൂപ്രദേശമാണ് ഈ വിഭാഗത്തിൽ കാണപ്പെടുന്നത്. ഇവിടെ മണ്ണൊലിപ്പ് താരതമ്യേന ഉയർന്ന തോതിലാണ് കാണപ്പെടുന്നത്. ഇത്തരം പ്രദേശങ്ങളിലും അടിയന്തിരമായി മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്. കല്ലുകയ്യാലകൾ, പുല്ലുവച്ചുപിടിപ്പിക്കൽ, വൃക്ഷതൈ നടീൽ എന്നിവ ഇത്തരം പ്രദേശങ്ങളിലെ കൃഷി ഭൂമികളിൽ നടപ്പിലാക്കാവുന്ന പ്രവർത്തനങ്ങളും, പാർശ്വഭിത്തി നിർമ്മാണം, വിവിധ തരത്തിലുള്ള ചെക്ക് ഡാമുകൾ എന്നിവ നീർച്ചാൽ സംരക്ഷണത്തിനും നടപ്പിലാക്കാവുന്നതാണ്. താഴ്ന്ന പ്രദേശങ്ങളിൽ വലിയ കുളങ്ങൾ സാധ്യത അനുസരിച്ച് നടപ്പിലാക്കാവുന്നതാണ്.

III. കുറഞ്ഞ മുൻഗണനാ ക്രമമുള്ള നീർത്തടങ്ങൾ

കുറഞ്ഞ മുൻഗണനാ ക്രമമുള്ള ഈ നീർത്തടങ്ങളിൽ താരതമ്യേന മിതമായ തോതിലുള്ള ചരിവും, മണ്ണൊലിപ്പും കാണപ്പെടുന്നു. ഇത്തരം പ്രദേശങ്ങളിൽ പലവിധത്തിലുള്ള മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കാവുന്നതാണ്. കല്ലുകയ്യാലകൾ, മൺകയ്യാലകൾ, നീർക്കുഴികൾ, സ്റ്റാഗേർഡ് ട്രഞ്ചുകൾ എന്നിവ ഇത്തരം പ്രദേശങ്ങളിൽ നടപ്പിലാക്കാവുന്നതാണ്. പാർശ്വഭിത്തി നിർമ്മാണം വിവിധ ഇനം ചെക്ക് ഡാമുകൾ തുടങ്ങിയ നീർച്ചാൽ സംരക്ഷണമാർഗ്ഗങ്ങളും ഇതിനായി ഉപയോഗിക്കാവുന്നതാണ്.

ജില്ലയിൽ ലഭിക്കുന്ന വർദ്ധിച്ച മഴയും നിമ്നോന്നവും വളരെ ചെരിവുകൂടിയതുമായ ഭൂപ്രകൃതി മണ്ണൊലിപ്പുണ്ടാക്കുന്നതിന് വളരെ സാധ്യതയുള്ളതുമാണ്. ശാസ്ത്രീയമായ മണ്ണുസംരക്ഷണ പ്രവർത്തനങ്ങളാൽ സംരക്ഷിക്കപ്പെടാത്ത കൃഷിഭൂമിയിലെ വിവിധ പ്രവർത്തനങ്ങളും വിനിയോഗങ്ങളും മണ്ണൊലിപ്പിനെ വളരെ വേഗത്തിൽ ത്വരിതപ്പെടുത്തുന്നു. ആയതിനാൽ ശാസ്ത്രീയമായ മണ്ണുജലസംരക്ഷണ മാർഗ്ഗങ്ങൾ അവലംബിച്ച് മണ്ണൊലിപ്പ് തടഞ്ഞ് മണ്ണിൽ ജലലഭ്യത വർദ്ധിപ്പിച്ച്, അപചയം സംഭവിച്ച മണ്ണിന്റെ ഉത്പാദന ക്ഷമത വീണ്ടെടുത്ത് കാർഷിക ഉത്പാദനവും വർദ്ധിപ്പിക്കേണ്ടതാണ്. ഈ പ്രവർത്തനങ്ങൾ വഴിയായി ബഹുഭൂരിപ

ക്ഷം വരുന്ന ഇടുക്കിയിലെ കർഷകരെ കാർഷിക മേഖലയിൽ നിലനിർത്താനും കർഷകരുടെ ജീവിത നിലവാരം ഉയർത്തുവാനും കഴിയും. ഇതുവഴി ഭക്ഷ്യസുരക്ഷ, കാർഷിക മേഖലയുടെ പൊതു അഭിവൃദ്ധി എന്നിവയും സാധ്യമാക്കാം.

മണ്ണുജലസംരക്ഷണ മാർഗങ്ങൾ

മണ്ണുജലസംരക്ഷണത്തിനായി വിവിധ മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്. ശാസ്ത്രീയമായ ഭൂവിനിയോഗം, ചെരിവിന് സമാന്തരമായി സമോച്ചരേഖയിൽ കൃഷി പ്രവർത്തനങ്ങൾ നടപ്പിലാക്കുക, മണ്ണൊലിപ്പിന് സാധ്യത കൂട്ടുന്ന കിഴങ്ങ് വർഗ്ഗത്തിൽപ്പെട്ട വിളകൾ ചെരിവുള്ള സ്ഥലത്ത് കൃഷിചെയ്യാതിരിക്കുക, മണ്ണൊലിപ്പിനെ തടയുന്ന പയർവർഗ്ഗത്തിൽപ്പെട്ട വിളകൾ കൃഷി ചെയ്യുക. ജൈവമാർഗ്ഗങ്ങളായ പുല്ലുവച്ചുപിടിപ്പിക്കൽ,ജൈവവേലികൾ, മരംവച്ചുപിടിപ്പിക്കൽ എന്നീ ജൈവകാർഷിക മുറകളും അനുയോജ്യമായ സ്ഥലങ്ങളിൽ നടപ്പിലാക്കുക. മണ്ണൊലിപ്പ് വളരെ കൂടിയ പ്രദേശങ്ങളിൽ കോണ്ടൂർ കയ്യാലകൾ, ഗ്രേഡഡ്ബണ്ടുകൾ, പാർശ്വഭിത്തി നിർമ്മാണം, കുളം നിർമ്മാണം എന്നീ എഞ്ചിനീയറിംഗ് മുറകളും ആവശ്യാനുസരണം അവലംബിക്കാവുന്നതാണ്. ഇവയിൽ ഏറ്റവും ഫലപ്രദമായത് മേൽപറഞ്ഞ രണ്ട് മുറകളും സമന്വയിപ്പിച്ച ജൈവ എൻജിനിയറിംഗ് സമ്പ്രദായമാണ്.

നീർത്തടാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന മണ്ണുജല സംരക്ഷണ മാർഗ്ഗങ്ങളെ ഇവ നടപ്പിലാക്കുന്ന പ്രദേശങ്ങളെ അടിസ്ഥാനമാക്കിരണ്ടായി തരം തിരിച്ചിരിക്കുന്നു. നീർത്തട പ്രദേശത്തെ കാർഷിക ഭൂമിയിലെ മണ്ണൊലിപ്പ് തടയുന്നതിനും കൃഷി ഭൂമിയിലെ ജല ലഭ്യത വർദ്ധിപ്പിക്കന്നതിനായി നടപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങളെ **ആരബിൾ ലാൻഡ് ട്രീറ്റ്മെന്റ് (ALT)** എന്നും, നീർത്തടത്തിലുള്ള നീർച്ചാലുകളുടെ സംരക്ഷണത്തിനും, മഴക്കാലത്ത് ലഭിക്കുന്ന മഴവെള്ളത്തെ ശേഖരിച്ച് സംഭരിച്ച് നിർത്തുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങളെ പൊതുവായി **ഡ്രെയിനേജ് ലൈൻ ട്രീറ്റ്മെന്റ് (DLT)** എന്നും പറയുന്നു.

കൃഷിഭൂമിയിൽ നടപ്പിലാക്കുന്ന പ്രധാനപ്പെട്ട ആരബിൾ ലാൻഡ്ട്രീറ്റ്മെന്റ് (ALT) പ്രവൃത്തികൾതാഴെ പറയുന്നവയാണ്:

1. കോണ്ടൂർ കൃഷി രീതികൾ
2. പുല്ലു വച്ച് പിടിപ്പിക്കൽ (അഗ്രോസ്റ്റോളജി)
3. മരം നട്ടു പിടിപ്പിക്കൽ (അഗ്രോ ഫോറസ്ട്രി)
4. മഴക്കുഴികൾ
5. സെന്റ്രിപെറ്റൽ ടെറസിംഗ്.

നീർത്തട വികസനത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന പ്രധാന ഡ്രെയിനേജ് ലൈൻ ട്രീറ്റ്മെന്റ് ട്രീറ്റ്മെന്റ് (DLT) പ്രവൃത്തികൾ താഴെ പറയുന്നവയാണ്:

1. ലൈവ് ചെക്ക് ഡാം
2. ബ്രഷ് വുഡ് ചെക്ക് ഡാം
3. ഗേബിയൻ ചെക്ക് ഡാം
4. എൽ ബി സി ഡി (ലൂസ് ബോൾഡർ ചെക്ക് ഡാം)
5. തോടിന്റെയും പുഴയുടെയും അരികുകൾ സംരക്ഷിക്കുന്നതിനായി മുള വച്ചുപിടിപ്പിക്കുക
6. സംരക്ഷണ ഭിത്തിനിർമ്മാണം

പൊതുവായ ജല സംഭരണത്തിലം ജല കൊയ്ത്തിലും ആവർത്തിക്കാവുന്ന പ്രധാന പ്രവർത്തനങ്ങൾ

1. കുളങ്ങൾ
2. പടുതാകുളങ്ങൾ
3. ചെക്ക് ഡാം
4. കുളങ്ങൾപുനരുദ്ധാരണവും

5. പെർക്കോലേഷൻ പോണ്ടുകൾ/ ഡഗ് ഔട്ട് പോണ്ടുകൾ
6. കിണർ റീചാർജിങ്ങ്
7. സ്വാഭാവിക ഉറവകളുടെ സംരക്ഷണവും
8. റൂഫ് വാട്ടർ ഹാർവെസ്റ്റിംഗ്.

<u>കൃഷിഭൂമിയിലെ സംരക്ഷണ പ്രവർത്തനങ്ങൾ(ALT)</u>

കൃഷി ഭൂമിയിൽ നടപ്പിലാക്കുന്ന മണ്ണു ജലസംരക്ഷണ മാർഗ്ഗങ്ങളെ ജൈവസംരക്ഷണ മാർഗ്ഗങ്ങൾ, എൻജീനിയറിംഗ് മാർഗ്ഗങ്ങൾ എന്നിങ്ങനെ തരം തിരിക്കാം. കൃഷിഭൂമിയുടെ സംരക്ഷണത്തിനും, നീർച്ചാലുകളുടെ സംരക്ഷണത്തിനും വ്യത്യസ്ത മാർഗ്ഗങ്ങളാണ് സ്വീകരിക്കുന്നത്

a) ജൈവ കാർഷിക മുറകൾ

1) കോണ്ടൂർ കൃഷി രീതി(Contour farming)

സമോച്ച രേഖയെ അടിസ്ഥാനപ്പെടുത്തിയുള്ള കൃഷി രീതിയാണിത്. ഭൂമിയുടെ ചരിവിന് കുറുകെ കോണ്ടൂർ അടിസ്ഥാനത്തിൽ വിളകൾ നട്ടുവളർത്തണം. ഈ രീതി വഴി മണ്ണും ജലവും സംരക്ഷിക്കപ്പെടും.

2) ഇടവരികൃഷി രീതി (Strip cropping)

വ്യത്യസ്ത സ്വഭാവമുള്ള വിളകൾ(erosion permitting crops & erosion resisting crops)ഒന്നിടവിട്ടുള്ള വരികളിൽ സമോച്ച രേഖയിൽ കൃഷി ചെയ്യുന്നത് മണ്ണൊലിപ്പിനെ തടയും. മണ്ണൊലിപ്പിനെ തടയുവാൻ കഴിവുള്ള പുല്ലുവർഗ്ഗത്തിലും, പയർവർഗ്ഗത്തിലും ഉൾപ്പെട്ട വിളകളും മണ്ണൊലിപ്പിന് ഇടവരുത്തുന്ന വിളകളും ഒന്നിടവിട്ടുള്ള വരികളിൽ കൃഷി ചെയ്യണം.

3) സമ്മിശ്ര കൃഷി (Mixed farming)

ഉയരം കൂടിയ വിളകളും, ഉയരം കുറഞ്ഞ വിളകളും മിശ്രിതമായി കൃഷി ചെയ്യുന്നത് വഴി മണ്ണുസംരക്ഷണത്തിന് ഉപകരിക്കുകയും കൃഷി ഭൂമിയിൽ നിന്ന് കൂടുതൽ ആദായം ലഭിക്കുകയും ചെയ്യും. ആഴത്തിൽ പോകുന്ന വേരുകൾ ഉള്ള വിളകളോടൊപ്പം ഉപരിതലത്തിൽ മാത്രം വ്യാപിക്കുന്ന വേരുകൾ ഉള്ള വിളകളും ഈ രീതിയിൽ ഒരുമിച്ച് കൃഷി ചെയ്യാം.

4) ഇടവിള കൃഷി (Inter cropping)

പ്രധാനവിളകൾക്കിടയിൽ മറ്റ് ഇടവിളകളും കൃഷി ചെയ്യുന്നതാണ് ഈ രീതി. ഇതുമൂലം മണ്ണിന് കൂടുതൽ ആവരണം കിട്ടുകയും മണ്ണും ജലവും സംരക്ഷിക്കപ്പെടുകയും ചെയ്യും.

5) ബഹുതല കൃഷി (Multi tyre cropping)

കൃഷി ഭൂമിയിൽ ഏകവിളയ്ക്ക് പകരം പല ഉയരത്തിൽ വളരുന്ന വിളകൾ ഒന്നിച്ചു കൃഷി ചെയ്യുന്ന രീതിയാണിത്. ഈ വിളകളുടെ കനോപ്പിപല തട്ടുകളിൽ ആയതിനാൽ ഇവ സൂര്യപ്രകാശം പല തട്ടുകളിൽ നിന്ന് സ്വീകരിക്കുന്നു. അതുപോലെതന്നെ ഇത്തരം വിളകളുടെ വേരുകൾ മണ്ണിൽനിന്ന് വ്യത്യസ്ത ആഴങ്ങളിൽ സ്ഥിതിചെയ്യുന്നതിനാൽ സസ്യമൂലകങ്ങളും മണ്ണിൽ നിന്നും പരസ്പര മത്സരമില്ലാതെ പല ലെവലുകളിൽ നിന്നും സ്വീകരിക്കുന്നു. മഴവെള്ളം വിവിധ തട്ടുകളിലുള്ള ഇലപ്പടർപ്പുകളിൽ തടഞ്ഞ് താഴെ എത്തുന്നതിനാൽ മണ്ണൊലിപ്പ് ഉണ്ടാകുന്നതിനുള്ള സാദ്ധ്യത കുറച്ച്, മണ്ണിലേക്ക് കിനിഞ്ഞിറങ്ങുന്നു. ഉദാഹരണം തെങ്ങ്, കുരുമുളക്, വാഴ, പൈനാപ്പിൾ മുതലായവ.

6) പുൽ കൃഷി (Agrostology)

മണ്ണൊലിപ്പിന് സാധ്യതയുള്ള പ്രദേശങ്ങളിൽ പ്രദേശത്തിന് അനുയോജ്യമായ പുല്ല് നട്ട് വളർത്തിയാൽ മണ്ണൊലിപ്പ് നിയന്ത്രിക്കുവാൻ സാധിക്കും. ഇത് കാലിവളർത്തൽ മേഖലയെ പ്രോൽസാഹിപ്പിക്കുകയും ചെയ്യും. മൺവരമ്പുകളുടെയും, കൽബണ്ടുകളുടെയും മുകളിൽ പുല്ല് വച്ച് പിടിപ്പിക്കുന്നത് ബണ്ടുകളെ കൂടുതൽബലപ്പെടുത്തുവാനും ഉപകരിക്കും.

7) ആവരണവിളകൾ (Cover crops)

കൃഷി ഭൂമികളിൽ വിവിധതരം പയറുവർഗ്ഗങ്ങളിൽപ്പെട്ട ആവരണ വിളകൾ നട്ടുവള ർത്തുന്നത് മഴതുള്ളികൾ നേരിട്ട് മണ്ണിൽ പതിച്ച് മണ്ണൊലിപ്പ് ഉണ്ടാകുന്നത് തടയുന്നതിനും, മണ്ണിന്റെ ഫലപുഷ്ടി വർദ്ധിപ്പിക്കുന്നതിനും സഹായിക്കും.

8) **പുതയിടൽ (Mulching)**

മണ്ണിൽ പുതയിടുന്നത് വഴി മണ്ണൊലിപ്പും, ബാഷ്പീകരണവും വഴിയുള്ള ജലനഷ്ടവും നിയന്ത്രിക്കുന്നതിന് സാധിക്കും. മഴവെള്ളം വീഴുന്നിടത്തു തന്നെ അതിനെ സംരക്ഷിക്കുന്ന തിനും മണ്ണിന്റെ ഘടന സ്വാഭാവികമായി നിലനിർത്തുന്നതിനും പുതയിടൽ സഹായിക്കും.

9) **അഗ്രോഫോറസ്ട്രി (Agroforestry)**

കൃഷി ഭൂമിയിൽ കാർഷിക വിളകൾക്കൊപ്പം മറ്റുവൃക്ഷങ്ങൾ വച്ച് പിടിപ്പിച്ചാൽ മണ്ണൊലിപ്പ് തടയുകയും പരിസ്ഥിതി സന്തുലനത്തിന് സഹായിക്കുകയും ചെയ്യും.

10) **ജൈവവേലികൾ (Live Fencing)**

ചരിവുകൾക്ക് കുറുകെ ശീമകൊന്ന, സുബാബുൾ, മുരിങ്ങ, മുരിക്ക് തുടങ്ങിയ സസ്യ ങ്ങൾ വേലിപോലെ നിരയായി വച്ച് പിടിപ്പിക്കുന്നത് മണ്ണുജലസംരക്ഷണത്തിന് ഉപകരിക്കും.

11) **നീർക്കുഴികൾ(Moisture Conservation pits)**

ചരിവ് നിറഞ്ഞതും താരതമ്യേന നിരപ്പായ ഭൂമിയിൽ ഇടവിട്ട് നീർകുഴികൾ എടുക്കു ന്നത് മഴക്കാലത്ത് ലഭിക്കുന്ന മഴവെള്ളം കുഴികളിൽ ശേഖരിക്കന്നതിനും, മണ്ണിലേയ്ക്ക് കിനിഞ്ഞിറങ്ങി ഭൂഗർഭ ജല വിതാനം ഉയർത്തുന്നതിനുംസഹായിക്കും.

12) **വൃക്ഷതടമെടുക്കൽ (Centripetal Terracing)**

വൃക്ഷങ്ങളുടെ ചുവട്ടിൽ വൃത്തത്തിൽ തടമെടുക്കുന്നത് മണ്ണിൽ ജലം സംഭരിക്കുന്നതിന് വേണ്ടിയുള്ള നല്ലൊരു മാർഗ്ഗമാണ്. (ഉദാ:തെങ്ങിനുതടടെടുക്കൽ)

b) എൻജിനിയറിംഗ് മാർഗ്ഗങ്ങൾ

1) **കല്ലുകയ്യാല (Stone pitched contour bunds)**

താരതമ്യേന ചരിവ് കൂടിയ പ്രദേശങ്ങളിൽ നിശ്ചിത അകലങ്ങളിൽ കോണ്ടൂർ അടിസ്ഥാനത്തിൽ കല്ലടുക്കി ഉൾവശത്ത് മണ്ണിട്ട് ബലപ്പെടുത്തി കോണ്ടൂർ കല്ലുകയ്യാലകൾ നിർമ്മിക്കാം. മണ്ണൊലിപ്പുതടയുന്നതിനും മണ്ണിൽ ഈർപ്പം നിലനിർത്തുന്നതിനും ജലത്തിന്റെ കിനിഞ്ഞിറങ്ങലിനെ സഹായിക്കുന്നതുമായ പ്രധാനപ്പെട്ട സംരക്ഷണമാർഗ്ഗമാണ് കല്ലുകയ്യാല. ഇടുക്കി ജില്ലയിലെ കർഷകർ മണ്ണൊലിപ്പുതടയുന്നതിനും ഭൂമിയെ തട്ടുകളാക്കി കൃഷിചെയ്യുന്നതിനും ഈ മാർഗ്ഗം മുഖ്യമായി സ്വീകരിക്കുന്നു.

2) **മൺകയ്യാല (Earthen bunds)**

ചരിവ് കുറഞ്ഞ പ്രദേശങ്ങളിൽ സമോച്ചരേഖയിലൂടെ മണ്ണുകൊണ്ട് ബണ്ട് നിർമ്മിക്കാ വുന്നതാണ്. ഈ ബണ്ടുകളിൽ തീറ്റ പുല്ല് വച്ചു പിടിപ്പിച്ച് ബലപ്പെടുത്താവുന്നതാണ്.

3) **തട്ടുതിരിക്കൽ(Bench Terracing)**

ഭൂമിയുടെ ചരിവിൽ മേൽഭാഗം വെട്ടി മണ്ണ് താഴ്ന്ന വശത്തിട്ട് നിരപ്പാക്കി ഭൂമിയെ നിര വധി തട്ടുകളാക്കി മാറ്റാം.ഇതും കോണ്ടൂർ അടിസ്ഥാനത്തിലാണ് ചെയ്യുന്നത്. ഓരോ തട്ടിലും പതിക്കുന്ന മഴവെള്ളം അതിൽതന്നെ ശേഖരിക്കപ്പെട്ട ശേഷം മറ്റു തട്ടുകളിലൂടെ ഒഴുകി നീർച്ചാലുകളിൽ എത്തുന്നു. സ്ഥലത്തിന്റെ ചരിവ്, മണ്ണിന്റെ ആഴം,മഴയുടെ തീവ്രത, കൃഷി യിനം എന്നിവയെ അടിസ്ഥാനപ്പെടുത്തി തട്ടുകളുടെ വീതി,അകലം എന്നിവ തീരുമാനിക്കാം. വട്ടവട, കാന്തല്ലൂർ മേഖലകളിൽ ഈ തരത്തിൽ ഭൂമി തട്ടുകളാക്കിയാണ് ശീതകാല പച്ചക്കറികൾ കൃഷിചെയ്യുന്നത്.

4) **കോണ്ടൂർ ട്രെഞ്ചുകൾ(Contour Trenches)**

ചരിവിന് കുറുകെ സമോച്ചരേഖയിൽ ചാലുകൾ കീറി ആ മണ്ണുകൊണ്ട് ചാലിനു താഴെ ബണ്ടു പിടിപ്പിച്ചുവേണം ഇവ നിർമ്മിക്കുവാൻ. ബണ്ടിനുമുകളിൽ പുല്ലുവച്ചുപിടിപ്പിച്ച് ബലപ്പെടുത്താവുന്നതാണ്.ഇതു വഴി കൃഷി ഭൂമിയിൽ ലഭിക്കുന്ന മഴ വെള്ളത്തെ ഈ ട്രഞ്ചുകൾ സംഭരിച്ച് റീ ചാർജിംഗ് സംഭവിക്കൽ.

5) **താങ്ങുചുവരുകൾ (Stone walls)**

കൃഷിഭൂമിയുടെ ഇടിഞ്ഞു വീഴുന്ന തരത്തിൽ നിലകൊള്ളുന്ന അരികുകൾ സംരക്ഷിക്കുന്നതിനായി കല്ലുകൊണ്ട് നിർമ്മിക്കുന്ന ചുമരാണിത്. മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയവ ഉണ്ടായിട്ടുള്ള സ്ഥലങ്ങളിലും കൽഭിത്തി പ്രയോജനപ്പെടും.

<u>നീർചാലുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾ</u>

1) **തടയണകൾ (Check dams)**

നീരൊഴുക്കിനെതിരെ തടസ്സങ്ങൾ സൃഷ്ടിച്ച് ജലപ്രവാഹത്തിന്റെ ശക്തി കുറയ്ക്കുന്നതിന് തടയണ നിർമ്മാണം വഴി സ്വാധീനിക്കും. നീരൊഴുക്കിൽപെട്ട് ഒഴുകി വരുന്ന മണ്ണ് തടയണകളിൽ അടിയുന്നു. ഭൂമിയുടെ ചരിവ്, ഉപയോഗം, മഴയുടെ തോത്, തോടിന്റെ വീതി എന്നിവയ്ക്കനുസരിച്ച് അനുയോജ്യമായ തടയണകൾ നിർമ്മിക്കാവുന്നതാണ്. ബ്രഷ്‌വുഡ് ചെക്ക്ഡാം, ലൂസ്ബോൾഡർ ചെക്ക്ഡാം, ഗാബിയൻ ചെക്ക്ഡാം തുടങ്ങിയ വിവിധതരത്തിലുള്ള തടയണകൾ നിർമ്മിക്കാം.

2) **പാർശ്വഭിത്തികൾ(Retaining walls)**

നീർച്ചാലുകളുടെയും അരുവികളുടെയും അരിക് ഇടിഞ്ഞുവീണ് നശിക്കുന്നത് തടയുന്നതിനായി നീർച്ചാലുകളുടെ വശങ്ങളിൽ പാർശ്വഭിത്തികൾ നിർമ്മിക്കാവുന്നതാണ്.

3) **സസ്യങ്ങൾകൊണ്ടുള്ള പാർശ്വസംരക്ഷണം**

നീർച്ചാലുകളുടെ പാർശ്വങ്ങളിൽ കൈത, ഈറ്റ, മുള തുടങ്ങിയ സസ്യങ്ങൾ വച്ചു പിടിപ്പിച്ച് പാർശ്വങ്ങൾ ഇടിയുന്നത് നിയന്ത്രിക്കാം.

4) **കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള പാർശ്വസംരക്ഷണം(Coir geo textiles)**

നീർച്ചാലുകളുടെയും, കുളങ്ങളുടെയും പാർശ്വങ്ങളിൽ കയർഭൂവസ്ത്രം ഉഫയോഗിച്ച് പരിസ്ഥിതി സൗഹാർദ്ദപരമായി പാർശ്വങ്ങൾ ഇടിയുന്നത് നിയന്ത്രിക്കാം.

<u>ഇടുക്കി ജില്ലയിൽ നടപ്പിലാക്കിയ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ</u>

ജില്ലയിൽ ശാസ്ത്രീയമായ മണ്ണുജലസംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിച്ചത് 1973 മുതലാണ്. അന്ന് ചില ലോൺ ലിങ്ക്ഡ് വ്യക്തിഗതപദ്ധതികളാണ് നടന്നു വന്നിരുന്നത്. എന്നാൽ 95 മുതൽ നബാർഡിന്റെ സഹായത്തോടുകൂടി മണ്ണുജലസംരക്ഷണ പ്രവർത്തനങ്ങൾ ആർ.ഐ.ഡി.എഫ് പദ്ധതികളായി നീർത്തടാടിസ്ഥാനത്തിൽ നടത്തുവാൻ തുടങ്ങി. ഇതോടുകൂടി കൂടുതൽ സാമ്പത്തിക ആനുകൂല്യങ്ങളോടുകൂടി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് ഇത്തരം പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാൻ കഴിഞ്ഞു. ഉരുൾപൊട്ടൽ,മണ്ണിടിച്ചിൽ എന്നിവ സംഭവിക്കുന്ന പ്രദേശങ്ങളുടെ സംരക്ഷണത്തിനായി ലാൻഡ് സ്ലൈഡ് ഏരിയ സ്റ്റെബിലൈസേഷൻ എന്നൊരു പ്രത്യേക പദ്ധതിയും ഡിപ്പാർട്ട്മെന്റ് മുഖേന ഇപ്പോൾ ജില്ലയിൽ നടപ്പാക്കിവരുന്നുണ്ട്.

ജില്ലയിൽ ആകെയുള്ള 206809 ഹെ. കൃഷിഭൂമിയിൽ മണ്ണുപര്യവേക്ഷണ മണ്ണുസംരക്ഷണ വകുപ്പിന്റെകീഴിലുള്ള ജില്ലാ മണ്ണുസംരക്ഷണ ആഫീസ്, അസിസ്റ്റന്റ് ഡയറക്ടർ ആഫീസ് എന്നിവ മുഖേന വിവിധ പദ്ധതികൾ വഴി 68000 ഹെ. മണ്ണുജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ബാക്കി 138809 ഹെ. കൃഷിഭൂമിയിൽ കൂടി അടിയന്തിരമായി

മണ്ണുജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തേണ്ടതായിട്ടുണ്ട്.TRDM, IWMP, WGDP, MTNREGA എന്നീ പദ്ധതികൾ വഴിയായും ജില്ലയിൽ മണ്ണുജലസംരക്ഷണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

മണ്ണു സംരക്ഷണ വകുപ്പ് RIDF പദ്ധതി പ്രകാരം 16900 ഹെക്ടർ സ്ഥലം ജില്ലയിൽ വിവിധ പഞ്ചായത്ത് പ്രദേശങ്ങളിലായി സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവമൂലം നാശം സംഭവിച്ചതും സംഭവിക്കാൻ സാദ്ധ്യതയുള്ളതുമായ പ്രദേശങ്ങളുടെ സംരക്ഷണത്തിനായി ലാന്റ്സ്ലൈഡ് ഏരിയ സ്റ്റെബിലൈസേഷൻ പദ്ധതി പ്രകാരം 2500 ഹെക്ടർ പ്രദേശം അറക്കുളം, കൊക്കയാർ, പെരുവന്താനം, വണ്ടപ്പെരിയാർ, അടിമാലി, കാമാക്ഷി, ഉടുമ്പന്നൂർ, കട്ടപ്പന, ഏലപ്പാറ ചക്കുപള്ളം എന്നി പഞ്ചായത്ത് പ്രദേശങ്ങളാലായി സംരക്ഷിക്കപ്പെട്ടിട്ടുണ്ട്.

കൂടാതെ WGDP പദ്ധതി മുഖേന വിവിധ ഗ്രാമ പഞ്ചായത്തുകളും NGO കളും വഴി 18000 ഹെക്ടർ സ്ഥലവും ജില്ലയിൽ മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങൾ വഴിയായി സംരക്ഷിച്ചിട്ടുണ്ട്.

IWMP പ്രകാരം ഗ്രാമവികസന വകുപ്പും വിവിധ പഞ്ചായത്തുകളിലായി 20000 ഹെക്ടർ സ്ഥലത്തും മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്

MNREGA പ്രകാരം എല്ലാ ഗ്രാമ പഞ്ചായത്തുകളിലും മഴക്കുഴി നിർമാണം, കല്ലുകയ്യാല, മൺകയ്യാല നിർമാണം എന്നീ പ്രവർത്തനങ്ങളും കുറെയൊക്കെ നടപ്പലാക്കി വരുന്നുണ്ട്. തൊഴിലുറുപ്പു പദ്ധതി പ്രകാരം നീർത്തടാടിസ്ഥാനത്തിലുള്ള സമഗ്ര മണ്ണുജലസംരക്ഷണം നടത്താൻ നിലവിൽ കഴിയുന്നില്ല. ജില്ലയിലെ ചില ഗ്രാമ പഞ്ചായത്തുകളുടെ വാർഷിക പദ്ധതികളിൽപെടുത്തി കൃഷിഭവൻ വഴി മണ്ണുജലപദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇവയും വളരെ കുറച്ചു പ്രദേശങ്ങളിൽ മാത്രമേ നടപ്പിലാക്കിയിട്ടുള്ളു.

ഈ പ്രവർത്തനങ്ങൾ എല്ലാം വഴിയായി ജില്ലയിൽ നിലവിൽ എകദേശം 68000.ഹെക്ടർ സ്ഥലത്ത് മണ്ണു സംരക്ഷണ പ്രവത്തനങ്ങൾ നടപ്പലാക്കിയിട്ടുണ്ട്. ഇനി ബാക്കി വരുന്ന138809ഹെക്ടർ സ്ഥലത്തുകൂടി മണ്ണുജലസംരക്ഷണ പ്രവർത്തനങ്ങൾ എറ്റെടുത്ത് നടപ്പിലാക്കേണ്ടതായിട്ടുണ്ട്

<u>അടുത്ത 15 വർഷങ്ങളിൽ ഏറ്റെടുത്തു നടത്തേണ്ട പ്രവർത്തനങ്ങൾ</u>

അടുത്ത 15 വർഷംകൊണ്ട് ജില്ലയിലെ ഹൈപ്രയോറിറ്റി, മീഡിയം പ്രയോറിറ്റി ഏരിയായിൽപ്പെട്ട 45000 ഹെ.സ്ഥലത്തുകൂടി മണ്ണുജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതുവഴി കൃഷിഭൂമിയിലെ മണ്ണൊലിപ്പ് തടഞ്ഞ് ജലസംരക്ഷണം ഉറപ്പാക്കി, കാർഷികഭൂമിയിൽ പരമാവധി ഉത്പാദനം വർദ്ധിപ്പിക്കുക, ഭക്ഷ്യസുരക്ഷ, ജലലഭ്യത ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങൾ നേടാൻ കഴിയും. ആയതിനാൽ അടുത്ത 15 വർഷം ജില്ലയിലെ സംരക്ഷിക്കപ്പെടാത്തതും മുൻഗണന അർഹിക്കുന്നതുമായ പ്രദേശങ്ങളിൽ നീർത്തടാടിസ്ഥാനത്തിൽ മണ്ണുജലസംരക്ഷണം നടപ്പിലാക്കുന്നതാണ്. ഇതുവഴി ഭക്ഷ്യസുരക്ഷ, ജലലഭ്യത എന്നിവ കാര്യമായി കൈവരിക്കാവുന്നതാണ്. ഹരിതകേരളത്തിന്റെ ഭാഗമായി ജലലഭ്യത വർദ്ധിപ്പിക്കുന്ന വിവിധ പദ്ധതികൾ ഈ കാലത്ത് ജില്ലയിൽ ഏറ്റെടുക്കുവാൻ കഴിയുന്നതാണ്.

നീർത്തടാടിസ്ഥാനത്തിൽ ജില്ലയിലെ വിവിധ പ്രദേശങ്ങൾ ഏറ്റെടുത്ത് നടത്താവുന്ന മണ്ണുജലസരക്ഷണ പ്രവർത്തനത്തോടൊപ്പം താഴെ പറയുന്ന പ്രദേശങ്ങളിലെ പ്രത്യേക പ്രശ്ന പരിഹാരത്തിനായി ജില്ലയിലെ പല പ്രദേശങ്ങളും ഏറ്റെടുത്തു നടപ്പിലാക്കാവുന്നതാണ്.

15 വർഷത്തിനുള്ളിൽ ജില്ലയിൽ നടപ്പിലാക്കേണ്ട മണ്ണുജലസംരക്ഷണ പ്രവർത്തനങ്ങൾ	നടപ്പിലാക്കേണ്ട പ്രദേശങ്ങൾ	നടപ്പിലാക്കുന്ന വകുപ്പ്/ എജൻസി	അടുത്ത 15 വർഷത്തിനുള്ളിൽ സംരക്ഷിക്കപ്പെടുന്ന ജില്ലയിലെ വിവിധ പ്രദേശങ്ങളുടെ വിസ്തൃതി				
			2018-2019 വർഷം	5വർഷം	10 വർഷം	15 വർഷം	ആകെ
(A) അറബിൾ ലാന്റ് പ്രവർത്തങ്ങൾ കോണ്ടൂർ ബണ്ട് (കല്ലു കയ്യാല) ഗ്രേഡഡ് ബണ്ട് മൺ കയ്യാല മഴകുഴി നിർമ്മാണം അഗ്രോഫോറസ്ട്രി മുതലായവ	മണ്ണൊലിപ്പിന്റെ അടിസ്ഥാനത്തിൽ ജില്ലയിലെ എല്ലാ പഞ്ചായത്ത് ഭാഗങ്ങളിൽ നീർത്തടാടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കന്നതാണ്	3000Ha	15000 Ha	15000 Ha	15000 Ha	45000 Ha
(B) ഡ്രെയിനേജ് ലൈൻ ട്രീറ്റ്മെന്റ് ചെക്കുഡാം ലൈവ് ചെക്കുഡാം ലൂസ് ബോൾ ചെക്കുഡാം	നാശ നഷ്ടം സംഭവിച്ച തോടുകൾ ട്രെയിനേജ് ചാലുകൾ എന്നിവയിൽ എല്ലാ പഞ്ചായത്ത് പ്രദേശങ്ങളിലും പ്രശ്നത്തിന്റെ അടിസ്ഥനത്തിൽ	10Nos	10Nos	10Nos	10Nos	30Nos
പാർശ്വഭിത്തിനിർമാണം സബ്ട്രെയിൻ പ്രൊട്ടക്ഷൻ		1000 Rm	5000 Rm	5000 Rm	5000 Rm	15000 Rm
(C) **ജലസുരക്ഷക്കായുള്ള വാട്ടർഹാർവസ്റ്റിംഗ് പ്രവർത്തനങ്ങൾ** **കുളങ്ങൾ** പെർലേഷൻ ടാങ്കുകൾ, പടുതാകുളം, തടയണ, VCB റൂഫ് വട്ടർ ഹാർവെർസ്റ്റിംഗ്	ജലദൗർലഭ്യത്തിന്റെയും സംരക്ഷണത്തിനുള്ള സാധ്യതയുടെയുംഅടിസ്ഥനത്തിൽ എല്ലാപഞ്ചായത്ത് പ്രദേശങ്ങളിലും മുൻഗണകളുടെ അടിസ്ഥനത്തിൽ	10 Nos	50 Nos	50 Nos	50 Nos	150 Nos

അടുത്ത 15 വർഷത്തിനുള്ളിൽ ജില്ലയിൽ 45000 ഹെക്ടർ ഭൂമിയിലെ മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങൾ വിവിധ ഡിപ്പാർട്ട്മെന്റ് പദ്ധതികൾ വഴി പൂർത്തീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

ജില്ലയിൽ ഏറ്റെടുത്തു നടത്തേണ്ട മറ്റ് അടിയന്തിര അനുബന്ധ പ്രവർത്തനങ്ങൾ

1. കുടിവെള്ളക്ഷാമം കൂടുതലായി അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ വെള്ളത്തിന്റെ ആവശ്യകതക്കനുസരിച്ച് ആവശ്യമായ രീതിയിലുള്ള ഉപരിതല മഴവെള്ള സംഭരണികളും, റൂഫ് വാട്ടർ ഹാർവെസ്റ്റിംഗ് ടാങ്കുകളും നിർമ്മിക്കാവുന്നതാണ്. ഇത് ഗ്രൂപ്പുകൾക്കോ വ്യക്തികൾക്കോ നിർമ്മിച്ച് നൽകാവുന്നതാണ്.
2. കാർഷിക ഗാർഹിക ആവശ്യങ്ങൾക്ക് ഉപകരിക്കുന്നതിനായി പുതിയ കുളങ്ങളുടെ നിർമ്മാണം, നിലവിലുള്ള കുളങ്ങളുടേയും, വാട്ടർബോഡികളുടേയും പുനരുദ്ധാരണം വ്യാപകമായ രീതിയിൽ നടപ്പിലാക്കണം.
3. കിണറുകളിലേയും ഭൂഗർഭ ജല സംരക്ഷണത്തിനുമായി കിണർ, കുഴൽ കിണർ റീചാർജിംഗ് പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.
4. വിവിധ പ്രദേശങ്ങളിലെ ഉറവകൾ, മറ്റ് ജലസ്രോതസ്സുകൾ മറ്റും പ്രത്യേകമായി സംരക്ഷിക്കേണ്ടതാണ്.
5. സ്പെഷ്യൽ അഗ്രിക്കൾച്ചർ സോണുകളായ വട്ടവട, കാന്തല്ലൂർമേഖലകളിൽ ഇറിഗേഷനുവേണ്ടി ജലലഭ്യതയുള്ള സ്ഥലങ്ങളിൽനിന്ന് കനാലുകൾ നിർമ്മിച്ച് വെള്ളം കൃഷിഭൂമിയിൽ എത്തിച്ച് ശീതകാലപച്ചക്കറികളുടെ ഉദ്പാദന വർദ്ധനവ് ഉറപ്പുവരുത്താവുന്നതാണ്.
6. മറയൂർ മേഖലയിലെ കരിമ്പ് കൃഷിക്കാവശ്യമായ ജലലഭ്യതയ്ക്കുവേണ്ടി കനാലുകൾ നിർമ്മിച്ച് നൽകാവുന്നതാണ്.
7. മഴ തീരെ കുറവു ലഭിക്കുന്ന പ്രദേശമായ വട്ടവടയിൽ വർഷകാലത്ത് വളരെ പെട്ടെന്ന് ലഭിക്കുന്ന കനത്ത മഴമൂലം ഉണ്ടാകുന്ന ഫ്ളാഷ് ഫ്ളെഡിലെ ജലം നിയന്ത്രിക്കുന്നതിനും മറ്റുംആവശ്യമായമുൻകരുതൽ കനത്ത മഴ ലഭിക്കുമ്പോൾതന്നെ സ്വീകരിക്കണം. തോടുകൾ, നീർച്ചാലുകൾ, നദീതീരങ്ങൾ എന്നിവ കയ്യേറി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തരുത്. ജലം ഒഴുകി ജലത്തെ അതിന്റെ സ്വഭാവികമായ ഒഴുക്ക് തടയാതെ സ്വതന്ത്രമായി ഒഴുകുന്നതിന് അനുവദിക്കുകയും തോടുകളുടെയും പുഴകളുടെയും സ്വാഭാവിക പ്രവാഹശേഷി പുനസ്ഥാപിക്കുകയും ചെയ്യണം. ഫ്ളാഷ് ഫ്ളെഡ് സമയത്ത് ലഭിക്കുന്ന അധിക ജലം താഴ്ന്ന പ്രദേശങ്ങളിൽ ശേഖരിച്ച്പിന്നീട് ഉപയോഗിക്കുന്നതിനുമുള്ള വാട്ടർഹാർവെസ്റ്റിംഗ് സംവിധാനം നിർമ്മിക്കാവുന്നതാണ്. ഈ ജലം പിന്നീട് കൃഷിക്ക് കനാലുകൾ വഴി നൽകുവാനും കഴിയും.
8. മഴനിഴൽ പ്രദേശങ്ങളായ കാന്തല്ലൂർ, മറയൂർ മേഖലകളിൽ മഴക്കാലത്ത് ലഭിക്കുന്ന ജലം ഒഴുകി നഷ്ടപ്പെടാതെ പരമാവധി ഭൂമിയിലേയ്ക്ക് കിനിഞ്ഞിറങ്ങുന്നതിനുള്ള പെർക്കുലേഷൻ ടാങ്ക്, നീർക്കുഴികൾ എന്നിവ ലഭ്യമായ സ്ഥലങ്ങളിൽ നിർമ്മിക്കാവുന്നതാണ്. ഈ പ്രദേശങ്ങളിൽ മഴവെള്ളം പ്രത്യേകമായി സംഭരിച്ച് വയ്ക്കുന്നതിനായി ടാങ്കുകളും, കുളങ്ങളും നിർമ്മിക്കാവുന്നതാണ്. ഇത്തരം പ്രവർത്തനങ്ങൾ എല്ലാംതന്നെ മഴക്കുറവു മൂലം ഗുരുതര പ്രതിസന്ധി നേരിടുന്ന കരുണാപുരം പഞ്ചായത്തിലും അനുവർത്തിക്കാവുന്നതാണ്.
9. ഏതെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ പ്രദേശങ്ങളിൽ മണ്ണിടിച്ചിൽ സാധ്യത ഉണ്ടെങ്കിൽ മറ്റ് സംരക്ഷണ പ്രവർത്തനങ്ങൾ അവലംബിക്കാൻ സാധിക്കാത്തപക്ഷം ഗേബിയൺ പാർശ്വഭിത്തി നിർമ്മിച്ച് സംരക്ഷിക്കാവുന്നതാണ്. കൂടാതെ മണ്ണിളകിയതും വളരെ കനത്തിലും കാണപ്പെടുന്നതും എന്നാൽ മണ്ണിടിച്ചിലിന് വളരെ സാധ്യതയുള്ളതുമായ ചെരിവുള്ള സ്ഥലങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കാവുന്നതാണ്.
10. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവ ഉണ്ടാകുവാൻ സാധ്യതയുള്ള ചെരിവുകൂടിയ പ്രദേശങ്ങളിൽ മഴവെള്ളം മണ്ണിൽ കൂടുതൽ സമയം തങ്ങി നിൽക്കാൻ അനുവദിക്കാതെ കല്ലുപാകി സംരക്ഷിതമാക്കിയ പ്രത്യേക ഡ്രെയിനേജ് ചാനലുകൾ വഴി ഒഴുകിക്കളയാവുന്നതാണ്. വളരെ ചെരിവുകൂടിയതും കുത്തനെ ഉള്ളതുമായ പ്രദേശങ്ങളിൽ മരം,മുള, ഈറ്റ എന്നിവ നട്ട് സംരക്ഷിക്കാവുന്നതാണ്.

11. തോടുകളുടേയും നദികളുടേയും തീരങ്ങൾ ചിലവുകുറഞ്ഞ മാർഗ്ഗത്തിലൂടെ സംരക്ഷിക്കുന്നതിനായി മുള, ഈറ്റ എന്നിവ വച്ചുപിടിപ്പിക്കാം.
12. ആഗോളതാപനം തടയുന്നതിനും, കാർബൺ സീക്വസ്ട്രേഷൻ വഴി അന്തരീക്ഷത്തിലെ കാർബൺഡയോക്സൈഡിന്റെ അളവ് കുറയ്ക്കുന്നതിനുവേണ്ടിയും തരിശുഭൂമിയിലും ലഭ്യമായ മറ്റു പൊതുസ്ഥലങ്ങളിലും മരങ്ങൾ വച്ചുപിടിപ്പിക്കാവുന്നതാണ്.

നിർദ്ദേശങ്ങൾ

ജില്ലയുടെ കാർഷിക പ്രാധാന്യവും ഭൂപ്രകൃതിയും വർദ്ധിച്ച മഴയും, മണ്ണൊലിപ്പും, ഉരുൾപൊട്ടൽ സാധ്യത എന്നിവ പരിഗണിച്ച് ജില്ലയിലെ കൂടുതൽ പ്രദേശങ്ങളിൽ മുൻഗണനാ പ്രകാരം മണ്ണുജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്.

ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവ മൂലം നാശനഷ്ടം സംഭവിച്ചവരുടെ വീടിന് സംരക്ഷണ ഭിത്തി, കൃഷിഭൂമി ഇടിഞ്ഞ് അപകട സ്ഥിതിയിൽ നിൽക്കുന്ന പ്രദേശങ്ങൾ സംരക്ഷിക്കാൻ പാർശ്വഭിത്തി, തോടുകൾ ഇടിഞ്ഞ് നശിച്ചത് സംരക്ഷിക്കാൻ സംരക്ഷണഭിത്തി എന്നിവ നിർമ്മിക്കാൻ ഓരോ വർഷവും ഒരു സ്പെഷ്യൽ ഗ്രീവൻസ് പദ്ധതി ജില്ലയ്ക്ക് വേണ്ടി രൂപീകരിക്കണം. ഇതിനാവശ്യമായ ഫണ്ട് സോയിൽ കൺസർവേഷൻ ഡിപ്പാർട്ട്മെന്റിനോ, ജില്ലാ കളക്ടർക്കോ ഓരോ വർഷവും നൽകണം. സോയിൽ കൺസർവേഷൻ ഡിപ്പാർട്ട്മെന്റ് ജില്ലാ അഡ്മിനിസ്ട്രേഷന്റെ നിർദ്ദേശപ്രകാരം നാശത്തിന്റെ സ്വഭാവവും, അളവും അനുസരിച്ച് ആവശ്യമായ പുനരുദ്ധാരണ പ്രവർത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ജില്ലാ കളക്ടർക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങി പ്രവർത്തനങ്ങൾ അടിയന്തിരമായി നടത്താവുന്നതാണ്. ഓരോ കാലവർഷത്തിലും ഇത്തരം ധാരാളം അപേക്ഷകൾ ജില്ലാ കളക്ടർക്കും, ഡിപ്പാർട്ട്മെന്റിനും ലഭിക്കാറുണ്ട്. അർഹതയുള്ള പല പാവപ്പെട്ടവരുടേയും, ഇത്തരത്തിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം നൽകാൻ നിലവിൽ ഇതിനായി ഒരു സ്പെഷ്യൽ ഗ്രീവൻസ് സ്കീം ഇല്ലാത്തതിനാൽ കഴിയുന്നില്ല. ആയതിനാൽ ഇത്തരം ഒരു സ്കീം ഉണ്ടായാൽ ഇടുക്കിയിലേയും സമാന പ്രശ്നങ്ങളുള്ള ജില്ലകളിലേയും സാധാരണ ജനവിഭാഗങ്ങൾക്ക് വളരെ അനുഗ്രഹപ്രദമായിരിക്കും.

ഉരുൾപൊട്ടൽ സാധാരണയായി സംഭവിക്കാൻ സാധ്യതയുള്ള കൃഷിയില്ലാത്തതും വളരെ ഉയരത്തിലും ചെങ്കുത്തായതുമായ ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി ഈറ്റ, മുള എന്നിവ വച്ചുപിടിപ്പിക്കണം.

വയലുകൾ നികത്തുന്നത് തടയുക. നെൽവയൽ ജലം സംഭരിച്ചു വയ്ക്കുന്ന വലിയ ഒരു കളിമൺ പാത്രമാണ്.

കൃഷിഭൂമി കൃഷികൾക്കല്ലാതെ മറ്റു കാർഷികേതര പ്രവർത്തനങ്ങൾക്കു ഉപയോഗിക്കാതിരിക്കുക. അനിയന്ത്രിതമായ മണൽഖനനം, കുന്നുകൾ നിരപ്പാക്കി മണ്ണെടുക്കൽ എന്നിവ കർശനമായി നിരോധിക്കുക. ഭൂഗർഭ ജലവിതാനം അപകടകരമാകുന്ന വിധത്തിൽ താഴുന്നതിന് ഇത് കാരണമാകും.

ഹരിത കേരളത്തിന്റെ ഭാഗമായിട്ടുള്ള സുജലം പരിപാടികൾ നടപ്പിലാക്കുക. ഇതിന്റെ ഭാഗമായി ജില്ലയിലെ ജലസ്രോതസ്സുകൾ സംരക്ഷിക്കാനുള്ള പ്രത്യേക പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കണം. കാർഷികവും ഗാർഹികവുമായ ആവശ്യങ്ങൾക്കായി പുതിയ കുളങ്ങൾ നിർമ്മിക്കുക, നിലവിലുള്ള കുളങ്ങൾ, ഉറവകൾ മറ്റു വാട്ടർ ബോഡികൾ, എന്നിവ സംരക്ഷിക്കുക, ജില്ലയിലെ നദികൾ തോടുകൾ എന്നിവ സംരക്ഷിക്കുക. നദികളും തോടുകളും വറ്റാതിരിക്കാനുള്ള ജലസംരക്ഷണ മാർഗ്ഗങ്ങൾ, മരം നടീൽ എന്നിവ ജില്ലയിൽ ആകെ വിവിധ വകുപ്പുകൾ മുഖേന സമാന സ്വഭാവമുള്ള പ്രവർത്തനങ്ങൾ സമഗ്രമായി യോജിപ്പിച്ചുകൊണ്ട് നടപ്പിലാക്കുക.

ഹരിത കേരളത്തിന്റെ ഭാഗമായി കരുണാപുരം പഞ്ചായത്തിലും, ജലക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന സമീപ പഞ്ചായത്തുകളിലും ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കു

ക. കരുണാപുരം പഞ്ചായത്തിന്റെ ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായി സോയിൽ കൺസർവേഷൻ വകുപ്പ് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്.

ഹരിത കേരളത്തിന്റെ ഭാഗമായി പീരുമേട്, വണ്ടിപ്പെരിയാർ, കുമളി, ഏലപ്പാറ എന്നീ പഞ്ചായത്തുകളിലും സമീപ പഞ്ചായത്തുകളിലും കൃഷിക്കും, കുടിവെള്ളത്തിനുമുള്ള ക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി സമഗ്ര നീർത്തട പദ്ധതികൾ തയ്യാറാക്കി വരുന്നു.

പ്രത്യേക കൃഷി മേഖലയുടെ ഭാഗമായി ദേവികുളം ബ്ളോക്കിൽ ഉൾപ്പെട്ട വട്ടവട, മൂന്നാർ, മറയൂർ, കാന്തല്ലൂർ മേഖലകളിലായി പ്രത്യേക ജലസംരക്ഷണ പ്രവർത്തികൾ രൂപീകരിച്ചു നടപ്പിലാക്കുക. ഇതിനായി പ്രത്യേക പ്രോജക്ടുകൾ തയ്യാറാക്കി വരുന്നു.

മണ്ണ്, ജലം എന്നീ പ്രകൃതി വിഭവങ്ങൾ സംരക്ഷിച്ച് പ്രകൃതിയേയും നമ്മൾ വസിക്കുന്ന ഭൂമിയേയും സംരക്ഷിക്കേണ്ടത് കാലത്തിന്റെ ആവശ്യമാണെന്ന സന്ദേശം ജനങ്ങളിൽ എത്തിക്കുന്നതിനായി പരിസ്ഥിതി പഠന ക്ലാസ്സുകൾ സംഘടിപ്പിക്കുക,കർഷകർക്ക് മണ്ണുജലസംരക്ഷണ മാർഗ്ഗങ്ങളെക്കുറിച്ച് പരിശീലനം നൽകുക എന്നീ പ്രവർത്തനങ്ങളും ഹരിതകേരള മിഷന്റെ ഭാഗമായി ജില്ലയിൽ നടത്തുക.

ഉപസംഹാരം

മണ്ണും ജലവും വിലപ്പെട്ട പ്രകൃതി വിഭവങ്ങളാണ്. ശരിയായ പ്ലാനിങ്ങിലൂടെയും ശാസ്ത്രീയമായ വിനിയോഗത്തിലൂടെയും ഇവ സുസ്ഥിരമായി സംരക്ഷിക്കാവുന്നതാണ്. ഇതു വഴിയായി ജില്ലയിലെ കാർഷിക അഭിവൃദ്ധി, ജലസുരക്ഷ, ഭക്ഷ്യസുരക്ഷ എന്നിവ കൈവരിക്കാവുന്നതാണ്.

4.1.2. മൃഗസംരക്ഷണം - ക്ഷീര വികസനം

ആമുഖം

1. ആഗോള തലത്തിൽ മൃഗസംരക്ഷണമേഖലയിൽ ഇന്ത്യ മുൻനിരയിൽ നിൽക്കുന്നതും പ്രത്യേകിച്ച് ക്ഷീരോത്പാദനത്തിൽ ഒന്നാം സ്ഥാനത്തു നിൽക്കുന്ന രാജ്യമാണ്. ഇന്ത്യ മൃഗസംരക്ഷണ മേഖലയിൽ ആഗോള തലത്തിൽ മുൻനിരയിൽ ആണ്. ക്ഷീരോല്പാദന ത്തിലും ഇന്ത്യ ആഗോള തലത്തിൽ ഒന്നാം സ്ഥാനത്താണ്. 1966-ൽ ആരംഭിച്ച ധവള വിപ്ലവത്തോടു കൂടി ഈ രംഗത്ത് വിപ്ലവകരമായ മാറ്റമാണ് ഉണ്ടായത്. താഴ്ന്ന വരുമാന ക്കാരായ ഭൂരിപക്ഷം ജനവിഭാഗത്തിന് ഉയർന്ന സ്ഥിരവരുമാനവും തൊഴിലും നൽകുവാൻ മൃഗസംരക്ഷണ ക്ഷീര വികസന പ്രവർത്തനങ്ങൾക്ക് സാധിച്ചിട്ടുണ്ട്. കുറഞ്ഞ മുതൽമുട ക്കിൽ ചുരുങ്ങിയ സമയത്തിനുള്ളിൽ ആരംഭിക്കാവുന്നതും, കാലതാമസം കൂടാതെ വരുമാനം ലഭിച്ചു തുടങ്ങുന്നതും, ഉൽപന്നങ്ങളുടെ വിലയിൽ കാര്യമായ വ്യതിയാനം ഉണ്ടാകാത്തതും, കൃഷിയെ പരിപോഷിപ്പിക്കുന്ന ജൈവവളം നൽകുന്നതും സ്ത്രീകൾക്കും പ്രായമായവർക്കും സ്വീകരിക്കാവുന്ന ജീവനോപാധി എന്ന നിലയിലും സർവ്വോപരി ഗ്രാമീണ സമ്പദ് വ്യവസ്ഥയുടെ നെടുംതൂണായിട്ടും ഈ മേഖല നിലകൊള്ളുന്നു. സമ്പൂർണ്ണ ഭക്ഷണങ്ങളായ പാൽ, മുട്ട, മാംസം എന്നിവ ഉത്പാദിപ്പിച്ച് സുരക്ഷിതമായി ജനങ്ങളിലെത്തിക്കാൻ ഈ മേഖല പ്രതിജ്ഞാബദ്ധമാണ്.

1. **19-ാം കന്നുകാലി കനേഷുമാരി പ്രകാരം ഇന്ത്യയിലെ മൃഗസമ്പത്ത്**

ഇനം	എണ്ണം(മില്യൺ)	ലോക മൃഗസമ്പത്തിന്റെ ശതമാനം
പശു	190.9	12.5(രണ്ടാം സ്ഥാനം)
എരുമ	108.7	56.7(ഒന്നാം സ്ഥാനം)
ചെമ്മരിയാട്	65	24
ആട്	135.1	
പന്നി	10.29	1.5
വളർത്തു പക്ഷികൾ	729.2	3.1
ആകെ	**512.05**	-

ഇന്ത്യയുടെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 4.11 ശതമാനവും, കൃഷിയും അനുബന്ധ പ്രവർത്തനങ്ങളുടെ 25.6 ശതമാനവും മൃഗസംരക്ഷണ മേഖലയുടെ സംഭാവനയാണ്.2015-16 ൽ കേരള സംസ്ഥാനത്തിൽ ഇത് യഥാക്രമം 3.3ശതമാനവും 29.18 ശതമാനവും ആണ്. 2015-16 വർഷത്തിൽ ഇന്ത്യയയിൽ 1554.9 ലക്ഷം മെട്രിക് ടൺ പാൽ ഉത്പാദിപ്പിച്ചതിൽ 26.5 ലക്ഷം മെട്രിക് ടൺ സംഭാവന ചെയ്ത കേരളം 14-ാം സ്ഥാനത്താണ്. ഈ കാലയളവിൽ ഇന്ത്യയിലെ മൊത്തം മുട്ട ഉത്പാദനം 8292.94 കോടിയാണ്. ഇതിൽ 9-ാം സ്ഥാനത്തു നിൽക്കുന്ന കേരളത്തിന്റെ ഉത്പാദനം 244.25 കോടിയാണ്. മാംസോത്പാദനത്തിൽ 7-ാം സ്ഥാനത്തു നിൽക്കുന്ന നമ്മുടെ സംസ്ഥാനം 4.66 ലക്ഷം മെട്രിക് ടൺ ഉത്പാദിപ്പിച്ചപ്പോൾ ഈ കാലയളവിൽ ഇന്ത്യയിൽ 70.2 ലക്ഷം മെട്രിക് ടൺ ആയിരുന്നു മൊത്തം ഉത്പാദനം.

ആളോഹരി ഭൂവിസ്തൃതി തുലോം കുറവായ കേരളത്തിലെ നിശ്ചിത വിസ്തൃതിയുള്ള ഭൂപ്രദേശത്തു നിന്നും വരുമാനം ഗണ്യമായി വർദ്ധിപ്പിക്കുവാൻ മൃഗസംരക്ഷണ മേഖല പോലെ അനുയോജ്യമായ മറ്റു മേഖലകളില്ല.

2. കന്നുകാലികളിൽ നിന്നുള്ള പ്രധാന ഉല്പന്നങ്ങളുടെ ഉല്പാദനവളർച്ചാ ശതമാനം

വർഷം	കേരളം			ഇന്ത്യ		
	പാൽ (ലക്ഷം മെട്രിക് ടൺ)	മുട്ട (കോടി)	മാംസം (ലക്ഷം മെട്രിക് ടൺ)	പാൽ (ലക്ഷം മെട്രിക് ടൺ)	മുട്ട (കോടി)	മാംസം (ലക്ഷം മെട്രിക് ടൺ)
2006-07	21.19	119.39	1.98	1026	5066	23
2011-12	27.16 (2.76)	170.48 (1.97)	4.26 (24.91)	1279 (5.01)	6645 (5.44)	55 (14.58)
2012-13	27.9 (2.72)	223.7 (33.22)	4.01 (-5.78)	1324 (3.52)	6973 (4.94)	59 (7.27)
2013-14	26.55 (-4.83)	247.69 (10.72)	4.16 (3.76)	1376.8 (3.99)	7475.2 (7.2)	62 (5.08)
2014-15	27.11 (2.11)	250.36 (1.08)	4.46 (7.16)	1463.1 (6.27)	7848.4 (4.99)	67 (8.01)
2015-16	26.50 (-2.25)	244.25 (-2.44)	4.66 (4.48)	1554.90 (6.27)	8292.94 (5.66)	70.20 (4.78)

2012-ലെ കന്നുകാലി കാനേഷുമാരി പ്രകാരം ഇടുക്കി ജില്ലയിൽ പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുള്ളതായി കാണുന്നു. പാൽ ഉൽപാദനത്തിൽ ഇടുക്കി ജില്ല സ്വയംപര്യാപ്തത നേടിക്കഴിഞ്ഞുവെങ്കിലും മുട്ടയുടേയും മാംസത്തിന്റെയും കാര്യത്തിൽ ഇനിയും ബഹുദൂരം മുന്നോട്ടു പോകേണ്ടതുണ്ട്.

3. പാൽ, മുട്ട, എന്നിവയുടെ ഉപഭോഗ ശുപാർശയും ആളോഹരി ഉപഭോഗവും.

വിവരണം	പാൽ ഗ്രാം/ ദിവസം	മുട്ട എണ്ണം/ വർഷം
ഐ.സി.എം.ആർ ന്റെ പ്രതിദിന ഉപഭോഗ ശുപാർശ	300	180
ലോക ശരാശരി ഉപഭോഗം	294.7	124
ഇന്ത്യയിലെ ശരാശരി ഉപഭോഗം	337	63
കേരളത്തിലെ ശരാശരി ഉപഭോഗം	216	64
ഇടുക്കി ജില്ലയിലെ ശരാശരി ഉപഭോഗം	615	72

4. അവസ്ഥാ വിശകലനം

19-ാം കന്നുകാലി കനേഷുമാരി പ്രകാരമുള്ള സ്ഥിതിവിവരകണക്ക് അടിസ്ഥാനത്തിലുള്ള അപഗ്രഥനമാണ് നടത്തിയിരിക്കുന്നത്.

ഭൂവിസ്തൃതിൽ ഇടുക്കി ജില്ല കേരളത്തിൽ 2-ാം സ്ഥാനത്താണ്. കാർഷികമേഖലയിൽ വിശേഷിച്ച് മൃഗസംരക്ഷണ- ക്ഷീരവികസന മേഖലയ്ക്ക് അതീവ പ്രാധാന്യമുള്ള ജില്ലയാണ് ഇടുക്കി. മൃഗസംരക്ഷണ മേഖലയിൽ നിന്നുള്ള ഉല്പന്നമായ പാൽ, ജില്ലയിലെ ആഭ്യന്തര ഉപയോഗത്തിന് തികയുന്ന തരത്തിലേയ്ക്ക് ഉയർത്തുവാൻ സാധിച്ചിട്ടുണ്ട്. മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന കുടുംബങ്ങളുടെ എണ്ണത്തിലും ഇടുക്കി ജില്ല സംസ്ഥാനത്ത് രണ്ടാമതാണ്.

5. **മൃഗങ്ങളെയും പക്ഷികളെയും വളർത്തുന്ന കുടുംബങ്ങളുടെ എണ്ണം**

പശു	എരുമ	ആട്	ചെമ്മരിയാട്	പന്നി	കോഴി	കോഴിഫാം	ആകെ
43,618	3,347	36,223	11	4,630	80,784	1269	1,69,882

6. **2.1) കന്നുകാലി സമ്പത്ത്**

ഇടുക്കി ജില്ലയിൽ മൊത്തം 2,02,039 (പശു+എരുമ+ആട്+പന്നി) കന്നുകാലികളുണ്ട്. സംസ്ഥാനത്തിന്റെ മൊത്തം കന്നുകാലികളുടെ 7.57% ഇടുക്കി ജില്ലയിലാണുള്ളത്.എന്നാൽ 18-ാം കന്നുകാലി കാനേഷുമാരി പ്രകാരം ഇത് 8.4% ആയിരുന്നു.

ഇടുക്കി ജില്ലയിൽ മൊത്തം 90,074 പശുക്കളാണുള്ളത്. ഇത് ജില്ലയിലെ മൊത്തം കന്നുകാലി സമ്പത്തിന്റെ 44% വരും. ജില്ലയിൽ ഏറ്റവും കൂടുതൽ പശുക്കൾ ഉള്ളത് വാത്തിക്കുടി പഞ്ചായത്തിലാണ്. ജില്ലയിലെ കന്നുകാലി സമ്പത്തിന്റെ 94% പശുക്കളാണ്. ഇതിൽ 7.9% നാടൻ പശുക്കളാണ് സംസ്ഥാനത്തെ മൊത്തം പശുക്കളിൽ 5% മാത്രംആണ് നാടൻപശുക്കൾ.

ഈ ജില്ലയിൽ മൊത്തം 5690 എരുമകളാണ് ഉള്ളത്. ഇത് ജില്ലയിലെ കന്നുകാലി സമ്പത്തിന്റെ 2.8% ആണ്. ജില്ലയിൽ ഏറ്റവും കൂടുതൽ എരുമകൾ കാണപ്പെടുന്നത് കരുണാപുരം പഞ്ചായത്തിലാണ്.

ജില്ലയിൽ ആട് വർഗ്ഗങ്ങളുടെ മൊത്തം എണ്ണം 94,583 ആണ്. ഇത് ജില്ലയിലെ മൊത്തം കന്നുകാലി സമ്പത്തിന്റെ 46% ആണ്. ജില്ലയിൽ ഏറ്റവും കൂടുതൽ ആടുകൾ വാത്തിക്കുടി പഞ്ചായ ത്തിലാണ്. സംസ്ഥാനത്തെ മൊത്തം കന്നുകാലി സമ്പത്തിന്റെ 45.56% ആണ് ആട് വർഗ്ഗങ്ങൾ.

ജില്ലയിലെ ആകെ പന്നികളുടെ എണ്ണം 11,692 ആണ്. ഇത് മൊത്തം മൃഗസമ്പത്തിന്റെ 5.7% ആണ്. സംസ്ഥാനത്തിൽ ഉള്ള മൊത്തം പന്നികളുടെ 21% ഇടുക്കി ജില്ലയിലാണ്.

വിവിധ മൃഗങ്ങളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടും ഇടുക്കി ജില്ലയിലെ പാൽ, മുട്ട, മാംസം ഇവയുടെ ഉത്പ്പാദനം വർദ്ധിച്ചു എന്നത് കാര്യക്ഷമമായ പ്രജനന പ്രവർത്തനങ്ങളുടെയും മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പുകളുടെ സേവന മികവിന്റെയും മൃഗസംരക്ഷണ മേഖലയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ഉത്തരവാദിത്വ സമീപനത്തിന്റെയും ത്രിതല പഞ്ചായത്തുകളുടെ നിർലോഭ പ്രോത്സാഹനത്തിന്റെയും കാലോചിതമായി സർക്കാർ നടത്തിയിട്ടുള്ള നയം മാറ്റത്തിന്റെയും പ്രതിഫലനമാണ്.

7. ഇടുക്കി ജില്ലയിലെ 2003, 2007, 2012 കനേഷുമാരിയിലെ വളർത്തു മൃഗങ്ങളുടെ എണ്ണം

വർഷം	പശു	എരുമ	ചെമ്മരിയാട്	ആട്	പന്നി	കോഴി	താറാവ്	ടർക്കി	കാട	മറ്റ് പക്ഷികൾ	കുതിര	കോവർ കഴുത	കഴുത	പട്ടി		മുയൽ	ആന
														വളർത്തു നായ	തെരുവു നായ		
2003	1,66,678	4,348	161	84,790	22,914	4,13,099	11,114	613	7,334	4,212	24	208	66	99,451	1,035	38,167	7
2007	1,57,601	2,713	20	1,40,723	18,040	4,73,265	19,012	2,905	17,613	1,896	1	160	0	72,297	2,173	37,491	3
2012	90,074	5,690	23	98,503	11,696	4,89,739	2,689	3,607	900	4571	7	227	2	61,047	5,827	39,697	14

ഓരോ 5 വർഷവും നടക്കുന്ന കാനേഷുമാരിയിൽ ഇടുക്കി ജില്ലയിലെ കന്നുകാലികളുടെ എണ്ണത്തിൽ ക്രമമായ കുറവ് രേഖപ്പെടുത്തിയിരിക്കുന്നു എങ്കിലും പാലുല്പാദനത്തിൽ വളർച്ച കാണുന്നുണ്ട്. ശാസ്ത്രീയമായ പ്രജനന പരിപാടിയുടെയും അത്യുല്പാദന ശേഷിയുള്ളവയെ പ്രത്യേകം തിരഞ്ഞെടുത്ത് ശാസ്ത്രീയമായ വളർത്തുന്നതും, സംഘടിത വിപണനവും മൂലമാണ് ഈ നേട്ടം കൈവരിക്കാൻ സാധിച്ചത്.





ജനകീയാസൂത്രണ പദ്ധതികളിലൂടെയും മറ്റ് വിധത്തിലും നൽകിയ പിന്തുണ 2007-ൽ ആടിന്റെ എണ്ണം കൂട്ടിയെങ്കിലും തുടർ പദ്ധതികളുടെ അഭാവം ഈ രംഗത്ത് തളർച്ച ഉളവാക്കി. പന്നി വളർത്തലിന് വളരെ അഭികാമ്യമായ അന്തരീഷം ഉണ്ടെങ്കിലും ശക്തമായ പിന്തുണ കുറവും പാരിസ്ഥിതിക പ്രശ്നങ്ങളും സമീപവാസികളുടെ എതിർപ്പും സങ്കീർണമായ ലൈസൻസിംഗ് നടപടിക്രമങ്ങളും ഈ മേഖലയിലെ വളർച്ചക്ക് വിഘാതമായി.

വിവിധ പദ്ധതികളിലൂടെ ധാരാളം കോഴികളെ വിതരണം ചെയ്തുവെങ്കിലും മുട്ടയുടെ സമഗ്ര വിപണന ശൃഖലയുടെ അഭാവം മുട്ട ഉല്പാദനത്തിന്റെയും, ഇറച്ചിക്കോഴി ഉല്പാദന മേഖലയിലെ അന്യസംസ്ഥാന ലോബികളുടെ കുത്സിത ശ്രമങ്ങൾ കോഴി ഇറച്ചി ഉല്പാദന ത്തിന്റെയും വളർച്ച മുരടിപ്പിച്ചു.

നഗര വൽക്കരണ തോത് കുറവായ ഇടുക്കി ജില്ലയിൽ തെരുവ് നായ്ക്കകളുടെ എണ്ണം പൊതുവെ കുറവാണെങ്കിലും ഓരോ കാലഘട്ടങ്ങളിലും അവയുടെ എണ്ണത്തിലുള്ള ഗണ്യമായ വർദ്ധനവ്, ശാസ്ത്രീയ തെരുവുനായ നിയന്ത്രണത്തിന്റെയും സമഗ്ര ജൈവമാലിന്യ നിർമാർജ്ജനത്തിന്റെയും പ്രസക്തി വർദ്ധിപ്പിക്കുന്നു.

ജനസംഖ്യ



പ്രവർത്തികളുടെ സ്ഥലവിനിയോഗം



വനം

ജലാശയം

കൃഷി

കൃഷി അനുബന്ധ ജനവാസം

പശു



എരുമ


Buffalo Population
LGC BOUNDARY
DISTRICT BOUNDARY
STATE BOUNDARY
NATIONAL HIGHWAY
STATE HIGHWAY
WATERBODY

8. ഇടുക്കി ഗ്രാമപഞ്ചായത്തുതലത്തിൽ മൃഗങ്ങളുടെ എണ്ണം

Panchayat	Buffalo	Cattle	Pig	Dog	Duck	Fowls	Goat
Adimali	341	3092	270	2628	1127	13012	3046
Alakkode(Idukki)	28	680	129	409	176	3548	623
Arakkulam	52	1211	267	1246	449	9010	1925
Ayyappancoil	116	767	113	815	407	5266	1577
Bisenvalley	36	1105	260	706	461	3419	1729
Chakkupallom	97	1957	120	1343	489	3329	2234
Chinnakkanal	43	402	33	450	88	1820	423
Devikulam	0	2876	0	808	185	5656	42
Edavetty	38	576	69	496	157	2864	643
Elappara	0	2393	100	1712	647	5127	1001
Erattayar	169	2607	219	1339	773	5782	409
Idukki-Kanjikuzhy	152	2982	590	1723	776	11811	3486
Kamakshy	118	2386	384	1338	876	3625	3726
Kanchiyar	284	1656	342	1384	344	7266	3481
Kanthalloor	129	1481	44	994	388	4238	2411
Karimannoor	152	2175	161	1100	410	6823	1295
Karimkunnom	41	801	164	869	469	4113	992
Karunapuram	526	3564	194	2051	1107	7522	3866
Kattappana	103	1939	360	2606	666	13245	3803
Kodikulam	98	1333	263	733	235	6250	925
Kokkayar	30	501	131	526	333	3893	606
Konnathady	185	3421	569	1341	743	4572	4011
Kudayathoor	89	698	118	634	197	3847	717
Kumaramangalam	93	1130	148	783	372	5297	863
Kumily	139	2080	200	1397	706	5708	2005
Manakkad	51	982	239	965	358	3885	1046
Mankulam	80	1330	129	1033	377	4727	1481
Marayur	41	1019	25	779	186	4389	1921
Mariapuram	62	1576	509	1134	307	5845	1831
Munnar	0	1572	38	797	484	4677	142
Muttom	37	584	131	616	154	3606	962
Nedunkandam	340	3455	710	2522	1665	10864	4564
Pallivasal	39	786	27	582	400	4941	1094
Pampadumpara	87	1328	41	997	186	3188	2302
Peerumedu	5	1586	19	991	770	3561	645
Peruvanthanam	69	1519	317	745	283	5221	1235
Purappuzha	51	1231	192	897	410	7502	1385
Rajakkad	62	1349	801	752	163	1729	1519
Rajakumari	68	1248	83	966	364	4178	1955
Santhanpara	38	517	114	558	152	1733	787
Senapathy	128	1002	231	801	233	1345	1338
Thodupuzha(Munici	97	1201	102	1326	524	7583	1261
Udumbanchola	78	1126	214	1359	337	1647	1239
Udumbannoor	108	2226	175	1418	278	11695	2208
Upputhara	164	3318	198	2107	675	5942	2343
Vandenmedu	230	2514	63	1690	456	4422	2672
Vandiperiyar	5	2094	74	1305	1097	3842	704
Vannappuram	227	2247	348	1238	291	7842	1352
Vathikudy	217	4687	641	1615	867	9476	5965
Vattavada	4	635	0	763	15	1950	849
Vazhathope	77	1596	320	988	384	4869	1593
Vellathooval	231	2381	508	1056	538	7600	3072
Veliyamattom	55	1152	197	1323	307	9841	1279
Total	**5690**	**90074**	**11692**	**60754**	**24822**	**298243**	**94583**

ആട്


Goat Population
LSG BOUNDARY
DISTRICT BOUNDARY
STATE BOUNDARY
NATIONAL HIGHWAY
STATE HIGHWAY
WATERBODY

പന്നി


PALAKKAD DISTRICT
COIMBATORE DISTRICT (TAMILNADU)
TIRUPPUR DISTRICT (TAMILNADU)
THRISSUR DISTRICT
DINDIGUL DISTRICT (TAMILNADU)
ERNAKULAM DISTRICT
THENI DISTRICT (TAMILNADU)
KOTTAYAM DISTRICT
PATHANAMTHITTA DISTRICT
TIRUNELVELI DISTRICT (TAMILNADU)
To Udumalpettah
To Kodaikanal
To Kuttambuzha
To Kochi (NH 85)
To Muvattupuzha
To Dhanushkodi (NH 85)
To Pala
To Cumbum
To Theni (NH 183)
Pig Population
0 - 90
90 - 250
250 - 500
500 - 801
LSG BOUNDARY
DISTRICT BOUNDARY
STATE BOUNDARY
NATIONAL HIGHWAY
STATE HIGHWAY
WATERBODY

കോഴി

Fowls Population

താറാവ്


Duck Population

മുകളിൽ കൊടുത്തിട്ടുള്ള സ്ഥലമാന വിശകലനത്തിൽ നിന്നും മൃഗങ്ങളുടെ വിതരണം മനുഷ്യരുടെ ജനസംഖ്യാനുപാതികമായല്ല എന്നു കാണാം. എന്നാൽ ഇത് കൃഷിയുമായി അഭേദ്യ മായി ബന്ധപ്പെട്ടു കിടക്കുന്നു. കൃഷിയോടൊപ്പം ജനങ്ങൾ അധിവസിക്കുന്ന പ്രദേശങ്ങളിലാണ് മൃഗസംരക്ഷണ ക്ഷീരവികസന പ്രവർത്തനങ്ങൾ അതിതീവ്രമായി രേഖപ്പെടുത്തിയിരിക്കുന്നത്. ആടുവളർത്തൽ കൂടുതലും കാർഷിക മേഖലകളിലും കാടുകളുടെ പ്രാന്തപ്രദേശങ്ങളിലും കാണപ്പെടുമ്പോൾ പന്നി വളർത്തൽ ജനസാന്ദ്രത കുറഞ്ഞ പ്രദേശങ്ങളിലും പ്ലാന്റേഷൻ മേഖലക ളിലും കേന്ദ്രീകരിച്ചിരിക്കുന്നു. പക്ഷി വർഗ്ഗങ്ങളുടെ വിതരണം കൂടുതലും മനുഷ്യവാസമുള്ള കൃഷിയിടങ്ങളിലാണ് കാണപ്പെടുന്നത്.

4363.45 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഇടുക്കി ജില്ലയിൽ 41.5 % വനവും 2.21% ജലാശയങ്ങളും 11.6% പ്ലാന്റേഷനുകളുമാണ്. മനുഷ്യവാസമുള്ളതും കൃഷിയോഗ്യവുമായ സ്ഥലം കേവലം 36 ശതമാനത്തോളം മാത്രമാണ് എന്ന് എടുത്തു പറയേണ്ടിയിരിക്കുന്നു. ആയതിനാൽ നിശ്ചിത ഭൂവിസ്തൃതിയിൽ നിന്നും ഗണ്യമായ വരുമാന വർദ്ധനവിന് മൃഗസംരക്ഷണ പ്രവർത്തന ങ്ങൾ മാത്രമാണ് ഏറ്റവും ശരിയായ ഉത്തരം.

9. സേവന സംവിധാനങ്ങൾ.

10. മൃഗസംരക്ഷണവകുപ്പ്

വിസ്തൃതവും, വൈവിധ്യമേറിയതുമായ ഭൂപ്രകൃതിയാണ് ഇടുക്കി ജില്ലയുടെ പ്രത്യേകത. തന്മൂലം മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ കാര്യക്ഷമമായ നടത്തി പ്പിനും, ഏകോപനത്തിനും വിപുലമായ സംവിധാനങ്ങൾ ആവശ്യമായിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ പട്ടികയിൽ കൊടുത്തിരിക്കുന്നു.

മൃഗസംരക്ഷണവകുപ്പ് സ്ഥാപനങ്ങൾ

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	എണ്ണം	സ്ഥാപനമേധാവി
1	ജില്ലാ മൃഗസംരക്ഷണ ഓഫീസ്	1	ജില്ലാ മൃഗസംരക്ഷണ ഓഫീസർ
2	ജില്ലാ വെറ്ററിനറി കേന്ദ്രം	1	ചീഫ് വെറ്ററിനറി ഓഫീസർ
3	വെറ്ററിനറി പോളിക്ലിനിക്ക്	2	സീനിയർ വെറ്ററിനറി സർജൻ
4	വെറ്ററിനറി ഹോസ്പിറ്റൽ	9	സീനിയർ വെറ്ററിനറി സർജൻ
5	ഊർജ്ജിത കന്നുകാലി വികസന കേന്ദ്രം	1	പ്രൊജക്ട് ഓഫീസർ
6	മേഖലാ മൃഗസംരക്ഷണ കേന്ദ്രം	4	അസിസ്റ്റന്റ് പ്രൊജക്ട് ഓഫീസർ
7	വെറ്ററിനറി ഡിസ്പെൻസറി	49	വെറ്ററിനറി സർജൻ
8	മൊബൈൽ വെറ്ററിനറി ഡിസ്പെൻസറി	1	വെറ്ററിനറി സർജൻ
9	മൊബൈൽ ഫാം എയ്ഡ് യൂണിറ്റ്	1	വെറ്ററിനറി സർജൻ

10	ജില്ലാ കോഴി/പന്നി വളർത്തൽ കേന്ദ്രം	1	അസിസ്റ്റന്റ് ഡയറക്ടർ
11	മൃഗസംരക്ഷണ പരിശീലനകേന്ദ്രം	1	അസിസ്റ്റന്റ് ഡയറക്ടർ
12	വെറ്ററിനറി സബ് സെന്റർ	62	ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ
13	ചെക്ക്പോസ്റ്റ്	3	വെറ്ററിനറി സർജൻ (ഇൻചാർജ്ജ്)
14	ആർ.പി.വിജിലൻസ് യൂണിറ്റ്	1	വെറ്ററിനറി സർജൻ
15	ജില്ലാ ജന്തുരോഗനിയന്ത്രണ ഓഫീസ്.	1	ജില്ലാകോ - ഓർഡിനേറ്റർ

ഇടുക്കി ജില്ലയിലെ ജില്ലാ മൃഗസംരക്ഷണ ഓഫീസ് തൊടുപുഴയിലാണ് പ്രവർത്തിക്കുന്നത്. ഇതിനോടനുബന്ധിച്ച് ജില്ലാ വെറ്ററിനറി കേന്ദ്രവും, ജില്ലാ വെറ്ററിനറി ലാബോറട്ടറിയും കൂടാതെ ജില്ലാ ജന്തുരോഗനിയന്ത്രണ ഓഫീസും പ്രവർത്തിക്കുന്നു. ആധുനിക രോഗനിർണ്ണയ സംവിധാനങ്ങളായ അൾട്രാസോണോഗ്രഫി, ഇ.സി.ജി, എക്സ്റേ, എൻഡോസ്കോപ്പി തുടങ്ങിയവയും, മെച്ചപ്പെട്ട ലബോറട്ടറി സൗകര്യവും ഇവിടെ ലഭ്യമാണ്. പൊതുജനങ്ങൾക്ക് എത്തിച്ചേരുവാൻ സൗകര്യപ്രദമായ സ്ഥലമാണെങ്കിലും സ്ഥലപരിമിതി മൂലം വീർപ്പുമുട്ടുന്ന അവസ്ഥയിലാണുള്ളത്.

രോഗപ്രതിരോധപ്രവർത്തനങ്ങൾക്ക് പ്രഥമഗണനീയമായ സ്ഥാനമാണ് മൃഗസംരക്ഷണവകുപ്പ് നൽകുന്നത്. ജില്ലയിലെ രോഗപ്രതിരോധ പ്രവർത്തനങ്ങൾ എ.ഡി.സി.പി ജില്ലാ കോർഡിനേറ്ററുടെ നേതൃത്വത്തിലാണ് നടക്കുന്നത്. മേഖലാ മൃഗസംരക്ഷണ കേന്ദ്രങ്ങൾക്ക് മേൽ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിൽ ഗണ്യമായ സ്ഥാനമാണുള്ളത്.

ഊർജ്ജിത കന്നുകാലി വികസനകേന്ദ്രമാണ് ജില്ലയിലെ പ്രജനനപ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്. പ്രൊജക്ട് ഓഫീസറുടെ നിയന്ത്രണത്തിലുള്ള ഈ ഓഫീസിന്റെ പ്രവർത്തന പരിധിയിൽ മേഖലാ മൃഗസംരക്ഷണ കേന്ദ്രങ്ങളും 62 വെറ്ററിനറി സബ്സെന്ററുകളും പ്രവർത്തിക്കുന്നു. ഇവ കൂടാതെ ജില്ലയിൽ 23 സ്വകാര്യ കൃത്രിമബീജധാന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്.

മറ്റ് പല ജില്ലകളിൽ നിന്നും വിഭിന്നമായി കന്നുകുട്ടി പരിപാലനപദ്ധതി അതാത് പഞ്ചായത്തിലെ വെറ്ററിനറി സർജന്റെ മേൽനോട്ടത്തിലാണ് നടത്തപ്പെടുന്നത്. ജില്ലയിലെ ഭൂപ്രകൃതി കൂടി പരിഗണിക്കുമ്പോൾ ഇത് ക്ഷീരകർഷകർക്ക് സമയബന്ധിതമായി ലഭിക്കേണ്ട സേവനങ്ങളെ പരിമിതപ്പെടുന്നുണ്ട് എന്ന് പറയാതെ വയ്യ.

ജില്ലാ കോഴി/പന്നിവളർത്തൽ കേന്ദ്രം കോലാനിയിൽ സ്ഥിതിചെയ്യുന്നു. കർഷകർക്ക് ഉയർന്ന വർഗ്ഗഗുണമുള്ളതും, ആരോഗ്യപൂർണ്ണവുമായ കോഴി/ പന്നിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിനാണ് പ്രധാനമായും ലക്ഷ്യമിടുന്നത്. ഇതുകൂടാതെ വിവിധ വിഷയങ്ങളിൽ കർഷകർക്കായി പരിശീലനപരിപാടികൾ സംഘടിപ്പിക്കാറുണ്ട്.

11. ക്ഷീരവികസന വകുപ്പ്

ക്ഷീരവികസന വകുപ്പ് സ്ഥാപനങ്ങൾ

ക്രമ നമ്പർ	സ്ഥാപനങ്ങളുടെ പേര്	എണ്ണം	സ്ഥാപനമേധാവി
1	ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം	1	ഡെപ്യൂട്ടി ഡയറക്ടർ
2	ജില്ലാ ഗുണനിയന്ത്രണ ഓഫീസ്	1	അസിസ്റ്റന്റ് ഡയറക്ടർ
3	ഡയറി ലാബോറട്ടറി, നെടുംങ്കണ്ടം	1	അസിസ്റ്റന്റ് ഡയറക്ടർ
4	ക്ഷീര വികസന യൂണിറ്റ്	9	ഡയറി എക്സ്റ്റൻഷൻ ഓഫീസർ

ക്ഷീര വികസന വകുപ്പിന്റെ ജില്ലാ മേധാവി ഡെപ്യൂട്ടി ഡയറക്ടർ ആണ് അദ്ദേഹത്തിന്റെ കീഴിൽ രണ്ട് അസി. ഡയറക്ടർമാരും 8 ബ്ലോക്ക് പഞ്ചായത്തുകളിലും, ഒരു ഗ്രാമപഞ്ചായത്തിലുമായി 9 ക്ഷീരവികസന യൂണിറ്റുകൾ പ്രവർത്തിക്കുന്നു. കട്ടപ്പന, നെടുംങ്കണ്ടം, പീരുമേട്, അടിമാലി, ദേവികുളം, ഇടുക്കി, ഇളംദേശം, തൊടുപുഴ എന്നിവയാണ്. ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുകൾ. വാത്തിക്കുടി ക്ഷീരവികസന യൂണിറ്റ് ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്നു. ക്ഷീരവികസന ഓഫീസർമാരെ സഹായിക്കാൻ യൂണിറ്റ് തലത്തിൽ ഡയറി ഫാം ഇൻസ്പെക്ടർ ഉണ്ട്.

12. ബ്ലോക്ക് അടിസ്ഥാനത്തിലുള്ള ക്ഷീരസഹകരണസംഘങ്ങൾ

ക്രമ നമ്പർ	ബ്ലോക്ക്	രജിസ്റ്റർ ചെയ്തത്	പ്രവർത്തിക്കുന്നവ
1	തൊടുപുഴ	14	13
2	പീരുമേട്	21	16
3	അടിമാലി	28	24
4	ദേവികുളം	16	16
5	നെടുങ്കണ്ടം	41	37
6	ഇളംദേശം	28	27
7	കട്ടപ്പന	34	31
8	ഇടുക്കി	28	1028
	ആകെ	**210**	**192**

2.2.3 എറണാകുളം മേഖല സഹകരണ ക്ഷീരോത്പാദക യൂണിയൻ (മിൽമ)

ഇടുക്കി ജില്ലയിലെ ആപ്കോസ് ക്ഷീരസംഘങ്ങൾ മുഖേന സംഭരിക്കുന്ന പാൽ തദ്ദേശീയമായ വിൽപനയ്ക്കുശേഷം മിൽമയുടെ നിർമ്മലാസിറ്റിയിലുള്ള കട്ടപ്പന ഡയറയിൽ എത്തിക്കുന്നു. ഇവിടെ ഗുണമേന്മാ പരിശോധനയ്ക്കുശേഷം ശീതികരിച്ചു സൂക്ഷിക്കുകയും പ്രതിദിനം ഒരു ലക്ഷം ലിറ്റർ പാൽ പാശ്ചുറൈസ് ചെയ്ത് പായ്ക്ക് ചെയ്ത് ഗുണമേന്മ നഷ്ടപ്പെടാതെ ഗുണഭോക്താക്കളിൽ എത്തിക്കുന്നു. ഇതുകൂടാതെ വിജ്ഞാന വ്യാപനം , പദ്ധതി നിർവ്വഹണം, ക്ഷീരസംഘങ്ങളുടെ പരിശോധന, പാലിന്റെ ഗുണനിലാവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവയും നടപ്പിലാക്കുന്നു.

നടപ്പുവർഷം സ്മാർട്ട് എ എം. സി.യു എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ ഒരു ക്ഷീരസംഘത്തിന് 1.25 ലക്ഷം രൂപയുടെ പാൽ ഗുണമേന്മാ പരിശോധനാ ഉപകരണങ്ങളും വിവര ശേഖരണത്തിനും കൈമാറ്റത്തിനുമുള്ള ഉപകരണങ്ങളും ഈ ജില്ലയിലെ 100 ക്ഷീരസംഘങ്ങൾക്ക് നൽകുന്നു. ഇതു കൂടാതെ കണ്ണംപടി-മേമാരി ഡയറി പ്രോജക്ട് മുഖേന 45 പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് രണ്ട് പശുക്കൾ, തൊഴുത്ത്, കാലിത്തീറ്റ, പുൽകൃഷി, പരിശീലനം ഉൾപ്പെടെ 1.21 കോടി രൂപയുടെ പദ്ധതിയും നടപ്പിലാക്കിവരുന്നു.

അസംഘടിതരായ ക്ഷീര കർഷകരെ ഒരു വിപണന ശൃംഖലയിലൂടെ സംഘടിപ്പിക്കുവാൻ നേതൃത്വം നൽകിയ മിൽമയും ക്ഷീരവികസന വകുപ്പും അഭിനന്ദനാർഹമായ പ്രവർത്തനങ്ങളാണ് ഇന്ന് കാഴ്ചവയ്ക്കുന്നത്.

ജില്ലയിൽ ആകെ 210 ക്ഷീര സംഘങ്ങൾ ക്ഷീരവികസന വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 192 ക്ഷീര സംഘങ്ങളിലൂടെ 7000 ക്ഷീര കർഷകർ പാൽ അളക്കുന്നു. പ്രതിദിനം 1.82 ലക്ഷം ലിറ്റർ പാൽ ഈ സംഘങ്ങളിലൂടെ സംഭരിക്കപ്പെടുന്നുണ്ട്.

13. കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്

ഉന്നത ഗുണമേന്മയും, ഉല്പാദനക്ഷമതയുമുള്ള ബീജങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം ഈ മേഖല യുടെ സാങ്കേതിക നിലനില്പിനാവശ്യമായ ഇതരസേവനങ്ങളും ഇവിടെ നിന്നും ലഭ്യമാക്കുന്നുണ്ട്. പുൽവിത്തുകൾ, സൈലേജ്, ഹേ നിർമ്മാണം ഉൾപ്പെടെ വിവിധ പരിശീലനപരിപാടികൾ മുതൽ ഭ്രൂണമാറ്റം വരെയുള്ള മേഖലകളിൽ കെ.എൽ.ഡി ബോർഡിന്റെ പ്രാവീണ്യം എടുത്തു പറയേണ്ട താണ്. ഉയർന്ന ഉല്പാദനശേഷി ഉറപ്പുവരുത്തിയ പ്രീമിയം സെമൻ മുതൽ പശുകിടാങ്ങൾ മാത്രം ലഭിക്കുന്ന സെക്സ്ഡ് സെമൻ വരെയുള്ള കാര്യങ്ങൾ പ്രായോഗികതലത്തിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്.

കന്നുകാലി പ്രജനന പ്രവർത്തനങ്ങളുടെ പ്രധാന പങ്ക് വഹിക്കുന്ന കെ.എൽ.ഡി. ബോർഡിന്റെ അഭിമാന സ്ഥാപനമാണ് മാട്ടുപ്പെട്ടി ബുൾ സ്റ്റേഷൻ, ഈ സ്ഥാപനം ബീജോൽപ്പാദനത്തിൽ ഇന്ത്യയിൽ തന്നെ മുൻ നിരയിൽ നിലകൊള്ളുകയും അന്താരാഷ്ട്ര തലത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.കട്ടപ്പന കേന്ദ്രമാക്കി ഒരു പ്രോജനി ടെസ്റ്റിംഗ് ഓഫീസും, കോലാഹലമേട്ടിൽ ഹൈടെക് ഡയറി ഫാമും കെ.എൽ.ഡി. ബോർഡിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നു.

14. കേരളാ വെറ്ററിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റി

15. ബേസ് ഫാം കോലാഹലമേട്: വെറ്ററിനറി ബിരുദ വിദ്യാർത്ഥികൾക്കും അനുബന്ധമായി പ്രവർത്തിക്കുന്നവർക്കായി പ്രായോഗികപരിശീലനവും, വിവിധ തരത്തിലുള്ള ഗവേഷണങ്ങളും വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും നടത്തിവരുന്നു.

16. ഡയറി സയൻസ് കോളേജ്, കോലാഹലമേട്: ഇവിടെ പ്രതിവർഷം ഡയറി സയൻസ് വിഷയത്തിൽ 20 വിദ്യാർത്ഥികൾ ബിരുദ പഠനം നടത്തുന്നു.

17. 2.2.5എൻ.ജി.ഒ./ സ്വകാര്യസ്ഥാപനങ്ങൾ

മൃഗങ്ങളോടുള്ള ക്രൂരത തടയുന്നതിനുള്ള സൊസൈറ്റി (എസ്.പി.സി.എ,)ജില്ലയിലെ മൃഗങ്ങളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന ഇതിന്റെ ഭരണപരവും, ധനപരവുമായ പിന്തുണ നൽകുന്നത് ജില്ലാ പഞ്ചായത്താണ്.

പീരുമേട് ഡവലപ്പമെന്റ് സൊസൈറ്റി: ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം ഗവേഷണങ്ങളിലും, പരിശീലന പരിപാടികളിലും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു.

കുരിശുമല ഡയറി ഫാം: ഉന്നത ജനിതക മേന്മയുള്ള പശുക്കളെ വളർത്തി മാതൃകാ പരമായി പാൽ ഉൽപാദിപ്പിച്ച് പാസ്ച്ച്യുറൈസ് ചെയ്ത് വിപണനം നടത്തുകയും സമീപവാസികളായ കർഷകർ സംശുദ്ധമായി ഉൽപാദിപ്പിക്കുന്ന പാൽ വിപണനം ചെയ്യുന്നതിന് സഹായിക്കുകയും അവർക്ക് പ്രായോഗിക പരിശീലനം നൽകുകയും ചെയ്യുന്നു.

ഹൈറേഞ്ച് മിൽക്ക്: എല്ലക്കൽ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഈ സൊസൈറ്റി പാൽ സംഭരിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നു.

മലനാട് ഡെവലപമെന്റ് സൊസൈറ്റി: കോട്ടയം ജില്ലയിലെ പാറത്തോട് കേന്ദ്രമായി പ്രവർത്തിക്കുന്ന ഈ സൊസൈറ്റിക്ക് ഇടുക്കി ജില്ലയിൽ 76 ക്ഷീരോൽപാദക സംഘങ്ങളും അണക്കരയിൽ ഒരു ശീതീകരണ പ്ലാന്റും ഉണ്ട്. ഇവയിലൂടെ പ്രതിദിനം 20,000 ലിറ്റർ പാൽ ഈ ജില്ലയിൽ നിന്നും സംഭരിച്ച് വിപണനം നടത്തുന്നു.

18. പശ്ചാത്തല സൗകര്യങ്ങളുടെ അവസ്ഥ

സമീകൃത തീറ്റ

മൃഗസംരക്ഷണരംഗത്ത് ഉല്പാദന ചിലവിന്റെ 2/3 ഭാഗവും അവയുടെ തീറ്റയ്ക്കായാണ് ചിലവാകുന്നത്. ആയതിനാൽ തീറ്റയുടെ ലഭ്യതയും ഗുണ നിലവാരവും അതിന്റെ വിലയും വളരെ പ്രധാനപ്പെട്ടതാണ്. സമീകൃത തീറ്റയുടെ നിർമ്മാണത്തിനാവശ്യമായ എല്ലാ അസംസ്കൃത വസ്തുക്കളുടെയും പ്രധാന ശ്രോതസ് നമ്മുടെ അയൽ സംസ്ഥാനങ്ങളാണ്. ആയതിനാൽ അസംസ്കൃത വസ്തുക്കളുടെ പ്രാദേശികമായ ലഭ്യതക്കുറവും, അവയുടെ വിലയിൽ നിയന്ത്രണമില്ലാത്തും, ഉയർന്ന കടത്തു കൂലിയും, തൊഴിലാളികളുടെ ഉയർന്ന വേതനവും അവരുടെ ലഭ്യതക്കുറവും,ഉയർന്ന അന്തരീക്ഷ ആർദ്രതയും ഈ ജില്ലയിൽ തീറ്റ ഉൽപാദന യൂണിറ്റുകൾ ആരംഭിക്കുവാൻ തടസ്സം ആകുന്നു. അതുകൊണ്ടു തന്നെ കാലിത്തീറ്റയോ കോഴിത്തീറ്റയോ നിർമ്മിക്കുന്ന ഒരു യൂണിറ്റു പോലും ഇടുക്കി ജില്ലയിൽ ഇല്ല. കൂടാതെ ആഭ്യന്തര ഉപഭോഗത്തിനായി അന്യസംസ്ഥാനങ്ങിൽ നിന്ന് ഇറക്കുമതി ചെയ്യപ്പെടുന്ന സമീകൃത തീറ്റയുടെ ഗുണനിലവാരം പരിശോധിക്കുവാൻ സംവിധാനങ്ങൾ ഇല്ലാത്തതു പലപ്പോഴും കർഷകർ ചൂഷണത്തിന് വിധേയമാകുന്നതിനും മൃഗങ്ങൾക്ക് രോഗബാധ ഉണ്ടാകുന്നതിനും കാരണമാകുന്നു. തദ്ദേശീയമായി ലഭ്യമാകുന്ന അസംസ്കൃത വസ്തുക്കൾ ശേഖരിക്കുവാനോ ശാസ്ത്രീയമായി ഉപയോഗിക്കുവാനോ നിലവിൽ സംവിധാനങ്ങൾ ഇല്ല.

തീറ്റപ്പുല്ല്

കന്നുകാലി വളർത്തലിലെ പ്രധാന അസംസ്കൃത വസ്തു തീറ്റപ്പുല്ലാണ്. ഇടുക്കി ജില്ലയിലെ ഉയർന്ന പ്രദേശങ്ങിൽ മഴക്കാലത്ത് ആവശ്യമായ തീറ്റപ്പുല്ലും പച്ച ഇലകളും ലഭ്യമാണെങ്കിലും വേനൽക്കാലത്ത് ഇവയുടെ ലഭ്യത വളരെ കുറഞ്ഞു പോകുന്നു.ഇടുക്കി ജില്ലയിലെ താഴ്ന്ന പ്രദേശങ്ങളിൽ എല്ലാ സമയത്തും തീറ്റ പുല്ലിന്റെ ലഭ്യതക്കുറവ് ഉണ്ട്. ഇതിന് പ്രധാന കാരണം തനിവിളയായി വലിയ രീതിയിൽ തീറ്റപുൽകൃഷി ഇല്ലാത്തതാണ്. കൂടാതെ ജലദൗർലഭ്യം മൂലവും മറ്റ് കാരണങ്ങൾക്കൊണ്ടും ലഭ്യമായ സ്ഥലത്ത് പോലും വർഷത്തിലെ എല്ലാ സമയത്തും തീറ്റപ്പുൽ കൃഷി ചെയ്യാനാവാത്തതും, ജില്ലയിലെ നെൽകൃഷിയുടെ കുറവു മൂലം വൈക്കോലിന്റെ ലഭ്യത കുറയുന്നതും, മണ്ണിന്റെ ജൈവ സംപുഷ്ടിയുടെ ശോഷണം മൂലമുള്ള ഉൽപാദനക്കുറവും ഈ അവസ്ഥക്ക് ആക്കം കൂട്ടുന്നു.

ഈ സാഹചര്യം മുതലെടുത്ത് ദൗർലഭ്യമുള്ള കാലങ്ങളിൽ ഗുണനിലവാരമില്ലാത്ത പരുഷാഹാരങ്ങൾ കർഷകർക്ക് താങ്ങാനാവാത്ത വിലയ്ക്ക് അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടു വരുന്നത് ഈ മേഖലയിൽ ലഭിക്കുന്ന ലാഭത്തിന് വരെയധികം ശോഷണം ഉണ്ടാക്കുകയും മൃഗങ്ങളുടെ ആരോഗ്യം ക്ഷയിപ്പിക്കുകയും ചെയ്യുന്നു. തീറ്റയും, തീറ്റപ്പുല്ലും അധികമുള്ള സമയത്ത് ശേഖ

രിച്ച് സൈലേജാക്കി നൽകുന്ന രീതി പ്രോൽസാഹിപ്പിക്കണം. തദ്ദേശീയമായി ലഭിക്കുന്ന തീറ്റസാധനങ്ങൾ ഫീഡ് ഫോർമുലേഷൻ നടത്തി മെച്ചപ്പെട്ട പോഷണം ഉറപ്പാക്കുന്ന തരത്തിലുള്ള സേവനം കർഷകന് ലഭ്യമാകണം. പുല്ല് അരിഞ്ഞു കൊടുക്കുന്ന ചാഫ് കട്ടർ മുതലായ ഉപകരണ ങ്ങൾ വഴി പുല്ല് പാഴായി പോകുന്നത് കുറയ്ക്കുവാൻ സാധിക്കും.

വിപണി

സംഘടിത ക്ഷീരോല്പ്പാദക വിപണനശൃംഖല മാറ്റി നിർത്തിയാൽ മൃഗസംരക്ഷണ മേഖല യിലെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് കറ തീർന്ന വിപണികൾ ഇല്ലെന്നുതന്നെപറയാം. ജില്ലയിൽ ഉല്പാദിപ്പിക്കപ്പെടുന്ന മാംസം, മുട്ട കൂടാതെ ഉപോല്പ്പന്നങ്ങൾ എന്നിവ തീർത്തും അസംഘടി തവും സ്വകാര്യസ്ഥാപനങ്ങളുടെ ആശ്രയത്തിലുമാണ് വിറ്റഴിക്കപ്പെടുന്നത്. മൃഗങ്ങളെയും മറ്റ് ഉല്പ്പാദനോപാധികളും വാങ്ങുന്നതിനും, മൃഗസംരക്ഷണ മേഖലയിലെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്ന തിനും വ്യവസ്ഥാപിതമായ വ്യാപരശൃംഖലകൾ സ്ഥാപിക്കേണ്ടിയിരിക്കുന്നു. ഇത് കർഷകരെ ചൂഷണത്തിൽ നിന്നും മുക്തമാക്കുന്നതിനും ഗുണമേന്മ ഉറപ്പുവരുത്തിയ മൃഗോൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും ആവശ്യമാണ്.

വിജ്ഞാന വ്യാപനം

ഇപ്പോൾ പ്രധാനമായും മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ മാത്രമുള്ള വിജ്ഞാ നവ്യാപന പ്രവർത്തനങ്ങൾ ആണ് നടക്കുന്നത്. എന്നാൽ ഇത് തുലോം അപര്യാപ്തമാണ്. ശാസ്ത്രീയ മൃഗപരിപാലനത്തിലെ അജ്ഞതയും നൂതന ശാസ്ത്രമാർഗ്ഗങ്ങളുടെ പരിശീലനക്കു റവും ഈ മേഖലയുടെ സാമ്പത്തിക ശോഷണത്തിന് കാരണമാകുന്നു. ആയതിനാൽ വിവിധ തദ്ദേ ശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സേവന വിജ്ഞാനവ്യാപനപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതാണ്. കൂടാതെ അന്താരാഷ്ട്ര വിനോദ സഞ്ചാര പ്രാധാന്യമുള്ള വാഗമണ്ണിൽ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്ന മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിന്റെ പ്രവർത്തനം ഉടൻ തന്നെ ആരംഭിക്കുകയും ഈ ജില്ലയിലെ കർഷകർക്ക് താമസിച്ച് പരിശീലനം നേടുവാൻ സൗകര്യം ഒരുക്കേണ്ടതുമാണ്. ജില്ലാടിസ്ഥാനത്തിൽ നവീന സാങ്കേതിക വിദ്യയിലൂ ടെയും (സോഷ്യൽ മീഡിയ) ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ വഴിയും വിജ്ഞാനവ്യാപനം നടത്തേണ്ട താണ്. സ്കൂളുകൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് സ്റ്റഡീടൂറുകളും, മൃഗസംരക്ഷണ അനു ബന്ധ പ്രവർത്തനങ്ങളും വ്യാപിപ്പിക്കേണ്ടതാണ്. മൃഗസംരക്ഷണം പ്രൈമറി തലം മുതൽ പാഠ്യപ ദ്ധതിയുടെ ഭാഗമാക്കുവാൻ സർക്കാർ നയപരമായ തീരുമാനമെടുക്കേണ്ടതുണ്ട്.

2016-17 സേവന-വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ

ക്രമ നമ്പർ	പ്രവർത്തനങ്ങൾ	എണ്ണം
1.	ക്യാമ്പ് ഡിസ്പെൻസറികൾ	75
2.	ഗ്രൂപ്പ് ചർച്ചകൾ/ സ്റ്റഡി ക്ലാസ്സ്	990
3.	അച്ചടിച്ച ഉപാധികൾ	4400
4.	ഫിലിം ഷോകൾ	2
5.	സെമിനാറുകൾ	72
6.	കന്നുകാലി പ്രദർശനം	5
7.	വന്ധ്യതാനിവാരണ ക്യാമ്പുകൾ	47
8.	സംരംഭകത്വ വികസന സെമിനാർ	2

മൂല്യ വർദ്ധനവ്

പാൽ, മുട്ട, മാംസം മുതലായ മൃഗോൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനവ് നടത്തുക വഴി കർഷകന് മെച്ചപ്പെട്ട വരുമാനം ലഭിക്കുന്നതാണ്. കൂടാതെ ഉൽപ്പന്നങ്ങളുടെ സൂക്ഷിപ്പ് കാലം ഇതുവഴി കൂട്ടുവാനും സാധിക്കും. വിനോദസഞ്ചാരത്തിന് വളരെയധികം പ്രാധാന്യമുള്ള ഇടുക്കി ജില്ലയിൽ ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളും, വൻകിട മൂല്യവർദ്ധിത യൂണിറ്റുകളും സ്ഥാപിച്ച് ഉൽപ്പന്നങ്ങളുടെ വിപണന ശൃംഖല സ്ഥാപിക്കുകയും ചെയ്യുന്നത് കൊണ്ട് മാത്രം കർഷകരുടെ വരുമാനം ഇരട്ടിപ്പിക്കുവാൻ സാധിക്കും.

വായ്പാ സൗകര്യം

ഇടുക്കി ജില്ലയിലെ നല്ലൊരു ശതമാനം ഭൂമിക്കും പട്ടയമില്ലാത്തതും, താരതമ്യേന കുറഞ്ഞ യാത്രാ സൗകര്യങ്ങളും, സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള ഇവിടുത്തെ ജനങ്ങൾക്ക് മറ്റാവശ്യങ്ങൾക്കായി ബാങ്കുകളിൽ ബാധ്യതയുള്ളതും, മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്ക് വായ്പ ലഭിക്കുവാൻ തടസ്സം ആകുന്നു. കൂടാതെ കാർഷിക മേഖലയിൽ നൽകപ്പെടുന്ന പലിശ സബ്സിഡി മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്ക് ലഭിക്കുന്നില്ല. കുറഞ്ഞ തുകയ്ക്കുള്ള വായ്പകൾക്ക് മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന കർഷക രജിസ്ട്രേഷൻ മാത്രം ആധാരമാക്കുകയും പട്ടയമില്ലാത്ത സ്ഥലങ്ങളിൽ തുടങ്ങുന്ന പ്രവർത്തികൾക്കും വായ്പ അനുവദിക്കുവാൻ നിർദ്ദേശം നൽകിയെങ്കിൽ മാത്രമേ കുറഞ്ഞ വരുമാനക്കാരായ കർഷകർക്ക് പ്രയോജനം ലഭിക്കുകയുള്ളൂ. കൂടാതെ ചെറുകിട/വൻകിട ഫാമുകൾക്ക് ആനുകൂല്യം നൽകുന്നതിന് നിലവിലെ മാനദണ്ഡങ്ങളിൽ ഇളവ് അനുവദിക്കേണ്ടതാണ്. 2014-15 -ലെ സാമ്പിൾ സർവേ കണക്കുകൾ പ്രകാരം

21 എണ്ണത്തിൽ കൂടുതൽ പശുക്കളെ വളർത്തുന്നവർ 0.03 % മാത്രമേ ഉള്ളൂ എന്നത് ബാങ്ക് മുഖേന യുള്ള ധനസഹായം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യത്തിലേയ്ക്ക് വിരൽ ചൂണ്ടുന്നു.

ഉല്പാദനത്തിന്റെ സ്ഥിതി

2015-16 സാമ്പത്തികവർഷം മൃഗസംരക്ഷണ മേഖല ഭാരതത്തിന് പ്രദാനം ചെയ്തത് 5.91 ലക്ഷം കോടി രൂപയാണ്. ഇത് കൃഷിയും അനുബന്ധമേഖലയുടെ 28.5% വരും.



താഴേത്തട്ടിലുള്ള ജനങ്ങളുടെ നിത്യവരുമാനമാർഗ്ഗമെന്ന രീതിയിൽ മൃഗസംരക്ഷണ മേഖല നൽകുന്ന സംഭാവന വളരെ വലുതാണ് .1980-81 കാലഘട്ടങ്ങളിൽ കാർഷിക അനുബന്ധമേഖല കൾ നമ്മുടെ ആഭ്യന്തര ഉല്പാദനത്തിന്റെ 34.72% പ്രദാനം ചെയ്തിരുന്നത് 2015-16 ആയപ്പോ ഴേക്കും 17% ആയി ചുരുങ്ങുകയാണ് ഉണ്ടായത്. മേൽപ്പറഞ്ഞ കാലയളവിൽ മൃഗസംരക്ഷണമേഖല കാർഷിക മേഖലയുടെ 13.8% ത്തിൽ നിന്ന് 29.27% ആയി കുതിച്ചുയർന്നു. മറ്റൊരു തരത്തിൽ പറ

ഞ്ഞാൽ സമീപകാലങ്ങളിൽ തകർന്നുപോയ കാർഷിക മേഖലയ്ക്ക് പിടിച്ചു നിൽക്കുവാൻ തുണയായത് മൃഗസംരക്ഷണ മേഖലയാണ്.

പാലുൽപ്പാദനം

പാലുൽപ്പാദനത്തിൽ ഇടുക്കി ജില്ല സംസ്ഥാന തലത്തിൽ മൂന്നാമതാണ്. 2016-17 സാമ്പത്തിക വർഷം സംഘടിതമേഖലയിൽ മാത്രം 585 ലക്ഷം ലിറ്റർ സംഭരിച്ചിട്ടുണ്ട് എങ്കിലും ഇത് മൊത്തം ഉല്പാദനത്തിന്റെ 30% വരെ മാത്രമേ വരുന്നുള്ളൂ. ഇടുക്കി ജില്ല ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിച്ചിട്ടുണ്ട് എങ്കിലും കാലി വളർത്തലിന് അനുയോജ്യമായ ഭൂപ്രകൃതിയും കാലാവസ്ഥയും ഉള്ള നമ്മുടെ ജില്ലയ്ക്ക് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദന വർദ്ധനവിൽ കൂടുതൽ സംഭാവനകൾ നൽകുവാൻ കഴിയും. കാര്യക്ഷമമായി പ്രവർത്തിക്കുന്ന രണ്ട് കറവ പശുക്കൾ അടങ്ങിയ ഒരു ചെറിയ യൂണിറ്റ് പോലെ വർഷത്തിൽ 365 ദിവസവും വരുമാനം ഉറപ്പാക്കാവുന്ന മറ്റൊരു കാർഷിക മേഖലയും ഇല്ലെന്നു തന്നെ പറയാം. ചെറുകിട നാമമാത്ര കർഷകരും ഭൂരഹിത തൊഴിലാളികളും സ്ത്രീകളുമാണ് പ്രധാനമായും ക്ഷീരോൽപാദന മേഖലയിൽ പ്രവർത്തിക്കുന്നത്.

ഇടുക്കി ജില്ല - പാൽ ഉല്പ്പാദനം (ലക്ഷം ലിറ്റർ)

വർഷം	പാൽ (ലിറ്റർ)	% വർദ്ധനവ്
2010-11	3,79,98,261	-
2011-12	3,69,93,395	2.64
2012-13	3,91,90,124	5.94
2013-14	4,43,06,522	13.06
2014-15	4,85,69,576	9.62
2015-16	5,51,91,956	13.63
2016-17	5,85,31,054	6.05



കഴിഞ്ഞ ഏഴ് വർഷത്തിൽ 54.35% വളർച്ചയാണ് ഈ മേഖല കൈവരിച്ചത്. റബ്ബർ പോലെയുള്ള നാണ്യവിളകളുടെ വിലയിടിവിന്റെ കാലഘട്ടങ്ങളിൽ കർഷകരുടെ മുഖ്യജീവനോപാധിയായി മാറുവാൻ ക്ഷീരോല്പാദനമേഖലയ്ക്ക് സാധിച്ചു എന്നുവേണം ഇതിൽ നിന്നും മനസ്സിലാക്കുവാൻ.

മാംസോല്പാദനം

ഇടുക്കി ജില്ലയുടെ ആവശ്യങ്ങൾ നിറവേറ്റുവാനുള്ള മാംസോല്പാദനശേഷി കൈവരിക്കുവാൻ നമുക്ക് ഇതുവരെ സാധിച്ചിട്ടില്ല. എന്നിരുന്നാലും കേരളത്തിൽ ആളോഹരി മാംസ ലഭ്യത ഏറ്റവും കൂടുതൽ ഇടുക്കിയിലാണ്.

2013-14-ലെ ഇടുക്കി ജില്ലയിലെ മാംസോൽപാദനസ്രോതസ്സ്

മാംസ ഇനം	,000 ടൺ
മാട്ടിറച്ചി	9.09
പോത്ത്	7.3
ആട്, ചെമ്മരിയാട്	0.6
പന്നി	3.1
ആകെ	**20.09**
കോഴിയിറച്ചി	12.01
ആകെ ഇറച്ചി ഉൽപ്പാദനം	**32100 ടൺ**



കേരളം മാംസ ഉത്പ്പാദന സ്രോതസ്സുകളുടെ താരതമ്യം(MT)

Organised Sector	2006-07	2007-08	2008-09	2009-10
Cattle	31,059	28,073	53,410	48,804
Buffalo	19,457	23,789	44,472	41,820
Goat & Sheep	5,554	5,129	8,910	7,980
Pig	4,044	3,202	3,555	3,422
Total Meat Production	60,114	60,193	1,10,347	1,02,026
Poultry Meat Production	16,184	17,390	13,749	15,482
Total Meat Reduction (including unauthorised sector)	1,96,526	1,97,969	3,44,790	3,21,560

കേരളത്തിലെ മാംസ ഉത്പ്പാദനം



2011 – 12 കേരളം മാംസോത്പ്പാദനം



കേരളം ജില്ലാതല മാംസ ലഭ്യത

District	2003-2004	2004-2005	2005-2006	2006-2007	2007-2008	2008-2009	2009-2010	2010-2011	2011-2012
Thiruvananthapuram	2	2	2	2	2	3	3	3	19
Kollam	6	5	9	11	10	20	17	20	41
Pathanamthitta	4	3	4	4	4	7	7	9	44
Alappuzha	8	6	7	9	9	14	15	14	39
Kottayam	10	6	8	8	7	9	7	8	35
Idukki	16	21	17	15	14	22	22	22	75
Ernakulum	8	9	10	9	10	18	18	16	37
Thrissur	20	17	10	4	4	6	6	7	27
Palakkad	1	1	1	2	1	2	5	4	23
Malappuram	6	7	7	7	8	13	11	15	35
Kozhikode	5	6	5	4	4	8	6	5	27
Wayanad	9	12	10	7	6	9	8	9	60
Kannur	5	7	6	5	5	7	5	4	28
Kasaragod	6	6	7	7	7	7	6	5	32
Kerala	7	7	7	6	6	10	10	10	35

ലൈസൻസുള്ള അറവുശാലകൾ ഇടുക്കി ജില്ലയിൽ വളരെ കുറവാണ്. പകർച്ചവ്യാധി നിയന്ത്രണം, ജന്തുജന്യരോഗനിയന്ത്രണം എന്നിവയിൽ നിർണ്ണായക പങ്ക് ശാസ്ത്രീയമായ മാംസ പരിശോധനയ്ക്കും, മാംസോൽപ്പാദനത്തിനും ഉണ്ട്. അതുപോലെ തന്നെ ഗുണമേന്മ ഉറപ്പുവരുത്തിയ മാംസവും ഉൽപ്പന്നങ്ങളും ഉപഭോക്താക്കൾക്ക് ലഭ്യമാക്കുവാൻ ഈ മേഖലയിൽ ശക്തമായ ഇടപെ

ടലുകൾ ആവശ്യമുണ്ട്. മാംസോൽപാദനത്തോടനുബന്ധിച്ചുള്ള ഉപ ഉൽപ്പന്നങ്ങൾക്ക് സംഘടിത വിപണന ശൃഖല ഇല്ലാത്തത് ഈ മേഖലയിലെ ചൂഷണത്തിന് കാരണമാകുന്നു.

മുട്ട ഉല്പാദനം

മുട്ടയുല്പാദനത്തിൽ ഇടുക്കി ജില്ല ഒട്ടും സ്വയംപര്യാപ്തമല്ല. അയൽസംസ്ഥാനങ്ങളിലെ കുറഞ്ഞ ഉല്പാദനച്ചെലവും മുട്ട ഉൽപാദനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളും കോഴി ത്തീറ്റയും നമ്മുടെ സംസ്ഥാനത്ത് ഉൽപാദിപ്പിക്കപ്പെടാത്തതും മൂലം വിപണിയിൽ നിയന്ത്രണം ഇല്ലാത്തതും, അവിദഗ്ദ തൊഴിലാളികളുടെ കുറവും തദ്ദേശീയമായ പരിസ്ഥിതി പ്രശ്നങ്ങളും ഉൽപാദന ചിലവിന് ആനുപാതികമല്ലാത്ത കമ്പോള വിലയും ഈ അവസ്ഥയ്ക്ക് കാരണമായിട്ടു ണ്ട്. 2016-17 വർഷത്തിൽ നമ്മുടെ മുട്ടയുൽപ്പാദനം 7.9 കോടി മാത്രമാണ്. ഇത് നമ്മുടെ ആവശ്യ ത്തിന്റെ പകുതി പോലും ഇല്ല.

കേരളം മുട്ടയുൽപാദനം

വർഷം	എണ്ണം (കോടി)
2012-13	223.8
2013-14	247.7
2014-15	250.4
2015-16	244.2
2016-17	234.4



കേരളം - മുട്ട ഇറക്കുമതി

വർഷം	എണ്ണം (കോടി)
2012-13	89.0
2013-14	136.1
2014-15	139.8
2015-16	145.7
2016-17	207.9



ഇടുക്കി മുട്ടയുൽപ്പാദനം

വർഷം	എണ്ണം (കോടി)
2012–13	13.0
2013–14	14.7
2014–15	14.8
2015–16	8.5
2016–17	7.9



മൃഗങ്ങളുടെ ആരോഗ്യ അവസ്ഥ

പ്രതിരോധപ്രവർത്തനങ്ങൾ വഴിയും, ശാസ്ത്രീയമായ ഇടപെടലുകളിലൂടെയും ഈ മേഖലയിലെ പ്രശ്നങ്ങളെ നേരിടുവാൻ മൃഗസംരക്ഷണ വകുപ്പ് സജ്ജമാണ്. എന്നിരുന്നാൽ കൂടിയും പുതിയതായി ഉരുത്തിരിയുന്ന ആരോഗ്യപരമായതും അല്ലാതെയുമുള്ള പ്രതിസന്ധികളെയും പ്രശ്നങ്ങളെയും നേരിടുവാൻ കൂടുതൽ ശേഷി ആർജ്ജിക്കുവാൻ സഹായകരമായ സാങ്കേതിക അറിവുകളും കഴിവുകളും സ്വായത്തമാക്കേണ്ടുന്ന തുടർപ്രക്രിയ അനിവാര്യമാണ്.

രോഗ പ്രതിരോധം

മൃഗസംരക്ഷണ മേഖലയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും, കൂടുതൽ കർഷകരെ ആകർഷിക്കുന്നതിനും മെച്ചപ്പെട്ട രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെങ്കിലും അതു പര്യാപ്തമല്ല. കാലത്തിന് അനുസൃതമായി കന്നുകാലികളിലെ ന്യൂട്രീഷൻ സ്റ്റാറ്റസ്, ഹോർമോണൽ അസൈ മുതലായവ നടത്തുന്നതിനുള്ള കേന്ദ്രീകൃത സംവിധാനം ഉണ്ടാ

കേണ്ടതാണ്.രോഗങ്ങളെ പ്രതിരോധിക്കാനായി മെച്ചപ്പെട്ട മൃഗപരിപാലന രീതികളും, രോഗ പ്രതിരോധ മാർഗങ്ങളും സ്വീകരിക്കുന്നതിന്റെ ആവശ്യകതയെപ്പറ്റി കർഷകരെ ബോധവൽക്കരിക്കണം. എല്ലാ മൃഗാശുപത്രികളിലും ഗുണമേൻമയുള്ള മരുന്നുകൾ വാങ്ങുന്നുണ്ടെങ്കിലും ഇതിലേയ്ക്ക് കൂടുതൽ തുക വകയിരുത്തേണ്ടതുണ്ട്. ആന്റിബയോട്ടിക് സെൻസിറ്റിവിറ്റി നടത്തി ചികിത്സ നിർണ്ണയിച്ചാൽ കൂടുതൽ ഫലം ലഭിക്കുന്നതാണ്. ഇതിനായി ജില്ലാ ലാബും താലൂക്ക് തലത്തിൽ പോളി ക്ലിനിക്കുകളിൽ ലാബോറട്ടറികളും സജ്ജമാക്കണം. കൂടാതെ ആൻറി ടെറ്റനസ് സിറം, ആന്റി റാബീസ് സിറം, ആന്റി വെനം എന്നിവ ജില്ലാ തലത്തിൽ ലഭ്യമാക്കണം.

വന്ധ്യത

നിലവിൽ അനുവർത്തിച്ച് വരുന്ന പ്രജനന നയം വഴി സംസ്ഥാനത്ത് കന്നുകാലികളുടെ പാലുൽപ്പാദനശേഷി വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. കന്നുകാലികളിലെ വന്ധ്യതയ്ക്ക് അവയ്ക്ക് നൽകുന്ന തീറ്റയും, വളർത്തുന്ന സാഹചര്യങ്ങളും, പരിപാലന രീതികളും, പോഷകക്കുറവും നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നതായി പഠനങ്ങൾ തെളിയിച്ചിരിക്കുന്നു. കൂടാതെ മെച്ചപ്പെട്ട ധാതുലവണ മിശ്രിതങ്ങൾ വിതരണം ചെയ്താൽ കന്നുകാലികളിൽ കാണുന്ന വന്ധ്യത ഒരു പരിധിവരെ കുറക്കുവാൻ സഹായിക്കും. പ്രത്യുല്പാദനം മൃഗങ്ങളിലെ ഉല്പാദനത്തിന് അത്യന്താപേഷിതമാണെന്നതിനാൽ വന്ധ്യത വളരെ ഗൗരവമായിത്തന്നെ കണക്കിലെടുക്കേണ്ടതും, ആയതിനായി ശാസ്ത്രീയ രീതികൾ അവലംബിച്ച് കാരണങ്ങൾ കണ്ടെത്തുകയും, പ്രതിവിധികൾ നിർണ്ണയിക്കുകയും വേണം.

സാമൂഹികവിശകലനം

സാമ്പത്തികമായ ദുർബലാവസ്ഥയിലുള്ളവരെ കൂടുതലും ഉൾക്കൊള്ളുന്ന മൃഗസംരക്ഷണ മേഖല അസംഘടിതമാണ്. ദിനംപ്രതിയുള്ള ശ്രദ്ധയും പരിചരണവും ആവശ്യമാണെന്നതിനാലും, മോശമായ സാഹചര്യങ്ങളിൽ ജോലി ചെയ്യേണ്ടതിനാലും, നിശ്ചിത വരുമാനം മാത്രമേ ലഭിക്കൂ എന്നതിനാലും, മറ്റ് സാമൂഹിക പ്രവർത്തനങ്ങൾക്കുള്ള സമയം കുറയ്ക്കുമെന്നതിനാലും, കായികാധ്വാനം ആവശ്യമായതിനാലും മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്ക് പൊതുവേ സാമൂഹിക അംഗീകാരം കുറവാണ്. ആയതിനാൽ അഭ്യസ്തവിദ്യരും വ്യാവസായികമായി ഈ മേഖലയെ സമീപിക്കുന്നവരും കൂടുതലായി കടന്നുവരണമെങ്കിൽ അതിനുതകും വിധം ആവശ്യമായ പദ്ധതികളും ക്ഷേമ പ്രവർത്തനങ്ങളും അംഗീകാരങ്ങളും ആസൂത്രണം ചെയ്യേണ്ടതുണ്ട്

പൊതുജനാരോഗ്യം, പരിസ്ഥിതി, മാലിന്യ സംസ്ക്കരണം

ഇന്ന് മനുഷ്യർ അഭിമുഖീകരിക്കുന്ന പല ആരോഗ്യപ്രശ്നങ്ങളും സാംക്രമികരോഗങ്ങളും അഭേദ്യമായി മൃഗസംരക്ഷണമേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു. നമ്മുടെ ആരോഗ്യം സംരക്ഷി

ക്കപ്പെടണമെങ്കിൽ ശാസ്ത്രീയമായ മൃഗപരിപാലനം അത്യന്താപേഷിതമാണ്. പേവിഷബാധ, പക്ഷിപ്പനി, എലിപ്പനി തുടങ്ങിയ മൃഗങ്ങളിലുണ്ടാകുന്ന പല സാംക്രമികരോഗങ്ങളും മനുഷ്യരിലേക്കും പകരാവുന്നതാണ്. ഇതു കൂടാതെ മൃഗചികിത്സയിൽ ഉപയോഗിക്കുന്ന ആന്റിബയോട്ടിക്കുകൾ, കൃഷിക്കുപയോഗിക്കുന്ന കീടനാശിനികൾ അടക്കമുള്ള വസ്തുക്കൾ നമ്മുടെ ഭക്ഷ്യശൃംഖലയിൽ പ്രവേശിക്കുന്നതു മൂലമുണ്ടാകുന്ന ഭവിഷ്യത്തുകൾ അതിഗുരുതരമാണ്. ആയതിനാൽ പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ പൊതുജനാരോഗ്യവും പരിസ്ഥിതിയും സംരക്ഷിക്കപ്പെടുന്നതിനുള്ള ഒരു നയസമീപനം രൂപപ്പെടുത്തേണ്ടതാണ്. സാധ്യമായ എല്ലാ പഞ്ചായത്തുകളിലും ആധുനിക അറവുശാലകൾ സ്ഥാപിക്കേണ്ടതും അവിടെ ഫുഡ് സേഫ്റ്റി നിയമ പ്രകാരം ആന്റി മോർട്ടം, പോസ്റ്റ് മോർട്ടം, പരിശോധന നടത്തുന്നതിനുള്ള ജീവനക്കാരെ പ്രത്യേകമായി നിയമിക്കേണ്ടതും ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്. എല്ലാ ഫാമുകളിലും, ബയോഗ്യാസ് പ്ലാന്റുകൾ/മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കണം.മൃഗങ്ങളെ വളർത്തുമ്പോൾ ആവശ്യമായ മിനിമം മാലിന്യ നിർമാർജ്ജനസൗകര്യങ്ങൾ അവയുടെ വലുപ്പത്തിന് അനുസൃതമായി നിശ്ചയിക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽലൈസൻസിംഗ് നിർബന്ധമാക്കേണ്ടതും അതിന്റെ നിബന്ധനകൾ ലഘൂകരിക്കേണ്ടതുമാണ്.

മൃഗങ്ങളുടെ ജനന നിയന്ത്രണ പദ്ധതി, തെരുവ്നായ്ക്കളുടെ നിയന്ത്രണത്തിനായി ലോകാരോഗ്യ സംഘടന മാർഗ്ഗരേഖ അനുസരിച്ച് നടപ്പിലാക്കുന്നതിനായിട്ടുള്ള നടപടികൾ ജില്ലയിൽ സ്വീകരിച്ചു വരുന്നു. 2011 – സെൻസസ് പ്രകാരം ഇടുക്കി ജില്ലയിൽ 5827 തെരുവ് നായ്ക്കൾ ഉണ്ട്. കൂടാതെ മാലിന്യ സംസ്ക്കരണത്തിൽ ശ്രദ്ധയൂന്നിയും നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ് ഏർപ്പെടുത്തിയും ഉത്തരവാദിത്ത മൃഗ ഉടമസ്ഥതാ ധർമ്മം പാലിക്കുകയും ചെയ്താൽ ഒരു പരിധിവരെ തെരുവ് നായ്ക്കളുടെ വംശവർദ്ധനവ് തടയാവുന്നതാണ്. കൂടാതെ ബ്ലോക്ക് തലത്തിൽ ഡോഗ് ഷെൽട്ടറുകൾ സ്ഥാപിക്കുകയും, ദത്തെടുക്കൽ പരിപാടികൾക്ക് രൂപം കൊടുക്കുകയും വേണം.

ഓമന മൃഗങ്ങളുടെ പരിപാലനം

ഓമന മൃഗങ്ങളുടേയും അരുമ പക്ഷികളുടേയും പ്രസക്തി ഇന്നത്തെ സമൂഹത്തിൽ വർദ്ധിച്ചു വരികയാണ്. ഓമന മൃഗങ്ങളുടേയും അരുമ പക്ഷികളുടേയും പ്രജനന വിപണന സാധ്യതകൾ അനന്തമാണ്. ഇത് സാമൂഹിക ആരോഗ്യം പരിപോഷിപ്പിക്കുന്നതിനൊപ്പം വളരെയധികം കുടുംബങ്ങളുടെ വരുമാന മാർഗ്ഗവുമായി മാറേണ്ടതുണ്ട്.

വകുപ്പുതല സംയോജനം

ഇടുക്കി ജില്ലയിൽ 33 പഞ്ചായത്തുകളിലെ ഭൂപ്രദേശങ്ങൾ വനാതിർത്തി പങ്കിടുന്നതാകയാൽ വനംവകുപ്പുമായി യോജിച്ച് രോഗപ്രതിരോധ, വാക്സിനേഷൻ പ്രവർത്തനങ്ങൾ നടപ്പിലാക്കണം. കൂടാതെ വന്യജീവികൾ ജനവാസ മേഖലകളിലേയ്ക്ക് കയറി മനുഷ്യരുടെയും വളർത്തു

മൃഗങ്ങളുടെയും ജീവന് ഭീഷണി ഉണ്ടാക്കുന്നത് ഒഴിവാക്കുന്നതിനായി ഇലട്രിക് ഫെൻസിംങ്, ബീ ഫെൻസിംഗ് സൗകര്യം ചെയ്യണം.

കൃഷി, വകുപ്പുകൾ തോളോടുതോൾ ചേർന്ന് പ്രവർത്തിക്കേണ്ടതാണ്. കാർഷിക അവശിഷ്ടങ്ങൾ മൃഗങ്ങളുടെ ഭക്ഷണമായി സംസ്കരിക്കേണ്ടതും മൃഗങ്ങളുടെ വിസർജ്യങ്ങൾ ജൈവവളമായും അവയുടെ മൂല്യവർദ്ധിത ഉല്പ്പന്നങ്ങളായും മാറ്റേണ്ടതാണ്.

പാതയോരങ്ങളിലെ ഇരു വശങ്ങളിലും കാഴ്ചയെ മറക്കും വിധം കാടുകൾ വളർന്ന് നിൽക്കുന്നതിന് പരിഹാരമായി ഈ സ്ഥലങ്ങളിൽ അധികം ഉയരം വയ്ക്കാത്ത ജനുസ്സിൽപ്പെട്ട തീറ്റപ്പുൽ കൃഷി ചെയ്യുവാൻ തദ്ദേശീയരായ മൃഗസംരക്ഷകർക്ക് പൊതുമരാമത്ത് വകുപ്പ് അനുവാദം നൽകുന്നത് മൃഗസംരക്ഷമേഖലയ്ക്ക് ആശ്വാസം ആയിരിക്കും. ഇത്തരത്തിൽ ഡാമുകളുടെ കരകളിലും തീറ്റപ്പുൽ കൃഷി ചെയ്യുവാൻ വൈദ്യുതി വകുപ്പ് അനുവദിച്ചാൽ അവിടുത്തെമണ്ണൊലിപ്പ് പൂർണ്ണമായും തടയാൻ സാധിക്കും

ഈ മേഖലയിലുള്ള മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പുകൾ, കെ.എൽ.ഡി ബോർഡ്, യൂണിവേഴ്സിറ്റി, മിൽമ, കേരള ഫീഡ്സ്എന്നീ സർക്കാർ സംവിധാനങ്ങളും സ്വകാര്യ സർക്കാർ ഇതര സംഘടനകളും ഒരേ മനസ്സോടെ ഈ മേഖലയുടെ പരിപോഷണത്തിനായി തോളോടുതോൾ ചേർന്ന് പ്രവർത്തിക്കേണ്ടതുണ്ട്.

മൃഗസംരക്ഷണ – ക്ഷീര വികസന വകുപ്പുകളുടെ നടപ്പ് പദ്ധതികൾ

മൃഗസംരക്ഷണ വകുപ്പ്

മൃഗസംരക്ഷണ മേഖലയിലേയ്ക്ക് സ്കൂൾ കുട്ടികൾക്ക് ആഭിമുഖ്യവും താൽപര്യവും വളർത്തുക എന്ന ലക്ഷ്യത്തോടെ വീട്ടുമുറ്റത്ത് കോഴി വളർത്തൽ, ജന്തുക്ഷേമ ക്ലബ്, വിവിധ ബോധവൽക്കരണ പരിശീലന പരിപാടികൾ, രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം എന്നിവയ്ക്ക് ഊന്നൽ നൽകിയിരിക്കുന്നു.

2017 18 ഇടുക്കി മൃഗസംരക്ഷണ വകുപ്പ് പദ്ധതികൾ

ക്രമ നം.	പദ്ധതിയുടെ പേര്	എണ്ണം	തുക ലക്ഷം
1	ബ്ലോക്ക്തല വിജ്ഞാന വ്യാപന പദ്ധതികൾ	24	1.68
2	മംത്ലി ടെക്നോളജി അഡ്വൈസറി		0.25
3	മാതൃകാ പഞ്ചായത്ത് വികസനം	1	5.10
4	സ്കൂളുകളിലെ ജന്തുക്ഷേമ ക്ലബ്	3	1.69

5	താലൂക്കു തല സംരഭകത്വ വികസന പദ്ധതികൾ	2	1.00
6	സ്കൂൾ കുട്ടികൾ മുഖേന വീട്ടുമുറ്റത്ത് കോഴി വളർത്തൽ	65	26.00
7	വ്യാവസായിക ആടുവളർത്തൽ പരിശീലനം	1	1.00
8	ഇൻ & ഓഫ് കാമ്പസ് ബോധവൽക്കരണ പ്രോഗ്രാം		2.00
9	എസ്.സി/എസ്.റ്റി ഗുണഭോക്താക്കൾക്ക് കോഴി വിതരണം	400	4.00
10	താറാവ് വളർത്തൽ പദ്ധതി	150	1.80
11	ജില്ലാ വെറ്ററിനറി ലാബിന്റെ ശാക്തീകരണം		1.50
12	മൃഗാശുപത്രികളുടെ ശാക്തീകരണം		1.00
13	പിഗ് ഫാറ്റനിംഗ് യൂണിറ്റ്	20	10.00
14	ഡിസ് ഇൻഫെക്ഷൻ & സാനിറ്റേഷൻ മെക്കാനിസം	17	0.90
15	ജൈവ മാലിന്യം വളമാക്കൽ പദ്ധതി	30	5.00
16	രാത്രി കാല അടിയന്തര മൃഗചികിത്സാ സേവനം	6	17.50
17	മൃഗസംരക്ഷണ വികസന സമിതി	166	0.83
18	വന്ധ്യതാ പരിശോധന ക്യാമ്പുകൾ	20	2.00
19	കറവയന്ത്രം സ്ഥാപിക്കുന്നതിന് പദ്ധതി	20	5.00
20	നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ & ഗോസമൃദ്ധി ഇൻഷുറൻസ്		10.00
21	ജ്യോഗ്രഫിക് ഇൻഫർമേഷൻ സിസ്റ്റം	53	23.88
22	കന്നുകുട്ടിപരിപാലന പദ്ധതി	1988	171.12
ആകെ			**293.25**

മാതൃകാ പദ്ധതികൾ

1) കന്നുകുട്ടി പരിപാലന പദ്ധതി

സംസ്ഥാനാവിഷ്കൃത പദ്ധതിവിഹിതം കൊണ്ട് മൃഗസംരക്ഷണവകുപ്പ് നടപ്പിലാക്കുന്ന ഏറ്റുവും ജനകീയ പദ്ധതിയാണ് കന്നുകുട്ടിപരിപാലന പദ്ധതി. 4-6 മാസം പ്രായമായ സങ്കരയിനം കന്നുകുട്ടികളെ തെരഞ്ഞെടുത്ത് അവയെ 32 മാസം വരെ/ ആദ്യ പ്രസവം വരെ ശാസ്ത്രീയമായി സംരക്ഷിക്കുവാൻ വേണ്ട നിർദ്ദേശങ്ങളും, എല്ലാ മാസവും 50% നിരക്കിൽ കാലിത്തീറ്റയും അതാത് പഞ്ചായത്തിലെ ക്ഷീരസഹകരണസംഘങ്ങൾ വഴി വിതരണം ചെയ്യുന്നു. നല്ല സങ്കരയിനം കന്നു കുട്ടികളെ കണ്ടുപിടിച്ച് അവയുടെ വളർച്ച ത്വരിതപ്പെടുത്തി വളരെ നേരത്തെ തന്നെ പ്രസവിപ്പിക്കു കയും അതിൽ നിന്നുള്ള പാലുല്പാദനം പരമാവധി ചൂഷണം ചെയ്യുക എന്നതാണ് പദ്ധതി ലക്ഷ്യം.പാലുല്പ്പാദനം കൂട്ടുന്നതോടൊപ്പം നല്ല കന്നുകുട്ടികളുടെ സംരക്ഷണം ഉറപ്പു വരുത്തുന്നതുകൊണ്ട് ഈ പദ്ധതി വരുംകാലങ്ങളിൽ തുടരേണ്ടതുണ്ട്.

വർഷം	എണ്ണം
2014-15	1900
2015-16	930
2016-17	3899
2017-18	1988



2.) ജ്യോഗ്രഫിക് ഇൻഫർമേഷൻ സിസ്റ്റം

അത്യന്താധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് മൃഗസംരക്ഷണ വകുപ്പിന്റെ മുഴുവൻ പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കുന്ന പദ്ധതി ജില്ലയിൽ പുരോഗമിക്കുകയാണ്. മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട മുഴുവൻ കർഷകരുടേയും വീടുകളുടേയും സ്ഥാനം ഒരു മാപ്പിൽ രേഖപ്പെടുത്തുകയും ഭാവിയിൽ വകുപ്പിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും പദ്ധതി രൂപീകരണത്തിനും രോഗങ്ങളുടെ മോണിറ്ററിംഗിനും ആവശ്യമായ വിവരങ്ങൾ വിരൽ തുമ്പിൽ ലഭ്യമാക്കാനും ഉദ്ദേശിച്ചാണ് ഇതു നടപ്പാക്കുന്നത്. നിലവിലുള്ള കർഷകരുടെ ജ്യോഗ്രഫിക്ക് ലൊക്കേഷൻ എടുക്കുന്നതിനും പുതിയ കർഷകരെ രജിസ്റ്റർ ചെയ്യുന്നതിനും വളരെ എളുപ്പത്തിൽ സാധിക്കുന്ന തരത്തിൽ വികസിപ്പിച്ചെടുത്ത ആൻഡ്രോയിഡ് ആപ്ലിക്കേഷൻ ഉപയോഗിച്ചാണ് ഇത് സാദ്ധ്യമാക്കുന്നത്.

3.)പേവിഷ നിർമ്മാർജ്ജന പ്രതിരോധ കുത്തിവയ്പ് പദ്ധതി

മൃഗസംരക്ഷണവകുപ്പ് സംസ്ഥാനവ്യാപകമായി നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ഭാഗമായി ഇടുക്കി ജില്ലയിൽ വളർത്തു നായ്ക്കൾക്ക് പേവിഷബാധയ്ക്ക് എതിരെയുള്ള പ്രതിരോധ കുത്തിവയ്പ് നടത്തുന്നു. ഈ വർഷം ഇടുക്കി ജില്ലയിൽ ആകെ 4179 നായ്ക്കളെ കുത്തിവയ്പിന് വിധേയമാക്കിയിട്ടുണ്ട്.

4.)അസ്കാഡ് - കോഴി/ താറാവ് വസന്ത കുത്തിവയ്പ് പദ്ധതി

ജില്ലയിലെ മുഴുവൻ കോഴികളെയും താറാവുകളെയും വസന്ത രോഗത്തിന് എതിരെ കുത്തിവയ്പിന് വിധേയമാക്കുന്ന ഈ പദ്ധതി പരിശീലനം ലഭിച്ച കുടുംബശ്രീ സന്നദ്ധ പ്രവർത്തകർ മുഖേനയാണ് നടപ്പാക്കുന്നത്.

5.)കുളമ്പുരോഗ നിർമ്മാർജ്ജന പരിപാടി

ഇരട്ടകുളമ്പുള്ള മൃഗങ്ങളിൽ കാണുന്ന സാംക്രമിക വൈറസ് രോഗമാണ് കുളമ്പുരോഗം. താരതമ്യേന മരണനിരക്ക് കുറവാണെങ്കിലും ഉല്പാദന ക്ഷമത 30% വരെ കുറഞ്ഞ് പോകുന്നതിനാൽ ഈ രോഗം വരുത്തി വയ്ക്കുന്ന സാമ്പത്തിക നഷ്ടം അതിഭീമമാണ്. പ്രതിരോധമരുന്നുകളും മറ്റ് സാങ്കേതിക സൗകര്യങ്ങളും പൂർണ്ണമായും സർക്കാർ നല്കുന്നുണ്ടെങ്കിലും പ്രചരണം, ബോധവൽക്കരണം എന്നിവയിൽ ഗ്രാമപഞ്ചായത്തുകൾ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ല. അന്തർസംസ്ഥാന അതിർത്തികളിലൂടെ കന്നുകാലികളെ ജില്ലയിലേയ്ക്ക് കടത്തി കൊണ്ടു വരുവാൻ 4 പ്രധാന കവാടങ്ങൾ ഉള്ളതിനാൽ കുളമ്പുരോഗഭീഷണി എന്നും ഉയർന്നു നിൽക്കുന്ന ഇടുക്കി ജില്ലയിൽ പ്രതിരോധ കുത്തിവയ്പ് 80% എങ്കിലും സാധിച്ചെങ്കിൽ മാത്രമേ രോഗത്തിനെതിരായുള്ള പ്രതിരോധ ശക്തി കൈവരിക്കുവാൻ സാധ്യമാകൂ. ജില്ലാതലത്തിൽ സഞ്ചരിക്കുന്ന കുളമ്പുരോഗനിവാരണ യൂണിറ്റുകൾ സ്ഥാപിച്ചെങ്കിൽ മാത്രമേ ഈ പ്രതിസന്ധി മറികടക്കാനാവൂ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ - മൃഗസംരക്ഷണമേഖലാപദ്ധതികൾ

ക്രമ. നമ്പർ	തദ്ദേശ സ്ഥാപനങ്ങൾ	2014-15	2015-16	2016-17
1	ജില്ലാ പഞ്ചായത്ത്	3800000	1300000	27100000
2	മുനിസിപ്പാലിറ്റി	3125000	16429550	8494919
3	ബ്ലോക്ക് പഞ്ചായത്ത്	1120000	3030000	15309000
4	ഗ്രാമ പഞ്ചായത്ത്	184565393	137431606	175974048
	ആകെ	192610,393	158191156	226877967



ഈ പദ്ധതികൾ യഥാസമയം അർഹരായവർക്ക് നൽകുക വഴി ഈ മേഖലയിൽ മൃഗസമ്പത്തിന്റെയും, ആകെ ഉൽപാദനത്തിന്റെയും കാര്യത്തിൽ (കഴിഞ്ഞ പഞ്ചവൽസര പദ്ധതി കാലത്തെക്കാൾ) ആനുപാതികമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട് എന്നതിൽ തർക്കമില്ല. മൃഗസമ്പത്ത് വർദ്ധിക്കുന്നതോടൊപ്പം മൃഗാശുപത്രി വഴിയുള്ള മൃഗചികിൽസ സേവനങ്ങളും കൃത്യമായി കർഷകർക്ക് നൽകേണ്ടതുണ്ട്. എന്നാൽ നിലവിൽ 1960-കളിലെ സ്റ്റാഫ് പാറ്റേണാണ് മൃഗസംരക്ഷണ വകുപ്പിൽ തുടർന്ന് വരുന്നത്. കൂടാതെ ഫുഡ് സേഫ്റ്റി, പദ്ധതി നിർവ്വഹണം, മൃഗചികിൽസ, രോഗപ്രതിരോധം, ജന്തുജന്യരോഗ നിവാരണം, പൊതുജനാരോഗ്യം, ബോധവൽക്കരണ -മൃഗക്ഷേമ പ്രവർത്തനങ്ങൾ ഉല്പാദന വർദ്ധനവ്, വന്യജീവി സംരക്ഷണം തുടങ്ങിയ മേഖലകളിൽ കൃത്യമായ ഇടപെടലുകൾ വകുപ്പിന് നടത്തേണ്ടതുണ്ട്.

ഇടുക്കി പാക്കേജ് പദ്ധതികൾ

ക്രമ നം.	പദ്ധതിയുടെ പേര്	എണ്ണം	തുക
1.	ആടുവളർത്തൽ പദ്ധതി	28784	7,74,28,960
2.	പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി	10072	9,65,19,976
3.	പശുവളർത്തൽ പദ്ധതി	548	1,56,72,800
4.	കിടാരി വളർത്തൽ പദ്ധതി	5001	4,00,08,000
	ആകെ		**22,96,29,736**

കാർഷിക മേഖല അതീവ പ്രതിസന്ധി നേരിട്ട കാലഘട്ടത്തിൽ ഇടുക്കി പാക്കേജ് പദ്ധതികൾ ഈ ജില്ലയ്ക്ക് ആശ്വാസമായിരുന്നു. ഇതര മേഖലകളിൽ സംഭവിച്ചതുപോലെ തന്നെ ഈ പദ്ധതികളുടെ ഏകോപനത്തിനും മാർഗ്ഗനിർദ്ദേശങ്ങൾക്കും ഒരു നിർവ്വഹണ ഏജൻസി ഇല്ലതെ പോയത് സമയബന്ധിതമായുള്ള പദ്ധതി നിർവ്വഹണത്തെപ്രതികൂലമാക്കി. ഇതുകൂടാതെ ആടുവളർത്തൽ പദ്ധതിയിൽ ആട്ടിൻകുട്ടികളുടെ വില കമ്പോള വിലയേക്കാൾ കുറവായിരുന്നതിനാൽ അതും ഈ പദ്ധതിയുടെ നിർവ്വഹണത്തെ സാരമായി ബാധിച്ചു.

ക്ഷീരവികസന വകുപ്പ്

പാലുൽപ്പാദനത്തിന്റെ 70% വരുന്ന തീറ്റചെലവ് കുറയ്ക്കുന്നതിനും തീറ്റപ്പുല്ലിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനും ഫാമുകൾ സ്ഥാപിക്കുന്നതിനും ഊന്നൽ നൽകിയിരിക്കുന്നു.

ക്രമ നം.	പദ്ധതിയുടെ പേര്	തുക
1	വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ	1510500
2	തീറ്റപുൽകൃഷി വികസന പദ്ധതി	5132395
3	മിൽക് ഷെഡ് ഡവലപ്മെന്റ് പദ്ധതി	29305800
4	കാലിത്തീറ്റ സബ്സിഡി	13656587
5	ക്ഷീര സംഘങ്ങളുടെ നവീകരണം	31866610
6	പാലിന്റെ ഗുണനിലവാരം ലാബുകളുടെ പ്രവർത്തനം	1073954

മാതൃകാ പദ്ധതി

ക്ഷീര കർഷക ക്ഷേമനിധി: ക്ഷീരകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ക്ഷീരകർഷക ക്ഷേമനിധി ബോർഡ് മുഖാന്തിരം 60 വയസ്സ് പൂർത്തിയായവരും നിയമമനുസരിച്ച് ക്ഷീരസംഘങ്ങളിൽ പാൽ അളന്നിട്ടുള്ള ക്ഷീരകർഷകർക്ക് പെൻഷൻ, കുടുംബപെൻഷൻ, ക്ഷേമനിധി അംഗമെന്ന നിലയിൽ മരണാനന്തര ധനസഹായം, കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം, വിവാഹ ധനസഹായം എന്നിവ നൽകി വരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ- ക്ഷീരവികസനമേഖലാ പദ്ധതികൾ

ക്രമ. നമ്പർ.	തദ്ദേശ സ്വയംഭരണ സ്ഥാപനം	2015-16	2016-17	2017-18
1	ജില്ലാ പഞ്ചായത്ത്	0	2500000	31000000
2	ബ്ലോക്ക് പഞ്ചായത്ത്	1710000	8385949	17824000
3	ഗ്രാമ പഞ്ചായത്ത്	6871976	7086675	24443583
4	**ആകെ**	8581976	17972624	73267583



മൃഗസംരക്ഷണ-ക്ഷീര വികസന മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

ക്ഷീരോല്പാദന മേഖല

പാലുല്പാദന ചെലവിലെ വർദ്ധനവും വരുമാനത്തിലെ ഏറ്റക്കുറച്ചിലുകളുമാണ് ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നം. കാലിത്തീറ്റ വിലയിൽ അടിക്കടിയുണ്ടാകുന്ന വർദ്ധനവ് ഉൽപാദന ചെലവ് ഗണ്യമായി വർദ്ധിപ്പിക്കുന്നു. എന്നാൽ ആനുപാതികമായി പാലിന്റെ വില വർദ്ധിക്കാറുമില്ല. തീറ്റപ്പുല്ല്, ജലം ഇവയുടെ ലഭ്യതക്കുറവും മറ്റ് അനുബന്ധ ചെലവുകളിലുള്ള വർദ്ധനവും കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്. തീറ്റപ്പുൽകൃഷി വ്യാപകമാക്കുന്ന തിനും തരിശു നിലങ്ങളിൽ തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഇടപെടലുകൾ ആവ ശ്യമാണ്.

കന്നുകാലികൾക്കുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളും രോഗങ്ങളും കർഷകർക്ക് ഭീമമായ സാമ്പത്തിക നഷ്ടം വരുത്തി വയ്ക്കുന്നുണ്ട്. ദുർഘട ഭൂപ്രകൃതിയും ജില്ലയിലെ വെറ്ററിനറി ഡോക്ടർമാരുടെ അതിവിസ്തൃതമായ പ്രവർത്തന മേഖലയും മൂലം മൃഗചികിത്സയും അനുബന്ധ സേവനങ്ങളും കർഷകർക്ക് ലഭ്യമാക്കുന്നതിൽ പലപ്പോഴും കാലതാമസം നേരിടുന്നുണ്ട്. അപ്രതീ ക്ഷിതമായുണ്ടാകുന്ന കന്നുകാലികളുടെ മരണവും, രോഗങ്ങളോ അപകടങ്ങളോ മൂലമുണ്ടാകുന്ന പൂർണ്ണവും സ്ഥായിയായതുമായ ഉല്പാദനനഷ്ടവും പലപ്പോഴും കർഷകരുടെ ജീവിതം തന്നെ പ്രതിസന്ധിയിലാക്കാറുണ്ട്. ഉരുക്കളുടെ ജീവന് - കുറഞ്ഞ പ്രീമിയം നിരക്കിൽ - മൃഗചികിത്സാ ചിലവ് ഉൾപ്പെടെ ഉള്ള പരിരക്ഷയോടൊപ്പം ഉടമസ്ഥരുടെ ചികിത്സ -ജീവിത പരിരക്ഷണം, വിദ്യാ ഭ്യാസ - വിവാഹ ക്ഷേമ പരിരക്ഷ, ഉൾക്കൊള്ളുന്ന സമഗ്ര ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കേണ്ട താണ്.

സമീപകാലത്ത് കൂടുതലായി കണ്ടുവരുന്ന മറ്റൊരു പ്രശ്നമാണ് കന്നുകാലികളിലെ വന്ധ്യത. ഉയർന്ന ഉല്പാദനത്തിന് ആനുപാതികമായ പോഷകാഹാര ലഭ്യതക്കുറവും പോഷക ഘടകങ്ങളുടെ തുലനമില്ലായ്മയും ഗുണമേന്മ കുറഞ്ഞ കാലിത്തീറ്റയും കാലാവസ്ഥാ വ്യതിയാനവും മറ്റിതര കാരണങ്ങളും ഇതിന് ആക്കം കൂട്ടിയിട്ടുണ്ട്.

വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ അഭാവമാണ് ഈ മേഖല നേരിടുന്ന മറ്റൊരു പ്രശ്നം. യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുക എന്നതാണ് ഇതിന് പ്രധാന പോംവഴി.

അത്യുൽപ്പാദന ശേഷിയുള്ള ഉരുക്കളുടെ ലഭ്യതക്കുറവ് കർഷകർ അഭിമുഖീകരിയ്ക്കുന്ന ഗൗരവമായ പ്രശ്നമാണ്. കന്നുകുട്ടികൾക്ക് ശാസ്ത്രീയമായ പരിപാലനം നൽകി അത്യുല്പാദന ശേഷിയുള്ള ഉരുക്കളാക്കി വളർത്തിയെടുക്കുന്നതിൽ കർഷകർക്ക് കൃത്യമായ അവബോധം ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. നല്ല ജനുസിൽ പെട്ടതും പാലുല്പാദനക്ഷമത കൂടിയതുമായ പെൺകിടാക്കളെ മാത്രം ഉൽപാദിപ്പിക്കുന്ന തരത്തിൽ പ്രജനനനയത്തിൽ മാറ്റം വരുത്താവുന്നതാണ്.

മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കേണ്ടത് മേഖലയുടെ കൂടുതൽ ലാഭകരമായ നടത്തിപ്പിന് അത്യന്താപേക്ഷിതമാണ്.പലിശ രഹിത വായ്പകൾ ലഭ്യമാക്കുന്നതു വഴി കൂടുതൽ സംരംഭകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുവാൻ സാധിക്കും.

മുട്ട ഉല്പാദന മേഖല

പ്രതിവർഷം ഏകദേശം 12 കോടിയോളം മുട്ട അന്യസംസ്ഥാനങ്ങളിൽ നിന്നും നമ്മുടെ ജില്ലയിൽ എത്തുന്നുണ്ട്. ആയതിനാൽ മുട്ടയുടെ ആഭ്യന്തര ഉൽപാദനം പ്രോത്സാഹിപ്പിച്ച് സ്വയം പര്യാപ്തത നേടുന്നതിനായി അടുക്കള മുറ്റത്തെ കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

മൃഗസംരക്ഷണ വകുപ്പിന്റേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിവിധ പദ്ധതികൾ വഴി വിതരണത്തിന് ആവശ്യമായ രീതിയിൽ കോഴിക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുവാൻ ജില്ലയിലെ സർക്കാർ ഫാമിനോ/അംഗീകൃത എഗ്ഗർ നഴ്സറിക്കോ കഴിയുന്നില്ല. ജില്ലാ കോഴി വളർത്തൽ കേന്ദ്രത്തിൽ 16000 മുട്ട ഒരേ സമയം വിരിയിക്കുവാൻ ശേഷിയുണ്ടെങ്കിലും ആവശ്യത്തിന് മുട്ട ലഭിക്കാതെ വരുന്നത് ഉൽപാദനത്തിൽ തടസ്സം സൃഷ്ടിക്കുന്നുണ്ട്. ആയതിനാൽ ഫാമിൽ നിലവിലുള്ള സ്ഥലസൗകര്യം പ്രയോജനപ്പെടുത്തി കൂടുതൽ പേരന്റ് സ്റ്റോക്കിനെ വളർത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. നമ്മുടെ ജില്ലയിൽ നിലവിൽ 19 അംഗീകൃത എഗ്ഗർ നഴ്സറികളാണുള്ളത്. കൂടുതൽ എഗ്ഗർ നഴ്സറികൾ തുടങ്ങുന്നതിന് പ്രോത്സാഹനം നൽകണം.

മാംസോത്പ്പാദന മേഖല

കേരളത്തിലാകമാനം ഉള്ളതു പോലെ നമ്മുടെ ജില്ലയിലും മാംസവിപണനം തീർത്തും അസംഘടിതമാണ്. ആയതിനാൽ അനധികൃതമായും അശാസ്ത്രീയമായും കശാപ്പുശാലകളും മാംസവിപണന ശാലകളും പ്രവർത്തിക്കുകയും ഗുണനിലവാരം കുറഞ്ഞതും രോഗബാധ ഉള്ളതു

മായ മാംസം പലപ്പോഴും വിറ്റഴിക്കപ്പെടുകയും ചെയ്യുന്നു. ഇത്തരം വിപണന ശാലകളിൽ നിന്നുള്ള മാലിന്യങ്ങൾ വലിയ സാമൂഹ്യ വിപത്തായി മാറിയിരിക്കുന്നു. മാംസോത്പാദന മേഖല യുമായി ബന്ധപ്പെട്ട് സ്റ്റാൻഡേർഡൈസേഷൻ-രജിസ്ട്രേഷൻ - ലൈസൻസിംഗ് മാതൃകകൾ രൂപ പ്പെടുത്തേണ്ടതും നിയമപരമായി നിർബന്ധമാക്കേണ്ടതുമാണ്.

വേണ്ടത്ര ശ്രദ്ധ നൽകാതെ പോകുന്ന മൂരിക്കിടാക്കളെ ഇറച്ചിക്കായി വ്യാവസായിക അടി സ്ഥാനത്തിൽ വളർത്തുവാൻ സംവിധാനം ഏർപ്പെടുത്തണം. വിനോദ സഞ്ചാര മേഖലയുമായി ബന്ധപ്പെട്ടുണ്ടാകുന്ന ഭക്ഷ്യാവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനും മാംസ ഉൽപാദനത്തിനും പന്നി വളർത്തൽ ഒരു പരിഹാരമാണ്. ആടു വളർത്തൽ, മുയൽ വളർത്തൽ, പോത്ത് കിടാക്കളുടെ വളർത്തൽ എന്നിവയ്ക്ക് അനന്ത സാധ്യതകൾ ഉണ്ട്. മതിയായ പ്രോത്സാഹനം നൽകിയാൽ ജില്ല യുടെ മാംസ സ്വയംപര്യാപ്തതയ്ക്ക് ആവശ്യമുള്ളതും, അന്യ ജില്ലകളിൽ വിതരണത്തിന് ആവശ്യ മായതുമായ കോഴിയിറച്ചി ഉൽപാദിപ്പിക്കുവാൻ നമുക്ക് കഴിയും.

അടിസ്ഥാന സൗകര്യ സേവന മേഖല

1960 ൽ മൃഗസംരക്ഷണ വകുപ്പ് ആരംഭിച്ച സമയത്ത് അനുവദിച്ച തസ്തികകൾ മാത്രമേ ഇപ്പോഴും മൃഗസംരക്ഷണ സ്ഥാപനങ്ങളിൽ ഉള്ളൂ. തദ്ദേശ സ്വയംഭരണ പദ്ധതി നിർവ്വഹണം, വകു പ്പുതല പദ്ധതി നിർവ്വഹണം വിവിധ പ്രതിരോധ കുത്തിവെയ്പ്പ് പദ്ധതികൾ ഇവയുടെ ഓൺലൈൻ റിപ്പോർട്ടിംഗ് ഉൾപ്പടെ ജോലിഭാരം പതിൻമടങ്ങ് വർദ്ധിച്ച സാഹചര്യത്തിൽ ടെക്നി ക്കൽ ജീവനക്കാരായ വെറ്ററിനറി ഡോക്ടറും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറും ക്ലറിക്കൽ ജോലി കൾ ചെയ്യേണ്ടി വരുമ്പോൾ ഏറ്റവും പ്രധാന കടമയായ മൃഗചികിത്സയ്ക്കും അനുബന്ധ സാങ്കേ തിക സേവനങ്ങൾക്കും സമയം ലഭിക്കാതെ വരുന്നു.

പാൽ, മുട്ട, മാംസോത്പാദക മേഖല നിലനിർത്തിക്കൊണ്ടു പോകാൻ ഏറ്റവും പ്രധാന ഘടകം മൃഗചികിത്സാ സൗകര്യത്തിന്റെ ലഭ്യതയാണ്. വളരെ വിസ്തൃതമായ ഇടുക്കി ജില്ലയിൽ മൃഗസമ്പത്തിനനുസൃതമായി മൃഗചികിത്സാ കേന്ദ്രങ്ങൾ ഇല്ല. കൂടാതെ കർഷകർക്ക് അറിവ് പകരു വാൻ പരിശീലന കേന്ദ്രങ്ങളോ, രോഗനിർണ്ണയത്തിന് ആധുനിക ലാബോറട്ടറികളോ തീറ്റയു ടെയും ഉത്പന്നങ്ങളുടെയും ഗുണനിലവാരം പരിശോധിക്കുവാൻ സംവിധാനങ്ങളില്ല. കൂടാതെ ചെക്ക് പോസ്റ്റുകളുടെ അവസ്ഥ പരിതാപകരവുമാണ്.

വികസന വിടവുകൾ

* പശുക്കളുടെ എണ്ണത്തിലും ഉത്പാദന ക്ഷമതയിലുള്ള കുറവ്
* ഉൽപാദനോപാദികളുടെ വില വർദ്ധനവും ലഭ്യതക്കുറവും
* ഉയർന്ന ഉൽപാദന ചിലവ്
* പാൽ വിലയിലുള്ള സർക്കാർ നിയന്ത്രണം
* സ്വതന്ത്ര സംഭരണ വിപണന ശൃംഖലകളുടെ അഭാവം.

* അയൽ സംസ്ഥാനങ്ങളിൽ നിന്നും കുറഞ്ഞ വിലയ്ക്ക് എത്തുന്ന ഉത്പന്നങ്ങൾ.
* മോശമായ തൊഴിൽ സാഹചര്യവും സാമൂഹിക അംഗീകാരവും.
* മാലിന്യ പരിസ്ഥിതി പ്രശ്നങ്ങൾ.
* തൊഴിലാളികളുടെ ലഭ്യതക്കുറവ്.
* വായ്പ ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ.
* രോഗങ്ങളും ഉയർന്ന ചികിത്സ ചിലവും.
* യന്ത്രവൽക്കരണത്തിന്റെ കുറവ്.
* തീറ്റ, ഉൽപന്നങ്ങൾ ഇവയുടെ ഗുണനിലവാര പരിശോധന സംവിധാനമില്ലായ്മ.
* തുടർ പദ്ധതികളുടെ അഭാവം.
* ശാസ്ത്രീയമായ മാംസോൽപാദന സംസ്കരണ സംവിധാനമില്ലയ്മ.
* ഉൽപാദന ഉപാദികൾക്കും ഉൽപ്പന്നങ്ങൾക്കും മേലുള്ള അന്യസംസ്ഥാന ലോബിയുടെ വില നിയന്ത്രണം.
* കാര്യക്ഷമമല്ലാത്ത ചെക്ക് പോസ്റ്റുകൾ.
* പുതു തലമുറയുടെ താൽപര്യക്കുറവും ആകർഷിക്കാനുള്ള പദ്ധതികളുടെ അഭാവവും.
* പദ്ധതി ധനസഹായത്തിന് അശാസ്ത്രീയമായ സാമ്പത്തിക മാനദണ്ഡം.
* ആട്,എരുമ പാലിന് പ്രത്യേകമായി വിപണി ഇല്ല.
* പരുഷാഹാരത്തിന്റെയും വെള്ളത്തിന്റെയും ലഭ്യതക്കുറവ്.
* അസംഘടിതരായ കർഷകർ.
* ശാസ്ത്രീയ മൃഗപരിപാലനത്തിലെ അജ്ഞത.
* ഏക ജാലക ലൈസൻസിംഗ് സംവിധാനമില്ലയ്മ.
* വായ്പകളുടെ ഉയർന്നപലിശ നിരക്ക്.
* ചികിത്സ ചിലവ് ഉൾപ്പെടുന്ന ഇൻഷുറൻസ് പദ്ധതി ഇല്ലാത്തതും ഉയർന്ന പ്രീമിയം നിരക്കും.
* കന്നുകാലി സമ്പത്തിന് ആനുപാതികമായി മൃഗസംരക്ഷണ സ്ഥാപനങ്ങൾ ഇല്ലാത്തതും ജീവനക്കാരുടെ കുറവും.
* ഫാം ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നില്ല.
* തനതു ജനുസ്സുകളുടെ സംരക്ഷണത്തിന് പ്രാധാന്യം നൽകുന്നില്ല.

മൃഗസംരക്ഷണ-ക്ഷീര വികസന മേഖല പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ

പാൽ ഉൽപാദന മേഖല

ജീവനോപാധി എന്ന നിലയിലും കൃഷിയുടെ അഭിഭാജ്യഘടകമെന്നതിനാലും കാർഷികോൽപന്നങ്ങളുടെ വില സ്ഥിരതയില്ലായ്മയിൽ ഒരു സാന്ത്വനമെന്ന നിലയിലും കൂടുതൽ പേർ ഈ മേഖ

ലയിലേയ്ക്ക് കടന്നു വരുന്നതിനാൽ ഇവിടെ ഉത്പാദിപ്പിക്കപ്പെടുന്ന അധികം പാൽ സമീപ ജില്ലകളിലേയ്ക്ക് വിതരണം നടത്തുവാൻ സാധിക്കുന്നുണ്ട്. ആയതിനാൽ ഉത്പാദനം വർദ്ധിപ്പിച്ചാലും വിപണി ലഭ്യമാണ്. ഇതിനായി

- നല്ല ജനുസ്സിൽപെട്ടതും പാൽ ഉത്പാദനക്ഷമത തെളിയിക്കപ്പെട്ടത്(പ്രോവൺ) ബീജം, പെൺകിടാക്കളെ മാത്രം ഉത്പാദിപ്പിക്കാവുന്ന ബീജം എന്നിവ വിതരണം ചെയ്യുക.
- പ്രതിദിന പാൽ സംഭരണം 1.82 ലക്ഷം ലിറ്റിൽ നിന്നും 3 ലക്ഷം ലിറ്ററായി വർദ്ധിപ്പിക്കുവാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ഉത്പാദന ഇൻസെന്റീവും നൽകുക.
- ജില്ലയിലെ പുൽകൃഷി വിസ്തീർണ്ണം 2% നിന്ന് 10% ആക്കുക സൈലേജ് നിർമ്മാണം, അസോള കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക, ഫോഡർ ബാങ്ക് ആരംഭിക്കുക.
- ഇടത്തരം - വലുത് ഫാമുകളെ പ്രോത്സാഹിപ്പിക്കുക.
- ജില്ലയിൽജനിക്കുന്ന മുഴുവൻ കന്നുകുട്ടികളെയും പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തുക.
- ഉടമസ്ഥരുടെ ആരോഗ്യസംരക്ഷണം കൂടി ഉൾപ്പെടുന്ന കന്നുകാലി ഇൻഷുറൻസ് പദ്ധതി ആരംഭിക്കുക.
- മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉൽപാദനവും വിപണനവും വർദ്ധിപ്പിക്കുക.
- ഫാമുകളുടെ പൂർണ്ണ യന്ത്ര വത്ക്കരണത്തിനും (മിൽ കൂളറുകൾ ഉൾപ്പടെ) ധന സഹായം നൽകുക
- പലിശ രഹിത വായ്പ അനുവദിക്കുക.
- ജൈവവള ഉത്പാദനം, ബയോഗ്യാസ്, മണ്ണിര കമ്പോസ്റ്റ് എന്നിവ പ്രോത്സാഹിപ്പിക്കുക.
- മഴവെള്ള സംഭരണം, പടുതാക്കുളങ്ങൾ, കിണർ റീചാർജ്ജ് പ്രോത്സാഹിപ്പിക്കുക.
- മൃഗങ്ങളെ വാങ്ങുന്നതിനും വിൽക്കുന്നതിനും സ്ഥിരം ചന്തകൾ രൂപീകരിക്കുക.
- നല്ലയിനം ജനുസ്സിൽപെട്ട മൃഗങ്ങളെ ഉത്പാദിപ്പിക്കുന്നതിനും സാറ്റലൈറ്റ് യൂണിറ്റുകൾ ഉൾപ്പെടുത്തി പ്രോജനി ബാങ്ക് ആരംഭിക്കുക.

<u>മുട്ട ഉത്പാദന മേഖല</u>

പ്രതിവർഷം 12 കോടി മുട്ട നമ്മുടെ ജില്ലയിൽ ഇറക്കുമതി ചെയ്യപ്പെടുന്നു. വീട്ടുമുറ്റത്തെ കോഴി വളർത്തൽ ആണ് ഈ ജില്ലയ്ക്ക് അഭികാമ്യം. നല്ലയിനം കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുകയും മുട്ടയുടെ സംഘടിത വിപണന ശൃംഖല രൂപപ്പെടുത്തുകയും ചെയ്താൽ ഈ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാക്കുവാൻ സാധിക്കും ഇതിനായി

- ഈ ജില്ലയിൽ തന്നെ കൊത്തുമുട്ട ഉത്പാദിപ്പിക്കുന്നതിനുള്ള പേരന്റ് സ്റ്റോക്കും ഹാച്ചറിയും ആരംഭിക്കുക.
- എഗ്ഗർ നേഴ്സറികൾ പുതുതായി ആരംഭിക്കുകയും നിലവിലുള്ളവയ്ക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക.
- വീട്ടുമുറ്റത്തെ കോഴി വളർത്തൽ യൂണിറ്റുകൾ (10 മുതൽ 50 വരെ) ആരംഭിക്കുക.
- പേരന്റ് സ്റ്റോക്കിനെ വളർത്തുവാൻ ചെറിയ സാറ്റലൈറ്റ് യൂണിറ്റുകൾ ആരംഭിക്കുക.
- സംഘടിത മുട്ട വിപണന ശൃംഖല ക്ഷീര സംഘങ്ങൾ വഴിയോ കുടുംബശ്രീ വഴിയോ ആരംഭിക്കുക.
- കോഴിത്തിറ്റ വില കൂടുതലായതിനാൽ ഉത്പാദക ഇൻസന്റീവ് നൽകുക.
- കോഴിത്തീറ്റയുടെ ഗുണ നിലവാരം ഉറപ്പു വരുത്തുക.
- ഈ ജില്ലയിൽ മുട്ട ഉത്പാദന വിപണന രംഗത്തെ സംഘടിത ശക്തിയാക്കുവാൻ ഒരു പ്രൊഡ്യൂസർ കമ്പനിയോ, സഹകരണ- സർക്കാർ, ഇതര സംഘടനകളോ ആരംഭിക്കുക.

<u>മാംസ ഉത്പാദന മേഖല</u>

ലോകാരോഗ്യസംഘടനയുടെ നിർദ്ദേശ പ്രകാരം 22,000 ടൺ മാംസത്തിന്റെ കുറവുണ്ട്. ആയതിനാൽ പോത്ത്, മൂരിക്കിടാവ് വളർത്തൽ, പന്നി, ആട്, ഇറച്ചിക്കോഴി, താറാവ്,കാട, മുയൽ എന്നിവയുടെ വളർത്തൽ പരമാവധി പ്രോത്സാഹിപ്പിക്കേണ്ടതും സുരക്ഷിതമായ മാംസം ഉറപ്പുവരുത്തുവാൻ സാധ്യമായ സ്ഥലങ്ങളിൽ ആധുനിക അറവുശാലകളും വിപണന കേന്ദ്രങ്ങളും ആരംഭിക്കുകയും വേണം ഇതിനായി

- പോത്ത് / മൂരി, ആട്, പന്നി ഇറച്ചിക്കോഴി, താറാവ്/കാട, മുയൽ വളർത്തുന്നവരുടെ വെവ്വേറെ സംഘങ്ങൾ/സംഘടനകൾ/സഹകരണ പ്രസ്ഥാനങ്ങൾ രൂപീകരിച്ച് കുഞ്ഞുങ്ങളു ശേഖരണം, തീറ്റ ഉൽപാദനം, തീറ്റ ശേഖരണം, അറവുശാലകളുടെ നടത്തിപ്പ്, വിപണനം, ലൈസൻസിംഗ് എന്നിവയിൽ സംഘടിത പ്രവർത്തനങ്ങൾ നടത്തണം.

- കുട്ടികളുടെ ഉത്പാദനത്തിനു മാത്രമായി വൻകിട ഫാമുകൾ സ്വകാര്യ മേഖലയിൽ ആരംഭിക്കുകയും ഉൽപ്പന്നങ്ങൾക്ക് ഇൻസെന്റിവ് നൽകുകയും വേണം. ഇതോടു ചേർന്ന പ്രദേശങ്ങളിൽ വിതരണ പ്രായം വരെ വളർത്തുവാൻ സാറ്റലൈറ്റ് യൂണിറ്റുകൾ ആരംഭിക്കണം.
- ഫാമുകളുടെ ലൈസൻസിംഗ് നിർബന്ധമാക്കുകയും നടപടിക്രമങ്ങൾ ലളിതമാക്കുകയും വേണം.
- അറവിനു മുൻപും പിൻപുമുള്ള പരിശോധനകൾക്കായി പ്രത്യേക വിഭാഗം ആരംഭിക്കണം.

- സ്വകാര്യ സഹകരണ മേഖലയിൽ ബ്രോയിലർ പേരന്റ് സ്റ്റോക്കും ഹാച്ചറികളും ആരംഭിക്കുകയും എല്ലാ സമയത്തും നിശ്ചിത തുകയ്ക്ക് ഇറച്ചി കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുവാൻ ഉത്പാദക ബോണസ് നൽകുകയും വേണം.
- മാലിന്യ സംസ്ക്കരണത്തിന് റെൻഡറിംഗ് പ്ലാന്റുകൾ സ്ഥാപിക്കണം.
- നിശ്ചിത അളവിൽ കൂടുതൽ മാംസം ഉൽപ്പാദിപ്പിക്കുന്നവർക്ക് വൈദ്യുതി ഇളവ് നൽകണം.

<u>അടിസ്ഥാന സൗകര്യ വികസനം</u>

- 45 ചതുരശ്ര കിലോമീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ളതും പക്ഷി വർഗ്ഗം ഒഴികെ 5000 അധികം വളർത്തു മൃഗങ്ങളുള്ള പഞ്ചായത്തുകളിൽ ഒന്നിലധികം ആശുപത്രികൾ ആരംഭിക്കണം.
- ക്ലറിക്കൽ ജീവനക്കാരെ നിയമിക്കുകയോ ദിവസക്കൂലി അടിസ്ഥാനത്തിൽ ജീവനക്കാരെ ആവശ്യാനുസരണം നിയമിക്കുവാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകണം.
- 500 കന്നുകാലികൾക്ക് ഒരു കൃത്രിമ ബീജദാന കേന്ദ്രം എന്ന നിരക്കിൽ ആരംഭിക്കണം.
- ഇടുക്കി താലൂക്കിൽ പുതുതായി മേഖല മൃഗസംരക്ഷണ കേന്ദ്രം അനുവദിക്കണം
- അതിർത്തിയിലെ ചിന്നാറിൽ പുതുതായി ജന്തുരോഗ നിവാരണ ചെക്കുപോസ്റ്റ് സ്ഥാപിക്കണം. നിലവിൽ കുമളി, കമ്പംമെട്ട്, ബോഡിമെട്ട് ചെക്ക്പോസ്റ്റുകൾ നവീകരിക്കുകയും അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുകയും വേണം.
- മൂന്നാറിൽ റീജിയണൽ ലാബോറട്ടറി സ്ഥാപിക്കണം.
- പീരുമേട്, ഉടുമ്പൻചോല താലൂക്കുകളിൽ വെറ്ററിനറി പോളി ക്ലിനിക്കുകൾ ഇല്ലാത്തതിനാൽ കുമളി വെറ്ററിനറി ഡിസ്പെൻസറിയെയും നെടുങ്കണ്ടം വെറ്ററിനറി ഹോസ്പിറ്റലിനെയും പോളിക്ലിനിക്കായി ഉയർത്തണം.
- ഇടുക്കി, ഇളംദേശം ബ്ലോക്കുകളിൽ വെറ്ററിനറി ഹോസ്പിറ്റലുകൾ ഇല്ലാത്തതിനാൽ വാത്തിക്കുടി, കരിമണ്ണൂർ വെറ്ററിനറി ഡിസ്പെൻസറികളെ അപ്ഗ്രേഡ് ചെയ്ത് ഹോസ്പിറ്റലുകൾ ആക്കണം.
- വാഗമൺ മൊബൈൽ ഫാം എയ്ഡ് യൂണിറ്റ് അപ്ഗ്രേഡ് ചെയ്ത് ഡിസ്പെൻസറി ആക്കണം.
- വാഗമൺ പരിശീലന കേന്ദ്രം പൂർണ്ണമായും പ്രവർത്തനം ആരംഭിക്കണം.
- ബ്ലോക്ക് തലത്തിൽ ആംബുലൻസ് സംവിധാനം ഏർപ്പെടുത്തണം.
- ബ്ലോക്ക് തലത്തിൽ രാത്രികാല ചികിത്സാ സംവിധാനത്തിനായി സ്ഥിരം കേന്ദ്രം ആരംഭിക്കണം.

- കോലാനി പന്നി - കോഴി വളർത്തൽ കേന്ദ്രം വിപുലപ്പെടുത്തണം.
- മറ്റ് ജില്ലകളിലെപ്പോലെ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്ക് പ്രത്യേക വിംഗ് അനുവദിക്കണം.

മറ്റുള്ളവ

- ഫാം ടൂറിസം പദ്ധതികളെ സഹായിക്കണം.
- എ.ബി.സി പ്രോഗ്രാം കാര്യക്ഷമമാക്കണം.
- ന്യായ വില മെഡിക്കൽ ഷോപ്പുകൾ ആരംഭിക്കണം.
- മൃഗസംരക്ഷണം പാഠ്യപദ്ധതിയുടെ ഭാഗമാക്കുണം.
- പദ്ധതി മാനദണ്ഡങ്ങളിൽ കാതലായ മാറ്റം വരുത്തണം.
- വിപണന ചന്തകൾ സ്ഥാപിക്കണം.

വികസന പരിപ്രേക്ഷ്യം

- ഉൽപാദവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുക.
- ആധുനിക വൽകരണവും യന്ത്രവൽക്കരണവും നടപ്പിലാക്കുക.
- മേഖലയെ കൂടുതൽ ലാഭകരമാക്കുക.
- ഭക്ഷ്യ സ്വയംപര്യാപ്തതയും സുരക്ഷിത ഭക്ഷണവും ഉറപ്പാക്കുക.
- മേഖലയെ പരിസ്ഥിതി - നിക്ഷേപ സൗഹൃദപരമാക്കുക.
- പൊതുജനാരോഗ്യം കാത്തു സുക്ഷിക്കുക.
- മേഖലയുടെ സാമൂഹ്യ അംഗീകാരം ഉയർത്തുക.
- ക്ഷേമ പരിപാടികളും ഉൽപാദന ഇൻസെന്റീവും ഉൾപ്പെടുത്തുക.
- ഉൽപാദനോപാദികളും മൃഗങ്ങളുടെ കുഞ്ഞുങ്ങൾ /കുട്ടികൾ എന്നിവയെ ന്യയ വിലയ്ക്ക് ലഭ്യമാക്കുക.
- ജന്തുജന്യ രോഗങ്ങൾ തടയുക.
- ഉറവിട മാലിന്യ സംസ്ക്കരണവും ജൈവ വള നിർമ്മാണവും പ്രോത്സാഹിപ്പിക്കുക.
- തനതു ജനുസ്സുകളുടെ സംരക്ഷണം ഉറപ്പാക്കുക
- മൂല്യവർദ്ധനവ് പരമാവധി ആക്കുക
- ഫാം ടുറിസം പ്രോത്സാഹിപ്പിക്കുക.
- ശാസ്ത്രീയ അിറവുകളുടെ സംയോജിതമായ കൈമാറ്റം സാധ്യമാക്കുക
- ചികിത്സയും ചികിത്സാ ചിലവും കുറക്കുക.

- വായപാ നടപടികൾ ലഘൂകരിച്ച് പലിശ സബ്സിഡി ഏർപ്പെടുത്തുക
- സ്ഥിരം വിപണന ശൃംഖലകൾ രൂപീകരിക്കുക.
- ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
- ലൈസൻസിംഗ് നിർബന്ധമാക്കുകയും നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്യുക.
- ഈ മേഖലയിലുള്ളവർക്ക് താക്കോൽ സ്ഥാനങ്ങളിൽ സംവരണം നൽകുക.

ഹ്രസ്വകാല ലക്ഷ്യങ്ങൾ

- പാലുൽപാദനം പ്രതിവർഷം 20 ശതമാനം തോതിൽ വർദ്ധിപ്പിക്കുക.
- പാൽ സംഭരണം ഇരട്ടിയാക്കുക.
- പ്രതി വർഷം രണ്ട് കോടി മുട്ട അധികമായി ഉൽപാദിപ്പിക്കുക.
- മുട്ടയുടെ സ്ഥിര സംഭരണ വിപണന ശൃംഖല സ്ഥാപിക്കുക.
- മാംസ ഉൽപാദനം പ്രതിവർഷം 20% വർദ്ധപ്പിക്കുക.
- തെരുവുനായ നിയന്ത്രണ പദ്ധതി നടപ്പിലാക്കുക.
- പുൽകൃഷിയുടെ വിസ്തൃതി പ്രതി വർഷം ഒരു ശതമാനം വർദ്ധിപ്പിക്കുക
- പ്രതിവർഷം രണ്ട് ആധുനിക അറവുശാലകൾ, ഒരു ഹാച്ചറി, ഒരു പേരന്റ്, സ്റ്റോക്ക് യൂണിറ്റ്, അഞ്ച് എഗ്ഗർ നേഴ്സറികൾ എന്നിവ ആരംഭിക്കുക.
- പ്രതിവർഷം ഒരു ഫാം ടൂറിസം പദ്ധതി ആരംഭിക്കുക.
- പ്രതിവർഷം രണ്ട് പാൽ സൊസൈറ്റികൾ കൂടി ആരംഭിക്കുക.
- കോലാനി, പന്നി / കോഴി വളർത്തൽ കേന്ദ്രത്തിന്റെ ശേഷി പ്രതിവർഷം 50% വർദ്ധിപ്പിക്കണം.

ദീർഘകാല ലക്ഷ്യങ്ങൾ

- തെക്കൻ കേരളത്തിന്റെ പാൽ ആവശ്യകത നിറവേറ്റുക.
- മുട്ടയുടെ സ്വയം പര്യാപ്തതയും കയറ്റുമതിയും സാധ്യമാക്കുക.
- സാധ്യമായ സ്ഥലങ്ങളിൽ ആധുനിക അറവുശാലകളും വിപണന സ്റ്റാളുകളും സ്ഥാപിക്കുക.
- ഒരേ തരം മൃഗങ്ങളെ വളർത്തുന്നവരെ കുടുംബശ്രീ മാതൃകയിൽ സംഘടനാ സംവിധാനത്തിൽ കൊണ്ടുവരുക.
- ജില്ലക്കാവശ്യമായ മൃഗങ്ങളുടെ കുട്ടി/കുഞ്ഞുങ്ങളെ ന്യായ വിലയക്ക് വർഷത്തിലുടനീളം ലഭ്യമാക്കുവാനുള്ള ഉത്പ്പാദന യൂണിറ്റുകളും സാറ്റലൈറ്റ് യൂണിറ്റുകളും ആരംഭിക്കുക.
- പരമാവധി യന്ത്രവൽക്കരണവും ആധുനികവൽക്കരണവും നടപ്പിലാക്കുക

- ❖ ജന്തുജന്യ രോഗങ്ങൾ തുടച്ചു നീക്കുക.
- ❖ വലിയ ഫാമുകൾ ആരംഭിക്കുക.
- ❖ തീറ്റപ്പുൽ, ജൈവവളം എന്നിവ വ്യാവസായികാടിസ്ഥാനത്തിൽ ഉൽപാദിപ്പിക്കുക.
- ❖ ഫാം ടൂറിസം കൂടുതലായി ആരംഭിക്കുക.
- ❖ മൃഗ ചികിത്സ സേവനം ആധുനികവൽക്കരിക്കുക.

മുൻഗണനകൾ

1. പാൽ, മുട്ട, മാംസ ഉത്പാദനം വർദ്ധിപ്പിക്കൽ, വിപണനം
2. ചികിത്സാ സൗകര്യങ്ങൾ വിപുലീകരിക്കൽ
3. പൊതുജനാരോഗ്യസംരക്ഷണ പരിപാടികൾ
4. മാലിന്യസംസ്ക്കരണം, തെരുവനായ നിയന്ത്രണം
5. ഗുണമേന്മ പരിശോധന, ബോധവൽക്കരണപരിപാടികൾ
6. ഫാം ടൂറിസം.

പ്രത്യേക പദ്ധതി നിർദ്ദേശങ്ങൾ

1. ലൈവ്സ്റ്റോക്ക് പാർക്ക് പദ്ധതി

ഇടുക്കി ജില്ലയിലെ പീരുമേട് നിയമ സഭാ മണ്ഡലത്തിലെ രണ്ടു പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ തേക്കടി, വാഗമൺ പ്രദേശങ്ങൾ ഉൾപ്പെടുന്നതു മൂലം ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്ന രീതിയിൽ- വ്യവസായ പാർക്ക് മാതൃകയിൽ - സർക്കാർ ഭൂമിയിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കി സ്വാകര്യ സംരംഭങ്ങൾ തുടങ്ങുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇതുമൂലം ടൂറിസം, ഉത്പാദന മേഖലകളിൽ വൻനേട്ടം ഉണ്ടാക്കാം.

	സ്ഥലം ആവശ്യമുള്ളത്	**ഏക്കർ**
1	പശു വളർത്തൽ	10
2	ആടു വളർത്തൽ	10
3	പന്നി വളർത്തൽ	10
4	കോഴി വളർത്തൽ (ഹാച്ചറി ഉൾപ്പെടെ)	20
5	മാലിന്യ സംസ്കരണം(ജൈവവള ഉത്പാദനം)	10
6	മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണം- ഉത്പന്ന വിപണനം	10
7	തീറ്റപ്പുൽകൃഷി	25
8	ഫാം ടൂറിസം	5
	ആകെ	**100**

തിരഞ്ഞെടുക്കപ്പെടുന്ന സ്ഥലത്തിന്റെ അവസ്ഥ നിലനിർത്തിക്കൊണ്ടും ആവശ്യ ഘടകങ്ങളുടെ സംഘടിതമായ ശേഖരണവും, ഉത്പന്നങ്ങളുടെ സംഘടിത വിപണനവും, ഫാം ടൂറിസം വരുമാനത്തിന്റെ ഒരു ഭാഗം ഉത്പാദകർക്ക് ബോണസായി നൽകുന്നതും സാധ്യമെങ്കിൽ തിരഞ്ഞെടു

ക്കപ്പെടുന്ന സ്ഥലത്ത് കാറ്റാടി, സോളാർ, ജൈവ ഇന്ധനം, ബയോഗ്യാസ് എന്നിവയിൽ നിന്ന് ഊർജ്ജ ഉത്പാദനവും തേയിലതോട്ടം തൊഴിലാളികളുടെ പുനരധിവാസവും ഈ പദ്ധതി ലക്ഷ്യമിടുന്നു.

ഒരു നോഡൽ ഓഫീസറുടെ കീഴിൽ കേരള മൃഗസംരക്ഷണ-ക്ഷീര വികസന-കൃഷി-ടൂറിസം-വ്യവസായ-ഫിഷറീസ്-വന വകുപ്പുകളുടെ ഏകോപനത്തോടു കൂടി തന്നെ ഈ പ്രദേശത്തുള്ള കെ.എൽ.ഡി ബോർഡ്, ഡയറി സയൻസ് കോളേജ്, കുരിശുമല ആശ്രമം,പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി എന്നിവരുടെ സഹായവും ലഭ്യമാക്കണം.

ഇത് പ്രധാനമായും പാൽ, മുട്ട, ഇറച്ചിയുടേയും അവയുടെ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെയും ജൈവവളം, ഇന്ധനം, ഊർജ്ജം, ടൂറിസം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു. കുഞ്ഞുങ്ങളുടെ ഉൽപാദനം ഇവിടെ ഉദ്ദേശിക്കുന്നില്ല. ട്രാം കാറുകൾ, റോപ് വേ എന്നിവയും അനിമൽ സോഷ്യലൈസേഷൻ, അമ്യൂസ്മെന്റ് സൗകര്യങ്ങളും ഏർപ്പെടുത്താം. ഈ പാർക്കിൽ തന്നെ മൃഗചികിത്സാ-പ്രതിരോധ കേന്ദ്രം ഉണ്ടാവണം. പന്നി വളർത്തൽ പോലുള്ള ഘടകങ്ങൾ ടൂറിസം മേഖലയിൽ നിന്ന് ഭക്ഷണ അവശിഷ്ടങ്ങൾ നീക്കുവാൻ സഹായിക്കും.

പ്രോജനി ബാങ്ക് പദ്ധതി (മറുനാടൻ മലയാളികളുടെ പുനരധിവാസ പദ്ധതി)

ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള സ്ഥലം പ്രയോജനപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങളായ പുറംവേലി, റോഡ്, വൈദ്യുതി, വെള്ളം, ചികിത്സാ പ്രതിരോധ സംവിധാനങ്ങൾ, ബയോ സെക്യൂരിറ്റി എന്നിവ ഏർപ്പെടുത്തി പ്രധാനമായും വിദേശ മലയാളികളെ- പ്രത്യേകിച്ചും മടങ്ങിയെത്തുന്നവരെ ഉപയോഗിച്ച് വിവിധ മൃഗങ്ങളുടെ ഗുണമേന്മയുള്ള കുട്ടികളെ ഉത്പാദിപ്പിച്ച് ന്യായവിലയ്ക്ക് ഈ ജില്ലയിൽ എല്ലാ സമയവും ലഭ്യമാക്കുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. (ഉദാ:- ഇറച്ചി കോഴിക്കുഞ്ഞുങ്ങളെ 20-25 രൂപ നിരക്കിൽ വർഷത്തിലെ എല്ലാ ദിവസവും ലഭ്യമാക്കുന്നതുമൂലം 20 മുതൽ 52 രൂപ വരെ അന്യസംസ്ഥാന ലോബിയുണ്ടാക്കുന്ന വിലവ്യതിയാനത്തിലൂടെയുള്ള കൊള്ള അവസാനിപ്പിച്ച് ഇറച്ചി കോഴി വ്യവസായത്തെ പിടിച്ച് നിർത്താവുന്നതാണ്). ഇവിടെ പാൽ മുട്ട, ഇറച്ചി, ജൈവ വളം എന്നിവ ഉപഉത്പന്നങ്ങൾ മാത്രമാണ്. ഇവിടെ ഉത്പാദിപ്പിക്കുന്ന കുഞ്ഞുങ്ങളെ പ്രത്യേക പ്രോട്ടോകോൾ പ്രകാരം നിശ്ചിത പ്രായം വരെ വളർത്തുവാൻ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതും പരിശീലനം നൽകപ്പെട്ടിട്ടുള്ളതുമായ ഇടുക്കി ബ്ലോക്ക് പഞ്ചായത്തിലെ കർഷകരെ ഉപയോഗിച്ച് സാറ്റലൈറ്റ് യൂണിറ്റുകൾ ആരംഭിക്കുന്നത് ഈ മേഖലയുടെ തൊഴിൽ-വരുമാന വർദ്ധനവിനും ജൈവ വളസമ്പുഷ്ടിക്കും കാർഷികോത്പാദന വർദ്ധനവിനും സഹായിക്കും.

ഗ്രോ കോളനി പദ്ധതി

പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ പോലെ ഗതാഗത സൗകര്യങ്ങളുടെ കുറവും ഉത്പന്നങ്ങളുടെ വിപണന സൗകര്യക്കുറവുള്ളതും വരുമാനവും ജീവിത നിലവാരവും കുറഞ്ഞതുമായ

പ്രദേശങ്ങൾക്കുള്ള മാംസോത്പാദന പദ്ധതിയാണിത്. ഇവിടെ പോത്ത്/മൂരിക്കിടാക്കളെ വളർത്തി ഇറച്ചി ഉത്പാദിപ്പിക്കുന്നത് തുടർ പദ്ധതിയാകണം.

ഒരു കുടുംബത്തിന് രണ്ട് പോത്ത്/മൂരിക്കിടാക്കളെ വീതം 4 മാസം ഇടവിട്ട് സൗജന്യമായി ആദ്യ രണ്ടു വർഷം നൽകി (ആകെ 12 എണ്ണം) അവ വലുതാകുന്ന മുറയ്ക്ക് മാസ ചന്തകൾ സ്ഥാപിച്ച് (ഇടനിലക്കാരില്ലാതെ) വിപണനം നടത്തുകയും ഇവരെ ഉൾപ്പെടുത്തി സഹകരണ സംഘങ്ങൾ രൂപീകരിച്ച് വിപണനത്തിൽ വരുന്ന ലാഭത്തിന്റെ ഒരു ഭാഗം നിക്ഷേപമാക്കി ഈ പദ്ധതി രണ്ടു വർഷത്തിനു ശേഷവും തുടരണം.

കാടുകളിൽ അഴിച്ചു വിട്ടു വളർത്തുകയോ, കാടുകളിൽ നിന്ന് പരുഷാഹാരം ശേഖരിച്ചു നൽകിയും തനതായ അസംസ്കൃത വസ്തുക്കൾ ഉപയോഗപ്പെടുത്തിയും ചിലവുകുറഞ്ഞ രീതിയിൽ കൊഴുപ്പ് കുറഞ്ഞ ജൈവ ഇറച്ചി ഉത്പാദനം സാധ്യമാക്കും. ഇവിടെ ഉത്പാദിപ്പിക്കുന്ന ജൈവവളം തദ്ദേശ കൃഷിയുടെ (ഉദാ:- കാട്ട്ഏലം) ഉത്പാദന വർദ്ധനവിനും ഉപയോഗിക്കാവുന്നതാണ്. ഇവയ്ക്ക് ക്രമമായ വിര-ബാഹ്യ പരാദ നിയന്ത്രണം നൽകുകയും മറ്റു സമീകൃത കാലിത്തീറ്റ നൽകാത്ത രീതിയിൽ വളർത്തേണ്ടതുമാണ്.

ജൈവ വൈവിദ്ധ്യത്തെ നശിപ്പിക്കുമെന്നതിനാൽ ആടുകളെയും മലിനീകരണ പ്രശ്നമുണ്ടാകുമെന്നതിനാൽ പന്നികളെയും പക്ഷിപനി പോലുള്ള രോഗ സാധ്യതകളുള്ളതിനാൽ പക്ഷി വർഗ്ഗങ്ങളേയും ഈ പദ്ധതിയിൽ ശുപാർശ ചെയ്യുന്നില്ല. കാട്ടു മൃഗങ്ങൾ പ്രവേശിക്കാത്ത രീതിയിലുള്ള കൂടിന്റെ നിർമ്മാണം വളരെ അത്യന്താപേക്ഷിതമാണ്. ഇടമലക്കുടിയിൽ തൊഴിൽദായക പദ്ധതിയായി ഇത് നടപ്പിലാക്കാവുന്നതാണ്.

മറയൂർ സൈലേജ് പദ്ധതി

കൂൾ സീസൺ പച്ചക്കറികളുടെ വിളനിലമാണ് മറയൂർ, കാന്തല്ലൂർ മേഖലകൾ. എന്നാൽ വിളവെടുപ്പിനു ശേഷമുള്ള പച്ചക്കറി ചെടികൾ/പയറുവർഗ്ഗ ചെടികൾ മണ്ണിൽ ഉഴുതു ചേർക്കുകയാണ് ചെയ്യുന്നത്. ഇത് സൈലേജ് ആക്കി മാറ്റിയാൽ ജില്ലയുടെ ഇതര ഭാഗങ്ങളിൽ ഹോട്ട് സീസൺ (ജനുവരി-മെയ്) മാസങ്ങളിൽ പരുഷാഹാരത്തിലുണ്ടാകുന്ന കുറവ് പോഷക സംപുഷ്ടമായ സൈലേജ് ഉത്പാദനം മൂലം പരിഹരിക്കുവാനും ഇതര സംസ്ഥാനങ്ങളിൽ നിന്നു വരുന്നതും പോഷകങ്ങൾ ഇല്ലാത്തതുമായ വൈക്കോലിനെപ്രതിരോധിക്കുവാൻ സാധിക്കും. മറയൂർ ശർക്കര ഉത്പപ്പാദിപ്പിക്കുമ്പോൾ ലഭിക്കുന്ന ജാഗ്ഗറി സൈലേജ് ഉണ്ടാക്കുവാൻ ഉപയോഗിക്കാം.

നീരെടുത്ത കരിമ്പിൻ തണ്ടുകൾ കോർത്ത് ഉള്ളിൽ പ്ലാസ്റ്റിക് ആവരണം (ടാർപോളിൻ) നൽകി സൈലോകൾ നിർമ്മിക്കുവാൻ സാധിച്ചേക്കും.

മിൽക് പ്ലസ് പദ്ധതി (പാൽ)

നമുക്ക് ആട്ടിൻപാൽ, മുട്ട, ജൈവ പച്ചക്കറി, നാടൻ പശുവിന്റെ പാൽ എന്നിവയ്ക്കായി പ്രത്യേക വിപണന സൗകര്യങ്ങൾ കുറവാണ്. പഞ്ചായത്തു തലത്തിൽ എക്കോഷോപ്പുകൾ അനുവദിച്ചുവെങ്കിലും തീർത്തും ജൈവരീതിയിൽ നമ്മുടെ തൊടികളിൽ ഉത്പാദിപ്പിക്കപ്പെടുന്ന കുറച്ചു

മാത്രം പച്ചക്കറികൾ(ചെറിയ തൂക്കം) അവിടെ എത്തിക്കുക എന്നത് അപ്രായോഗികമാണ്. കൂടാതെ ആട്ടിൻപാൽ, എരുമപ്പാൽ, നാടൻ പശുവിൻ പാൽ എന്നിവയ്ക്ക് ആവശ്യക്കാരുണ്ടെങ്കിലും പ്രത്യേക വിപണനസംവിധാനമില്ല. ഇവ പശുവിൻപാലിൽ ചേർന്നു പോകുന്നതു കൊണ്ട് കർഷകനു ലഭിക്കേണ്ട കൂടിയ വില നഷ്ടപ്പെടുകയും അവ ആവശ്യമുള്ള ഉപഭോക്താക്കൾക്ക് ലഭിക്കാതിരിക്കുകയുംചെയ്യുന്നു. കൂടാതെ വീട്ടിൽ ഉത്പാദിപ്പിക്കപ്പെടുന്ന നാടൻ മുട്ടയ്ക്ക് ഒരു പരിധിക്കപ്പുറം വിപണനം സാധ്യമല്ല.

ക്ഷീരകർഷകർ ദിവസവും രണ്ടു തവണ ക്ഷീരസംഘങ്ങളിൽ പോകുന്നവരായതിനാൽ മേൽ പറഞ്ഞ ഉത്പന്നങ്ങൾ ഫാം ഫ്രഷ് ആയി എത്രയും കുറഞ്ഞ അളവിലാണെങ്കിൽ പോലും അവിടെയെത്തിക്കുവാൻ സാധിക്കും. സംഘത്തിലെ ജീവനക്കാർക്ക് ഇൻസെന്റീവ് നൽകി പ്രവർത്തന സമയം കൂട്ടി (നിലവിൽ പാൽ സൊസൈറ്റികൾ രാവിലെയും വൈകിട്ടും മാത്രമേ പ്രവർത്തിക്കുന്നുള്ളൂ) ഇവയുടെ സംഭരണവും വിപണനവും നടത്തിയാൽ കർഷകർക്ക് ജൈവ ഉത്പന്നങ്ങൾ നല്ല വിലയ്ക്ക് അധിക അധ്വാനം കൂടാതെ വിറ്റഴിക്കുവാൻ സാധിക്കും.

തദ്ദേശീയ വിപണനാവശ്യത്തേക്കാൾ ഉൽപന്നങ്ങൾ വന്നാൽ ശേഖരിച്ചു മറ്റിടങ്ങളിൽ വിപണനം നടത്തുവാൻ സംവിധാനം ഏർപ്പെടുത്തണം. ക്ഷീര സംഘങ്ങളില്ലാത്ത സ്ഥലങ്ങളിൽ കുടുംബശ്രീ യൂണിറ്റുകൾ മുഖേന നടപ്പാക്കാവുന്നതാണ്.

മായം ചേർക്കൽ തടയുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായുന്നത് ഈ പദ്ധതി വിജയത്തിന് അത്യന്താപേക്ഷിതമാണ്.

മൂന്നാർ ഫാം ഹൈഡൽ ടൂറിസം പദ്ധതി (മൂന്നാർ ടോപ്പ് പദ്ധതി)

മൂന്നാർ ടൗണിന് പുറത്തു നിന്നും തുരങ്കം/പാലം മുഖേന മാട്ടുപ്പെട്ടി ഡാം പരിസരത്ത് പാർക്കിംഗ്, ഡാമുമായി ബന്ധപ്പെട്ട് ഉദ്യാനങ്ങൾ, ബോട്ടിംഗ്, താമസ സൗകര്യങ്ങൾ, കെ.എൽ.ഡി ബോർഡ് മാട്ടുപ്പെട്ടിയുടെ സഹകരണത്തോടെ ഫാം ടൂറിസം പദ്ധതികൾ എന്നിവ ഉൾപ്പെടുത്തി തിരികെ കേബിൾ കാർ വഴി മൂന്നാർ ടൗണിൽ തിരക്കു കുറഞ്ഞ സ്ഥലത്ത് എത്തിക്കുന്നു. മൂന്നാർ ടൗണിലേയ്ക്ക് നിശ്ചിത ഇടവേളകളിൽ ഓപ്പറേറ്റ് ചെയ്യുന്ന പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റം തിരക്കു കുറയ്ക്കുന്നു. കേബിൾ കാർ മൂന്നാറിന്റെ സൗന്ദര്യം ആസ്വദിക്കാവുന്ന രീതിയിലും രാജമല, കുറിഞ്ഞി ഉദ്യാനം എന്നിവയിൽ കൂടി പോകുമ്പോൾ സംരക്ഷിക്കപ്പെടേണ്ട വരയാടുകൾക്ക് ഉണ്ടാകുന്ന രോഗഭീഷണിയും സ്ഥലത്തെ മാലിന്യ ഭീഷണിയും ഒഴിവാക്കാൻ സാധിക്കും. ആഗമന -നിർഗമന പോയിന്റിനോടനുബന്ധിച്ച് പരിസ്ഥിതി സൗഹൃദ താമസ സൗകര്യങ്ങൾ നിർമ്മിക്കുന്നത് മറ്റു സ്ഥലങ്ങളിൽ പരിസ്ഥിതിയ്ക്ക് ദോഷം ചെയ്യുന്ന കോൺക്രീറ്റ് മന്ദിരങ്ങൾ കുറയ്ക്കുവാൻ സാധിക്കും.

പന്നി, ഇറച്ചിക്കോഴി, ആട് വളർത്തൽ, സംഘങ്ങൾ

ഉടുമ്പൻചോല അസംബ്ലി നിയോജകമണ്ഡലത്തിലുള്ള കാലാവസ്ഥയും കുറഞ്ഞ ജനസാന്ദ്രതയും മൂന്നാർ, തേക്കടി, രാമക്കൽമേട് എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ നിന്ന് ലഭിക്കുന്ന ഭക്ഷണാവശിഷ്ടങ്ങളും പന്നി- ഇറച്ചികോഴി വളർത്തലിന് അനുയോജ്യമാണ്.

ഇവ രണ്ടിനും വേറെ വേറെ സഹകരണസംഘങ്ങൾ രൂപീകരിച്ച് കുഞ്ഞുങ്ങളെ തെരഞ്ഞെടുക്കൽ, തീറ്റയുടെ ഒരുമിച്ചുള്ള വാങ്ങൽ, ആധുനിക അറവുശാല, സംഘടിത വിപണനം, ലൈസൻസിംഗ് നടപടികൾ, മാലിന്യസംസ്ക്കരണം എന്നിവ സംഘടിതമായി ചെയ്താൽ കേരളത്തിന്റെ മാംസാവശ്യത്തിന് നല്ല സംഭാവന നൽകുവാൻ സാധിക്കും. ആട്ടിറച്ചിയ്ക്ക് ആഭ്യന്തര ഉപഭോഗത്തേക്കാൾ മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് കയറ്റുമതി സാധ്യത കൂടുതലാണ്. ആയതിനാൽ അതിർത്തി പഞ്ചായത്തുകളായ നെടുങ്കണ്ടം, കരുണാപുരം, വണ്ടൻമേട്, ചക്കുപ്പള്ളം, അടിമാലി കട്ടപ്പന മുനിസിപ്പാലിറ്റി ഇവ ഉൾപ്പെടുത്തി 5-10 ആടുകളെ വീതം വളർത്തുന്ന കർഷകരുടെ സഹകരണസംഘം രൂപീകരിച്ച് മേൽ പ്രതിപാദിച്ച രീതിയിൽ നടപ്പിലാക്കുക. ഈ പഞ്ചായത്തുകളിലെ പുൽമേട്ടുകളും കൃഷിയില്ലാത്ത സ്ഥലങ്ങളും പ്രയോജനപ്പെടുത്താവുന്നതാണ്.

പരാദ നിർമ്മാർജ്ജന പദ്ധതി

ബാഹ്യ ആന്തരിക പരാദങ്ങൾ മൃഗങ്ങളിലെ ഉത്പാദനക്ഷമത കുറയ്ക്കുകയും പല രോഗങ്ങളുടെയും വാഹകരാകുകയും ചെയ്യുന്നു. ഇവരെ നിർമ്മാർജ്ജനം ചെയ്യുവാൻ വർഷത്തിൽ രണ്ട് തവണ ഒരാഴ്ച നീണ്ടു നിൽക്കുന്ന കാമ്പയിൻ ആയി നടത്തണം. ഇതിനാവശ്യമായ മരുന്നുകൾ സൗജന്യമായി നൽകി ഇതിന്റെ ഉപയോഗം ഉറപ്പുവരുത്തണം. ഇത് മൃഗസംരക്ഷണ ക്ഷീരവികസനം - മറ്റ് സഹകരണ പ്രസ്ഥാനങ്ങൾ- ക്ഷീരസംഘങ്ങൾ- കുടുംബശ്രീ എന്നിവരുടെ സംയോജിത പദ്ധതിയായി നടപ്പിലാക്കാം.

അകിടു വീക്ക നിയന്ത്രണ പദ്ധതി

രോഗലക്ഷണങ്ങൾ പ്രകടമാകാത്ത അകിടുവീക്കം ഇന്ന് നല്ലൊരു ശതമാനം കറവപശുക്കളിലും കണ്ടുവരുന്നു. ഇത് പാലുല്പാദനം ഗണ്യമായി കുറയ്ക്കുകയും കർഷകർക്ക് വളരെയധികം സാമ്പത്തിക നഷ്ടം ഉണ്ടാക്കുകയും ചെയ്യും. കൂടാതെ പാലിലെ രോഗകാരിയായ സൂക്ഷ്മാണുക്കളുടെ എണ്ണം കൂടുതലായതിനാൽ പാലിന്റെ സൂക്ഷിപ്പുകാലയളവ് കുറയുന്നു. ആയതിനാൽ മൃഗസംരക്ഷണവകുപ്പ്, മിൽമ, ക്ഷീരസഹകരണസംഘങ്ങൾ, എൻ.ഡി.ഡി.ബി എന്നിവയുടെ സഹകരണത്തോടെ ഈ ജില്ലയിലെ മുഴുവൻ പശുക്കളുടെയും പാൽ പരിശോധിക്കുകയും, പ്രശ്നമുള്ളവയ്ക്ക് രണ്ട് തവണ ട്രൈസോഡിയം സിട്രേറ്റ് നൽകുകയും പിന്നെയും നിലനിൽക്കുന്നവയെ ചികിത്സിക്കുന്നതിനും പദ്ധതി ആവിഷ്ക്കരിക്കണം. കൂടാതെ കൃത്യമായ ചികിത്സ നടത്തുവാൻ ആന്റിബയോട്ടിക് സെൻസിറ്റിവിറ്റി കിറ്റുകളും, ആന്റിബയോട്ടിക്സിന്റെ പാലിലെ അളവ് കണ്ടുപിടിക്കുവാൻ ആന്റിബയോട്ടിക് റസിഡ്യൂ കിറ്റും, റീഡറും ഈ പദ്ധതിയ്ക്കൊപ്പം ചേരേണ്ടതാണ്.

തൊടുപുഴ താറാവ്, മീൻ പദ്ധതി

തൊടുപുഴയാറിന്റെ ഇരുകരകളിലും ഡാമിന്റെ കരകളിലും വലയിട്ട് താറാവിനേയും മീനിനേയും വളർത്താവുന്നതാണ്.

സമഗ്ര സംയോജന പദ്ധതി

ഹരിത ഗ്രാമം പദ്ധതി

പശു, ആട്, കോഴി/താറാവ്, പോത്ത്/മൂരി, മുയൽ, കാട, മീൻ ഇവയിലേതെങ്കിലും ഒന്ന് മുഖ്യ കൃഷിയായും മറ്റേതെങ്കിലും രണ്ട് ഘടകങ്ങൾ ഉപകൃഷിയായും ചെയ്ത് കുടുംബങ്ങൾക്ക് വരുമാനമുണ്ടാക്കാനുള്ള പദ്ധതിയാണിത്. മാലിന്യ സംസ്ക്കരണം, ഊർജ്ജ ഉൽപാദനം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് ആവിഷ്കരിക്കുന്ന പദ്ധതിയാണിത്.

മുഖ്യകൃഷിയ്ക്ക് 40000-50000 മുതൽ മുടക്കും, ഉപകൃഷിയ്ക്ക് 10000-15000 രൂപ വീതം മുതൽ മുടക്കും (ഉൽപാദന ഉപാധികൾക്കു മാത്രം) കൂടാതെ ബയോഗ്യാസ് പ്ലാന്റുകൾ, കൃഷി, പുൽകൃഷി, കമ്പോസ്റ്റ് യൂണിറ്റുകൾ, പരിശീലനം, മൂല്യവർദ്ധിത ഉൽപന്ന നിർമ്മാണം എന്നിവയെല്ലാം കോർത്തിണക്കിയ പദ്ധതിയാകണം. ഇതിന്റെ മുതൽ മുടക്കിന്റെ 10% ഗുണഭോക്താവും 30% ധനസഹായവും (സബ്സിഡി) 60% ബാങ്ക് വായ്പയുമായി കണ്ടെത്തണം. 3 വർഷ തിരിച്ചടവു കാലാവധിയിൽ നന്നായി പ്രവർത്തിക്കുവർക്കും തിരിച്ചടവിൽ വീഴ്ച വരുത്താത്തവർക്കും പലിശ ഇളവു ചെയ്യണം (20%). അങ്ങനെ 50% ധനസഹായം നൽകുന്ന പദ്ധതി. മൃഗങ്ങളുടെ തൊഴുത്ത്/കൂട് നിർമ്മാണം ഏറ്റവും ചിലവു കുറഞ്ഞ നിലയിലായിരിക്കണം.

സംയോജന സാധ്യതകൾ

1. ത്രിതല പഞ്ചായത്തുകൾ
2. മൃഗസംരക്ഷണ വകുപ്പ്
3. കൃഷി വകുപ്പ്
4. ക്ഷീര വികസന വകുപ്പ്
5. കുടുംബശ്രീ
6. ചെറുകിടവ്യവസായ വകുപ്പ്
7. ബാങ്ക് + നബാർഡ്
8. കെ.എൽ.ഡി ബോർഡ്
9. വെറ്ററിനറി - കാർഷിക യൂണിവേഴ്സിറ്റി
10. സഹകരണ സ്ഥാപനങ്ങൾ
11. കൃഷി വിജ്ഞാന കേന്ദ്രം
12. ആത്മ

സംഗ്രഹം

രാജ്യവ്യാപകമായി കർഷക ആത്മഹത്യകൾ നടന്ന സാഹചര്യത്തിൽ പേലും ഇടുക്കി ജില്ലയിൽ അത്തരം ദാരുണമായ സംഭവങ്ങൾ ഉണ്ടാകാത്തതിന്റെ പ്രധാന കാരണം ഈ ജില്ലയിലെ കർഷകർക്ക് മൃഗസംരക്ഷണ-ക്ഷീര വികസന മേഖലയിൽ നിന്നും ലഭിച്ചു കൊണ്ടിരിക്കുന്ന സ്ഥായിയായ വരുമാനമാണ്. പരിസ്ഥിതി സൗഹൃദപരമായ രീതിയിൽ മൃഗസംരക്ഷണ ക്ഷീര വികസന മേഖലയെ ആധുനികവൽക്കരിക്കുന്നതിനും ഉൽപാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കു

ന്നതിനും യുവതലമുറയെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും പൊതുസമൂഹത്തിന് സുരക്ഷിത ഭക്ഷണം ഉറപ്പു വരുത്തുന്നതിനും ഇവിടെ വിവരിച്ച നിർദ്ദേശങ്ങൾ തീർച്ചയായും സഹായകമാകും എന്ന കാര്യത്തിൽ സംശയമില്ല. ഫാം ടൂറിസം, ഓമന മൃഗങ്ങളുടെ പരിചരണം, സാമൂഹിക ആരോഗ്യം, സുരക്ഷിത ഭക്ഷണം, സമ്പൂർണ്ണ ഭക്ഷണം, ജന്തുജന്യ രോഗങ്ങളുടെ നിവാരണം, മാലിന്യ സംസ്ക്കരണം, വരുമാന വർദ്ധനവ്, ഉയർന്ന ജീവിത നിലവാരം, അന്തസുള്ള തൊഴിൽ സാഹചര്യം എന്നിവ മൃഗസംരക്ഷണ-ക്ഷീര വികസന മേഖലയുടെ യോജിച്ചുള്ള പ്രവർത്തനത്താലും ദീർഘവീക്ഷണത്തോടു കൂടിയുള്ള പദ്ധതി ആസൂത്രണത്താലും സാധ്യമാക്കുവാൻ കഴിയും. കാലികമായി ഉരുത്തിരിയുന്ന പ്രശ്നങ്ങളേയും കാലക്രമത്തിൽ ആവിർഭവിക്കുന്ന പ്രതിസന്ധികളേയും തരണം ചെയ്യുന്നതിന് മൃഗസംരക്ഷണ-ക്ഷീര വികസന മേഖലയെ പ്രാപ്തമാക്കാൻ ഈ പദ്ധതി രേഖ ഉപകരിക്കും. കാലാകാലങ്ങളിലുള്ള വിലയിരുത്തലുകളും വിശകലനങ്ങളും അതിനനുസരിച്ചുള്ള തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും ഒഴിച്ചു കൂടാനാവാത്തതാണ്.

4.1.3. മത്സ്യ വികസനം

ആമുഖം.

ഇടുക്കി ജില്ലയിലെ ഉൾനാടൻ മത്സ്യതൊഴിലാളികളുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടി 14.5.1986-ൽ പീരുമേട് താലൂക്കിൽ കുമളി ആസ്ഥാനമായി ജില്ലാ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം പ്രവർത്തനം ആരംഭിച്ചു. ശാസ്ത്രീയ മത്സ്യ കൃഷി വ്യാപനം, മത്സ്യകർഷകരുടേയും, മത്സ്യത്തൊഴിലാളികളുടേയും ഈ മേഖലയിലെ മുന്നേറ്റം എന്നിവ ലക്ഷ്യം വച്ച് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും, ജില്ലാ കളക്ടർ എക്സിക്യൂട്ടീവ് ഡയറക്ടറായും, ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ ചീഫ് എക്സിക്യൂട്ടിവ് ഓഫീസറായും 1991 മുതൽ ഇടുക്കി ജില്ലാ മത്സ്യ കർഷക വികസന ഏജൻസിയും പ്രവർത്തിച്ചുവരുന്നു. മലയോര ജില്ലയിലെ പ്രധാന നദികളിലും അവയോടനുബന്ധിച്ചുള്ള അണക്കെട്ടുകളിലും (മത്സ്യബന്ധനം അനുവദിച്ചിട്ടുള്ളവ) മത്സ്യബന്ധനം നടത്തിയാണ് മത്സ്യത്തൊഴിലാളികൾ ഉപജീവനം നടത്തുന്നത്. കൂടാതെ ജില്ലയിൽ കർഷകർ തങ്ങളുടെ കൃഷിയിടങ്ങളിലും, ചെക്കുഡാമുകളിലും മത്സ്യകൃഷി ചെയ്തുവരുന്നു. പാറക്കുളങ്ങൾ, പടുതാകുളങ്ങൾ എന്നീ ജല സംഭരണ മാർഗ്ഗങ്ങളിലും മത്സ്യകൃഷി നടന്നുവരുന്നു. മത്സ്യകൃഷി വ്യാപനത്തിൽ നൂതന സാങ്കേതിക വിദ്യകളും വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. എല്ലാത്തരം കൃഷി രീതികൾക്കും മെച്ചപ്പെട്ട തരത്തിലുള്ള സ്വീകാര്യതയാണ് ലഭിക്കുന്നത്.

പ്രകൃതി വിഭവത്തെ - മത്സ്യവിഭവ സമ്പത്തിനെ- മാത്രം ആശ്രയിച്ചിട്ടുള്ള ഒരു മേഖല ആയതിനാൽ പരിസ്ഥിതി, ജൈവവൈവിദ്ധ്യം തുടങ്ങിയ കാര്യങ്ങൾക്ക് ദീർഘവീക്ഷണത്തോടു കൂടി മുൻതൂക്കം നൽകി കൊണ്ടുള്ള വികസന കാഴ്ചപ്പാടാണ് സ്വരൂപിച്ചിട്ടുള്ളത്. അതിനോടൊപ്പം തന്നെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള വികസന കാഴ്ചപ്പാടിനും പരിഗണന നൽകിയിട്ടുണ്ട്.

ജില്ലയിലെ മത്സ്യമേഖലയുടെ സുസ്ഥിര വികസനത്തിനും, മത്സ്യത്തൊഴിലാളികളുടെയും, മത്സ്യകർഷകരുടെയും ജീവന ഉപാധിക്കും ഉപകരിക്കുന്ന തരത്തിൽ കർമ്മ പരിപാടി തയ്യാറാക്കുവാൻ ഈ അവസ്ഥാ വിശകലന റിപ്പോർട്ട് ഒരു വഴികാട്ടിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

മത്സ്യമേഖല: അവസ്ഥാ വിശകലനം

കേരളത്തിന്റെ മധ്യഭാഗത്തായി സ്ഥിതി ചെയ്യുന്ന ഇടുക്കി ജില്ലയിലെ മത്സ്യബന്ധനം ഉൾനാടൻ മേഖലയെ മാത്രം ആശ്രയിച്ചിട്ടുള്ളതാണ്. ജില്ലയിലെ 122 മത്സ്യതൊഴിലാളി കുടുംബങ്ങളിലെ 7 സ്ത്രീകളടക്കം 150 മത്സ്യത്തൊഴിലാളികളാണ് ജില്ലയിലുള്ളത്. ധാരാളം ജല സംഭരണികളും, ജലാശയങ്ങളും ജില്ലയിലുണ്ടങ്കിലും വിവിധ വകുപ്പുകളുടെ തടസ്സങ്ങളാൽ ഇവയെ ഫലപ്രദമായി മത്സ്യകൃഷിക്കുപയോഗിക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല. അതിനാൽ ജില്ലയിൽ ഉൾനാടൻമത്സ്യകൃഷിയ്ക്ക് പ്രധാനമായും ആശ്രയിക്കുന്നത് സ്വകാര്യകുളങ്ങളെയാണ്. 76 പഞ്ചായത്ത് കുളങ്ങളും 1389 സ്വകാര്യകുളങ്ങളും 19814.76 ഹെക്ടർ വിസ്തൃതിയുള്ള അണക്കെട്ടുകളും ജില്ലയിലുണ്ട്.

ഫിഷറീസ് വകുപ്പിന്റെ ജില്ലാതല പ്രവർത്തനങ്ങൾ

മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ സാമ്പത്തിക ഉന്നമനം ലക്ഷ്യമിട്ട് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ക്ഷേമ പ്രവർത്തനങ്ങളും, അതുപോലെ ജില്ലയിലെ മത്സ്യ കർഷകരുടെ മത്സ്യഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം ആസ്പദമാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളും പദ്ധതി നിർവഹണങ്ങളുമാണ് ഈ ഓഫീസും മത്സ്യകർഷക വികസന ഏജൻസിയും മുഖേന നടപ്പിലാക്കിവരുന്നത്.

മുൻ കാലങ്ങളിൽ ജില്ലയിൽ ജനകീയ മത്സ്യകൃഷി ഘട്ടം- I, മത്സ്യകേരളം, മത്സ്യ സമൃദ്ധി - I, മത്സ്യ സമൃദ്ധി - II, ജനകീയമത്സ്യകൃഷി ഘട്ടം - II, എന്നിങ്ങനെ ഉൾനാടൻ മത്സ്യ ഉൽപാദന വർദ്ധനവ് ലക്ഷ്യമിട്ട് വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ മുഖാന്തിരം ജില്ലയിലെ അനുയോജ്യമായ എല്ലാ ജലാശയങ്ങളിലും മത്സ്യകൃഷി ആരംഭിക്കുന്നതിന് സാധിച്ചു. എന്നിരുന്നാലും നമ്മുടെ മത്സ്യകൃഷിയിടങ്ങളിലെ ഉൽപാദന ക്ഷമത മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കുറവാണ്. ഉൽപാദന ക്ഷമത വർദ്ധനവ് ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ 2017-18 -ൽ ആരംഭിച്ചിട്ടുള്ള ജനകീയമത്സ്യകൃഷി - II പദ്ധതി, ഇടുക്കി ജില്ലയിൽ നിലവിൽ നല്ലരീതിയിൽ പുരോഗമിക്കുന്നു. ജില്ലയിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കണമെന്ന ലക്ഷ്യത്തോടെ ഉൾനാടൻ മേഖലയായ ജില്ലയിൽ കൂടുതൽ കൃഷിയിടങ്ങൾ സജീവമാക്കി ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയാണ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. ഇതനുസരിച്ച് മത്സ്യകർഷകർക്കുവേണ്ടി പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും മത്സ്യ വിത്തുകൾ മുഴുവൻ സബ്സിഡിയായി നൽകുകയും ചെയ്യുന്നു. ജില്ലയിലുള്ള മത്സ്യതൊഴിലാളികൾക്ക് വകുപ്പിന്റെ ക്ഷേമ പദ്ധതികളായ ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, ശൗചാലയ നിർമ്മാണം, എന്നിവയ്ക്കുള്ള മുഴുവൻ തുകയും നിർമ്മാണ ധനസഹായമായി നൽകുന്നു. കൂടാതെ ക്ഷേമനിധി ബോർഡിൽ അംഗമായിട്ടുള്ള മുഴുവൻ മത്സ്യത്തൊഴിലാളികളുടെയും ക്ഷേമ പദ്ധതികൾ വകുപ്പ് മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. അംഗീകൃത മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം, കേന്ദ്ര-സംസ്ഥാന സർക്കാർ സഹായത്തോടെ വർഷം തോറും മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി സമ്പാദ്യ സമാശ്വാസ പദ്ധതി എന്നിവ വകുപ്പു മുഖേന നടപ്പിലാക്കിവരുന്നു.

നിലവിൽ ജലകൃഷി വ്യാപനവുമായി ബന്ധപ്പെട്ട് വകുപ്പ് നടപ്പിലാക്കിവരുന്ന വിവിധപദ്ധതികൾക്കായി പ്രതിവർഷം വിവിധയിനത്തിൽപ്പെട്ട 50 ലക്ഷത്തോളം മത്സ്യകുഞ്ഞുങ്ങൾ ആവശ്യമായി വരുന്നുണ്ട്. ഇത് സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നാണ് എത്തിക്കുന്നത്. ട്രാൻസ്പോർട്ടേഷന്റെ ഭാഗമായി വളരെയധികം മത്സ്യകുഞ്ഞുങ്ങൾ നഷ്ടപ്പെട്ടു പോകുന്നത് സാധാരണമാണ്. ഇത് ഒഴിവാക്കുന്നതിനും, ജില്ലയിലെ മത്സ്യകൃഷി വ്യാപനം കാര്യക്ഷമമായി നടത്തുന്നതിനും ജില്ലയിലെ മത്സ്യകർഷകർക്ക് ആവശ്യമായ ഗുണനിലവാരമുള്ള മത്സ്യകുഞ്ഞുങ്ങൾ ലഭ്യമാക്കുന്നതിനും, ജില്ലയിൽ മത്സ്യവിത്തുല്പാദന കേന്ദ്രം അത്യന്താപേക്ഷിതമാണ്. ഇതിനായി കുടയത്തൂർ കൈപ്പക്ക വലക്ക് സമീപം/ ബാങ്ക് കവലയ്ക്ക് സമീപം, കുളമാവ്, ഫോറസ്റ്റ് വകുപ്പിന്റെ കീഴിലുള്ള സ്ഥലങ്ങൾ ഈ ആവശ്യത്തിലേക്കായി വിട്ടുകിട്ടുന്നത് ജില്ലയിൽ ഒരു മത്സ്യവിത്തുല്പാദന കേന്ദ്രം(ഹാച്ചറി) സ്ഥാപിക്കുന്നതിനും അതിലൂടെ ഒരു പരിധിവരെ ഗുണനിലവാരമുള്ള മത്സ്യവിത്തിന്റെ ക്ഷാമം പരിഹരിക്കുന്നതിനും കാരണമാകും. ഇതു സംബന്ധിച്ച അനുയോജ്യമായ തീരുമാനം സംസ്ഥാന ഗവൺമെന്റ്, ജില്ലാ ഭരണകൂടം/ത്രിതല പഞ്ചായത്ത് എന്നിവയിലൂടെ അടിയന്തിരമായി സ്വീകരിക്കാവുന്നതാണ്. മേൽ തീരുമാനം നടപ്പാക്കുന്നതിലൂടെ ജില്ലയിൽ മത്സ്യകൃഷി പദ്ധതി കൂടുതൽ വ്യാപിപ്പിക്കുന്നതിനും, ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനും, ഗുണനിലവാരമുള്ള മത്സ്യ വിത്തുകൾ, മാംസ്യത്തിന്റെ അളവ് കൂടുതലുള്ള മത്സ്യങ്ങൾ എന്നിവ ലഭ്യമാകുന്നതിനും സാധിക്കുന്നതാണ്. ജില്ല

യിൽ റിസർവോയറുകൾ മത്സ്യബന്ധനത്തിനായി ലഭ്യമാകുന്നമുറയ്ക്ക് മത്സ്യോൽപാദനം കൂട്ടുന്നതിന് ഭാവിയിൽ കൂടുകൃഷി പോലുള്ള സങ്കേതങ്ങൾ നടപ്പിലാക്കാവുന്നതാണ്.

ജില്ലയിൽ പ്രത്യേക ഘടക പദ്ധതി ,പട്ടികവർഗ്ഗ ഉപപദ്ധതി മുതലായ ക്ഷേമപദ്ധതികളിലൂടെ പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക ഉന്നമനത്തിനായി വിവിധ ക്ഷേമ പദ്ധതികൾ വകുപ്പ് മുഖേന നടപ്പാക്കിവരുന്നു. ടി മേഖലയിൽ ത്രിതല പഞ്ചായത്തുകളുടെ പദ്ധതികളുടെ നിർവ്വഹണവും നടത്തിവരുന്നു. കൃഷി വകുപ്പിന്റെ മേൽ നോട്ടത്തിൽ പ്രവർത്തിക്കുന്ന ഏജൻസിയായ ആത്മയുടെ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നു.

ജില്ലയിലെ പ്രധാന നദികളിലും അതിനോട് അനുബന്ധിച്ചുള്ള അണക്കെട്ടുകളിലും, കൃഷിയിടങ്ങളിലും, ചെക്ക് ഡാമുകളിലും, കെട്ടികിടക്കുന്ന പൊതുജലാശയങ്ങളിലും മത്സ്യവിത്ത് നിക്ഷേപിക്കൽ പദ്ധതി(സോഷ്യൽ ഫിഷറീസ്) നടപ്പാക്കി വരുന്നു. ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനോടൊപ്പം ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനും, മത്സ്യ തൊഴിൽ അനുബന്ധ മേഖലകൾ വളർച്ച പ്രാപിക്കുന്നതിനും, ഗുണനിലവാരമുള്ള നല്ല മത്സ്യങ്ങൾ ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നതിനും അതിലൂടെ പ്രോട്ടീൻ അപര്യാപ്തത പരിഹരിക്കുന്നതിനും സാധിക്കുന്നു. ജില്ലാ തലത്തിൽ ജലകൃഷി ഉന്നമനത്തിനും വ്യാപനത്തിനുമായി അക്വാകൾച്ചർ എക്സ്റ്റെൻഷൻ സെന്റർ, ഡിസീസ് മോണിറ്ററിങ് സെർവീലിയൻസ് കമ്മിറ്റി എന്നിവ പ്രവർത്തിക്കുന്നു.

ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ.(FMC)

പഞ്ചായത്തുകളിൽ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ രൂപീകരിച്ച് പൊതുജലാശയങ്ങളിൽ മത്സ്യങ്ങളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത, അശാസ്ത്രീയമായ മത്സ്യബന്ധനമാർഗ്ഗങ്ങൾ ഉപയോഗിച്ച് മത്സ്യസമ്പത്ത് നശിപ്പിക്കൽ, അവയുടെ അമിതമായ ചൂഷണം, Juvenial fishing (മത്സ്യക്കുഞ്ഞുങ്ങളെ പിടിച്ച് നശിപ്പിക്കൽ) എന്നിവയെക്കുറിച്ച് ബോധവാന്മാരാകുന്നതിന് വേണ്ടി അറക്കുളം, ഇരട്ടയാർ, തിങ്കൾക്കാട്, വണ്ടിപ്പെരിയാർ എന്നിവിടങ്ങളിൽ Fisheires Management Council-കൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

ജില്ലയിലെ മത്സ്യഗ്രാമം, മത്സ്യലഭ്യത എന്നിവ സംബന്ധിച്ച വിവരങ്ങൾ

നിലവിൽ ജില്ലയിൽ മത്സ്യഗ്രാമങ്ങൾ തെരഞ്ഞെടുക്കപ്പെട്ടിട്ടില്ല. ഇത് ജില്ലയിലെ മത്സ്യത്തൊഴിലാളികൾക്ക് ഇവരുടെ പ്രവർത്തന മേഖലയുമായി ബന്ധപ്പെട്ട വിവിധ സഹായങ്ങൾ ലഭിക്കുന്നതിനും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമാകുന്നതിനും ബുദ്ധിമുട്ടുണ്ടാകുന്നു. അതിനാൽ ഇപ്പോൾ കോട്ടയം ജില്ലയിലെ വൈക്കം മത്സ്യഗ്രാമവുമായി ബന്ധപ്പെടുത്തിയാണ് അംഗത്വം നൽകുന്നതും വിവിധ സഹായങ്ങൾ നൽകിക്കൊണ്ടിരിക്കുന്നതും. ആയതിനാൽ ഏറ്റവും അധികം മത്സ്യത്തൊഴിലാളികൾ ഉള്ള വണ്ടിപ്പെരിയാർ, അയ്യപ്പൻകോവിൽ, കുമളി എന്നീ പ്രദേശങ്ങൾ മത്സ്യഗ്രാമങ്ങളായി തെരഞ്ഞടുക്കേണ്ടത് അനിവാര്യമാണ്.

കുമളി ഗ്രാമപഞ്ചായത്തിൽ 11,12, 13 വാർഡുകളിൽ താമസിക്കുന്ന, കുമളി ഗിരിജൻ സംഘത്തിൽ തൊഴിലാളികളായിട്ടുള്ള 36 വനിതാ മത്സ്യബന്ധനത്തൊഴിലാളികൾ കിണ്ണം, ചൂണ്ട(Tray, Hook& line) എന്നീ മത്സ്യബന്ധന രീതികളുപയോഗിച്ച് മത്സ്യബന്ധനം ചെയ്ത് ഉപജീവന മാർഗം നടത്തിവരുന്നു. ക്ഷേമനിധി ബോർഡിൽ അംഗത്വം എടുക്കുന്നതിന് നിർദ്ദേശിച്ചിരുന്നെങ്കിലും ടി മത്സ്യത്തൊഴിലാളി വനിതകൾ കേരള ഫിഷർമെൻ

വെൽഫെയർ ബോർഡിൽ നാളിതുവരെ അംഗങ്ങളായിട്ടില്ല. ഇവരെ അംഗമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജില്ലയിലെ വിവിധ ഭാഗങ്ങളിലായി ധാരാളം മത്സ്യ അനുബന്ധമേഖലയിൽ പണിയെടുക്കുന്ന മത്സ്യതൊഴിലാളികൾ ഉണ്ട്. ജില്ലയിൽ ബഹുഭൂരിപക്ഷം പേരുടെയും ഭക്ഷണത്തിൽ മത്സ്യം ഉൾപ്പെടുന്നു. നിലവിൽ ജില്ലയിൽ ലഭ്യമാകുന്ന മത്സ്യങ്ങൾ കൂടുതലും കടലിൽ നിന്നുള്ള മത്സ്യ ഇനങ്ങളാണ്. ഈ മത്സ്യങ്ങൾ മിക്കവയും ജില്ലയിലെത്തപ്പെടുന്നത് ജില്ലയ്ക്ക് വെളിയിലുള്ള മാർക്കറ്റുകളിൽ നിന്നുമാണ്.. കൂടാതെ സമുദ്രജല മത്സ്യങ്ങളുടെ ലഭ്യത കുറഞ്ഞുവരുന്നതുമൂലവും, ശുദ്ധജല മത്സ്യങ്ങളുടെ ലഭ്യത താരതമ്യേന കുറവായതിനാലും ഉണക്കമത്സ്യങ്ങളും ധാരാളമായി ഉപയോഗിക്കപ്പെടുന്നു. മത്സ്യത്തൊഴിലാളികളിൽ നിന്ന് ഉപഭോക്താക്കളിലേയ്ക്ക് മത്സ്യം എത്തിച്ചേരുന്നത് ഇടത്തട്ടുകാരിൽ കൂടി ആയതിനാൽ സ്ഥലകാല ഭേദങ്ങൾ, മത്സ്യങ്ങളുടെ ഇനം എന്നിവയ്ക്കനുസരിച്ച് വിലയിൽ വലിയ വ്യത്യാസമുണ്ടാകുന്നു. ജില്ലയിലെ ജലസംഭരണികളിൽ നിന്നും ലഭിക്കുന്ന ശുദ്ധമായ മത്സ്യം ഇ.ഡി.സി. മുഖേനയും സഹകരണസംഘങ്ങൾ വഴിയുമാണ് വിപണനം ചെയ്യുന്നത്.

ജില്ലയിലെ ജലാശയങ്ങളുടെ നിലവിലെ അവസ്ഥ

ജില്ലയിലുള്ള മിക്ക ജല സംഭരണികളും, ജലാശയങ്ങളും ഫോറസ്റ്റുവകുപ്പിന്റെയോ, ഇലക്ട്രിസിറ്റി ബോർഡിന്റെയോ അധീനതയിലുള്ളതാണ്. ഈ ജലാശയങ്ങളിൽ വകുപ്പിന് മത്സ്യകൃഷി നടത്തുന്നതിന് അനുവാദമില്ല. ഈ ജലാശയങ്ങളെല്ലാം തന്നെ ജലസേചനത്തിനും, വൈദ്യുതി ഉല്പാദനത്തിനുമാണ് ഉപയോഗിക്കുന്നത്. ഇവിടെ കൂടുകളിലുള്ള മത്സ്യകൃഷി(കേജ് കൾച്ചർ) നടപ്പിലാക്കിയാൽ കൂടുതൽ മത്സ്യോൽപാദനത്തിന് സാധിക്കുന്നതാണ്. വകുപ്പ് നടപ്പിലാക്കി വരുന്നതും, പ്രകൃതി വിഭവമായ മത്സ്യത്തിന്റെ ഉല്പാദനവും, സംരക്ഷണവും ലക്ഷ്യം വയ്ക്കുന്നതുമായ ടി പദ്ധതികൾക്കു വേണ്ടിയാതൊരുവിധ സൗകര്യങ്ങളും ജില്ലയിലെ മിക്ക ജലാശയങ്ങളിലും നിലവിൽ അനുവദിക്കുന്നില്ല.ആയതിന് അനുവാദം ലഭിക്കുകയാണെങ്കിൽ, ജില്ലയിലെ റിസർവോയറുകളിൽ മത്സ്യബന്ധന വകുപ്പ്, മത്സ്യകർഷകർ,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖാന്തിരം കേജ് ഫാമിങ്ങ് (കൂട് കൃഷി), സോഷ്യൽ ഫിഷറീസ്(സാമൂഹ്യ മത്സ്യകൃഷി), ഫിഷ്സാങ്ച്യുറികൾ എന്നിവ നടപ്പിലാക്കാവുന്നതാണ്.

ഉൾനാടൻ ജലാശയങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ- ജില്ലയിലെ ജല സ്രോതസുകൾ

ജില്ലയിലെ പ്രധാന നദിയായ പെരിയാർ അതിന്റെ പോഷകനദികൾ , അണക്കെട്ടുകൾ, തടാകങ്ങൾ, ചെക്ക്ഡാമുകൾ എന്നിവ കൂടാതെ മറ്റു ജലാശയങ്ങളും ധാരാളമുണ്ട്.

ക്രമ നമ്പർ	ജലാശയങ്ങൾ	നീളം/വിസ്ത്രീണ്ണം
1	നദികൾ	244 കി.മീ
2	റിസർവോയറുകളും, തടാകങ്ങളും	19814.76 ഹെക്ടർ
3	മറ്റു ജലാശയങ്ങൾ	5398 ഹെക്ടർ

ജലസേചനവകുപ്പിന്റെ അനുമതിയോടെ മത്സ്യകൃഷി നടത്താൻ സാധിക്കുന്ന റിസർവോയറുകളുടെ വിവരങ്ങൾ

ക്രമമ്പർ	റിസർവോയറിന്റെ പേര്	ഉൾപ്പെടുന്നഡാമുകൾ	വിസ്തൃതി
1	മലങ്കര	മലങ്കരഡാം	120 ഹെക്ടർ

വിദ്യുത്ഛക്തി, വനം വകുപ്പുകളുടെ അനുമതിയോടെ മത്സ്യകൃഷിനടത്താൻ സാധിക്കുന്ന റിസർവോയറുകളുടെ വിവരങ്ങൾ

ക്രമമ്പർ	റിസർവോയറിന്റെ പേര്	ഉൾപ്പെടുന്നഡാമുകൾ	വിസ്തൃതി
1	പൊൻമുടി	പൊൻമുടി	260 ഹെക്ടർ
2	ചെങ്കുളം	ചെങ്കുളം	33 ഹെക്ടർ
3	കല്ലാർകുട്ടി	കല്ലാർകുട്ടി	58 ഹെക്ടർ
4	ഇരട്ടയാർ	ഇരട്ടയാർ	200 ഹെക്ടർ
5	ഇടുക്കി	ഇടുക്കി, ചെറുതോണി, കുളമാവ്	12864 ഹെക്ടർ
6	തേക്കടി	മുല്ലപ്പെരിയാർ	3290 ഹെക്ടർ
7	നേര്യയമംഗലം	നേര്യയമംഗലം	413 ഹെക്ടർ
8	മൂന്നാർ ഹെഡ്‌വർക്കേഴ്സ് ഡാം.	മൂന്നാർ	250 ഹെക്ടർ
9	മാട്ടുപെട്ടി	മാട്ടുപെട്ടി	324 ഹെക്ടർ
10	ലോവർ പെരിയാർ	ലോവർ പെരിയാർ	150 ഹെക്ടർ
11	കുണ്ടള	കുണ്ടള	230 ഹെക്ടർ
12	കല്ലാർ ഡിവിഷൻ ഡാം	കല്ലാർ	220 ഹെക്ടർ
13	ഇടമലയാർ	ഇടമലയാർ	350 ഹെക്ടർ
14	ആനയിറങ്കൽ	ആനയിറങ്കൽ	433 ഹെക്ടർ
		ആകെ	19195ഹെക്ടർ

അവലംബം :- സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി(ഐ.സി.എ.ആർ) കൊച്ചി.

റിസർവോയർ ഫിഷറീസ് ഇൻലാന്റ് സർവ്വേ - നിലവിൽകാണുന്ന മത്സ്യയിനം

ക്രമ നമ്പർ	ബ്ലോക്ക്	ഗ്രാമപഞ്ചായത്തുകൾ	റിസർവോയറുകൾ	വിസ്തീർണം (ഹെക്ടർ)	നിയന്ത്രണത്തിലുള്ള വകുപ്പ് /ഓഫീസ് /ബോർഡ്	നിലവിലുള്ളമത്സ്യ ഇനങ്ങൾ
1	ഇടുക്കി	കഞ്ഞിക്കുഴി, അറക്കുളം, വാഴത്തോപ്പ്, കാഞ്ചിയാർ, അയ്യപ്പൻകോവിൽ, ഉപ്പുതറ	ലോവർ പെരിയാർ,ഇടുക്കി , കുളമാവ്, ചെറുതോണി	13014	വൈദ്യുതി വകുപ്പ്	കട്ല, രോഹു,മൃഗാൾ ,ഗ്രാസ്കാർപ്പ്, കോമൺ കാർപ്പ്, ലെതർകാർപ്പ്, ബാർലോൺ, പുല്ലാൻ, പള്ളത്തി, ചേറ്മീൻ, കുയിൽ, പരൽ, പൂവാലി പരൽ, കുറുവ പരൽ, കണഞ്ഞോൻ, കാരി, വാഴയ്ക്കാവരയൻ, കല്ലാരോൻ, കണിയാൻ പരൽ, തിലാപ്പിയ, കല്ലേമുട്ടി, കടിയാൻ, ചോട്ടാവാള, വട്ടോൻ, വരാൽ, വാകവരാൽ, മണലാരകൻ, നെയ്കൂരി, പോസിലിസ്, ബട്ടറാക്കസ്, കോലാൻ, പൂഞ്ഞാൽ, ആറ്റുകൊഞ്ച്.
2	അഴുത	കുമളി	മുല്ലപ്പെരിയാർ	3290	വനം വകുപ്പ്	കോമൺ കാർപ്പ്, ലെതർകാർപ്പ്,, കുയിൽ, ബട്ടറാക്കസ് , പരൽ, വാഴയ്ക്കാവരയൻ, കണിയാൻ, തിലാപ്പിയ, കല്ലേമുട്ടി, വട്ടോൻ, വരാൽ, വാകവരാൽ, , പോസിലിസ്, ചോട്ടാവാള, , ആറ്റുകൊഞ്ച്., ലീനിയേറ്റസ്, ബാർലോൺ, ഡാനിസിനി, ഡാനിക്കോണിയസ്, ജോണെസ്സി, മാർജിനേറ്റ,
3	അടിമാലി	കൊന്നത്തടി, വെള്ളത്തൂവൽ, രാജാക്കാട്	കല്ലാർകുട്ടിഡാം, പൊൻമുടി, ചെങ്കുളം ഡാം,	351	വൈദ്യുതി വകുപ്പ്	കോമൺ കാർപ്പ്, ചേറ്മീൻ, കുയിൽ, പരൽ, മലഞ്ഞീൻ പരൽ, വാഴയ്ക്കാവരയൻ, കല്ലേമുട്ടി, കൂരി ,വട്ടോൻ, വരാൽ,
4	ദേവികുളം	മൂന്നാർ, ദേവികുളം, ചിന്നക്കനാൽ	ആനയിറങ്കൽ, മാട്ടുപ്പെട്ടി, കുണ്ടള ഡാം, മൂന്നാർ ഹെഡ് വർക്ക് ഡാം,	1237	വൈദ്യുതിവകുപ്പ്	കട്ല, രോഹു, മൃഗാൾ , കോമൺ കാർപ്പ്, ലെതർകാർപ്പ്, പള്ളത്തി, ചേറ്മീൻ, പരൽ, വാഴയ്ക്കാവരയൻ, പരൽ, കല്ലേമുട്ടി, കുയിൽ, വട്ടോൻ, വരാൽ, വാകവരാൽ, പൊന്നാര, ചില്ലൻകൂരി, കോയികാർപ്പ്, നൈൽ തിലാപ്പിയ

5	കട്ടപ്പന	ഇരട്ട യാർ	ഇരട്ട യാർ ഡാം	200	വൈദ്യുതി വകുപ്പ്	കട്ല, രോഹു, മൃഗാൾ , കോമൺ കാർപ്പ്, ലെതർകാർപ്പ്, പള്ളത്തി, ചേറ്മീൻ, പരൽ, വാഴയ്ക്കാവരയൻ, പരൽ, കല്ലേമുട്ടി, കുയിൽ, വട്ടോൻ, വരാൽ, വാകവരാൽ, പൊന്നാര, ചില്ലൻകൂരി, കോയികാർപ്പ്, നൈൽ തിലാപ്പിയ
6	തൊടുപുഴ	മുട്ടം	മലങ്കര ഡാം	120	ജല വകുപ്പ്	കട്ല, രോഹു, മൃഗാൾ , കോമൺ കാർപ്പ്, ലെതർകാർപ്പ്, പള്ളത്തി, ചേറ്മീൻ, പരൽ, വാഴയ്ക്കാവരയൻ, പരൽ, കല്ലേമുട്ടി, കുയിൽ, വട്ടോൻ, വരാൽ, വാകവരാൽ, പൊന്നാര, ചില്ലൻകൂരി, കോയികാർപ്പ്, നൈൽ തിലാപ്പിയ
7	നെടുങ്കണ്ടം	നെടുങ്കണ്ടം	കല്ലാർ ഡിവിഷൻ ഡാം	220	വൈദ്യുതി വകുപ്പ്	ചേറ്മീൻ, പരൽ, വാഴയ്ക്കാവരയൻ, പരൽ, കല്ലേമുട്ടി, , വട്ടോൻ
ആകെ റിസർവോയറുകൾ : 15					**18432 ഹെക്ടർ**	

അവലംബം:- അസിസ്റ്റന്റ് ഡയറക്ടർ ഓഫ് ഫിഷറീസ്/കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്.

മത്സ്യതൊഴിലാളി വിഭാഗം- ജനസംഖ്യാപരമായ കാര്യങ്ങൾ

		കേരളം	**ഇടുക്കി**	**%**
1	മത്സ്യഗ്രാമങ്ങൾ			
	കടൽ	222	ഇല്ല	
	ഉൾനാടൻ	113	ഇല്ല	
2	മത്സ്യത്തൊഴിലാളി കുടുംബങ്ങൾ (15-16)			
	കടൽ	1,43,409	-	
	ഉൾനാടൻ	28469	102	.36
	ആകെ	171878	102	
3	മത്സ്യത്തൊഴിലാളി ജനസംഖ്യ (15-16)			
	കടൽ	788324	-	
	ഉൾനാടൻ	235472	510	
	ആകെ	1023796	510	.21

അവലംബം :അസിസ്റ്റന്റ് ഡയറക്ടർ ഓഫ് ഫിഷറീസ്-ജില്ലാതല സർവ്വേ/കേരള മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡ്.

മത്സ്യത്തൊഴിലാളി വിഭാഗം- സ്ത്രീ-പുരുഷ അനുപാതം.

		കേരളം		ഇടുക്കി	
		ജനസംഖ്യ (മത്സ്യത്തൊഴിലാളി)	സ്ത്രീ-പുരുഷ അനുപാതം(മത്സ്യത്തൊഴിലാളികൾ)	ജനസംഖ്യ	സ്ത്രീ-പുരുഷ അനുപാതം
കടൽ	പുരുഷൻ	307717	892	ഇല്ല	ഇല്ല
	സ്ത്രീ	274337			
	കുട്ടികൾ	201846			
	ആകെ	783900			
ഉൾനാടൻ	പുരുഷൻ	90919	963	143	49
	സ്ത്രീ	87470		7	
	കുട്ടികൾ	55762		-	
	ആകെ	234151		150	
	സ്ത്രീ	361807			
	കുട്ടികൾ	257608			
	ആകെ	1018051			

അവലംബം :അസിസ്റ്റന്റ് ഡയറക്ടർ ഓഫ് ഫിഷറീസ്-ജില്ലാതല സർവ്വേ/കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്

ജില്ലയിലെ മത്സ്യതൊഴിലാളികളുടെ എണ്ണം.

		കേരളം	ഇടുക്കി	%
1	കർമ്മോന്മുഖ മത്സ്യതൊഴിലാളികൾ-ആകെ (2015-16)	233126	150	
	കടൽ	186832	ഇല്ല	
	ഉൾനാടൻ	46294	150	.32
2	അനുബന്ധ മത്സ്യതൊഴിലാളികൾ-ആകെ (14-15)	79347	2000	2.52
	പുരുഷൻ	17089	1900	11.11
	സ്ത്രീ	62258	100	.16

അവലംബം :അസിസ്റ്റന്റ് ഡയറക്ടർ ഓഫ് ഫിഷറീസ്-ജില്ലാതല സർവ്വേ/കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്.

	കേരളം	ഇടുക്കി	%
പുരുഷൻ	6255	1900	30.4
സ്ത്രീകൾ	9750	100	1.03
ആകെ	16005	2000	31.43

അവലംബം :അസിസ്റ്റന്റ് ഡയറക്ടർ ഓഫ് ഫിഷറീസ്-ജില്ലാതല സർവ്വേ/കേരള മത്സ്യ ത്തൊഴിലാളി ക്ഷേമനിധി ബോർഡ്.

ജില്ലയിൽ മത്സ്യത്തൊഴിലാളി ജനസാന്ദ്രത -പഞ്ചായത്ത് തലത്തിൽ

ക്രമ നമ്പർ	പഞ്ചായത്ത്	വാർഡുകൾ	മത്സ്യത്തൊഴിലാളി കളുടെ എണ്ണം	ശതമാനം
1	കുമളി	11,12,13	31	20.6 %
2	വണ്ടിപ്പെരിയാർ	2,10,11,20,21	37	24.7 %
3	അയ്യപ്പൻകോവിൽ	1,2,3	71	47.3 %
4	കാഞ്ചിയാർ	4,5	7	4.7 %
5	കഞ്ഞിക്കുഴി	1	1	.7 %
6	മുട്ടം	5	1	.7 %
7	ഉടുമ്പന്നൂർ	3	1	.7 %
8	ഏലപ്പാറ	4	1	.7 %
		ആകെ	135	

അവലംബം :അസിസ്റ്റന്റ് ഡയറക്ടർ ഓഫ് ഫിഷറീസ്-ജില്ലാതല സർവ്വേ/കേരള മത്സ്യ ത്തൊഴിലാളി ക്ഷേമനിധി ബോർഡ്.

മത്സ്യബന്ധനം മുഖ്യ തൊഴിലായിരിക്കുകയും എന്നാൽ ക്ഷേമനിധിയിൽ അംഗ ത്വമില്ലാത്തവരുടെയും വിവരം

ക്രമ നമ്പർ	പഞ്ചായത്ത്	വാർഡുകൾ	മത്സ്യത്തൊഴിലാളി കളുടെ എണ്ണം	ശതമാനം
1	ഇരട്ടയാർ	1,4,5,6,7,810,13	22	22 %
2	അറക്കുളം	3,4,5	11	11 %
3	വാഴത്തോപ്പ്(ചെറുതോണി)	1,12,13	11	11 %
4	വെള്ളത്തൂവൽ,	1	2	2 %
5	രാജാക്കാട്	2,6,8,9,12,13	20	20 %
6	കൊന്നത്തടി	1,2,3,4,16,19	26	26 %
7	കാഞ്ചിയാർ	14,15	4	4 %
8	കുമളി	11	2	2 %
9	വണ്ടിപ്പെരി യാർ	13	1	1 %
		ആകെ	99	

അവലംബം:- അസിസ്റ്റന്റ് ഡയറക്ടർ ഓഫ് ഫിഷറീസ്/കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്.



മത്സ്യബന്ധന മേഖലയും, മത്സ്യബന്ധന ഉപകരണങ്ങളും

പരമ്പരാഗത ഉപകരണങ്ങളായ കെട്ടുവള്ളം, ഒറ്റത്തടി തോണി, വള്ളങ്ങൾ, ചങ്ങാടം എന്നിവയിൽ വിവിധ ഇനം ഒടക്കുവല,കെട്ടുവല,ചൂണ്ടകൾ കൂടാതെ വീശുവല എന്നിവ ഉപയോഗിച്ചാണ് ജില്ലയിൽ മത്സ്യബന്ധനം നടത്തുന്നത്. ഉപകരണങ്ങൾ സംബന്ധിച്ച് ഇപ്പോഴത്തെ വിവരങ്ങൾ 2014 ലെ സിഫ്റ്റ് പ്രസിദ്ധീകരിച്ച റിപ്പോർട്ടുകളിൽ നിന്നുള്ള വിവരങ്ങളും, ഫിഷറീസ് ജില്ലാതല സർവ്വേയിൽ നിന്നുള്ള വിവരങ്ങളും പട്ടിക 11 ൽ കൊടുത്തിരിക്കുന്നു

ക്രമ നമ്പർ	പ്രവർത്തന മേഖല	യാനങ്ങൾ	വലകൾ	പിടിച്ചെടുക്കുന്ന മത്സ്യങ്ങൾ
1	കല്ലാർകുട്ടി	ഒറ്റത്തടി തോണി/വള്ളം	ഒടക്കുവല/ഒഴുക്കുവല, ചൂണ്ട	കോമൺ കാർപ്പ്, ചേറ്മീൻ, കുയിൽ, പരൽ, മലഞ്ഞീൻ പരൽ, വാഴയ്ക്കാവരയൻ, കല്ലേമുട്ടി, കൂരി ,വട്ടോൻ, വരാൽ,
2	കുണ്ടള ഡാം	ഇല്ല	ഒടക്കുവല/ഒഴുക്കുവല, ചൂണ്ട	കോമൺ കാർപ്പ്, ചേറ്മീൻ, കുയിൽ, പരൽ, മലഞ്ഞീൻ പരൽ, വാഴയ്ക്കാവരയൻ, കല്ലേമുട്ടി, കൂരി ,വട്ടോൻ, വരാൽ
3	ലോവർപെരിയാർ	ഇല്ല	ഒടക്കുവല/ഒഴുക്കുവല, ചൂണ്ട	കരിമീൻ, തിലാപ്പിയ, കോമൺ കാർപ്പ്, ചേറ്മീൻ, കുയിൽ, പരൽ, മലഞ്ഞീൻ പരൽ, വാഴയ്ക്കാവരയൻ, കല്ലേമുട്ടി, കൂരി ,വട്ടോൻ, വരാൽ
4	മാട്ടുപ്പെട്ടി	ഇല്ല	ഒടക്കുവല/ഒഴുക്കുവല, ചൂണ്ട	തിലാപ്പിയ, കോമൺ കാർപ്പ്, ചേറ്മീൻ, കുയിൽ, പരൽ, മലഞ്ഞീൻ പരൽ, വാഴയ്ക്കാവരയൻ, കല്ലേമുട്ടി, കൂരി ,വട്ടോൻ, വരാൽ
5	മുല്ലപ്പെരിയാർ	ചങ്ങാടം (മുള,ഈറ്റ)	ചൂണ്ട,കിണ്ണം,ഒടക്കുവല/ഒഴുക്കുവല,	കോമൺ കാർപ്പ്, ലെതർകാർപ്പ്,, കുയിൽ, ബട്ടറാക്കസ് , പരൽ, വാഴയ്ക്കാവരയൻ, കറിയാൻ, തിലാപ്പിയ, കല്ലേമുട്ടി, വട്ടോൻ, വരാൽ, വാകവരാൽ, , പോസിലിസ്, ചോട്ടാവാള, , ആറ്റുകൊഞ്ച്., ലീനിയേറ്റസ്, ബാർലോൺ, ഡാനിസിനി, ഡാനിക്കോണിയസ്, ജോണെസ്സി, മാർജിനേറ്റ,
6	പൊൻമുടി	ഒറ്റത്തടി തോണി/വള്ളം	ഒടക്കുവല/ഒഴുക്കുവല, വീശുവല,ചൂണ്ട	കോമൺ കാർപ്പ്, ചേറ്മീൻ, കുയിൽ, പരൽ, മലഞ്ഞീൻ പരൽ, വാഴയ്ക്കാവരയൻ, കല്ലേമുട്ടി, കൂരി ,വട്ടോൻ, വരാൽ,
7	ചെങ്കുളം	ഇല്ല	ഒടക്കുവല/ഒഴുക്കുവല, വീശുവല,ചൂണ്ട	കോമൺ കാർപ്പ്, ചേറ്മീൻ, കുയിൽ, പരൽ, മലഞ്ഞീൻ പരൽ, വാഴയ്ക്കാവരയൻ, കല്ലേമുട്ടി, കൂരി ,വട്ടോൻ, വരാൽ,
8	ഇടുക്കി	ഒറ്റത്തടി തോണി/കെട്ടുവള്ളം	കെട്ടുവല/ഒഴുക്കുവല, വീശുവല,ചൂണ്ട	കോമൺ കാർപ്പ്, ചേറ്മീൻ, കുയിൽ, പരൽ, മലഞ്ഞീൻ പരൽ, വാഴയ്ക്കാവരയൻ, കല്ലേമുട്ടി, കൂരി ,വട്ടോൻ, വരാൽ

അവലംബം:- 1. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (സിഫ്റ്റ്) 2014 2.ഫിഷറീസ് ജില്ലാതല സർവ്വേ.

ജില്ലയിലെ മത്സ്യമാർക്കറ്റുകൾ

ജില്ലയിലെ മുഖ്യ മത്സ്യ മാർക്കറ്റുകൾ തൊടുപുഴ, അടിമാലി, കട്ടപ്പന,കുമളി (കെ.എസ്. സി.എ.ഡി.സി.) എന്നിവിടങ്ങളിലാണ് പ്രവർത്തിച്ചുവരുന്നത്. കൂടാതെ ജില്ലയിൽ 2000-ത്തോളം അംഗീകൃതവും അനധികൃതവുമായ ചില്ലറ മത്സ്യ വിപണനശാലകളും ഉണ്ട്.

ജില്ലയിലെ മത്സ്യ വിപണനത്തിലും, അനുബന്ധ മേഖലയിലും നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. മത്സ്യ വിപണന മേഖല മധ്യവർത്തികളുടെ നിയന്ത്രണത്തിലായതിനാൽ മത്സ്യത്തൊഴിലാളികൾക്ക് ന്യായമായ വില അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യങ്ങൾക്ക് ലഭിക്കാറില്ല. അതുപോലെ തന്നെ ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് മത്സ്യങ്ങൾ ലഭിക്കുന്നുമില്ല. ജില്ലയിൽ ഗുണനിലവാരം കുറഞ്ഞതും, വിഷമയമായ രാസവസ്തുക്കൾ(ഫോർമാൾഡിഹൈഡ്, അമോണിയ, സോഡിയം ബെൻസോയേറ്റ് മുതലായവ)ചേർത്തതുമായമത്സ്യമാണ് വിപണനത്തിനായി എത്തുന്നത്. ഇത് ഒഴിവാക്കുന്നതിന് വകുപ്പ് കർശന പരിശോധനകൾ നടത്തുന്നതു കൂടാതെ, കൃത്യമായ നിർദ്ദേശവും നൽകുന്നുണ്ട്. മത്സ്യവില്പനശാലകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകിവരുന്ന ലൈസൻസ് സമയബന്ധിതമായി പുതുക്കേണ്ടതും, ആരോഗ്യത്തിന് ഹാനികരമാകുന്ന പദാർത്ഥങ്ങൾ ഉപയോഗിച്ച് മത്സ്യങ്ങൾ സൂക്ഷിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ പൊതുജനങ്ങളിൽ നിന്നും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിൽ വകുപ്പുമായി ബന്ധപ്പെട്ട് ടി ലൈസൻസുകൾ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അത്യാവശ്യമാണ്.

ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കേണ്ടത് നമ്മുടെ ലക്ഷ്യമാണ്. എന്നാൽ മത്സ്യമാർക്കറ്റുകളിൽ ശുചിത്യം ഉറപ്പു വരുത്തുന്ന രീതിയിലുള്ള വിപണന സൗകര്യങ്ങൾ, ടോയ്‌ലറ്റുകൾ, ശീതികരണ സംവിധാനങ്ങൾ, വാഹന പാർക്കിംഗ് സൗകര്യങ്ങൾ ഒന്നുംതന്നെ ഇല്ല. ഇതിനെല്ലാം പരിഹാരം കാണുകയും വിവിധ കൃഷി മാർഗ്ഗങ്ങളിലൂടെ മത്സ്യ ഉല്പാദനം ജില്ലയിൽ വർദ്ധിപ്പിക്കുകയും ചെയ്താൽ മാത്രമേ മത്സ്യ ഉപഭോക്താക്കൾക്ക് ആവശ്യമായ ഗുണമേന്മയുള്ളതും, രുചികരവും, ഉയർന്ന നിലവാരത്തിലുള്ളതുമായ മത്സ്യഉല്പന്നങ്ങൾ ജില്ലയിലെ എല്ലാ ഭാഗത്തും ലഭ്യമാക്കുന്നതിന് സാധിക്കുകയുള്ളു.

ജില്ലയിലെ മത്സ്യവിപണനം- സംബന്ധിച്ച വിവരങ്ങൾ

- പീരുമേട് താലൂക്കിൽ കുമളി ഗ്രാമ പഞ്ചായത്ത് 1-ാം മൈലിലുള്ള കെ.എസ്.സി. എ.ഡി.സി ബിൽഡിംഗ്, തൊടുപുഴ മുൻസിപ്പാലിറ്റിയിലെ കെ.എസ്.സി.ഡി.സി. ബിൽഡിംഗ് എന്നിവിടങ്ങളിൽ ജില്ലയിലെ പ്രധാന മത്സ്യമാർക്കറ്റുകൾ പ്രവർത്തിക്കുന്നു.
- തേക്കടിയിൽ മത്സ്യത്തൊഴിലാളികൾ മത്സ്യവിപണനം നടത്തുന്നത് ഫോറസ്റ്റ് വകുപ്പിലെ ഇ.ഡി.സി മുഖേനയാണ്.
- അയ്യപ്പൻകോവിൽ, മാട്ടുക്കട്ട, ചെറുതോണി, കുളമാവ്, പൊന്മുടി, കല്ലാർകുട്ടി, ഇരട്ടയാർ മുതലായ സ്ഥലങ്ങളിൽ മത്സ്യത്തൊഴിലാളികൾ നേരിട്ടും അല്ലാതെയും മത്സ്യവിപണനം നടത്തുന്നു. മത്സ്യഫെഡിന്റെ വിപണന കേന്ദ്രങ്ങൾ ജില്ലയിലില്ല. മത്സ്യഫെഡ് മുഖേനയുള്ള മത്സ്യവിപണനം ജില്ലയിലെ മുൻസിപ്പാലിറ്റികൾ, പ്രധാന പട്ടണങ്ങൾ എന്നിവിടങ്ങളിൽ ഫിഷ് ബൂത്തുകൾ, ഫിഷറീസ് സഹകരണ സംഘങ്ങൾ എന്നിവ മുഖേന നടപ്പിലാക്കുന്നതാണ്.

ജില്ലയിലെ മത്സ്യമാർക്കറ്റുകളുടെ അവസ്ഥ

തൊടുപുഴ മുൻസിപ്പാലിറ്റി, കുമളി ഗ്രാമപഞ്ചായത്ത് എന്നീ സ്ഥലങ്ങളിൽ കെ.എസ്.സി.എ..ഡി.സി.യുടെ വക മത്സ്യ വിപണന മാർക്കറ്റും, കൂടാതെ അടിമാലിയിൽഗ്രാമ പഞ്ചായത്ത് വക മത്സ്യമാർക്കറ്റും ഉണ്ട്. നിലവിൽ ടി മാർക്കറ്റുകൾ പ്രവർത്തന രഹിതമാണ്. ഫിഷ് പ്രോസസിങ്ങ് കമ്പനികളോ, ഐസ് പ്ലാന്റുകളോ ജില്ലയിലില്ല. ജില്ലയിൽ മത്സ്യം സൂക്ഷിക്കുന്നത് പ്രധാനമായും ഐസ് ഉപയോഗിച്ചാണ്. വകുപ്പുതലത്തിലോ സ്വകാര്യമേഖലയിലോ ഐസ് പ്ലാന്റിന്റെ നിർമ്മാണ സാധ്യത പരിശോധിക്കാവുന്നതാണ്.

ജില്ലയിലെ മത്സ്യമാർക്കറ്റുകൾ- പൊതുവിവരം

പ്രധാനമാർക്കറ്റുകൾ	2
വഴിയോര മാർക്കറ്റുകൾ	2220
ആകെ	2222

അവലംബം:- അസിസ്റ്റന്റ് ഡയറക്ടർ ഓഫ് ഫിഷറീസ്/ജില്ലാതല സർവ്വേ

ജില്ലയിലെ മത്സ്യമാർക്കറ്റുകൾ- വിശദ വിവരം

ക്രമ നമ്പർ	മാർക്കറ്റിന്റെ പേര്	തദ്ദേശ സ്വയംഭരണ സ്ഥാപനം	മാർക്കറ്റിന്റെ ഉടമസ്ഥത	മത്സ്യവകുപ്പ് ഫണ്ട് പ്രയോജനപ്പെടുത്തിയിട്ടുണ്ടോ	ഏത് ഏജൻസി വഴി	മത്സ്യ കച്ചവടക്കാരുടെഎണ്ണം	ആഴ്ചയിൽ എത്രദിവസം പ്രവർത്തിക്കുന്നു.
1	നൂതന മത്സ്യ മാർക്കറ്റ്, കുമളി	കുമളി	പ്രൈവറ്റ്	ധനസഹായം ലഭിച്ചിട്ടുണ്ട്.	കെ.എസ്.സി.എ. ഡി.സി	7	6 ദിവസം
2	വണ്ടിപ്പെരിയാർ	വണ്ടിപ്പെരിയാർ	പ്രൈവറ്റ്			10	6 ദിവസം
3	കട്ടപ്പന	കട്ടപ്പന മുൻസിപ്പാലിറ്റി	മുൻസിപ്പാലിറ്റി	ഇല്ല	--	15	6 ദിവസം
4	ചെറുതോണി	വാഴത്തോപ്പ്	പ്രൈവറ്റ്	ഇല്ല	--	5	6 ദിവസം
5	ഉപ്പുതറ	ഉപ്പുതറ	പ്രൈവറ്റ്	ഇല്ല	--	3	6 ദിവസം
6	അണക്കര	ചക്കുപള്ളം	പ്രൈവറ്റ്	ഇല്ല	--	3	6 ദിവസം
7	നെടുങ്കണ്ടം	നെടുങ്കണ്ടം	പഞ്ചായത്ത്	ഇല്ല	--	20	6 ദിവസം
8	നൂതന മത്സ്യ മാർക്കറ്റ് , തൊടുപുഴ	തൊടുപുഴ മുൻസിപ്പാലിറ്റി	മുൻസിപ്പാലിറ്റി	ധനസഹായം ലഭിച്ചിട്ടുണ്ട്.	കെ.എസ്.സി.എ.ഡി.സി.	5	6 ദിവസം
9	നീരാളി ഫിഷ് മാർക്കറ്റ്	തൊടുപുഴ മുൻസിപ്പാലിറ്റി	പ്രൈവറ്റ്	ഇല്ല	--	200	6 ദിവസം
10	വെങ്ങല്ലൂർ	തൊടുപുഴ മുൻസിപ്പാലിറ്റി	പ്രൈവറ്റ്	ഇല്ല	--	50	6 ദിവസം
11	തൂക്കുപാലം	നെടുങ്കണ്ടം	പ്രൈവറ്റ്	ഇല്ല	--	50	6 ദിവസം

അവലംബം:- അസിസ്റ്റന്റ് ഡയറക്ടർ ഓഫ് ഫിഷറീസ്/ജില്ലാതല സർവ്വേ

അനുബന്ധ സൗകര്യങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ

മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി ജില്ലയിൽ വകുപ്പ്തല വിദ്യാലയങ്ങളോ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളോ, സാംസ്കാരിക നിലയങ്ങളോ, വായനശാലകളോ, സാമൂഹ്യ കേന്ദ്രങ്ങളോ ഇല്ല. ഭാവിയിൽ ഉൾനാടൻ മേഖലയായ ജില്ലയിൽ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ ആരംഭിക്കാവുന്നതാണ്.

1	പബ്ലിക് ഹെൽത്ത് സെന്റർ	ഇല്ല
2	വിദ്യാലയങ്ങൾ	ഇല്ല
3	വായനശാല	ഇല്ല
4	സാംസ്കാരികകേന്ദ്രങ്ങൾ	ഇല്ല

അവലംബം:- അസിസ്റ്റന്റ് ഡയറക്ടർ ഓഫ് ഫിഷറീസ്/ജില്ലാതല സർവ്വേ

മത്സ്യത്തൊഴിലാളി വനിതകളുടെ തൊഴിലിനെ സംബന്ധിച്ച വിവരങ്ങൾ

ജില്ലയിലെ ജലാശയങ്ങളിൽ നിന്നും (പുഴകൾ, തോടുകൾ, തടാകങ്ങൾ) വനിതാ മത്സ്യ തൊഴിലാളികൾക്ക് മത്സ്യബന്ധനം നടത്തുന്നതിനാവശ്യമായ വേണ്ടത്ര മത്സ്യ ബന്ധന സാമഗ്രികൾ ഇല്ല. പരമ്പരാഗത രീതിയിലുള്ള മത്സ്യബന്ധന രീതികളാണ് അവർ അവലംബിച്ചുപോരുന്നത് (Small Hooks & Line tray trap fishing method) ഇതുമൂലം നല്ല രീതിയിൽ മത്സ്യം പിടിച്ചെടുക്കാൻ സാധിക്കാതെ വരുന്നു. വിഭവശോഷണത്തിന് ഇട വരുത്താത്ത നവീന മത്സ്യബന്ധന മാർഗ്ഗങ്ങൾ ഈ മേഖലയിൽ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്.

ഉൾനാടൻ മത്സ്യ ഉല്പാദന സാധ്യതകൾ- ഉൾനാടൻ ജലാശയസമ്പത്ത്

ക്രമനമ്പർ	ജലസമ്പത്ത്	എണ്ണം	ഏരിയ (ഹെക്ടർ)
1	സ്വകാര്യകുളങ്ങൾ/ ടാങ്കുകൾ	10,036	426.84
2	പഞ്ചായത്ത്കുളങ്ങൾ	78	38.32
3	അമ്പലകുളങ്ങൾ	32	4.724
4	ശുദ്ധജല അരുവികൾ	4	0.84
5	ശുദ്ധജല തടാകങ്ങൾ	1	2600
6	നദികൾ	8	
7	റിസർവോയർ	13	17,214.76
8	ഇറിഗേഷൻടാങ്ക്	83	0.332
	ആകെ	10,255	20,285.82

അവലംബം: പാൻഫിഷറീസ്/അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്/മത്സ്യകർഷക വികസന ഏജൻസി (FFDA), ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

മത്സ്യബന്ധനമേഖലയിലെ അടിസ്ഥാനസൗകര്യങ്ങൾ

അടിസ്ഥാനസൗകര്യങ്ങൾ	എണ്ണം
മത്സ്യഇറക്കുകേന്ദ്രം	4
മത്സ്യസംസ്കരണം	0
മത്സ്യവിപണനം	2220
ലേലം കേന്ദ്രങ്ങൾ	ഇല്ല
മത്സ്യം ഉണക്ക്	1 (കുമളി)
മത്സ്യവിപണനം-വിശ്രമകേന്ദ്രങ്ങൾ (സ്ത്രീ)	ഇല്ല
ആകെ	**2225**

അവലംബം: ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ,ഇടുക്കി ജില്ലാതല സർവ്വേ

ഇടുക്കി ജില്ല- മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങളുടെ നിലവിലെ അവസ്ഥ - ആനുകൂല്യം ലഭിക്കേണ്ടവർ

ഭവന നിർമ്മാണ ആനുകൂല്യം		ഭവന പുനരുദ്ധാരണ ആനുകൂല്യം		ശൗചാലയ നിർമ്മാണ ആനുകൂല്യം	
ഗുണഭോക്താക്കൾ	ലഭിച്ചവർ	ഗുണഭോക്താക്കൾ	ലഭിച്ചവർ	ഗുണഭോക്താക്കൾ	ലഭിച്ചവർ
25	5	20	5	15	5

അവലംബം:- അസിസ്റ്റന്റ് ഡയറക്ടർ ഓഫ് ഫിഷറീസ് ഇടുക്കി,ജില്ലാതല സർവ്വേ

ആരോഗ്യനില

ദീർഘകാല രോഗബാധിതർ- ഇടുക്കി ജില്ലയിലെ മത്സ്യത്തൊഴിലാളി വിഭാഗം

ക്രമനമ്പർ	രോഗങ്ങൾ	രോഗബാധിതർ
1	കാൻസർ	-
2	ഹൃദയാഘാതം	2
3	രക്തസമ്മർദ്ദം	1
4	പ്രമേഹം	3
5	ക്ഷയം	-
6	തളർവാതം	2
7	ആസ്തമ	-
8	കുഷ്ഠരോഗം	-
9	അപകടംമൂലം അസുഖമുള്ളവർ	1
10	രക്തസമ്മർദ്ദവും പ്രമേഹമുള്ളവർ	3
11	ഹൃദ്രോഗവും രക്തസമ്മർദ്ദവുമുള്ളവർ	3
12	ഭിന്നശേഷിയുള്ളവർ	-
	ആകെ	15

അവലംബം: അസിസ്റ്റന്റ് ഡയറക്ടർ ഓഫ് ഫിഷറീസ്, ഇടുക്കി, ജില്ലാതല സർവ്വേ.

മത്സ്യമേഖല പ്രശ്ന വിശകലനം

മലീമസമാകുന്ന ജലാശയങ്ങൾ

ഇടുക്കി ജില്ലയിലെ ജലാശയങ്ങൾ വിവിധ കാരണങ്ങളാൽ മലീമസമാകുന്നത് മത്സ്യ ആവാസ വ്യവസ്ഥയേയും, കുടിവെള്ള സ്രോതസ്സുകളെയും സാരമായി ബാധിക്കുന്നു. വണ്ടിപ്പെരിയാർ, പൂപ്പാറ, മൂന്നാർ, അടിമാലി, ഇരുമ്പുപാലം തുടങ്ങിയ സ്ഥലങ്ങളിൽ ജലാശയങ്ങളിലേയ്ക്ക് വൻതോതിൽ മാലിന്യങ്ങൾ തള്ളുന്നുണ്ട്.

മത്സ്യത്തിലധിഷ്ഠിതമായ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വില്പന സാധ്യത

ജില്ലയിലുള്ള മത്സ്യത്തൊഴിലാളി വനിതകൾക്കും, കുടുംബശ്രീ അംഗങ്ങൾ മുതലായവർക്കും ത്രിതല പഞ്ചായത്തുകൾ മുഖേന മത്സ്യാധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണവും, വിപണനവും വകുപ്പുതല ഏജൻസി കൂടിയായ സാഫ് മുഖേന നടപ്പിലാക്കാവുന്നതാണ്.നിലവിൽ ജില്ലയിൽ സാഫ് യൂണിറ്റുകൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല.

വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികളുടെ സംയോജന സാധ്യതകൾ

അഗ്രികൾച്ചർ ഡിപ്പാർട്ട്മെന്റ് (ആത്മ), ത്രിതല പഞ്ചായത്തുകൾ എന്നിവ മുഖേന മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായിട്ടുള്ള പദ്ധതികൾ നിർവഹിക്കാവുന്നതാണ്. (സംയോജിത മത്സ്യകൃഷി രീതികൾ. അക്വാപോണിക്സ്, ജലപുന:ചംക്രമണ കൃഷിരീതി, പടുതാക്കുളം, തുടങ്ങിയവ നടപ്പിലാക്കി ഉയർന്ന ഉല്പാദനവും, മെച്ചപ്പെട്ട ലാഭവും നേടാവുന്നതാണ്.

ജില്ലയിലെനാടൻ മത്സ്യസമ്പത്തിന്റെ അവസ്ഥ.

പ്രധാനപ്പെട്ട നാടൻ മത്സ്യ ഇനങ്ങളായ പരൽ മീനുകൾ, കൂരൽ, കുയിൽ, ചെറിയ കൂരി, മഞ്ഞ കൂരി, ചേറുമീൻ, കോലാൻ, ആരൽ മുതലായവയുടെ ഇനങ്ങൾ നിലവിലുണ്ട്. ഇവയിൽ മിക്ക മീനുകളുടെയും എണ്ണം കുറഞ്ഞു വരുന്നു. ആഫ്രിക്കൻ മുഷി പോലുള്ള മീനുകളുടെ കടന്നുകയറ്റം, കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനം തുടങ്ങിയവ ഇതിനു പ്രധാനകാരണമാകുന്നു. ഫിഷറീസ് സാങ്ച്യുറികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലൂടെ തദ്ദേശ മത്സ്യങ്ങളുടെ സംരക്ഷണം, അവയുടെ ഉല്പാദനം, പ്രജനനം, വളർച്ച എന്നിവ ഉറപ്പാക്കാവുന്നതാണ്..

മത്സ്യസമ്പത്ത് സംരക്ഷണത്തിന് ഉത്തവാദിത്വ മത്സ്യബന്ധന പരിപാലന നയം.

ജില്ലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സോഷ്യൽ ഫിഷറീസ് മുഖേന ശുദ്ധജലാശയങ്ങൾ, പൊതു കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവിടങ്ങളിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കാൻ സാധിക്കും. ഫിഷ് സാങ്ച്യുറികളുടെ നിർമ്മാണത്തിലൂടെ ഇപ്പോൾ ഇല്ലാതായിക്കൊണ്ടിരിക്കുന്ന മത്സ്യ ഇനങ്ങളുടെ കുറവ് നികത്താനാകും. വിസ്തൃതി കൂടുതലുള്ള ജില്ലയിലെ മിക്കഭാഗങ്ങളിലും മത്സ്യങ്ങൾ വളർത്തുവാൻ അനുകൂല സാഹചര്യങ്ങളുമുണ്ട്. മത്സ്യകൃഷി നടപ്പാക്കുന്നതിനായി താല്പര്യത്തോടെ മുന്നോട്ട് വരുന്ന മുഴുവൻ ആളുകൾക്കും സാമ്പത്തിക സഹായങ്ങൾ നൽകിയും, അതിനുള്ള സാങ്കേതികമായ അറിവുകളും പരിശീലനങ്ങളും നൽകിയും അവരെ പ്രബുദ്ധരാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ കൂടാതെ ത്രിതല പഞ്ചായത്ത് തലത്തിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്.

ചെറിയ തരം മത്സ്യങ്ങളെ പിടിച്ചെടുക്കുന്നതും, കൂടാതെ മത്സ്യങ്ങളുടെ പ്രജനന കാലത്തുള്ള മത്സ്യബന്ധനവും, ഇത്തരം ജലാശയങ്ങളിൽ ഒഴിവാക്കേണ്ടതുണ്ട്. ചെറിയ മത്സ്യങ്ങളെ പിടിക്കുന്നത് ഒഴിവാക്കാൻ വേണ്ടി മത്സ്യബന്ധന രിതികളായ വിഷം കലർത്തൽ, തോട്ടയിടൽ, വൈദ്യുതി ഉപയോഗിച്ചുള്ള മീൻപിടുത്തം മുതലായവ ശ്രദ്ധയിൽപ്പെട്ടാൽ തക്കതായ ശിക്ഷ നൽകുന്നതിനും, ഇതുവഴി പ്രകൃതി വിഭവങ്ങളെ സംരക്ഷിക്കുന്നതിനും, അമിതചൂഷണത്തിന് വിധേയമാക്കാതെ അവയെ പരിപാലിക്കുന്നതിനും ജില്ല/ത്രിതല പഞ്ചായത്ത് തലത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്.

നിലവിലുള്ള നിയമങ്ങളുടെയും, ചട്ടങ്ങളുടെയും വിലയിരുത്തൽ

Kerala Inland Fisheries Act2010 അനുസരിച്ച് ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യബന്ധനം നടത്തുന്നതിനായി വള്ളങ്ങൾക്കും, വലകൾക്കും രജിസ്ട്രേഷനും, ലൈസൻസും വകുപ്പ് തലത്തിൽ നൽകി വരുന്നു. എന്നിരുന്നാൽ കൂടി കർമ്മോന്മുഖരായ മത്സ്യത്തൊഴിലാളികളല്ലാത്ത വളരെയേറെ ആളുകൾ ജില്ലയിലെ ജലാശയങ്ങളിൽ മത്സ്യബന്ധനം നടത്തിവരുന്നുണ്ട്.

ജില്ലാ മത്സ്യകർഷക വികസന ഏജൻസി മുഖാന്തിരം നടപ്പാക്കുന്ന ശാസ്ത്രീയ മത്സ്യകൃഷി പദ്ധതികൾ

ബ്ലൂ റെവലൂഷൻ, ഇന്നവേറ്റീവ് അക്വാകൾച്ചർ തുടങ്ങിയ നൂതന പദ്ധതികൾ തയ്യാറാക്കുന്നതിനും, ഏറ്റെടുക്കുന്നതിനും, നടപ്പിലാക്കുന്നതിനും ജില്ലയിലുള്ള തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുന്നോട്ടുവരികയോ മേൽ വിഷയത്തിൽ കൂടുതൽ ശ്രദ്ധ നൽകുകയോ ചെയ്യുന്നില്ല. സാമ്പത്തിക സ്രോതസുകളായ സംസ്ഥാന -കേന്ദ്ര ഗവൺമെന്റുകൾ, വിവിധ ബോർഡുകൾ, സഹകരണ സംഘങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള സാമ്പത്തിക സഹായം പ്രയോജനപ്പെടുത്തി ജില്ലയുടെ എല്ലാ മേഖലകളിലും മത്സ്യംവളർത്തൽ അവയുടെ പരിപാലനം, വിപണനവും എന്നിവ സാധ്യമാക്കുന്നതിന് ഒട്ടേറെ സാഹചര്യങ്ങളാണുള്ളത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കാവുന്ന മത്സ്യകൃഷി(ഉൾനാടൻ) പദ്ധതികൾ ഉണ്ട്. ഈ പദ്ധതികളിൽ കർമ്മോന്മുഖ മത്സ്യത്തൊഴിലാളികൾക്കും, മത്സ്യ കർഷകർക്കും വേണ്ടിയുള്ള പദ്ധതികൾ പഞ്ചായത്ത് തലത്തിൽ കുറവാണ്. ഈ വക പദ്ധതികൾ വകുപ്പുമുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കി താല്പര്യമുള്ള പൊതുജനങ്ങൾക്ക് കൂടുതൽ പ്രയോജനം ലഭിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കേണ്ടതാണ്. എന്നാൽ ഇതര കൃഷി അനുബന്ധ മേഖലകൾക്ക് നൽകുന്ന പ്രാധാന്യം ഈ മേഖലയ്ക്ക് നൽകുന്നില്ല.

ഇടുക്കി ജില്ലയിലെ ഫിഷറീസ് സഹകരണ സംഘങ്ങൾ

ഇടുക്കി ജില്ലയിൽ, ഇടുക്കി, പെരിയാർ, ആനയിറങ്കൽ, മാട്ടുപെട്ടി, പൊൻമുടി തുടങ്ങി അനവധി ജലാശയങ്ങളാണ് ഉള്ളത്. മിക്ക തടാകങ്ങളിലും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിട്ടുള്ളത്. ഇവർ സാമൂഹികമായും, സാമ്പത്തികമായും ദുർബലരാണ്. ഇവർ ഉൾപ്പെടുന്ന, മത്സ്യത്തൊഴിലാളികളായ തദ്ദേശവാസികൾ, മത്സ്യകർഷകർ എന്നിവരുടെ ഉന്നമനം ലക്ഷ്യം വച്ച് രൂപീകരിച്ച 8 സഹകരണ സംഘങ്ങളിൽ 4 എണ്ണം കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. പ്രവർത്തന ഫണ്ടിന്റെ അപര്യാപ്തത നിമിത്തം 4 എണ്ണം പ്രവർത്തനരഹിതമാണ്. പുതിയ രണ്ട് സംഘങ്ങൾ രജിസ്ട്രേഷനായി സമീപിച്ചിട്ടുണ്ട്. പ്രവർത്തിക്കുന്ന നാല് സഹകരണ സംഘങ്ങളിലൂടെ വർഷം തോറും വിവിധ പദ്ധതികളിൽ പെടുത്തി മത്സ്യബന്ധനവുമായി ബന്ധപ്പെട്ടുള്ള വഞ്ചി, വല തുടങ്ങിയവ വാങ്ങുന്നതിന് എസ്.സി,/ എസ്.റ്റി ഫണ്ട് ഉപയോഗിച്ചുള്ള ധനസഹായങ്ങൾ നൽകുന്നു. വകുപ്പ് പ്രവർത്തനങ്ങൾ, വിവിധ പദ്ധതികൾ വിശിഷ്യ മത്സ്യകൃഷി, മത്സ്യവിപണനം, മുതലായവയുടെ സാധ്യതകളെക്കുറിച്ച് അംഗങ്ങളായ മത്സ്യത്തൊഴിലാളികളെ ബോധവാന്മാരാക്കുന്നതിന് ഈ സംഘങ്ങൾ വളരെയധികം പ്രയോജനപ്പെടുന്നുണ്ട്.

1. <u>കുമളി ട്രൈബൽ മത്സ്യവ്യവസായ സഹകരണസംഘം ക്ലിപ്തം നമ്പർ എഫ്(ഐ)746</u>

ദിവസംതോറും വളരെയധികം ടൂറിസ്റ്റുകൾ വരുന്ന സ്ഥലമായതിനാൽ, സംഘത്തിനു സ്വന്തമായി ഉള്ള കെട്ടിടത്തിൽ ഒരു അക്വേറിയം സ്ഥാപിച്ചാൽ അത് ഒരു നല്ല വരുമാനമാർഗ്ഗമാവും. അക്വേറിയത്തിൽ പെരിയാർ തടാകത്തിൽ ലഭ്യമായ തനതു മത്സ്യങ്ങളെ ഉൾപ്പെടെ പ്രദർശിപ്പിക്കാം. ആവശ്യമായ ധനസഹായം പട്ടികവർഗ്ഗ വകുപ്പിൽ നിന്നും കണ്ടെത്താവുന്നതാണ്. ഇതിനുള്ള പ്രോജക്റ്റ് സംഘം തയ്യാറാക്കിവരുകയാണ്. കെട്ടിടം പുന:രുദ്ധരിക്കുന്നതിന് ത്രിതല പഞ്ചായത്തുകൾ തയ്യാറാകണം. ഇതിലൂടെ സംഘത്തിനും, പ്രാധാന്യമർഹിക്കുന്ന പ്രത്യേക ജന വിഭാഗങ്ങൾക്കും മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് ത്രിതല പഞ്ചായത്ത് തലത്തിൽ പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

2. കുളമാവ് പട്ടികജാതി/പട്ടികവർഗ്ഗ ജലകന്യക മത്സ്യബന്ധന വിപണന സഹകരണ സംഘംഎഫ്(ഐ)2/12/CZ

17.7.2012-ൽ രജിസ്റ്റർ ചെയ്ത കുളമാവ് പട്ടികജാതി/പട്ടികവർഗ്ഗ ജലകന്യക മത്സ്യബന്ധന വിപണന സഹകരണ സംഘം എഫ്(ഐ)2/12/CZസംഘത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതി 3.7.2013-ൽ നിലവിൽവന്നു പ്രവർത്തിച്ചുവരുന്നു. Providing Fishing Implements to ST Fishermen Groupsഎന്ന പദ്ധതി സംഘത്തിൽ നടപ്പിലാക്കിവരുന്നു. സംഘാഗങ്ങൾ ഗ്രൂപ്പ് തിരിഞ്ഞ് ഇടുക്കി ജലാശയത്തിന്റെ കുളമാവ്, ചക്കിമാലി പ്രദേശങ്ങളിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടുവരുന്നു. കുളമാവ് ഡാമിലും, ചക്കിമാലി എന്നിവിടങ്ങളിൽ മത്സ്യവിത്തുകൾ നിക്ഷേപിക്കാവുന്നതാണ്. ഇതിനായി പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/ജില്ല പഞ്ചായത്ത് മുഖാന്തിരം പദ്ധതികൾ തയ്യാറാക്കാവുന്നതാണ്.

3. ചെറുതോണി ട്രൈബൽ ഫിഷറീസ് സഹകരണസംഘം ക്ലിപ്തം നം.എഫ് (ഐ)2/14/CZ

2014-ൽ രജിസ്റ്റർ ചെയ്ത സംഘത്തിന്റെ ഭരണസമിതി 7.2.2015-ന് നിലവിൽവന്നു. വള്ളം, വല, ലൈഫ് ജാക്കറ്റ് എന്നിവ വാങ്ങുവാൻ ധനസഹായം ലഭിക്കുകയാണെങ്കിൽ സംഘത്തിന് നല്ല രിതിയിൽ പ്രവർത്തിക്കുവാൻ ആകും, കാരണം സംഘം സ്ഥിതി ചെയ്യുന്ന ചെറുതോണി ഭാഗത്തെ ഇടുക്കിജലാശയത്തിൽ നല്ല അളവിൽ മത്സ്യം ലഭ്യമാണ്. അതുകൊണ്ട് സംഘാഗങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം കണ്ടെത്തുവാൻ കഴിയും. മത്സ്യബന്ധന ഉപകരണങ്ങൾ നൽകുന്നതിനുള്ള പദ്ധതി ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടെ നിർവ്വഹിക്കാവുന്നതാണ്.

4. പൊൻമുടി നിർദ്ദിഷ്ടസംഘം.

പൊൻമുടി ഡാമിൽ നിലവിൽ 48 പേർ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിട്ടുണ്ട്. ഇവർ ഒരു സഹകരണ സംഘം രൂപീകരിക്കുന്നതിനായി താല്പര്യത്തോടെ മുന്നോട്ട് വന്നിരിക്കുകയാണ്. പ്രമോട്ടിംഗ് കമ്മറ്റിയെയും, ചീഫ് പ്രമോട്ടറെയും തിരഞ്ഞെടുക്കുവാനുള്ള യോഗം ഉടനെ നടക്കും. കരട് ബൈലായും, പ്രോജക്റ്റ് റിപ്പോർട്ടും തയ്യാറാക്കുവാൻ യോഗം പ്രമോട്ടിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തും. മത്സ്യബന്ധന ഉപകരണങ്ങൾ, ആധുനിക രീതിയിലുള്ള മത്സ്യ ബൂത്തുകൾ എന്നിവ ആവശ്യമാണ്. ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടെ ഈ രണ്ട് പദ്ധതികളും നടപ്പിലാക്കാവുന്നതാണ്.

5. മാട്ടുക്കട്ട നിർദ്ദിഷ്ട സംഘം.

മാട്ടുകട്ട എന്ന സ്ഥലത്ത് നിന്ന് കുറച്ച് മത്സ്യകർഷകർ ഒരു സഹകരണ സംഘം രൂപീകരണവുമായി ബന്ധപ്പെട്ട് സമീപിച്ചിട്ടുണ്ട്. ഒരു സഹകരണ സംഘം രൂപീകരണത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മത്സ്യബന്ധന ഉപകരണങ്ങൾ, നല്ല രീതിയിലുള്ള മത്സ്യ ബൂത്തുകൾ എന്നിവ ഈ പ്രദേശത്ത് ആവശ്യമാണ്. ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടെ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

മത്സ്യകർഷക വിപണന സംഘങ്ങൾ-ജില്ലയിലെ സാധ്യത

ഇടുക്കി ജില്ലയിൽ മത്സ്യസമൃദ്ധി, നൂതന മത്സ്യകൃഷി, ജനകീയ മത്സ്യ കൃഷി എന്നിവയിലൂടെ മത്സ്യോത്പാദനം കൂടിവരുകയാണ്. ഈ സാഹചര്യം മുതലെടുത്ത് മത്സ്യ വിപണനത്തിനായി മത്സ്യകർഷകരുടെ സഹകരണസംഘം രൂപീകരിക്കാവുന്നതാണ്. ഇത് സംഘത്തിന് വരുമാനവും, ഗുണഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മത്സ്യത്തിന്റെ ലഭ്യതയും ഉറപ്പു വരുത്തും. ഇത് ത്രിതലപഞ്ചായത്ത് മുഖേന നടപ്പിലാക്കാവുന്നതാണ്.

മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ

		കേരളം	ഇടുക്കി	%
1	മത്സ്യഫെഡ്		ഇല്ല	
	കടൽ	346	–	–
	വനിതകൾ	116	–	–
	ഉൾനാടൻ	204	8	3. 92
	ആകെ	666	–	–
2	മറ്റുള്ള സഹകരണസ്ഥാപനങ്ങൾ	114	–	–
	ആകെ	780	8	1. 03

അവലംബം:- കേരള സർക്കാർ 2015/ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ,ഇടുക്കി

മത്സ്യലേലം

ജില്ലയിലെ ഫിഷറീസ് സഹകരണ സംഘങ്ങൾ ഒന്നും മത്സ്യലേലത്തിൽ പങ്കെടുക്കുന്നില്ല. പ്രവർത്തന ഫണ്ടിന്റെ അപര്യാപ്തതയാണ് ഇതിന് കാരണം.

അലങ്കാരമത്സ്യകൃഷി- ജില്ലയുടെ നിലവിലെ അവസ്ഥ.

അലങ്കാര മത്സ്യകൃഷിയുടെ സാധ്യതകൾ ഉൾനാടൻ മേഖലയായ ജില്ലയിൽ ചില പ്രദേശങ്ങളിൽ മാത്രമേ കാണാൻ കഴിയുന്നുള്ളു. നൂറ്റാണ്ടുകളുടെ പാരമ്പര്യം അലങ്കാര മത്സ്യപരിപാലനത്തിന് അവകാശപ്പെടാറുണ്ടെങ്കിലും 2-ാം ലോക മഹായുദ്ധത്തിന് ശേഷമാണ് ആഗോള വ്യാപകമായത്. 1940 കളിൽ തിരുവനന്തപുരത്ത് ശംഖുമുഖത്ത് ആരംഭിച്ച അക്വേറിയം അലങ്കാരമത്സ്യങ്ങളുടെ മനോഹാരിത സാധാരണജനങ്ങളിൽ എത്തിക്കുന്നതിന് മുഖ്യ പങ്കുവഹിച്ചു. കേവലം മാനസിക ഉല്ലാസത്തിനുള്ള ഉപാധി എന്ന നിലയിൽ നിന്നും, അലങ്കാര മത്സ്യങ്ങളുടെ വിപണനം കോടികളുടെ വ്യവസായമായി മാറി കഴിഞ്ഞു. കേരളത്തിന്റെ ആഭ്യന്തര വിപണിയിൽ വിറ്റുവരുന്ന ഏറിയ പങ്ക് അലങ്കാര മത്സ്യങ്ങളും കൊണ്ടുവരുന്നത് ചെന്നൈയിൽ നിന്നോ മുംബൈയിൽ നിന്നോ ആണ്. കഴിഞ്ഞ ഒരു ദശാംബ്ദകാലത്തിലേറെയായി സംസ്ഥാന ഗവൺമെന്റിന്റെയും മത്സ്യബന്ധന വകുപ്പിന്റെയും ഇടപെടലുകൾ വിശിഷ്യ അന്താരാഷ്ട്ര മത്സ്യപ്രദർശനങ്ങളിലൂടെ ആ മേഖലയ്ക്ക് പുത്തൻ ദിശാബോധം നൽകുന്നതിന് കാരണമായിട്ടുണ്ട്. ജില്ലയിലെ തദ്ദേശ സ്വയംഭണ സ്ഥാപനങ്ങൾ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് അലങ്കാര മത്സ്യപ്രദർശനങ്ങൾ വകുപ്പുമായി ചേർന്ന് നടത്താൻ കഴിഞ്ഞാൽ ഈ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഇത് പ്രയോജനപ്രദമാണ്.

ഈ മേഖലയിൽ മുതൽ മുടക്കാൻ തയ്യാറാകുന്ന വ്യവസായികൾക്കും ,കർഷകർക്കും അലങ്കാര മത്സ്യകൃഷിയിൽ വ്യക്തമായ ധാരണയും, അറിവും ഉണ്ടാകേണ്ടത് അനുപേക്ഷണീയമാണ്.

അലങ്കാര മത്സ്യകൃഷിയുടെ സാധ്യതകൾ (എഫ്. എഫ്.ഡി.എ)

വാണിജ്യാടിസ്ഥാനത്തിലുള്ള അലങ്കാരമത്സ്യകൃഷി വികസനത്തിനും, കയറ്റുമതിക്കും അനുയോജ്യമായ സാഹചര്യമാണ് കേരളത്തിൽ നിലനിൽക്കുന്നത്. ഈ അനുകൂലാവസ്ഥ അക്വാപാർക്ക് പോലുള്ള ബൃഹത്പദ്ധതികൾക്ക് ഉപയുക്തമാക്കാവുന്ന സാഹചര്യമാണ് ജില്ലയ്ക്കുള്ളത്. അലങ്കാരമത്സ്യകൃഷി ഏറ്റെടുത്തു നടത്തുവാൻ മുന്നോട്ടുവരുന്ന ഏതൊരു സംരംഭകനും ഈ മേഖലയെ പ്രയോജനപ്പെടുത്താവുന്നതാണ്. ഇത് സംബന്ധിച്ച് പദ്ധതികൾ ത്രിതല പഞ്ചായത്തുകൾ മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്.

അലങ്കാരമത്സ്യകൃഷി ഒട്ടനവധി ഗുണഫലങ്ങൾ മനുഷ്യരാശിക്ക് പ്രദാനം ചെയ്യുന്നുണ്ട്. സൗന്ദര്യപരവും, മാനസികവുമായ ഉല്ലാസത്തോടൊപ്പം തൊഴിലും വിദേശ നാണ്യങ്ങളും നേടിത്തന്ന് സാമ്പത്തിക ഉന്നമനത്തിനും ദാരിദ്ര നിർമ്മാർജ്ജനത്തിനും ജനങ്ങളെ പ്രാപ്തരാക്കും. അലങ്കാര മത്സ്യവളർത്തൽ രംഗത്തേക്ക് കടന്നു വരുന്ന ജനങ്ങളെ അവയുടെ പ്രജനനരീതികൾ പരിപാലനം, വിപണനം എന്നിവയെക്കുറിച്ച് പ്രബുദ്ധരാക്കേണ്ടതാണ്. ഇതിനാവശ്യമായ പരിശീലനങ്ങൾ, ഡെമോൺസ്ട്രേഷൻ ക്ലാസ്സുകൾ, പ്രദർശനങ്ങൾ(Exposure visit), സന്ദർശനങ്ങൾ എന്നിവ സംഘടിപ്പിക്കാവുന്നതാണ്.

ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുന്നതിലൂടെ ജില്ലയുടെ സാമ്പത്തിക ഭദ്രത കൂടുതൽ വർദ്ധിപ്പിക്കുന്നതിനും ഇത് സഹായകമാകുന്നു. വകുപ്പിന് അനുയോജ്യമായ സ്ഥലസൗകര്യങ്ങൾ ലഭിച്ചാൽ അക്വാപാർക്ക് പോലുള്ള സംവിധാനങ്ങൾ ഭാവിയിൽ ഉണ്ടാക്കുന്നതിന് സാധിക്കുന്നതാണ്. ഇത് സംബന്ധിച്ച് ജില്ലാതലത്തിൽ പദ്ധതികൾ തയ്യാറാക്കാവുന്നതാണ്.

ഈ മേഖലയിൽ മുതൽ മുടക്കാൻ തയ്യാറാകുന്ന കർഷകർക്കും, ചെറുകിട സംരംഭകർക്കും (കുടുംബശ്രീ സംഘങ്ങൾ, സഹകരണ സംഘങ്ങൾ) അലങ്കാര മത്സ്യകൃഷിയിൽ വ്യക്തമായ ധാരണയും അറിവും നൽകാവുന്നതാണ്. ആത്മപോലുള്ള സാങ്കേതിക വിദ്യാവ്യാപനത്തിന്റെ ഭാഗമായി ജില്ലയിലെ മത്സ്യബന്ധന വകുപ്പിലെ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ അലങ്കാരമത്സ്യകർഷകർക്കും, വ്യവസായ സംരഭകർക്കും കൂടാതെ സ്കൂളുകളിൽ അക്വാകൾച്ചർ ക്ലബ്ബുകൾ രൂപീകരിച്ച് വിദ്യാർത്ഥികൾക്കും അലങ്കാരമത്സ്യകൃഷിയിലൂടെ മത്സ്യം വളർത്തിനുള്ള പ്രാവിണ്യം നേടാം. ഇതിന് ആവശ്യമായ പദ്ധതികൾ ത്രിതല പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കാവുന്നതാണ്.

ജില്ലയിലെ നദികളും, തടാകങ്ങളും, കുളങ്ങളും, അണക്കെട്ടുകളും മറ്റു ഇതര ജലാശയങ്ങളും വൈവിധ്യങ്ങളായ നിരവധി അലങ്കാരമത്സ്യങ്ങളുടെയും അവ വളരുവാൻ ആവശ്യമായ സാഹചര്യം ഒരുക്കുന്ന ജലസസ്യങ്ങളുടെയും, ചെടികളുടെയും ആവാസകേന്ദ്രങ്ങളാണ്. ഇവയെ സംരക്ഷിക്കുന്നതിനും, പരിപോഷിപ്പിക്കുന്നതിനും പദ്ധതികൾ തയ്യാറാക്കാവുന്നതാണ്. വ്യാവസായിക പ്രാധാന്യമർഹിക്കുന്ന നമ്മുടെ നാടൻ ശുദ്ധജല അലങ്കാര മത്സ്യങ്ങളും ചെടികളും ചിലത് താഴെ പറയുന്നു.

<u>ജില്ലയിലെ തനത് അലങ്കാര മത്സ്യഇനങ്ങൾ.</u>

1.പാവുകൻ
2.കണിയാൻ പരൽ,
3.പൂവാലിപരൽ, കുയിൽ,
4.വാഴയ്ക്കാവരയൻ,
5.കൂരൽ, കല്ലേമുട്ടി,
6.മഞ്ഞക്കൂരി,
7.പൂഞ്ഞാൻ,
8.കരിമീൻ,
9.വരാൽ,
10.ചേറുമീൻ,
11.വട്ടോൻ,
12.കണഞ്ഞോൻ.

അലങ്കാരമത്സ്യകൃഷിയിലും പ്രജനനം നടത്തുന്ന കുളങ്ങളിലും ഉപയോഗിക്കാവുന്ന ജലസസ്യങ്ങൾ താഴെപറയുന്നു.

അലങ്കാര മത്സ്യകൃഷിയ്ക്കായി ഉപയോഗിക്കാവുന്ന ജലസസ്യ ഇനങ്ങൾ.

1. പിസ്ററിയ
2. കബംബ
3. ബക്കോപ്പ
4. വാലിസിനേറിയ

5. ഹൈഡ്രില
6. ഐകോർണിയ
7. സാൽവീനിയ മുതലായവ

ജില്ലയിലെ അലങ്കാര മത്സ്യകൃഷിയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ.

ജില്ലയിലുള്ള വൈവിധ്യമാർന്ന ഈ ജലസസ്യങ്ങളുടെ സംരക്ഷണം, പരിപാലനം എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. പ്രകൃത്യാലുള്ള അലങ്കാരമത്സ്യങ്ങളുടെ ശേഖരണം കഴിവതും ഒഴിവാക്കി നിയന്ത്രിത സാഹചര്യത്തിൽ മത്സ്യങ്ങളെ ഉല്പാദിപ്പിച്ച് വിപണനം നടത്തുകയാണ് ഈ പദ്ധതികളിലൂടെ ഉദ്ദേശിക്കുന്നത്. ഇതിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങളും, ഘടനയും, വൈദഗ്ധ്യവും സൃഷ്ടിക്കേണ്ടതാണ്. ഇതോടൊപ്പം മത്സ്യങ്ങളെ വളർത്തുന്നതിൽ ഉത്തമ പരിപാലനമുറകൾ (Good Management Practice) അവലംബിക്കേണ്ടതുമാണ്. അലങ്കാരമത്സ്യ വിപണനത്തിന് ഏകീകൃത വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കണം.

ഗുണമേൻമയുള്ള അലങ്കാരമത്സ്യങ്ങളെ ആവശ്യാനുസരണം ഉല്പാദിപ്പിച്ച് വിപണനം നടത്തി കർഷകർക്ക് അഭിവൃദ്ധിയുണ്ടാക്കുന്ന നയവും, നിയന്ത്രണങ്ങൾക്കുള്ള മാർഗ്ഗരേഖയുമാണ് വേണ്ടത്. കൂടാതെ ജില്ലയിൽ സ്ത്രീകളുടെ ഉന്നമനത്തിന് പ്രധാന്യം നൽകി അലങ്കാരമത്സ്യകൃഷി ചെയ്യാവുന്നതാണ്.

എല്ലാ പഞ്ചായത്തുകളിലും ബി.പി.എൽ കുടുംബത്തിലെ വനിതകൾക്ക് പ്രാധാന്യം നൽകി സ്വയംതൊഴിൽ എന്ന രീതിയിൽ പഞ്ചായത്തുതലത്തിൽ പരിശീലനവും, ആവശ്യമായ സാമ്പത്തിക സഹായവും ഉൾക്കൊള്ളിക്കേണ്ടതാണ്. കൂടാതെ ചെറുകിട അലങ്കാര മത്സ്യത്തീറ്റ യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള പരിശീലന പദ്ധതിയും നടപ്പിലാക്കാവുന്നതാണ്.

5. അലങ്കാര മത്സ്യകൃഷിക്കായി സാധ്യതയുള്ള പ്രദേശങ്ങൾ

ജില്ലയിലെ തൊടുപുഴ, അടിമാലി, കട്ടപ്പന, നെടുങ്കണ്ടം, വണ്ണപ്പുറം, രാജാക്കാട്, സേനാപതി, മറയൂർ, കാന്തല്ലൂർ എന്നിവിടങ്ങളിൽ അലങ്കാര മത്സ്യകൃഷിയ്ക്ക് സാധ്യതയുണ്ട്. ആയതിനാൽ ധാരാളം തൊഴിലവസരങ്ങൾ ഇതിലൂടെ രൂപപ്പെടുത്തിയെടുക്കാം. കൂടാതെ മെച്ചപ്പെട്ട വരുമാന മാർഗം കൂടിയാണിത്. അലങ്കാരമത്സ്യ വിപണന മേഖലയിൽ ഗണ്യമായ നേട്ടങ്ങൾ കൈവരിക്കാനുള്ള സാധ്യതകൾ ഏറെയാണ്. ഇവ പ്രയോജനപ്പെടുത്തി അലങ്കാരമത്സ്യ മേളകളും, പ്രദർശനങ്ങളും, വിപണനവും, സ്കൂൾ-കോളേജ് തലങ്ങളിലുള്ള അലങ്കാര മത്സ്യ ഫെസ്റ്റ് പോലെയുള്ള പരിപാടികളും സംഘടിപ്പിക്കുന്നതിന് ഫണ്ടുകൾ ത്രിതല പഞ്ചായത്തുകൾ മുഖേന കണ്ടെത്താവുന്നതാണ്.

ജില്ലയിൽ ഫിഷറീസ് വകുപ്പിന് കീഴിലുള്ള മത്സ്യക്ലബ്ബുകൾ.

കെട്ടിട സൗകര്യമുള്ള മത്സ്യക്ലബ്ബുകൾ

1. ഇരട്ടയാർ ഗ്രാമപഞ്ചായത്ത്
2. കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്
3. കാമാക്ഷി ഗ്രാമപഞ്ചായത്ത്
4. നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത്

ആകെ മത്സ്യക്ലബ്ബുകൾ (ഗ്രാമ പഞ്ചായത്ത്) :46 മുനിസിപ്പാലിറ്റി : 2

മത്സ്യക്ലബ്ബുകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ.

- ജില്ലയിൽ മത്സ്യകൃഷി വികസനത്തിന് മത്സ്യക്ലബ്ബുകളുടെ രൂപീകരണം അത്യന്താപേക്ഷിതമാണ്. മത്സ്യകൃഷിക്ക് താല്പര്യമുള്ളവരെ ഒരുമിച്ച് കൂട്ടി പഞ്ചായത്ത് തലത്തിൽ മത്സ്യ ക്ലബ്ബുകൾ രൂപീകരിക്കുന്നതാണ്. പഞ്ചായത്തുകൾ മുൻകൈയെടുത്ത് മത്സ്യബ്ബുകൾ മുഖാന്തിരം പരിശീലനങ്ങൾ സംഘടിപ്പിച്ച് മത്സ്യകൃഷിയെക്കുറിച്ച് അവബോധം വളർത്തേണ്ടതുമാണ്, ഇതിന് ഫിഷറീസ് വകുപ്പ് മേൽനോട്ടം വഹിക്കുകയും നിർദ്ദേശങ്ങൾ നൽകുന്നതുമാണ്.
- മത്സ്യക്ലബ്ബ് മുൻകൈയെടുത്ത് കർഷകരെ വിളവെടുപ്പിന് പ്രോത്സാഹിപ്പിക്കുന്നതിനും, പഞ്ചായത്തിന്റെ സഹായത്തോടുകൂടി ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ മത്സ്യമേളകൾ സംഘടിപ്പിക്കുന്നതിനും പദ്ധതികൾ തയ്യാറാക്കുന്നതിനും സാധിക്കുന്നു.
- കർഷകരുമായി നിരന്തരം ബന്ധപ്പെടുന്നതിലൂടെ മത്സ്യരോഗങ്ങളോ മറ്റു കെടുതികളോ ഉണ്ടെങ്കിൽ അവ നേരിടുന്നതിന് പദ്ധതി തയ്യാറാക്കാൻ കഴിയുന്നതാണ്.
- ഉല്പാദന ലക്ഷ്യം കൂട്ടുക, നൂതന സാങ്കേതിക മാർഗ്ഗങ്ങൾ അവലംബിച്ച് ഈ മേഖലയിൽ സ്വയംപര്യാപ്തത നേടുക, നല്ല മത്സ്യ ഭക്ഷണത്തിലൂടെ ആരോഗ്യമുള്ള പുതുതലമുറയെ വാർത്തെടുക്കുക തുടങ്ങിയ ആശയങ്ങൾ ലക്ഷ്യത്തിലെത്തിക്കാൻ സാധിക്കുന്നു.

ജില്ലയിലെ മത്സ്യകൃഷിയെ സംബന്ധിച്ച വിവരങ്ങൾ

മത്സ്യസമൃദ്ധി 2016-2017

ക്രമ നമ്പർ	പഞ്ചായത്ത്	കർഷകർ	ഏരിയ	കട്ല	രോഹു	ഗ്രാസ്സ് കാർപ്പ്	ആകെ എണ്ണം
	അടിമാലി ബ്ലോക്ക്						
1	അടിമാലി	342	11.53	11530	11530	23060	46120
2	ബൈസൺവാലി	299	12.43	12430	12430	24860	49720
3	കൊന്നത്തടി	490	25.51	25510	25510	51020	102040
4	പള്ളിവാസൽ	119	11.84	11840	11840	23680	47360
5	വെള്ളത്തൂവൽ	310	9.89	9890	9890	19780	39560
	ആകെ	1560	71.2	71200	71200	142400	284800
	ദേവികുളം ബ്ലോക്ക്						
6	ചിന്നക്കനാൽ	78	22.15	18087	18088	36175	72350
7	കാന്തല്ലൂർ	96	13.7	13000	13000	26000	52000
8	മാങ്കുളം	273	14.6	14225	14225	28450	56900
9	മറയൂർ	39	7.31	6985	6985	13970	27940
10	ശാന്തൻപ്പാറ	83	17.47	11150	11150	22300	44600
	ആകെ	569	75.23	63447	63448	126895	253790
	നെടുംകണ്ടം ബ്ലോക്ക്						
11	കരുണാപുരം	749	52.46	51210	51210	102420	204840
12	നെടുംകണ്ടം	498	44.49	43327	43328	86655	173310
13	പാമ്പാടുംപാറ	579	24.59	24090	24090	48180	96360
14	രാജക്കാട്	521	34	34000	34000	68000	136000
15	സേനാപതി	387	52.74	51115	51115	102230	204460
16	രാജകുമാരി	259	33.74	33740	33740	67480	134960
17	ഉടുമ്പൻചോല	450	78.07	73795	73795	147590	295180
	ആകെ	3443	320.09	311277	311278	622555	1245110
	ഇളംദേശം ബ്ലോക്ക്						
18	കരിമണ്ണൂർ	116	4.42	4420	4420	8840	17680
19	കോടിക്കുളം	208	12.03	12030	12030	24060	48120
20	കുടയത്തൂർ	104	3.81	3810	3810	7620	15240
21	ഉടുമ്പന്നൂർ	188	6.5	6500	6500	13000	26000
22	വണ്ണപ്പുറം	184	10.77	10458	10457	20915	41830
23	വെള്ളിയാമറ്റം	170	6.29	6290	6290	12580	25160
	ആകെ	970	43.82	43508	43507	87015	174030
	ഇടുക്കി ബ്ലോക്ക്						
24	അറക്കുളം	159	11	9750	9750	19500	39000
25	കാമാക്ഷി	762	29.76	29760	29760	59520	119040
26	കഞ്ഞിക്കുഴി	263	4.48	4480	4480	8960	17920

27	വാത്തിക്കുടി	244	22.52	22520	22520	45040	90080
28	വാഴത്തോപ്പ്	126	6.01	6010	6010	12020	24040
29	മരിയാപുരം	322	8.21	8210	8210	16420	32840
	ആകെ	1876	81.98	80730	80730	161460	322920
	കട്ടപ്പന ബ്ലോക്ക്						
30	അയ്യപ്പൻകോവിൽ	189	9.38	9380	9380	18760	37520
31	ചക്കുപ്പള്ളം	282	38.76	36822	36823	73645	147290
32	ഇരട്ടയാർ	204	19.14	19140	19140	38280	76560
33	കാഞ്ചിയാർ	254	18.62	18620	18620	37240	74480
34	ഉപ്പുതറ	263	13.75	13750	13750	27500	55000
35	വണ്ടൻമേട്	494	103.27	101270	101270	202540	405050
	ആകെ	1686	202.92	198982	198983	397965	795930
	അഴുതാ ബ്ലോക്ക്						
36	ഏലപ്പാറ	335	34.49	32865	32865	65730	131460
37	കുമളി	290	43.2	41200	41200	82400	164800
38	പിരുമേട്	223	25.57	23007	23008	46015	92030
39	പെരുവന്താനം	156	6.7	6400	6400	12800	25600
40	വണ്ടിപ്പെരിയാർ	447	54.11	46310	46310	92620	185540
	ആകെ	1451	164.07	149782	149783	299565	599130
	തൊടുപുഴ ബ്ലോക്ക്						
41	ഇടവെട്ടി	133	7.42	7420	7420	14840	29680
42	കരിങ്കുന്നം	170	8.33	8330	8330	16660	33320
43	കുമാരമംഗലം	104	12.6	12225	12225	24450	48900
44	മണക്കാട്	147	9.7	9325	9325	18650	37300
45	മുട്ടം	79	4	4000	4000	8000	16000
46	പുറപ്പുഴ	87	9.09	9090	9090	18180	201560
	ആകെ	720	51.14	50390	50390	100780	201560
	മുൻസിപ്പാലിറ്റി						
47	തൊടുപുഴ മുനിസിപ്പാലിറ്റി	95	12.93	11805	11805	23610	47220
48	കട്ടപ്പന മുനിസിപ്പാലിറ്റി	928	43.73	42980	42980	85960	171920
	ആകെ	1023	56.66	54785	54785	109570	219140
	ആകെ മൊത്തം	13298	1067.11	1024101	1024104	2048205	4096410

അവലംബം:- ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മത്സ്യ കർഷക വികസന ഏജൻസി, ഇടുക്കി.

ജനകീയമത്സ്യകൃഷി II 2017-2018									
ക്രമനമ്പർ	ബ്ലോക്ക്	കർഷകരുടെ എണ്ണം		കുളത്തിന്റെ വലിപ്പം				നിക്ഷേപിച്ചമത്സ്യ കുഞ്ഞുങ്ങളുടെ എണ്ണം	
		വലിയ കുളം	ചെറിയ കുളം	വലിയ കുളം(സെന്റ്)	വലിയകുളം(ഹെക്ടർ)	ചെറിയ കുളം(സെന്റ്)	ചെറിയ കുളം(ഹെക്ടർ)	വലിയ കുളം	ചെറിയ കുളം
1	അടിമാലി	21	999	1410	5.71	3597	14.56	42300	143880
2	ദേവികുളം	24	432	4106	16.62	2777	11.24	123180	111080
3	നെടുങ്കം	116	1692	10030	40.61	9092	36.81	300900	363680
4	ഇളംദേശം	12	922	868	3.51	3657	14.81	26040	146280
5	ഇടുക്കി	11	1345	830	3.36	5274	21.35	24900	210960
6	കട്ടപ്പന	92	2384	7216	29.21	10414	42.16	216480	416560
7	അഴുത	77	1220	9768	39.55	4381	17.74	293040	175240
8	തൊടുപുഴ	39	618	3460	14.01	3485	14.11	103800	139400
	ആകെ	**392**	**9612**	**37688**	**152.58**	**42677**	**172.78**	**1130640**	**1707080**

അവലംബം:- ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മത്സ്യ കർഷക വികസന ഏജൻസി, ഇടുക്കി.

ജില്ലയിലെ മത്സ്യകൃഷിയുമായി ബന്ധപ്പെട്ട പൊതു വിവരങ്ങൾ.

ആകെ കർഷരുടെ എണ്ണം	10035	
ആകെ ജലാശയത്തിന്റെ വിസ്തീർണം	സെന്റ്	80365
	ഹെക്ടർ	330
ആകെ നിക്ഷേപിച്ച മത്സ്യകുഞ്ഞുങ്ങളുടെ എണ്ണം	28,78,370	
പഞ്ചായത്തുകളുടെ എണ്ണം	46	
മുനിസിപ്പാലിറ്റികളുടെ എണ്ണം	2	

അവലംബം: ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ/ജില്ലാതലസർവ്വേ/മത്സ്യകർഷകവികസന ഏജൻസി

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി- അവലോകനം

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-13: 2016-17) കാലയളവിൽ ഇടുക്കി ജില്ലയിലെ മത്സ്യമേഖലാ വികസനത്തിനായി വകയിരുത്തിയ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള അടങ്കൽ തുക 3,13,636/- രൂപയാണ്. ഇതിൽ 38% ശതമാനം തുക മാത്രമേ വിനിയോഗിച്ചിട്ടുള്ളൂ

1. വികസന കാഴ്ചപ്പാട്

1 ആവാസവ്യവസ്ഥയെ സംരക്ഷിക്കുക : ഉൾനാടൻ ജലാശയങ്ങളിലെ ആവാസ വ്യവസ്ഥയെ കോട്ടം വരാത്ത രീതിയിൽ മത്സ്യകൃഷി നടത്തുന്നതിന് അനുയോജ്യ മായ പദ്ധതികൾ നടപ്പിലാക്കുക.

2. ജലസ്രോതസ്സുകൾ സംരക്ഷിക്കുക:ജില്ലയിലെ കാലാവസ്ഥാ വ്യതിയാനം മൂലം ജലാശയങ്ങൾ, കുളങ്ങൾ എന്നിവിടങ്ങളിൽ ജലലഭ്യത കുറഞ്ഞു വരുന്ന സാഹച ര്യത്തിൽ ജലസ്രോതസ്സുകൾ സംരക്ഷിച്ചുകൊണ്ടുള്ള കൃഷി രീതികൾ പ്രോത്സാ ഹിപ്പിക്കുക.

3.മത്സ്യതൊഴിലാളി സൗഹൃദകരക്കടുപ്പിക്കൽ കേന്ദ്രങ്ങൾ ഉറപ്പാക്കുക : ഉൾനാടൻ മേഖലയായതിനാൽ മത്സ്യഇറക്ക് കേന്ദ്രങ്ങൾക്ക് സാധ്യതയില്ല.

ജില്ലാ മത്സ്യകർഷക വികസന ഏജൻസി മുഖേന നടപ്പാക്കുന്ന നൂതന മത്സ്യകൃഷി പദ്ധതി സംബന്ധിച്ച വിവരങ്ങൾ

പദ്ധതികൾ

പടുതാക്കുളം,അടുക്കളകുളം, സംയോജിത മത്സ്യകൃഷി , പുനഃചംക്രമണസം വിധാനം (RAS-Recirculatory Aquaculture System) ,**മാതൃകാമത്സ്യകുളം**

ജില്ലയിലെ 48 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അപേക്ഷകരായ 1 സെന്റിൽ കൂടുതൽ വിസ്തൃതിയുള്ള കുളങ്ങളുള്ള എല്ലാ കർഷകർക്കും കുളത്തിന്റെ വിസ്തൃതി അനുസരിച്ച് മത്സ്യകുഞ്ഞുങ്ങളെ സൗജന്യമായി വിതരണം ചെയ്തു.

1. പടുതാക്കുളം

2016-2017 സാമ്പത്തിക വർഷത്തിൽ ജില്ലയിൽ പുതിയതായി കുളം കുഴിച്ച്, പടുത വിരിച്ച് മത്സ്യകൃഷി നടത്തുന്നതിനായി 2.5 സെന്റിൽ കുറയാത്ത വിസ്തൃതിയു ള്ള തെരഞ്ഞെടുത്ത 10 കർഷകർക്ക് 10000/- രൂപ വീതം സബ്സിഡിയായി നൽകി. കർഷകർക്കിടയിൽ മികച്ച പ്രതികരണം ലഭിക്കുന്ന ടി സംവിധാനത്തിൽ ജല സംഭര ണവും ഒപ്പം മത്സ്യകൃഷിയും നടത്താം. ഇതുമായി ബന്ധപ്പെട്ട് പദ്ധതികൾ നടപ്പിലാ ക്കാവുന്നതാണ്.

2. അടുക്കളകുളം

2016-2017 സാമ്പത്തിക വർഷത്തിൽ ജില്ലയിൽ 1 സെന്റ് വിസ്തൃതിയു ള്ള മൺകുളങ്ങളിൽ കരിമീൻ കൃഷിക്കായി 75 യൂണിറ്റുകൾ തിരഞ്ഞെടുത്ത് 100 കരി മീൻ കുഞ്ഞുങ്ങളെ വീതം നിക്ഷേപിച്ചു. വളരെയേറെ സ്വീകാര്യത ലഭിക്കുന്ന ഇത്തരം പദ്ധതികളിൽ കരിമീൻ കൂടാതെ ചുരുങ്ങിയ കാലത്തിനിടയിൽ കൂടുതൽ വളർച്ചയും ലാഭവും ലഭിക്കാൻ കഴിയുന്ന ഇനം മത്സ്യം വളർത്തുന്നതിനുള്ള പദ്ധതികളും നടപ്പി ലാക്കാം.

3. സംയോജിത മത്സ്യകൃഷി

2016-2017 സാമ്പത്തിക വർഷത്തിൽ ജില്ലയിൽ മത്സ്യകൃഷി വ്യാപനത്തിന്റെ ഭാഗമായി മത്സ്യകൃഷിയോടൊപ്പം, കന്നുകാലികൾ, ആട്, പന്നി, കോഴി, താറാവ് ,പച്ച ക്കറികൾ എന്നിവ സംയോജിപ്പിച്ച് 30 സെന്റിൽ കുറയാത്ത മത്സ്യകുളങ്ങളുള്ള 5 കർഷ കർക്ക് 1.93 ഹെക്ടർ സ്ഥലത്ത് ഹെക്ടറിന് 40000/- രൂപ കണക്കിൽ സബ്സിഡിയായി

15.7200/- രൂപ നൽകുകയുണ്ടായി. ഇത്തരം പദ്ധതികൾക്ക് ജില്ലയിൽ നിരവധി സാധ്യതകൾ നിലനിൽക്കുന്നതിനാൽ ജില്ലാ തലത്തിൽ മേൽ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

4. **പുനഃചംക്രമണസംവിധാനം** (RAS-Recirculatory Aquaculture System)

2016-2017 സാമ്പത്തിക വർഷത്തിൽ ജില്ലയിൽ മത്സ്യകൃഷി വ്യാപനത്തിന്റെ ഭാഗമായി 3 പുനഃചംക്രമണസംവിധാനയൂണിറ്റുകൾ (RAS-Recirculatory Aquaculture System) നടപ്പിലാക്കി . 1 സെന്റ് മത്സ്യക്കുളവും, 3 സെന്റ് പച്ചക്കറിതോട്ടവുമുള്ള യൂണിറ്റിൽ 4000 മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ച് ആവശ്യമായ എയറേഷൻ സൗകര്യങ്ങളും, തീറ്റയും നൽകി. കർഷകർക്കിടയിൽ ഏറ്റവും അധികം പ്രചാരണം ലഭിക്കുന്ന ടി സംവിധാനം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കാവുന്നതാണ്.

ജില്ലയിൽ കാമാക്ഷി, ഉടുമ്പൻചോല, തൊടുപുഴ മുൻസിപ്പാലിറ്റി എന്നിവടങ്ങളിലായി 3 റീസർക്കുലേറ്ററി അക്വാകൾച്ചർ യൂണിറ്റുകൾ സ്ഥാപിക്കുകയും 1 യൂണിറ്റിന് 2.35 ലക്ഷം രൂപ ധനസഹായം നൽകുയുമുണ്ടായി. 1 യൂണിറ്റിൽ നിന്നും 1 ടൺ മത്സ്യം ഉല്പാദിപ്പിക്കാമെന്ന് പ്രതീക്ഷിക്കുന്നു. ഒരു തവണ നടത്തിയ ഭാഗിക വിളവെടുപ്പിൽ ആർ.എ.എസ്. യൂണിറ്റിൽ നിന്നും 1000 കിലോഗ്രാം മത്സ്യങ്ങൾ വിളവെടുത്തു.

5.ഗിഫ്റ്റ് തിലാപ്പിയ മത്സ്യകൃഷി

2016-2017 സാമ്പത്തിക വർഷത്തിൽ ജില്ലയിൽ മത്സ്യകൃഷി വ്യാപനത്തിന്റെ ഭാഗമായി 3 യൂണിറ്റ് നടപ്പിലാക്കി. 50 സെന്റിൽ കുറയാത്ത 3 കുളങ്ങൾ ഗിഫ്റ്റ് കൃഷിക്കായി തെരഞ്ഞെടുത്ത് ധനസഹായം നൽകി. ജില്ലയിൽ ഗിഫ്റ്റ് തിലാപ്പിയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വണ്ടൻമേട്, വണ്ണപ്പുറം, പഞ്ചായത്തുകളിലായി 3 ഗിഫ്റ്റ് തിലാപ്പിയ ഫാമുകൾക്ക് 1,85,000/- രൂപ വീതം ധനസഹായം നൽകുകയുണ്ടായി. ഓരോ യൂണിറ്റിൽ നിന്നും ഏകദേശം 2.5 ടൺ ഉല്പാദനം പ്രതീക്ഷിക്കുന്നു. ടി പദ്ധതി കുറഞ്ഞ സ്ഥലത്ത് ജില്ലാതലത്തിൽ നടപ്പിലാക്കാവുന്നതാണ്.

6. ജില്ലയിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന മത്സ്യകൃഷി പ്രവർത്തനങ്ങൾ

2016-17 വർഷം ഇടുക്കി ജില്ലയിലെ 48 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 13,298 കർഷകരുടെ 426 ഹെക്ടർ ജലാശയങ്ങളിലേക്കായി 40,96,410 കാർപ്പ് മത്സ്യവിത്തുകൾ ഫിഷറീസ് വകുപ്പ് വിതരണം ചെയ്യുകയും, ഏകദേശം 850 ടൺ മത്സ്യം വിളവെടുക്കുകയും ചെയ്തു. ജില്ലയിൽ, ചെക്ക് ഡാമുകൾ, മൺകുളങ്ങൾ, പടുതാക്കുളങ്ങൾ, ക്വാറികുളങ്ങൽ എന്നിങ്ങനെയുള്ള ജലാശയങ്ങളിലാണ് മത്സ്യകൃഷി നടത്തിവരുന്നത്. ജില്ലയിൽ ഫിഷറീസ് വകുപ്പ് നൂതന മത്സ്യകൃഷി പദ്ധതിയിൽ'' ധനസഹായം നൽകിയ 3 ഗിഫ്റ്റ് തിലാപ്പിയ യൂണിറ്റുകളും, 3 RAS മത്സ്യകൃഷി യുണിറ്റുകളും പ്രവർത്തിച്ചുവരുന്നു. കാർപ്പ് മത്സ്യങ്ങൾക്കു പുറമേ, ജില്ലയിലെ കർഷകർ, ആസ്സാംവാള, നൈൽതിലാപ്പിയ, നട്ടർ, കരിമീൻ, കൊഞ്ച് തുടങ്ങിയവയും ചെറിയ അളവിലെങ്കിലും കൃഷിചെയ്തു വരുന്നു. മത്സ്യകൃഷിക്കുള്ള മത്സ്യവിത്തുകൾ മുഴുവനും നിലവിൽ കൊണ്ടു വരുന്നത് മറ്റു ജില്ലകളിൽ നിന്നുമാണ്.

7.മീശപ്പുലിമലയിൽ Cold water Fishes(Trout) Hatchery ആരംഭിക്കുന്നതിനുള്ള സാദ്ധ്യത

പശ്ചിമഘട്ട മലനിരകളിലെ രണ്ടാമത്തെ (ആനമുടിക്കു ശേഷം) ഏറ്റവും വലിയ കൊടുമുടിയായ മീശപ്പുലിമല സമുദ്രനിരപ്പിൽ നിന്നും 2640 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്നു. മൂന്നാറിൽ നിന്നും 20 കിലോമീറ്റർ ദൂരെ തമിഴ്നാട് അതിർത്തിയോട് ചേർന്ന് സ്ഥിതിചെയ്യുന്ന ഇവിടേക്കുള്ള പാത അത്യന്തം ദുർഘടമേറിയതും നിയന്ത്രിതവുമാണ്. പലപ്പോഴും പൂജ്യം ഡിഗ്രിയിൽ താഴെ അന്തരീക്ഷ ഊഷ്മാവുള്ള ടി സ്ഥലം ട്രൗട്ട് ഹാച്ചറി(Trout Hatchery) ക്ക് അനുയോജ്യമാണ്. പ്രസ്തുത സ്ഥലം ടി പദ്ധതി യഥാർത്ഥ്യമാക്കുന്നതിനുവേണ്ടി വകുപ്പിന്റെയും ജില്ലാപഞ്ചായത്തിന്റെയും ഫണ്ടുകൾ സ്വരൂപിച്ച് നിർവ്വഹിക്കാവുന്നതാണ്. ആയത് മേൽതട്ട് നിർദ്ദേശങ്ങൾക്കായി നല്കുന്നു.

ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പ് മന്ത്രി 28.12.2017 ലെ മീറ്റിംഗിൽ announce ചെയ്തിട്ടുള്ള പദ്ധതികളുടെ നോട്ട്

(1) മലങ്കര ഡാമിന്റെ ക്യാച്മെന്റ് ഏരിയായിൽ മുട്ടം വില്ലേജിലെ കുടയത്തൂർ ബാങ്ക് കവലക്ക് സമീപം എം.വി.ഐ.പി യുടെ ഉടമസ്ഥതയിലുള്ള 2 ഹെക്ടർ സ്ഥലത്ത് അക്വേറിയം കോംപ്ലക്സ്

(2) കൈപ്പക്കവലക്ക് സമീപം എം.വി.ഐ.പി യുടെ ഉടമസ്ഥതയിലുള്ള 4 ഹെക്ടർ സ്ഥലത്ത് കാർപ്പ് മത്സ്യങ്ങളുടെ വിത്തുല്പാദനകേന്ദ്രം.

(3) ഇടുക്കി വില്ലേജിൽ കുളമാവ് ഡാമിനു സമീപം കെ.എസ്.ഇ.ബി യുടെ അധീനതയിലുള്ള 1.5 ഹെക്ടർ സ്ഥലത്ത് നാടൻ മത്സ്യങ്ങളുടെ വിത്തുല്പാദനകേന്ദ്രം.

1. ജില്ലയിൽ ഫിഷറീസ് വകുപ്പ് മുഖാന്തിരം നടപ്പാക്കുന്ന നൂതന പദ്ധതികൾ

ഇടുക്കി ജില്ലയിൽ, മുട്ടം വില്ലേജിൽ, കുടയത്തൂർ ബാങ്ക് കവലക്ക് സമീപം മലങ്കരഡാമിന്റെ ക്യാച്ച്മെന്റ് ഏരിയായിലുള്ള 2 ഹെക്ടർ സ്ഥലം, കൈപ്പക്കവലക്ക് സമീപമുള്ള 4 ഹെക്ടർ സ്ഥലം, ഇടുക്കി വില്ലേജിൽ കുളമാവ് ഡാമിന് സമീപമുള്ള 1.5 ഹെക്ടർ സ്ഥലം എന്നിവ ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ 28.12.2017 ന് ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥർ സന്ദർശിക്കുകയുണ്ടായി. ഇതിൽ മലങ്കര ഡാമിന്റെ ക്യാച്ച്മെന്റ് ഏരിയായിൽ എം.വി.ഐ.പി യുടെ അധീനതയിലുള്ള 6 ഹെക്ടർ സ്ഥലം കാർപ്പ് മത്സ്യ വിത്തുല്പാദന കേന്ദ്രം സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തുകയുണ്ടായി. കുളമാവ് ഡാമിന്റെ സമീപം കെ.എസ്.ഇ.ബി യുടെ അധീനതയിലുള്ള ഡാമിന്റെ സമീപം 1.5 ഹെക്ടർ സ്ഥലത്ത് നാടൻ മത്സ്യങ്ങളുടെ ഒരു മത്സ്യവിത്തുല്പാദനകേന്ദ്രവും സ്ഥാപിക്കുന്നതിന് അനുയോജ്യമാണ്. പ്രതിവർഷം 1 കോടി മത്സ്യവിത്തുകൾ ഉല്പാദിപ്പിക്കാവുന്ന മത്സ്യവിത്തുല്പാദനകേന്ദ്രം പ്രസ്തുത സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന പക്ഷം ജില്ലയിലെ 340 ഹെക്ടറോളം വരുന്ന മത്സ്യകൃഷിയിടങ്ങളിൽ നിക്ഷേപിക്കുന്നതിനുള്ള മത്സ്യവിത്ത് ഇവിടെത്തന്നെ ഉല്പാദിപ്പിക്കുന്നതിനും അതുവഴി മേഖലയിൽ ഒരു കുതിച്ചുചാട്ടത്തിനും കാരണമാകും.

കൂടാതെ, മത്സ്യകൃഷിക്ക് ഉപയുക്തമാക്കാവുന്ന ഇടുക്കി, മുല്ലപ്പെരിയാർ, കല്ലാർകുട്ടി, ആനയിറങ്കൽ, ഇരട്ടയാർ ഡാം, മലങ്കര, കല്ലാർ എന്നീ റിസർവോയറുകളിലായി 19814 ഹെക്ടർ ജലാശയങ്ങളിൽ നിന്നും 4000 മെട്രിക് ടൺ അധിക മത്സ്യോല്പാദനവും സാദ്ധ്യമാണ്. 10 കോടി രൂപയോളം ചിലവ് പ്രതീക്ഷിക്കുന്ന മത്സ്യവിത്തുല്പാദനകേന്ദ്രം 2018-19, 2019-20 എന്നീ വർഷങ്ങളിൽ 2 ഘട്ടങ്ങളായിട്ട് പൂർത്തീകരിക്കാവുന്നതാണ്. ചിലവിന്റെ സിംഹഭാഗവും ഫിഷറീസ് വകുപ്പ് വഹിക്കുന്നതും ബാക്കി തുക ജില്ലാ പഞ്ചായത്തിന്റെ ഫണ്ടിൽ നിന്നും നൂതനകൃഷി പദ്ധതിയിൽപ്പെടുത്തി വകയിരുത്താവുന്നതുമാണ്. പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ജലസേചനം, വനം, വൈദ്യുതി തുടങ്ങിയ വകുപ്പുകളുടെ യോജിച്ച പ്രവർത്തനം ആവശ്യമാണ്. മലങ്കരഡാമിന്റെ ക്യാച്ച്മെന്റ് ഏരിയായിൽ

എം.വി.ഐ.പിയുടെ അധീനതയിലുള്ള 6 ഹെക്ടർ സ്ഥലത്ത് വിത്തുല്പാദനകേന്ദ്രം സ്ഥാപിക്കുന്നതിന് ജലസേചനവകുപ്പിന്റെ ''പെർമിസ്സീവ് സാങ്ഷനും'', കെ.എസ്.ഇ.ബിയുടെ അധീനതയിൽ, ഫോറസ്റ്റ് ഏരിയായിലുള്ള സ്ഥലത്ത് തദ്ദേശീയ മത്സ്യ ഇനങ്ങളുടെ വിത്തുല്പാദനകേന്ദ്രം സ്ഥാപിക്കുന്നതിന് വൈദ്യുതി വകുപ്പിന്റെ പെർമിസ്സീവ് സാങ്ഷനും'', വനംവകുപ്പിന്റെ അനുമതിയും ആവശ്യമാണ്.

2. അന്താരാഷ്ട്ര നിലവാരമുള്ള അക്വേറിയം കോംപ്ലക്സ്/ജല ആവാസ വ്യവസ്ഥയുടെ പുനസൃഷ്ടി എന്നിവ നടപ്പിലാക്കൽ.

ദൈവത്തിന്റെ സ്വന്തം നാട്ടിൽ പ്രകൃതി ഭംഗിയാൽ അനുഗ്രഹീതമായ ഇടുക്കി ജില്ലയിലാണ് പെരിയാർ കടുവ സങ്കേതം സ്ഥിതിചെയ്യുന്നത്. അന്താരാഷ്ട്ര വിനോദസഞ്ചാര കേന്ദ്രമായ തേക്കടിയിലെ പെരിയാർ കടുവ സങ്കേതം ജൈവ വൈവിധ്യത്താൽ സമ്പന്നമാണ്. 26 ചതുരശ്ര കിലോമീറ്റർ വരുന്ന പെരിയാർ തടാകം ഇവിടത്തെ പ്രധാന ആകർഷണകേന്ദ്രവുമാണ്. തനതായ മത്സ്യങ്ങളുടെ കൂടി കലവറയാണ് ഈ തടാകം. ബോട്ട് സവാരിയിലൂടെയാണ് സഞ്ചാരികൾ ഇവിടെയുള്ള വന സൗന്ദര്യം പ്രധാനമായും ആസ്വദിക്കുന്നത്.
വർഷത്തിൽ ഏതാണ്ട് 6 ലക്ഷം വിനോദ സഞ്ചാരികളാണ് തേക്കടി സന്ദർശിക്കുന്നത്. ഇതുകൂടാതെ ഇതിലെ കടന്നുപോകുന്ന ലക്ഷക്കണക്കിന് ശബരിമല തീർത്ഥാടകരുമുണ്ട്. ഈ സാഹചര്യത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള ഒരു അക്വോറിയം കോംപ്ലക്സ് സ്ഥാപിച്ച് അതിൽ ജല ആവാസ വ്യവസ്ഥ പുനസൃഷ്ടിച്ചാൽ അതു സഞ്ചാരികൾക്ക് ഒരു പ്രധാന ആകർഷണകേന്ദ്രമാകും. പെരിയാർ തടാകത്തിലെ മത്സ്യ സമ്പത്തും ചെടികളും തനതായ മത്സ്യബന്ധനരീതികളും ഇവിടെ പ്രദർശിപ്പിക്കാവുന്നതാണ്. കൂടുതൽ സഞ്ചാരികളെ അക്വേറിയത്തിലേക്ക് ആകർഷിക്കുന്നതുമൂലം വനത്തിലേക്കുള്ള വിനോദ സഞ്ചാരികളുടെ അമിതമായ തിരക്ക് കുറയ്ക്കുവാനും കഴിയും. ഒരാൾക്ക് 100/- രൂപയുടെ പ്രവേശന നിരക്ക് വച്ചാൽ പോലും കോടികളുടെ വരുമാനം നേടാനാകും. ഇതിലേക്കായി ഒരു ഹെക്ടർ ഭൂമി അനുവദിച്ചു നൽകുന്നതിലൂടെ സംസ്ഥാനത്തിന് കോടികളുടെ വരുമാനം ഉണ്ടാകുന്നതാണ്.

അക്വേറിയം കോംപ്ലക്സിനുള്ള സ്ഥലം വനം വകുപ്പിൽ നിന്നും ലഭ്യമാക്കാവുന്നതും അക്വേറിയത്തിൻെറ നടത്തിപ്പും മേൽനോട്ടവും ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലാകേണ്ടതുമാണ്. ഫിഷറീസ് വകുപ്പിന്റെയും ജില്ലാപഞ്ചായത്തിന്റെയും ഫണ്ടുകൾ ഉൾപ്പെടുത്തി പദ്ധതി യഥാർത്ഥ്യമാക്കാവുന്നതാണ്. ഇത് നൂതനപദ്ധതിയിൽ ഉൾപ്പെടുത്തി മേൽതട്ട് നിർദ്ദേശങ്ങൾക്കായി സമർപ്പിക്കാവുന്നതാണ്.

3. സഹകരണ സംഘങ്ങളുടെ കെട്ടിടങ്ങൾ - നവീകരണം.

കാലപ്പഴക്കം ചെന്ന കെട്ടിടങ്ങൾ നവീകരിക്കുകയോ പുതുക്കിപ്പണിയുകയോ ചെയ്യുന്നതിലൂടെ എസ്.ടി സഹകരണ സംഘങ്ങൾക്ക് നല്ല രീതിയിൽ പ്രവർത്തിക്കാനാവുന്നതാണ്. ടി കെട്ടിടങ്ങളിൽ ചെറിയ അക്വേറിയം യൂണിറ്റുകൾ, മത്സ്യസംസ്കരണ കേന്ദ്രങ്ങൾ, അവയർനെസ് സെന്ററുകൾ എന്നിവയുടെ നിർമ്മാണം തുടങ്ങിയവ ജില്ലാ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

4. ഹാച്ചറി,അക്വേറിയം നിർമ്മാണം- പൊതു നിർദ്ദേശങ്ങൾ

ഉൾനാടൻ മേഖലയായ ജില്ലയിൽ കുളമാവ്, മങ്കര ഡാം എന്നീ സ്ഥലങ്ങളിൽ ജില്ലയ്ക്ക് ആവശ്യമായ മത്സ്യ വിത്തുകൾ ഉല്പാദിപ്പിക്കാവുന്ന മത്സ്യ വിത്തുല്പാദന കേന്ദ്രങ്ങൾ നിർമ്മിക്കുകയാണെങ്കിൽ ഇപ്പോൾ ജില്ല നേരിടുന്ന പ്രശ്നങ്ങളിൽ ഒന്നായ മത്സ്യവിത്തിനുവേണ്ടി അന്യ ജില്ലകളെ ആശ്രയിക്കുന്നത് ഒഴിവാക്കാൻ സാധിക്കും.

- വിനോദസഞ്ചാരികളുടെ പറുദീസയായ ജില്ലയിൽ ഒരു ഹൈടെക് അലങ്കാര മത്സ്യ കൃഷി, അതിന്റെ പ്രദർശനം, ഉൽപാദനം എന്നിവ കൂടി നടപ്പിലാക്കുവാൻ കഴിയും.

- തേക്കടി/മുല്ലപ്പെരിയാർ, കുളമാവ്, മലങ്കര ഡാം, കല്ലാർകുട്ടി ഡാം, പൊൻമുടി,ഇരട്ടയാർ, ഇടുക്കി ഡാമിലെ(അയ്യപ്പൻകോവിൽ) എന്നീ റിസർവോയറുകളിൽ ഫിഷ് സാങ്ചറികൾ നിർമ്മിക്കുന്നതിലൂടെ മത്സ്യങ്ങൾ വളർത്തി ജില്ലയിലെ മത്സ്യസമ്പത്ത് ഉയർത്താവുന്നതാണ്.
- മത്സ്യപശ്ചാത്തല സൗകര്യങ്ങൾ, മത്സ്യ സംസ്കരണം, വിപണനകേന്ദ്രം, മത്സ്യ ലാന്റിംഗ് സെന്ററുകൾ, ഐസ് പ്ലാന്റുകൾ, നെറ്റ് മെന്റിംഗ് യാർഡുകൾ , മത്സ്യബന്ധന സാമഗ്രി വിപന കേന്ദ്രങ്ങൾ, ഗതാഗത സൗകര്യം, സ്ത്രീ വിശ്രമ കേന്ദ്രങ്ങൾ മുതലായവ കൂടി അത്യന്താപേക്ഷിതമാണ്.
- മത്സ്യതൊഴിലാളികൾക്ക് മത്സ്യബന്ധനം നടത്തുന്നതിന് ആവശ്യമായ നൂതന മത്സ്യബന്ധന ഉപകരണങ്ങൾ , സുരക്ഷാ ക്രമീകരണങ്ങൾ, മുതലായവ നൽകേണ്ടതാണ്.
- ഹൈടെക്ക് മത്സ്യ മാർക്കറ്റുകൾ, തൊടുപുഴ, കട്ടപ്പന, അടിമാലി, നെടുങ്കണ്ടം, രാജാക്കാട്, എന്നീ സ്ഥലങ്ങളിൽ നിർമ്മിക്കുകയാണെങ്കിൽ ജില്ലയിലെ അതാത് പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളുടെയും, മത്സ്യ കർഷകരുടെയും മത്സ്യങ്ങൾ ശുദ്ധമായ രീതിയിൽ വിപണനം നടത്തുന്നതിന് സഹായകമാകും.

റിസർവോയർ ഫിഷറീസ്

പരിസ്ഥിതിക്ക് ദോഷകരമല്ലാത്ത ഇനം മത്സ്യങ്ങൾ കൃത്രിമ തീറ്റ നൽകാതെയും, സ്വാഭാവിക ആവാസ വ്യവസ്ഥയ്ക്ക് മാറ്റം വരാത്ത രീതിയിലും കുണ്ടള, ആനയിറങ്കൽ, ഇടുക്കി, മലങ്കര, ഇരട്ടയാർ എന്നീ ഡാമുകളിൽ കൂടുകളിലെ മത്സ്യകൃഷി രീതികൾ(കേജ് ഫാമിംഗ്) അവലംബിക്കാവുന്നതാണ്. കൂടാതെ വിവിധ വകുപ്പുകളുടെ സംയോജനത്തോടെ ഫിഷ് സാങ്ചറികൾ നിർമ്മിച്ച് മത്സ്യങ്ങൾ വളർത്തി ജില്ലയിലെ മത്സ്യസമ്പത്ത് ഉയർത്താവുന്നതാണ് .വിനോദസഞ്ചാരികൾ ധാരാളമെത്തുന്ന രാമസ്വാമി അയ്യർ ഹെഡ് വർത്ത് ഡാമിൽ കുടുംബശ്രീ യൂണിററുകളെ ഉൾപ്പെടുത്തി കൂടുകളിലെ മത്സ്യകൃഷി രീതികൾ അവലംബിക്കുകയും അതിൽ വളരുന്ന മത്സ്യങ്ങളെ ചൂണ്ട ഉപയോഗിച്ചുള്ള മത്സ്യബന്ധനത്തിലൂടെയും, സ്പോട്ട് ഫിഷിംഗിലൂടെയും വിനോദസഞ്ചാരികളെ ഇതിലേക്ക് ആകർഷിക്കുകയും, അതുവഴി ലഭിക്കുന്ന മത്സ്യങ്ങൾ വിപണനം ചെയ്യുന്നതിനായി മത്സ്യബൂത്തുകൾ , ഫുഡ്കോർട്ടുകൾ എന്നിവ നിർമ്മിക്കുകയും ചെയ്യാം.

ഉൾനാടൻ മത്സ്യഉൽപാദനക്കുറവ്

ജില്ലയിലെ ഉൾനാടൻ മത്സ്യഉല്പാദനം നിലവിൽ കുറവാണ്. ശാസ്ത്രീയമായ രീതിയിലുള്ള മത്സ്യകൃഷിയുടെ അപര്യാപ്തതയാണ് ഇതിനു കാരണം. മറ്റു ജില്ലകളിൽ ഉല്പാദിപ്പിക്കുന്ന മത്സ്യവിത്തുകളാണ് ജില്ലയിൽ മത്സ്യകൃഷിക്കായി കൊണ്ടുവരുന്നത്. മറ്റു ജില്ലകളിൽ നിന്ന് കൊണ്ടുവരുന്ന മത്സ്യവിത്തുകൾ ജില്ലയിലെ സാഹചര്യങ്ങളുമായി പെട്ടെന്ന് പൊരുത്തപ്പെടാത്തതും മത്സ്യ ഉല്പാദനം കുറയുന്നതിന് ഒരു കാരണമാകുന്നു. കൂടാതെ, അന്യദേശത്തുനിന്നും ലഭിക്കുന്ന ഗുണനിലവാരമില്ലാത്ത മത്സ്യവിത്തുകൾക്ക് ഇവിടുത്തെ പ്രത്യേക കാലാവസ്ഥയുമായി പൊരുത്തപ്പെട്ട് വളരാൻ സാധിക്കാത്തതും കൂടാതെ യാത്രാവേളകളിൽ അതിജീവനനിരക്ക് കുറയുന്നതും മത്സ്യ ഉല്പാദനം കുറയുന്നതിന് മറ്റൊരു കാരണമാകുന്നു ഇതാണ് ജില്ലയിലെ ജലാശയങ്ങളിൽ നിന്നുമുള്ള മത്സ്യങ്ങളുടെ ലഭ്യത കുറവാകാൻ കാരണം. ഇക്കാരണത്താൽ ജില്ലയുടെ കാലാവസ്ഥക്കും , സാഹചര്യത്തിനും അനുയോജ്യമായി ഉല്പാദിപ്പിക്കപ്പെടുന്ന മത്സ്യവിത്തുകൾ കൃഷിക്കായി ഉപയോഗിക്കുന്നതു മൂലം അതിജീവനനിരക്ക് കൂടുകയും ഉല്പാദനം വർദ്ധിക്കുകയും ചെയ്യുന്നതാണ്.

ഉൾനാടൻ മത്സ്യതൊഴിലാളികൾക്ക് മത്സ്യബന്ധനം നടത്തുന്നതിന് ആവശ്യമായ നൂതന മത്സ്യബന്ധന ഉപകരണങ്ങളുടെ ലഭ്യതക്കുറവ്.

ഉൾനാടൻ മത്സ്യതൊഴിലാളികൾക്ക് മത്സ്യബന്ധനം നടത്തുന്നതിന് ആവശ്യമായ നൂതന മത്സ്യബന്ധന ഉപകരണങ്ങൾ, സുരക്ഷാക്രമീകരണങ്ങൾ മുതലായവ ലഭിക്കുന്നില്ല. ജില്ലയിലെ അതാതുപ്രദേശങ്ങളിലുള്ള മത്സ്യതൊഴിലാളികൾ അത് പിടിച്ചുകൊണ്ടുവരുന്ന മത്സ്യങ്ങൾ ശുദ്ധമായ രീതിയിൽ വിപണനം ചെയ്യുന്നതിന് സൗകര്യങ്ങളില്ല. അതുപോലെ തന്നെ അനുബന്ധമേഖലകളിൽ പണിയെടുക്കുന്ന ധാരാളം അനുബന്ധമത്സ്യതൊഴിലാളികൾക്ക് അവർക്ക് ആവശ്യമായ മത്സ്യവിപണന സാമഗ്രികളോ, ഗതാഗത സൗകര്യങ്ങളോ, സ്ത്രീ വിശ്രമകേന്ദ്രങ്ങളോ, ഐസ്പ്ലാന്റുകളോ ജില്ലയിൽ ഇല്ല. ഐസിന്റെ ഉപയോഗകുറവ് മൂലം മത്സ്യം കേടായി നഷ്ടമാവുകയും ചെയ്യുന്നു.കുളമാവ് (ചക്കിമാലി, കണ്ണംപടി എന്നീ പ്രദേശങ്ങളിൽ) മത്സ്യബന്ധനം നടത്തുന്ന (ഗിരിജൻ) മത്സ്യബന്ധന തൊഴിലാളികൾ ഉണ്ട്. ഇവിടെ നിന്നുള്ള മത്സ്യങ്ങളുടെ ലഭ്യത വളരെ കുറവാണ്, സാമൂഹ്യമത്സ്യകൃഷി പദ്ധതിയിലൂടെ ഇത് നികത്താവുന്നതുമാണ്.

4.1.4 പരിസ്ഥിതി കാലാവസ്ഥാ വ്യതിയാനം

ആമുഖം

പ്രകൃതിയും പരിസ്ഥിതിയും ഇന്ന് വലിയ പ്രതിസസന്ധിയിലൂടെയാണ് കടന്നു പോകുന്നത്. ലോകം നേരിടുന്ന ഏറ്റവും വലിയ പ്രശ്നവും ഇതുതന്നെയാണ്. ദൈവത്തിന്റെ സ്വന്തം നാടായ കേരളവും ഇന്ന് ആഗോള താപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും കെടുതികൾ അനുഭവിച്ചു തുടങ്ങിയിരിക്കുന്നു. നിലവിലുള്ള വനങ്ങളുടേയും വന്യജീവികൾ ഉൾപ്പെടെയുള്ള ജൈവ വൈവിദ്ധ്യ സമ്പത്തിന്റെയും സംരക്ഷണം ഈ കാലഘട്ടത്തിലെ ഏറ്റവും പ്രാധാന്യമുള്ള ഒരു വിഷയമാണ്. കേരള സംസ്ഥാനത്തെ തന്നെ രണ്ടാമത്തെ വലിയ ജില്ലയായ ഇടുക്കി നാല് ഡിവിഷണൽ പാർക്കുകളും, നാല് വന്യ ജീവി സങ്കേതങ്ങളും മറ്റ് വിവിധ തരം വനമേഖലകളും അടങ്ങിയതാണ്. സംരക്ഷണത്തിനും പരിചരണത്തിനുമായി വനം-വന്യജീവി വകുപ്പ് പലതരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

കാലാവസ്ഥ വ്യതിയാനത്തിന്റെ ഫലമായി ജില്ലയിലെ പരിസ്ഥിതിയുമായി ബന്ധപ്പെട്ട് മാറ്റങ്ങൾ പ്രകടമാണ്. വേനലിൽ ജില്ലയിൽ ചൂട് ക്രമാതീതമായി വർദ്ധിച്ചു കൊണ്ടിരിക്കുന്നതുമൂലം സൂര്യാഘാതം പോലുള്ള കാര്യങ്ങൾ ഉണ്ടാകാൻ ഇടയുണ്ട്. എത്രതന്നെ മഴ ലഭിച്ചാലും വേനൽക്കാലം ആരംഭിക്കുന്നതോടെ കുടിവെള്ള സ്രോതസ്സുകൾ/ നീരുറവകൾ വറ്റിപോകുകയും കടുത്ത ജലക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്നു. മഴയുടെ അളവിലും സമയത്തിലും മാറ്റങ്ങൾ വന്നിരിക്കുന്നത് മൂലം ഭൂഗർഭ ജലനിരപ്പ് വളരെയധികം താഴ്ന്ന് പോയിരിക്കുന്നു. ഔഷധ സസ്യങ്ങളുടെ കലവറയായിരുന്ന ജില്ലയിൽ കാലാവസ്ഥ വ്യതിയാനം മൂലം ഔഷധ സസ്യങ്ങൾ കാലംതെറ്റി പൂക്കുന്നത് കൊണ്ട് അവ വംശനാശ ഭീക്ഷണി നേരിടുന്നു. പലപ്പോഴും സംഭവിക്കുന്ന അതിവൃഷ്ടി, അനാവൃഷ്ടികൾ പ്രകൃതി ദുരന്തങ്ങൾക്ക് കാരണമാകുന്നു.

ജില്ലയിലെ വനമേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

ജില്ലയിലെ ഏറ്റവും പാരിസ്ഥിതിക പ്രാധാന്യമുള്ള സ്ഥലങ്ങളിൽ ഉൾപ്പെടെ വനം കൈയ്യേറുന്ന പ്രവണത, വനത്തിൽ ഉണ്ടാകുന്ന തീപിടുത്തം, വന്യജീവികൾ ജനവാസമേഖലകളിൽ ഇറങ്ങുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ, ടൂറിസവുമായി ബന്ധപ്പെട്ടവ, പ്ലാസ്റ്റിക്കും മറ്റ് മാലിന്യങ്ങളും വനത്തിൽ ഉപേക്ഷിക്കൽ, വനത്തോട് ചേർന്ന പ്രദേശങ്ങളിലെ കീടനാശിനി- കളനാശിനി പ്രയോഗങ്ങൾ വനത്തിലെ ജീവജാലങ്ങളെയും ബാധിക്കുന്നു.

മഴനിഴൽ പ്രദേശങ്ങൾ

പണ്ട് മറയൂർ ചിന്നാർ പ്രദേശങ്ങൾ മഴനിഴൽ പ്രദേശങ്ങളായിരുന്നെങ്കിൽ ഇന്ന് ഇടുക്കിയുടെ മറ്റ് കുറെ പ്രദേശങ്ങളും മഴനിഴൽ പ്രദേശങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. ഇന്ന് അവിടെ കാണപ്പെടുന്ന സസ്യലതാദികളും പക്ഷികളും ഇതിന് തെളിവുകളാണ്. കാട്ടുതീയും വനംകൈയ്യേറ്റവും മൂലം കാട് നശിക്കുന്നതായും കാണാം

മണ്ണൊലിപ്പ്

ഇവിടുത്തെ മണ്ണിന്റെ ഘടനയും ചരിവേറിയ ഭൂപ്രകൃതിയും വനനശീകരണവും മണ്ണൊലിപ്പിന് ആക്കം കൂട്ടുന്നു. ഇതുമൂലം മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതിദുരന്തങ്ങൾ ഉണ്ടാകാൻ ഇടയുണ്ട്.

വനം വന്യജീവി സംരക്ഷണം

കേരള സംസ്ഥാനത്തെ വനമേഖലയുടെ വിസ്തീർണ്ണം 19239 ച.കി.മി ആണ്. അതിൽ 1524.99741 ച.കി.മി വനം ഇടുക്കി ജില്ലയിലാണ്. കേരളത്തിലെ മൊത്തം വനപ്രദേശങ്ങളിൽ ഏകദേശം 15.44 ശതമാനം ഇടുക്കി ജില്ലയിലാണുള്ളത്. വനമേഖലയെ നിബിഡ വനം, താരതമ്യേന നിബിഡ വനം, തുറന്ന വനം എന്നിങ്ങനെ 3 ആയി തരം തിരിക്കാവുന്നതാണ്.

വനപരിപാലനത്തിൽ ഒരു സുപ്രധാന ഘടകം വനസംരക്ഷണമാണ്. വനാതിർത്തികളുടെ സർവ്വേ, വനം സംരക്ഷണം, നശിച്ചുപോയ വനത്തിനുപകരം വനം വച്ചുപിടിപ്പിക്കൽ മുതലായവയാണ് വനം വകുപ്പിന്റെ പ്രധാന പ്രവൃത്തികൾ. അതിരുകളിൽ ജണ്ടകളും കയ്യാലകളും കെട്ടിയാണ് വനങ്ങളുടെ അതിർത്തി സംരക്ഷിക്കുന്നത്. നശിച്ചുപോയ വനപ്രദേശത്തിനുപകരമായി പ്രസ്തുത ഭാഗത്ത് തനതിനം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നു. അഗ്നി സംരക്ഷണ സേനയുടേയും അഗ്നി സംരക്ഷണ മസ്ദൂർമാരുടേയും സഹായത്തോടുകൂടിയാണ് കാട്ടുതീയിൽ നിന്നും വനങ്ങളെ സംരക്ഷിക്കുന്നത്.

ഇടുക്കി ജില്ലയിൽ ഉൾപ്പെടുന്ന വനപ്രദേശം പ്രധാനമായും മറയൂർ, മാങ്കുളം, പെരിയാർ ഈസ്റ്റ്, മൂന്നാർ വന്യജീവി ഡിവിഷൻ എന്നിവയാണ്. ഇതുകൂടാതെ ഭാഗീകമായി മറ്റു ഡിവിഷനുകളും ഇടുക്കി ജില്ലയിൽ ഉൾപ്പെടുന്നു. ഇടുക്കി ജില്ലയിലെ പ്രധാന വനഡിവിഷനുകൾ പട്ടിക 4.1.4.1 ൽ നൽകിയിരിക്കുന്നു.

Sl. No.	Division	Reserved Forest	Proposed Forest	Vested Forest	Total
1	Kothamangalam	316.8451	-	0.1576	317.0027
2	Munnar	371.3950	244.3700	2.4500	618.2150
3	Marayur	13.9720	47.2600	0.0760	61.3080
4	Mankulam	90.0600	-	-	90.0600
5	Kottayam	627.2870	-	31.9670	659.2540
6	Periyar	618.0000	-	-	618.0000
7	Periyar West	157.0000	-	-	157.0000
8	Munnar Wildlife	276.8450	-	-	276.8450
9	IdukkiWildlife	130.5240	-	-	130.5240

പട്ടിക 4.1.4.1 : ഇടുക്കി ജില്ലയിലെ പ്രധാന വനഡിവിഷനുകൾ

കേരളത്തിലെ ആദ്യത്തെ വന്യജീവി സംരക്ഷണകേന്ദ്രത്തിന്റെ പ്രവർത്തനം ഇടുക്കി ജില്ലയിലെ പെരിയാർ ടൈഗർ റിസ്സർവ്വ് എന്നറിയപ്പെടുന്ന തേക്കടിയിൽ ആണ്. 1895 ൽ നിർമ്മിച്ച മുല്ലപ്പെരിയാർ ഡാമിന്റെ നിർമ്മാണത്തോടനുബന്ധിച്ച് പെരിയാർ ടൈഗർ റിസ്സർവ്വിന് തുടക്കമായി. 1899 ൽ പെരിയാർ -ലേക്ക് റിസ്സർവ്വ് രൂപപ്പെട്ടു. 1933 ൽ SCH Robinson എന്ന ആളിനെ ആദ്യ വൈൽഡ് ലൈഫ് വാർഡനായി തിരുവിതാംകൂർ മഹാരാജാവ് നിയമിച്ചു. ശ്രീ. SCH Robinson എന്ന വൈൽഡ് ലൈഫ് വാർഡന്റെ ശുപാർശ അനുസരിച്ച് 1934 ൽ Nellikkampetty Game Sanctuary രൂപീകരിച്ചു. 1950 ലെ പെരിയാർ വന്യമൃഗസംരക്ഷണ കേന്ദ്രത്തിന്റെ ഭൂവിസ്തൃതി 777 ച.കി.മീ. ആയിരുന്നു. 1998 ൽ കേരളത്തിലെ ആദ്യത്തെ കടുവാ സംരക്ഷണ കേന്ദ്രമായി പെരിയാർ കടുവാ സംരക്ഷണ കേന്ദ്രത്തെ പ്രഖ്യാപിച്ചു. എന്നാൽ 1991 ലെ കടുവകളുടെ കണക്കെടുപ്പിൽ 1982

ലെ കോർ ഏരിയയിലുള്ള കടുവാ സംരക്ഷണ പ്രദേശത്തെ നാഷണൽ പാർക്ക് ആയി പ്രഖ്യാപിച്ചു.

5 ഫോറസ്റ്റ് നാഷണൽ പാർക്കുകളിൽ 4 എണ്ണവും ഇടുക്കി ജില്ലയിലാണ്. ഇതിൽ വരയാടുകൾ (Nilgiri Tahr)അധിവസിക്കുന്നത് പ്രസിദ്ധമായ ഇരവികുളം ദേശീയപാർക്കിലാണ്. കേരളത്തിലെ ആദ്യത്തെ ഫോറസ്റ്റ് ദേശീയ പാർക്കായി പ്രഖ്യാപിച്ചിട്ടുള്ളത്. ജില്ലയിലെ മറ്റ് ദേശീയ പാർക്കുകൾ പാമ്പാടുംചോല, ആനമുടി ചോല, മതികെട്ടാൻചോല എന്നിവയാണ്. നാഷണൽ പാർക്കുകളുടേയും വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളുടേയും വിവരങ്ങൾ പട്ടിക 3.9 ൽ നൽകിയിരിക്കുന്നു.

Sl.No.	Name	Area (Sq.km)
1	Eravikulam National Park	97.000
2	Anamudy Shola	7.500
3	Mathikettan Shola	12.817
4	Pampadum Shola	1.318
	Wildlife Sancturies	
1	PeriyarWildlifeSancturies (Tiger Reserve)	925.000
2	Idukki WildlifeSancturies	70.00
3	Chinnar WildlifeSancturies	90.440

നാഷണൽ ***പാർക്കുകളുടെയും വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളുടേയും വിവരങ്ങൾ***

നിത്യഹരിത വനങ്ങൾ സാധാരണ കാണുന്നത് സമുദ്രനിരപ്പിൽ നിന്നും 200-1500 മീറ്റർ ഉയർന്ന പ്രദേശത്താണ്. ഇവിടെ ലഭിക്കുന്ന മഴയുടെ വാർഷിക അളവ് 250-1500 സെന്റീമീറ്ററിന് ഇടയിലാണ് ഷോള, ഗ്രാസ്സ് പ്രദേശങ്ങൾ കൂടുതലായ് കാണുന്നത് സമുദ്രനിരപ്പിൽ നിന്ന് 1500 മീറ്റർ ഉയർന്ന പ്രദേശങ്ങളിലാണ്. Nilgiri Hills ഇവയിൽ ഉൾപ്പെടുന്നു.

ജില്ലയിലെ ജൈവവൈവിധ്യം

ജൈവവൈവിധ്യം കൊണ്ടും ജന്തു വൈവിധ്യം കൊണ്ടും സമ്പന്നമാണ് ഇടുക്കി ജില്ലയിലെ വനപ്രദേശങ്ങൾ. അപൂർവ്വമായ സസ്യങ്ങൾ, വന്യമൃഗങ്ങൾ, ഉരഗവർഗ്ഗങ്ങൾ, പക്ഷികൾ, ഉഭയജീവികൾ, ശുദ്ധജലമൽസ്യങ്ങൾ, ഷഡ്പദങ്ങൾ എന്നിവ ഇവിടെ കാണപ്പെടുന്നു. കൂടാതെ വിലമതിക്കാനാവാത്ത ഔഷധസസ്യങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, മുള, ഈറ, ചൂരൽ, ഓർക്കിഡുകൾ, തേൻ, മെഴുക്, തെള്ളി, കുന്തിരിക്കം ഇവയെല്ലാം നമ്മുടെ വനസമ്പത്താണ്.

പരിസ്ഥിതി സൗഹൃദ ടൂറിസം സെന്ററുകൾ

ജില്ലയിൽ 14 പരിസ്ഥിതി സൗഹൃദ ടൂറിസം സെന്ററുകളാണ് വനം വകുപ്പിന്റെ കീഴിലുള്ളത്..

1. അഞ്ചുരുളി
2. പെരിയാർ
3. ചിന്നാർ
4. മറയൂർ

5. തൊമ്മൻകുത്ത്
6. ചീയപ്പാറ
7. കൊലുമ്പൻസമാധി
8. കാൽവരിമൗണ്ട്
9. ചെല്ലാർകോവിൽ
10. ചക്കിമാലി
11. ആനമുടി
12. രാജമല
13. ഇടുക്കി

ടെറിട്ടോറിയൽ വകുപ്പ് & വനം വന്യജീവി വകുപ്പ്

ടെറിട്ടോറിയൽ വകുപ്പ്, റിസേർവ്ഡ് വനസംരക്ഷണവും വന്യജീവി വകുപ്പ് വന്യജീവി സങ്കേതങ്ങളുടെ സംരക്ഷണവും ഉറപ്പുവരുത്തുന്നു. ടെറിട്ടോറിയൽ വകുപ്പിന്റെ കീഴിലുള്ള ഡിവിഷനുകളും റേഞ്ചുകളും പട്ടിക 4.1.4.2-ൽ നൽകിയിരിക്കുന്നു.

നം	ഡിവിഷൻ	റേഞ്ചുകൾ
1	കോതമംഗലം	തൊടുപുഴ, കാളിയാർ, മുള്ളരിങ്ങാട്, കോതമംഗലം
2	മൂന്നർ	മൂന്നാർ, ദേവികുളം, അടിമാലി, നേര്യമംഗലം
3	മറയൂർ	മറയൂർ, കാന്തല്ലൂർ
4	മാങ്കുളം	മാങ്കുളം, ആനക്കുളം
5	കോട്ടയം	എരുമേലി, അയ്യപ്പൻകോവിൽ, നഗരംപാറ, കുമിളി

ഇവയിൽ കോതമംഗലം, മൂന്നാർ, കോട്ടയം, ഡിവിഷനുകളുടെ അധികാരപരിധിയിൽ, സമീപ ജില്ലകളും ഉൾപ്പെടുന്നതായി കാണുന്നു.

വനംവകുപ്പ് കാര്യാലയങ്ങൾ

കാര്യക്ഷമമായ വനസംരക്ഷണത്തിനായി ജില്ലയിലെ വനങ്ങളെ പ്രധാനമായും 3 ഡിവിഷന്റെ കീഴിലാക്കിയിരിക്കുന്നു.

പട്ടിക 4.1.4.3 ജില്ലയിലെ വനം കാര്യാലയങ്ങൾ

	ഡിവിഷൻ	റേഞ്ച്	വനം കാര്യാലയങ്ങൾ
1	കോട്ടയം	നഗരംപാറ	വാഴത്തോപ്പ്
			വൈരമണി
		അയ്യപ്പൻകോവിൽ	കാഞ്ചിയാർ
		എരുമേലി	മുറിഞ്ഞപുഴ

			വണ്ടപ്പത്തൽ
			പ്ലാച്ചേരി
2	മൂന്നാർ	മൂന്നാർ	പെട്ടിമുടി
		അടിമാലി	മച്ചിപ്ലാവ്
			പനംകുട്ടി
		നേര്യമംഗലം	നഗരംപാറ
			ഇഞ്ചത്തൊട്ടി
			വാളറ
3	മറയൂർ	മറയൂർ	മറയൂർ
			നാച്ചിവയൽ
	മറയൂർ	കാന്തല്ലൂർ	കാന്തല്ലൂർ
			വണ്ണാന്തുറ

വന്യജീവി സാങ്കേതികവകുപ്പ്

പട്ടിക 4.1.4.4. ടെറിട്ടോറിയൽ വകുപ്പിന്റെ കീഴിലുള്ള ഡിവിഷനുകളും റേഞ്ചുകളും

ഡിവിഷൻ	റേഞ്ചുകൾ
പെരിയാർ ഈസ്റ്റ്	തേക്കടി, പെരിയാർ, വള്ളക്കടവ്, എക്കോഡെവലപ്മെന്റ്, ഫ്ളയിംഗ്സ്ക്വാഡ്
പെരിയാർ വെസ്റ്റ്	അഴുത, പമ്പ.
ഇടുക്കി	ഇടുക്കി വന്യമൃഗസംരക്ഷണം, തട്ടേക്കാട് പക്ഷിസങ്കേതം.
മൂന്നാർ	ഇരവികുളം നാഷണൽപാർക്ക്, ചിന്നാർ വന്യജീവി സങ്കേതം, ഷോള നാഷണൽ പാർക്ക്.

വന്യജീവി സങ്കേതവും, ദേശീയോദ്യാനവും ഉൾപ്പെടുന്ന സംരക്ഷണമേഖലയുടെ നിയന്ത്രണവും വന്യജീവി സങ്കേതവും, ദേശീയോദ്യാനവും ഉൾപ്പെടുന്ന സംരക്ഷണമേഖലയുടെ നിയന്ത്രണവും ഈ വകുപ്പിന്റെ ചുമതലയാണ്. വനംപരിസ്ഥിതി സംരക്ഷണപദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതിന്റെ ഉത്തരവാദിത്വം ഈ വകുപ്പിനാണ്. വന്യജീവികളുടെ ആക്രമണം മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതും ഈ വകുപ്പിന്റെ കീഴിലുള്ള കാര്യങ്ങളാണ്. ഈ വകുപ്പിന്റെ കീഴിലുള്ള ഡിവിഷനുകളും റേഞ്ചുകളും താഴെകൊടുക്കുന്നു. ഇടുക്കി തട്ടേക്കാട് പക്ഷിസങ്കേതം എറണാകുളം ജില്ലയിൽ ഉൾപ്പെടുന്നതാണ്.

വനം-വിജിലൻസ് വകുപ്പ്

കേരള വനംവകുപ്പ് Go (Ms) No.287/71/Agri. dtd.13-12-71 അനുസരിച്ച് ഒരു വിജിലൻസ് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ഇതിനെ തുടർന്ന് Go (Ms) No.4/75/AD dtd.21-01-75 പ്രകാരം വനസംരക്ഷണത്തിനുള്ള പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ തീരുമാനങ്ങളെടുത്തിട്ടുണ്ട്. ഫ്ളയിംഗ് സ്ക്വാഡ് റേഞ്ച് മുണ്ടക്കയം, ഫ്ളയിംഗ്സ്ക്വാഡ് റേഞ്ച് ഇടുക്കി എന്നിവ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഫ്ളയിംഗ്സ്ക്വാഡ് ഇടുക്കിയുടെ അധികാരപരിധിയിലും, ഫ്ളയിംഗ്സ്ക്വാഡ് റേഞ്ച് മൂന്നാർ, ഫ്ളയിംഗ് സ്ക്വാഡ് റേഞ്ച് തൊടുപുഴ ഇവ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഫ്ളയിംഗ്സ്ക്വാഡ് ഡിവിഷൻ കോതമംഗലത്തിന്റെയും അധികാരപരിധിയിലും പെടുന്നു.

സോഷ്യൽ ഫോറസ്ട്രി വിഭാഗം

അസ്സിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ കീഴിൽ സോഷ്യൽ ഫോറസ്ട്രി വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഇതിൽ നാല് സോഷ്യൽ ഫോറസ്ട്രി റേഞ്ച് (സോഷ്യൽ ഫോറസ്ട്രി റേഞ്ച് കട്ടപ്പന, സോഷ്യൽ ഫോറസ്ട്രി റേഞ്ച് പീരുമേട്, സോഷ്യൽ ഫോറസ്ട്രി റേഞ്ച് മൂന്നാർ, സോഷ്യൽ ഫോറസ്ട്രി റേഞ്ച് തൊടുപുഴ) പ്രവർത്തിക്കുന്നു. ഗവ. അംഗീകൃതമായിട്ടുള്ള പല പദ്ധതികളും നടപ്പിലാക്കുന്നതും, വനവൽക്കരണത്തിന്റെയും ഉത്തരവാദിത്വം ഈ വകുപ്പിനാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പല പദ്ധതികളും ഈ വകുപ്പിന് പ്രാവർത്തികമാക്കാവുന്നതാണ്.

വിവാദ വിഷയങ്ങൾ

കൈയ്യേറ്റക്കാർ

1940 നു മുമ്പ് ജില്ലയിൽ വനങ്ങളുടെ കൈയ്യേറ്റം താരതമ്യേന കുറവായിരുന്നു. എന്നാൽ രണ്ടാം ലോകമഹായുദ്ധത്തെ തുടർന്ന് കേരളത്തിൽ ഭക്ഷ്യക്ഷാമം രൂക്ഷമായി തീരുകയും, സർക്കാർ വനപ്രദേശങ്ങൾ കർഷകർക്ക് കൃഷി നടത്തുന്നതിനായി പാട്ടത്തിനായി നൽകുകയും, പല പദ്ധതികളിൽ ഉൾപ്പെടുത്തി ഭൂപ്രദേശങ്ങൾ കർഷകർക്ക് വിട്ടു കൊടുക്കുകയും ചെയ്തു.

എന്നാൽ 1-1-1977 ന് ശേഷവും വനംകയ്യേറ്റവും നടക്കുകയുണ്ടായി.

ആയതിന്റെ വിവരങ്ങൾ താഴെ പട്ടികയിൽ (പട്ടിക 4.1.4.5) ഉൾപ്പെടുത്തുന്നു.

സർക്കിൾ	ഡിവിഷൻ	വിസ്തൃതി (ഹെക്ടർ)
ഹൈറേഞ്ച്	കോട്ടയം	93.580
	കോതമംഗലം	147.60
	മൂന്നാർ	1099.650
	മാങ്കുളം	404.50
	മറയൂർ	0.004
കോട്ടയം	ഇടുക്കി	5.00

കാട്ടുതീ

2006-07 കാലഘട്ടത്തിലാണ് കാട്ടുതീ ഏറ്റവും രൂക്ഷമായി 981 ഹെക്ടർ പെരിയാർ ഈസ്റ്റ് ഡിവിഷനിലും പിന്നീട് വെസ്റ്റ് ഡിവിഷനിലും പടർന്നുപിടിച്ചത്. പിന്നീട് ഇത് 2008-09 ലും 2009-2010 ലും ആവർത്തിച്ചു. മൂന്നാർ ഡിവിഷനിൽ 2010-2011 ൽ 332 ഹെക്ടർ സ്ഥലം കാട്ടുതീക്ക് വിധേയമായി. 2006 മുതൽ 2011 വരെയുള്ള കാലഘട്ടങ്ങളിൽ ഉണ്ടായിട്ടുള്ള കാട്ടുതീയുടെ വിവരങ്ങൾ ചുവടെ പട്ടിക 4.1.4.6 ൽചേർക്കുന്നു.

പട്ടിക 4.1.4.6 : കാട്ടുതീയുടെ വിവരങ്ങൾ

Name of division	2006-07 (Area in Ha.)	2007-08 (Area in Ha.)	2008-09 (Area in Ha.)	2009-10 (Area in Ha.)	2010-11 (Area in Ha.)
Wildlife Munnar	NIL	NIL	NIL	13.5	NIL
Wildlife Idukki	NIL	21.81	29.5	167	54
Periyar West	160	198	72.5	NIL	NIL
Periyar East	986.74	15.504	350	217	9
Marayoor	NIL	40	37	55.1	65.5
Mankulam	NIL	NIL	NIL	NIL	NIL
Munnar	105.7	5	74.21	NR	NR
Kottayam	60	144.4	129	233	332.11
Kothamangalam	0.05	5	1.03	67	130

നിയമലംഘനങ്ങൾ

കേരളഫോറസ്റ്റ് ആക്ടും വൈൽഡ്ലൈഫ് പ്രൊജക്ട് ആക്ടും രേഖപ്പെടുത്തിയിട്ടുള്ള 2006 മുതൽ 2010 വരെയുള്ള വനനിയമ ലംഘനങ്ങൾ താഴെ പട്ടികയിൽ (പട്ടിക 3.14) കൊടുത്തിരിക്കുന്നു. ഇവ കൂടുതലായി രേഖപ്പെടുത്തിയിട്ടുള്ളത് മറയൂർ, പെരിയാർ ഈസ്റ്റ്, മാങ്കുളം, മൂന്നാർ, കോതമംഗലം എന്നീ ഡിവിഷനുകളിലാണ്.

Name of division	2006		2007		2008		2009		2010	
	WLP	KFA	WLP	KFA	WLP	KFA	WLP	KFA	WLP	KFA
Wildlife Munnar	0	20	0	10	0	21	1	25	1	20
Wildlife Idukki	0	0	0	2	1	4	0	2	0	7
Periyar West	1	13	0	3	0	9	1	4	3	6
Periyar East	0	24	5	29	5	39	1	13	1	19

Marayoor		87		69	0	61		57		69
Mankulam	0	6	0	22	1	27	0	18	2	18
Munnar	7	154	9	159	12	112	12	105	9	110
Kottayam	0	132	0	198	0	161	0	166	0	129
Kothamangalam	3	59	0	60	7	87	5	91	0	146

പട്ടിക 3.14: വനനിയമ ലംഘനങ്ങൾ - വിവരങ്ങൾ

വന നശീകരണം

ഇടുക്കി ജില്ലയിൽ കഴിഞ്ഞ ആറു പതിറ്റാണ്ടുകളായി വനനശീകരണത്തിന് കാരണങ്ങളായ ഘടകങ്ങൾ താഴെ കൊടുക്കുന്നു.

1. മനുഷ്യരുടേയും മൃഗങ്ങളുടേയും ക്രമരഹിതവും, നിയമവിരുദ്ധവും, ആയുള്ള വന ഉല്പന്നങ്ങളുടെ ഉപഭോഗവും വിളവെടുപ്പും.
2. കാടു കൈയേറിയുള്ള കഞ്ചാവുകൃഷി.
3. അമിതവും അശാസ്ത്രീയമായ രീതിയിലുള്ളതുമായ വന ഉല്പന്നങ്ങളുടെ ചൂഷണം.
4. വനേതര ആവശ്യങ്ങൾക്കുള്ള വനഭൂമിയുടെ ഉപയോഗം.
5. ദോഷകരമായ നടത്തിപ്പുമൂലമുള്ള നാശം.
6. ജൈവഘടനയിലുണ്ടാകുന്ന മാറ്റം മൂലം മണ്ണൊലിപ്പ് ഉണ്ടാകുന്നതനുസരിച്ച് ഉണ്ടാകുന്ന വനനശീകരണം.
7. ജനവാസമേഖലയുടെ വികസനം മൂലമുണ്ടാകുന്നതും, കാലാവസ്ഥയിലെ സൂക്ഷ്മവ്യതിയാനങ്ങൾ കൊണ്ടുണ്ടാകുന്നതുമായ മാറ്റം.
8. മോശമായ പുനർനിർമ്മാണം.

മേൽസൂചിപ്പിച്ച വ്യക്തമായ കാരണങ്ങളുടെ അനന്തര ഫലമായി സംഭവിക്കുന്ന മണ്ണൊലിപ്പ്, ജൈവവൈവിധ്യങ്ങളുടെ നാശം, കുറയുന്ന മഴ, വരളുന്ന പുഴകളും അരുവികളും, വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ എന്നിവ മൂലവും താഴെപറയുന്ന പ്രതിഭാസങ്ങളും സംഭവിക്കുന്നു.

1. മണ്ണിന്റെ ഫലഭൂയിഷ്ഠത നഷ്ടപ്പെടുന്നു.
2. വേനൽക്കാലത്തുണ്ടാകുന്ന ജലദൗർലഭ്യതയും വരൾച്ചയും.
3. പുനർനിർമ്മാണത്തിന്റെ അഭാവവും വനാനുപാതത്തിലും ഘടനയിലുമുള്ള മാറ്റങ്ങളും.

4. മനുഷ്യന്റെയും മൃഗങ്ങളുടെയും വർദ്ധിച്ച ഇടപെടലുകൾ.
5. ഗോത്ര വർഗ്ഗക്കാരുടെയും മറ്റ് നാമ മാത്ര വിഭാഗങ്ങളുടെയും ജീവിത മാർഗ്ഗങ്ങളിലുണ്ടായ കുറവ്.

മഴനിഴൽപ്രദേശങ്ങളുടെ ഉത്ഭവം

M.S.സ്വാമിനാഥൻ 2007-ൽ സമർപ്പിച്ച പഠനറിപ്പോർട്ടിൽ ഇടുക്കി ജില്ലയുടെ പാരിസ്ഥിതി ആരോഗ്യം പുനസ്ഥാപിക്കുന്നതിനായി 7 ഘട്ടങ്ങളിലായി നടപ്പിലാക്കേണ്ട കാര്യങ്ങൾ പ്രതിപാധിച്ചിരിക്കുന്നതിൽ മതിയായ വൃക്ഷങ്ങളുടെ ആവരണം നൽകി, ഭൂവിനിയോഗം മെച്ചപ്പെടുത്തി വനവൽക്കരണ തത്വങ്ങൾ അടിസ്ഥാനമാക്കി കൂടുതൽ വൃക്ഷാവരണം നടത്തി പാരിസ്ഥിതിക സംതുലിതാവസ്ഥ കാത്തുസൂക്ഷിക്കണം. രണ്ടാംഘട്ടമായി കൂടുതൽ മഴനിഴൽ പ്രദേശത്തിന്റെ വ്യാപനം തടയുന്നതിനായി 6000 ഹെക്ടറിൽ, തിരഞ്ഞടുത്ത ഇനം വൃക്ഷങ്ങളുടെ ശേഖരം തയ്യാറാക്കി വിനിയോഗിക്കുന്നതിന് ഗ്രീൻബെൽറ്റ് സൂക്ഷിക്കുക.

നടന്നുകൊണ്ടിരിക്കുന്നതും ഏർപ്പെടുത്തിയിട്ടുള്ളതുമായ പദ്ധതികളും പ്രോഗ്രാമുകളും

ദേശീയ വനവൽക്കരണപദ്ധതി

ദീർഘകാല ലക്ഷ്യങ്ങൾ

- ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി പ്രകൃതിവിഭവങ്ങളെ സംരക്ഷിക്കുകയും സൂക്ഷിക്കുകയും ചെയ്യുക.
- ജൈവവൈവിധ്യം നഷ്ടമാകുന്നതും വനനശീകരണത്തിന്റെയും കാരണങ്ങൾ പരിശോധിക്കുക.
- ഗ്രാമവാസികളെ ഉൾപ്പെടുത്തി പ്രകൃതിവിഭവങ്ങളെ അനുയോജ്യമായ രീതിയിൽ ഉപയോഗപ്പെടുത്തുക.

ഹ്രസ്വകാല പദ്ധതികൾ

- നീർത്തട പദ്ധതിയിലധിഷ്ഠിധമായി മരങ്ങൾ വെച്ചിപിടിപ്പിക്കുക
- നവീകരിച്ച പ്രദേശങ്ങളിൽ നിന്ന് വിറക്, പുല്ല്, വൈക്കോൽ, എന്നിവയുടെ ലഭ്യത ഉരപ്പുവരുത്തുക
- ജൈവവനങ്ങളെ പ്രോൽസാഹിപ്പിക്കുക
- ഇന്ധനത്തിനുവേണ്ടി വനങ്ങളെ ഉപയോഗിക്കുന്ന പ്രവണത തടയുക
- മുള, ഔഷധസസ്യങ്ങൾ തുടങ്ങിയവയുടെ സംരക്ഷണം
- മെഴുക്, തേൻ, പഴവർഗ്ഗങ്ങൾ തുടങ്ങിയവയുടെ ഉൽപാദനം പരിപോഷിപ്പിക്കുക

ദേശീയ വനവൽക്കരണ പദ്ധതി നടപ്പാക്കുന്നതിനായി 105 എക്കോ ഡവലപ്മെന്റ് കമ്മിറ്റികളും 68 വനസംരക്ഷണ സമിതികളും ജില്ലയിൽ രൂപീകരിച്ചിട്ടുണ്ട്. എക്കോ ടൂറിസം സെന്ററുകൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

പുനർവനവൽക്കരണം (Compensatory afforstation)

വളരെ ഉയർന്ന ജനസംഖ്യ, കുറഞ്ഞ ഭൂലഭ്യത, നാണ്യവിളകളുടെ വർദ്ധനക്കനുകൂലമായ സാഹചര്യം മുതലായവ വനലഭ്യത കുറച്ച് വനം കൈയേറ്റത്തിന് കാരണമായി. കൂടാതെ സ്വാതന്ത്ര്യാനന്തരം ആരംഭിച്ച വികസന ക്ഷേമപദ്ധതികളും കോളനിവൽക്കരണവും, കൂടുതൽ ഭക്ഷണപദാർത്ഥങ്ങളുടെ ഉൽപാദനം, തോട്ടവിളകളുടെ വർദ്ധന, ജലസേചന പദ്ധതികൾ മുതലായവ വനഭൂമിയുടെ നല്ലൊരു ഭാഗം നശിപ്പിച്ചു. അക്കാലത്തെ പ്രധാനലക്ഷ്യം ഭൂരഹിതർക്കു ഭൂമിയുമായി ബന്ധപ്പെട്ട തൊഴിൽ നൽകുക എന്നതായിരുന്നു. ആദ്യ കാലഘട്ടത്തിൽ കയ്യേറിയ വനഭൂമികൾ തുടർന്നു കയ്യേറിയതിന്റെ ഇടത്താവളങ്ങളായി മാറി. അതിനാൽ മുൻപുണ്ടായ വനഭൂമിയുടെ കയ്യേറ്റം ക്രമവൽക്കരിക്കുന്നതിന് ഗവൺമെന്റ് നിർബന്ധിതമായി. 1980 - ലെ വനസംരക്ഷണ നിയമം പാസ്സാകുമ്പോഴും വലിയൊരളവോളം അനധികൃതഭൂമി കയ്യേറിയിരുന്നു. 1-1-1997-നു മുമ്പുണ്ടായിരുന്ന എല്ലാ വനഭൂമികയ്യേറ്റവും ക്രമവൽക്കരിക്കുന്നതിനുള്ള നയപരമായ തീരുമാനം സംസ്ഥാന സർക്കാർ ഏറ്റെടുത്തു.. കേന്ദ്ര ഗവൺമെന്റ് തലത്തിൽ മേൽ തീരുമാനം അംഗീകരിച്ചു. വിശദമായ പരിശോധനയിൽ 1-1-97 -നു മുൻപുള്ള 28588 ഹെക്ടർ കയ്യേറ്റം തിരിച്ചറിഞ്ഞു. ആയത് ക്രമവൽക്കരിക്കുന്നതിനുള്ള നിർദ്ദേശവും സമർപ്പിച്ചു.

എന്റെ മരം പദ്ധതി

സംസ്ഥാനത്തെ സ്കൂളുകളിലെ വിദ്യാർത്ഥികളെ മുഴുവനും പദ്ധതിയിൽ ഉൾപ്പെടുത്തി അവരുടെ സഹകരണത്തോടെ വിവിധയിനം വൃക്ഷതൈകളുടെ വിതരണം, കൃഷിപരിപാലനം, എന്നിവ നടത്തുന്നു. ഇതിനായി 5 മുതൽ 9-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നു.

നമ്മുടെ മരം പദ്ധതി

പ്രൊഫഷണൽ കോളേജ്, ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ, എന്നീ വിഭാഗക്കാരെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയിലുൾപ്പെട്ട സ്കൂൾ, കോളേജ്, കോമ്പൗണ്ടുകളിൽ വിവിധയിനം വൃക്ഷതൈകൾ നടുന്ന പദ്ധതി.

വനവികസനം

പൊതു ജനങ്ങളുടെ സജീവ പങ്കാളിത്തമോ സഹകരണമോ പിന്തുണയോ കൂടാതെ വനഭൂമിയുടെ വിസ്തൃതിയുടെ വികസനം സാധ്യമല്ല. ആയതിനാൽ വികസനം, കരുതൽ വൃക്ഷങ്ങളുടെ പ്രാധാന്യം, വന്യജീവികൾ, ജൈവവൈവിധ്യം എന്നിവയാൽ പൊതുജനത്തിന്റെ ഇടപെടലും പങ്കാളിത്തവും അത്യാവശ്യമാണ്. പരിസ്ഥിതി

സംഘടനകൾ, കുടുംബശ്രീ യൂണിറ്റുകൾ, റസിഡൻസ് അസ്സോസിയേഷൻ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, എന്നിവയുടെ സജീവമായ പങ്കും ആവശ്യമാണ്. ജില്ലയിൽ DFEIC യുടെ പ്രവർത്തനം വെള്ളപ്പാറയിൽ പ്രവർത്തിക്കുന്നുണ്ട്. ആയതുവഴി ബോധവൽക്കരണ കോഴ്സുകളും നടക്കുന്നുണ്ട്.

ഇക്കോ ടൂറിസം

നിലവിൽ ഇടുക്കി ജില്ലയിൽ ഒന്നിലധികം ഇക്കോ ടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. പ്രകൃതിയെ അടുത്തറിയുകയും അവയുടെ മൂല്യം ജനങ്ങളിലേക്കെത്തിക്കുകയും എന്നുള്ള പ്രധാന ലക്ഷ്യത്തോടു കൂടിയാണ് ഇവ പ്രവൃത്തിച്ചു വരുന്നത്. വിദ്യാർത്ഥികൾക്കും സന്നദ്ധ സംഘടനകൾക്കും, പ്രകൃതി പഠന ക്ലാസുകളും ക്യാമ്പും സംഘടിപ്പിക്കുക വഴി വളർന്നു വരുന്ന സമൂഹത്തിന് പ്രകൃതി സ്നേഹവും അവ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും വളർത്തുക എന്ന ലക്ഷ്യത്തിൽ പ്രവർത്തിച്ചുവരുന്നു. ഉത്തരവാദിത്വ ടൂറിസത്തിലൂടെ വനാശ്രിതർക്ക് തൊഴിൽ ലഭ്യമാകുകയും അതിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ മുഖ്യ പങ്കും അവരുടെ ജീവിത ഉന്നമനത്തിനായി വിനിയോഗിക്കുകയും ചെയ്തു വരുന്നു. ഇടുക്കി ജില്ലയിലെ പ്രധാന ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ ലിസ്റ്റ് പട്ടിക-4.1.4.7 ആയി ചേർത്തിരിക്കുന്നു.

ഇക്കോ ടൂറിസം കേന്ദ്രങ്ങൾ (പട്ടിക-4.1.4.7)

ക്രമ നം	സ്ഥിതി ചെയ്യുന്ന സ്ഥലം	ഡിവിഷൻ
1	അഞ്ചുരുളി	കോട്ടയം ഡിവിഷൻ
2	പെരിയാർ	പെരിയാർ കടുവ സങ്കേതം
3	ചിന്നാർ	വൈൽഡ്ലൈഫ് ഡിവിഷൻ, മൂന്നാർ
4	മറയൂർ	മറയൂർ സാൻഡൽ ഡിവിഷൻ
5	തൊമ്മൻകുത്ത്	കോതമംഗലം ഡിവിഷൻ
6	ചീയപ്പാറ	മൂന്നാർ ഡിവിഷൻ
7	കൊലുമ്പൻ കോളനി	ഇടുക്കി വന്യജീവി സങ്കേതം
8	കാൽവരിമൗണ്ട്	ഇടുക്കി വന്യജീവി സങ്കേതം
9	കൈനഗിരി	മാങ്കുളം ഡിവിഷൻ
10	ആനക്കുളം	മാങ്കുളം
11	ചെല്ലാർകോവിൽ	കോട്ടയം
12	ചക്കിമാലി	കോട്ടയം
13	ആനമുടി	മൂന്നാർ വന്യജീവി സങ്കേതം
14	രാജമല	മൂന്നാർ വന്യജീവി സങ്കേതം
15	ലക്കം	മൂന്നാർ വന്യജീവി സങ്കേതം
16	ഇടുക്കി	ഇടുക്കി വന്യജീവി സങ്കേതം

പങ്കാളിത്ത വനപരിപാലനം

വനംവകുപ്പിലെ പരിമിതമായ അംഗബലം മാത്രമുപയോഗിച്ച് കേരളത്തിലെ മുഴുവൻ വനപ്രദേശങ്ങളെ കാര്യക്ഷമമായി പരിപാലിക്കാൻ സാധിക്കില്ല. മറയൂർ പോലെയുള്ള പ്രദേശങ്ങളിൽ സർക്കാരിന്റെ പൊതുസ്വത്തായ കോടികൾ വരുമാനം നേടിത്തരുന്ന സ്വാഭാവിക ചന്ദനക്കാടുകളുടെ സംരക്ഷണം പോലുള്ള പ്രവർത്തനങ്ങൾ പങ്കാളിത്ത വനപരിപാലനത്തിലൂടെയാണ് മികച്ച രീതിയിൽ നിർവഹിച്ചുവരുന്നത്. വനസംരക്ഷണ സമിതികളും, ഇക്കോ ഡെവലപ്മെന്റ് കമ്മറ്റികളും സ്തുത്യർഹമായ സേവനം ഇക്കാര്യത്തിൽ നൽകി വരുന്നു. പങ്കാളിത്ത വനപരിപാലനത്തിന് പത്താം പഞ്ചവത്സര പദ്ധതി പ്രകാരം നടപ്പാക്കിയ ദേശീയ വനവത്കരണ പരിപാടി ഏറെ ശ്രദ്ധേയമായ ഒന്നായിരുന്നു. പങ്കാളിത്ത വന പരിപാലനത്തിലൂടെ

വനസംരക്ഷണത്തോടൊപ്പം വനാശ്രിതരുടെ സാമ്പത്തിക ഉന്നമനവും മെച്ചപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

ഗ്രീൻ ഇൻഡ്യാ മിഷൻ

ആധുനിക ലോകം നേരിടുന്ന ഏറ്റവും വലിയ ഭീഷണിയായ കാലാവസ്ഥ വ്യതിയാനം നേരിടുക, സ്വാഭാവിക വനങ്ങൾ തൽസ്ഥിതിയിൽ നിലനിർത്തുക, വനാശ്രിത സമൂഹത്തിന്റെ ഉന്നമനം, അവർ നടത്തുന്ന സ്വാഭാവിക വനവിഭവങ്ങളുടെ ശേഖരണവും വിതരണവും സാദ്ധ്യമാക്കൽ, അമിത വനചൂഷണം തടയൽ തുടങ്ങിയവയെല്ലാം ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതിയിലൂടെ നടപ്പാക്കാൻ വിഭാവന ചെയ്തിരിക്കുന്നു. ടി പദ്ധതി നടപ്പിലാക്കുന്നതിന് വനംവകുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മറ്റികളെ ചുമതലപ്പെടുത്തിയിരിക്കുന്നു. സ്വാഭാവിക വനവിഭവങ്ങൾ ശേഖരിച്ച് പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ വിതരണം ചെയ്യുക എന്ന ലക്ഷ്യത്തിൽ ഇടുക്കി ജില്ലയിൽ സ്ഥാപിച്ചിരിക്കുന്ന വിവിധ വനശ്രീ ഇക്കോഷോപ്പ് യൂണിറ്റുകളുടെ ലിസ്റ്റ് പട്ടിക - 4.1.4.8 പ്രകാരം ചേർക്കുന്നു.

വനശ്രീ ഇക്കോ ഷോപ്പുകൾ - (പട്ടിക 4.1.4.8)

ക്രമ നം	ഡിവിഷൻ/ ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസി	വനശ്രീ ഇക്കോ യൂണിറ്റ്
1	കോതമംഗലം	തൊമ്മൻകുത്ത്
2	മറയൂർ	മറയൂർ
3	മൂന്നാർ വന്യജീവി സങ്കേതം	5-ാം മൈൽ
4	മൂന്നാർ വന്യജീവി സങ്കേതം	ആലാംപെട്ടി
5	മൂന്നാർ വന്യജീവി സങ്കേതം	ആനമുടി ഷോല
6	മൂന്നാർ വന്യജീവി സങ്കേതം	ലക്കം
7	മൂന്നാർ വന്യജീവി സങ്കേതം	രാജമല
8	പെരിയാർ ഈസ്റ്റ് ഡിവിഷൻ	തേക്കടി
9	ഇടുക്കി വന്യജീവി സങ്കേതം	വെള്ളാപ്പാറ

സോഷ്യൽ ഫോറസ്ട്രി

വനപ്രദേശങ്ങൾക്ക് പുറത്ത് പച്ചപ്പ് വിരിച്ച് പ്രകൃതിയെ സംരക്ഷിക്കുകയും കാലാവസ്ഥാ വ്യതിയാനം പോലെയുള്ള മാരകമായ പ്രതിഭാസങ്ങളെ തടയുക എന്ന ലക്ഷ്യത്തിൽ നാട്ടിൻപുറങ്ങളിലും, പൊതുസ്ഥലങ്ങൾ, വഴിയോരങ്ങൾ, സ്കൂൾ വളപ്പുകൾ, ഓഫീസ് സമുച്ചയങ്ങൾ, നദീതീരങ്ങൾ എന്നിവിടങ്ങളിൽ പൊതുജന പങ്കാളിത്തത്തോടെ മരങ്ങൾ നട്ടുപിടിപ്പിക്കുന്ന വിവിധ പദ്ധതികൾ സോഷ്യൽ ഫോറസ്ട്രിയിലൂടെ 1982 മുതൽ കേരളത്തിൽ നടപ്പിലാക്കിവരുന്നു. സോഷ്യൽ ഫോറസ്ട്രിഇടുക്കി ജില്ലാകേന്ദ്രം വെള്ളാപ്പാറയിൽ സ്ഥിതിചെയ്യുന്നു. സോഷ്യൽ ഫോറസ്ട്രികളുടെ നേഴ്സറികളിൽ നിന്നും ഓരോ വർഷവും ലക്ഷക്കണക്കിന് തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. തടികൾക്കും വിറകിനും മറ്റ് ആവശ്യങ്ങൾക്കുമായി വനത്തെ ആശ്രയിക്കുന്ന പ്രവണത കുറയ്ക്കുന്നതിനും അവയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും, കാർബൺ ബഹിർഗമന തോത് കുറക്കുന്നതിനും, കാലാവസ്ഥാ വ്യതിയാനം നിയന്ത്രിക്കുന്നതിനും സോഷ്യൽ ഫോറസ്ട്രി നടത്തിവരുന്ന പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധേയമാണ്. ഇതിൽ ഹരിത കേരളം, എന്റെ മരം തുടങ്ങിയ പദ്ധതികൾ ലോക പ്രശംസ നേടിയിട്ടുള്ളതുമാണ്.

ചെക്ക് പോസ്റ്റുകൾ

ഇടുക്കി ജില്ലയിൽ വനകുറ്റകൃത്യങ്ങൾ തടയുക എന്ന ലക്ഷത്തിൽ 23-ഓളം ചെക്ക്പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. അവിടങ്ങളിൽ 24 മണിക്കൂറും കടന്നുപോകുന്ന വാഹനങ്ങൾ നിരീക്ഷിക്കുകയും അതുവഴി വനവിഭവങ്ങളുടേയും വന്യജീവികളുടേയും നിയമവിരുദ്ധമായ കടത്തിക്കൊണ്ടുപോകൽ ഫലപ്രദമായി നിയന്ത്രിക്കുകയും

ചെയ്തുവരുന്നു. ഇടുക്കി ജില്ലയിലെ വനം ചെക്ക്പോസ്റ്റുകളുടെ ലിസ്റ്റ് പട്ടിക-4.1.4.9 പ്രകാരം നൽകുന്നു.

ചെക്ക് പോസ്റ്റുകൾ - പട്ടിക 4.1.4.9

ഡിവിഷൻ	റെയ്ഞ്ച്	ചെക്ക്പോസ്റ്റ്
കോട്ടയം	കുമളി	(1) കുമളി (2) കമ്പംമെട്ട്
	എരുമേലി	(1) പുള്ളുപ്പാറ (2) വഴിക്കടവ്
കോതമംഗലം	തൊടുപുഴ	(1) കുരുതിക്കളം
മൂന്നാർ	നേര്യമംഗലം	(1) തലക്കോട്
	അടിമാലി	(1) പനംകുട്ടി
	ദേവികുളം	(1) പാലാർ (2) ബോഡിമെട്ട്
മറയൂർ	മറയൂർ	(1) ചട്ടമൂന്നാർ
	കാന്തല്ലൂർ	(1) പയസ്നഗർ
പെരിയാർ ഈസ്റ്റ്	തേക്കടി	(1) തേക്കടി
	വള്ളക്കടവ്	(1) പച്ചക്കാനം (2) ആനത്തോട് (3) വള്ളക്കടവ്
	പെരിയാർ	(1) വെള്ളിമല
പെരിയാർ വെസ്റ്റ്	പമ്പ	(1) പച്ചക്കാനം
മൂന്നാർ വൈൽഡ്ലൈഫ് ഡിവിഷൻ	ഇരവികുളം	(1) രാജമല
	ചിന്നാർ	(1) കരിമുട്ടി (2) ചിന്നാർ
	ഷോല നാഷണൽ പാർക്ക്	(1) ടോപ്പ് സ്റ്റേഷൻ (2) മെത്താപ്പ്
ഇടുക്കി വന്യജീവി സങ്കേതം	ഇടുക്കി	(1) വൻമാവ്

വനം സംരക്ഷണം നേരിടുന്ന പ്രധാന പ്രശ്നങ്ങൾ

വന പ്രദേശങ്ങൾ കയ്യേറുന്ന പ്രവണത മുൻകാലങ്ങളിലെപ്പോലെ ശക്തമാണ്. (പട്ടിക-4.1.4.5 ൽ ചേർത്തിരിക്കുന്നു) ആയത് സ്വാഭാവിക വനങ്ങളുടെ നശീകരണത്തിനും വന്യമൃഗങ്ങളുടെ സ്വൈര്യവിഹാരത്തിന് തടസ്സം സൃഷ്ടിക്കുകയും ചെയ്യുന്നു. ടി പ്രവണതമൂലം വന്യമൃഗങ്ങളുടെ സ്വാഭാവിക പാതകൾ പ്രത്യേകിച്ചും ആനത്താരകൾ തടസ്സപ്പെടുന്നത് വഴി മനുഷ്യ വന്യമൃഗ സംഘർഷം രൂക്ഷമാക്കുന്നതിനും ഇടയാക്കിയിട്ടുണ്ട്. വേനൽക്കാലങ്ങളിലെ വരൾച്ച മൂലം വന്യജീവികൾ കാട്ടിൽ നിന്നും പുറത്തിറങ്ങി മനുഷ്യവാസ സ്ഥലങ്ങളിൽ പ്രവേശിച്ച് കാർഷിക വിളകൾ നശിപ്പിക്കുന്നതിനിടയാക്കുന്നു. അശ്രദ്ധമായ മനുഷ്യ ഇടപെടൽ മൂലം കാട്ടുതീ പടരുന്നതിനാൽ വർഷംതോറും ഹെക്ടർ കണക്കിന് സ്വാഭാവിക വനങ്ങളും പുൽമേടുകളും ജീവജാലങ്ങളും അഗ്നിക്കിരയാക്കപ്പെടുന്നു. വന്യമൃഗ വേട്ടയാടൽ മൂലം പശ്ചിമ ഘട്ടത്തിലെ പല ഇനത്തിലുള്ള ജീവജാലങ്ങളും വംശനാശ ഭീഷണി നേരിടുന്നുണ്ട്. ടൂറിസം കേന്ദ്രങ്ങളിൽ ഭക്ഷ്യാവശിഷ്ടങ്ങൾ ഉപേക്ഷിക്കുന്നത് മൂലം വന്യജീവികൾ അവയിൽ ആകൃഷ്ടരായിത്തീരുകയും മനുഷ്യവാസ കേന്ദ്രങ്ങളിലേക്ക് ഇറങ്ങിവരുന്നതിന് ഇടയാവുകയും ചെയ്യുന്നു. ടൂറിസം മേഖലകളിൽ രാത്രികാല സഫാരികൾ വ്യാപകമാകുകയും രാത്രികാലങ്ങളിൽ വന്യമൃഗങ്ങളെ ദർശിക്കുന്നതിന് അവയുടെ ആവാസവ്യവസ്ഥകളിലേക്ക് കടന്നുകയറുന്ന പ്രവൃത്തിമൂലം വന്യജീവികൾ ആക്രമണകാരികളായി മാറുന്ന പ്രവണത ഏറിവരുന്നു.

വനസംരക്ഷണ പ്രവർത്തനങ്ങളെല്ലാം തന്നെ അതാത് ഡിവിഷന്റെ 10 വർഷക്കാലം ദൈർഘ്യമുള്ള വർക്കിംഗ് പ്ലാൻ ആനുസരിച്ച് വളരെ മുൻകൂട്ടി ആസൂത്രണം ചെയ്ത് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയോടെ നടപ്പിലാക്കിവരുന്നതാണ്. അതാതു ഡിവിഷനുകൾ ടി വർക്കിംഗ് പ്ലാൻ പ്രകാരം മാത്രം വർഷാവർഷങ്ങളിൽ വാർഷിക ആസൂത്രണം തയ്യാറാക്കി അവയിലൂടെ ലക്ഷ്യങ്ങൾ നേടിവരുന്നവയാണ്.

വനത്തിൽ ഉണ്ടാകുന്ന തീപിടുത്തം.

ജീവികൾക്കും സസ്യസമൂഹത്തിനും വനത്തിന് ആകമാനം ഉണ്ടാകുന്ന നഷ്ടം അപര്യഹാര്യമാണ്. തേനിച്ച കോളനി, പക്ഷി പറവകൾ തുടങ്ങി ഒരു പ്രദേശത്തെ ജീവികൾ സസ്യലതാദികൾ എല്ലാം നശിക്കുന്നു. മണ്ണിന്റെ രാസഘടനയിൽ മാറ്റം വരും സൂക്ഷമ ജീവികളും മണ്ണിരയും മറ്റും ഇല്ലാതാകും. മണ്ണിന്റെ പശിമ നഷ്ടപ്പെട്ട് മണ്ണ് കാറ്റത്തു പറന്നും മഴയത്ത് വളക്കൂറുള്ള മേൽ മണ്ണ് ഒലിച്ചും പാറ തെളിയും. വരണ്ട ചുറ്റുപാടുള്ള കാട് കൂടുതൽ വരളുന്നു. ഇവിടെ മഴവെള്ളം തങ്ങി നിൽക്കില്ല- നദികളിൽ വരൾച്ചയുണ്ടാകും ഭൂഗർഭ ജലവിതാനം താഴ്ന്ന് സമീപത്തെ കിണറുകൾ വറ്റും. കാടിന്റെ ജൈവ വൈവിദ്ധ്യം നശിക്കുമ്പോൾ നാടിന്റെ വരൾച്ചയുടെ ആക്കം കൂട്ടുന്നു. തീ വീണ കാട്ടിൽ വിത്തുകളും, തൈകളും, ജീവികളും എല്ലാം നശിക്കുമ്പോൾ ജന്തുക്കൾക്ക് തീറ്റയും വെള്ളവും ഇല്ലാതാവുന്നതോടെ ആനയും പന്നിയും മാനും മറ്റും ആഹാരത്തിനായി നാട്ടിലേയ്ക്ക് ഇറങ്ങുന്നു. കാട് കത്തി തീയുടെ ചൂടേറ്റ് മണ്ണ് മരിക്കുമ്പോൾ കാട് കത്തി ഉയരുന്ന ജൈവ പദാർത്ഥങ്ങൾ പുകയായി വായുവിൽ ഉയരുകയും അന്തരീക്ഷത്തിലെ ചൂട് കൂടുകയും ചെയ്യുന്നു. അങ്ങനെ ആഗോള താപനത്തിന് കാരണമായ കാർബൺ ഡൈ ഓക്സൈഡ് അന്തരീക്ഷത്തിലേക്ക് എത്തുകയും കാലാവസ്ഥയുടെ താളം തെറ്റുകയും ചെയ്യുന്നു ഇത് കാറ്റിന് വേഗം കൂടുന്നതിനും മഴകുറയുന്നതിനും കാരണമാകുന്നു. ചൂട് കൂടുന്നത് ഔഷധ സസ്യ സമ്പത്ത് കൂടുതലായി നശിച്ചു പോകാൻ കാരണമാകുന്നു. പശ്ചിമഘട്ട മലനിരകളിലാണ് ഔഷധ സസ്യസമ്പത്ത് കൂടുതൽ കണ്ട് വരുന്നത്. വൻമരങ്ങൾ കാട്ടു തീയിൽ പെട്ട് ഉണങ്ങുകയും പിന്നീട് അത് മറിഞ്ഞ് വീഴുകയും ചെയ്യുന്നത് മൂലം വൻമരങ്ങളുടെ എണ്ണം കുറഞ്ഞ് വരുന്നത് മലമുഴക്കി വേഴാമ്പൽ പോലുള്ള പക്ഷികൾക്ക് കൂടുകൂട്ടാൻ സാധിക്കാതെ വരുന്നു. ഒരിക്കൽ തീ കത്തിയ വനമേഖലയിൽ വീണ്ടും തീ കത്താനുള്ള സാദ്ധ്യ വളരെ കൂടുതലാണ്. ഇത് കാടിന്റെ ആയുസ് കുറയുന്നു. കാടുകളുടെ നാശം മനുഷ്യ സംസ്കാരത്തിന് തന്നെ ദോഷമായി മാറുന്നതായി പഠനങ്ങൾ ഇതിനോടകം തന്നെ തെളിയിച്ചിട്ടുണ്ട്. കാട്ടിലെ തീ നിയമം കൊണ്ട് മാത്രം നിയന്ത്രിക്കാനാവില്ല കാട്ടുതീ തടയുവാൻ ഒന്നിച്ചുള്ള പ്രവർത്തനമാണ് ഈ കാലഘട്ടത്തിന്റെ ആവശ്യം

കാടിനുള്ളിലെ യൂക്കാലിപ്റ്റസ്, അക്കേഷ്യ, വാറ്റിൽ തുടങ്ങിയ മരങ്ങളുടെ കൃഷി.

ഇവ കൂടുതലും വച്ചു പിടിപ്പിച്ചിട്ടുള്ളത് പുൽമേടുകളിലാണ്. ആനയുൾപ്പെടെ സസ്യഭുക്കുകളായ വന്യജീവികൾക്ക് തീറ്റ കുറഞ്ഞു പോകുവാനും വനത്തിലെ ജലലഭ്യത വലിയ തോതിൽ കുറയുവാനും ഇത് കാരണമായിട്ടുണ്ട്. ഉദാഹരണം- വനത്തിലെ ചതുപ്പുകളിൽ യൂക്കാലിപ്റ്റസ് മരങ്ങൾ നട്ടാൽ അവിടുത്തെ ജലം കുറയുമെന്നും ആവശ്യത്തിലേറെ ഭൂഗർഭ ജലം വലിച്ചെടുത്ത് നീരാവിയാക്കുന്നു എന്നും പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ഏക വിള തോട്ടങ്ങൾ വനത്തിലെ സ്വാഭാവിക ജൈവ വൈവിദ്ധ്യം ഇല്ലാതാക്കുന്നു.

വനം കൈയ്യേറ്റം, അനധികൃത മരംമുറി, മറ്റ് വനം കുറ്റകൃത്യങ്ങൾ ഇല്ലാതാക്കണം.

പ്ലാസ്റ്റിക്, ഇ-വേസ്റ്റ്- മറ്റ് ജൈവ മാലിന്യങ്ങൾ വനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിക്ഷേപിക്കുന്നത് വന്യജീവികളുടെ നാശത്തിന് ഇടയാക്കുകയും വനത്തിലെ ജല സ്രോതസ്സുകൾ മലിനമാകുന്നതിന് കാരണമാകുകയും ചെയ്യുന്നു.

നിരോധിക്കപ്പെട്ടതും അല്ലാത്തതുമായ രാസ കീടനാശിനി പ്രയോഗം

നിരോധിക്കപ്പെട്ടതും അല്ലാത്തതുമായ രാസ കീടനാശിനി പ്രയോഗമാണ് ഏലം, തെയില തോട്ടങ്ങളിലും മറ്റും നടത്തുന്നത്. മണ്ണും വെള്ളവും വായുവും മലിനമാക്കുന്നതിനും തവള, തുമ്പി, ശലഭങ്ങൾ പക്ഷികൾ തുടങ്ങി അനവധിയായ സൂക്ഷ്മ ജീവികൾ നശിച്ച് പകൃതിയുടെ സന്തുലിതാവസ്ഥ നഷ്ടപ്പെടുന്നു.

പരിഹാര നിർദ്ദേശങ്ങൾ

വനത്തോട് ചേർന്ന് ജീവിക്കുന്ന ജനങ്ങളെ വനത്തിനും വന്യജീവികൾക്കും എതിരാക്കാതെ അനുകൂലമാക്കുവാൻ വേണ്ട ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കണം. ഇതിന് കൂട്ടായ ചർച്ചയും ആലോചനയും ആവശ്യമാണ്. വനസംരക്ഷണത്തിൽ ജനങ്ങളെ കൂടി പങ്കെടുപ്പിക്കുന്ന പങ്കാളിത്ത വനപരിപാലന പദ്ധതികൾ വേണ്ട സ്ഥലങ്ങളിൽ ഇനിയും നടപ്പിലാക്കുക. കാട്ടിലെ ജലലഭ്യത വർദ്ധിപ്പിക്കുവാൻ വേണ്ട നടപടികൾ അടിയന്തിരമായി നടപ്പാക്കണം. ജീവികൾക്ക് ജലലഭ്യത ഉറപ്പ് വരുത്തണം. വനത്തിലെ പുൽമേടുകൾ പുൽമേടുകളായിത്തന്നെ സംരക്ഷിക്കണം. ജീവികൾക്ക് വനത്തിൽ തന്നെ ഭക്ഷണം ലഭ്യമാക്കുകയും ചെയ്യണം. ജനവാസ മേഖലകളിൽ ഉള്ള വനാതിർത്തികളിൽ മൃഗങ്ങൾക്ക് സുഗമായി നാട്ടിലേക്ക് ഇറങ്ങുവാൻ പറ്റാത്ത രീതിയിലുള്ള ജൈവവേലികൾ, ട്രഞ്ചുകൾ സോളാർ വേലികളും തീർക്കുക. വനം തീ കത്തിനശിക്കുമ്പോഴുള്ള ഭവിഷത്തുകൾ ജനങ്ങളിലെത്തിക്കുവാനുള്ള ബോധവൽക്കരണ പരിപാടികൾ നവമാധ്യമങ്ങളിലൂടെയും അല്ലാതെയും നടപ്പിലാക്കുക. ആന തുടങ്ങിയുള്ള ജീവികൾ ജനവാസമേഖലയിൽ പതിവായി ഇറങ്ങിയുള്ള പ്രശ്നങ്ങൾ കേരളമൊട്ടുക്കും പ്രത്യേകിച്ച് ഇടുക്കി ജില്ലയിലും ഇന്ന് നിത്യസംഭവമായിരിക്കുന്നു. മനുഷ്യനും വന്യജീവികൾക്കും വസ്തുവകകൾക്കും നാശമുണ്ടാക്കാതെ ഇത് കൈകാര്യം ചെയ്യുന്നത് വനം വകുപ്പിന്റെ അംഗബലക്കുറുവും മറ്റ് പരിമിതികളും കാണാതിരുന്നുകൂടാ. വനംവകുപ്പിലെ ഫീൽഡ് ജോലിയിൽ നിന്നും വിരമിച്ചവരുടെ സേവനം, അവരുടെ അനുഭവ പരിചയം തുടങ്ങിയവ ഉപയോഗപ്പെടുത്താവുന്നതാണ്.

ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ടവ.

പ്രകൃതി രമണീയമായ ഇടുക്കി ജില്ലയിൽ വനത്തിലേക്ക് കടക്കാതെ തന്നെ വനാതിർത്തികളിൽ സീസണിൽ നൂറുകണക്കിനായ കൊച്ചു കൊച്ചു വെള്ളചാട്ടങ്ങളും ഒപ്പം ദൃശ്യ ഭംഗിയുള്ള പ്രദേശങ്ങളും ഉണ്ട്. ഇവിടെ ശലഭ പാർക്കുകളും ഔഷധ തോട്ടങ്ങളും വച്ച് പിടിപ്പിച്ച് സംരക്ഷിക്കാവുന്നതാണ്. കൂടാതെ നീരുറവകളുടെ ഇരുവശത്തും അനുയോജ്യമായ സസ്യങ്ങളും ഫല വൃക്ഷങ്ങളും വച്ചുപിടിപ്പിക്കാവുന്നതാണ്. പങ്കാളിത്ത വനപരിപാലന പദ്ധതി നടപ്പിലാക്കണം. സ്കൂൾ വിദ്യാർത്ഥികളെ ചെറിയ പ്രായം മുതൽ തന്നെ വനം പരിചയപ്പെടുത്തുന്ന പദ്ധതിൽ നടപ്പാക്കണം ഇതിനായി സ്കൂളുകളിൽ നേച്ചർ ക്ലാസ് തുടങ്ങി പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കണം. (ഉദാ. 2007-ൽ വനംവകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായ നടപ്പാക്കിയ എന്റെ മരം പദ്ധതി വൻ വിജയമായിരുന്നു.

എന്ത് കൊണ്ട് വനം സംരക്ഷിക്കപ്പെടണം

വനങ്ങൾ കൊണ്ടുള്ള പ്രയോജനങ്ങൾ എണ്ണിയാൽ ഒടുങ്ങാത്തതാണ്. വിശേഷിച്ചും ആഗോള താപനവും കാലാവസ്ഥ വ്യതിയാനവും ജീവരാശിക്കും ഈ ഭൂമിക്കും തന്നെ ഭീഷണിയാകുന്ന ഈ കാലഘട്ടത്തിൽ.

ആഗോള താപനത്തിന് - മരമാണ് മറുപടി

മരങ്ങൾ കാർബൺ ഡൈ ഓക്സൈഡിനെ ആഗികരണം ചെയ്ത് പ്രാണ വായു പ്രദാനം ചെയ്യുന്നു.

ജല സംരക്ഷണം

ഓരോ മരവും ഒരു ജലസംഭരണിയാണ്. മഴക്കാലത്ത് വനത്തിൽ സംരക്ഷിക്കപ്പെടുന്ന ജലം വേനലിൽ ഉറവകളായി അരുവികളായി തോടുകളായി പുഴകളിലും സംഭരണികളിലും എത്തുന്നു.

കാലാവസ്ഥ

സംതുലിതമായ ഒരു കാലാവസ്ഥയ്ക്ക് വനങ്ങൾ കൂടിയെ തീരു.

മഴ

വനങ്ങൾ കൂടുതൽ ഉള്ളത് മഴ കൂടുതൽ ലഭിക്കുവാൻ കാരണമാകുന്നതായി പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. പെയ്യുന്ന ജലം സസ്യസമൂഹത്തിന്റെ വേരുപടലങ്ങൾ മണ്ണിൽ ബണ്ടുപോലെ പ്രവർത്തിച്ച് ജലം വനത്തിൽ ആഗീകരണം ചെയ്യുന്നു.

മണ്ണു സംരക്ഷണം

ഗുണമൊത്ത മണ്ണിനു വേണ്ട എല്ലാ ഘടകങ്ങളും അടങ്ങുന്നതാണ് വനത്തിലെ മണ്ണ്. മണ്ണൊലിപ്പ് തടയുന്നതിൽ വനങ്ങൾ ചെറുതല്ലാത്ത പങ്കു വഹിക്കുന്നു.

ഉരുൾ പൊട്ടൽ

വനത്തിന് നാശം സംഭവിക്കുന്നതാണ് ഉരുൾപൊട്ടലിന് ഒരു പ്രധാന കാരണം

വന്യമൃഗങ്ങൾക്ക് അഭയ കേന്ദ്രം

വനങ്ങളില്ലെങ്കിൽ വന്യ മൃഗങ്ങളും ഇല്ല. വനങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം നാം വിലയേറിയ വന്യജീവികൾക്കും സംരക്ഷണം നൽകുന്നു. മാനസികോല്ലാസത്തിന് ഇക്കോ ടൂറിസം സെന്ററുകളിലെ ജനതിരക്ക് തന്നെ ഇതിന് തെളിവാണ്.

ഔഷധ സസ്യ സംരക്ഷണം - വനങ്ങൾ ഔഷധ സസ്യങ്ങളുടെ കലവറയാണ്.

അന്തരീക്ഷ മലീനീകരണം തടയുന്നു.

ഒരു ഹെക്ടർ വനം 5 മുതൽ 10 ടൺ വരെ കാർബൺ ഡൈ ഓക്സൈഡിനെ ആഗിരണം ചെയ്ത് അന്തരീക്ഷ ശുദ്ധീകരണം നടത്തുന്നു. പൊടിപടലങ്ങളെ ആഗിരണം ചെയ്യുകയും ചെയ്യുന്നു.

<u>വനത്തിൽ നിന്നും പ്രത്യക്ഷത്തിൽ ലഭിക്കുന്നവ</u>

തടിയും വിറകും

നിരവധിയായ ഔഷധ ചേരുവകൾ (കായ്, പൂവ്, ഇല, വേര്,തടി, തൊലി തുടങ്ങിയവ)

കായ് കനികൾ

കാലിത്തീറ്റകൾ

ചെറുകിട വന വിഭവങ്ങൾ

മേൽ വിവരിച്ച കുറെ വസ്തുക്കളിലൂടെ മാത്രം വനങ്ങളുടെ ഈ കാലഘട്ടത്തിലെ പ്രസക്തിയും പ്രാധാന്യവും കുറച്ച് കാണാവുന്നതല്ല. അതിനും അപ്പുറത്ത് ലോകത്തിലെ തന്നെ ഏറ്റവും വലിയ ബയോളജിക്കൽ ഹോട്ട് സ്പോട്ടുകളിൽ ഉൾപ്പെടുത്തിയിക്കുന്ന പശ്ചിമഘട്ട മലനിരകളിലെ ജൈവ വൈവിധ്യ പ്രാധാന്യ സങ്കേതങ്ങളും മറ്റ് വനമേഖലകളും വന്യജീവി സങ്കേതങ്ങളും മറ്റ് വന മേഖലകളും ഇനിയും തെല്ലും നഷ്ടപ്പെട്ടു കൂടാ. ലോകം തന്നെ ഉറ്റു നോക്കുന്ന ഈ അമൂല്യ സമ്പത്ത് വരും തലമുറകൾക്ക് കൂടി ഇന്നത്തേക്കാൾ മെച്ചപ്പെട്ട അവസ്ഥയിൽ നമ്മൾ കാത്തു സംരക്ഷിക്കുവാൻ നാം ബാദ്ധ്യസ്ഥരാണ്.

<u>കാലാവസ്ഥ വ്യതിയാനം</u>

വികസനത്തിന് ഉയർന്ന ഒരു തടസ്സമാണ് കാലാവസ്ഥ വ്യതിയാനം. ഹരിത ഗൃഹ വാതകങ്ങൾ പുറംതള്ളുന്നത് കുറയ്ക്കുന്നതുമായും കാലാവസ്ഥ വ്യതിയാനം വിവിധ മേഖലകളിൽ ഏൽപ്പിക്കുന്ന ആഘാതം കൈകാര്യം ചെയ്യുന്നതുമായും കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഭാവിയിലുണ്ടാകുന്ന ഗുരുതരമായ കാലാവസ്ഥ വ്യതിയാന ഫലങ്ങൾ പുതിയ പശ്ചാത്തല സൗകര്യ വികസനം ആസൂത്രണം ചെയ്യുമ്പോഴും നിർമ്മിക്കുമ്പോഴും കണക്കിലെടുക്കണം. ജില്ലയിൽ ചൂട് കൂടുന്നതായി കാണാവുന്നതാണ്. ഹരിതഗൃഹ വാതകങ്ങളുടെ കേന്ദ്രീകരണം കൃഷിക്ക് വിനാശകരമായി തീരുന്നു.

മനുഷ്യരാൽ സൃഷ്ടിക്കപ്പെട്ട കാലാവസ്ഥാ വ്യതിയാനങ്ങൾ മൂലം പ്രകൃതി വിഭവങ്ങളുടെ തകർച്ചയും ഉയർന്ന ചെലവുകളും അടിക്കടിയുണ്ടാകുന്നത് കൃഷിക്കാർ ഇന്നു നേരിടുന്ന വെല്ലുവിളിയാണ്. കാർബൺ ഡൈഓക്സൈഡ് പുറംതള്ളുന്നതിന്റെ തോത് വർദ്ധിച്ചിട്ടുണ്ട്. കാലാവസ്ഥ വ്യതിയാനം പ്രധാനമായും ജൈവ മേഖലയുമായി ബന്ധപ്പെട്ട കാർഷിക വിളകളുടെ ഉൽപ്പാദനം, തോട്ടമേഖല, തീരദേശം, വനം എന്നീ മേഖലകളിൽ അതിരൂക്ഷമായിരിക്കുന്നു

പരിസ്ഥിതി

ആരോഗ്യകരവും ശുചിയുള്ളതും സുസ്ഥിരവുമായ പരിസ്ഥിതി മനുഷ്യന്റെ അടിസ്ഥാന അവകാശമാണ്. ശുദ്ധമായ പരിസ്ഥിതി മനുഷ്യക്ഷേമത്തിന് ആവശ്യമാണ്. പ്രതിരോധ ആരോഗ്യപരിപാലനത്തിൽ പരിസ്ഥിതി ഒരു സുപ്രധാന പങ്ക് വഹിക്കുന്നു. ഉയർന്ന നിലവാരമുള്ള പാരിസ്ഥിതിക സേവനങ്ങൾ നിലനിർത്തുന്നതിൽ വീഴ്ച വരുത്തിയാൽ രോഗഭാരം കൂടുകയും സർക്കാരിന്റെയും കുടുംബങ്ങളുടെയും ആരോഗ്യപരിപാലന ചെലവുകൾ വർദ്ധിക്കുകയും ചെയ്യും. 2007 ൽ രൂപം കൊണ്ട പരിസ്ഥിതി കാലാവസ്ഥാ വ്യതിയാനം ഡയറക്ടറേറ്റായി മാറി. പരിസ്ഥിതി മാനേജ്മെന്റ്, മലിനീകരണ നിയന്ത്രണ ബോർഡ്, ജൈവ വൈവിദ്ധ്യ ബോർഡ് എന്നിവയുടെ പ്രവർത്തനങ്ങൾ പരിസ്ഥിതി വകുപ്പ് ഏകോപിപ്പിക്കുന്നു.

ഇടുക്കി മണ്ണും മനുഷ്യനും വനവും വന്യജീവികളും ഇണങ്ങിയും പിണങ്ങിയും കഴിയുന്ന ഇടുക്കി ജില്ലയെ ഒഴിവാക്കിക്കൊണ്ട് ഒരു പരിസ്ഥിതി ചർച്ചയ്ക്കും പൂർണ്ണമാവില്ല. ലോകത്തിലെ തന്നെ ഏറ്റവും സമ്പന്നമായ ജൈവ വൈവിദ്ധ്യ കലവറയാണ് പശ്ചിമഘട്ടത്തിന്റെ ഭാഗമായ ഇടുക്കി ജില്ല. മനുഷ്യന്റെ അടങ്ങാത്ത ദുര ഇവയ്ക്കെല്ലാം വലിയ ഭീഷണി ഉയർത്തുന്നുണ്ട്. ഇതിന്റെ കെടുതികളിൽ നിന്നും നമ്മുടെ ജില്ലയും മുക്തമല്ല. . ഈ പ്രശ്നങ്ങളെ സംബന്ധിച്ച് ഗൗരവമായ ചർച്ചകൾ എത്രയോ നടന്നിട്ടുണ്ട്. ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്ന നിരവധിയായ കമ്മീഷനുകൾ നിരന്തരമായ വിവാദങ്ങൾ കോടതികളുടെയും സർക്കാരുകളുടെയും പരിഗണനയായും എക്കാലവും വിഷമമായിട്ടുള്ള ഈ പ്രശ്നങ്ങളിൽ അന്തിമമായ വാക്കോ വിധിയോ ഇനിയും ഉണ്ടായിട്ടില്ല. ജൈവവൈവിധ്യ കലവറ, നിരവധിയായ സാഗ്ചറികൾ സുഗന്ധ വ്യഞ്ജന കൃഷിയിൽ വളരെ മുന്നിൽ നിൽക്കുന്ന ജില്ല നല്ലതോതിൽ മഴ ലഭിക്കുന്ന ജില്ല. താരതമ്യേന മെച്ചപ്പെട്ട കാലാവസ്ഥ ടൂറിസ്റ്റ് ആകർഷണ കേന്ദ്രങ്ങൾ നിരവധിയായ വെള്ളച്ചാട്ടങ്ങൾ, കുന്നുകൾ, മലകൾ, പുൽമേടുകൾ, കാർഷിക ജില്ല എന്നിങ്ങനെ ഒട്ടനവധി സവിശേഷതകൾ നിറഞ്ഞതാണ് നമ്മുടെ ജില്ല.

പാരിസ്ഥിതികമായ വളരെ മെച്ചപ്പെട്ട നിലയായിരുന്ന ജില്ല ഇന്ന് പലവിധ ഭീഷണികളും നേരിടുന്നു.

1. നദിയും, തോടുകളും, പൊതു ജലാശയങ്ങളും, മാലിന്യങ്ങൾ നിക്ഷേപിക്കാനുള്ള കുപ്പതൊട്ടികളായി മാറിക്കൊണ്ടിരിക്കുന്നു.

2. കീടനാശിനികളുടെ അമിതവും അശാസ്ത്രീയവുമായ ഉപയോഗം. വാഹനങ്ങളുടെ അമിത പെരുപ്പം പ്ലാസ്റ്റിക്കിന്റെ അമിത ആശ്രയത്ത്വം തുടങ്ങിയവമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതുണ്ട്.

ഹരിതകേരളമിഷന്റെ ഈ രംഗത്തെ പ്രവർത്തനങ്ങൾ ആശാവഹമാണ് എങ്കിലും ഈ രംഗത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

വായു ജല മലിനീകരണം തടയുന്നതിനും നിയന്ത്രിക്കുന്നതിനും വായു, ജലം, മണ്ണ്, പരിസ്ഥിതി എന്നിവയുടെ സംരക്ഷണത്തിനും പുന: സ്ഥാപനത്തിനുള്ള അധികാര കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിക്ഷിപ്തമാണ്. ക്ലിപ്തമായ ഇടവേളകളിൽ വായു ജല ഗുണനിവാരം സംബന്ധിച്ചുള്ള അടിസ്ഥാന വിവര ശേഖരണത്തിന് ആവശ്യമായ പ്രാരംഭനടപടികളും മലിനീകരണ നിയന്ത്രണ ബോർഡ് ശക്തിപ്പെടുത്തിയിരിക്കുന്നു.

റിസ്പയറബിൾ സസ്പെൻഡ് പാർട്ടിക്കിൾ മാറ്റർ (ആർ.എസ്.പി.എം) സൾഫർ ഡയോക്സൈഡ് (എസ്.ഒ), നൈട്രജൻ ഓക്സൈഡുകൾ (എൻ.എ.എക്സ്) എന്നിവയുടെ അളവ് വ്യവസായിക ജനവാസ മേഖലകളിലുള്ള 30 സ്റ്റേഷനുകളിൽ നിന്നും ശേഖരിച്ച് വായുവിന്റെ ഗുണനിലവാരം മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധിക്കുന്നു.

ഗ്രാമ, നഗര പ്രദേശങ്ങൾ പുറന്തള്ളുന്ന മാലിന്യങ്ങൾ, നദീജലമലിനീകരണം മുതൽ കടുത്ത ശബ്ദ മലിനീകരണം വരെ നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ശ്രദ്ധ ആവശ്യമാണ്. നിർവ്വഹണ ഏജൻസികളുടെ നടത്തിപ്പും നിർവ്വഹണവും ആവശ്യമെങ്കിൽ ശിക്ഷാനടപടികൾ കൈകൊള്ളാനുള്ള ഉദ്യമങ്ങളും കഴിവുറ്റതാക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യണം. വിവിധ ജലസ്രോതസ്സുകളിലെ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നു. ഒരു ജലാശയത്തിന്റെ പ്രാഥമിക ഉപയോഗം കണക്കിലെടുത്ത് ജലാശയങ്ങളുടെ ആരോഗ്യാവഹമായ അവസ്ഥ നിലനിർത്തേണ്ടതാണ്. അല്ലെങ്കിൽ പൂർവ്വ സ്ഥിതിയിൽ എത്തിക്കേണ്ട അളവായ ഡെസ്ഗ്രേറ്റഡ് ബെസ്റ്റ് യൂസ് (ഡി.ബി.യു) അഥവാ ഏറ്റവും മികച്ച ഉപയോഗം എന്ന സങ്കൽപ്പം കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് ഏർപ്പെടുത്തിയിട്ടുണ്ട്.

ഡി.ബി.യു അളവനുസരിച്ച് ഒരു ലിറ്ററിൽ 2 മില്ലി ഗ്രാമോ അതിൽ താഴെയോ അളവിൽ ബയോളജിക്കൽ ഓക്സിജൻ ഡിമാൻഡുള്ള (ബി.ഒ.ഡി.) ജലസ്രോതസ്സ് അണുനശീകരണത്തിന് ശേഷം കുടിവെള്ളമായി ഉപയോഗിക്കാവുന്നതാണ്.

(പരിസ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ അദ്ധ്യായം 3 ൽ കൊടുത്തിട്ടുണ്ട്.)

ഇടുക്കി ജില്ല - വനവിസ്തൃതി

1. വനവിസ്തൃതി വിഭാഗം തിരിച്ച് (ചതുരശ്ര. കി.മീ) പി.റ്റി.ആർ പടിഞ്ഞാറ് വിഭാഗം 31.03.2018 (ചതുരശ്ര. കി.മീ)

ക്രമ നം	വിഭാഗം	സംരക്ഷിത വനമേഖല	നിർദ്ദിഷ്ട വനമേഖല	സ്ഥാപിത വനം	ഇ എഫ് എൽ	മറ്റുള്ളവ	ആകെ
1.	പി.റ്റി.ആർ പടിഞ്ഞാറ്	**216** കി.മി. സ്ക്വയർ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	**216**

2. തോട്ടവിള വിഭാഗം (ജീവി വർഗ്ഗങ്ങൾ തിരിച്ച്) പി.റ്റി.ആർ. പടിഞ്ഞാറ് വിഭാഗം 31.03.2018

ക്രമ നം	ജീവി വർഗ്ഗങ്ങളുടെ പേര്	ഏരിയാ ഹെക്ടറിൽ			ആകെ ഏരിയ (ഹെക്ടർ)
		വിഭാഗം	വിഭാഗം	വിഭാഗം	
1	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല

3. റോഡ് വിഭാഗം തിരിച്ച് (കി.മീ) പി.റ്റി.ആർ. പടിഞ്ഞാറ് വിഭാഗം 31.03.2018

ക്രമ നം	അനുയോജ്യമായ വാഹന ഗതാഗതം					അനുയോജ്യമല്ലാത്ത വാഹന ഗതാഗതം					ആകെ നീളം	നീളം /ട്രക്ക് പാത്ത്	കാലയളവിലെ റോഡ് രൂപീകരണം 2017-18	2017-18 ലെ മെയിന്റനൻസ് ചെലവ്	റിമാർക്സ്
	കോൺക്രീറ്റ്	ടാറിംഗ്	മെറ്റൽഡ്	അൺ-സർഫെയ്സ്	ആകെ	കോൺക്രീറ്റ്	ടാറിംഗ്	മെറ്റൽഡ്	അൺ- സർഫെയ്സ്	ആകെ					
1			24.73 കി.മീ		24.73 കി.മീ						24.73 കി.മീ				
2				9.3 കി.മീ	9.3 കി.മീ						9.3 കി.മീ			400000	
3				1.0 കി.മീ	1.0 കി.മീ						1.0 കി.മീ				
4				6 കി.മീ	6 കി.മീ						6 കി.മീ				
5				4 കി.മീ	4 കി.മീ						4 കി.മീ				
6				7 കി.മീ	7കി.മീ						7 കി.മീ				
7				0.30 കി.മീ	0.30 കി.മീ						0.30 കി.മീ				
8				0.30 കി.മീ	0.30 കി.മീ						0.30കി.മീ				
9				1.5 കി.മീ	1.5കി.മീ						1.5കി.മീ				
10				3 കി.മീ	3 കി.മീ						3 കി.മീ				

11				4 കി.മീ	4 കി.മീ						4 കി.മീ				
12			2 കി.മീ		2 കി.മീ						2 കി.മീ				
13			0.70 കി.മീ		0.70കി.മീ						0.70 കി.മീ				
14				0.13 കി.മീ	0.13 കി.മീ						0.13 കി.മീ				
15	0.87 കി.മീ				0.87കി.മീ						0.87കി.മീ				
	0.87 കി.മീ		27.43 കി.മീ	36.53 കി.മീ	64.83കി.മീ						64.83 കി.മീ			400000	

4. കെട്ടിടങ്ങൾ വിഭാഗം തിരിച്ച് പി.റ്റി.ആർ പടിഞ്ഞാറ് വിഭാഗം 31.03.2018

ടൈപ്പ്	കെട്ടിടത്തിന്റെ എണ്ണം			ആകെ എണ്ണം
	വിഭാഗം	വിഭാഗം	വിഭാഗം	
ഓഫീസ് കെട്ടിടം	**3**			**3**
വിശ്രമ കേന്ദ്രം/ഗവൺമെന്റ് കെട്ടിടം/ ഐ.ബി	**2**			**2**
ക്വാർട്ടേഴ്സ്				
ടൈപ്പ് 1	**11**			**11**
ടൈപ്പ് 2	**23**			**23**
ടൈപ്പ് 3	**7**			**7**
ടൈപ്പ് 4	**1**			**1**
ടൈപ്പ് 5				
ടൈപ്പ് 6				
മറ്റുള്ള ക്വാർട്ടേഴ്സ്	**23**			**23**
ഡോർമെറ്ററി	**1**			**1**

കമ്മ്യൂണിറ്റി ഹാൾ	**7**			**7**
വനവൽക്കരണം				
മറ്റുള്ള കെട്ടിടം				
ആകെ	**78**			**78**

5. വാഹനങ്ങൾ വിഭാഗം തിരിച്ച് (ഇനം തിരിച്ച്) പി.റ്റി.ആർ. പടിഞ്ഞാറ് വിഭാഗം 31.03.2018

ക്രമ. നം.	വിഭാഗം	വാഹനത്തിന്റെ തരം	പ്രവർത്തിക്കുന്ന വാഹനം	പ്രവർത്തിക്കാത്ത വാഹനം	ആകെ
1	പി.റ്റി.ആർ പടിഞ്ഞാറ്	സൈലോ	1		1
2		ബൊലേറോ	2		2
3		ടാർ 4 ഡി	2		2
4		ഇൻവാഡർ	1		1
5		മാർഷൽ		1	1
6		ബജാജ് പൾസർ	1		1
7		ബുള്ളറ്റ്	4	3	7
8		ഹീറോ സ്പ്ലെൻഡർ	1		1
9		ക്യാമ്പർ	1		1
					17

6. വിഭാഗം തിരിച്ച് ഉപകരണ സാമഗ്രികളുടെ ഇനം തിരിച്ച ലിസ്റ്റ്- പി.റ്റി.ആർ. പടിഞ്ഞാറ് വിഭാഗം 31.03.2018

ക്രമ നം	വിഭാഗം	കൈത്തോക്കിന്റെ എണ്ണം	റിവോൾവറുടെ എണ്ണം	ആയുധങ്ങളുടെ എണ്ണം	
				കാട്രിഡ്ജെസ്	ബുള്ളറ്റ്സ്
1	പി.റ്റി.ആർ വെസ്റ്റ്	16	1	233	20

7. പി.റ്റി.ആർ പടിഞ്ഞാറ് ഡിവിഷൻ 31.03.2018 ലെ വിശദമായ സ്റ്റാഫുകളുടെ എണ്ണം

ക്രമ നം	തസ്തിക	അനുവദിച്ച എണ്ണം		ആകെ	സ്റ്റാഫുകളുടെ എണ്ണം										
		നോൺ പ്ലാൻ			നോൺ പ്ലാൻ		ആകെ	പുരുഷൻ	സ്ത്രീ	എസ്.സി	എസ്.റ്റി	ഒ.ബി.സി.	മറ്റു ള്ളവ	ഒഴിവുകൾ	റിമാർക്സ്
		പി	റ്റി		പി	റ്റി									
1	ഡിഡി			1			1	1					1		
2	ആർ.എഫ്.ഒ.			2			2	1	1				2		
3	ഡെപ്യൂട്ടി .ആർ.എഫ്.ഒ			3			3	3					3		
4	എസ്.എഫ്.ഒ			18			18			2		4	12		
5	ബി.എഫ്.ഒ			66			66	61	5	4	10	14	38		
6	എഫ് ഡബ്ല്യു			6			6	6		1			5		
7	റ്റി.ഡബ്ല്യു			22			22	18	4		22				
8	ജെ എസ്			1			1	1				1			
9	എച്ച്.എ			1				1					1		
10	എസ്.ആർ. ക്ലർക്ക്			4			4	4				1	3		
11	ക്ലർക്ക്			4			4	3	1			2	2		

12	ടൈപ്പിസ്റ്റ്			1			1		1			1			
13	സർവ്വെയർ			1			1							1	
14	ഡ്രൈവർ			4			4	4		1			3		
15	ഒ.എ			5			5	1	4			2	1		
16	അറ്റെൻഡഡ് ഗ്രേഡ് 1			1			1	1					1		
17	പി.റ്റി.എസ്			3			3		3	1		1	1		

8. സർക്കിൾ ഓഫീസിന്റെയും ഡിവിഷൻ ഓഫീസുകളുടെയും ചുമതലയുള്ള ഓഫീസറുടെ പേര് (എ.സി.എഫ് തലം വരെ)

ക്രമ നം	ഗസറ്റഡ്	നോൺഗസറ്റഡ്	റിമാർക്സ്
1	ഇല്ല	2	

9. വിരമിക്കൽ വിശദാംശം 31.03.2018

ക്രമ നം	ഓഫീസ്	പേര്	ഉദ്യോഗപ്പേര്	കാലയളവ്
1	പമ്പാ റെയിഞ്ച്	ശ്രീകണ്ഠൻനായർ ജി	എസ്.എഫ്.ഒ	31/03/2018
2		അലിയാർ പി.എം	അലിയാർ പി.എം	31/05/2018

10. മനുഷ്യമൃഗസംഘർഷം ലഘൂകരിക്കുന്നതിനായി നിർമ്മിച്ച പ്രതിരോധ ഘടനകളുടെ വിശദാംശങ്ങൾ

വിഭാഗം	സൗരോർജ്ജവേലി (കി.മീ)	എലഫെന്റ് പ്രൂഫ് ട്രെഞ്ച് (കി.മീ)	എലഫെന്റ് പ്രൂഫ് വാൾ (കി.മീ)	സ്റ്റോൺ പിറ്റ്ചെഡ് ട്രെഞ്ച് (കി.മീ)	ജൈവവേലി (കി.മീ)	കയ്യാല (കി.മീ)	റെയിൽ ഫെൻസ് (കി.മീ)
പെരിയാർ റ്റിഗർ റിസർവ്വ്, വെസ്റ്റ്	4	ഇല്ല					

11. വന്യജീവി ആക്രമണംനേരിട്ടവർക്കുള്ള പരിഹാരതുക

സർക്കിളിന്റെ പേര്- (വൈൽഡ് ലൈഫ് സർക്കിൾ (കോട്ടയം)	കന്നുകാലി മരണം		വിളനാശം/ വ്സുതനാശം		മരിച്ച ആളുകൾ		പരിക്കുപറ്റിയ ആളുകൾ		ആകെ എണ്ണം	
	2		3		4		5		6	
	അപേക്ഷകരുടെ എണ്ണം	അനുവദിച്ച തുക (രൂപ)	അപേക്ഷകരുടെ എണ്ണം	അനുവദിച്ച തുക(രൂപ)	അപേക്ഷകരുടെ എണ്ണം	അനുവദിച്ച തുക(രൂപ)	അപേക്ഷകരുടെ എണ്ണം	അനുവദിച്ച തുക (രൂപ)	അപേക്ഷകരുടെ എണ്ണം	അനുവദിച്ച തുക(രൂപ)
ആകെ	ഇല്ല		30	195611	ഇല്ല	ഇല്ല	2	103978	32	299589

12. ദ്രുത കർമ്മസേന വിശദാംശം

ക്രമ നം	പ്രദേശം	ഹെഡ്ക്വാർട്ടേഴ്സ്	പ്രദേശ മേഖലയിലുള്ള എത് ടീം ആണ് ബന്ധപ്പെട്ടത്	ഓഫീസറുടെ ചാർജ്ജുള്ള ഉദ്യോഗസ്ഥൻ	ബന്ധപ്പെടേണ്ട നമ്പർ	
					മൊബൈൽ	ഓഫീസ്
1	പീരുമേട്	പീരുമേട്	പെരിയാർ പടിഞ്ഞാറ് ഡിവിഷൻ പീരുമേട്	റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, അഴുത	8547603123	04869233710

4.1.5. വ്യവസായം, വാണിജ്യം, സ്വയംതൊഴിൽ സംരംഭങ്ങൾ

ആമുഖം

കേരളത്തിന്റെ വ്യാവസായിക മേഖലയിൽ ഇടുക്കി ജില്ലയുടെ നിലവിലെ അവസ്ഥ താരതമ്യേന മറ്റ് ജില്ലകളെ അപേക്ഷിച്ച് താഴ്ന്ന നിരക്കിലാണ്. എന്നാൽ ഇടുക്കി ജില്ല രൂപീകരണത്തിന് ശേഷം ഈ ജില്ലയിലെ പരിസ്ഥിതിപരമായ സാഹചര്യങ്ങൾകൂടി വിലയിരുത്തി വിശകലനം ചെയ്താൽ ജില്ലയിൽ ചെറുകിട, ഇടത്തരം വ്യവസായ രംഗത്തും, ഖാദി ഗ്രാമ വ്യവസായ രംഗത്തും, സഹകരണ മേഖലയിലും കാതലായ മാറ്റങ്ങൾ ഉണ്ടായിട്ടുള്ളതായി കണക്കുകൾ വ്യക്തമാക്കുന്നുണ്ട്. എന്നാൽ വൻകിട വ്യവസായങ്ങൾ ജില്ലയിൽ വേണ്ടത്ര വളർച്ച കൈവരിച്ചതായി കാണാൻ സാധിക്കുന്നില്ല. ഇതിന് കാരണം പ്രധാനമായും ഇടുക്കിയുടെ പാരിസ്ഥിതിക പ്രശ്നങ്ങളും മറ്റ് സർക്കാർ സംവിധാനങ്ങളിൽനിന്നും ഉള്ള ഇടപെടലുകളും മൂലമാണ്. ഇടുക്കി ജില്ലയുടെ പ്രധാന വരുമാനമാർഗ്ഗമായ കാർഷിക മേഖലയെപ്പോലെ തന്നെ വ്യവസായമേഖലയെക്കൂടി ഉയർത്തിക്കൊണ്ട് വരേണ്ടതുണ്ട്.

ഇത്രയേറെ കാർഷിക മേഖലയിൽ വളർച്ച നേടിയ ജില്ലയിൽ കാർഷിക മേഖലയെ അടിസ്ഥാനപ്പെടുത്തിയുള്ള വ്യവസായങ്ങൾ വേണ്ടത്ര പുരോഗതി പ്രാപിച്ചിട്ടില്ല. കേരളത്തിന്റെ ഉർജ്ജോൽപ്പാദനത്തിന്റെ സിംഹഭാഗവും ഇടുക്കിയിലാണെന്നിരിക്കെ ഇവിടുത്തെ ഭൂമിശാസ്ത്രപരമായ പരിമിതികൾ മാറ്റി നിർത്തി സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ വ്യവാസായിക വളർച്ച കൈവരിക്കാൻ സാധിക്കും. ജില്ലാ പദ്ധതി തയ്യാറാക്കലിന്റെ ഭാഗമായി ഇടുക്കി ജില്ലയിലെ പ്രാദേശിക സാമ്പത്തിക വികസന ഉപസമിതിയുടെ ശുപാർശകളും നിർദ്ദേശങ്ങളും ഇവിടെ സമർപ്പിക്കുന്നു.

ജില്ലയിലെ വിവിധങ്ങളായ വ്യവസായ സംരംഭങ്ങളുടെ നിർമ്മാണത്തിനും, അവയുടെ ഉയർച്ചയ്ക്കും ആവശ്യമായ എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കുന്ന സർക്കാർ എജൻസിയാണ് ജില്ലാ വ്യവസായ കേന്ദ്രം. പ്രധാനമായും സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെയും (Micro Small Medium Enterprises – MSME - എം.എസ്.എം.ഇ) പരമ്പരാഗത മേഖലയുടേയും ഉന്നമനമാണ് ലക്ഷ്യമിടുന്നത്.

പ്ലാന്റിലും മെഷിനറിയും ആയിട്ടുള്ള നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായ യൂണിറ്റുകളെ നാലായി തിരിച്ചിട്ടുണ്ട്.

ഇനം	ഉല്പാദന മേഖല	സേവന മേഖല
സൂക്ഷ്മ (മൈക്രോ) സംരംഭങ്ങൾ	25 ലക്ഷം വരെ	10 ലക്ഷം വരെ
ചെറുകിട (സ്മോൾ) സംരംഭങ്ങൾ	25 ലക്ഷം മുതൽ 5 കോടി വരെ	10 ലക്ഷം മുതൽ 2 കോടി വരെ
ഇടത്തരം (മീഡിയം) സംരംഭങ്ങൾ	5 കോടി മുതൽ 10 കോടി വരെ	2 കോടി മുതൽ 5 കോടി വരെ
വൻകിട (ലാർജ്) സംരംഭങ്ങൾ	10 കോടിക്ക് മുകളിൽ	5 കോടിക്ക് മുകളിൽ

ഇതിൽ സൂക്ഷ്മ. ചെറുകിട, ഇടത്തരം സംരംഭങ്ങൾ മാത്രമേ വ്യവസായ വകുപ്പിന്റെ കീഴിൽ വരികയുള്ളൂ.

വ്യവസായ വകുപ്പ്, നവസംരംഭകർക്കും, നിലവിലുള്ള സംരംഭകർക്കുമായി ജില്ലാ വ്യവസായ കേന്ദ്രം വഴി നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ

1. സംരംഭകത്വ പരിശീലനം
2. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ
3. വ്യവസായ പ്ലോട്ട്/ഷെഡുകളുടെ വിതരണം
4. ഏകജാലക വ്യവസായ ക്ലിയറൻസ് ബോർഡ്/ഗ്രീൻ ചാനൽ കൗണ്ടർ
5. സംരംഭക സഹായ പദ്ധതി
6. വിപണന സഹായങ്ങൾ
7. പി.എം.ഇ.ജി.പി (പ്രധാന മന്ത്രിയുടെ തൊഴിൽ ദായകപദ്ധതി)
8. സംരംഭകർക്കായുള്ള ഗൈഡൻസ് സെൽ
9. സംരംഭകത്വ വികസന ക്ലബ്ബുകൾ
10. സൂക്ഷ്മ, ചെറുകിട, വ്യവസായ ക്ലസ്റ്റർ വികസന പദ്ധതി.
11. വ്യവസായ പ്രദർശന വിപണന മേളകൾ.

എം.എസ്.എം.ഇ മേഖല - ഇടുക്കി ജില്ലയിൽ

കാർഷിക മേഖല കഴിഞ്ഞാൽ, സംസ്ഥാന സാമ്പത്തിക മേഖലയിലെ വളരെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് വ്യവസായിക മേഖല. ഊർജ്ജം, ഗതാഗതം, കമ്മ്യൂണിക്കേഷൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ കുറവുമൂലം, വ്യവസായിക മേഖലയിൽ വളരെയേറെ പിന്നിൽ നിൽക്കുന്ന ഒരു ജില്ലയാണ് ഇടുക്കി. ഭൂവിസ്തൃതിയുടെ മുഖ്യഭാഗവും മലകളും വനങ്ങളുമാണ്. ഏകദേശം 62% ഭൂമിയും വനമേഖലയിൽപ്പെടുന്നു. ഈ വിധ കാരണങ്ങളാൽ വ്യവസായിക ആവശ്യത്തിനുള്ള ഭൂമി ലഭ്യത ഇടുക്കി ജില്ലയിൽ കുറവാണ്. അതുകൊണ്ട് മറ്റു ജില്ലകളെ അപേക്ഷിച്ച് എം.എസ്.എം.ഇ മേഖല വളരെ മോശപ്പെട്ട അവസ്ഥയിലാണ്.

എന്നിരുന്നാലും ചില സാധ്യതാ മേഖലകൾ ഇടുക്കി ജില്ലയിൽ ഉണ്ട്. അവ കണ്ടെത്തി, വ്യവസായിക മേഖലയ്ക്ക് ഒരു പുതു ജീവൻ നൽകുക എന്നതാണ് വകുപ്പിന്റെ ലക്ഷ്യം. ഉദാഹരണത്തിന് സുഗന്ധ വിളകളുടെ നാടായ ഇടുക്കിയിൽ അതുമായി ബന്ധപ്പെട്ട വ്യവസായങ്ങളും, വിനോദസഞ്ചാരത്തിന് ഊന്നൽ നൽകി കൊണ്ടും പുതിയ വ്യവസായങ്ങൾ ആരംഭിക്കാൻ കഴിയും.

അടിസ്ഥാന വിഭവങ്ങളുടെ കണ്ടെത്തൽ

ജില്ലയിൽ വ്യാവസായിക ഉയർച്ചയ്ക്ക് ആവശ്യമായ വിഭവങ്ങളും അവയുടെ ലഭ്യതയുമാണ് ഇനി പ്രതിപാദിക്കുന്നത്.

കൃഷി

2015-16 വർഷത്തിലെ ജില്ലയിലെ ഭൂവിനിയോഗം താഴെ കൊടുക്കുന്നു.

വിസ്തീർണം ഹെക്ടറിൽ

1.	ആകെ വിസ്തൃതി	-	436328
2.	വനവിസ്തൃതി	-	198413
3.	കാർഷികേതര ഉപയോഗം	-	13714
4.	കൃഷിക്കനുയോജ്യമായ തരിശ്	-	1515
5.	തൽകാല തരിശ്	-	1884
6.	മറ്റിനം തരിശ്	-	1201

7.	കൃഷി ചെയ്യുന്ന വിസ്തൃതി	-	205680
8.	മറ്റിനം വൃക്ഷങ്ങൾ	-	156
9.	ആകെ കൃഷിയുടെ വിസ്തൃതി	-	270487
10.	ഒന്നിൽ കൂടുതൽ കൃഷി ചെയ്യുന്ന ഭൂവിസ്തൃതി	-	64807

(Source-(Economics & Statistics dept)

വിളകളുടെ വിസ്തൃതിയും ഉൽപാദനവും

സുഗന്ധ വിളകളുടെ രാജ്ഞി എന്നറിയപ്പെടുന്ന ഏലവും, കറുത്ത പൊന്ന് എന്നറിയപ്പെടുന്ന കുരുമുളകുമാണ് കൂടുതലായും ജില്ലയിൽ കൃഷി ചെയ്തു വരുന്നത്. ലോറേഞ്ചിൽ പ്രധാനമായി കൃഷി ചെയ്തു വരുന്ന മറ്റൊരു വിളയാണ് റബ്ബർ.

മൃഗസംരംക്ഷണം

സാമ്പത്തിക വരുമാനവും, തൊഴിലും നൽകുന്ന ഒരു പ്രധാന മേഖലയാണ് മൃഗസംരക്ഷണം. കന്നുകാലികളെ വളർത്തുന്നതിനുള്ള കാലാവസ്ഥയും, തീറ്റയ്ക്കാവശ്യമായ വിഭവങ്ങളുടെ ധാരാളിത്തവും കാരണംജില്ലയിൽ മൃഗസംരക്ഷണമേഖലപുഷ്ടി പിടിച്ചിട്ടുണ്ട്.

1. **പാലുൽപാദനം**

   2014-15,2015-16, 2016-17 വർഷങ്ങളിലെ ജില്ലയിലെ പാലുൽപാദനം 253.24, 158.57, 158.73 എന്നിങ്ങനെയാണ്. ക്ഷീരവികസന വകുപ്പിന്റെ കണക്കുകൾ പ്രകാരം, ജില്ല പാലിന്റെ കാര്യത്തിൽ ഒരു മികച്ച ജില്ലയായി പരിഗണിക്കാം.

2. **ഇറച്ചി ഉൽപാദനം**

   ഇറച്ചി ഉൽപാദനത്തിന്റെ കാര്യത്തിൽ ജില്ലയുടെ വിഹിതം 17 % ശതമാനമാണ്. ജില്ലയുടെ ഉൽപാദനം താഴെ കൊടുക്കുന്നു.

ഇനം	2015-16	2016-17
മൃഗങ്ങൾ	24.99	10.13
പക്ഷികൾ	7.09	5.24

(AHD)

3. **മത്സ്യമേഖല**

   ധാരാളം ജലസ്രോതസ്സുകളുള്ള ജില്ലയിൽ ഇലാൻഡ് ഫിഷറീസിന്റെ വ്യാപനം വളരെയെളുപ്പമാണ്. 2014-15, 2015-16, 2016-17 വർഷങ്ങളിലെ ജില്ലയിലെ മത്സ്യ ഉൽപാദനം 2946, 3536,3143 ടൺ എന്നിങ്ങനെയാണ്.

വനവിഭവങ്ങൾ

35% വനഭൂമിയുള്ള ഇടുക്കി ജില്ലയുടെ ആകെ വിസ്തീർണ്ണം 4358 ച.കി.മീ. -ഉം,വന വിസ്തൃതി - 1525 ച.കി.മീ.-മാണ്. ഇടുക്കി ജില്ലയിൽപ്പെട്ട ഫോറസ്റ്റ് ഡിവിഷനുകളിൽ തേക്ക്, അക്വേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, ചൂരൽ, മുള, റോസ് വുഡ്, മഹാഗണി തുടങ്ങിയവയുടെ പ്ലാന്റേഷനുകൾ ഉണ്ട്.

പ്രധാനധാതുക്കളുടെ ലഭ്യത

നിർമ്മാണത്തിനാവശ്യമായ പാറയുടെ (408974) ഒരു വൻ ശേഖരം ജില്ലയിലുണ്ട്. എന്നാൽ അവ ഉൽപാദിപ്പിക്കുന്നത് കേവലം 200 ഏക്കറിൽ കുറഞ്ഞ വിസ്തൃതിയിൽ നിന്നും മാത്രമാണ്.

മനുഷ്യ വിഭവശേഷി

ആകെ ജനസംഖ്യ	**408974**
സ്ത്രീ	**552808**
പുരുഷൻ	**556166**
വർക്ക് ഫോഴ്സ് ലഭ്യത ആകെ	**516363**
സ്ത്രീ	**184653**
പുരുഷൻ	**331710**
മെയിൻ വർക്കേഴ്സ് ആകെ	**415947**
സ്ത്രീ	**128381**
പുരുഷൻ	**287566**
മാർജിനൽ വർക്കേഴ്സ് ആകെ	**100416**
സ്ത്രീ	**56272**
പുരുഷൻ	**44144**

Source -(Census – 2011)

ഇവ കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേരു ചേർത്തിട്ടുള്ളവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

	ജനറൽ	**എസ്.സി**	**എസ്.റ്റി**	**ആകെ**
സ്ത്രീ	7794	1224	175	9193
പുരുഷൻ	10201	1691	264	12156

വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിലുള്ള വിവരം താഴെ കൊടുക്കുന്നു.

10-ൽ താഴെ	**10**	**+2**	**ഡിഗ്രി**	**പി.ജി**	**ടെക്നിക്കൽ**		
					ഡിഗ്രി	**ഡിപ്ലോമ**	**സർട്ടിഫിക്കറ്റ്**
333	31076	1818	257	38	38	374	82

ഉറവിടം- (District Emoloyment Office)

ടൂറിസം മേഖല

കേരളത്തിലെ ഏറ്റവും പ്രധാന ടൂറിസം കേന്ദ്രങ്ങളിലൊന്നാണ് ഇടുക്കി. പ്രധാന ടൂറിസ്റ്റ് ഡസ്റ്റിനേഷനുകൾ മൂന്നാർ, തേക്കടി, മാട്ടുപ്പെട്ടി, മറയൂർ, കുണ്ടള, ഇരവികുളം നാഷണൽ പാർക്ക്, ടോപ് സ്റ്റേഷൻ, എക്കോ പോയിന്റ്, ചിന്നാർ വൈൽഡ് ലൈഫ് സാഞ്ചറി, രാമക്കൽമേട്, വാഗമൺ, കുമളി, മംഗളാദേവി ക്ഷേത്രം, ഇടുക്കി ഡാം, തൊമ്മൻകുത്ത് തുടങ്ങിയവയാണ്. ടൂറിസവുമായി ബന്ധപ്പെട്ട് ഇടുക്കിയിൽ എത്തുന്നവരുടെ എണ്ണം ഓരോ വർഷവും വർദ്ധിച്ചു വരുകയാണ്. ലഭ്യമായ കണക്കനുസരിച്ച് ഈ വർഷം, മൂന്നാറിൽ മാത്രം പത്തുലക്ഷം സഞ്ചാരികൾ ഈ വർഷം എത്തും എന്ന് പറയപ്പെടുന്നു.

ഗതാഗതം, വാർത്താവിനിമയം, ഊർജ്ജം

ഗതാഗതം - റോഡ് ഗതാഗതം മാത്രമേ ഇടുക്കിയിലുള്ളൂ. പ്രധാന റോഡുകൾ താഴെ പറയുന്നവയാണ്.

1. **ദേശീയപാതകൾ**:
   എൻ.എച്ച് - 183, എൻ.എച്ച് - 85, എൻ.എച്ച് - 183 എ, എൻ.എച്ച് - 185 എന്നീ ദേശീയപാതകൾ ഈ ജില്ലയിലൂടെ കടന്നു പോകുന്നു.
2. **സംസ്ഥാന പാതകൾ:** 14 എണ്ണം - 998.372 കെ.എം
3. **പ്രധാന ജില്ലാ റോഡുകൾ** - 327 എണ്ണം –1853.394 കെ.എം
4. **പഞ്ചായത്ത് റോഡുകൾ** - 284.33 കെ.എം

ഇവ കൂടാതെ കോൺക്രീറ്റ്, ഗ്രാവൽഡ്, കച്ചാ റോഡുകളും ഇടുക്കി ജില്ലയിൽ ഉണ്ട്. (PWD Web Site)

വാർത്താവിതരണം- ബി.എസ്.എൻ.എൽ-ന്റെ കീഴിലുള്ള സൗകര്യങ്ങൾ താഴെ ചേർക്കുന്നു.

എക്സ്ചേഞ്ചുകളുടെ എണ്ണം	79
ലാന്റ് ലൈൻ കണക്ഷൻ	45658
ബ്രോഡ് ബാന്റ് ഇന്റർനെറ്റ് കണക്ഷൻ	17593
മൊബൈൽ ടവർ	280

Source- (BSNL – ERNAKULAM)

കൂടാതെ മറ്റ് സ്വകാര്യ മൊബൈൽ കമ്പനികളുംജില്ലയിൽ സർവ്വീസ് നൽകുന്നുണ്ട്.

ഊർജ്ജമേഖല-

കേരളത്തിലെ ആകെ ഊർജ്ജ ഉൽപാദനത്തിന്റെ 66 %-വും ഇടുക്കിയിൽ നിന്നുമാണ്. 8 പ്രോജക്ടുകളിൽ നിന്നുമായി ജില്ലയിൽ ഏകദേശം 1200 മെഗാ വാട്ട് വൈദ്യുതി ഉൽപാദിപ്പിക്കപ്പെടുന്നുണ്ട്. കൂടാതെ 2007 മുതൽ ഇടുക്കിയിൽ വിന്റ്ഫാമിൽ നിന്നുള്ള വൈദ്യുതിയും ഉൽപ്പാദിപ്പിക്കപ്പെടുന്നു. ജില്ലയിലെ കരുണാപുരം, നെടുംകണ്ടം പഞ്ചായത്തുകളിലുള്ള 19 യൂണിറ്റുകളിൽ നിന്നായി 14.25 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നു. ഇവ കൂടാതെ സോളാർ മേഖലയിൽ നിന്നും, ഡൊമസ്റ്റിക് ഉപഭോഗത്തിനായി 84 കിലോവാട്ടും, വ്യവസായികാവശ്യങ്ങൾക്കായി 162 കിലോവാട്ടും ഉൽപ്പാദിപ്പിക്കപ്പെടുന്നു.

ബാങ്കിംഗ്, കുടുംബശ്രീ, മാർക്കറ്റ്

ബാങ്കിംഗ്- ജില്ലയിൽ ബാങ്കുകളുടെ നല്ല ഒരു നെറ്റ് വർക്കിംഗ് ഉണ്ട്. ജില്ലയിലെ ലീഡ് ബാങ്കായി തെരഞ്ഞെടുത്തിരിക്കുന്നത് യൂണിയൻ ബാങ്കിനെയാണ്. ഇതുകൂടാതെ ഈ ജില്ലയിൽ സർവ്വീസ് സഹകരണ സംഘങ്ങളും രജിസ്ട്രേഡ് പ്രൈവറ്റ് മണി ലെൻഡിംഗ് യൂണിറ്റുകളും നിലവിലുണ്ട്. ഇടുക്കി ജില്ലയിൽ 112 ദേശസാൽകൃത ബാങ്കുകളും, 51 പ്രൈവറ്റ് സെക്ടർ ബാങ്കുകളും പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാന സർവ്വീസ് സഹകരണ ബാങ്കിന്റെ ഒരു ശാഖയും, ജില്ലാ സഹകരണ ബാങ്കിന്റെ 54 ശാഖകളും മറ്റു സഹകരണ സംഘങ്ങളുടെ 117 ശാഖകളും പ്രവർത്തിക്കുന്നു. കൂടാതെ കേരള ഫൈനാൻഷ്യൽ കോർപ്പറേഷന്റെ 2 ബ്രാഞ്ചുകളും പ്രവർത്തിക്കുന്നുണ്ട്. 2016-17 വർഷത്തിൽ ജില്ലയിൽ എം.എസ്. എം.ഇ സെക്ടറിലേക്കുള്ള ക്യാഷ്ഫ്ളോ 84331 ലക്ഷം രൂപയാണ്.

കുടുംബശ്രീ

ജില്ലയിൽ 12254 എസ്.എച്ച്.ജി -യിലേക്കയി 171556 അംഗങ്ങൾ പ്രവർത്തിക്കുന്നു. ഇവയിലെ ത്രിഫ്റ്റ് 3,29,64,324 രൂപയാണ്. ജില്ലയിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ 615 മൈക്രോ യൂണിറ്റുകൾ തുടങ്ങിയിട്ടുണ്ട്.ഇതിൽ 3065 അംഗങ്ങൾ ജോലി ചെയ്യുന്നു.

രജിസ്റ്റർ ചെയ്ത മാർക്കറ്റുകൾ

ജില്ലയിൽ പച്ചക്കറി, മൽസ്യം, കന്നുകാലി എന്നിവയ്ക്കായി 15,5,1 എന്ന ക്രമത്തിൽ ഹോൾസെയിൽ മാർക്കറ്റും, 26, 16, 5 എന്ന ക്രമത്തിൽ റീട്ടെയിൽ മാർക്കറ്റും പ്രവർത്തിക്കുന്നു.

വ്യവസായ ആവശ്യത്തിനുള്ള ഭൂമി

ജില്ലയിൽ വ്യവസായികാവശ്യത്തിനുള്ള ഭൂമിയുടെ ലഭ്യത പരിമിതമാണ്. ഇത് പ്രധാനമായും വ്യവസായ വളർച്ചയെ പുറകോട്ടടിക്കുന്നു. എന്നിരുന്നാലും ജില്ലാ വ്യവസായ കേന്ദ്രം സിഡ്കോ എന്നീ ഏജൻസികളും ത്രിതല പഞ്ചായത്തുകളും ചെറിയ അളവിൽ ഭൂമി തരപ്പെടുത്തിയിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ കീഴിൽ ഒരു ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് പ്ലോട്ട് 5 ഏക്കറിൽ മുട്ടം പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ പഞ്ചായത്ത് ജില്ലാ വ്യവസായ കേന്ദ്രം, സിഡ്കോ, എന്നീ ഏജൻസികളുടെ കീഴിൽ 16, 45, 36 എന്നീ ക്രമത്തിൽ 97 ഷെഡുകൾ പല മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലായി പ്രവർത്തിക്കുന്നു. ജില്ലയിൽ ത്രിതല പഞ്ചായത്തുകൾ 1126 സെന്റ് ഭൂമി പല സ്ഥലങ്ങളിലായി വ്യവസായ വൽക്കരണത്തിനായി നീക്കി വച്ചിട്ടുണ്ട്.

വ്യവസായ സംരംഭങ്ങൾ–ഇന്നത്തെ അവസ്ഥ

വ്യവസായ ജാലകം - ജിയോടാഗിംഗ് സർവ്വെ

ജില്ലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി അവയെ ജിയോ ടാഗ് ചെയ്യുന്ന സർവ്വെ ആണ് ഇത്. 2017 ഒക്ടോബറിൽ ഈ സർവ്വെ ജില്ലയിൽ പൂർത്തീകരിച്ചു. ഇപ്രകാരമുള്ള വ്യവസായ സംരംഭങ്ങളുടെ എണ്ണം 3831 ആണ്. ബ്ലോക്കുതലത്തിലുള്ള വിവരം താഴെക്കൊടുക്കുന്നു

ക്രമ .നം	ഇനം	അടിമാലി	അഴുത	ദേവികുളം	ഇളംദേശം	ഇടുക്കി	കട്ടപ്പന	നെടുങ്കണ്ടം	തൊടുപുഴ	മുനിസിപ്പാലിറ്റി	ഇടുക്കി ജില്ല
1	രജിസ്ട്രേഡ് യൂണിറ്റ്	513	511	196	406	222	444	388	611	540	3831
2	ആകെ നിക്ഷേപം (ലക്ഷം)	10970	4079	8042	5104	2015	5175	2747	11466	3947	53544
3	ആകെ തൊഴിലാളികൾ	2665	2574	2158	1407	585	1407	1156	2076	1957	15985

ജില്ലയിലെ വ്യവസായ സ്ഥാപനങ്ങളെ താഴെ പറയുന്ന രീതിയിൽ വർഗ്ഗീകരിക്കാം.

ഇനം	ഉല്പാദനം	സേവനം	ആകെ
മൈക്രോ	1886	1695	3581
സ്മോൾ	152	78	230
മീഡിയം	13	7	20
ആകെ	2051	1780	3831

കഴിഞ്ഞ 5 വർഷത്തെ വ്യവസായിക വളർച്ച താഴെ പറയുന്നു

ബ്ലോക്ക്	2012-13	2013-14	2014-15	2015-16	2016-17
അടിമാലി	45	46	50	61	45
അഴുത	43	40	24	32	43
ദേവികുളം	18	13	19	13	18
ഇളംദേശം	38	36	44	39	38
ഇടുക്കി	33	40	26	32	33
കട്ടപ്പന	50	50	41	53	50
നെടുങ്കണ്ടം	51	34	40	37	51
തൊടുപുഴ	36	57	74	97	36
തൊടുപുഴ മുനിസിപ്പാലിറ്റി	88	101	118	97	88
ഇടുക്കി ജില്ല	**402**	**417**	**436**	**461**	**402**

ജില്ലയിലെ പ്രധാന വ്യവസായ മേഖലയെ അടിസ്ഥാനപ്പെടുത്തിയുള്ള വർഗ്ഗീകരണം

ക്രമ. നം.	ഇനം	എണ്ണം	നിക്ഷേപം (ലക്ഷം)	തൊഴിൽ
1	കാർഷികം / ഭക്ഷ്യസംസ്കരണം	648	36731	6261
2	റെഡിമെയ്ഡ് ഗാർമെന്റ്സ്	366	100446	901
3	ലോഹ ഉൽപ്പന്നങ്ങൾ	348	151749	976
4	നോൺ മെറ്റാലിക് മിനറൽ	240	3059	412
5	ഫർണിച്ചർ	209	29189	686
6	ഓട്ടോ മൊബൈൽ വർക്ക് ഷോപ്പ്	186	1135	644
7	റബ്ബർ & പ്ലാസ്റ്റിക്	78	855	323

ഇൻഡസ്ട്രിയൽ സഹകരണ സംഘങ്ങൾ

ജില്ലയിൽ 6 സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പല ഘട്ടങ്ങളിലായി അടഞ്ഞു പോയ 88 സംഘങ്ങൾ ജില്ലയിലുണ്ട്. ഇവയെ ലിക്വിഡേറ്റ് ചെയ്യുന്നതിനും, പുന രുജ്ജീവിപ്പിക്കുന്നതിനുമുള്ള ശ്രമങ്ങൾ നടന്നു വരുന്നു.

വ്യവസായ മേഖല - ശക്തിയും ദൗർബല്യങ്ങളും

സ്വോട്ട് അനാലിസിസ് (SWOT–Strengths, Weaknesses, Opportunities and Threats)

മുൻ അദ്ധ്യായങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങൾ ഉൾപ്പെടുത്തി ജില്ലയിലെ വ്യവസായ മേഖലയിലെ ശക്തി ദൗർബല്യങ്ങൾ പരിശോധിക്കാം. ആയത് വ്യവസായ വികസനത്തിന് സഹായകരമാകും.

എ) താഴെ പറയുന്ന കാര്യങ്ങളാണ് ശക്തിയായി പരിഗണിക്കുക.

1. സംസ്ഥാനത്തിന്റെ വൈദ്യുതി ഉൽപാദനത്തിൽ 66 % -വും ഉൽപാദിപ്പിക്കുന്നത് ഈ ജില്ലയിൽ നിന്നുമാണ്.
2. ഇടുക്കി കാർഷിക ജില്ലയായതിനാൽ, ഇവിടെ ധാരാളമായി ഉൽപാദിപ്പിക്കപ്പെടുന്ന സുഗന്ധദ്രവ്യങ്ങൾ, തേയില, കാപ്പി, റബ്ബർ,തുടങ്ങിയ വിളകളെ അടിസ്ഥാനപ്പെടുത്തി കാർഷിക സംരംഭങ്ങൾക്കുള്ള സാധ്യത ഉണ്ട്.
3. ചക്ക, മാങ്ങ, തുടങ്ങിയ ഹോർട്ടികൾച്ചർ വിളകൾ ധാരാളമായി ഉൽപാദിപ്പിക്കപ്പെടുന്നു.
4. കൊച്ചി എയർ പോർട്ടും, കൊച്ചി തുറമുഖവും, ജില്ലാ അതിർത്തിയിൽ ന്നിന്നും കേവലം 50കി.മീ. ദൂരത്തിലാണ്. ജില്ലയിൽ നിന്നും, റോഡു മുഖേന ഇവയുമായി ബന്ധിപ്പിക്കപ്പെട്ടിട്ടുണ്ട്.
5. ജില്ലയിലെ കാലാവസ്ഥയും, ഭൂപ്രകൃതിയും ടൂറിസത്തെ സഹായിക്കും.
6. ജില്ലയിലെ ജലസമ്പത്ത്
7. നിർമ്മാണമേഖലയ്ക്കുള്ള കരിങ്കൽ ധാരാളമായിട്ടുണ്ട്.
8. കാറ്റിൽ നിന്നും ഊർജ്ജം ഉൽപാദിപ്പിക്കാനുള്ള സാധ്യത
9. ഇടുക്കിയിൽ അധികമായി പാൽ ഉൽപാദിപ്പിക്കപ്പെടുന്നു.
10. കുറഞ്ഞ ജനസന്ദ്രത.

ബി) ദൗർബല്യങ്ങൾ

1. ഉയർന്ന പ്രദേശത്തുള്ള ഏതാണ്ട് 90% ഭൂവിസ്തൃതിയും, കുന്നുകളും കുഴികളും നിറഞ്ഞതാണ്. ആയതിനാൽ ഭൂപ്രകൃതി വ്യവസായങ്ങൾ തുടങ്ങാൻ തടസ്സമായി നിൽക്കുന്നു.
2. ഭൂരിഭാഗം പഞ്ചായത്തു റോഡുകളും യഥാവിധി സംരക്ഷിക്കപ്പെടുന്നില്ല. ചില പഞ്ചായത്തുകളിൽ റോഡു സൗകര്യം വളരെ കുറച്ചു മാത്രമെയുള്ളൂ.
3. റെയിൽ സംവിധാനത്തിന്റെ അപര്യാപ്തത വ്യവസായ വികസനത്തിന് തടസ്സമായി നിൽക്കുന്നു.
4. കേരളത്തിലെ വൈദ്യുതി ഉൽപാദനത്തിന്റെ സിംഹഭാഗവും ഈ ജില്ലയിൽ നിന്നുമാണെങ്കിലും, ജില്ലയുടെ പല ഭാഗത്തും വൈദ്യുതി ആവശ്യമായ അളവിൽ ലഭ്യമായിട്ടില്ല. ഇടയ്ക്കിടെ ഉണ്ടാകുന്ന പവർ കട്ടുകൾ, വ്യവസായ സംരംഭങ്ങളെ പ്രതികൂലമായി ബാധിക്കുന്നു.

5. ജില്ലയിലെ താമസക്കാർക്ക് സ്വന്തമായി ക്രയവിക്രയ സാധ്യതയുള്ള ഭൂമിയുടെ അപര്യാപ്തത, വ്യവസായ വളർച്ചയ്ക്ക് പ്രതികൂലമായി നിൽക്കുന്നു.
6. ഭൂമിയുടെ ലഭ്യതയിലെ കുറവ്.
7. വനനിയമങ്ങളും, പുതുതായി ഉദയം ചെയ്ത ഗാഡ്ഗിൽ, കസ്തൂരി രംഗൻ റിപ്പോർട്ടുകളും വ്യവസായ വൽക്കരണത്തെ പ്രതികൂലമായി ബാധിക്കുന്നു.

സി) അവസരങ്ങൾ

1. കേരളത്തിന്റെ വ്യവസായിക നഗരം എന്നറിയപ്പെടുന്ന കൊച്ചി ഇടുക്കി ജില്ലയോട് വളരെ ചേർന്നു കിടക്കുന്ന സിറ്റിയാണ്. ജില്ലയുടെ വടക്കുഭാഗം നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിനും വളരെ അടുത്താണ്. എറണാകുളം ജില്ലയിലെ സ്ഥല ദൗർലഭ്യതയും ഉയർന്ന ഭൂമി വിലയും കാരണം ഭാവിയിൽ ഇടുക്കി ജില്ലയെ കൊച്ചിയുടെ ഒരു സാറ്റലൈറ്റ് സിറ്റി ആയി വളരാനുള്ള അനുകൂല സാഹചര്യങ്ങൾ ഉണ്ട്.
2. അസംസ്കൃത വസ്തുക്കളായ സ്പൈസസ്, തേയില, കാർഷിക ഉൽപന്നങ്ങൾ, വന ഉൽപന്നങ്ങൾ എന്നിവയുടെ ഒരു ഹബ്ബായി ഇടുക്കി ജില്ലയെ മാറ്റാൻ സാധിക്കും.
3. കൊച്ചിയേയും ധനുഷ്കോടിയേയും ബന്ധിപ്പിച്ചു കൊണ്ടുള്ള നാഷണൽ ഹൈവേ ഇടുക്കി ജില്ലയിലൂടെ കടന്നു പോകുന്നതിനാൽ ജില്ലയിൽ വ്യവസായ വൽക്കരണത്തിന് വലിയ സാധ്യതകളാണുള്ളത്.
4. അടിസ്ഥാന സൗകര്യങ്ങളായ റോഡ്, ഗതാഗതം, താമസസൗകര്യം ഇവയുടെ വികസനത്തിലൂടെ ജില്ലയിലെ നിരവധിയായ ടൂറിസ്റ്റ് കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനും അതിലൂടെ വിദേശ സഞ്ചാരികളെ ആകർഷിക്കുന്നതിനും ആയതിലൂടെ വിദേശവിനിമയം കൂട്ടുന്നതിനും സഹായകമാണ്.
5. കാർഷിക വരുമാനത്തിൽ മുൻപന്തിയിൽ നിൽക്കുന്ന ഇടുക്കി ജില്ലയിൽ ജനങ്ങളുടെ വാങ്ങൽ ശേഷിയും വളരെ കൂടുതലാണ്. അതിനാൽ തന്നെ ഉൽപ്പാദനത്തിനും വിപണനത്തിനുമുള്ള സാധ്യതകൾ ഇവിടെയുണ്ട്.
6. ജില്ലയിലെ പ്രധാന വ്യവസായ യൂണിറ്റുകളായ ടാറ്റാ ടീ, ഈസ്റ്റേൺ കറിപൗഡർ തുടങ്ങിയ യൂണിറ്റുകൾക്ക് ഉൽപന്നങ്ങൾ പായ്ക്കു ചെയ്യുന്നതിനുള്ള കവറുകൾക്ക് അടുത്ത ജില്ലകളെ ആശ്രയിക്കേണ്ട അവസ്ഥയാണ് ഇപ്പോൾ നിലനിൽക്കുന്നത്. ഈ സാഹചര്യത്തിൽ പായ്ക്കിംഗ് മെറ്റീരിയൽസ് യൂണിറ്റുകളുടെ സാധ്യത വളരെ കൂടുതലാണ്.

ഡി) ഭീഷണികൾ

1. സംസ്ഥാനത്ത് ആവശ്യമായ ഊർജ്ജത്തിന്റെ 66 % ഉൽപ്പാദിപ്പിക്കുന്ന ജില്ലയാണെങ്കിലും ജില്ലയിലെ നിരവധി പ്രദേശങ്ങളിലും ഇപ്പോഴും വൈദ്യുതി എത്തിയിട്ടില്ല. വ്യവസായ യൂണിറ്റുകൾ ഏറ്റവും കൂടുതലുള്ള തൊടുപുഴ പ്രദേശം ഏറ്റവും വലിയ ജലവൈദ്യുതി പദ്ധതിയുള്ള മൂലമറ്റത്തോട് ചേർന്നു കിടക്കുന്നു. എന്നിരുന്നാൽപ്പോലും ഈ പ്രദേശത്ത് നിരന്തരമായി വൈദ്യുതി പ്രതിസന്ധികൾ ഉണ്ടാവുന്നു. ഇത് വ്യവസായ മേഖലയെ പ്രതികൂലമായി ബാധിക്കുന്നു.
2. ജില്ലയിൽ ഉള്ള ധനനിക്ഷേപം ശരിയായ രീതിയിൽ വിനിയോഗിച്ചിട്ടില്ല. ആയതിനാൽ വ്യവസായ മേഖലയിൽ ഉപയോഗിക്കാവുന്ന ഈ നിക്ഷേപങ്ങൾ ലാഭകരമല്ലാത്ത മറ്റു പ്രവർത്തനങ്ങളിലേക്ക് വഴിമാറിപ്പോകുന്നു.
3. കാലാവസ്ഥാ വ്യതിയാനങ്ങൾ മൂലം ജില്ലയിലെ ഭൂപ്രകൃതി അനുദിനം മാറിക്കൊണ്ടിരിക്കുന്നു. ഇത് കാർഷിക ഉൽപ്പാദനത്തെ ബാധിക്കുന്നു.

4. ചെറിയ തോതിലെങ്കിലും വ്യവസായ യൂണിറ്റുകളിലും നിന്നും പുറന്തള്ളപ്പെടുന്ന മാലിന്യങ്ങൾ ജീവജാലങ്ങളുടെ നിലനിൽപ്പിനെ സ്വാധീനിക്കുന്നു.

വ്യവസായ സാധ്യതകൾ

ജില്ലയിൽ വ്യവസായ മേഖലയെ പ്രതികൂലമായി ബാധിക്കുന്ന ധാരാളം ഘടകങ്ങൾ ഉണ്ടെങ്കിലും കഴിഞ്ഞ അദ്ധ്യായത്തിൽ നിന്നും ലഭിച്ച ആശയങ്ങൾ ഉൾപ്പെടുത്തി ഇടുക്കി ജില്ലയിലെ പ്രധാനപ്പെട്ട വ്യവസായ സാധ്യതകൾ താഴെ പറയുന്നവയാണ്.

നാനോ ഇൻഡസ്ട്രിയൽ മേഖല- 5 ലക്ഷം രൂപയിൽ താഴെ നിക്ഷേപമുള്ള യൂണിറ്റുകളെയാണ് നാനോ ഇൻഡസ്ട്രിയൽ യൂണിറ്റുകൾ എന്നു പറയുന്നത്. നാനോ ഇൻഡസ്ട്രിയൽ മേഖലയിൽ തുടങ്ങാവുന്ന ചില പ്രധാന വ്യവസായങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ. നം	സാധ്യത മേഖല	വ്യവസായവൽക്കരണത്തിന് ആവശ്യമായ പ്രവർത്തനങ്ങൾ
1	ഭക്ഷ്യസംസ്കരണം	ആവശ്യമായ സാമ്പത്തികവും ഗുണനിലവാരമുള്ള അസംസ്കൃത വസ്തുക്കളുടെയും ലഭ്യത ഉറപ്പാക്കണം.
2	ഇലക്ട്രോണിക് ഉപകരണങ്ങൾ	കഴിവും യോഗ്യതയുമുള്ള ആളുകളെ കണ്ടെത്തി ആവശ്യമായ പരിശീലനം നൽകണം.
3	മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ (മരച്ചീനി, ഏത്തക്ക, ചക്ക, മാങ്ങ തുടങ്ങിയവ)	സംസ്കരണത്തിനാവശ്യമായ പരിശീലനം നൽകണം.
4	കരകൗശല ഉൽപന്നങ്ങൾ	ജില്ലയിലെ കരകൗശല തൊഴിലാളികളെ കണ്ടെത്തി ആവശ്യമായ പരിശീലനം നൽകുക.
5	തേൻ ഉത്പാദനവും സംസ്കരണവും	ആവശ്യമായ പരിശീലനവും മററു സഹായങ്ങളും ഖാദി ബോർഡിൽ നിന്നും ലഭ്യമാണ്

മൈക്രോ വ്യവസായിക മേഖല

1	ഡ്രൈഡ് ഫ്രൂട്ട്സ് യൂണിറ്റുകൾ	ആവശ്യമായ സാങ്കേതിക പരിശീലനം നൽകണം
2	ചോക്കലേറ്റ് നിർമ്മാണം	ജില്ലയിലെ സുലഭമായ കൊക്കോയിൽ നിന്നും ഗുണനിലവാരമുള്ള ചോക്കലേറ്റ് നിർമ്മിക്കാം. അതിനാവശ്യമായ ട്രെയിനിംഗ് നൽകണം
3	ഓട്ടോമൊബൈൽ സർവ്വീസ് യൂണിറ്റ്	വർദ്ധിച്ചു വരുന്ന വാഹനങ്ങളുടെ എണ്ണം ഈ മേഖലയ്ക്ക് ഗുണകരമാണ്. കഴിവും യോഗ്യതയുമുള്ളവർക്ക് ആവശ്യമായ പരിശീലനം നൽകണം.
4	സുഗന്ധവ്യഞ്ജനങ്ങ	കുറഞ്ഞ ചെലവിൽ പ്രവർത്തിക്കുന്ന മെഷിനറി

	ളായ ഏലം,കുരുമുളക്, ഇഞ്ചി തുടങ്ങിയവയിൽ നിന്നുമുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ	കൾ അവതരിപ്പിക്കുന്നു. ആവശ്യമായ ട്രെയിനിംഗ് നൽകുകയും പുത്തൻ ടെക്നോളജി കൊണ്ടു വരികയും വേണം.
5	മാംസ സംസ്കരണം	ആവശ്യമായ ട്രെയിനിംഗ് നൽകുകയും പുത്തൻ ടെക്നോളജി കൊണ്ടു വരികയും വേണം.
6	പ്രോസസിംഗ് ഓഫ് കോഫി	പുതിയ ടെക്നോളജികൾ കൊണ്ടു വരണം. ആവശ്യമായ ട്രെയിനിംഗുകളും നൽകണം.
7	നിർമ്മാണ മേഖലയ്ക്കുള്ള അസംസ്കൃത വസ്തുക്കൾ	പ്രാദേശികമായി ലഭ്യമാകുന്ന കരിങ്കൽ ഖനനം പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കാതെ നിയന്ത്രിത അളവിൽ നടത്താവുന്നതാണ്. ഇതിന്റെ ലൈസൻസിംഗ് വളരെ ലഘൂകരിക്കേണ്ടതുണ്ട്. പാറ ഖനനം നിയന്ത്രിത അളവിൽ ചെയ്യാനുള്ള അനുമതി നൽകണം.

ചെറുകിട വ്യവസായ മേഖല

1	ഏലം, കുരുമുളക്, ഇഞ്ചി തുടങ്ങിയവയുടെ സത്ത്	ഉയർന്ന നിലവാരമുള്ള ഒലിയോറെസിൻസ് നിർമ്മിച്ച് കയറ്റുമതി ചെയ്യാവുന്നതാണ്. ചന്ദനതൈലത്തിന്റെ ഉൽപ്പാദനവും കയറ്റുമതിയും വർദ്ധിപ്പിക്കുക, കോമൺ ഫെസിലിറ്റി സെന്ററുകൾ നിർമ്മിക്കണം
2	ടൂറിസം	ഈ മേഖലയിൽ ആവശ്യമായ പുരോഗമനം കിട്ടുന്നതിന് വേണ്ടി ടൂറിസവുമായി ബന്ധപ്പെട്ട കോഴ്സുകൾ കൂടുതൽ ആരംഭിക്കണം. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കണം.
3	റബ്ബർ അധിഷ്ഠിത വ്യവസായം	തൊടുപുഴ/ഇളംദേശം ബ്ലോക്കുകളിൽ സുലഭമായിട്ടുള്ള റബ്ബർ ഉപയോഗിച്ച് ധാരാളം ഉൽപന്നങ്ങൾ നിർമ്മിക്കാവുന്നതാണ്.
4	പ്ലാസ്റ്റിക് റീസൈക്ലിംഗ്	മാലിന്യമായി നിക്ഷേപിക്കപ്പെടുന്ന പ്ലാസ്റ്റിക് പാഴ്വസ്തുക്കൾ ശേഖരിച്ച് പരിസ്ഥിതിക്ക് ഇണങ്ങുന്ന വിധം റീ സൈക്കിൾ ചെയ്യാവുന്നതാണ്. എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ഇപ്രകാരമുള്ള യൂണിറ്റുകൾ ആരംഭിച്ച് പ്ലാസ്റ്റിക് മാലിന്യങ്ങൾ ഒഴിവാക്കാവുന്നതാണ്.

വ്യവസായവൽക്കരണം – ഇടുക്കി മാതൃക.

ഈ ജില്ലയിൽ ലഭ്യമായിട്ടുള്ള വിഭവങ്ങളെപ്പറ്റിയും നൈപുണ്യത്തെപ്പറ്റിയും അനുബന്ധ സൗകര്യങ്ങളെപ്പറ്റിയുംകഴിഞ്ഞ അദ്ധ്യായങ്ങളിൽപ്രതിപാദിച്ചിരുന്നു. അതുപോലെ ജില്ലയിൽ ഇപ്പോൾ നിലവിലുള്ള യൂണിറ്റുകളെപ്പറ്റിയും അനുബന്ധ സൗകര്യങ്ങളെപ്പറ്റിയും സൂചിപ്പിച്ചിരുന്നു. അതുപോലെതന്നെ വ്യവസായങ്ങൾ, ബാങ്കുകൾ, ധനകാര്യസ്ഥാപനങ്ങൾ, വികസന ഏജൻസികൾ, കച്ചവടക്കാർ, വിപണന ഏജൻസികൾ തുടങ്ങിയവയുടെ പ്രൈമറി സർവ്വേയിലൂടെ ലഭ്യമായ വിവരങ്ങളും ഉൾക്കൊള്ളിച്ചിരുന്നു. ഇത്തരം വിവരങ്ങളുടെയെല്ലാം അടിസ്ഥാനത്തിൽ സ്വോട്ട് (Strengths, Weaknesses, Opportunities and Threats– SWOT) അനാലിസിസ് നടത്തിയിരുന്നു. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ ജില്ലയിലുള്ള വ്യവസായ സാധ്യതകൾ കണ്ടെത്തുകയും അക്കാര്യം ഇവിടെ പ്രതിപാദിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെതന്നെ ജില്ലയിൽ ആവശ്യമായ വ്യവസായ ആവശ്യങ്ങൾക്കുള്ള വൈദ്യുതി, വെള്ളം, ബാങ്ക് വായ്പാ സൗകര്യം എന്നിവയെപ്പറ്റിയെല്ലാം വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

വ്യവസായ വളർച്ചയ്ക്ക് ചെയ്യാനുദ്ദേശിക്കുന്ന മാതൃക

ജില്ലയിൽ ലഭ്യമായ അസംസ്കൃത വസ്തുക്കൾ, മികവ്, ടെക്നോളജി, ലോക്കൽ & കയറ്റുമതി മുതലായ വിപണന സാധ്യതകളെ അടിസ്ഥാനമാക്കിയാണ് ജില്ലയിലെ വ്യവസായ വൽക്കരണത്തിനുള്ള പ്രോജക്ട് കണ്ടെത്തിയിരിക്കുന്നത്. ഈ പ്രോജക്ടുകൾ സൗകര്യപ്രദമായ 12 ഉൽപ്പന്ന ഗ്രൂപ്പുകളായി തിരിച്ചിട്ടുണ്ട്. ഓരോ ഗ്രൂപ്പുകളിലും പ്രത്യേക പ്രോഗ്രാമുകൾ നടപ്പാക്കുന്നതിന് സർക്കാരിനെയും ഇംപ്ലിമെന്റിംഗ് ഏജൻസിയെയും ഇത് സഹായിക്കും.

ഇടുക്കിയിലെ നിലവിലെ വ്യവസായ സ്ഥിതിയനുസരിച്ച് കൂടുതൽ യൂണിറ്റുകളും വിപണനമേഖലയിലും കാർഷിക മേഖലയിലുമാണുള്ളത്. കൃഷി ഒരു പ്രധാന വരുമാന മേഖല ആയതിനാൽ ഈ മേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ട്. ഇലക്ട്രോണിക്സ് പ്രോജക്ട്, വിനോദ സഞ്ചാരം, ഭക്ഷ്യ ഉൽപ്പന്നങ്ങൾ, മെക്കാനിക്കൽ പ്രോജക്ട്സ് ഇവയെല്ലാം ഊന്നൽ കൊടുക്കാവുന്ന മറ്റ് മേഖലകളാണ്. ഈ ഘടകങ്ങളെ അടിസ്ഥാനമാക്കി ജില്ലയിലെ വ്യവസായ വൽക്കരണത്തിന് ഭാവിയിൽ ശ്രദ്ധ കൊടുക്കാവുന്നതാണ്. വിവിധ പ്രോജക്ടുകളുടെ വിപണന സാധ്യതകളെക്കുറിച്ച് ഈ അദ്ധ്യായത്തിന്റെ അവസാനം വിശദീകരിച്ചിട്ടുണ്ട്.

ഉൽപ്പന്ന ഗ്രൂപ്പുകളെ കണ്ടെത്തൽ

ജില്ലയിലെ പ്രധാന വ്യവസായങ്ങളായ കാർഷികാധിഷ്ഠിത ഉൽപ്പന്നങ്ങൾ, ഇലക്ട്രോണിക്സ്, ലൈറ്റ് എഞ്ചിനീയറിംഗ്, ടൂറിസം എന്നിവയെ കൂടാതെ ആശുപത്രികൾ, ഹോട്ടൽ, സേവനമേഖലയിലുള്ള 12 ഉൽപ്പന്ന യൂണിറ്റുകളെകൂടി കണ്ടെത്തിയിട്ടുണ്ട്. വിവിധങ്ങളായ പ്രോജക്ടുകളെ താഴെ പറയുന്നതിന്റെ അടിസ്ഥാനത്തിലാണ് കണ്ടെത്തിയിരിക്കുന്നത്.

1. കാർഷികാധിഷ്ഠിത വ്യവസായങ്ങൾ(ഊന്നൽ മേഖല)

ഏലം, തേയില, കാപ്പി, റബ്ബർ, കുരുമുളക്, തേങ്ങ തുടങ്ങിയ തോട്ടവിളകളുടെ ഒരു കലവറയാണ് ഇടുക്കി ജില്ല. ജില്ലയിലെ സാമ്പത്തികാവസ്ഥ പ്രധാനമായും കൃഷിയെ ആശ്രയിച്ചാണിരിക്കുന്നത്. ആതായത് ജില്ലയുടെ മൊത്തം വരുമാനത്തിന്റെ 62% വും കൃഷിയിൽ നിന്നാണ്. ചെറുകിട കർഷകരാണ് ജില്ലയിൽ കൂടുതലുമുള്ളത്. ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾ മറ്റ് ജില്ലകളിലേക്കും സംസ്ഥാനങ്ങളിലേക്കും അസംസ്കൃത വസ്തുവായി കയറ്റുമതി ചെയ്യുകയാണ് പതിവ്. അതിനാൽ കർഷകർക്കോ ജില്ലയ്ക്കോ ഇതിൽ നിന്നും വലിയ വരുമാനമോ ലാഭമോ ലഭിക്കുന്നില്ല. മിക്ക വിളകളും കാലികമായി കൃഷിചെയ്യുന്നതിനാൽ വിളവെടുപ്പ് സമയത്ത് ഉൽപ്പന്നങ്ങൾക്ക് കുറഞ്ഞ വിലയാണ് ലഭിക്കുന്നത്. ഈ അവസ്ഥയ്ക്ക് പരിഹാരമായി കൂടുതൽ പ്രോസസ്സിംഗ് യൂണിറ്റുകളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും ജില്ലയിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. റബ്ബറധിഷ്ഠിത വ്യവസായം, തെങ്ങ് അധിഷ്ഠിത വ്യവസായം, പച്ചക്കറി പ്രോസസ്സിംഗ്, ഫുഡ് പ്രോസസ്സിംഗ്, സ്പൈസസിന്റെ ഓയിൽ, സത്തുക്കൾ എന്നിവയ്ക്ക് ജില്ലയിൽ ബൃഹത്തായ സാധ്യതകളാണുള്ളത്.

2. റബ്ബർ.

റബ്ബർ ഉൽപ്പാദനത്തിൽ മുന്നിൽ നിൽക്കുന്ന ഒരു ജില്ലയാണിത്. ജില്ലയിൽ റബ്ബറിന്റെ വാർഷിക ഉൽപ്പാദനം ഏകദേശം 10,500/- മെട്രിക് ടൺ ആണ്. റബ്ബർ അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന യൂണിറ്റുകൾ ജില്ലയിൽ കുറവാണെന്ന് പ്രൈമറി സർവ്വേയിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ റബ്ബർ വ്യവസായം, ഹവായ് ഷീറ്റുകൾ, ചെരുപ്പുകൾ, ട്രെഡ്, ഫോം റബ്ബർ, ലാറ്റക്സ് ത്രെഡ്, മൗൾഡഡ് റബ്ബർ ഉൽപ്പന്നങ്ങൾ എന്നിവയായി പരിമിതപ്പെടുത്തിയിരിക്കുന്നു. ഏകദേശം 36000 വ്യത്യസ്തങ്ങളായ റബ്ബർ ഉൽപ്പന്നങ്ങൾ നമ്മുടെ ദൈനംദിന ജീവിതത്തിൽ ഉണ്ടായിരിക്കേ കഷ്ടിച്ച് 10 മുതൽ 15 വരെ ഉൽപ്പന്നങ്ങൾ മാത്രമേ കേരളത്തിൽ നിർമ്മിക്കുന്നുള്ളു. രാജ്യത്തെ 93% റബ്ബർ ഉൽപ്പാദനത്തിന്റെ 12% മാത്രമേ കേരളത്തിലെ വ്യവസായ യൂണിറ്റുകൾ ഉപയോഗിക്കുന്നുള്ളു.

3. സ്പൈസസ്

കുരുമുളക്, ഏലം, ഇഞ്ചി മുതലായ സുഗന്ധ വ്യഞ്ജനങ്ങൾക്ക് ഇടുക്കി ജില്ല പ്രസിദ്ധമാണ്. ഇത് ഉണക്കി സൂക്ഷിക്കുന്നതിനുള്ള സാഹചര്യങ്ങൾ കുറവായതുകൊണ്ട് സാധനങ്ങൾ ഉപയോഗശൂന്യമാവുകയും കയറ്റുമതിക്ക് അനുയോജ്യ മല്ലാതായിത്തീരുകയും ചെയ്യുന്നു. കൂടാതെ ഇത്തരം ഉൽപ്പന്നങ്ങളെ മൂല്യവർദ്ധിത ഉല്പ്പന്നങ്ങളാക്കി മാറ്റുന്നതിനും ഇവിടെ സംവിധാനങ്ങൾ കുറവാണ്. ഈ സാഹചര്യത്തിൽ ഏലം, കുരുമുളക് തുടങ്ങിയ ഉൽപ്പന്നങ്ങളുടെ ഡ്രൈയിംഗ് യൂണിറ്റിന് അനുകൂല സാഹചര്യമാണുള്ളത്. കുരുമുളക് ഉൽപ്പാദനത്തിൽ കട്ടപ്പനയും ഏലം ഉൽപ്പാദനത്തിൽ നെടുങ്കണ്ടവും മുൻപിലായതിനാൽ ഇത്തരത്തിലുള്ള യൂണിറ്റുകൾ പ്രസ്തുത സ്ഥലങ്ങളിൽ കേന്ദ്രീകരിക്കാവുന്നതാണ്.

4. തടി

ജില്ലയുടെ ഏകദേശം 62 ശതമാനത്തോളം വനനിബിഡമായ സ്ഥലങ്ങളായതിനാൽ തടിയുടെ ലഭ്യതയും ഇവിടെ കൂടുതലാണ്. സോഫ്റ്റ്‌വുഡ് കാറ്റഗറിയിൽപ്പെട്ട തടികൾക്കൊണ്ടുള്ള വുഡ് പ്രോസ്സസിംഗ് യൂണിറ്റുകൾക്കും അനുകൂല സാഹചര്യമാണ് ജില്ലയിലുള്ളത്. മര അധിഷ്ഠിത യൂണിറ്റുകൾ ആരംഭിക്കുന്നതിന് സർക്കാരിൽ നിന്ന് ലഭി

ക്കേണ്ട അനുമതികൾ വാങ്ങിയിരിക്കണം. അതിനാൽ ബ്ലാക്ക് ബോർഡ്, പായ്ക്കിങ് കേസ് തുടങ്ങിയ ഉൽപ്പാദന യൂണിറ്റുകൾ ജില്ലയിൽ പ്രോത്സാഹിപ്പിക്കാവുന്നതാണ്. അതുപോലെ റബ്ബർ വുഡിന്റെ ലഭ്യതയുള്ളതിനാൽ സോഫ്റ്റ് വുഡ് ട്രീറ്റ്മെന്റ് പ്ലാന്റുകൾക്കും ജില്ലയിൽ സാധ്യതയുണ്ട്. ജില്ലയിൽ നടത്തിയ പ്രാഥമിക സർവ്വേയിൽ നിന്നും ഇതിനുള്ള സാധ്യതകൾ വളരെയാണ്.

5. ചെടികൾ, പൂക്കൾ & ഇലകൾ

ഔഷധ ഗുണമുള്ള ചെടികൾ, പൂക്കൾ, ഇലകൾ, പഴങ്ങൾ ഇവ ഉപയോഗിച്ച് ആയുർവേദ മരുന്നുകൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾക്കും സാധ്യതയുള്ള ജില്ലയാണ് ഇടുക്കി. സൗന്ദര്യ വർദ്ധക വസ്തുക്കളുടെ നിർമ്മാണത്തിന് പൂക്കളിൽ നിന്നുള്ള സുഗന്ധം വേർതിരിച്ചെടുത്ത് ഉപയോഗിക്കുന്ന യൂണിറ്റുകൾക്കും അതുപോലെ ഇലകളുടെയും സുഗന്ധ വ്യഞ്ജനങ്ങളുടേയും നീരിൽ നിന്ന് പ്രകൃതിദത്തമായ കളറുകൾ ഭക്ഷണ സാധനങ്ങൾക്ക് നിറം കൊടുക്കാനും ഉപയോഗിക്കാവുന്നതാണ്. കൃത്രിമമായ നിറങ്ങൾ യൂറോപ്യൻ രാജ്യങ്ങളിൽ നിരോധിച്ചിരിക്കുന്നതിനാൽ ഇത് കയറ്റുമതി ചെയ്യുന്നതിനും സാധ്യതകളുണ്ട്.

6. പഴങ്ങളും പച്ചക്കറികളും

പഴങ്ങളുടെയും പച്ചക്കറികളുടേയും സംസ്കരണത്തിന് ജില്ലയിൽ അനന്തര സാധ്യതകളാണ് ഉള്ളത്. കൈതച്ചക്ക, മാമ്പഴം, ചക്കപ്പഴം തുടങ്ങിയ പഴങ്ങൾ ജില്ലയിൽ സുലഭമാണ്. ജാം നിർമ്മാണം, പഴച്ചാറ് നിർമ്മാണയൂണിറ്റ് പഴങ്ങളുടെ സത്ത് വേർതിരിക്കൽ, ഡീ ഹൈഡ്രേഷൻ യൂണിറ്റുകൾ എന്നിവ ഉൾപ്പെടുന്ന യൂണിറ്റുകൾക്ക് ജില്ലയിൽ സാധ്യതകളുണ്ട്. പഴങ്ങളിൽ മിക്കവയും ഓരോ പ്രത്യേക കാലഘട്ടത്തിലായതിനാൽ വിളവെടുപ്പ് സമയങ്ങളിൽ ഇതിന് നല്ല വില ലഭിക്കാറില്ല. ഇതിന് പരിഹാരമായി ഫുഡ് പ്രോസസിംഗ് യൂണിറ്റുകൾ ജില്ലയിൽ തന്നെ ആരംഭിക്കുക എന്നതാണ്. തൊടുപുഴയ്ക്കടുത്തുള്ള വാഴക്കുളം എന്ന സ്ഥലത്ത് കൈതച്ചക്ക സുലഭമായതിനാൽ ഇവിടെ പൈനാപ്പിൾ പ്രോസസിംഗ് യൂണിറ്റിന് നല്ല സാധ്യതയുണ്ട്.

പച്ചക്കറികൾ കേടുവരാതെ സൂക്ഷിക്കുന്നതിനായി ഫ്രീസിംഗ്, വാക്വം പ്രോസസ്സ് തുടങ്ങിയ പ്രോജക്ടുകൾ നല്ലതാണ്. നമ്മുടെ വിപണികൾ മാഗ്ഗി, കിസാൻ തുടങ്ങിയ ഉൾപ്പന്നങ്ങളുടെ ശേഖരമായി മാറിക്കൊണ്ടിരിക്കുന്നു. അതിനുപരിഹാരമായി പച്ചക്കറികളും മറ്റും ഡീ ഹൈഡ്രേറ്റ് ചെയ്ത് സൂക്ഷിക്കുന്നതിലേയ്ക്കും മറ്റും ശ്രദ്ധ തിരിക്കാവുന്നതാണ്.

7. ക്ഷീരോൽപ്പന്നങ്ങൾ

ജില്ലയിൽ ക്ഷീരോല്പന്നങ്ങളുടെ ലഭ്യത വളരെയധികമാണ്. ആയതിനാൽ ധാരാളം ആപ്കോസ് നും നോൺ ആപ്കോസ് നും വളരെയധികം സാധ്യതകളുണ്ട്. ജില്ലയിൽ ഉല്പാദിപ്പിക്കുന്ന ഭൂരിഭാഗം പാലും മിൽമായിലോ അതല്ലെങ്കിൽ ചുറ്റുവട്ടവും വിതരണം നടത്തുകയോ ആണ് പതിവ്. ഇത് ശേഖരിക്കുന്നതിനോ ഫ്രീസ് ചെയ്ത് സൂക്ഷിക്കുന്നതിനോ അതല്ലെങ്കിൽ മൂല്യവർദ്ധിത ഉല്പ്പന്നങ്ങളാക്കി വളർത്തുന്നതിനോ ഉള്ള സാഹചര്യം നിലവിൽ ജില്ലയിൽ ഇല്ല. നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചും വിദഗ്ധ പരിശീലനം നൽകിയും പുതിയ വ്യവസായ സാധ്യതകൾ ജില്ലയിൽ ഉയർത്തിക്കൊണ്ടു വരാവുന്നതാണ്. ജില്ലയിൽ ആവശ്യമുള്ള പാൽ, മുട്ട, കോഴിയിറച്ചി തുടങ്ങിയ ആവശ്യ

ങ്ങൾക്കായി അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട ഗതികേടിലാണ് ഇപ്പോൾ. ആയതിനാൽ ജില്ലയിൽ ഡയറി ഫാമിനും പോൾട്രി ഫാമിനും വൻ സാധ്യതകളാണുള്ളത്.

8. മരച്ചീനി

വർഷങ്ങളായി മരച്ചീനി ജില്ലയിൽ കൃഷി ചെയ്തു വരുന്നു. ഉൽപ്പാദനത്തിന്റെ നല്ലൊരു ശതമാനവും ഭക്ഷണത്തിനായി ഉപയോഗിക്കുകയാണ് ചെയ്യുന്നത്. കപ്പയിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് വിപണിയിൽ നല്ല ചോദനമാണ് (ഡിമാന്റ്) ഉള്ളത്. അതുകൊണ്ട് കപ്പയും അതുമായി ബന്ധപ്പെട്ട വ്യവസായങ്ങൾക്കും ജില്ലയിൽ നല്ല സാധ്യതയുണ്ട്.

9. കരിമ്പ്

ഇടുക്കി ജില്ലയിലെ മറയൂർ പ്രദേശത്ത് വളരെയധികം കരിമ്പ് കൃഷി ഉണ്ട്. ആയതിനാൽ പഞ്ചസാര വ്യവസായത്തിനും ശർക്കര വ്യവസായത്തിനും ജില്ലയിൽ സാധ്യതകളുണ്ട്. **'മറയൂർ ശർക്കര'** ഇതിനൊരു ഉദാഹരണമാണ്. ഇവിടെ ഉപയോഗിക്കുന്ന പല സാങ്കേതിക വിദ്യകളും കാലഹരണപ്പെട്ടതാണ്. അതുകൊണ്ടു തന്നെ ഉൽപ്പാദനവും വളരെ കുറവാണ്. ആധുനീകവൽക്കരണത്തിലൂടെയും, നൂതന സാങ്കേതിക വിദ്യകളിലൂടെയും വളർത്തുന്നതിലൂടെ ഇവിടുത്തെ ഉല്പ്പാദനവും വിപണനവും വർദ്ധിപ്പിക്കാവുന്നതാണ്.

10. മറ്റു ഭക്ഷ്യ ഉല്പ്പന്നങ്ങൾ

ഇന്ത്യയെപ്പോലുള്ള ഒരു കാർഷിക രാജ്യത്തിൽ ഫുഡ് പ്രോസസ്സിംഗിന് ഒരു പ്രത്യേക പ്രാധാന്യം ഉണ്ടെങ്കിലും ഇതുകൊണ്ടുമാത്രം വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാൻ സാധിക്കുകയില്ല. ഇതുകൂടാതെ ബ്രെഡ്, ബിസ്ക്കറ്റ് തുടങ്ങിയ ഭക്ഷ്യ സാധനങ്ങളുടെ ഉല്പ്പാദനത്തിലും ധാരാളം സാധ്യതകൾ ഉണ്ട്. അതുപോലെ ഭക്ഷ്യ ഉല്പ്പന്നങ്ങളുടെ കയറ്റുമതിക്കും നല്ല സാധ്യതകളുണ്ട്.

11. ജനറൽ എഞ്ചിനീയറിംഗ് പ്രോഡക്ട്സ്

മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഉൽപ്പന്നങ്ങളും, ഉപകരണങ്ങളുടെയും ആവശ്യം വ്യവാസായിക വളർച്ചയുമായി നേരിട്ട് ബന്ധപ്പെട്ട് കിടക്കുന്നതാണ്. ഇത് ഏതൊരു വ്യവസായത്തിന്റെയും നട്ടെല്ലാണ്. ഇതിന്റെ ആവശ്യകത വളരെ കൂടുതലാണെന്ന് പ്രതീക്ഷിക്കാം. അതുപോലെ, ഓട്ടോ മൊബൈൽസിന്റെ സ്പെയർപാർട്ട്സ്, ഫാബ്രിക്കേഷൻ എന്നിവയ്ക്കും വളരെ നല്ല സാധ്യതകളുണ്ട്. കാർഷിക ഉപകരണങ്ങൾ, കമ്പ്യൂട്ടർ വത്ക്കരിച്ച ഓട്ടോമൊബൈൽ വർക്ക്ഷോപ്പുകൾ, എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ്, തേയില ഇല മുറിക്കുന്ന മെഷീൻ, കുട നിർമ്മാണം എന്നിവയെല്ലാം ജില്ലയിൽ സാധ്യതയുള്ള വ്യവസായങ്ങളാണ്.

12.വിനോദ സഞ്ചാരം

മനോഹരമായ കുന്നുകളും, മലകളും, താഴ്വരകളും, വനസസ്യങ്ങളും മൃഗങ്ങളും അനുകൂലമായ കാലാവസ്ഥയാലും അനുഗ്രഹീതമായ ഇടുക്കി കേരളത്തിന്റെ തന്നെ വിനോദ സഞ്ചാര തലസ്ഥാനം എന്നു വിശേഷിപ്പിക്കാം. ശുദ്ധമായ വായുവും മനോ

ഹരങ്ങളായ വെള്ളച്ചാട്ടങ്ങളും ജില്ലയിലെ കാഴ്ചകളാണ്. ഡിസംബർ മുതൽ മാർച്ചു മാസം വരെ നീണ്ടുകിടക്കുന്ന വിനോദസഞ്ചാര സീസണാണ് ഇടുക്കിയിലുള്ളത്. പകൽ നിറഞ്ഞ ചൂടും ശീത സുന്ദരമായ രാത്രികളും വിനോദ സഞ്ചാരികളുടെ ഓർമ്മകളിൽ എന്നും തെളിഞ്ഞു നിൽക്കാറുണ്ട്.

വിനോദ സഞ്ചാരത്തെ പ്രോത്സാഹിപ്പിക്കുന്നതിലൂടെയും വളർത്തുന്നതിലൂടെയും ജില്ലയിലെ തൊഴിലില്ലായ്മയ്ക്കും ദാരിദ്യത്തിനും ഒരു പരിധിവരെ പരിഹാരം കാണാൻ സാധിക്കും. വിനോദ സഞ്ചാരം ഒരു പ്രധാന വ്യവസായമായി വളർത്തുന്നതിലൂടെ അതുമായി ബന്ധപ്പെട്ട ഹാന്റിക്രാഫ്റ്റ്, ആർട്ട് ആന്റ് ഫൈൻ ആർട്ട്സ്, ഹോട്ടൽ, റെസ്റ്റോറന്റ് എന്നീ മേഖലകളിലുള്ള വ്യവസായങ്ങളെയും ഉണർത്താൻ കഴിയും.

സാംസ്കാരിക ആഘോഷങ്ങളിലൂടെയും, റോഡ്മാപ്പ്, ട്രെക്കിംങ് മാപ്പ് മുതലായവ വിതരണം ചെയ്യുന്നതിലൂടെയും ഈ മേഖലയിലെ ഫലപ്രദമായ ഒരു വിപണന തന്ത്രമാണ്.

ജില്ലയിലെ ആകർഷകമായ പ്രകൃതി സൗന്ദര്യം അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലൂടെ വളർത്താൻ സാധിക്കും.

സംഗ്രഹം

ഇടുക്കി ജില്ലാ പ്ലാന്റേഷൻ വിളകളായ ഏലം, കാപ്പി, കുരുമുളക് തുടങ്ങിയവയുടെ ഉൽപ്പാദനത്തിൽ മുന്നിട്ട് നൽക്കുന്ന ജില്ലയാണ്. ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന കാർഷിക വിളകൾ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളാക്കാതെ നേരിട്ട് കച്ചവടം ചെയ്യപ്പെടുന്നു. ആവശ്യമായ സാങ്കേതിക വിജ്ഞാനവും പരിശീലനവും നൽകിക്കൊണ്ട് വ്യവസായികളെ ഈ മേഖലയിലേക്ക് ആകർഷിക്കുകയും വ്യവസായം തുടങ്ങുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകുകയും ചെയ്യണം. ഈ മേഖലയിലെ പുതിയ പ്രവണതകൾ ഉൾക്കൊള്ളുകയാണെങ്കിൽ സംസ്ഥാന വ്യവസായ ഭൂപടത്തിൽ ജില്ലയ്ക്കും ഒരു സ്ഥാനം ലഭിക്കും.

കാർഷികാധിഷ്ഠിത ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ സംസ്ക്കരണം ജില്ലയിലെ ഒരു പ്രധാന വ്യവസായ മേഖലയാക്കാവുന്നതാണ്. ഈ ജില്ലയിൽ തുടങ്ങാവുന്ന മറ്റ് രണ്ട് വ്യവസായങ്ങളാണ് ഹെർബൽ ടീയും ഫ്ലേവർഡ് ജാഗറിയും.

ജില്ലയിൽ പ്രധാനമായും കണ്ടുവരുന്ന ഒരു അസംസ്കൃത വസ്തുവാണ് ബിൽഡിംഗ് ഗ്രാനൈറ്റ്. ഇതിൽ നിന്നും ഉൽപ്പാദിപ്പിക്കാവുന്ന എം. സാൻഡ്, പുഴ മണലിന് പകരമായി ഉപയോഗിക്കാവുന്നതാണ്. പുഴ മണൽ ലഭ്യമല്ലാത്ത ജില്ലയിൽ എം സാൻഡിന്റെ ഉൽപ്പാദനം നിർമ്മാണ മേഖലയ്ക്ക് പുത്തൻ ഉണർവ്വേകും.

ഇടുക്കി ജില്ലയിൽ ധാരാളമായിട്ടുള്ള ഈറ, മുള ഉപയോഗിച്ചുകൊണ്ട് വിലപ്പെട്ട കരകൗശല വസ്തുക്കൾ നിർമ്മിക്കാവുന്നതാണ്. ഇതിനായി കരകൗശലവിദഗ്ദ്ധരെ കണ്ടെത്തി ആവശ്യമായ പരിശീലനം നൽകി സംരംഭങ്ങൾ തുടങ്ങാനാവശ്യമായ ധനസഹായം ചെയ്യണം.

ലോകത്തിലെ തന്നെ പ്രധാനപ്പെട്ട വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഒന്നായ മൂന്നാർ ഈ ജില്ലയിലാണ് സ്ഥിതി ചെയ്യുന്നത്. മൂന്നാറിനെക്കൂടാതെ തേക്കടി, രാമക്കൽമേട്, തൊമ്മൻകുത്ത്, ചിന്നാർ, പെരിയാർ, രാജമല തുടങ്ങിയ ടൂറിസം സെന്ററുകളും ഇടുക്കിയിലുണ്ട്. ഇവയെ കൂട്ടിയോജിപ്പിക്കുന്ന ഉയർന്ന നിലവാരത്തിലുള്ള റോഡുകളും മറ്റ് അടിസ്ഥാന സൗകര്യവികസനവും ടൂറിസം വ്യവസായത്തിന് സഹായകമാവും.

2. ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തിക്കാതെ കിടക്കുന്ന ഷെഡുകളുടെ അറ്റകുറ്റപ്പണികളിൽ നവീകരണ പ്രവർത്തനങ്ങളും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം തന്നെ പൂർത്തീകരിച്ച് ഉടമസ്ഥാവകാശം പൂർണ്ണമായും പ്രസ്തുത സ്ഥാപനത്തിന്റെ കൈവശം തന്നെ വച്ചുകൊണ്ട് ടീ ഷെഡുകളിലേക്ക് അർഹരായ സംരംഭകരെ വ്യവസായ വകുപ്പ് തിരഞ്ഞെടുത്ത് നൽകുന്നതും ആയതിന്റെ തുടർ മോണിറ്ററിംഗ് വകുപ്പ് നേരിട്ട് നിർവ്വഹിക്കുന്നതുമാണ്. വാടക സംബന്ധമായ കാര്യങ്ങൾ തദ്ദേശസ്വയംഭരണവകുപ്പ് നിർവ്വഹിക്കേണ്ടതാണ്.

3. ഇടുക്കി ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്(സർവ്വീസ്) സഹകരണ സംഘം ക്ലിപ്തം നം.എസ്. ഐഎൻഡി(2)/10 ന്റെ അധീനതയിൽ ജില്ലയിലെ വിവിധ ഭാഗങ്ങളിലായി 5 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ പ്രവർത്തിച്ച് വരുന്നു. ജില്ലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനരഹിതമായി കിടക്കുന്ന ഭൂമിയും കെട്ടിടങ്ങളും സംഘത്തിന് കൈമാറി തരുന്ന പക്ഷം അതിൽ നൂതന വ്യവസായസംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി നൽകുന്നതിനും അതിൽ നിന്നും ലഭിക്കുന്ന വരുമാനം പുതിയ സ്ഥലങ്ങൾ കണ്ടെത്തി മിനി വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിനും സംഘത്തിന് സാധിക്കും. അങ്ങനെ പ്രവർത്തിക്കാതെ കിടക്കുന്ന സ്ഥാപനങ്ങൾ ഉപയുക്തമാക്കുന്നതിനും സാധിക്കും. നിർമ്മാണവും അറ്റകുറ്റപ്പണികളും മിനി ഇൻഡസ്ട്രിയൽ സഹകരണ സംഘം (MIE) നിർവ്വഹിക്കേണ്ടതാണ്.

നിലവിൽ ജില്ലയിലെ ത്രിതല പഞ്ചായത്തുകളിൽ വ്യവസായിക ആവശ്യത്തിനായി വാങ്ങുകയോ വാടകയ്ക്ക് എടുക്കുകയോ ചെയ്ത കെട്ടിടം/ഭൂമി മുതലായവയെ സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ മുന്നോട്ട് വരുന്നവർക്ക് ന്യായമായ വാടക ഈടാക്കി വ്യവസായങ്ങൾ തുടങ്ങാനായി വിട്ടു നൽകാവുന്നതും ഇതിനെ സംയോജിതമായ രീതിയിൽ നിലവിൽ ഉള്ള വ്യവസായ സംരംഭങ്ങളുടെ ഒരു ജിയോഗ്രഫിക്കൽ മാപ്പിംഗ് നടത്തുകയും ആയതിനെ അടിസ്ഥാനപ്പെടുത്തി ഭാവിയിലേക്ക് ഉള്ള പദ്ധതികൾ ആസൂത്രണം ചെയ്യാവുന്നതും ആണ്.

വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ മറയൂർ ശർക്കര നിർമ്മാണത്തിന്റെ ഒരു ക്ലസ്റ്റർ രൂപീകരിച്ചു വരികയാണ്. ഇതിന്റെ ആവശ്യത്തിലേയ്ക്കായി കാന്തല്ലൂർ പഞ്ചായത്തിൽ 5 ഏക്കർ ഭൂമി ലഭിക്കുകയാണെങ്കിൽ അത് ഉപകാരപ്രദമായിരിക്കും.

2017-18 വർഷത്തെ പ്രോജക്ടുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപന അവലോകനം

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്	ആകെ പ്രോജക്ടുകളുടെ എണ്ണം	ഉല്പാദന മേഖലയിലുള്ള പ്രോജക്ടുകളുടെ എണ്ണം	വ്യവസായമേഖലയുടെ പ്രോജക്ട്
ഗ്രാമ പഞ്ചായത്ത്	8982	911	105
ബ്ലോക്ക് പഞ്ചായത്ത്	1052	200	45
മുൻസിപ്പാലിറ്റി	580	31	6
ജില്ലാ പഞ്ചായത്ത്	930	71	2
ആകെ	**11544**	**1213**	**158**

2017-18 വർഷത്തെ പദ്ധതി വിഹിതത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപന അവലോകനം

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്	ആകെതുക	ഉല്പാദന മേഖലയിലുള്ള തുക	വ്യവസായമേഖലയുടെ പ്രോജക്ട്തുക
ഗ്രാമ പഞ്ചായത്ത്	4210593972	584733617	74982918
ബ്ലോക്ക് പഞ്ചായത്ത്	895988990	217381022	51198054
മുൻസിപ്പാലിറ്റി	406885800	22666015	3733384
ജില്ലാ പഞ്ചായത്ത്	2070497370	924463828	3250000
ആകെ	**7583966132**	**1749244482**	**133164356**

സഹകരണ വകുപ്പ്

സഹകരണ പ്രസ്ഥാനം ആഴത്തിൽ വേരൂന്നിയിട്ടുള്ള സംസ്ഥാനമാണ് കേരളം. ജനജീവിതത്തിന്റെ നാനാ തുറയിലേയ്ക്കും വ്യാപിച്ചിട്ടുള്ള സഹകരണ മേഖല ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയാണ് എന്നു പറയാം. 1969-ലെ സഹകരണ ആക്റ്റും, അതിനോടനുബന്ധമായി പ്രാബല്യത്തിൽ വന്ന ചട്ടങ്ങളും, കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ മാർഗ്ഗ രേഖയായി നിലകൊണ്ടിരുന്നു. സഹകരണ സംഘങ്ങളുടെ രൂപീകരണത്തിനും അവയുടെ പ്രവർത്തനങ്ങൾക്കും വ്യക്തമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ആക്റ്റ് നിലവിൽ വന്നതോടെ കരുത്തുറ്റ ഒരു സഹകരണ പ്രസ്ഥാനം കേരളത്തിൽ രൂപം കൊള്ളുകയും പടർന്ന് പന്തലിക്കുകയും ചെയ്തു.

സഹകരണ സ്ഥാപനങ്ങളുടെ കാര്യക്ഷമത, വിത്യസ്തങ്ങളായ സേവനങ്ങൾ ലഭ്യമാക്കൽ, ലാഭം തുടങ്ങിയ ഏതു മാനദണ്ഡത്തെ അടിസ്ഥാനമാക്കി താരതമ്യം ചെയ്താലും കേരളത്തിലെ സഹകരണ സംഘങ്ങൾ രാജ്യത്തെ ഇതര സംസ്ഥാനങ്ങളിലുള്ളവയെ അപേക്ഷിച്ച് ഏറെ മുന്നിലാണ്.

ജില്ലയിലെ സഹകരണ മേഖല ഇന്ന് പല വിധത്തിലുള്ള പ്രശ്നങ്ങളും നേരിടുന്നുണ്ട്. സാമ്പത്തികമായ ബുദ്ധിമുട്ടുകൾ, ശരിയായ നേതൃത്വത്തിന്റെ അഭാവം, സഹകരണ പ്രസ്ഥാനത്തിൽ ജനകീയ ഇടപെടലിന്റെ കുറവ് തുടങ്ങിയവ അവയിൽ ചിലതാണ്. ഈ അവസ്ഥയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ജില്ലയിലെ സഹകരണ പ്രസ്ഥാനത്തിന് ശക്തമായ സംഭാവനങ്ങൾ നൽകുവാൻ സാധിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് മതിയായ നേതൃത്വവും, മാർഗ്ഗനിർദ്ദേശങ്ങളും നല്കുവാൻ കഴിയുന്ന ഒരു കണ്ണിയായി പ്രവർത്തിക്കേണ്ടതാണ്.

ഇടുക്കി ജില്ലയിലെ സഹകരണ പ്രസ്ഥാനത്തിന്റെ ജീവനാഡിയായി പ്രവർത്തിക്കുന്നത് കാർഷിക സഹകരണ ബാങ്കുകളാണ്. സാമാന്യം തൃപ്തികരമായി പ്രവർത്തിക്കുവാൻ ഈ വിഭാഗം സഹകരണ ബാങ്കുകൾക്ക് സാധിക്കുന്നുണ്ട്. എന്നാൽ വർദ്ധിച്ചു വരുന്ന വായ്പാ കുടിശിക, ധനസമാഹരണത്തിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ തുടങ്ങിയ കാരണങ്ങളാൽ യഥാവിധി പ്രവർത്തിക്കുവാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ട്. മറ്റു മേഖലയിലെ സഹകരണ സംഘങ്ങളാകട്ടെ പലവിധ കാര്യങ്ങളാൽ പ്രവർത്തന മാന്ദ്യം അനുഭവിക്കുകയാണ്. സഹകരണ സംഘങ്ങളുടെ നേതൃത്വം കൈയാളുന്നവർ സഹകരണ തത്വങ്ങൾ ഉൾക്കൊള്ളാതെ നടത്തുന്ന പ്രവൃത്തികൾ, അംഗങ്ങളുടെ സഹകരണക്കുറവ് തുടങ്ങിയവ പരിഹരിക്കേണ്ടതായിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിനു വേണ്ടി സർക്കാർ താഴെ പറയുന്ന സ്കീമുകൾ നടപ്പാക്കി വരുന്നു.

1	പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/ബാങ്കുകൾക്കുള്ള ധനസഹായങ്ങൾ	27	വിദ്യാഭ്യാസ സഹകരണ സംഘങ്ങൾക്കുള്ള ഓഹരി
2	സ്വയം സഹായ ഗ്രൂപ്പുകൾ(SHG) രൂപീകരിച്ചിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം	28	സഹകരണ ആശുപത്രി സംഘങ്ങൾക്ക് ആംബുലൻസ് വാങ്ങുന്നതിനുള്ള സബ്സിഡി
3	സ്വയം സഹായ സംഘങ്ങൾക്കുള്ള സബ്സിഡി (ഗ്രാന്റ്)	29	ആശുപത്രി സഹകരണ സംഘങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനോ, അല് ലെങ്കില് സ്ഥലം ഉൾപ്പെടെ കെട്ടിടം വാങ്ങുന്നതിനോ ഉള്ള ധനസഹായം
4	സ്വന്തം ഫണ്ടുപയോഗിച്ച് കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലായി ഹ്രസ്വകാല കാർഷിക വായ്പാ വിതരണം ചെയ്ത പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾക്കുള്ള പ്രോത്സാഹന സമ്മാനം	30	ജില്ലാ സഹകരണ ആശുപത്രി സംഘങ്ങൾക്ക് ആധുനികവല്ക്കരണത്തിന് ഉപകരണങ്ങൾ വാങ്ങുന്നതിനും പാരാമെഡിക്കല് കോഴ്സുകൾ നടത്തുന്നതിനുമുള്ള ധനസഹായം
5	നെൽ കൃഷിയ്ക്കുള്ള വായ്പാ കൂടുതൽ നൽകുന്നതിനുള്ള ധനസഹായം	31	ആശുപത്രി സംഘങ്ങൾക്ക് രോഗനിർണ്ണയത്തിനുള്ള അത്യാധുനിക/ അത്യന്താധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം

6	കൊയ്ത്ത് യന്ത്രം വാങ്ങുന്നതിനുള്ള പ്രോത്സാഹന ഗ്രാന്റ്	32	മറ്റ് പല വക സംഘങ്ങൾക്ക് ഓഹരി മൂലധനം
7	നെൽകൃഷിയ്ക്ക് പലിശരഹിത വായ്പാ - പലിശ സബ്സിഡി	33	വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ധനസഹായം
8	വനിതാ അംഗങ്ങൾക്ക് തൊഴില് പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾക്കുള്ള ധനസഹായം	34	പട്ടികജാതി/പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള ഓഹരി മൂലധനം
9	ജീവനക്കാരുടെ സഹകരണ സംഘങ്ങൾക്കുള്ള ഓഹരി മൂലധാനം	35	പട്ടികജാതി/പട്ടിക വർഗ്ഗ് സഹകരണ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്
10	സഹകരണ സംഘങ്ങളുടെ കമ്പ്യൂട്ടർവല്ക്കരണം	36	പട്ടികജാതി പട്ടികവർഗ്ഗ പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും പുരനരുദ്ധരീകരിക്കുന്നതിനും ഗ്രാന്റ്, ഓഹരി മൂലധനം എന്നിവയ്ക്കുള്ള സാമ്പത്തിക സഹായങ്ങൾ (ഗ്രാന്റ്, ഒാഹരി മൂലധനം)
11	അർബൻ സഹകരണ ബാങ്കുകൾക്കുള്ള ഓഹരി	37	ദുർബ്ബലവും എന്നാൽ ശക്തിയാർജ്ജിക്കാൻ സാദ്ധ്യതയുള്ളതുമായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതി
12	അർബൻ സഹകരണ സംഘങ്ങൾക്കുള്ള ഓഹരി	38	സഹകരണ സംഘങ്ങളുടെ വികസനത്തിനും പ്രവർത്തന വൈവിദ്ധ്യവല്ക്കരണത്തിനുമുള്ള ധനസഹായം
13	പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങൾ/സ്റ്റോറുകളുടെ പുനരുദ്ധാരണം	39	മാതൃകാ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം
14	നീതി സ്റ്റോറും നീതിമെഡിക്കല് സ്റ്റോറും നടത്തുന്നതിനുള്ള ഓഹരി മൂലധന വിഹിതവും സബ്സിഡിയും	40	പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾക്കുള്ള ഓഹരി
15	നീതി സ്റ്റോർ നടത്തുന്നതിലേയ്ക്കായി കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷനും പ്രാഥമിക കാർഷിക വായ്പാ സംഘത്തിനും പലിശ രഹിത വായ്പ	41	ബയോഗ്യാസ് പ്ലാന്റ് - പലിശ രഹിത വായ്പാ പദ്ധതി
16	കൺസ്യൂമർ സഹകരണ സംഘങ്ങളുടെ വികസനം ധനസഹായം	42	ദുർബല വിഭാഗത്തില്പ്പെട്ട വിപണന സംഘങ്ങളുടെ പുനരുദ്ധാരണം (സബ്സിഡി, ഓഹരി, വായ്പ)
17	പ്രാഥമിക കൺസ്യൂമർ സ്റ്റോറുകൾ/ജില് ലാ മൊത്ത വ്യാപാര സ്റ്റോറുകൾ എന്നിവയ്ക്കുള്ള - ഓഹരി മൂലധനം	43	കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുന്നതിന് പ്രാഥമിക വിപണന സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം

18	യൂണിവേഴ്സിറ്റി സെൻട്രൽ സഹകരണ സംഘം - ഓഹരി മൂലധനം	44	കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി
19	സ്കൂൾ, കോളേജ് സഹകരണ സംഘങ്ങൾക്കുള്ള പ്രവർത്തന മൂലധന ഗ്രാന്റും മാനേജീരിയൽ സബ്സിഡിയും	45	ആർ.ഐ.ഡി.എഫ്. (നബാർഡ് പദ്ധതി)
20	സഹകരണ ഭക്ഷണശാല സംഘങ്ങൾക്ക് സർക്കാർ ഓഹരി മൂലധനം	46	കർഷക സേവന കേന്ദ്രം
21	സ്കൂൾ/കോളേജ് സഹകരണ സംഘങ്ങൾക്ക് ഉപകരണങ്ങൾ, ഫർണീച്ചർ, ഫിറ്റിംഗ്സ് എന്നിവയ്ക്കുള്ള ഗ്രാന്റ്	47	അശരണരായ സഹകാരികൾക്കുള്ള ധനസഹായം
22	സ്കൂൾ, കോളേജ് സഹകരണ സ്റ്റോറുകൾക്ക് സർക്കാർ ഓഹരി മൂലധന വിഹിതം	48	ഓട്ടോറിക്ഷാ ഡ്രൈവേഴ്സ്/ടാക്സി ഡ്രൈവേഴ്സ് സഹകരടണ സംഘങ്ങൾക്കുള്ള ഓഹരി
23	വനിതാ സഹകരണ സംഘങ്ങൾ ഓഹരി മൂലധന വിഹിതം, മാനേജീരിയൽ സബ്സിഡി	49	മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങൾ/ആട്ടോറിക്ഷാ സഹകരണ സംഘങ്ങൾ/ സ്പെയർ പാർട്സ് ഷോപ്പ്/ വർക്ക് ഷോപ്പ് തുടങ്ങുന്നതിനുള്ള അധിക ഒാഹരി മൂലധനം
24	ദുർബല വനിതാ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം	50	പ്രിന്റിംഗ് സഹകരണ സംഘങ്ങൾക്കുള്ള ഓഹരി മൂലധനം
25	വനിതാ സഹകരണ സംഘങ്ങൾക്കുള്ള ഓഹരി	51	വികലാംഗ സഹകരണ സംഘങ്ങൾക്കുള്ള ഓഹരി മൂലധനം
26	മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങൾക്കുള്ള ഓഹരി	52	ആശുപത്രി സഹകരണ സംഘങ്ങൾക്കുള്ള ഓഹരി മൂലധനം
	എൻ.സി.ഡി.സി. പദ്ധതികൾ		
1.	കാർഷിക സംസ്ക്കരണ പ്രവർത്തനങ്ങൾക്കുള്ള എൻ.സി.ഡി.സി. ധനസഹായം	6	പ്രാഥമിക വിപണന സംഘങ്ങളുടെ ഒാഹരി മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനും ദുർബ്ബല വിപണന സംഘങ്ങളെ പുനരുദ്ധരികരിക്കുന്നതിനുമുള്ള സഹായം
2	കാർഷികോത്പന്നങ്ങളുടെ ഗുണനിലവാരം, തരംതിരിക്കല്, കമ്പോളത്തന്റെ പശ്ചാത്തല സൗകര്യം വികസനം, ഗോഡൗൺ നിർമ്മാണം എന്നിവയ്ക്കായി സഹായം	7	റൂറൽ കൺസ്യൂമർ സ്കീം നടപ്പിലാക്കുന്നതിനുള്ള ധനസഹായം
3	മാർക്കറ്റിംഗ് സംഘങ്ങൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ മറ്റ്	8	ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം

	സഹകരണ സംഘങ്ങൾ- ഫാർമേഴ്സ് സർവ്വീസ് സെന്റർ പ്രവർത്തിപ്പിക്കുന്നതിനുള്ള എൻ.സി.ഡി.സി. ധനസഹായം		
4	വിപണന പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കുന്നതിന് പ്രാഥമിക കാർഷിക വിപണന സഹകരണ സംഘങ്ങൾക്കുള്ള മാർജിൻ മണി/ ദീർഘകാല വായ്പ	9	ടൂറിസം, ഹോസ്പിറ്റാലിറ്റി, ട്രാൻസ്പോർട്ട്, പുതിയതും പാരമ്പര്യേതരവും പുനരുപയോഗിക്കാൻ കഴിയുന്നതുമായ ഊർജ്ജസ്രോതസ്സുകളിൽ നിന്നുമുള്ള ഊർജ്ജ ഉത്പാദനവും വിതരണവും, ഗ്രാമീണ വന പദ്ധതികൾ എന്നിവയില് ഏർപ്പെട്ടിട്ടുള്ള സംഘങ്ങൾക്കുള്ള ധനസഹായം
5	പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ ഉൾപ്പെടെയുള്ള വായ്പാ സംഘങ്ങൾക്ക് കാർഷിക വായ്പാ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതി	10	ആശുപത്രി, ഹെൽത്ത്കെയർ, വിദ്യാഭ്യാസ പദ്ധതികളിൽ സേവനം നല്കുന്നതിലേർപ്പെട്ടിട്ടുള്ള സഹകരണ സംഘങ്ങൾക്കുള്ള വായ്പാ/ഓഹരി മൂലധന സഹായം

സഹകരണ മേഖല - ഒരു പഠനം

ഇടുക്കി ജില്ലയിൽ കരുത്തുറ്റ ഒരു സഹകരണ മേഖലയാണ് പ്രവർത്തിക്കുന്നത്. വിവിധ മേഖലകളായി സംഘങ്ങളാണ് ജില്ലയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. ജില്ലയിലെ നാല് താലൂക്കുകളിലായി വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ പട്ടിക താഴെ ചേർക്കുന്നു.

	അഗ്രികൾച്ചറൽ കഡിറ്റ് സംഘം	വനിതാ സംഘം	ഹൗസിംഗ് സംഘം	മറ്റു വിഭാഗം	ആകെ
തൊടുപുഴ	25	23	6	210	264
ഉടുമ്പന്ചോല	29	24	6	213	272
ദേവികുളം	9	15	3	101	128
പീരുമേട്	8	6	1	65	80
ആകെ	71	68	16	589	744

കാർഷിക സഹകരണ ബാങ്കുകളാണ് സഹകരണ പ്രസ്ഥാനത്തിന്റെ ജീവനാഡി എന്ന് വിശേഷിപ്പിക്കാം. തികച്ചും ഒരു കാർഷിക മേഖലയായ ഇടുക്കി ജില്ലയിൽ, ജില്ലാ സഹകരണ ബാങ്കും, നാല് താലൂക്കുകളിലായി വ്യാപിച്ചു കിടക്കുന്ന കാർഷിക സഹകരണ ബാങ്കുകളും സ്തുത്യർഹമായ സേവനമാണ് കാഴ്ചവച്ചു വരുന്നത്. വായ്പകൾ നൽകുന്നതിന് പുറമേ ജനങ്ങളുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലേയ്ക്കും ഇവയുടെ പ്രവർത്തനം കടന്നു ചെന്നിട്ടുണ്ട്. വളം വിതരണത്തിനുള്ള

ഡിപ്പോകൾ, നീതി സ്റ്റോറുകൾ, കൺസ്യൂമർ സ്റ്റോറുകൾ ഉത്സവകാല ചന്തകൾ തുടങ്ങിയവയുടെ പ്രവർത്തനം ഇവയിൽ ചിലതാണ്.

ജനങ്ങളിൽ സമ്പാദ്യശീലം വളർത്തുവാനുതകുന്ന വിവിധയിനം നിക്ഷേപ പദ്ധതികൾ, ആവിഷ്ക്കരിച്ച് നടപ്പാക്കുക, മ്യൂച്ചൽ ഡിപ്പോസിറ്റ് സ്കീം നടത്തുക തുടങ്ങിയ പ്രവർത്തനങ്ങളും സഹകരണ സംഘങ്ങൾ ചെയ്തു വരുന്നുണ്ട്. ജില്ലയുടെ പ്രധാന കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന മാർക്കറ്റിംഗ് സഹകരണ സംഘങ്ങലുടെ പ്രവർത്തനം ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനും, ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പു വരുത്തുന്നതിനും ഇടയാക്കുന്നുണ്ട്.

കാർഷികേതര വായ്പാ വിതരണം നടത്തുന്ന പ്രധാന സ്ഥാപനങ്ങളായ അർബൻ സഹകരണ ബാങ്കുകൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് അവയുടെ മേഖലകളിൽ തൃപ്തികരമായ പ്രവർത്തനം കാഴ്ചവെക്കുവാൻ കഴിയുന്നുണ്ട്. ഇതിനു പുറമേ നല്ല നിലയിൽ പ്രവർത്തിക്കുന്ന രണ്ട് സഹകരണ ആശുപത്രികൾ തൊടുപുഴയിലും തങ്കമണിയിലും പ്രവർത്തിക്കുന്നുണ്ട്. പ്രീഡിഗ്രി മുതൽ പോസ്റ്റ് ഗ്രാജുവേഷൻ കോഴ്സുകൾ വരെ പഠിപ്പിക്കുവാൻ പര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന 2 സഹകരണ കോളേജുകൾ ജില്ലയ്ക്കുണ്ട്. ആധുനികതയുടെ മുഖമുദ്രയായ കംമ്പ്യൂട്ടർ വിദ്യാഭ്യാസവും ഈ കോളേജുകൾ നല്കി വരുന്നു.

ജില്ലയിലെ ഹൗസിംഗ് സഹകരണ സംഘങ്ങൾ നല്ല നിലയിൽ പ്രവർത്തിക്കുന്നവയാണെങ്കിലും അവ പ്രതിസന്ധികളെ നേരിട്ടു കൊണ്ടിരിക്കുന്നു. ജനങ്ങൾക്ക് അങ്ങേയറ്റം ഉപകാരപ്രദമാവേണ്ട കൺസ്യൂമർ സംഘങ്ങൾ യഥാവിധി പ്രവർത്തിക്കുന്നില്ല. ജില്ലയിലെ 149 സ്കൂൾ, കോളേജ് സഹകരണ സംഘങ്ങൾ വഴി വിദ്യാർത്ഥികൾക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ, നോട്ടുബുക്കുകൾ തുടങ്ങിയവ വിതരണം ചെയ്തു വരുന്നു.

ഇടുക്കി ജില്ലയിലെ ജനങ്ങളുടെ പ്രധാന ഉപജീവന മാർഗ്ഗമാണ് കന്നുകാലി വളർത്തൽ. പ്രധാന കേന്ദ്രങ്ങളിൽ പാൽ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എങ്കിലും അവയുടെ പ്രവർത്തനം കുറ്റമറ്റതാണ് എന്ന് പറയാൻ നിർവ്വാഹമില്ല. സ്റ്റോറേജ് സൗകര്യങ്ങളുടെ അപര്യാപ്തത, യഥാസമയം പാൽ വില നല്കുവാൻ സാധിക്കാത്ത അവസ്ഥ തുടങ്ങിയവ സംഘങ്ങളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ജില്ലയിലെ പാൽ സംഘങ്ങളുടെ പുരോഗതിയ്ക്ക് നിർണ്ണായക സംഭാവന നല്കുവാൻ സാധിക്കും.

പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള 43 സംഘങ്ങളുമാണ് ജില്ലയിലുള്ളത്. ഇതിൽ 21 സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മിക്കവാറും എല്ലാ സംഘങ്ങൾക്കും സ്വന്തമായി സ്ഥലം, കെട്ടിടം എന്നിവയുണ്ട്. എന്നാൽ പട്ടികജാതി, പട്ടികവർഗ്ഗക്കാരായ ജനങ്ങളുടെ പങ്കാളിത്തക്കുറവും ശരിയായ നേതൃത്വത്തിന്റെ അഭാവവും ഈ സംഘങ്ങളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. പട്ടികജാതി/വർഗ്ഗ സംഘങ്ങളുടെ ഉന്നമനം ലാക്കാക്കി സർക്കാർ ഒട്ടനവധി പുതിയ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

അവശ്യവസ്തുക്കളുടെ കുതിച്ചുയരുന്ന വില പിടിച്ചു നിർത്തുന്നതിൽ സഹകരണ വകുപ്പ് കാര്യക്ഷമമായ ഇടപെടലുകൾ മാർക്കറ്റിൽ നടത്തുന്നുണ്ടെങ്കിലും കഷ്ടതയനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് അത്താണിയായി വർത്തിക്കേണ്ട കൺസ്യൂമർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല. ജില്ലാ മൊത്ത വ്യാപാര സംഘത്തിന്റെ പ്രവർത്തനം നാമമാത്രമാണ്. മറ്റു പ്രാഥമിക സഹകരണ സംഘങ്ങളിൽ പ്രവർത്തിക്കുന്നത് ഒരു കൺസ്യൂമർ സ്റ്റോറുകൾ മാത്രമാണ്. ന്യായ വിലയ്ക്ക്, മായം കലരാത്ത ഭക്ഷ്യ വസ്തുക്കളുടെ വിപണനം നടത്തുവാൻ കഴിയുന്ന കൺസ്യൂമർ

സംഘങ്ങളുടെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജില്ലയിലെ സഹകരണ ബാങ്കുകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇടയിൽ ഒരു കൂട്ടായ പ്രവർത്തനം ആസൂത്രണം ചെയ്യേണ്ടതായിട്ടുണ്ട്. ഇവയ്ക്കിടയിൽ യോജിച്ച് പ്രവർത്തിക്കാവുന്ന മേഖലകൾ കണ്ടെത്തുവാൻ കഴിയും. ഉദാഹരണമായി ജില്ലാ പഞ്ചായത്തും ഗ്രാമ പഞ്ചായത്തുകളും നടപ്പിലാക്കുന്ന പല പദ്ധതികളുടെയും നിർവ്വഹണ ചുമതല സഹകരണ സംഘങ്ങളെ ഏല്പ്പിക്കാവുന്നതാണ്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നല്കുന്ന ധനസഹായം സഹകരണ ബാങ്കുകൾ മുഖേന ഒരു ഏജൻസിയായും പ്രവർത്തിക്കുവാൻ കഴിയും. രണ്ട് ജനാധിപത്യ സ്ഥാപനങ്ങളായ സഹകരണ സംഘങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സംയുക്തമായ പ്രവർത്തനം ജില്ലയുടെ സർവ്വോതോമുഖമായ പുരോഗതിയിൽ ഒരു നാഴികക്കല്ലാകും എന്നതിൽ സംശയമില്ല.

വായ്പകളുടെ വിനിയോഗം

ജില്ലയിലെ സഹകരണ ബാങ്ക്/സംഘങ്ങൾ കാർഷിക കാർഷികേതര വായ്പകൾ വിതരണം ചെയ്യുന്നുണ്ട്. അംഗങ്ങൾക്കാവശ്യമായ കാർഷികേതര വായ്പകൾ വിതരണം ചെയ്യുന്നത് പ്രധാനമായും അർബൻ ബാങ്കുകൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, ഹൗസിംഗ് സഹകരണ സംഘങ്ങൾ എന്നിവ മുഖേനയാണ്. കാർഷിക വായ്പകൾ വിതരണം ചെയ്യുന്നത് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ മുഖേനയാണ്. ഉല്പാദനപരമല്ലാത്ത മേഖലകളിൽ വായ്പ വിതരണം ചെയ്ത് ചെലവഴിക്കുന്നതു മൂലം വായ്പ യഥാവിധി തിരിച്ചടയ്ക്കുവാൻ കഴിയാതെ കുടിശിക വർദ്ധിക്കുവാൻ ഇടവരുന്നുണ്ട്. വായ്പാ തുകയുടെ വിനിയോഗം സംബന്ധിച്ച് അംഗങ്ങളെ ബോധവാൻമാരാക്കുകയും, വായ്പാ തുക തിരികെ അടയ്ക്കേണ്ടതിന്റെ ആവശ്യകത അവരെ മനസ്സിലാക്കുകയും ചെയ്താൽ, വകമാറി ചെലവഴിക്കുന്നത് ഒരു പരിധിവരെ തടയുവാൻ സാധിക്കും. കാർഷികേതര വായ്പകളുടെ വിനിയോഗം ഏതാണ്ട് തൃപ്തികരമാണെങ്കിലും കുടിശികയുടെ നില ഈ മേഖലയിലും കുറയ്ക്കേണ്ടതുണ്ട്.

പ്രത്യേക പരിഗണന അർഹിക്കുന്നവ

1. വനിതാ സംഘങ്ങൾ

ഇടുക്കി ജില്ലയിൽ വനിതാ സംഘങ്ങളുടെ പ്രവർത്തനത്തിന് നല്ല സാദ്ധ്യതകളുണ്ട്. നിലവിൽ ജില്ലയിലെ എല്ലാ താലൂക്കുകളിലും വനിതാ സംഘങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും അവ യഥാവിധി പ്രവർത്തിക്കുന്നില്ല. ശരിയായ നേതൃത്വത്തിന്റെ അഭാവവും വനിതകളുടെ കുറഞ്ഞ പങ്കാളിത്തവും വനിതാ സഹകരണ സംഘങ്ങൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്.

വനിതാ സംഘങ്ങൾക്ക് ഫലപ്രദമായ പ്രവർത്തിക്കുവാൻ കഴിയുന്ന പുതിയ മേഖലകൾ കണ്ടെത്തി പ്രവർത്തിച്ചാൽ വനിതകളുടെ ഉന്നമനത്തിന് സഹായിക്കും എന്നതിൽ സംശയമില്ല. റെഡിമെയ്ഡ് വസ്ത്രങ്ങളുടെ നിർമ്മാണം, വിവിധ തരം ഭക്ഷണങ്ങളുടെയും അച്ചാറുകളുടെയും പലഹാരങ്ങളുടെയും നിർമ്മാണം, ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം, ഹാന്റിക്രാഫ്റ്റ് ഉത്പന്നങ്ങളുടെ നിർമ്മാണവും വിപണനവും തുടങ്ങിയ മേഖലകളിൽ വനിതാ സഹകരണ സംഘങ്ങൾക്ക് ഫലപ്രദമായി പ്രവർത്തിക്കുവാൻ കഴിയും. കൂടാതെ ജില്ലയിലെ പ്രധാന കേന്ദ്രങ്ങളിലും ടൂറിസ്റ്റ് കേന്ദ്രങ്ങളിലും വനിതാ കാന്റീൻ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിപ്പിക്കാവുന്നതാണ്. ന്യായവിലയ്ക്ക് നല്ല ഭക്ഷണം ജനങ്ങൾക്ക് ലഭ്യമാക്കിയാൽ

ഇത്തരം സംഘങ്ങൾക്ക് ലാഭകരമായി പ്രവർത്തിക്കുവാൻ കഴിയുന്നതും കൂടുതൽ വനിതകൾക്ക് തൊഴിലവസരം സൃഷ്ടിക്കുവാൻ കഴിയുന്നതുമാണ്.

2. സ്വയം സഹായ ഗ്രൂപ്പുകൾ

കാർഷിക രംഗത്ത് ഉണ്ടായിട്ടുള്ള ഉല്പാദന മാന്ദ്യത്തിന്റെയും അനുബന്ധ പ്രശ്നങ്ങളെയും കുറിച്ച് നിരവധി പഠനങ്ങൾ നടത്തുകയും പ്രതിവിധികൾ നിർദ്ദേശിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അതിൽ ഫലപ്രദമായ ആശയമാണ് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് കീഴിൽ സ്വയംസഹായ ഗ്രൂപ്പുകൾ (എസ്.എച്ച്.ജി.) രൂപീകരിച്ച് പദ്ധതികൾ നടപ്പിലാക്കുന്നത്. പ്രാഥമിക സംഘത്തിന്റെ പരിധിയിൽ ഒരു പ്രദേശത്തുള്ള 15 മുതൽ 20 വരെ വ്യത്യസ്ത കുടുംബങ്ങളിലെ ആളുകളെ ചേർത്ത് അവർ പരസ്പരം സഹായിച്ച് അറിവും വിഭവങ്ങളും ഉപയോഗപ്പെടുത്തി കാർഷിക പദ്ധതികൾ തയ്യാറാക്കി അതിനനുസരിച്ച് സാമ്പത്തിക സഹായം നല്കിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇത്തരത്തിൽ ഹ്രസ്വകാല വായ്പകളും മദ്ധ്യകാല വായ്പകളും അനുവദിക്കുന്നതാണ്.

സംഘങ്ങളുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനും, പ്രവർത്തന ശേഷി വർദ്ധിപ്പിക്കുന്നതിനും, പര്യാപ്തമായ വിധം രൂപം കൊടുത്തിട്ടുള്ള പദ്ധതികളുടെ നടത്തിപ്പിനാണ് സംഘങ്ങൾക്ക് സഹായം അനുവദിച്ചിട്ടുള്ളത്. കഴിഞ്ഞ മൂന്ന് വർഷ പദ്ധതികൾ അവലോകനം ചെയ്താൽ പ്രധാനമായും പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങളുടെ പ്രോജക്ടുകൾക്കാണ് ധനസഹായം നല്കിയിട്ടുള്ളത് എന്നു കാണാവുന്നതാണ്. സമൂഹത്തിലെ ദുർബല വിഭാഗങ്ങളിൽപെട്ട പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിന് ഇത് എത്രത്തോളം പ്രയോജനപ്പെട്ടിട്ടുണ്ട് എന്നുള്ളതിനെക്കുറിച്ച് വിശദമായ ഒരു പഠനം തന്നെ നടത്തേണ്ടതുണ്ട്.

പുതിയ സംഘങ്ങളുടെ രൂപീകരണം

പ്രധാനപ്പെട്ട പല മേഖലകളിലും പുതിയ സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കാവുന്നതാണ്. അവയിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നവ ഏതെന്ന് പരിശോധിക്കാം.

1. കാർഷിക സഹകരണ സംഘങ്ങളുടെ അപെക്സ് സംഘം

ജില്ലയിൽ ലഭ്യമാകുന്ന വിവിധ കാർഷികോത്പന്നങ്ങൾ സംഭരിച്ച്, സംസ്കരിച്ച് വിപണനം നടത്തുവാൻ ഈ സംഘത്തിന് സാധിക്കുന്നതാണ്. ഉദാഹരണത്തിന് കുരുമുളക്, ചുക്ക്, കാപ്പി, കൊക്കോ തുടങ്ങിയവ സംസ്ക്കരിച്ച് പുതിയ ഉത്പന്നങ്ങൾ വിപണിയിൽ എത്തിച്ചാൽ നല്ല വിപണന സാദ്ധ്യതയുണ്ട്. ജില്ലയിലെ എല്ലാ കാർഷിക സഹകരണ സംഘങ്ങൾക്കും, ജില്ലാ ബാങ്കിനും അപെക്സ് സഹകരണ സംഘത്തിൽ അംഗത്വം നൽകാവുന്നതാണ്.

2. **ഊർജോത്പാദന സഹകരണ സംഘം**

കൂടുതൽ ഊർജ്ജോത്പാദനം ലക്ഷ്യമാക്കി ചെറുകിട വൈദ്യുത പദ്ധതികൾ നടപ്പാക്കുന്നതിനായി സഹകരണ സംഘം ജില്ലാ തലത്തിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ജില്ലയിലെ മുഴുവൻ സഹകരണ സംഘങ്ങൾക്കും ഇതിൽ അംഗത്വം നൽകാവുന്നതാണ്.

3. **ജില്ലാതല ടൂറിസം സംഘം**

ടൂറിസം മേഖലയിൽ അനന്ത സാദ്ധ്യതകൾ ഉള്ള ജില്ലയാണ് ഇടുക്കി. വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങൾ തിരഞ്ഞെടുത്ത് അവിടങ്ങളിൽ ടൂറിസം വികസനത്തിന് അനുയോജ്യമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ ഇത്തരം സംഘങ്ങൾക്ക് കഴിയും. ഇപ്രകാരം സംഘം രൂപീകരിച്ച് പ്രവർത്തിച്ചാൽ എൻ.സി.ഡി.സി. പോലുള്ള സ്ഥാപനങ്ങളിൽ നിന്നും ധനസഹായം ലഭ്യമാകും എന്നതിനു പുറമേ തൊഴിലില്ലായ്മയ്ക്ക് ഒരു പരിഹാരം ഉണ്ടാകുകയും ചെയ്യുന്നതാണ്.

4. **ജില്ലാതല പഴം, പച്ചക്കറി,പുഷ്പകൃഷി സഹകരണ സംഘം**

തൊടുപുഴയിൽ ഇപ്പോൾ പ്രവർത്തിക്കുന്ന പഴം, പച്ചക്കറി സഹകരണ സംഘത്തിന് ജില്ലാതല സംഘമായി പ്രവർത്തിക്കാവുന്നതും പ്രസ്തുത സംഘത്തിന് കീഴിലായി താലൂക്ക് തല സംഘങ്ങൾ രൂപീകരിച്ച് ജില്ലയിലെ കർഷകരുടെ ഉത്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുവാൻ സഹായകരമാവുന്ന രീതിയിൽ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുവാനും കഴിയുന്നതാണ്.

5. **ക്യാന്റീൻ സഹകരണ സംഘങ്ങൾ**

ജനറൽ വിഭാഗത്തിലും വനിതകൾക്ക് മാത്രമായും ക്യാന്റീൻ സംഘങ്ങൾ ജില്ലയിലെ പ്രധാന സ്ഥലങ്ങളില് കേന്ദ്രീകരിച്ച് രൂപീകരിക്കാവുന്നതാണ്. ന്യായമായ വിലയ്ക്ക് നല്ല ഭക്ഷണം നല്കുവാൻ സാധിക്കുന്ന ക്യാന്റീനുകൾ പ്രവർത്തിക്കുന്നത് ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമായിരിക്കും.

സാമൂഹ്യസുരക്ഷിതത്വ പെൻഷൻ വിതരണം

സംസ്ഥാന സർക്കാരിന്റെ 15.08.2016 ലെ ജി.ഒ. (എം.എസ്.) നമ്പർ 324/2016/ഫിൻ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ സഹകരണ ബാങ്കുകൾ/സംഘങ്ങൾ മുഖേന ഗുണഭോക്താക്കളുടെ വീടുകളിൽ എത്തിച്ചു കൊടുക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതു പ്രകാരം ജില്ലയിൽ 52 ഗ്രാമ പഞ്ചായത്തുകളുടെയും 2 മുനിസിപ്പാലിറ്റിയുടെയും സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം 72 സഹകരണ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുകയും ടി സ്ഥാപനങ്ങൾ വഴി പെൻഷൻവിതരണം നടത്തി വരുകയും ചെയ്യുന്നു. ഇപ്രകാരം ഒന്നു മുതൽ അഞ്ച് ഘട്ടങ്ങളിലായി താഴെ പറയുന്ന തുകകൾ വിതരണം ചെയ്തിട്ടുണ്ട്.

ക്രമ നമ്പർ	ഘട്ടം	വിതരണം ചെയ്ത എണ്ണം	വിതരണം ചെയ്ത തുക
1	ഒന്നാം ഘട്ടം (ഓണം 2016)	52601	33,03,03,025
2	രണ്ടാം ഘട്ടം (ക്രിസ്തുമസ് 2016)	22178	7,20,13,200
3	മൂന്നാം ഘട്ടം (വിഷു 2017)	23684	7,69,01,600
4	നാലാം ഘട്ടം (ഏപ്രിൽ 2017)	24906	2,89,19,500
5	അഞ്ചാം ഘട്ടം (ഓണം 2017)	25622	14,11,20,900

കോർ ബാങ്കിംഗ്

സഹകരണ വകുപ്പിന്റെയും ഇടുക്കി ജില്ലാ സഹകരണ ബാങ്കിന്റെയും നേതൃത്വത്തിൽ ഇടുക്കി ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സമ്പ്രദായം നടപ്പിലാക്കി വരുന്നു. ജില്ലയിൽ നടപ്പിലാക്കി വരുന്ന ഐ.സി.ഡി.പി. രണ്ടാംഘട്ട പ്രോജക്ടിന്റെ ഭാഗമായി നടത്തപ്പെടുന്ന ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് ജോയിന്റ് രജിസ്ട്രാർ അദ്ധ്യക്ഷനായിട്ടുള്ള മോണിട്ടറിംഗ് കമ്മറ്റി പ്രവർത്തിച്ചു വരുന്നു.

ജില്ലയിൽ 19.10.2015 ൽ കെ.340-ാം നമ്പർ മലനാട് സർവ്വീസ് സഹകരണ ബാങ്കിൽ ടി പ്രോജക്ട് വിജയകരമായി ആരംഭിക്കുകയും തുടർന്ന് ജില്ലയിലെ 71 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ 62 എണ്ണവും, ഒരു അർബൻ ബാങ്കും ഉൾപ്പെടെ 62 ബാങ്കുകൾ കോർ ബാങ്കിംഗ് സിസ്റ്റത്തിൽ പ്രവർത്തിച്ചുവരുന്നു. കോർ ബാങ്കിംഗ് പദ്ധതിയുടെ നടത്തിപ്പിനായി ജില്ലയിലെ ഇൻസ്പെക്ടർമാർക്കും ആഡിറ്റർമാർക്കും കമ്പ്യൂട്ടർ പരിശീലനം നൽകിയിട്ടുണ്ട്.

സഹകരണ മേഖല നേരിടുന്ന പ്രശ്നങ്ങൾ - പരിഹാരങ്ങൾ

ജില്ലയിലെ സഹകരണ മേഖലയിലെ പ്രവർത്തനം ആകെ വിശകലനം ചെയ്താൽ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ ചില അപാകതകൾ ഉള്ളതായി കാണാവുന്നതാണ്. വർദ്ധിച്ച് വരുന്ന വായ്പാ കുടിശ്ശികയാണ് ഇതിൽ പ്രധാനം. ഉൽപ്പാദന പരമല്ലാത്ത ആവശ്യങ്ങൾക്കായി കാർഷിക വായ്പകൾ വിനിയോഗിക്കുന്നതു മൂലം വായ്പകൾ യഥാസമയം തിരിച്ചടയ്ക്കാതെ കുടിശ്ശിക വരുത്തുന്ന പ്രവണത കാണുന്നുണ്ട്. ഈ പ്രവണത സംഘങ്ങളുടെ മുന്നോട്ടുള്ള പ്രയാണത്തിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. കൂടാതെ ജനങ്ങളുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട മറ്റു പല മേഖലകളിലും സംഘം പ്രവർത്തനം വ്യാപിച്ചിട്ടുണ്ട്. ലാഭേച്ഛ കൂടാതെയുള്ള ഇത്തരം പ്രവർത്തനങ്ങൾ സംഘങ്ങൾക്ക് നഷ്ടം വരുത്തുവാൻ കാരണമായിട്ടുണ്ട്.

സംഘങ്ങളുടെ യഥാവിധിയുള്ള പ്രവർത്തനങ്ങൾക്ക് ഫണ്ടിന്റെ ലഭ്യത നിർണ്ണായക ഘടകമാണ്. സാമ്പത്തിക രംഗത്ത് പൊതുവേയുള്ള മാന്ദ്യം ഫണ്ടിന്റെ ലഭ്യതയേയും ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഇപ്പോൾ വളരെ പ്രാധാന്യമർഹിക്കുന്ന പ്രവർത്തനം കാഴ്ചവെക്കേണ്ട ഹൗസിംഗ് സഹകരണ സംഘങ്ങൾ പ്രതിസന്ധിയെ നേരിടുകയാണ്. പലിശ നിരക്ക് കൂടുതലും വായ്പാ തുകയ്ക്ക് ആനുപാതികമായി ഓഹരി എടുക്കണമെന്ന വ്യവസ്ഥയും ഹൗസിംഗ് സംഘങ്ങളെ സമീപിക്കുന്നതിൽ നിന്നും അംഗങ്ങളെ വിമുഖരാക്കുന്നു. പലിശയ്ക്ക് സബ്സിഡി നല്കിയും ഓഹരി അനുപാതത്തിൽ കുറവ് വരുത്തിയും ഒരളവുവരെ ഇതിന് പരിഹാരം കാണുവാൻ കഴിയുന്നതാണ്. സഹകരണ സംഘങ്ങളുടെ പ്രവർത്തന മൂലധനത്തിന്റെ അഭാവം, സ്വകാര്യ മേഖലയിൽ നിന്നുമുള്ള മത്സരം, ബിസിനസ്സ് നടത്തുന്നതിന്റെ വൈദഗ്ധ്യക്കുറവ് തുടങ്ങിയവ ഈ മേഖലയിലെ പ്രശ്നങ്ങളാണ്. ഇവയുടെ പ്രവർത്തനം എങ്ങിനെ കരുത്തുറ്റതാക്കാം എന്നതിനെ സംബന്ധിച്ച് ആഴത്തിലുള്ള പഠനം തന്നെ ആവശ്യമാണ്.

സഹകരണ സംഘങ്ങളുടെ നേതൃത്വം കൈയ്യാളുന്നവരുടെ, സഹകരണതത്വങ്ങൾക്ക് അനുസൃതമല്ലാത്ത പ്രവർത്തികൾ, ചുരുക്കം ചില അവസരങ്ങളിലെങ്കിലും സംഘങ്ങളുടെ പ്രവർത്തനം പ്രതിസന്ധിയിലായ സന്ദർഭങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഇത്തരം ബാഹ്യ ഇടപെടലുകൾ തടയേണ്ടതായിട്ടുണ്ട്. സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സഹകാരികൾ എന്നീ ഘടകങ്ങളുടെ കൂട്ടായ പരിശ്രമം ജില്ലയിലെ സഹകരണ മേഖലയ്ക്ക് പുത്തൻ ഉണർവേകാൻ സഹായിക്കും എന്നതിൽ സംശയമില്ല.

ഖാദി ഗ്രാമ വ്യവസായം

1957-ലെ കേരള നിയമസഭയുടെ ആക്ട് IX പ്രകാരമാണ് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് രൂപീകൃതമായത്. ഖാദിയുടെ മഹത്വവും പ്രസക്തിയും പ്രചരിപ്പിക്കുക, സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതിക്കനുസരിച്ച് ഖാദി വ്യവസായ മേഖലയെ പ്രോൽസാഹിപ്പിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുക, കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ത്രിതല പഞ്ചായത്തുകളിൽ നിന്നും ലഭ്യമാകുന്ന സാമ്പത്തിക സഹായം വിനിയോഗിച്ച് സംസ്ഥാനത്ത് ഖാദി ഗ്രാമ വ്യവസായ പദ്ധതികൾ നടപ്പിലാക്കുക, ഗ്രാമീണ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ഖാദി ഗ്രാമ വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് ആവശ്യമായ സാമ്പത്തിക സഹായവും വിപണന സൗകര്യവും ലഭ്യമാക്കുക തുടങ്ങിയവയാണ് ഖാദി ബോർഡിന്റെ ധർമ്മവും കടമയും.

ഖാദി വ്യവസായം

തികച്ചും പരമ്പരാഗത രീതിയിൽ നിർമ്മിച്ചെടുക്കുന്നതാണ് ഖാദി തുണിത്തരങ്ങൾ, കോട്ടൺ പഞ്ഞികൊണ്ട് സ്ലൈവർ നിർമ്മിക്കുകയും ആയത് ചർക്കയിൽ നൂലാക്കി മാറ്റുകയും ആവശ്യാനുസരണം ടി നൂൽ കളർ ചെയ്തെടുക്കുകയും ചെയ്യുന്നു. ഈ നൂൽ ഉപയോഗിച്ച് തറികളിൽ നെയ്തെടുക്കുന്നതാണ് ഖാദി തുണിത്തരങ്ങൾ. പരിസ്ഥിതിക്കും, കാലാവസ്ഥയ്ക്കും തികച്ചും അനുയോജ്യമായ ഖാദി വസ്ത്രങ്ങൾക്ക് ഇപ്പോൾ വർദ്ധിച്ച സ്വീകാര്യത ലഭിച്ചു വരുന്നു. സ്വന്തമായി തൊഴിൽ ശാലകൾ പ്രവർത്തിപ്പിക്കാൻ കഴിവില്ലാത്ത ഭൂരിപക്ഷത്തെ ലക്ഷ്യമാക്കി ഗ്രാമീണമേഖലയിൽ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് നേരിട്ട് ത്രിതല പഞ്ചായത്തുകളുമായി സഹകരിച്ച് ഖാദി ഉൽപന്ന യൂണിറ്റുകൾ പ്രവർത്തിപ്പിച്ച് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ധാരാളം തൊഴിലവസരങ്ങൾ നൽകി വരുന്നു. ഇടുക്കി ജില്ലയിൽ ഉടുമ്പന്നൂർ, കോടിക്കുളം, വാഴത്തോപ്പ് എന്നീ സ്ഥലങ്ങളിൽ ഖാദി നെയ്ത്ത് നൂൽ കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. ആകെ 47 അംഗീകൃത തൊഴിലാളികൾ ജോലി ചെയ്യുന്നവയിൽ ആറ് ശതമാനവും സ്ത്രീകളാണ് എന്ന പ്രത്യേകതയുണ്ട്. ക്ഷേമനിധി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്ന ഈ തൊഴിലാളികൾക്ക് സർക്കാർ വരുമാന പൂരക പദ്ധതി നടപ്പിലാക്കി വരുന്നു. ഈ തൊഴിലാളികൾക്ക് ഇ.എസ്.ഐ ആനുകൂല്യങ്ങളും ലഭിച്ചു വരുന്നു. ഈ തൊഴിലാളികൾ നിർമ്മിക്കുന്ന തുണികളും ഇതര ജില്ലകളിൽ നിന്നും കളക്ട് ചെയ്യുന്ന തുണികളും വിറ്റഴിക്കുന്നതിന് ഇടുക്കി ജില്ലയിൽ കട്ടപ്പന, തൊടുപുഴ എന്നിവിടങ്ങളിൽ 3 വില്പന ശാലകൾ പ്രവർത്തിച്ചു വരുന്നു. ഖാദിയുടെ വില്പന പ്രോൽസാഹിപ്പിക്കുന്നതിന് തുണിത്തരങ്ങൾക്ക് ഉത്സവകാലങ്ങളിൽ സർക്കാർ റിബേറ്റ് നൽകി വരുന്നു. സർക്കാർ അർദ്ധസർക്കാർ ജീവനക്കാർക്ക് ക്രെഡിറ്റ് സൗകര്യം ഏർപ്പെടുത്തിയാണ് വില്പന ലക്ഷ്യം പൂർത്തീകരിക്കുന്നത്.

ഗ്രാമ വ്യവസായം

ഗ്രാമീണ വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനും അതുവഴി ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് വിവിധ തരത്തിലുള്ള ഗ്രാമീണ വ്യവസായ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (പി.എം.ഇ.ജി.പി)

ഭാരത സർക്കാരിന്റെ എം.എസ്.എം.ഇ മന്ത്രാലയം ആവിഷ്കരിച്ച് സംസ്ഥാന തലത്തിൽ നടപ്പിലാക്കി വരുന്ന തൊഴിൽ ദായക പദ്ധതിയാണ് പി.എം.ഇ.ജി.പി. ജില്ലയിൽ വിജയകരമായി നടപ്പിലാക്കി വരുന്ന പദ്ധതി പ്രകാരം 71 ലക്ഷം രൂപാ 2016-2017-ൽ സബ്സിഡിയായി വിതരണം ചെയ്തു കഴിഞ്ഞു. ഇത് വഴി 150 തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിച്ചു.

എന്റെ ഗ്രാമം പദ്ധതി

സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതം വിനിയോഗിച്ച് വിജയകരമായി നടപ്പിലാക്കി വരുന്ന പ്രത്യേക തൊഴിൽദായക പദ്ധതിയാണ് എന്റെ ഗ്രാമം. 2016-2017-ൽ 30 ലക്ഷം രൂപ ഈ പദ്ധതി പ്രകാരം സബ്സിഡിയായി വിതരണം ചെയ്തു കഴിഞ്ഞു. ഇത് വഴി 266 തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിച്ചു.

തേനീച്ച വളർത്തൽ പദ്ധതി

തേനീച്ച കർഷകർക്ക് പരിശീലനവും തേനീച്ചപ്പെട്ടിയും കോളനിയും വാങ്ങുന്നതിന് 50 % സബ്സിഡിയും നൽകുന്ന പദ്ധതി സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതം വിനിയോഗിച്ച് നടപ്പിലാക്കി വരുന്നു. ഇടുക്കി ജില്ലയിലെ വിവിധ പഞ്ചായത്തുകളിലെ ഇരുനൂറോളം കർഷകർക്ക് ഇതിനകം തേനീച്ച വളർത്തലിൽ പരിശീലനം നൽകിയിട്ടുണ്ട്. തേനീച്ച വളർത്തലിൽ പരിശീലനം നൽകുന്നതിന് ആവശ്യമായ പരിശീലകരുടെ സേവനം ഈ ആഫീസിൽ ലഭ്യമാണ്.

ഈ മേഖലകളുടെ വികസനത്തിനാവശ്യമായ തുക പദ്ധതി വിഹിതമായി പഞ്ചായത്തുകളുടെ ജനകീയാസൂത്രണ പദ്ധതിയിൽ ലഭ്യമാക്കേണ്ടതുണ്ട്.

4.2 സേവന മേഖല

4.2.1. ആരോഗ്യമേഖല

ആമുഖം

ജനങ്ങളുടെ ജീവിതനിലവാരം പടിപടിയായി ഉയർത്തിക്കൊണ്ടുവരിക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഏതൊരു വികസന പദ്ധതിയും ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നത്. മറ്റ് വികസന മേഖലകളിൽ എന്ന പോലെ അധികാര വികേന്ദ്രീകരണം കേരളത്തിലെ പൊതുജനാരോഗ്യ രംഗത്തും ശ്രദ്ധേയമാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. അടിസ്ഥാന ആവശ്യങ്ങളായ കുടിവെള്ളം, കക്കൂസ്, പാർപ്പിടം എന്നീ മേഖലകളിലും, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ (PHC) , സാമൂഹികാരോഗ്യകേന്ദ്രങ്ങൾ (CHC), താലൂക്കാശുപത്രികൾ, FRUs, ജില്ലാ ആശുപത്രികൾ, ആയുഷ് വിഭാഗത്തിലെ ഡിസ്പെൻസറികൾ എന്നീ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ മെച്ചപ്പെടുത്തലുകളിലും ഒരു കുതിച്ചു ചാട്ടം തന്നെ സാധ്യമായി.

പകർച്ച വ്യാധികളുടെ പുനരാവിർഭാവവും പകർച്ചേതര വ്യാധികളുടെ ഭീതിദമായ വർദ്ധനവും വ്യാപനവുമാണ് ആരോഗ്യരംഗത്ത് ഇന്ന് നാം നേരിടുന്ന പ്രധാന ഭീഷണികൾ ശുദ്ധമായ കുടിവെള്ളതിന്റെ ലഭ്യതക്കുറവ്, അശാസ്ത്രീയമായ ഖര, ദ്രവ മാലിന്യ പരിപാലനം, ആരോഗ്യകരമല്ലാത്ത ഭക്ഷണരീതിയും ജീവിതശൈലിയും, വ്യായാമക്കുറവ് പൊതു ഇടങ്ങളിലെ ശുചിത്വമില്ലായ്മ ലഹരിവസ്തുക്കളുടെ ഉപയോഗം മരുന്നുകളുടെ ദുരുപയോഗം വ്യാജ ചികിൽസകരുടെ ഇടപെടൽ ചികിത്സാരംഗത്തു വർദ്ധിച്ചുവരുന്ന ചിലവുകൾ തുടങ്ങി ഒട്ടേറെ പ്രശ്നങ്ങൾ ഇതിനു കാരണമായി നിലനിൽക്കുന്നുണ്ട്. ഇതിനു പുറമേ പ്രായമായവർ അനുഭവിക്കുന്ന ഒറ്റപ്പെടലും മറ്റാരോഗ്യപ്രശ്നങ്ങളും മാനസികാരോഗ്യപ്രശ്നങ്ങളും,റോഡപകടങ്ങൾ തുടങ്ങിയവയും നാം അഭിമുഖീകരിക്കുന്നുണ്ട്. ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതോടൊപ്പം തദ്ദേശസ്ഥാപനങ്ങളുടെ ആരോഗ്യേതരമേഖലകളിലുള്ള ഇടപെടലുകൾ കൂടുതൽ ശക്തമാക്കുന്നത് പ്രശ്നപരിഹാരത്തിന് അത്യന്താപേക്ഷിതമാണ്.

ഐക്യരാഷ്ട്രസഭ നിർദ്ദേശിച്ച സുസ്ഥിരവികസന ലക്ഷ്യങ്ങളിൽ (SDG 2030)''സുസ്ഥിതിയും നല്ല ആരോഗ്യവും''എന്ന പ്രധാന ലക്ഷ്യം നേടുന്നതിനായി കേരളസർക്കാർ ''ആർദ്രം'' എന്ന ജനകീയ ആരോഗ്യപരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിൽ 2020-ൽ നേടേണ്ട ഹ്രസ്വകാല ലക്ഷ്യങ്ങളും 2030-ൽ നേടേണ്ട ദീർഘകാല ലക്ഷ്യങ്ങളും ഉൾച്ചേർത്തിരിക്കുന്നു.

ജീവിതശൈലിരോഗങ്ങൾ/പകർച്ചേതരവ്യാധികൾ(Non communicable dicease)

പകർച്ചേതര വ്യാധികളുടെ ദ്രുതഗതിയിലുള്ള വ്യാപനം ഗൗരവകരമായ ആരോഗ്യ പ്രശ്നമായി ജില്ലയിൽ മാറിയിട്ടുണ്ട്. ക്യാൻസർ, COPD, ആസ്മ ഉയർന്ന രക്തസമ്മർദം, പ്രമേഹം , ക്രോണിക് കിഡ്നി ഡിസീസസ്, തൈറോയ്ഡ് രോഗങ്ങൾ, ആർത്രൈറ്റിസ് തുടങ്ങിയവ വർദ്ധിച്ചുവരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു.

ജീവിത ശൈലിയിൽ വന്ന വ്യതിയാനത്തിന്റെ ഫലമായി തെറ്റായ ആരോഗ്യശീലങ്ങൾ അനുവർത്തിച്ചുവരുന്നതിനാലാണ് രോഗസാധ്യത കൂടുതലായി കണ്ടുവരുന്നത്. ഭക്ഷണരീതിയിലുള്ള മാറ്റവും വ്യായാമക്കുറവും ആണ് പ്രധാനമായും പകർച്ചേതരവ്യാധിക

ളുടെ തോത് വർദ്ധിക്കുവാൻ ഇടയാക്കിയ സാഹചര്യങ്ങളെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു.

കഴിഞ്ഞ അഞ്ചു വർഷക്കാലമായി ആരോഗ്യ ഉപകേന്ദ്രത്തിൽ ജീവിതശൈലിരോഗ നിയന്ത്രണ ക്ലിനിക്കുകൾ (ബ്ലഡ്ഷുഗർ, രക്തസമ്മർദ്ദം,BMI, തുടങ്ങിയവ) ആഴ്ചയിൽ ഒന്നു വീതം നടപ്പിലാക്കി വരികയാണ്. 30 വയസ്സിനുമേൽ പ്രായമുള്ള എല്ലാവരേയും പങ്കെടുപ്പിക്കുന്നതിനുള്ള പ്രഖ്യാപിത ലക്ഷ്യത്തിലേക്ക് എത്തിക്കുവാൻ നമുക്കിനിയും സാധിച്ചിട്ടില്ല എന്നത് ഈ പദ്ധതിയുടെ പ്രധാന പരിമിതിയായി നിലനിൽക്കുകയാണ്.

പല ജീവിതശൈലീരോഗങ്ങളും അതിന്റെ സങ്കീർണ്ണാവസ്ഥയിൽ വച്ചു മാത്രം കണ്ടെത്തുന്നതുമൂലം വ്യക്തിയും കുടുംബവും ആരോഗ്യപരമായും സാമ്പത്തികമായും വളരെയേറെ കഷ്ടതകൾ അനുഭവിക്കേണ്ടതായി വരുന്നു. ഇത്തരം രോഗങ്ങൾ അതിന്റെ പ്രാരംഭ ദിശയിൽ തന്നെ കണ്ടെത്തുന്നതിനായുള്ള സ്പെഷ്യാലിറ്റി/മെഗാ സ്ക്രീനിംഗ് ക്യാമ്പുകൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വർഷത്തിൽ ഒന്നു വീതമെങ്കിലും നടപ്പിലാക്കേണ്ടതായുണ്ട്.

പകർച്ചേതരവ്യാധികൾ(Noncommunicable Disease)

രോഗത്തിന്റെ പേര്	ചികിത്സതേടിയവർ	
	2016	2017
പ്രമേഹം (പുതിയത്)	3306	657
പ്രമേഹം (തുടർചികിത്സ)	73146	33952
രക്താതിസമ്മർദ്ദം (പുതിയത്)	2565	1145
രക്താതിസമ്മർദ്ദം (തുടർചികിത്സ)	104386	52051
പ്രമേഹം + രക്താതിസമ്മർദ്ദം (പുതിയത്)	938	236
പ്രമേഹം + രക്താതിസമ്മർദ്ദം (തുടർചികിത്സ)	62854	28422

ലോകാരോഗ്യസംഘടനയുടെ സുസ്ഥിര വികസന ലക്ഷ്യം(sustainable Development goal) 2030-ന്റേയും കേരളസർക്കാരിന്റെ ആർദ്രം മിഷന്റെ ഭാഗമായി 2020-ഓടുകൂടി നമുക്ക് കേരളത്തിൽ നേടിയെടുക്കേണ്ട ലക്ഷ്യമാണ് ജീവിതശൈലിരോഗങ്ങളുടെ ബോധവൽക്കരണത്തിലൂന്നിയുള്ള പ്രതിരോധവും കാലേകൂട്ടിയുള്ള രോഗനിർണ്ണയവും സമയബന്ധിത ചികിൽസാലഭ്യത ഉറപ്പാക്കുക എന്നതും.

നിലവിൽ ആരോഗ്യ ഉപകേന്ദ്ര തലത്തിൽ നടപ്പിലാക്കുന്ന ജീവിതശൈലീരോഗ നിയന്ത്രണ പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ വികേന്ദ്രീകൃതമാക്കി ജനങ്ങളിൽ എത്തിക്കുകയും സാധ്യമായ മാനദണ്ഡങ്ങളിൽപ്പെടുന്ന മുഴുവൻ ജനങ്ങളേയും രോഗനിർണ്ണയ പരിധിയുടെ ഭാഗമാക്കുവാൻ കൂടുതൽ ഇടപെടലുകൾ നടത്തേണ്ടതുണ്ട്. കൂടാതെ ഗുണനിലവാരമുള്ള പരിശോധനാ ഉപകരണങ്ങളും മരുന്നുകളും ആവശ്യത്തിനനുസരിച്ചും സമയബന്ധിതമായും ലഭ്യമാക്കേണ്ടതുണ്ട്.

ക്രമ നമ്പർ	രോഗം	ചികിത്സ തേടിയവർ		മരണം റിപ്പോർട്ട് ചെയ്തത്	
		2016-17	2017-18	2016-17	2017-18
1	എലിപ്പനി	115	162	0	0
2	ചിക്കൻഗുനിയ	0	0	0	0
3	വൈറൽ ഫീവർ	52777	56906	0	0

സർക്കാർ ആശുപത്രികളും കിടക്കകളും – 2017

ക്രമ നമ്പർ	ആശുപത്രിയുടെ ഇനം	എണ്ണം	കിടക്കകൾ
1	ജില്ലാ ആശുപത്രി	2	274
2	പി.എച്ച്.സി	30	122
3	സി.എച്ച്.സി	13	282
4	സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ	2	0
5	റ്റി ബി ക്ലിനിക്കുകൾ	1	0
6	താലൂക്കാശുപത്രികൾ	4	254
7	എഫ്.എച്ച്.സി 24 x 7	11	164
8	മറ്റുള്ളവ	2	0
	ആകെ	65	1096

വർഷം	ഐ പി	ഒ പി	മേജർ ശസ്ത്രക്രിയ	മൈനർ ശസ്ത്രക്രിയ
2016-17	160216	4694402	15422	24259
2017- 18 ഏപ്രിൽ-ജൂലൈ	21017	644344	4499	8186

ജില്ലയുടെ പല മേഖലകളിലും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ മൂലം ആളുകൾക്ക് ആരോഗ്യ ഉപകേന്ദ്രങ്ങളിൽ തുടർച്ചയായോ/കൃത്യമായ ഇടവേളകളിലോ പലപ്പോഴും എത്തിച്ചേരുവാൻ സാധിക്കാതെ വരുന്ന സാഹചര്യം കണക്കിലെടുത്ത് കൂടുതൽ വികേന്ദ്രീകരണ ബോധവൽക്കരണ പ്രവർത്തനങ്ങളും രോഗനിർണ്ണയ പരിശോധനകളും ഉറപ്പാക്കേണ്ടതുണ്ട്.

പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി രോഗസാധ്യത കണ്ടുപിടിക്കുന്നവർക്ക് ആവശ്യമായ ഭക്ഷണ വ്യായാമ ക്രമനിർദ്ദേശങ്ങളും അനുയോജ്യമായ ജീവിതശൈലികളും ചികിൽസാരീതികളും നിർദ്ദേശിക്കുന്നതിനും ആവശ്യമായവർക്ക് തുടർ ചികിൽസാ സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് തലത്തിൽ (നിലവിൽ ബ്ലോക്കുതലത്തിൽ ഉള്ളതുപോലെ) മെഡിക്കൽ ഓഫീസറുടേയും ഡയറ്റീഷ്യന്റെയും അനുബന്ധ സ്റ്റാഫുകളുടേയും സേവനം ലഭ്യമാക്കുന്ന സാഹചര്യം സൃഷ്ടിക്കപ്പെടേണ്ടതുണ്ട്.

രോഗബാധിതർക്കും രോഗസാധ്യത ഉള്ളവർക്കും അനുയോജ്യമായ ഭക്ഷണരിതികൾ ക്രമീകരിക്കുന്നതിനും വ്യത്യസ്തവും രുചികരവുമായ പ്രാദേശികമായി ലഭ്യമാകുന്നതുമായ ആഹാരവസ്തുക്കൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പാചകരീതികൾ പരിചയപ്പെടുത്തുന്നതിനായി ആരോഗ്യ പോഷണദിനാചരണം കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്.

യോഗ, നടത്തം , ഇതരവ്യായാമമുറകൾ, കളികൾ എന്നിവ കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി പൊതു ഇടങ്ങൾ ഉപയോഗപ്പെടുത്തുകയും സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനായി നൂതന ആശയവിനിമയ ഉപാധികൾ പ്രാദേശികഭരണകൂടങ്ങളുടെ സഹായത്തോടെ കൂടുതൽ വ്യാപകമാക്കി ചെയ്യേണ്ടതാണ്.

വ്യായാമങ്ങളും കളികളും ജനങ്ങളുടെ ഇടയിൽ ശീലിപ്പിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും സർക്കാരും ഇടപെട്ടുകൊണ്ട് പൊതു മൈതാനങ്ങളും കളിസ്ഥലങ്ങളും നിർമ്മിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുകയും ഇതരവകുപ്പുകളുടെ സംയോജനത്താൽ പ്രവർത്തനങ്ങളുടെ തുടർച്ച ഉറപ്പാക്കേണ്ടതുമാണ്. (വിദ്യാഭ്യാസം, പോലീസ്, എക്സൈസ്)

'കേരളോൽസവം' പോലുള്ള പഞ്ചായത്തുതല പരിപാടികളിൽ കായികമൽസരങ്ങൾക്ക് കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടതാണ്. ഹരിതകേരളം മിഷനുമായി ബന്ധപ്പെട്ട് കൃഷിയുടെ വികേന്ദ്രീകൃത വ്യാപനത്തിലൂടെ വിഷരഹിതപച്ചക്കറികൾ കുടുംബതലങ്ങളിൽ ലഭ്യമാക്കുന്നതു കൂടാതെ ഇത് ജനങ്ങളുടെ വ്യായാമശീലം വർദ്ധിപ്പിക്കുവാനും സഹായിക്കുന്നു.

പൊതുവായ കൂട്ടായ്മകൾക്കുള്ള സാധ്യതകൾ കുറഞ്ഞുവരുന്ന ഇക്കാലത്ത് മേൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക വഴി സംഘം ചേർന്നുള്ള പ്രവർത്തനങ്ങൾക്കുള്ള അവസരങ്ങൾ സൃഷ്ടിക്കാനു അതുവഴി ആരോഗ്യത്തോടൊപ്പം കൂട്ടായ്മയുടെ സംസ്ക്കാരവും വളർത്തിയെടുക്കുവാൻ സാധിക്കും

സ്വകാര്യ മെഡിക്കൽ സ്ഥാപനങ്ങൾ

ഇക്കണോമ്ക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് 2004 ൽ സ്വകാര്യ മെഡിക്കൽ സ്ഥാപനങ്ങളെക്കുറിച്ചു നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങളാണ് ചുവടെ ചേർത്തിട്ടുള്ളത്.

സ്വകാര്യ ആശുപത്രികൾ

ക്രമ നമ്പർ	സ്ഥാപനങ്ങൾ	വാർഡുകൾ	കിടക്കകൾ	ഇൻ പേഷ്യന്റ്സ്	ഔട്ട് പേഷ്യന്റ്സ്
അലോപതി	238	630	4973	223488	2826960
ആയൂർവേദം	132	7	71	2136	335676
ഹോമിയോ	109	6	39	5988	426936
യുനാനി	1				1800
സിദ്ധ	1				3024
മർമ്മ	1	1	2	132	1876
പ്രകൃതി ചികിത്സ	1				72
മറ്റുള്ളവ	13	6	64	2880	31512
ആകെ	496	650	5149	234624	3627876

ഇതിൽ 10 കിടക്കകളിൽ താഴെയുള്ള 23 ആശുപത്രികളും 10 മുതൽ 49 വരെ കിടക്കകൾ ഉള്ള 63 ആശുപത്രികളും 50 മുതൽ 99 വരെ കിടക്കകൾ ഉള്ള 6 ആശുപത്രികളും 100 മുതൽ 199 വരെ കിടക്കകൾ ഉള്ള 11 ആശുപത്രികളും 200 നു

മുകളിൽ കിടക്കകൾ ഉള്ള 6 ആശുപത്രികളും ആണുള്ളത്. കൂടാതെ ഇപ്പോൾ ഒരു സ്വകാര്യ മെഡിക്കൽ കോളേജും സ്വകാര്യ ദന്തൽ കോളേജും ജില്ലയിൽ പ്രവർത്തിക്കുന്നു.

സ്വകാര്യ മെഡിക്കൽ സ്ഥാപനങ്ങളിൽ ലഭ്യമായ സ്പെഷ്യാലിറ്റികൾ

ക്രമ നമ്പർ	ലഭ്യമായ സ്പെഷ്യാലിറ്റി	അലോപ്പതി	ആയുർവേദം	ഹോമിയോ	മറ്റുള്ളവ	ആകെ
1	ഗൈനക്കോളജി	27				27
2	കാർഡിയോളജി	6		1		7
3	ഓർത്തോപീഡിക്	12				12
4.	പീഡിയാട്രിക്	21				22
5	ക്ഷയം	2				2
6	ക്യാൻസർ	1				1
7	ദന്തൽ	40				40
8	ഇ എൻ റ്റി	9				9
9	ന്യൂറോളജി	3				3
10	യൂറോളജി	1				1
11	മസ്സാജ്	1	13		3	17
12	ഓഫ്താൽമോളജി	8		1		9

സർക്കാർ അംഗീകാരം

	അലോപ്പതി	ആയൂർവേദം	ഹോമിയോ
അംഗീകാരമുള്ളത്	129	41	43
അംഗീകാരമില്ലാത്തത്	106	91	65
റിപ്പോർട്ട് ചെയ്യാത്തവ	3	0	1

ക്ലിനിക്കൽ സൗകര്യങ്ങൾ ഉള്ള സ്വകാര്യ ആശുപത്രികളുടെ എണ്ണം

മേജർ ഓപ്പറേഷൻ	മൈനർ ഓപ്പറേഷൻ	അനസ്തേഷ്യ	കൈറോ	ഡയാലിസിസ്	ആന്റി റാബീസ്	കാഷ്വാലിറ്റി
16	29	15	6	1	9	22

സ്വകാര്യ ആശുപത്രി ജീവനക്കാരുടെ വിശദാംശങ്ങൾ

ഡോക്ടർ	നേഴ്സ്	ഫാർമസിസ്റ്റ്	ലാബ് ടെക്നീഷ്യൻ	ഫിസിയോ തെറാപ്പിസ്റ്റ്	റേഡിയോളജിസ്റ്റ്	എക്സ് റേ ടെക്നീഷ്യൻ	സ്കാനിംഗ് ടെക്നീഷ്യൻ	മാനേജീരിയൽ	അക്കൗണ്ടിംഗ്	ക്ലറിക്കൽ	സെക്യൂരിറ്റി	അറ്റൻഡർ	മറ്റുള്ളവർ
723	671	79	136	22	5	27	4	24	41	54	54	251	129

മെഡിക്കൽ ലാബുകൾ

സ്വകാര്യ ആശുപത്രികളിലെ മെഡിക്കൽ ലാബറട്ടറി സൗകര്യങ്ങൾക്കു പുറമേ ജില്ലയിൽ ആകെ 102 സ്വകാര്യമെഡിക്കൽ ലാബുകൾ പ്രവർത്തിക്കുന്നു. ഇതിൽ 18 എണ്ണം മുഴുവനായും കംപ്യൂട്ടർവത്കരിച്ചതും 92 എണ്ണം ഭാഗികമായി കംപ്യൂട്ടർ വത്കരിച്ചതും 7 എണ്ണം കംപ്യൂട്ടർവത്കരിക്കാത്തതുമാണ്. മാലിന്യ നിർമ്മാർജ്ജനത്തിന് 26 എണ്ണം ഇമേജിനെ ആശ്രയിക്കുമ്പോൾ 5 എണ്ണം ഭാഗികമായി ഇമേജിനെ ആശ്രയിക്കുന്നു. 71 എണ്ണം ഇതിനായി കത്തിക്കൽ, വേസ്റ്റുകുഴികൾ എന്നീ മാർഗ്ഗങ്ങളെയാണ് ആശ്രയിക്കുന്നത്. എന്നാൽ 98 എണ്ണവും നീഡിൽ ഡിസ്ട്രോയർ ഉപയോഗിക്കുന്നുണ്ട്.

പകർച്ചവ്യാധികൾ

ജില്ലയിലെ മുഖ്യ ആരോഗ്യ പ്രശ്നമായി മാറുന്ന പകർച്ചവ്യാധികൾ പ്രധാനമായും കൊതുകുജന്യ രോഗങ്ങളും ജലജന്യരോഗങ്ങളും എലിപ്പനി, എച്ച്1എൻ1 എന്നിവയുമാണ്. ഇവയുടെ പ്രതിരോധത്തിനും നിയന്ത്രണത്തിനും ആരോഗ്യത്തെ നിയന്ത്രിക്കുന്ന പ്രധാന സാമൂഹ്യ ഘടകങ്ങളായ പരിസരശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, കൊതുകു നിയന്ത്രണം, കുടുവെള്ള ശുചിത്വം എന്നിവയ്ക്ക് വലിയ പങ്കുണ്ട്. ഇക്കാര്യങ്ങൾ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളും ബന്ധപ്പെട്ട വകുപ്പുകളും ചിട്ടയായ രീതിയിൽ നടക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്.

ജില്ലയിൽ എതാണ്ട് എല്ലാ പ്രദേശത്തുനിന്നും ഡങ്കിപ്പനി കേസുകൾ എല്ലാ വർഷവും റിപ്പോർട്ടു ചെയ്തുവരുന്നുണ്ട്. സ്ഥിരമായ ഒരു നിരിക്ഷണ പ്രതിരോധ സംവിധാനം നാം എല്ലാ തദ്ദേശസ്ഥാപനങ്ങളിലും ഒരുക്കേണ്ടതുണ്ട്. വാർഡുതലത്തിൽ അമ്പതു വീടുകൾക്ക് ഒരു ആരോഗ്യ സന്നദ്ധപ്രവർത്തരുടെ ടീമിനെ ഉൾപ്പെടുത്തി ഫലപ്രദമായി പ്രവർത്തിച്ച സ്ഥലങ്ങളിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് രോഗവ്യാപനം കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട് എന്ന മുൻ അനുഭവങ്ങളും നമ്മുടെ മുൻപിൽ ഉണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായ ആരോഗ്യസേന എന്ന ആശയം നാം ഇത്തരത്തിൽ ചർച്ചചെയ്യപ്പെടേണ്ടതും അടിയന്തിരമായി എല്ലാ സ്ഥാപനത്തിലേക്കും വ്യാപിക്കേണ്ടതും ആണ്.

പകർച്ചവ്യാധി നിയന്ത്രണ സംവിധാനങ്ങൾ പ്രാദേശികമായി ശക്തിപ്പെടുത്തുക വഴി മാത്രമേ പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുന്നത് ആരംഭത്തിൽ തന്നെ കണ്ടുപിടിക്കു

വാനും നിയന്ത്രണ പ്രവർത്തനങ്ങൾ സമയബന്ധിതമായി ഏറ്റെടുക്കുവാനും ഫലപ്രദമായി നിയന്ത്രിച്ചുകൊണ്ടുവരാനും സാധിക്കുകയുള്ളു. സർക്കാർ സംവിധാനങ്ങളോടൊപ്പം സ്വകാര്യ ആശുപത്രികൾ വഴിയുള്ള റിപ്പോർട്ടിംഗ് സംവിധാനം സമയബന്ധിതമായി ലഭ്യമാക്കിക്കൊണ്ട് മാത്രമേ ഇക്കാര്യം തൃപ്തികരമായി ചെയ്യുവാൻ കഴിയുകയുള്ളു.

ഇതോടൊപ്പം ഓരോ വകുപ്പിലും നിലവിലുള്ള നിയമങ്ങൾ (പഞ്ചായത്തിരാജ് നിയമം, മുനിസിപ്പൽ നിയമം, തിരുക്കൊച്ചി പൊതുജനാരോഗ്യനിയമം, ഭക്ഷ്യസുരക്ഷാ നിയമം, ജലനിയമം തുടങ്ങിയവ) കാലാനുസൃതമായി പരിഷ്കരിക്കുകയും മാതൃകാപരമായി പ്രയോഗിക്കുകയും ചെയ്യേണ്ടതുണ്ട്.

പരമ്പരാഗതമായി ചെയ്തുവരുന്ന ബോധവൽക്കരണ പ്രവർത്തനങ്ങളാൽ നിശ്ചിത വിഭാഗം ജനങ്ങൾ മാത്രമേ സ്വാധീനിക്കപ്പെടുന്നുള്ളൂ. പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽ പ്രതിരോധ സന്ദേശങ്ങളും പകർച്ചവ്യാധികളെ സംബന്ധിച്ച അറിവുകളും പകർന്നു നൽകുന്നതിന് നൂതന ആശയവിനിമയ ഉപാധികളെ ഉപയോഗിക്കേണ്ടതുണ്ട്. ഇതിനാവശ്യമായ സാങ്കേതിക ഉപകരണങ്ങളും സാഹചര്യങ്ങളും ലഭ്യമാക്കിക്കൊണ്ട് പ്രാദേശികമായ പകർച്ചവ്യാധി സാധ്യതകളും പ്രതിരോധ മാർഗ്ഗങ്ങളും സോദാഹരണം ദൃശ്യവൽക്കരിച്ചുകൊണ്ടുള്ള ബോധവൽക്കരണപ്രവർത്തനങ്ങൾ പൊതു ഇടങ്ങളിൽ തുടർച്ചയായി സംഘടിപ്പിക്കേണ്ടതാണ്. ഇതിൽ നൂതന ആശയങ്ങൾ, വിജയിച്ച മാതൃകകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

പകർച്ചവ്യാധി സാഹചര്യങ്ങൾ സൃഷ്ടിക്കുന്നവർക്കെതിരെ മാതൃകാപരമായ ശിക്ഷാ നടപടികൾ സ്വീകരിക്കുകയും അതിന് വ്യാപകമായ പ്രചാരണം നൽകുകയും വേണം.

ആർദ്രം പദ്ധതിയുടെ ഭാഗമായ ആരോഗ്യ സേനാരൂപീകരണങ്ങളും തുടർപ്രവർത്തനങ്ങളും എല്ലാ വാർഡുകളിലേക്കും വ്യാപിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വികരിക്കേണ്ടതാണ്.

കഴിഞ്ഞ വർഷങ്ങളിലെ ഹോട്ട്സ്പോട്ടുകൾ കേന്ദ്രീകരിച്ച് തുടർച്ചയായ നിരീക്ഷണ സംവിധാനങ്ങൾ കാര്യക്ഷമമാക്കുകയും IDSP വാരാന്ത്യ അവലോകനയോഗങ്ങളിൽ ഇത് ഉറപ്പുവരുത്തേണ്ടതുമാണ്.

പ്രതിരോധപ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തമാണ് പലപ്പോഴും ഉണ്ടാവാറുള്ളത്. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തന്നതിനായി സന്നദ്ധ സംഘടനകളുടേയും യുവജനപ്രസ്ഥാനങ്ങളുടേയും സഹകരണത്തോടെ പുരുഷ പങ്കാളിത്തം ഉറപ്പാക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടപ്പാക്കേണ്ടതാണ്. പുതു തലമുറയിൽ ആരോഗ്യസംബന്ധമായ അവബോധം സൃഷ്ടിക്കുന്നതിനായി വിദ്യാഭ്യാസ സാമൂഹ്യനീതിവകുപ്പുകളുമായി ചേർന്ന് പ്രായോഗികപ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

ശാസ്ത്രീയ മാലിന്യനിർമ്മാർജ്ജനം പകർച്ചവ്യാധി നിയന്ത്രണത്തിൽ നല്ല പങ്ക് വഹിക്കുമെന്നതിനാൽ ഓരോ പ്രദേശത്തും ഇതുമായി ബന്ധപ്പെട്ട ശാസ്ത്രീയ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തണം.

പകർച്ചവ്യാധി പ്രതിരോധപ്രവർത്തനത്തിൽ മുതിർന്ന പൗരൻമാർ, റിട്ടയേർഡ് ഉദ്യോഗസ്ഥൻമാർ പ്രാദേശികമായി സ്വാധിനം ചെലുത്താൻ കഴിയുന്ന വ്യക്തികൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്.

ഡ്രൈഡേ ആചരണം , വെക്ടർ സ്റ്റഡി എന്നീ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുകയും അതിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

വാർഡ്തല സാനിട്ടേഷൻ കമ്മറ്റി പ്രവർത്തനങ്ങൾ കൂടുതൽ വിപുലപ്പെടുത്തേതും പ്രത്യേക ആരോഗ്യസഭ എല്ലാ വാർഡുകളിലും ചേർന്നു ആരോഗ്യ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനവും പൊതുജനാരോഗ്യ പ്രവർത്തനങ്ങളും ചർച്ച ചെയ്യുകയും നിർദ്ദേശങ്ങൾ പ്രയോഗവൽക്കരിക്കുകയും ചെയ്യേണ്ടതാണ്.

പ്രായോഗിക പോഷണം

ആരോഗ്യസംരക്ഷണത്തിനും മനുഷ്യപുരോഗതിക്കും ആധുനികകാലഘട്ടം അഭിമുഖീകരിക്കുന്ന വെല്ലുവിളികളിൽ പ്രധാനപ്പെട്ട ഒന്നാണ് പോഷകാഹാരത്തിന്റെ അസന്തുലിതാവസ്ഥ. സുസ്ഥിരവികസനലക്ഷ്യ രേഖയിൽ 2030 ആവുന്നതോടെ എല്ലാ തരത്തിലുള്ള പോഷണവൈകല്യങ്ങൾക്കും പരിഹാരം കാണണമെന്ന് നിഷ്കർഷിക്കുന്നു.

പകർച്ചേതരവ്യാധി (NCD) മൂലമുള്ള മരണനിരക്ക് 1990-ൽ വികസ്വര രാജ്യങ്ങളിൽ ലോകത്താകെയുള്ളതിന്റെ 40% ശതമാനം ആയിരുന്നു. 2008-ൽ അത് 80% ശതമാനമായി വർദ്ധിച്ചു. 2030 ആവുമ്പോൾ ടി മരണനിരക്ക് വികസിത രാജ്യങ്ങളുടേതിനേക്കാൾ 8 ഇരട്ടിയാകുമെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. ഇത് മൂന്നിൽ ഒന്ന് ആയി കുറയ്ക്കണമെന്നാണ് ലക്ഷ്യമിടുന്നത്.

ഭക്ഷണത്തിലും പാചകരീതിയിലും ജീവിതശൈലിയിലും സംഭവിച്ച വലിയ വ്യതിയാനങ്ങളും കൊഴുപ്പുകൾ, ഉപ്പ്, പഞ്ചസാര എന്നിവ കൂടിയ അളവിൽ അടങ്ങിയ ആഹാരവസ്തുക്കളുടെ അമിത ഉപഭോഗവും കായികാധ്വാനമില്ലാത്ത സെഡന്ററി ജീവിതശൈലിയുമാണ് പകർച്ചേതരവ്യാധികളുടെ വർദ്ധനയ്ക്ക് ഇടയാക്കിയതെന്നാണ് പഠനങ്ങളും സർവ്വേകളും സൂചിപ്പിക്കുന്നത്. പോഷകവൈകല്യം മൂലമുള്ള രോഗങ്ങൾക്കൊപ്പം നമ്മുടെ സമൂഹം അഭിമുഖീകരിക്കുന്ന മറ്റൊരു പ്രധാന പ്രശ്നമാണ് സൂക്ഷ്മപോഷണ ന്യൂനത. വിറ്റാമിനുകൾ, ധാതുക്കൾ, ആന്റി ഓക്സിഡന്റുകൾ എന്നിവയുടെ അഭാവത്തിലുള്ള ആരോഗ്യപ്രശ്നങ്ങളും NCD-യോടൊപ്പം വർദ്ധിച്ചുവരുന്നത് ആരോഗ്യമേഖലയിൽ ഗുരുതരമായ പ്രശ്നങ്ങൾ ഉണ്ടാക്കുമെന്നതിൽ സംശയമില്ല. സംരക്ഷണ ആഹാരങ്ങളെന്ന് വിശേഷിപ്പിക്കുന്ന ഇലക്കറികൾ, പച്ചക്കറികൾ, പഴങ്ങൾ എന്നിവയുടെ ഉപയോഗം നമ്മുടെ സമൂഹത്തിൽ ഗണ്യമായി കുറഞ്ഞിരിക്കുന്നു. ഈ വസ്തുതകൾ പരിശോധിക്കുമ്പോൾ പോഷകാഹാരരംഗത്ത് സമഗ്രമായ ഒരു ഇടപെടൽ അത്യന്താപേക്ഷിതമാണ് എന്ന് വന്നിരിക്കുന്നു.

ഗിരിവർഗ്ഗ മേഖലകളിലും തോട്ടം മേഖല ഉൾപ്പെടെയുള്ള താഴ്ന്ന സാമ്പത്തിക മേഖലകളിൽ ഇന്നും പോഷണവൈകല്യം അനുഭവിക്കുന്ന ധാരാളം സ്ത്രീകളേയും , കുട്ടികളേയും കണ്ടുവരുന്നു.

ഹരിതകേരളം മിഷനുമായി യോജിച്ച് പ്രാദേശികവിഭവങ്ങളുടെ ഉൽപാദനം കുടുംബങ്ങളിലേക്ക് വ്യാപിപ്പിക്കുക വഴി സൂക്ഷ്മ പോഷണസംബന്ധമായ ആരോഗ്യ പ്രശ്നങ്ങൾക്ക് ഫലപ്രദമായ പരിഹാരം സാധ്യമാകും.

ട്രൈബൽ സെറ്റിൽമെന്റുകൾ കോളനികൾ, പോഷണ വൈകല്യമനുഭവിക്കുന്ന മേഖലകൾ എന്നിവ കേന്ദ്രീകരിച്ച് പ്രാദേശിക പോഷകാഹാരപാചകം,

സോദാഹരണപാചകവിധികൾ പരിചയപ്പെടുത്തുന്ന പോഷകദിനപരിപാടികൾ എന്നിവ തുടർച്ചയായി നടപ്പിലാക്കേണ്ടതാണ്.

സാന്ത്വന ചികിൽസ (പാലിയേറ്റീവ് കെയർ)

ദേശീയനയം രൂപികരിക്കുന്നതിനു വളരെ മുമ്പു തന്നെ പാലിയേറ്റീവ് കെയർ രൂപവൽക്കരിച്ച് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തിയ സംസ്ഥാനമാണ് കേരളം. ഈ നയത്തിലെ പ്രഖ്യാപിത ലക്ഷ്യങ്ങൾ വലിയൊരളവുവരെ സാക്ഷാൽക്കരിച്ച് എല്ലാ പഞ്ചായത്തുകളിലും യൂണിറ്റുകൾ രൂപികരിച്ച് മാതൃകാപര മായി പ്രർത്തിക്കുന്ന സമ്പൂർണ്ണ പാലിയേറ്റീവ് കെയർ ജില്ലയാണ് ഇടുക്കി.

കിടപ്പിലായവരുടേയും രോഗാതുരരുടേയും സംരക്ഷണം പൊതുസമൂഹ ത്തിന്റെ ഉത്തരവാദിത്തമാണെന്ന സന്ദേശം താഴെ തട്ട് വരെ എത്തിക്കുന്ന പ്രചാരണ ങ്ങളും പ്രവർത്തനങ്ങളും ഏറ്റെടുക്കുന്നതിൽ നമ്മുടെ ജില്ല വലിയ നേട്ടം കൈവരി ച്ചിട്ടുണ്ട്.

പഞ്ചായത്ത് തലത്തിലും സന്നദ്ധ സംഘടനാതലത്തിലും പരിശീലനം ലഭിച്ച വോളന്റിയർമാരുടെ സേവനം വലിയതോതിൽ ഈ പ്രവർത്തനങ്ങൾക്ക് നിലവിൽ ലഭിക്കുന്നുണ്ട്. പാർശ്വവൽക്കരിക്കപ്പെട്ട രോഗികളുടെ കുടുംബത്തേയും പൊതുസ മൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന് വിവിധ തലങ്ങളിലുള്ള കൂട്ടായ്മകൾ, തൊഴിൽ അധിഷ്ഠിത പരിശിലനങ്ങൾ, വിദ്യാഭ്യാസ സാമ്പത്തിക സഹായങ്ങൾ, ജില്ലാതല കൂട്ടായ്മകൾ ഉൽപ്പന്നവിപണന സാധ്യതകൾ തുടങ്ങിയ മേഖലകളിലും ജില്ലാ പ്രാദേശിക വിഭാഗങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

നിയതമായ പദ്ധതികൾക്കു പുറമേ രോഗികളെ സഹായിക്കുന്നതിനായി പല പഞ്ചായത്തുകളിലും വ്യത്യസ്തമായ പല മാതൃകകളും നടപ്പിലാക്കി വരുന്നുണ്ട്. പാലിയേറ്റീവ് കെയർ പദ്ധതിയുടെ അടിസ്ഥാന സങ്കൽപ്പങ്ങളിൽ പ്രധാനപ്പെട്ടതായ NNPC (Neighbourhood Network in Public Care)തുടർന്നും ചില ഇടപെടലുകൾ സാദ്ധ്യമാണ്.

നിലവിൽ നല്ല നിലയിൽ നടന്നുവരുന്ന നഴ്സിംഗ്ഹോം കെയറുകൾക്കു പുറമേ സ്ഥിരമായി ഡോക്ടറുടെ സേവനം ലഭ്യമാക്കുന്ന തരത്തിൽ ഹോംകെയർ സംവിധാനം പുനസംഘടിപ്പിക്കേണ്ടതാണ്. ഫിസിയോതെറാപ്പിസ്റ്റ്, കൗൺസിലർ, മറ്റ് സ്പെഷ്യലിസ്റ്റ് സേവനങ്ങൾ എന്നിവയുടെ ലഭ്യതയും ഈ മേഖലയിൽ ഉറപ്പുവ രുത്തേണ്ടതുണ്ട്.

പുതിയ തലമുറയെ ഹോം കെയർ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് അവ രിൽ പാലിയേറ്റീവ് കെയർ പദ്ധതിയുടെ സന്ദേശം എത്തിക്കുന്നതിനുള്ള പ്രവർത്തന ങ്ങൾ ജില്ലയിൽ എല്ലായിടത്തും വ്യാപിപ്പിക്കേണ്ടതാണ്.

സേവനങ്ങളുടെ കാര്യക്ഷമതയും ഹോം കെയറുകളുടെ പ്രഖ്യാപിത ലക്ഷ്യവും പൂർണ്ണമായ അർത്ഥത്തിൽ നടപ്പിൽ വരുത്തുന്നതിനായി പഞ്ചായത്തുത ലത്തിൽ പാലിയേറ്റീവ് കെയർ നഴ്സുമാരുടെ എണ്ണം ജനസംഖ്യാനുപാതികമായി വർദ്ധിപ്പിക്കേതാണ്.

മാനദണ്ഡങ്ങളിലുള്ള പരിമിതികളും നിയന്ത്രണങ്ങളും ഒഴിവാക്കി മരുന്നുകളും ഉപകരണങ്ങളും കഴിയുന്നത്ര ലഭ്യമാക്കേണ്ടതാണ്.

രോഗികൾക്കും പരിചരിക്കുന്നവർക്കും ആവശ്യമായ ഭക്ഷണവും വസ്ത്രങ്ങളും പദ്ധതിയുടെ ഭാഗമായി നൽകുകയും ഇവരുടെ കൂട്ടായ്മകൾ സംഘടിപ്പിക്കുന്നതിൽ നൈരന്തര്യം ഉണ്ടാവുകയും വേണം.

പാലിയേറ്റീവ് കെയർ രോഗികളുടെ ഉൽപ്പന്നങ്ങൾക്ക് സർക്കാർ തലത്തിൽ വിപണികൾ കണ്ടെത്തുകയും അസംസ്കൃതവസ്തുക്കൾക്ക് സബ്സിഡികൾ നൽകുകയും വേണം. രോഗികൾക്കും പരിചാരകർക്കും മാനസികോല്ലാസം പകരുന്നതിന് വിനോദ യാത്രകൾ സംഘടിപ്പിക്കുന്നതിന് പദ്ധതികൾ ഉണ്ടാവണം.

വയോജന സംരക്ഷണം

പാലിയേറ്റീവ് കെയർ രോഗികളുടേതുപോലെ തന്നെ തുല്യ പ്രാധാന്യം അർഹിക്കുന്ന വിഭാഗമാണ് 60 വയസ്സിനുമേൽ പ്രായമുള്ള വയോജനങ്ങൾ. 60 വയസ്സിനുമേൽ പ്രയമുള്ളവരുടെ ജനസംഖ്യ ഇപ്പോൾതന്നെ 14% ആണ്. ജീവിതദൈർഘ്യത്തിലുണ്ടായ വർദ്ധനവിന്റെ ഭാഗമായി 2025 ആകുമ്പോൾ ഇതു വർദ്ധിച്ച് ആകെ ജനസംഖ്യയുടെ 25% ആകും എന്നാണ് കണക്കാക്കപ്പെടുന്നത്. വയോജനങ്ങളുടെ ശാരീരിക മാനസിക സാമൂഹ്യ ആരോഗ്യപ്രശ്നങ്ങൾ നമ്മുടെ പൊതു സമൂഹത്തിന്റെ വലിയൊരു സാമൂഹിക ഉത്തരവാദിത്തമായി മാറേണ്ടതായുണ്ട്.

വയോജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിനായി പദ്ധതികൾ പലതും നിലവിൽ ഉണ്ടെങ്കിലും അവയൊന്നും വേണ്ടത്ര ഫലം കാന്നുന്നില്ല. ജെറിയാട്രിക് ക്ലിനിക്കുകൾ പലപ്പോഴും പേരിനു മാത്രമായി ഒതുങ്ങുന്നു. പകൽവീട് എന്ന ആശയം പലയിടത്തും പൂർണ്ണ അർത്ഥത്തിൽ പ്രായോഗികമായിട്ടില്ല. വയോജനദിനാചരണപരിപാടികൾ പേരിനു മാത്രമായി ചുരുങ്ങിപോയിരിക്കുന്നു.

വീടുകളിൽ ഒറ്റയ്ക്കായി പോകുന്ന വയോജനങ്ങൾ അണുകുടുംബങ്ങളുടെ ബാധ്യതയായി മാറുന്നു. കേരളസമൂഹത്തിലെ വൃദ്ധസദനങ്ങളുടെ എണ്ണത്തിൽ വന്ന വർദ്ധനവ് ഒരു സാമൂഹിക അപചയം എന്നതിലുപരി വിഷയത്തിന്റെ ഗൗരവത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. പഞ്ചായത്ത് തലത്തിൽ ഒരു വയോജനനയം രൂപവൽക്കരിച്ച് ഈ വിഭാഗത്തിന്റെ ശാരീരിക മാനസികപ്രശ്നങ്ങൾ കണ്ടെത്തി സാമൂഹിക പിന്തുണ ഉറപ്പാക്കിക്കൊണ്ടുള്ള ഒരു പ്രശ്നപരിഹാരപദ്ധതി നടപ്പിലാക്കേണ്ടതായുണ്ട്.

നിത്യരോഗികൾ, ഒറ്റപ്പെടൽ അനുഭവിക്കുന്നവർ,മരുന്ന് വാങ്ങുവാൻ ശേഷിയില്ലാത്തവർ, കടുത്ത മാനസിക സംഘർഷമനുഭവിക്കുന്നവർ, പട്ടിണി അനുഭവിക്കുന്നവർ. അന്ധത, ബധിരത, ചലനപ്രശ്നങ്ങൾ ഉള്ളവർ, തിമിരം, പ്രൊലാബ്സ് യൂട്രസ് തുടങ്ങിയ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നവർ എന്നിവർക്ക് മുന്തിയ പരിഗണന നൽകികൊണ്ടുള്ള പദ്ധതികൾക്ക് രൂപം നൽകേണ്ടതായുണ്ട്.

പ്രായത്തിനും ആരോഗ്യത്തിനും ആനുപാതികമായതും ലളിതമായതുമായ തൊഴിൽ അധിഷ്ഠിത പരിശീലനം നൽകി കഴിയാവുന്ന ജോലികൾ ചെയ്യുവാൻ വയോജനങ്ങളെ പ്രാപ്തരാക്കുന്ന പരിശീലനപരിപാടികൾ ആവിഷ്കരിച്ചാൽ ചെറിയ വരുമാനത്തിനു പുറമേ ജീവിത്തിലെ ഒറ്റപ്പെടലും വിരസതയും ഒഴിവാക്കി ആനന്ദകരമായ ജീവിതം സാധ്യമാക്കാൻ കഴിയുന്നതാണ്.

പകൽവീട് പോലുള്ള കൂട്ടായ്മകൾ സംഘടിപ്പിക്കുക വഴി മാനസികാരോഗ്യം വർദ്ധിക്കുകയും സമാന പ്രായത്തിലുള്ളവരുമായി അനുഭവങ്ങൾ പങ്കു വയ്ക്കുകവഴി വ്യക്തികൾ നേരിടുന്ന പ്രശ്നങ്ങളിൽ അയവു വരുത്തുവാൻ സാധിക്കുകയും ചെയ്യും.

അങ്കൻവാടികൾ വഴി കൗമാരക്കാർക്കുൾപ്പെടെയുള്ള ഗുണഭോക്താക്കൾക്ക് നൽകി വരുന്ന വിവിധങ്ങളായ സേവനങ്ങളുടേതിന് സമാനമായ സംവിധാനം പ്രായമായവർക്കും ഏർപ്പെടുത്തുന്നതിനേക്കുറിച്ച് ഗൗരവമായി ആലോചിക്കേണ്ടതാണ്. സമൂഹത്തിൽ കുട്ടികളുടെ എണ്ണം കുറയുകയും പ്രായമായവരുടെ എണ്ണം കൂടുകയും ചെയ്യുന്ന ഒരു കാലത്തിലൂടെയാണ് നാം കടന്നുപോകുന്നത്. കൗൺസിലിംഗ് ഉൾപ്പെടെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ഇത്തരത്തിൽ നടപ്പാക്കേണ്ടതാണ്.

വയോജനങ്ങൾക്ക് പ്രത്യേക കാർഡുകൾ നൽകി ആശുപത്രി ഉൾപ്പെടെയുള്ള പൊതുസ്ഥാപനങ്ങളിൽ മുൻഗണനലഭിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

വയോജന കൂട്ടായ്മകളിൽ നിന്ന് ലഭിക്കുന്ന അനുഭവസമ്പത്തുകൾ പുതുതലമുറയ്ക്ക് പ്രചോദനമാകുന്ന തലത്തിൽ കൈമാറേണ്ടതാണ്.

ആരോഗ്യസ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യവികസനം

മനുഷ്യജീവിതത്തിൽ വലിയ മുതൽമുടക്കില്ലാതെ ആർജ്ജിക്കാവുന്നതും അടുത്ത തലമുറയ്ക്ക് വേണ്ടി കരുതി വയ്ക്കാവുന്നതുമായ സമ്പത്താണ് ആരോഗ്യം. രോഗങ്ങളും ദുശ്ശീലങ്ങളും ഇല്ലാത്ത ഒരു സമൂഹം സൃഷ്ടിക്കുക എന്നതാണ് നമുക്ക് ചെയ്യാൻ കഴിയുന്ന ഏറ്റവും മഹത്തായ കാര്യം. ചികിൽസക്കായും രോഗപ്രതിരോധത്തിനായും ജനങ്ങൾക്ക് ഏറ്റവും എളുപ്പത്തിൽ സമീപിക്കാവുന്നത് നമ്മുടെ നാട്ടിലെ പ്രാദേശിക ആരോഗ്യ ഉപകേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള വിവിധ ആരോഗ്യകേന്ദ്രങ്ങളേയാണ്. ആരോഗ്യവികേന്ദ്രീകരണത്തിന്റെ ഭാഗമായി പ്രാദേശിക ഭരണകൂടങ്ങളുടെ ഇടപെടലുകൾ വഴിയും സർക്കാരിന്റെ വിവിധ പദ്ധതികൾ വഴിയും ആരോഗ്യസ്ഥാപനങ്ങളുടെ ഭൗതീക സാഹചര്യങ്ങളിൽ കാതലായ മാറ്റങ്ങൾ വരുത്തുവാൻ സാധിച്ചു എന്ന വസ്തുത നിലനിൽക്കുമ്പോൾ തന്നെ വർദ്ധിച്ച ജനസംഖ്യക്കാനുപാതികമായ സ്റ്റാഫ് പാറ്റേണും അനുബന്ധ ഭൗതീകസാഹചര്യങ്ങളും പുനർനിർണ്ണയിക്കേണ്ടതുണ്ട്. ആർദ്രം പദ്ധതിയുമായി ബന്ധപ്പെട്ട് ഇത് പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുകയാണ്.

പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ലാബോറട്ടറി സൗകര്യം, വിശ്രമസൗകര്യം, മുലയൂട്ടൽ കോർണർ, ശുചി മുറികൾ, വാട്ടർ കിയോസ്കുകൾ, വായനാമൂലകൾ എന്നിവയ്ക്കൊപ്പം പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ വിവരിക്കുന്ന സിറ്റിസൺ ചാർട്ട് എല്ലാ കേന്ദ്രങ്ങളിലും പ്രദർശിപ്പിക്കേണ്ടതാണ്.

നമ്മുടെ ജില്ലയിൽ സർക്കാർ സംവിധാനത്തിൽ രക്തബാങ്ക് ഐ ബാങ്ക്, എം.ആർ, ഐ. സ്കാനിംഗ് സംവിധാനം വിവിധ ഡിപ്പാർട്ടുമെന്റുകളിലെ ഐ.സി.യൂ. സംവിധാനം എന്നിവ താലൂക്ക് ജില്ലാ ആശുപത്രികളോട് അനുബന്ധമായി ഏർപ്പെടുത്തേണ്ടതാണ്.

കിടത്തി ചികിൽസ നിലവിലുള്ള എല്ലാ സർക്കാർ ആശുപത്രികളിലും ആധുനിക സംവിധാനത്തിലുള്ള കട്ടിലുകളും ബെഡ്ഡും , അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തേണ്ടതാണ്.

ജില്ലയുടെ എല്ലാ മേഖലകളും കേന്ദ്രീകരിച്ച് ആധുനിക ആംബുലൻസ് (ALS) ഏർപ്പെടുത്തേണ്ടതാണ്. ഇത് സമയബന്ധിതമായി പ്രവർത്തിപ്പിക്കുന്നതിന് രണ്ട് ഡ്രൈ

വർമാരെ വീതം ഓരോ ആംബുലൻസിലും നിയോഗിക്കേണ്ടതാണ്.സബ് സെന്റർ ശാക്തീകരണത്തിന്റെ ഭാഗമായി എല്ലാ ആരോഗ്യഉപകേന്ദ്രങ്ങൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. നിലവിൽ ഒട്ടനവധി ഉപകേന്ദ്രങ്ങളും വാടകകെട്ടിടങ്ങളിലാണ് പ്രവർത്തിച്ചുവരുന്നത്. ഇ-ഹെൽത്ത്, ആർദ്രം പദ്ധതികൾ വ്യാപകമാകുന്നതോടെ ആരോഗ്യ ഉപകേന്ദ്രതലം മുതൽ ഡിജിറ്റൽ സംവിധാനത്തിലേക്ക് മാറുകയും റിപ്പോർട്ടിംഗ് സംവിധാനം ഉൾപ്പെടെ ആധുനികവൽക്കരിക്കുകയും ചെയ്യുമെന്നതിനാൽ സബ്സെന്ററുകൾ ഉൾപ്പെടെയുള്ള ആരോഗ്യസ്ഥാപനങ്ങളുടെ പോരായ്മകൾ ക്രമാനുഗതമായി പരിഹരിക്കേണ്ടതാണ്. ആധുനിക മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനോടൊപ്പം സംരക്ഷണമതിൽ, ഗേറ്റ്, ബോർഡ് എന്നിവ ആവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കുകയും കൃത്യമായ ഇടവേളകളിൽ നവീകരണപ്രവർത്തനങ്ങൾ നടത്തുകയും ചെയ്യേണ്ടതാണ്.

മാനസികാരോഗ്യം

ഒരു സമൂഹത്തിൽ മാനസിക രോഗികളുടെ എണ്ണം വർദ്ധിക്കുന്നത് സമൂഹത്തിന് ബാധിച്ചിരിക്കുന്ന രോഗമായി കാണേണ്ടതാണ്. നമ്മുടെ സമൂഹത്തിൽ പൊതുവെ കാണപ്പെടുന്ന വർദ്ധിച്ച ആത്മഹത്യ, വിഷാദം, പഠനവൈകല്യങ്ങൾ തുടങ്ങിയ പല പ്രശ്നങ്ങളും നേരത്തേ തന്നെ കണ്ടെത്തി ആവശ്യമായ കൗൺസിലിംഗോ, ചികിൽസയോ നടത്തി പരിഹാരം കാണാൻ കഴിയുന്നതാണ്. നിലവിൽ ജില്ലാ മാനസികാരോഗ്യപരിപാടി DMHP(കോട്ടയം മെഡിക്കൽ കോളേജിലെ മാനസികാരോഗ്യവിഭാഗത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് പ്രവർത്തിച്ചുവരുന്നത്) ഇടുക്കി ജില്ലയിലെ വിവിധ സർക്കാർ ആശുപത്രികളിൽ മുൻകൂട്ടി നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ വിദഗ്ധരുൾപ്പെടുന്ന മെഡിക്കൽ ടീമിന്റെ സേവനവും മരുന്നുകളും ലഭ്യമാക്കിയിട്ടുണ്ട്. (ഈ പരിപാടി ഇടുക്കി ജില്ലാ ആശുപത്രി കേന്ദ്രീകരിച്ച് നടത്തുവാനായി സർക്കാർ തലത്തിൽ തീരുമാനമായിട്ടുണ്ട്.)

ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 8 കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ''ആശ്വാസ്'' എന്ന പേരിൽ മാനസികാരോഗ്യ ക്ലിനിക്കുകൾ എല്ലാ മാസവും നടത്തിവരുന്നു.

പഞ്ചായത്തുതലത്തിൽ മാസത്തിൽ ഒരു തവണയെങ്കിലും മാനസികാരോഗ്യ ക്ലിനിക്ക് നടത്തേതാണ്. പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽപ്പെടുത്തി ആവശ്യമായ മരുന്നിന്റെ ലഭ്യത ഉറപ്പുവരുത്തുകയും കൗൺസിലിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതുമാണ്.

ചില പഞ്ചായത്തുകളിൽ കണ്ടു വരുന്ന വർദ്ധിച്ച ആത്മഹത്യ നിരക്കിനെ സംബന്ധിച്ച് പഠനം നടത്തുകയും ഫലപ്രദമായി ഇടപെടുകയും വേണം.

ആദിവാസിമേഖല

ഇടുക്കി ജില്ലയിൽ വനപ്രദേശത്തോടു ചേർന്ന് നിരവധി ആദിവാസി വിഭാഗങ്ങൾ താമസിച്ചുവരുന്നു. പ്രധാനമായും മുതുവാൻ, മന്നാൻ, ഊരാളി, മലമ്പണ്ടാരം എന്നീ വിഭാഗങ്ങളിൽപ്പെട്ട ആദിവാസികളാണ് ജില്ലയിലുള്ളത്. കേരളത്തിലെ ഏക ആദിവാസി ഗ്രാമപഞ്ചായത്ത് ആയ ഇടമലക്കുടി ഇടുക്കി ജില്ലയിലാണ്. ഹൈറേഞ്ച് മേഖലയിലുള്ള ആദിവാസി പ്രദേശങ്ങളിൽ ഇനിയും വികസനം കൂടുതൽ കടന്നുചെല്ലേണ്ടതായിട്ടുണ്ട്.

യാത്രാസൗകര്യങ്ങളുടെ അപര്യാപ്തത, ആരോഗ്യവിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ അഭാവം തുടങ്ങി ഒട്ടേറെ വിഷയങ്ങളിൽ സമൂഹത്തിന്റെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്. ഗോത്രവർഗ്ഗക്കാരുടെ ഇടയിൽ നിലനിൽക്കുന്ന ചില ആചാരങ്ങളും അനുഷ്ഠാനങ്ങളും വികസനത്തെ ഇവരുടെ കുടികളിൽ എത്തിക്കുന്നതിന് തടസ്സമായി നിൽക്കുന്നു.

വന്യമൃഗങ്ങളുടെ ശല്യം മൂലം തനതു കൃഷി രീതികൾ വലിയൊരളവുവരെ അന്യം നിന്നു പോകുന്ന അവസ്ഥയാണ് പല കുടികളിലും ഉള്ളത്. പൊതു സമൂഹത്തിന്റെ ഇടയിൽ നിലനിൽക്കുന്ന കൃഷിയും കൃഷിരീതികളും ഇന്ന് പല അദിവാസിമേഖലകളിലും പൂർണ്ണതോതിൽ എത്തിക്കഴിഞ്ഞു. തിന, ചോളം, തുടങ്ങിയവയുടെ കൃഷി വളരെ അപൂർവ്വമായി മാത്രമാണ് കാണുന്നത്.

ഓറൽ പിൽസിന്റെ അമിത ഉപയോഗം മുറുക്ക്, പുകയില, പുകവലി, മദ്യം തുടങ്ങിയ ലഹരിവസ്തുക്കളുടെ അമിതമായ ഉപയോഗം ,ജനസംഖ്യയിൽ ഉണ്ടാവുന്ന കുറവ്, കുട്ടികൾ ഇല്ലാത്ത ദമ്പതിമാരുടെ എണ്ണത്തിലുള്ള വർദ്ധനവ്, സാമൂഹ്യ രാഷ്ട്രീയ ഇടപെടലുകളുടെ അഭാവം വിവിധ രീതിയിലുള്ള ചൂഷണത്തിന് അടിപ്പെടൽ, പോഷകാഹാരക്കുറവ് , പ്രമേഹം, രക്തസമ്മർദ്ദം തുടങ്ങിയ രോഗങ്ങളുടെ വർദ്ധനവ് , വിളർച്ചാരോഗം, തുടങ്ങി ആരോഗ്യപരമായും സാമൂഹ്യപരമായ നിരവധി പ്രശ്നങ്ങൾ ജില്ലയിലെ ആദിവാസി സമൂഹം നേരിടുന്നുണ്ട്.

സർക്കാരിന്റേയും സന്നദ്ധ സംഘടനകളുടേയും നേതൃത്വത്തിൽ നിരവധി പദ്ധതികൾ ഈ മേഖലയിൽ നടപ്പാക്കിയിട്ടുങ്കിലും ഈ വിഭാഗത്തിന്റെ വിവിധ പ്രശ്നങ്ങൾ ഇനിയും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല.

ആദിവാസി വിഭാഗങ്ങളുടെ തനിമ നിലനിർത്തിക്കൊുള്ള വികസനപ്രവർത്തനങ്ങൾക്കായിരിക്കണം മുൻഗണന നൽകേണ്ടത്.

ആദിവാസി കുടികളിൽ വാലായ്മ പുരകൾ പുനർനിർമ്മിക്കുകയും അവിടെ മെച്ചപ്പെട്ട അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുകയും സ്ത്രീകളുടെ ഇടയിൽ കണ്ടുവരുന്ന ഓറൽ പിൽസിന്റെ അമിത ഉപയോഗം കുറച്ച് ഹോർമോൺ അസന്തുലിതാവസ്ഥയുടെ ഭാഗമായി ഉണ്ടാവുന്ന പല രോഗങ്ങളും നിയന്ത്രിക്കുവാനും വന്ധ്യതയിൽ നിന്ന് ദമ്പതികളെ രക്ഷിക്കുവാനും അങ്ങനെ ജനസംഖ്യയിൽ ഇപ്പോൾ കണ്ടുവരുന്ന കുറവ് പരിഹരിക്കുവാനും സാധിക്കും. നിലവിലുള്ള ഊരുക്കൂട്ട ആരോഗ്യസമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ കുടികളിലെ സമഗ്ര പ്രശ്നങ്ങളെ പരിഹരിക്കുവാനുള്ള പദ്ധതികൾ തയ്യാറാക്കേണ്ടതുണ്ട്.

ചികിൽസാ സഹായങ്ങൾ ബന്ധപ്പെട്ട വകുപ്പിൽ നിന്നും സമയബന്ധിതമായി ലഭിക്കുന്നതിനും രോഗികളെ ആശുപത്രിയിൽ എത്തിക്കുന്നതിന് വാഹനസൗകര്യം ലഭ്യമാക്കുന്നതിനും ആവശ്യമായ ഫണ്ട് ബന്ധപ്പെട്ട വകുപ്പുകളിൽ മുടക്കം കൂടാതെ ലഭ്യമാക്കേണ്ടതാണ്.

ശുദ്ധമായ കുടിവെള്ളം കുടികളിൽ ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

ഇതരസംസ്ഥാന തൊഴിലാളികളുടെ പ്രശ്നങ്ങൾ

മറ്റു ജില്ലകളിൽ എന്നപോലെ സമസ്ത മേഖലകളിലും ഇതരസംസ്ഥാന തൊഴിലാളികൾ ജോലിയിൽ ഏർപ്പെട്ടുവരുന്നു. തമിഴ്നാടുമായി അതിർത്തി പങ്കിടുന്ന ജില്ല എന്ന നിലയിൽ വർഷങ്ങൾക്കു മുൻപു തന്നെ മൂന്നാർ, ദേവികുളം, വട്ടവട, കാന്തല്ലൂർ, പൂപ്പാറ,

കുമളി, വണ്ടിപ്പെരിയാർ, പീരുമേട് തുടങ്ങിയ സ്ഥലങ്ങളിൽ തമിഴ് ജനസംഖ്യ അധിവസിച്ചു വരുന്നു. അവരെല്ലാം തന്നെ ഈ പ്രദേശങ്ങളിൽ സ്ഥിരതാമസക്കാരായി മാറുകയും തമിഴ് സംസാരിക്കുന്ന മലയാളികളായി രൂപാന്തരപ്പെടുകയും ചെയ്തിട്ടുണ്ട്.

എന്നാൽ കഴിഞ്ഞ കുറെ വർഷങ്ങളായി പശ്ചിമബംഗാൾ രാജസ്ഥാൻ, ജാർഘണ്ട്, ഛത്തീസ്ഘഢ്, ആസാം, തുടങ്ങിയ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും, ഇന്ത്യയിൽ അഭയാർത്ഥികളായി താമസിച്ചുവരുന്ന ബംഗ്ലാദേശുകാരുടെ പിൻമുറക്കാരും ജില്ലയിൽ വിവിധ ജോലികൾക്കായി എത്തിയിട്ടുണ്ട്.

ജില്ലയിൽ കണ്ടു വരുന്ന മലേറിയ രോഗികളിൽ 95 ശതമാനവും ഈ ഇതര സം സ്ഥാന തൊഴിലാളികളാണ്. അതുപോലെ ഇവരുടെ ഇടയിൽ നിന്നു മാത്രമാണ് മന്ത് രോഗബാധ കണ്ടെത്തുവാൻ കഴിഞ്ഞിട്ടുള്ളത്. ആരോഗ്യവകുപ്പ് നടത്തിവരുന്ന പരിശോധ നാ ക്യാമ്പുകളിൽ നിന്നുമാണ് ഇത്തരം രോഗബാധ കണ്ടെത്തിയിട്ടുള്ളത്. ഇത്തരം രോഗ ബാധിതരുടെ തുടർച്ചയായ സാമീപ്യം നമ്മെ സംബന്ധിച്ചിടത്തോളം വലിയ ഭീഷണി ഉയർത്തുന്നുണ്ട്.

നമ്മുടെ നാട്ടിൽ വരുന്ന ഇതരസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച് കൃത്യമായ കണക്കുകൾ ലഭ്യമല്ല.ആയത് ഇവരുടെ ഇടയിലെ അരോഗ്യപ്രശ്നങ്ങൾ തുടക്കത്തിലെ കണ്ടെത്തുന്നതിൽ തടസ്സം സൃഷ്ടിക്കുന്നുണ്ട്. ഇവരുടെ കൃത്യമായ വിവരശേഖരണം നട ത്തേണ്ടത് വളരെ അത്യാവശ്യമായി വന്നിരിക്കുന്നു.

ഇവരുടെ താമസവുമായി ബന്ധപ്പെട്ട് നടത്തുന്ന പരിശോധനയിൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം പലയിടത്തും കണ്ടുവരുന്നു. മതിയായ കക്കൂസുകളുടെ അഭാവം, ശുചിത്വമില്ലായ്മ, മാലിന്യസംസ്കരണ സംവിധാനത്തിന്റെ അപര്യാപ്തത എന്നിവ കോളറ പോലെയുള്ള പല രോഗബാധയ്ക്കും കാരണമാകുന്നുണ്ട്.

പഞ്ചായത്ത് തലത്തിൽ ഇവർ സംസ്ഥാനത്തിന് വെളിയിൽ പോകുമ്പോഴും വരു മ്പോഴും അതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിനും അതാത് സമയങ്ങളിൽ ആരോ ഗ്യ പരിശോധന നടത്തുന്നതിനുള്ള സംവിധാനം ഒരുക്കേണ്ടതുണ്ട്.

18 വയസ്സിൽ താഴെയുള്ള തൊഴിലാളികൾക്ക് കർശന നിയന്ത്രണം ഏർപ്പെടുത്തേ ണ്ടതാണ്. താമസസ്ഥലങ്ങളിൽ മതിയായ ശൗചാലയങ്ങളും ജലവിതരണ സംവിധാനവും ഉറപ്പാക്കേണ്ടതാണ്.

രോഗങ്ങൾക്ക് ചികിൽസയും തുടർചികിൽസയും തൊഴിൽ ഉടമകളുടെ ഉത്തരവാദി ത്വത്തിൽ നടപ്പിലാക്കേണ്ടതാണ്. പാൻപരാഗ്, മദ്യം തുടങ്ങിയ ലഹരിവസ്തുക്കളുടെ അമിത ഉപയോഗം ഇവരുടെ ഇടയിൽ കണ്ടുവരുന്നു. ഇതിനെതിരെയുള്ള ബോധവൽക്കര ണവും നിയമപരമായ നടപടികളും സ്വീകരിക്കേണ്ടതാണ്.

ലഹരിവസ്തുക്കളുടെ ഉപയോഗം

ലഹരിവസ്തുക്കളുടെ ഉപയോഗത്തിൽ നമ്മുടെ ജില്ലയിൽ നിന്നും ഒട്ടേറെ വാർത്ത കൾ പുറത്തുവരുന്നുണ്ട്. സ്കൂൾ തലം മുതൽ വിവിധതരം ലഹരിവസ്തുക്കളുടെ ലഭ്യ തയും ദുരുപയോഗവും ശ്രദ്ധയിൽപ്പെട്ടു വരുന്നു. പൊതുസമൂഹത്തിന്റെ കൂടി പിന്തുണ യോടെ സമഗ്രമായ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ തുടർച്ചയിലൂടെ മാത്രമേ പുതിയ തലമുറയെ ലഹരിയുടെ മായികലോകത്തുനിന്ന് പിന്തിരിപ്പിക്കാൻ കഴിയുകയുള്ളു. കൂടാതെ എക്സൈസ്, പോലീസ്, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ വകുപ്പുകളുടെ സംയുക്തമായ ഇടപെടലുകളും തുടർച്ചയായി ഈ വിഷയത്തിൽ ഉണ്ടാകേണ്ടതുണ്ട്.

ഇടുക്കി ജില്ലയിൽ ഒരു ഡി-അഡിക്ഷൻ സെന്റർ പൊതു മേഖലയിൽ ഇല്ല. ലഹരി ക്കടിമപ്പെട്ട നിരവധി ആളുകളെ നമുക്ക് കണ്ടെത്താൻ കഴിയുന്നുണ്ടെങ്കിലും ഇവരെ റഫർ ചെയ്യാൻ പറ്റിയ ഒരു സ്ഥാപനം നമ്മുടെ ജില്ലയിൽ ഇല്ല എന്നുള്ളത് ഒരു വലിയ പരിമിതി യായി അവശേഷിക്കുന്നു.

സ്കൂൾ കോളേജ്, തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ചേർന്ന് ലഹരി വസ്തുക്കളുടെ രഹസ്യവിൽപന തടയുന്നതിനും COTPA നിയമം ഫലപ്രദമായി നടപ്പിൽ വരുത്തേണ്ടതാണ്. ഇതിനായി സ്കൂൾ പ്രൊട്ടക്ഷൻ കമ്മറ്റി ഫലപ്രദമായി പ്രവർത്തിക്കേ ണ്ടതാണ്.

ടൂറിസം അനുബന്ധ ആരോഗ്യപ്രശ്നങ്ങൾ

ജില്ല പൊതുവേ ടൂറിസം മേഖലയാണ്. മൂന്നാർ, വാഗമൺ, കുമളി, തേക്കടി, രാമ ക്കൽമേട്, കുട്ടിക്കാനം എന്നിവയാണ് ഇടുക്കിയുടെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായി ഉയർന്നുവ ന്നിട്ടുള്ളത്. എന്നാൽ ഇവിടെ അതിനനുസ്യൂതമായ ഭൗതിക സാഹചര്യങ്ങൾ ഇല്ല. പൊതു ശൗചാലയങ്ങൾ കൂടുതലായി വിവിധ സ്ഥലങ്ങളിൽ ഉണ്ടാകേണ്ടതുണ്ട്. ഇടുക്കിയുടെ കവാടങ്ങളിൽ പ്ലാസ്റ്റിക് ഉത്പന്ന പരിശോധന കർശനമാക്കുകയും ഇതിനാവശ്യമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുകയും വേണം.

ടൂറിസ്റ്റുകൾക്ക് കടന്നുവരുന്ന വഴികളിൽ ഭക്ഷണം കഴിക്കുന്നതിനും പാചകം ചെയ്യു ന്നതിനും പ്രാഥമികാവശ്യം നിർവ്വഹിക്കുന്നതിനുമുള്ള സംവിധാനം തദ്ദേശസ്ഥാപനങ്ങ ളുടെ നേതൃത്വത്തിൽ ഏർപ്പെടുത്തേണ്ടതാണ്.

വിവിധ സ്ഥലങ്ങളിൽ ഹെൽപ് ഡെസ്കുകൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കേണ്ടതും ശുചിത്വത്തെ സംബന്ധിച്ചും വനമേഖലകളിൽ പാലിക്കേണ്ട നിയമങ്ങളെ സംബന്ധിച്ചു മുള്ള അവബോധം നൽകേണ്ടതുമാണ്.

വിദ്യാലയ ആരോഗ്യപരിപാടി

വിദ്യാലയ ആരോഗ്യപരിപാടിയിൽ നിലവിലുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തു ന്നതോടൊപ്പം കൗമാരക്കാരായ കുട്ടികൾക്കിടയിൽ വിവിധതരം സാമൂഹ്യവിഷയങ്ങളിൽ പരിശീലനവും ബോധവൽക്കരണവും നടത്തേണ്ടതാണ്.

പ്രായോഗിക പോഷണം, പാലിയേറ്റീവ് കെയർ, പകർച്ചവ്യാധി നിയന്ത്രണം തുട ങ്ങിയ വിഷയങ്ങളിൽ ശരിയായ അവബോധം സൃഷ്ടിക്കുന്നതിൽ ആവശ്യമായ ബോധ വൽക്കരണ പ്രവർത്തനങ്ങൾ സ്കൂൾ കോളേജ്, വിദ്യാർത്ഥികൾക്കിടയിൽ നടപ്പാക്കേ ണ്ടതാണ്.

കൗമാര ആരോഗ്യവുമായി ബന്ധപ്പെട്ട് ലൈംഗീക വിദ്യാഭ്യാസവും ശാരീരിക മാറ്റ ങ്ങളെ സംബന്ധിച്ച അറിവുകളും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമായി നൽകേണ്ടതാണ്. സ്ത്രീസൗഹൃദ ശൗചാലയങ്ങളും നാപ്കിൻ ലഭ്യതയും ഉറപ്പുവരുത്തേ താണ്.

കുട്ടികൾക്കിടയിൽ ശാസ്ത്രബോധവും യുക്തി ചിന്തയും വളർത്തിയെടുത്തു കൊണ്ട് അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും വഴിപ്പെടാതെ പുതിയ തലമുറയെ സംരക്ഷിക്കുവാൻ കഴിയും.

WIFS ഗുളിക വിതരണം വാക്സിനേഷൻ എന്നിവ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കുട്ടികളുടേയും പി.റ്റി.എ.-യുടേയും സംയുക്ത യോഗങ്ങളും ചർച്ചയും സംവാദവും ആവശ്യമായ സന്ദർഭങ്ങളിൽ സംഘടിപ്പിക്കേണ്ടതാണ്.

സ്കൂളുകളിലെ കുടിവെള്ളത്തിന്റെ ഗുണനിലവാരം ആഹാരസാധനങ്ങളുടെ ഗുണനിലവാരം പാചകപ്പുരകളിലെ ശുചിത്വം മാലിന്യസംസ്കരണ സംവിധാനം ശുചി മുറികളിലെ ശുചിത്വം എന്നിവ തുടർച്ചയായ പരിശോധനകളിലൂടെ ഉറപ്പാക്കേണ്ടതുണ്ട്.

തോട്ടം മേഖല

തോട്ടം മേഖലയുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി നിരവധി പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. എന്നിരുന്നാലും ഇനിയും പരിഹരിക്കേണ്ട ഒട്ടേറെ വിഷയങ്ങൾ നമ്മുടെ മുമ്പിലുണ്ട്.

തൊഴിലാളികളുടെ താമസ്ഥലങ്ങളായ ലയങ്ങളിൽ അറ്റകുറ്റപണികൾ സമയബന്ധിതമായി നടപ്പിലാക്കേണ്ടതുണ്ട്. കുടിവെള്ളം, ശൗചാലയം തുടങ്ങി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുമാണ്.

എസ്റ്റേറ്റ് ഉടമസ്ഥതയിലുള്ള ചികിൽസാ സൗകര്യങ്ങൾ ഏറെ മെച്ചപ്പെടുത്തേണ്ടതുണ്ട്. പലയിടത്തും പരിചയസമ്പന്നരായ ഡോക്ടർമാർ, മറ്റു ജീവനക്കാർ എന്നിവരുടെ അഭാവം നിലനില്ക്കുന്നു.

അമിത രാസകീടനാശിനി പ്രയോഗം മൂലമുള്ള രോഗങ്ങളെ സംബന്ധിച്ച് കൃത്യമായ പഠനങ്ങൾ നടത്തേണ്ടതാണ്. കീടനാശിനികളുടെ ഉപയോഗം സംബന്ധിച്ച് യൂണിവേഴ്സൽ സ്റ്റാൻഡേർഡ് പാലിക്കുന്നുണ്ടോയെന്ന് വിലയിരുത്തേണ്ടതാണ്.

മാസ്ക്, ഷൂ, കൈയ്യുറ തുടങ്ങിയ വ്യക്തിഗത സംരക്ഷണോപാധികൾ തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നുണ്ടോയെന്നും അത് ഉപയോഗിക്കുണ്ടോയെന്നും ഉറപ്പുവരുത്തേണ്ടതാണ്.

പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ വൈദ്യസഹായവും സാമ്പത്തിക സഹായവുമാണ് നിലവിൽ നൽകിവരുന്നത്. കൂടുതൽ ഇടപെടലുകൾ ഈ മേഖലയിൽ സാധ്യമാണോയെന്ന് പരിശോധിക്കേണ്ടതാണ്.

ക്ഷേമപദ്ധതികൾ

ആരോഗ്യസംബന്ധമായ നിരവധി ക്ഷേമപദ്ധതികൾ സർക്കാർ നടപ്പാക്കിയിട്ടുണ്ടെങ്കിലും അതിനെ സംബന്ധിച്ച് ശരിയായ അവബോധം ജനങ്ങളുടെ ഇടയിൽ ഉണ്ടായിട്ടില്ല. തൻമൂലം അനുവദിച്ച പല ഫണ്ടുകളും ജനങ്ങൾക്ക് ലഭിക്കാതെ പോകുന്നു. ആരോഗ്യകിരണം, ആശ്വാസകിരണം, കാരുണ്യപെൻഷൻ, താലോലം, ഭൂമിക, വർണ്ണചിത്രം, ശ്രുതിതരംഗം, മന്ദഹാസം, ഉഷസ്സ്, സുകൃതം, സ്നേഹപൂർവ്വം, ഹമാരാകാർഡ് തുടങ്ങി നിരവധിയായ ക്ഷേമപദ്ധതികളെക്കുറിച്ച് ജനങ്ങൾക്ക് അറിവുനൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ലിംഗപരമായ പ്രശ്നങ്ങൾ

നമ്മുടെ സമൂഹം ഒരു പുരുഷകേന്ദ്രീകൃതസമൂഹമാണ്. സ്ത്രീ സ്വാതന്ത്ര്യത്തെക്കുറിച്ച് പുറത്ത് വാചാലരാകുകയും വീടിനകത്ത് മൗനം പാലിക്കുകയുമാണ് നമ്മൾ

പൊതുവെ ചെയ്തുവരുന്നത്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളിൽ ആശുപത്രിയിലെത്തുന്നവർക്ക് ചികിൽസയും നിയമപരിരക്ഷയും നൽകുന്നതിന് ഭൂമിക എന്ന സംവിധാനം ജില്ലാ ആശുപത്രികളിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിനെക്കുറിച്ചുള്ള അവബോധം ജനങ്ങളുടെ ഇടയിൽ കൂടുതൽ വിപുലീകരിക്കേതുണ്ട്. ഇതിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുമാണ്.

സ്ത്രീകൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനും, മുലയൂട്ടുന്നതിനും ഉള്ള ക്രമീകരണങ്ങൾ പൊതു ഇടങ്ങളിലും സ്ഥാപനങ്ങളിലും കൂടുതൽ ഉണ്ടാവേണ്ടതുണ്ട്. സ്ത്രീപുരുഷ സമത്വത്തെക്കുറിച്ചുള്ള ശരിയായ കാഴ്ച്ചപ്പാടും സംസ്ക്കാരവും വീടുകളിൽ നിന്ന് തന്നെ ഉയർന്നുവരേണ്ടതാണ്. അതിനാവശ്യമായ ബോധവൽക്കരണപ്രവർത്തനങ്ങൾ തുടർച്ചയായി സംഘടിപ്പിക്കേണ്ടതുമാണ്.

ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ പ്രശ്നങ്ങൾ

ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ പ്രശ്നങ്ങൾ വളരെ ഗൗരവത്തോടെ നമ്മുടെ സമൂഹം ചർച്ച ചെയ്തുതുടങ്ങിയിരിക്കുന്നു എന്നത് ഏറെ സന്തോഷകരമാണ്. ജീവശാസ്ത്രപരമായ പ്രത്യേകതകൾമൂലം സ്വത്വബോധം നഷ്ടപ്പെട്ട് വ്യക്തിത്വ പ്രതിസന്ധിയിൽ ഉഴലുന്ന ഇവരെ സമൂഹത്തോടൊപ്പം ചേർത്തു നിർത്തേണ്ടതാണ്. ഇല്ലെങ്കിൽ ഇവർ സമൂഹികവിരുദ്ധമാനസികാവസ്ഥയിലേക്ക് പിന്തള്ളപ്പെടും ബോധപൂർവ്വമായ ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാവേതാണ്. ഇവർക്കാവശ്യമായ ഭൗതീക സാഹചര്യങ്ങൾ പൊതു ഇടങ്ങളിൽ വേണ്ടത്ര ഏർപ്പെടുത്തുകയും ജില്ലിയിലൊരിടത്തെങ്കിലും ആവശ്യമായ (മാനസികവും, ശാരീരികവും) ചികിൽസ കൗൺസിലിംഗ് സൗകര്യങ്ങളുള്ള ക്ലിനിക്കുകൾ ആരംഭിക്കേണ്ടതുമാണ്.

വിവിധ ദേശീയ പരിപാടികൾ

RNTCP: ജില്ലയിൽ ക്ഷയരോഗനിർമ്മാർജ്ജനം അതിന്റെ അന്തിമഘട്ടത്തിൽ എത്തി നിൽക്കുകയാണ് ഈ കാലഘട്ടത്തിലും ഈ രോഗത്തെക്കുറിച്ച് സോഷ്യൽ സ്റ്റിഗ്മ നിലനിൽക്കുന്നു.രോഗിയെ അല്ല രോഗത്തെയാണ് മാറ്റി നിർത്തേത് എന്ന സന്ദേശം ഇനിയും ജനങ്ങളുടെ ഇടയിൽ എത്തേണ്ടതായിട്ടുണ്ട്. ക്ഷയരോഗചികിൽസകാലയളവിൽ അർഹരായ രോഗികൾക്ക് ഭക്ഷണം എത്തിക്കുന്നതിന് പഞ്ചായത്തു തലത്തിൽ പ്രോജക്റ്റുകൾ ഉണ്ടാക്കേതാണ്.

ദേശീയ അന്ധതാനിവാരണപരിപാടി

ജില്ലയിൽ നിലവിൽ സർക്കാർ മേഖലയിൽ തിമിര ശസ്ക്രിയ നടക്കുന്നില്ല. നേത്രരോഗവിദഗ്ദധൻ ഇല്ലാത്തതാണ് കാരണം. അതുപോലെ ജില്ലയിൽ ഐ ബാങ്കും നിലവിലില്ല. സ്വകാര്യമേഖലയുമായി ചേർന്നാണ് ജില്ലയിൽ ഈ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്.

നാഷണൽ ലെപ്രസി ഇറാഡിക്കേഷണൽ പ്രോഗ്രാം

1983-ൽ ആരംഭിച്ച ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടി ദേശീയലക്ഷ്യം നേടത്തക്കവിധം കാര്യക്ഷമമായി നടന്നുവരികയാണ്. ജില്ലയിൽ വിദ്യാർത്ഥികളുടെ ഇടയിൽ രോഗ സാന്നിധ്യമുണ്ടോ എന്ന പരിശോധന ഇപ്പോൾ നടന്നുവരികയാണ്. രോഗം ആരംഭത്തിലേ കണ്ടെത്തുന്നതിനും ചികിൽസിച്ചു പൂർണ്ണമായും ഭേദമാക്കുന്നതിനും ഇതു മൂലം സാധിക്കും. ഈ രോഗത്തെക്കുറിച്ച് സമൂഹത്തിൽ ഇപ്പോഴും സോഷ്യൽ സ്റ്റിഗ്മ നില

നിൽക്കുന്നു. തുടർച്ചയായ ബോധവൽക്കരണപ്രവർത്തനങ്ങൾ അനിവാര്യമാണ് എന്ന് ഇത് നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്.

നാഷണൽ എയ്ഡ്സ് കൺട്രോൾ പ്രോഗ്രാം

എയ്ഡ്സ് കൺട്രോൾ പ്രോഗാമുമായി ബന്ധപ്പെട്ട് ബോധവൽക്കരണപ്രവർത്തനങ്ങൾ എല്ലാ വർഷവും ഡിസംബർ 1-ന് നടക്കുന്ന എയഡ്സ്ദിനാചരണം മാത്രമായി ഒതുങ്ങിപ്പോകുന്നു. ജില്ലാതലത്തിൽ ആന്റിറിട്രൈവൽ മെഡിസിൻ ലഭ്യത ഉറപ്പാക്കേണ്ടതാണ്.

WIFS IRON& FOLIC ACID SUPPLY

കുട്ടികൾക്കിടയിലെ പ്രത്യേകിച്ചും പെൺകുട്ടികൾക്കിടയിലെ വിളർച്ചാരോഗം തടയുന്നതിന് വിദ്യാഭ്യാസവകുപ്പിന്റെ സഹായത്തോടുകൂടി നടപ്പാക്കുന്ന പരിപാടിയാണ് WIFS. എന്നാൽ ഈ പ്രവർത്തനം വേണ്ടത്ര വിജയം കണ്ടിട്ടില്ല. വിദ്യാഭ്യാസവകുപ്പിന്റെ പങ്കാളിത്തം പലയിടത്തും ഉണ്ടാവുന്നില്ല എന്ന പരാതി നിലനിൽക്കുന്നു.

കേരളത്തിന്റെ പൊതുവായ ആരോഗ്യ സ്ഥിതിയിൽ നിന്നും വലിയ വ്യത്യാസങ്ങൾ ഇല്ലായെങ്കിലും ഭൂമിശാസ്ത്രപരമായിട്ടുള്ള പ്രത്യേകതകൾ ആരോഗ്യപ്രവർത്തനങ്ങളെ കൂടുതലായി ബാധിക്കുന്ന ഒരു ജില്ലയാണ് ഇടുക്കി. വലിയ വിസ്തൃതിയും ഉയർന്ന പ്രദേശങ്ങൾ കൂടുതലുള്ളതും ചെന്നെത്താൻ ബുദ്ധിമുട്ടുള്ള ആദിവാസി മേഖലകളും ഇടുക്കി ജില്ലയുടെ പ്രത്യേകതകളാണ്. ഗതാഗത സൗകര്യങ്ങളും ജില്ലയിൽ വളരെ കുറവാണ്. വായുമാർഗ്ഗം, ജലമാർഗ്ഗം, റെയിൽ ഗതാഗത സൗകര്യങ്ങൾ ജില്ലയിൽ ലഭ്യമല്ല. ഇത്തരം പ്രത്യേകതകൾ പൊതുജനാരോഗ്യ രംഗത്തും സ്വാധീനം ചെലുത്തുന്നുണ്ട്.

മോഡേൺ മെഡിസിൻ

മേൽത്തട്ട് നിർദ്ദേശങ്ങൾ

- നിലവിലുള്ള ഹെൽത്ത് ബ്ലോക്കുകളുടെ പ്രവർത്തന മേഖല ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനമാക്കി ക്രമീകരിക്കുക
- താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുക
- അടിമാലിയിൽ അമ്മമാരുടേയും കുട്ടികളുടേയും ആശുപത്രി സ്ഥാപിക്കുക. വന്ധ്യതാചികിൽസ ഇതോടൊപ്പം ആരംഭിക്കുക
- റോഡ് ഒഴികെ മറ്റു ഗതാഗത സൗകര്യങ്ങൾ ലഭ്യമല്ലാത്തതിനാൽ എയർ ആംബുലൻസിന്റെ സാധ്യത.
- ഐ ബാങ്ക്
- ജില്ലാ ആശുപത്രികളിൽ ബ്ലഡ് സെപ്പറേഷൻ യൂണിറ്റ്. ജില്ലാ താലൂക്ക് കേന്ദ്രങ്ങളിൽ ട്രോമാ കെയർ സംവിധാനം.
- പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഇല്ലാത്ത താഴെ പറയുന്ന 3 പഞ്ചായത്തുകളിൽ ആയത് സ്ഥാപിക്കുക
- പീരുമേട്

- മൂന്നാർ
- ഇടമലക്കുടി
- ട്രാൻസ്ജെൻഡർ വിഭാഗത്തിനായി ജില്ലാ ആശുപത്രിയിൽ ശാരീരിക, മാനസിക ചികിൽസാ, കൗൺസിലിംഗ് സൗകര്യങ്ങളുള്ള ക്ലിനിക് ആവശ്യമാണ്

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

ഗ്രാമപഞ്ചായത്ത് തലം

1. പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.

2. ആശുപത്രികളിലെ മരുന്നുകളുടെ ഗുണനിലവാരം സംരക്ഷിക്കുന്നതിനായി സ്റ്റോർ ഫാർമസി എന്നിവ ശീതീകരിക്കുന്നതിനുള്ള നടപടികൾ.

3. കെട്ടിടം ഇല്ലാത്ത ഉപകേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക

4. കുടിവെള്ളലഭ്യത ഇല്ലാത്ത ആരോഗ്യ സ്ഥാപനങ്ങളിൽ ലഭ്യത ഉറപ്പുവരുത്തൽ

5. പി എച്ച് സി കളിൽ പ്രതിരോധ കുത്തിവയ്പ്പിന് സുരക്ഷിതമായ പ്രത്യേകസ്ഥലം, വാക്സിനുകൾ സൂക്ഷിക്കുന്നതിന് പ്രത്യേക മുറി, മുലയൂട്ടൽ സൗകര്യം.

ജില്ലാപഞ്ചായത്ത് തലം

കുടിവെള്ളം

- ഹൈസ്കൂളുകൾ കേന്ദ്രീകരിച്ച് കുടിവെള്ള ഗുണനിലവാര പരിശോധന
- വണ്ടൻമേട്ടിൽ നിലവിൽ ഉപയോഗ രഹിതമായിക്കിടകുന്ന മൾട്ടി പർപ്പസ് വർക്കേഴ്സ് ട്രെയിനിംഗ് സെന്റർ പ്രവർത്തന സജ്ജമാക്കി ഒരു ജില്ലാതല / സോണൽ പരീശീലന കേന്ദ്രമാക്കുക

ഭാരതീയ ചികിത്സാ വകുപ്പ്

ഇടുക്കി ജില്ലയിലെ ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ 180 രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള മൂന്ന് ആയൂർവേദ ആശുപത്രികളും 51 ഗവൺമെന്റ് ആയൂർവേദ ഡിസ്പൻസറികളും പ്രവർത്തിച്ചുവരുന്നു. ഇതിനു പുറമേ NRHM മുഖേന 10 ആയൂർവേദ ഡിസ്പൻസറികളും 3 സിദ്ധ ഡിസ്പൻസറികളും പ്രവർത്തിക്കുന്നു. എല്ലാ ഗ്രാമ പഞ്ചായത്തിലും ആയൂർവേദ സ്ഥാപനങ്ങളുള്ള സമ്പൂർണ്ണ ജില്ലയായി ഇടുക്കി മാറിയിരിക്കുകയാണ്.

1. ജില്ലാ ആയൂർവേദ ആശുപത്രി തൊടുപുഴ

100 ബഡ് സൗകര്യമുള്ള ജില്ലാ ആയൂർവേദ ആശുപത്രി തൊടുപുഴയിൽ പ്രവർത്തിക്കുന്നു. ജനറൽ വിഭാഗത്തിനു പുറമേ മർമ്മ, പഞ്ചകർമ്മ, നേത്ര, വിഷ എന്നീ

സ്പെഷ്യാലിറ്റികളും സിദ്ധ, യോഗ, ക്ഷാരൂത്ര, ഫിസിയോതെറാപ്പി, പ്രൂതി, മാനികം എന്നീ വിഭാഗങ്ങളും പ്രത്യേക യൂണിറ്റുകളായി പ്രവർത്തിച്ചുവരുന്നു. ആയൂർവേദ വകുപ്പിന്റെ നൂതന സംരംഭമായ സ്പോട്സ് ആയൂർവേദ റിസേർച്ച് യൂണിറ്റും ഈ ആശുപത്രിയിൽ പ്രവർത്തിച്ചുവരുന്നു. പ്രതിദിനം ശരാശരി അഞ്ഞൂറോളം രോഗികൾ ഒ പി വിഭാഗത്തിൽ ചികിത്സ തേടിയെത്തുന്നു. പേ വാർഡ് കെട്ടിടത്തിന്റെ അഭാവം പരിഹരിക്കുന്നതിനു വേണ്ടി ഒരു കോടി പത്ത് ലക്ഷം രൂപ സംസ്ഥാന ഫണ്ട് അനുവദിച്ച് കെട്ടിട നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു.

2. ജില്ലാ ആയൂർവേദ ആശുപത്രി അനക്സ്, പാറേമാവ്, നവീകരണം

ഏകദേശം 250-350 രോഗികൾ ദിവസവും എത്തിച്ചേരുന്ന സ്ഥാപനത്തിൽ 3 ഡോക്ടർമാർ മാത്രമേയുള്ളു. 2 ഏക്കറിൽ വ്യാപിച്ചു കിടക്കുന്ന സ്ഥാപനത്തിൽ 50 ബെഡ് ആശുപത്രിയാണെങ്കിലും 80 ൽ അധികം രോഗികൾ ഉണ്ട്. മാലിന്യസംസ്കരണത്തിനു സ്ഥിരം സംവിധാനമില്ല. അത് പൂർത്തിയാക്കേണ്ടതുണ്ട്.

വാട്ടർ അതോറിറ്റിയുടെ ജലം മാത്രം ആശ്രയിച്ചാണ് ആശുപത്രി പ്രവർത്തിക്കുന്നത്. പലപ്പോഴും ജലക്ഷാമം ഉണ്ടായി രോഗികൾ ബുദ്ധിമുട്ടിലാകാറുണ്ട്. ആയതിനാൽ ഒരു കുളം/ കുഴൽ കിണർ എത്രയും വേഗം പൂർത്തിയാക്കണം.

പുതിയ ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനം തുടങ്ങിയിട്ട് 10 വർഷമായി. ഇപ്പോൾ തന്നെ 1,80,00,000 രൂപ അനുവദിച്ചിട്ടുണ്ട്. അത് ഫലപ്രദമായി ഉപയോഗിച്ച് എത്രയും പെട്ടെന്ന് നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കും. ബാക്കി 3 നിലകൾ ഏകദേശം 3,80,00,000 രൂപയ്ക്ക് വരുന്ന മൂന്ന് വർഷത്തിനകം പൂർത്തീകരിക്കാൻ സാധിക്കും. ഇപ്പോൾ പ്രവർത്തിക്കുന്ന യോഗാ സെന്ററിനുള്ള യോഗാ ഹാളും ആശുപത്രിയുടെ അതിർത്തി അളന്നു തിരിച്ച് ചുറ്റുമതിലും ഉടൻ നിർമ്മിക്കേണ്ടതുണ്ട്.

DTPC യുമായി ചേർന്നുകൊണ്ട് Health Tourism പദ്ധതിക്കും തുടക്കമിട്ടിട്ടുണ്ട്. അതിന്റെ പ്രവർത്തനത്തിനായി സൗകര്യം ഏർപ്പെടുത്തണം.

3. ഗവൺമെന്റ് ആയൂർവേദ ആശുപത്രി കല്ലാർ

അതിർത്തി ഗ്രാമമായ കല്ലാറിൽ 30 കിടക്കകളോടുകൂടി പ്രവർത്തിക്കുന്ന പാമ്പാടുംപാറ ഗ്രാമ പഞ്ചായത്ത് ആശുപത്രിയുടെ സോവനം ധാരാളം തമിഴ് വംശജർക്കും പ്രയോജനപ്പെടുന്നുണ്ട്. കൗമാരഭൃത്യം, ആയുഷം എന്നീ പ്രത്യേക വിഭാഗങ്ങളും പ്രവർത്തിച്ചുവരുന്നു.

ജില്ലയിലെ ആയൂർവേദ സ്ഥാപനങ്ങൾ വഴി 80 ഡോക്ടർമാരുടെ സേവനം ജനങ്ങൾക്ക് നൽകുവാൻ കഴിയുന്നുണ്ട്.

കഴിഞ്ഞ വർഷം ജില്ലയിൽ 8 ലക്ഷത്തോളം പേർ ഒ.പി. വിഭാഗത്തിലും മൂവായിരത്തോളം പേർ ഐ.പി വിഭാഗത്തിലുംആയുർവേദ ചികിത്സ തേടിയെത്തുന്നുണ്ട്.

പുതിയതായി തുടങ്ങേണ്ട സ്ഥാപനങ്ങൾ (15 വർഷത്തിനകം)

1. സ്വന്തമായി 2 ഏക്കർ സ്ഥലവും ചുറ്റുമതിലും ഉള്ള മറയൂർ ഗവൺമെന്റ് ആയൂർവേദ ഡിസ്പെൻസറിയെ ആശുപത്രിയായി ഉയർത്തുക.

2. മൂന്നാർ, വട്ടവട, മറയാർ, ചിന്നാർ മുതലായ മേഖലകളിലെ നിർദ്ധനരും ആദിവാസി വിഭാഗത്തിൽപെട്ടവരുമായ ധാരാളം ആളുകൾ അധിവസിക്കുന്ന ടി പ്രദേശത്തെ ജനങ്ങൾക്ക് വളരെ ആശ്വാസകരമാണ്.

3. അടിമാലിയിൽ ഒരു ഗവൺമെന്റ് ആയൂർവേദ ഡിസ്പെൻസറി നിലവിലില്ല. ആയതിനാൽ അവിടെ ഒരു താലൂക്ക് ആശുപത്രി ആരംഭിക്കുക.

4. മൂന്നാർ ടൗണിൽ ഡിസ്പെൻസറി പ്രവർത്തിക്കുന്നു. അതിൽ ഏകദേശം 6 മുറികൾ സ്റ്റോർ ആയി ഉപയോഗിക്കുന്നു. പ്രസ്തുത സ്ഥാപനം നവീകരിച്ച് 2 നിലകളാക്കി മാറ്റിയാൽ അത് ആശുപത്രിയായി മാറ്റി ടൂറിസം മേഖലയുടെ വളർച്ചക്ക് ഉപകരിക്കും.

5. ഇടമലക്കുടിയിൽ ആണ്ടവൻകുടിയിൽ ഒരു ഗവൺമെന്റ് ആയൂർവേദ ഡിസ്പെൻസറി പ്രവർത്തിക്കുന്നു. ക്വാർട്ടേഴ്സുകളും കെട്ടിട സൗകര്യവും ഒരുക്കിയാൽ ഉദ്യോഗസ്ഥർക്കും രോഗികൾക്കും ഉപകാരപ്രദമാകും.

6. ഉപ്പുതറയിൽ ഒരു ആശുപത്രി തുടങ്ങിയാൽ ഉപ്പുതറ, ഏലപ്പാറ, വാഗമൺ, വളകോട് തുടങ്ങിയ മേഖലകളിലെ രോഗികൾക്ക് ആശ്വാസകരമാകും.

ആരോഗ്യപ്രവർത്തനങ്ങൾ (തുടർന്നു കൊണ്ടിരിക്കുന്നവ)

1. പ്രസാദം സ്കൂൾ ഹെൽത്ത്

കുട്ടികളിൽ കാണുന്ന വിളർച്ചാരോഗം തടയുക. മേഖലാതലത്തിൽ നടത്തുന്ന ഈ പദ്ധതി ജില്ലാ തലത്തിൽ നടത്തുക.

കുട്ടികളുടെ രക്ത പരിശോധന

കുട്ടികളെ തിരഞ്ഞെടുക്കൽ

കുട്ടികളെ പരിശോധിക്കൽ

അവസ്ഥക്കനുസരിച്ച് ഒരോ കുട്ടികൾക്കും മരുന്നുകൾ

ഘട്ടം ഘട്ടമായി മരുന്നുകളുടെ ലഭ്യത

പ്രതിരോധ ശക്തി വർദ്ധിപ്പിക്കുന്നതിന് രസായനചൂർണ്ണം

പദ്ധതി അവസാനതലരക്ത പരിശോധന

ഡേറ്റാ അനാലിസിസ്

റിപ്പോർട്ട്

2. ദൃഷ്ടി & മിഴി (ഡി എ എച്ച് തൊടുപുഴ കേന്ദ്രമായി നടത്തുന്നു.)

6 നും 16 നും മദ്ധ്യേ പ്രായമുള്ള സ്കൂൾ വിദ്യാർത്ഥികളുടെ നേത്രരോഗങ്ങൾ തുടക്കത്തിലെ കണ്ടെത്തി ചികിത്സിക്കുന്നു.

3. മാനികം (ഡി എ എച്ച് തൊടുപുഴ കേന്ദ്രമായി നടത്തുന്നു.)

മാനസിക വൈകല്യം ഉള്ളവരുടെ ചികിത്സ, കൗൺസിലിംഗ്

4. ആയുഷ്യം(ഡി എ എച്ച് കല്ലാർ)

ജീവിതശൈലീ രോഗങ്ങൾ കണ്ടെത്തൽ, ചികിത്സ, വ്യായാമമുറകൾ, ഭക്ഷണക്രമങ്ങൾ, ബോധവത്കരണ ക്ലാസ്സുകൾ

5. കൗമാര ഭൃത്യം(ഡി എ എച്ച് കല്ലാർ)

കൗമാരക്കാരായ കുട്ടികളുടെ പ്രശ്നങ്ങൾ കണ്ടെത്തി ബോധവത്കരണവും കൗൺസിലിംഗും ചികിത്സയും.

6. ജെറിയാട്രിക് കെയർ (ജില്ലാ ആശുപത്രി അനക്സ്, പാറേമാവ്)

വൃദ്ധജന പരിപാലനം

7. പ്രൂതി തന്ത്രം (ഡി എ എച്ച് തൊടുപുഴ)

സ്ത്രീ ആരോഗ്യപ്രശ്നങ്ങൾ, സ്ത്രീ രോഗ ചികിത്സ

8. സ്പോട്സ് ആയൂർവേദ (ഡി എ എച്ച് തൊടുപുഴ)

ഭാരതീയ ചികിത്സാ വകുപ്പിന്റെ നൂതന സംരംഭം. ദേശീയ, അന്താരാഷ്ട്ര താരങ്ങളുൾപ്പെടെയുള്ള സ്പോട്സ് താരങ്ങൾക്ക് കിടത്തി ചികിത്സയും റിസേർച്ച് സെന്ററും.

9. യോഗാ വെൽനസ് (ഡി എ എച്ച് തൊടുപുഴ)

യോഗാ ചികിത്സാ യൂണിറ്റ്

10. കരൾരോഗ മുക്തി (തൊടുപുഴ, പാറേമാവ്, കല്ലാർ)

ഈ ജനകീയ പദ്ധതി 5 ആശുപത്രികൾ കൂടി സ്ഥാപിച്ച് മേഖലാ തലത്തിൽ നടത്തുക.

11. ക്ഷാരൂത്ര (ഡി എ എച്ച് തൊടുപുഴ)

മെയിൽ, ഫീമെയിൽ വിഭാഗത്തിൽ ഓരോ അറ്റൻഡർമാരെ നിയമിച്ച് മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ചികിത്സ നടത്തുന്നു.

12. പാലിയേറ്റീവ് പരിചരണം(സ്നേഹധാര)

പ്രതിരോധ കുത്തിവെയ്പ് മുതലായ ദേശീയ സംസ്ഥാന തല മിഷനുകളിൽ താത്പര്യമുള്ളരെ ഉൾപ്പെടുത്തി സ്ക്വാഡുകൾ

ആയുർവേദം

കീഴ്തട്ട് നിർദ്ദേശങ്ങൾ

- പാറേമാവ് ജില്ലാ ആയുർവേദ ആശുപത്രിയുടെ കെട്ടിടം പൂർത്തിയാക്കാൻ ജില്ലാ പഞ്ചായത്തിൽ നിന്നും ഫണ്ട് അനുവദിച്ച് പൂർത്തിയാക്കുക.
- ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ ആണ്ടവൻകുടിയിൽ പ്രവർത്തിക്കുന്ന ആയുർവേദ ഡിസ്പെൻസറിയുടെ കെട്ടിടനിർമ്മാണവും സ്റ്റാഫ് ക്വാട്ടേഴ്സുകളും നിലവിൽ വരുത്തുക.
- എല്ലാ പഞ്ചായത്ത് ആയുർവേദ ഡിസ്പെൻസറികളിലും ശുദ്ധമായ കുടിവെള്ളം, മുലയൂട്ടൽ കേന്ദ്രങ്ങൾ(Feeding Corner), ഫ്രണ്ട് ഓഫീസ് എന്നിവ നടപ്പിലാക്കുക.
- വഴിത്തല, രാജാക്കാട് എന്നിവിടങ്ങളിൽ ഡിസ്പെൻസറികൾ ആശുപത്രിയായി ഉയർത്താൻ അതാത് പഞ്ചായത്തകൾ പദ്ധതികൾ രൂപീകരിക്കേണ്ടതാണ്.
- പാമ്പാടുംപാറ പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന തേഡ് ക്യാമ്പ് ആയുർവേദ ആശുപത്രിയെ ത്രിതല പഞ്ചായത്ത് സംയുക്തമായി 100 ബഡ്ഡ് ആശുപത്രിയായി വികസിപ്പിക്കുകയും ആവശ്യമായ ഔഷധം ലഭ്യമാക്കേണ്ടതുമാണ്.
- ശുദ്ധജലക്ഷാമം പരിഹരിക്കാൻ ആവശ്യമായ കിണറുകളും പമ്പ് സെറ്റുകളും സ്ഥാപിക്കാനായി തുക അനുവദിക്കാൻ നടപടികൾ സ്വീകരിക്കുക.
- മാലിന്യനിർമ്മാർജ്ജന സൗകര്യങ്ങളും, ബയോഗ്യാസ് പ്ലാന്റുകളും, സോളാർ സിസ്റ്റങ്ങളും സ്ഥാപിച്ച് ആശുപത്രികൾ പരിസ്ഥിതി സൗഹൃദമാക്കാനായി തുക ജില്ലാ പഞ്ചായത്ത് അനുവദിക്കുക.
- മൂന്നാർ ഡിസ്പൻസറിയുടെ കെട്ടിടം 2 നിലകളിലാക്കി വികസിപ്പിച്ച് ആശുപത്രിയാക്കാൻ മൂന്നാർ പഞ്ചായത്ത് മുഖാന്തിരം പദ്ധതികൾക്ക് രൂപംകൊടുക്കുക.
- വാത്തിക്കുടി ഗ്രാമപഞ്ചായത്തിൽ നിന്നും തുക മാറ്റിവച്ച്, ജനങ്ങൾ വാങ്ങി പഞ്ചായത്തിന് കൈമാറിയ സ്ഥലത്ത് ആശുപത്രി പണിത് ജനോപകാരമായ രീതിയിൽ പ്രവർത്തിക്കുന്നതിനായി ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടെ 2 കോടി രൂപയോളം വിനിയോഗിക്കുക.
- അടിമാലിയിൽ, ബ്ലോക്ക് പഞ്ചായത്തും ഗ്രാമപഞ്ചായത്തും ജില്ലാ പഞ്ചായത്തും സംയുക്തമായി ഒരു താലൂക്ക് ആയുർവേദ ആശുപത്രി സ്ഥാപിച്ച് ആരോഗ്യസംരക്ഷണം ജനോപകാരപ്രദമാക്കാൻ നടപടികൾ സ്വീകരിക്കുക.
- മറയൂർ ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവരുടെ സംയുക്തമായി മറയൂർ ഡിസ്പൻസറിയിൽ 2 ഏക്കർ സ്ഥലത്ത് ഔഷധസസ്യത്തോട്ടവും ആശുപത്രിയും പണിത് ടൂറിസം വികസിപ്പിക്കാവുന്നതാണ്.
- ജില്ലയിൽ ആയൂർവേദ ടൂറിസം വികസിപ്പിക്കുന്നതിന് നല്ല സാദ്ധ്യതയാണുള്ളത്. അതിനുള്ള പ്രോജക്ടുകൾ ജില്ലാ തലത്തിൽ രൂപപ്പെടേണ്ടതാണ്.

മേൽതട്ട് നിർദ്ദേശങ്ങൾ

- ആയുഷ്, എൻ.എച്ച്.എം.പദ്ധതികളിലൂടെ വരുന്ന ഫണ്ട് കൂടുതലായി ആയുർവേദ മേഖലയിൽ വിനിയോഗിക്കാനും ഡിപ്പാർട്ടിമെന്റ് വികസനത്തിനായും ഉപയോഗിക്കണം.

- എല്ലാ ഗവൺമെന്റ് ഡിസ്പെന്റികളിലും യോഗവെൽനെസ് സെന്റർ ആരംഭിക്കുക.
- മാനസിക ആയുർവേദ ആശുപത്രി ജില്ലയിൽ ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുക.
- മറയൂർ കേന്ദ്രീകരിച്ച് വിദൂരമായ ആദിവാസി മേഖലകളിൽ ആരോഗ്യപരിചരണം ലഭ്യമാക്കുന്നതിനായി മൊബൈൽ ഡിസ്പെൻസറി ആരംഭിക്കേണ്ടതാണ്.
- പൊതുജനാരോഗ്യപ്രശ്നങ്ങൾ ചർച്ച ചെയ്യുമ്പോൾ ഭാരതത്തിന്റെ തനത് വൈദ്യശാസ്ത്രമായ ആയുർവേദത്തെക്കൂടി ഉൾപ്പെടുത്തണം.
- പരിസരശുചീകരണം, മാലിന്യനിർമ്മാർജ്ജനം, പാലിയേറ്റീവ് കെയർ എന്നീ മേഖലകളിൽ ആയുർവേദത്തിന് തനതായി ചെയ്യാവുന്നതായ രീതിയിൽ പദ്ധതികൾ ആരംഭിക്കുക.
- ഔഷധസസ്യകൃഷി, വനവിഭവസംഭരണം, വിതരണം, വിപണനം, സംസ്കരണം എന്നിവയ്ക്കായി ആദിവാസി മേഖലയിൽ സംഘങ്ങൾ തുടങ്ങണം.
- എൻ.എച്ച്.എം. പദ്ധതിയിലൂടെ ജില്ലയ്ക്ക് ആവശ്യമായ ഡോക്ടർമാർ, ഫാർമസിസ്റ്റുകൾ, തെറാപ്പിസ്റ്റുകൾ മുതലായ തസ്തികകളിലേക്ക് നിയമനം നടത്തുക.

സംയോജിതപദ്ധതി

- ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുമായി യോജിച്ചുകൊണ്ട് മൂന്നാർ, രാജാക്കാട്, മറയൂർ, പാറേമാവ്, വാഗമൺ മേഖലകളിൽ ഹെൽത്ത് ടൂറിസം ആരംഭിക്കുക.
- പട്ടികവർഗ്ഗ വകുപ്പ്, കൃഷിവകുപ്പ് എന്നിവരുമായി യോജിച്ച് ഔഷധസസ്യത്തോട്ടവും ഔഷധസസ്യകൃഷിയും സംഭരണവും വിപണനവും നടത്താവുന്നതാണ്.
- ഔഷധ നിർമ്മാണത്തിന് വേണ്ടി മൃഗസംരക്ഷണ വകുപ്പുമായി സഹകരിച്ച് പാലും പാലുല്പന്നങ്ങളും ശേഖരിച്ച് മരുന്നു നിർമ്മാണ മേഖലയിൽ ഉപയോഗിക്കാവുന്നതാണ്.
- ട്രൈബൽ ഡിസ്പെൻസറികൾക്ക് (കുരുതിക്കളം) സ്വന്തമായ സ്ഥലവും കെട്ടിടവും ട്രൈബൽ ഡിപ്പാർട്ട്മെന്റ് ഒരുക്കുക.

നൂതന അനുകരണ മാതൃകകൾ

- സ്നേഹധാര എന്ന പേരിലുള്ള ആയുർവേദ പാലിയേറ്റീവ് കെയർ ജില്ലാതലത്തിലാക്കുക.
- പ്രസാദം എന്ന പേരിലുള്ള സ്കൂൾ ഹെൽത്ത് പ്രോഗ്രാം ജില്ലാതലത്തിൽ വ്യാപിപ്പിക്കുക.
- അലർജി ക്ലിനിക്കുകൾ ആരംഭിക്കുന്നതിനായി ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് വിവിധ ആശുപത്രികളിൽ യൂണിറ്റ് നടത്താനുള്ള നടപടികൾ ആരംഭിക്കുക.
- ആയുർവേദീയ ശിശുപരിപാലന ചികിത്സ (പീഡിയാട്രിക്സ്) ജില്ലയിലെ പാറേമാവ് ആശുപത്രിയിലും തൊടുപുഴ ജില്ലാ ആയുർവേദ ആശുപത്രിയിലും ആരംഭിക്കുക.

- ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുമായി യോജിച്ചുകൊണ്ട് മൂന്നാർ, രാജാക്കാട്, മറയൂർ, പാറേമാവ്, വാഗമൺ മേഖലകളിൽ ഹെൽത്ത് ടൂറിസം ആരംഭിക്കുക.
- ജില്ലാതല മാതൃകാ ഔഷധസസ്യ പ്രദർശന ഉദ്യാനം(District Model Herbal Garden)മറയൂരിൽ സ്ഥാപിച്ച് ഹെൽത്ത് ടൂറിസം വികസിപ്പിക്കുക.
- ഹൈറേഞ്ച് മേഖലകളിൽ വർധിച്ചുവരുന്ന തൈറോയിഡ് രോഗങ്ങളുടെ പ്രധിരോധത്തിനും ചികിൽസക്കുമായി ആശുപത്രികളോട് അനുബന്ധിച്ച് തൈറോയിഡ് ക്ലിനിക്കുകൾ ആരംഭിക്കുക.

ഹോമിയോപ്പതി

ലോകത്ത് പ്രചാരത്തിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്ന വൈദ്യശാസ്ത്ര ശാഖയാണ് ഹോമിയോപ്പതി. ഒട്ടേറെ ആരോഗ്യ പ്രശ്നങ്ങൾക്ക് താരതമ്യേന ചെലവ് കുറഞ്ഞതും ലളിതവും ഫലപ്രദവും സുരക്ഷിതവുമായ ചികിത്സ ഹോമിയോപ്പതിയിൽ ലഭ്യമാണ്.

ചികിത്സയിലെ ലാളിത്യവും പാർശ്വഫലങ്ങളുടെ അഭാവവും പൊതുജനങ്ങളെ ഹോമിയോപ്പതി ചികിത്സ നേടുന്നതിനു പ്രേരിപ്പിക്കുന്ന പ്രധാന ഘടകങ്ങളാണ്. ജില്ലയിൽ ഹോമിയോപ്പതിയുടെ സാധ്യത കൂടുതലുള്ള മേഖലകൾ താഴെ പറയുന്നു.

1. അലർജി/ ആസ്തമ
2. വാർധക്യ രോഗങ്ങൾ
3. ശിശുരോഗങ്ങൾ
4. സ്ത്രീ രോഗങ്ങൾ
5. സന്ധിരോഗങ്ങൾ
6. ജീവിതശൈലീരോഗങ്ങൾ
7. ഉദരരോഗങ്ങൾ
8. പഴക്കം ചെന്ന അസുഖങ്ങൾ
9. തൈറോയിഡ് രോഗങ്ങൾ
10. രോഗപ്രതിരോധം

ഒ.പി./ ഐ.പി. സേവനങ്ങൾ, രോഗപ്രതിരോധപ്രവർത്തനങ്ങൾ, ജീവിതശൈലീ രോഗങ്ങൾ, ആയുഷ് ഹോളിസ്റ്റിക്ക് സെന്റർ, സ്ത്രീകളുടെ മാനസികാരോഗ്യപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന സീതാലയം, വന്ധ്യതാ ക്ലിനിക്ക്, ലഹരിമുക്തി ക്ലിനിക്ക്, കുട്ടികൾ, കൗമാരക്കാർ എന്നിവർക്കായി സദ്ഗമയ സ്പെഷ്യൽ ക്ലിനിക്ക്, തൈറോയിഡ് ക്ലിനിക്ക്., സന്ധിരോഗ ക്ലിനിക്ക്, പാലിയേറ്റീവ് കെയർ യൂണിറ്റ്, ആദിവാസിമേഖലകളിൽ മൊബൈൽ മെഡിക്കൽ യൂണിറ്റ്, പട്ടികജാതി വികസന വകുപ്പിന്റെ സഹകരണത്തോടെ പ്രവർത്തിക്കുന്ന രണ്ട് എസ്സ്.സി.പി. ഡിസ്പെൻസറികൾ, ശബരിമല തീർഥാടന കാലത്തുള്ള പ്രത്യേക സേവനങ്ങൾ മുതലായവയാണ് ഇടുക്കി ജില്ലയിൽ ഹോമിയോപ്പതി വകുപ്പ് നൽകുന്ന പ്രധാന സേവനങ്ങൾ.

രോഗ വിവരങ്ങൾ



ഒ.പി. ട്രെൻഡ്	ഗവ. ഡിസ്പെൻസറി	ആശുപത്രികൾ	എൻ.എച്ച്.എം.
201314	586443	102887	---
201415	622269	97639	331902
201516	593961	91777	334025
201617	472070	189416	332813

ഹോമിയോപ്പതി ഐ.പി. സേവനങ്ങൾ പൊതുജനങ്ങൾ കൂടുതലായി ഉപയോഗപ്പെടുത്തുന്നതായി സമീപകാലത്തെ കണക്കുകൾ സൂചിപ്പിക്കുന്നു. ഗവ. ഡിസ്പെൻസറികളിലെ രോഗികളുടെ എണ്ണം സമീപകാലത്ത് കുറയുന്നതായി കാണുമ്പോൾ ആശുപത്രികളിലെ ഒ.പി.യുടെ എണ്ണത്തിൽ കാര്യമായ വർദ്ധന രേഖപ്പെടുത്തുന്നു. എൻ.എച്ച്.എം. ഡിസ്പെൻസറികളിൽ ഒ.പി. മാറ്റമില്ലാതെ തുടരുന്നു. സമീപകാലത്ത് സർക്കാർ ഡിസ്പെൻസറികളിൽ ഡോക്ടർമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യവും ഒ.പി.യുടെ എണ്ണത്തിൽ ഉണ്ടായ കുറവും തമ്മിൽ ചേർത്തുവായിക്കാവുന്നതാണ്. സീതാലയം, സദ്ഗമയ, തൈറോയിഡ് സ്പെഷ്യൽ ക്ലിനിക്കുകളിലെ രോഗികളുടെ എണ്ണം ഓരോ വർഷവും വർദ്ധിച്ചു വരുമ്പോൾ സന്ധിരോഗ സ്പെഷ്യൽ ക്ലിനിക്കിൽ ഒ.പി. കുറഞ്ഞുവരുന്നതായി കാണുന്നു. സ്പെഷ്യൽ ഒ.പി. കളുടെ മികച്ച പൊതുജനസ്വീകാര്യതയോടൊപ്പം രോഗനിർണ്ണയ സംവിധാനങ്ങളുടെ അപര്യാപ്തതയും ഇവിടെ ശ്രദ്ധിക്കപ്പെടേണ്ടതാണ്.



വർഷം	ഐ.പി. രോഗികൾ
201314	7814
201415	9614
201516	6730
201617	16344

<u>പകർച്ചവ്യാധികൾ</u> : ജില്ലയിൽ വിവിധ പ്രദേശങ്ങളിൽ പകർച്ചവ്യാധികൾ പടർന്നു പിടിക്കാറുണ്ട്. പ്രത്യേകിച്ചും ചിക്കൻപോക്സ്, ചെങ്കണ്ണ്. ഡെങ്കിപ്പനി, വൈറൽ ഫീവർ, എലിപ്പനി, വയറിളക്കരോഗങ്ങൾ മുതലായ രോഗങ്ങൾക്ക് ഹോമിയോപ്പതി സ്ഥാപനങ്ങളിൽ ചികിത്സക്കായി എത്തുന്നു. വൈറൽ ഫീവർ ജില്ലയിൽ വ്യാപകമായും, വയറിളക്ക രോഗങ്ങൾ ജില്ലയിലെ ചില ഭാഗങ്ങളിലും പടർന്നു പിടിക്കുകയുണ്ടായി. വായുവിലൂടെ പകരുന്ന രോഗങ്ങൾ കൂടുതലായി ഉടുമ്പൻചോല താലൂക്കിലാണ് കണ്ടത്. പ്രതിരോധ നടപടികളും, പ്രതിരോധ മരുന്നു വിതരണവും ഹോമിയോപ്പതിയിലൂടെ നല്ല രീതിയിൽ നടത്തുന്നു.

ഹോമിയോപ്പതി സ്ഥാപനങ്ങളിൽ റിപ്പോർട്ട് ചെയ്ത പകർച്ചവ്യാധികൾ

പകർച്ചവ്യാധി സ്ഥാപനങ്ങളിൽ

ചിക്കൻ പോക്സ്

വൈറൽ ഫീവർ

വയറിളക്കം



ഡെങ്കിപ്പനി	എലിപ്പനി	വൈറൽഫീവർ	ചെങ്കണ്ണ്	ചിക്കൻപോക്സ്	വയറിളക്കരോഗങ്ങൾ
52	4	50723	9407	8635	9836

പ്രതിരോധ മരുന്ന് വിതരണം



ഹോമിയോപ്പതി സ്ഥാപനങ്ങളിൽ ചികിത്സിച്ച ജീവിതശൈലീരോഗങ്ങൾ

പകർച്ചേതര വ്യാധികൾ : മാറി വന്ന ജീവിതശൈലിയും, കാലാവസ്ഥ വ്യതിയാനവും, ആഹാര ശീലങ്ങളും മൂലം ജീവിതശൈലീ രോഗങ്ങൾ കൂടി വരുന്നതായിട്ടാണ് ഡേറ്റാ വിശകലനം നടത്തിയപ്പോൾ കണ്ടത് ഉദാ: പ്രമേഹം, രക്തസമ്മർദ്ദം, കൊളസ്ട്രോൾ. കൂടുതലും മുൻസിപ്പാലിറ്റി ഏരിയകളിലും, ഉടുമ്പന്നൂർ, അറക്കുളം, അടിമാലി തുടങ്ങിയ പഞ്ചായത്തുകളിലും വർദ്ധിച്ചു വരുന്നതായി കാണുന്നു. ഹോമിയോപ്പതിയുടെ ആയുഷ്മാൻ ഭവ: പോലുള്ള (ജീവിതശൈലീ രോഗം നിയന്ത്രിക്കുന്നതിനു

ള്ള) സ്പെഷ്യൽ പ്രോജക്ടുകളും, യോഗ, നാച്ച്യുറോപ്പതി ഉൾപ്പെട്ടിട്ടുള്ള ഇന്റർഗ്രേറ്റഡ് പ്രോജക്ടുകളും ഗുണം ചെയ്യും. ടി സ്പെഷ്യൽ പ്രോജക്ടുകൾ ബ്ലോക്കടിസ്ഥാനത്തിൽ ലാബ് ഉൾപ്പെടെ നൽകുകയാണെങ്കിൽ ജനങ്ങൾക്ക് കൂടുതൽ ഗുണകരമാവും.





രക്തസമ്മർദ്ദം	പ്രമേഹം	കൊളസ്ട്രോൾ
53219	26904	23608

വിവിധ പകർച്ചവ്യാധികൾക്കും പ്രമേഹം, രക്തസമ്മർദ്ദം, കൊളസ്ട്രോൾ ഉൾപ്പെടെയുള്ള ജീവിതശൈലീരോഗങ്ങൾക്കും ഹോമിയോപ്പതി ചികിത്സ തേടുന്നവർ നിരവധിയാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ജീവിതശൈലീരോഗങ്ങൾക്കായി ഹോമിയോപ്പതി, പ്രകൃതിചികിത്സ, യോഗ എന്നിവ സമന്വയിപ്പിച്ച് ആയുഷ് ഹോളിസ്റ്റിക് സെന്റർ മുട്ടം ജില്ലാ ഹോമിയോ ആശുപത്രിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത് ഈ രംഗത്ത് വലിയ മാറ്റങ്ങൾക്ക് തുടക്കം കുറിക്കും.

<u>മാനസികാരോഗ്യം</u> : മനസിന്റെ ബോധാപബോധ തലങ്ങളിലുണ്ടാകുന്ന മാറ്റങ്ങളും, ചിന്താ വൈകല്യങ്ങളും മാനസികാസ്വസ്ഥങ്ങൾക്കും ഹോമിയോപ്പതിയിൽ ചികിത്സയുണ്ടെങ്കിലും അതിനായിട്ടുള്ള സ്പെഷ്യൽ ക്ലിനിക്കുകളോ, ഐപി സംവിധാനങ്ങളോ ജില്ലയിൽ ലഭ്യമല്ല. കുറിച്ചിയിൽ പ്രവർത്തിക്കുന്ന (കേന്ദ്ര ഗവ. കീഴിൽ) മെന്റൽ ക്ലിനിക്കിന്റെ ഒരു വിംഗ് സർക്കാരിന്റെ അനുമതിയോടെ ജില്ലയിൽ പ്രവർത്തിക്കുന്നതിനുള്ള പ്രോജക്ട് നിർദ്ദേശം വെയ്ക്കാവുന്നതാണ്.

<u>പോഷണ സംബന്ധമായ പൊതു വിവരങ്ങൾ</u>

ആദിവാസിക്കുടികളിലും, ചില അതിവിദൂര ദുർഘട പ്രദേശങ്ങളിലും, തോട്ടം മേഖലകളിലും വിളർച്ച, പോഷണക്കുറവ് എന്നിവ കാണുന്നുണ്ട്. പ്രത്യേകിച്ചും മറയൂർ, കാന്തല്ലൂർ ഊരുകളിൽ ശുചിത്വ ശീലങ്ങളുടെ അഭാവം, വിരശല്യം എന്നിവയും പരിഹരിക്കപ്പെടേണ്ടതാണ്. അംഗൻവാടികളിലൂടെയോ, മറ്റ് സംവിധാനങ്ങളിലൂടെയോ കൗമാരപ്രായ പെൺകുട്ടികളുടെ ഇടയിൽ ശുചിത്വ ശീലങ്ങളുടേയും, ഒരാളുടെ വളർച്ചാഘട്ടങ്ങളിലെ ന്യൂട്രീഷന്റെയും (ആഹാരശീലങ്ങൾ വിവിധ പ്രായത്തിൽ),

വൈവാഹിക ജീവിതത്തിന്റെയും ബോധവൽക്കരണം നടത്തുന്നത് മുന്നോട്ടുള്ള അവരുടെ ജീവിതത്തിന് മാർഗ്ഗദർശനം ലഭിക്കുന്നതിന് ഇടയാകും. അലോപ്പതി, ഹോമിയോ, ആയുർവേദ മെഡിക്കൽ ആഫീസർമാരെ അംഗൻവാടി സന്ദർശനത്തിൽ ബോധവൽക്കരണം നടത്തുന്നതിന് ചുമതലപ്പെടുത്തുകയും, കൗമാരപ്രായക്കാരെ എത്തിക്കുന്ന ചുമതല അംഗൻവാടി പ്രവർത്തകരും ഏറ്റെടുക്കുകയും ചെയ്യണം. ഇവയിലൂടെ വരും തലമുറകളിൽ വിളർച്ച, കുഞ്ഞുങ്ങളുടെ ഭാരക്കുറവ്, പോഷണക്കുറവ് ഇവ പരിഹരിക്കുന്നതിന് വിദ്യാസമ്പന്നതായ അമ്മമാർക്ക് കഴിയും.

മറ്റ് ആരോഗ്യ പ്രശ്നങ്ങൾ

ലഹരിയുടെ ഉപയോഗം : ജില്ലയിലെ വിവിധ പ്രദേശത്തെ ജനങ്ങളുടെ ഇടയിൽ ഏതുപ്രായത്തിലും ലഹരി ഉപയോഗം ഉള്ളതായി കാണുന്നു. ഇത് നിയന്ത്രിക്കുന്നതിന് വിവിധ വകുപ്പുകളുടെ ഇടപെടൽ ആവശ്യമാണ്. ഹോമിയോപ്പതി വകുപ്പിൽ 'സീതാലയം' ക്ലിനിക്കിന്റെ കീഴിൽ ഡീ അഡീക്ഷൻ ക്ലിനിക്ക് കൂടി പ്രവർത്തിക്കുന്നുണ്ട്. ഇതിൽ നിന്ന് കുടുംബപ്രശ്നങ്ങൾ, കുട്ടികളുടെ പ്രശ്നങ്ങൾ, ആൽക്കഹോളിസം മുതലായ ധാരാളം കേസുകൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്. ജില്ലയിൽ ഒരു സെന്റർ മാത്രമേ ഉള്ളൂ. ഇത് ജില്ലാ ആശുപത്രിയിൽ (മുട്ടത്ത്) പ്രവർത്തിക്കുന്നു. സ്ത്രീകളുടെ മാനസിക, ശാരീരിക അസ്വസ്ഥതകൾക്കും അവരെ സഹായിക്കുന്നതിനായിട്ടുള്ള സീതാലയത്തിന്റെ കീഴിലാണ് ഡീ അഡീക്ഷൻ സെന്റർ പ്രവർത്തിക്കുന്നത്. ബോധവൽക്കരണം കാര്യക്ഷമമായി നടത്തുന്നതിന് പ്രത്യേക സ്വതന്ത്ര യൂണിറ്റായി പ്രവർത്തിക്കുന്നതിന് വേണ്ട സൗകര്യങ്ങൾ ലഭിക്കേണ്ടതുണ്ട്.

പ്രത്യേക ശ്രദ്ധ ആവശ്യമായ വിഭാഗങ്ങളുടെ വിവരങ്ങൾ

കൗമാരക്കാരുടെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 'സദ്ഗമയ' ഹോമിയോപ്പതിയുടെ സ്പെഷ്യൽ പ്രോജക്ട് ജില്ലാ ഹോമിയോ ആശുപത്രിയിൽ പ്രവർത്തിക്കുന്നു. ഈ യൂണിറ്റിൽ സ്പെഷ്യൽ എഡ്യുക്കേഷൻ ടീച്ചർ, മെഡിക്കൽ ഓഫീസർ എന്നിവരാണ് ഉള്ളത്. ആദ്യം ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം കിട്ടിയിരുന്നെങ്കിലും പിന്നീട് അത് നിർത്തലാക്കി.

ലഹരി ഉപയോഗം, പെരുമാറ്റ വൈകല്യങ്ങൾ, പഠനത്തോട് താൽപര്യമില്ലായ്ക, പഠന വൈകല്യം ഇവയെല്ലാം കൗമാരക്കാരുടെ ഇടയിൽ കണ്ടു വരുന്നു. പല കുട്ടികളുടേയും ചരിത്രം പരിശോധിച്ചാൽ കുടുംബാന്തരീക്ഷത്തിലുള്ള ശിഥിലത, വിശ്വാസ്യത, സ്നേഹമില്ലായ്മ ഇവയെല്ലാം കുട്ടികളിൽ മറ്റൊരു തലത്തിലേയ്ക്ക് മാറുന്നതിന് പ്രേരണയാവുന്നു. മരുന്നിനോടൊപ്പം കൗൺസിലിംഗും, സ്പെഷ്യൽ ടീച്ചറുടെ സഹായവും കൂടി ഉണ്ടെങ്കിൽ കൗമാരക്കാരുടെ ഒട്ടനവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടും. ഓരോ ബ്ലോക്കിലും ടി സദ്ഗമയ സ്പെഷ്യൽ ക്ലിനിക്ക് തുടങ്ങേണ്ടതാണ്. അല്ലെങ്കിൽ സ്ക്രീനിംഗ് സെന്റർ എങ്കിലും ആവശ്യമാണ്.

സീതാലയം

സ്ത്രീകൾക്കായി സീതാലയം പ്രവർത്തിക്കുന്നു. കുടുംബത്തെ സ്നേഹിക്കുവാൻ, കുടുംബത്തെ ഒറ്റകെട്ടാക്കുവാൻ, അടുത്ത തലമുറയെ ശരിയായി മാർഗ്ഗം തെളിക്കുവാൻ സ്ത്രീകൾക്ക് കൈതാങ്ങാണ്. 2012 ൽ ഇടുക്കി ജില്ലയിൽ ആരംഭിച്ച സീതാലയം പദ്ധതി ഇതിനോടകം തന്നെ വ്യത്യസ്തമായ പ്രവർത്തന ശൈലികൾകൊണ്ടും ജില്ലയിലെ വ്യത്യസ്ത ഭാഗങ്ങളിൽ നടത്തപ്പെട്ട ബോധവൽക്കരണ ക്ലാസ്സുകൾകൊണ്ടും മെഡിക്കൽ ക്യാമ്പുകൾകൊണ്ടും ജനങ്ങൾക്കിടയിൽ പ്രചരിച്ചു കഴിഞ്ഞു. വന്ധ്യതാ നിവാരണ പ്രവർത്തനരംഗത്തും ലഹരി വിമുക്ത ചികിൽസാ രംഗത്തും കുടുംബ

പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും കൗൺസിലിങ്, മെഡിക്കൽ സേവനങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും ആവശ്യമായവർക്ക് സൗജന്യനിയമ സഹായം പുനരധിവാസ സഹായം എന്നിവ നൽകുന്നതിലുമെല്ലാം സീതാലയം യൂണിറ്റ് നൽകുന്ന സേവനങ്ങൾ വളരെ വലുതാണ്.

പ്രൊജക്ട് ലക്ഷ്യങ്ങൾ

1. സ്ത്രീകളുടെ മാനസിക-ശാരീരിക-വൈകാരിക സുരക്ഷിതത്വം ഉറപ്പുവരുത്തുക.
2. ആവശ്യമായ നിയമ അവബോധം നൽകുന്നതുവഴി സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ചും നിയമനങ്ങളെക്കുറിച്ചും അറിവു നൽകി സ്ത്രീകളുടെ സാമൂഹിക ക്ഷേമം ഉറപ്പാക്കുക.

3. ആരോഗ്യപരമായ കുടുംബ ജീവിതം ഉറപ്പാക്കുക. കുടുംബാംഗങ്ങളുടെ പ്രശ്നങ്ങൾ പങ്കു വയ്ക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി സാഹചര്യം ഒരുക്കുക.
4. അഗതികൾക്കും അവഗണിക്കപ്പെടുന്നവർക്കും പുനരധിവാസത്തിന് സാഹചര്യമൊരുക്കുക.
5. കുടുംബങ്ങളിലും ജോലിസ്ഥലത്തും ആയാസമനുഭവിക്കുന്ന സ്ത്രീകൾക്കും കുടുംബിനികൾക്കും അത് കുറക്കുന്നതിനായി മരുന്നുകളും നിർദ്ദേശങ്ങളും നൽകുക.
6. ചികിൽസ തേടുന്ന രോഗികളുടെ ശാരീരിക-മാനസിക പ്രശ്നങ്ങൾ മനസ്സിലാക്കുക.
7. അനുയോജ്യമായ ചികിൽസാരീതികൾ നടപ്പിലാക്കുക.

പ്രധാന സേവനങ്ങൾ

മെഡിക്കൽ സേവനം
കൗൺസിലിങ് സേവനം
പുനരധിവാസം
ബോധവർക്കരണക്ലാസ്സ്/സെമിനാർ
മെഡിക്കൽക്യാമ്പ്
നിയമസഹായം ആവശ്യമായവർക്ക് സേവനദാതാക്കളുമായി ബന്ധപ്പെടുത്തി നിയമസേവനം ലഭ്യമാക്കുന്നു.

വയോജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾക്കായി ആലപ്പുഴയിൽ പ്രവർത്തിക്കുന്ന ജെറിയാട്രിക് ക്ലിനിക്ക് പോലുള്ളവ നമ്മുടെ ജില്ലയിലും അഭികാമ്യമാണ്. പ്രത്യേകിച്ചും മലമ്പ്രദേശങ്ങളിൽ. ഫിസിയോതെറാപ്പി യൂണിറ്റ് ഉൾപ്പെടുന്ന യൂണിറ്റാണ് ജെറിയാട്രിക്. വളർന്നുവരുന്ന കൗമാരപ്രായക്കാർക്ക് വയോജനങ്ങളുടെ ജീവിത വിജയ പരാജയങ്ങൾ കേൾക്കുവാനും, അവരുമായി ഇടപെടുവാനും അവസരങ്ങൾ നൽകുകയാണെങ്കിൽ വയോജനങ്ങളുടെ ഒറ്റപ്പെടലുകൾ, ആധിയാലുണ്ടാകുന്ന അസുഖങ്ങൾ തുടങ്ങിയവയൊക്കെ തരണം ചെയ്യുവാനും അവരുടെ ജീവിതാനുഭവങ്ങൾ കൗമാരപ്രായക്കാർക്ക് അറിയുവാനും അവസരം ലഭിക്കും. മൺമറഞ്ഞുപോകാവുന്ന കലാരൂപങ്ങൾ, പാഠഭേദങ്ങൾ, നാടൻപാട്ടുകൾ, ശൈലികൾ, നൃത്തരൂപങ്ങൾ, മലയാള വാക്കുകൾ, പഴംചൊല്ലുകൾ ഇവ ശേഖരിക്കുവാനും, അതിലുപരി അവരെ സ്നേഹിക്കുവാനും കഴിയും. അതിനായി അംഗൻവാടികളിൽ ''കഥ പറച്ചിൽ'', ''തലമുറകളിലെ സംവാദം'' എന്നിവയ്ക്ക് വേദി ഒരുക്കുക.

തൊഴിൽജന്യരോഗങ്ങൾ:

തോട്ടം മേഖലകളിലും മറ്റും ഉണ്ടാകാൻ സാധ്യതയുള്ള രോഗങ്ങളെക്കുറിച്ച് ബോധവൽക്കരണം, രോഗം തടയൽ ഇവയ്ക്കായി മൊബൈൽ ക്ലിനിക്കുകൾ അനുവദിക്കുക.

സ്കൂൾ ആരോഗ്യപരിപാടി :

സ്കൂളുകളിൽ പാഠ്യേതര വിഷയങ്ങൾ, ക്രിയേറ്റീവ് ആക്ടിവിറ്റി എന്നിവ കൂടി ഉൾപ്പെടുത്തുക. കായികവും, കലാപരവും ആയിട്ടുള്ള കഴിവുകൾ വാർത്തെടുക്കുന്നതിന് ഇവ സഹായകമാകും. പഠന വൈകല്യം, കാഴ്ച, കേൾവി, വിളർച്ച ഇവ ഉണ്ടോയെന്ന് പരിശോധിക്കപ്പേടേണ്ടതും അവ പരിഹരിക്കപ്പേടേണ്ടതുമാണ്. ആയുർവേദ, ഹോമിയോ, അലോപ്പതി വൈദ്യശാഖയിലുള്ളവർ അവരുടെ പഞ്ചായത്തിലെ സ്കൂളുകളിൽ കുട്ടികളെ പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടതാണ്. ആഴ്ചയിൽ ഒരു ദിവസം ഇതിനായി മാറ്റി വെയ്ക്കുക.

പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ആരോഗ്യപ്രശ്നങ്ങൾ

ആദിവാസിക്കുടികളിൽ ധാരാളം പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. ജീവിതശൈലി, ശുചിത്വക്കുറവ്, ആരോഗ്യശീലങ്ങൾ, ഇവയെക്കുറിച്ചുള്ള അറിവുകൾ ഓരോ സ്ഥലത്തും വിഭിന്നമാണ്. ഓരോ ജാതി-ഉപജാതിയിലും അവർ നിഷ്കർഷിക്കുന്ന ആചാരങ്ങൾപോലും ചില ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നു. വിദ്യാഭ്യാസക്കുറവ്, തൊഴിൽ ലഭ്യതക്കുറവ്, പുറംലോകവുമായി ബന്ധമില്ലായ്മ, പുറം ലോക ജനത കാണുമ്പോൾ ഉൾവലിയുന്ന സ്വഭാവം ഇവയെല്ലാംതന്നെ ടി വിഭാഗത്തിന്റെ ഉന്നമനത്തെ ബാധിക്കുന്നു.

മറയൂർ, കാന്തല്ലൂർ, ചിന്നക്കനാൽ പ്രദേശങ്ങളിൽ ഹോമിയോപ്പതിയുടെ മൊബൈൽ ക്ലിനിക്ക് (NAM) പ്രവർത്തിക്കുന്നുണ്ട്. ഈ വിഭാഗത്തിന്റെ ശീലങ്ങൾ മാറ്റുന്നതിന്, ടൂത്ത് ബ്രഷ്, പേസ്റ്റ്, തോർത്ത്, സോപ്പ്, എണ്ണ, നഖം വെട്ടി, നാപ്കിൻ എന്നിവ വിതരണം നടത്തുകയും, അവയുടെ ഉപയോഗം, വ്യക്താധിഷ്ഠിത ശുചിത്വം എന്നിവയെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും ചെയ്തു. ഇപ്പോൾ ഇവരുടെ പഴയശീലങ്ങൾ മാറ്റി വ്യക്തി ശുചിത്വം പാലിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർ പ്രവർത്തനങ്ങളാണ് ഇവിടെ ആവശ്യം. അത് മോണിട്ടർ ചെയ്യേണ്ടതും, അവരുടെ വിശ്വാസം നേടിയെടുക്കേണ്ടതും നമ്മുടെ പ്രവർത്തനങ്ങൾ വിജയിക്കേണ്ടതിന് ആവശ്യമാണ്. ഇതിനായി ജില്ലയുടെ വിവിധ കേന്ദ്രങ്ങളിൽ മൊബൈൽ ഡിസ്പെൻസറികൾ അനുവദിക്കേണ്ടതാണ്.

പാലിയേറ്റീവ് കെയർ

ജില്ലയിൽ 36 പഞ്ചായത്തുകളിൽ ഹോമിയോപ്പതി പാലിയേറ്റീവ് കെയർ സംയുക്ത സേവനങ്ങൾ നൽകിവരുന്നു. അതോടൊപ്പം മുട്ടം ജില്ലാ ഹോമിയോ ആശുപത്രിയിൽ പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ യൂണിറ്റ് സെക്കണ്ടറി ഹോം കെയർ സേവനങ്ങളും ഐ.പി. സേവനങ്ങളും നൽകുന്നു.

അടിസ്ഥാന സൗകര്യങ്ങൾ : ഹോമിയോപ്പതി സ്ഥാപനങ്ങൾ

ആശുപത്രികൾ	2
സർക്കാർ ഡിസ്പെൻസറികൾ	38
എൻ.എച്ച്.എം. ഡിസ്പെൻസറികൾ	24
സ്പെഷ്യാലിറ്റി മൊബൈൽ ക്ലിനിക്ക്	1
ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റ്	1
എസ്.സി.പി. ഡിസ്പെൻസറികൾ	2
ജില്ലാ മെഡിക്കൽ ഓഫീസ്	1
പെരിഫെറൽ ഒ.പി.കൾ	6
കിടക്കകളുടെ എണ്ണം	50

അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഹോമിയോപ്പതി മേഖലയുടെ പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ്. ഇടുക്കി ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും നഗര സഭകളിലും സ്ഥിരമോ താൽക്കാലികമോ ആയ ഹോമിയോപ്പതി സ്ഥാപനങ്ങൾ നിലവിലുണ്ട്. എന്നാൽ പല സ്ഥാപനങ്ങളും പൊതുജനങ്ങൾക്ക് എളുപ്പത്തിൽ ചെന്നെത്താവുന്ന സ്ഥലങ്ങളിലല്ല സ്ഥിതി ചെയ്യുന്നത്. നിർദ്ദിഷ്ട മാതൃകയിലുള്ള കെട്ടിടത്തിൽ ഏതാനും ചില സ്ഥാപനങ്ങൾ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. സ്വന്തമായി സ്ഥലം, നിർദ്ദിഷ്ട മാതൃകയിലുള്ള കെട്ടിടം, വൈദ്യുതി, കുടിവെള്ളം, ടോയിലെറ്റ് സൗകര്യം, കമ്പ്യൂട്ടർ, ഇന്റർനെറ്റ് കണക്ഷൻ എന്നിങ്ങനെ ആവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങൾ പല സ്ഥാപനങ്ങളിലും ലഭ്യമല്ല. (പട്ടിക കാണുക).



സ്വന്തമായി സ്ഥലം, കെട്ടിടം, വൈദ്യുതി, കുടിവെള്ളം, ഇരിപ്പിട സൗകര്യം, ഫർണ്ണീച്ചർ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ കുറവായ സ്ഥാപനങ്ങളുടെ വിവരങ്ങൾ

ഇളംദേശം ബ്ലോക്ക്

1. ഗവ. ഹോമിയോ ഡിസ്പെൻസറി, ഉടുമ്പന്നൂർ
2. എൻ.എച്ച്.എം. ഡിസ്പെൻസറി, കുടയത്തൂർ
3. എൻ.എച്ച്.എം. ഡിസ്പെൻസറി, കരിമണ്ണൂർ
4. എൻ.എച്ച്.എം. ഡിസ്പെൻസറി, അരിക്കുഴ

തൊടുപുഴ ബ്ലോക്ക്

1. ഗവ. ഹോമിയോ ഡിസ്പെൻസറി, കുമാരമംഗലം
2. ഗവ. ഹോമിയോ ഡിസ്പെൻസറി, കോലാനി

ദേവികുളം ബ്ലോക്ക്

1. ഗവ. ഹോമിയോ ഡിസ്പെൻസറി, മൂന്നാർ
2. ഗവ. ഹോമിയോ ഡിസ്പെൻസറി, വട്ടവട
3. ഗവ. ഹോമിയോ ഡിസ്പെൻസറി, ദേവികുളം
4. എൻ.എച്ച്.എം. ഡിസ്പെൻസറി, മാങ്കുളം
5. എൻ.എച്ച്.എം. ഡിസ്പെൻസറി, മൂന്നാർ
6. എൻ.എച്ച്.എം. ഡിസ്പെൻസറി, ഇടമലക്കുടി

അടിമാലി ബ്ലോക്ക്

1. ഗവ. ഹോമിയോ ഡിസ്പെൻസറി, മുനിയറ
2. എൻ.എച്ച്.എം. ഡിസ്പെൻസറി, ബൈസൺവാലി(വൈദ്യുതി)

കട്ടപ്പന ബ്ലോക്ക്

1. ഗവ. ഹോമിയോ ഡിസ്പെൻസറി, വണ്ടൻമേട്
2. എൻ.എച്ച്.എം. ഡിസ്പെൻസറി, അയ്യപ്പൻകോവിൽ

നെടുംങ്കം ബ്ലോക്ക്

1. എൻ.എച്ച്.എം. ഡിസ്പെൻസറി, ഉടുമ്പൻചോല
2. എൻ.എച്ച്.എം. ഡിസ്പെൻസറി, സേനാപതി
3. എൻ.എച്ച്.എം. ഡിസ്പെൻസറി, കരുണാപുരം
4. എൻ.എച്ച്.എം. ഡിസ്പെൻസറി, രാജാക്കാട്

ഇടുക്കി ബ്ലോക്ക്

1. എൻ.എച്ച്.എം. ഡിസ്പെൻസറി, മരിയാപുരം

അഴുത ബ്ലോക്ക്

1. എൻ.എച്ച്.എം. ഡിസ്പെൻസറി, വിപ്പെരിയാർ
2. എൻ.എച്ച്.എം. ഡിസ്പെൻസറി, ഏലപ്പാറ

ഗവ. ഹോമിയോ ഡിസ്പെൻസറിപുറപ്പുഴ, വെള്ളിയാമറ്റം, വണ്ണപ്പുറം, കാരിക്കോട്, അറക്കുളം, വട്ടവട എന്നീ 6 സ്ഥാപനങ്ങളിൽ തസ്തിക വിന്യാസം 4 ൽ താഴെയാണ്. അവിടെ ഫാർമസിസ്റ്റ് തസ്തിക അധികമായി ഉണ്ടാകേണ്ടതുണ്ട്.

ക്രമ നം	സ്ഥാപനത്തിന്റെ പേര്	ശരാശരി ഒ.പി.
1	ജി.എച്ച്.ഡി. ആലക്കോട്	31
2	ജി.എച്ച്.ഡി. അറക്കുളം	76
3	ജി.എച്ച്.ഡി. ചക്കുപള്ളം	36
4	ജി.എച്ച്.ഡി. ചില്ലിത്തോട്	59
5	ജി.എച്ച്.ഡി. ചുരുളി	43
6	ജി.എച്ച്.ഡി. ഇരട്ടയാർ	23
7	ജി.എച്ച്.ഡി. കാരിക്കോട്	67
8	ജി.എച്ച്.ഡി. കട്ടപ്പന	80
9	ജി.എച്ച്.ഡി. കാമാക്ഷി	36

10	ജി.എച്ച്.ഡി. കണയങ്കവയൽ	24
11	ജി.എച്ച്.ഡി. കോടിക്കുളം	27
12	ജി.എച്ച്.ഡി. കൊക്കയാർ	33
13	ജി.എച്ച്.ഡി. കോലാനി	36
14	ജി.എച്ച്.ഡി. കൊന്നത്തടി	44
15	ജി.എച്ച്.ഡി. മുനിയറ	45
16	ജി.എച്ച്.ഡി. മൂഴിക്കൽ	26
17	ജി.എച്ച്.ഡി. മൂന്നാർ	24
18	ജി.എച്ച്.ഡി. നാരകക്കാനം	39
19	ജി.എച്ച്.ഡി. നെടിയശാല	33
20	ജി.എച്ച്.ഡി. നെല്ലാപ്പാറ	38
21	ജി.എച്ച്.ഡി. പള്ളിവാസൽ	37
22	ജി.എച്ച്.ഡി. പാമ്പനാർ	20
23	ജി.എച്ച്.ഡി. പഴയരിക്കം	44
24	ജി.എച്ച്.ഡി. പുറപ്പുഴ	43
25	ജി.എച്ച്.ഡി. രാജകുമാരി	35
26	ജി.എച്ച്.ഡി. ഉപ്പുകുന്ന്	28
27	ജി.എച്ച്.ഡി. ഉപ്പുതറ	61
28	ജി.എച്ച്.ഡി. വട്ടവട	3
29	ജി.എച്ച്.ഡി. വാഴത്തോപ്പ്	33
30	ജി.എച്ച്.ഡി. വാത്തിക്കുടി	49
31	ജി.എച്ച്.ഡി. വണ്ണപ്പുറം	72
32	ജി.എച്ച്.ഡി. വലിയതോവള	28
33	ജി.എച്ച്.ഡി. വെള്ളത്തൂവൽ	51
34	ജി.എച്ച്.ഡി. വെള്ളിയാമറ്റം	33
35	ജി.എച്ച്.ഡി. വൻമേട്	29
36	ജി.എച്ച്.ഡി. കുമാരമംഗലം	50
37	ജി.എച്ച്.ഡി. ഉടുമ്പന്നൂർ	53
38	ജി.എച്ച്.ഡി. ദേവികുളം	14
39	ജി.എച്ച്.എച്ച്. മുട്ടം	236
40	ജി.എച്ച്.എച്ച്. പുഷ്പകം	72

ക്രമ നം	സ്ഥാപനത്തിന്റെ പേര്	ശരാശരി ഒ.പി.
1	എൻ.എച്ച്.എം.,അരിക്കുഴ	38
2	എൻ.എച്ച്.എം.,അയ്യപ്പൻകോവിൽ	42
3	എൻ.എച്ച്.എം.,ബൈസൺവാലി	41
4	എൻ.എച്ച്.എം.,ചിന്നക്കനാൽ	68
5	എൻ.എച്ച്.എം.,ഏലപ്പാറ	61
6	എൻ.എച്ച്.എം.,കരിമണ്ണൂർ	50
7	എൻ.എച്ച്.എം.,കുടയത്തൂർ	43

8	എൻ.എച്ച്.എം.,കുമിളി	57
9	എൻ.എച്ച്.എം.,കുമാരമംഗലം	56
10	എൻ.എച്ച്.എം.,കാന്തല്ലൂർ	29
11	എൻ.എച്ച്.എം.,കരുണാപുരം	51
12	എൻ.എച്ച്.എം.,കാഞ്ചിയാർ	55
13	എൻ.എച്ച്.എം.,മാങ്കുളം	72
14	എൻ.എച്ച്.എം.,മറയൂർ	13
15	എൻ.എച്ച്.എം.,മൂന്നാർ	28
16	എൻ.എച്ച്.എം.,മരിയാപുരം	38
17	എൻ.എച്ച്.എം.,നെടുംകം	41
18	എൻ.എച്ച്.എം.,രാജക്കാട്	45
19	എൻ.എച്ച്.എം.,സേനാപതി	66
20	എൻ.എച്ച്.എം.,ശാന്തൻപാറ	71
21	എൻ.എച്ച്.എം.,ഉടുമ്പൻചോല	49
22	എൻ.എച്ച്.എം.,വണ്ടന്മേട്	27
23	എൻ.എച്ച്.എം.,വിപ്പെരിയാർ	33
24	എൻ.എച്ച്.എം.,ഇടമലക്കുടി	11

വ്യായാമം :ജീവിതത്തിൽ ആവശ്യമായ ഒന്നാണ് വ്യായാമം. പഞ്ചായത്ത് പ്രോജക്ട് വനിതാ ഘടകപദ്ധതിയിലുൾക്കൊള്ളിച്ച് യോഗാസനങ്ങൾ പരിശീലിക്കാവുന്നതാണ്.

പ്രാദേശികമായി കാണുന്ന ആരോഗ്യപ്രശ്നങ്ങൾ

1. തൈറോയിഡ് ഗ്രന്ഥിയെ ബാധിക്കുന്ന അസുഖങ്ങൾ : ഇടുക്കി ബ്ലോക്കിൽ മാത്രമല്ല ദേവികുളം ബ്ലോക്കിലും ഗോയിറ്റർ പോലുള്ള അസുഖങ്ങൾ ജനങ്ങളിൽ കാണുന്നു. ഇടുക്കി, ദേവികുളം ബ്ലോക്കിൽ തൈറോയ്ഡ് സ്പെഷ്യൽ ലാബോടു കൂടിയത് ലഭ്യമാക്കേണ്ടതുണ്ട്.
2. അലർജി : അലർജി കൊണ്ടുണ്ടാകുന്ന മൂക്കൊലിപ്പ്, ചെങ്കണ്ണ്, തൊലിപ്പുറത്തുണ്ടാകുന്ന അലർജികൾ എന്നിവ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ കാണുന്നു. വായുവിലൂടെ പകരുന്ന വൈറൽ രോഗങ്ങൾ കൂടുതലും നെടുംങ്കണ്ടം ബ്ലോക്കിൽ ഉൾപ്പെട്ട പഞ്ചായത്തുകളിൽ കാണുന്നു. ഒരു അലർജി ക്ലിനിക്ക്, ലാബ് സൗകര്യത്തോടെയുള്ളത് പുഷ്പകണ്ടം ആശുപത്രിയിൽ ലഭ്യമാക്കേണ്ടതാണ്.

കാഴ്ചപ്പാട്

ജില്ല നേരിടുന്ന പ്രധാന ആരോഗ്യപ്രശ്നങ്ങൾ

ഹ്രസ്വകാല കാഴ്ചപ്പാട് :

1. സ്പെഷ്യാലിറ്റി ഒ.പി.കളിൽ സ്ഥിരമായി മെഡിക്കൽ ആഫീസർമാർ
2. സ്ഥിരമായി പാരാ മെഡിക്കൽ സ്റ്റാഫ്.
3. ഏറ്റവും പഴയ രീതിയിലുള്ള 6 സ്ഥാപനങ്ങളുടെ സ്റ്റാഫ് പാറ്റേൺ മാറ്റുക.
4. സീതാലയം യൂണിറ്റിന് മുഴുവൻ സമയ ലീഗൽ ആഫീസർ, സൈക്കോളജിസ്റ്റ്, മെഡിക്കൽ ആഫീസർ ലഭ്യമാക്കുക.

5. ഇൻഫെർട്ടിലിറ്റി ക്ലിനിക്ക് സെപ്പറേറ്റ് ക്ലിനിക്ക് ആക്കുക. മെഡിക്കൽ ആഫീസറുടെ സേവനം പൂർണ്ണമായി ക്ലിനിക്കിന്റെ മാത്രമാക്കുക.
6. മരുന്നുകളുടെ വിതരണം ഡിജിറ്റൽ സംവിധാനത്തിൽ ആക്കുക.
7. വൈദ്യുതി, വെള്ളം, ശൗചാലയം, കുടിവെള്ളം, കെട്ടിടം, അടിസ്ഥാന സൗകര്യം എന്നിവ ലഭ്യമാക്കുക.

ദീർഘ കാല കാഴ്ചപ്പാട്

1. ആശുപത്രികളിൽ ആധുനിക സൗകര്യങ്ങളോടെയുള്ള ലാബ് അനുവദിക്കുക.
2. ദേശീയ നിലവാരത്തിലുള്ള പരിശീലന/ഗവേഷണ കേന്ദ്രം.
3. മെഡിസിനൽ പ്ലാന്റ് കൾട്ടിവേഷൻ ആന്റ് മദൻടിങ്ചർ മാനുഫാക്ടറിംഗ് യൂണിറ്റ്.
4. എല്ലാ സ്ഥാപനങ്ങളും KAASH/NABH മാനദണ്ഡം പാലിക്കുക.
5. ചീഫ് മെഡിക്കൽ ഓഫീസർ തസ്തികകൾ ഉള്ള (സീനിയർ ഡോക്ടർമാരുള്ള) സ്ഥാപനം എല്ലാ ബ്ലോക്കടിസ്ഥാനത്തിലും അനുവദിക്കുക. പകർച്ചവ്യാധി നിയന്ത്രണം മേഖലാതല അസുഖങ്ങൾക്ക് സ്പെഷ്യൽ ക്ലിനിക്ക്, ഫസ്റ്റ് റഫറൽ കേന്ദ്രം എന്നിവ ടി സ്ഥാപനത്തിൽ പ്രയോജനപ്പെടുത്താം.
6. ആയുഷ്മാൻ ഭവ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ടൂറിസം പദ്ധതി
7. 15 സ്ഥാപനങ്ങൾക്ക് സ്റ്റാഫ് ക്വാർട്ടേഴ്സ്.
8. പേപ്പർ രഹിത സ്ഥാപനങ്ങൾ
9. റഡാർ സോഫ്റ്റ് വെയർ
10. പുഷ്പകണ്ടം ആശുപത്രിക്ക് സദ്ഗമയ യൂണിറ്റ്, മൊബൈൽ ഡിസ്പെൻസറി, അലർജി സ്പെഷ്യൽ ക്ലിനിക്ക്.
11. ദേവികുളം, ഇടുക്കി ബ്ലോക്കിൽ തൈറോയ്ഡ് സ്പെഷ്യൽ ക്ലിനിക്ക്.

സംയുക്ത പ്രോജക്ട്

1. ടൂറിസവുമായി ബന്ധപ്പെട്ട്
   1) പകർച്ചവ്യാധി നിയന്ത്രണത്തിനായി അംഗീകൃത ടൂറിസ്റ്റ് മേഖലകളിൽ പ്രത്യേക സെൽ
   2) ആയുഷ് മാൻ ഭവ:, യോഗ, നാച്ചുറോപ്പതി വിഭാഗങ്ങളെ സമന്വയിപ്പിച്ചു കൊണ്ട് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തിലെ ജനങ്ങൾക്ക് ജീവിത ശൈലി നിയന്ത്രിക്കുന്നതിന് ബോധവൽക്കരണവും യോഗാ ട്രെയിനിംഗും.
2. ത്രിതല പഞ്ചായത്തുകളെ ഏകോപിച്ച് കൊണ്ട് സ്ഥലംവാങ്ങൽ, കെട്ടിട നിർമ്മാണം, മെഡിസിൻ പ്ലാന്റ് കൾട്ടിവേഷൻ ആന്റ് മാതൃസത്ത് മരുന്ന് നിർമ്മാണ യൂണിറ്റ്, മരുന്ന് ചെടിയുടെ തൈ വിതരണം.
3. അംഗൻ വാടികളിൽ കൗമാരപ്രായക്കാർക്ക് മുതിർന്ന പൗരൻമാരുടെ ജീവിതാനുഭവങ്ങൾ പങ്കുവെയ്ക്കൽ, കാലഹരണപ്പെട്ടുപോകുന്ന നാടൻപാട്ടുകൾ, നാട്ടറിവുകൾ, ചരിത്രങ്ങൾ, ഓരോ പ്രദേശത്തിന്റെ പ്രത്യേകതകൾ, കാലാനുഭവങ്ങൾ, വിവിധ തരം കളികൾ, കളികളോടൊപ്പമുള്ള പാട്ടുകൾ ഇവ ശേഖരിക്കുന്നതിലൂടെ കാലാഹരണപ്പെട്ട പോകാവുന്ന പഴയകാല സംസ്ക്കാരം സൂക്ഷിച്ചുവെയ്ക്കാവുന്നതാണ്.
4. പെയ്ൻ ആന്റ് പാലിയേറ്റീവ് കെയർ യൂണിറ്റ്, ഹോമിയോ, ആയുർവേദ, അലോപ്പതി, നാച്ചുറോപ്പതി വിഭാഗങ്ങളുടെ സംയുക്തമായ ഇടപെടൽ. ഒരു രോഗിക്ക് ആവശ്യമുള്ള സിസ്റ്റത്തിന്റെ സേവനം ലഭ്യമാക്കുക. നാച്ചുറോപ്പതി വിഭാഗത്തിന്റെ സഹായത്തോടെ സ്വാഭാവിക ആഹാര നിയന്ത്രണം, ലഭ്യത നടപ്പിലാക്കുക.
5. പട്ടിക വർഗ്ഗ വകുപ്പ്, വനംവകുപ്പ്, ഹോമിയോപ്പതി വകുപ്പ്, ഹോർട്ടി കൾച്ചർ വകുപ്പ് എന്നീ വിഭാഗങ്ങളുടെ സംയുക്തമായ ഔഷധ കൃഷിത്തോട്ടവും, മരുന്നു നിർമ്മാണവും, വിപണനവും.

6. അലോപ്പതി, ആയുർവേദ, ഹോമിയോ, സോഷ്യൽ ജസ്റ്റീസ് വകുപ്പുകളുടെ സംയുക്ത പ്രോജക്ടായി വയോജന പരിപാലനം നടപ്പാക്കാവുന്നതാണ്.
7. ഒരു പഞ്ചായത്തിനോടനുബന്ധിച്ചോ, ഓരോ വാർഡിലോ പഴയകാല വായനശാലകളെപ്പോലെ ഇന്റർനെറ്റ് കഫേകൾ അനുവദിക്കുക. കൗമാരക്കാരുടെ ഒരു സമിതി രൂപീകരിച്ച് സോഷ്യൽ ആക്ടിവിറ്റി നടത്തുന്നതിനുള്ള പ്രേരണ നൽകുക. വയോജനങ്ങളേയും ക്ലബ് ചെയ്ത് കമ്പ്യൂട്ടർ പരിശീലനം നൽകാവുന്നതാണ്.

നൂതന പ്രോജക്ട് :

ഹോമിയോ, ആയുർവേദ, യോഗ, സിദ്ധ, നാച്ചുറോപ്പതി വിഭാഗങ്ങളുടെ സംയുക്തമായ ഇന്റഗ്രേറ്റഡ് ഹോസ്പിറ്റൽ (ആയുഷ്) ജില്ലയിൽ ആരംഭിക്കുക. വിവിധ വിഭാഗങ്ങളുടെ സേവനം ഒരേ സ്ഥാപനത്തിൽ നിന്ന് ലഭ്യമാക്കുക. (കുറഞ്ഞത് 100 കിടക്കകൾ).

ചികിത്സാ രംഗത്ത് നിലനിൽക്കുന്ന അസമത്വങ്ങൾ

1. ഇടുക്കി ജില്ലയുടെ ഭൂപ്രകൃതി അടിസ്ഥാനത്തിൽ വേണ്ടത്ര ആരോഗ്യ സ്ഥാപനങ്ങൾ ലഭ്യമല്ലാത്തത്, ചില വിദൂരപ്രദേശങ്ങളിൽ പെരിഫെറൽ ഒ.പി.കൾ, മൊബൈൽ ക്ലിനിക്കുകൾ എന്നിവ സംഘടിപ്പിച്ച് പ്രശ്നം പരിഹരിക്കാവുന്നതാണ്.
2. രോഗ നിർണ്ണയ സംവിധാനങ്ങളുടെ കുറവ് : ബ്ലോക്കടിസ്ഥാനത്തിലെങ്കിലും ഓരോ വൈദ്യശാഖയുടെ സ്ഥാപനത്തിനോടൊപ്പം ലാബ് സൗകര്യം ഏർപ്പെടുത്തുക. അത് ചൂഷണം തടയുന്നു.
3. ജില്ലയിലെ എല്ലാ താലൂക്കിലും എല്ലാ വൈദ്യശാഖയിലുള്ളവർക്കും പ്രയോജനപ്പെടുത്താവുന്ന മൾട്ടി ഡയഗണോസ് സംവിധാനം നടപ്പിലാക്കുക.

റഫറൽ സംവിധാനം

1. സ്ഥാപനങ്ങൾക്ക് ആനുപാതികമായി സീനിയർ ആഫീസർ തസ്തിക ഇല്ലാത്തത് റഫറൽ സംവിധാനം ഇല്ലാതാക്കുന്നു.
2. ആംബുലൻസ് നെറ്റ് വർക്ക് സംവിധാനം ആശുപത്രികളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് ഉപയുക്തമാക്കാവുന്നതാണ്. ഓരോ ബ്ലോക്കിലും ഈ സംവിധാനം വേണം.

സ്വന്തമായി സ്ഥലം ഇല്ലാത്ത സ്ഥാപനങ്ങൾ (ഹോമിയോപ്പതി)

ഗവ. ഡിസ്പെൻസറി	7	വണ്ടൻമേട്, മൂന്നാർ, കുമാരമംഗലം, മുനിയറ, ഉടുമ്പന്നൂർ, വട്ടവട, ദേവികുളം
എൻ.എച്ച്.എം. ഡിസ്പെൻസറി	12	ഉടുമ്പൻചോല, വണ്ടിപ്പെരിയാർ, സേനാപതി, മരിയാപുരം, കരുണാപുരം, രാജാക്കാട്, കുടയത്തൂർ, കരിമണ്ണൂർ, മൂന്നാർ, ഇടമലക്കുടി, ഏലപ്പാറ, അരിക്കുഴ

സ്വന്തമായി കെട്ടിടം ഇല്ലാത്ത സ്ഥാപനങ്ങൾ (ഹോമിയോപ്പതി)

ഗവ. ഡിസ്പെൻസറി	8	വണ്ടൻമേട്, മൂന്നാർ, കുമാരമംഗലം, മുനിയറ, ഉടുമ്പന്നൂർ, വട്ടവട, ദേവികുളം, കോലാനി
എൻ.എച്ച്.എം. ഡിസ്പെൻസറി	10	ഉടുമ്പൻചോല, വണ്ടിപ്പെരിയാർ, സേനാപതി, മരിയാപുരം, കരുണാപുരം, കുടയത്തൂർ, മൂന്നാർ, ഇടമലക്കുടി, ഏലപ്പാറ, അരിക്കുഴ

വൈദ്യുതി കണക്ഷൻ ഇല്ലാത്ത സ്ഥാപനങ്ങൾ (ഹോമിയോപ്പതി)

ഗവ. ഹോമിയോ ഡിസ്പെൻസറി, മൂന്നാർ
എൻ.എച്ച്.എം. ഡിസ്പെൻസറി, ബൈസൺവാലി
എൻ.എച്ച്.എം. ഡിസ്പെൻസറി, മാങ്കുളം
എൻ.എച്ച്.എം. ഡിസ്പെൻസറി, അയ്യപ്പൻകോവിൽ
എൻ.എച്ച്.എം. ഡിസ്പെൻസറി, ഇടമലക്കുടി

മനുഷ്യവിഭവശേഷി വിശകലനം : ഹോമിയോപ്പതി

മനുഷ്യവിഭവശേഷി അപര്യാപ്തതയാണ് ഹോമിയോപ്പതി സ്ഥാപനങ്ങൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. ജനസമ്മതി നേടിയ നിരവധി പദ്ധതികൾ ഉൾപ്പടെ ഹോമിയോപ്പതി വകുപ്പിൽ നിലവിൽ നടന്നുവരുന്ന വിവിധങ്ങളായ പ്രവർത്തനങ്ങളെല്ലാം വിവിധ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന മെഡിക്കൽ ഓഫീസർമാരെ ഉപയോഗിച്ചുകൊണ്ട് നിർവഹിക്കപ്പെടുന്നവയാണ് . അനിവാര്യസ്ഥാപനങ്ങളിൽ ജീവനക്കാരെ നിയമിച്ചുകൊണ്ടും വകുപ്പിന്റെ കീഴിൽ വരുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം പൂർണമായി കമ്പ്യൂട്ടർവർക്കരിച്ചുകൊണ്ടും മാത്രമേ മനുഷ്യവിഭവശേഷിപരിമിതിമൂലമുള്ള പ്രശ്നം പരിഹരിക്കുവാൻ സാധിക്കൂ.

ജില്ലയിലെ സി.എം.ഒ. ഡിസ്പെൻസറികൾ ഉൾപ്പെടെ ആറു സ്ഥാപനങ്ങളിൽ ഫാർമസിസ്റ്റ് തസ്തിക നിലവിലില്ല എന്നതുതന്നെ ജില്ലയിലെ ഹോമിയോപ്പതി സ്ഥാപനങ്ങൾ നേരിടുന്ന മനുഷ്യവിഭവശേഷി പ്രതിസന്ധിയുടെ തെളിവാണ്. ഗവ. ഡിസ്പെൻസറികൾ, എൻ.എച്ച്.എം. ഡിസ്പെൻസറികൾ, ആശുപത്രികൾ. എസ്.സി.പി. ഡിസ്പെൻസറികൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെയും അവയുടെ പദ്ധതി പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കുന്ന ജില്ലാ മെഡിക്കൽ ഓഫീസിലെ അവസ്ഥയും വ്യത്യസ്തമല്ല. ജില്ലാ മെഡിക്കൽ ഓഫീസർ ഉൾപ്പെടെ എട്ടുപേർ മാത്രമാണ് ജില്ലാ മെഡിക്കൽ ഓഫീസിലെ (ഹോമിയോ) ജീവനക്കാർ. ജില്ലാ മെഡിക്കൽ ഓഫീസിൽ (ഹോമിയോ) കുറഞ്ഞത് രണ്ട് ക്ലർക്കുമാർ, ഒരു ടെക്നിക്കൽ അസിസ്റ്റന്റ്, ഒരു സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് (ഹോമിയോപ്പതി വകുപ്പിൽ വിവര ശേഖരണം/അപഗ്രഥനം എന്നിവ നടത്തുന്നതിന് നിലവിൽ മനുഷ്യവിഭവശേഷി ലഭ്യമല്ല.) എന്നിങ്ങനെ നാല് തസ്തികകൾ എങ്കിലും പുതുതായി സൃഷ്ടിക്കേണ്ടതുണ്ട്. ജില്ലയിലെ സവിശേഷതകൾ പരിഗണിച്ച് ഡോക്ടർമാർക്ക് ക്വാർട്ടേഴ്സ് സൗകര്യം നൽകുവാൻ സാധിച്ചാൽ വിദഗ്ദധരായ ഡോക്ടർമാരുടെ സേവനം ജില്ലയിൽ നിലനിർത്തുന്നതിന് സഹായകമാവും. ബ്ലോക്ക് തലത്തിൽ കുറഞ്ഞത് ഒരു ചീഫ് മെഡിക്കൽ ഓഫീസറുടെ തസ്തികയെങ്കിലും നിലവിൽ വന്നാൽ ഹോമിയോപ്പതി വകുപ്പിനുള്ളിൽ തന്നെയുള്ള റഫറൽ സംവിധാനം ശക്തിപ്പെടുത്തുന്നതിനു പുറമേ സ്പെഷ്യാലിറ്റി ക്ലിനിക്കുകളുടെ സബ് സെന്ററുകൾ സ്ഥാപിച്ച് പ്രസ്തുത സേവനങ്ങൾ കൂടുതൽ ആളുകളിലേയ്ക്ക് എത്തിക്കുന്നതിന് സാധിക്കും.

സ്പെഷ്യാലിറ്റി ഒ.പി.കൾ, പ്രത്യേക പ്രോജക്ടുകൾ മുതലായവ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് പല ഡിസ്പെൻസറികളിലെയും മെഡിക്കൽ ഓഫീസർമാരെ അധിക ചുമതലയിൽ നിയോഗിച്ചുകൊണ്ടാണ്. പദ്ധതി പ്രവർത്തനങ്ങൾ തടസമില്ലാതെ നടക്കുമ്പോഴും ടി ഉദ്യോഗസ്ഥരുടെ സ്ഥാപനങ്ങളിലെ ഒ.പി. സേവനങ്ങൾ പലപ്പോഴും തടസ്സപ്പെടുന്നു എന്നത് പരാതികൾക്ക് കാരണമാകുന്നുണ്ട്. സ്പെഷ്യാലിറ്റി ഒ.പി.കൾക്കും പ്രത്യേക പദ്ധതികൾക്കും മെഡിക്കൽ ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് മാത്രമേ ഇത് പരിഹരിക്കാൻ സാധിക്കൂ. ഹോമിയോ ആശുപത്രികളുടെ കാര്യത്തിലും എച്ച്.ആർ. പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. പുഷ്പകണ്ടം ഹോമിയോ ആശുപത്രിയിൽ നിലവിൽ പതിനെട്ട് തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുള്ളപ്പോൾ ജില്ലയിലെ പ്രധാനപ്പെട്ട പദ്ധതികളുടെ ഏകോപന കേന്ദ്രമായ മുട്ടം ജില്ലാ ഹോമിയോ ആശുപത്രിയിൽ ആകെ പതിനഞ്ച് തസ്തികകൾ മാത്രമാണ് നിലവിലുള്ളത്.

എൻ.സി.പി./സിസിപി കോഴ്സ് കഴിഞ്ഞവരെ ലഭ്യമല്ലാത്തതിനാൽ 36 ഫാർമസിസ്റ്റ് തസ്തികകളിൽ 18 എണ്ണം ഇപ്പോഴും ഒഴിഞ്ഞു കിടക്കുന്ന സാഹചര്യം ഉണ്ട്. സ്ഥാപനങ്ങളുടെ സ്വീപ്പിംഗ് ഏരിയ 100ച.മീറ്ററിൽ താഴെ ആയതുകൊണ്ട് മാത്രം 15 പാർട്ട് ടൈം സ്വീപ്പർ തസ്തികകൾ നഷ്ടപ്പെട്ടിരിക്കുന്നു. (വിശദ വിവരങ്ങൾ ഭാഗം മൂന്നിൽ)



	GHD	NHM	SCP
CMO/MO	38	24	2
PHARMACIST	32	0	2
ATTENDER/ DISPENSER	30	0	2
PEON/SCP	14	0	0
PTS	32	0	2

<u>നടപ്പ് പദ്ധതികളുടെ വിശകലനം : ഹോമിയോപ്പതി വകുപ്പ്</u>

1. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ

- ഹോമിയോപ്പതി മേഖലയിൽ പഞ്ചായത്ത് തല പദ്ധതികൾ മരുന്നു വാങ്ങൽ മാത്രമായി ചുരുങ്ങുന്നു.
- പല പഞ്ചായത്തുകളിലും ഹോമിയോപ്പതി സ്ഥാപനങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതികൾ ഇല്ല.
- പ്രാദേശികമായി പ്രചാരമുള്ള രോഗങ്ങളുടെ ചികിൽസക്കായി പദ്ധതികൾ വിരളമായി മാത്രമേ നടക്കുന്നുള്ളൂ.

ഹോമിയോപ്പതി സ്ഥാപനങ്ങൾക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നത് ഹോംകോ എന്ന സ്ഥാപനമാണ്. ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഫണ്ട് ലഭ്യമാകുന്നത് മുതൽ മരുന്നുകളുടെ ഓർഡർ കൊടുക്കുന്നത് വരെയുള്ള ഘട്ടങ്ങൾ പല തരത്തിലും പദ്ധതി നിർവ്വഹണത്തിന് കാലതാമസമുണ്ടാക്കുന്ന സ്ഥിതി നിലവിലുണ്ട്. മാനുവൽ ഇൻഡന്റിംഗ് രീതി മാറ്റി പകരം മരുന്ന് ഓർഡർ ചെയ്യുന്നതിന് സംവിധാനമുണ്ടായാൽ മരുന്നുകളുടെ ആവശ്യകത ഫോർകാസ്റ്റ് ചെയ്യുന്നതിനും, ആവശ്യാനുസരണം ഘട്ടങ്ങളായി മരുന്ന് വാങ്ങുന്നതിനും, സ്റ്റോക്ക് എല്ലായ്പ്പോഴും ഒരുപോലെ സൂക്ഷിക്കുന്നതിനും സാധിക്കും. ഹോംകോ ഈടാക്കുന്ന ഫ്രെയിറ്റ് ചാർജ്ജുകൾ മുൻകൂട്ടി അറിയുന്നതിന് നിലവിൽ മാർഗ്ഗങ്ങളില്ല. അതുകൊണ്ടുതന്നെ ഓർഡറും ഇൻവോയിസും തമ്മിൽ വ്യത്യാസങ്ങൾ പതിവാണ്. ഹോംകോയിൽ നിന്ന് മരുന്ന് ലഭ്യമാകുന്നതിനുള്ള കാലതാമസം പല സ്ഥാപനങ്ങളിലും ഓഡിറ്റ് പരാമർശത്തിന് കാരണമായിട്ടുണ്ട്.

ഓരോ സ്ഥാപനങ്ങൾക്കും വേണ്ടുന്ന പരിശോധന ഉപകരണങ്ങൾ തദ്ദേശ സ്ഥാപനങ്ങൾ കൊടുക്കേണ്ടതുണ്ട്.

ഡിസ്പെൻസറി കെട്ടിടം നിർമ്മാണത്തിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മാതൃക പരിഷ്കരിക്കേണ്ടതുണ്ട് എന്നിരിക്കെ ജില്ലയിലെ പല സ്ഥാപനങ്ങളും നിലവിൽ നിർദ്ദിഷ്ട മാതൃകയിലുള്ള കെട്ടിടങ്ങളിലല്ല പ്രവർത്തിക്കുന്നത് എന്നതും പ്രത്യേക ശ്രദ്ധയർഹിക്കുന്നു.

2. സംസ്ഥാന/വകുപ്പ് തല പദ്ധതികൾ

സീതാലയം, സദ്ഗമയ, സന്ധിരോഗ ക്ലിനിക്ക്, തൈറോയിഡ് ഒ.പി., പാലിയേറ്റീവ് കെയർ പദ്ധതി, ആയുഷ് ഹോളിസ്റ്റിക്ക് സെന്റർ, ജില്ല. മെഡിക്കൽ സ്റ്റോർ വന്ധ്യത ക്ലിനിക്ക്, ലഹരി മുക്തി ക്ലിനിക്ക്, ദ്രുതകർമ സാംക്രമിക രോഗ നിയന്ത്രണ സെൽ, മാതൃകാ ഹോമിയോ ഡിസ്പെൻസറി, ജീവനക്കാരുടെ തുടർ പരിശീലനം മുതലായവയാണ് ഹോമിയോപ്പതി മേഖലയിൽ സംസ്ഥാന തലത്തിൽ ആവഷ്കരിച്ച് നടത്തപ്പെടുന്ന പദ്ധതികൾ.

ഒ.പി. ട്രെൻഡ്, സ്പെഷ്യൽ ക്ലിനിക്കുകൾ



	സീതാലയം	സദ്ഗമയ	സന്ധിരോഗം	തൈറോയിഡ്
201314	3791	375	6762	9790
201415	4749	1049	5860	10139
201516	5100	1733	5476	11257
201617	7090	2470	4873	11100

സ്പെഷ്യൽ ഒ.പികൾക്കും പദ്ധതികൾക്കും പ്രത്യേകം ചുമതലയുള്ള മെഡിക്കൽ ഓഫീസർമാരുടെ തസ്തികകൾ നിലവിലില്ല. ജനശ്രദ്ധ പിടിച്ചു പറ്റിയ സദ്ഗമയ ക്ലിനിക്കിന് പ്രത്യേകമായി സൈക്കോളജിസ്റ്റിന്റെ സേവനം ലഭ്യമല്ലാത്തതുകൊണ്ട് പലപ്പോഴും പ്രവർത്തനം തടസപ്പെടുന്നു. ഒപ്പം സീതാലയം പദ്ധതിയിലും ഒരു മുഴുവൻ സമയ സൈക്കോളജിസ്റ്റിന്റെ സേവനം ഉറപ്പുവരുത്തേണ്ടതാണ്.

ജില്ലയിലെ ലാബുകളെ സ്പെഷ്യൽ ഒ.പി. കളിൽ ഏറ്റവും കൂടുതൽ രോഗികൾ എത്തുന്ന തൈറോയിഡ് വിഭാഗത്തിൽ ലാബ് പരിശോധനകൾക്കായി സ്വകാര്യ ലാബുകളെ ആശ്രയിക്കേണ്ടിവരുന്ന അവസ്ഥ നിലവിലുണ്ട്.

സന്ധിരോഗ ക്ലിനിക്ക്, പാലിയേറ്റീവ് കെയർ എന്നിവയ്ക്ക് ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമല്ല.

ജില്ലയിലെ ലക്ഷക്കണക്കിന് ജനങ്ങൾക്ക് പ്രതിരോധ മരുന്ന് വിതരണം, രോഗ പ്രതിരോധ പ്രവർത്തനം എന്നീ സേവനങ്ങൾ ലഭ്യമാക്കുന്നത് ദ്രുത കർമ സാംക്രമിക രോഗ നിയന്ത്രണ സെൽ (റീച്ച്) ന്റെ നേതൃത്വത്തിലാണ്. പകർച്ചവ്യാധി കാലത്ത് വലിയ തോതിൽ മരുന്നുകൾ തയ്യാർ ചെയ്യുന്നതിന് ജില്ലയിൽ യന്ത്രസംവിധാനങ്ങൾ

ലഭ്യമല്ലാത്തതുകൊണ്ട് റീച്ച് സേവനങ്ങളുടെ ആവശ്യവും ലഭ്യതയും തമ്മിലുള്ള അന്തരം പദ്ധതി പ്രവർത്തനത്തെ ബാധിക്കുന്നു. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് പ്രത്യേക ഓഫീസ് സൗകര്യം നിലവിൽ ലഭ്യമല്ല. പകർച്ചവ്യാധികളുടെ സ്ഥിതി വിവരങ്ങൾ തത്സമയം അറിയുന്നതിനും നിലവിൽ സംവിധാനങ്ങളില്ല. ജില്ലയിലെ ഒരു മെഡിക്കൽ ഓഫീസറുടെ അധിക ചുമതലയിൽ നിർവഹിക്കപ്പെടുന്ന ഈ പദ്ധതി വിഭാവനം ചെയ്യപ്പെട്ട രീതിയിൽ പ്രവർത്തനം നടത്തുന്നതിന് ഒരു സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസറുടെ തസ്തിക ലഭ്യമാക്കേണ്ടതുണ്ട്.

ജീവനക്കാരുടെ തുടർ പരിശീലനങ്ങൾക്ക് താൽക്കാലിക സംവിധാനങ്ങൾ മാത്രമേ നിലവിലുള്ളൂ. പരിശീലനങ്ങൾക്കായി ഒരു സ്ഥിരം സൗകര്യം ഏർപ്പെടുത്താവുന്നതാണ്.

3. കേന്ദ്രാവിഷ്കൃത പദ്ധതികൾ : NAM, NHM

ജില്ലയിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ ദേശീയ ആരോഗ്യ മിഷൻ (NHM), ദേശീയ ആയുഷ് മിഷൻ (NAM) എന്നിവയുടെ കീഴിലാണ് നടന്നുവരുന്നത്. ജില്ലയുടെ വിവിധ പ്രദേശങ്ങളിലെ 24 താൽക്കാലിക ഡിസ്പെൻസറികളിൽ മെഡിക്കൽ ഓഫീസർമാരെ നിയമിച്ചിട്ടുള്ളത് ദേശീയ ആരോഗ്യ മിഷന്റെ കീഴിലാണ്. മേൽപ്പറഞ്ഞ 24 ഡിസ്പെൻസറികളിൽ പാരാമെഡിക്കൽ ജീവനക്കാരെ NHM ലഭ്യമാക്കിയിട്ടില്ല. പകരം അതതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. ഈ നിയമനത്തിന് വ്യക്തമായ മാനദണ്ഡങ്ങൾ ഇല്ലാത്തതുമൂലം പല സ്ഥാപനങ്ങളിലും യോഗ്യത കുറഞ്ഞ വ്യക്തികളെ നിയമിച്ചിട്ടുള്ളത് സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ഈ ജീവനക്കാരുടെ വേതനത്തിന്റെ കാര്യത്തിലും അവ്യക്തത നിലനിൽക്കുന്നുണ്ട്. പതിനായിരക്കണക്കിന് ആളുകൾ ചികിത്സ തേടുന്ന ഈ സ്ഥാപനങ്ങളിൽ പലതും വളരെ പരമിതമായ സൗകര്യങ്ങൾ ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത്.

ആരോഗ്യ സേവനങ്ങൾ ദുർലഭമായ ആദിവാസി മേഖലകളിൽ ചികിത്സയെത്തിക്കുന്ന ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റ് NAM ന്റെ കീഴിലാണ് നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. സദ്ഗമയ, സീതാലയം സ്പെഷ്യൽ ഒ.പി. കളിലേയ്ക്ക് NAM ജീവനക്കാരെ നിയമിച്ചു നൽകിയിട്ടുണ്ട്. കൂടാതെ ബോധവൽകരണ പരിപാടികൾ, വാഹന സൗകര്യം, കെട്ടിട നിർമാണം, പട്ടികജാതി കോളനികളിൽ ആരോഗ്യ സേവനങ്ങൾ എത്തിക്കുന്നതിനുള്ള ഹരികിരണം പദ്ധതി എന്നിവയ്ക്കും ദേശീയ ആയുഷ് മിഷൻ (NAM) ന്റെ ധനസഹായം ലഭിച്ചിക്കുണ്ട്. NAM ൽ തുടർന്നുള്ള ഫണ്ട് ലഭ്യത ഉറപ്പാക്കേണ്ടതുണ്ട്.



Common conditions	Numbers
Anaemia	456
Viral fever	456
Parasitic Infestations	444

	Diarrhoeal Diseases	216
	Dental caries	696
	Wild animal attack	84



ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റ് സമർപ്പിച്ചിട്ടുള്ള കണക്കുകൾ പ്രകാരം മറയൂർ കാന്തല്ലൂർ മേഖലയിലെ ആദിവാസികളിൽ പകർച്ചവ്യാധികൾ, പോഷകാഹാരക്കുറവ്, വിളർച്ച, വിരശല്യം, വയറിളക്ക രോഗങ്ങൾ, ത്വക്ക് രോഗങ്ങൾ, തിമിരം എന്നിവ താരതമ്യേന കൂടുതലാണ്. ഈ മേഖലയിലെ ജനങ്ങളിൽ പോഷകാഹാരം, ശുചിത്വം എന്നിവ സംബന്ധിച്ച് ആരോഗ്യകരമായ ശീലങ്ങൾ വളർത്തുന്നതിനാവശ്യമായ തുടർച്ചയായ പ്രവർത്തനങ്ങളുടെ ആവശ്യകതയാണ് ഇത് സൂചിപ്പിക്കുന്നത്.

<u>അവസ്ഥാവിശകലനത്തിന്റെ അടിസ്ഥാനത്തിൽ തിരിച്ചറിഞ്ഞ പ്രശ്നങ്ങളുടെ പട്ടിക</u>

<u>ഹോമിയോപ്പതി</u>

1	രോഗ നിർണയ സംവിധാനങ്ങളുടെ അപര്യാപ്തത
2	പ്രതിരോധ മരുന്നു വിതരണം - ഡിമാന്റ്- സപ്ലൈ അന്തരം
3	സ്ഥാപനങ്ങൾക്ക് കെട്ടിടം/സ്ഥലം/അടിസ്ഥാനസൗകര്യങ്ങൾ ഇല്ലാത്തത്
4	മരുന്ന് സ്റ്റോക്ക് അപര്യാപ്തത/ലഭ്യതക്കുറവ്
5	ജീവനക്കാരുടെ എണ്ണത്തിലെ കുറവ്; അമിത ജോലിഭാരം
6	സ്ഥാപനങ്ങളുടെ പ്രവർത്തനരീതികളിൽ കാലാനുസൃതമായ മാറ്റങ്ങളുടെ അഭാവം
7	ഡോക്ടർമാരുടെ /ജീവനക്കാരുടെ താമസസൗകര്യങ്ങളുടെ കുറവ്
8	സ്പെഷ്യൽ ഒ.പി.കൾ പ്രത്യേക പദ്ധതികൾ എന്നിവയ്ക്ക് മനുഷ്യവിഭവശേഷിയുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും അപര്യാപ്തത
9	സ്ഥാപനങ്ങളിൽ വൈദ്യുതി, കമ്പ്യൂട്ടർ, ഇന്റർനെറ്റ് എന്നിവയുടെ ലഭ്യതക്കുറവ്.
10	ഡിസ്പെൻസറികളിലെ അശാസ്ത്രീയമായ സ്റ്റാഫ് പാറ്റേൺ
11	ജില്ലാ മെഡിക്കൽ ഓഫീസിന്റെ എച്ച്.ആർ/ അടിസ്ഥാന സൗകര്യ പരിമിതികൾ
12	റെപ്പർട്ടറൈസേഷൻ സോഫ്റ്റ്‌വെയറി ന്റെ ലഭ്യതക്കുറവ്
13	റഫറൽ സംവിധാനങ്ങളുടെ അപര്യാപ്തത; ജില്ലയിൽ ചീഫ് മെഡിക്കൽ ഓഫീസർ തസ്തിക ആകെ മൂന്ന് മാത്രം

14	പെരിഫെറൽ ഒ.പി./ മരുന്നുവിതരണം/അതിദുർഘടപ്രദേശങ്ങളിൽ/റീച്ച് പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ടുവീലർ/മൊബിലിറ്റി സപ്പോർട്ടിന്റെ കുറവ്
15	ഹോമിയോപ്പതി വകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച ഡാറ്റ ശേഖരണം/വിശകലനം എന്നിവയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമല്ല.
16	ആശുപത്രികളിൽ ഒരു ഫാർമസിസ്റ്റ് തസ്തിക മാത്രമേ നിലവിലുള്ളൂ.

ജില്ലയിൽ സഹകരണമേഖലയിൽ ഹോമിയോപ്പതി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല.

ജില്ലയിലെ സ്വകാര്യ സ്ഥാപനങ്ങളുടെയും സർക്കാർ സ്ഥാപനങ്ങളുടെയും നിജസ്ഥിതി രേഖപ്പെടുത്തുന്നതിനും, ഡാറ്റാ ശേഖരിക്കുന്നതിനും ജില്ലാ മെഡിക്കൽ ഓഫീസിൽ മനുഷ്യവിഭവശേഷി പരമിതികളുണ്ട്. അതിനാൽ ഇവരുടെ ഡാറ്റാ ശേഖരണം നടത്താൻ കഴിയുന്നില്ല.

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി സ്പെഷ്യൽ ക്ലിനിക്കുകൾ അനുവദിക്കുന്നതിലൂടെ പ്രത്യേക പരിചരണവും, പരിഗണനയും അതോടൊപ്പം അവരുടെ ആവശ്യങ്ങൾ സ്വന്തമായി നിർവ്വഹിക്കുന്നതിനുതകുന്ന തരത്തിലുള്ള മാറ്റങ്ങൾ ഉണ്ടാക്കുവാൻ മരുന്നുകളിലൂടെയും, ചെറിയ ഫിസിയോതെറാപ്പിയിലൂടെയും പരിശീലനത്തിലൂടെയും കൗൺസിലിങ്ങിലൂടെയും കഴിയുന്നുതാണ്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

പുഷ്പകണ്ടം ആശുപത്രിയിൽ സദ്ഗമയ യൂണിറ്റ് പുനരാരംഭിക്കുക.

പുഷ്പകണ്ടം ആശുപത്രിയിൽ അലർജി ക്ലിനിക്ക് അനുവദിക്കുക.

ഓരോ ബ്ലോക്കിലും ചീഫ് മെഡിക്കൽ ഓഫീസർ കേഡറിലുള്ളവരുടെ നേതൃത്വത്തിലുള്ള സ്ഥാപനങ്ങൾ ഐഡന്റിഫൈ ചെയ്ത് ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരിക. ഇതുമൂലം സംയുക്ത പ്രോജക്ടുകൾ ചെയ്യുവാൻ സാധിക്കും. ത്രിതല പഞ്ചായത്ത് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ സാധിക്കും.

പെരിഫെറൽ ഒ.പി.കൾക്കും, അതിദുർഘടപ്രദേശങ്ങളിലും മരുന്ന് വിതരണത്തിനായി ടുവീലർ മൊബിലിറ്റി സപ്പോർട്ട് ആവശ്യമാണ്

ഹോമിയോ ഡോക്ടർമാർക്ക് റേഡിയോ ഡയഗ്നോസിസ്, മെഡിക്കൽ ഇമേജിംഗ് പരിശീലനം ലഭ്യമാക്കുക.

എല്ലാ സ്ഥാപനങ്ങളിലും റെപ്പർട്ടറൈസേഷൻ സോഫ്റ്റ് വെയർ നൽകുക.

ഹോംകോയുടെ മരുന്നു വിതരണം, സ്റ്റോക്ക് എന്നിവ സംബന്ധിച്ച കാര്യങ്ങൾ ഡിജിറ്റൽ സംവിധാനത്തിൽ വരുത്തുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് പൊതുജനങ്ങൾക്ക് എത്തുന്നതിനുള്ള റോഡ് ഗതാഗതയോഗ്യവും റാമ്പ് സൗകര്യം, ഇരിപ്പിട സൗകര്യം ഇവ നൽകേണ്ടതാണ്, സ്വകാര്യതയുള്ള പരിശോധനാ മുറികൾ, പ്രത്യേകം ശുചിമുറികൾ എന്നിവ നൽകേണ്ടതാണ്.
2. ജില്ലയിൽ പ്രവർത്തിക്കുന്ന സീതാലയം, സദ്ഗമയ എന്നീ യൂണിറ്റുകളുടെ പ്രവർത്തനം ബ്ലോക്ക് അടിസ്ഥാനത്തിൽ കൊണ്ടുവരിക. അല്ലെങ്കിൽ സ്ക്രീനിംഗ് സംവിധാനം ഏർപ്പെടുത്തുക.
3. അത്യാവശ്യ ഘട്ടത്തിൽ പഞ്ചായത്ത് തല മനുഷ്യവിഭവശേഷി നൽകൽ.
4. ഓരോ ബ്ലോക്കിലും ആംബുലൻസ് നെറ്റ് വർക്ക് ഉണ്ടായിരിക്കുക. കോൺടാക്ട് നമ്പറുകൾ ഓരോ ആരോഗ്യസ്ഥാപനങ്ങളിലും ലഭ്യമാക്കുക.

4.2.2 കുടിവെള്ളം

കേരള വാട്ടർ അതോറിറ്റി

ആമുഖം

ഇടുക്കി ജില്ല ഒരു ജല സമൃദ്ധ മണ്ഡലമാണ്. മുഖ്യ ജലസ്രോതസ്സുകൾ ഡാമുകളും പുഴകളും തോടുകളുമാണ്. ജനസംഖ്യാ വർദ്ധനവനുസരിച്ച് ശുദ്ധജലത്തിന്റെ ആവശ്യം ഓരോ വർഷവും വർദ്ധിച്ചു വരുന്നു. ഉയർന്ന ജല സൗഹൃദാന്തരീക്ഷം വേണ്ടത്ര ഉണ്ടായിട്ടും ഓരോ വേനലിലും ഉയർന്ന മേഖലകളിൽ ജല ദൗർലഭ്യം ഉണ്ടാകാറുണ്ട്. മലനിരകളിൽ നിന്ന് ഒഴുകിയിറങ്ങുന്ന മഴവെള്ളം തടഞ്ഞ് നിർത്തുവാനുള്ള സംവിധാനങ്ങളുടെ അപര്യാപ്തത നമ്മുടെ ജല സുരക്ഷയ്ക്ക് ഭീഷണിയാകുന്നു. കാർഷിക മേഖലയായ ഇവിടെ കൃഷി രീതിയിലുണ്ടായ മാറ്റങ്ങൾ ജല സംരക്ഷണത്തിന് വിനയാകുന്നു. തണ്ണീർത്തടങ്ങൾ വിസ്മൃതിയിലായതും നെൽപാടങ്ങൾ കരഭൂമിയാക്കി മാറ്റിയതും. ഭക്ഷ്യകൃഷിരീതി അവലംബിച്ചതും പരമ്പരാഗത ജലസംരക്ഷണ സാധ്യതകളെ തിരസ്കരിക്കുന്നതുമായിരുന്നു. തെങ്ങിൻതോട്ടങ്ങൾ കുറഞ്ഞുവന്നതും കയ്യാല നിർമ്മാണം പോലുള്ള കാർഷിക സമ്പർക്ക നിർമ്മിതികൾ ഇല്ലാതായതും ജലസംരക്ഷണത്തിന് ഭീഷണിയാകുന്നു.

ഇടുക്കി ജില്ലയിൽ വാട്ടർ അതോറിറ്റിക്ക് ചെറുതും വലുതുമായ 78 വിവിധ കുടിവെള്ള പദ്ധതികൾ 38 പഞ്ചായത്തുകളിലും 2 മുനിസിപ്പാലിറ്റികളിലും നടത്തി വരുന്നുണ്ട്. എങ്കിലും ജനങ്ങളുടെ വർദ്ധിച്ചുവരുന്ന കുടിവെള്ള ആവശ്യം ഇനിയും പരിഹരിക്കേണ്ടതുണ്ട്. ഇതിനായി പുതിയ പല പദ്ധതികളും ഈ ജില്ലയിൽ നടപ്പിലാക്കേണ്ടതുണ്ട്. ഇതുകൂടാതെ സമ്പൂർണ്ണ കുടിവെള്ള ലഭ്യത കൈവരിക്കുവാൻ തോടുകളും പുഴകളും മാലിന്യമുക്തമാക്കേണ്ടതും ജലവിതാനം ഉയർത്തുവാൻ വേണ്ട തടയണ, മഴക്കുഴി നിർമ്മാണം, കിണർ റീചാർജ്ജ് തുടങ്ങിയ പല പദ്ധതികളും ഇതോടൊപ്പം ആവിഷ്കരിക്കേണ്ടതുണ്ട്.

കേരള വാട്ടർ അതോറിറ്റിയ്ക്ക് ഇടുക്കി ജില്ലയിൽ വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണമേന്മ തിട്ടപ്പെടുത്തുകയും കൂടുതൽ ആളുകളിലേയ്ക്ക് കൃത്യമായ ജലലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണ് മുൻഗണനാ ലക്ഷ്യം.

ഭക്ഷണം വായു എന്നിവ പോലെ ജനങ്ങളും മറ്റ് ജീവജാലങ്ങൾക്കും ഏറ്റവും ആവശ്യമുള്ള ഒന്നാണ് കുടിവെള്ളം. ത്രിതല പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം ജനങ്ങൾക്ക് കുടിവെള്ളം എത്തിച്ച് നൽകാനുള്ള ബാദ്ധ്യതയുണ്ട്. ഗ്രാമ പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും അനിവാര്യ ചുമതലയുമാണ്.

ഇനിയൊരു യുദ്ധമുണ്ടായാൽ അതു കുടിവെള്ളത്തിനു വേണ്ടി ആയിരിക്കുമെന്ന വിധത്തിലുള്ള അഭിപ്രായങ്ങളും ചർച്ചകളും നാം കേട്ടു കൊണ്ടിരിക്കുന്നു. ഹരിത കേരള മിഷൻ ജലസംരക്ഷണത്തിന് വലിയ പ്രാധാന്യം നൽകിയിട്ടുണ്ട്.

കുടിവെള്ള ലഭ്യത എന്നാൽ ശുദ്ധമായതും ഗുണമേന്മയുള്ളതും നിശ്ചിത പരിധിയിൽ ലഭിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം മുഴുവൻ വീടുകളിലും ശുദ്ധമായ ജലലഭ്യത ഉറപ്പുവരുത്താനുള്ള ബാദ്ധ്യതയുണ്ട്.

ഇടുക്കി ജില്ലയിൽ മെച്ചപ്പെട്ട അളവിൽ മഴ ലഭിക്കുന്നുണ്ടെങ്കിലും മഴക്കാലം കഴിഞ്ഞാലുടൻ തന്നെ പല പ്രദേശങ്ങളിലും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. ഇതിനുള്ള കാരണം ചരിഞ്ഞ ഭൂപ്രകൃതി കാരണം പെയ്യുന്ന വെള്ളം ഭൂമിയിലേയ്ക്കു കിനിഞ്ഞിറങ്ങാതെ വളരെ വേഗം ഒഴുകി നഷ്ടപ്പെടുന്നതാണ്. ഇതോടൊപ്പം മനുഷ്യൻ പരിസ്ഥിതിയിലേൽപ്പിച്ച ആഘാതങ്ങളും തിരിച്ചടി ആയിട്ടുണ്ട്.

ജില്ലയിൽ കുടിവെള്ള വിതരണം നടത്തുന്ന പ്രധാന ഏജൻസി കേരളാ വാട്ടർ അതോറിറ്റിയും ജലനിധി പദ്ധതിയുമാണ്. എന്നാൽ ഇവയ്ക്ക് ജില്ലയിലെ എല്ലാ ജനവാസകേന്ദ്രങ്ങളിലും പൂർണ്ണതോതിൽ ശുദ്ധജലം ലഭ്യമാക്കാൻ കഴിയുന്നില്ല. മിക്കവാറും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മുൻവർഷങ്ങളിലായി ചെറുതും വലുതുമായ ധാരാളം കുടിവെള്ള പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ പണി ആരംഭിച്ച് വർഷങ്ങളായിട്ടും ഇനിയും പൂർത്തീകരിക്കാത്ത കുടിവെള്ള പദ്ധതികളും നിലവിലുണ്ട്.

മറ്റൊരു പ്രശ്നം ശുദ്ധജലത്തിന്റെ ലഭ്യതക്കുറവാണ്. മാലിന്യം നിറഞ്ഞു കവിയുന്ന പുഴകളിൽ നിന്ന് ടാങ്കിൽ ശേഖരിച്ച് സാങ്കേതികമായി ശുദ്ധീകരിച്ച് വിതരണം നടത്തുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പലപ്പോഴും തൃപ്തികരമല്ല. വരും വർഷങ്ങളിൽ എല്ലാവർക്കും ഗുണമേന്മയുള്ള കുടിവെള്ളം എല്ലാ കാലത്തും ലഭ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി പ്രോജക്ടുകൾ ആവിഷ്കരിച്ചു നടപ്പാക്കേണ്ടതുണ്ട്. ഇതിനായി ഗ്രാമ പഞ്ചായത്തു തലത്തിൽ കുടിവെള്ള മാപ്പിംഗ് ഉൾപ്പെടെയുള്ള വിവര ശേഖരണം നടത്തണം. മഴവെള്ള സംഭരണികളും മറ്റു സംവിധാനങ്ങളും ഇതോടൊപ്പം ഉണ്ടാകേണ്ടതാണ്.

<u>വാട്ടർ അതോറിറ്റി മുഖേനയുള്ള ജലവിതരണം</u>

- ആകെ ജനസംഖ്യ – 11,08,974
- ആകെ പ്രതിദിനം ആവശ്യമായ ജലത്തിന്റെ അളവ് – 78 ദശലക്ഷം ലിറ്റർ
- ഇപ്പോൾ കുടിവെള്ളം ലഭ്യമായവർ – 3,52,423
- ഇപ്പോൾ പ്രതിദിനം ലഭ്യമായ കുടിവെള്ളം – 37 ദശലക്ഷം ലിറ്റർ
- ആകെ ജലവിതരണം ശതമാനത്തിൽ – 32 %
- മുനിസിപ്പാലിറ്റി പ്രദേശത്ത് കുടിവെള്ളം ലഭ്യമായവർ – 63,355
- പഞ്ചായത്ത് പ്രദേശത്ത് കുടിവെള്ളം ലഭ്യമായവർ – 2,89,068

<u>ജലവിതരണം വീടുകളിൽ/കെട്ടിടങ്ങളിൽ</u>

- കുടിവെള്ളം ലഭിക്കുന്ന വീടുകൾ/കെട്ടിടങ്ങൾ – 29,494
- ഗാർഹിക കണക്ഷനുകൾ – 27,103
- ഗാർഹികേതര കണക്ഷനുകൾ
  - മുനിസിപ്പാലിറ്റി പ്രദേശത്ത് – 1,001
  - പഞ്ചായത്ത് പ്രദേശത്ത് – 1,390
- വാട്ടർ അതോറിറ്റിയുടെ പ്രതിദിനഉത്പാദന ശേഷി – 60 ദശലക്ഷം ലിറ്റർ
- വാട്ടർ അതോറിറ്റി പ്രതിദിനം ഉത്പാദിപ്പിക്കുന്ന ജലം – 37 ദശലക്ഷം ലിറ്റർ
- വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലം – 28 ദശലക്ഷം ലിറ്റർ

ജലനിധി മുഖേന നടത്തിവരുന്ന കുടിവെള്ള പദ്ധതികളുടെ പഞ്ചായത്തുകൾ താഴെ കൊടുക്കുന്നു

1.ഇടുക്കി-കഞ്ഞിക്കുഴി
2.കൊന്നത്തടി
3.വാത്തിക്കുടി
4.അടിമാലി
5. ബൈസൺവാലി
6. ഉടുമ്പന്നൂർ
7.വണ്ണപ്പുറം
8. അറക്കുളം
9. വെള്ളിയാമറ്റം
10.ചക്കുപള്ളം
11.ഇടമലക്കുടി
12.കാന്തല്ലൂർ
13.കരുണാപുരം
14.മാങ്കുളം
15.മറയൂർ
16. വട്ടവട
17.നെടുങ്കണ്ടം
18.പാമ്പാടുംപാറ
19. രാജാക്കാട്

കേരള വാട്ടർ അതോറിറ്റി പദ്ധതികൾ ഇല്ലാത്ത പഞ്ചായത്തുകൾ

1.ഇടുക്കി-കഞ്ഞിക്കുഴി
2.വാത്തിക്കുടി
3.കൊന്നത്തടി
4.മറയൂർ
5.കാന്തല്ലൂർ
6.വട്ടവട
7.ഇടമലക്കുടി
8. മാങ്കുളം
9.ബൈസൺവാലി
10.രാജാക്കാട്
11.സേനാപതി
12.ചിന്നക്കനാൽ
13.കാമാക്ഷി
14.മരിയാപുരം
15.വെള്ളത്തൂവൽ

അവസ്ഥാ വിശകലനം

ജല അതോറിട്ടിയുടെ ചെറുതും വലുതുമായ ശുദ്ധീകരണശാലകളോടുകൂടിയ 82 പദ്ധതികൾ ജില്ലയിലുണ്ട്. എന്നാൽ ശരാശരി ഉത്പ്പാദനം ഇപ്പോൾ 37 ദശലക്ഷം ലിറ്റർ ആകുന്നു. വ്യവസായിക വാണിജ്യ ആവശ്യങ്ങൾ കൂടി പരിഗണിക്കുമ്പോൾ ഇത് കുറവാണെന്നു കാണാം.

ഇടുക്കി ജില്ലയിൽ വലുതും ചെറുതുമായ നിരവധി കുടിവെള്ള പദ്ധതികൾ വാട്ടർ അതോറിറ്റിയുടേതായി നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. ഇതു കൂടാതെ എല്ലായിടത്തും ത്രിതലപഞ്ചായത്തുകളുടെയും എം.എൽ.എ./എം.പി. പ്രാദേശിക വികസന ഫണ്ട് വിനിയോഗിച്ച് ആവിർഭവിച്ച നിരവധി ചെറുകിട കുടിവെള്ള പദ്ധതികൾ നടത്തി വരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ സ്വജലധാരാ പദ്ധതിയിൽപ്പെടുത്തിയ കുടിവെള്ള പദ്ധതികളും നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. എന്നാൽ തൊടുപുഴ താലൂക്ക് ഒഴിച്ചുള്ള കുടിവെള്ള പദ്ധതികളിൽ വേനൽക്കാലമാകുമ്പോഴേയ്ക്കും ശ്രോതസ്സുകളിൽ ജല നിരപ്പ് ക്രമാതീതമായി താഴുന്നതിനാൽ ജലദൗർലഭ്യം നേരിടാറുണ്ട്.

വാട്ടർ അതോറിറ്റിയുടെ 78 പദ്ധതികളിൽ 7 പദ്ധതികൾക്ക് ആധുനിക ശുദ്ധീകരണശാലകൾ ഉണ്ട്. ബാക്കി പദ്ധതികൾ ക്ലോറിൻ ഉപയോഗിച്ചും ഇൻഫിൽട്രേഷൻ ഗാലറി വഴിയും ജലം ശുദ്ധീകരിക്കുന്നു.

ഇടുക്കി ജില്ലയിൽ 38 പഞ്ചായത്തുകളിലും 2 മുനിസിപ്പാലിറ്റികളിലും വാട്ടർ അതോറിറ്റി ജലവിതരണം നടത്തുന്നുണ്ട്. ആയതിന്റെ വിശദമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ആകെ ആവശ്യമായ ജലത്തിന്റെ അളവ്	പ്രതിദിനം 78 ദശലക്ഷം ലിറ്റർ
കേരളവാട്ടർ അതോറിറ്റിയുടെ ഇപ്പോഴത്തെ ഉല്പാദന ശേഷി	60 ദശലക്ഷം ലിറ്റർ
കേരള ജല അതോറിറ്റി വിതരണം നല്കുന്ന ജലം	പ്രതിദിനം 42 ദശലക്ഷം ലിറ്റർ
ഇപ്പോൾ കുടിവെള്ളം ലഭ്യമായ ജനങ്ങൾ	3,52,423
ആകെ ജല വിതരണം ശതമാനത്തിൽ	32 %
മുൻസിപ്പാലിറ്റി പ്രവശ്യയിൽ	63,355
പഞ്ചായത്ത് പ്രവിശ്യയിൽ	2,89,068
ഇപ്പോൾ കുടിവെള്ളം നൽകുന്ന വീടുകൾ/കെട്ടിടങ്ങൾ	30804

സ്രോതസ്സുകളിലേയും വിതരണം ചെയ്യുന്ന ജലത്തിന്റെയും ഗുണമേന്മ തിട്ടപ്പെടുത്തുവാൻ വാട്ടർ അതോറിറ്റിയുടെ ഇടുക്കി ജില്ലയിലെ ലാബോറട്ടറിയിലെ അസിസ്റ്റന്റ് എൻജിനീയർ എല്ലാ മാസവും മുൻകൂട്ടി തയ്യാറാക്കിയ ക്രിയാ പദ്ധതി പ്രകാരമുള്ള പദ്ധതികളുടെ 50 ജല സാമ്പിളുകളുടെ ശേഖരണം നടത്തുന്നു. ഇടുക്കി ജില്ലയിലെ ജല അതോറിറ്റിയുടെ സ്കീമുകൾ ആശ്രയിക്കുന്ന പെരിയാർ, മൂവാറ്റുപുഴ, പാമ്പാർ എന്നീ നദികളിലേയും കുളങ്ങളിലേയും അരുവികളിലേയും സാമ്പിളുകൾ ഇത്തരത്തിൽ പരീക്ഷണങ്ങൾക്ക് വിധേയമാക്കുന്നു. ഇവ പീന്നീട് ജില്ലാതല ലാബിൽ ടെസ്റ്റ്ചെയ്ത് ഫലം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ യഥാസമയം അറിയിക്കുന്നു. ഇതിനു പുറമെ ഇടുക്കി ജില്ലാ ലാബ്, ഇടുക്കി സബ്ഡിവിഷൻ ലാബ്, തൊടുപുഴ സബ്ഡിവിഷൻ ലാബ് എന്നിവിടങ്ങളിൽ ദേശീയ ഗ്രാമീണ ശുദ്ധജലപദ്ധതി പ്രകാരമുള്ള 750 ജല സാമ്പിളുകൾ ടെസ്റ്റ് ചെയ്ത് പരീക്ഷണഫലം

യഥാസമയം ക്രേന്ദ്ര ഗവൺമെന്റിന്റെ കുടിവെള്ള ശുചിത്വ മന്ത്രാലയത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നു.

1. തദ്ദേശസ്വയംഭരണ ഡെപ്പോസിറ്റ്

ഇടുക്കി ജില്ലയിൽ ഇപ്പോൾ നടന്നുവരുന്ന തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ മൊത്തം ഡിപ്പോസിറ്റ് തുകയിൽ ഉൾപ്പെടുത്തി പ്രവർത്തികളിൽ പൈപ്പ്ലൈൻ നീട്ടൽ, പൈപ്പ് ലൈൻ മാറ്റൽ, കുടിവെള്ള പുനരുദ്ധാരണപദ്ധതി എന്നിവക്കായി ഭരണാനുമതി ലഭിച്ച 88.584 ലക്ഷം രൂപയുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു.

2. കേന്ദ്രാവിഷ്കൃത പദ്ധതി

ഇടുക്കി ജില്ലയിൽ ഇപ്പോൾ നടന്നുവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തിയ 2 പ്രവർത്തികളിൽ ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കൽ പൈപ്പ്ലൈൻ നീട്ടൽ, പൈപ്പ് ലൈൻ മാറ്റൽ, കുടിവെള്ള പുനരുദ്ധാരണപദ്ധതി എന്നിവക്കായി ഭരണാനുമതി ലഭിച്ച 1700 ലക്ഷം രൂപയുടെ പ്രവർത്തി തീരുമ്പോൾ 39076 പേർക്ക് പ്രയോജനം ലഭിക്കുന്നതാണ്.

3. സംസ്ഥാനാവിഷ്കൃത പദ്ധതികൾ

ഇടുക്കി ജില്ലയിൽ ഇപ്പോൾ നടന്നുവരുന്ന 2014 മുതൽ 2018 വരെ അനുമതി ലഭിച്ച സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവർത്തികളിൽ പൈപ്പ്ലൈൻ നീട്ടൽ, പൈപ്പ് ലൈൻ മാറ്റൽ, കുടിവെള്ള പുനരുദ്ധാരണ പദ്ധതി എന്നിവക്കായി ഭരണാനുമതി ലഭിച്ച 1617.687 ലക്ഷം രൂപയുടെ പ്രവർത്തി തീരുമ്പോൾ 60000 പേർക്ക് പ്രയോജനം ലഭിക്കുന്നതാണ്.

കുടിവെള്ളത്തിന്റെ ഗുണനിലാവരം

ഇടുക്കി ജില്ലയിലെ ലബോറട്ടറിയിലെ അസിസ്റ്റന്റ് എഞ്ചിനീയർ എല്ലാ മാസവും മുൻകൂട്ടി തയ്യാറാക്കിയ ക്രിയാപദ്ധതി പ്രകാരമുള്ള ജല അതോറിറ്റിയുടെ പദ്ധതികളുടെ ജലസാമ്പിളുകളുടെ ശേഖരണം നടത്തുന്നു. ഇവ പിന്നീട് ജില്ലാതല ലാബിൽ ടെസ്റ്റു ചെയ്ത് ഫലം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ യഥാസമയം അറിയിക്കുന്നു. ഇതിനുപുറമെ ഇടുക്കി ജില്ലാ ലാബ്, ഇടുക്കി സബ്ഡിവിഷൻ ലാബ്, തൊടുപുഴ സബ്ഡിവിഷൻ ലാബ് എന്നിവിടങ്ങളിൽ ദേശീയ ഗ്രാമീണ ശുദ്ധജലപദ്ധതി പ്രകാരമുള്ള 250 ജല സാമ്പിളുകൾ വീതം ടെസ്റ്റുചെയ്ത് പരീക്ഷണഫലം യഥാസമയം കേന്ദ്ര ഗവൺമെന്റിന്റെ കുടിവെള്ള ശുചിത്വ മന്ത്രാലയത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നുണ്ട്.

ഇതുവഴി ഗ്രാമീണ മേഖലയിൽനിന്നുള്ള 750 സാമ്പിളുകൾ എല്ലാ മാസവും ജില്ലാ ലാബ്, സബ് ഡിവിഷൻ ലാബ് ഇടുക്കി, സബ്ഡിവിഷൻ ലാബ് തൊടുപുഴ എന്നിവിടങ്ങളിലായി ടെസ്റ്റ് ചെയ്ത് വരുന്നു.

ഇടുക്കി ജില്ലയിലെ ജല തോറിറ്റിയുടെ സ്കീമുകൾ ആശ്രയിക്കുന്ന പെരിയാർ, മൂവാറ്റുപുഴ, പാമ്പാർ എന്നീ നദികളിലെ സാമ്പിളുകൾ ഇത്തരത്തിൽ പരീക്ഷണങ്ങൾക്ക് വിധേയമാക്കുന്നുണ്ട്.

പെരിയാർ നദിയിൽ 2011 മുതൽ 2017 വരെയുള്ള ജല സാമ്പിളുകളുടെ പരിശോധനാഫലം പ്രകാരമുള്ള വിശകലനത്തിൽ നിന്നുള്ള നിരീക്ഷണം താഴെ പറയുന്ന പ്രകാരം കൊടുത്തിരിക്കുന്നു.

Name of River :Pambar River

Sl.No.	Sample collecting year	No.of sample collected	No.of samples out of permissible limit				
			Turbidity	PH	Fe(Iron)	Tc(Total Coliform)	Fc(Fecal Coliform)
1	2012	24	18	0	0	22	21
2	2013	24	20	5	0	24	24
3	2014	24	14	1	1	24	24
4	2015	24	19	10	3	24	24
5	2016	24	21	2	2	24	23
6	2017	24	21	8	6	24	17

Name of River: Muvattupuzha River

Sl.No.	Sample collecting year	No.of sample collected	No.of samples out of permissible limit				
			Turbidity	PH	Fe(Iron)	Tc(Total Coliform)	Fc(Fecal Coliform)
1	2012	36	24	0	0	30	26
2	2013	36	30	7	0	36	36
3	2014	36	16	2	10	36	36
4	2015	36	11	2	0	36	36
5	2016	36	8	13	0	36	35
6	2017	36	22	7	0	36	29

Name of River :Periyar River

Sl.No.	Sample collecting year	No.of sample collected	No.of samples out of permissible limit				
			Tc(Total Coliform)	Fc(Fecal Coliform)	Fe	Tc	Fc
1	2012	60	42	0	0	57	40
2	2013	60	41	7	0	60	60
3	2014	60	38	1	5	60	60
4	2015	60	38	6	3	60	60
5	2016	60	30	9	0	60	57
6	2017	60	51	14	6	60	41

ദേശീയ ഗ്രാമീണ ശുദ്ധ ജല പദ്ധതി പ്രകാരമുള്ള പരീക്ഷണ ഫലം

നമ്പർ	വർഷം	സൂക്ഷ്മ രോഗാണുക്കളുടെ സാന്നിദ്ധ്യം		രാസ മാലിന്യങ്ങളുടെ സാന്നിദ്ധ്യം	
		ആകെ ടെസ്റ്റ് ചെയ്ത കുടിവെള്ള ഉറവിടങ്ങളുടെ എണ്ണം	മലിനപ്പെട്ടവയുടെ എണ്ണം	ആകെ ടെസ്റ്റ് ചെയ്ത കുടിവെള്ള ഉറവിടങ്ങളുടെ എണ്ണം	മലിനപ്പെട്ടവയുടെ എണ്ണം
1	2011	145	128	145	0
2	2012	2353	1948	2353	282
3	2013	4078	3872	4078	237
4	2014	4680	4318	4680	239
5	2015	7704	7565	7704	147
6	2016	8298	8067	8298	234
7	2017	9002	8319	9002	152

ഈ ഡാറ്റയിൽ നിന്നും നമ്മുടെ കുടിവെള്ള സ്രോതസ്സ് എത്രമാത്രം മലിനപ്പെടുന്നു എന്നു കാണാവുന്നതാണ്. ഇന്ത്യൻ സ്റ്റാൻഡേർഡ് 10500-(2012) പ്രകാരം കുടിവെള്ളത്തിൽ കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം ഒട്ടും തന്നെ ഉണ്ടാക്കാൻ പാടില്ല. കുടിവെള്ളത്തിന്റെ ശുദ്ധീകരണ പ്രക്രിയയുടെ പ്രാധാന്യം ഇതിൽ നിന്നും കാണാവുന്നതാണ്.

തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പാക്കിയ കുടിവെള്ള പദ്ധതികൾ

ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് 2013 ൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിവിധ ഫണ്ടുകളുപയോഗിച്ചു നിർമ്മിച്ച ജല വിതരണ പദ്ധതികളെ കുറിച്ചു നടത്തിയ പഠനത്തിൽ കണ്ടത്തിയ വിവരങ്ങളാണ് ചുവടെ ചേർത്തിരിക്കുന്നത്. ഏറ്റവും പുതിയ വിവരങ്ങൾ ലഭ്യമല്ല.

ജലവിതരണ ശൃംഖല ഉള്ള പദ്ധതികൾ - 1672

ജലവിതരണ ശൃംഖല ഇല്ലാത്ത പദ്ധതികൾ - 706

ജല സ്രോതസ്സ് തിരിച്ചുള്ള വിവരങ്ങൾ

ക്രമ നമ്പർ	ജല സ്രോതസ്സ്	ജലവിതരണ ശൃംഖല ഉള്ളത്	ജലവിതരണ ശൃംഖല ഇല്ലാത്തത്	ആകെ
1	കിണർ	206	157	363
2	കുഴൽ കിണർ	315	152	467
3	കുളം	910	264	1174
4	നദി	40	11	51
5	മഴ കൊയ്ത്ത്	5	5	10
6	മറ്റ് സ്രോതസ്സുകൾ	196	117	313
	ആകെ	1672	706	2378

ക്രമനമ്പർ	പ്രോജക്റ്റ് കോസ്റ്റ് ലഭിച്ചത്	പ്രോജക്റ്റ് കോസ്റ്റ് ലഭിക്കാത്തത്	ആകെ പ്രോജക്റ്റ് കോസ്റ്റ്
1	2335	43	64,75,60,840

ക്രമനമ്പർ	പ്രവർത്തിക്കുന്നത്	പ്രവർത്തിക്കാത്തത്	കമ്മീഷൻ ചെയ്യാത്തത്	ആകെ
1	1718	456	204	2378

ഈ പദ്ധതികളിൽ 1718 എണ്ണം മാത്രമേ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളു. ഈ പദ്ധതികളിൽ 660 എണ്ണം നിലവിൽ പ്രവർത്തിക്കുന്നില്ല. പ്രവർത്തനം ഉള്ളവയുടെ ഇംപ്ലിമെന്റിംഗ് ഏജൻസി സംബന്ധിച്ച വിവരങ്ങളും പ്രവർത്തനം ഇല്ലാത്തതിന്റെ കാരണങ്ങളും താഴെ കൊടുത്തിരിക്കുന്നു

ഇപ്ലിമെന്റിംഗ് ഏജൻസി	ത.സ്വ.ഭ. സ്ഥാപനങ്ങൾ	ഗുണഭോക്തൃ കമ്മറ്റി	ആകെ
എണ്ണം	265	1453	1718

<u>പ്രവർത്തനം ഇല്ലാത്തതിന്റെ കാരണങ്ങൾ</u>

പൂർത്തിയാക്കാത്തത്	–	127
പണി ആരംഭിക്കാത്തത്	–	6
മെയ്ന്റനൻസ് ആവശ്യമായതിനാൽ	–	283
ആവശ്യത്തിനു വെള്ളം ഇല്ലാത്തതിനാൽ	–	134
വൈദ്യുതി ലഭിക്കാത്തതിനാൽ	–	22
മറ്റു കാരണങ്ങൾ	–	88
ആകെ	–	660

പ്രവർത്തിക്കുന്നവയുടെ സ്രോതസ്സ് തിരിച്ചുള്ള വിവരങ്ങൾ

ക്രമ നമ്പർ	ജല സ്രോതസ്സ്	എണ്ണം
1	കിണർ	263
2	കുഴൽ കിണർ	322
3	കുളം	885
4	നദി	40
5	മഴ കൊയ്ത്ത്	7
6	മറ്റ് സ്രോതസ്സുകൾ	200
	ആകെ	1718

പ്രവർത്തിക്കുന്ന 1718 ജല വിതരണ പദ്ധതികളിൽ 1612 പദ്ധതികൾ വിതരണ ശൃംഖലയുള്ളതാണ്. ഇതിൽ 1526 എണ്ണം കുടിവെള്ള പദ്ധതികളും 86 എണ്ണം ജലസേചനപദ്ധതികളുമാണ്. ഇവയിൽ 1354 എണ്ണത്തിന് സ്റ്റോറേജ് ടാങ്കുകളും, 818 എണ്ണത്തിന് ഇലക്ട്രിക് മോട്ടോർ പമ്പ് സെറ്റും, 228 എണ്ണത്തിന് ഡീസൽ മോട്ടോർ പമ്പ് സെറ്റുകളുമാണുള്ളത്. ഇവയുടെ ആകെ സ്റ്റോറേജ് കപ്പാസിറ്റി 2,17,43,000 ലിറ്ററാണ്. ഇവയുടെ മെയ്ൻ പൈപ്പ് ലൈനിന്റെ ശരാശരി നീളം 1360 മീറ്ററും സപ്ലൈ പൈപ്പ് ലൈനിന്റെ ശരാശരി നീളം 1378 മീറ്ററുമാണ്. ഇതിൽ 356 എണ്ണത്തിന് സ്ഥിരം ഓപ്പറേറ്റർമാരും 588 എണ്ണത്തിന് താത്കാലിക ഓപ്പറേറ്റർമാരുമുണ്ട്. 668 എണ്ണത്തിന് ഓപ്പറേറ്റർമാരില്ല.

ജല ലഭ്യത

ഈ 1612 പദ്ധതികളിൽ 868 എണ്ണത്തിൽ മാർച്ച് - മെയ് സമയത്തും 6 എണ്ണത്തിൽ ജൂൺ - ഓഗസ്റ്റ് സമയത്തും 12 എണ്ണത്തിൽ സെപ്തംബർ - നവംബർ സമയത്തും 262 എണ്ണത്തിൽ ഡിസംബർ - ഫെബ്രുവരി സമയത്തും മതിയായ ജലലഭ്യതയില്ല. എല്ലാ മാസത്തിലും ആവശ്യത്തിനു ജലലഭ്യതയുള്ള 744 പദ്ധതികൾ (46%) മാത്രമാണുള്ളത്.

ഗുണഭോക്താക്കൾ ഇനം തിരിച്ച്

ഗുണഭോക്താക്കൾ	ഡൊമസ്റ്റിക്	സർക്കാർ സ്ഥാപനങ്ങൾ	സ്വകാര്യ സ്ഥാപനങ്ങൾ	പൊതു ടാപ്പ്	മറ്റുള്ളവ
എണ്ണം	71714	204	855	2107	579

ഗുണ നിലവാരം

ഈ 1612 പദ്ധതികളിൽ 920 എണ്ണത്തിൽ ഗുണ നിലവാരമുള്ള ജലവും (57%) 685 എണ്ണത്തിൽ ശരാശരി നിലവാരമുള്ള ജലവും (42%) 7 എണ്ണത്തിൽ മലിന ജലവുമാണുള്ളത്.

പ്രശ്നങ്ങൾ, വെല്ലുവിളികൾ

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന പല പദ്ധതികളിലും വേണ്ടത്ര മുന്നൊരുക്കങ്ങളോ പഠനങ്ങളോ ഇല്ലാതെയാണ് പദ്ധതികൾ നടപ്പാക്കുന്നത്. അതുകൊണ്ട് പ്രധാനമായും താഴെപ്പറയുന്ന പ്രശ്നങ്ങൾ കണ്ടു വരുന്നു.

1. ജല ലഭ്യത സംബന്ധിച്ച് വേണ്ടത്ര പഠനം നടത്താതെ ജലസ്രോതസ്സ് തിരഞ്ഞെടുക്കുന്നു.
2. ഗുണഭോക്താക്കളുടെ എണ്ണം സംബന്ധിച്ച് കൃത്യമായ കണക്കുകൾ മുൻകൂട്ടി ശേഖരിക്കാതെ പദ്ധതി ആസൂത്രണം ചെയ്യുന്നു.
3. പദ്ധതിയ്ക്കാവശ്യമായത്ര ഫണ്ട് നീക്കി വയ്ക്കാതെ ഫണ്ടുലഭ്യത മാത്രം നോക്കി പദ്ധതിയുടെ വലിപ്പം നിശ്ചയിക്കുന്നു.
4. വാർഡുതല വീതംവയ്പുകൾ മൂലം അത്യാവശ്യമുള്ളയിടങ്ങളിൽ ആവശ്യത്തിനു ഫണ്ടു ലഭിക്കാത്തപ്പോൾ തന്നെ ആവശ്യമില്ലാത്ത പലയിടങ്ങളിലും പുതിയ പദ്ധതികൾ നടപ്പാക്കുന്നു.
5. പദ്ധതികളുടെ വാർഷിക മെയ്ന്റനൻസിനു പണം നീക്കി വയ്ക്കുന്നില്ല.
6. പദ്ധതിയ്ക്കാവശ്യമായത്ര ഫണ്ട് ഇല്ലാത്തതിനാൽ പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ എല്ലാ ഘടകങ്ങളും ചേർക്കുന്നില്ല. ഇതിനാൽ പദ്ധതി ഒരിക്കലും ലക്ഷ്യം കൈവരിക്കുന്നില്ല.
7. പദ്ധതി ഗുണഭോക്തൃ സമിതിയെ ഏല്പിച്ചു കഴിഞ്ഞാൽ പിന്നെ യാതൊരു വിധ ഫോളോഅപ്പുകളും നടക്കുന്നില്ല. അതിനാൽ പലപ്പോഴും ഗുണഭോക്തൃ

സമിതിയ്ക്കുള്ളിൽ നടക്കുന്ന ചെറിയ സൗന്ദര്യപ്പിണക്കങ്ങൾ പോലും പദ്ധതിയുടെ നടത്തിപ്പിനെ ബാധിക്കുന്നു.

ഇത്തരം പ്രശ്നങ്ങൾ മുൻകൂട്ടി കണ്ട് വേണ്ടത്ര ആസൂത്രണം പദ്ധതി നിർവ്വഹണത്തിലും നടത്തിപ്പിലും ഉണ്ടാവണം.

8. ഹൈറേഞ്ച് മേഖലകളിൽ വൈദ്യുതിയുടെ വോൾട്ടേജ് കുറവായതും ഏറ്റക്കുറച്ചിലും കാരണം പമ്പ് സെറ്റുകൾ കേടാവുകയും കൂടുതൽ മെയിന്റനൻസ് വേണ്ടി വരുകയും ചെയ്യുന്നു. പമ്പിംഗ് തടസ്സം നേരിടുന്നതിനാൽ കുടിവെള്ള വിതരണം ഇടയ്ക്കിടയ്ക്ക് തടസ്സപ്പെടുന്നു.

9.പഴയ പൈപ്പ് ലൈനുകൾ റോഡിനടിയിൽ പോയതു മൂലം അവ നന്നാക്കുന്നതിനുള്ള ബുദ്ധിമുട്ടുകളും പുതിയവ സ്ഥാപിക്കുന്നതിനുവേണ്ടി റോഡ് മുറിക്കുന്നതിനുള്ള അനുമതിയുടെ കാല താമസവും ജല വിതരണത്തെ ബാധിക്കുന്നുണ്ട്.

10. വെള്ളത്തിന്റെ മോഷണവും ദുരുപയോഗവും കണ്ടുപിടിക്കുന്നതിനുള്ള വിഷമതകളും മെയിന്റനൻസ് കോൺട്രാക്ടർമാരുടെ കുറവും മറ്റു ചില പ്രശ്നങ്ങൾ ആണ്.

11. റവന്യു കുടിശ്ശിക നിവാരണം കണക്ഷനുകൾ മുഴുവനും കമ്പ്യൂട്ടർ വൽക്കരിച്ച ഊർജ്ജിത ബില്ലിംഗ് സംവിധാനം.

പരിഹാര നിർദ്ദേശങ്ങൾ

1. ഗവൺമെന്റ് തലത്തിൽ കെ.എസ്.ഇ.ബിയുമായി സംസാരിച്ച് വോൾട്ടേജ് പ്രശ്നങ്ങൾക്കുള്ള ശാശ്വത പരിഹാരം കാണേണ്ടതുണ്ട്.
2. അത്യാവശ്യ ഘട്ടങ്ങളിൽ അടിയന്തിരമായി റോഡ് മുറിക്കുന്നതിനുള്ള അനുമതിക്കായി ഉന്നത കേന്ദ്രങ്ങളിൽ നിന്നുള്ള ഇടപെടൽ ആവശ്യമാണ്.
3. അടിയന്തര ഘട്ടങ്ങളിൽ മണ്ണ് കുഴിക്കുന്നത് പോലുള്ള പണികൾ പഞ്ചായത്തുകളുടെ സഹായത്തോടെ തൊഴിലുറപ്പ് പദ്ധതി പോലുള്ള പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നത് നന്നായിരിക്കും.
4. റവന്യു കുടിശ്ശിക മേളകൾ യഥാസമയം നടത്തുകയും പിരിച്ചെടുക്കുകയും വേണം.

പൊതു നിർദ്ദേശങ്ങൾ

ആവശ്യത്തിന് പുഴകളിൽ കുടിവെള്ളം സംഭരിക്കുന്നതിനുവേണ്ടി സ്ഥിരമായ തടയണകൾ സ്ഥാപിക്കേണ്ടതാണ്. കൂടാതെ നിലവിലുള്ള തടയണകളുടെ പുനരുദ്ധാരണ പ്രവൃത്തിയും ചെയ്യേണ്ടിയിരിക്കുന്നു.

എ) താഴെ പറയുന്ന പദ്ധതികളിൽ സ്ഥിരമായ തടയണകൾ സ്ഥാപിക്കേണ്ടതാണ്.

1. പശുപ്പാറ കുടിവെള്ള പദ്ധതി
2. മുളങ്കുന്ന് കുടിവെള്ള പദ്ധതി
3.പുളിയൻമല കുടിവെള്ള പദ്ധതി
4.വണ്ടൻമേട് കുടിവെള്ള പദ്ധതി

ബി) വണ്ടിപ്പെരിയാർ കുടിവെള്ള പദ്ധതിയിൽ നിലവിലുള്ള തടയണ പുനരുദ്ധരിച്ച് നവീകരിക്കേതാണ്.

നഗരങ്ങളിലെ ഹോട്ടലുകളിലും ആശുപത്രികളിലും ലോഡ്ജുകളിലും മറ്റും പൊതുവിതരണത്തിലൂടെ ലഭിക്കുന്ന ശുദ്ധജലത്തിന്റെ ഉപയോഗം കുടിക്കുന്നതിനും പാചകത്തിനും മാത്രമായി പരിമിതപ്പെടുത്തുകയും മറ്റ് ആവശ്യങ്ങൾക്ക് വേണ്ടിവരുന്ന

വെള്ളം അതത് സ്ഥാപനങ്ങൾ കണ്ടെത്തുകയും ചെയ്യുന്നു. ഇത് കർശനമായി നിഷ്കർഷിക്കുക.

ജലവിതരണ ശൃംഖലയിലെ കേടുപാടുകൾ ഉടൻ നന്നാക്കുന്നതിന് പ്രാദേശികമായി ജനപങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഉള്ള സംവിധാനം ഉണ്ടാക്കുക.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. കൂടാതെ പുതിയ റോഡുകളോ പുതിയ പദ്ധതികളോ ആവിഷികരിക്കുമ്പോഴും നിലവിലുള്ള റോഡുകൾ വീതി കൂട്ടുമ്പോഴും വാട്ടർ അതോറിറ്റിക്ക് പൈപ്പുലൈൻ സ്ഥാപിക്കേണ്ടുന്നതിനു വേണ്ട സ്ഥലം കൂടി പരിഗണിക്കേണ്ടതാണ്. (ഉദാഹരണം ഇപ്പോൾ ഫുട്പാത്തും ഡ്രെയിനും കൊടുക്കുന്നതുപോലെ)
2. ഇപ്പോൾ ചെയ്യുന്ന പദ്ധതികളിൽ കുടിവെള്ള വിതരണ പൈപ്പുകൾ സ്ഥാപിക്കുമ്പോൾ പിബ്ല്യൂഡിക്ക് ഡെപ്പോസിറ്റ് ചെയ്യാതെ ആ റോഡിന്റെ പുനരുദ്ധാരണം കൂടി ജലഅതോറിറ്റിക്ക് അനുവദിക്കാവുന്നതാകുന്നു. വർക്കിന്റെ ഗുണനിലവാരം പി.ഡബ്ല്യു.ഡിയ്ക്ക് സൂപ്പർവൈസ് ചെയ്യുന്നതിനും അതിന്റെ സൂപ്പർവൈസറി ചാർജ്ജ് പി.ഡബ്ല്യു.ഡിയ്ക്ക് അടയ്ക്കാവുന്നതുമായാൽ പൈപ്പ് ലൈൻ സ്ഥാപിച്ച് പുനരുദ്ധാരണവും കഴിഞ്ഞ് പി.ഡബ്ല്യു.ഡിയ്ക്ക് കൈമാറാവുന്നതാണ്
3. സാധ്യതയുള്ള സ്ഥലങ്ങളിൽ ചെക്ക് ഡാമുകളും തടയണകളും നിർമ്മിക്കുക.
4. വന നശീകരണം തടയാനുള്ള നടപടികൾ സ്വീകരിക്കുക.
5. പൂർത്തീകരിയ്ക്കാതെ കിടക്കുന്ന വൻകിട കുടിവെള്ള പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
6. വളരെ പഴക്കമുള്ള പൈപ്പുകൾ മാറ്റി ഗുണമേന്മയുള്ള പൈപ്പുകൾ സ്ഥാപിയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുക.
7. പ്രോജക്ടുകൾക്ക് എത്രയും വേഗം ഭരണാനുമതി ലഭിക്കണം.
8. വലിയ വർക്കുകൾ കാലതാമസം കൂടാതെ ടി എസ് ലഭിക്കുകയും ടെണ്ടർ ചെയ്യുകയും വേണം.
9. നിയമനിർമ്മാണം നടത്തി ജലനിയമം കർശനമാക്കുക.
10; പദ്ധതികൾ സ്വയം പര്യാപത്ത (വരവ്-ചിലവ്) വരുത്തണം.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

നദിജലത്തിന്റെ ശോഷണവും മലിനീകരണവുമാണ് നാം നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾ. വർദ്ധിച്ചുകൊണ്ടിരിക്കുന്ന ജനസാന്ദ്രതമൂലം പുഴയുടെ ഗതിയിലുടനീളം മാലിന്യങ്ങൾ നിക്ഷേപിക്കപ്പെടാൻ ഇടയാകുന്നു. ഗാർഹികമാലിന്യങ്ങൾ, നഗരജന്യമാലിന്യങ്ങൾ, കൃഷിക്കുപയോഗിക്കുന്ന രാസവളങ്ങൾ, കീടനാശിനികൾ, വ്യവസായമാലിന്യങ്ങൾ തുടങ്ങിയവ മൂലം ഈ നദികൾ ഇന്ന് ഗുരുതരമായി മലിനീകരിക്കപ്പെടുന്നുണ്ട്. നദികളെ വീണ്ടും ആരോഗ്യത്തിലേക്ക് തിരിച്ചുകൊണ്ടുവരുന്നതിന് ആവിഷ്കരിക്കേണ്ട കാര്യങ്ങൾ താഴെ കൊടുക്കുന്നു.

1. ഇടിഞ്ഞുപോയതും ബലക്ഷയമുള്ളതുമായ തീരങ്ങൾ കെട്ടി ബലപ്പെടുത്തുക
2. പുഴയുടേയും അനുബന്ധ തോടുകളുടേയും പലയിടത്തായി നിറഞ്ഞിരിക്കുന്ന ചെളിയും മറ്റുകാടുകളും നീക്കം ചെയ്യുക.

3. പ്രസ്തുത നദികളിലും അനുബന്ധതോടുകളിലും അനുയോജ്യസ്ഥലങ്ങൾ കണ്ടെത്തി തടയണ നിർമ്മിക്കുക.
4. മാലിന്യങ്ങൾ യഥാകാലം നീക്കം ചെയ്യുക.
5. പുഴയിലെ കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുക. പുഴയിലേക്ക് മാലിന്യങ്ങൾ നിക്ഷേപിക്കുന്നവർക്ക് കനത്ത പിഴ ഈടാക്കുക.
6. ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ഓരോ 200 മീറ്ററിലും സൂചനാ ബോർഡുകൾ സ്ഥാപിക്കൽ
7. നദീതീരത്തുള്ള കോളനികളിൽ നിന്നും പുഴയിലേക്ക് മാലിന്യം വലിച്ചെറിയാതിരിക്കുവാൻ ആവശ്യ സ്ഥലങ്ങളിൽ മൂന്നു മീറ്റർ പൊക്കത്തിൽ വയർമെഷ് കൊണ്ടുള്ള വേലികൾ സ്ഥാപിക്കുക.
8. പ്രധാന നദീതീരങ്ങൾ സൗന്ദര്യവൽക്കരിക്കുക
9. ജലത്തിന്റെ ഉപയോഗം ക്രമീകരിക്കുക. മെയിന്റനൻസ് കാര്യക്ഷമമാക്കുക
10. പമ്പിംഗിന് പ്രാദേശികമായി നിർദ്ദിഷ്ട യോഗ്യതയുള്ളവരെ നിയമിക്കുക
11. മെയിന്റനൻസ് കാര്യക്ഷമമാക്കുക
12. ഫ്ളോമീറ്ററുകൾ സ്ഥാപിക്കുക.
13. ജല ദുരുപയോഗം തടയുക
14. വാർഡ് അടിസ്ഥാനത്തിൽ കുടിവെള്ള കമ്മിറ്റികൾ രൂപീകരിക്കുക.

15.. സ്വകാര്യവ്യക്തികൾക്ക് കുളങ്ങളും കിണറുകളും നികത്തുന്നതിന് അനുമതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മുൻകൂട്ടി വാങ്ങിക്കേണ്ടതും ഇപ്ര കാരമുള്ള അനുമതി ബന്ധപ്പെട്ടവർ നിഷ്കർഷയോടെ മാത്രം നൽകേണ്ടതുമാ ണ്.

16. പുതിയ കുഴൽകിണറുകൾക്ക് അനുമതി നൽകുന്നത് ലിമിറ്റു ചെയ്യുകയും ഗ്രൗണ്ട് വാട്ടർ അതോറിറ്റി പഞ്ചായത്തു തലത്തിൽ നിരീക്ഷിക്കുകയും വേണം.

17. ജലവിതരണ ശൃംഖലയുടെ മാപ്പുണ്ടാക്കുന്നതിനു വേണ്ട സഹായങ്ങൾ ജില്ലാ പഞ്ചായത്ത് ജല അതോറിറ്റിയുമായി ചേർന്ന് നിർവ്വഹിക്കണം. ജില്ലയിലെ ശുദ്ധജല വിതരണ ശൃംഖലയുടെ മാപ്പ് തയ്യാറാക്കി എല്ലാ ജല അതോറിറ്റി ഓഫീ സുകളിലും സ്വയംഭരണ സ്ഥാപനങ്ങളിലും സൂക്ഷിക്കുക.

18 നിലവിലുണ്ടായിരുന്ന തോടുകളും നീർച്ചാലുകളും കയ്യേറ്റങ്ങൾ കണ്ടുപിടിച്ച് ഒഴി വാക്കി പുനർ സൃഷ്ടിക്കണം. തോടുകളുടെ വീതി പല സ്ഥലങ്ങളിലും കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെടുത്താൻ ഗ്രാമ/ മുനിസിപ്പാലിറ്റികളുടെ സഹകരണം ആവശ്യമാണ്.

19. ജലവിതരണ ശൃംഖലയിലെ കേടുപാടുകൾ ഉടൻ നന്നാക്കുന്നതിന് പ്രാദേശിക മായി ജനപങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സഹകരണ ത്തോടെ ഉള്ള സംവിധാനം ഉണ്ടാക്കുക.
20. പുഴകളിലെ മണൽവാരൽ കർശനമായി നിയന്ത്രിക്കുക.

21. കിണർ റീച്ചാർജിംഗ്, മഴക്കുഴി നിർമ്മാണം, മഴക്കൊയ്ത്ത്, വീടിന്റെ മുറ്റവും

പരിസരവും കോൺക്രീറ്റ്/ ടൈലിഗ് ചെയ്യുന്നത് നിരുത്സാഹപ്പെടുത്തുക

22. വെള്ളത്തിന്റെ അമിത ഉപയോഗവും ദുരുപയോഗവും നിരുത്സാഹപ്പെടുത്തുക. ഇതിനായി ബോധവത്കണം നടത്തുക.
23 ജല ശ്രോതസ്സുകളുടെ മലിനീകരണം തടയുക.

ദേശീയ ഗ്രാമീണ ശുദ്ധജല പദ്ധതി പ്രകാരമുള്ള പരിക്ഷണ ഫലം

നമ്പർ	വർഷം	സൂക്ഷ്മ രോഗാണുക്കളുടെ സാന്നിദ്ധ്യം		രാസ മാലിന്യങ്ങളുടെ സാന്നിദ്ധ്യം	
		ആകെ ടെസ്റ്റ് ചെയ്ത കുടിവെള്ള ഉറവിടങ്ങളുടെ എണ്ണം	മലിനപ്പെട്ടവയുടെ എണ്ണം	ആകെ ടെസ്റ്റു ചെയ്ത കുടിവള്ള ഉറവിടങ്ങളുടെ എണ്ണം	മലിനപ്പെട്ടവയുടെ എണ്ണം
1	2011	145	128	145	0
2	2012	2353	1948	2353	282
3	2013	4078	3872	4078	237
4	2014	4680	4318	4680	239
5	2015	7704	7565	7704	147
6	2016	8298	8067	8298	234
7	2017	9002	8319	9002	152

വികസന കാഴ്ചപ്പാട്

1. ശുദ്ധമായ കുടിവെള്ളം എല്ലാ ദിവസവും 24 മണിക്കൂറും ജനങ്ങളിലേക്ക് എത്തിക്കുക എന്നതാണ് വാട്ടർ അതോറിറ്റിയുടെ ലക്ഷ്യം.
2. ആളോഹരി ജലവിതരണത്തിന്റെ അളവ് 70 എൽ.പി.സി.ഡി. ആക്കാൻ പദ്ധതികൾ നവീകരിക്കുക.
3. ജലത്തിന്റെ ദുരുപയോഗം നിയന്ത്രിക്കുക.
4. പ്രാദേശികമായ കുടിവെള്ള പദ്ധതികൾ പ്രോത്സാഹിപ്പിക്കുക.

രണ്ടോ മൂന്നോ വർഷം കൊണ്ട് പൂർത്തിയാക്കാവുന്ന പദ്ധതികൾ/ പണികൾ ഇടവെട്ടി, മണക്കാട്, കുമളി

നിലവിൽ തുടങ്ങി വച്ച മേജർ കുടിവെള്ള പദ്ധതികളും പൂർത്തിയാക്കുക, നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പദ്ധതികളുടെ പുനരുദ്ധാരണം നടത്തുക, സംസ്ഥാന പദ്ധതി വഴി പൈപ്പുലൈനുകൾ ദീർഘിപ്പിക്കുകയും ഉള്ളവയുടെ വ്യാസം വലുതാക്കുകയും ചെയ്യുകയും ചെയ്യുന്നുണ്ട്. മെയിന്റനൻസ് വഴി സമയബന്ധിതമായി

പഴയ പമ്പുസെറ്റുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നു. സ്രോതസ്സുകളിൽ തടയണകളുടെ സാധ്യമായ സ്ഥലത്ത് സ്ഥിരം പണിയും നടത്തുന്നു. പമ്പു ഹൗസുകൾ നവീകരിക്കുന്നു. കപ്പാസിറ്ററുകൾ സ്ഥാപിച്ചും ഊർജ്ജനഷ്ടം കുറയ്ക്കുന്നു. ലൈനുകളിൽ ഫ്ളോ മീറ്ററുകൾ സ്ഥാപിക്കുന്നു.

ദീർഘമായ നടപടികൾ

1. സാധ്യമായ എല്ലാ വീടുകളിലും മഴവെള്ളസംഭരണി, കിണർ റീ ചാർജ്ജ് യൂണിറ്റുകൾ സ്ഥാപിക്കുക. ഭൂമിയുടെ ജലവിതരണം കൂട്ടുക.
2. പഞ്ചായത്തിന്റെ സഹകരണത്തോടെ പൈപ്പ് വാട്ടർ സപ്ലൈയുടെ കുടിവെള്ള ദുരുപയോഗം നിയന്ത്രിക്കുക.
3. ഉയർന്ന പ്രദേശങ്ങളിൽ വേനൽക്കാലത്ത് പൈപ്പുവെള്ളം എത്താത്തിടത്ത് ടാങ്കർ ലോറി വഴി കുടിവെള്ളമെത്തിക്കാൻ വാട്ടർ അതോറിറ്റിയിൽ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുക.
4. കുടിവെള്ളത്തിന്റെ നഷ്ടം നിയന്ത്രിക്കുന്നതിനും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ഓരോ പഞ്ചായത്തിനും സ്ഥിരം സംവിധാനം ഏർപ്പെടുത്തുക
5. ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.
6. കുളങ്ങളും തോടുകളും കെട്ടി സംരക്ഷിക്കുക.
7. കുടിവെള്ളത്തിനായി വീടുകളിൽ ഉപയോഗിക്കുന്ന കിണറുകളിലെ വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുക.
8. ജില്ലാ റോഡുകൾ വരെയെങ്കിലും സർവ്വീസ് ലൈനുകൾ സ്ഥാപിക്കുന്നതിന് പ്രത്യേകം സർവ്വീസ് ഡക്ടുകൾ നിർമ്മിക്കുക.
9. പമ്പുഹൗസുകൾ നവീകരിക്കുക
10. പഴകിയ മോട്ടോറുകൾ മാറ്റി സ്ഥാപിക്കുക
11. ഭൂജല സംരക്ഷണത്തിന്റെ ഭാഗമായി അടിയണകൾ, തടയണകൾ തുടങ്ങിയവ നിർമ്മിക്കുക.

4.2.3. ശുചിത്വം

ഇടുക്കിയുടെ മണ്ണും ജലവും അന്തരീക്ഷവും എല്ലാ ജീവജാലങ്ങൾക്കും ആരോഗ്യത്തോടെ ജീവിയ്ക്കാൻ അനുഗുണമായ രീതിയിൽ സംരക്ഷിയ്ക്കേണ്ടതുണ്ട്. എന്നാൽ മണ്ണിലലിഞ്ഞു ചേർന്ന് മണ്ണിനെ ജിവസ്സുറ്റതാക്കി മാറ്റേണ്ട ജൈവ വസ്തുക്കളും പ്ലാസ്റ്റിക്കുൾപ്പെടെയുള്ള അജൈവ വസ്തുക്കളും എല്ലാം കൂടിക്കലർന്ന് നമ്മുടെ പരിസ്ഥിതിയെ മലീമസമാക്കുന്ന അവസ്ഥയാണിന്നുള്ളത്. ഇതിന് അടിയന്തിരവും ശാശ്വതവുമായ പരിഹാരം കാണേണ്ടതുണ്ട്. മറ്റു ജില്ലകളുമായി താരതമ്യപ്പെടുത്തുമ്പോൾ കുറവാണെങ്കിലും നാമും അഭിമുഖീകരിയ്ക്കാൻ പോകുന്ന വലിയൊരു പ്രശ്നമാണ് മലിനീകരണം. ജില്ലയിലെ മാലിന്യപ്രശ്നം നല്ല നിലയിൽ കൈകാര്യം ചെയ്യുന്നതിന് ബഹുമുഖമായ ഒട്ടേറെ ഘടകങ്ങൾ സമന്വയിപ്പിക്കേണ്ടതുണ്ട്. അതുപോലെ പ്രധാനപ്പെട്ടതാണ് ജനങ്ങളുടെ ജീവിതശൈലിയിലും ശീലങ്ങളിലുമുണ്ടാവേണ്ട ഗുണപരമായ മാറ്റങ്ങൾ. ഗാർഹിക തലം മുതൽ സ്ഥാപന തലം വരെ എത്തേണ്ട ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനമുൾപ്പെടെയുള്ള പല നടപടികളുടേയും സമഗ്രമായ സമ്മേളനത്തിലൂടെ മാത്രമേ ഇതു സാധ്യമാകൂ.

ജില്ലയിൽ ഗാർഹിക തലത്തിൽ നിലവിലുള്ള അവസ്ഥയെ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ താഴെ കൊടുത്തിരിക്കുന്നു.

മലിനജല സംസ്കരണം

ക്രമ നം	ഇനം	കുടുംബങ്ങളുടെ എണ്ണം	%
1	പാഴ് ജലക്കുഴി	71254	31
2	സീവേജ് പൈപ്പ്	15810	7
3	മരങ്ങളുടെ തടം	58466	25
4	കൃഷി ഉപയോഗം	45077	19
5	പുറത്തേക്കു ഒഴുകുന്നു	36796	16
6	വിവരം ലഭ്യമല്ലാത്തത്	5726	2
ആകെ		233129	100



ബയോമെഡിക്കൽ വേസ്റ്റ്

ആശുപത്രികൾ, നഴ്സിംഗ് ഹോമുകൾ, ക്ലിനിക്കുകൾ, മെഡിക്കൽ ലാബുകൾ തുടങ്ങിയവയിൽ ഉണ്ടാകുന്ന രോഗങ്ങൾ പരത്താൻ ഇടയുള്ള മാലിന്യങ്ങളെയാണ് ഈ ഗണത്തിൽ പെടുത്തുന്നത്. ഉപയോഗിച്ച ബാന്റേജ്, പഞ്ഞി, സൂചി, ഗ്ലൗസുകൾ, മെഡിക്കൽ ഉപകരണങ്ങൾ, രക്തം, ശരീരാവശിഷ്ടങ്ങൾ തുടങ്ങിയവയെല്ലാം ബയോമെഡിക്കൽ വേസ്റ്റാണ്. ഇവയിൽ റീസൈക്ലിംഗ് സാധ്യമായവ ഇല്ല എന്ന് തന്നെ പറയാം. ആയതിനാൽ സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസികൾ മുഖേന ശാസ്ത്രീയമായി ഇൻസിനറേറ്റ് ചെയ്യുക മാത്രമാണ് ഏക പോംവഴി, പാലക്കാട് സ്ഥിതി ചെയ്യുന്ന ഇമേജ് മാത്രമാണ് കേരളത്തിൽ ഇൻസിനറേഷൻ മാനദണ്ഡങ്ങൾ പാലിച്ച് ബയോമെഡിക്കൽ വേസ്റ്റ് സംസ്കരിക്കുന്ന ഏജൻസി. ജില്ലയിലെ എല്ലാ ബയോമെഡിക്കൽ വേസ്റ്റ് സൃഷ്ടിക്കപ്പെടുന്ന സ്ഥാപനങ്ങളും ബയോമെഡിക്കൽ വേസ്റ്റ് ഇമേജിന് കൈമാറേണ്ടതാണ്.

ജല മലിനീകരണം

അശാസ്ത്രീയ മാലിന്യ പരിപാലനം ജല സ്രോതസ്സുകളുടെ മലിനീകരണത്തിന്റെ ഒരു പ്രധാന കാരണമാണ്. സംസ്ഥാന സാക്ഷരതാ മിഷന്റെ പരിസ്ഥിതി സാക്ഷരതാ റിപ്പോർട്ട് പ്രകാരം ജില്ലയിലെ പഠന വിധേയമാക്കിയ 301 ജല സ്രോതസ്സുകളിൽ 14 ശതമാനം പൂർണ്ണമായും 52 ശതമാനം ഭാഗികമായും മലിനീകരിക്കപ്പെട്ടതായി കണ്ടെത്താനായിട്ടുണ്ട്. ജലസ്രോതസ്സുകളുടെ മലിനീകരണത്തിന്റെ പ്രധാന കാരണം ഖരമാലിന്യമാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു. മലിനീകരിക്കപ്പെട്ട ജലാശയങ്ങളിൽ 60 ശതമാനവും ഖരമാലിന്യമാണ്. 22 ശതമാനം ഗാർഹിക മാലിന്യവും 13 ശതമാനം ദ്രവമാലിന്യവും 5 ശതമാനം കയ്യേറ്റത്താലും മലിനപ്പെട്ടതായി പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നു. ഹോട്ടൽ മാലിന്യങ്ങൾ 40 ശതമാനം, ചപ്പുചവറുകൾ 30.5 ശതമാനം, പ്ലാസ്റ്റിക്ക് കുപ്പികൾ 20 ശതമാനം, മറ്റ് മാലിന്യങ്ങൾ 90 ശതമാനവുമാണ്.

ജില്ലയിലെ ജല സ്രോതസ്സുകളുടെ സ്ഥിതി	
പഠനവിധേയമാക്കിയ ജല സ്രോതസ്സുകൾ	301
പൂർണ്ണമായും മലിനം	13.95 ശതമാനം
ഭാഗികമായി മലിനം	52 ശതമാനം
മലിനമല്ലാത്തത്	33.85 ശതമാനം

മലിനീകരണ കാരണങ്ങൾ	
ഖരമാലിന്യം	60.50 ശതമാനം
ദ്രവമാലിന്യം	13 ശതമാനം
ഗാർഹിക മാലിന്യം	22 ശതമാനം
കയ്യേറ്റം	.05 ശതമാനം



ജില്ലയിലെ മാർക്കറ്റുകളിൽ ഉണ്ടാകുന്ന മാലിന്യം സംസ്കരിക്കുന്നതിന് നിലവിൽ മതിയായ സംവിധാനം ഇല്ലാത്തതും മലിനീകരണത്തിന്റെ തോത് കൂട്ടുന്നു. പ്രധാന ടൂറിസം ജില്ലകളിലൊന്നായ ഇടുക്കിയിൽ ടൂറിസവുമായി ബന്ധപ്പെട്ട് കൂണുകൾ പോലെ മുളച്ച് പൊന്തുന്ന ഹോംസ്റ്റേ, ഹോട്ടൽ, റിസോർട്ട്, ബിസിനസ്സുകളും ടൂറിസ്റ്റുകളും ഡിസ്പോസിബിൾ ഉൾപ്പെടെയുള്ള വലിയ മാലിന്യക്കുമ്പാരം അവശേഷിപ്പിക്കുന്നു. ഇത്തരം ബഹു ഭൂരിപക്ഷം സ്ഥാപനങ്ങളും ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. ദിനംപ്രതിയുണ്ടാകുന്ന മാലിന്യം സമീപത്തുള്ള വനമേഖലയിലോ പാതയോരങ്ങളിലോ പുറംതള്ളുന്നു.

<u>അന്തരീക്ഷ മലിനീകരണം</u>

മാലിന്യ സംസ്കരണത്തിലെ അപാകതകളും ജൈവ-അജൈവ വസ്തുക്കൾ കൂട്ടിയിട്ടു കത്തിക്കലും വായു മലിനീകരണത്തിന്റെ തോത് കൂട്ടുന്നു. തൽഫലമായി വായുവിലെ വിഷവാതകങ്ങളുടെ അളവ് അപകടകരമായ വിധത്തിൽ കൂടുന്നു ഇടുക്കി ജില്ലയിൽ തൊടുപുഴയാണ് ആമ്പിയന്റ് എയർ മോണിട്ടറിംഗ് കേന്ദ്രമായി തിരഞ്ഞെടുത്തു പൊല്യൂഷൻ കൺട്രോൾ ബോർഡ് പഠനങ്ങൾ നടത്തിവരുന്നത്.

വികസന പരിപ്രേക്ഷ്യം

ഇടുക്കി ജില്ല പോലെ ഗ്രാമീണ മേഖല അധികമുള്ള ഒരു ജില്ലയ്ക്ക് മാലിന്യമിപ്പോഴും മറ്റു ജില്ലകളെ അപേക്ഷിച്ച് ഒരു വലിയ പ്രശ്നമായിട്ടില്ല. എങ്കിലും അജൈവ മാലിന്യങ്ങളുടെ അശാസ്ത്രീയമായ സംസ്കരണവും ഉപഭോഗ സംസ്കാരത്തിലുണ്ടായ മാറ്റവും യൂസ് ആൻഡ് ത്രോ സംസ്കാരത്തോടുള്ള അഭിനിവേശവും ഇടുക്കി ജില്ലയിലും അതിന്റെ മുഖമുദ്ര പതിപ്പിച്ച് കഴിഞ്ഞു. ഇതിന്റെ ഫലമായി നമ്മുടെ ജില്ലയിലും മാലിന്യ പ്രശ്നങ്ങൾ തലപൊക്കി തുടങ്ങി. നഗരമായി വളർന്നുകൊണ്ടിരിക്കുന്ന പല ഗ്രാമങ്ങളും വിനോദസഞ്ചാര മേഖലകളുടെ ആധിക്യവും ടൂറിസം രംഗത്തെ കുതിച്ച് ചാട്ടവും ഉപഭോഗ സംസ്കാരത്തിലുണ്ടായ വലിയ മാറ്റവും മാലിന്യ സംസ്കരണ രംഗത്ത് ഒരു പുതിയ നയത്തിന് ആവശ്യകത സൃഷ്ടിച്ചിരിക്കുന്നു. കേരളീയരായ നാം വ്യക്തിശുചിത്വത്തിന് ഏറെ പ്രാധാന്യം നല്കുന്നവരാണ്. വ്യക്തി ശുചിത്വത്തോടൊപ്പം ഗൃഹശുചിത്വവും ആയികഴിഞ്ഞാൽ ശുചിത്വം പൂർത്തിയായി എന്ന് വിശ്വസിക്കുന്നവരാണ് നാം. വ്യക്തി ശുചിത്വത്തിനും ഗൃഹ ശുചിത്വത്തിനും അപ്പുറം പരിസര ശുചിത്വവും നാം കുടിക്കുന്ന ജലവും ശ്വസിക്കുന്ന വായുവും കഴിക്കുന്ന ഭക്ഷണവും ശുദ്ധമായിരിക്കണം എന്നുള്ള കാഴ്ചപ്പാടിലേയ്ക്ക് നാം ഇനിയും മാറേണ്ടിയിരിക്കുന്നു. റെഡ്യൂസ്, റീയൂസ്, റിസൈക്കിൾ പോളിസികൾ പ്രാബല്യത്തിൽ വന്നെങ്കിൽ മാത്രമേ മാലിന്യം നിയന്ത്രണ വിധേയമാക്കാൻ സാധിക്കുകയുള്ളു. എല്ലാ വിഭാഗം ജനങ്ങളിലും ശുചിത്വ മനോഭാവം വളർത്തുക, മാലിന്യങ്ങളെ ഉറവിടത്തിൽ തന്നെ തരംതിരിച്ച് സാധ്യമായവയെ പുനചംക്രമണത്തിന് വിധേയമാക്കുവാനുള്ള രീതികൾ അവലംബിച്ച് പുനചംക്രമണം സാധ്യമല്ലാത്തവയെ സംസ്കരണ വിധേയമാക്കുക എന്നതായിരിക്കണം നമ്മുടെ പുതിയ മാലിന്യ പരിപാലന നയം. പരിസര ശുചിത്വം മറ്റാരുടെയൊക്കെയോ ഉത്തരവാദിത്തമാണെന്ന ചിന്ത മാറ്റി " എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം" എന്ന ചിന്തയിൽ തുടങ്ങണം മാലിന്യ സംസ്കരണത്തിന്റെ അടിത്തറ. വലിച്ചെറിയുന്ന മനോഭാവം മാറിയാൽ മാത്രമേ ഏതൊരു മാലിന്യ സംസ്കരണ പദ്ധതിയും ലക്ഷ്യപ്രാപ്തിയിൽ എത്തുകയുള്ളു. കേരള സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായ ഹരിതകേരളം മിഷന്റെ ഉപമിഷനുകളായ ശുചിത്വമാലിന്യ സംസ്കരണം, ജല സംരക്ഷണം സുസ്ഥിര കൃഷി വികസനം എന്നിവയുടെ പ്രവർത്തനം ജില്ലാതലത്തിൽ വിജയപ്രദമായി നടപ്പിലാക്കുക എന്നതാണ് ഇതിനുള്ള പ്രതിവിധി. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തത്തിലും പൊതുജന പങ്കാളിത്തത്തിലുമൂന്നിയുള്ള ഉത്തരവാദിത്ത മാലിന്യ സംസ്കരണ രീതിയാണ് ജില്ലയിൽ നാം ലക്ഷ്യമിടുന്നത് മാലിന്യം വിപത്തല്ല വിഭവമാണെന്ന് മനസ്സിലുറപ്പിച്ച് കൂട്ടായി പ്രവർത്തിക്കുന്നതിലൂടെ ഇടുക്കിയുടെ ഹരിതാഭയും ജലസമൃദ്ധിയും, പ്രകൃതി വിഭവങ്ങളും വരും തലമുറയ്ക്കായി കാത്തു സൂക്ഷിക്കാനാവും.

ഉപയോഗ ശൂന്യമായ ഇലക്ട്രോണിക് മാലിന്യങ്ങളെ ശാസ്ത്രീയമായി സംസ്കരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഉപയോഗശൂന്യമായ ഇലക്ട്രോണിക്

വസ്തുക്കൾ ആരോഗ്യത്തിന് ഹാനികരമായ മെർക്കുറി, ആഴ്സനിക്ക് തുടങ്ങിയ രാസവസ്തുക്കളെ പുറം തള്ളുന്നുണ്ട്. ഇവയുടെ അലക്ഷ്യമായ കൈകാര്യം ചെയ്യലും വലിച്ചെറിയലും രൂക്ഷമായ ആരോഗ്യ പ്രശ്നങ്ങൾക്ക് വഴിയൊരുക്കുന്നു. എങ്കിലും ഇപ്പോഴും ഭൂരിഭാഗം ആളുകളും ഇത്തരം രീതിയാണ് പിൻതുടരുന്നത്. എന്നാൽ ഇത്തരം മാലിന്യങ്ങൾ സംസ്കരിക്കുന്ന പ്ലാന്റുകൾ അപകടകാരികളും അന്തരീക്ഷ മലിനീകരണം ഉൾപ്പെടെയുള്ള പ്രശ്നകാരികളുമായതിനാൽ ജില്ലയിൽ അവയുടെ ആവശ്യമില്ല. പകരം ഒരു സുസ്ഥിരമായ കളക്ഷൻ സംവിധാനത്തിലൂടെ (MCF/RRF) ഇത്തരം മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണ പ്ലാന്റുകൾക്ക് കൈമാറിയാൽ മതിയാവും. നമ്മുടെ ജില്ലയിൽ ഇത്തരമൊരു ശേഖരണ കൈമാറ്റ സംവിധാനം ഉണ്ടാകേണ്ടിയിരിക്കുന്നു. സംസ്ഥാന സർക്കാരിന്റെ തദ്ദേശസ്വയംഭരണ വകുപ്പ് സർക്കാർ ഉത്തരവ് (സാധാ) നം 117/16 തീയതി 07.03.2017 പ്രകാരം ഇലക്ട്രോണിക് മാലിന്യങ്ങൾ സംസ്കരിക്കാൻ ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഹരിതകർമ്മ സേന സംവിധാനം ഉപയോഗിച്ച് ഗാർഹികതലത്തിൽ നിന്നും ശേഖരിക്കുന്ന ഇത്തരം മാലിന്യങ്ങൾ MCF/RRF കൾ വഴി ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നതിന് അതാത് തദ്ദേശ സ്വയം ഭരണ വകുപ്പ് സ്ഥാപനങ്ങൾ ക്ലീൻ കേരള കമ്പനിയുമായി കരാറിലേർപ്പെടേണ്ടതുണ്ട്.

മാർക്കറ്റുകൾ, പൊതുസ്ഥലങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ മാലിന്യ സംസ്കരണത്തിന് പൊതു സംസ്ക്കരണ കേന്ദ്രങ്ങൾ ഒരുക്കുകയും ശാസ്ത്രീയവും കുറ്റമറ്റതുമായ രീതിയിൽ പരിപാലനം നടത്തേണ്ടതുമുണ്ട്. കമ്മ്യൂണിറ്റി-തല ജൈവ മാലിന്യ സംസ്കരണത്തിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ആലപ്പുഴ മോഡൽ തുമ്പൂർമൂഴി മോഡൽ കൂടുതൽ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്. കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകളെ അപേക്ഷിച്ചു പ്രവർത്തനവും മേൽനോട്ടവും എളുപ്പമായ മാതൃകയാണിത് എന്ന സവിശേഷതയും ഉണ്ട്.

ശാസ്ത്രീയ അറവു ശാലകളുടെ അപര്യാപ്തതയും സെപ്റ്റേജ് മാലിന്യസംസ്ക്കരണ കേന്ദ്രമില്ലാത്തതും ജില്ലയുടെ വലിയ പോരായ്മയാണ്. ജില്ലയിൽ പൂർത്തിയാകാതെ അവശേഷിക്കുന്ന ആധുനിക അറവുശാലകളുടെ പണി ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതിനൊപ്പം ആവശ്യമെങ്കിൽ കൂടുതൽ നിർമ്മിക്കാനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തേണ്ടതാണ്. സെപ്റ്റേജ് മാലിന്യ സംസ്കരണ കേന്ദ്രം ഉണ്ടാവേണ്ടതും ജില്ലാതല ലക്ഷ്യങ്ങളിൽപ്പെടുന്നു.

വിനോദസഞ്ചാരമേഖലകളിലെ ശുചിത്വസൗകര്യങ്ങളുടെ അപര്യാപ്തത വിനോദസഞ്ചാരമേഖലയുടെ പ്രതിച്ഛായയ്ക്ക് മങ്ങലേൽപ്പിക്കുന്നുണ്ട്. പ്രകൃതി സൗഹൃദ ടൂറിസത്തിനു ഊന്നൽ നൽകി മതിയായ ശുചിത്വ സംവിധാനങ്ങൾ ഒരുക്കുന്നതിനൊപ്പം മാലിന്യങ്ങൾ വലിച്ചെറിഞ്ഞു പ്രകൃതിയെ മലിനമാക്കുന്നതിനും ജന്തുജാലങ്ങളെ ദോഷമായി ബാധിക്കുന്നതിനുമെതിരേ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തേണ്ടതുണ്ട്.

മലിനീകരണ നിയന്ത്രണ നിയമങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി സ്ഥാപിക്കപ്പെട്ട ഭരണകൂട അധികാര കേന്ദ്രമാണ് മലിനീകരണ നിയന്ത്രണ ബോർഡ്. മലിനീകരണ നിയന്ത്രണ നിയമങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മലിനീകരണമുക്തമാക്കുന്നതിന് ബോർഡ് പ്രതിജ്ഞാബദ്ധമാണ്. വിവിധ പരിസ്ഥിതി നിയമങ്ങളായ ജല മലിനീകരണ നിയന്ത്രണവും നിവാരണവും നിയമം 1974, വായു മലിനീകരണ നിയന്ത്രണവും നിയമം 1981, ഖരമാലിന്യ സംസ്കരണ നിയമം -2016, പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് നിയമം 2016, ഇ-വെയ്സ്റ്റ് മാനേജ്മെന്റ് നിയമം, ബാറ്ററി മാനേജ്മെന്റ് നിയമം എന്നിവ നടപ്പിലാക്കി സംസ്ഥാനത്തെ മലനീകരണമുക്തമാക്കുന്നതിന് ബോർഡ് ഊർജ്ജസ്വലമായി പ്രവർത്തിച്ചുവരുന്നു.

ഇടുക്കി ജില്ലാ മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഓഫീസിന്റെ കീഴിൽ 2350 ഓളം സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. മലിനീകരണ തോതനുസരിച്ച് ടി സ്ഥാപനങ്ങളെ ചുവപ്പ്, ഓറഞ്ച്, വെള്ള എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. മലിനീകരണ സാധ്യതയുള്ള എല്ലാ സ്ഥാപനങ്ങളും ബോർഡിൽ നിന്ന് പ്രവർത്തനാനുമതി കരസ്ഥമാക്കി മാത്രം പ്രവർത്തിക്കേണ്ടതുണ്ട്. ബോർഡിൽ നിന്ന് നടത്തിയ പരിശോധനയിൽ ചില സ്ഥാപനങ്ങൾ അനുമതിപത്രം കരസ്ഥമാക്കാതെ പ്രവർത്തിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെടുകയും, ടി സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ജലമലിനീകരണ നിയന്ത്രണ നിയമപ്രകാരം സംസ്ഥാനത്തെ നദികളുടെ മലിനീകരണം തടയുന്നതിനും ഇല്ലാതാക്കുന്നതിനും സമഗ്ര പരിപാടികൾ ആസൂത്രണം ചെയ്യുന്നതിന്റെ ഭാഗമായി എല്ലാ മാസവും ജില്ലാ ഓഫീസിൽ നിന്നും ജില്ലയുടെ വിവിധ താലൂക്കുകളിൽ നിന്നും സാമ്പിൾ ശേഖരിക്കുകയും പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. പരിശോധനയിൽ കാണുന്ന പോരായ്മകൾ അതാത് പഞ്ചായത്തുകളെ അറിയിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്യാറുണ്ട്. ചെറുതോ വലുതോ ആയി മലിനജലം ഉത്പാദിപ്പിക്കാൻ സാധ്യതയുള്ള സ്ഥാപനങ്ങളിൽ കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തി സാമ്പിൾ ശേഖരിച്ച് പരിശോധിച്ച് നടപടികൾ സ്വീകരിക്കാറുണ്ട്.

<u>വായു മലിനീകരണ നിയന്ത്രണവും നിയമം</u>-നടപ്പിലാക്കുന്നതിന്റെ ഭാഗമായി വായു ഗുണനിലവാരം പരിശോധിച്ച് വരുന്നുണ്ട്. ഇതിനായി ഇടുക്കി ജില്ലാ ഓഫീസിൽ തന്നെ ഒരു സ്റ്റേഷൻ സ്ഥാപിച്ചിട്ടുണ്ട്.

<u>ഹസാർഡസ് വെയ്സ്റ്റ് മാനേജ്മെന്റ് നിയമം</u> (മാനേജ്മെന്റ്, ഹാൻഡിലിംഗ്, ട്രാൻസ്ബൗണ്ടറി മൂവ്മെന്റ്)- നടപ്പിലാക്കുന്നതിന്റെ ഭാഗമായി ടി നിയമം അനുശാസിക്കുന്ന പ്രകാരം ഹസാർഡസ് വെയിസ്റ്റ് നിർമ്മാർജ്ജനം ചെയ്യുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കും പഞ്ചായത്തുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഓട്ടോമൊബൈൽ സർവ്വീസ് സെന്ററുകളിൽ നിന്നുള്ള ഉപയോഗ ശേഷമുള്ള ഓയിൽ ഹസാർഡസ് വെയ്സ്റ്റ് മാനേജ്മെന്റ് നിയമപ്രകാരം നിർമ്മാർജ്ജനം ചെയ്യുന്നതിനായി ടി സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയും അവ കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് ഉറപ്പുവരുത്തുകയും ചെയ്യാറുണ്ട്.

ബയോമെഡിക്കൽ വെയ്സ്റ്റ് മാനേജ്മെന്റ് റൂൾ-നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആശുപത്രിമാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യേണ്ട രീതി ആശുപത്രികൾ, ലാബുകൾ, ഡെന്റൽ ക്ലിനിക്കുകൾ എന്നിവയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ബോർഡിന്റെ അനുമതിയില്ലാതെ ജില്ലയിൽ പ്രവർത്തിച്ചു വരുന്ന എല്ലാ ഹെൽത്ത്കെയർ സ്ഥാപനങ്ങളെയും ബോർഡിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ബാറ്ററി മാനേജ്മെന്റ് റൂൾ-ടി നിയമം നടപ്പിലാക്കുന്നതിനായി ഉപയോഗശേഷം വരുന്ന ബാറ്ററികൾ ടി നിയമം അനുശാസിക്കുന്ന പ്രകാരം നിർമ്മാർജ്ജനം ചെയ്യുന്നതിനായി ബാറ്ററിയുടെ മൊത്ത ഉപഭോക്താക്കൾക്ക് നിർദ്ദേശം നൽകുകയും പഞ്ചായത്തുകളെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ഖരമാലിന്യ നിയമം 2016- ടി നിയമം പ്രകാരം പ്രാദേശിക ഭരണകൂടങ്ങൾ അതാത് സ്ഥലങ്ങളിൽ നിന്നുള്ള ഖരമാലിന്യങ്ങൾ ശേഖരിക്കുന്നതിനും, വേർതിരിക്കുന്നതിനും വേണ്ട സംവിധാനങ്ങൾ ഒരുക്കേണ്ടതാണ്. ഖരമാലിന്യങ്ങൾ വേർതിരിച്ച് ശേഖരിക്കുന്നതിനും ശേഖരിച്ച ഖരമാലിന്യങ്ങൾ വേർതിരിക്കുന്നതിനുള്ള മെറ്റീരിയൽ റിക്കവറി സൗകര്യങ്ങൾ സ്ഥാപിച്ച് ജൈവമാലിന്യങ്ങളും, അജൈവമാലിന്യങ്ങളും തരംതിരിച്ച് ഖരമാലിന്യ നിയമം 2016 അനുശാസിക്കുന്ന പ്രകാരം നിർമ്മാർജ്ജനം ചെയ്യുന്നതിന് പഞ്ചായത്തുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഹരിത കേരള മിഷന്റെ ഭാഗമായി, 2016-ൽ പരിഷ്കരിച്ച പരസ്ഥിതി സംരക്ഷണ നിയമങ്ങളായ സോളിഡ് വെയ്സ്റ്റ് മാനേജ്മെന്റ് നിയമം 2016, പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് നിയമം 2016, ഇ-വെയ്സ്റ്റ് മാനേജ്മെന്റെ നിയമം എന്നിവ നടപ്പിലാക്കിയതിന്റെ പുരോഗതി വിലയിരുത്തുന്നതിന് പഞ്ചായത്തുകളെ ഉൾപ്പെടുത്തി ഒരു അവലോകന യോഗം നടത്തുകയും ചെയ്തിട്ടുണ്ടെന്നുള്ള വിവരവും തുടർനടപടികൾക്കായി അറിയിച്ചുകൊള്ളുന്നു.

വികസന പരിപ്രേക്ഷ്യം- മുൻഗണനകൾ

1. ഉറവിടമാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുക. മാലിന്യങ്ങൾ ഉറവിടത്തിൽ വച്ച് തന്നെ ജൈവം അജൈവം എന്നിങ്ങനെ തരംതിരിച്ചു ജൈവത്തെ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നുണ്ടെന്നും അജൈവത്തെ ശാസ്ത്രീയ സംസ്കരണത്തിനോ പുനചംക്രമണത്തിനോ ആയി കൈമാറ്റം ചെയ്യുന്നതിന് ശേഖരിക്കപ്പെടുന്നുണ്ടെന്നും ഉറപ്പാക്കുക
2. ശാസ്ത്രീയ അജൈവ മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിന് ആവശ്യമായ ശേഖരണ കൈമാറ്റ സംവിധാനങ്ങൾ ഉണ്ടാക്കുക പ്ലാസ്റ്റിക്, ഇ-വേസ്റ്റ് ഇവ ശേഖരിക്കുന്നതിനുള്ള മനുഷ്യവിഭവശേഷിയൊരുക്കുക, എം.സി.എഫ്, എം.ആർ.എഫ് ഇവയിലേക്കുള്ള മേൽപ്പറഞ്ഞ മാലിന്യങ്ങളുടെ വരവും കൈമാറ്റവും സുഗമമാക്കുക

3. ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളിലും പ്രവർത്തനക്ഷമമായ MCF കൾ ഉണ്ടെന്നു ഉറപ്പുവരുത്തുന്നതോടൊപ്പം ഇവ RRF കളുമായി ബന്ധിക്കപ്പെട്ടിരിക്കുന്നുവെന്നും കൃത്യമായ ഇടവേളകളിൽ ശേഖരിച്ചു വച്ചിരിക്കുന്ന അജൈവ വസ്തുക്കൾ പുന:ചംക്രമണത്തിനായി കൈമാറ്റം ചെയ്യപ്പെടുന്നുവെന്നും ഉറപ്പാക്കുക
4. ജില്ലയിൽ അറവുമാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണം ഉറപ്പുവരുത്തുന്നതിനാവശ്യമായ ആധുനിക അറവുശാലകൾ നിർമ്മിക്കുക അഞ്ചോ അതിലധികമോ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഉപയോഗിക്കാൻ സാധ്യമായ രീതിയിൽ അവയെ ബന്ധിപ്പിക്കുക
5. മാർക്കറ്റുകളിലും മറ്റും ആവശ്യാനുസരണം പൊതു മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കുക.
6. സെപ്റ്റേജ് ട്രീറ്റ്മെന്റ് കേന്ദ്രം സ്ഥാപിക്കുക
7. സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുക
8. തദ്ദേശ സ്ഥാപനങ്ങളിൽ കിഫ്ബി വഴി ആധുനിക ഗ്യാസ് ക്രെമറ്റോറിയങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

<u>കീഴ്ത്തട്ട് നിർദ്ദേശങ്ങൾ</u>

1. ജില്ലയിലെ എല്ലാ ടൂറിസം കേന്ദ്രങ്ങളിലും ആവശ്യാനുസരണം ടോയ്‌ലറ്റുകൾ നിർമ്മിക്കുക.

2.പ്രധാന റോഡുകളുടെ ഓരങ്ങളിൽ ടൂറിസ്റ്റുകൾക്ക് ടോയ്‌ലറ്റു സൗകര്യങ്ങളോടു കൂടിയ വിശ്രമ കേന്ദ്രങ്ങൾ നിർമ്മിക്കുക.

3. ജില്ലയിലെ ഹോട്ടലുകളിൽ ആവശ്യമായ ടോയ്‌ലറ്റു സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പു വരുത്തുക.

4. ബസ് സ്റ്റാന്റുകളിലും, മറ്റു പൊതു ഇടങ്ങളിലും ആവശ്യമായ ടോയ്‌ലറ്റു സൗകര്യങ്ങൾ നിർമ്മിക്കുക. നിലവിലുള്ളവ വൃത്തിയായി സൂക്ഷിക്കുന്നു എന്നുറപ്പു വരുത്തുക. ഇതിനായി ജനകീയ പരിശോധനാ സംവിധാനം ഏർപ്പെടുത്തുക.

5. എല്ലാ സ്കൂളുകളിലും മതിയായ സ്ത്രീ സൗഹൃദടോയ്‌ലറ്റുകൾ ഉൾപ്പെടെ ടോയ്‌ലറ്റു സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പു വരുത്തുക.

6. എല്ലാ അംഗൻവാടികളിലും മതിയായ ബാല സൗഹൃദ ടോയ്‌ലറ്റുകൾ ഉണ്ടെന്ന് ഉറപ്പു വരുത്തുക.

7. ആവശ്യമുള്ള ആദിവാസി കോളനികളിൽ വാലായ്മപ്പുരകളും, ടോയ്‌ലറ്റുകളും നിർമ്മിയ്ക്കുക.

8. എല്ലാ വീടുകളിലും സോക്കേജു പിറ്റുകൾ നിർമ്മിയ്ക്കുക.

9. തേയില/ ഏലം എസ്റ്റേറ്റുകളിൽ ലയങ്ങളോടു ചേർന്ന് എല്ലാ കുടുംബങ്ങളിലും ടോയ്‌ലറ്റുകൾ ഉണ്ടെന്ന് ഉറപ്പു വരുത്തുക.

10. എല്ലാ പഞ്ചായത്തുകളിലും മാർക്കറ്റ് മാലിന്യങ്ങൾ അനുയോജ്യമായ രീതിയിൽ സംസ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

11. ആശുപത്രി മാലിന്യങ്ങൾ ഇമേജ് മുഖാന്തരം സംസ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

12. എല്ലാ പഞ്ചായത്തുകളിലും ഹരിത കർമ്മസേന രൂപീകരിക്കുകയും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് ക്ലീൻ കേരളാ കമ്പനിക്ക് കൈമാറുക.

13. എല്ലാ പഞ്ചായത്തുകളേയും സീറോ പ്ലാസ്റ്റിക് വെയ്സ്റ്റ് പഞ്ചായത്തുകൾ ആക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

4.2.4. പാർപ്പിടം

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ പരമപ്രധാനമാണ് പാർപ്പിടം. മനുഷ്യനെ സംബന്ധിച്ചിടത്തോളം അവന്റെ സ്വപ്നങ്ങളും സങ്കൽപങ്ങളും ഒരു പാർപ്പിടത്തെ കേന്ദ്രീകരിച്ചാണ് എന്നുതന്നെ പറയാം. അവന്റെ സാമൂഹികപദവി നിശ്ചയിക്കുന്നതിൽ തന്നെ പാർപ്പിടത്തിന് വലിയ സ്ഥാനമുണ്ട്. ആദിമകാലഘട്ടത്തിൽ അലഞ്ഞു തിരിഞ്ഞു നടന്ന ജീവിവർഗ്ഗം എന്ന നിലയിൽ നിന്ന് സാമൂഹിക ജീവി എന്ന നിലയിലേക്ക് പരിവർത്തനം ചെയ്യപ്പെട്ട് കുടുംബകേന്ദ്രീകൃതമായ സാമൂഹികജീവിതം ആരംഭിച്ചപ്പോൾ മാത്രമായിരിക്കണം പാർപ്പിടം എന്ന വിഷയം അടിസ്ഥാന ആവശ്യങ്ങളിൽപെടുന്നത്. ആദ്യകാല സാമൂഹിക വ്യവസ്ഥയിലെ പ്രാഥമിക ആവശ്യം എന്ന നിലയിൽ നിന്ന് പാർപ്പിടം ഉയർന്ന തലങ്ങളിലേക്ക് ഇന്ന് മാറിയിട്ടുണ്ട്. ശാസ്ത്രം പുരോഗമിച്ചതിനും സംസ്കാരം രൂപപ്പെടുന്നതിനുമൊപ്പം മനുഷ്യന്റെ ഭവനസങ്കൽപങ്ങളും വളർന്നു വന്നിട്ടുണ്ട് എന്നതാണ് യാഥാർത്ഥ്യം. സുരക്ഷിതത്വം എന്നതിനൊപ്പം സാമൂഹിക പദവി നിശ്ചയിക്കുന്നതിലും പാർപ്പിടം സ്ഥാനം പിടിച്ചതോടെ ഭവന നിർമ്മാണ പ്രവൃത്തികളിൽ സമൂഹം ഇന്ന് വലിയ പ്രാധാന്യമാണ് കല്പിച്ചു പോരുന്നത്. മാറിയ സാഹചര്യങ്ങളിൽ ആവശ്യങ്ങളേക്കാൾ ആഡംബരങ്ങൾക്ക് പാർപ്പിട മേഖല വഴിമാറിയിട്ടുണ്ട്. കമ്പോള നിയന്ത്രിത ജീവിത ശൈലി വളരെ എളുപ്പത്തിൽ സ്വാധീനിക്കുന്ന ഒരു വിഭാഗം എന്ന നിലയിൽ മലയാളികൾക്കിടയിലെ ഭവന നിർമ്മാണചെലവുകൾ മുൻകാലത്തേക്കാളും വളരെ ഉയർന്നിട്ടുണ്ട്. കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകുമ്പോഴും ജീവിത സൂചികയിൽ മുൻപന്തിയിലായതിനാൽ മറ്റെല്ലാ മേഖലയിലും എന്നപോലെ രാജ്യത്തെ ഇതര സംസ്ഥാനങ്ങളേക്കാളും മെച്ചപ്പെട്ട ഭവനങ്ങളാണ് കേരളത്തിൽ നിർമ്മിച്ചുവരുന്നത്. നിലവിൽ ഇടത്തരക്കാരുടെ ഭവനനിർമ്മാണ സങ്കല്പങ്ങൾ പോലും വളരെ ഉയർന്നതാണെന്നതാണ് യാഥാർത്ഥ്യം. പലരുടേയും ജീവിതകാലത്തെ മുഴുവൻ അധ്വാനവും ഒരു വീടിന്റെ നിർമ്മാണത്തിനു ചെലവഴിക്കപ്പെടുന്നു എന്നു പോലും വിമർശിക്കപ്പെടുന്നുണ്ട്. ആയതുകൊണ്ട് തന്നെ പൂർവ്വികർ അനുവർത്തിച്ചിരുന്ന, ആവശ്യങ്ങൾക്ക് മുൻതൂക്കം നല്കുന്ന രീതി പ്രയോഗത്തിൽ വരുത്തണമെന്ന ചിന്ത സാധാരണക്കാരുടെ ഇടയിലേക്ക് സന്നിവേശിപ്പിക്കേണ്ടതുണ്ട്.

സംസ്ഥാനത്ത് പിന്നോക്കക്കാരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ ജനവിഭാഗം അധികമായി അധിവസിക്കുന്ന ഭൂപ്രദേശം എന്ന നിലയിൽ ഇടുക്കി ജില്ലയിലെ പാർപ്പിട മേഖല അതീവശ്രദ്ധ അർഹിക്കുന്ന വിഷയമാണ്. പട്ടികജാതിക്കാരും തനതായ ജീവിത രീതി പിന്തുടർന്നു പോരുന്ന പട്ടികവർഗ്ഗക്കാരും ജില്ലയിൽ സർക്കാരിന്റെ ഭവനനിർമ്മാണസഹായം വളരെയധികം ആവശ്യപ്പെടുന്നുണ്ട്. ഈ വിഭാഗങ്ങളും സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന ഇതര വിഭാഗക്കാരും നിലവിൽ അധിവസിക്കുന്ന പാർപ്പിടങ്ങൾ വളരെ ദുർബലവും നമ്മുടെ ജില്ലയിലെ പ്രകൃതി സവിശേഷതകൾക്കനുസൃതമല്ലാത്തതും പ്രകൃതിദുരന്തങ്ങളെ അതിജീവിക്കുവാൻ കെല്പില്ലാത്തതുമാണ്. ചുരുക്കത്തിൽ എല്ലാ വർഷവും ആവർത്തിക്കുന്ന പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കുവാൻ ശേഷിയുള്ളവയല്ല ഇവ എന്നതാണ് സത്യം.

സർക്കാർ നടപ്പാക്കുന്ന വിവിധ ഭവനപദ്ധതികളാണ് ഇവരുടെയെല്ലാം ആശ്രയം. പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കുവാൻ തക്ക ശേഷിയുള്ള സുരക്ഷിതമായ വാസഗ്രഹങ്ങൾ നിർമ്മിച്ചു നൽകുക എന്നത് ജില്ല നേരിടുന്ന വലിയ വെല്ലുവിളി തന്നെയാണ്. ജനസംഖ്യയിലുണ്ടായിട്ടുള്ള ക്രമാതീതമായ വളർച്ച ജില്ലയിലെ പാർപ്പിട പ്രശ്നങ്ങൾ രൂക്ഷമാക്കിയിട്ടുണ്ട്. ജില്ലയിലെ ജനസംഖ്യ 2011 ലെ കനേഷുമാരി കണക്കനുസരിച്ച് 1108974ഉം ആകെ കുടുംബങ്ങൾ 267208 ഉം ആണ്. 2011 ലെ സെൻസസ് പ്രകാരം 339 കുടുംബങ്ങൾ ഫുട്പാത്തുകളിൽ കഴിയുന്നതുമായി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ നിലവിൽ സുരക്ഷിത

ഭവനങ്ങളില്ലാത്തവരായി വിവിധ തദ്ദേശഭരണസ്ഥാപനങ്ങൾ കണ്ടെത്തിയിട്ടുള്ളത് അരലക്ഷത്തിനടുത്താണ് എന്നത് വിഷയത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു.

നമ്മുടെ ജില്ലയിൽ മറ്റു ജില്ലകളിൽ നിന്ന് കുടിയേറി പാർത്തവരും, തോട്ടം മേഖലയിൽ തൊഴിൽ തേടിയെത്തിയവരും ഇന്നും ദരിദ്രാവസ്ഥയിൽ തന്നെയാണ് എന്നത് വലിയൊരു സാമൂഹിക പ്രശ്നമായി കണ്ടെത്തിയിട്ടുണ്ട്.പഴയ കാല പ്രതാപങ്ങൾ അനുദിനം നഷ്ടമായിക്കൊണ്ടിരിക്കുന്ന തോട്ടം മേഖല മുൻകാലങ്ങളിലേതുപോലെ തൊഴിലാളികൾക്ക് പൂർണ്ണ ആശ്രയമാകുന്നില്ല എന്നത് ആശങ്കയുളവാക്കുന്നു. സംസ്ഥാനത്തെ ഏറ്റവും പിന്നോക്ക ജില്ലകളിൽ ഒന്നായ ഇടുക്കി പുരോഗതിയിലേക്ക് മുന്നേറണമെങ്കിൽ പാർപ്പിടപ്രശ്നങ്ങൾ പരിഹരിച്ചുമാത്രമേ സാധ്യമാകൂ. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ലൈഫ് മിഷൻ പ്രവർത്തനങ്ങൾ വരുന്ന അഞ്ച് വർഷങ്ങൾക്കുള്ളിൽ ഈ മേഖലയിലെ പ്രശ്ന പരിഹാരങ്ങൾക്കുപകരിക്കുമെന്ന പ്രതീക്ഷയാണുള്ളത്.

ജില്ലയുടെ ചരിത്രം പരിശോധിച്ചാൽ 1972 ലാണ് ഇടുക്കി ജില്ല രൂപീകൃതമാകുന്നത്. 1976 ൽ ലോക പാർപ്പിട ഉച്ചകോടി നടന്നു. അതിനെ തുടർന്ന് 1988 ലാണ് ഇന്റർനാഷണൽ ഹൗസിംഗ് സ്ട്രാറ്റജി (ആഗോളപാർപ്പിടതന്ത്രം) രൂപീകരിക്കപ്പെടുന്നത്. 1998ൽ തന്നെ ഇന്ത്യ ദേശീയപാർപ്പിടനയം പ്രഖ്യാപിച്ചു. കേരള പഞ്ചായത്ത് നിയമം 1960 കളിൽ നടപ്പിൽ വന്നു. ശ്രദ്ധേയമായ വസ്തുത ദേശീയ പാർപ്പിടനയത്തിനു മുൻപു തന്നെ കേരളം ലക്ഷംവീടുപദ്ധതി ഏറ്റെടുത്തു ദാരിദ്ര്യ വിഭാഗങ്ങളോട് അനുഭാവം പുലർത്തി മാതൃകയായി എന്നതാണ്. ഒരു ലക്ഷം വീടുകളാണ് പദ്ധതി ലക്ഷ്യമിട്ടത്. കാലാകാലങ്ങളിൽ മാറി മാറി വന്ന സർക്കാരുകൾ പദ്ധതി പുരോഗമനപരമായി പരിഷ്ക്കരിച്ചു നടപ്പാക്കാൻ ശ്രമിച്ചിട്ടുണ്ട്. കേരളത്തിലെ ഭൂപരിഷ്ക്കരണശ്രമങ്ങളും ഈ മേഖലയ്ക്ക് വലിയ സംഭാവനചെയ്തിട്ടുണ്ട് എന്നു കാണാൻ കഴിയും. ദേശീയപാർപ്പിടനയത്തിനനുസൃതമായി മറ്റു സംസ്ഥാനങ്ങൾ മുന്നേറുവാൻ പരിശ്രമിക്കുന്നുണ്ടെങ്കിലും കേരളം ഈ രംഗത്ത് ആർജ്ജിച്ചിട്ടുള്ള നേട്ടം ഇന്നും മറ്റുള്ളവർക്ക് അപ്രാപ്യമായി നിൽക്കുന്നു. ദേശീയ ഭവനപദ്ധതികൾക്കൊപ്പം തന്നെ സംസ്ഥാനം തനതു ഭവനപദ്ധതികൾ രൂപീകരിക്കുവാൻ ശ്രമിച്ചതും, ജനങ്ങളുടെ മനോഭാവവും വിജയത്തിന് കാരണമായിട്ടുണ്ട്.

20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ജില്ലയിലെ ഏലം, തേയില തോട്ടങ്ങൾ സജീവമാകുകയും ഇവിടെ തൊഴിലാളികളായി തമിഴ് കുടുംബങ്ങൾ ധാരാളമായി വന്നുചേരുകയും ചെയ്തു. എസ്റ്റേറ്റ് മാനേജ്മെന്റുകൾ ഇവരുടെ താമസത്തിനായി ലയങ്ങൾ നിർമ്മിച്ചു നൽകി. സ്വന്തമായി സ്ഥലം ഇല്ലാതിരുന്ന തൊഴിലാളി കുടുംബങ്ങൾക്ക് ഈ ലയം മാത്രമായിരുന്നു ആശ്രയം. മാനേജ്മെന്റുകൾ ലയങ്ങൾ സ്ഥിരം തൊഴിലാളികൾക്കാണ് നല്കിവരുന്നത്. കുടുംബത്തിന്റെ വലുപ്പം വർദ്ധിക്കുന്നതിനനുസരിച്ച് ഈ ലയത്തിൽ തന്നെ കഴിയേണ്ടുന്ന അവസ്ഥ ഇവർക്കിടയിൽ സംജാതമായി. ആയത് അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റപ്പെടുവാൻ ഈ കുടുംബങ്ങൾക്ക് തടസ്സമായിട്ടുണ്ട്.

കാർഷിക വിലയിടിവിൽപ്പെട്ട് കാലാന്തരത്തിൽ എസ്റ്റേറ്റുകളുടെ പ്രതാപം നഷ്ടമായ അവസരത്തിൽ എസ്റ്റേറ്റ് ലയങ്ങളുടെ സൗകര്യം വർദ്ധിപ്പിക്കുകയോ അറ്റകുറ്റപ്പണികൾ നടത്തുകയോ ചെയ്യായ്ക മൂലം ഈ ലയങ്ങളിലെ താമസം അതീവദുഷ്കരമായി മാറിയിട്ടുണ്ട്. കാലപ്പഴക്കം കൊണ്ട് ഇടിഞ്ഞുവീഴാറായ ലയങ്ങൾ എല്ലാ എസ്റ്റേറ്റുകളിലും കാണുന്നു. പ്രത്യേകിച്ചും അഴുത, ദേവികുളം ബ്ലോക്ക് പ്രദേശങ്ങളിൽ ശുചിത്വ സൗകര്യങ്ങളുടെ കുറവും ജലദൗർലഭ്യവും ഈ തൊഴിലാളി കുടുംബങ്ങൾ നേരിടുന്നു. മാനേജുമെന്റുകൾ കാര്യക്ഷമമായി ഇടപെടാത്തതിനാൽ ഈ കുടുംബങ്ങളിലെ അധികമായി വരുന്ന അന്തേവാസികളുടെ പ്രശ്നങ്ങളും പാർപ്പിടമേഖലയിൽ അഭിമുഖീകരിക്കേണ്ടതുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ മേഖലയിൽ കാര്യമായ ഇടപെടലുകൾ ബന്ധപ്പെട്ട വകുപ്പുകളും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും നടത്തിയിട്ടുണ്ടെങ്കിലും സംസ്ഥാനത്തെ ജനസംഖ്യാനുപാതത്തിൽ ഇടുക്കി ജില്ലയിൽ ഈ വിഭാഗങ്ങൾ രണ്ടാം സ്ഥാനത്താണ് എന്നതിനാൽ തന്നെ ഇവരുടെ പാർപ്പിട പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്.

ജനകീയാസൂത്രണപ്രസ്ഥാനം ആരംഭിച്ചിട്ട് രണ്ട് പതിറ്റാണ്ടുകൾ പൂർത്തിയാക്കിയ ശേഷം നവകേരള സൃഷ്ടിക്കായി സർക്കാർ പ്രഖ്യാപിച്ച മിഷനുകളിൽ പ്രധാനപ്പെട്ട ലൈഫ് മിഷൻ പദ്ധതി പ്രകാരം ഇപ്പോൾ ജില്ലയിലെ ഭവനരഹിതരുടേയും ഭൂരഹിത ഭവനരഹിതരുടെയും കണക്കെടുപ്പ് ഏറെക്കുറെ പൂർത്തീകരിച്ചിട്ടുണ്ട്. കുടുംബശ്രീയുടെ നേതൃത്തിൽ നടത്തിയ സർവ്വേ എല്ലാ കുടുംബങ്ങളേയും നേരിൽ കണ്ട് സർവ്വേ നടത്തുവാൻ പ്രത്യേകം ശ്രദ്ധിച്ചു. തുടർന്ന് ഫീൽഡു പരിശോധനയ്ക്കും ശേഷമാണ് ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും ഭരണസമിതി പരിശോധിച്ച് പ്രാഥമിക ലിസ്റ്റ് പ്രസിദ്ധീകരിച്ചത്. അപ്രകാരം ലിസ്റ്റ് പ്രസിദ്ധീകരിച്ച ശേഷം തദ്ദേശസ്ഥാപനതലത്തിലും ജില്ലാതലത്തിലും അപ്പീലുകൾ സ്വീകരിച്ച് വിശദമായ ഫീൽഡ് പരിശോധന നടത്തിയാണ് ലിസ്റ്റ് അന്തിമമാക്കിയിട്ടുള്ളത്. നിലവിൽ ജില്ലയിലെ 8 ബ്ലോക്ക് പഞ്ചായത്ത് പ്രദേശങ്ങളിലെ 52 ഗ്രാമപഞ്ചായത്തുകളിലും രണ്ട് മുനിസിപ്പാലിറ്റികളിലുമായി ഉൾപ്പെട്ട ഗുണഭോക്താക്കൾ താഴെ കാണിച്ചിട്ടുള്ള പ്രകാരമാണ്.

ക്രമ.നം	ബ്ലോക്ക്പഞ്ചായത്തിന്റെ/മുനിസിപ്പാലിറ്റിയുടെ പേര്	ഭൂരഹിതഭവനരഹിതർ	ഭവനരഹിതർ	ആകെ
1	അടിമാലി	1216	1862	3078
2	അഴുത	4989	4244	9233
3	ദേവികുളം	9804	4257	14061
4	ഇളംദേശം	1177	729	1906
5	ഇടുക്കി	560	1508	2068
6	കട്ടപ്പന	1048	2052	3100
7	നെടുങ്കണ്ടം	830	2087	2917
8	തൊടുപുഴ	820	359	1179
9	തൊടുപുഴ മുനിപ്പാലിറ്റി	637	46	683
10	കട്ടപ്പന മുനിസിപ്പാലിറ്റി	304	158	462
ആകെ		21385	17302	38687

ഇതിൽ ഗ്രാമപഞ്ചായത്തുതലത്തിൽ ഭൂരഹിത ഭവനരഹിതർ 20444 ഉം ഭൂമിയുള്ള ഭവനരഹിതർ 17098 ഉം ഉൾപ്പെടെ ആകെ 37542 പേരും നഗരസഭാതലത്തിൽ ഭൂരഹിത ഭവനരഹിതർ 941 ഉം ഭവനരഹിതർ 204 ഉം ഉൾപ്പെടെ ആകെ 1145 പേരും ഉൾപ്പെട്ടുവരുന്നു.ഇത്രയും ഗുണഭോക്താക്കൾക്ക് ഭവനവും ഭൂരഹിതർക്ക് അനുയോജ്യമായ സ്ഥലങ്ങളിൽ ഫ്ളാറ്റുകൾ നിർമ്മിച്ചു താമസസൗകര്യം ഒരുക്കുവാനുമാണ് ലൈഫ്മിഷൻ പദ്ധതി.

ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ഭൂരഹിതരെ പുനരധിവസിപ്പിക്കുന്നതിനാവശ്യമായ സ്ഥലങ്ങൾ കണ്ടെത്തുക എന്നത് ജില്ലയെ സംബന്ധിച്ചിടത്തോളം വളരെ ബുദ്ധിമുട്ട് നേരിടാൻ സാധ്യതയുള്ള ഉദ്യമമാണെന്നുവേണം വിലയിരുത്തുവാൻ മറ്റ് ജില്ലകളെ അപേക്ഷിച്ചിടത്തോളം ഇടുക്കി ജില്ലയിൽ ഭൂരഹിതരായ ഗുണഭോക്താക്കളുടെ എണ്ണം താരതമ്യേന കൂടുതലാണ് എന്നാണ് കണ്ടെത്തിയിട്ടുള്ളത്. ഇടുക്കി ജില്ലയിൽ പട്ടയം ലഭിക്കാത്ത സ്ഥലങ്ങളിലാണ് ദരിദ്രകുടുംബങ്ങൾ നിലവിൽ താൽക്കാലിക ഭവനങ്ങളിൽ കഴിയുന്നത് എന്നത് ഈ വിഷയത്തെ അതീവ സങ്കീർണ്ണമാക്കുന്നു. പല തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളും മുൻകാലങ്ങളിൽ തങ്ങളുടെ പ്രദേശങ്ങളിൽ വിപുലമായ ഭവനപദ്ധതികൾ രൂപീകരിച്ചിരുന്നു എങ്കിലും പലരുടേയും കൈവശം പട്ടയം ഇല്ലാത്ത ഭൂമിയാണ് ലഭ്യമായിട്ടുള്ളത് എന്നത് ഇത്തരം പദ്ധതികളെ പ്രതികൂലമായി ബാധിച്ചിട്ടുള്ളതിനാൽ ടി പദ്ധതികൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. പല കാലഘട്ടങ്ങളിലായി കൈവശഭൂമിയിൽ വീട് വയ്ക്കുന്ന ആവശ്യത്തിലേക്ക് മാത്രമായി കുറഞ്ഞ അളവിൽ കൈവശാവകാശം ലഭ്യമാക്കുന്നതിന് സർക്കാർ ഉത്തരവുണ്ടായെങ്കിലും അത് പ്രവൃത്തിപഥത്തിലെത്തിക്കുവാനോ കൈവശാനുഭവ സർട്ടിഫിക്കറ്റുകൾ നൽകുവാനോ കഴിഞ്ഞിട്ടില്ല.

ജില്ലയിൽ ഈ സർവ്വേയിലൂടെ കണ്ടെത്തിയിട്ടുള്ള ഭൂരഹിതഭവനരഹിതർക്ക് സർക്കാർ നിർദ്ദേശപ്രകാരം കുറഞ്ഞത് മൂന്നു സെന്റ് വീതം കണക്കാക്കിയാൽ പോലും 641.55 ഏക്കർ സ്ഥലം കണ്ടെത്തേണ്ടതായിട്ടുണ്ട്. നിലവിൽ ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകളുടെയും ഇതരവകുപ്പുകളുടെയും കൈവശത്തിലുള്ളതുമായി കണ്ടെത്തിയിട്ടുള്ളത്11.25ഏക്കർ സ്ഥലമാണ്. അത് താഴെ കാണിച്ചിട്ടുള്ള പ്രകാരമാണ്.

ക്രമ.നം	ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റിയുടെ പേര്	ബ്ലോക്ക്പഞ്ചായത്ത്	ലഭ്യമായ സ്ഥലത്തിന്റെ വിസ്തീർണ്ണം
1	അടിമാലി ഗ്രാമപഞ്ചായത്ത്	അടിമാലി	1.00 ഏക്കർ
2	വട്ടവട ഗ്രാമപഞ്ചായത്ത്	ദേവികുളം	1.75 ഏക്കർ
3	കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്	ഇളംദേശം	1.50 ഏക്കർ
4	വാത്തിക്കുടി ഗ്രാമപഞ്ചായത്ത്	ഇടുക്കി	1.50 ഏക്കർ
5	രാജാക്കാട് ഗ്രാമപഞ്ചായത്ത്	നെടുംങ്കണ്ടം	0.75 ഏക്കർ
6	കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്	കട്ടപ്പന	1.75 ഏക്കർ
7	കട്ടപ്പന മുൻസിപ്പാലിറ്റി	കട്ടപ്പന	2.00 ഏക്കർ
ആകെ			11.25ഏക്കർ

ഇതിൽ അടിമാലി, കരിമണ്ണൂർ ഗ്രാമപഞ്ചായത്തുകളിൽ ഫ്ളാറ്റ് നിർമ്മാണത്തിന് നടപടികൾ പുരോഗമിച്ചു വരുന്നു.

ഭവനരഹിതരായി കണ്ടെത്തിയിട്ടുള്ള 17302 പേർക്ക് വരുന്ന 5 വർഷത്തിനുള്ളിൽ ഭവനം നിർമ്മിച്ചുനൽകേണ്ടതുണ്ട്. ആയതിന് ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള നിരക്കുകൾ പ്രകാരം കുറഞ്ഞത് 692.08 കോടി രൂപ തദ്ദേശഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കണ്ടെത്തേണ്ടതുണ്ട്. ഇടുക്കി ജില്ലയിലെ പല ഗ്രാമപഞ്ചായത്തുകളും പിന്നോക്കസാമ്പത്തികസ്ഥിതിയിലായതിനാലും തനതുവരുമാന സ്രോതസ്സുകൾ ഇല്ലാത്തതിനാലും പ്രായോഗികമായി ബുദ്ധിമുട്ടുകൾ നേരിടുമെന്നാണ് പ്രതീക്ഷിക്കുന്നത്. പദ്ധതി തുകയിൽ മാത്രം ആശ്രയിച്ചു വികസനപ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന തദ്ദേശഭരണസ്ഥാപനങ്ങളുടെ എണ്ണം ജില്ലയിൽ കുറവല്ല എന്നാണ് വിലയിരുത്തുന്നത്.

പാർപ്പിടരംഗത്ത് വലിയ മുന്നേറ്റം നേടുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള ലൈഫ്പദ്ധതിയിൽ മുൻകാലങ്ങളിൽ നിർമ്മാണം ആരംഭിച്ചതും എന്നാൽ വിവിധ കാരണങ്ങളാൽ പൂർത്തീകരിക്കുവാൻ കഴിയാതെ പോയതുമായ ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ലയിൽ ഇത്തരത്തിൽ 3979 വീടുകളാണ് കണ്ടെത്തിയിട്ടുള്ളത്. ആയതിൽ കേന്ദ്രാവിഷ്കൃത, സംസ്ഥാനാവിഷ്കൃത പദ്ധതികളിലും, തദ്ദേശഭരണസ്ഥാപനങ്ങളുടെ തനതു ഭവന പദ്ധതികളിലും നിർമ്മാണം നടത്തിയ ഭവനങ്ങൾ ഉൾപ്പെട്ടുവരുന്നു. ആയതിന്റെ ബ്ലോക്കു തിരിച്ചുള്ള കണക്ക് താഴെ കാണിച്ചിട്ടുള്ള പ്രകാരമാണ്.

ക്രമ.നം	ബ്ലോക്ക്പഞ്ചായത്തിന്റെ പേര്	ഗ്രാമപഞ്ചായത്തിന്റെ പേര്	പൂർത്തീകരിക്കുവാൻ ശേഷിക്കുന്ന ഭവനങ്ങൾ	ആവശ്യമായ അധിക ധന സഹായം
1	അടിമാലി	അടിമാലി	72	6609200
		ബൈസൺവാലി	3	120000
		കൊന്നത്തടി	22	3600000
		പള്ളിവാസൽ	6	2120000
		വെള്ളത്തുവൽ	3	580000
ആകെ			106	13029200
2	അഴുത	പെരുവുന്താനം	6	1280000
		കുമളി	10	8899000
		കൊക്കയാർ	1	480000
		പീരുമേട്	38	8717522
		ഏലപ്പാറ	20	7554800
		വണ്ടിപ്പെരിയാർ	39	5630000
ആകെ			114	32561322

3	ദേവികുളം	മറയൂർ	21	2840000
		മൂന്നാർ	0	0
		കാന്തല്ലൂർ	37	4740000
		വട്ടവട	23	5080000
		ശാന്തൻപ്പാറ	0	0
		ചിന്നകനാൽ	12	2800000
		മാങ്കുളം	71	8640000
		ദേവികുളം	148	28280000
		ഇടമലക്കുടി	0	0
ആകെ			312	53314000
4	ഇളംദേശം	ആലക്കോട്	3	680000
		കരിമണ്ണൂർ	5	920000
		കോടിക്കുളം	1	280000
		കുടയത്തൂർ	11	1580000
		ഉടുംമ്പന്നൂർ	6	1120000
		വണ്ണപ്പുറം	16	4902000
		വെള്ളിയാമറ്റം	26	2933334
ആകെ			68	12415334
5	ഇടുക്കി	അറക്കുളം	1	7660000
		വാത്തിക്കുടി	9	1245000
		കഞ്ഞിക്കുഴി	37	3900000
		കാമാക്ഷി	0	0
		മരിയാപുരം	10	760000
		വാഴത്തോപ്പ്	12	4400002
ആകെ			69	17965002

6	കട്ടപ്പന	അയ്യപ്പൻകോവിൽ	0	0
		ചക്കുപള്ളം	0	0
		ഇരട്ടയാർ	0	0
		കാഞ്ചിയാർ	0	0
		ഉപ്പുതറ	0	0
		വണ്ടൻമേട്	11	1040000
ആകെ			11	1320000
7	നെടുങ്കണ്ടം	കരുണാപുരം	0	0
		നെടുംങ്കണ്ടം	8	1560000
		പാമ്പാടുംപാറ	6	640000
		രാജാക്കാട്	0	0
		രാജകുമാരി	2	400000
		സേനാപതി	25	3058333
		ഉടുമ്പൻചോല	9	1590000
ആകെ			50	7580833
8	തൊടുപുഴ	ഇടവെട്ടി	1	40000
		കരിങ്കുന്നം	0	0
		കുമാരമംഗലം	3	520000
		മണക്കാട്	3	652000
		മുട്ടം	1	200000
		പുറപ്പുഴ	0	0
ആകെ			8	1412000

കേന്ദ്രാവിഷ്കൃത പദ്ധതിയിൽ (ഐ.എ.വൈ) പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന വീടുകൾ

ക്രമ.നം	ബ്ലോക്ക്പഞ്ചായത്തിന്റെ പേര്	പൂർത്തീകരിക്കുവാൻ ശേഷിക്കുന്ന ഐ.എ.വൈ ഭവനങ്ങൾ	ആവശ്യമായ തുക
1	അടിമാലി	72	4110395
2	അഴുത	167	57008681
3	ദേവികുളം	375	114477401
4	ഇളംദേശം	101	28308342
5	ഇടുക്കി	74	18886534
6	കട്ടപ്പന	16	1598000
7	നെടുങ്കണ്ടം	135	9439353
8	തൊടുപുഴ	21	6337666

വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കിയ പദ്ധതികളിൽ പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന വീടുകൾ

ക്രമ.നം	ബ്ലോക്ക്പഞ്ചായത്തിന്റെ പേര്	പട്ടിക ജാതി വകുപ്പ്	പട്ടിക വർഗ്ഗ വകുപ്പ്	ന്യൂന പക്ഷക്ഷേമ വകുപ്പ്	ആകെ
1	അടിമാലി	23	196	0	219
2	അഴുത	132	194	1	327
3	ദേവികുളം	473	528	1	978
4	ഇളംദേശം	6	300	0	306
5	ഇടുക്കി	10	162	0	172
6	കട്ടപ്പന	48	99	0	147
7	നെടുങ്കണ്ടം	35	24	0	59
8	തൊടുപുഴ	1	14	0	15
9	തൊടുപുഴ മുൻസിപ്പാലിറ്റി	2	2	0	4
10	കട്ടപ്പന മുൻസിപ്പാലിറ്റി	7	2	0	9
ആകെ		737	1521	2	2236

മേൽ സൂചിത ഭവന പൂർത്തീകരണത്തിനുള്ള ഊർജ്ജിത ശ്രമം ആരംഭിച്ചിട്ടുണ്ട്. 2018 മെയ് 31 നകം പൂർത്തീകരിക്കുവാനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ഈ ഭവനങ്ങൾക്ക് പൂർത്തീകരിക്കുവാൻ ശേഷിക്കുന്ന ഘട്ടങ്ങൾക്ക് അനുവദിച്ച തുകയ്ക്ക് പുറമേ ആകെ 4 ലക്ഷം രൂപ അടങ്കൽ കണക്കാക്കി ആനുപാതികവർദ്ധന അനുവദിച്ചു നൽകുവാനാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. ഇത്രയും വിപുലമായ രീതിയിൽ സമയബന്ധിതമായി ഭവനപൂർത്തീകരണത്തിന് ആവശ്യമായ വിഭവ വകയിരുത്തൽ നടത്തുവാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക്കഴിഞ്ഞിട്ടുണ്ട്. തനതുവർഷം നടപ്പാക്കാൻ കഴിയാത്ത സേവനമേഖലയിലെ പദ്ധതികളിൽ ശേഷിക്കുന്ന തുകയും റോഡിതര മെയിന്റനൻസ് ഗ്രാന്റിന്റെ 50% തുകയും ഉൾപ്പെടുത്തി തുക കണ്ടെത്താൻ ബഹുഭൂരിപക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ഇങ്ങനെ കഴിയാത്ത 5 ഗ്രാമപഞ്ചായത്തുകൾക്കും 2 ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായം ലഭ്യമായിട്ടുണ്ട്.

സ്വയമേവഭവനനിർമ്മാണം പൂർത്തീകരിക്കുവാൻ കഴിവില്ലാത്തവരേയും പട്ടികവർഗ്ഗക്കാരേയും പ്രത്യേകമായി പരിഗണിച്ച് TPTA (Third Party Technical Agency)കളുടെ സഹായത്തോടെ തയ്യാറാക്കുന്ന എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഭവനനിർമ്മാണം നടത്തുവാനുള്ള ശ്രമവും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗവിഭാഗത്തിന്റെ ഭവനപൂർത്തീകരണത്തിന് TPTA തയ്യാറാക്കുന്ന എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുക അനുവദിക്കുന്നത് കാലങ്ങളായി നിർമ്മാണം മുടങ്ങിക്കിടക്കുന്ന പട്ടികവർഗ്ഗവിഭാഗങ്ങളുടെ ഭവനപൂർത്തീകരണത്തെ ഗണ്യമായി സഹായിക്കും. വിവിധ വിഭാഗത്തിൽപ്പെട്ടവരുടെ കാലങ്ങളായി നിർമ്മാണം മുടങ്ങിക്കിടന്ന 3979 ഭവനങ്ങൾ 2018മെയ് 31 നകം പൂർത്തീകരിക്കുവാൻ കഴിഞ്ഞാൽ അത് വലിയ നേട്ടമാണ്.

ജില്ലയിലെ പാർപ്പിടമേഖല വിശദമായി പരിശോധിച്ചാൽ മറ്റു ജില്ലകളെ അപേക്ഷിച്ച് തികച്ചും വ്യത്യസ്തമായ കാരണങ്ങളാണ് പദ്ധതി പൂർത്തീകരണത്തിന് തടസ്സമായി നിൽക്കുന്നത് എന്നു കാണാം.

ഭൂമിദൗർലഭ്യവും പശ്ചാത്തല സൗകര്യങ്ങളുടെ അപര്യാപ്തയും

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഈ ജില്ലയിലെ ബഹുഭൂരിപക്ഷത്തിനു ഭവനനിർമ്മാണത്തിന് അനുകൂലമായ ഭൂമി ലഭ്യമാക്കാൻ സാധിക്കാതെ വരുന്നു. ആയതിനാൽ ഭൂമി കൈവശമുള്ള പ്രദേശത്ത് ഒരു വീട് നിർമ്മിക്കുന്നത് വളരെ ചെലവേറിയതും ബുദ്ധിമുട്ടുള്ളതുമായിത്തീരുന്നു. ഇതോടൊപ്പം റോഡുകളുടെയും മറ്റും അപര്യാപ്തയും, ജലലഭ്യതക്കുറവും, നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യവും നിർമ്മാണപ്രക്രിയ ആയാസമേറിയതാക്കുന്നു. ആയതിനാൽ താല്ക്കാലികമായ ഒരു കൂരയിലും മറ്റും താമസിക്കാൻ നിർബന്ധിതനാകുന്നു.

ദരിദ്രകർഷകർ

പ്രകൃതിക്ഷോഭവും, കാലാവസ്ഥാ വ്യതിയാനവും, കാർഷികരംഗത്തെ തകർച്ചയുമൊക്കെ ചെറുകിട നാമമാത്ര കർഷകരെയും കർഷക തൊഴിലാളികളെയും വളരെയധികം പ്രതിസന്ധിയിലാഴ്ത്തുന്നു. ഭൂമിയുള്ളവർ പോലും കിട്ടുന്ന വിലയ്ക്ക് ഭൂമിവിറ്റ് പുതിയ സങ്കേതങ്ങൾ തേടാൻ നിർബന്ധിതരാകുന്നു. നിത്യജീവിതത്തിനു വകകണ്ടെത്താൻ തന്നെ ബുദ്ധിമുട്ടുന്ന ഇവർക്ക് വീട് ഒരു സ്വപ്നമായി അവശേഷിക്കുന്നു. ഒപ്പം നാമമാത്രമായി കൈയിലുള്ള ഭൂമിക്ക് മതിയായ രേഖകളില്ലാത്ത അവസ്ഥയുമുണ്ട്.

തോട്ടം തൊഴിലാളികൾ

ഇവരിലധികം പേരും തമിഴ്നാട്ടിൽ നിന്നുവന്നവരോ അവരുടെ പിൻതലമുറക്കാരോ ആണ്. ഇവരുടെ പാർപ്പിടപ്രശ്നം പൊതു പാർപ്പിട പ്രശ്നത്തിൽ നിന്നും വേറിട്ടുനിൽക്കുന്നു. നിലവിൽ തൊഴിലുള്ളവർക്ക് തോട്ടം വക താമസസൗകര്യം ഏർപ്പെടുത്തിക്കൊടുക്കണമെന്നതാണ് വ്യവസ്ഥ. പക്ഷെ നിലവിലുള്ള സ്ഥിതി വളരെ ദയനീയമാണ്.ഒരു മുറിയും ഒരു വരാന്തയും ഒരു അടുക്കളയും മാത്രമുള്ള എസ്റ്റേറ്റ് ലയത്തിൽ മൂന്നു കുടുംബങ്ങൾ വരെയാണ് താമസം പാർപ്പിടാനുബന്ധ സൗകര്യങ്ങളായ സാനിട്ടേഷൻ, മാലിന്യ നിർമ്മാർജ്ജനം ഇവയൊക്കെ തീർത്തും അപര്യാപ്തം. തോട്ടം ഉടമയുടെ നിയമപരമായ ബാധ്യതയാണ്. എന്നു പറഞ്ഞ് മാത്രം ഈ മേഖലയെ ശ്രദ്ധിക്കാതെയുള്ള ഒരു പാർപ്പിട പദ്ധതി അപൂർണ്ണമാണ്. തോട്ടത്തിൽ നിന്നും പിരിയുന്നവരുടെ കാര്യമാണ് എറെ ദയനീയം. ആയുസ്സിന്റെ പ്രധാനപങ്കും തോട്ടത്തിൽ വേലയെടുത്ത ഇവർ പണിശാലയിൽ നിന്നും പടിയിറങ്ങുമ്പോൾ ഒരു കൂരപോലും ഉണ്ടാക്കാൻ പറ്റാത്ത അവസ്ഥ. പിരിയുമ്പോൾ കിട്ടുന്ന തുച്ഛമായ പണം അവർക്കുള്ള കടങ്ങൾ തീർക്കാൻ തന്നെ അപര്യാപ്തം. പുത്തൻ നൂറ്റാണ്ടിന്റെ പ്രാരംഭദിനങ്ങളിൽ കുമളിയിൽ വച്ച് നടന്ന തോട്ടവിളമേഖല കൺവൻഷൻ ഈ രംഗത്ത് വലിയ മാറ്റങ്ങൾ ഉണ്ടാക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. ലൈഫ് മിഷൻ പദ്ധതിയിൽ തോട്ടം തൊഴിലാളികളുടെ ഭവനനിർമ്മാണം ലക്ഷ്യമായി ഉൾപ്പെടുത്തിയിട്ടുണ്ട്. തൊഴിലിടത്തുനിന്ന് അകന്ന് ഒരു ജീവിതം ഇവർക്ക് അസാധ്യമായതിനാൽ എസ്റ്റേറ്റുകളിൽ തന്നെ ഭൂമി ലഭ്യമാക്കി ഭവനം നിർമ്മിച്ച് നൽകിയാലെ ഇവരുടെ ജീവിതം സുരക്ഷിതം ആവുകയുള്ളൂ. ലൈഫ് മിഷന്റെ അന്തിമഘട്ടത്തിൽ ആ പ്രശ്നത്തിന് പരിഹാരം ആകും എന്നാണ് പ്രതീക്ഷിക്കുന്നത്.

തൊഴിലാളികളുടെ അഭാവം

വിദഗ്ദതൊഴിലാളികളുടെ അഭാവവും വേതന നിരക്കിന്റെ ഏറ്റക്കുറച്ചിലും ഭവനനിർമ്മാണത്തെ പ്രതികൂലമായി ബാധിക്കുന്നു. ഇത് പരിഹരിക്കുന്നതിന് ബ്ലോക്കുതലത്തിൽ വിദഗ്ദതൊഴിലാളികളുടെ ഒരു സൊസൈറ്റി രൂപീകരിക്കാവുന്നതാണ്. ഈ സൊസൈറ്റിയിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനും ഗുണഭോക്താക്കൾക്ക് തൊഴിലാളികളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനും ഇതുമൂലം ബാധിക്കും. ഏകീകൃതമായ ഒരു വേതനസൂചിക ഉപയോഗിക്കാവുന്നതാണ്. ഗുണഭോക്തൃകമ്മറ്റികൾ ചെയ്യുന്ന മറ്റ് നിർമ്മാണ പ്രവർത്തനങ്ങളിലും ആവശ്യമനുസരിച്ച് തൊഴിലാളികളെ വിതരണം ചെയ്യാവുന്നതാണ്. കൂടാതെ ഈ രംഗത്ത് പരിശീലനം നൽകുന്നതിനും സാധ്യമാകണം. നിർമ്മിതി കോസ്റ്റ് ഫോർഡ് തുടങ്ങിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പരിശീലനം നടത്താവുന്നതാണ്.

നാണ്യവിളകളുടെ തകർച്ച

ഭൂപ്രകൃതി വൈവിധ്യവും, കാലാവസ്ഥാ വ്യതിയാനവും മൂലം നാണ്യവിളകൾക്കുണ്ടാവുന്ന നാശനഷ്ടവും അന്താരാഷ്ട്രവിപണിയിലെ ഏറ്റക്കുറച്ചിലും കർഷകരേയും കർഷകതൊഴിലാളികളേയും പുതിയ മേച്ചിൽ പുറങ്ങൾ തേടാൻ നിർബന്ധിതരാക്കുന്നു. ചെറുകിട നാമമാത്രകർഷകർക്ക് കൃഷി ഭൂമിക്ക് അടുത്തുതന്നെ ഭവനം ആവശ്യമാണ്. ഗതാഗതവും മറ്റു പഞ്ചാത്തല സൗകര്യങ്ങളുടെ അപര്യാപ്തതയും ഇതിന് തടസ്സം നിൽക്കുന്നു.

മനോഭാവം

80 കളിലും തുടർന്നുമുള്ള ഗൾഫ് പണത്തിന്റെ വരവുമൂലം കേരളത്തിലാകമാനം തന്നെ വ്യാപിച്ച പണം മുഴുവൻ വീടിനായി ചിലവഴിക്കുക എന്ന രീതി ഇടുക്കി ജില്ലയെ അത്രതന്നെ ബാധിച്ചിട്ടില്ലെന്നു പറയാം. എന്നാൽ പല പദ്ധതികൾ മുഖേന ലഭിച്ച വീടുകൾ സംരക്ഷിക്കുക എന്ന ഒരു മനോഭാവം ഗുണഭോക്താക്കൾക്കുണ്ടായില്ല. ആയതിനാൽ ഇക്കാര്യത്തിൽ ഗുണഭോക്താക്കളെ ബോധവത്കരിക്കേണ്ടിയിരിക്കുന്നു. വിവിധ പദ്ധതികളിലൂടെ ലഭ്യമാകുന്ന വീടുകൾ നന്നായി സംരക്ഷിക്കുന്നവർക്ക് ഗ്രാമ പഞ്ചായത്തുകൾ പ്രോത്സാഹനം നൽകേണ്ടതാണ്.

ആദിവാസി മേഖല

ഇന്നും പല വികസന പ്രവർത്തനങ്ങളും ഈ രംഗത്ത് എത്തുക കൂടി ചെയ്തിട്ടില്ല. വനാന്തരങ്ങളിൽ താമസിക്കുന്ന ഇവരിൽ പലരും പ്രാകൃത കുടിലുകളിലാണ് താമസം. ജില്ലയിൽ 265 ഓളം വരുന്ന ആദിവാസി ഗ്രാമങ്ങളിൽ പാർപ്പിടത്തിന്റെ അവസ്ഥ വളരെ ദയനീയമായി ഇന്നും തുടരുന്നു. ഏറ്റവും പുതിയ കണക്കെടുപ്പിൽ 1315 പട്ടികജാതിഭവനങ്ങൾ പൂർത്തീകരിക്കുവാനുണ്ട് എന്നാണ് കണ്ടെത്തിയിട്ടുള്ളത്.

തോട്ടം മേഖല

തോട്ടം മേഖലയിൽ തൊഴിലാളികളിൽ ഒരു വിഭാഗം തമിഴ്നാട്ടിൽ സ്വന്തം സ്ഥലവും സ്വത്തു വകകളുള്ളവരുമാണ്. എന്നാൽ മറ്റുള്ള തോട്ടം തൊഴിലാളികളുടെ സ്ഥിതി വ്യത്യസ്ഥമാണ്. തോട്ടംമേഖലയിൽ തന്നെ കൃഷി ചെയ്യാതെ അവശേഷിക്കുന്ന തരിശുഭൂമി തോട്ടം തൊഴിലാളികളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനായി ഉപയോഗിക്കാവുന്നതാണ്. ഇതിനായി തോട്ടം മാനേജുമെന്റിന്റെ പങ്കാളിത്തത്തോടു കൂടിയ ഒരു പദ്ധതി ഏറ്റെടുക്കാവുന്നതാണ്. ഒപ്പം തന്നെ മുൻ സൂചിപ്പിക്കപ്പെട്ട മിച്ചഭൂമിയും ഈ പദ്ധതിയ്ക്കായി ഉപയോഗിക്കാവുന്നതാണ്.

കോളനി രീതി

ഭൂരഹിത ഭൂനരഹിതർക്കുള്ള പാർപ്പിടപ്രശ്നം പരിഹരിക്കുമ്പോൾ കോളനിരീതി തുടരാവുന്നതാണ്. കുടിവെള്ളം, സാനിട്ടേഷൻ, വൈദ്യുതി ഈ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ടുള്ള കോളനികൾ മിച്ചഭൂമിപ്രദേശത്തോ, മറ്റു പ്രദേശങ്ങളിലോ നിർമ്മിക്കാവുന്നതാണ്.

ചിലവുകുറഞ്ഞ വീടുകളുടെ സാധ്യതയും നിർവ്വഹണവും ജനങ്ങൾക്ക് അപ്രാപ്യമെന്ന ഒരു തോന്നൽ നിലനിൽക്കുന്നുണ്ട്. ഈ രംഗത്ത് ബോധവൽക്കരണവും പരിശീലനവും ആവശ്യമാണ്. മുൻ അദ്ധ്യായത്തിൽ സൂചിപ്പിക്കപ്പെട്ട തൊഴിൽ സംഘങ്ങളിലായി ഒരു തൊഴിൽസേന രൂപീകരിക്കാവുന്നതും, നിർമ്മിതി കേന്ദ്ര, കോസ്റ്റ് ഫോർഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായത്താൽ ഈ സേനയ്ക്ക് വിദഗ്ദപരിശീലനം നൽകാവുന്നതുമാണ്. പരിസ്ഥിതി സൗഹാർദ്ദപരമായും, പ്രാദേശികനിർമ്മാണ വസ്തുക്കൾ ശേഖരിച്ചും കാലാവസ്ഥയ്ക്ക് അനുയോജ്യമായും പരമാവധി സ്ത്രീപങ്കാളിത്തത്തോടു കൂടിയുമാണ് ഈ പ്രവർത്തനം നടത്തേണ്ടത്.

വനിതകൾ

ഭവന വായ്പകളും ആനുകൂല്യങ്ങളും കൊടുക്കുന്നത് വനിതകൾക്കായിരിക്കണം. വായ്പ തിരിച്ചടവിന്റെ ഉറപ്പിനും, ഭവന സംരക്ഷണത്തിനും, കിട്ടുന്ന ആനുകൂല്യം ഭവന നിർമ്മാണത്തിനു തന്നെ ഉപയുക്തമാക്കുന്നതിനും സ്ത്രീകൾക്കായിരിക്കും പുരുഷന്മാരേക്കാൾ ഉത്തവാദിത്വമുണ്ടാവുക.

കൈമാറ്റം

ലഭ്യമാകുന്ന ഭവനം യാതൊരു കാരണവശാലും അനന്തരാവകാശമെന്ന രീതിയിലല്ലാതെ കൈമാറ്റം ചെയ്യാൻ പാടില്ല. ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്നവർമെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതും തുടർന്ന് യാതൊരു ആനുകൂല്യവും നൽകാൻ പാടില്ലാത്തതുമാണ്. ഈ പ്രശ്നം ഗൗരവമായി പരിഗണിക്കേണ്ടതാണ്.

ഗ്രാമ വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന ഭവന നിർമ്മാണ പദ്ധതികൾ

ജില്ലയിൽ ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ), ജവഹർ റോസ്ഗാർ യോജന (ജെ.ആർ.വൈ) തുടങ്ങിയ പദ്ധതികളിലൂടെയാണ് പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും മറ്റു ദുർബ്ബല വിഭാഗങ്ങൾക്കുമായിട്ടുള്ള ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കിവന്നിരുന്നത്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ യഥാക്രമം 75:25 എന്ന അനുപാതത്തിലാണ് ഈ പദ്ധതികൾക്കുള്ള തുക ലഭ്യമാക്കുന്നത്.

ഐ.എ.വൈ പദ്ധതിപ്രകാരം ജില്ലയിൽ ലഭ്യമാകുന്ന വീടുകളിൽ 70% പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽ പെടുന്നവർക്കും 30% ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള ജനറൽ വിഭാഗത്തിനുമായി നൽകിയിരുന്നു. ഗ്രാമസഭയിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട വികസന ബ്ലോക്കുവഴിയാണ് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്നത്. ഐ.എ.വൈ, ജെ.ആർ.വൈ പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകൾക്ക് വീട് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള പുരോഗതി വിലയിരുത്തി ഗഡുക്കളായാണ് തുക നൽകുന്നത്. നിലവിൽ ഈ പദ്ധതി 2016-17 സാമ്പത്തിക വർഷം മുതൽ പി.എം. എ.വൈ (ജി) പ്രധാന മന്ത്രി ആവാസ് യോജന (ഗ്രാമീൺ) എന്നാക്കി മാറ്റിയിട്ടുണ്ട്. പദ്ധതി പരിഷ്കരിച്ചതിനൊപ്പം കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന തുകയും ഗണ്യമായി ഉയർത്തിയിട്ടുണ്ട്. ഇപ്പോൾ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ 75: 25 അനുപാതത്തിൽ 120000/- രൂപയാണ് ഒരു വീടിന് അനുവദിച്ച് വരുന്നത്. ഇതിന് പുറമെ വീടൊന്നിന് ജനറൽ വിഭാഗക്കാർക്ക് 200000/- രൂപ വരെ പരമാവധി ലഭിക്കുന്ന തരത്തിലും ഗ്രാമ / ബ്ളോക്ക്/ ജില്ലാ പഞ്ചായത്തുകൾ 25% 40% 35% ക്രമത്തിൽ അധികവിഹിതവും അനുവദിച്ചുവരുന്നു. ഇതു പട്ടികജാതി ഗുണഭോക്താക്കൾക്ക് 300000/- രൂപ എന്ന ക്രമത്തിലും പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്ക് 350000/- രൂപാ എന്ന ക്രമത്തിലുമാണ് ഗ്രാമ / ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾ മുകളിൽ പരാമർശിച്ച അനുപാതത്തിൽ തുക അനുവദിക്കുന്നത്.

എന്നാൽ ലൈഫ് മിഷൻ പദ്ധതി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച സാഹചര്യത്തിൽ ആനുകൂല്യം വീടൊന്നിന് 400000/- രൂപയായി ഉയർത്തിയിട്ടുണ്ട്.

പി.എം.എ.വൈ (ജി) പദ്ധതിയിൽ മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ഗുണഭോക്തൃ തെരഞ്ഞെടുപ്പിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിച്ചിട്ടുണ്ട്. 2011 ൽ സംസ്ഥാനത്ത് വിപുലമായ രീതിയിൽ നടത്തിയ സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് (എസ്.ഇ.സി.സി) ഭവനരഹിതരായി കണ്ടെത്തിയിട്ടുള്ളവരെ മാത്രമേ ഗുണഭോക്താക്കളായി പരിഗണിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ സർവ്വേയിൽ വീടില്ലാത്തവരും നിർമ്മാണത്തിന് അനുയോജ്യരുമായി ജില്ലയിൽ കണ്ടെത്തിയിട്ടുള്ളത് 2952 ഗുണഭോക്താക്കളെയാണ്. മേൽ

പറഞ്ഞ 2952 ഗുണഭോക്താക്കൾക്ക് വാർഷിക കർമ്മ പദ്ധതിയുടെ അടിസ്ഥാനത്തിൽ ലക്ഷ്യം നിശ്ചയിച്ച് വീട് അനുവദിച്ചു വന്നുകൊണ്ടിരിക്കുകയാണ്. ഈ പദ്ധതിയുടെ ലക്ഷ്യം, പുരോഗതി എന്നിവ ചുവടെ സൂചിപ്പിക്കുന്നു.

ക്രമ നമ്പർ	ബ്ലോക്കിന്റെ പേര്	എസ്.ഇ.സി.സി. ലിസ്റ്റിൽ ഉൾപ്പെട്ട ഭവനങ്ങൾ	2016-17		2017-18	
			ലക്ഷ്യം	പുരോഗതി	ലക്ഷ്യം	പുരോഗതി
1	അടിമാലി	289	479	16	126	2
2	അഴുത	550	266	16	59	0
3	ദേവികുളം	1055	656	3	193	1
4	ഇളംദേശം	320	124	16	26	0
5	ഇടുക്കി	221	150	9	71	0
6	കട്ടപ്പന	198	155	23	66	0
7	നെടുങ്കണ്ടം	151	68	14	37	1
8	തൊടുപുഴ	168	84	16	23	0
ആകെ		2952	1982	113	601	4

ലൈഫ് മിഷന്റെ ഒന്നാംഘട്ടമായ സ്പിൽഓവർ ഭവനങ്ങളുടെ പൂർത്തീകരണ പദ്ധതി പ്രകാരം ജില്ലയിൽ പൂർത്തീയാവേണ്ട 4012 ഭവനങ്ങളുടെ ഇപ്പോഴത്തെ നിർമ്മാണ പുരോഗതി വകുപ്പ് തിരിച്ച് ചുവടെ ചേർക്കുന്നു.

ക്രമനമ്പർ	വകുപ്പ്	ആകെ പൂർത്തിയാക്കേണ്ട ഭവനങ്ങളുടെ എണ്ണം	പൂർത്തിയായ ഭവനങ്ങളുടെ എണ്ണം
1	ബ്ലോക്ക് പഞ്ചായത്ത്	962	608
2	ഗ്രാമപഞ്ചായത്ത്	744	465
3	പട്ടികജാതി വികസന വകുപ്പ്	737	131
4	പട്ടികവർഗ്ഗ വികസനവകുപ്പ്	1521	816
5	ന്യൂനപക്ഷ ക്ഷേമ വകുപ്പ്	2	0
6	ജില്ലാ പഞ്ചായത്ത്	1	0
7	മുൻസിപ്പാലിറ്റി	12	9

ജില്ലയിൽ പി.എം.എ.വൈ (ജി) പദ്ധതി നടത്തിപ്പിൽ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരിച്ചു താഴെ കാണിച്ചിട്ടുള്ള വൈഷമ്യങ്ങൾ നേരിട്ടുവരുന്നു.

- എസ്.ഇ.സി.സി ലിസ്റ്റ് പ്രകാരം ജില്ലയിൽ പി.എം.എ.വൈ ക്ക് അർഹരായ 2952 കുടുംബങ്ങളാണ് ഉള്ളത്. ഇതിൽ 564 പേര് ഭൂരഹിതരാണ്.
- എസ്.ഇ.സി.സി. സർവ്വേ സമയത്ത് ലിസ്റ്റിൽ ഉൾപ്പെട്ട നിരവധി ആളുകൾ നിലവിൽ ആ പ്രദേശത്ത് നിന്ന് വിവിധ കാരണങ്ങളാൽ താമസം മാറിപോയിട്ടുള്ളതിനാൽ ഇപ്പോൾ അവരെ ആനുകൂല്യത്തിന് പരിഗണിക്കുവാൻ കഴിയുന്നില്ല.
- എസ്.ഇ.സി.സി. ലിസ്റ്റ് പ്രകാരം അർഹരാണെന്ന് കണ്ടെത്തിയ നിരവധി ആളുകളെ എസ്.ഇ.സി.സി. പട്ടികയിൽ വീട്ടുപേര് തുടങ്ങി വിശദ വിവരങ്ങൾ ഇല്ലാത്തതിനാൽ കണ്ടെത്തുവാൻ സാധിക്കുന്നില്ല.
- സർവ്വേ സമയത്ത് അർഹരായിരുന്ന കുറച്ച് ഗുണഭോക്താക്കൾക്ക് 2011 മുതൽ 2017 വരെയുള്ള കാലഘട്ടങ്ങളിൽ വിവിധ വകുപ്പ്/സ്കീമുകൾ മുഖേന ഭവനം ലഭിച്ചിട്ടുണ്ട്.
- എസ്.ഇ.സി.സി. ലിസ്റ്റ് പ്രകാരം അർഹരാണെങ്കിലും നിലവിൽ പി.എം.എ.വൈ യിൽ ഭവനം ആവശ്യമില്ലായെന്ന് രേഖാമൂലം ഗുണഭോക്താക്കൾ അറിയിച്ചിരിക്കുന്നു.
- പി.എം.എ.വൈ എം.ഐ.എസ്.ൽ രജിസ്റ്റർ ചെയ്യുന്നതിന് ആവശ്യമായ റേഷൻകാർഡ്, ജോബ് കാർഡ്, ആധാർ കാർഡ്, നാഷണലൈസ്ഡ് ബാങ്കിലെ അക്കൗണ്ട് തുടങ്ങിയവയുടെ അഭാവം മൂലം ആനുകൂല്യം നൽകാൻ കഴിയുന്നില്ല.
- എസ്.ഇ.സി.സി പട്ടികയിൽ അനന്തരാവകാശികളില്ലാതെ ഗുണഭോക്താവ് മരണപ്പെടുകയും തൽഫലമായി ആനുകൂല്യം നൽകാൻ കഴിയുന്നില്ല.
- ഭവന നിർമ്മാണ പദ്ധതി സാമ്പത്തിക സഹായം ലഭ്യമായതുകൊണ്ട് മാത്രം ഏറ്റെടുത്ത് പൂർത്തിയാക്കുവാൻ സാധിക്കുന്ന അംഗങ്ങൾ കുടുംബത്തിൽ ഇല്ലാത്തതിനാൽ
- അർഹരായ ഗുണഭോക്താക്കളിൽ എസ്.ഇ.സി.സി ലിസ്റ്റ് പ്രകാരം ഭൂരഹിതർ അല്ലെങ്കിൽ പോലും കൈവശാവകാശ രേഖയോ പട്ടയമോ ഇല്ലാത്ത 232 ഗുണഭോക്താക്കളുണ്ട്. എന്നാൽ ഇത്തരം ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി കൈവശാവകാശരേഖ യഥാസമയം ലഭ്യമാകാത്ത അവസ്ഥയുണ്ട്.

പദ്ധതി പ്രകാരം ആനൂകൂല്യ വിതരണം ഇപ്പോൾ ആവാസ് സോഫ്റ്റ്, പി.എഫ്.എം.എസ്. എന്നിവ വഴി ക്രമീകരിച്ചിട്ടുണ്ട് എന്നതിനാൽ നിർവ്വഹണം സുതാര്യവും മോണിട്ടറിംഗ് സൗകര്യപ്രദവുമായിട്ടുണ്ട്.

പി.എം.എ.വൈ (ജി) പദ്ധതിയിൽ ഭവനനിർമ്മാണ ആനൂകൂല്യങ്ങൾ അനുവദിക്കുന്നതിന് മുകളിൽ സൂചിപ്പിച്ച വിവിധ കാരണങ്ങൾ തടസ്സമാകുന്നതിനാൽ ഗുണഭോക്താക്കളെ സംബന്ധിച്ച വിവരങ്ങൾ ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ എക്സ്റ്റൻഷൻ ആഫീസർമാർ, വില്ലേജ് എക്സ്റ്റൻഷൻ ആഫീസർമാർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തി പാർപ്പിട രേഖ എന്ന പേരിൽ തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

PARPPIDA REKHA (GRAMIN) CONSOLIDATION											
ക്രമ.നം	ബ്ലോക്കിന്റെ പേര്	അപ്പീലേറ്റ് കമ്മിറ്റി പരിഗണിച്ച ഗുണഭോക്താക്കളുടെ എണ്ണം	ടാർജറ്റ്(201617 & 201718)	രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കളുടെ എണ്ണം	രജിസ്റ്റർ ചെയ്യാത്ത ഗുണഭോക്താക്കളുടെ എണ്ണം	ജിയോടാഗ് ചെയ്ത ഗുണഭോക്താക്കളുടെ എണ്ണം	ജിയോടാഗ് ചെയ്യാത്ത ഗുണഭോക്താക്കളുടെ എണ്ണം	സാറ്റ്ഷൻ ചെയ്ത ഗുണഭോക്താക്കളുടെ എണ്ണം	സാറ്റ്ഷൻ ചെയ്യാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം(column 5-10)	പൂർത്തീകരിച്ച വീടുകളുടെ എണ്ണം	പൂർത്തീകരിക്കാൻ അവശേഷിക്കുന്ന വീടുകളുടെ എണ്ണം (column 10-12)
1	അടിമാലി	364	605	184	180	143	221	93	512	9	84
2	അഴുത	629	325	275	354	370	259	76	249	14	62
3	ദേവികുളം	1055	849	287	768	318	737	203	646	1	202
4	ഇളംദേശം	373	150	105	268	273	100	45	105	13	32
5	ഇടുക്കി	223	221	96	127	169	54	37	184	6	31
6	കട്ടപ്പന	198	221	59	139	172	26	28	193	23	5
7	നെടുങ്കണ്ടം	183	105	89	94	131	52	42	63	14	28
8	തൊടുപുഴ	168	107	107	61	144	24	34	73	14	20
	ആകെ	3193	2583	1202	1991	1720	1473	558	2025	94	464

ക്രമ. നം	ബ്ലോക്കിന്റെ പേര്	രജിസ്റ്റർ ചെയ്യാത്ത ഗുണഭോക്താക്കളുടെ എണ്ണം	രജിസ്റ്റർ ചെയ്യാത്തതിനുള്ള കാരണം				ജിയോടാഗ് ചെയ്യാത്ത ഗുണഭോക്താക്കളുടെ എണ്ണം	ജിയോടാഗ് ചെയ്യാത്തതിനുള്ള കാരണം		അപ്പീലേറ്റ് കമ്മിറ്റി അംഗീകരിച്ചതിനു ശേഷം സാറ്റ്ഷൻ ചെയ്യാത്ത ഗുണഭോക്താക്കളുടെ എണ്ണം
			സ്ഥലം വിട്ട് പോയവർ	ആവശ്യമായ രേഖകളില്ലാത്തവർ	അനന്തരാവകാശികൾ ഇല്ലാതെ മരണപ്പെട്ടവർ	സ്വന്തമായി വീടുള്ളവർ		സ്വന്തമായി ഭൂമിയില്ലാത്തവർ	മറ്റ് കാരണങ്ങൾ	
1	അടിമാലി	180	115	41	3	21	221	0	221	271
2	അഴുത	354	177	93	13	71	259	5	254	553
3	ദേവികുളം	768	74	325	5	364	737	3	734	852
4	ഇളംദേശം	268	58	99	16	95	100	6	94	328

5	ഇടുക്കി	127	45	32	6	44	54	2	52	186
6	കട്ടപ്പന	139	26	52	2	59	26	0	26	170
7	നെടുങ്കണ്ടം	94	43	11	5	35	52	0	52	141
8	തൊടുപുഴ	61	4	44	2	11	24	0	24	134
	ആകെ	1991	542	697	52	700	1473	16	1457	2635

പാർപ്പിട രേഖയുടെ ഭാഗമായി കണ്ടെത്തിയിട്ടുള്ളതും വിവിധ കാരണങ്ങളാൽ പി.എം.എ.വൈ (ജി) പദ്ധതിയിൽ ധനസഹായം നൽകാൻ കഴിയാത്തവരേയും ഇപ്പോൾ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ കഴിയും എന്നത് ശുഭകരമാണ്. പി.എം.എ.വൈ (ജി) പദ്ധതിയിൽ സ്ഥലമില്ലാത്തവർക്ക് ഇപ്പോൾ വീടിനുള്ള ധനസഹായം അനുവദിക്കുവാൻ കഴിയുന്നതല്ല. അതിനാൽ ടി ഗുണഭോക്താക്കളെ അർഹതയുടെ അടിസ്ഥാനത്തിൽ ഭൂരഹിതഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി സഹായം അനുവദിക്കുന്നതോടെ ജില്ലയിലെ പാർപ്പിടരംഗത്ത് പ്രശ്ന പരിഹാരം സാധ്യമാണ്.

<u>വികസന സമീപനം</u>

അനധികൃത കുടിയേറ്റം പൂർണ്ണമായി തടഞ്ഞുകൊണ്ടുമാത്രമേ പാർപ്പിട പ്രശ്നത്തിന് ശാശ്വതമായി പരിഹാരം കാണാൻ കഴിയുകയുള്ളു. ഭവനം ആവശ്യം മാത്രമാണ് ആഡംബരമല്ല എന്ന മനോഭാവത്തിന് പ്രോത്സാഹനം നൽകണം. കൂടാതെ തനിക്ക് ലഭ്യമായ ഭവനം തന്റേതുതന്നെ എന്ന ഒരു പ്രവണതയും വളർത്തിയെടുക്കണം. അപേക്ഷകൾ സർവ്വേഫലവുമായി തട്ടിച്ചുനോക്കി അയൽകൂട്ടങ്ങളുടെ പ്രവർത്തനത്തിലൂടെ യഥാർത്ഥ ഗുണഭോക്താവിനെ തിരഞ്ഞെടുക്കണം. ജനകീയ സമിതിയുടെ ആഭിമുഖ്യത്തിൽ പ്രാദേശിക നിർമ്മാണ വസ്തുക്കൾ മൊത്തമായി വാങ്ങി വിതരണം ചെയ്യാവുന്നതാണ്.

വനത്തിൽ കടപുഴകിയും ഒടിഞ്ഞും വീണുനശിച്ചുകൊണ്ടിരിക്കുന്ന തടികൾ ശേഖരിച്ച് ന്യായമായ വിലയ്ക്ക് ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്ന സംവിധാനമുണ്ടാകണം. ശക്തമായ മോണിട്ടറിംഗ് സംവിധാനം ഉണ്ടാവണം. ഭവന നിർമ്മാണത്തിൽ ഗുണഭോക്താവിന്റെ വിഹിതം പണമായോ, സേവനമായോ ഉണ്ടായിരിക്കണം

മനുഷ്യന്റെ മൂന്ന് പ്രാഥമികാവശ്യങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത പാർപ്പിടം അവനുണ്ടാവുക എന്നത് ഒരു സമൂഹത്തിന്റെ അടിയന്തിരമായി ചുമതലകൂടിയാണ്. സ്വാതന്ത്ര്യത്തിന്റെ ഏഴ് പതിറ്റാണ്ടുകൾ പിന്നിട്ടിട്ടും നിലനിൽക്കുന്ന ഈ രംഗത്തെ ശോചനീയാവസ്ഥ അധികാരവികേന്ദ്രീകരത്തിലൂന്നി നിൽക്കുന്ന ജനകീയാസൂത്രണത്തിന്റെ പിൻബലത്തിൽ പരിഹരിക്കുക എന്നുള്ള വികസന സമീപനം ജില്ലയ്ക്ക് ഉണ്ടാവേണ്ടതാണ്. അടിസ്ഥാനാവശ്യം നിറവേറ്റുന്നതിനോടൊപ്പം പുതിയൊരു പാർപ്പിടമനോഭാവവും ഒപ്പം ശുചിത്വബോധവും വളർത്തിയെടുക്കുക എന്നുള്ളതും ഇടുക്കി ജില്ലയുടെ വികസന സമീപനത്തിൽ പെടണം. ഈ സമീപനത്തിൽ താഴെ പറയുന്ന കാര്യങ്ങൾക്ക് സവിശേഷ ശ്രദ്ധ നൽകണം.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. സാമൂഹിക സാമ്പത്തിക ജാതി സെൻസസിൽ ഉൾപ്പെട്ടിരുന്ന കുടുംബങ്ങൾക്ക് വീട് അനുവദിക്കുന്നതിന് കേന്ദ്ര മാനദണ്ഡങ്ങൾ തടസ്സമാകുന്നെങ്കിൽ അവരെ പൂർണ്ണമായും ലൈഫ് മിഷൻ പദ്ധതിയിലേക്ക് ഉൾപ്പെടുത്തണം.

2.ദരിദ്ര കുടുംബങ്ങൾ ഇപ്പോൾ അധിവസിക്കുന്ന പ്രദേശങ്ങളിൽ പട്ടയം ലഭ്യമല്ലെങ്കിൽ വീട് വയ്ക്കുന്ന ആവശ്യത്തിലേക്ക് മാത്രം കുറഞ്ഞത് മൂന്ന് സെന്റിനെങ്കിലും പട്ടയം/കൈവശാവകാശം നൽകണം.

3.തോട്ടം മേഖലയിൽ ഉള്ളവർക്ക് തോട്ടം മാനേജ്മെന്റുകളുമായി ആലോചിച്ച് തോട്ടത്തിനുള്ളിൽ തന്നെ ഭവനം നിർമ്മിക്കുവാൻ ആവശ്യമായ സ്ഥലം കണ്ടെത്തണം.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിഭവം തനതായി കണ്ടെത്തുവാൻ കഴിയാത്ത സാഹചര്യത്തിൽ എസ്റ്റേറ്റ് മേഖലയിൽ നിന്ന് വിഭവ സമാഹരണം നടത്തണം.

2. ഫ്ളാറ്റുകൾ നഗര സ്വഭാവമുള്ള പ്രദേശങ്ങളിൽ മാത്രം കേന്ദ്രീകരിക്കണം. ഭവന നിർമ്മാണം ഗുണഭോക്താവ് നേരിട്ട് ഏറ്റെടുത്തും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും അവബോധം വളർത്തിയെടുക്കണം.

3. ഭവന നിർമ്മാണത്തിനാവശ്യമുള്ള സിമന്റുകട്ട ഉൾപ്പെടെയുള്ള സാധനസാമഗ്രികൾ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ ഉത്പാദിപ്പിച്ച് നൽകേണ്ടതാണ്.

4.2.5. സാമൂഹ്യനീതി, സാമൂഹ്യ സുരക്ഷിതത്വം

സാമൂഹ്യനീതി, സാമൂഹ്യ സുരക്ഷിതത്വം

ഓരോ പ്രദേശത്തേയും ജനങ്ങളുടെ സമഗ്രവികസനവും, സാമൂഹ്യനീതിയും ഉറപ്പുവരുത്തുക എന്നതാണ് സാമൂഹ്യ നീതി വകുപ്പിന്റെ പദ്ധതി ആസൂത്രണത്തിന്റെ മുഖ്യ ലക്ഷ്യം. കുട്ടികൾ, ഭിന്നശേഷിയുള്ളവർ, മുതിർന്ന പൗരന്മാർ, ട്രാൻസ്ജെന്റേഴ്സ് തുടങ്ങിയ പ്രത്യേക പരിഗണന അർഹിക്കുന്നതും, പാർശ്വവൽക്കരിക്കപ്പെട്ടവരുമായ വിഭാഗങ്ങളുടെ ക്ഷേമവും ഉന്നമനവും ഉറപ്പുവരുത്തേണ്ടതാണ്. ഇതിനായി സംസ്ഥാനത്ത് നടത്തിവരുന്ന പ്രവർത്തനങ്ങൾ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകാപരവും ശ്ലാഘനീയവുമാണ് എങ്കിലും അർഹതയുള്ള ഗുണഭോക്താക്കളിൽ പരമാവധി ക്ഷേമപ്രവർത്തനങ്ങൾ എത്തിക്കുന്ന കാര്യത്തിൽ ഇനിയും ബഹുദൂരം മുന്നേറേണ്ടിയിരിക്കുന്നു. ജനസംഖ്യയുടെ ഘടനയിൽ വരുന്ന വ്യത്യാസങ്ങൾക്ക് ആനുപാതികമായി ദുർബല വിഭാഗങ്ങളുമായി ബന്ധപ്പെട്ട മേഖലയിൽ പല സമീപനങ്ങളിലും മാറ്റം ആവശ്യമാണ്.ഈ വിഭാഗം ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിയ്ക്കുന്നതിനും ആവശ്യങ്ങൾ നിറവേറ്റുന്നതിനും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഉതകുന്ന പദ്ധതികൾക്ക് പ്രാധാന്യം നൽകുന്നു.

ശിശു വികസനം

കുട്ടികൾ രാജ്യത്തിന്റെ അമൂല്യമായ സമ്പത്തും വാഗ്ദാനവുമാണ്. എല്ലാ രാജ്യങ്ങളും കുട്ടികളുടെ ക്ഷേമത്തിനും ഉന്നമനത്തിനായി ഒട്ടനവധി പദ്ധതികളും പരിപാടികളുമാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. സുരക്ഷിതമായ ബാല്യം ഓരോ കുട്ടികളുടേയും അവകാശമാണ്. ഇൻഡ്യൻ ഭരണഘടനയും ഐക്യ രാഷ്ട്ര സഭയും ഇതു ശരിവയ്ക്കുകയും ഇതിനായി നിയമ നിർമ്മാണങ്ങളും ഉടമ്പടികളും നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ സാർവലൗകീകമായി അംഗീകരിക്കപ്പെട്ട കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുകയാണ് സാമൂഹ്യ നീതി വകുപ്പിന്റെ പ്രവർത്തന ലക്ഷ്യങ്ങളിലൊന്ന്. ഓരോ കുട്ടിയുടേയും അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടതും, അവർക്ക് സുരക്ഷിതമായ ചുറ്റുപാട് സൃഷ്ടിക്കേണ്ടതും സമൂഹത്തിന്റെ ഉത്തരവാദിത്തമാണ്.

2011 സെൻസസ് പ്രകാരമുള്ള കുട്ടികളുടെ ജന സംഖ്യ- ഇടുക്കി ജില്ല

പ്രായം	ആൺ	പെൺ	ആകെ
0-4	37443	36355	73978
5-9	41740	39942	81682
10-14	46763	45095	91858
15-19	40943	38761	79704

2011 സെൻസസ് പ്രകാരം ഇടുക്കി ജില്ലയിൽ 19 വയസ്സുവരെ പ്രായമുള്ളവരുടെ സ്ത്രീ പുരുഷ അനുപാതം പരിശോധിക്കുമ്പോൾ പെൺകുട്ടികളുടെ ജനസംഖ്യ കുറവായി കാണുന്നു.

0 മുതൽ 6 വയസ്സു വരെയുള്ള കുട്ടികളുടെ ജനസംഖ്യയും, അങ്കണവാടി മുഖേന പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണവും- ഇടുക്കി ജില്ല

Age	SC		ST		General		Total	
	Population	Coverage	Population	Coverage	Population	Coverage	Population	Coverage
0-3	6103	3920	2030	1493	26184	15461	34317	20874
3-6	5956	2592	2097	1323	27652	11837	35705	15752

ഇടുക്കി ജില്ലയിൽ അർഹരായ മുവുവൻ ഗുണഭോക്താക്കൾക്കും അങ്കണവാടി മുഖേനയുള്ള പോഷകാഹാരം ലഭിക്കുന്നില്ല

0 മുതൽ 5 വയസ്സു വരെയുള്ള കുട്ടികളുടെ പോഷണ നിലവാരം ഇടുക്കി ജില്ല

2017 നവംബർ മാസത്തിൽ തൂക്കമെടുത്ത കുട്ടികളുടെ എണ്ണം	മതിയായ തൂക്കമുള്ളവരുടെ എണ്ണം	തൂക്കക്കുറവ് രേഖപ്പെടുത്തിയവർ	ഗുരുതര തൂക്കക്കുറവ് രേഖപ്പെടുത്തിയവർ
51284	41425(80.776%)	9588(18.65%)	274(0.53%)

ഇടുക്കി ജില്ലയിലെ 0 മുതൽ 5 വയസ്സു വരെയുള്ള കുട്ടികളുടെ പോഷണ നിലവാരം പരിശോധിക്കുമ്പോൾ 0.53 ശതമാനം കുട്ടികൾ ഗുരുതര പോഷണക്കുറവ് കാണിക്കുന്നു. 18.65% കുട്ടികൾ ലഘുവായ പോഷണക്കുറവ് കാണിക്കുന്നു.

ശിശു മരണ നിരക്ക് -താരതമ്യ പഠനം

ഇന്ത്യ	കേരളം	ഇടുക്കി
34	11	14

ജില്ലയിലെ ശിശുമരണ നിരക്ക് സംസ്ഥാന നിരക്കിനേക്കാൾ കൂടുതലാണ്.

പ്രതിരോധ കുത്തിവയ്പ്പ് ലഭിച്ച കുട്ടികളുടെ എണ്ണവും ശതമാനവും ഇടുക്കി ജില്ല

2017 നവംബറിൽ 1 ന് വയസ്സ് പൂർത്തിയായ കുട്ടികകളുടെ എണ്ണം	പ്രതിരോധ കുത്തിവയ്പ്പ് പൂർത്തിയാക്കിയവരുടെ എണ്ണം	പ്രതിരോധ കുത്തിവയ്പ്പ് ലഭിക്കാനുള്ളവരുടെ എണ്ണം	പ്രതിരോധ കുത്തിവയ്പ്പ് പൂർത്തിയാക്കിയവരുടെ ശതമാനം
792	789	3	99.67

(ഉറവിടം- ഐ. സി.ഡി.എസ്സ്- എം.പി.ആർ)

അങ്കണവാടികളുടെ സ്ഥിതിവിവരം

ജില്ലയിൽ ആകെയുള്ള അങ്കണവാടികളുടെ എണ്ണം	സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികളുടെ എണ്ണം	വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ എണ്ണം	വാടകയിതരം
1561	1238	169	154

(ഉറവിടം- ഐ. സി.ഡി.എസ്സ്- എം.പി.ആർ)

ഇടുക്കി ജില്ലയിൽ 314 അങ്കണവാടികൾക്ക് നിലവിൽ സ്വന്തമായി കെട്ടിടം ഇല്ല

2017 ജൂലൈ വരെ കുട്ടികൾ ഇരകളായ കുറ്റകൃത്യങ്ങളുടെ എണ്ണം-കേരളം

കുറ്റകൃത്യം	എണ്ണം
കൊലപാതശം	20
ബലാൽസംഗം	825
തട്ടിക്കൊണ്ടുപോകൽ	140
ഭ്രൂണഹത്യ	0
ആത്മഹത്യയ്ക്ക് പ്രേരിപ്പിക്കുക	2
പ്രദർശന വസ്തുവാക്കുക	3
കുട്ടികളെ കൂട്ടിക്കൊടുക്കുക	2
വേശ്യവൃത്തിക്കുവേണ്ടി കുട്ടികളെ വാങ്ങുക	0
വേശ്യവൃത്തിക്കുവേണ്ടി കുട്ടികളെ വിൽക്കുക	1
ശൈശവ വിവാഹം	14
മറ്റു കുറ്റകൃത്യങ്ങൾ	1574
	2581

(ഉറവിടം- ക്രൈം റെക്കോർഡ്സ് ബ്യൂറോ ഓഫ് ഇൻഡ്യ)

കേരളത്തിൽ കുട്ടികൾ ഇരകളാക്കപ്പെടുന്ന കുറ്റകൃത്യങ്ങളുടെ എണ്ണം ആശങ്കാജനകമാണ്. ഒരു ആധുനീക സമൂഹം ഇതിനെതിരെ ജാകരൂകരാകണം

പോക്സോ നിയമ പ്രകാരം 2017 ഒക്ടോബർ വരെ രജിസ്റ്റർചെയ്ത കേസുകൾ

കേരളം	**ഇടുക്കി**
2207	131

(ഉറവിടം- ക്രൈം റെക്കോർഡ്സ് ബ്യൂറോ ഓഫ് ഇൻഡ്യ)

പോക്സോ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളിൽ പലതും പരാതിക്കാർ പിൻമാറുന്നതു മൂലം പാതിവഴിയിൽ ഉപേക്ഷിക്കപ്പെടുന്ന പ്രവണത കണ്ടു വരുന്നു.

ഇടുക്കി ജില്ലയിലെ കൗമാര പ്രായക്കാരായ പെൺകുട്ടികളുടെ സ്ഥിതിവിവരക്കണക്കുകൾ

11 മുതൽ 14 വയസ്സുവരെ പ്രായമുള്ള പെൺകുട്ടികളുടെ എണ്ണം	14 മുതൽ 18 വയസ്സുവരെ പ്രായമുള്ള പെൺകുട്ടികളുടെ എണ്ണം	അകെ
25497	31194	56691

(ഉറവിടം- ഐ. സി.ഡി.എസ്സ്- എം.പി.ആർ)

സബല ഗുണഭോക്താക്കളുടെ എണ്ണം

11 മുതൽ 14 വയസ്സുവരെ പ്രായമുള്ള പെൺകുട്ടികളുടെ എണ്ണം	14 മുതൽ 18 വയസ്സുവരെ പ്രായമുള്ള പെൺകുട്ടികളുടെ എണ്ണം	അകെ
81 (സ്കൂളിൽ പോകാത്ത കുട്ടികൾ മാത്രം)	27857	27938

(ഉറവിടം- ഐ. സി.ഡി.എസ്സ്- എം.പി.ആർ)

സ്കൂളിൽ പോകാത്ത പെൺകുട്ടികളുടെ എണ്ണം

11 മുതൽ 14 വയസ്സുവരെ പ്രായമുള്ള പെൺകുട്ടികളുടെ എണ്ണം	14 മുതൽ 18 വയസ്സുവരെ പ്രായമുള്ള പെൺകുട്ടികളുടെ എണ്ണം	അകെ
62	290	352

(ഉറവിടം- ഐ. സി.ഡി.എസ്സ്- എം.പി.ആർ)

14 വയസ്സുമുതൽ 18 വയസ്സുവരെയുള്ള കുട്ടികളിലാണ് സ്കൂൾ കൊഴിഞ്ഞുപോക്ക് കൂടുതലായി കണ്ടു വരുന്നത്. കൊഴിഞ്ഞുപോകുന്ന കുട്ടികൾ ശൈശവ വിവാഹത്തിന് വിധേയരാവുകയും തോട്ടം മേഖലയിൽ തൊഴിലെടുക്കുകയും ചെയ്യുന്നതായി കണ്ടുവരുന്നു.

അവസ്ഥാ വിശകലനം

കുട്ടികൾക്കുവേണ്ടി സംസ്ഥാന/കേന്ദ്ര സർക്കാർ തലങ്ങളിൽ നിരവധി പദ്ധതികൾ നിലവിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നു.

കുട്ടികൾക്കുവേണ്ടിയുള്ള കേന്ദ്ര സർക്കാർ പദ്ധതികൾ

സംയോജിത ശിശുവികസന സേവന പദ്ധതി (ഐ.സി.ഡി.എസ്സ്)

1975 ഒക്ടോബർ 2 ന് നടപ്പിലാക്കിയ ഐ.സി.ഡി.എസ്സ് പദ്ധതി ഇന്ന് ശൈശവ വികസന രംഗത്ത് ലോകത്തിലെ ഏറ്റവും ബൃഹത്തായ പദ്ധതിയായി മാറിയിട്ടുണ്ട്.

- 6 വയസ്സുവരെയുള്ള പോഷക ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുക.
- ശിശുക്കളുടെ സമഗ്ര വികാസത്തിന് വേണ്ട അടിത്തറയിടുക.
- ശരിയായ പോഷണ ആരോഗ്യ വിദ്യാഭ്യാസത്തിലൂടെ കുട്ടികളുടെ പോഷക ആവശ്യങ്ങൾ നിറവേറ്റുക
- അനൗപചാരിക പ്രീ-സ്ക്കൂൾ വിദ്യാഭ്യാസം ലഭ്യമാക്കുക.

എന്നിവയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്.

സംയോജിത ശിശു സംരക്ഷണ പദ്ധതി

ബാലനീതി നിയമം 2015 ന്റേയും അനുബന്ധനിയമങ്ങളുടേയും പഞ്ചായത്ത് തലം വരെയുള്ള നടത്തിപ്പ് പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നു. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ, ഇരകളായും, സാക്ഷികളായും എത്തുന്ന കുട്ടികൾ , ഭിന്നശേഷിയുള്ള കുട്ടികൾ, ഭിക്ഷയാചിക്കുന്ന കുട്ടികൾ, അനാഥരായ കുട്ടികൾ തുടങ്ങി പ്രത്യേക ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികളുടെ വിശദാംശങ്ങൾ ശേഖരിച്ച് ഓരോ കുട്ടിയുടേയും വ്യക്തിഗത ശ്രദ്ധാപദ്ധതി തയ്യാറാക്കി ഇടപെടുകയും ചെയ്യുന്നതാണ് പദ്ധതിയുടെ രീതി.

കൗമാരക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിന് വേണ്ടിയുള്ള പദ്ധതി(എസ്സ്.എ.ജി)

സ്കൂളിൽ നിന്നും കൊഴിഞ്ഞ് പോയവർക്ക് ഉന്നൽ നൽകിക്കൊണ്ട് 11 നും 14 നും ഇടയിലുള്ള കൗമാരക്കാരായ പെൺകുട്ടികളുടെ പോഷക ആരോഗ്യ നിലവാരം മെച്ചപ്പെടുക്കുകയും ഗാർഹിക വൈദഗ്ധ്യം, ജീവന വൈദഗ്ധ്യം, തൊഴിൽ വൈദഗ്ധ്യം എന്നിവയുടെ നിലവാരം ഉയർത്തിക്കൊണ്ട് അവരെ ശാക്തീകരിക്കുന്ന പ്രവർത്തനങ്ങളാണ് പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്.

ശിശു ഗൃഹ പദ്ധതി

കുട്ടികളുടെ സംരക്ഷണത്തിൽ സാമാന്യ നിലവാരം ഉറപ്പ് വരത്തക്ക രീതിയിൽ ദത്തെടുക്കൽ രാജ്യത്തിനകത്തു തന്നെ പരിമിതപ്പെടുത്തുന്നതിനായി കുട്ടികൾക്ക് വേണ്ടിയുള്ള പാർപ്പിടങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്.

ഉജ്ജ്വല

വാണിജ്യ ലൈംഗിക ചൂഷണത്തിനായി സ്ത്രീകളേയും, കുട്ടികളേയും കടത്തിക്കൊണ്ട് പോകുന്നത് തടയുക, ഇരകളെ രക്ഷപെടുത്തി പുനരധിവസിപ്പിക്കുക, അതിർത്തി കടന്നുപോകുന്ന ഇരകൾക്ക് തങ്ങളുടെ മാതൃ രാജ്യത്തേയ്ക്ക് മടങ്ങാനുള്ള സൗകര്യമൊരുക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ.

കുട്ടികൾക്ക് വേണ്ടിയുള്ള സംസ്ഥാന സർക്കാർ പദ്ധതികൾ

ക്യാൻസർ സുരക്ഷാ പദ്ധതി.

ചികിൽസാ ചെലവ് താങ്ങാനാവാത്ത വിധം ദരിദ്ര കുടുംബങ്ങളിൽ നിന്നും വരുന്ന 18 വയസ്സിൽ താഴെയുള്ള ക്യാൻസർ ബാധിതരായ കുട്ടികൾക്കായി 2008 നവംബർ 1 ന് കേരള സർക്കാർ ക്യാൻസർ സുരക്ഷാ പദ്ധതി ആരംഭിച്ചു. ഈ പദ്ധതി പ്രകാരം അർഹരായ കുട്ടികളെ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സർക്കാർ ആശുപത്രികളിൽ സൗജന്യമായി ചികിൽസിക്കുന്നു.

കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ

2013 ജൂൺ 3 ന് കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ പ്രവർത്തനം ആരംഭിച്ചു. സംസ്ഥാന സർക്കാരിന്റെ സെക്രട്ടറി പദവിയിലുള്ള ഓഫീസറാണ് ഭരണപരമായ കാര്യങ്ങളിൽ കമ്മീഷനെ സഹായിക്കുന്നത്. ഭരണ വിഭാഗം, സാമ്പത്തീക വിഭാഗം, പൊതുജന സമ്പർക്ക വിഭാഗം, എന്നിവ കൂടാതെ പോക്സോ നിയമത്തിന്റെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനായി പോക്സോ സെല്ലും, നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യസ അവകാശ നിയമത്തിന്റെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനായി ഒരു ആർ. റ്റി. ഇ സെല്ലും കമ്മീഷനിൽ പ്രവർത്തിക്കുന്നു.

ശിശു ക്ഷേമ സമിതി

ബാല നീതി നിയമം അനുസരിച്ച് കുട്ടികളുടെ സുരക്ഷ, പരിപാലനം, ചികിൽസ എന്നിവയുമായി ബന്ധപ്പെട്ട കേസുകൾ തീർപ്പാക്കുന്നതിനും മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനും വേണ്ടിയാണ് എല്ലാ ജില്ലകളിലും ശിശുക്ഷേമ സമിതികൾ രൂപീകരിച്ചിട്ടുള്ളത്.

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

വിദ്യാർത്ഥികളിൽ നിയമ, ക്രമസമാധാന പാലനത്തിനുള്ള ആഭിമുഖ്യവും അറിവും വളർത്തുന്നതിനും, നിയമ ക്രമസമാധാന മേഖലകളിൽ ഇവരുടെ സഹകരണം ഉറപ്പാക്കുന്നതിനുമായി കേരള സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണിത്.

സനാഥ ബാല്യം

ജൂവനൈൽ ജസ്റ്റീസ് ആക്റ്റ് ആൻഡ് ഓർഫനേജസ് ആൻഡ് അദർ ചാരിറ്റബിൾ ഹോം അക്ടിലെ ചട്ടങ്ങൾ കർശനമായി നടപ്പിലാക്കിക്കൊണ്ട് അനാഥരായ കുട്ടികളുടെ ദത്തെടുക്കൽ അംഗീകൃത ഏജൻസികൾ മുഖേന നടപ്പിലാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

സ്റ്റേറ്റ് പ്ലാൻ ഓഫ് ആക്ഷൻ 2004

കുട്ടികളുടെ ശാരീരിക മാനസീക ആരോഗ്യം, ആതുര സേവനങ്ങൾ, പോഷകാഹാരം, വിദ്യാലയപൂർവ്വ വിദ്യഭ്യാസവും, സ്കൂൾ വിദ്യാഭ്യാസവും, ബാലപീഡനം, കൗമാരകാല പ്രശ്നങ്ങൾ, ബാലവേല, കുട്ടികളെ കടത്തൽ, തെരുവുബാല്യം, പ്രത്യക ശ്രദ്ധ ആവശ്യമുള്ള കുട്ടികൾ എന്നങ്ങനെ കുട്ടികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന എല്ലാ ഏജൻസികളുടേയും ഉപവകുപ്പുകളുടേയും സ്റ്റേറ്റാക്ക് ഹോൾഡർമാരുടേയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.

എച്ച് ഐ വി ബാധിതരായ കുട്ടികൾക്കും സ്ത്രീകൾക്കുമുള്ള പോഷകാഹാര പദ്ധതി

സാമൂഹ്യ നീതി വകുപ്പും , കേരള സംസ്ഥാന ഏയ്ഡ്സ് കൺട്രോൾ സൊസൈറ്റിയും നടത്തുന്ന ആന്റി -റെട്രോ വൈറൽ തെറാപ്പി ക്ലിനിക്കുകളിലും, ലിങ്ക് ആർട്ട് ക്ലിനിക്കുകളിലും രജിസ്റ്റർ ചെയ്തിട്ടുള്ള രോഗബാധിതരായ സ്ത്രീകൾക്കും , കുട്ടികൾക്കും പൂരകപോഷകാഹാരം വിതരണം ചെയ്യുന്നു.

ശൈശവ വിവാഹ നിരോധന നിയമം 2006

2007 നവംബർ 1 മുതൽ നിലവിൽ വന്ന ഈ നിയമപ്രകാരം 21 വയസ്സിൽ താഴെപ്രായമുള്ള ആൺകുട്ടികളുടേയും 18 വയസ്സിൽ താഴെ പ്രായമുള്ള പെൺകുട്ടികളുടേയും വിവാഹം നിയമപരമായി നിരോധിച്ചിരിക്കുന്നതിനാൽ ശിശു വികസന പദ്ധതി ഓഫീസർമാരേയാണ് ശൈശവ വിവാഹ നിരോധന ഓഫീസർമാരായി നിയമിച്ചിരിക്കുന്നത്.

ഒ ആർ സി പദ്ധതി

കുട്ടികളുടെ വ്യക്തിത്വ വികാസത്തിനും സംരക്ഷണത്തിനും നേതൃത്വം നൽകാൻ ഉത്തരവാദിത്വപ്പെട്ട സർക്കാർ വകുപ്പുകളായ വിദ്യാഭ്യാസം, ആരോഗ്യം,പോലീസ്, തദ്ദേശസ്വയംഭരണം, സർക്കാരിതര പ്രസ്ഥാനങ്ങൾ, രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവർ ഒന്നിച്ച് കൈകോർത്തുകൊണ്ട് സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന ഓ.ആർ.സി.പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. സമൂഹത്തിൽ സർക്കാർ, സർക്കാർ ഇതര മേഖലയിൽ കുട്ടികളുടെ വ്യക്തിവികാസത്തിനും സംരക്ഷണത്തിനും വേണ്ടി നിലകൊള്ളുന്ന വിവിധ പ്രസ്ഥാനങ്ങളുടേയും സംഘടനകളുടെയും പ്രവർത്തനത്തിന്റെ ഏകോപനത്തിന് സാഹചര്യമൊരുക്കുക.

2.കുട്ടികളോടുള്ള ഉത്തരവാദിത്വം നിറവേറ്റുന്നതിൽ രക്ഷിതാക്കളെയും അദ്ധ്യാപകരേയും സമൂഹത്തെയും പ്രാപ്തരാക്കുന്നതിനും ബോധവത്കരിക്കുന്നതിനും ആവശ്യമായ നേതൃത്വം നൽകുക.

3. അനാരോഗ്യകരമായ സാമൂഹിക വ്യതിയാനത്തിൽ നിന്നും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ നിന്നും കുട്ടികളെ ഫലപ്രദമായി സംരക്ഷിക്കുക.

4.ആശാസ്യകരമല്ലാത്ത സ്വഭാവ വ്യതിയാനങ്ങൾ സംഭവിച്ചിട്ടുള്ള കുട്ടികളെ കണ്ടെത്തി അവരെ കൗൺസിലിംഗ്, മെന്ററിംഗ്, വിദഗ്ദ്ധ പരിചരണം, സർഗ്ഗാത്മകവും ഗുണകരവുമായ പ്രവർത്തിയിലേയ്ക്കുള്ള തിരിച്ചുവിടൽ എന്നിവയിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരിക.

കുട്ടികൾക്കായി ജീവിത നൈപുണി (ലൈഫ് സ്കിൽ) പരിശീലനം, അവരുടെ വിവിധങ്ങളായ കഴിവുകളെയും പ്രയാസങ്ങളെയും കുറിച്ചുള്ള പഠനങ്ങൾ, സർഗ്ഗാത്മകമായ കഴിവുകളെ പരിപോഷിപ്പിക്കൽ, കുട്ടികളുടെ വ്യക്തിത്വ വികാസത്തിനും സംരക്ഷണത്തിനും ക്രിയാത്മകമായ ഇടപെടലുകൾ, രക്ഷിതാക്കൾക്കായി ഫലപ്രദമായ രക്ഷാകർത്തൃത്വത്തെ സംബന്ധിച്ച പരിശീലനം, അദ്ധ്യാപിക/അദ്ധ്യാപകർക്കുള്ള പരീശീലന പരിപാടികൾ തുടങ്ങിയവ ഓ.ആർ.സി. പദ്ധതിയുടെ പ്രവർത്തനങ്ങളാണ്. പ്രത്യേക പരിചരണം ആവശ്യമുള്ള കുട്ടികൾക്ക് അതിനായിട്ടുള്ള സാഹചര്യങ്ങളൊരുക്കുകയും അവരെ മെന്റർ ചെയ്യുകയും ചെയ്യുക എന്നത് ഓ.ആർ.സി.യുടെ പ്രധാന ഇടപെടലുകളിൽ ഒന്നാണ്.

കൗമാരക്കാരായ പെൺകുട്ടികൾക്ക് സ്കൂളുകളിൽ കൗൺസിലിംഗ്

കൗമാരക്കാരായ പെൺകുട്ടികളുടെ ശാരീരികവും, മാനസീകവും, സാമൂഹികവുമായ ആവശ്യ ങ്ങളോട് ഫലപ്രദമായി പ്രതികരിക്കുക എന്ന ലക്ഷ്യത്തോടെ 2008 മുതൽ സംസ്ഥാനത്ത് സ്കൂളുകൾ മുഖേന സൈക്കോ സോഷ്യൽ കൗൺസിലിംഗ് പദ്ധതിനടപ്പാക്കി വരുന്നു.

ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതികൾ

ഗ്രാമ പഞ്ചായത്ത്.

1. അങ്കണവാടികൾ മുഖേനയുള്ള പോഷകാഹാര വിതരണം.
2. അങ്കണവാടി കെട്ടിട നിർമ്മാണം.
3. ബാലസഭ.
4. കുട്ടികളുടെ സുരക്ഷയ്ക്കു വേണ്ടി അങ്കണവാടിക്ക് ചുറ്റുമതിൽ നിർമ്മാണം.
5. തായ്ക്കോണ്ട പരിശീലനം.
6. അങ്കണവാടി നവീകരണം.
7. സ്കൂളുകളിൽ നടപ്പാക്കിവരുന്ന നാപ്കിൻ വെൻഡിഗ് മെഷീൻ പദ്ധതി
8. അങ്കണവാടികൾക്ക് കളിയുപകരണങ്ങൾ വാങ്ങി നൽകൾ
9. അങ്കണവാടികൾക്ക് ഫർണ്ണീച്ചർ വാങ്ങി നൽകൽ.
10. സ്കൂൾ വിദ്യാർത്ഥിനികൾക്ക് സാനിട്ടറി നാപികിൻ വിതരണ പദ്ധതി
11. നിർഭയ പദ്ധതി -തെരുവുനാടകങ്ങളിലൂടെയുള്ള ബോധവത്കരണ പരിപാടി.

ബ്ലോക്ക് പഞ്ചായത്ത്

1. അനീമിയ സ്ക്രീനിംഗ് പദ്ധതി.
2. ബേബി ബഡ്ഡ് വാങ്ങി നൽകൽ.
3. സൗജന്യ ഡയബറ്റിക്ക് നിർണ്ണയ ക്യാമ്പുകൾ.
4. അങ്കണവാടി കെട്ടിട നിർമ്മാണം.

വികസന വിടവുകളും പ്രശ്നങ്ങളും

1. പ്രധാനപ്പെട്ട പട്ടണങ്ങളിൽ മുലയൂട്ടൽ കേന്ദ്രങ്ങളുടെ അഭാവം.
2. താലൂക്ക് ഓഫീസുകൾ,സിവിൽ സ്റ്റേഷനുകൾ തുടങ്ങിയ വനിതാ ജീവനക്കാർ കൂടുത ലായുള്ള കേന്ദ്രങ്ങളിൽ ഡേ- കെയർ സംവിധാനങ്ങളുടെ അഭാവം.

3. ദിവസ വേതനക്കാരായ (തോട്ടം തൊഴിലാളികൾ തുടങ്ങിയവർ) സ്ത്രീകളുടെ കുട്ടികളെ പകൽസമയങ്ങളിൽ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള പകൽ പരിപാലന കേന്ദ്രങ്ങളുടെ അഭാവം.
4. 11 വയസ്സുമുതൽ 14 വയസ്സുവരെയുള്ള പെൺകുട്ടികൾക്ക് അനുപൂരക പോഷകാഹാര ത്തിന്റെ അഭാവം.
5. 18 വയസ്സുവരെയുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ ആൺകുട്ടികളുടെ ന്യൂന പോഷണം പരിഹരിക്കുന്നതിനുള്ള പദ്ധതികളുടെ അഭാവം.
6. കുട്ടികളിൽ സമ്പാദ്യ ശീലം വളർത്തുന്നതിനു വേണ്ടിയുള്ള പദ്ധതികളുടെ അഭാവം.
7. സ്കൂൾ തലങ്ങളിലും, പഞ്ചായത്തു തലങ്ങളിലും മികവ് പ്രകടിപ്പിക്കുന്ന കലാ കായിക പ്രതിഭകളെ പ്രോൽസാഹിപ്പിക്കുന്നതിനും, സ്പോൺസർ ചെയ്യുന്നതിനുമുള്ള പദ്ധതിക ളുടെ അഭാവം.
8. സ്കൂൾ കോളേജ് വിദ്യാർത്ഥികളിൽ വർദ്ധിച്ചു വരുന്ന ലഹരി ഉപയോഗം തടയുന്നതി നുള്ള പദ്ധതികളുടേയും പഠനങ്ങളുടേയും അഭാവം.
9. കുട്ടികൾ നേരിടേണ്ടി വരുന്ന വിവിധ തരത്തിലുള്ള ശാരീരികവും മാനസീകവും ലൈംഗീകവുമായ ചൂഷണങ്ങൾ നേരിടുന്നതിന് കുട്ടികളെ പ്രാപ്തരാക്കന്ന വിവിധ പദ്ധ തികളുടേയും പഠന സഹായികളുടേയും അഭാവം.

വികസന പരിപ്രേക്ഷ്യ നിർദ്ദേശങ്ങൾ

ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ഓരോ കുട്ടികളുടെയും പ്രായത്തിനനുയോജ്യമായ തരത്തിലുള്ള ലൈംഗീക വിദ്യാ ഭ്യാസം സിലബസിന്റെ ഭാഗമാക്കുക.
2. കുട്ടികൾക്ക് പ്രാഥമിക ചികിൽസാ പരിശീലനം സിലബസ്സിന്റെ ഭാഗമാക്കുക. കുട്ടികളിലെ ആത്മഹത്യ പ്രവണത നേരിടുന്നതിനായി Toll Free number ഉപയോഗിച്ചുള്ള കൗൺസിലിംഗ് സംവിധാനം സ്ഥിരമായി ഏർപ്പെടുത്തുക.
3. സ്കൂൾ ഹെൽത്ത് പ്രോഗ്രാം മതിയായ ജീവനക്കാരെ നിയമിച്ചും അടിസ്ഥാന സൗകര്യ ങ്ങൾ വർദ്ധിപ്പിച്ചും കൂടുതൽ കാര്യക്ഷമമാക്കുക.
4. ഇടുക്കി ജില്ലയിൽ ചിൽഡ്രൻസ് ഹോം ആരംഭിക്കുക
5. ഇടമലക്കുടിയിൽ 0-5 കുട്ടികൾക്ക് സ്നേഹഷിവിർ പദ്ധതി നടപ്പിലാക്കുക.
6. ഇടമലക്കുടിയിൽ കുട്ടികളെ വിദ്യാലയങ്ങളിൽ എത്തിക്കുന്നതിന് പ്രൊമോട്ടർമാരെ നിയ മിക്കുക.
7. സ്കൂളുകളിൽ പ്രഭാത ഭക്ഷണം നൽകുന്ന പദ്ധതി ആരംഭിക്കുക.
8. എല്ലാ കുട്ടികൾക്കും ഹെൽത്ത് കാർഡ് നൽകുക. (ബി.എം.ഐ, പ്രതിരോധ കുത്തിവ യ്പ്പുകൾ, എച്ച്. ബി. മുതലായവ രേഖപ്പെടുത്തിയത്)

ജില്ലാ പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കേണ്ടത്

1. ഗർഭ ധാരണ കാലയളവിൽ സ്ത്രീകൾ അഭിമുഖീകരിക്കുന്ന മാനസീക സമ്മർദ്ദങ്ങൾ പരിഹരിക്കുന്നതിന് തലൂക്ക് ആശുപത്രിയോട് അനുബന്ധിച്ച് കൗൺസിലിംഗ് സംവി ധാനം ഏർപ്പെടുത്തുക.
2. അഭിരുചിക്കനുസരിച്ച് അനുയോജ്യമായ പഠന മേഖലകൾ തിരഞ്ഞെടുക്കുന്നതിന് സൗജന്യ കരിയർ ഗൈഡൻസ് ക്ലിനിക്കുകൾ സ്കൂളുകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കുക.

3. കുട്ടികളുടെ ശാസ്ത്രീയമായ കണ്ടുപിടുത്തങ്ങൾ പ്രദർശിപ്പിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനും അതുവഴി ഉന്നത സ്കോളർഷിപ്പുകൾ കരസ്ഥമാക്കുന്നതിനമുള്ള പ്ലാറ്റ്ഫോം ജില്ലാ തലത്തിൽ നടപ്പിൽ വരുത്തുക.
4. ദിവസ വേതനക്കാരായ (തോട്ടം തൊഴിലാളികൾ തുടങ്ങിയവർ) സ്ത്രീകളുടെ കുട്ടികളെ പകൽ സമയങ്ങളിൽ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള പകൽ പരിപാലന കേന്ദ്രങ്ങൾ ഏർപ്പെടുത്തുക.

ഹ്രസ്വകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

ജില്ലാ പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കേണ്ടത്

1. എല്ലാ സർക്കാർ വിദ്യാലയങ്ങളിലും കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ജല ലഭ്യതയുള്ള ടോയ്‌ലറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തുക.
2. കുട്ടികളുടെ ഉല്ലാസവും കായിക വിവസനവും ലക്ഷ്യമാക്കി കളിസ്ഥലങ്ങൾ, പാർക്കുകൾ എന്നിവ സ്ഥാപിക്കുക.
3. ഇടുക്കി ജില്ലയിലെ എല്ലാ ഹൈസ്ക്കൂൾ, ഹയർ സെക്കന്ററി സ്കൂൾ എന്നിവിടങ്ങളിൽ കൗൺസിലിംഗ് റൂമുകൾ നിർമ്മിക്കുക/സജ്ജീകരിക്കുക.
4. തോട്ടം മേഖലയിൽ തൊഴിലെടുക്കുന്ന കുട്ടികളെ കണ്ടെത്തി വിദ്യാലയങ്ങളിലേയ്ക്ക് തിരിച്ചെത്തിക്കുന്നതിനുള്ള പദ്ധതി ആരംഭിയ്ക്കുക.
5. എല്ലാ വിദ്യാലയങ്ങളിലും കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിജിലൻസ് കമ്മറ്റികൾ രൂപീകരിക്കുക.
6. വിദ്യാലയത്തിന്റെ ഹരിതവത്കരണം സാധ്യമാക്കുന്ന പോഷണത്തോട്ടങ്ങൾ, പൂന്തോട്ടങ്ങൾ വനവത്കരണം തുടങ്ങിയവ നടപ്പിലാക്കുക.
7. കുട്ടികൾ സ്കൂളിൽ ഹാജരാകാതിരുക്കുന്നത് കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമുള്ള നിരീക്ഷണ സംവിധാനം നടപ്പിലാക്കുക. ഓൺലൈൻ അറ്റന്റൻസ് ട്രാക്കിംഗ് സംവിധാനം ഉപയോഗപ്പെടുത്താം.
8. എല്ലാ വിദ്യാലയങ്ങളുലും ക്ലാസ്സ് റൂമുകളിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിക്കുക.
9. പട്ടിക വർഗ്ഗക്കോളനികളിൽ പഠന മുറി സജ്ജീകരിക്കുക.
10. താലൂക്കാശുപത്രികൾ ബാലസൗഹൃദമാക്കുക.

ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കേണ്ടത്.

1. പി.എസ്സ്.സി/ ബാങ്ക് കോച്ചിംഗ്/ സിവിൽ സർവ്വീസ്/ മെഡിക്കൽ/ എൻജിനീയറിംഗ് കോച്ചിംഗ് സെന്ററുകൾ ബ്ലോക്ക് തലത്തിൽ ആരംഭിക്കുക.
2. സി.എച്ച്.സി കൾ ബാലസൗഹൃദമാക്കുക.
3. സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിന് വേണ്ടി വിദ്യാർത്ഥികളേയും, മാതാപിതാക്കളേയും, അദ്ധ്യാപകരേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ക്ലബ്ബുകൾ രൂപീകരിച്ച് ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
4. തോട്ടം മേഖലകൾ കേന്ദ്രീകരിച്ച് പെൺകുട്ടികൾക്ക് ശൈശവ വിവാഹ നിരോധന നിയമം സംബന്ധിച്ച് ബോധവത്കരണ സെമിനാറുകൾ സംഘടിപ്പിക്കുക.
5. വൈകല്യമുള്ള കുട്ടികളെ കണ്ടത്തുന്നതിന് അങ്കണവാടി വർക്കർമാർക്ക് നൈപുണ്യ പരിശീലനം നൽകുക.

ഗ്രാമ പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കേണ്ടത്.

1.കുട്ടികളുടെ ശാരീരികവും മാനസീകവുമായ ആരോഗ്യ സംരക്ഷണം, സ്വയം സംരക്ഷണം, ആത്മവിശ്വാസം വളർത്തുക എന്നീ ലക്ഷ്യങ്ങളോടെ എൽ പി, യൂ പീ സ്കൂൾ തലത്തിൽ തായ്ക്കോണ്ട/കരാട്ടേ/മാർഷ്യൽ ആർട്ട്സ് എന്നിവയുടെ പരിശീലനം സംഘടിപ്പിക്കുക.

2. ആദിവാസികുടികൾ കേന്ദ്രീകരിച്ച് ക്രഷുകൾ ആരംഭിക്കുക.

3.എല്ലാ സർക്കാർ എൽ.പി./ യൂ പി വിദ്യാലയങ്ങളിലും കുട്ടികളുടെ എണ്ണത്തിന് ആനുപാതിക മായി ജല ലഭ്യതയുള്ള ടോയ്‌ലറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തുക.

4.എല്ലാ സർക്കാർ എൽ.പി./ യൂ പി വിദ്യാലയങ്ങളിലും ക്ലാസ്സ് മുറികളിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിക്കുക.

5. പി. എച്ച് സി കൾ ബാലസൗഹൃദമാക്കുക.

6. ആദിവാസി മേഖലകളിൽ ജനന രജിസ്ട്രേഷനായി പ്രത്യേക സംവിധാനം ഒരുക്കുക.

7. റോഡ് സുരക്ഷയെക്കുറിച്ച് കുട്ടികളിൽ അവബോധം ഉണ്ടാക്കുന്നതിനായി ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

8. കുട്ടികളുടെ ബാലസഭ (ഗ്രാമസഭ മാതൃകയിൽ) വർഷത്തിൽ രണ്ടു തവണ എങ്കിലും നട പ്പിലാക്കുക.

9. കുട്ടികൾക്കായുള്ള പദ്ധതികൾ കുട്ടികളെ ഉൾപ്പെടുത്തി സോഷ്യൽ ഓഡിറ്റ് നടത്തുക.

10. എല്ലാ ശിശു പരിപാലന ഇടങ്ങളിലും (ക്രഷുകൾ, അങ്കണവാടികൾ മുതലായവ) ശിശു സൗഹൃദ പശ്ചാത്തലം ഒരുക്കുക. പ്രായനുസൃതമായ പ്രവർത്തനങ്ങൾക്കും, കളികൾക്കും ആവ ശ്യമായ ഉപകരണങ്ങൾ വിതരണം ചെയ്യുക.

11.എൽ. പി./യൂ പീ സ്കൂളുകളിൽ ജൈവഗ്രാമം പദ്ധതി നടപ്പിലാക്കുക

12.അങ്കണവാടികൾ, സ്കൂളുകൾ എന്നിവിടങ്ങളിൽ മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ ഏർപ്പെടുത്തുക.

13. അങ്കണവാടികളിൽ ഉയര,തൂക്ക ഉപകരണങ്ങൾ ലഭ്യമാക്കുക.

<u>സംയോജന ഏകോപന സാധ്യതകൾ</u>

1.മതിയായ യാത്രാ സൗകര്യം ഇല്ലാത്ത മേഖലകളിലെ വിദ്യാർത്ഥികൾക്കു വേണ്ട സമാന്തര ഗതാഗത സംവിധാനം ഒരുക്കുക.കുട്ടികൾക്ക് സൈക്കിൾ വിതരണം ചെയ്യുക.

2.സ്വകാര്യ /പൊതു ഗതാഗത സംവിധാനങ്ങൾ വിദ്യാർത്ഥി സൗഹൃദമാക്കുക.

3.ഇടുക്കി ജില്ലയിലെ എല്ലാ ചെറു പട്ടണങ്ങളിലേയും പ്രധാനപ്പെട്ട ബസ്സ് കാത്തിരിപ്പ് കേന്ദ്രങ്ങ ളോട് അനുബന്ധിച്ച് വിദ്യാർത്ഥിനികൾക്കും സ്ത്രീകൾക്കുമായുള്ള വിശ്രമമുറിയും അതിനോട നുബന്ധിച്ച് മുലയൂട്ടൽ കേന്ദ്രവും ടോയ്‌ലറ്റ് സംവിധാനവും ഏർപ്പെടുത്തുക.

4.വനിതാ ജീവനക്കാർ കൂടുതലായുള്ള സർക്കാർ സ്ഥാപനങ്ങൾ, പ്രൈവറ്റ് സ്ഥാപനങ്ങൾ മറ്റ്തൊഴിലിടങ്ങൾ എന്നിവ കേന്ദ്രീകരിച്ച് മൂന്ന് വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളെ സംര ക്ഷിക്കുന്നതിനുള്ള ഡേ-കെയർ സെന്ററുകൾ ആരംഭിക്കുക.

5.പഠന സൗഹൃദ അന്തരീക്ഷം ഇല്ലാത്ത കുടുബങ്ങളിലെ കുട്ടികൾക്കുവേണ്ടി കംപ്യൂട്ടർ/ ഇന്റർനെറ്റ് സംവിധാനങ്ങളോട് കൂടിയ പഠന വീടുകൾ ക്രമീകരിക്കുക.

6.5വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്കുവേണ്ടി ബാലോൽസവം സംഘടിപ്പിക്കുക.

വയോജനക്ഷേമം

ഭാരതത്തിലെ 60 വയസ്സ് കഴിഞ്ഞവരുടെ സംഖ്യ ത്വരിതഗതിയിൽ വർദ്ധിച്ചുകൊണ്ടിയിരിയ്ക്കുന്നു. 1961 ൽ മുതിർന്നവരുടെ സംഖ്യ 25.06 ദശലക്ഷം ആയിരുന്നു. 50 വർഷം കഴിഞ്ഞപ്പോൾ 2011 ൽ അത് നാല് ഇരട്ടി വർദ്ധിച്ച് 103.9 ദശലക്ഷത്തിൽ എത്തിയിരിക്കുന്നു. മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ ജനസംഖ്യയിൽ വയോജനങ്ങളുടെ വർദ്ധനവ് ശീഘ്രഗതിയിലാണ്. ജനസംഖ്യാ വർദ്ധനവിന്റെ നിരക്ക് കുറഞ്ഞു വരുമ്പോൾ വയോജനസംഖ്യയിലുള്ള വർദ്ധനവ് ഈ മേഖലയിൽ പ്രത്യേക ഇടപെടലുകളും സാമൂഹ്യസുരക്ഷാ പദ്ധതികളും നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത സൂചിപ്പിക്കുന്നു.

വയോജന ക്ഷേമം - വികസന പരിപ്രേക്ഷ്യം

മുതിർന്നവരുടെ പ്രശ്നങ്ങൾ സമൂഹത്തിന്റെ കൂടി പ്രശ്നങ്ങൾ ആണെന്നും സാമൂഹിക വികസനത്തിൽ മുതിർന്നവർക്ക് സജീവ പങ്കാളിത്തതിനുള്ള അവസരങ്ങൾ സൃഷ്ടിക്കുക എന്നത് ഭരണഘടനാപരമായ ഉത്തരവാദിത്വമാണെന്ന് അംഗീകരിക്കുന്ന നയസമീപനങ്ങളും പരിപാടികളുമാണ് വിഭാവനം ചെയ്യുന്നത്. മുതിർന്നവരെ ആരോഗ്യപരവും സാമ്പത്തികവും സാമൂഹികവുമായ തലങ്ങളിൽ ശാക്തീകരിക്കുന്നതിനുള്ള പദ്ധതികൾ പ്രാവർത്തികമാക്കേണ്ടതുണ്ട്. മുതിർന്നവരിൽത്തന്നെ പ്രായാധിക്യമുള്ളവർ, അവിവാഹിതർ, വിധവകൾ, കുട്ടികൾ ഇല്ലാത്തവർ, ഭിന്നശേഷിയുള്ളവർ, അനാഥർ, മാരകമായ രോഗം പിടിപെട്ടവർ എന്നിവരുടെ സവിശേഷമായ ആവശ്യങ്ങളും പ്രശ്നങ്ങളും പരിഹരിക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്.

പദ്ധതി ലക്ഷ്യങ്ങൾ

1. ഇടുക്കി ജില്ലയെ വയോജന സൗഹൃദ ജില്ലയാക്കി മാറ്റുക.
2. വയോജനങ്ങളുടെ സാമൂഹിക-ആരോഗ്യ-സാമ്പത്തിക പ്രശ്നങ്ങളിൽ ഫലപ്രദമായ ഇടപെടലുകൾ.
3. സർക്കാർ, സർക്കാതിര സംഘനകളുടെ പരസ്പരപൂരകമായ പ്രവർത്തനങ്ങൾ വഴി വയോജനങ്ങൾക്ക് സുസ്തിരമായ ജീവിതം ഉറപ്പുവരുത്തുക.

മുതിർന്നപൗരൻമാരുടെ ജനസംഖ്യ- ഇടുക്കി ജില്ല

പ്രായം	സ്ത്രീ	പുരുഷൻ	ആകെ
60-70	37364	36026	73390
70-80	20616	16681	37297
>80	10747	8009	18756

(അവലംബം-ഐസിഡിഎസ് ആനുവൽ സർവ്വേ 2016-17)

വയോജനങ്ങളുടെ എണ്ണത്തിൽ സ്ത്രീകൾ പുരുഷൻമാരേക്കാൾ കൂടുതലാണ്. പ്രായം കൂടുന്നതിന് അനുസരിച്ച് വ്യത്യാസം കൂടുന്നതായി കാണുന്നു.

മുതിർന്ന പൗരന്മാർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ

വയോജനങ്ങൾ അനുഭവിക്കുന്ന പ്രശനങ്ങൾ പലതും പരസ്പരം ബന്ധപ്പെട്ടതാകുന്നു.

1. സാമൂഹ്യമായ ഒറ്റപ്പെടൽ, അവഗണന.
2. സാമ്പത്തിക പരാശ്രയത്വം, ജീവിതാവശ്യങ്ങൾ നിറവേറ്റാൻ കഴിയാത്ത അവസ്ഥ.
3. അനുയോജ്യമായ തൊഴിലവസരങ്ങളുടെ അഭാവം.
4. സജീവവും ക്രിയാത്മകവുമായ സാമൂഹ്യജീവിതത്തിനുള്ള സാഹചര്യങ്ങൾ ഇല്ലായ്മ.
5. ജീവിതശൈലി രോഗങ്ങൾ, മറ്റ് ആരോഗ്യ പ്രശ്നങ്ങൾ, പോഷകാഹാര പ്രശ്നങ്ങൾ.
6. പ്രായാധിക്യമുള്ളവരുടെ പ്രത്യേകമായ പ്രശ്നങ്ങൾ (അനാരോഗ്യം, പരാശ്രയത്വം).
7. അവിവാഹിതർ, വിധവകൾ, മക്കളില്ലാത്തവർ, കിടപ്പിലായവർ, ഗുരുതര രോഗബാധിതർ, ഭിന്നശേഷിയുള്ളവർ എന്നിവരുടെ പ്രത്യേകമായ പ്രശ്നങ്ങളും ആവശ്യങ്ങളും.
8. ജെറിയാട്രിക് കെയറിംഗ് പരിശീലനം ലഭിച്ച വിദഗ്ധരുടെ അപര്യാപ്തത.
9. ഹോംകെയർ സേവനങ്ങളുടെ അഭാവം.
10. ആസ്തികൾ, സ്വത്ത് എന്നിവ സംരക്ഷിക്കുന്നതിലെ പ്രശ്നങ്ങൾ.

വയോജനക്ഷേമം - കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ പദ്ധതികൾ

വയോജനങ്ങളുടെ ക്ഷേമത്തിനും സുരക്ഷിതത്വത്തിനും, മാനസിക ഉല്ലാസത്തിനും, വൈദ്യസഹായത്തിനും ആവശ്യമായ സൗകര്യങ്ങൾ നൽകി ഇത്തരം ആളുകളെ ഉൽപ്പാദനപരവും ക്രിയാത്മകവുമായ വാർദ്ധക്യത്തിലേയ്ക്ക് നയിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവയ്ക്ക് കേന്ദ്രസർക്കാർ ഈ പദ്ധതിപ്രകാരം ധനസഹായം നൽകുന്നു. ചുവടെ വിവരിക്കുന്ന പദ്ധതിപ്രവർത്തനങ്ങൾക്കാണ് ഗ്രാന്റ് നൽകിവരുന്നത്.

1. വൃദ്ധസദനങ്ങളുടെ നടത്തിപ്പ്.
2. മൊബൈൽ മെഡിക്കൽ കെയർ യൂണിറ്റ്.
3. അൽഷിമേഴ്സ് ഡിസീസ്/ഡിമൻഷ്യാ കെയർ, ഡേകെയർ സെന്റർ.
4. ഫിസിയോതെറാപ്പി ക്ലിനിക്കുകൾക്കുള്ള ധനസഹായം.
5. കൗൺസലിംഗ്, ഹെൽപ്പ് ലൈൻ എന്നിവയ്ക്കുള്ള ധനസഹായം.
6. വൃദ്ധജനങ്ങൾക്ക് സംരക്ഷണം നൽകുന്നവർക്കുള്ള പരിശീലനപരിപാടിയ്ക്ക് ധനസഹായം.
7. വരുമാനദായക തൊഴിലുകളിൽ ഏർപ്പെടുന്നതിന് ധനസഹായം.

സാമൂഹ്യസുരക്ഷാ പെൻഷൻ

60 വയസ്സിനു മുകളിൽ പ്രായമുള്ള വയോജനങ്ങൾക്ക് പ്രതിമാസം പെൻഷൻ നൽകുന്ന പദ്ധതി.

വൃദ്ധസദനങ്ങൾ

സംരക്ഷിക്കുവാൻ ആരുമില്ലാത്ത വയോജനങ്ങൾക്കും, 55 വയസ്സ് കഴിഞ്ഞ അംഗപരിമിതർക്കും സംരക്ഷണം നൽകുന്നതിന് സർക്കാർ അധീനതയിൽ തൊടുപുഴ മുതലക്കോടത്ത് വൃദ്ധവികലാംഗസദനം പ്രവർത്തിച്ചുവരുന്നു. കൂടാതെ കേരള ഓർഫനേജ് കൺട്രോൾ

ബോർഡിന്റെ അംഗീകാരമുള്ളതും സന്നദ്ധ സംഘടന നടത്തുന്നതുമായ വൃദ്ധ സദനങ്ങൾക്ക് ജില്ലയിൽ സർക്കാർ ധനസഹായം നൽകിവരുന്നു.

വയോ അമൃതം

സർക്കാർ നിയന്ത്രണത്തിലുള്ള വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് ആയുർവ്വേദ ചികിത്സ ലഭ്യമാക്കുന്ന പദ്ധതിപ്രകാരം ആയൂർവ്വേദ ഡോക്ടറുടെ സേവനവും മരുന്നുകളും നൽകിവരുന്നു.

മന്ദഹാസം

ദാരിദ്രരേഖയ്ക്ക് താഴെയുള്ള മുതിർന്ന പൗരന്മാർക്ക് കൃത്രിമ ദന്തനിര നൽകുന്ന പദ്ധതി.

വയോമിത്രം

വയോജനങ്ങളുടെ ആരോഗ്യസംരക്ഷണ പരിപാലനത്തിന് പ്രാധാന്യം നൽകി കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് വയോമിത്രം. ആദ്യഘട്ടമെന്ന നിലയിൽ കോർപ്പറേഷൻ, നഗരസഭ പ്രദേശങ്ങളിലെ 65 വയസ്സിന് മുകളിൽ പ്രായമായവർക്ക് മൊബൈൽ ക്ലിനിക്കുകൾ വഴി വൈദ്യസഹായവും മരുന്നും സൗജന്യമായി നൽകുന്നു.

സായംപ്രഭാ ഹോമുകൾ

60 വയസ്സ് കഴിഞ്ഞവർക്ക് പഞ്ചായത്ത് തലത്തിൽ പകൽ വീടുകൾ കേന്ദ്രീകരിച്ച് ഒത്തു ചേരുന്നതിനും ആരോഗ്യ പരിരക്ഷാ സേവനങ്ങൾ, മാനസിക ഉല്ലാസത്തിന് ഉതകുന്ന പ്രവർത്ത നങ്ങൾ, യോഗ, പോഷകാഹാരം ഉൾപ്പടെയുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനും ജെറിയാട്രിക് കെയറിൽ പരിശീലനം ലഭിച്ചവരുടെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണിത്. ജില്ല യിൽ പീരുമേട്, ചക്കുപള്ളം, നെടുങ്കണ്ടം എന്നീ പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കുന്നതി നുള്ള അനുമതിയും ഓരോ ഹോമിന്റെയും പ്രവർത്തനത്തിന് 2,80,000 രൂപ വീതവും അനുവദി ച്ചിട്ടുണ്ട്.

3G അങ്കണവാടികൾ

കുട്ടികൾ, സ്ത്രീകൾ, വയോജനങ്ങൾ എന്നീ മൂന്ന് തലമുറകൾക്ക് വേണ്ട സേവനങ്ങൾ ഒരേ കേന്ദ്രത്തിൽ നിന്നും ലഭ്യമാക്കുന്ന വിധത്തിലാണ് പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്. വയോജനങ്ങൾക്ക് മാനസികോല്ലാസത്തിനും, ആരോഗ്യപരിരക്ഷയ്ക്കുമുള്ള സേവന ങ്ങൾക്കൊപ്പം നാടൻ പാട്ടുകൾ, കഥകൾ എന്നിവ കുട്ടികൾക്ക് പകർന്ന് കൊടുക്കുന്നതിനുള്ള അവസരവും വയോജനങ്ങൾക്ക് ലഭിയ്ക്കുന്നു.

ത്രിതല പഞ്ചായത്തുകൾനടപ്പിലാക്കിവരുന്ന നിലവിലുള്ള പദ്ധതികൾ

പകൽവീടുകൾ

വയോജനങ്ങൾക്ക് പകൽ സമയങ്ങളിൽ ഒത്തുചേരുന്നതിനും, കൗൺസിലിംഗ്, റിക്രീയേ ഷൻ ഉൾപ്പടെയുള്ള വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനുമാണ് പകൽവീടുകൾവഴി ലക്ഷ്യമി ടുന്നത്.

വയോജനങ്ങൾക്ക് ഉപകരണങ്ങൾ

കണ്ണട, ഊന്നുവടി തുടങ്ങിയ സാമഗ്രികളാണ് വിതരണം ചെയ്യുന്നത്.

വയോജന ക്ലബ്ബുകൾ

അങ്കണവാടികൾ കേന്ദ്രീകരിച്ച് വയോജന ക്ലബ്ബുകൾ രൂപീകരിക്കുകയും, ബോധവൽക്കരണ ക്ലാസ്സുകൾ, കൗൺസിലിംഗ് ഉൾപ്പടെയുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

വികസന വിടവുകൾ, പ്രശ്നങ്ങൾ

വയോജനങ്ങൾക്കുവേണ്ടി ഫലപ്രദമായ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് പ്രായം തിരിച്ചുള്ള സമഗ്ര വിവരശേഖരണം ആവശ്യമാണ്.

1. ജെറിയാട്രിക് കെയറിൽ പരിശീലനം ലഭിച്ചവരുടെ അഭാവം.
2. തനിയെ താമസിക്കുന്ന വയോജനങ്ങൾക്ക് വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള പിന്തുണ സംവിധാനങ്ങളുടെ അഭാവം.
3. തൊഴിൽ ചെയ്യുന്നതിനും, ആദായകരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉപജീവനപദ്ധതികളിൽ കുറഞ്ഞനിരക്കിലുള്ള വായ്പാസൗകര്യം എന്നിവയുടെ അഭാവം.
4. പോഷകാഹാരമൂല്യമുള്ള ഭക്ഷണത്തിന്റെ പ്രാധാന്യം, ശുചിത്വം, വ്യായാമം എന്നിവ സംബന്ധിച്ച ബോധവൽക്കരണ പരിശീലനം ആവശ്യമാണ്.
5. വാർദ്ധക്യമെന്നത് ഒരു തുടർച്ചയായ പ്രക്രിയയാണെന്നും, ഒരു നിശ്ചിത പ്രായത്തിൽ പൊടുന്നനെ സംഭവിക്കുന്ന ഒന്നല്ലാ എന്നും അംഗീകരിച്ചുകൊണ്ട് ആരോഗ്യകരമായ ജീവിതശൈലി, സമ്പാദ്യം, മനോഭാവം എന്നിവ വളർത്തിയെടുക്കേണ്ടതുണ്ട്.
6. ഗതാഗത സംവിധാനം, കെട്ടിടങ്ങൾ, പൊതുസ്ഥാപനങ്ങൾ എന്നിവയിൽ മുതിർന്നവർക്ക് തടസ്സരഹിത സംവിധാനങ്ങൾ ഏർപ്പെടുത്തുക.
7. മുതിർന്ന പൗരന്മാർക്കുള്ള സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിലേയ്ക്ക് തിരിച്ചറിയൽ കാർഡ്.
8. തലമുറകൾ തമ്മിലുള്ള വിടവ് ഒഴിവാക്കുന്നതിനായി പാഠ്യപദ്ധതിയിൽ മാറ്റം, കലാലയങ്ങളിൽ ആശയവിനിമയത്തിനുള്ള അവസരങ്ങൾ.
9. കുടുംബശ്രീ മാതൃകയിൽ മുതിർന്നവരുടെ സ്വയംസഹായ സംഘങ്ങൾ.

വികസന പരിപ്രേക്ഷ്യം - നിർദ്ദേശങ്ങൾ

മേൽത്തട്ടു നിർദ്ദേശങ്ങൾ

1. വയോജനങ്ങലുടെ അടിസ്ഥാന പ്രശ്നങ്ങൾ സൗജന്യമായി പരിഹരിക്കുന്നതിനായി പ്രത്യേക പോലീസ് സ്റ്റേഷൻ
2. വയോമിത്രം പദ്ധതി എല്ലാ പഞ്ചായത്തുകളിലും വ്യാപിപ്പിക്കുക.

3.അങ്കണവാടികൾ മുഖേന വയോജനങ്ങൾക്ക് പോഷകാഹാരം വിതരണം ചെയ്യുന്നതിനുള്ള സമഗ്രപദ്ധതി.

4. വയോജന ക്ഷേമത്തിനായി പ്രത്യേക സർക്കാർ വകുപ്പ്.

5.തനിച്ച് പാർക്കുന്ന വയോജനങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് വാർഡ് തല സമിതികൾ രൂപീകരിക്കുക.

6.മുതിർന്നവരുടെ സമഗ്ര വിവരശേഖരണം.

7.പകൽ പരിപാലന കേന്ദ്രങ്ങൾ വിവിധ സേവനങ്ങൾ നൽകുന്ന കേന്ദ്രങ്ങളാക്കി

ഉയർത്തുക.

8.പ്രായാധിക്യമുള്ളവരുടെ മാനസിക, വൈകാരിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക മാനസികാരോഗ്യ പദ്ധതി

9.ആരോഗ്യവകുപ്പിലെ ഡോക്ടർമാർ, നേഴ്സുമാർ, ഫീൽഡ്തല ജീവനക്കാർ എന്നിവർക്ക് ജെറിയാട്രിക് കെയറിൽ പ്രത്യേക പരിശീലനം

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

ജില്ലാ പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കേണ്ടത്

1. കൗൺസിലിംഗ്, ഹെൽപ്പ് ഡെസ്ക്, ഹോം കെയർ സേവനങ്ങൾ,പകൽ പരിപാലന കേന്ദ്രങ്ങളിൽ ഫിസിയോതെറാപ്പി യൂണിറ്റുകൾ.
2. അൽഷിമേഴ്സ്/ഡിമൻഷ്യാ കെയർ സെന്ററുകൾ.
3. മുതിർന്നവർക്കായി പ്രത്യേക ആരോഗ്യ സേവന പാക്കേജ് (കൃത്യമായ ഇടവേളകളിലുള്ള മൊബൈൽ ക്ലിനിക്ക് വഴിയുള്ള മെഡിക്കൽ ചെക്കപ്പ്, സൗജന്യ മരുന്ന് വിതരണം)
4. മറ്റ് ചികിത്സാ വിഭാഗങ്ങളുടെ സേവനങ്ങൾ ഏകോപിപ്പിക്കുക

ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കേണ്ടത്.

1.മുതിർന്നവരുടെ സ്വയംസഹായ സംഘങ്ങൾ രൂപീകരിച്ച് വരുമാനദായക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

ഗ്രാമ പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കേണ്ടത്.

1.PHC, ആശുപത്രികൾ എന്നിവിടങ്ങളിൽ ജെറിയാട്രിക് ക്ലിനിക്കുകൾ ആരംഭിക്കുക.

2.ഭവനരഹിത വയോജനങ്ങൾ കൂടുതലായുള്ള തോട്ടം മേഖലകളിൽ പ്രത്യേക ഭവന പദ്ധതി, പുനരധിവാസ കേന്ദ്രങ്ങൾ..

3. പകൽവീടുകൾ, മറ്റ് കെയർ സ്ഥാപനങ്ങൾ എന്നിവയുടെ നടത്തിപ്പിൽ സർക്കാരിതര സംഘടനകൾ, വയോജന സംഘടനകൾ എന്നിവരുടെ സഹകരണം ഉറപ്പാക്കുക

സംയോജന ഏകോപന സാധ്യതകൾ

1. പകൽ വീട്-വയോജനങ്ങൾക്ക് പകൽ സമയത്ത് ഒത്തുകൂടുന്നതിനും, അവരുടെ പ്രശ്നങ്ങൾ, അറിവുകൾ എന്നിവ പങ്കിടുന്നതിനും അവസരം ഒരുക്കുക (ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾ)

2. മൊബൈൽ മെഡിക്കൽ യൂണിറ്റ്- വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ മുൻനിർത്തി മാസത്തിൽ രണ്ടു തവണ വീതം മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ സേവനം ലഭ്യമാക്കുക (ആയുഷ് പദ്ധതിയുമായി ബന്ധപ്പെടുത്തി ജില്ലാ പഞ്ചായത്ത് മുഖേന)

3.ശ്രവണ സഹായികൾ, കണ്ണട, മറ്റ് ഉപകരണങ്ങൾ(ജില്ലാ പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത്)

ട്രാൻസ്ജെൻഡർ വ്യക്തികളുടെ ക്ഷേമം

ആമുഖം

ഇന്നത്തെ സമൂഹത്തിൽ ഏറ്റവും കൂടുതൽ പാർശ്വവൽക്കരിക്കപ്പെടുന്ന വിഭാഗമാണ് ഭിന്നലിംഗക്കാർ. ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന തുല്യനീതിയും, അവസരങ്ങളും ഭിന്നലിംഗക്കാർക്ക് നിഷേധിക്കപ്പെടുന്ന അവസ്ഥയാണ് ഇന്ന് കാണപ്പെടുന്നത്. 2011 ലെ കണക്കനുസരിച്ച് കേരളത്തിൽ 3902 ഭിന്നലിംഗക്കാർ ഉണ്ട്. ഇവരുടെ സാക്ഷരതാ നിരക്ക് 84.61% ആയിരുന്നിട്ടും അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ചുള്ള ജോലിസാധ്യതകൾ ഏറെ അകലത്തിലാണ്.

ഭിന്നലിംഗത്തിൽപ്പെട്ടവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി 2016 ൽ Transgender Person (Protection of Rights) Billഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയിരുന്നു. ഭിന്നലിംഗക്കാരുടെ സാമൂഹ്യ-വിദ്യാഭ്യാസ-സാമ്പത്തിക ശാക്തീകരണവും മനുഷ്യാവകാശ സംരക്ഷണവുമാണ് ഇതിലൂടെ സർക്കാർ ലക്ഷ്യം വെച്ചത്. എന്നാൽ ഇവയുടെ ഫലം പ്രായോഗിക തലത്തിൽ എത്രമാത്രം പ്രാവർത്തികമായി എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

ലക്ഷ്യങ്ങൾ

1. Transgendersന്റെ കൃത്യമായ വിവരശേഖരണം നടത്തൽ.
2. വിവരത്തിന്റെ അടിസ്ഥാനത്തിൽ Integrated Approach.

   സംരക്ഷണം

   വിദ്യാഭ്യാസം

   തൊഴിൽ

   പുനരധിവാസം

   സാമൂഹ്യബോധവൽക്കണ പരിപാടി
3. മേൽപ്പറഞ്ഞതിനെല്ലാം സ്ഥാപനപരമായും, സാമ്പത്തികപരമായും ഉള്ള പിന്തുണ.
4. ക്ഷേമ പദ്ധതികൾ, ചികിത്സാ ധനസഹായം, സൗജന്യ നിയമ സഹായം.

പ്രവർത്തനങ്ങൾ

1. അടിസ്ഥാന വിവരശേഖരണത്തിനായി ഒരു Online Site, Toll Free Number, Unique ID എന്നിവ ലഭ്യമാക്കുക. ആവശ്യമായ പബ്ലിസിറ്റി നൽകുക. (NGO, സുരക്ഷാമിഷൻ - ഈ പ്രവർത്തനം ഏറ്റെടുത്ത് നടത്തുക).
2. ഭിന്നലിംഗത്തിൽപ്പെട്ട കുട്ടികൾക്കായി സംസ്ഥാന തലത്തിൽ ഒരു Children's Home സ്ഥാപിക്കുക - (സാമൂഹ്യനീതി വകുപ്പിന് കീഴിൽ) J.J. Act ന്റെ പരിധിയിൽ ഇവരെയും ഉൾപ്പെടുത്തുക.
3. വിദ്യാഭ്യാസ മേഖലയിൽ വിവേചനം ഇല്ലാതാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക. ഉപരിപഠനത്തിന് പ്രത്യേക സംവരണം ഏർപ്പെടുത്തുക.
4. സർക്കാർ - പൊതുമേഖല സ്ഥാപനങ്ങളിൽ തൊഴിൽ സംവരണം നൽകുക.
5. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകുക.
6. കുടുംബശ്രീ വഴി അയൽക്കൂട്ടങ്ങൾ രൂപീകരിക്കുക.
7. തൊഴിൽ സംരഭങ്ങളിൽ ഏർപ്പെടുന്നവർക്ക് തൊഴിൽ നികുതി ഇളവ് നൽകുക.
8. ജില്ലാതലത്തിൽ പുനരധിവാസ കേന്ദ്രങ്ങൾ അനുവദിക്കുക. പുനരധിവാസ കേന്ദ്രങ്ങൾ വഴി നൈപുണ്യ പരിശീലനങ്ങൾ നൽകുക.
9. എല്ലാ മേഖലകളിലും പ്രത്യേകിച്ച് പൊതുശുചീകരണമുറി, ആശുപത്രി, പൊതു ഗതാഗത സംവിധാനം, അപേക്ഷ ഫോമുകൾ എന്നിവയിലൊക്കെആൺ, പെൺ, വിഭാഗങ്ങൾക്കൊപ്പം ഭിന്ന ലിംഗത്തിൽപ്പെട്ടവരേ കൂടി പ്രത്യേകമായി പരിഗണിക്കണം.
10. എല്ലാ ആധികാരിക തിരിച്ചറിയൽ രേഖകളിലും ആൺ/പെൺ/ഭിന്നലിംഗം എന്ന നാമകരണം പ്രത്യേകം നൽകണം.
11. സർക്കാർ ആശുപത്രികളിൽ ഭിന്നലിംഗക്കാർക്ക് പ്രത്യേക ചികിത്സാ സൗകര്യം അനുവദിക്കണം.
12. വിവാഹം, ദത്തെടുക്കൽ, വിവാഹമോചനം എന്നീ കാര്യങ്ങളിൽ സൗജന്യ നിയമസഹായം നൽകുക.
13. ഭിന്നലിംഗക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നിയമസഹായങ്ങൾ നൽകുന്നതിനും സൗജന്യ നിയമസഹായം ഏർപ്പെടുത്തുക.
14. ക്ഷേമ പെൻഷൻ പദ്ധതിയിൽ ഭിന്നലിംഗക്കാരെയും കൂടി ഉൾപ്പെടുത്തുക.

ഗ്രാമ പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

പഞ്ചായത്തുകളിൽ ടുറിസ്റ്റ് മേഖലയിലും സ്കൂളുകളിലും പൊതു ടോയിലറ്റുകളിൽ പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാകുന്നു.

ഭിന്ന ലിംഗക്കാരായ കുട്ടികൾക്ക് സ്കൂളുകളിൽ പ്രത്യക കൗൺസിലിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

താലൂക്ക് ആശുപത്രികളിൽ ഭിന്നലിംഗക്കാരായവർക്കുവേണ്ടി പ്രത്യേകം ചികിൽസാസൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

ഭിന്ന ലിംഗത്തിൽപ്പെട്ടവർക്കായി ജില്ലാ പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

സ്വയംതൊഴിൽ സംരഭകർക്ക് സാമ്പത്തീക സഹായം നൽകൽ

ഭിന്ന ലിംഗത്തിൽപ്പെട്ടവർക്കായി തൊഴിൽപരിശീലനം

ഭിന്ന ലിംഗത്തിൽ പെട്ടവരുടെ സാമൂഹ്യ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുള്ള മീറ്റിംഗ് കേന്ദ്രം ഒരുക്കുക.

സർക്കാർ സംവിധാനത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യണം.

ഇതിൽ എല്ലാറ്റിനും ഉപരി സാമൂഹ്യ ബോധവൽക്കരണത്തിനാണ് ഈ വിഷയത്തിൽ കൂടുതൽ ഊന്നൽ നൽകേണ്ടത്. ഭിന്ന ലിംഗക്കാരെ മാറ്റിനിർത്തുന്ന പ്രവണതയെ തടയുകയും അവരെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനുള്ള സാമൂഹിക മാനസിക പിന്തുണ നൽകുന്നതിലൂടെ പ്രകടമായ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയും.

ഭിന്നശേഷി വിഭാഗം

ലോകജനസംഖ്യയുടെ 15% ആളുകളും ഭിന്നശേഷിയുള്ളവരാണ്. നമ്മുടെ സംസ്ഥാനത്ത് 5% ഉം. ഇതിൽ അഞ്ചിൽ ഒരാൾ തീവ്രവൈകല്യ വിധേയനാണ്. ഭിന്നശേഷിയുള്ളവർ ഇന്നും സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ-തൊഴിൽ മേഖലകളിൽ ഒറ്റപ്പെട്ടിരിക്കുന്നു.

ഭിന്നശേഷിയുള്ളവർക്ക് അവരുടെ എല്ലാ അവകാശങ്ങളും ലഭ്യമാക്കാനും സമൂഹത്തിൽ പൂർണ്ണപങ്കാളിത്തം കൈവരിക്കാനും അവരെ മുഖ്യധാരയിലേക്ക് നയിക്കുവാനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.

അവസ്ഥാ വിശകലനം

വൈകല്യങ്ങളും അവയുടെ തരംതിരിക്കലും

നാഡീവ്യൂഹവ്യവസ്ഥയുടെയോ വളർച്ചാപരമായതോ ബൗദ്ധിക-ശാരീരിക-മാനസിക തകരാർ മൂലമോ ഇവയുടെ സംയുക്തമായ സാന്നിദ്ധ്യം മൂലമോ ഒരു വ്യക്തിക്ക് തന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് സാധിക്കാതെ വരികയാണെങ്കിൽ അയാൾ ഏതെങ്കിലും തരത്തിലുള്ള വൈകല്യം നേരിടുന്നതായി സ്ഥിതീകരിക്കുന്നു.

വൈകല്യങ്ങളെ തരം തിരിക്കുന്നു.

ശാരീരികസംബന്ധമായവ

- ☐ ചലനവൈകല്യം
- ☐ കുഷ്ഠരോഗ വിമുക്തർ
- ☐ മസ്തിഷ്ക തളർവാതം
- ☐ ഡാർഫിസം
- ☐ മസ്കുലർ ഡിസ്ട്രോഫി

കാഴ്ചസംബന്ധമായവ

- ☐ അന്ധത
- ☐ കാഴ്ചക്കുറവ്

കേൾവി സംബന്ധമായവ

- ☐ ബധിരത
- ☐ കേൾവിക്ക് ബുദ്ധിമുട്ടുള്ളത്

സംസാരവും ഭാഷാപരവുമായ വൈകല്യബാധിതർ

ബൗദ്ധിക വൈകല്യം

- ☐ ബുദ്ധിപരമായ വൈകല്യം
- ☐ പഠന വൈകല്യം
- ☐ ഓട്ടിസം
- ☐ മാനസിക രോഗം

നാഡീപരമായ തകരാർ

- ☐ മൾട്ടിപ്പിൾ സ്ക്ലീറോസിസ്
- ☐ പാർക്കിസൺസ് രോഗം

ബഹുവൈകല്യം

ഇടുക്കി ജില്ല അംഗപരിമിതരുടെ സെൻസസ് - 2015

ആകെ ജനസംഖ്യ	10,86,745
അംഗപരിമിതർ	26,226
സ്ത്രീകൾ	11,081
പുരുഷന്മാർ	15,102
ഭിന്നലിംഗം	43
സ്ത്രീ-പുരുഷ അനുപാതം	42:58

ജില്ലയിലെ അംഗപരിമിതർ ആകെ ജനസംഖ്യയുടെ 2.41% ആണ്. ഭിന്നശേഷിയുള്ള 26,226 പേരിൽ 8728 ആളുകൾ ചലനവൈകല്യം ഉള്ളവരാണ്. ഇത് ജില്ലയിലെ മൊത്തം അംഗപരിമിതരുടെ 33.28% ആണ്.

ക്രമ നമ്പർ	**വൈകല്യം**	**ആളുകളുടെ എണ്ണം**	**ശതമാനത്തിൽ**	**10,000 ജനസംഖ്യയുടെ പ്രകാരം**
1	ചലനവൈകല്യം	8728	33.28	80
2	മസ്കുലർ ഡിസ്ട്രോഫി	70	0.27	1
3	ക്രോണിക് ന്യൂറോളജിക്കൽ ഡിസോഡർ	90	0.34	1
4	മൾട്ടിപ്പിൾ സ്ക്ലീറോസിസ്	11	0.04	0
5	കൂന്	176	0.67	2
6	ഹ്രസ്വകായത്വം	175	0.67	2
7	അന്ധത	564	2.15	5
8	ഗുരുതരമായ കാഴ്ചക്കുറവ്	2174	8.29	20
9	പഠന വൈകല്യം	260	0.99	2

10	സംസാര ഭാഷാ വൈകല്യം	849	3.24	8
11	ബുദ്ധിപരമായ വെല്ലുവിളികൾ	20.64	7.87	19
12	മാനസികാരോഗ്യം	3368	12.84	31
13	ഓട്ടിസം	94	0.36	1
14	കേൾവിയില്ലായ്മ	2158	8.23	20
15	കുഷ്ഠരോഗ വിമുക്തം	18	0.07	0
16	ഹീമോഫീലിയ	35	0.13	0
17	താലസീമിയ	12	0.05	0
18	അരിവാൾ രോഗം	5	0.02	0
19	സെറിബ്രൽ പാൾസി	200	0.76	2
20	അപസ്മാരം	623	2.38	6
21	ബധിരാന്ധത	32	0.12	0
22	ബഹുവൈകല്യം	4520	17.23	42
	ആകെ	**26,226**	**100**	**242**

(അവലംബം: കെ.എസ്.എസ്. അംഗപരിമിത സെൻസസ് - 2015.)

വിവിധ സർക്കാർ വകുപ്പുകൾ, ത്രിതല പഞ്ചായത്തുകൾ എന്നിവ നടപ്പിലാക്കിവരുന്ന പദ്ധതികൾ.

ദീൻദയാൽ ഡിസേബിൾഡ് റീഹാബിലിറ്റേഷൻ സ്കീം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവ നടത്തുന്ന ചുവടെ പറയുന്ന പദ്ധതികൾക്കാണ് കേന്ദ്രസർക്കാർ ധനസഹായം അനുവദിയ്ക്കുന്നത്.

- സ്പെഷ്യൽ സ്കൂളുകൾ:

  അസ്ഥി വൈകല്യം, കാഴ്ചവൈകല്യം, കേൾവിത്തകരാർ, ബുദ്ധിമാന്ദ്യം എന്നീ വൈകല്യങ്ങളുള്ള കുട്ടികൾക്കുള്ള പുനരധിവാസ കേന്ദ്രങ്ങൾ.

- സെറിബ്രൾ പാൾസി ബാധിത കുട്ടികൾക്കുള്ള പദ്ധതി.
- വികലാംഗർക്കുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ (പ്രായ പരിധി 15 - 20 വയസ്).

- ഷെൽറ്റേഡ് വർക്ക് ഷോപ്പ്: സ്ഥിരവരുമാനം ലക്ഷ്യമിട്ടുള്ള തൊഴിൽ ശാലകൾ.
- ഹാവ് വേ ഹോം

  മാനസിക രോഗം ചികിത്സിച്ച് ഭേദമാക്കിയിട്ടുള്ളതും നിയന്ത്രണ വിധേയമാക്കിയിട്ടുള്ളതുമായ ആളുകൾക്കുള്ള ചികിത്സാ പുനരധിവാസ പദ്ധതി.
- കമ്മ്യൂണിറ്റി ബേസ്ഡ് റീഹാബിലിറ്റേഷൻ പ്രൊജക്ട്.

വികലാംഗദുരിതാശ്വാസ നിധി

തുടർ ചികിത്സ ആവശ്യമുള്ള ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ചികിത്സാ ധന സഹായമായി 5000 രൂപ നൽകിവരുന്നു.

ഭിന്നശേഷിയുള്ള പെൺകുട്ടികൾക്കും ഭിന്നശേഷിയുള്ള മാതാപിതാക്കളുടെ പെൺമക്കൾക്കുമുള്ള വിവാഹ ധനസഹായം. 36000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള അർഹത പ്പെട്ടവർക്ക് 10,000 രൂപ ധനസഹായം നൽകുന്നു.

കാഴ്ചവൈകല്യമുള്ള അമ്മമാർക്കുള്ള ധനസഹായം

40% ന് മുകളിൽ കാഴ്ചവൈകല്യമുള്ള അമ്മമാർക്ക് കുട്ടിയെ സംരക്ഷിക്കുന്നതിനായി കുഞ്ഞിന് 2 വയസ്സ് വരെ പ്രതിമാസം 2000/- രൂപ നിരക്കിൽ ധനസഹായം അനുവദിയ്ക്കുന്നു.

സന്നദ്ധ സംഘടനകൾക്കുള്ള ഗ്രാന്റ്

സന്നദ്ധ സംഘടനകൾ നടത്തുന്ന വികലാംഗ പുനരധിവാസ സ്ഥാപനങ്ങളിലെ താമസക്കാരുടെ സംരക്ഷണത്തിന് സർക്കാർ ഒരാൾക്ക് പ്രതിമാസം ആയിരം രൂപ നിരക്കിൽ ഗ്രാന്റ് നൽകുന്നു. ജില്ലയിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകിവരുന്നു.

ആശ്വാസ കിരണം

വൈകല്യമുള്ളവരെ മുഴുവൻ സമയവും ശുശ്രൂഷിക്കുന്ന പരിചാരകർക്കുള്ള ധനസഹായ പദ്ധതി.

ശ്രുതി തരംഗം

ശ്രവണ വൈകല്യമുള്ളവർക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ വഴി കേൾവിയും സംസാരശേഷിയും ലഭിയ്ക്കുന്നു.

സ്റ്റേറ്റ് ഇനിഷ്യയേറ്റീവ് ഓൺ ഡിസെബിലിറ്റീസ് വൈകല്യം തടയൽ, മുൻകൂട്ടി കണ്ടെത്തൽ, പ്രാരംഭ ഇടപെടൽ എന്നിവയ്ക്ക് ഊന്നൽ നലൽകുന്ന പദ്ധതി എല്ലാ ജില്ലകളിലും നടപ്പാക്കുന്നു. നവജാത ശുശുക്കളിൽ ശ്രവണ തകരാറുകൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് പദ്ധതി അടിമാലി, ഇടുക്കി സർക്കാർ ആശുപത്രികളിൽ നടന്നുവരുന്നു.

ഇതര വകുപ്പുകളുടെ പദ്ധതികൾ

സർവ്വ ശിക്ഷ അഭിയാൻ

- വൈകല്യമുള്ള കുട്ടികളെ കണ്ടെത്തുന്നതിനുള്ള സർവ്വേ.
- ഉപകരണ വിതരണം.
- അദ്ധ്യാപകർക്കുള്ള പ്രത്യേക പരിശീലനം.
- റിസോഴ്സ് അദ്ധ്യാപികമാരുടെ സേവനം.
- പ്രത്യേക പഠനോപകരണങ്ങൾ.
- കുട്ടികൾക്കുള്ള സഹവാസ ക്യാമ്പുകൾ, പഠന യാത്രകൾ.
- രക്ഷിതാക്കൾക്ക് കൗൺസിലിംഗ്, തൊഴിൽ സംരംഭങ്ങൾ.

ആരോഗ്യവകുപ്പ്

NHM ന്റെ നേതൃത്വത്തിൽ കുട്ടികളിലെ വൈകല്യങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനും ഇടപെടുന്നതിനുള്ള District Early Intervention Centreജില്ലയിൽ ഇടുക്കിയിൽ പ്രവർത്തിക്കുന്നു.

തൊഴിൽ വകുപ്പ് – കൈവല്യ പദ്ധതി

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖാന്തിരം നടപ്പിലാക്കുന്ന സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി പ്രകാരം ഭിന്നശേഷിയുള്ളവർക്ക് തൊഴിൽ പരിശീലനം, മാർഗ്ഗനിർദ്ദേശങ്ങൾ, പരീക്ഷാ പരിശീലനം, പലിശ രഹിത തൊഴിൽ വായ്പ എന്നിവ നൽകുന്നു. പദ്ധതി പ്രകാരം പരമാവധി 1 ലക്ഷം രൂപ വായ്പയും 25000 രൂപ സബ്സിഡിയും അനുവദിയ്ക്കുന്നുണ്ട്.

ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള ഉപകരണ സാമഗ്രികളുടെ വിതരണം.

ഗുണഭോക്താക്കളെ മെഡിക്കൽ ക്യാമ്പുകൾ മുഖേന കണ്ടെത്തി വിവിധ ഭരണവകുപ്പുകളിലൂടെ സൗജന്യമായി ഉപകരണസാമഗ്രികൾ എത്തിക്കുക.

വിതരണം ചെയ്യപ്പെടുന്നവ

ആർട്ടിഫിഷ്യൽ ലിംബുകൾ, ട്രൈസൈക്കിളുകൾ, വീൽ ചെയറുകൾ, ക്രച്ചസുകൾ, ശ്രവണസഹായികൾ, വൈറ്റ് കെയ്ൻസ് തുടങ്ങി വിവിധ ഉപകരണങ്ങൾ.

വായ്പകൾ, സാമ്പത്തിക സഹായങ്ങൾ

ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും സ്വയം സഹായ സംഘങ്ങൾ ആരംഭിക്കുന്നതിനുമായി വായ്പകൾ നൽകി വരുന്നു. കൂടാതെ കുട്ടികൾക്ക് പഠന സഹായ

ങ്ങൾ, വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സഹായ ഉപകരണങ്ങൾ എന്നിവയും നൽകി വരുന്നു.

ലോട്ടറി ഏജന്റുമാരായിട്ടുള്ള ഭിന്നശേഷിക്കാർക്ക് പ്രത്യേക സാമ്പത്തിക സഹായം ലഭ്യമാണ്.

എട്ടു വയസ്സിൽ താഴെയുള്ളവരിൽ ആൺകുട്ടികൾക്ക് 15,000/- രൂപയും, പെൺകുട്ടികൾക്ക് 20,000/- രൂപയും എന്ന നിരക്കിൽ ദീർഘകാല നിക്ഷേപ പദ്ധതി നടപ്പിലാക്കി വരുന്നു.

ഭിന്നശേഷിക്കാർക്ക് മാത്രമായ പെൻഷൻ പദ്ധതി, ആരോഗ്യ ഇൻഷൂറൻസ് പദ്ധതികളും നിലവിലുണ്ട്.

തിരിച്ചറിയൽ കാർഡ്, മെഡിക്കൽ സർട്ടിഫിക്കറ്റ്

ഭിന്നശേഷിക്കാർക്ക് മാത്രമായി വികലാംഗ തിരിച്ചറിയൽ കാർഡ് നൽകുന്നു. കൂടാതെ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റുകളും ലഭ്യമാക്കുന്നു.

തൊഴിൽ സംവരണം

സർക്കാർ ജോലികളിൽ 3% സംവരണം ഉറപ്പ് വരുത്തിയിരിക്കുന്നു.

വിദ്യാഭ്യാസ സ്വാതന്ത്രം

ഭിന്നശേഷിക്കാരായ 6 മുതൽ 18 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് അടുത്തുള്ള വിദ്യാലയത്തിലോ, സ്പെഷ്യൽ സ്കൂളുകളിലോ അവരവരുടെ ഇഷ്ടമനുസരിച്ച് പഠിക്കുന്നതിനുള്ള അവകാശം നൽകിയിട്ടുണ്ട്.

ത്രിതല പഞ്ചായത്തുകളുടെ പദ്ധതികൾ

1. ഭിന്നശേഷിയുള്ളവർക്ക് സഹായ ഉപകരണങ്ങൾ.
2. സൈഡ് വീലോടുകൂടിയ സ്കൂട്ടർ.
3. ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്.
4. ബഡ്സ് സ്കൂൾ. ജില്ലയിലെ കുമളിപഞ്ചായത്തിൽ മാത്രമാണ് ബഡ്സ് സ്കൂൾ ഉള്ളത്
5. NGO കൾ നടത്തുന്ന പുനരധിവാസ കേന്ദ്രങ്ങൾക്ക് കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും.
6. എച്ച്. ഐ. വി, എയ്ഡ്സ് ബാധിതർക്ക് പോഷകാഹാരം

വികസന പരിപ്രേക്ഷ്യം

ഭിന്നശേഷിയുള്ള ഓരോ വ്യക്തിക്കും സമൂഹത്തിൽ തുല്യതയും, വിവേചനരഹിതമായി ജീവിക്കാനുള്ള സ്വാതന്ത്ര്യവും, അവകാശവും ഉറപ്പുവരുത്തണം. എല്ലാത്തരം ചൂഷണങ്ങളിൽ

നിന്നും ദുരുപയോഗങ്ങളിൽ നിന്നും ഇവരെ സംരക്ഷിക്കാൻ ആവശ്യമായ സംവിധാനങ്ങൾ ലഭ്യമാക്കണം. ഇവർക്ക് സൗജന്യവും നിയമപരവുമായ സഹായം നൽകേണ്ടതാണ്. ഇവരുടെ സംരക്ഷണവും സുരക്ഷിതത്വവുമായിരിക്കണം നമ്മുടെ ലക്ഷ്യം.

ഇടുക്കി ജില്ലയിൽ പൊതുവായി സ്വീകരിക്കാവുന്ന നിർദ്ദേശങ്ങൾ.

വൈകല്യബാധിതർക്ക് പ്രാപ്യമാകുന്ന രീതിയിൽ ബസ് സ്റ്റോപ്പുകൾ ക്രമീകരിക്കുക, തടസരഹിത ചലനസംവിധാനങ്ങൾ നിർമ്മിക്കുക, അവർക്കനുയോജ്യമായ വിധത്തിലുള്ള പാർക്കിംഗ് സൗകര്യം, ശുചിമുറി, ടിക്കറ്റ് കൗണ്ടറുകൾ, ടിക്കറ്റ് മെഷീനുകൾ എന്നിവ ക്രമീകരിക്കുക.

വിദ്യാഭ്യാസത്തിൽ നിർബന്ധിതമായി വികലാംഗതയുടെ പഠനം ഉണ്ടായിരിക്കണം.

ഇത്തരം വ്യക്തികളുടെ ക്ഷേമത്തിനായി സർക്കാർ ഏർപ്പെടുത്തിട്ടുള്ള പദ്ധതികളും ആനുകൂല്യങ്ങളും അവർക്ക് സമയബന്ധിതമായി ലഭ്യമാക്കുന്നതിനും ഉത്തരത്തിലുള്ള അറിവുകൾ അവരിൽ എത്തിക്കുന്നതിനും നിരീക്ഷിക്കുന്നതിനും ഒരു റിസോഴ്സ് സംഘത്തെ പഞ്ചായത്ത് തലത്തിൽ നിയമിക്കുക.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, അതുവഴി ഭിന്നശേഷിക്കാർ ഉത്പാദിപ്പിക്കുകയും നിർമ്മിക്കുകയും ചെയ്യുന്ന വസ്തുക്കളുടെ വിറ്റഴിക്കൽ, എന്നിവയ്ക്ക് ഉള്ള അവസരങ്ങൾ സൃഷ്ടിക്കുക. പരിശീലനത്തിൽ യഥാർത്ഥ സഹായവും സൗകര്യവും ലഭ്യമാക്കുന്നു എന്ന് ഉറപ്പാക്കുക.

വികസന വിടവുകളും പ്രശ്നങ്ങളും

ബഡ്സ് സ്കൂളുകളുടെ അപര്യാപ്തത

ബഡ്സ് സ്കൂളുകൾ എണ്ണത്തിൽ വളരെ കുറവും ഉള്ള സ്കൂളുകളിൽ ജില്ലയുടെ പ്രത്യേക ഭൂപ്രകൃതി കാരണം എത്തിച്ചേരാനുള്ള ബുദ്ധിമുട്ടും ഉള്ളതിനാൽ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അവർക്കനുയോജ്യമായ രീതിയിലുള്ള വിദ്യാഭ്യാസം ലഭ്യമാകാതെ പോകുന്ന സാഹചര്യമാണ് നിലവിലുള്ളത്.

ഏർലി ഇന്റർവെൻഷൻ ക്ലിനിക്കുകളുടെ അഭാവം

പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളോടോ ബഡ്സ് സ്കൂളുകളോടോ ചേർന്ന് ഏർലി ഇൻർവെൻഷൻ ക്ലിനിക്കുകൾ ഇല്ലാത്തത് കുട്ടികളിലെ പ്രശ്നങ്ങൾ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തുന്നതിന് തടസ്സം വരുത്തുന്നു. കൂടാതെ ചികിത്സിച്ചു മെച്ചപ്പെടുത്താവുന്ന പല വൈകല്യാവസ്ഥകൾപോലും ഇത്തരം ക്ലിനിക്കുകളുടെ അഭാവത്താൽ കൂടുതൽ സങ്കീർണ്ണമാകുന്ന അവസ്ഥയാണ് ഇന്നുള്ളത്. ആയതിനാൽ ദൈനംദിന കാര്യങ്ങൾക്ക് മറ്റുള്ളവരെ ആശ്രയിക്കേണ്ടിവരികയും സ്വയം പര്യാപ്തരാകാതെ വരികയും ചെയ്യുന്നു.

പുനരധിവാസ കേന്ദ്രങ്ങളുടെയും സേവനങ്ങളുടെയും കുറവ്

മുതിർന്ന ഭിന്നശേഷിക്കാരായവർക്കു വേണ്ടിയുള്ള പുനരധിവാസകേന്ദ്രങ്ങൾ കുറവായതിനാലും ചികിത്സാസഹായം പോലുള്ള സേവനങ്ങൾ കൃത്യമായി ലഭ്യമല്ലാത്തതിനാലും ഈ വ്യക്തികൾ തങ്ങളുടെ കുടുംബത്തിന് ഒരു ബാധ്യതയായിത്തീരുന്നു. മാതാപിതാക്കളുടെ മരണശേഷം ഇവരുടെ ജീവിതം കൂടുതൽ ദുസ്സഹമാകുന്നു.

പകൽ വീടുകളുടെ അഭാവം

ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് പകൽ സമയം സുരക്ഷിതമായും പ്രവർത്തനക്ഷമമായും ചിലവഴിക്കാൻ ഉള്ള സാഹചര്യം നിലവിലില്ല. വൃദ്ധർക്കുവേണ്ടി പകൽ വീടുകൾ പ്രവർത്തിക്കുന്നതുപോലെ ഇത്തരം വ്യക്തികൾക്കും സമാന സംരംഭങ്ങൾ നടപ്പിലാക്കേണ്ടതാണ്.

ഭിന്നശേഷിസൗഹൃദ-തടസരഹിത ചലന സാഹചര്യങ്ങളുടെ അഭാവം

പൊതുസേവനസ്ഥാപനങ്ങളുടെ നിർമ്മാണരീതികൾ ഭിന്നശേഷിക്കാർക്കനുയോജ്യമായ രീതിയിൽ അല്ലാത്തതിനാൽ ഇവർക്കായുള്ള ക്ഷേമപ്രവർത്തനങ്ങളും സേവനങ്ങളും സ്വയം ലഭ്യമാക്കാൻ സാധിക്കാതെവരുന്നു. തന്മൂലം മിക്കപ്പോഴും ഗുണഭോക്താക്കളുടെ പട്ടികയിൽ നിന്നും ഇവർ ഒഴിവാക്കപ്പെടുന്നു.

ഭിന്നശേഷി സൗഹൃദ ആഡിറ്റ്/പോളിസി/ഏകോപനം-അഭാവം

ഭിന്നശേഷിക്കാർക്കുള്ള സേവനങ്ങളും സ്ഥാപനങ്ങളും ഇവർക്കും സൗഹൃദപരമായിട്ടുള്ളതാണോ എന്നറിയാനുള്ള ആഡിറ്റ്, ജില്ല ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള പോളിസികൾ, ഇവർക്കായി പ്രവർത്തിക്കുന്ന വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ എന്നിവയുടെ ഏകോപനം തുടങ്ങിയവ നിലവിലില്ല.

വികസന പരിപ്രേക്ഷ നിർദ്ദേശങ്ങൾ

ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ

- ഭിന്നശേഷിസൗഹൃദ ജില്ല-പോളിസി, ആഡിറ്റ്.
- തടസരഹിത ചലന സാഹചര്യങ്ങൾ.
- ഭിന്നശേഷിക്കാരായ വ്യക്തികൾക്കനുകൂലമായ സാമ്പത്തിക-മാനസിക-ബൗദ്ധിക സാഹചര്യങ്ങൾ.
- നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള സേവനങ്ങൾ (Mobile app, Help Line).

- ഓഡിബിൾ ടാക്റ്റൈൽ ട്രാഫിക് സിഗ്നലുകൾ, ടാക്റ്റൈൽ ഗ്രൗണ്ട് സർഫസ് ഇൻഡിക്കേറ്റേഴ്സ് സ്ഥാപിക്കുക.
- ഭിന്നശേഷിക്കാർക്കുള്ള എല്ലാ സേവനങ്ങളും ഒരു കുടക്കീഴിൽ (Integrated disability protection scheme).
- ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ആവശ്യമായ പ്രൊജക്ടുകൾ സംയുക്ത പ്രോജക്ടുകളായി ഏറ്റെടുത്ത് ഗ്രാമപഞ്ചായത്തുകൾ നിർവ്വഹണം നടത്തുന്നതാണ് ഉചിതം.

ഹ്രസ്വകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ

- ബഡ്സ് സ്കൂളുകളും ഏർലി ഇന്റർവെൻഷൻ സെന്ററുകളും (എല്ലാ സൗകര്യങ്ങളോടും കൂടിയ, സ്പീച്ച്, ഫിസിയോതെറാപ്പി, വൊക്കേഷണൽ ട്രയിനിംഗ്സ് പുനരധിവാസം) സ്ഥാപിക്കുക.
- പുനരധിവാസകേന്ദ്രങ്ങൾ (മുതിർന്നവർക്കായി) പകൽവീടുകൾ എന്നിവ സ്ഥാപിക്കുക.
- ഭിന്നശേഷി സൗഹൃദ ശുചിമുറികൾ.
- പൊതുവാഹന സംവിധാനങ്ങളിൽ ഭിന്നശേഷിക്കാർക്ക് വീൽചെയർ/സഹായികൾ സഹിതം തടസമന്യേ പ്രവേശിക്കാവുന്ന തരത്തിലുള്ള സംവിധാനങ്ങൾ.
- എല്ലാ കെട്ടിടങ്ങളിലും റാമ്പ്, ലിഫ്റ്റ് സ്ഥാപിക്കുക.
- ശ്രവണവൈകല്യമുള്ളവർക്കായി ശ്രവണസഹായികൾ (Word Processor / Computer).
- Sign languages പരിശീലനം – ശ്രവണ വൈകല്യമുള്ളവർക്ക്.

ഗ്രാമ പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കാവുന്ന പദ്ധതികൾ

1.എല്ലാ പഞ്ചായത്തിലും ബഡ്സ് സ്കൂൾ ആരംഭിക്കുക.

2.ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് എല്ലാ പഞ്ചായത്തിലും പകൽ വീടുകൾ ആരംഭിക്കുക.

3.പകൽവീടുകളോട് അനുബന്ധിച്ച് തൊഴിൽ പരിശീലന കേന്ദ്രങ്ങളും, സ്വയം തൊഴിൽ സംരംഭങ്ങളും അനുവദിക്കുക.

4. പഞ്ചായത്ത് പരിധിയിൽ വരുന്ന സ്കൂളുകൾ ഓഫീസുകൾ എന്നിവ ഭിന്നശേഷി സൗഹൃദമാക്കുക.

5. ഓഫീസുകളിലും സ്കൂളുകളിലും ഭിന്നശേഷി സൗഹൃദ ടോയ്ലറ്റ് സ്ഥാപിക്കുക.

6.അന്ധരായ വിദ്യാർത്ഥികൾക്ക് ബ്രയിലി കംപ്യൂട്ടർ വിതരണം ചെയ്യുക.

ബ്ലോക്ക് പഞ്ചായത്തിന് നടപ്പിലാക്കാവുന്ന പദ്ധതികൾ

1.ബ്ലോക്ക് തലത്തിൽ ഭിന്നശേഷിക്കാർക്കായി കരിയർ ഗൈഡൻസ് സെന്ററുകൾ/റിസോഴ്സ് സെന്ററുകൾ സ്ഥാപിക്കുക.

2. ബ്ലോക്ക് തലത്തിൽ ഭിന്നശേഷിക്കാർക്കായി പുനരധിവാസ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

3. ഭിന്നശേഷിയുള്ളവരെ തിരിച്ചറിയുന്നതിനായി ബ്ലോക്ക്/ താലൂക്ക് തലത്തിൽ Early Detection Centre കൾ സ്ഥാപിക്കുക

ജില്ലാ പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

1. മാനസീക വെല്ലുവിളികൾ നേരിടുന്നവർക്ക് ജില്ലാ തലത്തിൽ മാതൃകാ കേന്ദ്രം ആരംഭിക്കുക. (ബിഹേവിയർ തെറാപ്പി , ഫിസിയോ തെറാപ്പി, ഒക്കുപ്പേഷണൽ തെറാപ്പി, സ്പീച്ച് തെറാപ്പി മുതലായവ ഉൾപ്പെടുത്തുക)
2. മാതാപിതാക്കൾക്ക് തൊഴിൽ പരിശീലനകേന്ദ്രവും, സ്വയം തൊഴിൽ സംരംഭങ്ങളും ആരംഭിക്കുക.

4.2.6. വിദ്യാഭ്യാസം

ആമുഖം

ഇന്ത്യയുടെ ഭാവി ഭാഗധേയം അതിന്റെ ക്ലാസ് മുറികളിൽ രൂപപ്പെട്ടു കൊണ്ടിരിക്കുന്നു എന്ന പ്രസ്താവനയോടെയാണ് കോത്താരി കമ്മീഷൻ അതിന്റെ റിപ്പോർട്ട് ആരംഭിക്കുന്നത്. ഒരു രാജ്യത്തിന്റെ ഭാവിയിൽ വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യമാണ് റിപ്പോർട്ട് ഊന്നിപ്പറയുന്നത്. മനസ്സിന്റെയും ശരീരത്തിന്റെയും സന്തുലിത വികസനം എന്നാണ് ഗാന്ധിജി വിദ്യാഭ്യാസത്തെ വ്യാഖ്യാനിക്കുന്നത്.

കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ സംബന്ധിച്ച് ഏത് വിലയിരുത്തൽ നടത്തുമ്പോഴും അത് കൈവരിച്ച നേട്ടങ്ങൾ ആദ്യമെ തന്നെ കണക്കിലെടുക്കേണ്ടതാണ്. സമ്പൂർണ്ണമായ സാക്ഷരത, പ്രാഥമിക തലത്തിലെ സാർവത്രിക സ്കൂൾ പ്രവേശനം, സെക്കന്ററി തലത്തിലെ കൊഴിഞ്ഞു പോക്കിൽ വന്നിട്ടുള്ള കുറവ്, പട്ടണ-ഗ്രാമ പ്രദേശങ്ങളിൽ മിക്ക വീടുകളുടെയും തൊട്ടയൽവക്കത്തു തന്നെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ലഭ്യമാക്കൽ, പല മേഖലകളിലും വികസിത രാജ്യങ്ങൾക്കൊപ്പമെത്താൻ കഴിഞ്ഞത് എന്നിവയാണ് പ്രധാനമായും കേരളം കൈവരിച്ച നേട്ടങ്ങൾ.

രാജ്യത്തിന്റെ ഇതര ഭാഗങ്ങൾ വളരെ പിൻനിരയിലായപ്പോഴും കേരളം കൈവരിച്ച വിജയത്തിനു പിന്നിൽ നിരവധി ഘടകങ്ങൾ ഉണ്ട്. വ്യാപകമായ തോതിൽ നടന്ന മിഷനറി പ്രവർത്തനങ്ങൾ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഒടുവിൽ നാട്ടു രാജ്യങ്ങളായ തിരുവിതാംകൂറിലെയും കൊച്ചിയിലെയും ഗവൺമെന്റുകൾ വഹിച്ച പങ്ക്, ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ വിവിധ സാമൂഹിക പ്രസ്ഥാനങ്ങൾ വഹിച്ച പങ്ക് എന്നിവ വലുതാണ്. സംസ്ഥാനത്ത് സ്കൂളുകളും കോളേജുകളും ഉയർന്നു വരുന്നതിന് ഇതു നന്നായി സഹായിച്ചിട്ടുണ്ട്. കേരളത്തിനകത്ത് തൊഴിലവസരങ്ങൾ ഉണ്ടായെങ്കിലും ജനസംഖ്യാനുപാതികമായി അപര്യാപ്തത വർദ്ധിച്ചു വന്നു. മറ്റ് രാജ്യങ്ങളിലേയ്ക്കും മലയാളികൾ തൊഴിൽ തേടി പോകാൻ തുടങ്ങി.

മിഷനറിമാർ തദ്ദേശീയ ഭാഷയിൽ വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചപ്പോൾ മലയാളത്തിലുള്ള എഴുത്തും വായനയും വ്യാപിക്കാനിടയായി. തിരുവിതാംകൂർ, കൊച്ചി എന്നീ നാട്ടു രാജ്യങ്ങളും മലയാളത്തിലുള്ള വിദ്യാഭ്യാസത്തെ പരിപോഷിപ്പിച്ചു. ഇതിന്റെ ഫലമായി തിരുവിതാംകൂറിൽ മലയാളത്തിലുള്ള വിദ്യാഭ്യാസം വ്യാപകമായി. 1931-51 കാലഘട്ടത്തിൽ സ്ത്രീ സാക്ഷരത മൂന്ന് മടങ്ങായി വർദ്ധിച്ചു. പിന്നീട് അത് താഴോട്ട് പോയിട്ടില്ല.

വിദ്യാഭ്യാസ ദർശനം

സ്വാതന്ത്ര്യാനന്തരമുണ്ടായ എല്ലാ വിദ്യാഭ്യാസ കമ്മീഷനുകളും കമ്മിറ്റികളും വിദ്യാഭ്യാസത്തിന്റെ ഗുണമേന്മയെക്കുറിച്ച് ചിന്തിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഒരു നാഴികക്കല്ലായി മാറാൻ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് (എൻ.സി.എഫ് 2005) ന് കഴിഞ്ഞു. 1948 ലെ യൂണിവേഴ്സിറ്റി കമ്മീഷൻ, 1953 ലെ സെക്കന്ററി എഡ്യൂക്കേഷൻ കമ്മീഷൻ, 1964-66 ലെ കോത്താരി കമ്മീഷൻ എന്നിവ വിദ്യാഭ്യാസത്തെ പറ്റി സമഗ്രമായ കാഴ്ച്ചപ്പാട് അവതരിപ്പിക്കുന്നുണ്ട്. അദ്ധ്യാപക വിദ്യാഭ്യാസവും യൂണിവേഴ്സിറ്റിതല വിദ്യാഭ്യാസവും സ്കൂൾതല വിദ്യാഭ്യാസവും പരസ്പര പൂരകമാവണമെന്നും നാടിന്റെ പുരോഗതിയ്ക്ക് ആധാരമാവണമെന്നും കോത്താരി കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളത് ഇന്ന് കൂടുതൽ പ്രസക്തമാണ്.

എൻ.സി. എഫ് 2005 ലെ പ്രധാന നിർദ്ദേശങ്ങൾ

1. കമ്മീഷനുകളും കമ്മിറ്റികളും നിരന്തരമായി സ്കൂൾ വിദ്യാഭ്യാസത്തെക്കുറിച്ചും അദ്ധ്യാപക വിദ്യാഭ്യാസത്തിന്റെ ഗുണമേന്മയെക്കുറിച്ചും നിർദ്ദേശങ്ങളും ആശങ്കകളും മുന്നോട്ടു വയ്ക്കുകയും ഇവയുടെ അടിസ്ഥാനത്തിൽ പലവിധ പ്രവർത്തനപദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്തു. എന്നാൽ ഉദ്ദേശിച്ച ഫലങ്ങൾ നേടാനായിട്ടില്ലെന്ന് ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് (എൻ.സി.എഫ്, 2005) സൂചിപ്പിക്കുന്നു.
2. കുട്ടികൾക്ക് പഠനാനുഭവങ്ങൾ നൽകുന്നതിലും പഠനസാമഗ്രികളുടെ നിർമ്മാണത്തിലും ഉപയോഗത്തിലും നിരന്തര വിലയിരുത്തൽ പ്രക്രിയയുടെ ആസൂത്രണം പ്രയോഗം എന്നിവയിലും മികച്ച തൊഴിൽ വൈദഗ്ധ്യം പ്രകടിപ്പിക്കാൻ സംവിധാനത്തിന് കഴിയുന്നില്ലെന്ന് അടിവരയിടുന്നു.
3. പാഠപുസ്തകത്തെ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾക്ക് പ്രാധാന്യം കുറയ്ക്കണമെന്നും സ്കൂളിന് പുറത്തുള്ള അറിവുകൾക്ക് കൂടുതൽ പ്രാധാന്യം നൽകണമെന്നും നിർദ്ദേശിക്കപ്പെട്ടു. പഠനസാമഗ്രികളും പഠനാനുഭവങ്ങളും നിരന്തരം രൂപകല്പന ചെയ്യുന്നതിനും അതിലുപരിയായി തന്റെ പ്രകടനം നിരന്തരം വിലയിരുത്തി മാറ്റം വരുത്തുന്നതിനും അറിവും പ്രാപ്തിയുമുള്ള കർമനിരതരായ തൊഴിൽ വൈദഗ്ധ്യമുള്ള അദ്ധ്യാപകരെയാണ് നാടിന് ആവശ്യം.
4. കുട്ടിയുടെ വളർച്ചയ്ക്കും വികാസത്തിനുമനുസൃതമായ അനുഭവങ്ങൾ കണ്ടെത്തുന്നതിനും വികസിപ്പിക്കുന്നതിനും വിമർശനാത്മകമായ അപഗ്രഥനതലത്തിലേക്ക് കുട്ടികളെ ഉയർത്തുന്നതിനും ക്ലാസ്മുറിക്ക് പുറത്തുള്ള അനുഭവങ്ങളുമായി ഇഴുകിച്ചേരാനുമുള്ള പരമാവധി അവസരങ്ങൾ കുട്ടികൾക്ക് ഒരുക്കിക്കൊടുക്കേണ്ടതുണ്ട്. പ്രക്രിയാശേഷികൾ, പ്രയോഗ സന്ദർഭങ്ങൾ, ഇതുമായി ബന്ധപ്പെട്ട മനോഭവങ്ങൾ, സർഗാത്മകത എന്നിവ കുട്ടി സ്വന്തമായി

രൂപപ്പെടുത്തുകയോ ആർജിച്ചെടുക്കുകയോ ചെയ്യുന്നതിനുള്ള പഠനാന്തരീക്ഷമാണ് ജ്ഞാന നിർമ്മിതി വാദത്തിലൂന്നിയ പഠനത്തിനായി ഒരുക്കേണ്ടത്. ഇത് സൂചിപ്പിക്കുന്നത് ഇത്തരത്തിൽ പഠനാന്തരീക്ഷം ഒരുക്കുന്നതിനുള്ള പ്രാഗത്ഭ്യമുള്ളവരായിരിക്കണം അദ്ധ്യാപകർ എന്നും സംവിധാനം ഇതിനനുസൃതമായ ക്രമീകരണങ്ങൾ ഉറപ്പാക്കണം എന്നുമാണ്.

ജില്ലാ പദ്ധതി ഉദ്ദേശ്യങ്ങൾ

- ഇടുക്കി ജില്ലയിലെ വിദ്യാഭ്യാസ മേഖല വിശകലനം ചെയ്ത് പ്രശ്നങ്ങൾ കണ്ടെത്തുകയും പരിഹാര നിർദ്ദേശങ്ങൾ മുന്നോട്ട് വെയ്ക്കുകയും ചെയ്യുക.
- ജില്ലയിലെ വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യങ്ങളുടെയും പശ്ചാത്തല സൗകര്യങ്ങളുടെയും പഠനം.
- ജില്ലയിലെ പ്രശ്നങ്ങളും സാധ്യതകളും പരിഗണിച്ച് (ഹ്രസ്വകാല വികസന പദ്ധതികളും ദീർഘകാല വികസന പദ്ധതികളും രൂപീകരിക്കുന്നതിന്.
- ജില്ലയിലെ വിഭവ സ്രോതസ്സുകളും ആവശ്യങ്ങളും പരിഗണിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന്.
- വിദ്യാഭ്യസത്തിന്റെ ദീർഘകാല പരിപ്രേക്ഷ്യം രൂപീകരിക്കുന്നതിന്.

വിദ്യാഭ്യാസപദ്ധതി രൂപീകരണ പ്രക്രിയ

1. ലഭ്യമായ മുഴുവൻ ഡേറ്റകളും ശേഖരിച്ച് വിശകലനം നടത്തൽ.
2. ഗുണമേന്മ വർദ്ധനവിനായി ഡയറ്റ്, എസ്.എസ്.എ., പൊതു വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റു സംവിധാനങ്ങൾ എന്നിവ നടത്തുന്ന പദ്ധതികളുടെ അവലോകനം.
3. ക്വാളിറ്റി മോണിറ്ററിംഗ് ടൂൾ (ക്യൂ.എം.ടി) അപഗ്രഥനം.
4. നാഷണൽ അച്ചീവ്മെന്റ് സർവ്വേ (നാസ്), സ്റ്റേറ്റ് ലെവൽ അച്ചീവ്മെന്റ് സർവ്വേ (സ്ലാസ) എന്നിവയുടെ വിശകലനം.
5. 2017-18 വർഷം സർവ്വ ശിക്ഷാ അഭിയാൻ നടത്തിയ പ്രീ-ടെസ്റ്റ് വിശകലനം.
6. എസ്.സി.ഇ.ആർ.ടി. പഠനങ്ങളുടെ (ബേസ് ലൈൻ സ്റ്റഡി) വിശകലനം.
7. ഡയറ്റ് നടത്തിയ പഠനങ്ങളുടെ വിശകലനം.
8. ഇടുക്കി ജില്ലയിലെ അംഗനവാടികൾ, പ്രീ-പ്രൈമറി, എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്., വി.എച്ച്.എസ്.ഇ, ട്രെയിനിംഗ് കോളേജുകൾ, ഐ.റ്റി.ഐ.-കൾ, ആർ.എം.എസ്.എ., സർവ്വ ശിക്ഷാ അഭിയാൻ പ്രോജക്റ്റ് ഓഫീസ്, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നീ സ്ഥാപനങ്ങളിൽ നിന്ന് ഫീൽഡ് വിസിറ്റ്,

അഭിമുഖം, ഫോക്കസ് ഗ്രൂപ്പ് ചർച്ച എന്നിവയിലൂടെ ശേഖരിച്ച ദത്തങ്ങളുടെ വിശകലനം.

9. വിദ്യാഭ്യാസ ഓഫീസർമാരുടെ മോണിറ്ററിംഗ് റിപ്പോർട്ട് അവലോകനം.
10. ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസ് രേഖകൾ വിശകലനം.
11. പ്രവർത്തനങ്ങളുടെ അവലോകനയോഗം.
12. കരട് പദ്ധതി തയ്യാറാക്കൽ, ചർച്ചകളിലൂടെ മെച്ചപ്പെടുത്തൽ.

ഏതൊരു പദ്ധതി രൂപീകരണത്തിനും നിലവിലെ സ്ഥിതി വിശേഷം വിശകലനം നടത്തേണ്ടതുണ്ട്. പ്രസ്തുത വിശകലനത്തിനായി ജില്ലയിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിദ്യാർത്ഥികൾ, കോഴ്സുകൾ എന്നിവ തുടർന്നു വരുന്ന ഭാഗങ്ങളിൽ നൽകിയിരിക്കുന്നു.

<u>വിദ്യാഭ്യാസ അവകാശ നിയമം</u>

ഭരണഘടനയുടെ 86-ാം ഭേദഗതിയനുസരിച്ച് രാജ്യത്തിത്തെ 6 മുതൽ 14വയസ്സുവരെയുള്ള മുഴുവൻ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവും സാർവത്രികവുമായി എലിമെന്ററി വിദ്യാഭ്യാസം ഉറപ്പുവരുത്താനുള്ള ഭരണഘടനാപരമായ ബാദ്ധ്യത നിറവേറ്റുന്നതിനായി പാർലമെന്റ് അംഗീകരിച്ച നിയമമാണ് വിദ്യാഭ്യാസ അവകാശ നിയമം (The right of children to free and compulsory education act, 2009) 2009 ലെ നിയമത്തിൽ 2012 ൽ ചില ഭേദഗതികൾ വരുത്തുകയുണ്ടായി. ഭരണഘടനാശിൽപികൾ 14 വയസ്സുവരെയുള്ള മുഴുവൻ കുട്ടികൾക്കും സാർവത്രിക വിദ്യാഭ്യാസം എന്ന ലക്ഷ്യം വിഭാവനം ചെയ്തിട്ടുണ്ടായിരുന്നു.

<u>പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം</u>

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശം എന്ന പൊതു കാഴ്ച്ചപ്പാടിനുള്ളിൽ നിന്നു കൊണ്ട് സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം കൊണ്ട് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി ഇടുക്കി ജില്ലയിൽ നടപ്പിലാക്കാനുള്ള കാര്യങ്ങൾ ചുവടെ കൊടുക്കുന്നു.

<u>ലക്ഷ്യങ്ങൾ</u>

1. പ്രീ സ്കൂൾ വിദ്യാഭ്യാസം ശാസ്ത്രീയമായി പുനരാവിഷ്കരിക്കും.

   1 മുതൽ 12 വരെ ഓരോ ക്ലാസ്സിലും കുട്ടി അന്താരാഷ്ട്ര നിലവാരമുള്ള ധാരണകളും കഴിവുകളും നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തും. എല്ലാ

കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഉണ്ടാകും. അവരുടെ കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കും. മത്സരാധിഷ്ഠിത ലോകത്തിൽ അതിജീവിക്കാൻ ആവശ്യമായ ആത്മവിശ്വാസവും അറിവും പ്രാപ്തിയും ആർജിക്കുന്നതോടൊപ്പം മതനിരപേക്ഷത, ജനാധിപത്യബോധം, തുല്യത, സഹവർത്തിത്വം, സഹകരണം, അനുതാപം തുടങ്ങി ഒരു ജനാധിപത്യ സമൂഹത്തിന്റെ മുന്നോട്ട് പോക്കിനാവശ്യമായ മൂല്യ ബോധങ്ങൾ ഉളവാകാൻ സഹായകമായ പഠന പ്രക്രിയയും പഠനാന്തരീക്ഷവും ഒരുക്കും. ഇതോടൊപ്പം പാരിസ്ഥിതിക അവബോധം, സാമൂഹിക അവബോധം, മാലിന്യ നിർമ്മാജന അവബോധം, ഓരോ വിഷയത്തിന്റേയും ഉള്ളടക്കത്തിൽ അവബോധം, പ്രൈമറി ക്ലാസ്സുകളിൽ എഴുത്തും വായനയും ഉറപ്പിക്കൽ എന്നിവ ഉളവാകാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യും.

2. കാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ച്ചപ്പാടിൽ ഓരോ കാമ്പസും ജൈവവൈവിധ്യ ഉദ്യാനമാക്കി മാറ്റും.
3. വായനശാല, ലബോറട്ടറി എന്നിവ ആധുനികവത്കരിക്കും.
4. വോട്ടവകാശം ലഭിയ്ക്കുന്ന പ്രായത്തിൽ തൊഴിൽ ചെയ്യാനുള്ള കഴിവ് വികസിപ്പിക്കും.
5. കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കും.

കുടുംബ ഘടനയിലും, ജീവിത രീതിയിലും വന്ന മാറ്റങ്ങൾ, അണു കുടുംബങ്ങളിൽ കുട്ടികൾക്ക് ലഭിയ്ക്കുന്ന അമിത പരിരക്ഷ, കൗമാര പ്രായത്തിൽ സ്വാഭാവികമായി ഉണ്ടാകുന്ന അന്ത:സംഘർഷങ്ങളെ മറി കടക്കാൻ ആവശ്യമായ സ്വയം പ്രതിരോധ ശേഷികളുടെ അഭാവം, ആധുനിക സാങ്കേതിക വിദ്യകളിൽ അന്തർലീനമായുള്ള പ്രശ്നങ്ങൾ, ശരിയായ ലൈംഗിക വിദ്യാഭ്യാസത്തിന്റെ അഭാവം, കുട്ടികളുടെ കഴിവിനെയും മികവിനെയും അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യാൻ സംവിധാനങ്ങൾ കാട്ടുന്ന വിമുഖത ഇതെല്ലാം കുട്ടികളുടെ മാനസിക സംഘർഷത്തിനും പിരിമുറുക്കത്തിനും ഇടയാക്കുന്നു. ഈയൊരു അവസ്ഥയെ തരണം ചെയ്യാനാവശ്യമായ കൗൺസിലിംഗ് സൗകര്യം സ്കൂളുകളിൽ ഉറപ്പാക്കും.

6. സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്നതാകും സമഗ്ര വിദ്യാഭ്യാസം. തദനുസൃതമായ വിദ്യാലയ വികസന രൂപരേഖ തയ്യാറാക്കും.
7. പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന ഉറപ്പാക്കും.
8. സ്കൂൾ തലത്തിൽ കൊഴിഞ്ഞു പോക്ക് ഇല്ലാതാക്കും.
9. പാഠ്യേതര പ്രവർത്തനങ്ങൾക്ക് ഭൗതീക മാനവിക സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കും.
10. വിദ്യാഭ്യാസത്തിൽ ജനാധിപത്യവത്കരണം അർത്ഥ പൂർണ്ണമാക്കും.
11. ലഹരി വിരുദ്ധ മനോഭാവം വളർത്തും.
12. പ്ലാസ്റ്റിക് മുക്ത, കീടനാശിനി മുക്ത, ലഹരി മുക്ത കാമ്പസ് യാഥാർത്ഥ്യമാക്കും.
13. കാർഷിക സംസ്കാരം വളർത്തിയെടുക്കും.

14. ക്ലാസ്സ് മുറികൾ ഹൈടെക് ആക്കും.
15. സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തും, ആകർഷകമാക്കും.

<u>വിദ്യാഭ്യാസം ഇടുക്കി ജില്ലയിൽ</u>

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിലാണ് ജില്ലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വ്യാപകമാകുന്നത്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചതാകട്ടെ ഇതേ നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ മാത്രമാണ്. സുഗന്ധ വ്യഞ്ജന കൃഷിയിലും കന്നി മണ്ണിലും ആകൃഷ്ടരായി അന്യദേശങ്ങളിൽ നിന്നും കുടിയേറി പാർത്ത അധ്വാനശീലരായ ജനങ്ങൾ പിൻതലമുറയ്ക്ക് അക്ഷരത്തിന്റെ അഗ്നി ഏറ്റു വാങ്ങുന്നതിനായി സ്വയം മുൻകൈ എടുത്താണ് മിക്കവാറും വിദ്യാലയങ്ങൾ ആരംഭിച്ചത്. ഗവൺമെന്റ് സ്കൂളുകളായാലും മാനേജ്മെന്റ് സ്കൂളുകളായാലും എല്ലാം തന്നെ ജനങ്ങളുടെ സംഭാവനയും സന്നദ്ധ പ്രവർത്തനവും വഴി പടുത്തുയർത്തപ്പെട്ടവയാണ്.

മറ്റ് ജില്ലകളിൽ നിന്ന് വ്യത്യസ്തമാണ് ഇടുക്കി. ആദിവാസി മേഖലകളും തോട്ടം തൊഴിലാളികളും തമിഴ് വംശജരും ഇടകലർന്ന ഒരു സമൂഹമാണ് ജില്ലയിലെ ഭൂരിപക്ഷ മേഖലകളും. അതിനനുസൃതമായ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നതിൽ പൂർണ്ണത നേടാൻ ഇനിയും ആയിട്ടില്ല.

സംസ്ഥാനത്ത് സാക്ഷരതാ നിലവാരത്തിൽ 11-ാം സ്ഥാനത്താണ് ജില്ല നിൽക്കുന്നതെങ്കിലും ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി.പരീക്ഷയിൽ സംസ്ഥാനത്ത് ആറാം സ്ഥാനത്ത് ജില്ല എത്തിപ്പെട്ടു എന്നത് അഭിമാനാർഹമാണ്.

സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കുട്ടികളുടെ പ്രവേശനം ഇടുക്കി ജില്ലയിലെ ജനങ്ങളും ആവേശപൂർവം സ്വീകരിച്ചു. ഒന്നാം ക്ലാസ്സിൽ മുൻവർഷത്തേക്കാൾ കുട്ടികൾ പ്രവേശനം നേടുകയുണ്ടായി.

2. <u>പ്രി പ്രൈമറി വിദ്യാഭ്യാസം</u>

ശൈശവകാല വിദ്യാഭ്യാസത്തിന്റെ (ഏർലി ചൈൽഡ് ഹുഡ് എഡ്യൂക്കേഷൻ) പ്രാധാന്യം സാർവ്വത്രികമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. കുട്ടിയുടെ ജീവിതത്തിന്റെ ഏറ്റവും ശ്രദ്ധയും വിദ്യാഭ്യാസപരമായ ഏറ്റവും നിറമുമുള്ളതുമായ കാലഘട്ടത്തിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിന്. പിൽക്കാലത്തെ മുഴുവൻ വികസനത്തിനും ശൈശ വകാലവിദ്യാഭ്യാസം അടിത്തറപാകുന്നു. ഇത് നടപ്പിലാക്കുന്നതിനായി നിരവധി ഏജൻസികളും സർക്കാർ വകുപ്പുകളും കേരളത്തിൽ പ്രവർത്തിക്കുന്നു. അംഗനവാടി

കൾ, ബാലവാടികൾ, നഴ്സറി സ്കൂളുകൾ, ക്രഷുകൾ എന്നിവ അക്കൂട്ടത്തിൽ പെടുന്നു. എൻ.സി.ആർ.ടിയും കേരള സർക്കാരിന്റെ സാമൂഹ്യക്ഷേമവകുപ്പും ആറാമത് അഖിലേന്ത്യാ വിദ്യാഭ്യാസ സർവ്വേ വിവിധ ഇ.സി.സി. സ്ഥാപനങ്ങൾ സംബന്ധിച്ച് താഴെ പറയുന്ന കണക്കുകൾ നൽകുന്നു. എങ്കിലും പ്രസ്തുത സർവ്വേ അന്ന് നിലവിൽ വന്നിരുന്ന അംഗീകാരമില്ലാത്ത നിരവധി സ്ഥാപനങ്ങളെ കണക്കിൽ എടുക്കുന്നില്ല ഇതുകൂടി കണക്കിലെടുത്താൽ പ്രി സ്കൂൾ സ്ഥാപനങ്ങളുടെ എണ്ണം 1993 -ൽ ഇരുപതിനായിരത്തിൽ അധികം വരും.

വിദ്യാഭ്യാസ ഗുണമേൻമ ഉറപ്പാക്കുന്നതിൽ അതിപ്രധാന പങ്ക് വഹിക്കുന്ന ഒന്നാണ് പ്രി- പ്രൈമറി. എസ്.സി.ഇ.ആർ.റ്റി. കരട് പാഠ്യപദ്ധതി പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും സംസ്ഥാനത്തെ ഭൂരിഭാഗം വിദ്യാലയങ്ങളിലും സ്വകാര്യ ഏജൻസികളുടെ പഠന ബോധന സാമഗ്രികളാണ് ഉപയോഗിച്ചുവരുന്നത്.

പട്ടിക 4.2.6.1 ജില്ലയിലെ സ്കൂളുകളുടെ എണ്ണം

ക്രമ നമ്പർ	സ്കൂളിന്റെ തരം	സർക്കാർ	എയ്ഡഡ്	അൺ എയ്ഡഡ്	ആകെ
1	ഹൈസ്കൂൾ	83	70	11	164
2	യു പി എസ്	27	61	4	92
3	എൽ പി എസ്	95	125	20	240
	ആകെ	205	256	35	496

പട്ടിക 4.2.6.2 ജില്ലയിലെ സർക്കാർ സ്കൂളുകളുടെ ഭൗതിക സൗകര്യം

ക്രമ നമ്പർ	സ്കൂളിന്റെ തരം	മതിയായ കെട്ടിട സൗകര്യം ഉള്ളവ	കെട്ടിട സൗകര്യം ഇല്ലാത്തവ
1	ഹൈസ്കൂൾ	77	6
2	യു പി എസ്	38	0
3	എൽ പി എസ്	92	2
	ആകെ	207	8

പട്ടിക 4.2.6.3 ജില്ലയിലെ സർക്കാർ സ്കൂളുകളിലെ കുടിവെള്ള സൗകര്യം

ക്രമ നമ്പർ	സ്കൂളിന്റെ തരം	കുടിവെള്ള സൗകര്യം ഉള്ളവ	കുടിവെള്ള സൗകര്യം ഇല്ലാത്തവ
1	ഹൈസ്കൂൾ	81	2
2	യു പി എസ്	38	0
3	എൽ പി എസ്	94	0
	ആകെ	207	2

പട്ടിക 4.2.6.4 ജില്ലയിലെ സർക്കാർ സ്കൂളുകളുടെ ശുചിത്വ സൗകര്യം

ക്രമ നമ്പർ	സ്കൂളിന്റെ തരം	ശുചിത്വ സൗകര്യം ഉള്ളവ	ശുചിത്വ സൗകര്യം ഇല്ലാത്തവ
1	ഹൈസ്കൂൾ	81	0
2	യു പി എസ്	38	0
3	എൽ പി എസ്	94	0
	ആകെ	207	8

പട്ടിക 4.2.6.5 ജില്ലയിലെ സ്കൂൾകുട്ടികളുടെ കൊഴിഞ്ഞു പോക്ക്

ക്രമ നമ്പർ	സ്കൂളിന്റെ തരം	പ്രവേശനം നേടിയവർ	കൊഴിഞ്ഞു പോയവർ	ശതമാനം
1	ഹൈസ്കൂൾ	39458	129	0.33
2	യു പി എസ്	32134	84	0.26
3	എൽ പി എസ്	36148	198	0.57

<u>ജില്ലയിലെ അംഗനവാടികൾ ബ്ളോക്ക് തിരിച്ച്.</u>

അടിമാലി 205, അഴുത 247, ഇളംദേശം 140, കട്ടപ്പന 246, ഇടുക്കി 164, നെടുങ്കണ്ടം 204, ദേവികുളം 213, തൊടുപുഴ 142. 13628 കുട്ടികൾ പഠിക്കുന്നു. ഇവർക്ക് പോഷകാഹാരത്തിന്റെ ഭാഗമായി ഗോതമ്പ്, അരി, അമൃതം ന്യൂട്രിമിൽക്ക്, നിലക്കടല, ശർക്കര, പാൽ, റവ കടല തുടങ്ങിയ ഭക്ഷണ സാധനങ്ങൾ നൽകിവരുന്നു. മേൽ പറഞ്ഞ അംഗൻവാടികളിൽ മലയാളം മീഡിയത്തിലാണ് പഠനം നടക്കുന്നത്. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 1238 അംഗനവാടികളും 169 വാടകകെട്ടിടത്തിലും 154 വാടകരഹിത കെട്ടിടത്തിലും പ്രവർത്തിക്കുന്നു. ഇലക്ട്രിസിറ്റി സൗകര്യമില്ലാത്ത 568 അംഗൻവാടികൾ ജില്ലയിൽ ഉണ്ട്.

അംഗനവാടി മേഖലയുടെ വികസന സാധ്യതകൾ

ഭൗതിക സൗകര്യം

പ്രശ്നങ്ങൾ :

സ്ഥലവും കെട്ടിടവുമില്ലാതെയാണ് പല അംഗനവാടികളും പ്രവർത്തിക്കുന്നത്. കുട്ടികളെ ആകർഷിക്കുന്ന രീതിയിൽ മാറിയിട്ടില്ല. സ്ഥലം ഉണ്ടെങ്കിൽ കെട്ടിടം പണിയാൻ ഫണ്ട് ഉണ്ട്. സ്ഥലം വാങ്ങാൻ ഫണ്ടില്ല. ഭൗതിക സൗകര്യങ്ങൾ സംബന്ധിച്ച ലിസ്റ്റ് അനുബന്ധമായി നൽകുന്നു.

5 ഭൗതിക സൗകര്യം							5 ഭൗതിക സൗകര്യം						
ജില്ലയുടെ പേര്: ഇടുക്കി							ജില്ലയുടെ പേര്: ഇടുക്കി						
ഡി) എ.ഡബ്ല്യു.സി.യുടെ ടോയ്‌ലറ്റ് സൗകര്യം							ഇ)എ.ഡബ്ല്യു.സി.യുടെ ശുദ്ധമായ കുടിവെള്ള സൗകര്യം						
ക്രമ നമ്പർ	പ്രൊജക്ട്	നമ്പർ ഓഫ് എ.ഡബ്ല്യു.സി.					ക്രമ നമ്പർ	പ്രൊജക്ട്	നമ്പർ ഓഫ് എ.ഡബ്ല്യു.സി.				
		പി.ഒ.ടി.പി. (ലാട്രീൻ)	Only Urinal	ഫ്ളഷ് സിസ്റ്റം	മുതലയവ	സൗകര്യങ്ങളുടെ എണ്ണം			ഹാന്റ് പമ്പ്/പമ്പ് സ്റ്റോറേജ്	ടാപ്പ് വാട്ടർ	ഓപ്പൺ വെൽ	മുതലയവ	സൗകര്യങ്ങളുടെ എണ്ണം
1	അടിമാലി			2	108		1	അടിമാലി		28	17	65	0
2	അടിമാലി അഡീഷണൽ				92	3	2	അടിമാലി അഡീഷണൽ	2	7	3	83	0
3	അഴുത			133	3	0	3	അഴുത	1	24	0	28	83
4	അഴുത അഡീഷണൽ				107	4	4	അഴുത അഡീഷണൽ	3	43	22	43	0
5	ദേവികുളം	96	0	0	0	0	5	ദേവികുളം	7	74	2	13	0
6	ദേവികുളം അഡീഷണൽ	2	26	0	83	6	6	ദേവികുളം അഡീഷണൽ	2	62	4	49	0
7	ഇളംദേശം	0	0	0	133	7	7	ഇളംദേശം	2	43	24	71	0
8	ഇടുക്കി	162	0	2	0	0	8	ഇടുക്കി	3	2	5	128	0
9	കട്ടപ്പന	0	0	0	144	1	9	കട്ടപ്പന	4	42	11	88	0
10	കട്ടപ്പന അഡീഷണൽ	101	0	0	0	0	10	കട്ടപ്പന അഡീഷണൽ	3	19	1	22	56
11	നെടുങ്കണ്ടം	115	0	0	0	0	11	നെടുങ്കണ്ടം	0	0	0	81	34
12	നെടുങ്കണ്ടം അഡീഷണൽ	0	0	0	89	0	12	നെടുങ്കണ്ടം അഡീഷണൽ	15	13	3	55	0
13	തൊടുപുഴ	0	0	0	140	2	13	തൊടുപുഴ	2	92	8	40	0
ആകെ		**476**	**25**	**137**	**899**	**23**	**ആകെ**		**45**	**477**	**100**	**766**	**173**

5 ഭൗതിക സൗകര്യം						5 ഭൗതിക സൗകര്യം								
ജില്ലയുടെ പേര്: ഇടുക്കി						ജില്ലയുടെ പേര്: ഇടുക്കി								
എ) സ്റ്റാറ്റസ് ഓഫ് എ.ഡബ്ല്യു.സി. ബിൽഡിംഗ്						ബി)എ.ഡബ്ല്യു.സി.യുടെ കെട്ടിട സൗകര്യം								
		നമ്പർ ഓഫ് എ.ഡബ്ല്യു.സി. റണ്ണിംഗ്												
ക്രമ നമ്പർ	പ്രോജക്ട്	ഉടമസ്ഥതയുള്ള കെട്ടിടം	വാടക കെട്ടിടം	സ്വന്തമായിട്ടുള്ളതോ,അല്ലാത്തതോ ആയ കെട്ടിടം	ആകെ	ക്രമ നമ്പർ	പ്രോജക്ട്	എ.ഡബ്ല്യു.ഡബ്ല്യു.എസ്	എ.ഡബ്ല്യു.എച്ച്.എസ്.	പഞ്ചായത്ത് കെട്ടിടം	പ്രൈമറി സ്കൂൾ	ഏതെങ്കിലും മതസ്ഥാപനങ്ങൾ	ഏതെങ്കിലും സമൂഹായങ്ങളുടെ കെട്ടിടം	സ്വന്തം സ്ഥലം
1	അടിമാലി	97	6	7	110	1	അടിമാലി			7				
2	അടിമാലി അഡീഷണൽ	74	18	3	95	2	അടിമാലി അഡീഷണൽ			2			1	
3	അഴുത	96	13	25	136	3	അഴുത			5	1		19	
4	അഴുത അഡീഷണൽ	65	16	30	111	4	അഴുത അഡീഷണൽ			4			26	
5	ദേവികുളം	56	13	27	95	5	ദേവികുളം	2	2	0	0		23	0
6	ദേവികുളം അഡീഷണൽ	87	8	22	117	6	ദേവികുളം അഡീഷണൽ	0	3	2	0	0	17	0
7	ഇളംദേശം	125	12	3	140	7	ഇളംദേശം	0	0	0	1	0	2	0
8	ഇടുക്കി	152	7	5	164	8	ഇടുക്കി	0	0	0	1	0	4	0
9	കട്ടപ്പന	125	12	8	145	9	കട്ടപ്പന	0	0	4	0	0	4	0
10	കട്ടപ്പന അഡീഷണൽ	93	7	1	101	10	കട്ടപ്പന അഡീഷണൽ	0	0	0	1	0	0	0
11	നെടുങ്കണ്ടം	96	16	3	115	11	നെടുങ്കണ്ടം	0	0	0	0	0	3	0
12	നെടുങ്കണ്ടം അഡീഷണൽ	77	9	3	89	12	നെടുങ്കണ്ടം അഡീഷണൽ	0	0	0	1	0	2	0
13	തൊടുപുഴ	103	29	10	142	13	തൊടുപുഴ	0	0	0	7	2	0	0
ആകെ		**1246**	**168**	**147**	**1561**	**ആകെ**		**2**	**5**	**24**	**7**	**0**	**101**	**0**

(അവലംബം സാമൂഹ്യനീതി വകുപ്പ്)

5 ഭൗതിക സൗകര്യം					
ജില്ലയുടെ പേര്: ഇടുക്കി					
സി) എ.ഡബ്ല്യു.സി. കെട്ടിടങ്ങൾ					
ക്രമ നമ്പർ	പ്രൊജക്ട്	എ.ഡബ്ല്യു.സി. കെട്ടിടങ്ങളുടെ എണ്ണം			
		പക്കാ	സെമി പക്കാ	കച്ചാ	ആകെ
1	അടിമാലി	110	0	0	110
2	അടിമാലി അഡീഷണൽ	54	36	5	95
3	അഴുത	116	20	0	136
4	അഴുത അഡീഷണൽ	95	15	1	111
5	ദേവികുളം	95	1	0	96
6	ദേവികുളം അഡീഷണൽ	87	29	1	117
7	ഇളംദേശം	113	25	2	140
8	ഇടുക്കി	115	38	11	164
9	കട്ടപ്പന	145	0	0	145
10	കട്ടപ്പന അഡീഷണൽ	69	15	17	101
11	നെടുങ്കണ്ടം	98	17	0	115
12	നെടുങ്കണ്ടം അഡീഷണൽ	77	10	2	89
13	തൊടുപുഴ	142	0	0	142
ആകെ		**1316**	**206**	**39**	**1561**

(അവലംബം സാമൂഹ്യനീതി വകുപ്പ്)

<u>അങ്കണവാടികളുടെ വൈദ്യുതി സൗകര്യം സംബന്ധിച്ച വിവരങ്ങൾ</u>

ക്രമ നമ്പർ	പ്രൊജക്ട്	ആകെ അങ്കണ വാടിക ളുടെ എണ്ണം	വൈദ്യുതി സൗകര്യം ഉള്ളവ	വൈദ്യുതി സൗകര്യം ഇല്ലാത്തവ	ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ	അഭിപ്രായം
1	അടിമാലി	110	24	86	86 അങ്കണവാടികളും വൈദ്യുതീകരിക്കുന്നതിനുള്ള പ്രോജക്ട് വച്ചിട്ടുണ്ട്.	
2	അടിമാലി അഡീഷണൽ	95	68	27	സ്വന്തം കെട്ടിടമുള്ള 20 അങ്കണവാടികൾക്ക് 2016-17 വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 7 അങ്കണവാടികൾക്ക് വൈദ്യുതി ഉൾപ്പെടെയുള്ള കെട്ടിടം കിട്ടാനില്ല.	
3	അഴുത	136	26	110	100 അങ്കണവാടികൾക്ക് 2016-17 വർഷത്തെ പ്രോജക്ടിൽ തുക വകയിരുത്തിയിട്ടുണ്ട്.	
4	അഴുത അഡീഷണൽ	111	41	70	37 അങ്കണവാടികൾക്ക് പഞ്ചായത്തിൽ പ്രോജക്ട് വച്ചിട്ടുണ്ട്.	
5	ദേവികുളം	96	25	71	8 അങ്കണവാടികൾക്ക് പഞ്ചായത്തിൽ പ്രോജക്ട് വച്ചിട്ടുണ്ട്.	
6	ദേവികുളം അഡീഷണൽ	117	17	100	10 അങ്കണവാടികൾക്ക് 2016-17 -ൽ പഞ്ചായത്തിൽ പ്രോജക്ട് വച്ചിട്ടുണ്ട്.	
7	ഇളംദേശം	140	109	31	12 എണ്ണം വയറിംഗ് ജോലികൾ പൂർത്തീകരിച്ച് ബാക്കിയുള്ളവ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവായാണ്. ഇത് സൗകര്യപ്രദമായ കെട്ടിടത്തിലേയ്ക്ക് മാറുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.	
8	ഇടുക്കി	164	52	112	20 അങ്കണവാടികളിൽ വയറിംഗ് ജോലികൾ പൂർത്തിയായി വൈദ്യുതി ലഭ്യമായിട്ടില്ല. 45 അങ്കണവാടികൾക്ക് 2016-17 വർഷത്തെ പ്രോജക്ടിൽ തുക വകയിരുത്തിയിട്ടുണ്ട്.	
9	കട്ടപ്പന	145	24	121	55 അങ്കണവാടികൾക്ക് 2016-17 സാമ്പത്തിക വർഷം പ്രോജക്ട് വച്ചിട്ടുണ്ട്. രണ്ടും പഞ്ചായത്തുകളിൽ പഞ്ചായത്ത് കമ്മറ്റിക്ക് മുൻപാകെ കത്ത് നൽകിയിട്ടുണ്ട്.	
10	കട്ടപ്പന അഡീഷണൽ	101	12	89	പഞ്ചായത്ത്, ബ്ലോക്ക് കമ്മറ്റിയിൽ കത്ത് നൽകിയിട്ടുണ്ട്.	
11	നെടുങ്കണ്ടം	115	31	84	61 എണ്ണം പഞ്ചായത്ത് പ്രോജക്ട് വച്ചിട്ടുണ്ട്.	

					23 എണ്ണം നടപടി സ്വീകരിച്ചിട്ടില്ല.	
12	നെടുങ്കണ്ടം അഡീഷണൽ	89	0	89	79 അങ്കണവാടികൾക്ക് 2016-17-ൽ വൈദ്യുതികരിക്കുന്നതിനുള്ള പ്രോജക്ട് വച്ചിട്ടുണ്ട്.	
13	തൊടുപുഴ	142	128	14	4 അങ്കണവാടികൾക്ക് 2016-17 സാമ്പത്തിക വർഷം പ്രോജക്ട് വച്ചിട്ടുണ്ട്.	
ആകെ		**1561**	**557**	**1004**	ആകെ 537 അങ്കണവാടികൾക്ക് പ്രോജക്ട് വച്ചിട്ടുണ്ട്.	

(അവലംബം സാമൂഹ്യനീതി വകുപ്പ്)

വികസന സാധ്യതകൾ :

സ്വന്തമായ ആകർഷകമായ കെട്ടിടം, ടോയ്‌ലറ്റ് സംവിധാനം, കളിസ്ഥലം, കുട്ടിക്കുളം, കുട്ടികളുടെ പാർക്ക്, പൂന്തോട്ടം, തുടങ്ങി കുട്ടിപുരകളടക്കമുള്ള വിപുല സംവിധാനങ്ങൾ ഉണ്ടാകണം. പൂർണ്ണമായും വിദ്യാർത്ഥി സൗഹൃദ സ്വയംപര്യാപ്ത അന്തരീക്ഷം(പ്രകൃതിദത്ത ആവാസവ്യവസ്ഥ ക്രമീകരിച്ചത്) സംജാതമാക്കണം.

അക്കാദമികം

പ്രശ്നങ്ങൾ : അംഗനവാടികൾക്ക് നിർദ്ദേശിക്കപ്പെട്ട പഠനപ്രവർത്തനങ്ങൾ അനുവർത്തിക്കുന്നതിൽ രക്ഷിതാക്കൾ തൃപ്തരല്ല. ചെറുപ്പത്തിലേ ഇവരെ എഴുത്ത് പഠിപ്പിക്കണം എന്നാണ് രക്ഷിതാക്കൾ ആവശ്യപ്പെടുന്നത് (പ്രത്യേകിച്ചും ഇംഗ്ലീഷ്). ഡിപ്പാർട്ട്മെന്റു താല്പര്യത്തിനനുസരിച്ച് അംഗനവാടികൾക്ക് പ്രവർത്തിക്കാൻ കഴിയുന്നില്ല.

വികസന സാധ്യതകൾ :

ഭാവി സ്കൂളിലേക്ക് അവശ്യം വേണ്ട തയ്യാറെടുപ്പു മാത്രമായി അക്കാദമികപ്രവർത്തനം നിജപ്പെടുത്തുക. എഴുത്ത്, വായന എന്നിവ പൂർണമായും ഒഴിവാക്കി പാട്ട്, കളി, ചിത്രംവര, നിർമ്മാണം, കൃഷി പ്രവർത്തനങ്ങൾ മാത്രമാക്കുക. ആശയ വിനിമയത്തിനുള്ള കളിപ്പാട്ടങ്ങൾ, സ്മാർട്ടു ക്ലാസ്സു മുറികൾ, അനുയോജ്യമായ പഠന പ്രവർത്തനങ്ങളുള്ള സി.ഡി. കൾ എന്നിവ ഒരുക്കണം. പൂർണ്ണമായും മാതൃഭാഷയിലൂടെയുള്ള ആശയ വിനിമയം (എൽ.കെ.ജി, യു.കെ.ജി. എന്നിവയ്ക്കുള്ള തയ്യാറെടുപ്പു കേന്ദ്രങ്ങളല്ല അംഗനവാടികൾ).

ശാരീരിക മാനസികാരോഗ്യം

പ്രശ്നങ്ങൾ :

ഒരേ തരം ഭക്ഷണം (പോഷകാഹാരം) കുട്ടികളിൽ മടുപ്പുളവാക്കുന്നു. 3 വയസ്സുള്ള കുട്ടികളെയാണ് നിലവിൽ അംഗനവാടികളിൽ ചേർക്കുന്നത്.

വികസന സാധ്യതകൾ :

സ്കൂൾ തലത്തിൽ വൈവിധ്യമാർന്ന പോഷക സമ്പുഷ്ടമായ ഭക്ഷണം നൽകുക. നിശ്ചിതപ്രായത്തിലുള്ള കുട്ടികളെ മാത്രം അഡ്മിറ്റ് ചെയ്യുന്നു എന്ന് ഉറപ്പാക്കണം. സ്കൂളുകളിൽ അംഗനവാടി സർട്ടിഫിക്കറ്റ് നിർബന്ധമാക്കുക.

ഭരണപരം

പ്രശ്നങ്ങൾ :

മികച്ച ശാരീരിക മാനസിക ആരോഗ്യക്ഷമത രൂപപ്പെടേണ്ട പ്രായമായി, നിശ്ചയ ദാർഢ്യമില്ലായ്മ.

വികസന സാധ്യതകൾ :

പ്രാദേശിക വികസന ഫണ്ടുകൾ ഈ മേഖലയിലേക്കു കൂടി കാര്യക്ഷമമായി വിന്യസിക്കാൻ ഭരണപരമായ ധാരണയുണ്ടാകണം. മികച്ച സേവന വേതന സംവിധാനം. ഉണ്ടാകേണ്ടതുണ്ട്.

പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന്റെ വികസന സാധ്യതകൾ

ഇടുക്കി ജില്ലയിൽ സർക്കാർ മേഖലയിൽ 2 പ്രീ-പ്രൈമറി സ്കൂളുകളും സർക്കാർ സ്കൂളുകളോട് ചേർന്ന് പി.റ്റി.എ. നടത്തുന്നതും ആയമാർക്കും ടീച്ചേഴ്സിനും സർക്കാർ ഹോണറേറിയം നൽകുന്നതുമായ പ്രീ-പ്രൈമറികളും ഉണ്ട്. ഇതുകൂടാതെ എയ്ഡഡ് സ്കൂളുകളോട് ചേർന്ന് അംഗീകാരമില്ലാത്ത പ്രീ-പ്രൈമറികൾ ഉണ്ട്. സർക്കാർ സ്കൂളുകളിലും 2002 ന് ശേഷം അംഗീകാരമില്ലാതെ പ്രീ-പ്രൈമറികൾ നടത്തുന്നുണ്ട്. എല്ലാ പ്രീ-പ്രൈമറികൾക്കും ഏകീകൃത പാഠ്യപദ്ധതി കൊണ്ടു വരികയും അംഗൻവാടി കുട്ടികൾക്ക് നൽകുന്നതു പോലുള്ള പോഷകാഹാരം രാവിലെയും വൈകിട്ടും നൽകേണ്ടതും വിഭവ സമൃദ്ധമായ ഉച്ച ഭക്ഷണത്തിന് സൗകര്യം ഒരുക്കേണ്ടതായിട്ടുമുണ്ട്.

(വിശദാംശങ്ങൾ പാർട്ട് 3)

ഭൗതിക സൗകര്യം

പ്രശ്നങ്ങൾ :ക്ലാസ്സിനകത്തും പുറത്തുമായി കളിപ്പാട്ടങ്ങളോ കളി സ്ഥലമോ വേണ്ടത്രയില്ല.

വികസന സാധ്യതകൾ :

പൂർണമായും വിദ്യാർത്ഥി സൗഹൃദ സ്വയം പര്യാപ്ത അന്തരീക്ഷം(പ്രകൃതി ദത്ത ആവാസവ്യവസ്ഥ ക്രമീകരിച്ചത്) സൃഷ്ടിക്കണം.

അക്കാദമീകം

പ്രശ്നങ്ങൾ :

എല്ലാ പ്രീ-പ്രൈമറികളും ഇംഗ്ലീഷ് മീഡിയത്തിൽ പ്രവർത്തിക്കുന്നു. പ്രീ-പ്രൈമറിയ്ക്ക് പാഠ്യ പദ്ധതിയില്ല.

വികസന സാധ്യതകൾ :

എഴുത്ത്, വായന എന്നിവ പൂർണ്ണമായും ഒഴിവാക്കി പാട്ട്, കളി, ചിത്രംവര, നിർമ്മാണം, കൃഷി എന്നീ പ്രവർത്തനങ്ങൾ മാത്രമാക്കുക. പൂർണമായും മാതൃഭാഷയിലൂടെയുള്ള ആശയ വിനിമയം സാധ്യമാക്കുക.

ശാരീരിക മാനസികാരോഗ്യം

പ്രശ്നങ്ങൾ :

നിയമപരമായി നിശ്ചിത വയസ്സുള്ള കുട്ടികളെയല്ല നിലവിൽ പ്രീ-പ്രൈമറിയിൽ ചേർക്കുന്നത്.

വികസന സാധ്യതകൾ :

നിശ്ചിത പ്രായത്തിലുള്ള കുട്ടികളെ മാത്രം അഡ്മിറ്റ് ചെയ്യുന്നു എന്ന് ഉറപ്പാക്കണം. സ്കൂളുകളിൽ ജനന സർട്ടിഫിക്കറ്റ് നിർബന്ധമാക്കുക.

ഭരണപരം

പ്രശ്നങ്ങൾ :

കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ക്ലാസ്സ്, അദ്ധ്യാപകർ, ആയമാർ എന്നിവരില്ലാത്തത്. മെഡിക്കൽ ചെക്ക് അപ്പ്, ലംപ്സം ഗ്രാന്റ് , പഠന കിറ്റ് തുടങ്ങിയവക്ക് പരിഗണിക്കുന്നില്ല.

വികസന സാധ്യതകൾ :

സ്കൂൾ കുട്ടികൾക്കുള്ള മെഡിക്കൽ ചെക്ക് അപ്പ്, ലംപ്സം ഗ്രാന്റ്, പഠനകിറ്റ് തുടങ്ങിയവക്ക് പ്രീ പ്രൈമറി കുട്ടികളെ പരിഗണിക്കണം.

പ്രൈമറി മുതൽ ഹയർ സെക്കണ്ടറി വരെ

ഇടുക്കി ജില്ലയിൽ 2 വിദ്യാഭ്യാസ ജില്ലകളും 7 ഉപജില്ലകളുമാണ് ഉള്ളത്. ജില്ലയിൽ ആകെ 242 എൽ.പി.സ്കൂളുകൾ ഉണ്ട്. ഇതിൽ 94 ഗവൺമെന്റ് സ്കൂളുകളും 128 എയ്ഡഡ് സ്കൂളുകളും 20 അൺ-എയ്ഡഡ് സ്കൂളുകളും ഉണ്ട്. അപ്പർ പ്രൈമറി വിഭാഗത്തിൽ 88 സ്കൂളുകൾ ഉണ്ട്. ഇതിൽ 27 എണ്ണം ഗവൺമെന്റ് മേഖലയിലും 58 എയ്ഡഡ് സ്കൂളുകളും 3 അൺ-എയ്ഡഡ് സ്കൂളുകളുമാണ്. 89 ഹൈസ്കൂളുകളും 58 ഹയർസെക്കണ്ടറി സ്കൂളും 14 വി.എച്ച്.എസ്.സി.കളും ജില്ലയിലെ വിദ്യാഭ്യാസ നിലവാരം ഉയർച്ചക്കായി പ്രവർത്തിക്കുന്നു.

അംഗീകാരമുള്ള 52 സി.ബി.എസ്.ഇ.സ്കൂളുകളും അംഗീകാരമില്ലാത്ത 44 സി.ബി.എസ്. ഇ.സ്കൂളുകളും 3 കേരള സിലബസിലുള്ള സ്കൂളുകളും ഉണ്ട്.

ഏകാധ്യാപക വിദ്യാലയങ്ങൾ

M.G.L.C.- Multi Grade Learning Centre

ഒറ്റപ്പെട്ട ആദിവാസി മേഖലകളിൽ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിൽ ജില്ലയിൽ 71 എകാധ്യാപക വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. ഇതു കൂടാതെ പട്ടികവർഗ്ഗ ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ 23 എം.ജി.എൽ.സി കളും പ്രവർത്തിക്കുന്നു.അടിമാലി 19, അറക്കുളം 7, തൊടുപുഴ 0, കട്ടപ്പന 5, പീരുമേട് 9, നെടുങ്കണ്ടം 4, മൂന്നാർ 30 എന്നിങ്ങനെയാണ് ഉപജില്ലകളുടെ നിയന്ത്രണത്തിലുള്ള ഏകാധ്യാപക വിദ്യാലയങ്ങളുടെ കണക്ക്. ഏകാധ്യാപക വിദ്യാലയങ്ങളുടെ നിലവിലുള്ള അവസ്ഥ പട്ടിക രൂപത്തിൽ നൽകുന്നു.

പ്രൊഫോർമ – 2								
ഏകദ്ധ്യാപക വിദ്യാലയങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ								
ക്രമ നം	എം.ജി.എൽ.സി.യുടെ പേര്	സ്വന്തം കെട്ടിടം/ വാടക	കെട്ടിടത്തിന്റെ വിസ്തീർണ്ണം (ചതുരശ്ര അടി)	ക്ലാസ്സുകളുടെ എണ്ണം	കെട്ടിടത്തിന്റെ പഴക്കം(വർഷം)	വാട്ടർ കണക്ഷൻ ഇലക്ട്രിസിറ്റി/ടോയിലറ്റ്/ സൗകര്യങ്ങൾ എന്നിവ യുടെ ലഭ്യത	സ്ഥലത്തിന്റെ വിസ്തീർണ്ണം(സെന്റിൽ)	ഉടമസ്ഥാവകാശം സംബന്ധിച്ച വിശദാംശങ്ങൾ (റവന്യൂ ഫോറസ്റ്റ്, എഡ്യൂ കേഷൻ,ഗ്രാമ പഞ്ചായത്ത്)
1	എം.ജി. എൽ.സി പീച്ചാട്- തമിഴ്	അതെ	120	1	16	വൈദ്യുതി ഇല്ല	3	ഗ്രാമ പഞ്ചായത്ത്
2	എം.ജി. എൽ.സി ആനച്ചാൽ കോളനി	അതെ	74	1	10	വൈദ്യുതി ഇല്ല	4	ഗ്രാമ പഞ്ചായത്ത്
3	എം.ജി. എൽ.സി പീച്ചാട്-പ്ലാ മല	അതെ	120	1	16	വൈദ്യുതി ഇല്ല	5	ഗ്രാമ പഞ്ചായത്ത്
4	എം.ജി. എൽ.സി നൂറാംകര ക്കുടി	അതെ	54	1	16	വൈദ്യുതി ഇല്ല	3	ഗ്രാമ പഞ്ചായത്ത്
5	എം.ജി. എൽ.സി പ്ലാമ ലക്കുടി	അതെ	52	1	16	വൈദ്യുതി ഇല്ല	5	ഗ്രാമ പഞ്ചായത്ത്
6	എം.ജി. എൽ.സി കുതിരയള ക്കുടി	അതെ	52	1	16	വൈദ്യുതി ഇല്ല	5	ഗ്രാമ പഞ്ചായത്ത്
7	എം.ജി. എൽ.സി ചിന്നപ്പാറ ക്കുടി	അതെ	54	1	10	വൈദ്യുതി ഇല്ല	15	ഗ്രാമ പഞ്ചായത്ത്

8	എം.ജി. എൽ.സി ചൂരക്കെട്ടൻമുടി	അതെ	56	1	10	വൈദ്യുതി ഇല്ല	5	ഗ്രാമ പഞ്ചായത്ത്
9	എം.ജി. എൽ.സി കുളമൺകുടി	അതെ	52	1	16	വൈദ്യുതി ഇല്ല	5	ഗ്രാമ പഞ്ചായത്ത്
10	എം.ജി. എൽ.സി അഞ്ചാം മൈൽക്കുടി	അതെ	52	1	16	വൈദ്യുതി ഇല്ല	7	ഗ്രാമ പഞ്ചായത്ത്
11	എം.ജി. എൽ.സി തുമ്പിപ്പാറക്കുടി	അതെ	52	1	16	വൈദ്യുതി ഇല്ല	3	ഗ്രാമ പഞ്ചായത്ത്
12	എം.ജി. എൽ.സി തളനിരപ്പൻകുടി	അതെ	54	1	10	വൈദ്യുതി ഇല്ല	20	ഗ്രാമ പഞ്ചായത്ത്
13	എം.ജി. എൽ.സി ഇട്ടി സിറ്റി	അതെ	56	2	16	വൈദ്യുതി ഇല്ല	5	ഗ്രാമപഞ്ചായത്ത്
14	എം.ജി. എൽ.സി കുഞ്ചിപ്പെട്ടിക്കുടി	അതെ	54	1	10	വൈദ്യുതി ഇല്ല	3	ഗ്രാമ പഞ്ചായത്ത്
15	എം.ജി. എൽ.സി ചാറ്റുപാറക്കുടി	അതെ	45	1	16	വൈദ്യുതി ഇല്ല	7	ഗ്രാമ പഞ്ചായത്ത്
16	എം.ജി. എൽ.സി കട്ടമുടിക്കുടി	അതെ	54	1	16	ഉണ്ട്.	5	ഗ്രാമ പഞ്ചായത്ത്
17	എം.ജി. എൽ.സി കോമാളിക്കുടി	അതെ	56	1	10	വൈദ്യുതി ഇല്ല	3	ഗ്രാമ പഞ്ചായത്ത്
18	എം.ജി. എൽ.സി ടീ കമ്പനി	അതെ	45	1	10	വൈദ്യുതി ഇല്ല	3	ഗ്രാമ പഞ്ചായത്ത്
19	എം.ജി. എൽ.സി കുറത്തിക്കുടി	അതെ	79	1	2	വൈദ്യുതി ഇല്ല	247	ഗ്രാമ പഞ്ചായത്ത്
20	മണിപ്പാറ -1	സ്വന്തം	65	2	16	ഉണ്ട്.	4.5	ഗ്രാമ പഞ്ചായത്ത്
21	മണിപ്പാറ -2	സ്വന്തം			16	ഉണ്ട്.	4.5	ഗ്രാമ പഞ്ചായത്ത്
22	വട്ടമേട്	സ്വന്തം	പുതിയത് നിർമ്മിക്കുന്നു.			ഉണ്ട്.	5	ഗ്രാമ പഞ്ചായത്ത്
23	മനയത്തടം	സ്വന്തം	55	2	15	വാട്ടർകണക്ഷൻ, ടോയ്‌ലറ്റ് ഉണ്ട്. വൈദ്യുതി ഇല്ല	5	ഗ്രാമ പഞ്ചായത്ത്
24	പൊന്നെടുത്താൻ	സ്വന്തം	82	2	12	വാട്ടർകണക്ഷൻ, ടോയ്‌ലറ്റ്, വൈദ്യുതി ഇവ ഇല്ല	10	ഗ്രാമ പഞ്ചായത്ത്

25	ചക്കിമാലി	സ്വന്തം	54	2	17	വാട്ടർകണക്ഷൻ, വൈദ്യുതി ഇവ ഇല്ല. ടോയ്‌ലറ്റ് ഉണ്ട്.	30	ഗ്രാമ പഞ്ചായത്ത്
26	കൈതപ്പാറ	പള്ളിവക		1	50	വാട്ടർകണക്ഷൻ, വൈദ്യുതി ഇവ ഇല്ല. ടോയ്‌ലറ്റ് ഉണ്ട്.		പള്ളിവക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. വാടക നൽകേതില്ല
27	മൈലപ്പുഴ	സ്വന്തം	63	1	17	വാട്ടർകണക്ഷൻ, ടോയ്‌ലറ്റ് ഉണ്ട്.വൈദ്യുതി ഇല്ല	7	ഗ്രാമ പഞ്ചായത്ത്
28	എം.ജി.എൽ. സി. അയ്യരുപാറ	വാടക	575	1	18	ഉണ്ട്.	ഇല്ല	എസ്റ്റേറ്റ് ഉടമ
29	എം.ജി.എൽ. സി. മേപ്പാറ	സ്വന്തം	504	1	17	ഉണ്ട്.	2	സ്വന്തം സ്ഥലം.
30	എം.ജി.എൽ. സി. അഞ്ചുരുളി	സ്വന്തം	575	1	8	ഉണ്ട്.	50	ഫോറസ്റ്റ്
31	എം.ജി.എൽ. സി. കടമാക്കുഴി	സ്വന്തം	450	1	10	ഉണ്ട്.	2	സ്വന്തം സ്ഥലം.
32	എം.ജി.എൽ. സി. പൂവന്തിക്കുടി	സ്വന്തം	744	1	18	ഉണ്ട്.	5	പഞ്ചായത്ത്
33	ചിലന്തിയാർ		529	1	7	ഇല്ല	2	ചിലന്തിയാർ
34	എം.ജി. എൽ.സി. പച്ചപ്പുൽകുടി	സ്വന്തം	400	1	7	ടോയിലറ്റ് ഉണ്ട്.	5	കുടിയുടെ സ്വന്തം
35	എം.ജി. എൽ.സി. പാപ്പാത്തിചോല	കമ്പനി	400	1	20	വെള്ളം ഉണ്ട്.		കമ്പനി
36	എം.ജി. എൽ.സി. കുലകുടി	ഗവൺ	2 സെന്റ്	4	20	ഇല്ല	-	-
37	ലോക് ഹാർട്ട്	സ്വന്തം	1400	2	30	ഉണ്ട്.	20	എച്ച്.എം.എൽ കമ്പനി
38	എം.ജി. എൽ.സി. ചെമ്പട്ടികുടി	സ്വന്തം	264	1	15		3	ഫോറസ്റ്റ്
39	കുളച്ചിവയൽ	പഞ്ചായത്ത്	350	1	15		2	തദ്ദേശ സ്വയഭരണ വകുപ്പ്
40	എം.ജി. എൽ.സി. വിരിപാറ	സ്വന്തം	300	1	5	വാട്ടർ കണക്ഷൻ ഉണ്ട്. ഇലക്ട്രിസിറ്റി, ടോയ്‌ലറ്റ് ഇല്ല	3	എഡ്യൂക്കേഷന് കലക്ടർ കൈമാറിയത്
41	എം.ജി. എൽ.സി. ആലംപെട്ടികുടി	സ്വന്തം	800	2		ഉണ്ട്.	5	ഫോറസ്റ്റ്

42	എം.ജി. എൽ.സി. ചെറുവാടുകുടി	സ്വന്തം	600	2	20	ടോയിലറ്റ് ഉണ്ട്. വാട്ടർ കണക്ഷൻ,കറന്റ് ഇല്ല	3	സ്വന്തം
43	എം.ജി. എൽ.സി. ഇന്ദിര കോളനി	പഞ്ചായത്ത്	1000	1	7	ഇല്ല	100	തദ്ദേശ സ്വയഭരണ വകുപ്പ്
44	എം.ജി. എൽ.സി. ഇരുട്ടലകുടി	സ്വന്തം	300	2	10	കറന്റ് ഇല്ല	200	ഫോറസ്റ്റ്
45	എം.ജി. എൽ.സി. കൂടകാട്ടുകുടി	കുടുംബശ്രീ കെട്ടിടം	3	1	10	ഇല്ല	5	ഫോറസ്റ്റ്
46	എം.ജി. എൽ.സി. കൂത്തുകൽകുടി	സ്വന്തം	3 സെന്റ്	2	20	ടോയ്‌ലറ്റ്ഉണ്ട്. ബാക്കി ഒന്നും ഇല്ല	10	ഫോറസ്റ്റ്
47	എം.ജി. എൽ.സി. നെല്ലിപ്പെട്ടികുടി		3 സെന്റ്	1	20	ഇല്ല	3	ഫോറസ്റ്റ്
48	എം.ജി. എൽ.സി. വെള്ളവാരകുടി		1 സെന്റ്	1		ഇല്ല	5	ഫോറസ്റ്റ്
49	എം.ജി. എൽ.സി. ഇരുപ്പുകൽ കുടി	സ്വന്തം	20*20	1	15 വർഷം ഇല്ല		5	ഫോറസ്റ്റ്
50	എം.ജി. എൽ.സി. കൂടല്ലാർകുടി	സ്വന്തം	20*20	1		ഇല്ല	10	ഫോറസ്റ്റ്
51	എം.ജി. എൽ.സി. കാവകാട്ടുകുടി	സ്വന്തം	20*20	1	15 വർഷം ഇല്ല	ഇല്ല	5	ഫോറസ്റ്റ്
52	എം.ജി. എൽ.സി. കീഴ് വലയാംപാറ	സ്വന്തം	20*20	1	15 വർഷം ഇല്ല	ഇല്ല	5	ഫോറസ്റ്റ്
53	എം.ജി. എൽ.സി. മൂന്നാർ കോളനി	പഞ്ചായത്ത്	3 സെന്റ്	1	13 വർഷം	ഇല്ല		പഞ്ചായത്ത്
54	എം.ജി. എൽ.സി. ഓലക്കയം	പഞ്ചായത്ത്	800 ച. അഡി	4	12 വർഷം	ഉണ്ട്	25	ഫോറസ്റ്റ്
55	എം.ജി. എൽ.സി. ചാറ്റുപാറകുടി	സ്വന്തം	20*20	1	10 വർഷം	ഇല്ല	5	ഫോറസ്റ്റ്
56	എം.ജി. എൽ.സി. ഷെഡുകുടി 1		3 സെന്റ്	1	15 വർഷം ഇല്ല	ഇല്ല	300	ഫോറസ്റ്റ്
57	എം.ജി. എൽ.സി. ഷെഡുകുടി 2		1 സെന്റ്	1		ഇല്ല	5	ഫോറസ്റ്റ്

58	എം.ജി. എൽ.സി. വെള്ളക്കൽകുടി		1 സെന്റ്	1		ഇല്ല	5	ഫോറസ്റ്റ്
59	എം.ജി. എൽ.സി. കത്തികുടി		1 സെന്റ്	1		ഇല്ല	2	ഫോറസ്റ്റ്
60	എം.ജി. എൽ.സി. കോട്ടകമ്പൂർ		460	1	17		3	
61	എം.ജി. എൽ.സി. മേൽവൽസപ്പെട്ടികുടി	സ്വന്തം	400	1	14	ഇല്ല	5	ഫോറസ്റ്റ്
62	എം.ജി. എൽ.സി. നടുപാറ	വാടക			10	വെള്ളം ഉണ്ട്		
63	എം.ജി. എൽ.സി. മുളകാമുട്ടി		5 സെന്റ്	1	3	ഇല്ല	5	ഫോറസ്റ്റ്
64	എം.ജി. എൽ.സി. കർപ്പൂരകുടി		3 സെന്റ്	1	15		3	ഫോറസ്റ്റ്
65	എം.ജി. എൽ.സി. പുത്തടി	**സ്വന്തം**	78	1	**17**	ഇലക്ട്രിസിറ്റി ഇല്ല	**50**	പഞ്ചായത്ത്
66	എം.ജി. എൽ.സി. മുക്കുടിൽ	**സ്വന്തം**	54	1	**15**	ഇലക്ട്രിസിറ്റി ഇല്ല	**60**	പഞ്ചായത്ത്
67	എം.ജി. എൽ.സി. ആടുവിഴുന്താൻകുടി	**സ്വന്തം**	81	1	**19**	ഇലക്ട്രിസിറ്റി ഇല്ല	**03**	പഞ്ചായത്ത്
68	എം.ജി. എൽ.സി. അന്യാർതൊളു	**സ്വന്തം**	100	1	**18**	ടൊയ്‌ലറ്റ് ഇല്ല	**05**	പഞ്ചായത്ത്
69	എം.ജി. എൽ.സി. മതമ്പ	സ്വന്തം	450	1	1	ഉണ്ട്-ഇല്ല-ഉണ്ട്	50	വിദ്യാഭ്യാസം
70	എം.ജി. എൽ.സി. വടക്കേപെരട്ട്	വാടക	500	1	പഴയത്	ഉണ്ട്-ഇല്ല-ഇല്ല	5	വിദ്യാഭ്യാസം
71	വഞ്ചിവയൽ	ഫോറസ്റ്റ് വക	750	1	18	ഉണ്ട്-ഉണ്ട്-ഇല്ല	20	ഫോറസ്റ്റ്
72	എം.ജി. എൽ.സി. കീരിക്കര	സ്വന്തം	600	1	16	ഇല്ല്-ഇല്ല-ഉണ്ട്	3	വിദ്യാഭ്യാസം
73	സത്രംകോളനി	സ്വന്തം	800	2/120	15	ഇല്ല്-ഇല്ല-ഉണ്ട്	10	വിദ്യാഭ്യാസം
74	എം.ജി. എൽ.സി. അഴങ്ങാട്	സ്വന്തം	650	1	8	ഉണ്ട്-ഇല്ല-ഉണ്ട്	5	വിദ്യാഭ്യാസം

ഒരു നവോദയ വിദ്യാലയവും ഒരു കേന്ദ്രീയവിദ്യാലയവും ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ സബ്ജില്ല അടിസ്ഥാനത്തിൽ

ഉപജില്ല	LP				UP			
	Govt	Aided	Un-A	Total	Govt	Aided	Un-A	Total
അറക്കുളം	10	10	1	21	4	6	-	10
അടിമാലി	15	10	1	26	4	9	-	13
തൊടുപുഴ	19	24	-	43	5	17	-	22
കട്ടപ്പന	10	22	5	37	1	14	1	16
പീരുമേട്	16	17	5	38	8	3	-	11
മൂന്നാർ	12	33	3	48	3	2	1	6
നെടുങ്കണ്ടം	12	12	5	29	2	7	1	10
	94	**128**	**20**	**242**	**27**	**58**	**3**	**88**
വിദ്യാഭ്യാസ ജില്ല					**High School**			
					Govt	**Aided**	**Un-A**	**Total**
തൊടുപുഴ					33	34	5	72
കട്ടപ്പന					47	36	6	89
					80	**70**	**11**	**161**
					Govt	**Aided**	**Un-A**	**Total**
ഹയർസെക്കണ്ടറി					26	25	7	58
VHSS					**10**	**4**	**-**	**14**

(അവലംബം ഡിഡിഇ സ്ഥിതിവിവരകണക്ക്)

ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിൽ ക്രമാനുഗതമായ കുറവ് ദൃശ്യമാണ്. ഗവൺമെന്റ് സ്കൂളുകളിൽ എത്തുന്ന കുട്ടികളുടെ എണ്ണത്തിൽ 2017-18 വർഷത്തിലുണ്ടായിരിക്കുന്ന നേരിയ വർദ്ധനവ് പൊതുവിദ്യാഭ്യാസത്തെ സംബന്ധിച്ച് ആശാവഹമാണ്.

ജനനനിരക്കിൽ ഉണ്ടായിട്ടുള്ള കുറവും ഇടക്കാലത്ത് അൺഎയ്ഡഡ് മേഖലയിലേയ്ക്ക് സമൂഹത്തിനുണ്ടായ ആകർഷണവും പൊതുവിദ്യാഭ്യാസത്തിൽ കുട്ടികളുടെ കുറവിന് കാരണമായി. സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിന് പൊതുവിദ്യാഭ്യാസ രംഗം ശക്തിപ്പെടേണ്ടതുണ്ട്. എല്ലാ വിഭാഗം ജനങ്ങളെയും ആകർഷിക്കുന്ന പൊതുഇടമായി സ്കൂളുകൾ മാറ്റപ്പെടുകയും ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുകയും ചെയ്യണം.

Year	Govt			Aided			Total		
	Boy	Girl	Total	Boy	Girl	Total	Boy	Girl	Total
2013-2014	15591	15476	31067	34791	34254	69045	50382	49730	100112
2014-2015	17857	14951	32808	34235	33576	67811	52092	48527	100619
2015-2016	17133	14302	31435	33661	33103	66764	50794	47405	98199
2016-2017	16337	13653	29990	32699	32207	64906	49036	45860	94896
2017-2018	16925	13480	30405	31993	31327	63320	48918	44807	93725

(അവലംബം ഡിഡിഇ സ്ഥിതിവിവരകണക്ക്)

Un- Aided

Year	Boys	Girls	Total
2013-2014	3940	3567	7507
2014-2015	3869	3594	7463
2015-2016	5088	4859	9947
2016-2017	5264	4890	10154
2017-2018	5267	4533	9800

(അവലംബം ഡിഡിഇ സ്ഥിതിവിവരകണക്ക്)

അൺ ഇക്ണോമിക് സ്കൂൾ

വിഭാഗം	സ്കൂളുകളുടെ എണ്ണം		
	ഗവൺമെന്റ്	എയ്ഡഡ്	ആകെ
എൽ.പി.	81	71	152
യു.പി.	30	26	56
എച്ച്.എസ്.	27	14	41

(അവലംബം ഡിഡിഇ സ്ഥിതിവിവരകണക്ക്)

ജില്ലയിൽ 249 സ്കൂളുകളിൽ കുട്ടികളുടെ എണ്ണം കുറവാണ്. ഈ എണ്ണക്കുറവിന്റെ മുഖ്യ കാരണങ്ങളിൽ ഒന്ന് ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, തോട്ടം, ആദിവാസി മേഖലകളിലെ പ്രത്യേകതകൾ എന്നിവയാണ്. അനാദായകരമായ സ്കൂളുകളിൽ പ്രവർത്തന പാക്കേജുകൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുമാണ്.

ഇത്തരത്തിൽ സുശക്തമായ ഒരു വിദ്യാഭ്യാസ സംവിധാനം കേരളത്തിലാകെയെന്ന പോലെ നമ്മുടെ ജില്ലയിലുമുണ്ട്. വിദ്യാഭ്യാസ രംഗത്ത് സാമൂഹിക നീതി ഉറപ്പു വരുത്താൻ നമുക്ക് സാധിച്ചിട്ടു ണ്ടെന്നത് ഏറ്റവും പ്രധാന നേട്ടമാണ്. വിദ്യാഭ്യാസ വളർച്ചയുടെ കാര്യത്തിൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം മുന്നിട്ടു നിൽക്കുന്നു എന്ന് അഭിമാനിക്കുമ്പോഴും വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ കാതലായ ഗുണമേൻമയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തന ങ്ങൾ കൂടുതൽ ഊർജ്ജിതമാക്കേണ്ടതുണ്ട്.

സാക്ഷരതയുടെ കാര്യത്തിൽ സംസ്ഥാന ശരാശരിയോട് അടുത്തെത്താൻ കഴിഞ്ഞിട്ടുള്ളത് ജില്ലയുടെ വിദ്യാഭ്യാസ പുരോഗതിയുടെ നേർചിത്രമാണ്.

ഭൂമിശാസ്ത്രപരമായ സവിശേഷതകൾ, തോട്ടം മേഖലകൾ, ന്യൂനപക്ഷങ്ങൾ, ആദിവാസി മേഖലകൾ തുടങ്ങി ഒട്ടേറെ വൈവിധ്യങ്ങൾ ഇടുക്കി ജില്ലയ്ക്കുണ്ട്. ഇത് വിദ്യാഭ്യാസ രംഗത്ത് ഏറിയും കുറഞ്ഞും പ്രതിഫലിക്കുന്നു.

കൊഴിഞ്ഞുപോക്ക് (Drop out)

ജില്ലയിലെ ഒന്ന് മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ കുട്ടികളുടെ കൊഴിഞ്ഞു പോക്ക് പൊതുവേ വർദ്ധിക്കുകയാണ്. പ്രത്യേകിച്ച് 9-ാം ക്ലാസിലാണ് കൂടുതൽ കൊഴിഞ്ഞു പോക്ക് ഉണ്ടാകുന്നത്.

	2015-16	2016-17
ഗവൺമെന്റ്	245	389
എയ്ഡഡ്	162	307
ആൺഎയ്ഡഡ്	1	14
ആകെ	**408**	**710**

(അവലംബം ഡിഡിഇ സ്ഥിതിവിവരകണക്ക്)

എസ്.എസ്.എൽ.സി. റിപ്പോർട്ട് - 2016-17

കേരളം			ഇടുക്കി		
ഹാജരായവർ	ഉന്നതവിദ്യാഭ്യാസം അർഹത നേടിയവർ	%	ഹാജരായവർ	ഉന്നതവിദ്യാഭ്യാസം അർഹത നേടിയവർ	%
455453	437156	95.98	12993	12599	96.96

(അവലംബം ഡിഡിഇ സ്ഥിതിവിവരകണക്ക്)

ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം

Inclusive Education (IE)

ഭിന്നശേഷിയുള്ളവരുടെ വിദ്യാഭ്യാസവും അവരുടെ ജീവിതം ഭദ്രമാക്കലും സമൂഹത്തിന്റെ ആകെ ബാധ്യതയാണ്.

District wise CWSN 2017-18*

Sl. No	BRCs	Total child population (6-14 years)	No. of CWSN Identified	% CWSN against child population	CWSN as per Census 2011	No. of CWSN for Budgeting, excluding special schools and non-certified LD (certified LD means that a child has a certificate from a psychologist)
1	ADIMALY	17784	415	2.3	320	415
2	ARAKKULAM	8807	297	3.4	175	297
3	PEERMADE	17259	541	3.1	320	541
4	MUNNAR	9491	151	.1.6	120	151
5	THODUPUZHA	12871	289	2.3	220	289
6	KARIMANN	10978	249	2.3	201	249

	OOR					
7	KATTAPPANA	21224	382	2	320	382
8	NEDUKANDAM	15628	335	2.1	210	335
	TOTAL	114042	2659	2.33	1886	2659

(അവലംബം എസ്.എസ്.എ. സ്ഥിതിവിവരകണക്ക്)

* As per Census, 2011 identified CWSN less than 1.33% CWSN.

Category-Wise Coverage Plan in IE for 2016-17

(പാർട്ട് 3)

ഹയർ സെക്കന്ററി വിദ്യാഭ്യാസം

കേരളത്തിലെ പത്താം ക്ലാസ് പാസാക്കുന്ന വിദ്യാർത്ഥികളിൽ വർഷംതോറും ഏതാണ് 2.74 ലക്ഷം കുട്ടികളാണ് നിരവധി കോഴ്സുകളിൽ പഠനം തുടരുന്നത് . ഹയർസെക്കൻഡറി വിദ്യാഭ്യാസം ആവശ്യമുള്ള 90 ശതമാനവും കുട്ടികൾക്കും ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ആകെ 80 ഹയർ സെക്കൻഡറി സ്കൂളുകളാണ് ഉള്ളത്. ഇതിൽ ഗവൺമെന്റ് മേഖലയിൽ 38 ഉം, എയ്ഡഡ് മേഖലയിൽ 38 ഉം, അൺ എയ്ഡഡിൽ 8 ഉം ഉണ്ട്. ഈ സ്ഥാപനങ്ങളിലൊക്കെയായി 1125 അദ്ധ്യാപകർ പ്രവർത്തിക്കുന്നു. ഇടുക്കിയിലെ ഹയർ സെക്കൻഡറി മേഖലയിൽ ആകെ 24619 കുട്ടികൾ പഠിക്കുന്നുണ്ട്. ജില്ലയിലെ 30 ഗവൺമെന്റ് സ്കൂളിൽ അടിസ്ഥാന സൗകര്യത്തിന്റെ അപര്യാപ്തതകൾ ഉണ്ട്. മതിയായ ലാബ് സൗകര്യമില്ലാത്ത 38 സ്കൂളുകളും ഉണ്ടെന്ന് കണക്കുകൾ കാണിക്കുന്നു.

വിദ്യാഭ്യാസം

(പ്രൈമറി, സെക്കന്ററി, ഹയർ സെക്കന്ററി, വൊക്കേഷണൽ)

ഭൗതിക സൗകര്യം

പ്രശ്നങ്ങൾ :

ആധുനിക കാഴ്ചപ്പാടുകൾക്കനുസൃതമായ മികച്ച ഭൗതിക സൗകര്യം എല്ലാ വിദ്യാലയങ്ങളിലും ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ഈ മേഖലയിൽ മെച്ചപ്പെട്ട ചില മാതൃകകൾ ചുരുക്കം സ്കൂളുകളിൽ രൂപപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടെങ്കിലും മികച്ച അന്താരാഷ്ട്ര നിലവാര ത്തിലുള്ള മാതൃകകൾ ഇനിയും ജില്ലയിൽ രൂപപ്പെടുത്തേണ്ടതുണ്ട്. മികച്ച ശാസ്ത്ര പഠനാന്തരീക്ഷം ഗണിത പഠനാന്തരീക്ഷം, സാമൂഹ്യ ശാസ്ത്ര പഠനാന്തരീക്ഷം, ഭാഷാ പഠനാന്തരീക്ഷം, മറ്റു വിഷയങ്ങൾക്കനുസൃതമായ പഠനാന്തരീക്ഷം സ്കൂളിലും ക്ലാസ്സിലും ഒരുക്കാൻ കഴിഞ്ഞിട്ടില്ല.

വികസന സാധ്യതകൾ :

ആധുനിക കാഴ്ചപ്പാടുകൾക്കനുസൃതമായ ക്ലാസ്സ്മുറി നിർമ്മാണം-നവീകരണം(സ്മാർട്ട് സാധ്യതകൾ) നടപ്പാക്കുക. സ്വന്തമായ കെട്ടിടം, ടോയ്‌ലറ്റ് സംവിധാനം, കളിസ്ഥലം, കുട്ടികളുടെ പാർക്ക്, പൂന്തോട്ടം തടങ്ങി കുട്ടിപ്പുരകളടക്കമുള്ള വിപുലസംവിധാനം നിലവിൽ വരണം. പൂർണ്ണമായും വിദ്യാർത്ഥി സൗഹൃദ സ്വയംപര്യാപ്ത അന്തരീക്ഷം ഉണ്ടാകണം(കുടിവെള്ളം, സ്വന്തം വീട്, അമ്മ എന്ന അനുഭവം ഒരോ കുട്ടിയ്ക്കും). ആർട്ട് ഗ്യാലറി, മ്യൂസിയം ഉൾപ്പെടെ സാംസ്ക്കാരിക സമുച്ചയം ഓരോ

സ്കൂളിലും ഉണ്ടാകണം. പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ എന്നിവർക്കുപയോഗിക്കാവുന്ന സ്ഥിരം ലൈബ്രറികൾ ഉണ്ടാകണം. ആധുനിക അടുക്കള (പ്രഭാത ഭക്ഷണം അടക്കം തയ്യാറാക്കുന്നതിന്) ആവശ്യമാണ്. ഡൈനിംഗ് ഹാൾ-വലുത് (300 കുട്ടികൾക്കെങ്കിലും ഒരേ സമയം ഉപയോഗിക്കാവുന്നത്)വേണം. ടോയ്‌ലറ്റ് സംവിധാനം വിപുലമാവണം. (ഭിന്നശേഷിക്കാരായ കുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റുകളടക്കം) ലാബ് കോംപ്ലക്സ് വിവിധ വിഷയ ലാബുകൾ-ശാസ്ത്രം(ഊർജ്ജ തന്ത്രം, രസതന്ത്രം, ജീവ ശാസ്ത്രം) ഗണിതം, സാമൂഹ്യ ശാസ്ത്രം, ഭാഷ, കമ്പ്യൂട്ടർ. സെമിനാർ ഹാൾ, മിനി തിയേറ്റർ. സ്കൂൾ മാർക്കറ്റ് (ഗുണമേന്മയുള്ളസ്റ്റേഷനറി, ഭക്ഷ്യ വസ്തുക്കൾ, പാനീയങ്ങൾ ഉൾപ്പെടെയുള്ളത്). പാർക്കിംഗ് ഏരിയ, സൗരോർജ്ജ പാനൽ കളിസ്ഥലം(മൈനർ ഗെയിമുകൾ, മേജർ ഗെയിമുകൾ എന്നിവയ്ക്കനുയോജ്യം) ഇൻഡോർ സ്റ്റേഡിയം & മൾട്ടിപ്ലസ് ഗ്യാലറി. നീന്തൽകുളം, സ്പോർട്സ് കോംപ്ലക്സ്, ഓഫീസ് സമുച്ചയം, കാർഷിക രംഗം (കാർഷിക വിദ്യാഭ്യാസത്തിലെ ആധുനിക രീതികൾ പരിശീലിക്കാൻ). ചുറ്റുമതിൽ, ഗേറ്റ്, സെക്യൂരിറ്റിക്ക് ചേമ്പർ, ജലസംരക്ഷണ ജലശുദ്ധീകരണ യൂണിറ്റുകൾ (മഴവെള്ള സംഭരണം, കിണർ റീ ചാർജിംഗ്). ജൈവ വൈവിധ്യ പാർക്ക്. പൂന്തോട്ടവും/ലാന്റ് സ്കേപ്പിംഗ്.

അക്കാദമികം

ഭാഷാ പഠനംപ്രശ്നങ്ങൾ :

മലയാള ഭാഷാ പഠനത്തിൽ വിവിധ ക്ലാസ്സുകളിലെ കുട്ടികൾ നിർദ്ദിഷ്ഠ ഭാഷാശേഷികൾ നേടുന്നതിൽ പ്രയാസം അനുഭവിക്കുന്നു. പ്രസ്തുത പ്രയാസം ഉയർന്ന ക്ലാസ്സുകളിലുള്ള പഠനത്തിൽ പിറകോട്ടടിക്കാൻ ഇടയാക്കുന്നു (ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിലും വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസത്തിലും)

ഭാഷാ പഠനം വികസന സാധ്യതകൾ :

വിഷയസമിതി രൂപീകരണം, പ്രീടെസ്റ്റുകൾ പരിഹാര പ്രവർത്തന പാക്കേജ് നിർമ്മാണം പ്രാദേശിക പാഠങ്ങൾ രൂപപ്പെടുത്തൽ, കഥ, കവിത ശിൽപശാലകൾ, സാഹിത്യ സംവാദം, നിഘണ്ടു നിർമ്മാണം. കൃതികൾ ദൃശ്യാവിഷ്കാരം, നാടകശില്പശാല, സാഹിത്യ സമാജം, പഠനോപകരണ ശില്പശാലകൾ. ഐ.സി.റ്റി. സംവിധാനങ്ങളൊരുക്കൽ പ്രവർത്തന സജ്ജമാക്കുക (ഓഡിയോ വിഷ്വൽ ലാബ്, ലാംഗ്വേജ് ലാബ്). സ്കൂൾ ലൈബ്രറികളൊരുക്കൽ (ഡിജിറ്റൽ), ക്ലാസ്സ് ലൈബ്രറികളൊരുക്കൽ, വയനാമൂല ശക്തിപ്പെടുത്തൽ, വീട്ടിലൊരു ലൈബ്രറി, വായിച്ച പുസ്തകങ്ങളുടെ ചാർട്ട് ക്ലാസ്സിൽ പ്രദർശിപ്പിക്കുക, വായന മത്സരം, വായനക്കൂട്ടം, പുസ്തകോത്സവം. രചന ശില്പശാല, ഡയറി രചന, ഗ്രന്ഥശാല സന്ദർശനം. പ്രാദേശിക ലൈബ്രറി സാധ്യത-അംഗത്വമെടുക്കൽ. അദ്ധ്യാപക കൂട്ടായ്മകൾ രേഖപ്പെടുത്തൽ, നിരന്തരവിലയിരുത്തൽ സാധ്യതകൾ ഗവേഷണാത്മകമായി ബോധ്യപ്പെടുത്തുന്നതിനുള്ള ആസൂത്രണം (ട്രൈ ഔട്ട് & ക്രിയാ ഗവേഷണം)-മലയാളത്തിളക്കം മാതൃകയിൽ. കുട്ടികളുടെ പ്രസിദ്ധീകരണങ്ങൾ-കൈയെഴുത്തു മാസിക, സ്കൂൾ മാഗസിൻ, ചുമർ മാസിക ക്ലാസ്തല പത്രാധിപ സമിതി രൂപീകരണം, സൃഷ്ടികൾ ക്ഷണിക്കൽ, തെരഞ്ഞെടുപ്പ്, നിർമ്മാണം, പ്രകാശനം, അവലോകനം, കുട്ടിപത്രം. പാഠാസൂത്രണ ശില്പശാലകൾ, പഠന യാത്രകൾ, ഭാഷാക്ലബ്ബ് രൂപീകരണം. സർഗാത്മക അവതരണങ്ങൾ-കഥ, കവിത, നാടകം,-എന്റെ മലയാളം ബ്ലോഗ്, കുട്ടികളുടെ അവതരണങ്ങൾ. കവിയരങ്ങ്, കഥയരങ്ങ് , സാഹിത്യകാരൻമാരുടെ സാഹിത്യഗ്യാലറി. പുസ്തക ശേഖരണ ക്യാമ്പയിൻ, അമ്മ വായന, പ്രതിമാസ/വാർഷിക പത്രം പ്രസിദ്ധീകരിക്കൽ. പോസ്റ്റ്/ടെസ്റ്റ്-പഠനനേട്ടങ്ങൾ പ്രദർശനം- രക്ഷിതാക്കളുടെ വിലയിരുത്തൽ. സി.പി.ടി.എ.

ശാക്തീകരണം. പ്രതിഭാ ക്ലാസ്സുകൾ. ക്വിസ് മത്സരം-പത്ര ക്വിസ്-ഓൺലൈൻ ക്വിസ്. വായനപുരകൾ നിർമ്മാണം.

ഇംഗ്ലീഷ് പഠനം പ്രശ്നങ്ങൾ :

ക്ലാസ്സു മുറികളിലും പഠന പ്രവർത്തനങ്ങളിലും ഇംഗ്ലീഷ് അന്തരീക്ഷം ഉറപ്പാക്കാൻ കഴിയുന്നില്ല. ഇംഗ്ലീഷിൽ ആശയ വിനിമയം നടത്താൻ കുട്ടികൾക്ക് കഴിയുന്നില്ല. ഇംഗ്ലീഷിൽ നിർദ്ദിഷ്ട ഭാഷാ ശേഷികൾ നേടുന്നതിൽ പ്രയാസം അനുഭവിക്കുന്നു.

ഇംഗ്ലീഷ് പഠനം വികസന സാധ്യതകൾ :

വിഷയസമിതി രൂപീകരണം, പ്രീടെസ്റ്റുകൾ. പരിഹാര പ്രവർത്തന പാക്കേജ് നിർമ്മാണം-അവസ്ഥ വിശകലനം. ഹലോ ഇംഗ്ലീഷ്, ഇംഗ്ലീഷ് ഫെസ്റ്റ്, ഇംഗ്ലീഷ് ക്യാമ്പുകൾ. ഇംഗ്ലീഷ് സെമിനാർ.ഇംഗ്ലീഷ് ഐ.സി.റ്റി.സാധ്യതകൾ. ലാംഗ്വേജ് ലാബ്. ഇംഗ്ലീഷ് കലാരൂപങ്ങൾ (സ്കിറ്റ്, പ്ലേ, റോൾപ്ലേ, ഫ്ളാഷ് മോബ്. ഇംഗ്ലീഷ് തിയേറ്റർ. ഇംഗ്ലീഷ് പത്രം-പുസ്തക കാറ്റലോഗ്. വർക്ക്ഷീറ്റ് നിർമ്മാണം.ഇംഗ്ലീഷ് നാടകശില്പശാല. ഇംഗ്ലീഷ് ലൈബ്രറി തയ്യാറാക്കൽ. ഇംഗ്ലീഷ് സിനിമ നിർമ്മാണം. നിഘണ്ടു നിർമ്മാണം. ഇംഗ്ലീഷ് ബാലമാസികകൾ ശേഖരണം.

ഗണിത പഠനം പ്രശ്നങ്ങൾ :

ഗണിത പഠനത്തിൽ നിർദ്ദിഷ്ഠ ഭാഷാശേഷികൾ നേടുന്നതിൽ കുട്ടികൾ പ്രയാസം അനുഭവിക്കുന്നു. അടിസ്ഥാന ഗണിത ശേഷികളിൽ കുട്ടികൾ പിന്നോക്കം നിൽക്കുന്നതിനാൽ ഉയർന്ന കാസ്സുകളിലെ പഠനത്തിൽ കുട്ടികൾ പിറകോട്ടു പോകാൻ ഇടയാക്കുന്നു. (ഹയർ സെക്കന്ററി വിദ്യാഭ്യാ സത്തിലും വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാ സത്തിലും)

ഗണിത പഠനം വികസന സാധ്യതകൾ :

വിഷയ സമിതി രൂപീകരണം. പ്രീടെസ്റ്റുകൾ, പഠന നിലവാര റിപ്പോർട്ട് തയ്യാറാക്കൽ. പരിഹാര പ്രവർത്തന പാക്കേജ് നിർമ്മാണം.ഗണിതക്ലബ്ബ് രൂപീകരണം. വാർഷിക കലണ്ടർ നിർമ്മാണം. ഗണിത പ്രോജക്റ്റുകൾ. ദിനാചരണങ്ങൾ, സെമിനാറുകൾ, പ്രശ്നോത്തരി. പഠനോപകരണ ശില്പശാല, ഗണിതശാസ്ത്രമേള, ക്ലാസ്സ് ലൈബ്രറി, ഗണിത പുസ്തക വായന, മെട്രിക് മേള, വർക്ക്ഷീറ്റ് നിർമ്മാണം ഉപയോഗം, ഗണിതകിറ്റ് ഉപയോഗം, ഗണിതനാടകങ്ങൾ സ്ക്രിപ്റ്റ് തയ്യാറാക്കൽ അവതരണം, വിഷയവിദഗ്ധരുടെ ക്ലാസ്സുകൾ, ഗണിത മ്യൂസിയം/ഗ്യാലറി, ഗണിത ഒളിമ്പ്യാഡ് വർക്കിംഗ് മോഡൽ നിർമ്മാണം, ഗണിതത്തിൽ ഐ.ടി.സാധ്യതകൾ പ്രയോജനപ്പെടുത്തുക, ഗണിത ക്വിസ് ഗണിതലാബ് (ഗണിത പാർക്ക്), ഹോണസ്റ്റി ഷോപ്പ്.

ശാസ്ത്രപഠനം പ്രശ്നങ്ങൾ :

ശാസ്ത്രപഠനത്തിൽ നിർദ്ദിഷ്ട ഉയർന്ന പഠന നേട്ടങ്ങളിൽ കുട്ടികൾ പിന്നോക്കം നിൽക്കുന്നു. മികച്ച ശാസ്ത്ര പഠനാ നുഭവങ്ങൾ ഒരുക്കുന്നതിൽ സ്കൂളുകൾ പ്രയാസം അനുഭവിക്കുന്നു.

ശാസ്ത്രപഠനം വികസന സാധ്യതകൾ :

വിഷയ സമിതി രൂപീകരണം പ്രീടെസ്റ്റുകൾ, പഠനനിലവാര റിപ്പോർട്ട് തയ്യാറാക്കൽ. മുന്നൊരുക്ക പദ്ധതി ശില്പശാല പ്രാദേശിക വിഭവസ്രോതസ്സുകൾ, സ്ഥലങ്ങൾ, വ്യക്തികൾ, സ്ഥാപന ങ്ങൾ, വിദഗ്ദർ കണ്ടെത്തുക. ലോക്കൽ ടെസ്റ്റ് നിർമ്മാണം. പരിഹാര പ്രവർത്തന പാക്കേജ് നിർമ്മാണം കുട്ടികളുടെ പഠനഗ്രൂപ്പ് ഉണ്ടാ ക്കൽ, അയൽപ്പക്ക പഠനക്കൂട്ട ങ്ങൾ ഒരുക്കൽ. പരിഹാര ബോധന ക്യാമ്പുകൾ. സ്കൂൾ ഒരു പാഠപുസ്തകം ശാസ്ത്ര പഠനാന്തരീക്ഷം ഒരുക്കൽ സ്കൂൾ അന്തരീക്ഷം

വിവിധ ശാസ്ത്രസാങ്കേതിക വിദ്യകൾ പ്രതിഫലിക്കുന്ന മാതൃകകൾ ക്യാമ്പസിൽ ഒരുക്കൽ/ ജല സംരക്ഷണ, ജലശുദ്ധീകരണ, മാലിന്യ സംസ്ക്കരണ യൂണിറ്റുകൾ, ഉപഗ്രഹ മാതൃക കൾ ഒരുക്കൽ, ജൈവവേലി, അക്വേറിയം, ശലഭോദ്യാനം, നക്ഷത്രവനം,ഔഷധോദ്യാനം. ക്ലാസ്സിൽ ശാസ്ത്ര പഠനാന്തരീക്ഷം ഒരുക്കൽ. ശാസ്ത്രമൂല, പരീക്ഷണ മൂല, ശാസ്ത്ര വായനാമൂല, ശാസ്ത്ര വിസ്മയച്ചുമർ, സ്പെസിമെനുകൾ, ശാസ്ത്രകിറ്റുകൾ(കുട്ടിക്ക്, ടീച്ചർക്ക്, ക്ലാസ്സിന്)പഠനോപകരണ ങ്ങൾ എന്നിവ തയ്യാറാക്കൽ. ലാബ് സജ്ജീകരണം- മിനി പ്ലാനറ്റോറിയം, പഠന സോഫ്റ്റ് വെയറുകൾ സംഘടിപ്പിക്കൽ. പഠനയാത്രകൾ സംഘടിപ്പിക്കൽ- ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങൾ, സയൻസ് സെന്റർ സന്ദർശനം പരീക്ഷണക്കളരികൾ, ശാസ്ത്രനാടകങ്ങൾ. അവതരണം, സ്ക്രിപ്റ്റ് തയ്യാറാക്കൽ. ഒരു കുട്ടി ഒരു പരീക്ഷണം. ഒരു പ്രോജക്ട് സ്കൂൾ സയൻസ് ക്ലബ്ബ് / സ്കൂൾ തല ശാസ്ത്രമേള ശാസ്ത്രമാഗസിൻ നിർമ്മാണം.മൊബൈൽ ലാബ് വാന നിരീക്ഷണം.അദ്ധ്യാപക കൈമാറ്റം (സ്കൂളു കൾ തമ്മിൽ).

സാമൂഹ്യശാസ്ത്രപഠനം പ്രശ്നങ്ങൾ :

സാമൂഹ്യ ശാസ്ത്രപഠനത്തിൽ നിർദ്ദിഷ്ട ഉയർന്ന പഠന നേട്ടങ്ങളിൽ കുട്ടികൾ പിന്നോക്കം നിൽക്കുന്നു. മികച്ച സാമൂഹ്യ ശാസ്ത്ര പഠനാനുഭവങ്ങൾ ഒരുക്കുന്നതിൽ സ്കൂളുകൾ പ്രയാസം അനുഭവിക്കുന്നു.

സാമൂഹ്യശാസ്ത്രപഠനം വികസന സാധ്യതകൾ :

വിഷയ സമിതി രൂപീകരണം. പ്രീ ടെസ്റ്റുകൾ, പഠന നിലവാര റിപ്പോർട്ട് തയ്യാറാക്കൽ. മുന്നൊരുക്കപദ്ധതി ശില്പശാല. സാമൂഹ്യശാസ്ത്ര മ്യൂസിയം ഒരുക്കൽ. ഫീൽഡ് ട്രിപ്പ്, പ്രാദേശിക വിഭവ ഭൂപടം തയ്യാറാക്കൽ. ചരിത്ര സ്മാരകങ്ങൾ സന്ദർശനം. പ്രാദേശിക വിഭവ സ്രോതസ്സു കൾ-സ്ഥലങ്ങൾ, വ്യക്തികൾ, സ്ഥാപനങ്ങൾ, വിദഗ്ധർ- എന്നിവ കണ്ടെത്തൽ. ലോക്കൽ ടെക്സ്റ്റ് നിർമ്മാണം. സ്കൂൾ ഒരു പാഠ പുസ്തകം പഠനാന്തരീക്ഷം ഒരുക്കൽ സ്കൂൾ അന്തരീക്ഷം വിവിധ സാമൂഹ്യ ശാസ്ത്ര ആശയങ്ങൾ പ്രതിഫലിപ്പിക്കുന്ന മാതൃകകൾ ക്യാമ്പസിൽ ഒരുക്കൽ അയനചലനം, ദിശാസൂചകങ്ങൾ, സൂര്യഗ്രഹണം, ചന്ദ്രഗ്രഹണം, സൗരയൂഥ മാതൃകകൾ സാമൂഹ്യ ശാസ്ത്ര നാടകങ്ങൾ അവതരണം, സ്ക്രിപ്റ്റ് തയ്യാറാക്കൽ ദിനാചരണങ്ങളെ പഠന പ്രവർത്തനങ്ങളാക്കി പരുവപ്പെടുത്തൽ. പൊതു വിജ്ഞാന വേദികൾ ഒരുക്കൽ.

കലാകായികപഠനം പ്രശ്നങ്ങൾ :

കലാകായിക പഠനത്തിന് അനുയോജ്യമായ അന്തരീക്ഷം സ്കൂളുകളില്ല. എല്ലാ സ്കൂളുകളിലും കായികാദ്ധ്യാപകരില്ല. കലാപഠനം നടത്താൻ ചിത്രരചനാദ്ധ്യാപകരോ നൃത്താദ്ധ്യാപകരോ ഇല്ല. കലാകായിക പഠനം നിർബന്ധ വിഷയമാക്കിയിരിക്കുന്നു. പ്രസ്തുത വിഷയങ്ങൾക്ക് പരീക്ഷയും നടന്നു വരുന്നു.

കലാകായികപഠനം വികസന സാധ്യതകൾ :

പ്രാദേശിക വിഭവ ഭൂപടം തയ്യാറാക്കൽ. പ്രാദേശിക വിഭവ സ്രോതസ്സു കൾ-സ്ഥലങ്ങൾ, വ്യക്തികൾ, സ്ഥാപനങ്ങൾ, വിദഗ്ദ്ധർ കണ്ടെത്തൽ. വിഷയസമിതി രൂപീകരണം (കലാസമിതി രൂപീകരണം). ടാലന്റ് ലാബ്-ഓരോ കുട്ടിയും ഓരോ ഇനമെങ്കിലും തെരഞ്ഞെടുക്കൽ പരിശീലന ഹാൾ, ഓഡിറ്റോറിയം, സംഗീത ഉപകരണങ്ങൾ, പരിശീലന ക്യാമ്പുകൾ ഒരുക്കൽ ഉപകരണ സംഗീത പഠനം. സ്കൂൾ നാടകവേദി, പാവനാടകം, ഒറിഗാമി. സ്ക്രിപ്റ്റ് തയ്യാറാക്കൽ. നാടകക്കളരി, കഥ, കവിത ക്യാമ്പുകൾ. കലാസാംസ്ക്കാരിക അക്കാദമി, പ്രാദേശിക കലാസമിതികൾ പ്രൊജക്ടുകൾ ഫിലിം ക്ലബ്ബ്, സെമിനാറുകൾ, ശില്പശാലകൾ, ഫോക്ക് കലാപഠനം ആർട്ട് ഗ്യാലറി, മ്യൂസിയം. പ്രാദേശിക ചിത്രരചന. സ്കൂൾ റേഡിയോ ദിനാചരണം , വാർഷികാചരണം. മാധ്യമസംഗമം സ്കൂൾ സ്റ്റോർ. കലാരൂപങ്ങളുടെ പ്രകടനം (ശാസ്ത്രീയ കലകൾ, അനുഷ്ഠാനകലകൾ,

ആധുനികകലാരൂപങ്ങൾ) സ്കൂൾ സൗന്ദര്യവൽക്കരണം (കെട്ടിടങ്ങൾ, പൂന്തോട്ടം, മരങ്ങൾ (സ്ഥാപനം ഒരു പഠനോപകരണം എന്ന രീതിയിൽ. വ്യവഹാരരൂപങ്ങൾ തയ്യാറാക്കൽ (വീഡിയോ & ഓഡിയോ) പ്രാദേശിക മ്യൂസിയം കലാ, കായിക അദ്ധ്യാപക കൂട്ടായ്മ-പഞ്ചായത്ത് തലം കളിക്കളങ്ങൾ, സിമ്മിംഗ് പൂൾ. ആർട്സ് & സ്പോർട്സ് കിറ്റ്. ഹെൽത്ത് കാർഡ് തയ്യാറാക്കൽ രോഗ നിർണ്ണയ ക്യാമ്പ്, രക്ത നിർണ്ണയക്യാമ്പ്.

പൊതു വിദ്യാഭ്യാസ വകുപ്പ് പൊതുവേ അനുഭവിക്കുന്ന പ്രശ്നങ്ങളും കാരണങ്ങളും താഴെ പറയുന്നു

പ്രശ്നങ്ങൾ	**കാരണങ്ങൾ**
1. ഭരണപരമായ ഇടപെടലുകൾ കാര്യക്ഷമമാണെങ്കിലും അക്കാദമിക ഗുണമേന്മ ഉറപ്പാക്കാൻ കഴിയുന്നില്ല. 2. അംഗീകാരമില്ലാത്ത സ്കൂളുകൾ പ്രവർത്തിക്കുന്നത്. 3. പ്രീ-പ്രൈമറി തലത്തിൽ പാഠ്യപദ്ധതിയില്ലാത്തത്. 4. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമാകാൻ പല സ്ഥാപനങ്ങളും മടിച്ചു നിൽക്കുന്നത്. 5. നല്ല മാസ്റ്റർപ്ലാനുകളുടെ അഭാവം. **6.** ഡയറ്റ്,എസ്.എസ്.എ, ആർ.എം.എസ്.എ. തുടങ്ങിയവ കാര്യമായി പ്രയോജനപ്പെടുത്താൻ കഴിയാത്തത്.	1. സംയുക്തമായി കാര്യക്ഷമമായി മുന്നേറുന്നതിനുള്ള ആസൂത്രണമില്ലായ്മ. 2. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യം നേടുന്നതിനായി വിവിധ ഡിപ്പാർട്ടുമെന്റുകളേയും മനുഷ്യ വിഭവങ്ങളേയും ഏകോപിപ്പിക്കാൻ കഴിയാത്തത്. 3. ദീർഘകാല അടിസ്ഥാനത്തിൽ വികസന കാഴ്ചപ്പാടുകളും പദ്ധതികളും രൂപപ്പെടാത്തത്. 4. ഭാഷ (മാതൃഭാഷ, ഇംഗ്ലീഷ്) ഗണിതം, ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം എന്നിവയിൽ ഇടപെടലുകൾക്കനുസൃത മായ ഗുണമേന്മ പ്രതിഫലിക്കുന്നില്ല.

ഉന്നത വിദ്യാഭ്യാസം

ജില്ലയിൽ 33 ആർട്സ് & സയൻസ് കോളേജ് ഉണ്ട്. അതിൽ 2 എണ്ണം ഗവൺമെന്റും 9 എയ്ഡഡും 22 അൺ എയ്ഡഡുമാണ്. ജില്ലയിൽ 4 റ്റി.റ്റി.ഐ.യുണ്ട്. അതിൽ 3 എണ്ണം ഗവൺമെന്റ് ആണ്. ജില്ലയിലെ എഞ്ചിനീയറിംഗ് കോളേജുകളുടെ എണ്ണം 4 ആണ്. രണ്ടു മെഡിക്കൽ കോളേജും 10 പോളിടെക്നിക്കുകളും 6 നേഴ്സിംഗ് സ്കൂളുകളും ജില്ലയിൽ ഉണ്ട്. *(വിശദവിവരങ്ങൾ 3-ാം ഭാഗത്തിൽ)*

എങ്കിലും ജില്ലയുടെ കണക്കാക്കുമ്പോൾ ഇപ്പോഴും മതിയായ വിദ്യാഭ്യാസ സൗകര്യങ്ങൾ ഇപ്പോഴുമില്ല. അതിനാൽ കൂടുതൽ ആർട്സ് & സയൻസ് കോളേജുകൾ സർക്കാർ മേഖലയിൽ ആരംഭിക്കേണ്ടതാണ്. കൂടാതെ നിലവിലുള്ള കോളേജുകളിൽ ഭാഷാ ന്യൂനപക്ഷങ്ങൾക്ക് തമിഴ് ഭാഷാ പഠന സൗകര്യം ആരംഭിക്കേണ്ടതാണ്.

ആർ.എം.എസ്.എ

രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന്റെ കീഴിലുള്ള വിദ്യാഭ്യാസ പ്രോജക്ടാണ്. ഗുണനിലവാരമുള്ള സെക്കന്ററി വിദ്യാഭ്യാസം എല്ലാവരിലേക്കും എത്തി

ക്കുക എന്ന ലക്ഷ്യത്തോടെ 2009 മാർച്ചിൽ ദേശീയ തലത്തിൽ ആരംഭിച്ചു. 9 മുതൽ 12-ാം ക്ലാസുവരെയാണ് ആർ.എം.എസ്.എ. പ്രോജക്ടിൽ പെടുന്നത്.

പ്രധാന ലക്ഷ്യങ്ങൾ

- താമസ സ്ഥലത്തിനടുത്ത് വിദ്യാലയങ്ങൾ അനുവദിച്ച് വിദ്യാലയ പ്രവേശനം ഉറപ്പ് വരുത്തുക.
- സെക്കറി തലത്തിലെ വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ സംവിധാനങ്ങൾ വിദ്യാലയത്തിൽ ഒരുക്കുക
- ലിംഗപരവും സാമൂഹ്യ സാമ്പത്തികപരവുമായ എല്ലാവിധ തടസ്സങ്ങളും നീക്കി എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം
- ശാരീരിക മാനസിക വൈകല്യമുള്ളവർക്കും വിദ്യാലയത്തിൽ തടസ്സരഹിത അന്തരീക്ഷം ഒരുക്കുക.
- 2017 -ൽ എല്ലാവർക്കും സെക്കന്ററി വിദ്യാഭ്യാസ പ്രവേശനം സാധ്യമാക്കുക
- 2020 -ൽ സെക്കന്ററി വിദ്യാഭ്യാസ പ്രായത്തിലുള്ള എല്ലാവരും വിദ്യാലയത്തിൽ തുടരുന്നു എന്നുറപ്പ് വരുത്തുക.

ആർ.എം.എസ്.എ. സംയോജിത പരിപാടികൾ

IED SS (Inclusive Education for Disabled at Secondary Stage)

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള വിദ്യാഭ്യാസ പരിപാടി

ICT@School (Information Communication Technology @ School)

കംപ്യൂട്ടറധിഷ്ഠിത വിദ്യാഭ്യാസം

Girls Hostel

വിദൂര സ്ഥലങ്ങളിൽ നിന്ന് വരുന്ന വിദ്യാർത്ഥിനികൾക്ക് താമസസൗകര്യം

Vocationalization of Higher Secondary Education

തൊഴിലധിഷ്ഠിത ഹയർസെക്കറി വിദ്യാഭ്യാസം

ആർ.എം.എസ്. അനുവദിക്കുന്ന ഭൗതിക സൗകര്യങ്ങൾ

- അപ്ഗ്രേഡ് ചെയ്ത വിദ്യാലയങ്ങൾക്ക് സ്കൂൾ കെട്ടിടം
- ക്ലാസ്സ് മുറികൾ
- ലബോറട്ടറികൾ
- ലൈബ്രറികൾ
- കലാ-കരകൗശല മുറികൾ
- ടോയ്‌ലറ്റ് കെട്ടിടങ്ങൾ
- കുടിവെള്ള സൗകര്യങ്ങൾ
- കമ്പ്യൂട്ടർ റൂം

നവപ്രഭ

പൊതു നിർദ്ദേശങ്ങൾ

'നവപ്രഭ' പദ്ധതിയുടെ ആരംഭം കുറിക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ, പൂർവ്വ വിദ്യാർത്ഥികൾ, പൂർവ്വാധ്യാപകർ, രക്ഷിതാക്കൾ, പൊതുപ്രവർത്തകർ, വിദ്യഭ്യാസസ്നേഹികൾ തുടങ്ങി സമൂഹത്തിന്റെ നാനാ തുറകളിൽപ്പെട്ട വ്യക്തികളെയും സാംസ്കാരിക സംഘടനകളെയും പങ്കെടുപ്പിച്ചു കൊണ്ടാവണം. പരമാവധി സാമൂഹ്യപങ്കാളിത്തം ഉറപ്പുവരുത്തിയാകണം നവപ്രഭ പദ്ധതിയുടെ ഉദ്ഘാടനം (നവപ്രഭോത്സവം) സംഘടിപ്പിക്കേണ്ടത്.

- 9ാം ക്ലാസ്സിലെ കുട്ടികളുടെ പഠനപിന്നോക്കാവസ്ഥ കണ്ടെത്തുക. പരിഹാരബോധവും പിന്തുണയും നൽകുക.
- മാതൃഭാഷ, ഇംഗ്ലീഷ്, ഗണിതം, ശാസ്ത്രം എന്നീ വിഷയങ്ങളിൽ പിന്നാക്കം നിലക്കുന്ന ഒൻപതാം ക്ലാസിലെ വിദ്യാർത്ഥികൾ സമയബന്ധിതമായ പ്രവർത്തന പദ്ധതിയിലൂടെ നിർദ്ദിഷ്ഠ പഠനനേട്ടങ്ങൾ കൈവരിയ്ക്കുന്നു എന്ന് ഉറപ്പാക്കണം. ഇക്കാര്യത്തിൽ അധ്യപകർ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതുണ്ട്.
- വിദ്യലയത്തിൽ രൂപീകരിക്കുന്ന നവപ്രഭാ കൗൺസിലിന്റെ നേതൃത്തിലാണ് പദ്ധതിയുടെ ആസൂത്രണം, നിർവഹണം, വിലയിരുത്തൽ, വിജയപ്രഖ്യപനം എന്നിവ നടക്കേണ്ടത്.
- പദ്ധതിയുടെ വിജയത്തിനായി സ്കൂൾ റിസോഴ്സ് ഗ്രൂപ്പ്, പ്രഥമധ്യാപകർ, നവപ്രഭാ കോർഡിനേറ്റർ, അധ്യാപകർ, പിന്തുണാ സംവിധാനങ്ങൾ എന്നീ വിവിധ ഘടകങ്ങളുടെ കൂട്ടായ പ്രവർത്തനം ആവശ്യമാണ്.

RMSA SCHOOLS

(ലിസ്റ്റ് മൂന്നാം ഭാഗത്തിൽ)

എസ്.എസ്.എ

നിത്യജീവിതവുമായി ബന്ധപ്പെട്ട് എണ്ണിയാലൊടുങ്ങാത്ത ആശങ്കകളും പ്രതിസന്ധികളും, നിലനിൽക്കുന്ന മലയോര ജില്ലയാണ് ഇടുക്കി. ഇടമലക്കുടിപോലുള്ള ആദിവാസി മേഖലയിലെ കുട്ടികൾ, തമിഴ് - ഹിന്ദി- ആസാമീസ് മേഖലയിൽ നിന്നുള്ള കുടിയേറ്റ തോട്ടം തൊഴിലാളികളുടെ കുട്ടികൾ , കൂലിപ്പണിക്കാരും ചെറുകിടകർഷകരും അടങ്ങുന്ന സാധാരണക്കാരുടെ കുട്ടികൾ എല്ലാമാണ് പ്രധാനമായും ജില്ലയിൽ പൊതുവിദ്യാലയങ്ങളെ ആശ്രയിക്കുന്നത്. ചിന്നിച്ചിതറിയ ഒറ്റപ്പെട്ട ജനവാസ കേന്ദ്രങ്ങളും, പരമമിതമായ യാത്രാസൗകര്യങ്ങളും ജില്ലയിൽ എല്ലാവർക്കും വിദ്യാഭ്യാസം എന്ന വിദ്യാഭ്യാസ അവകാശനിയമം നടപ്പാക്കൽ കടുത്ത വെല്ലുവിളിയാണ്. 80 ഓളം വരുന്ന എംജി.എൽ.സികളുടെ സാന്നിദ്ധ്യം (Multi Grading Learning Centre) ജില്ലയിലെ വിദ്യാഭ്യാസ പ്രതിസന്ധിയുടെ ആഴം വ്യക്തമാക്കുന്നതാണ്. എല്ലാ പോരായ്മകളെയും അതിജീവിച്ച് തങ്ങളുടെ മക്കൾക്ക് നല്ല വിദ്യാഭ്യാസം ലഭിക്കാൻ ഇവിടുത്തെ ഓരോ രക്ഷിതാക്കളും പരിശ്രമിക്കുന്നു. ഈ പരിമിതികൾക്കുള്ളിലും 6 മുതൽ 14 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം നൽകുക, അഥവാ ഗുണമേൻമയുള്ള വിദ്യാഭ്യാസം നൽകുക എന്നതാണ് എസ്.എസ്.എ ലക്ഷ്യമിടുന്നത്.

സർവ്വശിക്ഷാ അഭിയാൻ

സർവ്വശിക്ഷാ അഭിയാൻ ഇടുക്കി ജില്ലയുടെ വിദ്യാഭ്യാസ പുരോഗതിയിൽ ശക്തമായ സ്വാധീനം ചെലുത്തി വരുന്നു. അധ്യാപക കൂട്ടായ്മ, സാമൂഹ്യ പങ്കാളിത്തം, ലാബ്, ക്ലാസ് ലൈബ്രറി ജൈവ വൈവിധ്യ ഉദ്യാനങ്ങൾ പിന്നോക്കം തള്ളപ്പെട്ടുപോയ വിവിധ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ പഠന മികവിനുള്ള പ്രവർത്തനം എന്നിവയിലൂടെ എല്ലാം ജില്ലയിലെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള പരിശ്രമത്തിലാണ് ഇടുക്കി എസ്.എസ്.എ 485 വിദ്യാലയങ്ങൾ, 8 ബി.ആർ.സി. കൾ, 61 സി.ആർ.സികൾ, ഡയറ്റ് എന്നിവ ജില്ലയിൽ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു.

സർവ ശിക്ഷ അഭിയാൻ ഒന്നാം ക്ലാസ് മുതൽ എട്ടാംക്ലാസ് വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടുള്ളതാണ്. അധ്യാപകർക്കുള്ള പരിശീലനപരിപാടികൾ കുട്ടികൾക്കുള്ള പഠനപോഷണ പരിപാടികൾ, സ്കൂളിന്റെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ, ഭിന്നശേഷിയുള്ള കുട്ടികൾക്കുള്ള വിവിധ പരിപോഷണ പരിപാടികൾ, സ്കൂളുകളിൽ ചേർന്ന് പഠനം നടത്താൻ കഴിയാത്ത കുട്ടികളെ പഠനത്തിലേയ്ക്ക് ആകർഷിക്കാനുള്ള വിവിധ പരിപാടികൾ, നൂതനാശയപ്രവർത്തനങ്ങൾ, തുടങ്ങി വിവിധ പരിപാടികൾ എസ്.എസ്.എ നേതൃത്വത്തിൽ നടന്നുവരുന്നു. ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായ സർവ ശിക്ഷ അഭിയാന്റെ 40% പദ്ധതിവിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി സംസ്ഥാന സർക്കാരും 60% കേന്ദ്ര സർക്കാരും ആണ് നൽകുന്നത്. ത്രിതല പഞ്ചായത്ത് പ്രതിനിധികളേയും, വിദ്യാഭ്യാസ പ്രവർത്തകരേയും, പൊതുസമൂഹത്തേയും, വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാക്കുന്നതിന് വിവിധ തരത്തിലുള്ള പരിശീലനങ്ങളും എസ്.എസ്.എ യിൽ നൽകുന്നുണ്ട്.

സ്കൂളിൽ ചേരുന്നതിനും ഗുണമേന്മയുള്ള വിദ്യാഭ്യാസം നേടുന്നതിനും ഓരോ കുട്ടിയ്ക്കും വിദ്യാഭ്യാസ അവകാശനിയമം അവകാശം നൽകുന്നു. വീടിന്റെ സമീപത്തായി ഗുണമേന്മയുള്ള പ്രാഥമിക വിദ്യാഭ്യാസം ഓരോ കുട്ടിയ്ക്കും ലഭിയ്ക്കുന്നുമെണ്ടന്ന് ഉറപ്പാക്കേണ്ടത് വിദ്യാഭ്യാസ അവകാശനിയമത്തിന്റെ നോഡൽ ഏജൻസിയായ എസ്.എസ്.എയുടെ ചുമതലയാണ്.

ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ.

a. പ്രാദേശിക പ്രതിഭാ കേന്ദ്രങ്ങൾ.

പിന്നാക്ക ജനവിഭാഗത്തിൽ പെട്ടവരും ന്യൂനപക്ഷ വിഭാഗത്തിൽ പെട്ടവരുമായ കുട്ടികൾ കൂടുതലുള്ള വിദ്യാലയങ്ങളിലാണ് ഈ പരിപാടി നടപ്പിലാക്കുക. ഇത്തരം വിദ്യാലയങ്ങളുടെ നേതൃത്വത്തിൽ കുട്ടികൾ താമസിക്കുന്ന പ്രദേശത്താണ് പ്രതിഭാകേന്ദ്രങ്ങൾ ആരംഭിക്കുക. കുട്ടികളുടെ പഠനപ്രയാസങ്ങൾ പരിഹരിക്കുന്നതിന് സ്കൂൾ സപ്പോർട്ട് ഗ്രൂപ്പ് അംഗങ്ങളുടെ നേതൃത്വത്തിൽ അക്കാദമിക സഹായം നൽകും.

ക്ലാസ് ലൈബ്രറികൾ .

കുട്ടികളിലെ വായന പരിപോഷിപ്പിക്കാനും ചെറിയ ക്ലാസുകളിൽ ഒന്നാന്തരം വായനക്കാരെ സൃഷ്ടിക്കാനും.

b. ശാലാസിദ്ധി അഥവാ വിദ്യാലയഗുണത

അഖിലേന്ത്യാതലത്തിൽ ന്യൂപ്പയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ്.

പിന്തുണാസംവിധാനങ്ങൾ ശക്തമാക്കുന്നതിനുള്ള പരിശീലനം

a. **എസ് എം സി പ്രതിനിധികൾക്കുള്ള ശിൽപ്പശാല**

ഒരു വിദ്യാലയത്തെ ശക്തിപ്പെടുത്തുന്നതിന് എസ് എം സിയ്ക്ക് പ്രധാന പങ്ക് വഹിക്കുവാൻ കഴിയും.

b. **പ്രതിമാസ പി ഇ സി യോഗങ്ങൾ**

വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്ക് വളരെ വലുതാണ്. വിദ്യാഭ്യാസമേഖലയിൽ നടക്കുന്ന പരിപാടികളും പ്രവർത്തനങ്ങളും ജനപ്രതിനിധികളുമായി ചർച്ച ചെയ്ത് ഫലപ്രദമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

c. **പി ഇ സിഅംഗങ്ങൾക്കുള്ള ശിൽപ്പശാല**

d. **കോർണർ പി ടി എ/ പ്രാദേശിക വിദ്യാഭ്യാസ സെമിനാറുകൾ**

e. **വിദ്യാലയവികസന സമിതി ശിൽപ്പശാല**

പഠനപരിപോഷണ പരിപാടി 2017-18

ഇടുക്കി ജില്ലയിലെ 1 മുതൽ 8 വരെ ക്ലാസുകളിലെ 65618 കുട്ടികൾക്കായി നടപ്പിലാക്കുന്ന പഠനപോഷണപരിപാടിയിലൂടെ എല്ലാ കുട്ടികളേയും പ്രഖ്യാപിത പഠന നേട്ടങ്ങളിലെത്തിയ്ക്കാൻ ശ്രമിക്കുന്നു.

- പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിനു കരുത്തുപകരാൻ കർമപദ്ധതികൾ
- അധ്യാപകസമൂഹം ഏറ്റെടുത്ത ഹലോ ഇംഗ്ലീഷ് പരിപാടി വ്യാപിപ്പിക്കും
- ഫലപ്രദമെന്നു രക്ഷിതാക്കളും അധ്യാപകരും ഒന്നടങ്കം സാക്ഷ്യപ്പെടുത്തിയ മലയാളത്തിളക്കം കൂടുതൽ ക്ലാസുകളിലേക്ക്
- ഹിന്ദിയിലും ഇതരഭാഷകളിലും പ്രത്യേക ഇടപെടൽ
- വേറിട്ട പഠനതന്ത്രങ്ങളുമായി ഗണിതവിജയം പദ്ധതി
- ശാസ്ത്ര പഠനാഭിമുഖ്യം വളർത്താൻ ലിറ്റിൽഗലീലിയോ പ്രോഗ്രാം
- ഭൂമിശാസ്ത്ര പഠനം അനായാസമാക്കാൻ ഭൂമിയെ അറിയാം പ്രവർത്തന പാക്കേജ്
- ലിറ്റിൽ ഗലീലിയോ, ഭൂമിയെ അറിയുക എന്നിവയുടെ കൈപ്പുസ്തകം തയ്യാറാക്കി അധ്യാപകർക്ക് ലഭ്യമാക്കും. വിദൂരവിദ്യാഭ്യാസ പരിശീലന രീതി പ്രയോജനപ്പെടുത്തും. ഓൺലൈൻ പിന്തുണയും നൽകും.

a. മലയാളത്തിളക്കം

2016-17 വർഷം കേരളത്തിലെ എസ്എസ്എ നടത്തിയ പ്രവർത്തനങ്ങളിൽ ഏറ്റവും ശ്രദ്ധേയമായ ഒരു പരിപാടിയായിരുന്നു മലയാളത്തിളക്കം. മൂന്ന്, നാല് ക്ലാസ്സുകളിലാണ് ഇത് നടപ്പിലാക്കിയത്. മാതൃഭാഷയിൽ പിന്നോക്കം നിന്നിരുന്ന കുട്ടികളെ ആത്മവിശ്വാസത്തോടെ മുന്നേറാൻ സഹായിച്ച സവിശേഷ പദ്ധതിയാണിത്

b. ഹലോ ഇംഗ്ലീഷ് (യു പി വിഭാഗം)

കുട്ടികളുടെ ഇംഗ്ലീഷ് പഠനത്തെ അതിശയകരമായ നിലയിലേക്കുയർത്താൻ കഴിഞ്ഞതുമൂലം രക്ഷിതാക്കളുടെയും അധ്യാപകരുടെയും പ്രശംസ ഒരുപോലെ പിടിച്ചുപറ്റിയ ഹലോ ഇംഗ്ലീഷ് ഈ വർഷം യു.പി തലത്തിലേക്കു കൂടി വ്യാപിപ്പിക്കുകയാണ്.

c. ഗണിത വിജയം

ഗണിതത്തിലെ അടിസ്ഥാന ശേഷികൾ ആർജിക്കാത്ത ഒരുകുട്ടിയും പ്രാഥമിക ക്ലാസ്സുകളിൽ ഉണ്ടാകരുത് എന്ന സമീപനത്തോടെ സർവ്വശിക്ഷാ അഭിയാൻ ഈ വർഷം നടപ്പാക്കുന്ന പരിപാടിയാണിത്.

d. ലിറ്റിൽഗലീലിയോ (യു പി വിഭാഗം)

ശാസ്ത്ര പഠനം വഴി നേടേണ്ട ശേഷികളും മനോഭാവങ്ങളും കുട്ടികളിലെത്തിക്കേണ്ടത് പൊതുസമൂഹത്തിന്റെ കൂടി ആവശ്യമാണ്. കാര്യകാരണ ബദ്ധമായി ചിന്തിക്കാനും പഴയതും പുതിയതുമായ അന്ധവിശ്വാസങ്ങൾക്കെതിരെ നിലപാട് കൈക്കൊള്ളാനും പുതുതലമുറയ്ക്ക് കഴിയേണ്ടതുണ്ട്.

e. സുരീലിഹിന്ദി (യു പി വിഭാഗം), ഇതരഭാഷാപഠനം

2016-17 കാലയളവിൽ എസ്എസ്എ തുടങ്ങിവെച്ച ഹിന്ദി പഠനപരിപോഷണ പരിപാടിയുടെ വ്യാപനമാണ് ഇത്.

f. ഭൂമിയെ അറിയാം

ഭൂമിശാസ്ത്ര പാഠങ്ങൾ വേണ്ടത്ര ഉൾക്കൊള്ളാനാകാത്ത അവസ്ഥ മാറണം. പ്രായോഗികവും ചുറ്റുപാടിനെ ഉപയോഗിച്ചുമുള്ളതും നേരനുഭവങ്ങളിലൂടെയുള്ളതുമായ പ്രവർത്തനസാധ്യതകൾ കണ്ടെത്തണം.

g. ഗണിതലാബ്

ഗണിതാശയങ്ങൾ വിവധങ്ങളായ പഠനോപകരണങ്ങൾ ഉപയോഗിച്ച് രൂപീകരിക്കുന്നതായാൽ കുട്ടികൾക്ക് കൗതുകകരവും ആസ്വാദ്യവുമായിത്തീരും.

h. പ്രതിഭോത്സവം

വിദ്യാലയങ്ങളെ ടാലന്റ് ലാബുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്. സ്കൂൾ തലത്തിൽ ബാലോത്സവം സംഘടിപ്പിച്ചാണ് സർവശിക്ഷാ അഭിയാൻ ഈ പ്രവർത്തനത്തനു തുടക്കം കുറിച്ചത്. ബാലോത്സവത്തിൽ കുട്ടികൾ അവരുടെ കഴിവുകൾ പൊതുസമൂഹത്തിനു മുമ്പാകെ പ്രകാശിപ്പിച്ചു. കഴിവുകൾ ശാസ്ത്രീയമായി കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായിട്ടാണ് തെരഞ്ഞെടുത്ത വിദ്യാലയങ്ങളിൽ പ്രതിഭോത്സവം സംഘടിപ്പിക്കുന്നത്.

i. **മികവുത്സവം**

സ്കൂൾതലത്തിൽ ഒരു അക്കാദമികവർഷം നടത്തപ്പെടുന്ന എല്ലാ പ്രവർത്തനങ്ങളുടെയും മികച്ച മാതൃകകളുടെ പ്രദർശനവും അവതരണവും.

ശാസ്ത്ര-ഗണിതശാസ്ത്ര പഠനത്തിനു പുതുമാനം നൽകാൻ

രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ

സ്കൂളധിഷ്ഠിത അറിവുകളെ ജീവിത ബന്ധിയാക്കി മാറ്റേണ്ടത് പുതിയ കാലഘട്ടത്തിന്റെ ആവശ്യകതയാണ്. പ്രത്യേകിച്ചും ശാസ്ത്രപഠനത്തിൽ. ഈ വിശാല ലക്ഷ്യം മുൻനിർത്തി കേന്ദ്രമാനവ വിഭവ ശേഷി വികസന മന്ത്രാലയം (MHRD) ആവിഷ്ക്കരിച്ചിട്ടുള്ള പ്രത്യേക പരിപാടിയാണ് രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ (RAA). ശാസ്ത്ര-ഗണിതശാസ്ത്ര പഠനം സന്തോഷപ്രദവും നൂതനാശയങ്ങളിലും സാങ്കേതികവിദ്യാ പ്രയോഗത്തിലും ഊന്നുന്നതുമായിത്തീരണം. ഇതുവഴി കുട്ടികളിൽ അന്വേഷണത്വരയും സർഗാത്മകതയും ശാസ്ത്ര ഗണിതശാസ്ത്ര വിഷയങ്ങളോട് സ്നേഹവും സാങ്കേതിക വിദ്യാ പ്രയോഗത്തിൽ കഴിവും ഉണ്ടാകണം.

സ്കൂളിലെയും ക്ലാസ്സ് മുറിയിലെയും പഠനപ്രവർത്തനങ്ങൾക്കു പ്രാധാന്യം നൽകുന്നതോടൊപ്പം ക്ലാസ് ഇതര സാഹചര്യങ്ങളിൽ ശാസ്ത്ര-ഗണിത ശാസ്ത്ര-സാങ്കേതിക വിദ്യകൾ പരമാവധി പ്രയോഗിക്കുന്നതിന് രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ ലക്ഷ്യമിടുന്നു.

രാഷ്ട്രീയ ആവിഷ്കാർ അഭിയാന്റെ ഭാഗമായി ഇടുക്കിയിൽ നടത്തുന്നതിന് എം എച് ആർ ഡി അംഗീകാരം നൽകിയ പ്രവർത്തനങ്ങൾ ചുവടെ നൽകുന്നു. ഈ പ്രവർത്തനങ്ങൾക്കായി 25 ലക്ഷം രൂപ അനുവദിച്ചിരിക്കുന്നു.

1. ജൈവവൈവിധ്യ ഉദ്യാനം

2.ശാസ്ത്രോത്സവം

3. ഗണിതോത്സവം

4.ബാലോത്സവം

5.ശാസ്ത്ര പഠനയാത്രകൾ

ശാസ്ത്ര സ്ഥാപനങ്ങൾ, ജൈവവൈദ്യോദ്യാനങ്ങൾ, ശലഭോദ്യാനങ്ങൾ, പക്ഷിസങ്കേതങ്ങൾ തുടങ്ങിയ പരിസ്ഥിതി പ്രാധാന്യമുള്ള സ്ഥലങ്ങൾ എന്നിവിടങ്ങളിലേക്കാണ് പഠനയാത്രകൾ സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. ജില്ലയ്കുള്ളിലുള്ള ചെറുപഠനയാത്രകൾക്കാണ് സർവശിക്ഷാ അഭിയാൻ ധനസഹായം നൽകുക.

6.അധ്യാപക പഠനക്കൂട്ടായ്മ

പാഠ്യപദ്ധതി നിർവഹണം ഗവേഷണാത്മകമായി ഏറ്റെടുക്കാൻ സന്നദ്ധതയുടെ അധ്യാപക പഠനകൂട്ടായ്മയാണ് ലക്ഷ്യമിടുന്നത്. അവധിക്കാല പരിശീലനത്തിൽ ലഭിക്കുന്ന ഊർജ്ജം കെടാതെ സൂക്ഷിക്കുന്നതിന് സഹായകമായ ഇടക്കാല പരിശീലനങ്ങളും കൂടിച്ചേരലുകളും തുടർന്നുണ്ടാകണം. അന്വേഷണാത്മകവും സന്നദ്ധ പ്രവർത്തനവും മികവുകളുടെ വ്യാപനം ഇതുവഴി ത്വരിതപ്പെടുത്താൻ കഴിയും. വിഷയബന്ധിതമായി പ്രതിമാസ ആസൂത്രണം, പഠനോപകരണ നിർമ്മാണം, ഐ.സി.റ്റി. സാധ്യതയുടെ പ്രയോഗം, ലഘുജേർണൽ തയ്യാറാക്കൽ, സാമൂഹ്യ മാധ്യമങ്ങൾ വഴിയുള്ള പങ്കുവെ

യ്ക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ കൂട്ടായ്മയിൽ നടത്താൻ കഴിയും. ഇവയ്ക്കുള്ള ചാലക ശക്തിയായി ബി.ആർ.സി.കൾ പ്രവർത്തിക്കും.

7. വിദ്യാലയ കൂട്ടുചേരൽ പരിപാടി (School twinning Programme**)**

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ കാഴ്ചപ്പാട് സ്വാംശീകരിച്ച് പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിൽ വിവിധ മേഖലകളിൽ മികച്ച മാതൃകകൾ രൂപപ്പെട്ടു വരുന്നുണ്ട്. വിദ്യാർത്ഥികൾക്കും അധ്യാപകർക്കും നേരനുഭവങ്ങൾ ഈ മേഖലകളിൽ ലഭിക്കുന്നതിന് വിദ്യാലയങ്ങൾ നേരിട്ട് സന്ദർശിക്കുന്ന അവസരങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ഇത് ലക്ഷ്യമിട്ടുള്ള പരിപാടിയാണ് വിദ്യാലയ കൂട്ടുചേരൽ പരിപാടി. സവിശേഷമായ മാതൃകകൾ രൂപപ്പെടുത്തിയിട്ടുള്ള രണ്ട് വിദ്യാലങ്ങളിലെ അധ്യാപകരും, വിദ്യാർത്ഥികളും മുൻകൂട്ടി നിശ്ചയിച്ച് ആസൂത്രണം ചെയ്ത പ്രകാരം പരസ്പരം ഇരുവിദ്യാലയങ്ങളിലുമെത്തി ഒന്നോ രണ്ടോ ദിവസം പൂർണ്ണമായും ചെലവഴിച്ച് മികച്ച മാതൃകകൾ മനസ്സിലാക്കുകയും അനുഭവിക്കുകയും ചെയ്യാൻ ഇതുവഴി സാധിക്കും. ഒരു സ്കൂളിന് 10,000/- രൂപ വീതം എസ് എസ് എ നൽകും. ജനുവരി മാസത്തിലാണ് ഇത് നടത്തുക . ജില്ലയിൽ പത്തിൽ താഴെ വിദ്യാലയങ്ങളിൽ മാത്രമാണ് ഈ വർഷം ഈ പരിപാടി സംഘടിപ്പിക്കുക.

<u>എസ്.എസ്.എ. കണ്ടെത്തിയ അക്കാഡമിക് രംഗത്തെ പ്രശ്നങ്ങൾ</u>

വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തകർച്ച ഗുരുതരമായ പ്രശ്നമാണ്. മെച്ചപ്പെട്ട ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിക്കുന്നതിനായി രക്ഷാകർത്താക്കൾ പൊതുവിദ്യാലയങ്ങളിൽ തങ്ങളുടെ മക്കളെ പഠിപ്പിക്കാതെ സ്വകാര്യ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേയ്ക്ക് അവരെ അയയ്ക്കുന്നു. പൊതുവിദ്യാലയങ്ങളുടെ തകർച്ചയ്ക്കും രക്ഷകർത്താക്കൾക്ക് ധനനഷ്ടത്തിനും ഏറിയകൂറും ഇത് ഇടവരുത്തുന്നു. ഈ അവസരത്തിലാണ് പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് സർക്കാർ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പ്രഖ്യാപിച്ചിരിക്കുന്നത്.

1. കുട്ടികൾ ഓരോ തരത്തിലും പഠിക്കുമ്പോൾ ആർജ്ജിക്കേണ്ട പഠന നൈപുണികൾ നേടുന്നില്ല എന്നതാണ് അടിസ്ഥാനപ്രശ്നം. ഉയർന്ന ക്ലാസുകളിലേക്കെത്തുമ്പോൾ പ്രശ്നം കൂടുതൽ ഗുരുതരമാകുന്നു. അതാത് ക്ലാസിലെ പാഠങ്ങൾ പഠിപ്പിക്കാൻ തത്രപ്പെടുന്ന അദ്ധ്യാപകർ അടിസ്ഥാന നൈപുണികൾ നൽകാൻ സാധിക്കാതെ വിഷമിക്കുന്നു.
2. ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് അദ്ധ്യാപകർക്ക് നൽകുന്ന പരിശീലനം വളരെ പ്രധാനമാണ്. ഇക്കാര്യത്തിൽ മുന്നോട്ട് അധികമൊന്നും സഞ്ചരിക്കുന്നതിന് ജില്ലയ്ക്ക് കഴിഞ്ഞിട്ടില്ല.
3. കായിക വിദ്യാഭ്യാസ രംഗത്ത് കഴിഞ്ഞ രണ്ടുപതിറ്റാണ്ടിൽ ജില്ല വളരെ പിന്നാക്കം പോയി.
4. കലാപ്രവർത്തനങ്ങളിലും പ്രവൃത്തി പരിചയത്തിലും നമുക്ക് മുന്നേറേണ്ടതുണ്ട്.
5. വിദ്യാലയങ്ങളിലെ കുട്ടികളുടെ അനുദിന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തണം. എന്നാൽ വളരെ യാന്ത്രികമായ ഒരു പരിപാടി ആയി ഇതിനെ മാറ്റരുത്. മുഴുവൻ കുട്ടികൾക്കും യാതൊരു മാനദണ്ഡവുമില്ലാതെ മുഴുവൻ മാർക്കും നൽകുന്ന ഒരു സംവിധാനമാക്കരുത്.
6. ഭൂരിഭാഗം രക്ഷകർത്താക്കളും ചെറുകിട ഇടത്തരം കൃഷിക്കാരും തൊഴിലാളികളുമാണ് തങ്ങളുടെ കൃഷിയിടത്തിലെ ചെറിയ ജോലികളുടെ ചെറിയവരുമാനവും ഉയർന്ന ലക്ഷ്യങ്ങൾ വെക്കുന്നതിൽ കുട്ടിയ്ക്ക് വിലങ്ങുതടിയാണ്.

7. വനാന്തർഭാഗങ്ങളിലെ ആദിവാസി മേഖലകളിൽ തുടർ പഠന സാധ്യതകളുടെ അപര്യാപ്തത കുട്ടികളുടെ കൊഴിഞ്ഞു പോക്കിനിടയാക്കുന്നു.
8. ഭാഷാന്യൂനപക്ഷങ്ങളായ തമിഴ് വിഭാഗങ്ങൾ തോട്ടം മേഖലയായി അധിവസിക്കുന്നു. അവർക്കായി വിദ്യാലയങ്ങൾ ഉണ്ടെങ്കിലും ഉപരിപഠനസാധ്യതകൾ കുറവാണ്.
9. ആസാമീസ്, ഒറിയ, ജാർഖണ്ഡ്, ബംഗാൾ തുടങ്ങിയ ഭാഷാന്യൂനപക്ഷങ്ങളും ഇവിടെ കൂടുതലായി എത്തിച്ചേരുന്നുണ്ട്. അവരുടെ മക്കളെ അവരുടെ ഭാഷയിൽ പഠിപ്പിക്കുന്നതിനുള്ള യാതൊരു സംവിധാനവും നിലവിൽ ഇല്ല. ഇത് പരിഹരിക്കണം.
10. നമ്മുടെ സ്കൂളുകളിൽ പി.ടി.എ, എസ്.എം.സി, എം.പി.ടി.എ, സ്കൂൾ ഡവലപ്മെന്റ് കമ്മറ്റി തുടങ്ങിയ വിവിധ സമിതികൾ പ്രവർത്തിക്കുന്നു. ചില സ്കൂളുകളിലും ഇവയുടെ പ്രവർത്തനം സജീവമല്ല.
11. ഭിന്നശേഷിയുള്ള കുട്ടികളുടെ ക്രമാതീതമായ വർദ്ധന ജില്ലയിൽ ദൃശ്യമാണ്. ദേശീയ ശരാശരി 2.5% ആണെങ്കിൽ ജില്ലയിൽ നാല് ശതമാനത്തിനും മുകളിലാണ്.
12. കുട്ടികളുടെ സുരക്ഷിതത്വം ഇന്നത്തെ പ്രധാന വെല്ലുവിളിയാണ്. മാനസികമായും, ശാരീരികമായും, ലൈംഗികമായും കുട്ടികൾ ചൂഷണത്തിന് വിധേയരാണ്. ഇതിനെതിരായി ശക്തമായ നിയമങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും ബോധവൽക്കരണത്തിന്റെ കുറവുണ്ട്.

അദ്ധ്യാപക കേന്ദ്രീകൃതമായിരുന്ന ബോധനരീതി ഇന്ന് കുട്ടികളിൽ കേന്ദ്രീകൃതമാണ്. ശിശുസൗഹൃദമായ ക്ലാസ് മുറികൾ, പെൺകുട്ടികൾക്ക് സൗഹൃദപരമായ ശുചിമുറികൾ ഭിന്നശേഷിക്കാർക്ക് സൗഹൃദപരമായ ക്ലാസ്മുറികൾ, റാമ്പുകൾ , ശുചിമുറികൾ എന്നിങ്ങനെ സ്കൂൾ ആകെ വമ്പിച്ച മാറ്റങ്ങൾക്ക് വിധേയമാകുന്നു. കുട്ടികളെ സ്നേഹിക്കുകയും അവരെ അവരായി അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഒരു അദ്ധ്യാപക സമൂഹത്തെ സൃഷ്ടിച്ചെടുക്കേണ്ടതുണ്ട്.

എസ്.എസ്.എൽ.സി, +2 ക്ലാസ്സുകളിൽ ഉയർന്ന വിജയശതമാനം കൈവരിക്കുന്നതിന് നമ്മുടെ സ്കൂളുകൾക്ക് ആകുന്നു. ജീവിതത്തിൽ വിജയിക്കുന്നവരും ഉത്തമപൗരന്മാരെ സൃഷ്ടിക്കുന്നതിലുമാകണം നമ്മുടെ ലക്ഷ്യം. അധ്യാപകരുടേയും രക്ഷിതാക്കളുടേയും സർക്കാരിന്റേയും ത്രിതല പഞ്ചായത്തുകളുടേയും പൊതുസമൂഹത്തിന്റെ സവിശേഷ ശ്രദ്ധ ഇക്കാര്യത്തിൽ ഉണരേണ്ടതുണ്ട്.

ഡയറ്റ്

ജില്ലാ വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് ആണ് (District Institute of Education and Training) ഡയറ്റ് എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന സ്ഥാപനം. 1986 ലെ ദേശീയ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ആരംഭിച്ച ഈ സ്ഥാപനം ഓരോ റവന്യൂ ജില്ലയിലും പ്രവർത്തിക്കുന്നു. ഇടുക്കിയിൽ ഡയറ്റ് പ്രവർത്തനമാരംഭിച്ചത് 1992-ലാണ്. പ്രധാനമായും പ്രൈമറി വിദ്യാഭ്യാസം ശക്തിപ്പെടുത്തുകയാണ് ഡയറ്റിന്റെ ലക്ഷ്യം. പ്രൈമറി അദ്ധ്യാപകർക്ക് ഇൻ സർവ്വീസ് ട്രെയിനിംഗ് അദ്ധ്യാപക പരിശീലനം നൽകൽ(ഡി.എഡ്) പ്രധാനാദ്ധ്യാപകർക്ക് പരിശീലനം, വയോജന വിദ്യാഭ്യാസം എന്നീ രംഗങ്ങളിൽ പ്രവർത്തിക്കുന്ന ഡയറ്റിന് ഏഴു പ്രവർത്തന വിഭാഗങ്ങൾ ഉണ്ട്.

1. Planing and Management
2. In sowice field interaction and innovation coordination
3. Curriculum Material Development

4. District Resource Unit /Adult Education unit
5. Work Experience
6. Educational Technology
7. Pre-service teacher Education.

ഇടുക്കി ഡയറ്റിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ (2017- 18)

ഊന്നൽ മേഖലകൾ

❖ സെക്കൻഡറി തലം വരെയുള്ള ശാസ്ത്ര, ഗണിത ശാസ്ത്ര വിഷയങ്ങളിൽ മെച്ചപ്പെട്ട നിലവാരം ഉറപ്പാക്കുക.

❖ ആദിവാസി മേഖലകളിലെയും മറ്റു ദുർബല ജനവിഭാഗങ്ങ ളിലെയും കുട്ടികൾക്ക് മെച്ചപ്പെട്ട പഠനനിലവാരം ഉറപ്പാക്കുക.

❖ ഹരിത കാമ്പസ് - പാഠപുസ്തകം എന്ന ആശയം സാക്ഷാത്കരിക്കുക

ആറ് മേഖലകളിലായാണ് ഈ വർഷത്തെ പ്രവർത്തനങ്ങൾ വിന്യസിച്ചിരിക്കുന്നത്.

1. ഗവേഷണവും ക്രിയാ ഗവേഷണവും

   (RESEARCH AND ACTION RESEARCH)

2. നൂതന പ്രവർത്തനങ്ങൾ

   (INNOVATION)

3. വിഭവസമാഹരണവും രേഖപ്പെടുത്തലും

   (RESOURCE CENTRE AND DOCUMENTATION)

4. പരിശീലനം

   (TRAINING)

5. പഠനസാമഗ്രികൾ വികസിപ്പിക്കൽ

   (CONTENT AND MATERIAL DEVELOPMENT)

6. തത്സമയ പിന്തുണ

   (ON SITE SUPPORT)

കൈറ്റ് - ഇടുക്കി

7. കേരള സർക്കാരും പൊതുവിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടപ്പാക്കുന്ന വിവരസങ്കേതികമായുള്ള ജില്ലാതല പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്ന വിഭാഗമാണ് കൈറ്റ് ഇടുക്കി. സാങ്കേതിക വിദ്യാസംബന്ധിയായ സാങ്കേതിക സഹായങ്ങൾ, മോണിറ്ററിംഗ്, സാങ്കേതിക പരിശീലനങ്ങൾ, അദ്ധ്യാപക പരിശീലനങ്ങൾ, വിദ്യാർത്ഥി പരിശീലനങ്ങൾ, സൗജന്യ സാങ്കേതിക

സേവനങ്ങൾ, സ്വതന്ത്രസോഫ്റ്റ് വെയർ പ്രവർത്തനങ്ങൾ എന്നിവയാണ് പ്രധാനമായി കൈറ്റ് നടത്തുന്നത്.

പരിശീലനങ്ങൾ

അദ്ധ്യാപക പരിശീലനങ്ങൾ, വിദ്യാർത്ഥി പരിശീലനങ്ങൾ, സാങ്കേതിക പരിശീലനങ്ങൾ എന്നിങ്ങനെയുള്ള പരിശീലനമാണ് കൈറ്റ് നടത്തുന്നത്

അദ്ധ്യാപക പരിശീലനങ്ങൾ

താഴെപറയുന്ന അദ്ധ്യാപക പരിശീലനങ്ങൾ കൈറ്റ് നടത്തുന്നു.

1. ഹൈസ്കൂൾ പാഠപുസ്തക തുടർ പരിശീലനങ്ങൾ
2. പ്രൈമറി SITC പരിശീലനങ്ങൾ
3. LP കളിപ്പെട്ടി പാഠപുസ്തക പരിശീലനങ്ങൾ
4. U.P.C-വിദ്യ പാഠപുസ്തക പരിശീലനങ്ങൾ
5. ക്ലാസ്സ് 10 പാഠപുസ്തക തുടർ പരിശീലനങ്ങൾ
6. ഹൈടെക് ഹൈസ്കൂൾ വിഷയാധിഷ്ഠിത പരിശീലനങ്ങൾ
7. ഹൈടെക് ഹയർ സെക്കന്ററി വിഷയാധിഷ്ഠിത പരിശീലനങ്ങൾ
8. മൂകബധിര അദ്ധ്യാപക പരിശീലനങ്ങൾ
9. കുട്ടിക്കൂട്ടം അദ്ധ്യാപക പരിശീലനങ്ങൾ.

മറ്റ് പരിശീലനങ്ങൾ

പ്രഥമാദ്ധ്യാപക പരിശീലനങ്ങൾ, കപ്പാസിറ്റി ഡവലപ്പമെന്റ് പരിശീലനങ്ങൾ, സൂക്ഷമതല ആസൂത്രണ പരിശീലനങ്ങൾ, സമഗ്ര പരിശീലനങ്ങൾ, സമ്പൂർണ്ണ പരിശീലനങ്ങൾ, സീമാറ്റ് പരിശീലനങ്ങൾ എന്നിവ കൈറ്റ് നടത്തുന്ന മറ്റ് പരിശീലനങ്ങൾ ആണ്.

8. ഇടുക്കി ജില്ലാ സാക്ഷരതാ മിഷൻ

1991 ഏപ്രിൽ 18 ന് ഇന്ത്യയിൽ സമ്പൂർണ്ണ സാക്ഷരത നേടിയ പ്രഥമ സംസ്ഥാനമായി കേരളം പ്രഖ്യാപിക്കപ്പെട്ടു. കേരളം കണ്ട ഏറ്റവും വലിയ ജനകീയ കാമ്പയിൻ ആയിരുന്ന സാക്ഷരതായജ്ഞത്തിലൂടെയാണ് നമ്മുടെ സംസ്ഥാനം ഈ അപൂർവനേട്ടം കൈവരിച്ചത്. ദേശീയ സാക്ഷരതാമിഷൻ അനുവദിച്ച 'അക്ഷരകേരളം' പ്രോജക്ടാണ് കേരളത്തെ ഇളക്കിമറിച്ച സാക്ഷരതായജ്ഞമായി മാറിയത്. പിന്നീട് സാക്ഷരതാനന്തര പരിപാടിയും തുടർന്ന് 1998 ഒക്ടോബർ 2 ന് തുടർ വിദ്യാഭ്യാസ പദ്ധതിയും കേരളത്തിൽ ആരംഭിച്ചു. തുടർ വിദ്യാഭ്യാസ രംഗത്തും രാജ്യത്തിന് മാതൃകയായി മുന്നോട്ട് പോകുകയാണ് നമ്മുടെ സംസ്ഥാനം. എങ്കിലും ഇപ്പോഴും കേരളത്തിൽ നിരക്ഷരതയുടെ തുരുത്തുകൾ നിലനിൽക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. 2011 ലെ സെൻസസ് പ്രകാരം 18 ലക്ഷം നിരക്ഷരർ കേരളത്തിലുണ്ട്. അവശേഷിക്കുന്ന നിരക്ഷരരെ സാക്ഷരരാക്കുന്നതിനുവേണ്ടി 'അക്ഷര ലക്ഷം പദ്ധതി' അട്ടപ്പാടി ആദിവാസി സാക്ഷരത-തുല്യതാപരിപാടി' തുടങ്ങിയ പദ്ധതികൾ സാക്ഷരതാ മിഷൻ നടപ്പാക്കിവരുകയാണ്. കേരളത്തിൽ ജീവിക്കുന്ന മുഴുവൻ ജനങ്ങളും സാക്ഷരതാമിഷന്റെ പരിധിയിൽപ്പെടുന്നു. കേരളീയരിൽ വിവിധ ഭാഷകൾ സംസാരിക്കുന്നവരും വ്യത്യസ്ത സംസ്കാരം പിൻതുടരുന്നവരുമുണ്ട്.അക്കൂട്ടത്തിൽ ഗണ്യമായൊരു വിഭാഗമാണിന്ന് ഇതര സംസ്ഥാന തൊഴിലാളികൾ.

കേരളത്തിലെ നിരക്ഷരരിൽ വലിയ ഒരു വിഭാഗം ഇതര സംസ്ഥാന തൊഴിലാളികളാണ്. 25 ലക്ഷത്തിലധികം പേർ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് തൊഴിലാളികളായി കേരളത്തിലെത്തി ജോലി ചെയ്തുവരുന്നു എന്നതാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. വർഷങ്ങളായി ഒരു സ്ഥലത്ത് സ്ഥിരമായി ജോലി ചെയ്തുവരുന്നവർ ആഴ്ചകൾ തോറും വ്യത്യസ്ത പ്രദേശങ്ങളിൽ മാറി മാറി ജോലി ചെയ്തുവരുന്നവർ, കുടുബമായി താമസിക്കുന്നവർ, ആഴ്ചയിൽ ജന്മനാട്ടിൽ പോയി മടങ്ങിവരുന്നവർ എന്നിങ്ങനെ പല രീതിയിൽ പല മേഖലകളിൽ പണി ചെയ്യുന്നവർ ഈ രംഗത്ത് ഉണ്ട്. ഇവരിൽ ബഹുഭൂരിപക്ഷം പേരും പുരുഷൻമാരാണ്. ഇവരിൽ 75% പേരും 18-29 വയസ്സുള്ളവരാണ്. ഇവരിൽ ബഹുഭൂരിപക്ഷവും ഹിന്ദി സംസാരിക്കുന്നവരാണ്. എന്നാൽ, ഹിന്ദി ഭാഷയിലും മലയാള ഭാഷയിലും ഇവരിൽ നല്ലൊരു ശതമാനവും നിരക്ഷരരാണ് എന്നാണ് ഈ മേഖലയിൽ പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. ഇപ്രകാരമുള്ള നിരക്ഷരരിൽ ഇതര സംസ്ഥാന തൊഴിലാളികൾ പല വിധത്തിലുള്ള ചൂഷണങ്ങൾ നേരിടുന്നു. തന്നെയുമല്ല, ആരോഗ്യം, നിയമം, പരിസ്ഥിതി അവബോധം തുടങ്ങിയ കാര്യങ്ങളിൽ ഇവർക്ക് വേണ്ട വിധം പരിജ്ഞാനം ഇല്ലാത്തതുമൂലം ഇവരുടെ ജീവിത ഗുണനിലവാരം വളരെ താഴ്ന്ന നിലയിലുമാണ്. മലയാളികളിൽ ഭൂരിക്ഷവും ഇവരെ അപരരും അപരിഷ്കൃതരും കുറ്റവാസനയുള്ളവരും ആയി തെറ്റിദ്ധരിച്ചു വരികയും ചെയ്യുന്നു. തന്മൂലം തൊഴിൽ ബന്ധങ്ങളിലും സാമൂഹ്യ ബന്ധങ്ങളിലും വലിയ തോതിലുള്ള വിടവുകൾ ഉണ്ടാവുകയും അത് മനുഷ്യാവകാശ ലംഘനങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നു. ഇതര സംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച പഠനങ്ങളിൽ മതവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ഇവരെ തരം തിരിച്ച് സർവ്വേ നടത്താറുണ്ടെങ്കിലും എസ്.സി/ എസ്.റ്റി വിഭാഗത്തിൽപ്പെട്ട എത്രപേർ ഇതര സംസ്ഥാന തൊഴിലാളികളായി ജോലി ചെയ്യുന്നുവെന്ന് കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. തന്മൂലം ഈ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് ലഭിക്കേണ്ട നിയമപരമായ പരിരക്ഷകൾ ഉറപ്പാക്കാൻ കഴിയുന്നില്ല. ഈ സാഹചര്യത്തിൽ. അന്യസംസ്ഥാന തൊഴിലാളികൾക്ക് ഹിന്ദി, മലയാളം ഭാഷകളെ കേന്ദ്രമാക്കിയുള്ള അടിസ്ഥാന സാക്ഷരത നൽകുകയും, ആരോഗ്യം, നിയമം, പരിസ്ഥിതി തുടങ്ങിയ വിഷയങ്ങളെയും കേരളത്തിന്റെ സാമൂഹിക-സാസംസ്കാരിക ജീവിതത്തെയും കുറിച്ച് ബോധവത്ക്കരണപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളോടുള്ള മലയാളിയുടെ മനോഭാവത്തിലും ഗുണപരമായ ഒരു മാറ്റം നിർമ്മിച്ചെടുക്കും വിധമുള്ള ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും വേണം. ഇത് കേരളത്തിന്റെ വികസന പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുന്നതിന് ഏറെ സഹായകരമായിരിക്കും, സാക്ഷരതാമിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും ലൈബ്രറി കൗൺസിലിന്റെയും സഹകരണത്തോടെ വിദ്യാകേന്ദ്രങ്ങളും സ്കൂളുകളും മുഖേന ഒരു ബഹുജനകാമ്പയിനായി ഇപ്രകാരമൊരു പദ്ധതി നടപ്പാക്കുന്നതിനാണ് സാക്ഷരതാമിഷൻ ലക്ഷ്യം വയ്ക്കുന്നത്. ബൃഹത്തായ ഈ പദ്ധതിയുടെ മുന്നാടിയായി കേരളത്തിൽ ഏറ്റവും കൂടുതൽ ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിൽ 2017-18 വർഷം മാതൃകാ പ്രോജക്ട് ആരംഭിച്ചിട്ടുണ്ട്. അതിന്റെ തുടർച്ച എന്ന നിലയിലാണ് തെരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഈ പ്രോജക്ട് നടപ്പാക്കുന്നത്.

ലക്ഷ്യം

1. ഇതര സംസ്ഥാന തൊഴിലാളികളിലെ നിരക്ഷരരെ കണ്ടെത്തി അവരെ മലയാളം ഭാഷയിൽ സാക്ഷരരാക്കുക. തുടർന്ന് ഹിന്ദിയിൽ സാമാന്യപരിജ്ഞാനം നൽകുക.
2. ആരോഗ്യം, പരിസ്ഥിതി, നിയമം തുടങ്ങിയ വിഷയങ്ങളെയും കേരളത്തിന്റെ സാമൂഹ്യ-സാസ്കാരിക ജീവിത രീതിയെയും കുറിച്ച് ഇതര സംസ്ഥാന തൊഴിലാളികൾക്ക് ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുക.
3. ഇതര സംസ്ഥാന തൊഴിലാളികളും മലയാളികളും തമ്മിലുള്ള സഹോദര്യബന്ധം ദൃഢപ്പെടുത്തും വിധമുള്ള ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുക.
4. ഇതര സംസ്ഥാന തൊഴിലാളികളുടെ കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
5. ഇതര സംസ്ഥാന തൊഴിലാളികൾ നേരിടുന്ന മനുഷ്യാവകാശ ധ്വംസനങ്ങൾ തടയുക.
6. ഇതര സംസ്ഥാനതൊഴിലാളികളുടെ ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുക.
7. ഇതര സംസ്ഥാന തൊഴിലാളികളെ സാക്ഷരതാമിഷൻ നടപ്പാക്കുന്ന തുല്യതാ പരിപാടികളിലൂടെ തുടർ പഠനത്തിന് അവസരം സൃഷ്ടിക്കുക.
8. ഇതര സംസ്ഥാന തൊഴിലാളികളെ വികസന പ്രക്രിയയിലും സാംസ്കാരിക ജീവിതത്തിലും പങ്കാളികളാക്കുക.
9. ഭാഷ, ദേശം, സംസ്കാരം എന്നീ വേർതിരിവുകൾക്കപ്പുറം ഭരണഘടന ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങൾ പ്രചരിപ്പിക്കുക.

സാക്ഷരതാ മിഷൻ - നൂതന പദ്ധതികൾ

പരിസ്ഥിതി സാക്ഷരത

ഇതര സംസ്ഥാന തൊഴിലാളികളുടെ സാക്ഷരത -

ചങ്ങാതി

ഇടുക്കി ജില്ലയിൽ ചങ്ങാതി പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്തിരിക്കുന്നത് കരിങ്കുന്നം ഗ്രാമപഞ്ചായത്താണ്. ഇതര സംസ്ഥാന തൊഴിലാളികളുടെ വിദ്യാഭ്യാസ നിലവാരം, തുടർ പഠന താത്പര്യം തുടങ്ങിയ വിവിധ വിഷയങ്ങൾ ഉൾപ്പെട്ടുകൊണ്ടുള്ള സർവ്വേ പൂർത്തീകരിച്ചു തുടർ നടപടികൾ നടന്നുവരുന്നു.

അക്ഷരലക്ഷം - അടിസ്ഥാന സാക്ഷരതാ പരിപാടി

അടിസ്ഥാന സാക്ഷരതാ പദ്ധതിയുടെ ആദ്യഘട്ടം നടപ്പാക്കുന്നത് ജില്ലയിലെ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിലാണ്. പഞ്ചായത്ത് നിവാസികളുടെ വിദ്യാഭ്യാസ, സാമൂഹികാവസ്ഥകൾ കൃത്യമായി മനസ്സിലാക്കുന്നതിനുള്ള സർവ്വേ പൂർത്തീകരിച്ചു.

ജലസ്രോതസ്സുകളുടെ സ്ഥിതി വിവര പഠനം

പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് ജനങ്ങളെ സജ്ജരാക്കുക, പൊതുജന പങ്കാളിത്തത്തോടെ നഷ്ടപ്പെട്ട ജലസ്രോതസ്സുകൾ കണ്ടെത്തുക, പുനരുജ്ജീവനം സാധ്യമായുള്ളത് വീണ്ടെടുക്കുക, പരിസ്ഥിതി അവബോധം പൊതു

ജനങ്ങളിൽ വളർത്തുക, പരിസ്ഥിതി സന്തുലിതാവസ്ഥ കാത്തു സൂക്ഷിക്കുക എന്നീ ഉദ്ദേശ ലക്ഷ്യങ്ങളോടെ കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ ജലസ്രോതസ്സുകളുടെ സ്ഥിതി വിവര പഠനം ഇടുക്കി ജില്ലയിൽ പൂർത്തീകരിച്ചു. ജില്ലയിലെ 65 തുടർ വിദ്യാകേന്ദ്രങ്ങളുടേയും നേതൃത്വത്തിൽ ജനപ്രതിനിധികൾ, പരിസ്ഥിതി പ്രവർത്തകർ, പൊതുജനങ്ങൾ, സാക്ഷരതാ, തുല്യതാ പഠിതാക്കൾ, ഇതര വകുപ്പുകൾ എന്നിങ്ങനെ നിരവധിയാളുകളുടെ സഹായ സഹകരണത്തോടെയാണ് സർവ്വേ പൂർത്തീകരിച്ചത്. 2017 ആഗസ്റ്റ് മാസത്തിൽ വിദ്യാകേന്ദ്രങ്ങളുടെ നേതൃത്വത്തിൽ വാർഡ് പരിസ്ഥിതി സാക്ഷരതാ സമിതികളും, പരിസ്ഥിതി പഠന സംഘങ്ങളും രൂപീകരിച്ചു. തുടർന്ന് പൊതുജല സ്രോതസ്സുകൾ കണ്ടെത്തുകയും സർവ്വേ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. തുടർന്ന് സർവ്വേ വിവരങ്ങൾ ക്രോഡീകരിച്ച് റിപ്പോർട്ട് തയ്യാറാക്കി 2017 സെപ്റ്റംബർ 8 ന് ലോക സാക്ഷരതാ ദിനത്തിൽ എല്ലാ വിദ്യാകേന്ദ്രങ്ങളിലും പ്രകാശനം ചെയ്തു.

(സാക്ഷരതാ ക്ലാസുകൾ, തുല്യത 4,തുല്യത 7, തുല്യത 10, തുല്യത ഹയർ സെക്കന്ററി തുടങ്ങിയവ 3 ാം ഭാഗത്ത് ഉൾപ്പെടുത്തിയിരിക്കുന്നു.)

അതുല്യം

ജില്ലയിലെ ആകെ പഞ്ചായത്തുകൾ	52
അതുല്യം നടപ്പിലാക്കിയ പഞ്ചായത്തുകൾ	40
പഠന ക്ലാസ്സുകളിൽ രജിസ്റ്റർ ചെയ്തവർ	12857
പരീക്ഷ എഴുതിയവർ	11857
വിജയിച്ചവർ	11199
സ്ത്രീ	6833
പുരുഷൻ	5026
എസ്.സി.	2033
എസ്.റ്റി.	1002

ജില്ല : ഇടുക്കി പ്രത്യേക പരിപാടികൾ

ഇടമലക്കുടി സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടി

ആകെ കുട്ടികൾ- 27, ആകെ ജനസംഖ്യ- 2666, നിരക്ഷരർ-524, നവസാക്ഷരർ- 296,

പദ്ധതിയിൽ ചേർന്നവർ- 1443, പരീക്ഷ എഴുതിയവർ-1100, വിജയിച്ചവർ- 911.

ഏറ്റവും പ്രായം കൂടിയ പഠിതാവ് - നമ്പി ഗുരുസ്വാമി, 65 വയസ്സ്

ഏറ്റവും പ്രായം കുറഞ്ഞ പഠിതാവ് - വിജയലക്ഷ്മി, 14 വയസ്സ്

തുടർവിദ്യാഭ്യാസ പരിപാടി – ഇടുക്കി ജില്ല – വെല്ലുവിളികൾ

- ജില്ലയിലെ യാത്രാ ക്ലേശം
- ജനകീയ വകുപ്പുകൾ തമ്മിലുള്ള സംയോജനത്തിന്റെ അപര്യാപ്തത
- ഭൂമിശാസ്ത്രപരമായ പ്രശ്നങ്ങൾ
- തുടർ വിദ്യാകേന്ദ്രങ്ങളുടെ എണ്ണത്തിലെ കുറവ്
- ഫണ്ടിന്റെ അപര്യാപ്തത
- ഭാഷാന്യൂനപക്ഷങ്ങളുടെ നിരക്ഷരത
- ഇതര സംസ്ഥാന തൊഴിലാളികളുടെ നിരക്ഷരത (മലയാളം)
- തുല്യത തുടർ പഠന പ്രവർത്തനങ്ങളുടെ അപര്യാപ്തത
- ജനകീയ സർവ്വേയിൽ തുല്യത വിദ്യാഭ്യാസം ഉൾപ്പെടുത്തുന്നില്ല.
- ഇടമലക്കുടി പോലെ ദൂരത്തിലും, യാത്രാ സൗകര്യങ്ങൾ കുറഞ്ഞതുമായ പഞ്ചായത്തുകളിൽ പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നതിൽ തുല്യതാ പഠന പദ്ധതികളുടെ കുറവ്.
- എസ്.സി., എസ്.റ്റി. മേഖലകളിൽ മുതിർന്ന ആളുകളുടെ ജനന സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നതിനുള്ള തടസ്സങ്ങൾ.

തുടർവിദ്യാഭ്യാസ പരിപാടി – ഇടുക്കി ജില്ല – സാധ്യതകൾ.

- എസ്.സി., എസ്.റ്റി മേഖലകളിൽ തുല്യത പഠിതാക്കൾക്ക് ജനന സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് സർക്കാർതലത്തിലുള്ള നടപടികൾ.
- യാത്രാ ക്ലേശം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ പ്രോജക്ടുകൾ വയ്ക്കുകയും, യാത്രാക്ലേശം പരിഹരിക്കുന്നതിന് വാഹന സൗകര്യം ഒരുക്കേണ്ടതുണ്ട്.
- സാമൂഹ്യ വികസന മേഖലകളിലുള്ള വകുപ്പുകളുടെ സംയോജനം ഉറപ്പാക്കുക.
- പ്രാദേശിക പരിഗണന നൽകി തുടർവിദ്യാകേന്ദ്രങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവ്.
- മലയോര ജില്ല എന്ന നിലയിൽ തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് വാഹന സൗകര്യം ലഭ്യമാക്കുക.
- നാലാംതരം, ഏഴാംതരം പഠനത്തോടൊപ്പം ഇ-സാക്ഷരത പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക.
- നിലവിലുള്ള പഠനരീതി ഹൈടെക് ആക്കുക.
- തുടർവിദ്യാകേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുക.
- ജില്ലയിലെ തുടർവിദ്യാകേന്ദ്രങ്ങളുടെ സജീവ പങ്കാളിത്തം

ജില്ലയിൽ തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് വെല്ലുവിളികൾ നേരിടുന്നുണ്ടെങ്കിലും ജില്ലാ സാക്ഷരതാ മിഷൻ വികസന, തുടർ വിദ്യാകേന്ദ്രങ്ങളും പ്രേരക്മാരും സാക്ഷരതാ, തുടർവിദ്യാഭ്യാസ പ്രവർത്തനത്തിൽ ഒട്ടേറെ മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. ആദ്യത്തെ സംസ്ഥാന തുടർവിദ്യാഭ്യാസ അവാർഡ് 2001 ൽ ഇടുക്കി ജില്ലാ സാക്ഷരതാ മിഷന് ലഭിച്ചു.

തുടർന്ന് സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ വിജയത്തിൽ നിന്നും വിജയത്തിലേയ്ക്ക് കൊടി പിടിച്ച് കയറിയപ്പോൾ തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കുള്ള ഭാരത സർക്കാരിന്റെ പ്രഥമ സത്യം മൈത്ര അവാർഡ് 2004 ൽ ഇടുക്കി ജില്ലയ്ക്ക് ലഭിച്ചു.

വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ

ഭൗതിക സൗകര്യങ്ങൾ

ജില്ലയിലെ സ്കൂളുകളിൽ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പാശ്ചാത്തലത്തിൽ അടിസ്ഥാന വികസനരംഗത്ത് മാറ്റങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

ക്ലാസ്റൂം സങ്കൽപ്പങ്ങൾ ആധുനിക രംഗത്തിന്റെ പാതയിലാണ്. പൂർണ്ണമായും വിവരസാങ്കേതിക വിദ്യയെ പ്രയോജനപ്പെടുത്തുന്ന ക്ലാസ്മുറികളിലേയ്ക്ക് മാറ്റപ്പെടേണ്ടതുണ്ട്.

ആധുനിക സാങ്കേതിക വിദ്യകൾ നാം ഉപയോഗിച്ചു തുടങ്ങിയിരിക്കുന്നു. ശീതീകരിച്ച ക്ലാസ്മുറികൾ ഉണ്ടായി തുടങ്ങിയിരിക്കുന്നു എന്നത് ശ്രദ്ധേയമാണ്.

ക്ലാസ്മുറികൾ

കുട്ടിയുടെ പഠന സന്നദ്ധതയ്ക്ക് ഏറ്റവും മുഖ്യമായ ഘടകങ്ങളിൽ ഒന്നാണ് ക്ലാസ്മുറി. കുട്ടികളെ ആകർഷിക്കുന്ന തരത്തിൽ പൂർണ്ണമായും ശിശു സൗഹൃദ ക്ലാസ്മുറികൾ രൂപപ്പെടേണ്ടതുണ്ട്. കുട്ടികളുടെ അനുപാതത്തിനാവശ്യമായ ക്ലാസ്മുറികൾ ഉണ്ട്. ഈ ക്ലാസ്മുറികളെ ആധുനികവത്കരിക്കുകയും സ്കൂൾ മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനമാക്കി പുന:സൃഷ്ടിക്കപ്പെടുകയും ചെയ്യേണ്ടതുണ്ട്. ജില്ലയിലെ എല്ലാ വിദ്യാലയങ്ങളിലും ആധുനീകരിച്ച ക്ലാസ്മുറികൾ ഉണ്ടായി വരേണ്ടതുണ്ട്.

കുടിവെള്ളം

വിഭാഗം	ആകെ സ്കൂൾ	കുടിവെള്ള ലഭ്യതഉള്ളത്	കുടിവെള്ള ലഭ്യത ഇല്ലാത്തത്
എൽ.പി.	222	214	8
യു.പി.	85	82	3
എച്ച്.എസ്., എച്ച്.എസ്.എസ്. വി.എച്ച്.എസ്.എസ്.	150	149	1

ചുരുക്കം ചില സ്കൂളുകളിൽ ഇനിയും കുടിവെള്ളസൗകര്യങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

ലാബ്

വിഭാഗം	ആകെ സ്കൂളുകൾ	ലാബ് സൗകര്യം ഉള്ളത്	ലാബ് സൗകര്യം ഇല്ലാത്തത്
എൽ.പി.	222		222
യു.പി.	85	44	41
എച്ച്.എസ്., എച്ച്.എസ്.എസ്., വി.എച്ച്.എസ്.എസ്.	150	150	

എൽ.പി. യു.പി. സ്കൂളുകളിലെ സയൻസ് ലാബ് സൗകര്യങ്ങൾ ഇനിയും മെച്ചപ്പെടേണ്ടതുണ്ട്. ഗണിത സാമൂഹ്യശാസ്ത്ര ലാബുകളും രൂപപ്പെട്ടു വരേണ്ടതുണ്ട്. ശാസ്ത്ര ലാബുകൾ ആക്ടിവിറ്റി സെന്ററുകളാക്കി മാറ്റുന്നതിനുള്ള മാതൃകാപരമായ ശ്രമങ്ങൾ ജില്ലയിൽ ഉണ്ടായിവരുന്നുണ്ട്. ഇത് ജില്ല മുഴുവൻ വ്യാപിപ്പിക്കേണ്ടതാണ്. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളോട് ചേർന്നുള്ള പ്രൈമറി ക്ലാസുകൾക്ക് ലാബ് സൗകര്യങ്ങൾ ഉറപ്പു വരുത്തണം.

ലൈബ്രറി

സ്കൂൾ ലൈബ്രറികൾ 90 ശതമാനം സ്കൂളുകളിലും നന്നായി പ്രവർത്തിക്കുണ്ട്. പ്രൈമറി വിഭാഗത്തിൽ ലൈബ്രറികൾക്ക് പ്രത്യേക മുറി ഇല്ല. കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള പുസ്തകങ്ങൾ ലഭ്യമാക്കിയും പ്രത്യേക മുറി സജ്ജീകരിച്ചും ലൈബ്രറി സ്കൂളിന്റെ ആകർഷകങ്ങളിലൊന്നാക്കി മാറ്റപ്പെടേണ്ടതുണ്ട്. സ്കൂളുകളിൽ കേന്ദ്രീകൃത ലൈബ്രറികൾക്കൊപ്പം ക്ലാസ്റൂം ലൈബ്രറികളും കൂടുതൽ ശാക്തീകരിക്കപ്പെടേണ്ടതാണ്.

കമ്പ്യൂട്ടർലാബ്

വിഭാഗം	കമ്പ്യൂട്ടർ ലാബ് ഉള്ള സ്കൂളുകൾ	കമ്പ്യൂട്ടർ ലാബ് ഇല്ലാത്ത സ്കൂളുകൾ
എൽ.പി.	101	121
യു.പി.	57	28
എച്ച്.എസ്., എച്ച്.എസ്. എസ്., വി.എച്ച്.എസ്.എസ്.	150	–

എൽ.പി., യു.പി. തലങ്ങളിൽ കമ്പ്യൂട്ടർ ലാബുകൾ കൂടുതൽ ഉണ്ടായി വരേണ്ടതുണ്ട്.

കളിസ്ഥലം & സ്പോർട്സ് റൂം

വിഭാഗം	ഉള്ള സ്കൂളുകൾ		ഇല്ലാത്ത സ്കൂളുകൾ	
	കളിസ്ഥലം	സ്പോർട്സ്	കളിസ്ഥലം	സ്പോർട്സ്
എൽ.പി.	86	–	136	222
യു.പി.	59	–	26	85
എച്ച്.എസ്., എച്ച്.എസ്.എസ്., വി.എച്ച്.എസ്.സി.	135	102	15	48

എൽ.പി.വിഭാഗം സ്കൂളുകളിൽ 39% സ്കൂളുകളിൽ മാത്രമാണ് കളിസ്ഥലമുള്ളത്. യു.പി. വിഭാഗത്തിൽ കളിസ്ഥലമുള്ള സ്കൂളുകൾ 70% ഉയരുന്നുണ്ട്. ഇത് ഹൈസ്കൂൾ, ഹയർ സെക്കൻണ്ടറിയിലേക്ക് എത്തുമ്പോൾ അത് 90% ഉയരുന്നുണ്ട്. ഈ ശതമാനവ്യത്യാസം പ്രൈമറി കുട്ടികളുടെ കായിക വികാസത്തിന് വേണ്ടത്ര പ്രവർത്തനങ്ങൾ ഇന്നും നൽകിയിട്ടില്ല എന്ന് തെളിയിക്കുന്നു. പ്രൈമറി തല മുതൽ കുട്ടികളുടെ കായികക്ഷമത ഉറപ്പു വരുത്തുന്നതിനായി എല്ലാ വിദ്യാലയങ്ങളിലും കളിസ്ഥലങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

സ്പോർട്സ് റൂമുകൾ എൽ.പി., യു.പി. വിഭാഗ തീർത്തും ഇല്ലാതിരിക്കുകയും ഹൈസ്കൂൾ വിഭാഗത്തിൽ 32% മാത്രമാണ് പ്രത്യേക മുറികൾ ഉള്ളത്. കായിക രംഗത്ത് വൻ കുതിച്ചുചാട്ടത്തിന് സാദ്ധ്യതയുള്ള ഇടുക്കി ജില്ല ഈ രംഗത്ത് ഭൗതിക സാഹചര്യ വികസനത്തിന് ഇനിയും മുന്നേറേണ്ടതുണ്ട് എന്ന സൂചനയാണ് ഈ കണക്കുകൾ നൽകുന്നത്.

കിച്ചൻ കം സ്റ്റോർ

ജില്ലയിലെ മുഴുവൻ വിദ്യാലയങ്ങളിലും പാചകപ്പുരയുണ്ട്. ഇവ ശുചിത്വപൂർണ്ണമാക്കേണ്ടതുണ്ട്. അതോടൊപ്പം പാചകത്തിന് ആവശ്യമായ പാത്രങ്ങൾ, കുട്ടികൾക്ക് ഭക്ഷണം കഴിക്കുന്നതിന് ആവശ്യമായ പാത്രങ്ങൾ എന്നിവ ഉറപ്പുവരുത്തണം. ശിശു സൗഹൃദമായ ഊട്ടുപുരകളും ഉണ്ടായിവരേണ്ടതുണ്ട്.

അക്കാഡമിക് രംഗത്തെ പ്രശ്നങ്ങൾ

കുട്ടികൾ അറിവിന്റെ ഉയർന്ന തലങ്ങളിൽ എത്തുന്നില്ല. ദേശിയ അന്തർദേശീയ മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിനും വിജയിക്കുന്നതിനും കുട്ടികൾ പ്രാപ്തരാകുന്നില്ല.

- പഠനം മികവുറ്റതാക്കാൻ ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നില്ല.
- ക്ലാസ് മുറികൾ സ്മാർട്ടാക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭദശയിലാണ്. ഹൈടെക് ക്ലാസ്മുറികൾ എണ്ണത്തിൽ വളരെ കുറവാണ്. ഇ-റിസോഴ്സുകൾ ഉപയോഗപ്പെടുത്തുന്നില്ല.
- ഗുണമേന്മ ലക്ഷ്യമാക്കിയുള്ള വിദ്യാലയ ആസൂത്രണമില്ല.
- പഠനാന്തരീക്ഷവും പഠന പരിസരവും ഗുണാത്മകത ഉറപ്പാക്കുന്നില്ല.
- വിദ്യാലയ മോണിറ്ററിംഗും ക്ലാസ് മോണിറ്ററിംഗും കാര്യക്ഷമമല്ല. ജില്ലയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേക സാഹചര്യങ്ങൾ ജില്ലാ, ഉപജില്ലാതല മോണിറ്ററിംഗ് അപ്രായോഗികമാക്കുന്നു.
- മോണിറ്ററിംഗ് ഓൺലൈൻ സംവിധാനം വികസിച്ചിട്ടില്ല.
- ശാസ്ത്രിയമായി വികസിപ്പിച്ച സ്വയം വിലയിരുത്തൽ സൂചകങ്ങളും മാതൃകകളും ലഭ്യമല്ല. അവ പ്രയോജനപ്പെടുത്താൻ അദ്ധ്യാപകർ പ്രാപ്തരായിട്ടില്ല.
- അദ്ധ്യാപകർക്കും വിദ്യാഭ്യാസ ഓഫീസർമാർക്കും പെർഫോമൻസ് ഫീഡ്ബാക്ക് നൽകുന്ന സംവിധാനമില്ല.
- അദ്ധ്യാപകരുടേയും വിദ്യാഭ്യാസ ഓഫീസർമാരുടെയും സേവന വേതന വ്യവസ്ഥകൾ നിശ്ചയിക്കുമ്പോൾ പെർഫോമൻസ് ഇവാല്യുവേഷൻ പരിഗണിക്കുന്നു.

- പരിഹാരബോധനത്തിന് അനുയോജ്യമായ പ്രവർത്തനങ്ങളും പഠന സാമഗ്രികളും ഡിജിറ്റൽ ഫ്രെയിമുകളും വികസിപ്പിക്കുന്നതിനും, കണ്ടെത്തുന്നതിനും പ്രയോജനപ്പെടുത്തുന്നതിനും കഴിയുന്നില്ല.
- വിദ്യാലയ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകേണ്ട ഓഫീസർമാർ, പ്രഥമാദ്ധ്യാപകർ എന്നിവരുടെ സ്ഥലംമാറ്റം മൂലമൊ, റിട്ടയർമെന്റു മൂലമൊ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം നികത്തുന്നില്ല.
- പഠനത്തിന് അനുയോജ്യമായ വിധത്തിൽ സ്കൂൾ ക്യാമ്പ് ജൈവസമൃദ്ധമായിട്ടില്ല.
- സ്കൂൾ ക്യാമ്പ് കാർഷിക സംസ്കാരം പ്രതിഫലിപ്പിക്കുന്നില്ല.
- ക്ലാസ് റൂം പ്രവർത്തനങ്ങൾ കുട്ടികളിൽ കാർഷിക സംസ്കാരം രൂപപ്പെടുന്നതിലേക്ക് മെച്ചപ്പെടുന്നില്ല.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായി അനുരൂപീകരിച്ച പ്രവർത്തനങ്ങൾ വികസിപ്പിക്കാൻ അദ്ധ്യാപകർക്ക് കഴിയുന്നില്ല.
- അന്വേഷണാത്മക പഠന രീതി പ്രോത്സാഹിപ്പിക്കുന്നതിന് സഹായമായ വിധത്തിൽ സ്കൂൾ ലൈബ്രറികളും ലബോറട്ടറികളും വികസിച്ചിട്ടില്ല.
- ഇടുക്കിയുടെ വനപ്രകൃതിയെ സംരക്ഷിക്കുന്നതിനും പ്രയോജനപ്പെടുത്തുന്നതിനും ആവശ്യമായ ധാരണകൾ രൂപപ്പെടുത്താൻ സഹായിക്കുന്ന പ്രവർത്തന പദ്ധതിയില്ല.
- ജില്ലയുടെ സവിശേഷമായ പ്രകൃതി വിഭവങ്ങളും ഭൂപ്രകൃതിയും കാലാവസ്ഥയും പരിഗണിച്ച് ദീർഘകാല കാഴ്ചപ്പാടോടെ തൊഴിൽ ശക്തി രൂപപ്പെടുത്തുന്നതിനുള്ള ഉള്ളടക്കം പാഠ്യപദ്ധതിയിൽ ചേർത്തിട്ടില്ല.
- പ്രദേശിക തൊഴിൽ പരിശീലന കേന്ദ്രങ്ങളെ വിദ്യാലയവുമായി ബന്ധിപ്പിക്കുന്നതിന് പരിപാടികളില്ല.
- പ്രീ-സ്കൂൾ പഠനാന്തരീക്ഷവും പഠനരീതിയും അനാകർഷകവും അശാസ്ത്രീയവുമാണ്. ഏകീകൃത പാഠ്യപദ്ധിയൊ, വിവിധ ഏജൻസികൾ തമ്മിലുള്ള ഏകോപനമൊ ഇല്ല.
- പ്രി-പ്രൈമറി അദ്ധ്യാപക പരിശീലനത്തിന് ജില്ലയിൽ സ്ഥാപനമില്ല.
- കുട്ടികളുടെ സർഗപരമായ കഴിവുകൾ കണ്ടെത്തി വളർത്താനും വികസിപ്പിക്കാനും ലഭ്യമായ സൗകര്യങ്ങൾ പരിമിതമാണ്.
- കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിന് വ്യായമത്തിനും കളികൾക്കും ആവശ്യമായ വെളിയിടങ്ങൾ കുറവാണ്. രാജ്യത്തിന് മികച്ച കായിക പ്രതിഭകളെ സംഭാവന ചെയ്തുകൊണ്ടിരിക്കുന്ന നിലവാരമുള്ള പരിശീലന കേന്ദ്രങ്ങളില്ല.
- നീന്തൽ പരിശീലന സൗകര്യങ്ങൾ ജില്ലയിൽ തീരെ ഇല്ല.
- മികവുറ്റ കലാപരിശീലന കേന്ദ്രങ്ങളും വിദഗ്ധരായ പരിശീലകരും ജില്ലയിൽ കുറവാണ്. തന്മൂലം പാഠ്യേതര പ്രവർത്തനങ്ങളിൽ ജില്ലയിലെ കുട്ടികൾ പിന്നാക്കമാണ്.
- ജില്ലയുടെ ടൂറിസം വികസന സാദ്ധ്യതകൾ മുൻനിർയുള്ള തൊഴിൽ ശക്തി വികസന കാഴ്ചപ്പാട് വിദ്യാലയ പ്രവർത്തന പദ്ധതിയിൽ ഉൾചേർത്തിട്ടില്ല.
- ആദിവാസി മേഖലയിലെ കുട്ടികൾക്ക് അവരുടെ ഭാഷയും സംസ്കാരവും പരിഗണിക്കുന്ന അനുയോജ്യമായ പഠനോപാധികൾ ഇല്ല.

- കുട്ടികൾ പ്രഭാത ഭക്ഷണം കഴിക്കാതെയും, വാഹന സൗകര്യമില്ലാത്തതുകൊണ്ട് ദീർഘ ദൂരം നടന്നും വിദ്യാലയത്തിൽ എത്തേണ്ടിവരുന്നത് പഠന മികവിനെ ബാധിക്കുന്നുണ്ട്.
- സ്കൂൾ പാർലമെന്റുകൾ ഉത്തരവാദിത്വമുള്ള സംവിധാനമായി പരിഗണിക്കുകയൊ പരിശീലിപ്പിക്കുകയൊ ചെയ്യുന്നില്ല. സ്കൂൾ പാർലമെന്റ് പ്രവർത്തനത്തിന് കൃത്യമായ മാർഗരേഖ ഇല്ല.
- മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും ഉപയോഗത്തിനെതിരെ സാമൂഹ്യ ഇടപെടൽ സാദ്ധ്യത പ്രയോജനപ്പെടുത്തുന്നില്ല.
- കുട്ടികളുടെ വൈകാരിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മാനസികാരോഗ്യ സംരക്ഷണത്തിനും പ്രയോജനപ്പെടുന്ന തരത്തിൽ കൗൺസിലിംഗ് സംവിധാനം പ്രവർത്തിക്കുന്നില്ല.
- പഠന പ്രശ്നങ്ങളെ പരിഹരിക്കുന്നതിന് ഗവേഷണാത്മകമായി ഇടപെടുന്നതിന് അദ്ധ്യാപകർ പ്രാപ്തി നേടിയിട്ടില്ല.
- സ്കൂൾ വിലയിരുത്തലിനായി ജനകീയ സമിതികൾ രൂപീകരിക്കപ്പെട്ടിട്ടില്ല.
- പി.ടി.എ., എസ്.എം.സി. എന്നിവ സ്കൂൾ വികസന പ്രവർത്തനങ്ങൾ വിലയിരുത്താൻ പ്രാപ്തമല്ല.
- അദ്ധ്യപകരുടെ പരിശീലന ആവശ്യങ്ങൾ മുൻകൂട്ടി ശാസ്ത്രീയമായി നിർണയിക്കുന്നില്ല.
- വിദ്യാലയാധിഷ്ഠിത അദ്ധ്യാപക പരിശീലന രീതി പ്രാവർത്തികമാക്കിയിട്ടില്ല.
- ഹയർ സെക്കന്ററി സ്കൂളിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്രൈമറി വിദ്യാലയങ്ങൾക്ക് പ്രഥമാദ്ധ്യാപക ചുമതയുള്ള അദ്ധ്യാപകരില്ല. തന്മൂലം ഹയർ സെക്കന്ററി സ്കൂളിലെ പ്രൈമറി വിഭാഗം അവഗണിക്കപ്പെടുന്നു.
- കലാമത്സരങ്ങൾ, കായിക മത്സരങ്ങൾ, മേളകൾ ഇവ സാദ്ധ്യമായ ദിവസങ്ങളിൽ നടക്കുന്നതും, പ്രകൃതിക്ഷോഭങ്ങളും ഹർത്താൽ പോലെയുള്ള സമരങ്ങളുടെ ആവർത്തനവും മൂലമുണ്ടാകുന്ന അപ്രതീക്ഷിത അവധികളും സാധ്യമായ ദിവസങ്ങളുടെ എണ്ണം ഗണ്യമായി കുറയ്ക്കുന്നു.
- ആധുനിക സൗകര്യങ്ങളും നിലവാരമുള്ള അദ്ധ്യാപക പരിശീലന കേന്ദ്രങ്ങൾ ഹൈറേഞ്ചു മേഖലയിൽ ഇല്ല.
- ശാസ്ത്ര പ്രതിഭകളുടെ അധിക പഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിനും പ്രതിഭാ പോഷണത്തിനും ഉതകുന്ന ശാസ്ത്ര പഠന കേന്ദ്രങ്ങൾ ജില്ലയിൽ ഇല്ല.

4. പദ്ധതി അവലോകനം

1) അംഗനവാടി വിദ്യാഭ്യാസം

- സ്ഥലവും കെട്ടിടവുമില്ലാതെയാണ് പല അംഗനവാടികളും പ്രവർത്തിക്കുന്നത്.
- അംഗനവാടികൾ കുട്ടികളെ ആകർഷിക്കുന്ന രീതിയിൽ മാറിയിട്ടില്ല.
- ഒരേ തരം ഭക്ഷണം (പോഷകാഹാരം) കുട്ടികളിൽ മടുപ്പുളവാക്കുന്നു.
- അംഗനവാടികൾക്ക് നിർദ്ദേശിക്കപ്പെട്ട പഠനപ്രവർത്തനങ്ങൾ അനുവർത്തിക്കുന്നതിൽ രക്ഷിതാക്കൾ തൃപ്തരല്ല (പാഠ്യപദ്ധതി നിഷ്ക്കർഷിച്ച 'അങ്കണത്തൈമാവ്' എന്ന പുസ്തകം ഉപയോഗിച്ചുള്ള പഠനപ്രവർത്തനങ്ങൾ)
- 3 വയസ്സുള്ള കുട്ടികളെയാണ് നിലവിൽ അംഗനവാടികളിൽ ചേർക്കുന്നത്. ഇത്രയും ചെറുപ്പത്തിലെ ഇവരെ എഴുത്ത് പഠിപ്പിക്കണം എന്നാണ് രക്ഷിതാക്കൾ ആവശ്യപ്പെടുന്നത് (പ്രത്യേകിച്ചും ഇംഗ്ലീഷ്) അതുകൊണ്ടു തന്നെ ഡിപ്പാർട്ടുമെന്റ് താൽപ്പര്യത്തിനനുസരിച്ച് അംഗനവാടികൾക്ക് പ്രവർത്തിക്കാൻ കഴിയുന്നില്ല.
- 3 വയസ്സുമുതലേ കുട്ടികളെ സ്കൂളുകളിൽ ചേർക്കുന്നതിനാൽ കരച്ചിൽ മാറ്റാൻ വേണ്ടിയാണ് 90 ശതമാനം രക്ഷിതാക്കളും കുട്ടികളെ അംഗനവാടികളിൽ ചേർക്കുന്നത്. അതൊകൊണ്ടു തന്നെ മുൻപുള്ളതുപോലെ 2 വർഷമോ 1 വർഷമോ കുട്ടികൾ അംഗനവാടികളിൽ നിലനിർത്തപ്പെടുന്നില്ല.
- ആവശ്യത്തിന് കളിസ്ഥലമോ ടോയ്‌ലറ്റുകളോ എല്ലാ അംഗനവാടികളിലും ഉറപ്പാക്കാനായിട്ടില്ല. ഉള്ള ബേബി ടോയ്‌ലറ്റുകൾ പ്രവർത്തനക്ഷമമല്ല.

2) പ്രീ-പ്രൈമറി വിദ്യാഭ്യാസം

- ക്ലാസ്സിനകത്തും പുറത്തുമായി കളിക്കാനുള്ള കളിപ്പാട്ടങ്ങളോ കളിസ്ഥലമോ വേണ്ടത്രയില്ല.
- പ്രീ-പ്രൈമറിക്ക് പാഠ്യപദ്ധതിയില്ല.
- എല്ലാ പ്രീ-പ്രൈമറികളും ഇംഗ്ലീഷ് മീഡിയത്തിൽ പ്രവർത്തിക്കുന്നു.
- സ്കൂൾ കുട്ടികൾക്കുള്ള മെഡിക്കൽ ചെക്ക് അപ്പ്, ലംപ്സം ഗ്രാന്റ്, പഠനകിറ്റ് തുടങ്ങിയവക്ക് പ്രീ-പ്രൈമറി കുട്ടികളെ പരിഗണിക്കുന്നില്ല.
- കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ക്ലാസ്, അദ്ധ്യാപകർ, ആയമാർ എന്നിവരില്ലാത്തത് പ്രയാസം സൃഷ്ടിക്കുന്നു.

3) സ്കൂൾ വിദ്യാഭ്യാസം

പ്രൈമറി, സെക്കന്ററി വിദ്യാഭ്യാസം - വിശകലനവും കണ്ടെത്തലുകളും

- എല്ലാ മേഖലകളിലും നിരന്തരമായ ഇടപെടലുകൾ വിവിധ ഏജൻസികൾ നടത്തിക്കൊണ്ടിരിക്കുന്നു.
- എസ്.എസ്.എ., ഡയറ്റ്, ആർ.എം.എസ്.എ. പൊതുവിദ്യാഭ്യാസ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മികച്ച അക്കാദമിക പ്രവർത്തനങ്ങളാണ് കാഴ്ചവെച്ചുകൊണ്ടിരിക്കുന്നത്.
- ദീർഘകാല ആസൂത്രണത്തോടെയല്ലാത്തതിനാൽ സ്കൂൾ അക്കാദമിക പ്രവർത്തനങ്ങളോടൊപ്പം ഇവ പ്രാവർത്തികമാക്കുന്നതിൽ ഒരുപാട് പ്രയാസങ്ങൾ, പ്രധാനദ്ധ്യാപകർ, കുട്ടികൾ, രക്ഷിതാക്കൾ പ്രത്യേകിച്ചും അദ്ധ്യാപകർ അനുഭവിക്കുന്നു.

- അതതു സമയത്തെ ആശയങ്ങൾ, കാഴ്ചപ്പാടുകൾ, നിർദ്ദേശങ്ങൾ, പഠനങ്ങൾ, കണ്ടെത്തലുകൾ തുടങ്ങിയവയ്ക്കനുസരിച്ചാണ് പദ്ധതികൾ പലതും ആസൂത്രണം ചെയ്ത് നിർവഹിക്കുന്നത്.
- അതുകൊണ്ട് തന്നെ ഭൗതിക അക്കാദമിക മേഖലയിലെ പ്രശ്നങ്ങൾ പരിപൂർണമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല.
- അൺഎയ്ഡഡ് മേഖലയുടെ അതിപ്രസരവും ഇടപെടലുകളും അംഗീകാരമില്ലാത്ത സ്കൂളുകളും ജില്ലയുടെ വിദ്യാഭ്യാസമേഖലയിൽ നിരന്തരം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
- പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ മികച്ച പ്രതിഫലനങ്ങൾ ജില്ലയിൽ പ്രകടമാണ്.

4) ഹയർ സെക്കന്ററി വിദ്യാഭ്യാസം & വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം

- ഗുണമേന്മ വർദ്ധനവിനായി ഇടപെടലുകൾ കുറവാണ്.
- അദ്ധ്യാപകർക്കുള്ള ക്ലസ്റ്റർ പരിശീലനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല.
- കലാകായിക വിദ്യാഭ്യാസത്തിന് സമയമോ പിരീഡോ ഇല്ല.
- കുട്ടികളുടെ എണ്ണം കൂടുതലായതിനാൽ വ്യക്തിഗത പരിഗണന ഉറപ്പാക്കാൻ കഴിയുന്നില്ല.
- എല്ലാ സ്കൂളുകളിലും മികച്ച ലാബ്, ലൈബ്രറി, കമ്പ്യൂട്ടർ ലാബ്, കളിസ്ഥലം എന്നിവ ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.
- സ്മാർട്ട് ക്ലാസ്സുമുറികൾ ഇപ്പോഴും സ്വപ്നമായി അവശേഷിക്കുന്നു.
- പുതിയ സാങ്കേതിക വിദ്യകൾ ക്ലാസ്സുമുറികളിൽ പ്രയോജനപ്പെടുത്തുന്ന തിനുള്ള നിർബന്ധ നിർദ്ദേശങ്ങളും പരിശീലനങ്ങളും ഇല്ലാത്തതിനാൽ പഴയരീതിയിലുള്ള വിനിമയം തുടരുന്നു.
- മതിയായ ഓഫീസ് ജീവനക്കാരില്ലാത്തത് പ്രിൻസിപ്പാളിനും അദ്ധ്യാപകർക്കും പ്രയാസങ്ങൾ സൃഷ്ടിക്കുന്നു.
- കുട്ടികളുടെ പ്രായത്തിനനുസരിച്ചുള്ള വ്യക്തിത്വ വികസന ക്ലാസ്സുകളോ സൗകര്യങ്ങളോ സ്കൂളുകൾക്ക് ഉറപ്പാക്കാൻ കഴിയുന്നില്ല.
- നിരന്തരവിലയിരുത്തൽ കാര്യക്ഷമമായി നടക്കുന്നില്ല.
- വിവിധ വിഷയങ്ങളിൽ മികവും താല്പര്യവും പ്രകടിപ്പിക്കുന്ന വിദ്യാർത്ഥിക ൾക്കും അവരെ പരിശീലിപ്പിക്കുന്ന അദ്ധ്യാപകർക്കും മെച്ചപ്പെടുവാനുള്ള അവസരമില്ല.
- ഭിന്നശേഷി പരിഗണന സാധ്യമാകുന്നില്ല. ഇവർക്കുള്ള അനുരൂപീകരണ സാധ്യതകളിൽ വേണ്ടത്ര ധാരണയില്ല.
- വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിൽ വൊക്കേഷണൽ ലാബുകൾ ഉറപ്പാക്കാനായിട്ടില്ല.
- വൊക്കേഷണൽ വിദ്യാർത്ഥികൾക്ക് അവരുടെ വിഷയമേഖലയിലുള്ള വ്യാവസായിക അനുഭവങ്ങൾ ലഭിക്കുന്നതിനുവേണ്ടി വിവിധ കമ്പനികളുമായി കൂട്ടായ്മ (ഇൻഡസ്ട്രി ലിംഗേജ്) രൂപപ്പെടുത്താനായിട്ടില്ല.
- ലാബ്, ലൈബ്രറി, കമ്പ്യൂട്ടർ ലാബ്, കളിസ്ഥലം എന്നിവ ഫലപ്രദമായി വിനിയോഗിക്കത്തക്ക രീതിയിൽ പഠനപ്രവർത്തനങ്ങളെ ക്രമീകരിക്കാൻ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല.
- ലൈംഗിക വിദ്യാഭ്യാസം, മൂല്യാധിഷ്ഠിത വിദ്യാഭ്യാസം എന്നിവയുമായി ബന്ധപ്പെട്ട വിദഗ്ധ ക്ലാസ്സുകൾ, വിദഗ്ധരുടെ സേവനം എന്നിവ ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.
- വിഷയമേഖലകളിൽ പരിശീലനകേന്ദ്രങ്ങളില്ല, വിപണനകേന്ദ്രങ്ങളില്ല.

- വിദ്യാർത്ഥികളുടെ സ്റ്റാർട്ട് അപ്പ് പ്രോജക്റ്റ്സ് പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.

നിർദ്ദേശങ്ങൾ

1. ഹയർ സെക്കണ്ടറി വിദ്യാഭ്യാസം പൊതുവിദ്യാഭ്യാസത്തിന്റെ കീഴിൽ ഒന്നു മുതൽ പന്ത്രണ്ട് വരെ ഒരു യൂണിറ്റ് ആയി കണക്കാക്കണം.
2. സ്ഥാപന തലവൻ ഒരാളായിരിക്കണം.
3. സ്കൂളിലെ പൊതു വസ്തുക്കൾ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി ഭേദമില്ലാതെ എല്ലാവർക്കും ഉപയോഗിക്കാൻ കഴിയണം.
4. ഉപജില്ല വിദ്യാഭ്യാസ ജില്ല, ജില്ലാ ഓഫീസുകൾ അനുബന്ധമായി വരണം. ഇവിടങ്ങളിൽ ഹയർ സെക്കണ്ടറിയെ ഉൾപ്പെടുത്തണം.
5. ഗവേഷണ പ്രധാന്യമുള്ള ലാബുകൾ സജ്ജീകരിക്കണം.
6. അദ്ധ്യാപകരുടെ സേവന വേതന പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കണം.
7. വിദ്യാർത്ഥികളുടെ അഭിരുചിക്ക് അനുസരിച്ചുള്ള കോമ്പിനേഷനുകൾ ലഭ്യമാക്കണം.
8. എല്ലാ പഞ്ചായത്തിലും ഹയർ സെക്കണ്ടറി സ്കൂളുകൾ ഉണ്ടെങ്കിലും താത്പര്യമനുസരിച്ചുള്ള കോഴ്സുകൾ ഇപ്പോഴും വിദ്യാർത്ഥികൾക്ക് ലഭിക്കുന്നില്ല.
9. ഒരേ ക്യാമ്പസ്സിൽ പ്രവർത്തിക്കുന്ന ഹൈസ്കൂളും ഹയർ സെക്കണ്ടറിയും 2 അധികാരികളായി നിൽക്കുന്നത് സമഗ്ര വികസനത്തിന് തടസ്സം നിൽക്കുന്നുണ്ട്. ഇത് ഒരു യൂണിറ്റ് ആയി കണക്കാക്കാനുള്ള ശ്രമം ഉണ്ടാകണം.
10. ജില്ലയിൽ ഹയർ സെക്കണ്ടറി വിഭാഗത്തിന്റെ വിവരശേഖരണം നടത്തുന്നതിന് സാധിക്കുന്നില്ല. വിഭവങ്ങൾ, വിദ്യാർത്ഥികൾ, അദ്ധ്യാപകർ, മറ്റു സൗകര്യങ്ങൾ എത്രയുണ്ടെന്ന് കണക്കാക്കാൻ സാധിക്കുന്നില്ല. അതിനുള്ള സംവിധാനങ്ങൾ ഉണ്ടാകണം.

1. സാമൂഹ്യമേഖല:- കൗമാരക്കാരായ കുട്ടികൾക്കാവശ്യമായ അനുബന്ധപഠനങ്ങൾ ഇവിടെ നടക്കുന്നില്ല. നവമാധ്യമങ്ങളുടെ ദുരുപയോഗം, ലഹരി ഉപയോഗം, മറ്റു സാമൂഹ്യതിന്മകൾ ഈ പ്രായക്കാരെ ബാധിക്കുന്നുണ്ട്. ശക്തമായ സാമൂഹ്യ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. പ്രത്യേക ശ്രദ്ധ വയ്ക്കുന്നിണ്ടെങ്കിൽ അരാഷ്ട്രീയ വാദം വിദ്യാർത്ഥികളെ വഴി തെറ്റിച്ചേക്കാം.

2. അക്കാദമിക മേഖല:- ഈ മേഖലയിൽ ശക്തമായ ഇടപെടലുകൾ നടത്തണം. അക്കാദമിക തലത്തിൽ ഏകീകൃത പ്ലാനുകൾ ഉണ്ടാകുന്നില്ല. അദ്ധ്യാപക പരിശീലനം ക്ലസ്റ്റർ ട്രൈയിനിംഗുകൾ സമയബന്ധിതമായി നടത്തണം. മികച്ച മാതൃകകൾ പ്രോത്സാഹിപ്പിക്കണം. 220 അദ്ധ്യയന ദിനങ്ങൾ ഉറപ്പാക്കണം. അക്കാദമിക് കലണ്ടർ ഉണ്ടാക്കണം.

3. ഗണിത പഠനം-സാമൂഹ്യശാസ്ത്രപഠനം, കലാകായിക പഠനം തുടങ്ങിയവയിൽ ഉയർന്ന നിർദ്ദേശ ങ്ങൾ ഹയർ സെക്കന്ററിക്കും ബാധകമാണ്. എന്നാൽ പത്താം ക്ലാസ്സ് വരെ മാത്രമേ ഈ പ്രവർത്തനങ്ങൾ നടക്കുന്നുള്ളു. ഹയർ സെക്കണ്ടറി തലത്തിൽ ഇത് പ്രായോഗികമായി നടപ്പിലാക്കാനുള്ള നിർദ്ദേശങ്ങൾ വെക്കണം.

ഉന്നത വിദ്യാഭ്യാസം

വിദ്യാർത്ഥികൾക്ക് ഗവേഷണത്തിന് സാധ്യതകൾ ലഭിക്കാവുന്ന രീതിയിൽ പ്രവർത്തനം കോളേജ് തലത്തിൽ ഉണ്ടാകണം. അദ്ധ്യാപക ഗവേഷണത്തിനു കൂടുതൽ പ്രധാന്യം ലഭിക്കാവുന്ന

രീതിയിൽ വിവിധ കോളേജുകൾ ഒരുമിച്ച് കൊണ്ട് ഒരു ഇന്റർ ഡിസിപ്ലിനറി റിസർച്ച് സെന്റർ സാധ്യത കണ്ടെത്തണം. അക്കാദമിക് പഠനത്തോടൊപ്പം കുട്ടികളുടെ സർഗാത്മക കഴിവുകൾ വികസിപ്പിക്കാവുന്ന പ്രവർത്തനം കോളേജ് തലത്തിൽ കൂടുതൽ ഉണ്ടാകണം.

ക്യാമ്പസ് കൂടുതൽ പരിസ്ഥിതി സൗഹാർദമാക്കണം. കോളേജ് അദ്ധ്യാപകർ പരിശീലനം ലഭ്യമാക്കുന്ന തരത്തിൽ സർവകലാശാലയുടെ സെന്റർ ജില്ല കേന്ദ്രീകരിച്ചു ആവശ്യമാണ്. സർക്കാർ കോളേജുകളിൽ അധിക സയൻസ് ബിരുദ പഠനവും, ബിരുദാനന്തര പഠനവും ലഭ്യമാക്കണം. ഐ.സി.ടി. സംവിധാനങ്ങളുടെ ഉപയോഗം പഠനത്തിൽ കൂടുതൽ പ്രാവർത്തികമാക്കണം. വിദ്യാർത്ഥികൾക്ക് ഉന്നത സ്ഥാപനങ്ങളെ കുറിച്ചും അവിടുത്തെ പഠന സാധ്യതകളെ കുറിച്ചും അറിയാനായി എല്ലാ സ്ഥാപനത്തിലും ഇതിനായി പ്രത്യേക ഗൈഡൻസ് സെൽ കാര്യക്ഷമമായി പ്രവർത്തിക്കണം. ദേശീയതല മത്സര പരീക്ഷ പരിശീലനം എല്ലാ കോളേജുകളിലും സംഘടിപ്പിക്കണം. വിദ്യാർത്ഥികളിൽ ലഹരി ബോധവൽക്കരണം മറ്റു സൈബർ ക്രിമിനൽ പ്രവർത്തനം എന്നിവയെക്കുറിച്ചും കൂടുതൽ അവബോധം ആവശ്യമാണ്. ഇതിനായി ജില്ലാതല വിശകലന സംവിധാനം നിലനിൽക്കണം.

സാങ്കേതിക വിദ്യാഭ്യസം

ദേശീയ അന്തർദേശീയ സ്ഥാപനങ്ങളുമായി വിദ്യാർത്ഥി അദ്ധ്യാപക സന്ദർശന പരിപാടികൾ സംഘടിപ്പിച്ചുകൊണ്ട് കൂടുതൽ സാങ്കേതിക പഠന സാധ്യതകൾ കണ്ടെത്തണം.

ഐ.സി.ടി. സംവിധാനം കൂടുതൽ ഫലപ്രദവും പ്രാവർത്തികവുമാക്കണം.

വ്യവസായ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ടുള്ള പരിശീലനം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കണം.

ആ മേഖലയിലെ വിദഗ്ധരുടെ ക്ലാസ്സുകൾ കൂടുതൽ സാങ്കേതിക വിദ്യാഭ്യാസത്തിൽ അവതരിപ്പിക്കണം.

കോളേജ് വിദ്യാഭ്യാസവും സാങ്കേതിക വിദ്യാഭ്യാസവും പൊതു സമൂഹവും ബന്ധിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനം വിപുലമാക്കണം.

അദ്ധ്യാപക വിദ്യാഭ്യാസം

- മാറിയ സമീപനങ്ങൾക്കും കാലാനുസൃതമായ മാറ്റങ്ങൾക്കും അനുസൃതമായി പാഠ്യപദ്ധതി വിനിമയം നടത്താനനുയോജ്യമായ ഭൗതിക സൗകര്യങ്ങളൊരുക്കാൻ കഴിഞ്ഞിട്ടില്ല.
- വിഷയങ്ങൾ കൈകാര്യം ചെയ്യാൻ വേണ്ട അദ്ധ്യാപകരില്ല. ഉള്ളവർ പ്രാപ്തരല്ല.
- സ്കൂൾ മേഖലകളിൽ നടക്കുന്ന മാറ്റങ്ങളൊന്നും അധ്യാപകവിദ്യാഭ്യാസ സ്ഥാപനങ്ങളറിയുന്നില്ല.
- മാറ്റങ്ങൾക്കനുസൃതമായ പരിശീലനങ്ങളൊന്നും ടീച്ചർ എഡ്യുക്കേറ്റർമാർക്കില്ല.
- മറ്റു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലൊന്നും പ്രവേശനം ലഭിക്കാത്ത പ്രാഗത്ഭ്യമില്ലാത്തവരാണ് അധ്യപകരായി പുറത്തിറങ്ങുന്നത്.
- ഭൗതികസൗകര്യങ്ങളൊന്നുമില്ലാതെ പരിശീലനം നേടി പുറത്തിറങ്ങുന്നതിനാൽ നൂതനസാങ്കേതിക വിദ്യകളൊന്നും പഠനപ്രവർത്തനങ്ങളിൽ സന്നിവേശിപ്പിക്കാൻ ഇവർക്ക് കഴിയുന്നില്ല.
- എയ്ഡഡ്, അൺ എയ്ഡഡ്, മേഖലയിൽ ഭൗതിക അക്കാദമിക കാര്യങ്ങളിൽ ഇടപെടാൻ സംവിധാനത്തിന് കഴിയുന്നില്ല.
- ഈ മേഖലയിൽ മോണിറ്ററിംഗ് നടക്കുന്നില്ല.
- പുർവകാല അധ്യപകപരിശീലനത്തിനു വേണ്ട അനുവാദം നൽകുന്നതിനും സൗകര്യമൊരുക്കുന്നതിനും നിലവിൽ സ്കൂളുകൾ അധ്യാപക വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി വേണ്ടത്ര സഹകരിക്കുന്നില്ല.
- എൻ.സി.ടി.ഇ. നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചല്ല, നിലവിൽ ഇവ പ്രവർത്തിക്കുന്നത്.
- ഡി.എഡ്. കോഴ്സ് പ്രൈമറി തലത്തിൽ അധ്യാപകരാവാൻ ഉദ്ദേശിച്ചാണ് പ്രവർത്തിക്കുന്നതെങ്കിലും ഇതിനുവേണ്ട അധ്യാപക നൈപുണ്യങ്ങൾ പലതും നേടാതെയാണ് ഇവർ പുറത്തിറങ്ങുന്നത്.

- ബി.എഡ്. കോഴ്സ് സെക്കന്ററി തലം ഉദ്ദേശിക്കുന്നതെങ്കിലും മേൽ സൂചിപ്പിച്ച എല്ലാ പ്രശ്നങ്ങളും ഈ കോഴ്സിലും പ്രകടമാണ്.
- സെക്കന്ററി തല സേവനകാല അധ്യാപകവിദ്യാഭ്യാസത്തിൽ കാര്യക്ഷമമായി ഇടപെടേണ്ട സ്ഥാപനം എന്ന നിലയിൽ യാതൊരു പ്രവർത്തനവും കാഴ്ച വെക്കാൻ നിലവിൽ ഈ സ്ഥാപനത്തിന് കഴിയുന്നില്ല.
- മൾട്ടിമീഡിയ സൗകര്യങ്ങളുണ്ടെങ്കിലും ഇന്റർനെറ്റ് സൗകര്യം ക്ലാസ്സിൽ ലഭ്യമല്ല.
- പൂർവകാല അധ്യാപകവിദ്യാഭ്യാസത്തിനുള്ള അധ്യാപകരെ നിയമിച്ചിട്ടില്ല.
- തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ രംഗത്തെ ഇടപെടൽ ശക്തമാക്കണം.
- തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ വിദ്യാഭ്യാസം നേരിടുന്ന വെല്ലുവിളികളെ പരിഹരിക്കാൻ ഉതകുന്നതാകണം.

4.2.7 സംസ്കാരം, കായികം യുവജനകാര്യം

സംസ്കാരം, കായികം, യുവജനകാര്യ മേഖലയുടെ വികസന പരിപ്രേക്ഷ്യം

സംസ്കാരം , കായികം , യുവജനകാര്യ മേഖലകൾ സർക്കാർ ഇടപെടലിനും പദ്ധതിക്കുമു പരിയായി സമൂഹത്തിന്റെ സന്നദ്ധ പ്രവർത്തനം വഴിയാണ് വികസിക്കുന്നത്. കേരളത്തിൽ ഗ്രാമീണ വായനശാലകളും ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളും സർക്കാർ ധന സഹായ ത്തിനുപരിയായി സമൂഹത്തിൽ നിന്ന് ശേഖരിക്കുന്ന പണം ഉപയോഗിച്ചാണ് പ്രവർത്തനങ്ങൾ നടത്തുന്നത്.

കേരളത്തിന്റെ സാസ്കാരിക പാരമ്പര്യം പരിപോഷിപ്പിക്കുന്നതിനും കലാ കായിക പ്രവർത്തനങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനും വിദ്യാഭ്യാസ തൊഴിൽ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും വളരെയേറെ പരിശ്രമിക്കുന്ന വായനശാലകൾക്കും ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾക്കും അർഹമായ പരിഗണന സർക്കാരിൽ നിന്ന് ലഭിച്ചിട്ടില്ല. ജാതി മത രാഷ്ട്രീയ ഭേദമന്യേ യുവജനങ്ങളെ സംഘടിപ്പിക്കുന്ന വായനശാലകൾക്കും ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾക്കും പ്രാധാന്യം നൽകി സന്നദ്ധ പ്രവർത്തനവും സർക്കാർ പദ്ധതി കളും ഏകോപിപ്പിക്കുന്ന ഒരു വികസന പരിപ്രേക്ഷ്യമാണ് അവതരിപ്പിക്കുന്നത്.

മേഖലയുടെ നിലവിലുള്ള അവസ്ഥ

സാംസ്കാരിക മേഖല

സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന പ്രധാന ഏജൻസി ഇടുക്കി ജില്ല ലൈബ്രറി കൗൺസിലാണ്. ലൈബ്രറി കൗൺസിന് കീഴിലുള്ളതും സ്വതന്ത്രമായതുമായ ലൈബ്രറികൾ, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ ജില്ലയിലെ സാഹിത്യകാരൻമാർ, കലാകാ രൻമാർ,സാമൂഹ്യ പ്രവർത്തകർ തുടങ്ങിയവരാണ് ഇടുക്കി ജില്ലയിലെ സംസ്കാര സംരക്ഷണ ത്തിൽ പ്രധാന പങ്കു വഹിക്കുന്നത്. മൂന്ന് ഫിലിം സൊസൈറ്റികളാണ് ഇടുക്കി ജില്ലയിൽ ഇപ്പോൾ പ്രവർത്തിച്ചു വരുന്നത്. തൊടുപുഴ, കട്ടപ്പന എന്നിവിടങ്ങളിലാണ് ഫിലിം സൊസൈറ്റികൾ പ്രവർത്തിക്കുന്നത്. നല്ല സിനിമകൾ പ്രചരിപ്പിക്കുന്നതിനും ചലച്ചിത്രാസ്വാ ദന ശീലം വളർത്തിയടുക്കുന്നതിനുമുള്ള സംഘടിത ശ്രമങ്ങൾ നടക്കേണ്ടതുണ്ട്.

പുസ്തക ചർച്ച, സാംസ്കാരിക സമ്മേളനങ്ങൾ, കവിയരങ്ങുകൾ, സാഹിത്യകാരൻരെ കുറിച്ചുള്ള അനുസ്മരണം തുടങ്ങിയ പരിപാടികൾ വായനശാലകൾ കേന്ദ്രീകരിച്ചു നടത്തി വരുന്നു. വായന ശാലകളും ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളും സാംസ്കാരിക കൂട്ടായ്മ കളും, നാടകാവതരണം, നാടൻപാട്ട് അവതരണം, നാടക -നാടൻ കലാ ക്യാമ്പുകൾ എന്നി വയും നടത്തി വരുന്നു.

ആദിവാസി കലാ രൂപങ്ങളുടെ ഒരു കലവറ തന്നെയാണ് ഇടുക്കി . ഇത്തരത്തിലുള്ള കലാരൂപങ്ങൾ സംരക്ഷിക്കുന്നതിനുള്ള സംഘടിത പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. എന്നാൽ ഇപ്രകാരമുള്ള ഈ കലകൾ കണ്ടെത്തി പരിശീലിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്ന തിനുമുള്ള ശ്രമം നടന്നിട്ടില്ല. നാടക പരിശീലനവും അവതരണവും ക്ലബ്ബുകളും വായനശാല കളും കലാകാരൻമാരും നടത്തുന്നുണ്ടെങ്കിലും ഒരു കാലത്ത് പ്രശസ്തമായ നാട്ടു ഗദ്ദിക

പോലെയുള്ള നാടകങ്ങൾ ഉടലെടുത്ത ഇടുക്കിയുടെ ഇന്നത്തെ അവസ്ഥ പരിതാപകരമാണ്.

വായനശാലകൾക്കു പുറമെ എണ്ണത്തിൽ കുറവാണെങ്കിലും ചില വായനാകൂട്ടങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മണക്കാട് വായനാസഖ്യം ഉദാഹരണമാണ്.

കഥകളി, കൂടിയാട്ടം, ഓട്ടൻ തുള്ളൽ, ശാസ്ത്രീയ സംഗീതം തുടങ്ങിയ ക്ലാസിക്കൽ കലകൾ പ്രചരിപ്പിക്കുന്നതിനുള്ള ശ്രമങ്ങളും കാര്യമായിട്ടില്ല. വിദ്യാർത്ഥികൾക്കിടയിൽ സ്പിക്ക് മാക്കെ നടത്തുന്ന ചില ശ്രമങ്ങളും സകൂൾ -കോളേജ് യുവജനോൽസവങ്ങളുമാണ് ഈ രംഗത്തുള്ള പ്രവർത്തനങ്ങൾ.

വായനശാലകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിപ്പിക്കുന്നതിനും ഇ-വായന, ഇന്റർനെറ്റിന്റെ ഉപയോഗം, ഓൺ ലൈൻ മൽസര പരീക്ഷ, പരിശീലനം എന്നിവ പ്രോൽസാഹിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതുണ്ട്.

യുവജന ക്ഷേമ മേഖല

രണ്ടു തലങ്ങളിലായാണ് യുവജന ക്ഷേമ പദ്ധതികൾ ജില്ലയിൽ നടപ്പിലാക്കുന്നത്.

- കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് ,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ലേബർ വകുപ്പ്, തൊഴിൽ വകുപ്പ് എന്നിവ നേരിട്ട് നടത്തുന്ന പദ്ധതികൾ
- ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ നേരിട്ടും കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, നെഹ്റു യുവ കേന്ദ്ര എന്നിവയുടെ സഹായത്തോടെയും നടപ്പിലാക്കുന്ന പദ്ധതികൾ

യുവജന ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾക്ക് വലിയ പങ്കാണുള്ളത്.സർക്കാരിന്റെ ധന സഹായം കൂടാതെ തന്നെ സമൂഹത്തിൽ നിന്ന് ശേഖരിക്കുന്ന ധനമുപയോഗിച്ച് പ്രവർത്തിക്കുന്ന സംഘടനകളാണിവ.കേരളത്തിന്റെ സംസ്കാരം സംരക്ഷിക്കുന്നതിനും കലാ- കായിക പ്രതിഭകളെ വാർത്തെടുക്കുന്നതിലും മതേതരത്വം, ജനാധിപത്യം തുടങ്ങിയ കാര്യങ്ങൾ സംരക്ഷിക്കുന്നതിലും ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളുടെ പങ്ക് വളരെ വലുതാണ്.

ഇടുക്കി ജില്ലയിലെ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളുടെ എണ്ണം

ബ്ലോക്ക്	പഞ്ചായത്ത്	ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളുടെ എണ്ണം
തൊടുപുഴ	കുമാരമംഗലം	19
	മുട്ടം	18
	ഇടവെട്ടി	19
	കരിംകുന്നം	13
	മണക്കാട്	17
	പുറപ്പുഴ	18
	ആകെ	85

ഇടുക്കി	വണ്ണപ്പുറം	20
	ഉടുമ്പന്നൂർ	11
	കോടിക്കുളം	12
	ആലക്കോട്	18
	വെള്ളിയാമറ്റം	18
	കരിമണ്ണൂർ	17
	കുടയത്തൂർ	19
ദേവികുളം	ആകെ	97
	ദേവികുളം	28
	മൂന്നാർ	30
	കാന്തല്ലൂർ	27
	മറയൂർ	26
	അടിമാലി	27
	മരിയാപുരം	8
	ആകെ	146
ഉടുന്നൻചോല	കട്ടപ്പന	18
	ഉപ്പുതറ	7
	വണ്ടൻമേട്	11
	കാഞ്ചിയാർ	10
	ഇരട്ടയാർ	9
	അയ്യപ്പൻകോവിൽ	9
	ചക്കുപള്ളം	10
	ആകെ	74

മുനിസിപ്പാലിറ്റി.

തൊടുപുഴ മുനിസിപ്പാലിറ്റി	22
കട്ടപ്പന മുനിസിപ്പാലിറ്റി	18
ആകെ	40

യുവജന ക്ഷേമം -നിലവിലുള്ള പദ്ധതികൾ

	പദ്ധതികൾ	നടപ്പിലാക്കുന്ന ഏജൻസികൾ
1	കലാ കായിക മൽസരങ്ങൾ (കേരളോൽസവം)	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ
2	നീന്തൽ പരിശീലനം	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്
3	പി എസ് സി പരീക്ഷാ പരിശീലനം	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ, വായനശാലകൾ
4	യുവ ക്ലബ്ബ് രൂപീകരണം, പട്ടിക ജാതി, പട്ടിക വർഗ്ഗത്തിൽപ്പെട്ട വർക്കുള്ള ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ, വായനശാലകൾ

5	സിവിൽ സർവ്വീസ് പരീക്ഷ പരിശീലനം	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്,
6	യുവതീ ക്യാമ്പുകൾ	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ, വായനശാലകൾ
7	സംരംഭകത്വ വികസന പരിശീലനം	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ, വായനശാലകൾ, വ്യവസായ വകുപ്പ്
8	സ്വയം തൊഴിൽ വായ്പ	തൊഴിൽ വകുപ്പ്
9	സ്വയം തൊഴിൽ പരിശീലനം	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ, വായനശാലകൾ, തൊഴിൽ വകുപ്പ്, നെഹ്റു യുവ കേന്ദ്ര
10	മദ്യം മയക്കു മരുന്ന് ബോധവൽക്കരണ പ്രവർത്തനം	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, എക്സൈസ് വകുപ്പ്
11	യുവജനങ്ങളുടെ സന്നദ്ധ പ്രവർത്തനങ്ങൾ	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ, വായനശാലകൾ, കോളേജ് യൂണിയനുകൾ
മ)	ജൈവ കൃഷി	കൃഷി വകുപ്പ് , കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ, വായനശാലകൾ,
യ)	പാലിയേറ്റീവ് കെയർ	മെഡിക്കൽ വകുപ്പ്, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ
ര)	കുളം , നദി, തോട് സംരംക്ഷണം	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ, വായനശാലകൾ,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മണ്ണ് സംരക്ഷണ വകുപ്പ്
റ)	വർക്ക് ക്യാമ്പ്	നെഹ്റു യുവകേന്ദ്ര
12	ഫുട് ബോൾ , വോളി ബോൾ, കബഡി, വടംവലി ടൂർണ്ണമെന്റുകൾ	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ, വായനശാലകൾ, നെഹ്റു യുവ കേന്ദ്ര
13	വ്യക്തിത്വ വികസന ക്യാമ്പ്	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, നെഹ്റു യുവകേന്ദ്ര
14	അഡ്വഞ്ചർ സ്പോർട്സ്	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്
15	സ്പോർട്സ് കിറ്റ് നൽകൽ	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് , നെഹ്റു യുവകേന്ദ്ര, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ
16	ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളെ പ്രോത്സാഹിപ്പിക്കൽ	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് , നെഹ്റു യുവകേന്ദ്ര , ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി

<u>സ്പോർട്സ് മേഖല</u>

സ്പോർട്സ് കൗൺസിലിനാണ് ജില്ലയിലെ സ്പോർട്സിന്റെ ചുമതലയുള്ളത്. ഓരോ ഗെയിമുകൾക്കും ജില്ലാ തല സ്പോർട്സ് അസോസിയേഷനുകൾ വഴി പരിശീലനം നൽകുന്നു. ഇതു കൂടാതെ സ്കൂൾ കായികാദ്ധ്യാപകർ സ്കൂൾ തല മൽസരങ്ങൾക്കും കോളേജ് കായികാദ്ധ്യാപകർ യൂണിവേഴ്സിറ്റി മൽസരങ്ങൾക്കും വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നു. ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളാണ് യുവജനങ്ങളെ അത്‌ലറ്റിക്സിലേക്കും

ഗെയിമുകളിലേക്കും ആകർഷിക്കുന്നതിൽ മുൻ പന്തിയിൽ നിൽക്കുന്നത്. ജീവിത ശൈലീ രോഗങ്ങൾ തടയാനും യുവ പ്രതിഭകളെ കണ്ടെത്താനും ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ വഹിക്കുന്ന പങ്ക് പ്രധാനമാണ്.ക്ലബ്ബുകൾ നടത്തുന്ന ടൂർണ്ണമെന്റുകൾ വോളി ബോൾ , ക്രിക്കറ്റ്, ഫുട്ബോൾ, കബഡി തുടങ്ങിയ ഗെയിമുകൾ പ്രചരിപ്പിക്കുന്നതിന് വലിയ പങ്ക് വഹിച്ചിട്ടുണ്ട് . ക്ലബ്ബുകൾ തമ്മിലുള്ള മൽസരങ്ങൾക്ക് കേരളോൽസവങ്ങൾ അരങ്ങൊരുക്കുന്നുവെങ്കിലും യുവ പ്രതിഭകളെ ഈ മൽസരങ്ങളിലൂടെ കണ്ടത്തി പരിശീലനം നൽകാനുള്ള നടപടികൾ സ്വീക രിക്കേണ്ടതുണ്ട്.

അഡ്വഞ്ചർ സ്പോർട്സ് ജില്ലയിൽ പ്രചാരത്തിലില്ല എന്നു തന്നെ പറയാം. ടൂറിസ ത്തിന്റെ ഭാഗമായി ഇപ്പോൾ അഡ്വഞ്ചർ സ്പോർട്സിനു പ്രാമുഖ്യം കിട്ടി വരുന്നുണ്ടെങ്കിലും മതിയായ യോഗ്യതയില്ലാത്തവരാണ് അഡ്വഞ്ചർ സ്പോർട്സ് ഇൻസ്ട്രക്ടർമാരായി പ്രവർത്തി ക്കുന്നത്. ഇത് സുരക്ഷാ പ്രശ്നങ്ങൾക്ക് കാരണമാകുകയും അഡ്വഞ്ചർ സ്പോർട്സിനെക്കുറിച്ച് തെറ്റിദ്ധാരണകൾ സൃഷ്ടിക്കുകയും ചെയ്യുന്നു. അഡ്വഞ്ചർ സ്പോർട്സ് നടത്തുവാൻ മതിയായ യോഗ്യതയുള്ളവരെ പരിശീലിപ്പിക്കാനുള്ള സംവിധാന ത്തിന്റെ കുറവും സർക്കാർ അംഗീകാരത്തോടെയുള്ള സ്ഥാപനങ്ങളുടെ അഭാവവുമാണ് ഈ രംഗത്തെ പ്രശ്നം. മറ്റ് ജില്ലകളെ അപേക്ഷിച്ച് ഇടുക്കിയിൽ ഗ്രൗണ്ടുകളുടെ എണ്ണം വളരെ കുറവാണ്.

<u>ഗ്രൗണ്ടുകളുടെയും നീന്തൽ കുളങ്ങളുടെയും എണ്ണം</u>

ക്രമ. നമ്പർ		എണ്ണം
1.	400 മീറ്റർ ട്രാക്ക്	1
2.	200 മീറ്റർ ട്രാക്ക്	18
3.	നീന്തൽ കുളം	1
4.	നീന്തൽ കുളമാക്കാൻ പറ്റുന്ന കുളങ്ങൾ	5

ഇതു കൂടാതെ സ്കൂൾ കോളേജ് ഗ്രൗണ്ടുകളുമുണ്ട്. ഈ ഗ്രൗണ്ടുകൾ ഉത്തരവാദിത്വത്തോടെ പൊതു ജനങ്ങൾക്കും ഉപയോഗിക്കാൻ അവസരം ലഭിക്കേണ്ടതുണ്ട്. അതുപോലെ ഗ്രൗണ്ടുക ളുടെയും നീന്തൽ കുളങ്ങളുടെയും വികസനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മതിയായ ഫണ്ട് ലഭിക്കേണ്ടതുണ്ട്.

കേരളത്തിന്റെ തനതു കായിക ഇനമായ കളരിപയറ്റിന് വേണ്ടത്ര പ്രചാരം ലഭിച്ചിട്ടില്ല.സ്കൂൾ കോളേജ് വിദ്യാർത്ഥികളെയും കളരിപയറ്റ് പരിശീലിപ്പിക്കേണ്ടത് ആരോഗ്യ സംരംക്ഷണ ത്തിന് ആവശ്യമാണ്.

സ്പോർട്സ് മേഖല

ജില്ലാ സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 5 സ്പോർട്സ് ഹോസ്റ്റലുകളിലായി 7 കായിക ഇനങ്ങളിൽ പരിശീലനം നൽകുന്നു. മൂന്നാർ ഹൈ ആൾറ്റിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ ഫുട്ബോൾ ഹോസറ്റൽ (ആൺകുട്ടികൾ), നെടുംകണ്ടം സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലിൽ അത്‌ലറ്റിക്സ്, ആർച്ചറി, ജൂഡോ (ആൺകുട്ടികളും പെൺകുട്ടികളും), ഇടുക്കി വോളീബോൾ അക്കാഡമി (ആൺകുട്ടികൾ), കാൽവരി മൗണ്ട് അത്‌ലറ്റിക്സ് സ്പോർട്സ് ഹോസ്റ്റൽ (പെൺകുട്ടികൾ), എസ്.എൻ.വി.എച്ച്.എസ്.എസ്.എൻ.ആർ. സിറ്റി സ്കൂൾ സ്പോർട്സ് ഹോസ്റ്റലിൽ (അത്‌ലറ്റിക്സ് (ആൺകുട്ടികൾ) ബോക്സിംഗ് (ആൺകുട്ടികൾ) ഫെൻസിംഗ് (ആൺ, പെൺ) തുടങ്ങിയ കായിക ഇനങ്ങളിൽ വിദഗ്ദരായ പരിശീലകർ പരിശീലനം നൽകുന്നു. കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നുമായി സെലക്ഷൻ ട്രയൽസ് നടത്തി കുട്ടികളെ തിരഞ്ഞെടുത്ത് കായിക പരിശീലനം നടത്തുന്നു.

ഡേ ബോർഡിംഗ് സംവിധാനത്തിൽ എസ്.എൻ.വി.എച്ച്.എസ്.എസ്.എൻ.ആർ. സിറ്റി സ്കൂൾ, എസ്.എൻ.എം.വി.എച്ച്.എസ്. വണ്ണപ്പുറം സ്കൂൾ, മുട്ടം ഗവ.ഹയർ സെക്കണ്ടറി സ്കൂൾ എന്നിവിടങ്ങളിൽ 20 ആൺകുട്ടികളും, 20 പെൺകുട്ടികളും അത്‌ലറ്റിക്സിൽ പരിശീലനം നേടുന്നു.

ഏപ്രിൽ, മെയ് മാസങ്ങളിൽ ജില്ലാ സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി അത്‌ലറ്റിക്സ് ഉൾപ്പെടെ ജില്ലയിൽ 5 കായികയിനങ്ങളിൽ കുട്ടികളെ തിരഞ്ഞെടുത്തുകൊണ്ട് ലഘുഭക്ഷണത്തോടുകൂടി വിദഗ്ദ്ധരായ പരിശീലകരുടെ നേതൃത്വത്തിൽ സമ്മർകോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നതാണ്.

കേരളാ സ്പോർട്സ് കൗൺസിൽ സംസ്ഥാനത്തൊട്ടാകെ 16 വയസ്സിൽ താഴെയുള്ള കുട്ടികൾക്കായി സംഘടിപ്പിക്കുന്ന മേഖലാ ഇന്ത്യപോലുള്ള മത്സരങ്ങൾ വലിയ പ്രചരണം നൽകിക്കൊണ്ട് ജില്ലയിൽ നടത്തിവരുന്നതാണ്.

പ്രസ്തുത സ്പോർട്സ് കൗൺസിൽ സംസ്ഥാനത്തൊട്ടാകെ 16 വയസ്സിൽ താഴെയുള്ള കുട്ടികൾക്കായി സംഘടിപ്പിക്കുന്ന മേഖലാ ഇന്ത്യപോലുള്ള മത്സരങ്ങൾ വലിയ പ്രചരണം നൽകിക്കൊണ്ട് ജില്ലയിൽ നടത്തിവരുന്നതാണ്.

പ്രസ്തുത മത്സരങ്ങളിൽ നിന്നും നിരവധി കായികതാരങ്ങൾ സംസ്ഥാന/ദേശീയ തല മത്സരങ്ങളിൽ നിന്നും ജില്ലയിൽ നിന്നും പങ്കെടുക്കുന്നതാണ്. ജില്ലാ സ്പോർട്സ് കൗൺസിലിനു കീഴിലുള്ള സ്പോർട്സ് അസ്സോസിയേഷൻ വിവിധ കാറ്റഗറികളിലായി നിരവധി ചാമ്പ്യൻഷിപ്പുകളും സംഘടിപ്പിക്കുന്നുണ്ട്.

ഡയറക്ട്രേറ്റ് ഓഫ് സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സിൽ നിന്നുള്ള നിർദ്ദേശപ്രകാരം എല്ലാ വർഷവും സർക്കാർ ജീവനക്കാർക്കായി ജില്ലാതല സിവിൽ സർവ്വീസ് കായികമേള വിവിധയിടങ്ങളിലായി സംഘടിപ്പിക്കുന്നു. കൂടാതെ സംസ്ഥാന സ്പോർട്സ്

കൗൺസിലിന്റെ നിർദ്ദേശാനുസരണം ലോക തൊഴിലാളി ദിനമായ മെയ് 1 ന് എല്ലാ വർഷവും ലേബർ ഡിപ്പാർട്ടുമെന്റിന്റേയും, വിവിധ ട്രേഡ് യൂണിയനുകളുടെയും സഹകരണത്തോടെ തൊഴിലാളികൾക്കായി ജില്ലയിൽ അതിവിപുലമായി മെയ്ദിന കായികമേള സംഘടിപ്പിക്കുന്നുണ്ട്. ഇത് തൊഴിലാളികൾക്കിടയിൽ പരസ്പര സ്നേഹവും, സൗഹൃദവും വളർത്തുന്നതിനും മാനസിക സന്തോഷം ഉണ്ടാകുന്നതിനും വഴിയൊരുക്കുന്നു.

ജില്ലയിലെ ഗ്രൗണ്ടുകളുടെയും നീന്തൽ കുളങ്ങളുടെയും എണ്ണം

ക്രമ നമ്പർ	ഗ്രൗണ്ടുകളും കുളങ്ങളും	എണ്ണം
1	400 മീറ്റർ ട്രാക്ക്	3
2	200 മീറ്റർ ട്രാക്ക്	19
3	നീന്തൽ കുളം	1
4	നീന്തൽ കുളമാക്കാൻ പറ്റുന്ന കുളങ്ങൾ	2
5	ഇൻഡോർ സ്റ്റേഡിയങ്ങൾ	7

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ജില്ലയിൽ ഒളിമ്പിക്സ് പ്രാധാന്യമുള്ള കായിക ഇനങ്ങൾക്ക് കൂടുതൽ സ്പോർട്സ് ഹോസ്റ്റലുകൾ ജില്ലയിൽ ആരംഭിക്കുക.
2. എല്ലാ സ്കൂളുകളിലും കായികാ അധ്യാപകരെ നിയമിച്ച് ചിട്ടയായ പരിശീലനം നല്കുക.
3. എല്ലാ ഗവൺമെൻറ് സ്കൂളുകളിലും കുട്ടികൾക്ക് ലഘുഭക്ഷണം നല്കിക്കൊണ്ട് ഡേ ബോർഡിംഗ് സെന്ററുകൾ ആരംഭിക്കുക.
4. സ്ത്രീ സുരക്ഷാ പദ്ധതിയുടെ ഭാഗമായി പെൺകുട്ടികൾക്ക് തായ്കോണ്ടോ, ജൂഡോ, കരാട്ടേ എന്നീ ഇനങ്ങളിൽ പരിശീലനം നടത്തുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. ജില്ലയിലെ ഗോത്ര വർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസവും കായിക പരിശീലനവും നല്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
2. ഗ്രാമ തലത്തിൽ കായിക പരിശീലനം ശക്തിപ്പെടുത്തുക.
3. ഒരു പഞ്ചായത്തിൽ ഒരു നീന്തൽ കുളവും ഗ്രൗണ്ടും നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
4. പഞ്ചായത്ത് സ്പോർട്സ് കൗൺസിലുകൾ പുന: സംഘടിപ്പിക്കുക.
5. ജില്ലാ മത്സരങ്ങളിൽ വിജയിക്കുന്നവർക്ക് (സ്കൂൾതലത്തിലും കോളേജ് തലത്തിലും), സംസ്ഥാന മത്സരത്തിന് മുന്നോടിയായി ക്യാമ്പുകൾ നടത്തുന്നതിനുള്ള ധനസഹായം ലഭ്യമാക്കുക.

3. പശ്ചാത്തല മേഖല

4.3.1. ഊർജ്ജം

ഒരു രാജ്യത്തിന്റെ വികസനം എന്നത് മുഖ്യമായും അവിടെ ഉൽപാദിപ്പിക്കുന്ന ഊർജ്ജത്തെ ആശ്രയിച്ചിരിക്കുന്നു .

കേരളത്തിലെ പ്രതിശീർഷ ഊർജ്ജ ഉപഭോഗം			565 യൂണിറ്റ്
ഇന്ത്യയിലെ പ്രതിശീർഷ ഉർജ്ജ ഉപഭോഗം			300 യൂണിറ്റ്
നിലവിലെ ഉർജ്ജ ഉൽപ്പാദനത്തിന്റെ തോത്.			
ഇന്ത്യ	കേരളം	ഇടുക്കി	
3.3 ലക്ഷം മെഗാവാട്ട്	3000 മെഗാവാട്ട്	1200 മെഗാവാട്ട്	
കേരളത്തിലെ പരമാവധി വൈദ്യുതി ആവശ്യകത			4000 മെഗാവാട്ട്

അവസ്ഥ

സംസ്ഥാനത്തിന്റെ വൈദ്യുതി പത്തായം എന്നാണ് ഇടുക്കി ജില്ല അറിയപ്പെടുന്നത്. കേരളത്തിലെ ആകെ വൈദ്യുതോല്പാദനത്തിന്റെ 40% ഇടുക്കിയുടെ സംഭാവനയാണ്. ജലവൈദ്യുത പദ്ധതികളാകയാൽ താരതമ്യേന ഉദ്പാദന ചെലവും കുറവാണ്. നിലവിലുള്ള 12 പദ്ധതികൾക്കു പുറമെ നിർമ്മാണത്തിലിരിക്കുന്ന 4 എണ്ണം കൂടി ഉൾപ്പെടുന്നു. എന്നാൽ പാരമ്പര്യേതര ഊർജ്ജോത്പാദനത്തിൽ, ജില്ലയുടെ സാദ്ധ്യതകൾ കൂടി പരിഗണിക്കുമ്പോൾ നാം ഇപ്പോഴും വളരെയേറെയാണ് പിന്നിലാണെന്ന് അംഗീകരിക്കേണ്ടി വരും.

ജില്ലയിൽ ഇപ്പോൾ കെ.എസ്.ഇ.ബി ലിമിറ്റഡിന്റേയും സ്വകാര്യ കമ്പനികളുടെയും ഉൽപ്പാദന നിലയങ്ങളും കെ.എസ്. ഇ.ബി ലിമിറ്റഡിന്റെ പ്രസരണ നിലയങ്ങളും ഉണ്ട്.

<u>ജില്ലയിലെ വൈദ്യുതി വിതരണം</u>

ഇടുക്കി ജില്ലയിൽ തൊടുപുഴ ഇലക്ട്രിക്കൽ സർക്കിളിന്റെ കീഴിൽ 4 ഇലക്ട്രിക്കൽ ഡിവിഷനുകൾ പ്രവർത്തിക്കുന്നു. തൊടുപുഴ, പീരുമേട്, അടിമാലി, കട്ടപ്പന ഡിവിഷനു കീഴിൽ ആകെ 29 ഇലക്ട്രിക്കൽ സെക്ഷനുകൾ ഉണ്ട്. നഗരപ്രദേശങ്ങളിൽ നല്ല രീതിയിൽ വോൾട്ടേജും ഇടതടവില്ലാതെ വൈദ്യുതി വിതരണവും അറ്റകുറ്റപ്പണികളും സാദ്ധ്യമാകുന്നുണ്ട്.

എന്നാൽ ജില്ലയിലെ ഭൂരിഭാഗം വരുന്ന മലമ്പ്രദേശങ്ങളിലും ഏലക്കാടുകളിലും റബ്ബർ എസ്റ്റേറ്റുകളിലും പ്രകൃതി ദുരന്തങ്ങളും മരം വീഴ്ചകളും

കാരണം ഇടതടവില്ലാതെ വൈദ്യുതി നല്കാൻ കഴിയുന്നില്ല. കൂടാതെ മറയൂർ, വണ്ടൻമേട്, കുമളി എന്നിവിടങ്ങളിൽ വൈദ്യുതിപ്രസരണ ശേഷിയിലെ കുറവു മൂലം വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ജില്ലയിൽ വരും വർഷങ്ങളിൽ തൊടുപുഴ, കട്ടപ്പന, അടിമാലി, കുമളി, മുട്ടം, വാഗമൺ, ചിത്തിരപുരം, പള്ളിവാസൽ എന്നീ ഭാഗങ്ങളിൽ ഊർജ്ജ ഉപയോഗത്തിൽ കാര്യമായ വർദ്ധനവു പ്രതീക്ഷിയ്ക്കുന്നു. ഉപഭോഗ പഠനങ്ങൾ കാണിയ്ക്കുന്നത് ജില്ലയിൽ ഏറ്റവും അധികം വൈദ്യുതി ഉപയോഗിയ്ക്കുന്നത് ഗാർഹികാവശ്യങ്ങൾക്കാണ് എന്നാണ്.

ഇടുക്കി ജില്ലയിലെ വിതരണ ശൃംഗല

ഹൈ ടെൻഷൻ ലൈനുകൾ	-	3297 കി മീ
ലോ ടെൻഷൻ ലൈനുകൾ	-	14427 കി മീ
ട്രാൻസ്ഫോമറുകൾ	-	2769
ട്രാൻസ്ഫോമർ കപ്പാസിറ്റി	-	297 MVA
ഹൈ ടെൻഷൻ - ലോ ടെൻഷൻ അനുപാതം	-	1 : 4.38
ഹൈ ടെൻഷൻ ഉപഭോക്താക്കൾ	-	151
ലോ ടെൻഷൻ ഉപഭോക്താക്കൾ		
സിംഗിൾ ഫേസ് ഉപഭോക്താക്കൾ	-	395397
ത്രീ ഫേസ് ഉപഭോക്താക്കൾ	-	16371





വാർഷിക ഊർജ്ജ ഉപഭോഗം (ബിൽ ചെയ്തത്)

ക്രമ നം	വിഭാഗം	ഉപയോഗം മില്യൻ യൂണിറ്റിൽ
1	ഗാർഹികം	212
2	വാണിജ്യം	103
3	വ്യാവസായികം	66
4	കാർഷികം & ജലസേചനം	3
5	തെരുവു വിളക്കുകൾ	5
6	ആകെ ലഭ്യമായ ഊർജ്ജം	437
7	ജില്ലയിലെ ഏറ്റവും ഉയർന്ന ആവശ്യം	79 MVA

2022 ഓടു കൂടി ജില്ലയിലെ ഊർജ്ജത്തിന്റെ ഉപയോഗം 534 മില്യൻ യൂണിറ്റും ഏറ്റവും ഉയർന്ന ഉപയോഗം 97 MVA യും ആയിരിക്കും എന്നു കണക്കാക്കുന്നു.

പദ്ധതികളുടെ സ്ഥിതി വിവര കണക്കുകളുടെ അവലോകനം

ജല വൈദ്യുത പദ്ധതികൾ

ക്രമ നം	പദ്ധതി	മെഗാവാട്ട്
1.	ഇടുക്കി (മൂലമറ്റം)	780
2.	ലോവർ പെരിയാർ	180
3.	മലങ്കര	10.5
4.	മാട്ടുപ്പെട്ടി	2.5
5.	നേര്യമംഗലം	52.5

6.	നേര്യമംഗലം എക്സ്റ്റൻഷൻ	25
7	പള്ളിവാസൽ	37.5
8	പന്നിയാർ	30
9	ചെങ്കുളം	48
10	വെള്ളത്തൂവൽ	3
11	കുത്തുങ്കൽ (പ്രൈവറ്റ്)	21
12	ഇരുട്ടുകാനം (പ്രൈവറ്റ്)	4.5
ആകെ		1194.5

നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ

പദ്ധതി	മെഗാവാട്ട്
തൊട്ടിയാർ	40
അപ്പർ കല്ലാർ	2
പള്ളിവാസൽ എക്സ്റ്റൻഷൻ	60
ചിന്നാർ	20
ആകെ	122
ചെങ്കുളം ഓഗ്മെന്റേഷൻ	85 ദശലക്ഷം യൂണിറ്റ്

പൈപ്പ് ലൈൻ പദ്ധതികൾ

പദ്ധതി	മെഗാവാട്ട്
അപ്പർ ചെങ്കുളം ഒന്നാം ഘട്ടം	24
അപ്പർ ചെങ്കുളം രണ്ടാം ഘട്ടം	24
പാമ്പാർ രണ്ടാം ഘട്ടം	40
മാങ്കുളം	40 MU
ചിന്നാർ	24
വെസ്റ്റേൻ കല്ലാർ	5
ഗ്രഹാംസ് ലാന്റ് (മാട്ടുപ്പെട്ടി ഡാം ടോപ്പ്)	4
ചെങ്കുളം ടെയിൽ വെയിൻ പ്രൊജക്ട്	3.6
അപ്പർ കല്ലാർ പ്രൊജക്ട്	2

ഇടുക്കി ജില്ലയിലെ ജല വൈദ്യുത ശേഷിയുടെ മുഴുവനായ ഉപയോഗം പ്രാപ്തമാക്കുവാൻ ഇതുവരെ സാധിച്ചിട്ടില്ല. കീഴാർകുത്ത്, തൊമ്മൻകുത്ത്, തോണിയാർ എന്നിവയുടെ ഗവേഷണവും പദ്ധതി റിപ്പോർട്ട് തയ്യാറാക്കലും നടന്ന് വരുന്നു. ഒറ്റപ്പെട്ട പദ്ധതികൾ ഇനിയും കണ്ടെത്താനാവും.

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നും 158 MW ഊർജ്ജം ഉല്പ്പാദിപ്പിയ്ക്കുന്നു. ഇതിൽ 0.330 മാത്രമാണ് റൂഫ് ടോപ്പ് സോളാറിൽ നിന്നും ലഭിക്കുന്നത്.ജില്ലയിലെ അനർട്ടിന്റെ പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്. പാരമ്പര്യേതര ഊർജ്ജത്തെ പ്രോത്സാഹിപ്പിക്കുന്ന പല പദ്ധതികളും അനർട്ട് നടപ്പാക്കി വരുന്നുണ്ട്. സൗരോർജ്ജവും മറ്റു പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളും ഉപയോഗപ്പെടുത്തി കൊണ്ട് ചില സാമൂഹ്യ കൂട്ടായ്മകളും വൈദ്യുതി ഉദ്പാദനം നടത്തുന്നുണ്ട്.

സൗരോർജ്ജം



മലങ്കര ഡാമിലും ചെങ്കുളം ഡാമിലും ഫ്ളോട്ടിങ്ങ് സൗരോർജ നിലയത്തിനുള്ള സാധ്യതയുണ്ട്.



പവന ഊർജ്ജം: കാറ്റാടി യന്ത്രം

ജില്ലയിലെ ഒരു പ്രധാന വിനോദ സഞ്ചാര കേന്ദ്രം കൂടിയായ രാമക്കൽമേട്ടിൽ 14.5 മെഗാവാട്ട് (19 എണ്ണം) ഉത്പാദനം ലക്ഷ്യമിടുന്നു. രാമക്കൽമേട്ടിൽ വൈദ്യുതി ഉദ്പാദനത്തിന് ഇനിയും സാധ്യതയേറെയാണ്.

കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള സാധ്യത രാമക്കൽമേടിൽ മാത്രമായി ഒതുങ്ങുന്നില്ല പീരുമേട് പഞ്ചായത്തിലെ പരുന്തുംപാറ ഉൾപ്പെടെയുള്ള കേന്ദ്രങ്ങൾ ഇക്കാര്യത്തിൽ സൂക്ഷ്മമായ പഠനത്തിന് വിധേയമാക്കി കൊണ്ട് പ്രവർത്തനങ്ങൾ ഏറ്റെടുക്കപ്പെടേണ്ടതുണ്ട്. അനർട്ടിനും ഇക്കാര്യങ്ങളിൽ പ്രധാന പങ്കുവഹിക്കാൻ കഴിയും.

ജൈവ മാലിന്യഊർജ്ജം

ജൈവമാലിന്യങ്ങളിൽ നിന്നുമുള്ള ഊർജ്ജം മാലിന്യ സംസ്ക്കരണത്തിനുള്ള ഒരു നല്ല ഉപാധിയും പരിതസ്ഥിതി സംരക്ഷണത്തിന് നല്ല മാർഗ്ഗവുമാകുന്നു.

പ്രസരണം

ക്രമ നം	പ്രസരണ ലൈനുകൾ	കിലോ മീറ്റർ
1	220 കെ.വി	224
2	110 കെ.വി	294.58
3	66 കെ.വി	558
4	33 കെ.വി	79

പ്രസരണ നിലയങ്ങൾ

ക്രമ നം.	പ്രസരണ നിലയം	ശേഷി
1	മൂലമറ്റം സ്വിച്ച് യാഡ്	220 കെ.വി
2	ലോവർ പെരിയാർ	220 കെ.വി
3	ഉടുമ്പന്നൂർ	110 കെ.വി
4	അടിമാലി	110 കെ.വി
5	തൊടുപുഴ	66 കെ.വി
6	കുളമാവ്	66 കെ.വി
7	വാഴത്തോപ്പ്	66 കെ.വി
8	കട്ടപ്പന	66 കെ.വി
9	നെടുംകണ്ടം	66 കെ.വി
10	പീരുമേട്	66 കെ.വി
11	വണ്ടിപ്പെരിയാർ	66 കെ.വി
12	വണ്ണപ്പുറം	33 കെ.വി
13	സേനാപതി	33 കെ.വി
14	വാഗമൺ	33 കെ.വി
15	ഉപ്പുതറ	33 കെ.വി

വിവിധ പ്രസരണ നിലയങ്ങളിൽ നിന്നുമായി 82 പതിനൊന്നു കെ വി ലൈനുകളുണ്ട്. ഇതിൽ 10 എണ്ണം ആകെ ശേഷിയുടെ 80 ശതമാനത്തിൽ കൂടുതൽ വൈദ്യുതി വഹിക്കുന്നവയാണ്. 27 എണ്ണം ആകെ ശേഷിയുടെ 30 ശതമാനത്തിൽ കുറവ് വൈദ്യുതി വഹിക്കുന്നവയാണ്.

സമ്പൂർണ്ണ വൈദ്യുതീകരണം.

സംസ്ഥാന സർക്കാരിന്റെ 2016-17 - ലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം ഇടുക്കി ജില്ലയിൽ എല്ലാ വീടുകളും വൈദ്യുതീകരിക്കപ്പെട്ടു. ജില്ലയിലെ 52-ാമത്തെ ഗ്രാമപഞ്ചായത്തായ ഇടമലക്കുടിയിലും വൈദ്യുതി എത്തിച്ചു. സമ്പൂർണ വൈദ്യുതീകരണത്തിന്റെ ഭാഗമായി ഇടുക്കി ജില്ലയിൽ 89923 വീടുകൾ വൈദ്യുതീകരിച്ചു. പകുതി വീടുകളും വയറിംഗ് ജോലികൾ നടത്താത്തവയായിരുന്നു. തദ്ദേശ സ്വയം ഭരണ വകുപ്പുകളുടെയും കെ എസ് ഇ ബി യുടെയും ഫണ്ടുകൾ, എം എൽ എ ഫണ്ട് എന്നിവയുടെ സഹായത്തോടെയും സന്നദ്ധ സംഘടനകൾ, ഡി ഡി യു ജി ജെ വൈ എന്നിവയുടെ സഹകരണത്തോടെയുമാണ് ഈ ജോലികൾ പൂർത്തീകരിച്ചത്. ഇതിനായി ആകെ 22,52,52,037 രൂപ ചെലവായി.

പുന:സംഘടിപ്പിച്ച ത്വരിത ഊർജ്ജ വികസന നവീകരണ പദ്ധതി.

ഈ പദ്ധതിയുടെ പ്രായോജകർ ഭാരത സർക്കാരും പദ്ധതിക്കാവശ്യമായ ഫണ്ട് വിതരണം ചെയ്യുന്നത് പവർ ഫിനാൻസ് കോർപ്പറേഷനുമാണ്. തൊടുപുഴ നഗരസഭയിൽ ഈ പദ്ധതി പ്രകാരം നവീകരണ പ്രവർത്തനങ്ങളും പുതിയ പദ്ധതികളും പൂർത്തിയാക്കി.

ക്രമ നമ്പർ	വിഭാഗം	ഉപഭോക്താവ് (നം.)
1	ഗാർഹികം	312624
2	വ്യവസായികം	5499
3	കാർഷികം	8921
4	വാണിജ്യം	54439
5	വാട്ടർ അതോരിറ്റി	172
6	തെരുവു വിളക്കുകൾ	749
7	മറ്റുള്ളവ	11136
	ആകെ	**112180**

സംയോജിത ഊർജ്ജ വികസന പദ്ധതി (ഐ പി ഡി എസ്)

നഗര പ്രദേശങ്ങളിലെ വിതരണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ ഊർജ്ജ മന്ത്രാലയം ആവിഷ്ക്കരിച്ച പദ്ധതിയാണിത്. 33 കെ വി സബ്സ്റ്റേഷന്റെ നിർമ്മാണം, 11 കെ വി സബ്സ്റ്റേഷനാവശ്യമായ മുകളിലൂടെയുള്ള ലൈൻ സ്ഥാപിക്കൽ, ഭൂമിക്കടിയിലൂടെയുള്ള കേബിളിടൽ, എൽ ടി ലൈനുകളുടെ നിർമ്മാണം, ട്രാൻസ്ഫോർമറുകളുടെ സ്ഥാപനം, ഇലക്ട്രോ മെക്കാനിക്കൽ മീറ്ററുകൾ ഇലക്ട്രോണിക് മീറ്ററുകളായി മാറ്റി സ്ഥാപിക്കൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഈ പദ്ധതിയ്ക്കായി 592.07 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ 32.82 കോടി രൂപ കെ എസ് ഇ ബി യി ൽ കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുണ്ട്.

ദീൻ ദയാൽ ഉപധ്യായ ഗ്രാമ ജ്യോതി യോജന (ഡി ഡി യു ജി ജെ വൈ)

എ.ടി & സി നഷ്ടം കുറയ്ക്കുന്നതിനും വൈദ്യുതി എല്ലാ ഭവനങ്ങളിൽ എത്തിക്കുന്നതിനും 24 മണിക്കൂറും വൈദ്യുതി ലഭ്യമാക്കുന്നതിനുമായി ഊർജ്ജ മന്ത്രാലയം ആവിഷ്കരിച്ചതാണീ പദ്ധതി. കേരളത്തിലെ 14 ജില്ലകളിലും പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാർ 2016 ജനുവരി 5 നു 485.37 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 1,61,199 ഗ്രാമീണ ഭവനങ്ങൾക്ക് വൈദ്യുതി എത്തിക്കും. ഇതിൽ 41884 ഭവനങ്ങൾ ദാരിദ്ര രേഖയ്ക്ക് താഴെയുള്ളവരാണ്. 33 കെ വി സബ്സ്റ്റേഷനുകളുടെയും 33 കെ വി ലൈനുകളുടെയും നിർമ്മാണം , വിതരണ ട്രാൻസ്ഫോർമറുകളുടെ സ്ഥാപനം, ഊർജ്ജ മീറ്ററുകളുടെ മാറ്റി സ്ഥാപിക്കൽ, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് സർവീസ് കണക്ഷനുകൾ നൽകൽ എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഗ്രാമീണ വൈദ്യുതീകരണത്തിനും ഗ്രാമീണ വൈദ്യുതി വിതരണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി മുമ്പ് നടപ്പിലാക്കി വന്നിരുന്ന രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരണ യോജന ഡി ഡി യു ജി ജെ വൈ പദ്ധതിയിൽ ലയിപ്പിച്ചു. രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന (ആർ.ജി.ജി.വി വൈ) യുടെ നടത്തിപ്പ് പുരോഗതി അനുബന്ധം 5.34ൽ ചേർത്തിരിക്കുന്നു.

സൗഭാഗ്യ

നഗര പ്രദേശങ്ങളിലെ ഭവനങ്ങൾക്ക് വൈദ്യുതി എത്തിക്കുന്നതിനുള്ള കേന്ദ്ര സർക്കാർ പദ്ധതി ആണിത്. തൊടുപുഴ, കട്ടപ്പന നഗരസഭകളിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യമായും ദാരിദ്ര രേഖയ്ക്ക് മുകളിലുള്ളവർക്ക് കുറഞ്ഞ നിരക്കിലും വൈദ്യുതി എത്തിക്കാൻ ഈ പദ്ധതി കൊണ്ട് കഴിയും.

സാൻ സദ് ആദർഷ് ഗ്രാം യോജന (SAGY)

ഈ പദ്ധതിയിലൂടെ ഗ്രാമത്തിലെ ഒരു വില്ലേജ് മാതൃകാവില്ലേജാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരു എം.പി-യുടെ നേതൃത്വത്തിൽ ഏറ്റെടുത്ത് നടത്തേണ്ടതാണ്. വില്ലേജിന്റെ സമഗ്രമായ വികസനത്തിനുള്ള ഒരു പദ്ധതിയിൽ വൈദ്യുതി കൊണ്ട് മെച്ചപ്പെട്ട സേവനങ്ങൾ ഗ്രാമത്തിൽ ഉറപ്പാക്കാനാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. കഞ്ഞിക്കുഴി, വെള്ളിയാമറ്റം പഞ്ചായത്തുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഉപഭോക്തൃ സൗഹൃദ സേവനങ്ങൾ

1. <u>കസ്റ്റമർ കെയർ സെന്റർ</u>

24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്റർ ഉപഭോക്താക്കൾക്ക് പരാതികൾ അറിയിക്കുന്നതിനും അപകടങ്ങൾ, വൈദ്യുതിമോഷണം, ഓൺലൈൻ പേയ്മെന്റ് എന്നീ സൗകര്യങ്ങൾക്കായി പ്രവർത്തിക്കുന്നു. (whatsapp) 1912, 9496001912 എന്നീ ഫോൺ നമ്പരുകൾ ഇതിനായി ഉപയോഗപ്പെടുത്താം. ഉപഭോക്താക്കൾക്ക് എല്ലാ പരാതികളും വെബ്സൈറ്റ് വഴിയും അറിയിക്കുന്നതിനായി www.kseb.in എന്ന വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യാവുന്നതാണ്.

<u>വിതരണ രംഗത്ത് 2020-21 ഓടു കൂടി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ</u>

1. പ്രോജക്ട് മാനേജുമെന്റ് യൂണിറ്റുകൾ സ്ഥാപിയ്ക്കും
2. നിലവിലുള്ള HT, LT ലൈനുകൾ, ട്രാൻസ്ഫോർമറുകൾ എന്നിവ രേഖപ്പെടുത്തി ലോഡ്സെന്ററുകളും സപ്ലൈ പോകുന്ന സ്ഥലങ്ങളും കണ്ടെത്തുകയും ചെയ്യും. ആ സ്ഥലങ്ങളിലെ സിസ്റ്റം മെച്ചപ്പെടുത്തുന്നതുനുള്ള പദ്ധതികൾ തയാറാക്കി നെറ്റ്വർക്ക് ശക്തിപ്പെടുത്തി ഇടതടവില്ലാതെ സപ്ലൈ ഉറപ്പാക്കും. അണ്ടർഗ്രൗണ്ട് കേബിളുകൾ സ്ഥാപിക്കുന്ന ജോലികൾ ഏറ്റെടുത്തു നടത്തും.

<u>ഊർജ്ജദൂത്</u>

2016 ഒക്ടോബറിൽ KSEBL ഉപഭോക്താക്കളെ സേവനങ്ങളിലുണ്ടാകുന്ന തടസ്സങ്ങളെക്കുറിച്ച് മുൻകൂട്ടി അറിയിക്കുന്നതിന് ഒരു പുതിയ പദ്ധതി തുടങ്ങി. എസ് എം എസിലൂടെ 11 കെവി ലൈനുകളും ട്രാൻസ്ഫോർമറുകളും ഓഫ് ചെയ്യുന്നത് മുൻകൂട്ടി അറിയിക്കുന്നതിലൂടെ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നു.

<u>ഊർജ്ജസൗഹൃദ</u>

ഈ പദ്ധതിയിലൂടെ ഉപഭോക്താക്കളെ അവരുടെ വൈദ്യുതി ബിൽ അടയ്ക്കുന്നതിനേക്കുറിച്ചും വൈദ്യുതി വിച്ഛേദനത്തേക്കുറിച്ചും എസ് എം എസിലൂടെയും ഇ-മെയിലിലൂടെയും അറിയിക്കുന്നതിനുള്ള സംവിധാനം 2016 ഒക്ടോബറിൽ ഏർപ്പെടുത്തി.

<u>ഓൺലൈൻ പേയ്മെന്റ്</u>

ഉപഭോക്താക്കൾക്ക് net payment, mobile wallet, mobile app എന്നിവ വഴിയും അക്ഷയ, ഫ്രണ്ട്സ് തുടങ്ങിയ ഗവ. അംഗീകൃത ഏജൻസികൾ വഴിയും mobile app വഴിയും NACH വഴിയും അവരുടെ വൈദ്യുതി ബിൽ അടക്കുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ SBI, SB, ICICI, FEDERAL BANK, CANARA BANK എന്നിവയിലൂടെ net payment വഴി സൗജന്യമായി ബിൽ അടയ്ക്കാം.

പുതിയ കണക്ഷൻ

ഗാർഹിക ആവശ്യങ്ങൾക്കുള്ള 20 KW വരെയുള്ള കണക്ഷനുകൾ ഓൺലൈൻ ആയി രജിസ്റ്റർ ചെയ്ത് സുഗമമായി അപേക്ഷിക്കാവുന്നതാണ്.



SAIFI

ഒരു ഉപഭോക്താവിന് ഒരു മാസത്തിൽ ശരാശരി എത്ര പ്രാവശ്യം വൈദ്യുതി തടസ്സപ്പെടുന്നുവെന്ന് കണക്കാക്കുന്നതിനുള്ള സൂചകമാണ് SAIFI.

SAIDI

ഒരു ഉപഭോക്താവിന് ഉണ്ടാകാവുന്ന ശരാശരി വൈദ്യുതി തടസ്സപ്പെടുന്ന സമയ ദൈർഘ്യത്തിന്റെ സൂചകമാണ് SAIDI.

SAIFI-SAIDI കൂടുന്നതിനനുസരിച്ച് വൈദ്യുതിയുടെ ഗുണനിലവാരം കുറയുകയും തിരിച്ചാണെങ്കിൽ ഗുണനിലവാരം കൂടുകയും ചെയ്യും.

SAFETY

ഇടുക്കി ജില്ലയിൽ ഉപഭോക്താക്കൾക്ക് ഇരുമ്പ് തോട്ടി, ഏണി എന്നിവ ലൈനിൽ തട്ടിയുള്ള അപകടങ്ങളും ഉപഭോക്താളുടെ അശ്രദ്ധ കൊണ്ടുള്ള അപകടങ്ങളും കൂടി വരുന്നതായി കാണുന്നു. അപകടങ്ങൾ ഒഴിവാക്കുന്നതിന് ജനങ്ങളെ ബോധവത്കരിക്കുന്നതിന് ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റും വൈദ്യുത ബോർഡും നിരവധി പരിപാടികൾ ആസുത്രണം ചെയ്ത് നടത്തി വരുന്നു.

PMU

1. 11 കെ.വി. ലൈനുകൾ പരസ്പരം കൂട്ടി ബന്ധിപ്പിക്കൽ - പോൾ മാപ്പിംഗ് പൂർത്തിയായി

2. മുഴുവൻ സിംഗിൾ ഫേസ് ലൈനുകളെ ത്രിഫേസ് ആക്കി മാറ്റൽ.

3. 11 കെ.വി എൽ.റ്റി ലൈനുകളുടെ നിലവിലുള്ള കണ്ടക്ടർ മാറ്റുക.

4. പറമ്പിൽ കൂടിയും നിബിഡമായ മരങ്ങളുള്ള സ്ഥലങ്ങളിൽ കൂടിയും നിൽക്കുന്ന 11 കെ.വി. ലൈനുകൾ റോഡിന്റെ വശങ്ങളിലേയ്ക്ക് മാറ്റുക.

മുകളിൽ പറഞ്ഞിരിക്കുന്ന ഒന്നാമത്തെ ഐറ്റം ഇലക്ട്രിക്കൽ സിസ്റ്റം കൂടുതൽ റിലേയബിൾ ആക്കുമ്പോൾ 2,3,4 എന്നിവ വിതരണ നഷ്ടം കുറയ്ക്കാനും (14%ത്തിൽ നിന്നും 11 %) സഹായിക്കുന്നു.

1000 മെഗാവാട്ട് വ്യതിയാനമുള്ളത് കേന്ദ്ര ഗവൺമെന്റ് വിഹിതത്തിൽ കൂടിയും, മറ്റു കേന്ദ്രങ്ങളിൽ നിന്നും വാങ്ങിയും കേരളത്തിലെ ഉർജ്ജ ആവശ്യകത നിറവേറ്റുന്നു.

വൈദ്യുത അപകടങ്ങൾ

	പൊതുജനം	കോൺട്രാക്ട് വർക്കർ	ആകെ
2016 ജനുവരി - 1 മുതൽ നവംബർ 30	23	2	25

ഊർജ്ജ സംരക്ഷണം

വരും വർഷങ്ങളിൽ ജലം, പെട്രോളിയം ഉൽപ്പന്നങ്ങൾ വൈദ്യുതി എന്നിവയ്ക്ക് കടുത്ത ക്ഷാമം നേരിടുന്ന കാലമാണ്. ഫോസിൽ ഇന്ധനങ്ങളായ കൽക്കരി ക്രൂഡോയിൽ എന്നിവ ഒരിക്കൽ ഖനനം നടത്തിയാൽ പിന്നീട് പുനർജനിയ്ക്കുന്നില്ല. വൈദ്യുതി ഉത്പാദനത്തിന്റെ കാര്യത്തിലും പരിമിതികൾ ഏറെയുണ്ട്. രാജ്യത്തെ വൈദ്യുതി ഉത്പാദനത്തിന്റെ 60 % കൽക്കരി നിലയങ്ങളിൽ നിന്നും ലഭിക്കുന്നു. 17 % ജല വൈദ്യുതി നിലയങ്ങളിൽ നിന്നും ലഭിക്കുന്നു. കാറ്റിൽ നിന്നും വെള്ളത്തിൽ നിന്നുമുള്ള വൈദ്യുതി ഉത്പാദനത്തിന് കാലാവസ്ഥ ഒരു പ്രധാന ഘടകമാണ്. ഭാരതത്തിലേയും കേരളത്തിലേയും വരുംകാല വൈദ്യുതി ഉത്പാദനത്തിന് പരിമിതികൾ ഏറെയുണ്ട്.

സംസ്ഥാനത്തെ വൈദ്യുതി ആവശ്യ വർദ്ധനക്ക് ആനുപാതികമായി വൈദ്യുതി ഉത്പാദനത്തിന് യാതൊരു സാദ്ധ്യതയും ഇല്ലാത്ത സാഹചര്യത്തിൽ നിരന്തര ബോധവത്കരണത്തിലൂടെ വൈദ്യുതി ചെലവു കുറയ്ക്കൽ, പ്രസരണ വിതരണ നഷ്ടം കുറയ്ക്കൽ, ഊർജ്ജ ക്ഷമതയുള്ള ഉപകരണങ്ങൾ ഉപയോഗിയ്ക്കാൻ ഉപഭോക്താക്കളെ പ്രേരിപ്പിയ്ക്കൽ, പാരമ്പര്യേതര ഊർജ്ജ ഉത്പാദനം വ്യാപകമാകാൻ പ്രോത്സാഹനപദ്ധതികൾ എന്നിവ സമയബന്ധിതമായി നടപ്പിൽ വരുത്തുക എന്നിവയാണ് ഊർജ്ജസംരക്ഷണത്തിനുള്ള മാർഗ്ഗം.

പരിഹാര മാർഗ്ഗനിർദ്ദേശങ്ങൾ

ജില്ലയിലെ കിഴക്കൻ പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്ന തിനായി വണ്ടൻമേട്ടിൽ ഒരു 66 കെവി സബ് സ്റ്റേഷൻ പണി ആരംഭിച്ചിട്ടുണ്ട്. കുമളി 66 കെവി സബ് സ്റ്റേഷന്റെ ജോലികൾ ഏതാണ്ട് അവസാനഘട്ടത്തിലാണ്. മറയൂരിൽ 33 കെവി സബ് സ്റ്റേഷന്റെ ജോലികളും ആരംഭിച്ചിട്ടുണ്ട്. തൊടുപുഴ പ്രദേശത്തെ വർദ്ധിച്ചു വരുന്ന ഉപയോഗം കണക്കിലെടുത്ത് ഇപ്പോഴത്തെ 66 കെവി സബ് സ്റ്റേഷന്റെ പ്രസരണശേഷി 110 കെവി ആക്കി ഉയർത്തുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്.

വൈദ്യുത ലൈനുകളിൽ വൃക്ഷലതാദികളുടെ തലപ്പുകൾ തട്ടുന്നത് മൂലം ഉണ്ടാകുന്ന താല്ക്കാലിക വൈദ്യുതതടസ്സം ഒഴിവാക്കുന്നതിന് കവേർഡ് കണ്ടക്ടറും ഏരിയൽ ബഞ്ചസ് കണ്ടക്ടറുകളും ഉപയോഗിച്ച് 38 കി മീ പുതിയ ലൈനുകൾ സ്ഥാപിയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. പരമാവധി വൈദ്യുത ലൈനുകൾ റോഡിലൂടെ ആക്കുന്നതിനും പുതിയ ലൈനുകൾ വലിയ്ക്കുന്നതിനുമായി 4 വർഷത്തെ പദ്ധതി തയാറായിട്ടുണ്ട്. ഇത് ഏകദേശം 1371 കിലോ മീറ്ററോളം വരും. 8123 കിലോ മീറ്ററോളം പഴയ ലൈനുകൾ മാറ്റി സ്ഥാപിച്ചു. ഇടുക്കി ജില്ലയിൽ കട്ടപ്പന, നെടുംകണ്ടം, വാഴത്തോപ്പ് എന്നീ പ്രസരണനിലയങ്ങളിൽ ബാക്ക്ഫീഡിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനായി കുത്തുങ്കൽ നെടുംകണ്ടം 110 കെവി ലൈനിന്റെ നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികളും നടന്നു വരുന്നു.

4.3.2. ഗതാഗതം

റോഡുകളുടെ നിലവിലെ സ്ഥിതി

ദേശീയ സ്ഥിതി

ഏകദേശം 35 ലക്ഷം കിലോമീറ്റർ റോഡുകളുമായി ഇന്ത്യയാണ് റോഡ് ശൃംഖലയുടെ കാര്യത്തിൽ ലോകത്ത് രണ്ടാം സ്ഥാനത്തു നിർക്കുന്നത്. ഇതിൽ ദേശീയ പാതകൾ (NH) 65000 കി.മീറ്ററും സംസ്ഥാന പാതകൾ (SH)1.30 ലക്ഷം കി.മീറ്ററുമാണ്. ശേഷിക്കുന്ന 33 ലക്ഷത്തോളം കി.മീറ്ററിൽ പ്രധാന ജില്ലാ റോഡുകളും (MDR),നഗര റോഡുകളും ഗ്രാമീണറോഡുകളും ഉൾപ്പെടുന്നു. യാത്രക്കാരുടെ സഞ്ചാരവും ചരക്കുഗതാഗതവും ഏറിയകൂറും ദേശീയ പാതയിലൂടെയും, സംസ്ഥാന പാതകളിലൂടെയും, പ്രധാന ജില്ലാ റോഡുകളിലൂടെയുമാണ്. പ്രധാന ജില്ലാ റോഡുകൾ, നഗര റോഡുകൾ, ഗ്രാമീണ റോഡുകൾ എന്നിവയുടെ ആധിക്യം രാജ്യത്തെ വിദൂര കോണുകളിലേക്കുപോലും എത്തിച്ചേരാനുള്ള റോഡ് ശൃംഖലയുടെ വൈപുല്യമാണ് പ്രകടമാക്കുന്നത്.

ഇപ്പോഴത്തെ കണക്കുകൾ പ്രകാരം മൊത്തം ചരക്കുഗതാഗതത്തിന്റെ 65%-വും മൊത്തം യാത്രക്കാരുടെ 85%-വും റോഡ് ശൃംഖലയെ ആശ്രയിക്കുന്നു. ഈ വസ്തുതയും, റോഡ് വഴിയുള്ള ഗതാഗതം പ്രതിവർഷം 7 മുതൽ 10% വരെ കൂടുന്നു എന്ന വസ്തുതയും രാജ്യത്തിന്റെ വളർച്ച സാധ്യമാക്കുന്നതിലും അതു നിലനിർത്തുന്നതിനും റോഡുകൾക്കുള്ള പ്രാധാന്യമാണ് എടുത്തുകാണിക്കുന്നത്. ദേശീയ പാതകൾ ആകെ റോഡുകളുടെ ഏകദേശം 2% മാത്രമേ വരുന്നുള്ളൂ. എങ്കിലും മൊത്തം ഗാതഗതത്തിന്റെ 40% -ത്തോളം അതുവഴിയാണ് നടക്കുന്നത്.

സംസ്ഥാനത്തെ സ്ഥിതി

സംസ്ഥാനത്തെ റോഡുകളുടെ മുഖ്യ ധമനിയാണ് ദേശീയ പാതകൾ. സംസ്ഥാനത്തുകൂടി കടന്നുപോകുന്ന ദേശീയപാതകളുടെ ദൈർഘ്യം 1524 കി.മീറ്ററാണ്. ഇതിൽ എൻ.എച്ച്. 47, എൻ.എച്ച് 17, എൻ.എച്ച് 49, എൻ.എച്ച് 208, എൻ.എച്ച് 212, എൻ.എച്ച്. 213 എന്നിവ ഉൾപ്പെടുന്നു. മൊത്തം ഗതാഗതത്തിന്റെ (അന്തർ സംസ്ഥാന, അന്തർ ജില്ല) 60%-ത്തോളം ദേശീയപാതയിലൂടെയാണ് നടക്കുന്നത്. ഗതാഗത സാന്ദ്രതയ്ക്ക് അനുസൃതമായി വാഹനങ്ങൾക്കു നീങ്ങാൻതക്ക വീതിയില്ലായ്മ, പാതവരമ്പുകളുടെ അഭാവം, നിലവാരം കുറഞ്ഞ പ്രതലങ്ങൾ, പാതയോരത്തെ തിക്കും തിരക്കും എന്നിങ്ങനെയുള്ള പല പോരായ്മകളും റോഡ് ശൃഖലയ്ക്കുണ്ട്. രൂപകൽപനയിൽ വിഭാവനം ചെയ്ത ശേഷിയേക്കാൾ വളരെ കൂടുതലാണ് നിലവിലെ ഗതാഗതം എന്നതിനാൽ ദേശീയപാത ശൃംഖല മുഴുവനും നാലുവരിയായി വീതികൂട്ടുകയും ശക്തിപ്പെടുത്തുകയും ചെയ്യേണ്ടത് ഒരു അടിയന്തിരാവശ്യമാണ്.

കേരള സംസ്ഥാന പൊതുമരാമത്തുവകുപ്പിന്റെ കീഴിൽ 4342 കി.മീറ്റർ സംസ്ഥാനപാതകളും 23242 കി.മീറ്റർ മേജർ ജില്ലാ റോഡുകളുമുണ്ട്. മറ്റു ജില്ലാ റോഡ്, വില്ലേജ് റോഡ് എന്നിങ്ങനെ മുൻപു തരംതിരിച്ചിരുന്ന റോഡുകൾ ഇപ്പോൾ ജില്ലാ, ഗ്രാമ പഞ്ചായത്ത് തുടങ്ങിയ തദ്ദേശ ഭരണ

സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലാണ്. ഇപ്പോൾ സംസ്ഥാനത്തിന് മേജർ ജില്ലാ റോഡുകളും മറ്റു റോഡുകളും ഉൾപ്പെടെ വളരെ വ്യാപകമായ സെക്കണ്ടറി റോഡ് ശൃഖല ഉണ്ട്. എന്നിരുന്നാലും ഇവയിൽ ഭൂരിഭാഗം റോഡുകളും ഒറ്റവരിപ്പാതകളായതിനാലും രൂപകൽപനയിലുള്ള അപാകതമൂലവും നല്ല കാലാവസ്ഥയിൽ മാത്രമേ സഞ്ചാരയോഗ്യമാകുന്നുള്ളൂ. ഇവ ശക്തിപ്പെടുത്താനും പ്രതലരൂപകൽപന മെച്ചപ്പെടുത്താനും അടിയന്തിര നടപടി ഉണ്ടാകേണ്ടിയിരിക്കുന്നു.

ജില്ലയിലെ സ്ഥിതി

ഏതൊരു പ്രദേശത്തിന്റെയും സർവ്വതോൻമുഖമായ വികസനത്തിൽ ആ പ്രദേശത്തിന്റെ റോഡ് ശൃംഖല സജീവ പങ്കാണ് വഹിക്കുന്നത്. ഇടുക്കി ജില്ലയിലെ നിലവിലുള്ള റോഡ് ശൃംഖലയിൽ പൊതുമരാമത്തുവകുപ്പിനു കീഴിലുള്ള ദേശീയപാതകളും സംസ്ഥാനപാതകളും മേജർ ജില്ലാ റോഡുകളും തദ്ദേശഭരണ വകുപ്പിന്റെ കീഴിലുള്ള മറ്റു റോഡുകളും ഉൾപ്പെടുന്നു. ഇടുക്കി ജില്ലയിലെ നിലവിലെ റോഡ് ശൃംഖല ചിത്രം 6.1-ൽ കാണിച്ചിരിക്കുന്നു.

ദേശീയ പാതകൾ- ചുരുക്കത്തിൽ

കൊച്ചി- ധനുഷ്കോടി ദേശീയപാത (എൻ.എച്ച്. 85) ഇടുക്കി ജില്ലയിലെ കിഴക്കും പടിഞ്ഞാറും ഭാഗത്തുള്ള പ്രധാന സ്ഥലങ്ങളായ അടിമാലി, മൂന്നാർ, ദേവികുളം എന്നിവയെ പരസ്പരം ബന്ധിപ്പിക്കുന്ന വടക്ക് കോറിഡോർ ആയി വർത്തിക്കുന്നു. കൊല്ലം-തേനി ദേശീയപാത (എൻ.എച്ച് 183) ജില്ലയുടെ തെക്കുഭാഗത്തുകൂടി പ്രധാന കിഴക്കു പടിഞ്ഞാറു പ്രദേശങ്ങളായ മുണ്ടക്കയം, കുമളി, തേക്കടി, പീരുമേട്, തുടങ്ങിയവയെ ബന്ധിപ്പിക്കുന്ന കണ്ണിയായും നിലകൊള്ളുന്നു. എൻ.എച്ച് 185 അടിമാലിക്കും കുമളിക്കും ഇടയിലുള്ള പ്രധാന സ്ഥലങ്ങളെയും എൻ.എച്ച്. 183എ വണ്ടിപെരിയാറിനെയും ടൂറിസ്റ്റ് കേന്ദ്രമായി അറിയപ്പെടുന്ന ഗവിയെയും പരസ്പരം ബന്ധിപ്പിക്കുന്നു. ജില്ലയിലെ ദേശീയപാതകളുടെ നീളം, തുടങ്ങുന്ന സ്ഥലം, അവസാനിക്കുന്ന സ്ഥലം തുടങ്ങിയ വിവരങ്ങൾ പട്ടിക 6.1-ൽ നൽകിയിരിക്കുന്നു.



ചിത്രം : നിലവിലെ റോഡ് ശൃംഖല - ഇടുക്കി ജില്ല

തരം	റോഡിന്റെ പേര്	ആരംഭിക്കുന്ന	അവസാനിക്കുന്ന സ്ഥലം	നീളം
ദേശീയ പാത	NH 85	ദേവികുളം	നേര്യമംഗലം	100.98
	NH 183	മുണ്ടക്കയം	കുമളി	55.98
	NH 185	അടിമാലി	കുമളി	82.00
	NH 183A	വണ്ടിപെരിയാർ	ഗവി	20.00
	ആകെ			258.96

പട്ടിക 6.1: ഇടുക്കി ജില്ലയിലെ ദേശീയപാതകളുടെ വിവരങ്ങൾ

സംസ്ഥാന പാതകളുടെ വിവരങ്ങൾ

കേരളത്തിലെ ആകെ സംസ്ഥാന പാതകളുടെ നീളം 4341.65 കി.മീറ്ററാണ്. ഇതിൽ 998.37 കി.മീറ്റർ അതായത് 23% എന്ന വലിയ വിഹിതം ഇടുക്കി ജില്ലയ്ക്ക് ലഭ്യമായിട്ടുണ്ട്.സംസ്ഥാന പാതകളുടെ വിശദവിവരങ്ങൾ പട്ടിക 6.2-ൽ നൽകിയിരിക്കുന്നു.

അവലംബം-IDDP-LDPഇടുക്കി

ക്രമ നം.	റോഡിന്റെ പേര്	ജില്ലയിൽ ആരംഭിക്കുന്ന സ്ഥലം	അവസാനിക്കുന്ന സ്ഥലം	നീളം (കി.മീ)
1	പുനലൂർ- മൂവാറ്റുപുഴ റോഡ് (SH 8) Km 122/605 to 137/000	നെല്ലാപ്പാറ	വെങ്ങല്ലൂർ	14.395
2	ഈരാറ്റുപേട്ട-പീരുമേട് റോഡ് (SH 14)	വാഗമൺ	ഏലപ്പാറ	17.00
3	ആലുവ- മൂന്നാർ റോഡ് (SH 16) Km 113/650-114/100	ദേവികുളം ജംഗ്ഷൻ	മറയൂർ ജംഗ്ഷൻ	0.45
4	നോർത്തേൺ ഔട്ട്ലെറ്റ് റോഡ് (SH 17) Km 0/000-59/170	മൂന്നാർ	ചിന്നാർ	59.17
5	മൂന്നാർ- ടോപ്സ്റ്റേഷൻ റോഡ് (SH 18) Km 0/000-32/150	മൂന്നാർ	ടോപ്സ്റ്റേഷൻ	32.15
6	മൂന്നാർ- കുമളി റോഡ് (SH 19)- Km 31/200-106/010	മൂന്നാർ	കുമളി	74.81
7	തൊടുപുഴ- പുളിയൻമല റോഡ് (SH 33) 0/000-92/167	തൊടുപുഴ	പുളിയൻമല	92.167
8	ആലപ്പുഴ- മധുര റോഡ് (SH 40)	മാറിക	കമ്പംമെട്ട്	128.74
9	എറണാകുളം-തേക്കടി റോഡ് (SH 41)	പാറക്കടവ്	തേക്കടി	109.338
10	കുമരകം- കമ്പംമെട്ട് (SH 42)	വഴിത്തല	കമ്പംമെട്ട്	81.024
11	മൂവാറ്റുപുഴ- തേനി (SH 43)	പെരുമാങ്കണ്ടം	കമ്പംമെട്ട്	98.01
12	ശബരിമല- തേനി (SH 44)	തോണിക്കല്ല്	കടവൂർ	134.18
13	മലയോരഹൈവേ (SH 59)	മുണ്ടക്കയം	കുറത്തിക്കുടി	156.938

പട്ടിക : ജില്ലയിലെ സംസ്ഥാന പാതകളുടെ വിവരങ്ങൾ

കേരളത്തിലെ സംസ്ഥാന പാതകളുടെ ഡിവിഷൻ തിരിച്ചുള്ള വിവരങ്ങൾ പട്ടിക 6.3ൽ നൽകിയിരിക്കുന്നു.

ക്രമ നം.	ഡിവിഷൻ	SH- Km	% Share
1	തിരുവനന്തപുരം	180.36	4.15
2	കൊല്ലം	123.79	2.85
3	പത്തനംതിട്ട	249.194	5.74
4	ആലപ്പുഴ	170.841	3.93
5	കോട്ടയം	406.531	9.36
6	ഇടുക്കി	998.372	23.00
7	മുവാറ്റുപുഴ	207.526	4.78
8	എറണാകുളം	117.68	2.71
9	തൃശൂർ	374.033	8.61
10	പാലക്കാട്	245.987	5.67
11	മഞ്ചേരി	374.764	8.63
12	കോഴിക്കോട്	333.548	7.68
13	വടകര	43.625	1.00
14	വയനാട്	128.955	2.97
15	കണ്ണൂർ	244.665	5.64
16	കാസർകോഡ്	141.78	3.27
ആകെ		4341.65	100

പട്ടിക 6.3: സംസ്ഥാന പാതകളുടെ ഡിവിഷൻ തിരിച്ചുള്ള വിവരങ്ങൾ(State High Way Indicator)

6.1.3.3 മേജർ ജില്ലാ റോഡുകൾ

കേരളത്തിൽ നിലവിലുള്ള മേജർ ജില്ലാ റോഡുകളുടെ ആകെ നീളം 23241.709 കി.മീറ്ററാണ്. ഇടുക്കി ജില്ലയിൽ ഇത് 2401.06 കി.മീ. (10.33%) ആണ്. കേരളത്തിലെയും ഇടുക്കി ജില്ലയിലെയും റോഡിന്റെ ലഭ്യത സംബന്ധിച്ച വിവരങ്ങൾ പട്ടിക 6.4ൽ കൊടുത്തിരിക്കുന്നു.

സൂചകം	ഇടുക്കി	കേരളം
റോഡ് ലഭ്യത- കി.മി./100 ച.കി.മീ.	294	425
പി.ഡബ്ലു.ഡി. റോഡ് ലഭ്യത- കി.മീ/100 ച.കി.മീ. (എൻ.എച്ച് ഉൾപ്പെടെ)	50	76.49
ജി.പി. റോഡ് ലഭ്യത കി.മീ/100 ച.കി.മീ.	240	315
വാഹന സഞ്ചാര യോഗ്യമായ ജി.പി. റോഡ് ലഭ്യത- കി.മീ/100 ച.കി.മീ.	218	275
വാഹന സഞ്ചാര യോഗ്യമല്ലാത്ത ജി.പി. റോഡ് വിഹിതത്തിന്റെ ശതമാനം	27	12
വാഹന സഞ്ചാരയോഗ്യമായ ജി.പി. റോഡുകളുടെ ശതമാനം	73	88
വാഹന സഞ്ചായയോഗ്യമായ ജി.പി. റോഡുകളിൽ കോൺക്രീറ്റ്/ടാർ	30	36

പട്ടിക 6.4: കേരളത്തിലെയും ഇടുക്കി ജില്ലയിലെയും റോഡ് ലഭ്യതയുടെ താരതമ്യം

പ്രസ്തുത പട്ടികയിൽനിന്നും വാഹനസഞ്ചാരയോഗ്യമല്ലാത്ത റോഡുകളുടെ താരതമ്യത്തിൽ ഇടുക്കിയുടെ നില കേരളത്തെ അപേക്ഷിച്ച് വളരെ മോശപ്പെട്ട അവസ്ഥയിലാണ് എന്നുകാണുന്നു.മേജർ ജില്ലാ റോഡുകളുടെ ഡിവിഷൻ തിരിച്ചുള്ള വിവരങ്ങൾ പട്ടിക 6.5-ൽ കൊടുത്തിരിക്കുന്നു.

ക്രമ നം.	ഡിവിഷൻ	MDR കി.മീ.	% Share
1	തിരുവനന്തപുരം	1652.302	7.11
2	കൊല്ലം	1872.524	8.06
3	പത്തനംതിട്ട	1294.05	5.57
4	ആലപ്പുഴ	1203.326	5.18
5	കോട്ടയം	3016.765	12.98
6	ഇടുക്കി	2401.06	10.33
7	മുവാറ്റുപുഴ	1315.92	5.66
8	എറണാകുളം	754.074	3.24
9	തൃശൂർ	1665.613	7.16
10	പാലക്കാട്	1584.25	6.82
11	മഞ്ചേരി	1796.21	7.73
12	കോഴിക്കോട്	1232.185	5.30
13	വടകര	73.665	0.32
14	വയനാട്	766.352	3.30
15	കണ്ണൂർ	1697.861	7.30
16	കാസർകോഡ്	915.552	3.94
ആകെ നീളം കി.മീ.		23241.709	

പട്ടിക 6.5: MDR ഇൻഡിക്കേറ്റർ

മറ്റു ജില്ലാ റോഡുകൾ/ വില്ലേജ് റോഡ്

വില്ലേജ് റോഡുകളുടെയും മറ്റ് ജില്ലാ റോഡുകളുടെയും ആകെ നീളം 15515 കി.മീറ്ററാണ്. ഇതിൽ 4250 കി.മീ.റോഡ് കറുത്ത ഉപരിതലമുള്ളതാണ്. ശേഷിക്കുന്ന 11265 കി.മീ.റോഡുകൂടി മെച്ചപ്പെടുത്തി ഉയർന്ന നിലവാരത്തിലെത്തിക്കേണ്ടതുണ്ട്. ഇടുക്കി ജില്ലയിലെ റോഡുകളുടെ സ്ഥലപര വിതരണം പഞ്ചായത്തു തിരിച്ച് ചിത്രം 6.2 ൽ നൽകിയിരിക്കുന്നു. പ്രധാന ജംഗ്ഷനുകൾ, മാർക്കറ്റുകൾ, വാണിജ്യ കേന്ദ്രങ്ങൾ, ആശുപത്രികൾ, ബസ് സ്റ്റേഷൻ, കോളേജുകൾ, സ്കൂളുകൾ, ഓഫീസ് സമുച്ചയം എന്നിവയും രേഖപ്പെടുത്തിയിരിക്കുന്നു.

മാപ്പിൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം ഇടുക്കി ജില്ലയിൽ ഇടമലക്കുടി ഒഴികെയുള്ള പഞ്ചായത്തുകളിൽ റോഡുകൾ പൊതുവെ പര്യാപ്തമെന്നുകാണുന്നു. എങ്കിലും നിലവിലുള്ള റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇടമലക്കുടിയിൽ വാഹനസഞ്ചാര യോഗ്യമായ റോഡ് ശൃംഖല ഇല്ല എന്നുതന്നെ പറയാം.

ചിത്രം 6.2: ഇടുക്കി ജില്ലയിലെ റോഡുകളുടെയും പ്രധാന സ്ഥാപനങ്ങളുടെയും സ്ഥലപരവിതരണം

ഇടുക്കി ജില്ലയിലെ റോഡുകളുടെ തരം തിരിച്ചുള്ള വിവരങ്ങൾ പട്ടിക 6.6-ൽ നൽകിയിരിക്കുന്നു.

അവലംബം-IDDP-LDPഇടുക്കി

ക്രമ നം.	റോഡിന്റെ തരം	റോഡിന്റെ നീളം, ഉടമസ്ഥത				ആകെ നീളം (കി.മീ.)
		NH	PWD R&B	JP/ Mncplty	GP	
1	ദേശീയ പാതകൾ	259				258.96
2	സംസ്ഥാന പാതകൾ		998.372			998.37
3	മേജർ ജില്ലാ റോഡുകൾ		1402.688			1402.69
4	മറ്റു ജില്ലാ റോഡുകൾ			168.511		168.51
5	തൊടുപുഴ മുനിസിപ്പാലിറ്റി			326.473		326.473
6	വില്ലേജ് റോഡുകൾ				10343	10343
6a	എസ്റ്റേറ്റ് റോഡുകൾ				170.05	170.05
6b	SC/STകോളനി റോഡ്				1075.67	1075.67
7	KSEB റോഡ്				71.13	71.13
8	ഫോറസ്റ്റ് റോഡ്				356.3	356.3
9	PMGSY റോഡ്				250.04	250.04
ആകെ		259	2401.06	494.984	12266.2	15421.194

പട്ടിക 6.6: റോഡുകളുടെ തരംതിരിച്ചുള്ള വിവരങ്ങൾ- ഇടുക്കി ജില്ല

6.1.3.5 റയിൽവേ, എയർപോർട്ട്, റോപ് വേ

ഇടുക്കി ജില്ലയിൽ മൂന്നാർ, തേക്കടി, ഇടുക്കി ഉൾപ്പെടെ നിരവധി പ്രശസ്ത ടൂറിസ്റ്റ് കേന്ദ്രങ്ങളും ശബരിമല പോലുള്ള തീർത്ഥാടന കേന്ദ്രങ്ങളും സന്ദർശിക്കുന്നതിന് നിരവധി ആളുകൾ വന്നുപോകുന്നുവെങ്കിലും റെയിൽ, എയർപോർട്ട്, റോപ് വേ സൗകര്യങ്ങൾ നിലവിലില്ല. ഇടുക്കിക്ക് ഏറ്റവും അടുത്തുള്ള റയിൽവേസ്റ്റേഷൻ 100 കി.മീറ്ററിനു മുകളിൽ അകലെയുള്ള ആലുവയാണ്. ഏറ്റവും അടുത്ത വിമാനത്താവളം 120 കി.മീറ്റർ അകലെയുള്ള നെടുമ്പാശ്ശേരിയാണ്. ജില്ലയിലെ ടൂറിസ്റ്റുകളുടെ വരവ് വ്യക്തമാക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു (പട്ടിക 6.7).

മാസം	തേക്കടി F	തേക്കടി D	ആകെ	മൂന്നാർ ഇരവികുളം	മൂന്നാർ ഇരവികുളം D	ആകെ
ജനുവരി	5915	33223	39138	0	0	0
ഫെബ്രുവരി	6856	28726	35582	0	0	0
മാർച്ച്	4768	24505	29273	0	0	0
ഏപ്രിൽ	2493	36678	39171	563	39339	39902
മെയ്	925	69191	70116	344	51883	52227
ജൂൺ	492	26719	27211	205	28958	29163
ജൂലൈ	1957	19378	21335	1038	17199	18237
ഓഗസ്റ്റ്	3373	28859	32232	1050	28486	29536
സെപ്റ്റംബർ	1759	30516	32275	578	33715	34293
ഒക്ടോബർ	2053	29528	31581	526	35737	36263
നവംബർ	4611	55895	60506	667	42396	43063
ഡിസംബർ	4138	57846	61984	678	46747	47425
ആകെ	**39340**	**441064**	**480404**	**5649**	**324460**	**330109**

പട്ടിക 6.7: ഇടുക്കി ജില്ലയിലെ ടൂറിസ്റ്റുകളുടെ വാർഷിക കണക്ക്

6.1.3.6സങ്കേതങ്ങളിലേക്കും ഊരുകളിലേക്കുമുള്ള ഗതാഗത സൗകര്യം

തദ്ദേശ സ്വയംഭരണ വകുപ്പ്, പട്ടികജാതി വികസന വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഇടുക്കി ജില്ലയിലാകെ സർവ്വേ നടത്തി 2011 നവംബറിൽ പുറത്തിറക്കിയ സംക്ഷിപ്ത വിവരങ്ങളിൽ നിന്നും ലഭ്യമായ കാര്യങ്ങളാണ് ചുവടെ ചേർക്കുന്നത്.

സങ്കേതങ്ങളിലെ വഴി സൗകര്യം വ്യക്തമാക്കുന്ന വിവരങ്ങൾ പട്ടിക 6.8-ൽ രേഖപ്പെടുത്തിയിരിക്കുന്നു.

ക്രമ. നം.	വഴിയുടെ തരം	സങ്കേതങ്ങൾ	കുടുംബങ്ങൾ	ജനസംഖ്യ
1	നടപ്പാത/ ഫുട്സ്റ്റെപ്	219	2717	10519
2	ബണ്ട്/ നടവരമ്പ്	11	216	808
3	സ്വകാര്യ ഭൂമിയിലെ ഒറ്റയടിപ്പാത	42	459	1734
4	വനത്തിലെ ഒറ്റയടിപ്പാത	17	303	1136
5	സഞ്ചാരയോഗ്യമല്ലാത്ത വഴി	24	318	1200
6	തോണി/കടത്ത്/ബോട്ട്	0	0	0
7	വാഹനസഞ്ചാരയോഗ്യമായ റോഡ്	445	8223	32606
8	വാഹന സഞ്ചാരയോഗ്യമല്ലാത്ത റോഡ്	116	2119	8321
9	മറ്റ് മാർഗ്ഗങ്ങൾ	13	182	712
ആകെ		**887**	**14537**	**37036**

പട്ടിക 6.8: സങ്കേതങ്ങളിലെ ഗതാഗത സൗകര്യം സംബന്ധിച്ച വിവരങ്ങൾ

50% സങ്കേതങ്ങളിലേക്കു മാത്രമേ വാഹനസഞ്ചാരയോഗ്യമായ വഴിസൗകര്യം ലഭ്യമാകുന്നുള്ളൂവെന്ന് മേൽ പട്ടികയിൽ നിന്നും വ്യക്തമാണ്. വനഭൂമിയിൽ സങ്കേതമുള്ളതായി രേഖപ്പെടുത്തിയിട്ടില്ല.എന്നാൽ വനാതിർത്തിക്കുള്ളിൽ (കൈയ്യേറ്റ ഭൂമിയിൽ) 3121 കുടുംബങ്ങൾ ഉള്ളതായി കാണുന്നു.

ഊരുകളിലേയ്ക്കുള്ള വഴിസൗകര്യം സംബന്ധിച്ചുള്ള വിവരങ്ങൾ പട്ടിക 6-9-ൽ നൽകിയിരിക്കുന്നു.

ക്രമ.നം	വഴി സൗകര്യം/ വിവരണം	ഊരുകൾ	%
1	വാഹന സഞ്ചാര യോഗ്യമായ റോഡുകൾ ഉള്ളവ	144	56.25
2	നടപ്പാത/ ഫുട് സ്റ്റെപ് മാത്രം	65	25.39
3	കലുങ്ക്/ നടപ്പാലം ഇല്ലാത്തത്	16	6.25
4	നടപ്പാത/ ഫുട് സ്റ്റെപ് ഇല്ലാത്തത്	21	8.21
5	തോണി ഉപയോഗിക്കേണ്ടത്	5	1.95
6	മറ്റ് മാർഗ്ഗങ്ങൾ	5	1.95
ആകെ		**256**	**100**

പട്ടിക 6.9: ഊരുകളും വഴി സൗകര്യങ്ങളും

ഊരുകളിൽ നിന്നും യാത്രാ സൗകര്യങ്ങളിലേക്കുള്ള ദൂരം പട്ടിക 6.10-ൽ കൊടുത്തിരിക്കുന്നു.

ക്രമ. നം.	യാത്രാ സൗകര്യം	1 കി.മി-ൽ കുറവ്	1-2.5 കി.മീ.	2.5-5 കി.മീ.	5-10 കി.മീ.	10 കി.മീ-ൽ കൂടുതൽ	ആകെ
1	ബസ് സ്റ്റോപ്പ്	66	34	51	44	41	256
2	നടപ്പാത	106	15	14	21	13	
3	മണ്ണുറോഡ്	94	14	12	14	27	
4	മെറ്റൽ റോഡ്	81	20	22	17	28	
5	ടാർ റോഡ്	78	19	26	24	34	

പട്ടിക 6.10: ഊരുകളും യാത്രാ സൗകര്യങ്ങളിലേക്കുള്ള ദൂരവും

വീടുകളിലേക്കുള്ള വഴി സൗകര്യം പട്ടിക 6.11-ൽ രേഖപ്പെടുത്തിയിരിക്കുന്നു.

ക്രമ. നം.	വിഭാഗം	വഴി സൗകര്യം ബുദ്ധിമുട്ടുള്ള വീടുകൾ				വഴിയുള്ള വീടുകൾ	ആകെ വീടുകൾ	% (വഴി സൗകര്യം ബുദ്ധിമുട്ടുള്ളത്)
		പ്രത്യേകം വഴിയില്ലാത്തത്	ചതുപ്പ് നിറഞ്ഞ വഴി	മഴക്കാലത്ത് തടസ്സം	ആകെ			
1	സഞ്ചാര യോഗ്യമായ റോഡുള്ള ഊരുകളിൽ	-	-	-	-	6551	-	-
2	സഞ്ചാരയോഗ്യമായ റോഡ് ഇല്ലാത്ത ഊരുകളിൽ	732	41	437	1210	2583	3793	31.9
3	ഊരുകൾക്ക് പുറത്തുള്ളവ	45	1	13	59	136	195	30.06
ആകെ		777	42	450	1269	9270	10539	12.04

പട്ടിക 6.11: പട്ടികവർഗ്ഗ വീടുകളിലേക്കുള്ള വഴി സൗകര്യത്തിന്റെ വിവരങ്ങൾ

ടി പട്ടികയിൽ നിന്നും പട്ടിക വർഗ്ഗ വിഭാഗത്തിലെ 12.04% വീടുകൾക്ക് വഴിസൗകര്യം ബുദ്ധിമുട്ടുള്ളതായി കാണുന്നു.

എത്തിച്ചേരാൻ മാർഗ്ഗമില്ലാത്ത 21 ഊരുകൾ ഇടുക്കി ജില്ലയിൽ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. നടപ്പാത/ഫുട്സ്റ്റെപ് മാത്രം വഴി സൗകര്യമുള്ള 65 ഊരുകൾ ഉണ്ട്. കലുങ്കിന്റെ/ നടപ്പാലത്തിന്റെ അഭാവത്താൽ എത്തിച്ചേരാൻ കഴിയാത്ത 16 ഊരുകളാണുള്ളത്. എറ്റവുമടുത്ത ബസ് സ്റ്റോപ്പിൽ എത്താൻ 10 കി.മീറ്ററിൽ അധികം ദൂരമുള്ള ഊരുകൾ 41 ആണ്. എറ്റവും അടുത്ത മൺറോഡിൽ എത്താൻ 27 ഊരുകാർക്കും മെറ്റൽ റോഡിലെത്താൻ 28 ഊരുകൾക്കും ടാർറോഡിലെത്താൻ 34 ഊരുനിവാസികൾക്കും 10 കി.മീറ്ററിലധികം സഞ്ചരിക്കേണ്ടതുണ്ട്. സഞ്ചാരയോഗ്യമായ റോഡില്ലാത്ത 112 ഊരുകൾ ഉണ്ട്- 3793 കുടുംബങ്ങൾ. ഇവയിൽ 732 കുടുംബങ്ങൾക്ക് സഞ്ചിരിക്കാൻ പ്രത്യേക വഴിയില്ല. ഊരിന് പുറത്ത് താമസിക്കുന്ന 45 കുടുംബങ്ങൾക്ക് വീട്ടിലെത്താൻ പ്രത്യേക വഴിയില്ല.

ഇടുക്കി ജില്ലയിലെ 111 ഊരുകൾ റിസർവ് വനത്തിനുള്ളിലും 62 ഊരുകൾ റിസർവ് വനത്തിനു സമീപവുമാണ് സ്ഥിതിചെയ്യുന്നത്. ഇവയിൽ 31 ഊരുകൾ അടിമാലി ബ്ലോക്ക് പഞ്ചായത്തിലും 88 ഊരുകൾ ദേവികുളം ബ്ലോക്ക് പഞ്ചായത്തിലുമാണ്. ഏക ട്രൈബൽ

പഞ്ചായത്തായ ഇടമലക്കുടിയിൽ വാഹന സഞ്ചാരയോഗ്യമായ റോഡ് ഇല്ലാ എന്നുതന്നെ പറയാം. മൂന്നാർ പട്ടണത്തിൽ നിന്നും രാജമല-പെട്ടിമുടി വഴി 35 കി.മീ. ദൂരെയുള്ള ഇഡ്ഡലിപ്പാറക്കുടിയിൽ (28 കുടികളിൽ ഒരെണ്ണം) മാത്രമാണ് നിലവിൽ പരിമിതമായ വാഹന സൗകര്യമുള്ളത്. ഇഡ്ഡലിപ്പാറക്കുടിയിൽ നിന്ന് ഭക്ഷ്യവസ്തുക്കളും മറ്റ് അവശ്യസാധനങ്ങളും തലച്ചുമടായാണ് മറ്റു കുടികളിലെത്തിക്കുന്നത്. 18 കി.മീ. വരെ കാൽ നടയായി സഞ്ചരിച്ച് എത്തിപ്പെടേണ്ട കുടികളും ഇക്കൂട്ടത്തിലുണ്ട്.

6.2 പൊതുഗതാഗതം (Public Transportation)

ജില്ലയിലെ പൊതു ഗതാഗത വ്യവസ്ഥയിൽ മുഖ്യം റോഡുകളാണ്. ആകെയുള്ള പ്രതിദിനയാത്രാട്രിപ്പുകളിൽ ഭൂരിഭാഗവും ബസ് മാർഗ്ഗമാണ്. ബസ് യാത്രക്കാരിൽ ഭൂരിഭാഗവും കെ.എസ്.ആർ.ടി.സി. ബസ്സുകളും ശേഷിച്ചവർ സ്വകാര്യ ബസുകളും ഉപയോഗപ്പെടുത്തുന്നു. ജില്ലയിലെ വിവധ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലെ ബസുകളുടെ വിശദാംശങ്ങൾ പട്ടിക 6.12-ൽ കൊടുത്തിരിക്കുന്നു.

ബസ് ഡിപ്പോയുടെ പേര്	ബസുകളുടെ
തൊടുപുഴ	72
മൂലമറ്റം	24
മൂന്നാർ	33
കട്ടപ്പന	32
കുമളി	45
ആകെ	206

പട്ടിക 6.12: ജില്ലയിലെ കെ.എസ്.ആർ.ടി.സി. ബസുകളുടെ കണക്ക്

ജില്ലയിൽ 6 പ്രധാന ബസ് ടെർമിനലുകളാണ് നിലവിലുള്ളത് മൂന്നാർ, അടിമാലി, കട്ടപ്പന, കുമളി, നെടുങ്കണ്ടം, തൊടുപുഴ. മാപ്പ് 6.3-ൽ ആയതു വ്യക്തമാക്കിയിരിക്കുന്നു.ഇടുക്കി ജില്ലയെ സംബന്ധിച്ചിടത്തോളം ഭൂരിഭാഗം ആളുകളും പൊതുഗതാഗതത്തെ ആശ്രയിക്കുന്നതിനാലും നിരവധി ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഉള്ള ജില്ല ആയതിനാലും പ്രധാന സ്ഥലങ്ങൾ കേന്ദ്രീകരിച്ച് നല്ല സൗകര്യങ്ങളോടുകൂടിയ ബസ് ടെർമിനിലുകൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

6.2.1 വാഹനങ്ങളുടെ സ്ഥിതിയും അവയ്ക്ക് പരിസ്ഥിതിയിലുള്ള സ്വാധീനവും

കെ.എസ്.ആർ.ടി.സി. യുടെ ബസുകൾ അധികവും വളരെ പഴക്കം ചെന്നവയാണ്. ജില്ലയിൽ വിവിധ ഡിപ്പോകളിലായി ആകെയുള്ള 206 ബസുകളിൽ അന്തർജില്ലാ സർവ്വീസ് നടത്തുന്നതും ജില്ലയ്ക്കുള്ളിൽ സർവ്വീസ് നടത്തുന്ന പ്രൈവറ്റ് ബസുകളും ഒഴികെ പഴയതും പുതിയതുമായ ബസുകൾ ഒന്നുംതന്നെ യൂറോ I/IIബഹിർഗമന മാനദണ്ഡമുള്ളവയല്ല. സ്വകാര്യ ബസുകൾ കെ.എസ്.ആർ.ടി.സി. ബസുകളേക്കാൾ മെച്ചപ്പെട്ട നിലവാരം പുലർത്തുന്നവയാണ്.

എടുത്തുപറയേണ്ട മറ്റൊരു ഘടകം സ്വകാര്യബസുകൾ 15 വർഷത്തിൽ കൂടുതൽ ഓടിക്കാൻ അനുവദിക്കുന്നില്ലായെന്നതിനാൽ സ്വകാര്യബസ് ഉടമകൾ പുതിയതും മലിനീകരണം കുറഞ്ഞതുമായ വാഹനം വാങ്ങി സർവ്വീസ് നടത്തേണ്ടതായി വരുന്നു.

6.2.2 വാഹന രജിസ്ട്രേഷന്റെ അവസ്ഥ

ചുവടെ ചേർത്തിരിക്കുന്ന പട്ടികയിൽ (പട്ടിക 6.13) ജില്ലയിലെ ആർ.ടി.ഒ കളിൽ 2005, 2010, 2015, 2017(ഭാഗികം) വർഷങ്ങളിലെ വാഹന രജിസ്ട്രേഷന്റെ വിവരങ്ങൾ കാണിക്കുന്നു.

Registration Number under RTO's	Number of Registered Vehicles (2005)			Number of Registered Vehicles (2010)			Number of Registered Vehicles (2015)			Number of Registered Vehicles (2017)		
	Two Wheeler	Three Wheeler	Four Wheeler & Others	Two Wheeler	Three Wheeler	Four Wheeler & Others	Two Wheeler	Three Wheeler	Four Wheeler & Others	Two Wheeler	Three Wheeler	Four Wheeler & Others
KL 06	1683	632	2339	1811	1032	2735	2364	251	1083	2078	193	1116
KL 37	542	1008	1816	1214	1692	2603	227	2136	933	197	2079	1013
KL 38	2768	633	3082	3432	1029	3467	4689	228	2109	4322	190	2344
KL 68	-	-	-	-	-	-	1600	212	697	1620	178	618
KL 69	-	-	-	-	-	-	3031	297	1090	2634	141	1092
Total	4993	2273	7237	6457	3753	8805	11911	3124	5912	10851	2781	6181
G.T	14503			19015			20949			19813		

പട്ടിക 6.13: ഇടുക്കി ജില്ലയിലെ 2005, 2010, 2015, 2017(ഭാഗികം) വർഷങ്ങളിലെ വാഹന രജിസ്ട്രേഷന്റെ കണക്ക്

പൊതുനിരത്തുകളിൽ വർദ്ധിച്ചുവരുന്ന വാഹനങ്ങളുടെ കണക്കാണ് മേൽപട്ടികയിൽ നിന്നും വ്യക്തമാകുന്നത്. ട്രക്കുകളുടെയും ലോറികളുടെയും അവസ്ഥ ഏറെ നിർണ്ണായകമാണ്. അന്തർ ജില്ലാ ചരക്ക് ഗതാഗതത്തിന്റെ 90% വും മൾട്ടി ആക്സിൽ ട്രക്കുകൾ, ട്രക്കുകൾ, ലോറികൾ എന്നിവ മുഖേനയാണ് നടക്കുന്നത്. ശരിയായ രീതിയിൽ അറ്റകുറ്റപ്പണി നടത്താത്ത ഈ വാഹനങ്ങൾ മിക്കപ്പോഴും അമിതഭാരം കയറ്റിയാണ് ഓടുന്നത്. മോട്ടോർ വാഹനവകുപ്പിന്റെ പെർമിറ്റുകളുടെ അടിസ്ഥാനത്തിൽ ഓടിക്കുന്ന ഈ വാഹനങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുവാൻ നിലവിൽ മറ്റ് സർക്കാർ ഏജൻസികൾ ഒന്നും തന്നെയില്ല.

ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന്റെ ഘടന

പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗത്തിന്റെ, ജില്ലാ ഓഫീസ് പൈനാവിലാണ് സ്ഥിതി ചെയ്യുന്നത്. ഈ കാര്യാലയത്തിനു കീഴിൽ നിരത്ത് ഉപവിഭാഗത്തിന്റെ 5 ഓഫീസുകളും 14 സെക്ഷൻ ഓഫീസുകളും ഉണ്ട്. ഇടുക്കി ഡിവിഷന്റെ പരിധിയിൽ സംസ്ഥാന പാതയിൽപ്പെടുന്ന- 932.174 കിലോമീറ്റർ റോഡും 1739.954 കീലോമീറ്റർ പ്രധാന ജില്ലാ റോഡുകളുമാണുള്ളത്.

1. വികസന വിടവുകൾ, ജില്ലാതല ലക്ഷ്യങ്ങൾ, മുൻഗണനകൾ.

ജലമാർഗ്ഗവും ആകാശമാർഗ്ഗവും ഇല്ലാത്തതിനാലും തീവണ്ടിപാതകൾ ഇല്ലാത്തതിനാലും കരമാർഗ്ഗമുള്ള റോഡുകൾ മുഖേന മാത്രമേ ഇടുക്കി ജില്ലയിലേക്ക് എത്തിച്ചേരുവാൻ സാധിക്കുകയുള്ളൂ.

ഇടുക്കി ജില്ലയിലെ കർഷകരുടെ ആവശ്യങ്ങൾക്കും ടൂറിസത്തിന്റെ ഉയർച്ചക്കും നിലവിലുള്ള ഗതാഗത സംവിധാനങ്ങൾ മതിയാകുന്നതല്ല. ടൂറിസവുമായി ബന്ധപ്പെട്ട് ഉണ്ടാകാവുന്ന സഞ്ചാരികളുടേയും, വാഹനങ്ങളുടേയും തിരക്കും, അപകട സാധ്യതകളും ഒഴിവാക്കുന്നതിന് റോഡുകളുടെ നവീകരണവും അറ്റകുറ്റപണികളും അത്യാവശ്യമാണ്. ഉന്നത നിലവാരത്തിലുള്ള ഗതാഗത സംവിധാനം സാധ്യമാക്കുകയാണെങ്കിൽ ടൂറിസം രംഗത്ത് ഇടുക്കി ജില്ലക്ക് വളരെയധികം ഉയർച്ച ഉണ്ടാവുകയും കർഷകരുടെ ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുകയും അവർക്ക് അഭിവൃദ്ധി ഉണ്ടാകുകയും അതിലൂടെ നമ്മുടെ സമ്പദ്ഘടന ഉന്നതിയിലാവുകയും ചെയ്യുന്നതാണ്.

2. സംയോജന ഏകോപന സാധ്യതകൾ.

ഇടുക്കി ജില്ലയിൽ പൊതുമരാമത്ത് വകുപ്പുറോഡുകളുടെ ആകെ നീളം 2672.128 കിലോമീറ്ററും പഞ്ചായത്ത് റോഡുകളുടെ ആകെ നീളം 11711.407 കിലോമീറ്ററുമാണ്. കാർഷിക വികസനവുമായി കൂടുതൽ ബന്ധപ്പെട്ട് കിടക്കുന്നത് പഞ്ചായത്ത് റോഡുകളാണ്. റോഡുകളുടെ നിലവാരത്തകർച്ച കാർഷികോൽപ്പന്നങ്ങളിൽ നിന്നുള്ള വരുമാന കുറവിലേക്കും അതുമൂലം നാടിന്റെ വികസന തകർച്ചയിലേക്കും നയിക്കുന്നതാണ്. അതിനാൽ നിലവിലുള്ള റോഡുകൾ ഉന്നത നിലവാരത്തിലേക്ക് ഉയർത്തേണ്ടത് അത്യാവശ്യമാണ്. ടി പ്രവർത്തനങ്ങൾക്ക് ത്രിതല പഞ്ചായത്തുകളെക്കൂടി ഉൾക്കൊള്ളിച്ചാൽ നന്നായിരിക്കും

3. പരിസ്ഥിതി സൗഹൃദ വികസന പ്രവർത്തനം.

നിലവിലുള്ള റോഡുകൾ ഉന്നത നിലവാരത്തിലേക്കുയർത്തുന്നതിനുവേണ്ടി പരിസ്ഥിതിക്ക് ആഘാതം ഏൽപ്പിക്കാതെയുള്ള നിർമ്മാണ പ്രവർത്തങ്ങൾ അവലംബിക്കാവുന്നതാണ്. പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ സ്ഥലം ഏറ്റെടുക്കൽ കുറച്ചുകൊണ്ടും കാടും മലകളും പരമാവധി സംരക്ഷിച്ചുകൊണ്ടും ഭൂമിയുടെ ഘടന അനുസരിച്ചും റോഡ് വികസനം നടപ്പിലാക്കാൻ ശ്രമിക്കാവുന്നതാണ്.

4. **മേൽത്തട്ട് കീഴ്ത്തട്ട് നിർദ്ദേശങ്ങൾ**.

ഗവൺമെന്റ് തലത്തിൽ ടൂറിസം മേഖലകളിൽ ഊന്നൽ കൊടുത്തുകൊണ്ടുള്ള വികസന പ്രവർത്തനങ്ങൾ അത്യാവശ്യമാണ്. ഇടുക്കി ജില്ലയിലെ ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് കിടക്കുന്ന റോഡുകൾ നവീകരിക്കാൻ പൊതുമരാമത്ത് വകുപ്പിന്റെ ഫണ്ട് അപര്യാപ്തമാണ്. ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ ഫണ്ടുകൂടി ഉപയോഗിച്ച് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടത് അനിവാര്യമാണ്.

5. **പ്രശ്ന പരിഹാര മാർഗ്ഗങ്ങൾ**.

വൈവിധ്യമാർന്ന ഭൂപ്രകൃതിയും ചെങ്കുത്തായ കയറ്റങ്ങളും കൊടും വളവുകളും റോഡിനിരുവശവും വളർന്നുനിൽക്കുന്ന കാടുകളും സുഗമമായ ഗതാഗതത്തിന് ഭീഷണിയാണ്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കാട് വെട്ടിതെളിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും റോഡ് സുരക്ഷക്കാവശ്യമായ ഫണ്ട് ലഭ്യമാകേണ്ടതുമാണ്.

ജില്ലയിൽ ഗ്രാമീണ റോഡുകളുടെ വികസനവും, പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ വരുന്ന സംസ്ഥാന പാതകളുടേയും ജില്ലാ റോഡുകളുടേയും നിലവിലെ അവസ്ഥയിൽ നിന്നും ഉന്നത നിലവാരത്തിലേക്ക് ഉയർത്തേണ്ടതും ആവശ്യമാണ്. ഇതിനുതുകുന്ന രീതിയിൽ പഞ്ചായത്തുകളുടെ പദ്ധതി രൂപീകരണം, പശ്ചാത്തല മേഖലയിൽ റോഡുകളുടെ വികസനത്തിന് ഊന്നൽ കൊടുത്തുകൊണ്ടാവണം. അതുപോലെ തന്നെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കേണ്ടതും അത്യാവശ്യമാണ്.

നിലവിലുള്ള ഗതാഗത സൗകര്യങ്ങളെക്കുറിച്ച് പഠിക്കുന്നതിനും കൂടുതൽ മെച്ചപ്പെട്ടരീതിയിൽ സമഗ്രമായ റോഡുവികസന പദ്ധതി രൂപീകരണത്തിനും അടിയന്തിരമായ ഒരു പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കേണ്ടതും അനിവാര്യമാണ്.

6. **നവീനവും അനുകരണീയവുമായ മാതൃകകൾ.**

സമയബന്ധിതമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തുകയും പൊതുമരാമത്ത് വകുപ്പിനെ കരുത്തുറ്റതാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. വികസന പ്രവർത്തനങ്ങൾക്കുള്ള പണം കണ്ടെത്തുന്നതിന് കിഫ്ബി, ബി. ഒ. റ്റി. സ്കീം, ആനുവിറ്റി സ്കീം, വിദേശ ഫണ്ടിംഗ് ഏജൻസികൾ (ലോക ബാങ്ക്) എന്നീ മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്. ജില്ലയിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള (മൂന്നാർ - രാമക്കൽമേട് - തേക്കടി) റോഡു ശൃഖല വികസിപ്പിക്കുന്നതിന് ബി. ഒ. റ്റി. സംവിധാനം കാര്യക്ഷമമായി നടപ്പിൽ വരുത്താവുന്നതാണ്.

2016-17 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തി 44.29 കോടി രൂപയും ശബരിമല പ്രവൃത്തികളിൽ ഉൾപ്പെടുത്തി 9.56 കോടി രൂപയും കിഫ്ബിയിൽ ഉൾപ്പെടുത്തി 205 കോടി രൂപയും അനുവദിച്ചിരുന്നു.

2016-17 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വർക്കുകൾ പൂർത്തിയാകുമ്പോൾ 76 കി.മീ. റോഡും, 2017-18 സാമ്പത്തിക വർഷത്തെ വർക്കുകൾ പൂർത്തിയാകുമ്പോൾ 24.20 കി.മീ. റോഡും, 2017-18 ലെ പ്രത്യേക ബഡ്ജറ്റ് പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയ വർക്കുകൾ കൂടി പൂർത്തിയാകുമ്പോൾ 180 കിലോമീറ്റർ റോഡും കൂടി ഉന്നത നിലവാരത്തിലേക്ക് ഉയരുന്നതാണ്.

2016-17 ലെ കിഫ്ബി പ്രവൃത്തികളിൽ ഉൾപ്പെടുത്തി 344.50 കി.മീ. റോഡിന്റെയും, 2017-18 ലെ കിഫ്ബി പ്രവൃത്തികളിൽ ഉൾപ്പെടുത്തി 295.54 കി.മീ. റോഡിന്റെയും ഇൻവെസ്റ്റിഗേഷൻ വർക്കുകൾ നടന്ന് വരുന്നു. 2016-17, 2017-18 ലെ കിഫ്ബി കഴിയുമ്പോൾ 640.04 കി. മീ. റോഡും കൂടി ഉന്നതനിലവാരത്തിലേക്ക് ഉയരുന്നതാണ്.

മലയോര ഹൈവേയുടെ റിപ്പോർട്ട്.

മലയോര ഹൈവേയ്ക്ക് 2017-18 ൽ, കിഫ്ബിയിൽ ഉൾപ്പെടുത്തി 3500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന മലയോര ഹൈവേ, ഇടുക്കി ജില്ലയിൽ കുറത്തിക്കുടി,പെരുമ്പൻകുത്ത്, മാങ്കുളം, കല്ലാർ, ഇരുട്ടുകാനം, കുഞ്ചിത്തണ്ണി, രാജാക്കാട്, കുത്തുങ്കൽ തിങ്കൾക്കാട്, മൈലാടുംപാറ, നെടുങ്കണ്ടം, പുളിയൻമല, കട്ടപ്പന, ഏലപ്പാറ, എന്നീ സ്ഥലങ്ങളിൽ കൂടിയാണ് കടന്നു പോകുന്നത്. ഇടുക്കി ജില്ലയിൽ ആകെ നീളം 164 കി.മീ. ആണ്. അതിൽ നാഷണൽ ഹൈവേ ഉൾപ്പെടുന്ന 33 കി.മീ. ഒഴിവാക്കി 131 കിലോമീറ്റർ ഈ ഡിവിഷന്റെ അധീനതയിൽ വരുന്നതാണ്.

(വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.)

സ്കീമിന്റെ പേര് : പി. എം. ജി എസ് വൈ

ഘടകത്തിന്റെ പേര്: പി ഐ യു ഇടുക്കി

ക്രമനമ്പർ	ലഭിച്ച തുക (20172018)		ചെലവഴിച്ച തുക (20172018)	
	കേന്ദ്രവിഹിതം	സംസ്ഥാന വിഹിതം	കേന്ദ്രവിഹിതം	സംസ്ഥാന വിഹിതം
1	220.49 ലക്ഷം	107.40 ലക്ഷം	220.49 ലക്ഷം	107.40 ലക്ഷം

PMGSY പദ്ധതികളുടെ വിശദാംശം അനുബന്ധം മൂന്നിൽ ചേർത്തിരിക്കുന്നു.

ജില്ലാ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ റോഡുകളുടെ വിശദാംശങ്ങൾ.

LENGTH OF RAOD WORKS DONE BY LSGD (EW)

Sl No	District Panchayath	Earthen Road (in km)	Tarred road having width 3 m & above in km)	Concrete road (in km)	Footpath (in km)	Remarks

1	Idukki District Panchayath	410	778.2	202	126	

Sl No	Municipality	Earthen Road(in Km	Tarred road having 3m & above (in km)	Concrete Road (in km)	Footpath (in km)	Remarks
1	Kattappana	88.7	63.75	13.67	7.35	
2	Thodupuzha	4.478	149.66	19.188	35.98	As on 27-10-2017

തപാൽ

ലോകത്തെ ഏറ്റവും വിപുലമായ തപാൽ സംവിധാനമാണ് ഇന്ത്യയിൽ നിലവിലുള്ളത്. 1,55,015 തപാൽ ഓഫീസുകൾ ഈ ശൃംഖലയിൽ ഉൾപ്പെട്ടിരിക്കുന്നതിൽ 89.78 ശതമാനം ഗ്രാമീണ മേഖലയിലും 10.22 ശതമാനം നഗര പ്രദേശങ്ങളിലുമാണ്. കേരളത്തിൽ പ്രവർത്തിക്കുന്ന 5,065 തപാൽ ഓഫീസുകളിൽ 293 എണ്ണം ഇടുക്കി ജില്ലയിലാണ്. അവയിൽ 28 എണ്ണം ഗ്രാമീണ മേഖലയിലും ബാക്കിയുള്ള 9 എണ്ണം നഗര പ്രദേശങ്ങളിലുമാണ് പ്രവർത്തിക്കുന്നത്. 2 ഹെഡ്ഡ് ഓഫീസുകൾക്ക് പുറമെ സബ് ഡിവിഷനിൽ 52 സബ് ഓഫീസുകളും 239 ബ്രാഞ്ച് ഓഫീസുകളുമാണ് ഉള്ളത്. ശരാശരി 14.72 ചതുരശ്ര കിലോ മീറ്ററിൽ ഒരു പോസ്റ്റ് ഓഫീസിന്റെ സേവനം 3741 വ്യക്തികൾക്ക് ജില്ലയിൽ ലഭിക്കുന്നതായാണ് കണക്ക്.

മുൻകാലങ്ങളിൽ പൊതുജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിച്ചിരുന്ന സർക്കാർ സംവിധാനങ്ങളിൽ ഒന്നായിരുന്നു തപാൽ ശൃംഖല എന്നാൽ ടെലിഫോൺ, മൊബൈൽ ഫോൺ തുടങ്ങിയ ആധുനിക സംവിധാനങ്ങളുടെ കടന്നുവരവോടെ തപാൽ സേവനങ്ങളുടെ പ്രാധാന്യം കുറഞ്ഞു തുടങ്ങി. ഇതിനെ മറികടക്കുന്നതിനായി പലതരത്തിലുള്ള നൂതന സേവനങ്ങൾ തപാൽ വകുപ്പിൽ ആരംഭിച്ചു. കമ്പ്യൂട്ടർ വത്കരണവും ഇ-സേവനങ്ങളുടെ ലഭ്യതയുമാണ് അതിൽ പ്രധാനപ്പെട്ട മാറ്റങ്ങൾ. കൂടാതെ പുതുതായ് ആരംഭിച്ച പോസ്റ്റ് ഓഫീസ് സേവിംഗ്സ് ബാങ്കിന്റെ എ.റ്റി.എം. സംവിധാനം ഉൾപ്പെടെയുള്ള സേവനങ്ങൾ ഗ്രാമീണ മേഖലകളിൽ പോലും ലഭ്യമാണ്. ഇ-പെയ്മെന്റ് വഴി ബി.എസ്.എൻ.എൽ ബില്ലുകൾ കൂടാതെ വൈദ്യുത-ജല അതോറിറ്റി ബില്ലുകളും, തിരഞ്ഞെടുക്കപ്പെട്ട സ്കൂൾ യൂണിവേഴ്സിറ്റി ഫീസുകളും, ഇൻഷ്വറൻസ് പ്രീമിയവും അടക്കാവുന്നതാണ്. റെയിൽവെ ടിക്കറ്റ് റിസർവേഷൻ സേവനങ്ങളും പോസ്റ്റ്

ഓഫീസുകളിൽ ഇന്നു ലഭ്യമാണ്. പോസ്റ്റ് ഓഫീസുകളിൽ നൽകുന്ന പരാതികൾ തീർപ്പാക്കുന്നതുവരെയുള്ള വിവിധ ഘട്ടങ്ങൾ ഓൺലൈൻ വഴി അറിയുന്നതിനുള്ള സംവിധാനവും തപാൽ വകുപ്പിൽ ഏർപ്പെടുത്തിയിരിക്കുന്നു.

നാഷണൽ ഇൻഫോർമാറ്റിക് സെന്റർ

ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന നാഷണൽ ഇൻഫോർമാറ്റിക് സെന്റർ ജില്ലയിലെ എല്ലാ വികസന നിർദ്ദേശങ്ങളും നടപ്പിലാക്കുന്നതിനുള്ള സഹായങ്ങൾ നൂതന വിവര സാങ്കേതിക വിദ്യയിലൂടെ സാധ്യമാക്കുന്നു. കൂടാതെ ഉദ്യോഗസ്ഥർക്ക് പരിശീലനവും നൽകുന്നു.

അക്ഷയ ജില്ലാ പ്രോജക്ട്

2007 സെപ്റ്റംബർ മാസത്തിലാണ് ഇടുക്കി ജില്ലയിൽ അക്ഷയയുടെ പ്രവർത്തനം ആരംഭിച്ചത്. സ്വന്തമായി ഓഫീസ് ഇല്ലാത്തതിനാൽ പൈനാവ് പോളിടെക്നിക് കോളേജിനോട് അനുബന്ധിച്ചുള്ള ഫ്രണ്ട് ഓഫീസിൽ താല്ക്കാലികമായി പ്രവർത്തനം ആരംഭിച്ചു. 2007 ഡിസംബർ 7-ാം തീയതി അന്നത്തെ കളക്ടറായിരുന്ന ബഹു. അശോക് കുമാർ സിംഗ്, ഐ.എ.എസ് അക്ഷയയുടെ പുതിയ ഓഫീസ് ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ കെട്ടിടത്തിൽ ഉദ്ഘാടനം ചെയ്തു. 2015 ജൂലൈ മാസം 28-ന് ജില്ലാ പഞ്ചായത്തിന്റെ കെട്ടിടത്തിൽ നിന്നും ഇടുക്കി കളക്ടറേറ്റിന്റെ പുതിയ കെട്ടിടത്തിലേക്ക് അക്ഷയ ജില്ലാ ഓഫീസ് പ്രവർത്തനം ആരംഭിച്ചു.

ഇടുക്കി ജില്ലയിൽ നിലവിൽ 127 അക്ഷയ കേന്ദ്രങ്ങൾ സർക്കാരിന്റെ വിവിധ ശേവനങ്ങൾ കുറ്റമറ്റ രീതിയിൽ പൊതുജനങ്ങൾക്ക് നൽകി വരുന്നു. കൂടാതെ ജില്ലാ കളക്ടറേറ്റിൽ എത്തുന്ന പൊതുജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി കളക്ടറേറ്റ് കേന്ദ്രമാക്കി പുതിയ അക്ഷയ കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. ജില്ലാ കളക്ടറുടെ പൊതുജന സമ്പർക്ക പരിപാടിയിൽ പരാതി സ്വീകരിക്കുന്നത് അക്ഷയയിലൂടെയാണ്.

ആധാർ എൻറോൾമെന്റ്

ഏകീകൃത തിരിച്ചറിയൽ കാർഡായ ആധാർ എൻറോൾമെന്റിനായി 30 പെർമനെന്റ് ആധാർ എൻറോൾമെന്റ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലയിൽ അഞ്ചു വയസിൽ താഴെയുള്ള കുട്ടികളുടെ ആധാർ എൻറോൾമെന്റ് നടത്തുന്നതിന് ഒൻപത് ടാബ്കൾ പ്രവർത്തിക്കുന്നു. 5 വയസിൽ താഴെയുള്ള കുട്ടികളിൽ 88% പേർക്കും ആധാർ ലഭ്യമായിട്ടുണ്ട്. ഐ.സി.ഡി.എസ് ഡിപ്പാർട്ട്മെന്റുമായി ചേർന്ന് ജില്ലയിൽ ഉടനീളം ചൈൽഡ് എൻറോൾമെന്റ് ക്യാമ്പുകൾ നടത്തിവരുന്നു. അക്ഷയ സംരംഭകർ ഇടമലക്കുടിയിൽ ആധാർ എൻറോൾമെന്റ് ക്യാമ്പുകൾ നടത്തി 100% ആധാർ പ്രഖ്യാപനം നടത്തുന്നതിന് സഹായിച്ചു. ശയ്യാവലംബരായവർക്കും മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കും ഗവൺമെന്റിൽ നിന്നും ലഭിക്കേണ്ട സാമ്പത്തിക സഹായങ്ങളും, പെൻഷനും ലഭ്യമാകുന്നതിന് ആധാർ നമ്പർ ആവശ്യമാകയാൽ ആയതിന്

വേണ്ടി മൊബൈൽ എൻറോൾമെന്റ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. ഇടുക്കി ജില്ലയിൽ സബ് ജെയിൽ, വൃദ്ധസദനങ്ങൾ, പാലിയേറ്റീവ് തുടങ്ങിയവ കേന്ദ്രീകരിച്ച് ആധാർ എൻറോൾമെന്റ് നടത്തുന്നു. കൂടാതെ കിടപ്പുരോഗികളുടെ വിവങ്ങൾ അറിയിക്കുന്ന മുറയ്ക്ക് ടി വ്യക്തികളുടെ ആധാർ എൻറോൾമെന്റും നടത്തുന്നു. തൻമൂലം ഇടുക്കി ജില്ലയിൽ 100 ശതമാനം ആധാർ എൻറോൾമെന്റ് നടത്തുവാൻ സാധിച്ചു.

കിയോസ്ക് ബാങ്ക്

ഇടുക്കി ജില്ലയുടെ പ്രത്യേക ഭൂപ്രകൃതി അനുസരിച്ച് പൊതുജനങ്ങൾക്ക് പണമിടപാടിന് വേണ്ടി ബാങ്കുകളെ ആശ്രയിക്കുന്നതിൽ അനുഭവപ്പെട്ടിരുന്ന ബുദ്ധിമുട്ട് അക്ഷയ കേന്ദ്രങ്ങളിൽ കിയോസ് ബാങ്ക് സേവനം ലഭ്യമായതോടുകൂടി പരിഹരിക്കുവാൻ കഴിഞ്ഞു. ജില്ലയിൽ 33 അക്ഷയ കേന്ദ്രങ്ങളിൽ കിയോസ് ബാങ്ക് നല്ല രീതിയിൽ പ്രവർത്തിക്കുവാൻ കഴിഞ്ഞു. ഇതിൽ ഏറ്റവും പ്രധാനം കേരളത്തിലെ ഏക ഗോത്ര വർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയിൽ വരെ കിയോസ് ബാങ്ക് സേവനം ലഭ്യമാക്കാൻ അക്ഷയയ്ക്ക് കഴിഞ്ഞു എന്നതാണ്.

ജനന ദിവസം തന്നെ നവജാത ശിശിക്കൾക്കുള്ള ആധാർ എൻറോൾമെന്റിന് സംസ്ഥാനത്ത് ആദ്യമായി ഇടുക്കി ജില്ലയിൽ തുടക്കം കുറിച്ചു.

ഇടമലക്കുടി അക്ഷയ

കേരളത്തിലെ ഇതര അക്ഷയ കേന്ദ്രങ്ങളിൽ നിന്നും വിഭിന്നമായി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടത്തുന്ന കേരളത്തിലെ ഏക അക്ഷയ സംരംഭമാണ് ഇടമലക്കുടിയിൽ ആരംഭിച്ചത്. ഇടമലക്കുടിയിൽ ഇന്റർനെറ്റ് കണക്ടിവിറ്റി, ഡിജിറ്റൽ സേവനങ്ങൾ എത്തിക്കാൻ കഴിഞ്ഞതോടെ കേരളം ആദ്യത്തെ ഡിജിറ്റൽ സംസ്ഥാനം ആയി മാറി.

അക്ഷയ ജ്വാല

ജില്ലയിലെ സാധാരണക്കാരായ അഭ്യസ്ത വിദ്യരായ സ്ത്രീകൾക്ക് നെതൃത്വ പരിശീലനവും സംരംഭകത്വ വികസന പരിശീലനവും നൽകി സാമൂഹിക സാമ്പത്തിക ഉന്നമനവും പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും വേണ്ടി പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ജില്ലാ ആസൂത്രണ വിഭാഗവും അക്ഷയ ജില്ലാ പദ്ധതിയും സംയുക്തമായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് അക്ഷയ ജ്വാല.

അക്ഷയ ജ്യോതി

ജില്ലയിലെ സാധാരണക്കാരായ 18 നും 45 നും മധ്യേ പ്രായമുള്ള 10-ാം ക്ലാസ് വിദ്യാഭ്യാസം പൂർത്തിയാക്കിയ സ്ത്രീകൾക്ക് വിവരസാങ്കേതിക വിദ്യാ പരിശീലനവും നേതൃത്വ പരിശീലനവും നൽകി സാമൂഹിക സാമ്പത്തിക ഉന്നമനം നൽകുന്നതിനു വേണ്ടി ജില്ലാ പ്ലാനിംഗ് ഓഫീസ്, ജില്ലാ ഓഫീസ് അക്ഷയ, ജില്ലാ പഞ്ചായത്ത്, ഗ്രാമ

പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് അക്ഷയജ്യോതി പ്രൊജക്ട്. ടി പദ്ധതി വഴി 1816 ഗുണഭോക്താക്കൾക്ക് പരിശീലനം നൽകാൻ സാധിച്ചു.

നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ

അക്ഷയ വിദ്യ

ജില്ലയിലെ എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെടുന്ന 18 നും 45 നും ഇടയിൽ പ്രായമുള്ള ആളുകൾക്ക് സൗജന്യ കംപ്യൂട്ടർ പരിശീലനം നൽകുന്ന പദ്ധതിയാണിത്. ഈ പ്രോജക്ട് അംഗീകാരത്തിന് വേണ്ടി ഐ.റ്റി.ഡി.പി യിൽ സമർപ്പിച്ചിരിക്കുകയാണ്.

സ്ഥിരം ആധാർ എൻറോൾമെന്റ് കേന്ദ്രം

ഇടമലക്കുടിയിൽ സ്ഥിരം ആധാർ എൻറോൾമെന്റ് കേന്ദ്രം തുടങ്ങുന്നതിന് വേണ്ടിയുള്ള പ്രോജക്ട്. അംഗീകാരത്തിന് വേണ്ടി ഐ.റ്റി.ഡി.പി യിൽ സമർപ്പിച്ചിരിക്കുകയാണ്.

നൂതന കംപ്യൂട്ടർ പരിശീലനം

ഇ-സാക്ഷരത, കറൻസി രഹിത പണമിടപാട്, വ്യക്തിത്വ വികസന പരിശീലന ക്ലാസ് തുടങ്ങിയ പാഠ്യ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള കംപ്യൂട്ടർ പരിശീലനം മോഡൽ റസിഡൻഷ്യൽ സ്കൂൾ, പ്രീ-മെട്രിക് ഹോസ്റ്റൽ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതി. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ പൈനാവ് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ആരംഭിക്കും. അതിനുശേഷം ടി പാഠ്യ പദ്ധതി എല്ലാ പ്രീ-മെട്രിക് ഹോസ്റ്റലുകളിലും നടപ്പിലാക്കുന്ന പദ്ധതി പുരോഗമിക്കുന്നു.

Ente-Health

ഒരു കൂട്ടം ഡോക്ടർമാരുടെ നേതൃത്വത്തിൽ Calpine Group Info park Cochi വികസിപ്പിച്ചെടുത്ത ഒരു ഓൺലൈൻ ടെലിമെഡിസിൻ അക്ഷയയിലൂടെ നടപ്പിലാക്കുന്നത് വഴി പൊതുജനങ്ങൾക്ക് മറ്റ് ജില്ലകളിലെ വിദഗ്ദ ഡോക്ടർമാരുമായി ആശയ വിനിമയം നടത്തി സംശയ നിവാരണം നടത്തുന്ന പദ്ധതിയാണ്. ടി പ്രോജക്ട് അംഗീകാരത്തിനുവേണ്ടി KSITM -ൽ സമർപ്പിച്ചിരിക്കുകയാണ്. അനുമതി കിട്ടുന്ന മുറയ്ക്ക് ടി സേവനം അക്ഷയയിലൂടെ ലഭ്യമാകുന്നതാണ്.

Telemedicine

Sree Chithra Tirual Institute for Medical Science and Technology യുടെ നേതൃത്വത്തിൽ അടിമാലി കേന്ദ്രീകരിച്ച് നടത്തുന്ന പദ്ധതി. നിലവിൽ Sree Chithra

medical hospital-ൽ ചികിത്സ നേടുന്ന രോഗിക്കാണ് ഈ സേവനം ലഭ്യമാക്കുന്നത്. അടിമാലിയിൽ ആണ് ടി ആശുപത്രിയിൽ ചികിത്സ തേടുന്ന കൂടുതൽ രോഗികൾ ഉള്ളത് എന്ന ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് പ്രാകരമാണ് ടി സ്ഥലം ടെലിമെഡിസിന് വേണ്ടി തിരഞ്ഞെടുത്തത്.

ഇ-ഡിസ്ട്രിക്ട്

ജില്ലയിൽ ഇ-ഡിസ്ട്രിക്ട് പദ്ധതിയിൽ quality- യിൽ ഇടുക്കി മുമ്പിലാണ്. വില്ലേജ് ഓഫീസറുടെയും അക്ഷയ സംരംഭകരുടെയും കൂട്ടായ പ്രവർത്തനമാണ് ഈ പദ്ധതിയുടെ വിജയത്തിന് സാധിച്ചത്. ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാ ഇ-ഗവേൺസ് സൊസൈറ്റിയുടെ എല്ലാ മാസവും നടക്കുന്ന മീറ്റിംഗിൽ ജില്ലാ പ്രോജക്ട് മാനേജർ റിപ്പോർട്ട് അവതരിപ്പിക്കുന്നുണ്ട്.

ഇ-ഓഫീസ്

ജില്ലയിലെ മുഴുവൻ റവന്യൂ ഓഫീസുകളെയും പേപ്പർരഹിത ഓഫീസുകളാക്കി മാറ്റുന്നതിനുള്ള ഇ-ഓഫീസ് പദ്ധതി 2018 ഡിസംബർ 31 നകം പൂർത്തികരിക്കും. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ സിവിൽ സ്റ്റേഷൻ, ദേവികുളം ആർ.ഡി.ഒ ഓഫീസുകളിൽ ടി പദ്ധതി വിജയകരമായി നടപ്പിലാക്കി.

കറൻസി രഹിത ഇടപാടുകൾ

ഇന്ത്യയിലെ മുഴുവൻ വില്ലേജുകളും കറൻസി രഹിത വില്ലേജുകളാക്കുന്നതിന്റെ ഭാഗമായി സി.എസ്.സി നടപ്പിലാക്കിവരുന്ന ഡിജിറ്റൽ ഫിനാൻഷ്യൽ ലിറ്ററസി പദ്ധതിയിൽ 2016 ഡിസംബർ 31 ന് ജില്ലയിലെ 31 വില്ലേജുകൾ കറൻസി രഹിത വില്ലേജുകളായി മാറി. 17-12-2016-ൽ സി.എസ്.സി അക്ഷയ സംരംഭകർക്ക് പരിശീലനം നൽകുകയും തുടർന്ന് വ്യക്തികളെയും വ്യാപാരികളെയും പദ്ധതിയിൽ പങ്കാളികളാക്കുകയും ചെയ്തു. ഒരു കുടുംബത്തിൽ ഒരാളെങ്കിലും കറൻസിരഹിത ഇടപാടിന് പ്രാപ്തനാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കോമൺ സർവ്വീസ് സെന്ററുകളായി പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രത്തിൽ ആധാർ നമ്പറും മൊബൈൽ ഫോണും ഉപയോഗിച്ചാണ് ഉപഭോക്താക്കൾ രജിസ്ട്രേഷൻ നടത്തിയത്. ഇ-ലിറ്ററസി പോലെ ഡിജിറ്റൽ ഫിനാൻഷ്യൽ ലിറ്ററസിയും ജനങ്ങളിൽ എത്തിക്കുവാൻ അക്ഷയ സംരംഭകരുള നേതൃത്വത്തിൽ വിവിധ പരിശീലന പരിപാടികൾ ജില്ലയിൽ വൻ വിജയമായിരുന്നു. സംസ്ഥാനത്ത് ഡിജിറ്റൽ ഫിനാൻഷ്യൽ ലിറ്ററസി രജിസ്ട്രേഷനിൽ ഇടുക്കി ജില്ലയ്ക്ക് രണ്ടാം സ്ഥാനം ലഭിച്ചു.

FREE WIFI HOTSPOT

ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട 150 ലൊക്കേഷനുകളിൽ സൗജന്യ സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 35 ലൊക്കേഷനുകളിൽ ഫെബ്രുവരി ആദ്യവാരത്തിനുള്ളിൽ പൊതുജനങ്ങൾക്ക് സേവനം ലഭ്യമായി തുടങ്ങും. അടുത്ത ഒരു വർഷത്തിനുള്ളിൽ തെരഞ്ഞെടുത്ത ലൊക്കേഷനുകളിൽ ഈ സേവനം വ്യാപിപ്പിക്കുന്നതാണ്.

BSNL 4G രാജ്യത്ത് ആദ്യമായി ഉടുമ്പൻചോലയിൽ

പരീക്ഷണാടിസ്ഥാനത്തിലുള്ള ബി.എസ്.എൻ.എൽ 4G സേവനം രാജ്യത്ത് ആദ്യമായി ഇടുക്കി ജില്ലയിലെ ഉടുമ്പൻചോലയിൽ നടപ്പാക്കും. മേഖലയിലെ 5 ടവറുകൾ 4G അപ്ഗ്രഡേഷൻ നടത്തി പദ്ധതി നടപ്പിലാക്കാനാണ് ബി.എസ്.എൻ.എൽ ലക്ഷ്യമിടുന്നത്.

DIGITALISATION OF PATTAYAM FILES

താലൂക്ക് ഓഫീസ് കേന്ദ്രീകരിച്ച് നിലവിലെ ഏകദേശം 1.5 ലക്ഷം പട്ടയം ഫയൽ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുക എന്നതാണ് ടി പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിന് ഫണ്ട് നിലവിൽ ലഭ്യമല്ല. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ടി പദ്ധതി ജില്ലയിൽ ആരംഭിക്കുന്നതാണ്. ഇടുക്കി ജില്ലയിൽ ടി പദ്ധതിയുടെ പ്രാധാന്യം വളരെ വലുതാണ്.

ഹാം റേഡിയോ

പ്രകൃതി ദുരന്തങ്ങളിലും അടിയന്തിര സാഹചര്യങ്ങളിലും ജില്ലയിൽ പ്രവർത്തിക്കുന്ന 1.5 വാട്ട് ശേഷിയുള്ള ഹാം റേഡിയോ സംവിധാനം സഹായങ്ങൾ നൽകുന്നു.

4.3.3. വിനോദ സഞ്ചാരം

കേരളത്തിന്റെ സമ്പദ്വ്യവസ്ഥയെ ചലനാത്മകമാക്കാനും സാമൂഹിക- സാമ്പത്തിക വികസനത്തിൽ ജില്ലയെ പരിപോഷിപ്പിക്കുവാനും കഴിയുന്ന മേഖലകളിലൊന്നായാണ് വിനോദ സഞ്ചാരം പരിഗണിക്കപ്പെടുന്നത്. പശ്ചിമഘട്ട പ്രദേശമായ ഇടുക്കി ജില്ല തുലനം ചെയ്യാനാവാത്ത സ്വാഭാവിക വൈവിദ്ധ്യം കൊണ്ട് അനുഗൃഹീതമാണ്. വിനോദ സഞ്ചാരത്തെ സംബന്ധിച്ചിടത്തോളം അളവറ്റ സാദ്ധ്യതകൾ ഇടുക്കി ജില്ലക്കുണ്ട്.

വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന സ്ഥാനങ്ങൾ

ചലനാത്മക പ്രകൃതി ദൃശ്യങ്ങളാണ് ഇടുക്കി ജില്ലയുടെ വിനോദ സഞ്ചാരാകർഷണം. കേരളത്തിൽ ലഭിക്കുന്ന എല്ലാ വിനോദ സഞ്ചാരോൽപന്നങ്ങളുടെയും പ്രാതിനിധ്യം ഇടുക്കി ജില്ലയ്ക്കുണ്ട്. പ്രകൃതിയെ ആശ്രയിക്കുന്ന ടൂറിസം, പൈതൃക ടൂറിസം, സാഹസീക ടൂറിസം, സാംസ്കാരിക ടൂറിസം, തീർത്ഥാടന കേന്ദ്ര ടൂറിസം, ജലാശയ ടൂറിസം തുടങ്ങിയ എല്ലാ വിധ വിനോദ സഞ്ചാര മേഖലകളുടേയും ശക്തമായ അടിത്തറ ഇവിടെയുള്ളതിനാൽ വളരെ ഏറെ വികസന സാദ്ധ്യത ഇടുക്കിക്കുണ്ട്.

പ്രകൃതിയെ അടിസ്ഥാനമാക്കുന്ന വിനോദ സഞ്ചാരം

വിനോദ സഞ്ചാര വ്യവസായം പ്രകൃതി ഭംഗിയെ ഏറ്റവും അധികം ആകർഷിക്കുന്നുണ്ട്. വിനോദ സഞ്ചാര വികസനത്തിൽ പ്രകൃതിഭംഗിക്ക് വലിയ പങ്കാണുള്ളത്. ജലാശയങ്ങൾ, ഡാമുകൾ, നദികൾ, വെള്ളച്ചാട്ടങ്ങൾ, വന്യ ജീവികൾ മലനിരകൾ, ഇടതൂർന്ന വനങ്ങൾ, തേയിലക്കാടുകൾ, ഏലക്കാടുകൾ തുടങ്ങിയവയുടെ സമൃദ്ധമായ മനോഹാരിതയാൽ അനുഗൃഹീതമാണ് ഇടുക്കി ജില്ല. ഉഷ്ണ മേഖലയിലെ ഈർപ്പം നിറഞ്ഞ കാലാവസ്ഥയ്ക്കും, വേനൽ കാലത്തെ ഇളം ചൂടും, വർഷക്കാലത്തെ സമൃദ്ധമായ മഴയും, നവംബർ ഡിസംബർ മാസങ്ങളിലെ മഞ്ഞും തണുപ്പും അനുഭവപ്പെടുന്ന കാലാവസ്ഥ ഇവിടെ അനുഭവപ്പെടുന്നു. ഇടുക്കി ജില്ലയിലെ പ്രകൃതിയെ അടിസ്ഥാനമാക്കിയുള്ള വിനോദ സഞ്ചാര മേഖലകൾ.

ഇടുക്കി ജില്ലയുടെ നിത്യ ഹരിതമായ വനപ്രദേശങ്ങൾ വിവിധങ്ങളായ അസംഖ്യം സസ്യ ജന്തുജാലങ്ങളുടെ നിലനിൽപ്പിന് സഹായകമാകുന്നുണ്ട്. പെരിയാർ ഈസ്റ്റ്, പെരിയാർ വെസ്റ്റ്, ഇടുക്കി, മൂന്നാർ വൈൽഡ് ലൈഫ് എന്നീ വനം ഡിവിഷനുകളിൽപ്പെടുന്നു.കൂടാതെ ചെറുതും വലുതുമായ ഡാമുകളുടെ എണ്ണം കൊണ്ട് മുൻപന്തിയിൽ നിൽകുന്ന ജില്ലയാണ് ഇടുക്കി. ആയതിനാൽതന്നെ ജലാശയങ്ങൾ ധാരാളമുള്ള ജില്ല കൂടിയാണ് ഇടുക്കി. ഇത് വിനോദ സഞ്ചാര വികസനത്തിൽ വളരെയേറെ ആകർഷണം ഉണ്ടാക്കുന്നു. മൂന്നാർ മേഖലയിലെ ആറ്റുകാൽ, നൈമക്കാട്, ലക്കം, തൂവാനം, വണ്ണപ്പുറം ഭാഗത്തെ തൊമ്മൻകുത്ത്, പീരുമേട് ഭാഗത്തെ വളഞ്ഞങ്ങാനം എന്നീ പ്രധാന വെള്ളച്ചാട്ടപ്രദേശങ്ങൾ വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന പ്രദേശങ്ങളാണ്.

പൈതൃക ടൂറിസം

ശ്രദ്ധേയമായ അനേകം പൈതൃക സ്ഥാനങ്ങളാലും അനുഗൃഹീതമാണ് ഇടുക്കി ജില്ല. മഹാശിലായുഗത്തെ എഴുത്തറകളും മുനിയറകളും കേരളത്തിലെ ഏക ആദിവാസി രാജഭരണ ആസ്ഥാനമായ കോഴിമല രാജാവിന്റെ ആസ്ഥാനം, കുടയത്തൂർ മേഖലയിലെ ഇലവീഴാ പൂഞ്ചിറ, പീരുമേട്ടിലെ പീർ മുഹമ്മദിന്റെ കബർസ്ഥാൻ, വാഗമണ്ണിലെ തിരുവിതാംകൂർ രാജാവിന്റെ ഒഴിവുകാല വിശ്രമ ആസ്ഥാനമായ പീരുമേട്ടിലെ അമ്മച്ചി കൊട്ടാരം തുടങ്ങിയവ വിനോദ സഞ്ചാരികളുടെ ആകർഷണീയ കേന്ദ്രങ്ങളാണ്.

ഇടുക്കിയുടെ തനതായ ഫോക്ക് ആദിവാസി നൃത്തം പ്രത്യേക പരിശീലനം ലഭിച്ച ആദിവാസികൾ ചേർന്ന് ചെയ്യുന്നു. സാധാരണ ആദിവാസി ക്ഷേത്രങ്ങളിലും, അവരുടെ വിളവെടുപ്പുൽസവങ്ങളിലും ഇത്തരത്തിൽ ആദിവാസി നൃത്തം നടത്തപ്പെടുന്നു. അപ്രകാരം വിളവെടുപ്പുൽസവത്തിന് ആദിവാസിക്കൂത്ത് എന്ന ഒരു ചടങ്ങ് നടത്താറുണ്ട്.കട്ടപ്പനയിലെ കാഞ്ചിയാറിനടുത്തായിട്ടാണ് ആദിവാസി രാജഭരണ കേന്ദ്രമായ കോഴിമല ആദിവാസി രാജഭരണ കേന്ദ്ര ആസ്ഥാനം. കേരളത്തിലെ ഒരേഒരു ആദിവാസി രാജാവായ രാജമന്നാനാണ് അവരുടെ ഭരണാധികാരി.

ഹെറിറ്റേജ് കൾച്ചറൽ ടൂറിസം

ഇടുക്കി ജില്ലയിൽ അതിപുരാതനങ്ങളായ ക്ഷേത്രങ്ങൾ നിലനിന്നിരുന്നു. തേക്കടിയിലെ മംഗളാദേവി ക്ഷേത്രം അതിലൊന്നാണ്. സമുദ്ര നിരപ്പിൽ നിന്ന് ഏകദേശം 1337 മീ. ഉയരത്തിൽ മലയുടെ നെറുകയിൽ മരക്കൂട്ടങ്ങൾക്കിടയിലാണ് ഈ ക്ഷേത്രം സ്ഥിതിചെയ്യുന്നത്. ഏകദേശം 2000 വർഷത്തിൽ കൂടുതൽ പഴക്കമുള്ളതും തനി കേരളതനിമയുള്ള ശില്പ ഭംഗിയിൽ നിർമ്മിച്ചിരിക്കുന്നതുമാണ്. ഇപ്പോൾ ഈ ക്ഷേത്രം തകർന്ന നിലയിലാണ്. കൊല്ലവർഷം മേടമാസത്തിലെ ചിത്രാ പൗർണ്ണമി ദിവസമാണ് ഇവിടുത്തെ ഉൽസവം. ആദിവസം മാത്രമേ സന്ദർശർക്ക് പ്രവേശനം അനുവദിക്കുകയുള്ളൂ.

വിനോദ സഞ്ചാര ആകർഷണം

ഇടുക്കി ജില്ലയിലെ ഭൂമിയുടെ പ്രത്യേകത തന്നെയാണ് ജില്ലയുടെ വിനോദ സഞ്ചാര ആകർഷണം. അടിസ്ഥാനപരമായ പ്രധാന വിനോദ സഞ്ചാര മേഖലകൾ പ്രകൃതിരമണീയത, ഹെറിറ്റേജ് ടൂറിസ്സം, കൾച്ചറൽ ടൂറിസം, പിൽഗ്രിം ടൂറിസം എന്നിവയാണ്.

നേച്ചർ ബെയ്സസ് ടൂറിസം

ജില്ലയുടെ ഓരോ പ്രദേശത്തിന്റെയും പ്രകൃതിഭംഗിയാണ് ജില്ലയിലെ ടൂറിസം മേഖലയുടെ ഏറ്റവും പ്രധാന്യവുമായ ആകർഷണീയത. വന്യമൃഗങ്ങൾ, ഹിൽ സ്റ്റേഷൻസ്, ഡാമുകൾ തുടങ്ങിയവ കൂടാതെ ചില വിനോദ സഞ്ചാര സ്പോട്ടുകൾ ഇതോടൊപ്പം ചേർക്കുന്നു.

തീർത്ഥാടന വിനോദ സഞ്ചാരം

ഇടുക്കി ജില്ലയിൽ ധാരാളം തീർത്ഥാടന ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഉണ്ട്. പ്രധാന ക്രിസ്ത്യൻ തീർത്ഥാടന കേന്ദ്രങ്ങളായ പട്ടുമല വേളാങ്കണ്ണി മാതാ പള്ളി, കാൽവരി മൗണ്ട്, തുമ്പിച്ചിമല, വാഗമൺ കുരിശുമല, സ്പ്രിംഗ് വാലി കുരിശുമല, മുതലക്കോടം സെന്റ് ജോർജ്ജ് പള്ളി, മുസ്ലീം തീർത്ഥാടന കേന്ദ്രങ്ങളായ വാഗമണ്ണിലെ തങ്ങൾ പാറ, കാരിക്കോട്ടെ നൈനാരു പള്ളി ഹിന്ദു തീർത്ഥാടന കേന്ദ്രങ്ങളായ തൊടുപുഴയിലെ ശ്രീകൃഷ്ണ സ്വാമീ ക്ഷേത്രം, തെങ്കാശിനാഥൻ ഗുഹാ ക്ഷേത്രം തുടങ്ങിയവ ഇതിൽ പ്രധാനപ്പെട്ടവയാണ്.

തൊടുപുഴ ശ്രീകൃഷ്ണ സ്വാമീ ക്ഷേത്രം

തൊടുപുഴ ടൗണിന്റെ ഹൃദയ ഭാഗത്തായി ഈ ക്ഷേത്രം സ്ഥിതിചെയ്യുന്നു. ഒരു വർഷത്തിൽ 10 ദിവസം ഇവിടുത്തെ ഉത്സവം നടക്കുന്നു. പ്രധാന ഉത്സവ ആഘോഷ പരിപാടികൾ ചാക്യാർ കൂത്ത്, കഥകളി, സംഗീത കച്ചേരി എന്നിവയാണ്.

തെങ്കാശിനാഥൻ ഗുഹാക്ഷേത്രം

മറയൂർ- കോവിൽകടവിലെ തെങ്കാശിനാഥൻ ഗുഹാക്ഷേത്രം വളരെ പുരാതനവും, തമിഴ് വൈശജരായ അനവധി ആളുകൾ ദർശനം നടത്തുന്ന ഒരു ക്ഷേത്രവുമാണ്. ഇടുക്കി വള്ളക്കടവ് വനം റേഞ്ചിൽപ്പെട്ട പുല്ലുമേട് പരുന്തുംപാറ, കോലാഹലമേട് എന്നീ സ്ഥലങ്ങൾ ശബരിമല ക്ഷേത്ര തീർത്ഥാടനവുമായി ബന്ധപ്പെട്ട് മകരവിളക്ക് ദർശനം നടത്തുന്നതിനുവേണ്ടി ധാരാളം ഭക്തജനങ്ങളും വിനോദ സഞ്ചാരികളും വിവിധ സംസ്ഥാനങ്ങളിൽ നിന്നും ദേശങ്ങളിൽനിന്നും എത്തിച്ചേരുന്ന സ്ഥലങ്ങളാണ്.

ജലാശയ വിനോദ സഞ്ചാരം

ഇടുക്കി ജില്ലയെ സംബന്ധിച്ച് ജലാശയ വിനോദ സഞ്ചാരത്തിന് വളരെയേറെ പ്രസക്തിയുണ്ട്. അനവധി ഡാമുകളാൽ സമ്പുഷ്ടമാണ് ഇടുക്കി ജില്ല. ആയതിനാൽ വിവധ ഡാമുകളാൽ തടയപ്പെട്ടിരിക്കുന്ന ജലാശയങ്ങളിൽ വിനോദ സഞ്ചാരികൾക്ക് ദീർഘവും ഹ്രസ്വവുമായ ബോട്ടുയാത്രകൾ നടത്തുന്നതിന് ഈ സൗകര്യം മെച്ചപ്പെടുത്തുകയാണെങ്കിൽ ആയത് പ്രയോജനപ്പെടുത്തുവാൻ ധാരാളം വിനോദസഞ്ചാരികൾ ജില്ലയിലേക്ക് വരും. മുല്ലപ്പെരിയാർ, ഇടുക്കി ജലാശയം, മാട്ടുപ്പെട്ടി, കുണ്ടള, പൊൻമുടി, ചെങ്കുളം, മലങ്കര തുടങ്ങിയ ജലാശയങ്ങൾ ഈ വിധം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടാതെ കുളമാവ് ഡാമിന്റെ സമീപത്തുനിന്നും കാഞ്ചിയാർ പഞ്ചായത്തിലെ അഞ്ചുരുളിയിലേക്ക് ബോട്ടു മാർഗ്ഗം സഞ്ചരിക്കുകയാണെങ്കിൽ ഏകദേശം 70 കി.മീ. ദൂരം ഒരു മണിക്കൂർ കൊണ്ട് ഏത്തിച്ചേരാവുന്നതും, ഈ യാത്രയിൽ ജലാശയത്തിന്റെ ഇരുകരകളിലും ഉള്ള പ്രകൃതി രമണീയത കണ്ട് ആസ്വദിച്ച് സഞ്ചാരികൾക്ക് കുളമാവിൽ നിന്നും കുറഞ്ഞ സമയം കൊണ്ട് അഞ്ചുരുളിഭാഗത്ത് എത്തിച്ചേരുവാൻ കഴിയുന്നതുമാണ്.

ഇടുക്കി മേഖലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങൾ

ഇടുക്കി ആർച്ച് ഡാം:-ലോകത്തെ രണ്ടാമത്തേതും, എഷ്യയിലെ ആദ്യത്തേതുമാണ്. കുറവൻ, കുറത്തി എന്നീ രണ്ടു മലകളെ ബന്ധിപ്പിച്ചാണ് ഇടുക്കി ആർച്ച് ഡാം നിർമ്മിച്ചിരിക്കുന്നത്. ഇടുക്കി ജലാശയം രൂപപ്പെട്ടിരിക്കുന്നത് ഇടുക്കി ആർച്ച് ഡാം, ചെറുതോണി, കുളമാവ് എന്നീ മൂന്ന് ഡൂമുകൾക്കിടയിലാണ്.

ഇടുക്കി വൈൽഡ് ലൈഫ് സാഞ്ചുറി:- ഇടുക്കി ആർച്ച് ഡാം പ്രദേശത്തിന് മുകൾ ഭാഗത്ത് ഏകദേശം 77 ച.കി.മീ. വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന പെരിയാറിനും ചെറുതോണിക്കും ഇടയിൽ വരുന്ന വനപ്രദേശമാണ്.

ചെറുതോണി ഡാം:- ആർച്ച് ഡാമിന്റെയും, ജലാശയത്തിന്റെയും ദൂരക്കാഴ്ചകൾ ദൃശ്യമാകുന്നു.

നാടുകാണി:- രണ്ടു നിലയുള്ള ഒരു പവലിയൻ ഇവിടെ നിർമ്മിച്ചിരിക്കുന്നു. വളരെ മനോഹരമായ പ്രകൃതി ഭംഗി, ദൂരെ കാണുന്ന മലനിരകളുടെ ദൃശ്യഭംഗി, സമീപപ്രദേശങ്ങളുടെ ദൂരക്കാഴ്ച എന്നിവ കാണുവാൻ കഴിയുന്നു.

കുളമാവ്:-ജലാശയക്കാഴ്ച, വനത്തിലൂടെയുള്ള ട്രക്കിംഗ്, വന്യ മൃഗങ്ങൾ തുടങ്ങിയവ കാണുവാൻ കഴിയുന്നു.

പൈനാവ്:- ഹരിത വനങ്ങൾ, വനത്തിലൂടെയുള്ള ട്രക്കിംഗ്, ദൂരെയുള്ള മലനിരകളുടെ ആകാശ കാഴ്ച എന്നിവ ദൃശ്യമാകുന്നു.

കല്യാണത്തണ്ട്:-കാനന ദൃശ്യം, ജലാശയത്തിന്റെ ദൂരകാഴ്ച, മലനിരകളുടെ ദൂരക്കാഴ്ച എന്നിവ കാണുവാൻ കഴിയുന്നു. ഇതോടൊപ്പം ട്രക്കിംഗ്, മൗണ്ടനിംഗ് എന്നിവ നടത്തുവാൻ സാധിക്കുന്നു.

അഞ്ചുരുളി:-ജലാശയത്തിലൂടെ ബോട്ടു സവാരി നടത്തുവാൻ സൗകര്യം, കൂടാതെ ഈ പ്രദേശം നിത്യഹരിത വനങ്ങളാൽ നിറഞ്ഞു നിൽക്കുന്നു. കൂടാതെ ട്രക്കിംഗ് നടത്തുവാൻ സൗകര്യമുള്ള സ്ഥലം.

പാൽക്കുളമേട്:- വർഷകാലം ആരംഭിച്ചാൽ ഏകദേശം ആറ്- ഏഴ് മാസം വെള്ളച്ചാട്ടദൃശ്യം കാണുവാൻ കഴിയുന്നു. കൂടാതെ ദൂരെയുള്ള മലനിരകളുടെ ആകാശ ദൃശ്യം ആസ്വദിക്കുവാൻ കഴിയുന്നു.

കാൽവരി മൗണ്ട്:-ഇവിടം ഒരു കുരിശുമലയും, തീർത്ഥാടനം നടത്തുന്ന ഇടവും കൂടാതെ പ്രകൃതി ഭംഗി ആസ്വദിക്കുവാൻ കഴിയുന്നതുമാണ്.

മലങ്കര ഡാം:- മലങ്കര ജലാശയം, മലങ്കര ഡാം നിർമ്മിക്കപ്പെട്ടതിനാൽ രൂപപ്പെട്ടിരിക്കുന്നു. ഇവിടെ നിന്നും മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രൊജക്ട് ആരംഭിക്കുന്നു. മീൻപിടിക്കുന്നതിനും, ബോട്ടിംഗ് നടത്തുന്നതിനും ഉല്ലാസ സൗകര്യം ഒരുക്കാവുന്നിടം.

തൊമ്മൻകുത്ത്:- പ്രകൃതിയെ സ്നേഹിക്കുന്നവരുടെ സങ്കേതം, അപ്രകാരം 7 സ്റ്റെപ്പിലുള്ള വെള്ളച്ചാട്ടം, വനത്തിലൂടെയുള്ള ട്രെക്കിംഗ്, റോക്ക് ക്ലൈമ്പിംഗ്, മൗണ്ടനിംഗ് എന്നിവ കാണുകയും, നടത്തുകയും ചെയ്യാവുന്നിടം.

കീഴാർക്കുത്ത്:- സമുദ്രനിരപ്പിൽ നിന്നും ഏകദേശം 1500 മീ. ഉയരമുള്ളതും, വെള്ളച്ചാട്ടത്തിൽ മഴവിൽ ദൃശ്യമാകുന്നതുമായ ഇടം. ഇടതൂർന്ന വനങ്ങൾ ഉള്ളതും, ഔഷധ സസ്യങ്ങൾ ധാരാളം ഉള്ള സ്ഥലവുമാണ്.

ഇലവീഴാ പൂഞ്ചിറ:- മൗണ്ടനിംഗിനും, ട്രക്കിംഗിനും അനുയോജ്യമായ സ്ഥലം കൂടാതെ വളരെ ദൂരക്കാഴ്ചയിൽ മലനിരകൾ സമീപ പ്രദേശങ്ങൾ എന്നിവ ദൃശ്യമാകുന്നിടം.

മീനുളിയാൻ പാറ:- ഏകദേശം അഞ്ച് ഏക്കർ പാറയുടെ നടുവിലുള്ള വനം. ഒഴിവു ദിവസ വിശ്രമത്തിനനുയോജ്യമായ പ്രകൃതി ഭംഗി ആസ്വദിക്കുവാൻ പറ്റിയ സ്ഥലം.

പാഞ്ചാലിമേട്:- പഞ്ചപാണ്ഡവർ താമസിച്ചിരുന്നു എന്ന് വിശ്വസിക്കുന്ന ഇവിടെ പഞ്ചപാണ്ഡവൻമാരുടെ ഭാര്യയായ പാഞ്ചാലിയുടെ നാമധേയത്തിലുള്ള പാഞ്ചാലിക്കുളം സ്ഥിതിചെയ്യുന്നു. മലനിരകളും, താഴ്വാരങ്ങളും ദൃശ്യഭംഗി ആസ്വദിക്കുവാൻ പറ്റിയ സ്ഥലം.

മൂന്നാർ മേഖലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങൾ

പർവ്വതങ്ങളിൽ നിന്നുൽഭവിക്കുന്ന മൂന്ന് പുഴകളുടെ (മുതിരപ്പുഴ, നല്ലതണ്ണി, കുണ്ടള) സംഗമസ്ഥാനം. സമുദ്രനിരപ്പിൽ നിന്നും ഏകദേശം 1600 മീ. ഉയരത്തിൽ സ്ഥിതിചെയ്യുന്നു. മലനിരകളാലും, തേയില തോട്ടങ്ങളാലും, ചുറ്റപ്പെട്ട ഇവിടെ വർഷകാലത്തും, നവംബർ- ഡിസംബർ മാസങ്ങളിലും മൂടൽ മഞ്ഞും കുളിരുചൊരിയുന്ന തണുപ്പും അനുഭവപ്പെടുന്നു. വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന ടൂറിസ്റ്റ് റിസോർട്ടുകൾ നിറഞ്ഞ, പ്രകൃതി ഭംഗി ആസ്വദിക്കാൻ പറ്റുന്ന സ്ഥലം.

പോതമേട്- മൂന്നാർ-പോതമേട് റൂട്ടിൽ പ്രകൃതി ഭംഗി, തേയിലത്തോട്ടങ്ങളുടെ ദൃശ്യഭംഗി, ഏലം, കാപ്പി തുടങ്ങിയ കൃഷി തോട്ടങ്ങളുടെ കാഴ്ച, മലനിരകളുടെ ദൃശ്യഭംഗി എന്നിവ കാണുവാൻ കഴിയുന്നു.

മറയൂർ:- മൂന്നാർ- ഉദുമൽപ്പെട്ട് റൂട്ടിൽ പ്രകൃതി ദത്തമായ ചന്ദനക്കാടുകൾ, ചന്ദന ഫാക്ടറി, മഹാശിലായുഗ കാലത്തെ എഴുത്തറകൾ, മുനിയറകൾ, തൂവാനം വെള്ളച്ചാട്ടം, ഇരവികുളം നാഷണൽ പാർക്ക് എന്നിവ കാണുവാൻ കഴിയുന്നു.

ഇരവികുളം, രാജമല:-ഇരവികുളം നാഷണൽ പാർക്ക് (നീലക്കുറിഞ്ഞി സാഞ്ചുറി), ലോകത്തിൽ എറ്റവും കൂടുതൽ വരയാടുകളെ (Nilgiritar) കാണുവാൻ കഴിയുന്ന സ്ഥലം, തെക്കേ ഇൻഡ്യയിലെ ഏറ്റവും ഉയരമുള്ള കൊടുമുടിയായ 'ആനമുടി' (ഏകദേശം 2695 മീറ്റർ ഉയരം) എന്നിവ ഇവിടെയാണ്.

മാട്ടുപ്പെട്ടി:- മാട്ടുപ്പെട്ടി ഡാം, എക്കോ പോയിന്റ്, ബോട്ടിംഗ് സൗകര്യം, ഉയർന്നതരം പശുക്കളെ ഉൽപ്പാദിപ്പിക്കുന്ന ഇൻഡോ-സ്വിസ്സ് പ്രൊജക്ട്, പ്രകൃതി ഭംഗി എന്നിവ കണ്ട് ആസ്വദിക്കുവാൻ പറ്റിയ സ്ഥലം.

ചിന്നാർ വൈൽഡ് ലൈഫ് സാഞ്ചുറി:-മറയൂർ- ഉദുമൽപ്പേട്ട റോഡിന്റെ ഇരുവശങ്ങളിലായ് കിടക്കുന്ന വന്യമൃഗ സംരക്ഷണ കേന്ദ്രം, കുറ്റിച്ചെടികളായ മുൾച്ചെടികൾ, വന്യ മൃഗങ്ങൾ, പക്ഷികൾ, ചിത്രശലഭങ്ങൾ, ദൃശ്യഭംഗി എന്നിവ ആസ്വദിക്കുവാൻ കഴിയുന്നിടം.

വാളറ, ചീയപ്പാറ;- അടിമാലി- നേര്യമംഗലം റൂട്ടിൽ വർഷത്തിൽ 5-6 മാസം വെള്ളച്ചാട്ടത്തിന്റെ മനോഹാരിത ഇവിടെ ആസ്വദിക്കുവാൻ കഴിയുന്നു.

ദേവികുളം:- മൂന്നാർ- ബോഡിമെട്ട് റൂട്ടിൽ പ്രകൃതിഭംഗി, തേയിലത്തോട്ടങ്ങൾ എന്നിവ കാണുവാനും, കുളിരും മൂടൽമഞ്ഞിന്റെ തണുപ്പും ആസ്വദിക്കുവാൻ സാധിക്കുന്നിടം.

ചിത്തിരപുരം:-മൂന്നാർ- ഇടുക്കി റൂട്ടിൽ കേരളത്തിലെ ആദ്യത്തെ ജലവൈദ്യുത പദ്ധതി (പള്ളിവാസൽ) നിർമ്മിച്ച സ്ഥലം, ചരിവുതലത്തിൽ നിർമ്മിച്ചിട്ടുള്ള കോട്ടേജുകൾ, പ്രകൃതി ഭംഗി എന്നിവ ആസ്വദിക്കുവാൻ പറ്റിയ പ്രദേശം.

കുണ്ടള:-മൂന്നാർ -ടോപ്പ് സ്റ്റേഷൻ റൂട്ടിൽ മനുഷ്യ നിർമ്മിതമായ കുണ്ടള ഡാം, ബോട്ടിംഗ്, പ്രകൃതി ഭംഗി, കുതിര സവാരി എന്നിവ കാണുവാനും, നടത്തുവാനും സാധിക്കുന്നു.

ടോപ്പ് സ്റ്റേഷൻ:-ഏറ്റവും ഉയരം കൂടിയ ടൂറിസ്റ്റ് സ്പോട്ട്. സമീപ സംസ്ഥാനമായ തമിഴ്നാടിന്റെ വിദൂര ദൃശ്യഭംഗി, ട്രക്കിംഗ് എന്നിവയാണ് ഇവിടുത്തെ പ്രത്യേകത.

ലോക്ക് ഹാർട്ട് ഗ്യാപ്പ്:- ട്രക്കിംഗിന് പറ്റിയ സ്ഥലം ശുദ്ധവായു ശ്വസിച്ച് പ്രകൃതി ഭംഗി ആസ്വദിക്കുവാൻ പറ്റിയ സ്ഥലം.

ചിന്നക്കനാൽ:-ദേവികുളം- ബോഡിമെട്ട് റൂട്ടിൽ പ്രകൃതി ഭംഗി, പശ്ചിമഘട്ടമലനിരകൾ, ഏല മലക്കാടുകളുടെ ദൃശ്യഭംഗി എന്നിവ കാണുവാൻ കഴിയുന്നിടം.

ആനയിറങ്കൽ:-പൂപ്പാറ- ബോഡിമെട്ട് റൂട്ടിൽ ആനയിറങ്കൽ ഡാം, ബോട്ടിംഗ്, പ്രകൃതി ഭംഗി എന്നിവ ആസ്വദിക്കുവാൻ കഴിയുന്നു.

ശ്രീനാരായണപുരം ട്രിപ്പിൾ വാട്ടർ ഫാൾ:- മൂന്നാർ- കുഞ്ചിത്തണ്ണി- തേക്കടി റൂട്ടിൽ, തേക്കിൻകാനത്ത് മുതിരപ്പുഴ, ഉപ്പാർ എന്നീ നദികളുടെ സംയോജന സ്ഥലത്തു നിന്നും ഉണ്ടാകുന്നതും ഏകദേശം 500 മീറ്റർ ദൂരത്തിൽ മൂന്ന് സ്റ്റെപ്പുകളായുള്ള പെരിനിയൽ വെള്ളച്ചാട്ടം, ആദിവാസി ഗുഹാക്ഷേത്രം, സർപ്പക്കാവ്, എന്നിവ ഇവിടെ കാണാം. ആദിവാസികൾ എല്ലാ വർഷവും ഇവിടെ ഉൽസവം ആഘോഷിക്കുന്നു.

കള്ളിമാലി ടൂറിസ്റ്റ് സെന്റർ:-രാജാക്കാടിന് സമീപമാണ് കള്ളിമാലി വ്യൂപോയിന്റ്. സുഗന്ധ വ്യഞ്ജനത്തോട്ടങ്ങളും പ്രകൃതി രമണീയതയും നിറഞ്ഞ പ്രദേശമാണ്.

തേക്കടി മേഖലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങൾ

തേക്കടി:- പെരിയാർ വന്യ ജീവി കേന്ദ്രം. ഇൻഡ്യയിലെ ഒരു പ്രധാന വന്യജീവി സങ്കേതമാണ് തേക്കടി. 777 ച.കി.മീ. വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന പെരിയാർ വന്യജീവി സങ്കേതം 1978-ൽ രൂപീകരിച്ചു. മനുഷ്യ നിർമ്മിതമായ പെരിയാർ തടാകത്തിൽ കൂടി ബോട്ടു സവാരി ചെയ്താൽ അനവധി വന്യമൃഗങ്ങളേയും പക്ഷികളേയും കണ്ട്, പ്രകൃതി ഭംഗി ആസ്വദിക്കാം. 100 മീറ്റർ മുതൽ 2000 മീറ്റർ വരെ ഉയര വ്യത്യാസത്തിൽ മലനിരകൾ കാണാം. കേരളത്തിലെ റാന്നി, കോട്ടയം എന്നീ വനം ഡിവിഷനും തമിഴ്നാട്ടിലെ തേനി, തിരുന്നെൽവേലി, ശ്രീവല്ലിപൂത്തൂർ എന്നീ വനം ഡിവിഷനുമാണ് തേക്കടിയുടെ ചുറ്റുമുള്ള പ്രദേശം. പെരിയാർ, പമ്പ എന്നീ നദികളുടെ ഉൽഭവം ഈ പ്രദേശത്തുനിന്നുമാണ്. കേരളത്തിന്റെ സംസ്ഥാന പക്ഷിയായ വേഴാമ്പൽ ഇവിടെ അധികം കാണുന്ന പക്ഷിയാണ്. തെക്കു -പടിഞ്ഞാറൻ കാലവർഷവും, വടക്കു-കിഴക്ക് കാലവർഷവും ഇവിടെ ലഭിക്കുന്നു. ഡിസംബർ മുതൽ ജനുവരി വരെ തണുപ്പുകാലാവസ്ഥയും ഏപ്രിൽ മുതൽ മെയ് വരെ ചൂടു കാലാവസ്ഥയും അനുഭവപ്പെടുന്നു.

മുരിക്കടി:-കുമളി-ആനവിലാസം റൂട്ടിൽ ആണ്. ഏലം, കുരുമുളക്, കാപ്പി എന്നിവയുടെ കൃഷി ഈ പ്രദേശത്ത് ധാരാളമുള്ളതിനാൽ സുഗന്ധവ്യഞ്ചനങ്ങളുടെ ഗന്ധം ഈ പ്രദേശത്തിന്റെ പ്രത്യേകതയാണ്.

ഒട്ടകത്തലമേട്:-തേക്കടിയുടേയും, അയൽ സംസ്ഥാനമായ തമിഴ്നാടിന്റെയും വിദൂര ദൃശ്യഭംഗി ഇവിടെ നിന്ന് കാണുവാൻ സാധിക്കും. കൂടാതെ ട്രക്കിംഗ് നടത്തുവാനും സഞ്ചാരികൾക്ക് സാധിക്കുന്നു.

പാണ്ടിക്കുഴി:- കുമളി-കമ്പം മേട്ട് റൂട്ടിലാണ്, ചെല്ലാർ കോവിൽ പ്രദേശവും, തമിഴ്നാട് അതിർത്തി ഗ്രാമങ്ങളുടേയും ദൃശ്യഭംഗി, ഫോട്ടോ ഗ്രാഫർമാരെ ആകർഷിക്കുന്നിടമാണ് ഇവിടം.

വണ്ടൻമേട്:-കുമളി- കട്ടപ്പന റൂട്ടിൽ കേരളത്തിലെ, കൂടുതൽ ഏലം കൃഷി നടത്തുന്ന പ്രദേശമാണ് വണ്ടൻമേട്. ആയതിനാൽ ഏലക്കയുടെ ലേലം വിളി നടത്തപ്പെടുന്ന ലോകത്തെ ഏറ്റവും വലിയ ഏലക്കാ ലേല കേന്ദ്രം ഇവിടെയാണ്.

ചെല്ലാർ കേവിൽമെട്ട്:- കുമളി- കമ്പംമേട്ട് റൂട്ടിൽ കുത്തനെ ചരിഞ്ഞ ഈ പ്രദേശത്ത് വെള്ളച്ചാട്ടവും, സമീപ സംസ്ഥാനമായ തമിഴ്നാട്ടിലെ സമതല പ്രദേശത്തെ തെങ്ങുകൃഷി, തമിഴ്നാട്ടിലെ സമീപ ഗ്രാമങ്ങളുടെ ദൂരക്കാഴ്ച എന്നിവ ഒരു ദൃശ്യ വിരുന്നുതന്നെ.

രാമക്കൽമേട്:-ഇവിടുത്തെ കുറവൻ, കുറത്തി പ്രതിമ ഇടുക്കി ആർച്ച് ഡാം നിർമ്മിച്ചിരിക്കുന്ന കുറവൻ, കുറത്തി മലയെ പ്രതിനിധാനം ചെയ്തിരിക്കുന്നു. പച്ചമല നിരകളുടെ കാഴ്ച അതി മനോഹരമാണ്. കൂടാതെ പശ്ചിമഘട്ട പർവ്വത നിരയുടെ കിഴക്കുഭാഗത്തുള്ള തമിഴ്നാട്ടിലെ കോംബെ, കമ്പം എന്നീ ഗ്രാമങ്ങളിലെ കൃഷിയിടങ്ങളും, ഗ്രാമ ഭംഗിയും ഇവിടെ നിന്നുള്ള മനോഹരമായ ദൃശ്യമാണ്. കൂടാതെ ട്രക്കിംഗ്, മൗണ്ടനിംഗ് എന്നിവ നടത്തുന്നതിനുള്ള സൗകര്യം ഇവിടെയുണ്ട്.

പുല്ലുമേട്:- വണ്ടിപെരിയാർ- ഗവി റൂട്ടിൽ കോഴിക്കാനത്തുനിന്നും വലതുവശത്തേയ്ക്ക് തിരിഞ്ഞുപോകണം. പുൽമേടുകളാൽ നിബിഡമായ വിശാലമായ പ്രദേശം ഇവിടെ വന്യമൃഗങ്ങളായ ആന, കടുവ, പുലി, കരടി എന്നിവ വിഹരിക്കുന്നു. ഇവിടെ നിന്നും ശബരിമല ധർമ്മ ശാസ്താ ക്ഷേത്രവും മകര ജ്യോതിയും കാണുന്നതിനു കർണാടക, തമിഴ്നാട്, കേരളം എന്നിടങ്ങളിൽ നിന്ന് ധാരാളം ഭക്ത ജനങ്ങൾ ഇവിടെ എത്താറുണ്ട്.

വാഗമൺ മേഖലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങൾ

ഒരു അവധിക്കാല ആഘോഷത്തിന് പറ്റിയ സ്ഥലം. ഇവിടുത്തെ പൈൻമരക്കൂട്ടം, പുൽമേടുകൾ മൊട്ടക്കുന്നുകൾ, ശുദ്ധമായ വായു എന്നിവ വിനോദ സഞ്ചാരികളെആകർഷിക്കുന്നു. അതുപോലെ തുടർച്ചയായ് കിടക്കുന്ന മൂന്ന് മലകൾ തങ്ങൾമല, മുരുകൻമല, കുരിശുമല എന്നിവ മതസൗഹാർദ്ധം വിളിച്ചോതുന്ന ഇടമാണ്. സാഹസികടൂറിസമായ പാരാഗ്ലൈഡിംഗ്, ട്രക്കിംഗ്, മൗണ്ടനിംഗ് എന്നിവ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നു. കൂടാതെ ഉയർന്ന തരം പശുവളർത്തൽ കേന്ദ്രവും ഇവിടെ കാണാം.

പീരുമേട് ഹിൽ സ്റ്റേഷൻ:- വിനോദ സഞ്ചാരികൾക്കും ട്രെക്കിംഗ് ഇഷ്ടപ്പെടുന്നവർക്കും പറ്റിയ ഇടം. ഇവിടെ ഈ പേരു വരാൻ കാരണം മുസ്ലിം സന്യാസിയായ പീർ മുഹമ്മദിന്റെ സ്മരണയ്ക്കായാണ്.തിരുവിതാംകൂർ രാജഭരണ കാലത്തെ വേനൽകാല വസതിയായ അമ്മച്ചി കൊട്ടാരം ഇവിടെ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ തേയില, ഏലം, കുരുമുളക്, കാപ്പി തുടങ്ങിയ പ്ലാന്റേഷൻ കൃഷിയ്ക്ക് പ്രസിദ്ധമായ സ്ഥലമാണ്. അതുപോലെ ഇവിടുത്തെ കാലാവസ്ഥ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നു.

പാഞ്ചാലിമേട്:- താഴ്വാരങ്ങളും പ്രകൃതി രമണീയവുമായ പ്രദേശം. പഞ്ചപാണ്ഡവൻമാർ ഭാര്യാ സമേതം ഇവിടെ താമസിച്ചിരുന്നു എന്നും പഞ്ച പാണ്ഡവൻമാരുടെ ഭാര്യയായിരുന്ന പാഞ്ചാലി കുളിച്ച കുളം എന്നറിയപ്പെടുന്ന പാഞ്ചാലിക്കുളം ഇവിടെയാണെന്ന് വിശ്വാസം. കൂടാതെ പാരാ ഗ്ലൈഡിംഗ്, ട്രക്കിംഗ് എന്നിവയ്ക്ക് അനുയോജ്യമായ സ്ഥലം.

വളഞ്ഞങ്ങാനം വെള്ളച്ചാട്ടം:-കുട്ടിക്കാനത്തുനിന്നും മുണ്ടക്കയത്തിനു പോകുന്ന റൂട്ടിൽ വളഞ്ഞങ്ങാനത്തെ വെള്ളച്ചാട്ടവും, പ്രകൃതി ഭംഗിയും ആസ്വദിക്കാൻ പറ്റിയ സ്ഥലം.

കുട്ടിക്കാനം:-കുമളി- കോട്ടയം റൂട്ടിൽ കുട്ടിക്കാനത്തെ അമൃതം മേട് ഒരു വലിയ ട്രക്കിംഗ് സ്പോട്ടാണ്. അതുപോലെ ഇവിടുത്തെ കാലാവസ്ഥ വ്യതിയാനം വിനോദസഞ്ചാരികൾക്കു വളരെ സുഖകരമായ അനുഭവമാണ്. മിനിട്ടുകൾക്കുള്ളിൽ കാർമേഘം പോലെ വന്നു മൂടുന്ന മൂടൽ മഞ്ഞും, കുളിർമ്മയുള്ള തണുപ്പും സുഖകരമാണ്. വർഷകാലത്തെ മഴത്തുള്ളികൾ ചെയ്തിറങ്ങുന്നത് കാണുന്നത് ആകർഷണമാണ്. അടുത്തുനിൽക്കുന്നവരെ കാണാൻ സാധിക്കാത്ത വിധമുള്ള മൂടൽ മഞ്ഞ് നിറയുന്ന പ്രദേശം.

പരുന്തുംപാറ:- ആഗാധമായ താഴ്വരകളും, നിരന്ന പാറകളും, വലിയ കുന്നുകളും ഇവിടെ കാണാം. കൂടാതെ ശബരിമല ക്ഷേത്രവുമായി ബന്ധപ്പെട്ട മകരജ്യോതി ഇവിടെ നിന്ന് കാണാവുന്നതാണ്. അപ്രകാരം മലനിരകളുടേയും, വനങ്ങളുടേയും ദൂരെക്കാഴ്ച ആനന്ദകരമാണ്.

വിനോദ സഞ്ചാരികളുടെ വരവ്

തദ്ദേശീയരും വിദേശീയരുമായ വിനോദ സഞ്ചാരികൾ ആണ് ഇടുക്കി ജില്ലയിൽ വരുന്നത്. അതിൽ വിദേശികൾ സാധാരണ കൂടുതലായി വരുന്നത് നവംബർ, ഡിസംബർ, ജനുവരി, ഫെബ്രുവരി എന്നീ മാസങ്ങളിലാണ്. തദ്ദേശീയരായ വിനോദ സഞ്ചാരികൾ കൂടുതലായ് എത്തുന്നത് ഏപ്രിൽ, മേയ്, മാസങ്ങളിലാണ്.

ഇടുക്കി ജില്ലയിൽ വരുന്ന വിനോദ സഞ്ചാരികളുടെ വിവരങ്ങൾ

പ്രധാനമായും തേക്കടി, മൂന്നാർ എന്നീ സ്ഥലങ്ങളിലാണ് വിദേശീയരായിട്ടുള്ള വിനോദ സഞ്ചാരികൾ കൂടുതലും വരുന്നത്. മറ്റു ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ

കേരളത്തിൽ ഇടുക്കി ജില്ലയിൽ വരുന്ന വിനോദ സഞ്ചാരികൾക്ക് മൂന്നാം സ്ഥാനമാണ്.

Month (2017)	JAN	FEB	MAR	APR	MAY	JUN	JUL	AUG	SEP	OCT	NOV	DEC	**Total**	**Total (2016)**
No. of Tourists	72533	55172	50891	105272	120102	70908	75300	82242	100056	114660	107324	135626	**109008**	**752478**

അപ്രകാരം ഇടുക്കി ജില്ലയ്ക്ക് വിനോദ സഞ്ചാരത്തിൽ നിന്നുള്ള വരുമാനം മൂന്നാം സ്ഥാനത്താണ്. ജില്ലയിൽ വരുന്ന വിനോദ സഞ്ചാരികളുടെ വിവരങ്ങൾ പട്ടിക 11.1,11.2,11.3 എന്നിവയിലും സൗകര്യങ്ങളുടെ വിവരങ്ങൾ പട്ടിക 11.4 ലും നല്കിയിരിക്കുന്നു.

പട്ടിക 11.1: വിനോദ സഞ്ചാരികളുടെ വിവരങ്ങൾ

Category	**2013**	**2014**	**2015**	**2016**	**2017**
Foreign Tourists	68880	77905	83894	50366	42285
Domestic Tourists	586546	635621	668537	752478	1090086

പട്ടിക 11.2: വിനോദ സഞ്ചാരികളുടെ വിവരങ്ങൾ (മൂന്നാർ, തേക്കടി, വാഗമൺ)

പട്ടിക 11.3: വിനോദ സഞ്ചാരികളുടെ വിവരങ്ങൾ (മാസങ്ങളിൽ)

Year	**Wagamon**		**Thekkady**		**Munnar**	
	Foreign	**Domestic**	**Foreign**	**Domestic**	**Foreign**	**Domestic**
2012	463	31971	31661	208477	29326	307595
2013	612	34516	31713	238057	32733	308816
2014	658	46189	40349	224021	35393	349881
2015	1031	59553	41452	230673	39303	364493
2016	898	41241	20738	263226	27576	407881
2017	472	37247	18158	311678	24003	628427

പ്രധാന ടൂറിസ്റ്റ് സർക്യൂട്ടുകൾ

1. കൊച്ചി- തേക്കടി
2. കൊച്ചി- മൂന്നാർ
3. മധുര- തേക്കടി
4. തേക്കടി- നെടുങ്കണ്ടം- പൂപ്പാറ- ചിന്നക്കനാൽ- ദേവികുളം- മൂന്നാർ.
5. മൂന്നാർ- ചിത്തിരപുരം- കല്ലാർകുട്ടി- ചെറുതോണി- ഇടുക്കി.
6. തേക്കടി- കമ്പംമേട്ട്- രാമക്കൽമെട്ട്.
7. തേക്കടി- പീരുമേട്- വാഗമൺ- കട്ടപ്പന- ഇടുക്കി.

വിനോദ സഞ്ചാരികളുടെ വരവിനെ ആസ്പദമാക്കിയുള്ള പ്രധാന ടൂറിസ്റ്റ് സർക്യൂട്ട് മാപ്പ് ചിത്രം 11.1 ൽ കൊടുത്തിരിക്കുന്നു.

അമിനിറ്റി സെന്ററുകൾ

1. പീരുമേട്
2. കുയിലിമല
3. ഇടുക്കി
4. വാഗമൺ
5. മൂന്നാർ.

ടൂറിസം പ്രോജക്ടുകൾ

1. രാമക്കൽ മേട്
2. മൂന്നാർ നല്ലതണ്ണി
3. നെടുങ്കണ്ടം- കല്ലാർ
4. വാഗമൺ
5. ഇടുക്കി- ഡാം സൈറ്റ്
6. മലങ്കര- ഡാം സൈറ്റ്.



ചിത്രം 11.1: പ്രധാന ടൂറിസ്റ്റ് സർക്യൂട്ട്

ജില്ലയിലെ വിനോദ സഞ്ചാര മേഖലയിലെ പ്രധാന വികസന പ്രശ്നങ്ങൾ

- വിനോദ സഞ്ചാര മേഖലയിൽ ജില്ലയിലെ വനം, വൈദ്യുതി ബോർഡ്, ജലസേചനം, റവന്യൂ, ടൂറിസം, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടെ ഏകോപനക്കുറവ് ഈ മേഖലയിൽ ഒരു വലിയ പോരായ്മയാണ്.
- സംസ്ഥാന, ജില്ലാതലത്തിൽ വിനോദ സഞ്ചാര മേഖലയ്ക്കായി വിവിധ വകുപ്പുകളുടെ ഒരു കോർഡിനേഷൻ കമ്മറ്റി രൂപീകരിക്കേണ്ടത് അനിവാര്യമാണ്.
- ജില്ലയിലെ വലുതും ചെറുതുമായ വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മ.
- വിനോദ സഞ്ചാര മേഖലകളിലെയും മേഖലകളിലേയ്ക്കുമുള്ള റോഡുകളുടെ ദിശാഫലക കുറിപ്പ്/ വിവരങ്ങൾ രേഖപ്പെടുത്തുകയോ ആയത് യഥാസമയം പരിപാലിക്കുകയോ ചെയ്യാത്തതിന്റെ പോരായ്മ.
- ജലാശയങ്ങളിൽ അനുയോജ്യമായ സ്ഥലത്ത് വേണ്ടവിധം ബോട്ടിംഗ് സംവിധാനം ഏർപ്പെടുത്തുകയോ, അവ യഥാവിധം പരിപാലിക്കുകയോ ചെയ്യുന്നില്ല.
- ജില്ലയിലെ വിനോദ സഞ്ചാര സ്ഥലങ്ങളിൽ ആവശ്യമായ വാഹന പാർക്കിംഗ് സൗകര്യങ്ങൾ/ ശുചീകരണ സംവിധാനങ്ങൾ/ ടോയ്‌ലറ്റുകൾ എന്നിവ വേണ്ടവിധം ഏർപ്പെടുത്താറില്ല.
- അനധികൃത ടൂറിസ്റ്റ് ഗൈഡുകളുടെ പ്രവർത്തനം പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങൾ ആയ മൂന്നാറിലും, കുമളിയിലും പ്രവർത്തിക്കുന്നു.

അനുമാനം

നവീനങ്ങളായ ആശയങ്ങൾ ആവിഷ്ക്കരിക്കുന്നതിനും ഇടുക്കി ജില്ലയുടെ വിനോദ സഞ്ചാര മേഖലയിലെ ഭാവി വികസനം ഊട്ടിയുറപ്പിക്കുന്നതിനും നിലവിലുള്ള പ്രധാന വിനോദ സഞ്ചാര സ്ഥാനങ്ങളിലും, വികസന സാധ്യതയുള്ള വിനോദ സഞ്ചാര സ്ഥാനങ്ങളിലും മുൻഗണനയുടെയും, സമയബന്ധിതമായ ചട്ടക്കൂടിന്റെയും അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തണം. കൂടാതെ മതിയായ താമസസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പ്രോൽസാഹനം നൽകേണ്ടതാണ്. തനതും, സമ്പന്നവുമായ സാംസ്കാരിക-പരമ്പരാഗത പൈതൃകം ഉള്ളതിനാൽ പ്രവർത്തനോൻമുഖമായ വിനോദ സഞ്ചാരത്തിന് വളരെ അധികം സാദ്ധ്യതകളാണ് ഇടുക്കി ജില്ലക്കുള്ളത്.

4.4 പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ

4.4.1 . പട്ടികജാതി വികസനം

ആമുഖം

ആകെ ജനസംഖ്യയുടെ ഏതാണ്ട് 13 ശതമാനവും പട്ടിക ജാതി വിഭാഗം അധിവസിക്കുന്ന ജില്ലയാണ് കേരളത്തിലെ രണ്ടാമത്തെ വലിയ ജില്ലയായ ഇടുക്കി. മറ്റു ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ പ്രകൃതി മനുഷ്യനുമായി വളരെ അധികം ചേർന്ന് നിലകൊള്ളുന്ന പ്രതീതിയുണ്ടിവിടെ. അതുകൊണ്ട് തന്നെ വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന പ്രകൃതി രമണീയങ്ങളായ മൂന്നാർ, തേക്കടി, വാഗമൺ, തുടങ്ങിയ മേഖലകളും വലുതും ചെറുതുമായ അണക്കെട്ടുകളും, വെള്ളച്ചാട്ടങ്ങളും, ചന്ദനക്കാടുകളും ഇവിടുത്തെ പ്രശസ്തിയേറ്റിക്കൊണ്ട് നിലകൊള്ളുന്നു. പ്രകൃതി അത്രയൊന്നും മനുഷ്യന് വഴങ്ങാത്തതിനാലാവാം തീവണ്ടിപ്പാതകളും, വിമാനത്താവളങ്ങളും തുടങ്ങിയ വികസന പ്രതീകങ്ങളൊന്നും തന്നെ ഇവിടെ എത്തിനോക്കിയിട്ടില്ലാത്തത്. അപര്യാപ്തങ്ങളായ ഉന്നത വിദ്യാഭ്യാസ രംഗവും വിദഗ്ദ്ധ ചികിത്സാ രംഗവും ഇവിടുത്തെ ജനങ്ങൾക്ക് പൊതുവെയും, പട്ടികജാതി വിഭാഗങ്ങൾക്ക് പ്രത്യേകിച്ചും മറ്റു ജനസമൂഹങ്ങൾക്കൊപ്പം എത്തിച്ചേരുന്നതിന് ഒരു പരിധി വരെ വിലങ്ങുതടിയായി വർത്തിക്കുന്നു. മാറി മാറി വരുന്ന സർക്കാരുകളോട് ചേർന്നു നിന്നുകൊണ്ടുള്ള പട്ടികജാതി വികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ എല്ലാം തന്നെ പട്ടിക ജാതി ജനതക്ക് കൈത്താങ്ങായി തീർന്നിട്ടുണ്ട്. പിൻതള്ളപ്പെട്ടുപോയ ഈ വിഭാഗത്തിന് ഇനിയും അനേക ദൂരം പിന്നിടേണ്ടതിന് സഹായകമാകാൻ ജില്ലാ പദ്ധതിക്ക് കഴിയുമെന്ന് പ്രത്യാശിക്കാം.

അടിസ്ഥാന വിവരങ്ങൾ (ജില്ല)

രൂപീകരിച്ച വർഷം	:	26-01-19972
ആസ്ഥാനം	:	പൈനാവ്
വിസ്തീർണ്ണം	:	4358 ച.കി.മി
ജനസംഖ്യ	:	1108974 (2011 സെൻസസ്)
സ്ത്രീകൾ	:	552808
പുരുഷൻമാർ	:	556166
ജനസാന്ദ്രത	:	254

5 താലൂക്കുകളും 8 ബ്ലോക്കുകളും 52 ഗ്രാമപഞ്ചായത്തുകളും 2 മുനിസിപ്പാലിറ്റികളും ജില്ലയിൽ ഉൾപ്പെടുന്നു.

അടിസ്ഥാന വിവരങ്ങൾ (പട്ടികജാതി വിഭാഗം)

പട്ടികജാതി ജനസംഖ്യ	:	145486 (2011 സെൻസസ്)
സ്ത്രീകൾ	:	72399
പുരുഷൻമാർ	:	73087

പട്ടികജാതി കോളനികൾ	:	887 (കിലാ റിപ്പോർട്ട്)
പട്ടികജാതി കുടുംബങ്ങൾ കോളനികളിൽ	:	22438 (കിലാ റിപ്പോർട്ട്)
താമസിക്കുന്ന കുടുംബങ്ങൾ	:	4537 (കിലാ റിപ്പോർട്ട്)
ഒറ്റപ്പെട്ട കുടുംബങ്ങൾ	:	7901 (കിലാ റിപ്പോർട്ട്)

ഏതൊരു പ്രദേശത്തിന്റെയും ഏതൊരു ജനതയുടെയും വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടി വരുമ്പോൾ സ്ഥിതി വിവരങ്ങളിന്മേലുള്ള വിശകലനം പ്രധാനപ്പെട്ടതാണ്.

പ്രാഥമിക വിവരങ്ങൾ

ചരിത്രപരമായ കാരണങ്ങളാൽ സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നിലായിപ്പോയ പട്ടികജാതി ജനവിഭാഗത്തെ സമൂഹത്തിൻെറ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുന്നതിനുള്ള പരിശ്രമങ്ങൾ ലളിതമായി മനസ്സിലാക്കപ്പെടേണ്ടതല്ല. ഭാരതത്തിൻെറ ഭരണഘടനാ നിർമ്മാണ വേളയിൽ തന്നെ ഈ പാർശ്വവത്കൃത ജനതയെ എങ്ങനെ മുഖ്യധാരയിലെത്തിക്കണം എന്നത് വിശദമായി ചർച്ച ചെയ്തിരുന്നു. കഴിഞ്ഞ 20 വർഷങ്ങൾക്കുള്ളിൽ പട്ടികജാതി ജനവിഭാഗം വിദ്യാഭ്യാസപരമായും സാമ്പത്തികമായും സാമൂഹികമായും സാംസ്കാരികമായും വളരെയേറെ പുരോഗതി കൈവരിച്ചെങ്കിലും സമൂഹത്തിൻെറ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിന് ഇനിയും നിരവധി ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കേണ്ടതുണ്ട്. ഈ പാർശ്വവത്കൃത ജനതയുടെ പ്രശ്നം പരിഹരിക്കുന്നതിന് നാം ഇനിയും ഏറെ ദൂരം മുന്നോട്ട് പോകേണ്ടതുണ്ട്. മുഖ്യധാരാ സമൂഹവുമായി തുലനം ചെയ്യുമ്പോൾ ഇനിയും ഉദ്ദേശിച്ച ലക്ഷ്യത്തിൽ എത്തിയിട്ടില്ല എന്ന് തന്നെ പറയാം. പട്ടികജാതി ജനവിഭാഗത്തിൻെറ പുരോഗതിക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും ഇത്തരം പദ്ധതികളെക്കുറിച്ച് വേണ്ടത്ര അറിവ് താഴെ തട്ടിൽ ലഭിക്കുന്നില്ല എന്നതാണ് നിലവിലുള്ള സ്ഥിതി. ഈ ജനവിഭാഗങ്ങൾക്കിടയിൽ നിരന്തരമായ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക എന്നതാണ് പ്രധാന പരിഹാര മാർഗം. ജില്ലയിലെ പട്ടികജാതി ജനവിഭാഗത്തിൻെറ

I. ജനസംഖ്യ
II. വിദ്യാഭ്യാസം
III. ഭവനം
IV. ആരോഗ്യം
V. സാമ്പത്തികം
VI. സാംസ്കാരികം
VII. ആസ്തികൾ

എന്നിവയുടെ ഇപ്പോഴത്തെ സ്ഥിതിയെക്കുറിച്ചുള്ള ഒരു ധാരണ അവരുടെ ഭാവി വികസനത്തിന് വേണ്ടിയുള്ള പദ്ധതികളുടെ രൂപവത്ക്കരണത്തിന് അത്യന്താപേക്ഷിതമാണ്.

I. ബ്ലോക്കുതല ജനസംഖ്യ സ്റ്റാറ്റസ് റിപ്പോർട്ട്

ബ്ലോക്ക്	പുരുഷൻമാർ	സ്ത്രീകൾ	ആകെ	ശതമാനം
അടിമാലി	5638	5781	11419	7.8
അഴുത	19107	19348	38455	26.4
ദേവികുളം	23917	23893	47810	32.9
ഇളംദേശം	3318	3344	6662	4.6
ഇടുക്കി	2946	3001	5947	4.1
കട്ടപ്പന	8220	8263	16483	11.3
നെടുങ്കണ്ടം	5574	5685	11259	7.7
തൊടുപുഴ	2634	2671	5305	3.7
തൊടുപുഴ മുൻസിപ്പാലിറ്റി	1045	1101	2146	1.5

അവലംബം സെൻസസ് റിപ്പോർട്ട് 2011

ജില്ലയിലെ ആകെ ജനസംഖ്യയുടെ 13.12 ശതമാനം പട്ടികജാതി വിഭാഗക്കാരാണ്. പട്ടിക പ്രകാരം ജില്ലയിൽ ഏറ്റവും കൂടുതൽ പട്ടികജാതിക്കാർ അധിവസിക്കുന്നത് ദേവികുളം ബ്ലോക്കിലും ഏറ്റവും കുറവ് തൊടുപുഴ ബ്ലോക്കിലും ആണ്. കേരളത്തിൽ ഏറ്റവും അധികം പട്ടികജാതിക്കാർ താമസിക്കുന്നത് ഇടുക്കി ജില്ലയിലെ ദേവികുളം ബ്ലോക്കിലെ മൂന്നാർ പഞ്ചായത്തിലാണ്.

- **പ്രായാടിസ്ഥാനത്തിലെ വിവരങ്ങൾ**

ക്രമ നം	ബ്ലോക്ക്	0-5	06-14	15-21	22-29	30-44	45-60	60 ന് മുകളിൽ	ആകെ



1	അടിമാലി	951	1644	1268	1711	2875	1875	1095	**11419**
2	അഴുത	1789	3129	5312	8114	9785	7319	3002	**38450**
3	ഇളംദേശം	425	902	919	1048	1318	1388	662	**6662**
4	ദേവികുളം	2412	6108	6875	8483	10502	9328	4102	**47810**
5	ഇടുക്കി	390	768	904	1002	1444	1115	588	**5911**
6	കട്ടപ്പന	978	2879	2419	2946	3408	2498	1355	**16483**
7	നെടുംകണ്ടം	847	988	1789	2103	2419	2132	1021	**11299**
8	തൊടുപുഴ	49	789	608	724	1378	979	779	**5306**
9	തൊടുപുഴ മുനിസിപ്പാലിറ്റി	126	289	254	302	489	357	329	**2146**
	ആകെ	**7967**	**17496**	**20348**	**26433**	**33318**	**26991**	**12933**	**145486**

ആകെ ജനതയുടെ 55 ശതമാനത്തോളം വരുന്ന യുവജനങ്ങൾ പട്ടിക ജാതി ജനതയുടെ വിഭവശേഷിയായി കണക്കാക്കി യുവജനതയെ ഏറ്റവും കൂടുതൽ പ്രയോജനപ്പെടുത്തുന്ന രീതിയിലുള്ള പദ്ധതികൾ രൂപീകരിക്കുന്നതിന്റെ ആവശ്യകതയാണ് പട്ടിക ബോധ്യമാക്കുന്നത്. ആകെ ജനസംഖ്യയുടെ 8.9 ശതമാനം വരുന്ന 60 ന് മുകളിൽ പ്രായമുള്ള വയോജനങ്ങൾക്കുവേണ്ടിയുള്ള വിവിധ ക്ഷേമ പദ്ധതികൾ വിഭാവനം ചെയ്യുന്നതിന്റെ ആവശ്യകതയും ചൂണ്ടിക്കാണിക്കുന്നു.

ജനസംഖ്യ സമുദായാടിസ്ഥാനത്തിൽ

വിഭാഗം	ജനസംഖ്യ	ശതമാനം
പറയർ, സാംബവർ	26767	31
പുലയൻ, ചേരമർ	24047	27.8
പള്ളൻ	20185	23.4
ചക്കിലിയൻ	6847	7.93
മണ്ണാൻ	3486	4.04
പരവൻ, ഭരതർ	3117	3.61
കുറവൻ	851	0.99
മറ്റുള്ളവർ	1082	1.25
ആകെ	86382	100

(കിലാ റിപ്പോർട്ട് 2009-2010)

സംസ്ഥാന പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്ന 69 വിഭാഗങ്ങളിൽ ജില്ലയിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്നത് പറയൻ, പുലയൻ, പള്ളൻ എന്നീ വിഭാഗങ്ങളാണ്. ചക്കിലിയൻ, മണ്ണാൻ , പരവൻ വിഭാഗങ്ങളും കുറവൻ , അരു

ന്ധതിയാർ, കാക്കാലൻ , വേടൻ, വള്ളുവൻ, തണ്ടാൻ തുടങ്ങിയ നാമമാത്ര വിഭാഗങ്ങളും ഇവിടെ കാണപ്പെടുന്നു.

II. വിദ്യാഭ്യാസം

ക്രമ നമ്പർ	പ്രായം	വിദ്യാഭ്യാസ നിലവാരം													
		നിരക്ഷരർ	സാക്ഷരർ/നവസാക്ഷരർ	പ്രൈമറി തലം	സെക്കന്ററി തലം	എസ്. എസ് .എൽ. സി ജയിച്ചു.	പി.ഡി.സി/പ്ലസ്ടു ജയിച്ചു.	ബിരുദം	ബിരുദാനന്തര ബിരുദം	എഞ്ചിനീയറിംഗ് ബിരുദം	എഞ്ചിനീയറിംഗ് ഡിപ്ലോമ	മെഡിസിൻ ബിരുദം	മറ്റു പ്രൊഫഷണൽ ബിരുദം	മറ്റു പ്രൊഫഷണൽ ഡിപ്ലോമ	ആകെ
1	2	3	4	5	6	7	8	9	10	11	12	13	14	15	16
1	05-09 വയസ്സ്	1029	0	5390	0	0	0	0	0	0	0	0	0	0	6419
2	10-14	10	0	7831	115	0	0	0	0	0	0	0	0	0	7956
3	15-21	122	0	1264	3768	3102	1952	192	0	0	10	0	14	79	10503
4	22-29	570	0	2968	4938	2068	1575	845	104	17	20	1	50	230	13386
5	30-44	2859	129	7534	7261	2340	866	342	72	3	13	2	30	98	21549
6	45-59	4414	230	7085	2697	607	157	58	9	1	5	3	3	20	15289
7	60 വയസ്സിനുമുകളിൽ	3652	142	2087	384	99	25	11	4	1	0	1	0	3	6409
	ആകെ	12656	501	34159	19163	8216	4575	1448	189	22	48	7	97	430	81511

വിദ്യാഭ്യാസം ശരിയായ ബോധത്തിലേക്ക് നയിക്കുന്നു.വിദ്യാഭ്യാസ രംഗത്തെ പുരോഗതിയിലൂടെ മാത്രമെ രാജ്യത്തെ സാംസ്കാരികമായും സാമ്പത്തികമായും പുരോഗതിയിലേക്ക് നയിക്കുവാൻ കഴിയുകയുള്ളു. പട്ടികജാതി ജനവിഭാഗത്തിന്റെ സാക്ഷരതാ നിരക്ക് 100 ശതമാനം ആക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുള്ള പ്രവർത്തനങ്ങൾ അനിവാര്യമായിരിക്കുന്നു. സമകാലികമായ തൊഴിൽ മേഖലകളെ കണക്കിലെടുത്തുകൊണ്ടുള്ള പഠന സംവിധാനങ്ങൾ സാങ്കേതിക രംഗത്തും മറ്റും ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് പ്രാധാന്യം നൽകേണ്ടതായിട്ടുണ്ട് . സ്കൂൾ വിദ്യാഭ്യാസ രംഗത്തെ കൊഴിഞ്ഞു പോക്ക് തടയുന്നതിനു വേണ്ടി കാരണങ്ങൾ കണ്ടെത്തുകയും പരിഹാരം നടപ്പിലാക്കുകയും രക്ഷിതാക്കൾക്കും മറ്റും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യേണ്ടതാണ്.

- **<u>നഴ്സറി സ്കൂൾ</u>**

ക്രമ നം	ബ്ലോക്ക്	സ്ഥാപനത്തിന്റെ പേര്	കുട്ടികളുടെ എണ്ണം
1	അഴുത	• കൊല്ലം പട്ടട (കുമളി) • റാണികോവിൽ (പീരുമേട്)	25 25
2	അടിമാലി	ചില്ലിത്തോട്	19

ജില്ലയിൽ 3 നേഴ്സറി സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. പ്രതിദിന ഫീഡിംഗ് ചാർജ്ജും യൂണീഫോമും അടങ്ങുന്ന പഠനസാമഗ്രികളും നൽകുന്നു. എൽ.കെ.ജി., യു.കെ.ജി സമ്പ്രദായം. ഓരോ കുട്ടിക്കും 30 രൂപ പ്രതിദിന ഫീഡിംഗ് ചാർജ്ജ് , യൂണഫോമിന് 600 രൂപ , 190 രൂപ ലംപ്സം ഗ്രാന്റ് എന്നിവ നൽകുന്നു. ഓരോ നേഴ്സറി സ്കൂളിലും 30 കുട്ടികൾക്ക് പ്രവേശനം നൽകുന്നു. ഇതിൽ പൊതു വിഭാഗത്തിൽ നിന്നും 25 ശതമാനം വരെ കുട്ടികൾക്ക് പ്രവേശനം നൽകുന്നുണ്ട്. കോളനികളിൽ രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക വഴി മതിയായ കുട്ടികളെ നേഴ്സറികളിൽ എത്തിക്കാവുന്നതാണ്. ദൂര സ്ഥലങ്ങളിൽ താമസിക്കുന്ന കുട്ടികൾക്ക് നേഴ്സറിയിൽ എത്തുന്നതിന് വാഹന സൗകര്യം നൽകുന്നത് ഉചിതമായിരിക്കും.

- **<u>മോഡൽ റസിഡൻഷ്യൽ സ്കൂൾ</u>**

ഇടുക്കി ജില്ലയിലെ പീരുമേട് മോഡൽ റസിഡൻഷ്യൽ സ്കൂൾ (തമിഴ് മീഡിയം) 2001 ൽ പ്രവർത്തനം ആരംഭിച്ചു. 5-ാംക്ലാസ്സ് മുതൽ പ്ലസ് ടു വരെയുള്ള കുട്ടികൾ പഠിക്കുന്നു. 2012-13 ലാണ് ഹയർ സെക്കണ്ടറി ആരംഭിച്ചത്. നിലവിൽ എല്ലാ ക്ലാസുകളിലുമായി 313 കുട്ടികൾ പഠനം നടത്തുന്നു. ക്ലാസ്സു തിരിച്ചുള്ള കുട്ടികളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

ക്രമ നം	സ്ഥാപനം	ക്ലാസ്സ്	ആൺ	പെൺ	ആകെ
1	പീരുമേട് എം.ആർ.എസ്	V	21	18	39
		VI	19	20	39
		VII	20	20	40
		VIII	20	20	40
		IX	20	19	39
		X	20	20	40
		XI	17	22	39
		XII	15	22	37
		ആകെ	152	161	313

കഴിഞ്ഞ 11 വർഷമായി ടി സ്കൂൾ 10-ാം ക്ലാസ്സിൽ 100 % വിജയം കൈവരിക്കുന്നുണ്ട്. 2010 ൽ ഒരു കുട്ടിയും 2016 ൽ 2 കുട്ടികൾക്കും എല്ലാ വിഷയങ്ങൾക്കും എപ്ലസ് ലഭിക്കുകയുണ്ടായി. പ്ലസ്ടു വിന് കഴിഞ്ഞ 2 വർഷവും

100 ശതമാനം വിജയം കൈവരിക്കാൻ ടി സ്കൂളിന് സാധിച്ചു. വിജയശതമാനം ചുവടെ ചേർക്കുന്നു.

വർഷം	എസ്.എസ്.എൽ.സി	പ്ലസ്ടു
2012-13	40/40-100	ബാച്ച് ആരംഭിച്ചു.
2013-14	39/39-100	27/29-93
2014-15	39/39-100	36/36-100
2015-16	40/40-100	36/36-100
2016-17	39/39-100	36/36-100

ഇവിടെ ഹൈസ്കൂൾ വിഭാഗത്തിൽ 1 ഹെഡ്മാസ്റ്ററും 8 സ്ഥിരം അദ്ധ്യാപകരും 2 കരാർ അദ്ധ്യാപകരും ജോലി ചെയ്ത് വരുന്നു.

- **പ്രീ മെട്രിക് ഹോസ്റ്റലുകൾ**

ഇടുക്കി ജില്ലയിൽ 5 പ്രീ മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു.

ക്രമ നം	ഹോസ്റ്റലിന്റെ പേര്	ആൺ/ പെൺ	അനുവദനീയമായ കുട്ടികളുടെ എണ്ണം	നിലവിലെ കുട്ടികളുടെ എണ്ണം
1	പ്രീ മെട്രിക് ഹോസ്റ്റൽ കരിമണ്ണൂർ	പെൺ	38	33
2	പ്രീ മെട്രിക് ഹോസ്റ്റൽ കൂവപ്പിള്ളി	ആൺ	30	28
3	പ്രീ മെട്രിക് ഹോസ്റ്റൽ മൂന്നാർ	പെൺ	65	65
4	പ്രീ മെട്രിക് ഹോസ്റ്റൽ കട്ടപ്പന	പെൺ	30	29
5	പ്രീ മെട്രിക് ഹോസ്റ്റൽ പീരുമേട്	ആൺ	30	20

- **<u>വിജ്ഞാൻവാടികൾ</u>**

ക്രമ നം	ബ്ലോക്ക്	കോളനി	പഞ്ചായത്ത്
1	അടിമാലി	ഈട്ടി സിറ്റി	വെള്ളത്തൂവൽ
		കണ്ട്യാംപാറ	പള്ളിവാസൽ
2	അഴുത	കൊക്കയാർ	കൊക്കയാർ
3	ദേവികുളം	മറയൂർ	മറയൂർ
4	ഇളംദേശം	അഞ്ചിരി	ആലക്കോട്
		മുള്ളരിങ്ങാട്	വണ്ണപ്പുറം
		കുളപ്പാറ	ഉടുമ്പന്നൂർ
5	ഇടുക്കി	ഗാന്ധിനഗർ എസ്.സി	വാഴത്തോപ്പ്
6	നെടുംകണ്ടം	ചക്കക്കാനം അംബേദ്ക്കർ	കരുണാപുരം
		സേനാപതി	സേനാപതി
		ചെരുപുറം എസ്.സി	രാജാക്കാട്
7	തൊടുപുഴ	ആൽപ്പാറ	മണക്കാട്
		കുമാരമംഗലം	കുമാരമംഗലം

ജില്ലാ പട്ടികജാതി വികസന ഓഫീസിലെ കണക്കുകൾ.

ജില്ലയിൽ ആകെ 13 വിജ്ഞാൻവാടികൾ പ്രവർത്തിച്ചുവരുന്നു. പട്ടിക ജാതി വിദ്യാർത്ഥികളുടെയും യുവാക്കളുടെയും ഉന്നമനം ലക്ഷ്യമാക്കി ആനുകാലിക വിജ്ഞാന സമ്പാദനത്തിനും മത്സര പരീക്ഷകൾക്ക് ഓൺ ലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനും സഹായകമാകുന്ന കേന്ദ്രങ്ങളാണ് വിജ്ഞാൻവാടികൾ. ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയ കമ്പ്യൂട്ടർ, വായനശാല എന്നിവ സജ്ജീകരിച്ചുകൊണ്ട് പട്ടികജാതി സങ്കേതങ്ങളോടനുബന്ധിച്ചാണ് വിജ്ഞാൻവാടികൾ സ്ഥാപിക്കുക. ഇതിനുള്ള കെട്ടിടം നിർമ്മിക്കാനുള്ള ഫണ്ട് സഹിതം ഈ പദ്ധതി നടപ്പാക്കി വരുന്നു. ടി പദ്ധതി മോണിറ്ററിംഗ് ചെയ്യുന്നതിനായി ഓണറേറിയം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. നിവലിൽ വിജ്ഞാൻവാടികൾ ഇല്ലാത്ത പഞ്ചായത്തുകളിലെ കോളനികളിൽ ഇവ സ്ഥാപിക്കാവുന്നതാണ്.

III. <u>വനം, ഭൂമി</u>

ആകെ പട്ടികജാതി കുടുംബങ്ങൾ	:	22438
ഉപകുടുംബങ്ങൾ	:	3673
ആകെ കുടുംബങ്ങൾ	:	26111
ഭൂരഹിത ഭവനരഹിത കുടുംബങ്ങൾ	:	2931
ഭവനരഹിത കുടുംബങ്ങൾ	:	3452
മെയിന്റനൻസ് ആവശ്യമുള്ള കുടുംബങ്ങൾ	:	4381

കിലാ റിപ്പോർട്ട് പ്രകാരം 11.2 ശതമാനം ഭൂരഹിത ഭവനരഹിതരും 13.2 ശതമാനം ഭൂമിയുള്ള ഭവനരഹിതരും 16.7 ശതമാനം മെയിന്റനൻസ് ആവശ്യമുള്ളവരുമാണ്. വകുപ്പിന്റെ പദ്ധതികളായ ഭൂരഹിത പുനരധിവാസ പദ്ധതി , ഭവന നിർമ്മാണ ധനസഹായ പദ്ധതി എന്നിവ വിപുലപ്പെടുത്തിയും കേന്ദ്രസംസ്ഥാന സർക്കാരുകളുടെ PMAY, LIFE MISSION തുടങ്ങിയ ഭവന നിർമ്മാണ പദ്ധതികൾ കൂടുതൽ ഉദാരമായ വ്യവസ്ഥകളിൽ പുനസംഘടിപ്പിച്ച് ഭവനരഹിത പട്ടിക ജാതി വിഭാഗക്കാർക്ക് നൽകിയും ഭവനരഹിതരുടെ എണ്ണത്തിൽ കുറവ് വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതായി കാണുന്നു. നിലവിലുള്ള വ്യവസ്ഥകൾ ഉദാരമാക്കി പര്യാപ്തമായ തുക അനുവദിക്കുന്നതുവഴി പുനരുദ്ധാരണം വേണ്ട ഭവനങ്ങൾ വാസയോഗ്യമാക്കി നൽകാൻ കഴിയുന്നതാണ്.

IV. ആരോഗ്യം

ഒരു രാജ്യത്തിന്റെ വികസനത്തിന് അടിസ്ഥാനപരമായി ആവശ്യമുള്ള ഏറ്റവും വലിയ സമ്പത്താണ് അവിടുത്തെ മനുഷ്യവിഭവശേഷി. ആരോഗ്യമുള്ള മനുഷ്യർ രാജ്യത്തിന്റെ സമ്പത്താണ്. ആരോഗ്യരംഗത്തെ വികസനം പ്രത്യേകിച്ച് പട്ടികജാതി വിഭാഗത്തിന്റെ ഇടയിൽ വികസന പ്രവർത്തനങ്ങൾ എത്തേണ്ടതിന്റെ പ്രാധാന്യം വളരെ അധികമാണ്. വൃദ്ധജനങ്ങളുടെ ജനസംഖ്യ വർദ്ധിക്കുന്ന സാഹചര്യത്തിൽ അവർക്കുവേണ്ടിയുള്ള ക്ഷേമപ്രവർത്തികൾ സജീവമാക്കേണ്ടതാണ്.

- **ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർ**

ക്രമ നം	തദ്ദേശ സ്വയംഭരണ സ്ഥാപനം	ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ				മാനസിക വെല്ലുവിളികൾ നേരിടുന്നവർ				ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ			
		കുടുംബങ്ങൾ	വ്യക്തികൾ			കുടുംബങ്ങൾ	വ്യക്തികൾ			കുടുംബങ്ങൾ	വ്യക്തികൾ		
			പുരുഷന്മാർ	സ്ത്രീകൾ	ആകെ		പുരുഷന്മാർ	സ്ത്രീകൾ	ആകെ		പുരുഷന്മാർ	സ്ത്രീകൾ	ആകെ
1	2	3	4	5	6	7	8	9	10	11	12	13	14
	ബ്ലോക്ക് പഞ്ചായത്തുകൾ												
1	അടിമാലി	174	97	84	181	32	22	11	33	206	119	95	214

2	അഴുത	86	58	40	98	35	18	18	36	121	76	58	134
3	ഇളംദേശം	52	28	26	54	20	8	14	22	72	36	40	76
4	ദേവികുളം	113	77	89	136	19	12	7	19	132	89	66	155
5	ഇടുക്കി	83	55	39	94	23	15	9	24	106	70	48	118
6	കട്ടപ്പന	36	29	18	47	15	3	12	15	51	32	30	62
7	നെടുംകണ്ടം	50	32	26	58	28	18	12	30	78	50	38	88
8	തൊടുപുഴ	28	15	13	28	15	10	6	16	43	25	19	44
	ആകെ ബ്ലോക്ക് പഞ്ചായത്തുകൾ	622	391	305	696	187	106	89	195	809	497	394	891
	നഗരസഭകൾ												
	തൊടുപുഴ	17	8	9	17	7	5	2	7	24	13	11	24
	ആകെ നഗരസഭകൾ	17	8	9	17	7	5	2	7	24	13	11	24
	ആകെ ഇടുക്കി ജില്ല	639	399	314	713	194	111	91	202	833	510	405	915

2009-2010 ൽ പട്ടികജാതി വികസന വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി നടത്തിയ സർവ്വേ അനുസരിച്ച് ആകെ പട്ടികജാതി ജനസംഖ്യയുടെ 1.06 ശതമാനം മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നതായി കണക്കാക്കിയിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ വർദ്ധിച്ചുവരുന്ന ജീവിതശൈലി രോഗങ്ങളെയും ക്യാൻസർ തുടങ്ങിയ മാരക രോഗങ്ങളെയും നേരിടുന്നത് പര്യാപ്തമാകും വിധം വൃദ്ധജനങ്ങളുടെ ക്ഷേമത്തിന് ഉതകും വിധം കൂടുതൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

ഹോമിയോ ഹെൽത്ത് സെന്ററുകൾ

രണ്ടര കിലോമീറ്റർ ചുറ്റളവിൽ മറ്റ് ആരോഗ്യ പരിപാലന കേന്ദ്രങ്ങളില്ലാത്ത പട്ടികജാതി സങ്കേതങ്ങളാണ് ഇതിലേക്ക് തെരഞ്ഞെടുത്തിട്ടുള്ളത്. ജില്ലയിൽ 2 ഹോമിയോ ഹെൽത്ത് സെന്റർ പ്രവർത്തിച്ചു വരുന്നു. ദേവികുളം ബ്ലോക്കിലെ സാന്റോസ് എസ്.സി കോളനി, ഇളംദേശം ബ്ലോക്കിലെ മുള്ളരിങ്ങാട് എസ്.സി കോളനി.

സാമ്പത്തികം

മറ്റേതൊരു സമൂഹത്തിന്റെതന്നെ പോലെയും പട്ടികജാതി വിഭാഗത്തിന്റെ സാമൂഹ്യ പിന്നോക്കാവസ്ഥയിൽ പ്രധാന പങ്കുവഹിക്കുന്ന ഒന്നാണ് സാമ്പത്തികമായ പിന്നോക്കാവസ്ഥ. ക്ഷേമപ്രവർത്തനങ്ങളും സഹായധനങ്ങളും എത്തിക്കുമ്പോൾ അതിനെ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിന് ബോധവൽക്കരണം ആവശ്യമാണ്.

സാമ്പത്തിക സ്ഥിതി പ്രധാനമായും തൊഴിൽ അവസ്ഥയുമായി ബന്ധപ്പെട്ടതാകയാൽ തൊഴിൽ സ്ഥിതിയെക്കുറിച്ചുള്ള സ്ഥിതി വിവരം വിശകലനം ചെയ്യുന്നത് ഉചിതമായിരിക്കും.

തൊഴിൽ

ഇടുക്കി ജില്ലയുടെ സാമ്പത്തിക വികസനവും അഭിവൃദ്ധിയും വളർച്ചയും ഇവിടുത്തെ കാർഷിക മേഖലയുടെ പുരോഗതി ആശ്രയിച്ചാണ് നിലനിൽക്കുന്നത്. ജില്ലയിലെ ഭൂരിപക്ഷം ജനങ്ങളും കൃഷിയും കൂലിവേലയും ആശ്രയിച്ച് ജീവിക്കുന്നവരാണ്. കുരുമുളക്, റബ്ബർ, തെങ്ങ്,കൊക്കോ,കാപ്പി,തെയില എന്നിവ കൂടാതെ സുഗന്ധവ്യഞ്ജനങ്ങളും ജില്ലയിൽ ധാരാളമായി കൃഷി ചെയ്ത് വരുന്നു. എന്നാൽ ഇന്ന് കാലാവസ്ഥയിൽ ഉണ്ടാകുന്ന വ്യതിയാനങ്ങളും കാർഷിക വിളയുടെ വിലത്തകർച്ചയും അസ്ഥിരതയും കാർഷിക മേഖലയെ പ്രതിസന്ധിയിലാക്കുന്നു. കൃഷിയിൽ നിന്നുള്ള വരുമാനം ജീവസന്ധാരണത്തിന് മതിയാകാത്ത സാഹചര്യത്തിൽ ഈ മേഖലയിലെ മുതൽ മുടക്ക് കുറഞ്ഞ് വരികയാണ്. പട്ടയം ഇല്ലാത്തതിനാലും മിക്ക കർഷകരും കടക്കെണിയിൽപ്പെട്ടിട്ടുള്ളതിനാലും ബാങ്ക് വായ്പയുടെ ലഭ്യത കുറവാണ്. കർഷക സൗഹൃദ മാർക്കറ്റുകളുടെ അഭാവവും ഇടനിലക്കാരുടെ ചൂഷണവും കർഷകന് യഥാർത്ഥ വില ലഭിക്കാനുള്ള സാഹചര്യം ഇല്ലാതാക്കുന്നു. വളം കീടനാശിനികൾ, നടീൽ വസ്തുക്കൾ, കർഷക തൊഴിലാളികൾ, ജലസേചനം, ജലം- മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ മുതലായവയുടെ അമിത ചെലവും ലഭ്യതക്കുറവും കാർഷിക മേഖലയെ തളർത്തുന്ന ഘടകങ്ങളാണ്.

ജില്ലയിലെ വിവിധ തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ലിസ്റ്റ്

ബ്ലോക്ക്	സർക്കാർ ജോലി	പ്രൈവറ്റ്	കൃഷി	കൂലി	കച്ചവടം	മറ്റി തരം
അടിമാലി	77	331	158	2431	69	337
അഴുത	209	983	1099	2619	301	394
ഇളംദേശം	73	10	4	220	16	24
ദേവികുളം	583	26	3646	8644	1565	136
ഇടുക്കി	71	54	532	1066	112	688
കട്ടപ്പന	459	49	323	3368	130	95
കട്ടപ്പന മുൻസിപ്പാലിറ്റി	110	7	0	683	0	0
നെടുംകണ്ടം	565	83	397	4496	43	344
തൊടുപുഴ	335	145	203	1711	77	1701
തൊടുപുഴ	187	80	0	652	28	512

മുൻസിപ്പാലിറ്റി						
ആകെ	2669	1768	6362	25890	2341	4231

ആകെ തൊഴിൽമേഖല പരിശോധിച്ചാൽ 59.85 ശതമാനം ആളുകളും കൂലി വേല ചെയ്ത് ജീവിക്കുന്നവരാണ്. 6.17 ശതമാനം ആളുകളും സർക്കാർ ജോലിക്കാരാണ്. 4.09 ശതമാനം ആളുകൾ പ്രൈവറ്റ് മേഖലയിൽ പ്രവർത്തിച്ചു വരുന്നു. അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്ക് തൊഴിൽ മേഖല കണ്ടെത്തുന്നതിനുതകുന്ന കൂടുതൽ പദ്ധതികൾ ആസൂത്രണം ചെയ്തും അഭ്യസ്തവിദ്യർക്കിടയിലെ തൊഴിൽ പരിശീലനം സ്വയം തൊഴിൽ സഹായം എന്നിവ വിപുലപ്പെടുത്തിയും സർക്കാർ മേഖലയിൽ തൊഴിൽ നേടുന്നവർക്ക് പരീക്ഷാ പരിശീലനസൗകര്യം വിപുലപ്പെടുത്തിയും ദേശീയ ഗ്രാമീണ തൊഴിലുറപ്പുപോലെ നിശ്ചിത തൊഴിൽ ദിനങ്ങൾ ലഭിക്കുന്ന രീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്തും മറ്റും തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെയോ ഈ ജനതയെ മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതിയിലേക്ക് കൈപിടിച്ചുയർത്താൻ സാധിക്കുകയൊള്ളു.

ഉന്നത വിദ്യാഭ്യാസ രംഗത്ത് പട്ടികജാതി വിഭാഗത്തിന്റെ ഇടയിൽ ഈ കാലഘട്ടത്തിൽ വളരെ പുരോഗതി ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ തൊഴിൽരഹിതരുടെ എണ്ണം ലഘൂകരിക്കുന്നതിനുള്ള നടപടികൾ ജില്ലാ പദ്ധതി വിഭാവനം ചെയ്യേണ്ടത് അനിവാര്യമാണ്.

സങ്കേതങ്ങളിലെ പൊതു ആസ്തികൾ സ്റ്റാറ്റസ് റിപ്പോർട്ട്

ക്രമ നം	ആസ്തികളുടെ സ്ഥിതി	കമ്മ്യൂണിറ്റി ഹാൾ	കരിയർ ഗൈഡൻസ്	മാതൃ ശിശു ക്ഷേമം	അംഗ്രോ സർവ്വീസ് സെന്റർ	അംഗനവാടി	വായനശാല	ക്ലബ്ബ്	ജലവിതരണ പദ്ധതി	ജലസേചന പദ്ധതി	പൊതു കെട്ടിടം	സോളാർ വിളക്ക്	മറ്റുള്ളവ
1	പ്രവർത്തിക്കുന്നവ	121	2	2	6	284	23	39	68	10	18	65	13
2	പ്രവർത്തന ക്ഷമമാണെങ്കിലും പ്രവർത്തിക്കാത്തവ	18	0	0	0	5	4	7	10	3	2	0	0
3	പ്രവർത്തനക്ഷമമല്ലാത്തവ	2	0	0	2	2	1	2	34	2	2	10	0
4	പുനരുദ്ധാരണം നടത്തി പ്രവർത്തനക്ഷമമാക്കാവുന്നവ	7	0	0	1	1	4	5	15	1	1	15	0

അവലംബം - ജില്ലാ തല പട്ടികകൾ

പട്ടികജാതി സങ്കേതങ്ങളെ സംബന്ധിച്ച് പൊതു ആസ്തികൾ വളരെ പ്രാധാന്യമർഹിക്കുന്നതാണ്. കമ്മ്യൂണിറ്റി ഹാളുകളും അംഗൻവാടികളും വായന ശാലകളും ജലവിതരണ പദ്ധതികൾ തുടങ്ങി എല്ലാം തന്നെ പട്ടികജാതി സങ്കേതങ്ങളെ സംബന്ധിച്ച് അവരുടെ ദൈനംദിന ജീവിത പ്രവർത്തികളുമായി അടുത്ത് ബന്ധപ്പെട്ടിരിക്കുന്നു. അവ അവരുടെ പൊതുപ്രവർത്തന കേന്ദ്രമായി വർത്തിക്കുന്നു. അവയിൽ പുനരിദ്ധാരണം വഴി പ്രവർത്തിക്കാവുന്നവയെ പ്രവർത്തനക്ഷമമാക്കുകയും പുതിയ പൊതു ആസ്തികൾ പ്രാധാന്യം അനുസരിച്ച് പ്രവർത്തന സജ്ജമാക്കുകയും ചെയ്യുന്നതിന് ഗവൺമെന്റിന്റെ ശ്രദ്ധ ആവശ്യമാണ്. അതുപോലെ പൊതു ആസ്തികൾ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം അനുസരിച്ച് കോളനി ജനതയെ ബോധവൽക്കരിക്കേണ്ടതും പ്രാധാന്യം അർഹിക്കുന്നു.

പട്ടികജാതി വികസന ക്ഷേമ പദ്ധതികൾ

പട്ടികജാതി വിഭാഗത്തിന് നിലവിലുള്ള പദ്ധതികളും പരിപാടികളും രണ്ടായി തരം തിരിക്കാം.

A. പട്ടികജാതി വികസന വകുപ്പ് നേരിട്ട് നടപ്പാക്കുന്നവ

B. തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്നവ

A. വകുപ്പുതല പരിപാടികൾ

I. വിദ്യാഭ്യാസപരിപാടികൾ

II. സാമ്പത്തികവികസന പരിപാടികൾ

III. സാമൂഹ്യക്ഷേമ പരിപാടികൾ

IV. സാംസ്കാരിക പരിപാടികൾ

V. നിയമാധിഷ്ഠിത സേവനങ്ങൾ

I. വിദ്യാഭ്യാസപരിപാടികൾ

പട്ടികജാതി വികസന വകുപ്പിൻെറ പ്രധാന മേഖല വിദ്യാഭ്യാസ പുരോഗതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ്. വിദ്യാഭ്യാസ പുരോഗതിയിലൂടെ മാത്രമേ ഒരു സമൂഹം ശാശ്വതമായി വളരുകയുള്ളൂ എന്നതിൻെറ അടിസ്ഥാനത്തിലാണ് വിദ്യാഭ്യാസ പദ്ധതികൾ നടപ്പിലാക്കുന്നത്.

1. നഴ്സറി സ്കൂളുകൾ:- ജില്ലയിൽ വകുപ്പ് 3 നഴ്സറി സ്കൂളുകൾ നടത്തി വരുന്നു. ഓരോ കുട്ടിക്കും 30/- രൂപ പ്രതിദിന ഫീഡിംഗ് ചാർജ്, യൂണിഫോമിന് 600/- രൂപ, 190/- രൂപ ലംപ്സം ഗ്രാന്റ് എന്നിവ നൽകുന്നു. ഓരോ നഴ്സറി സ്കൂളിലും 30 കുട്ടികൾക്ക് പ്രവേശനം നൽകുന്നു. ഇതിൽ പൊതു വിഭാഗത്തിൽ നിന്നും 25% വരെ കുട്ടികൾക്ക് പ്രവേശനം നൽകുന്നു.

2. പ്രീ മെട്രിക് വിദ്യാഭ്യാസം (10-ാം ക്ളാസ് വരെ):- എല്ലാ സർക്കാർ, സർക്കാർ എയ്ഡഡ്, സർക്കാർ അംഗീകൃത അൺ എയ്ഡഡ് സ്കൂളിലും പഠിക്കുന്ന പട്ടികജാതി/മറ്റർഹ വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ് നൽകുന്നു.

a. ലംപ്സംഗ്രാന്റ് നിരക്ക്

1 മുതൽ 4 വരെ 320/-രൂപ

5 മുതൽ 7 വരെ 630/- രൂപ

8 മുതൽ 10 വരെ 940/-

രൂപ ഒരു വർഷം തോറ്റവർക്ക് പകുതി തുക

b. സ്റ്റൈപ്പന്റ്

വേടൻ, വേട്ടുവ നായാടി, അരുന്ധതിയാർ, കള്ളാടി എന്നീ സമുദായ ങ്ങളിലെ വിദ്യാർത്ഥികൾക്ക് ചുവടെ പറയുന്ന നിരക്കിൽ പ്രതിമാസ സ്റ്റൈപ്പന്റ് നൽകുന്നു.

1 മുതൽ 4 വരെ	30/-രൂപ
5 മുതൽ 7 വരെ	60/- രൂപ
8 മുതൽ 10 വരെ	190/- രൂപ

c. 9,10 ക്ളാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രീ മെട്രിക് സ്കോളർഷിപ്പ് (കേന്ദ്ര സഹായ പദ്ധതി).

നിരക്കുകൾ	ഹോസ്റ്റലേഴ്സ്	ഡേ സ്കോളർ
സ്കോളർഷിപ്പ് (പ്രതിമാസം)	350/-	150/-
ബുക്ക് ഗ്രാന്റ്	1000/-	750/-

d. വൃത്തിഹീനത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം (കേന്ദ്ര സഹായ പദ്ധതി) ജാതി മത പരിഗണന കൂടാതെ ഈ ആനുകൂല്യം നൽകുന്നു.

പ്രതിമാസ സ്റ്റൈപ്പന്റ്

1-ാം ക്ളാസ് മുതൽ 10-ാം ക്ളാസ് വരെ 110/- രൂപ
അഡ്ഹോക്ക് ഗ്രാന്റ് -750/ രൂപ (ഡേ സ്കോളേഴ്സ്)
ഹോസ്റ്റൽ അന്തേവാസികൾക്ക് 1000/-രൂപ

e. അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ പത്താം ക്ളാസ്സ് വരെ പഠിക്കുന്ന പട്ടികജാതി മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് റീ ഇംബേഴ്സ് ചെയ്തു നൽകുന്നു.

f. നിരക്കുകൾ

എൽപി യുപി ഫീസ് - 1000/- രൂപ
സ്പെഷൽ ഫീസ് - 333/- രൂപ
എച്ച് എസ് ഫീസ് -1500/- രൂപ
സ്പെഷൽ ഫീസ് - 500/- രൂപ

g. ബോർഡിംഗ് സ്കൂളിൽ പഠിക്കുന്നതിനുള്ള സൗകര്യം:- പട്ടികജാതി വിഭാഗത്തിൽപ്പെട്ട മിടുക്കരായ വിദ്യാർത്ഥികൾക്ക് ഉന്നത നിലവാരം പുലർത്തുന്ന സ്വകാര്യ ബോർഡിംഗ് സ്കൂളിൽ താമസിച്ച് പഠിക്കുന്നതിന് 5-ാം ക്ളാസ് മുതൽ സൗകര്യം.

h. ശ്രീ. അയ്യങ്കാളി ടാലന്റ് സർച്ച് സ്കോളർഷിപ്പ് :- 4,7 ക്ളാസ്സുകളിൽ ലഭിച്ച ഗ്രേഡിൻെറ അടിസ്ഥാനത്തിൽ മികച്ച വിദ്യാർത്ഥികൾക്ക് 10-ാം ക്ളാസ്സ് വരെ പ്രതിവർഷം 4500/- രൂപ വീതം സ്കോളർഷിപ്പ്

i. മോഡൽ റസിഡൻഷ്യൽ സ്കൂൾ :- 5-ാം ക്ളാസ് മുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനായി വകുപ്പിനു കീഴിൽ ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ പീരുമേട് പ്രവർത്തിച്ചു വരുന്നു.

j. പ്രീ മെട്രിക് ഹോസ്റ്റലുകൾ: ജില്ലയിൽ 5 പ്രി മെട്രിക് ഹോസ്റ്റലുകൾ ഉണ്ട്. ഇതിൽ 2 എണ്ണം ആൺകുട്ടികൾക്കും 3 എണ്ണം പെൺകുട്ടികൾക്കുള്ളതുമാണ്. 5-ാം ക്ളാസ് മുതലുള്ള വിദ്യാർത്ഥികൾക്കാണ് ഇവിടെ പ്രവേശനം അനുവദിക്കുന്നത്. ഓരോ കുട്ടിക്കും പോക്കറ്റ് മണിയായി പ്രതിമാസം 130/- രൂപ വീതം നൽകുന്നു. ഭക്ഷണത്തിനായി ഓരോ വിദ്യാർത്ഥിക്കും പ്രതിമാസം 2000/- രൂപ വീതം ചെലവിടുന്നു.

3. പോസ്റ്റ് മെട്രിക് വിദ്യാഭ്യാസം (10-ാം ക്ളാസിനു ശേഷം)

a. ലംപ്സം ഗ്രാന്റ് നിരക്ക്

പ്ളസ് ടു വി എച്ച് എസ് ഇ - 1130/- രൂപ

ഡിഗ്രി തത്തുല്യ കോഴ്സുകൾ - 1190/- രൂപ

പി ജി തത്തുല്യ കോഴ്സുകൾ - 1570/- രൂപ

പ്രൊഫഷണൽ കോഴ്സുകൾ -440 മുതൽ 3130/- രൂപ വരെ കോഴ്സ് അനുസരിച്ച്) സ്റ്റൈപ്പന്റ് നിരക്ക് 8 കിലോമീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് 630/- രൂപ

8 കിലോമീറ്റർ കൂടുതൽ യാത്ര ചെയ്തു വരുന്നവർക്ക് 750/- രൂപ

c. അംഗീകൃത ഹോസ്റ്റൽ ലഭ്യമല്ലാത്തവർക്കുള്ള ആനുകൂല്യം: ഹോസ്റ്റൽ സൗകര്യം ഇല്ലാത്ത പ്രൊഫഷണൽ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് ബോർഡിംഗ് ഗ്രാന്റായി പ്രതിമാസം 1500/- രൂപ നൽകുന്നു.

d. പ്രത്യേക പ്രോത്സാഹന സമ്മാനം : വിവിധ വാർഷിക പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്നു. നിരക്ക് ചുവടെ.

കോഴ്സ്	ഫസ്റ്റ് ക്ളാസ്/ഗ്രേഡ്	ഡിസ്റ്റിംഗ്ഷൻ/ഗ്രേഡ്
എസ് എസ് എൽസി	1500	2500
പ്ളസ് ടു റ്റി റ്റി സി ഡിപ്ളോമ	2500	5000
ഡിഗ്രി	3500	7500
പി ജി മറ്റ് പ്രൊഫഷണൽ കോഴ്സുകൾ	5000	10000

e. റാങ്ക് ജേതാക്കൾക്ക് സ്വർണ്ണ മെഡൽ : മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ ആദ്യ റാങ്ക് നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഒരു പവൻ സ്വർണ്ണ നാണയം സമ്മാനമായി നൽകുന്നു. പ്ളസ് ടു, എസ് എസ് എൽ സി പരീക്ഷകളിൽ എല്ലാ വിഷയത്തിനും എ പ്ളസ് ഗ്രേഡ് നേടുന്ന പട്ടികജാതി വിദ്യാർത്ഥി കൾക്ക് അരപവൻ സ്വർണ്ണ നാണയം നൽകി അനുമോദിക്കുന്നു.

f. ക്ഷേത്ര പ്രവേശന വിളംബര സ്മാരക സ്കോളർഷിപ്പ് : 1936 ലെ ക്ഷേത്ര പ്രവേശന വിളംബരത്തിൻെറ സ്മരണാർത്ഥം ഏർപ്പെടുത്തിയിട്ടുള്ള എൻഡോവ്മെന്റ് തുകയുടെ പലിശയും സർക്കാർ ഗ്രാന്റും ചേർത്ത്

ഡിഗ്രി/പിജി/എൽ.എൽ.ബി/ മെഡിക്കൽ/ എഞ്ചിനീയറിംഗ് പഠനം നടത്തുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നു.

g. മെഡിക്കൽ എൻജിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം: എസ് എസ് എൽ സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ബി പ്ളസിനു മുകളിൽ ലഭിച്ച വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എൻജിനീയറിംഗ് പരീക്ഷയ്ക്ക് ദീർഘ കാല കോച്ചിംഗിന് 20000/- രൂപ വരെ ധനസഹായം നൽകുന്നു.

h. സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സിൽ പഠിക്കുന്നവർക്ക് ആനുകൂല്യം: വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾ യൂണിവേഴ്സിറ്റികൾ എന്നിവയിൽ മെരിറ്റിലോ റിസർവേഷനിലോ അഡ്മിഷൻ നേടുന്നവർക്ക് സർക്കാർ അംഗീകരിച്ച നിരക്കിൽ ഫീസ് ആനുകൂല്യം നൽകുന്നു.

i. എൻജിനീയറിംഗ്/മെഡിക്കൽ കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് പ്രാഥമിക ചെലവുകൾക്ക് തുക അനുവദിക്കുന്നു.

നിരക്ക്

മെഡിക്കൽ - 10000/-രൂപ

എൻജിനീയറിംഗ് - 5000/-രൂപ

j. പ്രൈമറി എഡ്യൂക്കേഷൻ എയിഡ് : 1 മുതൽ 4 വരെ ക്ളാസ്സുകളിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് യൂണിഫോം ബാഗ് കുട എന്നിവ വാങ്ങുന്നതിന് 2000/- രൂപ നൽകുന്നു.

k. ലാപ്ടോപ്പ് വാങ്ങുന്നതിന് ധനസഹായം : പട്ടികജാതി വികസന വകുപ്പിൽ നിന്നും വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്ന വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനായി ധനസഹായം അനുവദിക്കുന്നു.

l. സ്റ്റെതസ്കോപ്പ് വിതരണം : 1-ാം വർഷ എം ബി ബി എസ്, ബി എം എസ്, ബിഎച്ച് എം എസ് വിദ്യാർത്ഥികൾക്ക് സൗജന്യമായി സ്റ്റെതസ്കോപ്പ് നൽകി വരുന്നു.

m.ബിരുദ/ബിരുദാനന്തര ബിരുദ കലാ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന/പരിശീലനോപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകുന്നു.

n. ഗവ. ഓഫ് ഇന്ത്യ സ്കോളർഷിപ്പ് : ഇ ഗ്രാന്റ്സിന് അർഹതയില്ലാത്തതും 250000/- രൂപ വരെ വരുമാനമുള്ള പട്ടികജാതി കുടുംബത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് തലത്തിൽ കേരളത്തിനകത്തും പുറത്തും അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി.

o. സർക്കാർ സർക്കാർ അംഗികൃത സ്ഥാപനങ്ങളിൽ ഈവനിംഗ് കോഴ്സ് പഠിക്കുന്നതിന് കോഴ്സ് ഫീസ് അനുവദിക്കുന്നു.

p. വിദൂര വിദ്യാഭ്യാസത്തിനുള്ള സഹായം : യൂണിവേഴ്സിറ്റികളുടെ കറസ്പോണ്ടൻസ് കോഴ്സിൽ ചേർന്ന് പഠിക്കുന്നവർക്ക് കോഴ്സ് ഫീസ് അനുവദിക്കുന്നു.

q. സംസ്ഥാനത്തിനു പുറത്ത് പഠനം നടത്തുന്നവർക്ക് ആനുകൂല്യം നൽകുന്നു.

r. ഭാരതത്തിന് വെളിയിൽ പഠിക്കുന്നവർക്ക് ധനസഹായം : വിദേശ പഠനത്തിന് വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്ക ണമെന്ന ആവശ്യം ഓരോ അപേക്ഷയുടെയും മെറിറ്റ് പരിഗണിച്ച് യഥാസമയം യുക്തമായ തീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണ്.

s. പാരലൽ കോളേജ് പഠനത്തിനുള്ള ധനസഹായം : സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ പ്ളസ് ടു, ഡിഗ്രി, പി ജി കോഴ്സുകളിൽ പ്രവേശനം ലഭിക്കാത്ത പട്ടികജാതി/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് പാരലൽ കോളേജ് പഠനത്തിന് റഗുലർ സ്ഥാപനങ്ങളിൽ പഠിക്കുന്നവരുടെ നിരക്കിൽ ലംപ്സം ഗ്രാന്റ് സ്റ്റൈപ്പന്റ് എന്നിവ അനുവദിക്കുന്നു.

t. ബുക്ക് ബാങ്ക് പദ്ധതി : പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടിക വിഭാഗം വിദ്യാർത്ഥികൾക്ക് വിലയേറിയ റഫറൻസ് പുസ്തകങ്ങൾ ലഭിക്കുന്ന തിനുള്ള പദ്ധതി

u. പഠനയാത്ര പര്യടന പരിപാടിക്ക് പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് 4000/- രൂപ ധന സഹായം അനുവദിക്കുന്നു.

v. ഇ-ഗ്രാന്റ്സ് പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠനം നടത്തുന്ന പട്ടികജാതി / മറ്റർഹ / ഒ.ബി.സി./ എസ്.ഇ.ബി.സി./ കെ.പി.സി.ആർ./ എഫ്.സി. വിഭാഗങ്ങളിൽ പ്പെടുന്ന വിദ്യാർത്ഥികൾക്ക് 2009-10 അദ്ധ്യയന വർഷം മുതൽ അവരുടെ കോഴ്സ് ഫീസ്, സ്റ്റൈപ്പന്റ്, ലംപ്സം ഗ്രാന്റ്, ഹോസ്റ്റൽ ഫീസ് തുടങ്ങിയ വിദ്യാഭ്യാസാനുകൂല്യങ്ങൾ ഓൺലൈൻ മുഖേന അനുവദിക്കുന്നതിനായി പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്.

II. സാമ്പത്തിക വികസന പദ്ധതികൾ

a. സ്വയം തൊഴിൽ പദ്ധതി : വ്യക്തികൾക്ക് 3 ലക്ഷം വരെയുള്ള വായ്പകൾക്കും ഗ്രൂപ്പു കൾക്ക് 10 ലക്ഷം വരെയുള്ള വായ്പകൾക്കും വായ്പ തുകയുടെ 1/3 സബ്സിഡി നൽകുന്നു. പദ്ധതി ബാങ്കുകളുമായി ചേർന്നു നടപ്പി ലാക്കുന്നു. ബാങ്ക് അംഗീകരിക്കുന്ന ഏത് സ്വയം തൊഴിൽ സംരഭവും തുടങ്ങാം. പ്രായം 18-40. വിദ്യാഭ്യാസ യോഗ്യത 7--ാം ക്ളാസ്. വരുമാന പരിധി ബാധകമല്ല.

b. വക്കീലന്മാർക്ക് ധന സഹായം : നിയമ വിദ്യാഭ്യാസം കഴിഞ്ഞ് എന്റോൾ ചെയ്ത് വക്കീലായി പരിശീലനം ചെയ്യുന്നതിന് 3 വർഷത്തേക്ക് ധനസഹായം നൽകുന്നു.

ഒന്നാം വർഷം

1. എന്റോൾമെന്റ് ഫീസ് 1550/- രൂപ
2. വസ്ത്രം വാങ്ങുന്നതിന് 2000/- രൂപ
3. പുസ്തകം വാങ്ങുന്നതിന് 6250/- രൂപ

രണ്ടും മൂന്നും വർഷങ്ങളിൽ

1. വസ്ത്രം വാങ്ങുന്നതിന് 2000/- രൂപ
2. പുസ്തകം വാങ്ങുന്നതിന് 6250/- രൂപ
3. മുറി വാടക 3000/- രൂപ പ്രതിമാസം 250/- രൂപ)

c. സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർക്ക് അപ്രന്റീസ്ഷിപ്പ് ഐ ടി ഐ, ഡിപ്ളോമ, എൻജിനീയറിംഗ് ഡിഗ്രി എന്നിവ പാസ്സായവർക്ക് അപ്രന്റീസ്ഷിപ്പ് പ്രതിമാസനിരക്ക്

ഐ ടി ഐ - 2000/- രൂപ
ഡിപ്ളോമ - 2500/- രൂപ
എൻജിനീയറിംഗ് ഡിഗ്രി - 3000/- രൂപ

d. ടൂൾ കിറ്റ് : വകുപ്പിൻെറ ഐ ടി ഐ കളിൽ വിവിധ ട്രേഡുകൾ പാസ്സായിട്ടുള്ളവർക്ക് പണി ആയുധങ്ങൾ വാങ്ങുന്നതിനുള്ള ഗ്രാന്റ് നൽകുന്നു.

III. സാമൂഹ്യക്ഷേമ പരിപാടികൾ

a. വിവാഹ ധനസഹായം : പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹ ത്തിന് 75000/- രൂപ ധനസഹായം നൽകുന്നു.

b. മിശ്രവിവാഹിതർക്ക് ധനസഹായം : മിശ്രവിവാഹിതരായ ദമ്പതിമാർക്ക് വിവാഹത്തെതുടർന്ന് ഉണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങളെ അതിജീവിക്കാനും തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിനുമായി 75000/- രൂപ ഗ്രാന്റായി നൽകുന്നു.

c. ഭൂരഹിത പുനരധിവാസ പദ്ധതി: പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗ്രാമസഭ ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾക്ക് ഗ്രാമപ്രദേശത്ത് കുറഞ്ഞത് 5 സെന്റ് ഭൂമിയും മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് കുറഞ്ഞത് 3 സെന്റ് ഭൂമിയും വാങ്ങുന്നതിന് ഗ്രാമ/മുൻസിപ്പൽ/കോർപ്പറേഷനുകളിൽ യഥാക്രമം 375000/-, 450000/-, 600000/-രൂപ ഗ്രാന്റായി അനുവദിക്കുന്നു

d. ഭവന നിർമാണ ധനസഹായം : 2014-15 സാമ്പത്തിക വർഷം മുതൽ 3 ലക്ഷം രൂപ ഭവന നിർമാണ ധനസഹായമായി നൽകുന്നു. 45000/-, 90000/- 120000/-, 45000/- എന്നിങ്ങനെ നാലു ഗഡുക്കൾക്കായി നിർമ്മാണ പുരോഗതിക്കനുസരിച്ച് തുക ഓൺലൈനായി ബാങ്ക് വഴി വിതരണം ചെയ്യുന്നു.

e. ദുർബലവിഭാഗങ്ങൾക്കുള്ള പ്രത്യേക പുനരധിവാസ പദ്ധതി 50000/- രൂപയിൽ താഴെ വരുമാനമുള്ള ഭൂരഹിത ഭവനരഹിതരായ വേടൻ, നായാടി,

ചക്ളിയ, അരുന്ധതിയാർ, കള്ളാടി എന്നീ സമുദായങ്ങൾക്ക് 5 സെന്റ് ഭൂമി വാങ്ങി വീട് വയ്ക്കുന്നതിന് 725000/- രൂപ ഗ്രാന്റായി നൽകുന്നു.

f. ടോയ്‌ലറ്റ് നിർമാണം പട്ടികജാതി കുടുംബങ്ങൾക്ക് ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് 25000/- രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയാണ്.

g. ടി ഗ്രാന്റ്സ് - പട്ടികജാതി വികസന വകുപ്പു മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ച ദുരിതാശ്വാസ നിധി. മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽ പ്പെട്ടവരുമായ 50000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ള വർക്ക് പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 50000/- രൂപ വരെ ചികിത്സാ ധനസഹായമായി അനുവദിക്കുന്നു. 2017 സെപ്റ്റംബർ 1 മുതൽ ചികിത്സാ ധനസഹായം ഓൺലൈ നായി വിതരണം ചെയ്തു വരുന്നു. അപേക്ഷയും അനുബന്ധ രേഖകളും അക്ഷയ സെന്റർ മുഖേന അപേക്ഷകർക്ക് നേരിട്ട് സമർപ്പിക്കാവുന്നതാണ്. ഇതുമൂലം തുക വിതരണം ചെയ്യുന്നതിനുള്ള കാലതാമസം ഒഴിവാക്കാം.

h. ഉദ്യോഗാർത്ഥികൾക്ക് യാത്രാബത്ത പി എസ് സി, യു പി എസ് സി, വിവിധ സർക്കാർ ഏജൻസികൾ പൊതുമേഖല സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവയുടെ പരീക്ഷകളിലും ഇന്റർവ്യുവിനും പങ്കെടുക്കാൻ പോകുന്ന പട്ടികജാതി വിഭാഗം ഉദ്യോഗാർത്ഥികൾക്ക് അർഹമായ യാത്രാപ്പടി ഹാജർ സർട്ടിഫിക്കറ്റിൻെറ അടിസ്ഥാനത്തിൽ അനുവദിക്കുന്നു.

i. സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം : പട്ടികജാതി പട്ടിക വർഗ്ഗ ജനസമൂഹവും മുഖ്യധാരാ സമുദായങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ഊഷ്മളമായും ഇഴയടുപ്പമുള്ളതുമാക്കി തീർക്കുന്നതിന് ഗാന്ധി ജയന്തി ദിനമായ ഒക്ടോബർ 2 മുതൽ 16 വരെ എല്ലാ വർഷവും സാമൂഹ്യ ഐക്യദാർഢ്യ പക്ഷമായി ആചരിക്കുന്നു.

j. ഭവനപുനരുദ്ധാരണം/അഡീഷണൽ റൂം ധനസഹായ പദ്ധതി: ഭവന നിർമ്മാണത്തിന് സർക്കാരിൽ നിന്ന് മുൻപ് ധനസഹായം കൈപ്പറ്റിയിട്ടുള്ളവരും എന്നാൽ ക്ഷയോന്മുഖമായ ഭവനത്തിൽ താമസിക്കുന്ന പട്ടികജാതി കുടുംബത്തിന് ഭവനപുനരുദ്ധാരണത്തിനും പുതിയതായി ഒരു മുറി കൂടി നിർമ്മിക്കുന്നതിനും ധനസഹായം നൽകുന്നു.

k. വിജ്ഞാൻവാടി: പട്ടികജാതി വിദ്യാർത്ഥികളുടെയും യുവതി യുവാക്കളുടെയും ഉന്നമനം ലക്ഷ്യമാക്കി ആനുകാലിക വിജ്ഞാന സമ്പാദനത്തിനും മത്സര പരീക്ഷകൾക്ക് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനും സഹായകമാകുന്ന കേന്ദ്രങ്ങളാണ് വിജ്ഞാൻവാടികൾ. ജില്ലയിൽ വിജ്ഞാൻവാടികൾ നിലവിലുണ്ട്. എല്ലാ പഞ്ചായത്തുകളിലും ഇത് നടപ്പാക്കുകയാണ് ലക്ഷ്യം.

l. ഹോമിയോ ഹെൽത്ത് സെന്റർ : ജില്ലയിൽ പട്ടികജാതി സാങ്കേതങ്ങളോടനുബന്ധിച്ച് ഹോമിയോ ഹെൽത്ത് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്.

m. വിദേശത്ത് തൊഴിൽ നേടുന്നതിന് സാമ്പത്തിക സഹായം : അഭ്യസ്ത വിദ്യരും ഏതെങ്കിലും തൊഴിൽ മേഖലയിൽ നൈപുണ്യവും പരിശീലനവും ലഭിച്ച പട്ടികജാതി യുവതീ യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് യാത്രയ്ക്കും വിസ സംബന്ധമായ ചെലവുകൾക്കുമായി ഒരു ലക്ഷം രൂപ വരെ ധന സഹായം നൽകുന്നു.

IV. സാംസ്കാരിക പരിപാടികൾ

1. ഉത്പന്ന പ്രദർശന വിപണന മേള (ഗദ്ദിക)

പട്ടികജാതിക്കാരുടെ പാരമ്പര്യ ഉത്പന്നങ്ങൾക്കും പട്ടികജാതി സ്വയം ധനസഹായ സംഘങ്ങളുടെ ഉല്പന്നങ്ങൾക്കും വിപണി കണ്ടെത്തുന്നതിന് സഹായകമായ രീതിയിൽ സംസ്ഥാനാടിസ്ഥാനത്തിൽ ഒരു വർഷം 2 സ്ഥലങ്ങളിലായി വിപണന മേള സംഘടിപ്പിക്കുന്നു.

2. സർഗോൽസവം : സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എ ഗ്രേഡ് നേടിയ പട്ടികജാതിയിൽപ്പെട്ട കലാപ്രതിഭക്ക് 10000/- രൂപ പ്രോത്സാഹനമായി നൽകുന്ന പദ്ധതി.

3. ഡോ. ബി ആർ അംബേദ്കർ മാധ്യമ അവാർഡ് പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്ന സമുദായങ്ങളെ സംബന്ധിക്കുന്ന ഏറ്റവും മികച്ച മാധ്യമ റിപ്പോർട്ടുകൾക്കും ഫീച്ചറുകൾക്കും ഡോ. ബി ആർ അംബേദ്കർ മാധ്യമ അവാർഡ് നൽകുന്നു.

4**. സാഹിത്യ കൃതികൾ പ്രസിദ്ധീകരിക്കുന്നതിന് ധനസഹായം**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട എഴുത്തുകാരുടെ കൃതികൾ പുസ്തകരൂപത്തിൽ അച്ചടിക്കുന്നതിന് 20000/- രൂപ വരെ ധനസഹായം അനുവദിക്കുന്നു.

5**. പടവുകൾ ദ്വൈമാസിക**

പട്ടികജാതിവികസന വകുപ്പിൻെറ പ്രവർത്തനങ്ങൾ സാധാരണ ജനങ്ങളിൽ എത്തിക്കുന്നതിനും പട്ടികജാതി വിഭാഗക്കാരുടെ സർഗ്ഗവാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി പടവുകൾ എന്ന പേരിൽ ഒരു ദ്വൈമാസിക വകുപ്പ് പുറത്തിറക്കുന്നു.

6. സാഹിത്യ ശിൽപശാല പട്ടികജാതി പട്ടിക വർഗത്തിലും ഇതര വിഭാഗത്തിലുംപെട്ട സാഹിത്യകാരന്മാരുടെ സാഹിത്യവാസന പരിപോഷിപ്പിക്കുന്നതിനായി വർഷം തോറും സാഹിത്യ ശില്പശാല സംഘടിപ്പിക്കുന്നു.

7. അംബേദ്കർ ജയന്തി/അയ്യങ്കാളി ജയന്തി: ഭരണഘടന ശില്പി ഡോ. അംബേദ്കറുടെ ജന്മദിനം ഏപ്രിൽ 14-ാം തീയതിയും കേരള അധ:സ്ഥിത വർഗത്തിന്റെ വിമോചന പോരാളി അയ്യങ്കാളിയുടെ ജന്മദിനം ആഗസ്റ്റ് 28-ാം തീയതിയും വിവധ പരിപാടികളോടെ വകുപ്പ് ആചരിക്കുന്നു.

8. അംബേദ്കർ ഭവൻ ഇൻഡ്യൻ ഭരണഘടനയുടെ ശില്പിയായ ഡോ. ബി ആർ അംബേദ്കറുടെ നാമധേയത്തിൽ തിരുവനന്തപുരത്ത് മണ്ണന്തലയിൽ അംബേദ്കർ ഭവൻ എന്ന പേരിൽ ഒരു പഠന ഗവേഷണ കൺവെൻഷൻ സെന്റർ സ്ഥാപിതമായി

9. അയ്യങ്കാളി ഭവൻ: അധസ്ഥിത ജനവിഭാഗത്തിൻെറ ഉന്നമനത്തിനായി പ്രവർത്തിച്ച സാമൂഹിക പരിഷ്കർത്താവായ ശ്രീ. അയ്യങ്കാളിയുടെ നാമധേയത്തിൽ തിരുവനന്തപുരം വെള്ളയമ്പലത്ത് പ്രവർത്തുക്കുന്ന സ്ഥാപനമാണ്.

തൊഴിൽ മേഖല നേരിടുന്ന പ്രശ്നങ്ങൾ

- അഭ്യസ്തവിദ്യരായ യുവതി യുവാക്കൾ ജില്ലയിൽ ഉണ്ടെങ്കിലും തൊഴിൽ കണ്ടെത്തുന്നതിനായി മറുനാടിനെ ആശ്രയിക്കേണ്ടതായി വരുന്നു.
- മഴ സീസണിൽ പാകമാകുന്ന വിളകൾ ചക്ക, മാങ്ങ, കൂവ, ചേന, മഞ്ഞൾ, ഇഞ്ചി, എള്ള്, കുറുമ്പുല്ല്, മുതിര, ഔഷധസസ്യങ്ങൾ തുടങ്ങിയവയുടെ ശേഖരണ, സംസ്കരണ, സംഭരണ മേഖലയിൽ ആവശ്യത്തിന് തൊഴിലാളികളെ ലഭിക്കാത്തതിനാലും ഇതിനാവശ്യമായ സാഹചര്യം ഒരുക്കി കൊടുക്കാത്തതിനാലും ഇവ കൃഷിക്കാർക്ക് മാർക്കറ്റിൽ എത്തിക്കാൻ സാധിക്കുന്നില്ല. സാമ്പത്തിക നേട്ടം ഉണ്ടാക്കുവാൻ കഴിയുന്നില്ല. അതുകൊണ്ടുതന്നെ ഇത്തരത്തിലുള്ള വിളകൾ ഭക്ഷ്യമേഖലയിലേക്ക് എത്തിക്കാൻ സാധിക്കുന്നില്ല.
- പച്ചക്കറി വിളകൾ ധാരാളമായി കൃഷി ചെയ്യുന്നുണെങ്കിലും അവ സംഭരിക്കുന്നതിനോ വിതരണം നടത്തുന്നതിനോ മതിയായ മാർഗ്ഗങ്ങൾ ഇല്ലാത്തതിനാൽ കർഷകർക്ക് ഉയർന്ന വിലയോ ലാഭമോ ലഭ്യമാകുന്നില്ല.
- നിലവിൽ നിർമ്മാണ മേഖലയിൽ തൊഴിലവസരങ്ങൾ ഏറെയുണ്ടെങ്കിലും വയറിംഗ് പ്ലംബ്ലിംഗ് കോഴ്സുകൾ പാസായി തൊഴിൽ കണ്ടെത്താൻ സാധിക്കാത്ത സ്ഥിതിവിശേഷം നിലനിൽക്കുന്നു.
- ഒരു കാലത്ത് നമ്മുക്കേറെ പാടശേഖരം ഉണ്ടായിരുന്നു. കൃഷി ലാഭകരമല്ലാതാക്കിതീർത്ത വിവിധങ്ങളായ കാരണങ്ങളാൽ വളരെ ചെറിയൊരു ശതമാനത്തിലേക്ക് ഈ പാടശേഖരം മാറ്റപ്പെട്ടു. നാമാവശേഷമായ നെൽകൃഷി പ്രോത്സാഹനം, തരിശായ പാടശേഖരങ്ങളുടെ പുനരുജ്ജീവനം ഇതിലൂടെ തൊഴിൽ, ഭക്ഷ്യസുരക്ഷ. ഇവ ഉറപ്പാക്കാം

തൊഴിൽ മേഖലയിൽ നടപ്പിലാക്കാവുന്ന പദ്ധതികളും

പ്രശ്ന പരിഹാരവും

1) കൺസ്ട്രക്ഷൻ യൂണിറ്റ്

ഉദ്ദേശ്യം

കെട്ടിട നിർമ്മാണമേഖലയുമായി ബന്ധപ്പെട്ട് തൊഴിൽ എടുക്കുന്നവർക്ക് മികച്ച പരിശീലനം നൽകി തൊഴിൽ ലഭ്യത ഉറപ്പുവരുത്തുക

പദ്ധതി

സിവിൽ, മെക്കാനിക്കൽ തുടങ്ങിയ എഞ്ചിനീയറിംഗ് ബിരുദമുള്ളവരെയും, നിലവിൽ കെട്ടിട നിർമ്മാണമേഖലയിൽ പ്രവർത്തിച്ചുവരുന്ന ആശാരി

പ്പണി, കൽപ്പണി, പെയിന്റിംഗ് , മരപ്പണി തുടങ്ങിയവയിൽ വൈദഗ്ധ്യമുള്ളവരെയും, പ്രത്യേക തൊഴിൽ വൈദഗ്ധ്യം ആവശ്യമില്ലാത്തവരെയും ഉൾപ്പെടുത്തി കെട്ടിട നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം , കിണർ നിർമ്മാണം തുടങ്ങി വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ചുരുങ്ങിയത് 10 പേർ അടങ്ങിയ യൂണീറ്റ് രൂപീകരണം.

തുടക്കത്തിൽ നിർമ്മാണ മേഖലയിൽ പരിചയ സമ്പന്നരായ എഞ്ചിനീയർമാരെ കരാർ അടിസ്ഥാനത്തിലോ പി. ഡബ്ലിയു.ഡി പോലുള്ള വകുപ്പിലെ എഞ്ചിനീയർമാരുടെ നേതൃത്വത്തിലോ യൂണീറ്റുകൾക്ക് ട്രെയിനിംഗ് നൽകി പ്രവർത്തനം ആരംഭിക്കാം. വകുപ്പിന്റെയും ഇതര വകുപ്പുകളും നടപ്പിലാക്കുന്ന ഭവന നിർമ്മാണം, ടോയ്‌ലറ്റ് നിർമ്മാണം ,അംബേദ്ക്കർ ഗ്രാമ പദ്ധതി, കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ സമയ ബന്ധിതമായി തീർപ്പാക്കാം.

വകുപ്പുകളുടെ ഏകോപന സാധ്യത പി. ഡബ്ലിയു.ഡി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ,തൊഴിൽ വകുപ്പ് ബ്ലോക്ക് പഞ്ചായത്ത് മുഖേന പ്രോജക്ട് നടപ്പിലാക്കാവുന്നതാണ്.

2) ഡ്രയർ യൂണീറ്റ്

ഉദ്ദേശ്യം

- പാഴാക്കി കളയുന്ന കാർഷികോൽപ്പന്നങ്ങളിൽ നിന്നും മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുക.
- പോക്ഷകസമൃദ്ധവും മായമില്ലാത്തതുമായ ഭക്ഷ്യഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കുക.
- പ്രാദേശിക വിപണികളെ കൂടാതെ അന്യസംസ്ഥാനങ്ങളിലേയും വിദേശവിപണികളിലേയും സാധ്യതകൾ പ്രയോജനപ്പെടുത്തുക.
- കൂടുതൽ വിദേശമൂല്യം ലഭിക്കും എന്നതിനാൽ യുവാക്കളെ കൂടുതലായി ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനായി കഴിയുന്നു.

പദ്ധതി

മഴക്കാലത്ത് പാഴായിപ്പോകുന്ന കാർഷികോൽപ്പന്നങ്ങൾ ചക്ക, മാങ്ങ, കൂവ, ചേന, മഞ്ഞൾ, ഇഞ്ചി, എള്ള്, കുറുമ്പുല്ല്, മുതിര, ഔഷധസസ്യങ്ങൾ തുടങ്ങിയവ ഉപയോഗപ്പെടുത്തുന്നതിനായി സ്വയം സഹായ സംഘങ്ങളുടെ നേതൃത്വത്തിൽ ഡ്രയർ യൂണീറ്റുകൾ ആരംഭിക്കുക.

മഴക്കാലത്ത് വിളവെടുപ്പിനു പാകമാകുന്ന ഏതു വിളകളും ഡ്രയറിൽ ഉണക്കിയെടുത്ത് സംരക്ഷിക്കുവാൻ സാധിക്കുന്നതിനാൽ ഡ്രയർ യൂണീറ്റുകളിലും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കും. വ്യവസായ പദ്ധതികൾക്ക് പലിശ രഹിത വായ്പ അനുവദിക്കുക. ആസ്തികൾ സൃഷ്ടിക്കുന്നതിന് അനുസൃതമായി സംരഭങ്ങളുടെ പുരോഗതിക്കനുസരിച്ച് ഇൻസെന്റീവ് നൽകുക.

വകുപ്പുകളുടെ ഏകോപന സാധ്യത

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, കൃഷിവകുപ്പ്, വ്യവസായ വകുപ്പ്.
ഗ്രാമ പഞ്ചായത്തത് മുഖേന പ്രൊജക്ട് നടപ്പിലാക്കാവുന്നതാണ്.

3) പച്ചക്കറി സംഭരണ വിതരണ യൂണിറ്റുകൾ

ഉദ്ദേശ്യം

- പച്ചക്കറികൾ ശേഖരിച്ച് സംഭരിക്കുക.
- ഇടനിലക്കാരെ ഒഴിവാക്കുക.
- കൂടുതൽ ഉയർന്ന വില കർഷകർക്ക് ലഭ്യമാക്കുക.
- യുവാക്കൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
- കാർഷികവൃത്തിയിലേക്ക് കൂടുതൽ യുവജനങ്ങളെ ആകർഷിക്കുക.
- തദ്ദേശീയമായ പച്ചക്കറികൾക്ക് ലഭിക്കുന്ന ഉയർന്ന മാർക്കറ്റ് പ്രയോജനപ്പെടുത്തുക

പദ്ധതി

പച്ചക്കറി വിളകൾ സമൃദ്ധമായി ഉണ്ടാക്കുന്ന വട്ടവട, കാന്തലൂർ, മറയൂർ എന്നീ പഞ്ചായത്തുകളിൽ പച്ചക്കറി സംഭരണ വിതരണ യൂണിറ്റുകൾ ആരംഭിക്കുക.

വകുപ്പുകളുടെ ഏകോപന സാധ്യത

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, കൃഷിവകുപ്പ്, (പച്ചക്കറികൾ സംഭരിക്കുന്നതിന് സബ്സിഡിയോടുകൂടി വായ്പ അനുവദിക്കുക., സംഭരണ കെട്ടിടങ്ങൾ നിർമ്മിക്കുക.)
ഗ്രാമ പഞ്ചായത്തത് മുഖേന പ്രോജക്ട് നടപ്പിലാക്കാവുന്നതാണ്.

4) ഓട്ടോമൊബൈൽ വർക്ക്ഷോപ്പ്

ഉദ്ദേശ്യം

- ഐ. റ്റി. ഐ. പോളി തുടങ്ങിയ കോഴ്സുകൾ കഴിഞ്ഞവർക്കായി തൊഴിൽ ശാലകൾ ആരംഭിക്കുക.
- വീടിനുസമീപപ്രദേശങ്ങളിൽ മാത്രം തൊഴിൽ ചെയ്യാൻ താത്പര്യപ്പെടുന്നവർക്ക് തൊഴിൽ ഉറപ്പാക്കൽ
- ഹൈറേഞ്ച് മേഖലയിൽ മറ്റ് പ്രദേശങ്ങളിലേതിനേക്കാൾ വർക്ക് ഷോപ്പുകൾക്ക് കൂടുതൽ സാധ്യത നിലനിൽക്കുന്നു.
- ബ്ലോക്ക് പഞ്ചായത്തത് മുഖേന പ്രോജക്ട് നടപ്പിലാക്കാവുന്നതാണ്

5) മെഡിക്കൽ സ്റ്റോർ സംരഭം

പദ്ധതി

ഫാർമസി കോഴ്സ് കഴിഞ്ഞവർക്ക് മെഡിക്കൽ സ്റ്റോർ സംയുക്തമായി ആരംഭിക്കാം (വ്യക്തികൾക്കോ ഗ്രൂപ്പുകൾക്കോ സാമ്പത്തിക സഹായം അനുവദിക്കുന്നു.

വകുപ്പുകളുടെ ഏകോപന സാധ്യത

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, ഗ്രാമ പഞ്ചായത്തത് മുഖേന പദ്ധതി നടപ്പിലാക്കാവുന്നതാണ്.

6) തേയില ഫാക്ടറി പുനരുജ്ജീവനം

ഉദ്ദേശ്യം

- തേയിലയുടെ വിവിധ ഉത്പന്നങ്ങളുടെ നിർമ്മാണം, വിതരണം
- നിലവിലുള്ള ഔട്ട്ലറ്റുകൾ വഴിയോ പുതിയവ രൂപീകരിച്ചോ വിതരണം ചെയ്യാം
- തേയില തോട്ടങ്ങളിൽ അനുബന്ധകൃഷികൾ ചെയ്യുക (ഉദാ: കുരുമുളക്, ഓറഞ്ച്, അതിർത്തികളിൽ കാപ്പി).

പദ്ധതി

പീരുമേട് ഭാഗങ്ങളിൽ കൃഷി ഉപേക്ഷിച്ചിച്ചുപോയ തോട്ടങ്ങളും അടഞ്ഞുപോയ ഫാക്ടറികളും ധാരാളം ഉണ്ട്. ഇവയിൽ ഒന്ന് പരീക്ഷണാടിസ്ഥാനത്തിൽ പുനരുജ്ജീവിപ്പിച്ച് തൊഴിലാളി സംഘത്തിന്റെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിക്കാം.

വകുപ്പുകളുടെ ഏകോപന സാധ്യത

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, കൃഷിവകുപ്പ്, കെ. എസ്. ഇ. ബി., തൊഴിൽ വകുപ്പ്, ജലസേചന വകുപ്പ്. ജില്ലാ പഞ്ചായത്തത് മുഖേന പ്രോജക്ട് നടപ്പിലാക്കാവുന്നതാണ്.

7) എൽ. ഇ. ഡി. ബൾബ് നിർമ്മാണ യൂണിറ്റ് (കെ. എസ്. ഇ. ബി. യുടെ സഹകരണത്തോടെ

- പരിശീലനം നൽകി പ്രത്യേക വൈദഗ്ധ്യം ഉള്ളവരെയും ഇല്ലാത്തവരെയും ചേർത്ത് യൂണിറ്റ് രൂപീകരിക്കുക .
- ഇവർക്ക് പരിശീലനം നൽകി യൂണിറ്റ് പ്രവർത്തം ആരംഭിക്കുക.
- പലിശരഹിതമായി വായ്പ ലഭ്യമാക്കുക. സംരംഭം നല്ല രീതിയിൽ പുരോഗമിച്ചാൽ പ്രത്യേക ഇൻസെന്റീവായി സബ്സിഡി നൽകുന്ന പദ്ധതി നടപ്പിലാക്കുക.
- ഗ്രാമ പഞ്ചായത്ത് മുഖേന പ്രോജക്ട് നടപ്പിലാക്കാവുന്നതാണ്.

8) സാനിറ്ററി നാപ്കിൻ നിർമ്മാണ യൂണിറ്റ്

ഉദ്ദേശ്യം

- പട്ടികജാതി, പട്ടികവർഗ്ഗവകുപ്പുകളുടെ പ്രീമെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ അന്തേവാസികൾക്ക് വിതരണം ചെയ്യാം.
- പൊതുവിപണിയിൽ വിപണനം നടത്തുന്നതിന്.

പദ്ധതി

വനിതകൾക്ക് പരിശിലനം നൽകി 20 ഓളം പേർ വരുന്ന ഒരു യൂണിറ്റിന്റെ രൂപീകരണം.

വകുപ്പുകളുടെ ഏകോപന സാധ്യത

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, വ്യവസായ വകുപ്പ്, വൈദ്യുതി വകുപ്പ്, ആരോഗ്യ വകുപ്പ് തുടങ്ങിയവ.
ഗ്രാമ പഞ്ചായത്തത് മുഖേന പ്രോജക്ട് നടപ്പിലാക്കാവുന്നതാണ്.

9) വയറിംഗ് & പ്ലംബിംഗ് യൂണിറ്റ്

ഉദ്ദേശ്യം

- വയറിംഗ് പ്ലംബ്ലിംഗ് ജോലികൾക്കാവശ്യമായ യോഗ്യതയുള്ളവർക്ക് തൊഴിൽ സൃഷ്ടിക്കുന്നതിനും, സമീപപ്രദേശങ്ങളിൽ തന്നെ തൊഴിൽ ഉറപ്പാക്കുന്നതിനും
- വകുപ്പിന്റെയും ഇതരവകുപ്പിന്റെയും ഭവനനിർമ്മാണം , പഠനമുറി, മെയിന്റനൻസ്, മറ്റ് കെട്ടിട നിർമ്മാണം എന്നീ പ്രവർത്തനങ്ങൾ ഈ ഗ്രൂപ്പുകളെക്കൊണ്ട് ചെയ്യിപ്പിക്കുക.
- പദ്ധതികൾ സമയബന്ധിതമായി പൂർത്തികരീക്കുന്നതിന് സാധിക്കും.
- അന്യ സംസ്ഥാന തൊഴിലാളികളുടെ അഭാവത്തിൽ നിർമ്മാണ മേഖലയിൽ ഉണ്ടാകാവുന്ന സ്തംഭനാവസ്ഥ ഒഴിവാക്കാം

പദ്ധതി

അഞ്ചോളം അംഗങ്ങൾ വീതമുള്ള യൂണിറ്റുകൾ ആരംഭിക്കാം. അഭിരുചിയും താത്പര്യവും ഉള്ളവരെ കണ്ടെത്തി പരിശീലനം നൽകി യൂണിറ്റുകൾ രൂപീകരിക്കൽ.

വകുപ്പുകളുടെ ഏകോപന സാധ്യത

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, വ്യവസായ വകുപ്പ്, തൊഴിൽ വകുപ്പ്
ഗ്രാമ പഞ്ചായത്ത് മുഖേന പ്രോജക്ട് നടപ്പിലാക്കാവുന്നതാണ്.

കാർഷിക മേഖല

- **ജൈവപച്ചക്കറി കൃഷി**
- **എസ്. സി. വിഭാഗത്തിനായി പാടശേഖര സമിതി രൂപീകരിക്കുക**
- **ഡയറി ഫാം യൂണിറ്റ്**

ജൈവപച്ചക്കറി കൃഷി

പദ്ധതി

പട്ടികജാതി വിഭാഗങ്ങളുടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് മഴമറകൾ ഉണ്ടാക്കി ഗ്രോബാഗുകളിലും മണ്ണിലും ജൈവകൃഷി ചെയ്യുക.

ഉദ്ദേശ്യം

- വിഷവിമുക്തമായ പച്ചക്കറികൾ ഉദ്പാദിപ്പിക്കുക
- പച്ചക്കറി കൃഷിയിൽ പട്ടികജാതി കോളനികളെ സ്വയംപര്യാപ്തമാക്കുക.
- വിഷമയമായ അന്യസംസ്ഥാന പച്ചക്കറികളുടെ ഇറക്കുമതി തടയുക.
- പ്രാദേശിക വിപണികളിൽ ജൈവപച്ചക്കറികൾക്ക് ഉയർന്നവില ലഭിക്കുന്നതുവഴി അംഗങ്ങളുടെ സാമ്പത്തിക ഉന്നമനം സർക്കാർ സ്ഥാപനങ്ങളിൽ വിതരണം (എസ്. സി. , എസ്. റ്റി വകുപ്പുകളുടെ ഹോസ്റ്റലുകൾ, വിവധ വകുപ്പുകളോടനുബന്ധിച്ചുള്ള ഭക്ഷണശാലകൾ അഗതി മന്ദിരങ്ങൾ, ജയിൽ, നിർഭയയുടെ സ്ഥാപനങ്ങൾ, പോലീസ് ക്യാമ്പുകൾ തുടങ്ങിയവ.)

വകുപ്പുകളുടെ ഏകോപന സാധ്യത

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, കൃഷിവകുപ്പ്, ജലസേചന വകുപ്പ്, കെ. എസ്. ബി., വനം വകുപ്പ് ബ്ലോക്ക് പഞ്ചായത്തത് മുഖേന പ്രോജക്ട് നടപ്പിലാക്കാവുന്നതാണ്.

എസ്. സി. വിഭാഗത്തിനായി പാടശേഖര സമിതി രൂപീകരിക്കുക

ആവശ്യം

ഒരു കാലത്ത് നമ്മുക്കേറെ പാടശേഖരം ഉണ്ടായിരുന്നു. കൃഷി ലാഭകരമല്ലാതാക്കി തീർത്ത വിവിധ കാരണങ്ങളാൽ വളരെ ചെറിയൊരു ശതമാനത്തിലേക്ക് ഈ പാടശേഖരം മാറ്റപ്പെട്ടു. നാമാവശേഷമായ നെൽകൃഷി പ്രോത്സാഹനം, തരിശായ പാടശേഖരങ്ങളുടെ പുനരുജീവനം ഇതിലൂടെ തൊഴിൽ, ഭക്ഷ്യസുരക്ഷ.

പദ്ധതി

പട്ടികജാതി വിഭാഗത്തിന്റെ സ്വയം സഹായസംഘങ്ങൾ രൂപികരിച്ച് കൃഷിഭൂമി പാട്ടത്തിനെടുത്തോ, തരിശുഭൂമികൾ ഉപയോഗപ്പെടുത്തിയോ പദ്ധതി നടപ്പിലാക്കുക.

ഉദ്ദേശ്യം

- നെൽകൃഷി പരിപോഷണം.
- തൊഴിൽ സൃഷ്ടിക്കൽ.
- ഭക്ഷ്യ സുരക്ഷ ഉറപ്പാക്കൽ.
- വിഷരഹിതമായ ഭക്ഷണം നൽകൽ.

വകുപ്പുകളുടെ ഏകോപന സാധ്യത

- തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, കൃഷിവകുപ്പ്, ജലവിഭവ വകുപ്പ്, കെ. എസ്. ഇ. ബി..
- ഗ്രാമ പഞ്ചായത്ത് മുഖേന പദ്ധതി നടപ്പിലാക്കാവുന്നതാണ്.

ഡയറി ഫാം യൂണിറ്റ്

പദ്ധതി

- ഒരേക്കറോളം എങ്കിലും സ്ഥലം ഉള്ള കുടുംബങ്ങൾക്കോ സംഘങ്ങൾക്കോ പശുക്കളെ വാങ്ങാനും അഞ്ച് പശുക്കളെങ്കിലുമുള്ള തൊഴുത്തുകൾ നിർമ്മിക്കാനും സബ്സിഡി ഉൾപ്പെടെ വായ്പ നൽകി യൂണിറ്റുകൾ രൂപീകരിക്കുക
- പാൽ വിതരണം, ഉൽപ്പന്നങ്ങളുടെ നിർമ്മാണം വിപണനം ഇവയ്ക്ക് ഔട്ട്ലെറ്റുകൾ ആരംഭിക്കാം

ഉപപദ്ധതി

- തീറ്റപ്പുൽ കൃഷി
- സമീപപ്രദേശത്തുള്ള എല്ലാ കുടുംബങ്ങൾക്കും പങ്കാളികളാവാം
- ബ്ലോക്ക്പഞ്ചായത്തത് മുഖേന പ്രോജക്ട് നടപ്പിലാക്കാവുന്നതാണ്.

ഉദ്ദേശ്യം

- തൊഴിലവസരം സൃഷ്ടിക്കൽ
- ഗുണമേന്മയുള്ള പാൽ, പാലുൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കുക.
- കാർഷികമേഖലയ്ക്ക് ഉണർവ് നൽകുക.
- തീറ്റപ്പുൽകൃഷി പരിപോഷണം
- ജൈവവള ഉദ്പാദനം
- എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും തൊഴിൽ ലഭിക്കുന്നതുവഴി ജീവിതനിലവാരം ഉയർത്താം/സാമ്പത്തിക ഭദ്രത ഉറപ്പാക്കാം
- കൃഷി, മൃഗസംരക്ഷണം, ഡയറി എന്നീ വിഷയ സമിതികളിൽ നിന്നും എസ്. എസി. വിഭാഗത്തിനുള്ള സബ്സിഡി ഉയർത്തേണ്ടത് അനിവാര്യമാണ്.

വകുപ്പുകളുടെ ഏകോപന സാധ്യത

- തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, കൃഷിവകുപ്പ്, ജലസേചന വകുപ്പ്, കെ. എസ്. ബി., വന വകുപ്പ്

ടൂറിസം

- **ആർട്ട് ഗാലറി**
- **ചെണ്ടമേളം, ശാസ്ത്രീയ നൃത്ത പരിശീലന കേന്ദ്രം**

ആർട്ട് ഗാലറി

പദ്ധതി

വിവിധ മേഖലകളിൽ വൈദഗ്ധ്യമുള്ള സ്ത്രീ പരുഷൻമാർ (ഫോട്ടോഗ്രാഫി, നാടൻ കലകൾ, ചിത്രകല,ക്രാഫ്റ്റ് വർക്ക് തുടങ്ങിയവ) ചേർന്നുള്ള യൂണിറ്റ്.

ഉദ്ദേശ്യം

- പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനിടയിലുള്ള പരമ്പരാഗത കൈതൊഴിൽ പരിപോഷിപ്പിക്കുന്നതിന്.
- നാടൻകലകൾ, പരമ്പരാഗതകലകൾ പ്രോത്സാഹിപ്പിക്കൽ
- ഫോട്ടോഗ്രാഫി, പെയിന്റിംഗ്, നാണയങ്ങൾ, കൈതൊഴിൽ ഉൽപ്പന്നങ്ങൾ, വനവിഭവങ്ങൾ തുടങ്ങയവയുടെ പ്രദർശനവും വിപണവും
- വിദേശ/സ്വദേശ ടൂറിസ്റ്റുകളുടെ ആവശ്യാനുസരണം പ്രാദേശികമായ കലാരൂപങ്ങൾ, പട്ടികജാതി വിഭാഗത്തിലെ പരമ്പരാഗത കലാരൂപങ്ങൾ എന്നിവ കലാകാരന്മാരുടെ ഗ്രൂപ്പ് രൂപീകരിച്ച ഗാലറിയിൽ അവതരിപ്പിക്കൽ
- വെബ് സൈറ്റ് ഡിസൈൻ ചെയ്ത് വ്യാപക പ്രചാരണം നടത്തൽ
- കേരളീയ ഭക്ഷണം നൽകുന്ന ഭക്ഷണശാലകൾ അനുബന്ധമായി തുടങ്ങാം

വകുപ്പുകളുടെ ഏകോപന സാധ്യത

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, വന വകുപ്പ്, വൈദ്യുതി വകുപ്പ് തുടങ്ങയവ
ജില്ലാ പഞ്ചായത്ത് മുഖേന പദ്ധതി നടപ്പിലാക്കാവുന്നതാണ്.

ചെണ്ടമേളം, ശാസ്ത്രീയ നൃത്ത പരിശീലന കേന്ദ്രം

പദ്ധതി

ക്ഷേത്രകലയായ ചെണ്ടമേളം, ശാസ്ത്രീയ നൃത്തം പഠിപ്പിക്കുന്നതിന് വ്യക്തിഗത/ഗ്രൂപ്പ് വായ്പ നൽകി സ്ഥാപനം ആരംഭിക്കൽ

ഉദ്ദേശ്യം

- ഇത്തരം ഗ്രൂപ്പുകളുടെ (വനിതകൾ/പുരുഷന്മാർ പ്രത്യകം) സാധ്യത പുതിയ കാലഘട്ടത്തിൽ ഏറിയിട്ടുണ്ട്.
- മറ്റു തൊഴിലിനൊപ്പം കൊണ്ടുപോകാന്നതിനാൽ വനിതകൾക്കും പുരുഷൻന്മാർക്കും അധിക വരുമാനം കണ്ടെത്താം
- ആർട്ട് ഗാലറിയിൽ ഈ ഗ്രൂപ്പുകളെ പ്രയോജനപ്പെടുത്താം
- പുതിയ കുട്ടികൾക്കുകൂടി പരിശീലനം നൽകുന്നത് വരുമാനം വർദ്ധിപ്പിക്കും

വകുപ്പുകളുടെ ഏകോപന സാധ്യത

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി സഹകരിച്ച്

- ഗ്രാമ പഞ്ചായത്തത് മുഖേന പ്രൊജക്ട് നടപ്പിലാക്കാവുന്നതാണ്.

---

1. പട്ടികജാതിക്കാർക്കായുള്ള പദ്ധതിരൂപീകരണങ്ങളിൽ സുസ്ഥിര സാമ്പത്തിക വികസനം എന്നത് മുഖ്യലക്ഷ്യമായി കാണുക
2. വികസനത്തിലെ സ്വയംഭരണാവകാശം പട്ടികജാതിക്കാർക്കും ഉറപ്പുവരുത്തുകയും പട്ടികജാതിവികസനത്തിനായി നിർമ്മിക്കുന്ന സ്ഥാപനങ്ങളുടെ

ഉടമസ്ഥാവകാശം പ്രാപ്തമായ പട്ടികജാതി സംഘടനകൾക്ക് നൽകാനുള്ള സമീപനം സ്വീകരിക്കുക

3. പട്ടികജാതിക്കാരുടെ സാമൂഹ്യ-സാമ്പത്തികസ്ഥിതിയും ആവശ്യങ്ങളും അറിയുന്നതിനായി സമഗ്രമായ സാമ്പത്തിക വികസന സെൻസസ് നടത്തുക.

4. പട്ടികജാതി വികസന വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന ഒരു പദ്ധതിയും പ്രാദേശിക സർക്കാരുകൾ വീണ്ടും ആവിഷ്ക്കരിക്കേണ്ടതില്ല എന്ന കർശന നിർദ്ദേശം നൽകുക. ആവശ്യമെങ്കിൽ പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് അധികസഹായം ലഭ്യമാകുന്നതിനുള്ള പദ്ധതികൾ പ്രാദേശിക സർക്കാരുകൾക്ക് ആവിഷ്ക്കരിക്കാവുന്നതാണ്.

5. പട്ടികജാതിക്കാർക്ക് കൈവശഭൂമി പരിമിതമായതിനാൽ ഭൂമി ആവശ്യമുള്ള വികസന മേഖലകളായ കൃഷി, മൃഗസംരക്ഷണം, മൽസ്യകൃഷി, വ്യവസായ സംരഭങ്ങൾ തുടങ്ങിയ മേഖലകളിൽ ആവിഷ്ക്കരിക്കുന്ന പദ്ധതികളുടെ പൂർണ്ണമായ പ്രയോജനം ലഭ്യമാകാൻ കഴിയില്ല. അതിനാൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും അവിടെ ലഭ്യമായതും പട്ടികജാതി സങ്കേതങ്ങളോടടുത്തു കിടക്കുന്നതുമായ സർക്കാർ ഭൂമിയിൽ വ്യവസായ പാർക്കുകൾ, മൃഗസംരക്ഷണ പാർക്കുകൾ, പശുവളർത്തൽ കേന്ദ്രങ്ങൾ, പൊതു കൃഷിയിടങ്ങൾ എന്നിവ ഒരുക്കേണ്ടതുണ്ട്. അതിനായി ഭൂമി ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കുക.

6. പട്ടികജാതിക്കാർക്കായി ഓരോ ബ്ലോക്ക്-മുനിസിപ്പാലിറ്റി-കോർപ്പറേഷൻ അടിസ്ഥാനത്തിൽ പ്രത്യേക സാമ്പത്തിക മേഖലകൾ സൃഷ്ടിക്കുക.

7. പട്ടികജാതിവികസന വകുപ്പും മലബാർ മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയനും സംയുക്തമായി മലബാർ മേഖലയിൽ നടപ്പിലാക്കുന്ന പ്രത്യേക തൊഴിൽദാന പരിപാടി (പശു വളർത്തൽ, മൊബൈൽ ഐസ്ക്രീം യൂണിറ്റ്) ഇടുക്കി ജില്ലയിലും നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കുക.

8. അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള സർക്കാർ സ്ഥാപനങ്ങളുടെ ഉപയോഗത്തിനു വേണ്ടി വരുന്ന സാധനങ്ങളും സേവനങ്ങളും വാങ്ങുമ്പോൾ 25% അതാത് പ്രാദേശിക സർക്കാരുകളെ പരിധിയിലുള്ള പട്ടികജാതി സംരഭകരുണ്ടാക്കുന്ന ഉൽപ്പന്നങ്ങളും സേവനങ്ങളുമായിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുക.

9. ഭൂമിയുടേയും മൂലധനത്തിന്റേയും അഭാവത്താൽ സംരഭകരാകാൻ ആഗ്രഹിക്കുന്ന പട്ടികജാതിക്കാർക്ക് മതിയായ സെക്യൂരിറ്റി നൽകാൻ കഴിയാത്തതിനാൽ ബാങ്ക്വായ്പ ലഭ്യമാകാൻ ഇടയാകാത്ത സാഹചര്യത്തിൽ കുറഞ്ഞത് ആയിരം കോടിയുടെ ഒരു സെക്യൂരിറ്റി ഫണ്ട് ഉണ്ടാക്കുക. ആ ഫണ്ടിന്റെ ഈടിൻമേൽ ബാങ്ക് വായ്പ ലഭ്യമാക്കുക.

10. പട്ടികജാതിക്കാർക്കായുള്ള സാമ്പത്തിക വികസന പദ്ധതികളെ ഏകോപിപ്പിക്കാൻ നിലവിൽ പ്രത്യേക സംവിധാനങ്ങളൊന്നും ഇല്ലാത്തതിനാൽ തിരുവനന്തപുരം ആസ്ഥാനമാക്കി പട്ടികജാതി-പട്ടികവർഗ ബിസിനസ് ഡവലപ്മെന്റ് സെന്റർ എന്ന ഒരു പുതിയ സ്ഥാപനം നന്ദാവനത്ത് പുതുതായി പണിതീർത്ത കെട്ടിടത്തിൽ ആരംഭിക്കുക. അതിലൂടെ സംരഭകരാ

കാൻ ആഗ്രഹിക്കുന്ന പട്ടികജാതിക്കാർക്ക് ഏകജാലക സംവിധാനത്തിലൂടെ സംരഭകരായി മടങ്ങാൻ കഴിയുന്ന സാഹചര്യം സൃഷ്ടിക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. പദ്ധതികൾ തയ്യാറാക്കുമ്പോൾ പട്ടികജാതിക്കാരുടെ ആവശ്യങ്ങൾക്ക് പ്രഥമപരിഗണന നൽകുക.
2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഷോപ്പിംഗ് കോംപ്ലക്സുകളിൽ പട്ടികജാതിക്കാർക്കായി സംവരണം ചെയ്തിട്ടുള്ള മുറികൾ അവർക്ക് തന്നെ നൽകാനാവശ്യമായ നടപടി സ്വീകരിക്കുക. ബിനാമികളുണ്ടെങ്കിൽ ഒഴിപ്പിക്കുക. ഡെപ്പോസിറ്റ് ഒഴിവാക്കി വാടക ഇപ്പോഴത്തെ നിരക്കിന്റെ 50% കുറയ്ക്കുക.
3. തദ്ദേശസ്വയംഭരണ സ്ഥാപങ്ങളുടെ പദ്ധതികളിൽ അപേക്ഷിക്കുവാൻ വരുമാന പരിധി എന്ന മാനദണ്ഡം ഒഴിവാക്കുക. പകരം അപേക്ഷകരിൽ ഏറ്റവും വരുമാനം കുറഞ്ഞവർക്ക് മറ്റ് മുൻഗണനാ മാനദണ്ഡങ്ങളും കൂടി കണക്കിലാക്കിലെടുത്തുകൊണ്ട് മുൻഗണന നൽകുക

ഇന്ത്യയുടെ കുലീനമായ ദേശീയദൗത്യങ്ങളിലൊന്നാണ് ഇന്ത്യൻ ജനസംഖ്യയുടെ അഞ്ചിലൊന്നോളം വരുന്ന പട്ടികജാതിക്കാരുടെ സാമൂഹ്യ സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിച്ച് അവരെ പുരോഗതിയുടെ മുഖ്യധാരയിലെത്തിക്കുക എന്നത്. ആ ലക്ഷ്യം നേടുന്നതിനായി ആവിഷ്ക്കരിച്ച നിരവധി പദ്ധതികളിലൊന്നാണ് ഇന്ന് പട്ടികജാതി ഉപപദ്ധതി എന്നറിയപ്പെടുന്ന പ്രത്യേക ഘടക പദ്ധതി. സംസ്ഥാന ബജറ്റിന്റെ പത്തുശതമാനത്തോളം പ്ലാൻഫണ്ട് മാറ്റിവച്ചുകൊണ്ട് ഗവൺമെന്റ് അത്യന്തം പ്രാധാന്യത്തോടെ കൈകാര്യം ചെയ്യുന്ന പട്ടികജാതി വികസനമെന്ന അജണ്ട, അധികാരവികേന്ദ്രീകരണ സമ്പ്രദായത്തിലൂടെ ഏറ്റവും താഴെത്തട്ടിൽ നിർവഹിക്കപ്പെടുന്നു എന്നുറപ്പുവരുത്തുന്നതിനൊപ്പം പട്ടികജാതിക്കാരുടെ വികസനവും ഉൾച്ചേർക്കുക എന്ന മഹത്തായ ദൗത്യമാണ് ജില്ലാപദ്ധതി മുന്നോട്ടു വയ്ക്കുന്നത്. പട്ടികജാതിക്കാരുടെ ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ അവർക്ക് വ്യക്തിപരമായും കുടുംബങ്ങൾക്കും അധിവാസകേന്ദ്രങ്ങൾക്കും സ്ഥാപനങ്ങളും സംഘടനകൾക്കും പ്രയോജനം ലഭിക്കുന്ന തരത്തിൽ സുസ്ഥിര സാമ്പത്തിക വികസനത്തിനും ആസ്തി വർദ്ധനവിനും ഉതകുന്ന പദ്ധതികളാണ് പ്രാദേശിക സർക്കാരുകൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കേണ്ടത്. സുസ്ഥിര സാമ്പത്തിക വികസനത്തിനായി തൊഴിലും വരുമാനവർദ്ധവും ഉറപ്പു നൽകുന്ന പദ്ധതികൾക്കായിരിക്കണം പ്രഥമ പരിഗണന നൽകേണ്ടത്. പദ്ധതികളുടെ രൂപീകരണത്തിലും നിർവഹണത്തിലും അവകാശാധിഷ്ഠിത സമീപനത്തിന് ഊന്നൽ നൽകേണ്ടതും പട്ടികജാതിക്കാരുടെ പങ്കാളിത്തം പരമാവധി ഉറപ്പുവരുത്തേണ്ടതുമാണ്.

വിദ്യാഭ്യാസ മേഖല

1. നഴ്സറി മുതൽ 10-ാം ക്ലാസ്സ്വരെയുള്ള ലംപ്സം ഗ്രാന്റ് തുകയും മറ്റ് വിദ്യാഭ്യാസാനുകൂല്യങ്ങളും ഏകീകരിച്ച് വിദ്യാർത്ഥികളുടെ അദ്ധ്യായന വർഷാരംഭത്തിലെ മുഴുവൻ ചെലവുകളും നിർവ്വഹിക്കുന്നതിനാവശ്യമായ തുക ധനസഹായമായി നൽകുക.

2. വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിക്കൊണ്ട് ജില്ലയിൽ പുതിയ പ്രൊഫഷണൽ കോഴ്സുകൾ ആരംഭിക്കുക. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് പ്രമുഖ കമ്പനികളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും അപ്രന്റിസ്ഷിപ്പ് ഉറപ്പുവരുത്തുകയും മതിയായ സ്റ്റൈപ്പന്റ് ജോലി ലഭിക്കുന്നതു വരെ നൽകുന്നതിന് നടപടി ഉണ്ടാവുക.

3. എസ്.എസ്.എൽ.സിക്കു ശേഷമുള്ള പഠനത്തിന് വർഷാരംഭത്തിൽ തന്നെ പ്രാഥമിക പഠനാവശ്യങ്ങൾക്കുള്ള തുക നൽകുക. വരുമാന പരിധി നോക്കി ഏറ്റവും ചുരുങ്ങിയത് 10000 രൂപ എങ്കിലും നൽകുക.

4. ത്രിതല പഞ്ചായത്തിന്റെ സഹായത്തോടെ മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനത്തിന് പ്രതിമാസ സ്റ്റൈപ്പന്റ് ട്യൂഷൻ ഫീസും ഹോസ്റ്റൽ ഫീസും ഉൾപ്പെടെ ഒരു ലക്ഷം രൂപ എങ്കിലും ഒരു വിദ്യാർത്ഥിക്ക് ലഭിക്കത്തക്ക വിധത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുക.

5. ത്രിതല പഞ്ചായത്തിന്റെ സഹായത്തോടെ ബാങ്ക് കോച്ചിംഗ് ,പി .എസ്.സി കോച്ചിംഗ് മറ്റ് മത്സര പരീക്ഷകൾക്ക് പ്രത്യേക പരിശീലന സ്ഥാപനങ്ങൾ ജില്ലയിൽ ആരംഭിക്കുക. ആയതിന് സർക്കാർ ഭൂമി ലഭ്യമാക്കി മതിയായ ഹോസ്റ്റൽ സൗകര്യം ഉൾപ്പെടെ ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുക.

6. മറ്റ് ജില്ലകളിലോ സ്ഥാപനങ്ങളിലോ പരിശീലനം നടത്തുന്നവർക്ക് ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസും ഉൾപ്പെടെ മതിയായ ധനസഹായം നൽകുന്ന പദ്ധതികൾ നടപ്പിലാക്കുക.

7. വാഹന സൗകര്യം ഇല്ലാത്ത സ്കൂളുകൾക്ക് സർക്കാർ തലത്തിൽ വാഹനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുക.

<u>തൊഴിൽ</u>

1. വിവിധ പ്രൊഫഷണൽ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് വിദേശ രാജ്യങ്ങളിൽ ഉൾപ്പെടെ തൊഴിൽ നേടുന്നതിനുള്ള പരിശീലനങ്ങളും പരിജ്ഞാനവും പകർന്നു നൽകുന്നതിനുള്ള നൂതന സ്ഥാപനങ്ങൾ ആരംഭിക്കുക ഇതിന് മതിയായ ധനസഹായം നൽകുക.
2. അഭ്യസ്ത വിദ്യരായ യുവജനങ്ങൾക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് പലിശ രഹിതമായി വായ്പ ലഭ്യമാക്കുക.സംരംഭം നല്ല രീതിയിൽ പുരോഗമിച്ചാൽ പ്രത്യേക ഇൻസെന്റീവായി സബ്സിഡി നൽകുന്ന പദ്ധതി നടപ്പിലാക്കുക.

- പീരുമേട് പ്രീ മെട്രിക് ഹോസ്റ്റൽ എം.ആർ.എസ് ന്റെ പഴയ കെട്ടിടം നവീകരിച്ച് ടി കെട്ടിടത്തിലേക്ക് മാറ്റുന്നതിന് ജില്ലാ നിർമ്മിതി കേന്ദ്രത്തിൽ നിന്നും കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുള്ള എസ്റ്റിമേറ്റ് മേൽ നടപടികൾക്കായി പട്ടികജാതി വികസന ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.
- മൂന്നാർ പ്രീ മെട്രിക് ഹോസ്റ്റൽ അറ്റകുറ്റ പണികൾ നടത്തുന്നതിന് ബ്ലോക്കു പഞ്ചായത്തുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു.

4.4.2. പട്ടികവർഗ്ഗ വികസനം

ആമുഖം

തദ്ദേശീയ ജനവിഭാഗം എന്ന് ഒരു സമൂഹത്തെ വിശേഷിപ്പിക്കുമ്പോൾ വിവക്ഷിക്കുന്നത് ഒരു നാടിന്റെ മൗലികജനവിഭാഗം എന്നാണ്.ആഗോളതലത്തിൽ ആദിവാസികളായ ജനങ്ങൾ ഏകദേശം 4% മാത്രമാണുള്ളത്. ഇതിൽ 25 ശതമാനത്തോളം പേർ ഇന്ത്യയിലാണ് വസിക്കുന്നത്. 2011-ലെ കാനേഷുമാരി പ്രകാരം ഇന്ത്യയിലെ മൊത്തം ജനസംഖ്യയുടെ 8.6% ജനങ്ങൾ ആദിവാസികളാണ്. കേരളത്തിൽ 36 വിഭാഗങ്ങളിലായി 4,84,839(1.5%) പേർ ഉണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

ബ്രിട്ടീഷ് ഭരണകാലത്ത് പട്ടികവർഗ്ഗക്കാരെ ഒരു പ്രത്യേക വിഭാഗമായി കണക്കാക്കി സംരക്ഷിക്കപ്പെടേണ്ടവരാണെന്നും അവർ മുഖ്യധാരാ സമൂഹത്തിലേക്ക് കടന്നു വരേണ്ട ആവശ്യമില്ലെന്നുമുള്ള കാഴ്ചപ്പാടാണ് ഉണ്ടായിരുന്നത്. ആദിവാസി വികസനപദ്ധതികൾക്ക് ഒരിക്കലും യോജിക്കുന്ന ഒന്നല്ലാത്തതിനാൽ സ്വാതന്ത്ര്യാനന്തരം സർക്കാർ ഈ രീതി തുടക്കത്തിൽ തന്നെ നിരാകരിച്ചു. തുടർന്നു സ്വീകരിച്ച സാത്മീകരണം(ഉൾക്കൊള്ളൽ) എന്ന ആശയത്തിലൂടെ ആദിവാസി സമൂഹത്തിൽപ്പെട്ടവർക്ക് പുറംലോകത്ത് വസിക്കുന്നവരുമായി സഹകരിക്കുന്നതിനുള്ള അവസരം സൃഷ്ടിക്കപ്പെടുകയും അതിന്റെ പ്രതിഫലനം അവരുടെ ജീവിതരീതിയിൽ സാവധാനം കാണപ്പെടുകയും ചെയ്തു. പക്ഷെ, തങ്ങളുടെ ആചാരവും സംസ്ക്കാരവും പിന്തുടരാൻ ഇതരവിഭാഗക്കാർ ഗോത്രവർഗ്ഗക്കാരെ നിർബന്ധിക്കുന്നുവെന്ന എതിർവാദത്തെത്തുടർന്ന് **സമന്വയം-സംയോജനം** എന്ന നയം സ്വീകരിച്ചു.

ആദിവാസി വികസനം സാധ്യമാകേണ്ടത് അവരുടെ സർഗ്ഗാത്മക കഴിവുകൾക്ക് മുൻതൂക്കം നൽകിക്കൊണ്ടാണ്.അല്ലാതെ, മുഖ്യധാരാസമൂഹത്തിന്റെ ആശയങ്ങൾ അവരിൽ അടിച്ചേൽപ്പിച്ചുകൊണ്ടല്ല. അവരുടെ പാരമ്പര്യകലകളെയും സംസ്ക്കാരത്തെയും സംരക്ഷിക്കുന്നതിനുള്ള പ്രോത്സാഹനം നൽകുക മാത്രമേ നാം ചെയ്യേണ്ടതുള്ളൂ. ഭൂമിക്കും കാടിനും മേൽ ആദിവാസികൾക്കുള്ള അധികാരത്തെ നാം ബഹുമാനിക്കണം. പുറത്തു നിന്നുള്ളവർ ധാരാളമായി ആദിവാസി മേഖലകളിലേക്കു പ്രവേശിക്കുന്നത് ഒഴിവാക്കണം. അവരുടെ ഇടയിൽ നിന്നും ഒരു സംഘത്തെ തിരഞ്ഞെടുത്ത് ആവശ്യമായ പരിശീലനം നൽകി ആ സമൂഹത്തിന്റെ ഭരണപരവും വികസനപരവുമായ മേഖലകളിൽ നിയോഗിക്കണം. പദ്ധതികളുടെ ഫലമളക്കേണ്ടത് സ്ഥിതിവിവരകണക്കുകളുടെയോ എത്ര തുക ചെലവായി എന്നതിന്റെ അടിസ്ഥാനത്തിലാവാതെ അവർക്കു പ്രദാനം ചെയ്ത ഗുണമേന്മയെ അടിസ്ഥാനമാക്കിയാവണം. ആദ്യത്തെ 4 പഞ്ചവത്സര പദ്ധതികളിലും പട്ടികവർഗ്ഗക്കാർക്കായി പ്രത്യേക ഉപപദ്ധതികൾ തയ്യാറാക്കിയിരുന്നില്ല. എന്നാൽ, പൊതുപദ്ധതിയുടെ ഗുണഫലങ്ങൾ പട്ടികവർഗ്ഗ മേഖലകളിൽ എത്തപ്പെടുന്നില്ല എന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് അഞ്ചാം പദ്ധതി മുതൽ ആദിവാസി ഉപപദ്ധതിക്ക് രൂപം നൽകി.

ഇടുക്കി ജില്ലയിലെ സ്ഥിതി

2011-ലെ കനേഷുമാരി കണക്ക് പ്രകാരം 5019 സ്ക്വയർ കിലോമീറ്റർ വിസ്തൃതിയുള്ള ഇടുക്കി ജില്ലയിൽ 52 ഗ്രാമപഞ്ചായത്തുകളിലും രണ്ട് മുനിസിപ്പാലിറ്റികളിലുമായി 293 ട്രൈബൽ സെറ്റിൽമെന്റുകളിൽ 19350 കുടുംബങ്ങളിലായി 55815 പട്ടികവർഗ്ഗക്കാർ അധിവസിയ്ക്കുന്നു. ഇതിൽ 27995 പുരുഷൻമാരും 27820 സ്ത്രീകളുമാണ്. ആയത് ജില്ലയിലെ മൊത്തം ജനസംഖ്യയുടെ 5 ശതമാനമാണ്. എസ്.റ്റി.പ്രമോട്ടർമാർ വഴി വകുപ്പ് ശേഖരിച്ച കണക്കു പ്രകാരം ജില്ലയിൽ 67200 പട്ടികവർഗ്ഗക്കാർ ഉണ്ട്. സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർ കൂടുതൽ അധിവസിക്കുന്ന ജില്ലകളിൽ ഇടുക്കി ജില്ലയ്ക്ക് രണ്ടാം സ്ഥാനം ആണ്. സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരിൽ 11.51 ശതനമാനം പേരും ജില്ലയിൽ അധിവസിക്കുന്നു. ജില്ലയിൽ അധിവസിയ്ക്കുന്ന പട്ടികവർഗ്ഗ ഗോത്ര വിഭാഗങ്ങൾ പ്രധാനമായും മല അരയൻ, ഉള്ളാടൻ, മന്നാൻ, മുതുവാൻ, മലപുലയ, ഊരാളി, പളിയൻ, മലവേടൻ എന്നിവയാണ്. പീരുമേട് താലൂക്കിൽ ഏതാനും മലപണ്ടാരം കുടുംബങ്ങളും അധിവസിയ്ക്കുന്നു. ഇടുക്കി ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി തൊടുപുഴ, പീരുമേട്, നെടുങ്കണ്ടം, ഇടുക്കി താലൂക്കുകളുടെ

അധികാര പരിധിയിലുള്ള തൊടുപുഴ ഐ.റ്റി.ഡി.പി ഓഫീസും ദേവികുളം താലൂക്കിന്റെ അധികാര പരിധിയിലുള്ള അടിമാലി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസും പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ ഏക ഗോത്രവർഗ്ഗ പഞ്ചായത്തായ ഇടമലക്കുടി ഇടുക്കി ജില്ലയിലാണ്.

പട്ടികവർഗ്ഗ വികസനവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ

വിദ്യാഭ്യാസം

1. **പ്രീമെട്രിക് വിദ്യാഭ്യാസം**

എസ്.എസ്.എൽ.സി വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അദ്ധ്യയനവർഷം ആരംഭിക്കുമ്പോൾ ഉണ്ടാകുന്ന ചെലവുകൾക്കായുള്ള ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ നൽകി വരുന്നു.

2. **പോസ്റ്റ് മെട്രിക് വിദ്യാഭ്യാസം**

പത്താം ക്ലാസ് പഠനം പൂർത്തിയാക്കി വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വരുമാനപരിധിയില്ലാതെ മുഴുവൻ ഫീസും, വാർഷിക ലംപ്സം ഗ്രാന്റും, പ്രതിമാസ സ്റ്റൈപ്പന്റും നൽകുന്നു. യൂണിവേഴ്സിറ്റി അംഗീകരിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങളിലും എല്ലാ കോഴ്സുകൾക്കും ഈ ആനുകൂല്യം ലഭിക്കുന്നു. വിവിധ കോഴ്സുകൾക്ക് വ്യത്യസ്ത നിരക്കിലാണ് ലംപ്സം ഗ്രാന്റ് നൽകുന്നത്. കോളേജ് ഹോസ്റ്റലുകളിലും മറ്റ് അംഗീകൃത ഹോസ്റ്റലുകളിലും താമസിച്ചു പഠിക്കുന്നവർക്ക് പ്രതിമാസ സ്റ്റൈപ്പന്റിനു പകരം യഥാർത്ഥ താമസ-ഭക്ഷണ ചെലവും പോക്കറ്റ് മണിയും നൽകുന്നു.

3. **നഴ്സറി സ്കൂളുകൾ**

പ്രീ-പ്രൈമറി വിദ്യാഭ്യാസം നൽകുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 13 നഴ്സറി സ്കൂളുകൾ പ്രവർത്തിച്ചു വരുന്നു. ഈ നഴ്സറി സ്കൂളുകൾ 1995-96-ൽ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയെങ്കിലും നഴ്സറി സ്കൂളുകളിൽ ടീച്ചർ, ആയ എന്നിവരുടെ ശമ്പളവും മറ്റ് അലവൻസുകളും കുട്ടികളുടെ ഉച്ചഭക്ഷണത്തിനുള്ള ചെലവുകളും പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നാണ് നൽകുന്നത്.

4. **പ്രീമെട്രിക് ഹോസ്റ്റലുകൾ**

പട്ടികവർഗ്ഗക്കാരുടെ ആവാസകേന്ദ്രങ്ങൾ പലതും വിദ്യാഭ്യാസ സൗകര്യം ലഭ്യമല്ലാത്ത ദുർഘട പ്രദേശങ്ങളിലാണ്. ആയതിനാൽ പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസത്തിന് സൗകര്യങ്ങൾ ഒരുക്കുന്നതിന് പട്ടികവർഗ്ഗ വികസനവകുപ്പിന് കീഴിൽ 105 പ്രീമെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു. ഇതിൽ 58 എണ്ണം ആൺകുട്ടികൾക്കും 45 എണ്ണം പെൺകുട്ടികൾക്കും 2 എണ്ണം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും(മിക്സഡ്)ആയി പ്രവർത്തിക്കുന്നു. ഹോസ്റ്റലുകളിൽ താമസം, ഭക്ഷണം, പഠനോപകരണങ്ങൾ തുടങ്ങിയ എല്ലാ വിദ്യാഭ്യാസ ചെലവുകളും അന്തേവാസികൾക്ക് സൗജന്യമാണ്. ഹോസ്റ്റൽ അന്തേവാസികളുടെ ആഹാരചെലവുകൾക്ക് അനുവദനീയമായ നിരക്ക് താഴെ കൊടുക്കുന്നു. ഇടുക്കി ജില്ലയിൽ 12 പ്രീമെട്രിക് ഹോസ്റ്റലുകളിലായി 796 കുട്ടികൾ പഠിക്കുന്നതിൽ 7 എണ്ണം ഇടുക്കി ഐ.റ്റി.ഡി.പിയ്ക്കു കീഴിലും 5 എണ്ണം അടിമാലി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസിന് കീഴിലുമാണ് വരുന്നത്.

5. **പോസ്റ്റ് മെട്രിക് ഹോസ്റ്റൽ**

പട്ടികവർഗ്ഗ വികസനവകുപ്പിന്റെ കീഴിൽ +2 ക്ലാസ്സിനു മുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് താമസിച്ചു പഠിക്കുന്നതിനായി നിലവിൽ 3 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ പ്രവർത്തിച്ചുവരുന്നുണ്ട്. അഞ്ച് പോസ്റ്റ്മെട്രിക് ഹോസ്റ്റൽ കൂടി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

6. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ (എം.ആർ.എസ്)

സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിന് റസിഡൻഷ്യൽ സൗകര്യത്തോടുകൂടി ആരംഭിച്ചിട്ടുള്ളവയാണ് എം.ആർ.എസ്-കൾ. പട്ടികവർഗ്ഗ വികസനവകുപ്പിന്റെ കീഴിൽ നിലവിൽ 20 എം.ആർ.എസ്കളാണ് ഉള്ളത്.

ഡിസംബർ/ജനുവരി മാസങ്ങളിൽ എം.ആർ.എസ്.പ്രവേശനത്തിന് അപേക്ഷ ക്ഷണിക്കുന്നു. പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ അർഹരായ അപേക്ഷകരിൽ നിന്ന് യോഗ്യരായ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് എം.ആർ.എസ്.പ്രവേശനത്തിന് തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികളുടെ രക്ഷിതാക്കളുടെ വാർഷിക വരുമാനപരിധി 1,00,000/- രൂപയാണ്. ജില്ലകളിലെ ഐ.റ്റി.ഡി.പ്രോജക്ട് ഓഫീസർ/പട്ടികവർഗ്ഗ വികസന ഓഫീസർമാർക്കാണ് അപേക്ഷ നൽകേണ്ടത്.

ഇടുക്കി ജില്ലയിൽ 2 എം;ആർ.എസ്-കൾ പ്രവർത്തിക്കുന്നു. അടിമാലി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസിന്റെ നിയന്ത്രണത്തിൽ മൂന്നാറിൽ ആൺകുട്ടികളുടെ എം.ആർ.എസും തൊടുപുഴ ഐ.റ്റി.ഡി.പിയുടെ കീഴിലായി പൈനാവിലുള്ള ഇ.എം.ആർ.എസും. രണ്ട് എം.ആർ.എസ്കളിലായി 476 കുട്ടികൾ നിലവിൽ പഠനം നടത്തി വരുന്നു.

7. വൊക്കേഷണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്

എൻ.സി.വി.ടിയുടെ അംഗീകാരമുള്ള കോഴ്സുകളിൽ വൊക്കേഷണൽ ട്രെയിനിംഗ് നൽകുന്നതിനാണ് ഈ പദ്ധതി. ഇടുക്കി ജില്ലയിൽ നാടുകാണിയിൽ ഒരു ഐ.റ്റി.ഐ പ്രവർത്തിച്ചുവരുന്നു. ഇലക്ട്രീഷ്യൻ, പ്ലംബിംഗ്, കോഴ്സുകളിലായി കുട്ടികൾക്ക് പരിശീലനം നൽകിവരുന്നു.

8. വ്യവസായക പരിശീലനകേന്ദ്രങ്ങൾ

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാങ്കേതിക തൊഴിലുകളിൽ പരിശീലനം നൽകുന്നതിനു വേണ്ടി തയ്യൽ, നെയ്ത്ത്, ചൂരൽപ്പണി, മരപ്പണി എന്നിവയിൽ തൊഴിൽ പരിശീലനം നൽകുന്ന മാതൃകാ പരിശീലന കേന്ദ്രങ്ങളും വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. ഇടുക്കി ജില്ലയിൽ മൂലമറ്റത്ത് പ്രവർത്തിക്കുന്ന ജി.എസ്.എഫ്.ഡിയിൽ പരിശീലനം നൽകി വരുന്നു.

9. ടൈയ്‌ലറിംഗ് സെന്റർ മൂലമറ്റം

ഇടുക്കി ജില്ലയിൽ മൂലമറ്റത്ത് പ്രവർത്തിക്കുന്ന ഗവൺമെന്റ് സ്കൂൾ ഓഫ് ഫാഷൻ ഡിസൈനിംങ്ങിൽ 20 പെൺകുട്ടികൾക്ക് തയ്യൽ പരിശീലനം നടത്തിവരുന്നു. 16 എസ്.റ്റി, 2 എസ്.സി, 2 ജനറൽ

10.സിംഗിൾ ടീച്ചർ സ്കൂളുകൾ

ഇടുക്കി ജില്ലയിൽ 23 സിംഗിൾ ടീച്ചർ സ്കൂളുകളിലായി 350 കുട്ടികൾ പഠനം നടത്തി വരുന്നു. അതിൽ 22 എണ്ണം അടിമാലി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസിനു കീഴിലും 1 എണ്ണം ഇടുക്കി ഐ.റ്റി.ഡി.പിയ്ക്കു കീഴിലും പ്രവർത്തിച്ചുവരുന്നു.

11. ഗോത്രസാരഥി

പതിനാല് വയസ്സുവരെ കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം ഭരണഘടന ഉറപ്പു നൽകുന്നു. പട്ടികവർഗ്ഗ ഊരുകൾ ദുർഘട വനപ്രദേശത്തോ മതിയായ വാഹനസൗകര്യം ഇല്ലാത്ത ഒറ്റപ്പെട്ട ഉൾപ്രദേശങ്ങളിലോ ആണ് സ്ഥിതി ചെയ്യുന്നത്. വാഹനസൗകര്യമില്ലായ്മയും വന്യമൃഗങ്ങളുടെ ആക്രമണ ഭീഷണിയും സ്കൂളിലെത്താൻ കുട്ടികൾക്ക് പ്രയാസമുണ്ടാക്കുന്നു. ഇവർക്കെല്ലാം പ്രവേശനം നൽകാൻ മതിയായ ഹോസ്റ്റൽ സൗകര്യവും ഇല്ലാത്തതിനാൽ സ്വന്തം ഊരുകളിൽ നിന്ന് സ്കൂളിൽ പോയിവരുന്ന ഇത്തരം വിദ്യാർത്ഥികൾക്ക് സ്കൂൾ പി.റ്റി.എയുടെയും സ്കൂളിലെ അദ്ധ്യാപകരുടെയും സഹകരണത്തോടെ സ്കൂളിൽ പോയിവരാൻ സൗകര്യം ചെയ്തു കൊടുക്കാനുദ്ദേശിക്കുന്ന പദ്ധതിയാണ് ഗോത്രസാരഥി. 2013-14 മുതൽ സംസ്ഥാനത്ത് മുഴുവനായി ഈ പദ്ധതി നടപ്പിലാക്കുന്നു. ഇടുക്കി ജില്ലയിൽ 18 സ്കൂളുകളിൽ നിലവിൽ ഗോത്രസാരഥി പദ്ധതി വഴി കുട്ടികൾ ദിവസവും സ്കൂളിൽ പോയി വരുന്നതിനുള്ള സൗകര്യം ചെയ്തുവരുന്നു.

12. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് & ഡെവലപ്പ്മെന്റ് പദ്ധതി

സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ കണ്ടെത്തി അവരുടെ 5-ാം ക്ലാസ് മുതലുള്ള തുടർപഠനത്തിനുള്ള എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 4-ാം ക്ലാസിൽ പഠിക്കുന്ന മിടുക്കരായ പട്ടികവർഗ്ഗവിദ്യാർത്ഥികളെ ഒരു മത്സരപരീക്ഷയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്തുവരുന്നു. ഇവർക്ക് 10-ാം ക്ലാസു വരെ തുടർന്ന് സ്കോളർഷിപ്പ് നൽകുന്നു. പുസ്തകം, പഠനസാമഗ്രികൾ, യൂണിഫോം, പ്രതിമാസ സ്റ്റൈപ്പന്റ് എന്നീ ആനുകൂല്യങ്ങളും വിദ്യാർത്ഥികളുടെയും, മാതാപിതാക്കളുടെയും ബോധതലം ഉയർത്താൻ സെമിനാർ നടത്തുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. ഓരോ വർഷവും 200 വിദ്യാർത്ഥികളെയാണ് തെരഞ്ഞെടുക്കുന്നത്. ഇടുക്കി ജില്ലയിൽ നിലവിൽ പ്രതിവർഷം 25 കുട്ടികൾക്ക് വീതം പുതിയതായി അയ്യങ്കാളി പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിച്ചുവരുന്നുണ്ട്.

13. ട്യൂട്ടോറിയൽ ഗ്രാന്റ്

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിജയശതമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ഹൈസ്കൂളുകളിലും +1, +2 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അടുത്തുള്ള പാരലൽ കോളേജുകളിൽ/ട്യൂഷൻ സെന്ററിൽ ചേർന്ന് പഠിക്കുന്നതിന് പ്രതിമാസ ട്യൂഷൻ ഫീസ് രക്ഷകർത്താക്കൾ മുഖേന നൽകുന്നതിനാണ് ഈ ലക്ഷ്യമിട്ടിട്ടുള്ളത്. വർഷാവസാനം പരീക്ഷയ്ക്ക് മുമ്പായി എസ്എസ്.എൽ.സി, +2 വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് നൽകുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്.

14. വസ്ത്ര വിതരണം

ട്രൈബൽ സ്കൂളുകളിലും വെൽഫെയർ സ്കൂളുകളിലുമുള്ള ലോവർ പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓരോ വർഷവും രണ്ട് ജോഡി യൂണിഫോം നൽകി വരുന്നു.

15. ബോർഡിംഗ് ഗ്രാന്റ്

പട്ടികവർഗ്ഗ വികസനവകുപ്പിന്റെ അംഗീകാരമുള്ളതും സന്നദ്ധ സംഘടനകൾ നടത്തുന്നതുമായ ഹോസ്റ്റലുകളിൽ അന്തേവാസികളായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ബോർഡിംഗ് ഗ്രാന്റ് നൽകുന്നു. കേരളത്തിൽ ഇപ്പോൾ 7 ഹോസ്റ്റലുകൾക്കാണ് ധനസഹായം നൽകുന്നത്.ഇടുക്കി ജില്ലയിൽ നവജീവൻ ഹോസ്റ്റൽ കുമളിക്ക് ഗ്രാന്റ് നൽകുന്നു.

16. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.

അക്കാദമിക്-കലാ-കായിക മൽസരങ്ങളിൽ ഉന്നതവിജയ നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന പദ്ധതിയാണിത്. എസ്.എസ്.എൽ.സി, +2 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഗ്രേഡിന്റെ അടിസ്ഥാനത്തിൽ യഥാക്രമം 3000/- രൂപയും, ബിരുദം ബിരുദാനന്തര ബിരുദം, ഗവേഷണം പ്രൊഫഷണൽ കോഴ്സ് തുടങ്ങിയവ ഉന്നവിജയം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യഥാക്രമം 4500/-, 6000/- എന്നീ രൂപ നിരക്കിൽ പ്രത്യേക പ്രോത്സാഹന സമ്മാനം നൽകി വരുന്നു.

17. ഉയർന്ന നിലവാരത്തിലുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തൽ

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിനായി മെച്ചപ്പെട്ട നിലവാരമുള്ള പ്രൈവറ്റ്/എയ്ഡഡ്/സർക്കാർ റസിഡൻഷ്യൽ സ്കൂളുകളിൽ ചേർത്ത് അവർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനുള്ള പദ്ധതിയാണിത്.

സ്കൂളുകളിലെ അഡ്മിഷൻ 100% ഉറപ്പുവരുത്തുക. ഹോസ്റ്റൽ സൗകര്യം വർദ്ധിപ്പിക്കുക, പഠന നിലവാരം നിശ്ചയിക്കുന്നതിന് ടെസ്റ്റ് നടത്തുക. പരിഹാര അധ്യയനം നടത്തുക, സ്പെഷ്യൽ കോച്ചിംഗ് സെന്ററുകൾ ആരംഭിക്കുക, പ്രവേശന പരീക്ഷയിൽ പങ്കെടുക്കുന്നതിന് മാർഗനിർദ്ദേശങ്ങൾ നൽകുക, സമർത്ഥരായ വിദ്യാർത്ഥികളെ പ്രശസ്തമായ വിദ്യാലയങ്ങളിൽ ചേർത്ത് പഠിപ്പിക്കുക എന്നീ പരിപാടികളിലൂടെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഈ പദ്ധതി ഉദ്ദേശിക്കുന്നത്. അധിക കേന്ദ്രസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള ഈ പദ്ധതി പ്രകാരം എം.ആർ.എസ്-കളിൽ കൗൺസിലർമാരെ നിയമിക്കുക, +1, +2 സയൻസ് ബാച്ചുകൾക്ക് പ്രവേശനപരീക്ഷ പരിശീലനം, എം.ആർ.എസ്-കളിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ പ്രത്യേക പരിശീലനം എന്നിവയും നടപ്പിലാക്കി വരുന്നു.

18. ഭാരതദർശൻ, സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് പഠനയാത്ര

പി.വി.ടി.ജി വിഭാഗത്തിൽപ്പെട്ട മിടുക്കരായ 30 ആൺകുട്ടികൾക്കും 30 പെൺകുട്ടികൾക്കും ഇന്ത്യയിലെ ചരിത്രപാധാന്യമുള്ള വിവിധ സ്ഥലങ്ങൾ സന്ദർശിക്കാൻ അവസരമൊരുക്കുന്ന പദ്ധതിയാണ് ഭാരതദർശൻ. ഭാരതദർശൻ പരിപാടിക്കു പുറമേ പഠനത്തിൽ മികവ് പുലർത്തുന്ന +2 വിലും ഡിഗ്രി ക്ലാസ്സിലും, ബിരുദാനന്തര ബിരുദത്തിനും പ്രൊഫഷണൽ ഡിഗ്രി ഡിപ്ലോമ കോഴ്സുകളിലും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി വിനോദയാത്രയും പഠനയാത്രക്കു വേണ്ടിയുള്ള യഥാർത്ഥ ചെലവ് സാമ്പത്തിക സഹായമായി അനുവദിച്ചു നൽകിവരുന്നു.

19. മാതാപിതാക്കൾക്ക് പ്രോത്സാഹന ഗ്രാന്റ്

പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളിൽ അയക്കുന്നതിന് വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പ്രതിമാസം 500/- രൂപ നിരക്കിൽ 10 മാസത്തേക്ക് 500/-രൂപ പ്രോത്സാഹന ധനസഹായം നൽകി വരുന്നു. ഓരോ അദ്ധ്യയനവർഷവും ഫെബ്രുവരി വരെയുള്ള ഹാജർ കണക്കാക്കി 75% ഹാജരുള്ള വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്കാണ് പ്രോത്സാഹന ഗ്രാന്റ് നൽകി വരുന്നത്.

20. പെരിപ്പതെറ്റിക് സ്ഥാപനങ്ങൾ പട്ടികവർഗ്ഗക്കാർക്കുവേണ്ടി സഞ്ചരിക്കുന്ന വിദ്യാഭ്യാസം

പട്ടികവർഗ്ഗക്കാർക്ക് വിദ്യാഭ്യാസം നൽകുന്നതിന് തെരഞ്ഞെടുത്ത സങ്കേതങ്ങളിൽ അദ്ധ്യാപകർ സന്ദർശിച്ച് പഠിപ്പിക്കുന്ന ഒരു ഏകാദ്ധ്യാപക പരിപാടിയാണിത്. ഒറ്റപ്പെട്ട സങ്കേതങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിൽ ആഭിമുഖ്യം ഉണ്ടാക്കുക എന്നതാണ് ഈ പരിപാടിയുടെ മുഖ്യ ലക്ഷ്യം. 2005-06-ൽ പര്യടന വിദ്യാഭ്യാസ സെന്ററുകൾ സ്ഥാപിക്കുകയും അദ്ധ്യാപകർക്ക് പരിശീലനം നൽകുകയും ചെയ്തു വരുന്നു. വകുപ്പിന് കീഴിൽ 7 പെരിപ്പതെറ്റിക് സെന്ററുകളും 23 ഏകാദ്ധ്യാപക സ്കൂളുകളും 3 ബാലവിജ്ഞാന കേന്ദ്രങ്ങളും പര്യടന വിദ്യാഭ്യാസ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ആരോഗ്യം

1. പട്ടികവർഗ്ഗ സമഗ്ര ആരോഗ്യ സുരക്ഷ

(ആശുപത്രി വഴിയുള്ള മെഡിക്കൽ സഹായം)

സംസ്ഥാനത്തെ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും സൗജന്യചികിത്സ ലഭ്യമാക്കുന്നതിന് ആരോഗ്യ വകുപ്പു വഴി നടപ്പാക്കുന്ന പദ്ധതിയാണിത്. സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും, സർക്കാർ മെഡിക്കൽ കോളേജുകളിലും, പരിയാരം സഹകരണ മെഡിക്കൽ കോളേജുകളിലും, മലബാർ ക്യാൻസർ സെന്റർ തലശ്ശേരി, റീജണൽ ക്യാൻസർ സെന്റർ തിരുവനന്തപുരം, ശ്രീചിത്രാ മെഡിക്കൽ സെന്റർ എന്നിവിടങ്ങളിൽ ചികിത്സക്കെത്തുന്ന പട്ടികവർഗ്ഗക്കാർക്ക് ഈ പദ്ധതി പ്രകാരം സൗജന്യചികിത്സ ലഭിക്കുന്നു.

ആശുപത്രികളിൽ ലഭ്യമല്ലാത്ത ചികിത്സാചെലവ് (മരുന്ന് വാങ്ങാൻ, മെഡിക്കൽ ടെസ്റ്റ് തുടങ്ങിയവ) 10000/- രൂപ വരെ ബി.പി.എൽ/എ.പി.എൽ അന്തരമില്ലാതെ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും ലഭിക്കുന്നു. 10000/- രൂപക്ക് മുകളിൽ ചികിത്സാചെലവ് വരുന്ന കേസുകൾ പട്ടികവർഗ്ഗക്കാരിൽ ബി.പി.എൽ വിഭാഗക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. വ്യക്തിഗത കേസുകൾ 10,000/- രൂപ വരെ ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടും 50,000/- രൂപ വരെ ആശുപത്രി വികസന സമിതിയും 50,000/- രൂപയ്ക്ക് മുകളിൽ ചെലവു വരുന്ന കേസുകളിൽ പട്ടികവർഗ്ഗവികസനവകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ അനുമതിയോടെ ആശുപത്രി അധികൃതർ ധനസഹായം അനുവദിക്കുന്നതാണ്. ആവശ്യമായ ഫണ്ട് ജില്ലാ മെഡിക്കൽ ഓഫീസർ വഴി ബന്ധപ്പെട്ട ആശുപത്രികൾക്ക് വിതരണം നടത്തുന്നു. മെഡിക്കൽ കോളേജ് ആശുപത്രികൾക്ക് ബന്ധപ്പെട്ട സൂപ്രണ്ടുമാർക്ക് അനുവദിക്കുന്നു.

2.ജനനി-ജന്മരക്ഷ

പട്ടികവർഗ്ഗ വിഭാഗത്തിൽ അമ്മയുടെയും കുട്ടികളുടെയും പോഷകാഹാര ലഭ്യത ആരോഗ്യ രംഗത്തെ പ്രധാനപ്രശ്നമാണ്. ആവശ്യസമയത്ത് സാമ്പത്തികസഹായം ലഭിച്ചെങ്കിലേ പ്രസവത്തിന് മുമ്പും ശേഷവും അവർക്ക് വേണ്ടത്ര പരിചരണം ഉണ്ടാവൂ. അമ്മമാരുടെയും കുട്ടികളുടെയും പോഷ

കാഹാര ലഭ്യത ഉറപ്പുവരുത്താൻ ആവിഷ്കരിച്ച പദ്ധതിയാണ് ജനനി-ജന്മരക്ഷ. നിലവിൽ ഇടുക്കി ഐ.റ്റി.ഡി.പിയിൽ 326 ഉം അടിമാലി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസിൽ 171 ഗുണഭോക്താക്കളും ഉണ്ട്.

3. പട്ടികവർഗ്ഗ ദുരിതാശ്വാസനിധി

പട്ടികവർഗ്ഗ സങ്കേതങ്ങളിലുള്ള രോഗികൾക്കും മറ്റു ദുരിതം അനുഭവിക്കുന്നവർക്കും ബഹു.വ കുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയുടെ ഗുണഭോക്താവിന്റെ കുടുംബ വാർഷികവരുമാനം 1,00,000/- രൂപയിൽ താഴെ ആയിരിക്കണം. ക്യാൻസർ, വൃക്കരോഗം, ഹൃദയശസ്ത്രക്രിയ തുടങ്ങിയ മാരകമായ രോഗചികിത്സയ്ക്ക് 1 ലക്ഷം രൂപ വരെയും മറ്റ് രോഗങ്ങൾക്ക് രോഗങ്ങളുടെ തീവ്രത പരിഗണിച്ച് 50,000/-രൂപ വരെയും ധനസഹായം ഈ പദ്ധതിയിൽ അനുവദിക്കാവുന്നതാണ്. കുടുംബത്തിന്റെ ഏകവരുമാനദായകന്റെ അപകടമരണത്തിന് നിബന്ധനകൾക്ക് വിധേയമായി 50,000/- രൂപ വരെ ഈ പദ്ധതിയിൽ അനുവദിക്കാവുന്നതാണ്. അസുഖങ്ങളെക്കൊണ്ട് കഷ്ടപ്പെടുന്നതുമായ പട്ടികവർഗ്ഗക്കാർക്ക് 1 ലക്ഷം രൂപ വരെ ഡോക്ടറുടെ ശുപാർശപ്രകാരം ധനസഹായം നൽകിവരുന്നു. കൂടാതെ പ്രകൃതിക്ഷോഭം, തീപിടുത്തങ്ങൾ മുതലായവ മൂലം ദുരിതമനുഭവിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് 50,000/- രൂപ വീതം നിബന്ധനകൾക്ക് വിധേയമായി നൽകി വരുന്നു. മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനുള്ള സാമ്പത്തിക സഹായം, രോഗിയെ അടുത്തുള്ള ആശുപത്രിയിൽ എത്തിക്കുവാൻ സഹായിക്കുക, ഡോക്ടറുടെ നിർദ്ദേശപ്രകാരം പോഷകമൂല്യങ്ങളുള്ള ആഹാരം നൽകുക, ആശുപത്രികളിൽ ലഭ്യമല്ലാത്ത മരുന്നുകൾ ലഭ്യമാക്കുക, പോസ്റ്റ്മോർട്ടത്തിന് ആവശ്യമായ ചെലവുകൾ, അത്യാഹിതങ്ങൾ/അപകടങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള സഹായനിധി തുടങ്ങിയവയാണ് പ്രധാനഘടകങ്ങൾ.

4. സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റുകൾ

പട്ടികവർഗ്ഗ വികസനവകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, ഇടുക്കി എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്ന 2 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ഉണ്ട്.

5. ആരോഗ്യപദ്ധതി

ഇടുക്കി പ്രദേശത്ത് പട്ടികവർഗ്ഗക്കാരിൽ സാധാരണ ഉണ്ടാകുന്ന ക്ഷയം, കുഷ്ഠം, ത്വക്ക് രോഗങ്ങൾ, സിക്കിൾസെൽ അനീമിയ എന്നിവ ചികിത്സിച്ച് ഭേദപ്പെടുത്തുന്നതിനായി 1989-90-ൽ ആരംഭിച്ചതാണ് ഈ പദ്ധതി. നിലവിൽ ഇടുക്കിയിൽ കോവിൽക്കടവ്, വെള്ളക്കയം എന്നിവിടങ്ങളിലായി 2 ഒ.പി.ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. ഈ പ്രോജക്ടുകൾ ഇപ്പോൾ ആരോഗ്യവകുപ്പിന്റെ നിയന്ത്രണത്തിലാണ്.

6. വൈദ്യസഹായ പദ്ധതികൾ

പട്ടികവർഗ്ഗക്കാരുടെ ആരോഗ്യസംരക്ഷണത്തിനു വേണ്ടി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 4 മിഡ് വൈഫറി സെന്ററുകളും, ഒരു ആയുർവേദാശുപത്രിയും, ആയുർവേദ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നുണ്ട്. ഇടുക്കി ജില്ലയിൽ ഐ.റ്റി.ഡി.പിയുടെ കീഴിൽ 3 ആയുർവേദ ഡിസ്പെൻസറിയും, അടിമാലി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസിന്റെ കീഴിൽ 2 ഡിസ്പെൻസറിയും, ഉണ്ട്

സാമൂഹ്യ-സാമ്പത്തിക ഉന്നമന പദ്ധതികൾ

1. ഭക്ഷ്യസഹായ പരിപാടി

വർഷകാലത്ത് പട്ടികവർഗ്ഗക്കാർക്ക് പുറത്ത് പോയി അവർ സാധാരണ ചെയ്യുന്ന ജോലി ചെയ്യുവാൻ പലപ്പോഴും സാധിക്കാതെ വരുന്നു. അവർക്കിടയിൽ മൺസൂൺകാലത്ത് പട്ടിണിയും കഷ്ടപ്പാടും വർദ്ധിക്കുവാൻ ഇത് കാരണമാകുന്നു. ഈ കാലയളവിൽ അവർക്ക് ജോലിയും ആഹാരവും ഉറപ്പുവരുത്തുന്നതാണ് ഈ പദ്ധതി പ്രധാനമായും ലക്ഷ്യമിടുന്നത്. ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള 4 മാസങ്ങളിലാണ് ഊരുകൂട്ടങ്ങൾ മുഖേന പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

സംസ്ഥാനത്തെ ഏകപട്ടികവർഗ്ഗ പഞ്ചായത്തായ ഇടുക്കി ജില്ലയിലെ ഇടമലക്കുടിയിൽ ദേവികുളം ഗിരിജൻ സർവ്വീസ് സംഘം മുഖേന വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങളുടെ ചുമട്ടുകൂലിയും ഈ പദ്ധതി പ്രകാരമാണ് നൽകി വരുന്നത്.

2. കൈത്താങ്ങ് (അനാഥർക്കുള്ള ധനസഹായം)

മാതാപിതാക്കൾ സംരക്ഷിക്കാനില്ലാത്ത അനാഥരും അശരണരുമായ പട്ടികവർഗ്ഗ കുട്ടികൾക്ക് പ്രത്യേക സഹായം നൽകുന്ന പദ്ധതിയാണിത്. ഈ കുട്ടികളെ സംരക്ഷിക്കുകയും അവരെ പരിപാലിച്ച് വളർത്തുകയും ചെയ്യുന്നതിനാവശ്യമായ ചെലവ് ഈ പദ്ധതിയിലൂടെ അനുവദിക്കുന്നു. പ്രായപൂർത്തിയാകുന്നതുവരെയോ, സ്വന്തമായി വരുമാനം ഉണ്ടാകുന്നതുവരെയോ ജീവിക്കാനും, വിദ്യാഭ്യാസത്തിനും ഈ പദ്ധതിയിലൂടെ സഹായം നൽകുന്നു. ഇത്തരത്തിലുള്ള കുട്ടികളെ സർവ്വേ ചെയ്തു കണ്ടെത്തുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. ടി വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000 രൂപ വീതം 18 വയസ്സുവരെയോ സ്വന്തമായി തൊഴിൽ കണ്ടെത്തുന്നതു വരെയോ അനുവദിച്ചുവരുന്നു. ഇടുക്കി ജില്ലയിലെ നിലവിലെ 47 പേർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു.

3. പൂൾഡ് ഫണ്ട് പദ്ധതികൾ

പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മാത്രമായി പ്രയോജനം ലഭിക്കുന്ന പ്രത്യേക പദ്ധതികൾ എല്ലാ വികസന വകുപ്പുകളും അവരുടെ പദ്ധതിയിൽ ഉൾപ്പെടുത്തി തയ്യാറാക്കണമെന്ന് 13/08-ലെ 1385/എ/08/പ്ലാനിംഗ് നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. പൊതുവിദ്യാഭ്യാസം, സാമൂഹ്യനീതി, കല, സംസ്ക്കാരം, കായികവിനോദവും യുവജനക്ഷേമം, ആരോഗ്യം മുതലായ വകുപ്പുകൾ തയ്യാറാക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്. എന്നാൽ പട്ടികവർഗ വികസനത്തിന് മുൻഗണന നൽകേണ്ട വൈദ്യുതി, കുടിവെള്ളം, കൃഷി, മൃഗസംരക്ഷണം എന്നീ വകുപ്പുകളുടെ പ്രോജക്ട് പ്രൊപ്പോസലുകൾക്കും ഈ പദ്ധതിയിൽ പരിഗണന നൽകുന്നു. പ്രസ്തുത വകുപ്പുകൾ തയ്യാറാക്കുന്ന പദ്ധതികൾ പട്ടികവിഭാഗക്കാർക്ക് പ്രയോജനമാണെന്ന് സംസ്ഥാന ജില്ലാതല വർക്കിംഗ് ഗ്രൂപ്പുകൾ ഉറപ്പുവരുത്തി പദ്ധതി നടപ്പിലാക്കുന്നു.

4. അംബേദ്കർ സെറ്റിൽമെന്റ് വികസനപദ്ധതി(പുതുക്കിയ എ.റ്റി.എസ്.പി പദ്ധതി)

സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സമഗ്രവികസനമാണ് ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. അടിയന്തിരമായി നടപ്പാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമായുമുള്ള അടിസ്ഥാന ആവശ്യങ്ങൾ, പട്ടികവർഗ്ഗ സങ്കേതത്തിലെ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനനിർമ്മാണം, കുടിവെള്ളം, ശുചിത്വം, ദുർഘടപ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം എന്നിവ പദ്ധതിയിൽ ഉൾപ്പെടുന്നു.

5. ആദിവാസി പുനരധിവാസ വികസനമിഷൻ (ടിആർഡിഎം)

ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 3 ഏക്കർ മുതൽ പരമാവധി 5 ഏക്കർ വരെ ഭൂമി നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 1 ഏക്കറിൽ കുറവ് ഭൂമി കൈവശമുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കുറഞ്ഞത് 1 ഏക്കർ ഭൂമി ഉറപ്പാക്കുന്നതിനാവശ്യമായ ഭൂമി ലഭിക്കുന്നതിന് അർഹതയുണ്ട്. പട്ടികവർഗ്ഗ കുടുംബങ്ങളെ ഇതിനായി തയ്യാറാക്കിയിട്ടുള്ള മാസ്റ്റർപ്ലാൻ അനുസരിച്ച് പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിനും നിർവ്വഹണം നടത്തുന്നതിനുമായി ട്രൈബൽ റിഹാബിലിറ്റേഷൻ ആന്റ് ഡെവലപ്പ്മെന്റ് മിഷൻ(ടിആർഡി.എം) രൂപീകരിച്ചിട്ടുണ്ട്.

1) ഭവനനിർമ്മാണം ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യവികസനം

2) ജലസേചനവും കൃഷിയും ഉൾപ്പെടെയുള്ള ഭൂവികസന പരിപാടികൾ

3) സ്വയംതൊഴിൽ പദ്ധതികൾ

4) മനുഷ്യവിഭവശേഷി വർദ്ധിപ്പിക്കുന്നതിനുതകുന്ന പരിപാടികൾ.

പുനരധിവാസ പ്രവർത്തനങ്ങളിൽ താത്ക്കാലിക വാസസ്ഥലങ്ങൾ, കാർഷിക സാമഗ്രികൾ, ഭവനനിർമ്മാണം, ഊർജ്ജം, കുടിവെള്ളം, റോഡ് നിർമ്മാണം, മണ്ണ് സംരക്ഷണം, മൃഗസംരക്ഷണം, അംഗൻവാടി, കമ്മ്യൂണിറ്റി ഹാൾ എന്നിവ പ്രധാന പദ്ധതികളാണ്.

6. പെൺകുട്ടികൾക്കുള്ള വിവാഹധനസഹായം

നിർദ്ധനരായ പട്ടികവർഗ്ഗ യുവതികളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിനുവേണ്ടിയുള്ള പദ്ധതിയാണിത്. വിവാഹധനസഹായം 50,000/- രൂപ നിരക്കിലാണ് നൽകി വരുന്നത്. വിവാഹതിയതിക്ക് ഒരു മാസത്തിനു മുമ്പേ ധനസഹായത്തിനുള്ള അപേക്ഷ ബന്ധപ്പെട്ട ടി.ഇ.ഒമാർക്ക് സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷിക്കാൻ സാധിക്കാത്തവർക്ക് വിവാഹത്തിനു ശേഷം അപേക്ഷിക്കുകയാണെങ്കിൽ ആയത് ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം അനുവദിച്ചു നൽകി വരുന്നു.

7. മിശ്രവിവാഹ ധനസഹായം

മിശ്രവിവാഹം മൂലം ക്ലേശം അനുഭവിക്കുന്ന പട്ടികവർഗ്ഗവിഭാഗക്കാർ ഉൾപ്പെടുന്ന ദമ്പതികൾക്ക് 50,000/- രൂപ ധനസഹായം നൽകിവരുന്നു. കുടുംബവാർഷികവരുമാനം 40,000/- രൂപയിൽ താഴെയുള്ളവരെയാണ് ടി പദ്ധതിയ്ക്കായി പരിഗണിക്കുന്നത്. വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനുശേഷവും മൂന്ന് വർഷത്തിനുള്ളിലും മിശ്രവിവാഹധനസഹായത്തിന് അപേക്ഷ സമർപ്പിക്കേണ്ടതാണ്. വിവാഹശേഷം ദമ്പതികൾ ഒരുമിച്ച് ജീവിക്കുകയാണെന്ന് തെളിയിക്കുന്നതിനായി ഗസറ്റഡ് ഓഫീസറുടെ പക്കൽ നിന്നും സാക്ഷ്യപത്രം ഹാജരാക്കേണ്ടതുമാണ്.

8.ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗ് സ്കീം

പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരമുള്ള പരിപാടികളിൽ നില നിൽക്കുന്ന വിടവുകൾ നികത്തുന്നതിനുവേണ്ടിയാണ് പ്രോജക്ടധിഷ്ഠിത സമീപനം ഉൾക്കൊണ്ട് സ്വയംതൊഴിൽ, വൈദഗ്ധ്യ വികസനം, ശുദ്ധജലവിതരണം, ശുചിത്വം, നടപ്പാലങ്ങളുടെ നിർമ്മാണം, സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തൽ, വിദ്യാഭ്യാസ ആരോഗ്യ പരിപാടികൾ, വൈദ്യുതീകരണം, എത്തിപ്പെടാൻ കഴിയാത്ത സ്ഥലങ്ങളിൽ ഗതാഗതസൗകര്യം പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായ പദ്ധതിയുടെ കുറവ് പരിഹരിക്കൽ എന്നിവ ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നു.

9. പട്ടികവർഗ്ഗ പ്രൊമോട്ടർമാർ

പട്ടികവർഗ്ഗക്കാർ കൂടുതലായി അധിവസിക്കുന്ന മേഖലകളിൽ വികസനത്തിന്റെ കണ്ണിയായി പ്രവർത്തിക്കുക. പട്ടികവർഗ്ഗവികസനവകുപ്പും മറ്റു വകുപ്പുകളും നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഗുണഭോക്താക്കളുടെ സിംഗിൾ വിൻഡോ ആയി പ്രവർത്തിക്കുക. ഗുണഭോക്താക്കളെ ബോധവൽക്കരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായി വിദ്യാഭ്യാസമുള്ള 1182 പട്ടികവർഗ്ഗ യുവതീയുവാക്കളെ നിയമിച്ചിരുന്നു. കൂടാതെ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്ന പട്ടികവർഗ്ഗക്കാരെ സഹായിക്കുന്നതിന് ആവശ്യമായ ഹെൽത്ത് പ്രൊമോട്ടർമാരെയും മേൽപ്പറഞ്ഞ പ്രൊമോട്ടർമാരിൽ നിന്നും പ്രത്യേകമായി നിയോഗിച്ചിട്ടുണ്ട്. ഇവർക്ക് പ്രതിമാസം 9,625/- രൂപ ഹോണറേറിയവും, യാത്രാചെലവും ഉൾപ്പെടെ നൽകി വരുന്നു. ഇടുക്കി ജില്ലയിൽ 91 പ്രൊമോട്ടർമാർ പ്രവർത്തിച്ചു വരുന്നു.

10. ഊരുകൂട്ടങ്ങൾ

എല്ലാ പട്ടികവർഗ്ഗ സങ്കേതങ്ങളിലും ഊരുകൂട്ടങ്ങൾ കൂടുന്നതിനും ഊരുകൂട്ടങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ഭാഗമായി പരിശീലനം നൽകുന്നതിനും ലക്ഷ്യമിട്ടുള്ളതാണ് ഈ പദ്ധതി. സൂക്ഷ്മ തലത്തിലുള്ള ആസൂത്രണം, പ്രാഥമിക ആരോഗ്യപരിപാലനം, സർക്കാരിന്റെ വികസനപ്രവർത്തനങ്ങൾ, നിർവ്വഹണത്തിലും മോണിറ്ററിംഗിലും പങ്കാളിത്തം വർദ്ധിപ്പിക്കൽ എന്നീ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തിയായിരിക്കും പരിശീലനം നൽകുന്നത്. ഊരുകൂട്ടങ്ങൾ 4 മാസത്തിലൊരി

ക്കലെങ്കിലും കൂടേണ്ടതാണ്. ഓരോ ഊരുകൂട്ടയോഗങ്ങൾ ചേരുന്നതിന്റെ ചെലവിലേക്കായി 2500 രൂപ വീതം അനുവദിച്ചു വരുന്നു.

11. പ്രത്യേക കേന്ദ്രസഹായ പദ്ധതി

പട്ടികവർഗ്ഗക്കാരുടെ ജീവിതനിലവാരം ഉയർത്തുന്നതിന് സ്വയംതൊഴിൽ പദ്ധതികൾ, പരിശീലനപരിപാടികൾ, കാർഷികപദ്ധതികൾ തുടങ്ങിയ സാമ്പത്തിക ഉന്നമന പരിപാടികൾ പ്രത്യേകം തിരഞ്ഞെടുത്ത പ്രദേശങ്ങളിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഈ പദ്ധതിയിൽ നടപ്പിലാക്കുന്നു. ഇതിനായി തയ്യാറാക്കുന്ന പദ്ധതികൾ സംസ്ഥാനജില്ലാ വർക്കിംഗ് ഗ്രൂപ്പുകളുടെ അംഗീകാരത്തിന് വിധേയമായിട്ടാണ് നടപ്പിലാക്കി വരുന്നത്.

12. ഭവനരഹിതർക്ക് ഭവനം

ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനനിർമ്മാണത്തിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഭവനനിർമ്മാണ ധനസഹായഗ്രാന്റ് നിലവിൽ 3.5 ലക്ഷം രൂപയായിട്ടാണ് നൽകി വരുന്നത്. ടി തുക 4 ഗഡുക്കളായാണ് നൽകി വരുന്നത്.

13. ഇടമലക്കുടി പാക്കേജ്

2010 നവംബർ 1-ാം തിയതി രൂപീകൃതമായ ഇടമലക്കുടി കേരളത്തിലെ ഏക പട്ടികവർഗ്ഗ ഗ്രാമപഞ്ചായത്താണ്. പുതുക്കുടി എന്ന സൊസൈറ്റിക്കുടി ആസ്ഥാനമായ ഈ ഗ്രാമപഞ്ചായത്തിൽ 28 കുടികളിലായി 621 കുടുംബങ്ങൾ അധിവസിച്ചുവരുന്നു. ഇടമലക്കുടി സമഗ്രവികസനത്തിനായി 10.35 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജ് പദ്ധതി തയ്യാറാക്കുകയും ആദ്യഘട്ടം തുക 4.33 കോടി രൂപ പദ്ധതി നിർവ്വഹണവകുപ്പായ വനം വകുപ്പിനെ ഏൽപ്പിക്കുകയുമുണ്ടായി.

14. വീടുകളുടെ അറ്റകുറ്റപണികൾ

2008-ലെ ബേസ്ലൈൻ സർവ്വേയിൽ 55% പട്ടികവർഗ്ഗ ഭവനങ്ങൾ തകർന്നതും 44% അടുക്കള ഇല്ലാത്തതുമാണന്ന് കണ്ടെത്തി. 51% വീടുകൾ സ്ഥലസൗകര്യങ്ങൾ ഇല്ലാത്തവയാണെന്നും കണ്ടെത്തി. ആയതിനാൽ വീടുകളുടെ പുനരുദ്ധാരണത്തിനും അധികമുറികൾ നിർമ്മിക്കുന്നതിനും തകർന്ന ഭവനങ്ങളുടെ പുനർനിർമ്മാണത്തിനും ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നു. എസ്റ്റിമേറ്റ് പ്രകാരം പരമാവധി 1.5 ലക്ഷം രൂപ വരെ ഈ പദ്ധതിയിൽ പ്രകാരം നിലവിൽ അനുവദിച്ചു നൽകി വരുന്നു.

15. ആർട്ടിക്കിൾ 275(1) പ്രകാരമുള്ള ഗ്രാന്റിൽ നടപ്പിലാക്കുന്ന പദ്ധതികൾ.

വിദ്യാഭ്യാസം, വരുമാനദായക പരിപാടികൾ, ആരോഗ്യം, കൃഷി, മൃഗസംരക്ഷണം, സാങ്കേതിക തൊഴിൽ മേഖലയിലുള്ള മാനവ വിഭവശേഷി വികസനം, സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും പരിപാലനം തുടങ്ങിയ മാനവ വികസന സൂചകങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്ന മേഖലകളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നു. ടി പദ്ധതി കേന്ദ്രസർക്കാരിന്റെ മാർഗ്ഗ നിർദ്ദേശമനുസരിച്ചാണ് നടപ്പിലാക്കുന്നത്.

16. ഏറ്റവും പിന്നോക്കമായ പട്ടികവർഗ്ഗക്കാർക്കുള്ള തൊഴിൽ പരിശീലനം

അംഗീകൃത വ്യവസായിക പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകളിൽ പരിശീലനം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, 2 ജോഡി യൂണിഫോമുകളുടെ ചെലവ് എന്നിവ നൽകുന്നു.

17. ഇൻഫോർമേഷൻ, എഡ്യുക്കേഷൻ, കമ്മ്യൂണിക്കേഷൻ

പട്ടികവർഗ്ഗക്കാരുടെ സാംസ്ക്കാരിക പരിപാടികൾ, നാടൻ കലോൽസവങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കാനും പട്ടികവർഗ്ഗക്കാർ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾക്ക് പ്രവദർശന വിപണനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, ലഹരി വിരുദ്ധ ബോധവൽക്കരണപരിപാടികൾ, വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളുടെ ഡോക്യുമെന്റേഷൻ, പട്ടികവർഗ്ഗ ഉപദേശകസമിതി യോഗം ചേരൽ, പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം തേടുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠനവസ്തുക്കൾ നൽകൽ, സർഗ്ഗോത്സവം, കളിക്കളം പരിപാടികൾ, എം.ആർ.എസ്-കളിലെ കുട്ടികളുടെ സംസ്ഥാനതല വാർഷിക ആഘോഷം തുടങ്ങിയ പരിപാടികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

18. ഗിരിവർഗ പദ്ധതി മോണിട്ടർ ചെയ്യുന്നതിനും ഭരണം ശക്തിപ്പെടുത്തുന്നതിനുമുള്ള പദ്ധതി.

പട്ടികവർഗ്ഗ വികസനവകുപ്പിലെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമഗ്രമായ ആധുനികസംവിധാനം ഏർപ്പെടുത്തുന്ന പദ്ധതിയാണിത്. വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് വിവരസാങ്കേതികവിദ്യ ഉപയോഗിക്കുന്നതിനും ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനും കമ്പ്യൂട്ടർവൽക്കരണത്തിനും, ഇന്റർനെറ്റ്/ഇ-മെയിൽ കണക്ഷൻ ഏർപ്പെടുത്താനും പഴയ വാഹനങ്ങൾ റിപ്പയർ ചെയ്യുന്നതിനും ആവശ്യമെങ്കിൽ പഴയ വാഹനം മാറ്റി പുതിയ വാഹനം വാങ്ങുന്നതിനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

19. പ്രതിബദ്ധതയുള്ള സാമൂഹ്യപ്രവർത്തകരുടെ സേവനം

പ്രതിബദ്ധതയുള്ള സാമൂഹ്യപ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തി പട്ടികവർഗക്കാർക്കിടയിൽ കൗൺസിലിംഗ് നടത്തുക, സെമിനാറുകൾ സംഘടിപ്പിക്കുക, മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ഉപയോഗത്തിന്റെ ദോഷവശങ്ങൾ മനസിലാക്കി കൊടുക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. തുടക്കത്തിൽ ഈ പദ്ധതി വയനാട് ജില്ലയിലും അട്ടപ്പാടിയിലും മാത്രം നടപ്പിലാക്കുകയും അതിന്റെ വിജയത്തിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗക്കാർ ധാരാളമായുള്ള മറ്റു ജില്ലകളിലേക്കു കൂടി ഈ പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്. പ്രതിമാസം 20,000/- രൂപ ഹോണറേറിയം വ്യവസ്ഥയിൽ എം.എസ്.ഡബ്ല്യു/എം.എ.സോഷ്യോളജി/എം.എ.ആന്ത്രോപോളജി പാസ്സായവരെയാണ് നിയമിക്കുന്നത്. നിലവിൽ അടിമാലി ടി.ഡി.ഓഫീസിന്റെ കീഴിൽ 3 പേരും ഇടുക്കി ഐ.റ്റി.ഡി.പിയുടെ കീഴിൽ 2 പേരും പ്രവർത്തിച്ചുവരുന്നു.

1) മാനേജ്മെന്റ് ട്രെയിനികൾ

പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് ക്ലറിക്കൽ തസ്തികയിൽ പരിശീലനം നൽകുന്നതിന് എല്ലാ വർഷവും 40 പേർക്ക് പരിശീലനം നൽകുന്നതിന് ഉള്ള പദ്ധതിയാണ് ഇത്. പട്ടികവർഗ്ഗ വികസനവകുപ്പിന്റെ വിവിധ ഓഫീസുകളിൽ പ്രതിമാസം 10,000/- രൂപ ഹോണറേറിയം വ്യവസ്ഥയിലാണ് നിയമനം നൽകുന്നത്. ഇടുക്കി ഐ.റ്റി.ഡി.പി ഓഫീസിനു കീഴിൽ 9 പേരും അടിമാലി ടി.ഡി.ഓഫീസിനു കീഴിൽ 7 പേരും സേവനമനുഷ്ഠിക്കുന്നു.

20. കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ കോർപ്പറേഷൻ

പട്ടികവർഗ വിഭാഗത്തിൽപ്പെടുന്നവരുടെ സാമ്പത്തിക ഉന്നമന പരിപാടികൾ നടപ്പിലാക്കുന്നതിന് കേന്ദ്ര സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷന് ഓഹരി മൂലധനം നൽകുന്നതിന് ധനസഹായം അനുവദിക്കണം.

21. ഗിരിവർഗ പ്രദേശത്തുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ

വളരെ പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗ പ്രദേശങ്ങളിലുള്ള സ്കൂളുകളിലും ആശുപത്രികളിലും ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഈ പദ്ധതി വിഭാവനം ചെയ്യുന്നു. നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്താനും ചികിത്സ ലഭ്യമാക്കാനും ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതിയാണിത്. കുറഞ്ഞത് 20%-ൽ കൂടുതൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകളിലും പട്ടികവർഗ്ഗ മേഖലകളിലും ആശുപത്രികളിലെയും പട്ടികവർഗ ഹോസ്റ്റലുകളിലെയും സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ഈ പദ്ധതി മൂലം സാധിക്കുന്നു.

22. വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗക്കാരുടെ വികസനം

സംസ്ഥാനത്ത് 73500 പട്ടികവർഗക്കാർ വനത്തിനുള്ളിൽ 18560 കുടുംബങ്ങളിലായി അധിവസിക്കുന്നതായി കണക്കാക്കിയിട്ടുണ്ട്. ഇവർക്ക് തൊഴിൽ നൽകി സ്ഥിരവരുമാനം ഉണ്ടാക്കി കൊടുക്കുക, അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുക, വന്യമൃഗങ്ങളിൽ നിന്നും സംരക്ഷണം നൽകുക, ആരോഗ്യ പരിരക്ഷ നൽകുക ഇവരുടെ പ്രാദേശികമായ വാസസ്ഥലങ്ങൾ നശിപ്പിക്കുന്നത് തടയുക എന്നീ പരിപാടികളാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഈ പദ്ധതി വനം വകുപ്പും പട്ടികവർഗ വികസനവകുപ്പും സംയുക്തമായിട്ടാണ് നടപ്പിലാക്കുന്നത്.

23. അതിക്രമങ്ങൾ തടയുന്നതിന് വേണ്ടി സ്കീം നടപ്പാക്കൽ

പട്ടികവർഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുക, അതിക്രമങ്ങൾക്ക് വിധേയരാകുന്നതുവരെ പുനരധിവസിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് സൗജന്യ നിയമ സഹായം, ധനസഹായം ആശ്രിതർക്കുള്ള ധനസഹായം, വീടുകൾ, കിണറുകൾ, ഭൂമി എന്നിവ നഷ്ടമാകുന്ന കേസുകളിൽ അവ പുന:സ്ഥാപിക്കുന്നതിനുള്ള ധനസഹായം, കോടതിയിൽ വരുന്നതിന് യാത്രപ്പടി നൽകുക, മിശ്രവിവാഹധനസഹായം, കുട്ടികൾക്ക് സൗജന്യവിദ്യാഭ്യാസം, വിവിധ പുനരധിവാസ പരിപാടികൾക്കുള്ള ചെലവുകൾ എന്നിവയാണ് സർക്കാർ ലക്ഷ്യമാക്കുന്നത്.

24. വനാവകാശ നിയമം 2006 (ഫോറസ്റ്റ് റൈറ്റ്സ് ആക്ട്)

കേന്ദ്രസർക്കാർ ഗസറ്റിൽ പരസ്യപ്പെടുത്തി 2007 ജനുവരി 2ന് ഈ നിയമം നിലവിൽ വന്നു. 1.10.2008-ന് നിയമം നടപ്പിലാക്കുന്നതിനായുള്ള ചട്ടങ്ങൾ പ്രസിദ്ധീകരിച്ചു. 2012-ൽ ഈ നിയമത്തിന് ഭേദഗതി ഇന്ത്യാ ഗവൺമെന്റ് പുറപ്പെടുവിച്ചു. വനഭൂമിയിൽ തലമുറകളായി താമസിച്ചിരിക്കുന്നവരും എന്നാൽ അവകാശങ്ങൾ രേഖപ്പെടുത്താൻ കഴിയാത്തവരുമായ വനവാസികളായ പട്ടികവർഗക്കാരുടെയും മറ്റു പരമ്പരാഗത വനവാസികളുടെയും വനാവകാശങ്ങളും വനഭൂമിയിലെ ജീവിതവൃത്തിയും അംഗീകരിക്കുന്നതിനും വനാവകാശങ്ങൾ തെളിവുകളുടെ അടിസ്ഥാനത്തിൽ അംഗീകരിക്കുന്നതിനും നിക്ഷിപ്തമാക്കുന്നതിനും വേണ്ടിയുള്ളതാണ് ഈ നിയമം. പട്ടികവർഗക്കാരായ വനവാസികളെ സംബന്ധിച്ച് 2005 ഡിസംബർ 13-നോ അതിനു മുമ്പോ കൈവശമുണ്ടായിരിക്കുകയും സർക്കാർ പദ്ധതികൾക്കായി ഏറ്റെടുക്കുകയും ചെയ്ത വനഭൂമിക്ക് പകരം ഭൂമിയോ, വനഭൂമി തന്നെയോ പട്ടിക വർഗ്ഗക്കാരന് നൽകാനും വ്യവസ്ഥയുണ്ട്

പ്രധാനമായും മൂന്നുതരം വനാവകാശങ്ങളാണുള്ളത്.

എ) വ്യക്തിഗത ക്ലെയിമുകൾ

വനത്തിൽ സ്ഥിരമായി താമസിക്കുന്നതിനും ഭൂമി കൈവശം വച്ച് ഉപജീവനത്തിനുമായി കൃഷി ചെയ്യുന്നതിനുമുള്ള അവകാശം.

ബി) പൊതു അവകാശങ്ങൾ

വനവിഭവ ശേഖരണം, കന്നുകാലികളെ തീറ്റൽ, ജലാശങ്ങളിൽ നിന്നും മീൻ പിടിക്കുക തുടങ്ങിയവ ഈ ഗണത്തിൽപ്പെടും.

സി) വികസനാവശ്യങ്ങൾക്കുള്ള അവകാശങ്ങൾ

സ്കൂളുകൾ, ഡിസ്പെൻസറികൾ, അംഗൻവാടികൾ, വൈദ്യുതി ലൈനുകൾ, ടെലി കമ്മ്യൂണിക്കേഷൻ ലൈനുകൾ, ശുദ്ധജല പദ്ധതികൾ, റോഡുകൾ, കമ്മ്യൂണിറ്റി ഹാളുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

ഡി) 1975 ലെ കേരള സംസ്ഥാന (ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി പുനസ്ഥാപിക്കലും) നിയമം

കേരള സംസ്ഥാനത്തിലെ (ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി പുനസ്ഥാപിക്കലും) നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി അന്യാധീനപ്പെട്ട ഭൂമി കൈവശം വെച്ചിരിക്കുന്നവർക്ക് കോമ്പൻസേഷൻ നൽകുന്നതിനും വീണ്ടെടുത്ത ഭൂമിയിൽ പട്ടികവർഗക്കാരെ പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു.

25. കടം എഴുതിതള്ളുന്ന പദ്ധതി

സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗക്കാർ വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി പട്ടികവർഗവികസന കോർപ്പറേഷൻ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും , 1/04/2014-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ (മുതലും പലിശയും, പിഴപ്പലിശയും മറ്റു ചെലവുകളും ഉൾപ്പെടെ) എഴുതി തള്ളുന്ന പദ്ധതി സ.ഉ.(അ)നം.71/2015 പജ.പവ.വിവ

തിയതി, 1/10/2015 പ്രകാരം അനുവദിച്ചുവരുന്നു. ആയതിൻപ്രകാരം 3022 ഗുണഭോക്താക്കൾക്കായി 8,45,89,698 രൂപയുടെ വായ്പ എഴുതിത്തള്ളിയിട്ടുണ്ട്.

26. എ.റ്റി.എസ്.പി ഭവനനിർമ്മാണ പദ്ധതി

പട്ടികവർഗ വിഭാഗത്തിൽപ്പെട്ട അർഹരായ മുഴുവൻ ഭവനരഹിതർക്കും വീട് അനുവദിക്കുന്നതിനായി സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി എ.റ്റി.എസ്.പി ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കി വരുന്നു. 2015-16 സാമ്പത്തികവർഷം ടി പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന ത്തൊട്ടാകെ 9362 വീടുകൾ അനുവദിക്കുകയും, ആയവയുടെ നിർമ്മാണപ്രവൃത്തികൾ വിവിധ ഘട്ടങ്ങ ളിലായി പുരോഗമിച്ചു വരുകയും ചെയ്യുന്നു.

27. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങുന്ന പദ്ധതി

സ്വന്തമായി ഭൂമിയില്ലാത്ത പട്ടികവർഗ്ഗക്കാർക്ക് 25 സെന്റ് മുതൽ 1 ഏക്കർ വരെ വാങ്ങുന്നതിന് 10 ലക്ഷം രൂപ വരെ സർക്കാർ ധനസഹായമായി നൽകുന്ന പദ്ധതി

28. വംശീയ വൈദ്യൻമാർക്ക് ധനസഹായം

പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യൻമാർക്ക് 10000/- രൂപ വാർഷിക ഗ്രാന്റായി ഈ പദ്ധതി വഴി നൽകുന്നു. കിർത്താഡ്സിന്റെ സഹായത്തോടെ വൈദ്യൻമാരെ തെരഞ്ഞെടുക്കുകയും തുക ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറ്റം ചെയ്യുന്നു.

29. ലാപ്ടോപ്പ് വിതരണം

അംഗീകൃത യൂണിവേഴ്സിറ്റികളിൽ/സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് രണ്ടാം വർഷം പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതാണ് പ്രസ്തുത പദ്ധതി. എം. ബി.ബി.എസ്, എം.എസ്.സി കമ്പ്യൂട്ടർ സയൻസ്, എം.സി.എ, ബി.ഡി.എസ്, ബി.എ, എം.എസ്., ബി.എ ച്ച്.എം.എസ്, ബി.വിഎസ്.സി. ആന്റ് എ.എച്ച്, ബി.ടെക്, എം.ടെക് എന്നീ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ടി പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.

30. പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയം തൊഴിലിനും നൈപുണ്യ വികസനപരിശീലനത്തിനുമുള്ള സഹായം;

പട്ടികവർഗ്ഗ യുവാക്കളിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഉപജീവനമാർഗ്ഗത്തിനുവേണ്ടി സ്വയം തൊഴിൽസംവിധാനം വഴി സഹായം നൽകാൻ ഈ പദ്ധതി ലക്ഷ്യമിട്ടിരിയ്ക്കുന്നു. പരമാവധി ധനസഹായം 1.5 ലക്ഷം രൂപയാണ്. 60 ശതമാനത്തോളം ഗുണഭോക്താക്കൾ സ്ത്രീകൾ ആയിരിക്ക ണം. അനാഥർ, വിധവകൾ, അവിവാഹിതരായ അമ്മമാർ, സ്ത്രീകൾ ഗൃഹനാഥകളായുള്ള കുടുംബം എന്നിവർക്ക് മുൻഗണന നൽകുന്നതാണ്.

31. വനബന്ധു കല്യാൺ യോജന

ഇന്ത്യയിലെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമ്പൂർണ്ണ വികസനത്തിനും ക്ഷേമത്തിനുമായി കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള പട്ടികവർഗ്ഗകാര്യമന്ത്രാലയം തുടങ്ങിയ പദ്ധതിയാണിത്. പട്ടികവർഗ്ഗക്കാരെ മറ്റു ജനങ്ങളോടൊപ്പം ഉയർത്തിക്കൊണ്ടുവന്ന് രാജ്യത്തിന്റെ സമഗ്രവികസനത്തിന്റെ ഭാഗമാക്കുകയാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. സമ്പൂർണ്ണ ഭവനം, ആരോഗ്യം, വൈദ്യുതീകരണം, ശുദ്ധമായ കുടിവെള്ളം എല്ലാവർക്കും വീട്ടുവാതിൽക്കൽ ലഭ്യമാക്കുക, ഗുണനിലവാരമുള്ള ഉന്നതവിദ്യഭ്യാസ ത്തിന് ഊന്നൽ നൽകുക, പട്ടികവർഗ്ഗ മേഖലകളിൽ സാമ്പത്തികവികസനം ത്വരിതപ്പെടുത്തുക, സ്ഥല ത്തിന് അനുയോജ്യമായ റോഡ്, പട്ടികവർഗ്ഗ സംസ്ക്കാരത്തിന്റെ പൈതൃകത്തിന്റെ സംരക്ഷണവും പ്രോത്സാഹനവും ആണ്.

32. പി.കെ.കാളൻ കുടുംബക്ഷേമ പദ്ധതി

ചിന്നിച്ചിതറി താമസിക്കുന്ന ഗോത്രവിഭാഗക്കാരുടെ വികസനത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് പി.കെ.കാളൻ കുടുംബക്ഷേമ പദ്ധതി. ഊരുകൂട്ടങ്ങളുടെ പങ്കാളിത്തത്തോടെ ഗ്രാമീണ വിലയിരുത്തലിന്റെ സഹായത്തോടെ മൈക്രോപ്ലാൻ തയ്യാറാക്കിയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശി

ക്കുന്നത്. ഇക്കാര്യത്തിൽ തയ്യാറാക്കുന്ന മൈക്രോപ്ലാൻ അതാത് ജില്ലാ കളക്ടറുടെ അംഗീകാരം തേടേണ്ടതാണ്.

33. ഗോത്രവാൽസല്യ നിധി

1/04/2017 മുതൽ ജനിച്ച പട്ടികവർഗ്ഗ പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നതി ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ഇൻഷുറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതിയാണ് ഗോത്രവാൽസല്യനിധി. സംസ്ഥാനത്ത് ആദ്യഘട്ടമായി 801 പട്ടികവർഗ്ഗ പെൺകുട്ടികളെ ഗോത്രവാൽസല്യനിധി പദ്ധതിക്കായി തിരഞ്ഞെടുത്തതിൽ 32 കുട്ടികൾ ഇടുക്കി ഐ.റ്റി.ഡി.പി ഓഫീസിനുകീഴിലും 38 കുട്ടികൾ അടിമാലി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസിനു കീഴിലും ഉൾപ്പെടുന്നു.

സ്ഥാപനങ്ങൾ

1) ഹോസ്റ്റലുകൾ

നിലവിൽ ഇടുക്കി ജില്ലയിൽ 12 പ്രീമെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിച്ചു വരുന്നു. മറയൂർ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ (ഗേൾസ്)അനുവദിച്ചിട്ടുണ്ട്. ആയത് ഉടൻ പ്രവർത്തനമാരംഭിക്കുന്നതാണ്. ജില്ലയിലെ 12 ഹോസ്റ്റലുകളിലായി 798 കുട്ടികൾ താമസിക്കുന്നു. അനുവദനീയമായ എണ്ണം 480 ആണെങ്കിലും അപേക്ഷകരുടെ ബാഹുല്യം കണക്കിലെടുത്ത് പരമാവധി കുട്ടികളെ പ്രവേശിപ്പിച്ചിട്ടുണ്ട്. മറയൂർ പ്രീ മെട്രിക് ഹോസ്റ്റൽ ഒഴികെ എല്ലാ ഹോസ്റ്റലുകൾക്കും, സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്. മറയൂർ പ്രീ മെട്രിക്, മെട്രിക്ക് ഹോസ്റ്റലിന് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. റവന്യൂ വകുപ്പിൽ നിന്നും പട്ടികവർഗ്ഗ വികസന വകുപ്പിന് സ്ഥലം കൈമാറ്റം ചെയ്തു ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

നഴ്സറി സ്കൂളുകൾ

ജില്ലയിൽ ഗ്രാമപഞ്ചായത്തുകൾ മുഖേന ഡിപ്പാർട്ട്മെന്റിന്റെ ഫണ്ട് വിനിയോഗിച്ച് പൂച്ചപ്ര, കൂവക്കണ്ടം, കുമളി എന്നിവിടങ്ങളിലായി 3 നഴ്സറി സ്ക്കൂളുകളും താളുങ്കണ്ടത്ത് ഒരു കിന്റർ ഗാർട്ടൻ സ്കൂളും പ്രവർത്തിച്ചുവരുന്നു.

എസ്.ടി.പ്രമോട്ടർമാർ

ജില്ലയിൽ 91 എസ്.ടി പ്രമോട്ടർമാർ അനുവദനീയമായിട്ടുള്ളതിൽ 88 പേർ സേവനം അനുഷ്ഠിച്ചുവരുന്നു. അടിമാലി താലൂക്ക് ആശുപത്രിയിൽ 3 ഹെൽത്ത് പ്രൊമോട്ടർമാരും, ഇടുക്കി ജില്ലാ ആശുപത്രിയിൽ ഒരു ഹെൽത്ത് പ്രൊമോട്ടറും പട്ടികവർഗ്ഗക്കാരായ രോഗികളെ സഹായിച്ചു വരുന്നുണ്ട്.

ഏകാദ്ധ്യാപക വിദ്യാലയങ്ങൾ

പെരിപ്പതെറ്റിക് എഡ്യൂക്കേഷൻ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി, പഠന സൗകര്യം അടുത്തെങ്ങും ലഭ്യമല്ലാത്ത 23 സങ്കേതങ്ങളിൽ ഏകാദ്ധ്യാപക വിദ്യാലയങ്ങൾ പ്രവർത്തിച്ചുവരുന്നു. 349 കുട്ടികൾ ടി സ്ക്കൂളുകളിൽ പഠിച്ചു വന്നിരുന്നു.. വിദ്യാലയങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വകുപ്പിനു കീഴിലുള്ള സ്കൂളുകൾ

വകുപ്പിനു കീഴിൽ 23 സ്കൂളുകൾ പ്രവർത്തിച്ചു വരുന്നു. സ്കൂളുകളുടെ ലിസ്റ്റ് ഭാഗം 3 ൽ കൊടുത്തിരിക്കുന്നു.

മോഡൽ റസിഡൻഷ്യൽ സ്ക്കൂൾ

ജില്ലയിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് താമസിച്ചു പഠനം നടത്തുന്നതിനായി മൂന്നാർ, ഇടുക്കി എന്നിവിടങ്ങളിൽ മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകൾ പ്രവർത്തിച്ചു വരുന്നു. പ്രാക്തന ഗോത്ര വർഗ്ഗക്കാർക്കായുള്ള ഇടുക്കി എം.ആർ.എസ്സിൽ 6 മുതൽ 10 ക്ലാസ്സുകളിലായി 300 വിദ്യാർത്ഥികൾക്ക് താമസിച്ചു വിദ്യാഭ്യാസം നടത്താവുന്നതാണ്. 30 ആൺകുട്ടികൾക്കും 30 പെൺകുട്ടികൾക്കും എല്ലാ വർഷവും ആറാം ക്ലാസ്സിൽ പ്രവേശനം നൽകുന്നു. മൂന്നാർ എം.ആർ.എസ്സിൽ 5 മുതൽ

പ്ലസ് ടു വരെ ക്ലാസ്സുകളിലായി 280 വിദ്യാർത്ഥികൾ വിദ്യാഭ്യാസം നടത്താവുന്നതാണ് പ്ലസ് ടുവിന് കൊമേഴ്സ് ബാച്ചാണുള്ളത്. ആൺകുട്ടികൾ മാത്രമാണ് മൂന്നാർ എം.ആർ.എസ്സിൽ പഠിക്കുന്നത്.

ഐ.റ്റി.ഐ.- ഐ.റ്റി.ഡി.പി., തൊടുപുഴ.

ജില്ലയിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാങ്കേതിക പരിശീലനം ലഭ്യമാക്കുന്നതിനായി അറക്കുളം പഞ്ചായത്തിൽ പുത്തേടത്ത് ഒരു ഐ.റ്റി.ഐ പ്രവർത്തിച്ചു വരുന്നുണ്ട്. എൻ.സി.വി.റ്റി അംഗീകാരമുള്ള ഇലക്ട്രീഷ്യൻ ട്രേഡ് (2 വർഷം), എൻ.സി.വിറ്റി. അംഗീകാരമുള്ള (പ്ലംബർ ട്രേഡ്-1 വർഷം) എന്നിവയിൽ 21 വീതം ട്രെയിനികൾക്കാണ് ഒരു വർഷം പ്രവേശനം നൽകുന്നത്. (എസ്.റ്റി 17,, എസ്.സി -2, അദേഴ്സ്-2)

ഗവ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് - ഐ.റ്റി.ഡി.പി., തൊടുപുഴ.

മൂലമറ്റത്ത് പട്ടികവർഗ്ഗത്തിൽപ്പെട്ട പെൺകുട്ടികൾക്കായി ഒരു ടെയ്ലറിംഗ് സ്ക്കൂൾ പ്രവർത്തിച്ചു വരുന്നുണ്ട്. 20 വിദ്യാർത്ഥികൾക്ക് 2 വർഷത്തിലൊരിക്കൽ പ്രവേശനം നൽകുന്നു.(16 എസ്.റ്റി, 2 എസ്. സി. 2 ജനറൽ)

ആയുർവ്വേദ ഡിസ്പെൻസറികൾ

ഇടുക്കി ജില്ലയിൽ താഴെപ്പറയുന്ന 5 പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ ആയൂർവേദ ഡിസ്പെൻസറികൾ പ്രവർത്തിച്ചുവരുന്നു.

ഇടുക്കി ഐ.റ്റി.ഡി.പി.യുടെ കീഴിലുള്ളവ.

1. നാളിയാനി- വെള്ളിയാമറ്റം പഞ്ചായത്ത്.

2. കുരുതിക്കളം-അറക്കുളം പഞ്ചായത്ത്.

3. കാഞ്ചിയാർ- കാഞ്ചിയാർ പഞ്ചായത്ത്.

അടിമാലി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിന്റെ കീഴിലുള്ളവ.

4. മന്നാങ്കണ്ടം- അടിമാലി പഞ്ചായത്ത്.

5. ചമ്പക്കാട്- മറയൂർ ഗ്രാമപഞ്ചായത്ത്.

ആയൂർവ്വേദ ഡിസ്പെൻസറികളിലെ ഡോക്ടർ, ഫാർമസിസ്റ്റ് തസ്തികകളിൽ ഭാരതീയ നാട്ടു ചികിത്സാ വകുപ്പിൽ നിന്നാണ് നിയമനം നടത്തുന്നത്.

മൊബൈൽ മെഡിക്കൽ യൂണിറ്റ്

തൊടുപുഴ ആസ്ഥാനമായി ജില്ലയ്ക്ക് മുഴുവൻ പ്രയോജനപ്പെടുന്ന ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റ് നിലവിലുണ്ട്. ഈ യൂണിറ്റിലെ മെഡിക്കലോഫീസർ, ഫാർമസിസ്റ്റ്, എ.എൻ.എം തുടങ്ങിയവർ ആരോഗ്യ വകുപ്പ് മുഖേന നിയമിക്കപ്പെടുന്നവരാണ്.

ഇടുക്കി ഹെൽത്ത് പ്രോജക്ട്

ഇടുക്കി ഹെൽത്ത് പ്രോജക്ടിന്റെ ഭാഗമായി വണ്ണപ്പുറം പഞ്ചായത്തിലെ വെള്ളക്കയത്ത് ഒരു ഒ.പി.ക്ലിനിക്കും, കാന്തല്ലൂർ പഞ്ചായത്തിലെ കോവിൽക്കടവിൽ ഒരു ഒ.പി. ക്ലിനിക്കും പ്രവർത്തിച്ചു വരുന്നു. ആയതിനോടനുബന്ധിച്ചുണ്ടായിരുന്ന ആമ്പുലൻസ് ഇപ്പോൾ പ്രവർത്തന രഹിതമാണ്.

വനാവകാശ നിയമം

വനാവകാശ നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് ഇടുക്കി ജില്ലയിൽ 93 വനാവകാശ സമിതികളിലായി 11201 വ്യക്തിഗത അപേക്ഷകളും 84 കമ്മ്യൂണിറ്റി ക്ലെയിമുകളുടെയും അപേക്ഷകളും, വികസന ആവശ്യങ്ങൾക്കുള്ള 184 അപേക്ഷകളും ലഭിക്കുകയുണ്ടായി. ആയതിൽ 1102 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. 7802 അപേക്ഷകൾ ഡി.എൽ.സി പാസ്സാക്കിയിട്ടുണ്ട്. ആയതിൽ 7729 കുടുംബങ്ങൾക്കായി 14170 ഏക്കർ സ്ഥലത്തിന് വനാവകാശ രേഖ നൽകിയിട്ടുണ്ട്. സാമൂഹ്യ അവകാശങ്ങൾക്കു ലഭിച്ച അപേക്ഷകൾ ഒന്നും തന്നെ പാസ്സാക്കിയിട്ടില്ല. വികസന ആവശ്യങ്ങൾക്കു ലഭിച്ച 184 അപേക്ഷകളിൽ 105 അപേക്ഷകൾ ബന്ധപ്പെട്ട ഡി.എഫ്.ഒ. മാർ പാസ്സാക്കിയിട്ടുണ്ട്.

ആദിവാസി പുനരധിവാസ വികസനം- ഇതു സംബന്ധമായ. സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു

ആദിവാസി പുനരധിവാസ വികസന മിഷൻ

ഇടുക്കി ജില്ലയിലെ പുനരധിവാസ പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ

ക്രമ നം.	ഇനം	പൂപ്പാറ	പന്തടിക്കളം	80 ഏക്കർ	സിങ്കുകണ്ടം 301	സൂര്യനെല്ലി / വിലക്ക്	കുണ്ടള	മറയൂർ	ആലക്കോട്	ആകെ
1	ആകെ ഗുണഭോക്താക്കൾ	47	62	68	301	277	72	242	3	**1071**
2	പട്ടയം വിതരണം ചെയ്ത ഭൂമിയുടെ അളവ്	47 ഏക്കർ (1 ഏക്കർ വീതം)	62 ഏക്കർ (1 ഏക്കർ വീതം)	170 ഏക്കർ (2.5 ഏക്കർ വീതം)	301 ഏക്കർ (1 ഏക്കർ വീതം)	277 ഏക്കർ (1 ഏക്കർ വീതം)	360 ഏക്കർ (5 ഏക്കർ വീതം)	363 ഏക്കർ (1.5 ഏക്കർ വീതം)	3 ഏക്കർ (1 ഏക്കർ വീതം)	**1583 ഏക്കർ**
3	ഭൂമി വിതരണം ചെയ്ത ഗുണഭോക്താക്കളുടെ എണ്ണം	47	44	62	291	154	71	242	3	**914**
4	കൈമാറിയ ഭൂമിയുടെ അളവ്	47 ഏക്കർ	44 ഏക്കർ	155 ഏക്കർ	291 ഏക്കർ	154 ഏക്കർ	355 ഏക്കർ	363 ഏക്കർ	3 ഏക്കർ	**1412 ഏക്കർ**

ക്രമ നം.	ഇനം	പൂപ്പാറ	പന്തടിക്കളം	80 ഏക്കർ	സിങ്കുകണ്ടം 301	സൂര്യനെല്ലി / വിലക്ക്	കുണ്ടള	മറയൂർ	ആലക്കോട്	ആകെ
5	ഭൂമി വിതരണം ചെയ്യാൻ ശേഷിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം	0	18	6	10	123	1	0	0	**158**
6	വിതരണം ചെയ്യാൻ ശേഷിക്കുന്ന ഭൂമിയുടെ അളവ്	0	18 ഏക്കർ	15 ഏക്കർ	10 ഏക്കർ	123 ഏക്കർ	5 ഏക്കർ	0	0	**171 ഏക്കർ**
7	ഭവനനിർമ്മാണം പൂർത്തീകരിച്ചവരുടെ എണ്ണം	47	12	66	80	16	51	188	3	**463**
8	ഭവനനിർമ്മാണം ആരംഭിച്ചിട്ട് പൂർത്തീകരിക്കാത്തവരുടെ എണ്ണം	0	22	0	69	59	12	52	0	**214**
9	ഭവനനിർമ്മാണം ആരംഭിക്കാത്തവരുടെ എണ്ണം	0	28	2	152	79	8	2	0	**271**
10	സ്ഥിരതാമസം /കൃഷി ഉള്ളവരുടെ എണ്ണം	47	33	66	98	12	58	93	3	**410**
11	കുടിവെള്ളം	പദ്ധതി പ്രവർത്തിക്കുന്നു	പദ്ധതി പ്രവർത്തിക്കുന്നു	പദ്ധതി പ്രവർത്തിക്കുന്നു	പദ്ധതി പൂർത്തീകരിച്ചിട്ടില്ല.	ഹോസ് മുഖേന എത്തിക്കുന്നു	പദ്ധതി പ്രവർത്തിക്കുന്നു	ജലനിധി പദ്ധതി നടപ്പാക്കി വരുന്നു	കിണർ	
12	റോഡ്	ടാർ റോഡ്	മൺ റോഡ്	ടാർ റോഡ്	മൺ റോഡ്	മൺ റോഡ്	ടാർ റോഡ്/ മൺ റോഡ്	ടാർ റോഡ്/മൺ റോഡ്	ടാർ റോഡ്	
13	വൈദ്യുതി	എല്ലാ കോളനികളും വൈദ്യുതീകരിച്ചിട്ടുണ്ട്								
14	നിലവിലുള്ള കൃഷി	കുരുമുളക് കാപ്പി ഏലം ജാതി	കുരുമുളക് കാപ്പി ഏലം ജാതി ഇഞ്ചി	കുരുമുളക് കാപ്പി ഏലം ജാതി ഇഞ്ചി	കുരുമുളക് കാപ്പി ഏലം ജാതി ഇഞ്ചി	കുരുമുളക് കാപ്പി ഏലം	ശീതകാല പച്ചക്കറികൾ	കാപ്പി	റബർ	
1	നിലവിൽ	47	26	55	90	5	170	45	3	

ക്രമ നം.	ഇനം	പൂപ്പാറ	പന്തടിക്കളം	80 ഏക്കർ	സിങ്കുകണ്ടം 301	സൂര്യനെല്ലി / വിലക്ക്	കുണ്ടള	മറയൂർ	ആലക്കോട്	ആകെ
5	കൃഷി ചെയ്യുന്ന ഭൂമിയുടെ അളവ് (ഏക്കറിൽ)									
16	ഇനിയും കൃഷി ചെയ്യാൻ ലഭ്യമായ ഭൂമിയുടെ അളവ് (ഏക്കറിൽ)	0	18	90	200	120	180	200	0	
17	എൽ.പി.സ്കൂൾ	1 കി.മീ	14 കി.മീ	4 കി.മീ.	5 കി.മീ.	6 കി.മീ.	27 കി.മീ.	6 കി.മീ.	4 കി.മീ.	
8	യു.പി.സ്കൂൾ	6 കി.മീ.	14 കി.മീ.	8 കി.മീ.	5 കി.മീ.	6 കി.മീ.	27 കി.മീ.	6 കി.മീ.	4 കി.മീ.	
19	ഹൈസ്കൂൾ	6 കി.മീ.	14 കി.മീ.	8 കി.മീ.	5 കി.മീ.	6 കി.മീ.	27 കി.മീ.	2 കി.മീ.	4 കി.മീ.	
20	പി.എച്ച്.സി	6 കി.മീ	14 കി.മീ	8 കി.മീ.	5 കി.മീ.	6 കി.മീ.	36 കി.മീ.	6 കി.മീ.	6 കി.മീ.	
21	ബസ് റൂട്ട്	ഉണ്ട്	ഇല്ല.(6 കി.മീ.)	ഇല്ല(4 കി.മീ)	ഇല്ല(4 കി.മീ.)	ഇല്ല (2 കി.മീ.)	ഇല്ല (4 കി.മീ.)	ഇല്ല (2 കി.മീ)	ഉണ്ട്	
22	കമ്യൂണിറ്റി ഹാൾ	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ആവശ്യമില്ല	
23	അംഗൻവാടി	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ആവശ്യമില്ല	

ആദിവാസി പുനരധിവാസ വികസന മിഷൻ

ആദിവാസി പുനരധിവാസ പദ്ധതി പ്രകാരം ഭൂവിതരണത്തിന് കണ്ടെത്തിയ ഭൂരഹിതരുടെ എണ്ണം - 1072
ആകെ വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം - 1072
ഭൂമി കൈവശം ലഭിച്ചവരുടെ എണ്ണം - 914
പട്ടയം ലഭിച്ചിട്ടും ഭൂമി കൈവശം ലഭിക്കാത്തവരുടെ എണ്ണം - 158

<u>കോളനി തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു</u>

ക്രമ നം.	കോളനി	വില്ലേജ്/താലൂക്ക്	ആകെ വിതരണം ചെയ്ത പട്ടയം	ഓരോ കുടുംബത്തിനും വിതരണം ചെയ്ത ഭൂമി	ആകെ വിതരണം ചെയ്ത ഭൂമി	ഭൂമി കൈവശം ഉള്ളവരുടെ എണ്ണം	കൈവശം ലഭിച്ച ഭൂമിയുടെ വിസ്തൃതി	ഭൂമി കൈവശം ലഭിക്കാത്തവരുടെ എണ്ണം	കൈവശം ലഭിക്കാത്ത ഭൂമിയുടെ വിസ്തൃതി
1	80 ഏക്കർ	ചിന്നക്കനാൽ/ ഉടുമ്പൻചോല	68	2.5 ഏക്കർവീതം	170	62	155	6	15
2	പന്തടിക്കളം	ചിന്നക്കനാൽ/ ഉടുമ്പൻചോല	62	1 ഏക്കർ വീതം	62	44	44	18	18
3	സിങ്കുകണ്ടം	ചിന്നക്കനാൽ/	301	1 ഏക്കർ വീതം	301	291	291	10	10

	301	ഉടുമ്പൻചോല							
4	സൂര്യ നെല്ലി/വിലക്ക്	ചിന്നക്കനാൽ/ ഉടുമ്പൻചോല	277	1 ഏക്കർ വീതം	277	154	154	123	123
5	പൂപ്പാറ	പൂപ്പാറ/ ഉടുമ്പൻചോല	47	1 ഏക്കർ വീതം	47	47	47	0	0
6	കുണ്ടള	കെഡിഎച്ച്/ ദേവികുളം	72	5 ഏക്കർ വീതം	360	71	355	1	5
7	മറയൂർ	മറയൂർ/ ദേവികുളം	242	1.5 ഏക്കർവീതം	363	242	363	0	0
8	ആലക്കോട്	ആലക്കോട്/ തൊടുപുഴ	3	1 ഏക്കർ വീതം	3	3	3	0	0
ആകെ			**1072**		**1583**	**914**	**1412**	**158**	**171**

പട്ടികവർഗ്ഗവികസനം ഓരോ തലത്തിലുള്ള സർക്കാരിന്റെയും ഭരണഘടനാപരമായ ഉത്തരവാദിത്വവും ലക്ഷ്യവുമാണ്. പ്രാദേശിക സർക്കാരുകളുടെ ഈ മേഖലയിലെ ഇടപെടലുകളും വികസന മേഖലയുമായി ഗോത്ര ജനതയെ കൂട്ടിയിണക്കുന്നതിനുള്ള സാധ്യതകളും ഇനിയും പൂർണ്ണമായി വിനിയോഗിക്കപ്പെട്ടിട്ടില്ല. അവരുടെ പൈതൃകവും പാരമ്പര്യാനുഷ്ഠാനങ്ങളും അറിവുകളും നിലനിർത്തിക്കൊണ്ട് തന്നെ ആധുനിക സമൂഹമാർജ്ജിച്ച വികസന മേഖലകൾ അവർക്കും സാധ്യമാക്കേണ്ടതുണ്ട്. ഊര് - കുടുംബ കേന്ദ്രീകൃതമായ സൂക്ഷ്മ പദ്ധതിയാസൂത്രണങ്ങളും സേവന - സൗഹാർദ്ദ സ്ഥിതിയിലധിഷ്ഠിതമായ നിർവ്വഹണ പരിപാടികളും പട്ടികവർഗ്ഗ മേഖലയിൽ അനിവാര്യമാണ്. ഒപ്പം വിവിധ സർക്കാർ വകുപ്പുകളുടെ ഫലപ്രദമായ ഏകോപനവും സംയുക്ത- സംയോജിത പദ്ധതികളും അത്യന്താപേക്ഷിതമാണ്.

വികസന പരിപ്രേക്ഷ്യത്തിന്റെ രൂപീകരണത്തിനായി മാനവ വികസന കാഴ്ചപ്പാടനുസൃതമായി വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, അടിസ്ഥാന സൗകര്യം, സാമൂഹ്യ സുരക്ഷിതത്വം തുടങ്ങിയ 8 വിഷയ മേഖലയ്ക്കു ബാധകമാകാവുന്ന പിന്നോക്കാവസ്ഥ നിർണ്ണയിക്കുന്നതിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി..

ക്രമ നമ്പർ	മേഖല	മാനദണ്ഡം
1.	വിദ്യാഭ്യാസം	1. നിരക്ഷരത 2. പഠനം ഉപേക്ഷിച്ചവർ 3. ഉന്നത വിദ്യാഭ്യാസം ഉള്ളവർ 4. സാങ്കേതികവിദ്യാഭ്യാസം ഉള്ളവർ
2.	ആരോഗ്യം	1. ദീർഘകാല രോഗാവസ്ഥ 2. ശാരീരിക/മാനസിക ഭിന്നശേഷി 3. വയോജനസംഖ്യ 4. ആരോഗ്യ പരിചരണ കേന്ദ്രങ്ങളുടെ കുറവ്
3.	തൊഴിൽ, ഉപജീവനം	1. തൊഴിൽ രഹിതർ 2. വിദ്യാഭ്യാസയോഗ്യതയുള്ള തൊഴിൽ അന്വേഷകർ 3. സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ള തൊഴിൽ അന്വേഷകർ 4. സ്ഥിരവരുമാനം ഇല്ലാത്തവർ 5. കൃഷിയും അനുബന്ധ മേഖലയും
4.	അടിസ്ഥാന സൗകര്യങ്ങൾ	1. ജീർണ്ണാവസ്ഥയിലുള്ള വീടുകൾ 2. സ്വന്തമായി വീടില്ലാത്തവർ 3. വൈദ്യുതി ഇല്ലാത്തവർ 4. കുടിവെള്ള സൗകര്യം ലഭ്യമല്ലാത്തവർ 5. കക്കൂസ് ഇല്ലാത്തവർ
5.	സാമൂഹ്യ സുരക്ഷിതത്വവും ലിംഗപദവിയു	1. അവിവാഹിതരായ അമ്മമാർ 2. കടബാദ്ധ്യത 3. വിവിധസാമൂഹ്യ പെൻഷനുകളുടെ ലഭ്യത (മാരകമായ അസുഖം ബാധിച്ചവർക്കും ഭിന്നശേഷിക്കാർക്കും അടക്കം) 4. കുടുംബശ്രീ പ്രവർത്തനങ്ങൾ.

	ം	5. സ്വാശ്രയശീലത്തിന്റെയും സമ്പാദ്യത്തിന്റെയും അഭാവം
6	കലാ സാംസ്കാരികം	1. സാംസ്കാരിക പ്രാവീണ്യ പദ്ധതികൾ 2. കലാ കായിക സമിതികൾ - പ്രവർത്തനങ്ങൾ 3. യുവജനക്ഷേമ പ്രവർത്തനങ്ങൾ
7	വനാശ്രിതത്വം	1. വനാവകാശ നിയമം 2. വനവുമായുള്ള പാരസ്പര്യ ജീവിതം 3. മനുഷ്യ-വന്യമൃഗ സംഘർഷം
8	അവികസിത മേഖലകൾ	1. എല്ലാ തലത്തിലുള്ള പിന്നാക്കാവസ്ഥ. 2. പ്രത്യേക പരിരക്ഷയുടെ അഭാവം. 3. ഭൂമിശാസ്ത്രപരമായ ഒറ്റപ്പെടൽ.

1.ജനസംഖ്യയും പൊതുവിവരങ്ങളും

ഇടുക്കി ജില്ലയിലെ പട്ടികവർഗ്ഗ ജനസംഖ്യ

വർഷം	ആകെ ജനസംഖ്യ	ആൺ	പെൺ	കുടുംബങ്ങളുടെ എണ്ണം
2011	55815	27995	27820	14315

അവലംബം: സെൻസസ് റിപ്പോർട്ട് 2011

പട്ടികവർഗ്ഗ ജനസംഖ്യ- പ്രായാടിസ്ഥാനത്തിൽ

പ്രായം	0-4	59	10-14	15-59	60-79	80+	ആകെ
ആകെ	3625	4296	4748	37575	4802	769	55815
ശതമാനം	6.49	7.7	8.51	67.32	9.5	1.38	100

അവലംബം: സെൻസസ് റിപ്പോർട്ട് 2011

സ്ത്രീ-പുരുഷ അനുപാതം

സംസ്ഥാനതലം	ജില്ലാതലം	പട്ടികവർഗ്ഗവിഭാഗം
1084	**1006**	**996**

അവലംബം: സെൻസസ് റിപ്പോർട്ട് 2017

പട്ടികവർഗ്ഗ കുടുംബങ്ങൾ സമുദായ അടിസ്ഥാനത്തിൽ

സമുദായം	കുടുംബങ്ങളുടെ എണ്ണം	ഉപ കുടുംബങ്ങളുടെ എണ്ണം
ഹിൽപുലയ	**960**	**59**
മല അരയൻ	**1619**	**215**
മലപണ്ടാരം	**12**	**0**
കാണിക്കാർ	**1**	**1**
മലവേടൻ	**46**	**6**
മലയൻ	2	0
ഉള്ളാടൻ	680	80
മന്നാൻ	2388	201
മുതുവാൻ	3309	256
പളിയൻ	422	26

ഊരാളി	1098	106
ഇരുളർ	1	0
കാട്ടുനായ്ക്കർ	1	0
ആകെ	**10539**	**950**

അവലംബം: പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവര ശേഖരണം 2008

ജില്ലയിലെ പട്ടികവർഗ്ഗകുടുംബങ്ങളുടെ എണ്ണം പഞ്ചായത്ത് അടിസ്ഥാനത്തിൽ

ക്രമ നം.	കോളനി	ഊരുകളുടെ എണ്ണം	കുടുംബങ്ങളുടെ എണ്ണം	ഊരുകളിലല്ലാതെ താമസിക്കുന്ന കുടുംബങ്ങൾ
	അടിമാലി ബ്ലോക്ക്			
1	അടിമാലി	28	2351	
2	പള്ളിവാസൽ	1	20	
3	കൊന്നത്തടി	6	211	
4	ബൈസൺവാലി	5	210	
5	വെള്ളത്തൂവൽ	2	108	
	ആകെ	42	2900	
	അഴുത ബ്ലോക്ക്			
1	ഏലപ്പാറ			20
2	കൊക്കയാർ	5	361	
3	കുമളി	2	553	
4	പീരുമേട്	1	92	7
5	പെരുവന്താനം	3	301	11
6	വണ്ടിപ്പെരിയാർ	3	139	3
	ആകെ	14	1446	41
	ദേവികുളംബ്ലോക്ക്			
1	ദേവികുളം	1	105	
2	മൂന്നാർ/ഇടമലക്കുടി	1	65	
3	മറയൂർ	25	1436	
4	കാന്തല്ലൂർ	19	998	
5	വട്ടവട	5	325	
6	ചിന്നക്കനാൽ	8	550	
7	ശാന്തമ്പാറ	4	136	
8	ഇടമലക്കുടി	28	704	

9	മാങ്കുളം	13	808	
	ആകെ	104	5127	
	ഇളംദേശം ബ്ലോക്ക്			
1	വെള്ളിയാമറ്റം	13	1684	
2	ആലക്കോട്		35	
3	കരിമണ്ണൂർ		31	
4	വണ്ണപ്പുറം	9	867	
5	ഉടുമ്പന്നൂർ	11	917	
6	കുടയത്തൂർ	6	422	
7	കോടിക്കുളം			1
	ആകെ	39	3956	
	ഇടുക്കി ബ്ലോക്ക്			
1	അറക്കുളം	14	1302	
2	കഞ്ഞിക്കുഴി	16	1159	
3	കാമാക്ഷി	1	22	
4	മരിയാപുരം	1	22	
5	വാത്തിക്കുടി	5	196	
6	വാഴത്തോപ്പ്	5	417	
	ആകെ	42	3118	
	കട്ടപ്പന ബ്ലോക്ക്			
1	അയ്യപ്പൻകോവിൽ	3	95	
2	ചക്കുപള്ളം	1	114	
3	ഇരട്ടയാർ	1	19	
4	കാഞ്ചിയാർ	6	455	
5	ഉപ്പുതറ	15	80	
6	വണ്ടൻമേട്	4	766	
7	കട്ടപ്പന മുനിസിപ്പാലിറ്റി	4	150	
	ആകെ	34	1679	
	നെടുങ്കണ്ടം ബ്ലോക്ക്			
1	നെടുങ്കണ്ടം	3	67	
2	കരുണാപുരം			7
3	പാമ്പാടുംപാറ	1	46	
4	രാജാക്കാട്			6

5	രാജകുമാരി	1	73	
6	സേനാപതി	3	79	
7	ഉടുമ്പൻചോല	7	104	
	ആകെ	15	469	
	തൊടുപുഴ ബ്ലോക്ക്			
1	ഇടവെട്ടി		57	
2	കരിങ്കുന്നം		49	
3	കുമാരമംഗലം		8	
4	മണക്കാട്			5
5	മുട്ടം	3	251	
6	പുറപ്പുഴ		15	
	ആകെ	3	380	
1	തൊടുപുഴ മുനിസിപ്പാലിറ്റി			87

അവലംബം: പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവര ശേഖരണം 2017

വിശകലനം

- 2001 നും 2011 നും ഇടയിൽ 4842 ജനസംഖ്യ വർദ്ധിച്ചു. 9.5% വർദ്ധന നിരക്ക്.
- 2011 ൽ-സംസ്ഥാന പട്ടികവർഗ്ഗ ജനസംഖ്യയുടെ 5 % ആണ് ഇടുക്കി ജില്ലയിൽ ഉള്ളത്.
- 2001 ൽ നിന്നും 2011 ലെക്ക് എത്തുമ്പോൾ പട്ടികവർഗ്ഗ ജനസംഖ്യാ വർദ്ധനവിൽ സംസ്ഥാനത്തെ വർദ്ധനാനിരക്ക് 33.13% ഉം ജില്ലയിൽ 9.5 % ഉം ആണ്.
- സംസ്ഥാനത്തെയും ജില്ലയിലെയും സ്ത്രീപുരുഷ അനുപാതത്തേക്കാൾ കുറവാണ് ഇടുക്കി ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിന്റെ സ്ത്രീ-പുരുഷാനുപാതം.

2.വിദ്യാഭ്യാസം

മാനവ വികസന സൂചികയിൽ പരമ പ്രധാനമായ ഒന്നാണ് വിദ്യാഭ്യാസ നിലവാരം. ഗോത്ര സമുദായങ്ങൾ മുഖ്യധാരയിലേക്കെത്തുന്നതിന്റെ പ്രധാന സൂചിക കൂടിയാണ് വിദ്യാഭ്യാസം.

ടേബിൾ 2.1

സാക്ഷരതയും നിരക്ഷരതയും-ജില്ലയിൽ

സാക്ഷരത				**നിരക്ഷരത**			
ആൺ	**പെൺ**	**ആകെ**	**ശതമാനം**	**ആൺ**	**പെൺ**	**ആകെ**	**ശതമാനം**
20782	**17916**	**38698**	**76.62**	**7213**	**9904**	**17117**	**23.38**

അവലംബം: സെൻസസ് റിപ്പോർട്ട് 2011

ടേബിൾ 2.2

ക്രമ നമ്പർ	ബ്ളോക്ക്	ആകെ	നിരക്ഷരർ	സാക്ഷരർ			സാക്ഷരതാ നിരക്ക് (ശതമാനം
				ഔപചാരിക വിദ്യാഭ്യാസം ഉള്ളവർ	നവസാക്ഷരർ	ആകെ	
1.	അടിമാലി	7247	1773	5014	460	5474	75.53
2.	ദേവികുളം	12495	3808	7573	1114	8687	69.52
3	നെടുങ്കണ്ടം	1325	364	866	95	961	72.53
4	ഇളംദേശം	812	65	724	23	743	92
5	ഇടുക്കി	6820	601	6132	87	6219	91.19
6	കട്ടപ്പന	4860	8841	3904	115	4019	82.7
7	തൊടുപുഴ	112	9	99	4	103	91.96
8	അഴുത	2307	343	1922	42	1964	85.13
	ആകെ	35978	7804	26234	1940	28174	78.31

അവലംബം: പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം 2008

ടേബിൾ 2.3

പട്ടികവർഗ്ഗക്കാർക്ക് പ്രത്യേകമായുള്ള വകുപ്പിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ക്രമ നമ്പർ	സ്ഥാപനം	അനുവദനീയമായ എണ്ണം	നിലവിലുള്ള കുട്ടികൾ
1	EMRS Idukki	260	224
2	MRS, Munnar	280	252
3	Government School of Fashion Designing	24	16
4	ITI Puthedam	21 ത 2	40
5	Premetric HostelGirls Thodupuzha	40	50
6	Premetric Hostel Boys Thodupuzha	40	76
7	Premetric Hostel, Girls Poomala	40	52
8	Premetric Hostel, , Girls,	80	60

	Moolamattom		
9	*Post metric Hostel , Boys, Vazhathoppe*	*80*	*40*
10	*Premetric Hostel Boys Kumali*	*80*	*66*
11	*Premetric Hostel Boys Kodalippara*	*40*	*39*
12	*Premetric Hostel Boys Irumbupalam*	*40*	*44*
13	*Premetric HostelGirls Adimaly*	*60*	*116*
14	*Premetric Hostel Boys Adimaly*	*60*	*112*
15	*Premetric Hostel Boys Marayoor*	*40*	*76*
16	*Premetric HostelGirls Marayoor*	*40*	*65*
17	*Nursery School Poochapra*	*35*	*19*
18	*Nursery School Koovakkandom*	*30*	*9*
19	*Nursery School Kumali*	*35*	*22*

അവലംബം: ഐ.റ്റി.ഡി.പി റിപ്പോർട്ട് 2017

ടേബിൾ 2.4

പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കുട്ടികൾ കൂടുതലായി പഠിക്കുന്ന പ്രധാന സ്കൂളുകൾ

ക്രമ നം.	സ്കൂൾ	പട്ടികവർഗ്ഗ വിഭാഗത്തിലുള്ളകുട്ടികളുടെ എണ്ണം	പഞ്ചായത്ത്
1	ഗവ.എച്ച്.എസ്.അടിമാലി	319	അടിമാലി
2	സെന്റ് മേരീസ് യു.പി.സ്കൂൾ മറയൂർ	220	മറയൂർ
3	ഗവ.ട്രൈബൽ എച്ച്.എസ്.എസ്.പൂമാല	214	വെള്ളിയാമറ്റം
4	ഗവ.ഹൈസ്കൂൾ, മന്നാംങ്കണ്ടം	202	അടിമാലി
5	ഗവ.ട്രൈബൽ യു.പി.എസ്. കുമളി	181	കുമളി
6	ഗവ.ട്രൈബൽ എച്ച്.എസ്.എസ്.പെരിങ്ങാശ്ശേരി	146	ഉടുമ്പന്നൂർ
7	ഗവ. ഹൈസ്കൂൾ മറയൂർ	127	മറയൂർ
8	ഗവ.വി.എച്ച്.എസ്.എസ്.ദേവിയാർ കോളനി	119	അഇിമാലി
9	ശാന്താൾ ജ്യോതി പബ്ലിക് സ്കൂൾ, മുട്ടം	106	മുട്ടം
10	സെന്റ് മേരീസ് യു.പി.സ്കൂൾ, പല്ലനാട്	105	മറയൂർ
11	സെന്റ് പയസ് എൽ.പി.എസ്.മറയൂർ	96	മറയൂർ
12	ഗവ.വി.എച്ച്.എസ്.എഎസ്.കുമളി	88	കുമളി

13	സെന്റ് മേരിസ് യു.പി.എസ് മാങ്കുളം	88	മാങ്കുളം
14	ഗവ.വി.എച്ച്.എസ്.എസ്.മണിയാറൻകുടി	85	വാഴത്തോപ്പ്
15	ഗവ.യു.പി.എസ്.പൂച്ചപ്ര	80	വെള്ളിയാമറ്റം
16	ഗവ.ഹൈസ്കൂൾ മച്ചിപ്ലാവ്	77	അഴിമാലി
17	സെന്റ് മൈക്കിൾസ് എൽ.പി.എസ്. മൈക്കിൾഗിരി	75	മറയൂർ
18	സെന്റ് പയസ് യു.പി.എസ്.മറയൂർ	73	മറയൂർ
19	ഗവ.ട്രൈബൽ യു.പി.എസ്.പഴയരിക്കണ്ടം	67	കഞ്ഞിക്കുഴി
20	ഗവ.എച്ച്.എസ്.എസ്.പണിക്കൻകുടി	66	കൊന്നത്തടി
21	സെന്റ് മേരീസ് എച്ച്.എസ്.എസ്.മാങ്കുളം	63	മാങ്കുളം
22	ഗവ.എച്ച്.എസ്.ബൈസൺവാലി	59	ബൈസൺവാലി
23	സി.എം.എസ്.എച്ച്.എസ്.കൂവപ്പള്ളി	58	കുടയത്തൂർ
24	ഗവ.എൽ.പി.എസ്.കണ്ണംപടി	58	ഉപ്പുതറ
25	സെന്റ് ജോസഫ് എച്ച്.എസ്.കരിമണ്ണൂർ	45	കരിമണ്ണൂർ
26	ഗവ.എച്ച്.എസ്. കുറ്റിപ്പ്ളങ്ങാട്	45	കൊക്കയാർ
27	ഗവ.എൽ.പി.എസ്.ഇടമലക്കുടി	45	ഇടമലക്കുടി
28	ഗവ.എൽ.പി.എസ്.മറയൂർ	44	മറയൂർ
29	ഗവ.എച്.എസ്.പൂച്ചപ്ര	43	വെള്ളിയാമറ്റം
30	കേന്ദ്രീയ വിദ്യാലയം പൈനാവ്	42	വാഴത്തോപ്പ്

ടേബിൾ 2.5

ഐ.റ്റി.ഡി.പി., ഇടുക്കി				
ഇടുക്കി ജില്ലയിലെ പ്രമുഖ ഹയർ സെക്കണ്ടറി സ്കൂളുകളിലെ പോസ്റ്റ് മെട്രിക് എസ്.ടി. വിദ്യാർത്ഥികളുടെ പഞ്ചായത്തു തിരിച്ചുള്ള വിശദവിവരങ്ങൾ				
ക്രമ നം.	സ്കൂളിന്റെ പേര്	എസ്.ടി. വിദ്യാർത്ഥികളുടെ എണ്ണം	പഞ്ചായത്ത് / മുനിസിപ്പാലിറ്റി	ടി.ഇ.ഒ.
1	ഗവ. ട്രൈബൽ എച്ച്.എസ്.എസ്, പൂമാല	79	വെള്ളിയാമറ്റം	പൂമാല
2	ഗവ. ട്രൈബൽ എച്ച്.എസ്.എസ്, പെരിങ്ങാശ്ശേരി	36	ഉടുമ്പന്നൂർ	പൂമാല
3	ഗവ. ട്രൈബൽ എച്ച്.എസ്.എസ്, മുരിക്കാട്ടുകുടി	19	കാഞ്ചിയാർ	കട്ടപ്പന
4	ഗവ. എച്ച്.എസ്. എസ്, കുടയത്തൂർ	55	കുടയത്തൂർ	പൂമാല

5	ഗവ. എച്ച്.എസ്. എസ്, മറയൂർ	28	മറയൂർ	മറയൂർ
6	ഗവ. എച്ച്.എസ്. എസ്, തൊടുപുഴ	28	തൊടുപുഴ മുനിസിപ്പാലിറ്റി	പൂമാല
7	ഗവ. എച്ച്.എസ്. എസ്, കട്ടപ്പന	19	കട്ടപ്പന മുനിസിപ്പാലിറ്റി	കട്ടപ്പന
8	എസ്.എൻ. എച്ച്.എസ്. എസ്, നങ്കിസിറ്റി	47	കഞ്ഞിക്കുഴി	ഇടുക്കി
9	സെന്റ് മേരീസ് എച്ച്.എസ്.എസ്, അറക്കുളം	41	അറക്കുളം	ഇടുക്കി
10	എസ്എൻഡിപി എച്ച്.എസ്.എസ്, അടിമാലി	24	അടിമാലി	അടിമാലി

<u>വിശകലനം</u>

- സംസ്ഥാനത്തെ പൊതു സാക്ഷരത 94 %
- സംസ്ഥാനത്തെ ഗോത്രവർഗ്ഗവിഭാഗത്തിലെ സാക്ഷരത 75.81 %
- ഇടുക്കി ജില്ലയിലെ പൊതു സാക്ഷരത 91.99 %
- ഇടുക്കി ജില്ലയിലെ പട്ടികവർഗ്ഗ സാക്ഷരത 76.62 %
- 17117 പ്രായപൂർത്തിയായവർ ജില്ലയിൽ നിരക്ഷരരാണ്.
- ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗക്കാർക്കിടയിൽ പ്രായപൂർത്തിയായവരിൽ നിരക്ഷരരായ വരുടെ എണ്ണം വളരെ കൂടുതലാണ്.
- 0-6 പ്രായത്തിലുള്ളവർ, കൗമാരപ്രായക്കാർ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ ഇവരിൽ ബഹുഭൂരിപക്ഷത്തിനും സംയോജിത ശിശു വികസന പ്രോജക്ടിന്റെ (ICDS), സേവനം -പൂരക ഭക്ഷണമടക്കം- ലഭിക്കുന്നില്ല.
- ജില്ലയിൽ ഒന്നാം ക്ലാസ്സിൽ ചേരുന്ന മുഴുവൻ പട്ടികവർഗ്ഗകുട്ടികളും 10-ാം ക്ലാസ്സിൽ എത്തുന്നില്ല.
- എസ്.എസ്.എൽ.സി ജയിക്കുന്ന മുഴുവൻ പട്ടികവർഗ്ഗകുട്ടികളും +2 അടക്കം ഉന്നത വിദ്യാഭ്യാസത്തിനു ചേരുന്നില്ല.
- വാസസ്ഥലത്തുനിന്നും നിത്യവും പോയി വരാവുന്ന ദൂരത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവമുണ്ട്.
- പട്ടികവർഗ്ഗകുട്ടികൾക്കു രക്ഷിതാക്കളുടെ പിന്തുണ പഠനത്തിൽ ലഭിക്കുന്നില്ല. അവരുടെ നിരക്ഷരത, സ്ഥായിയായ വരുമാനമില്ലായ്മ, അറിവു കുറവ് ഇവയെല്ലാം ഘടകങ്ങളാണ്.
- വീട്ടിൽ സ്വതന്ത്രമായി ഇരുന്നു പഠിക്കുന്നതിനു സ്ഥല സൗകര്യമില്ലാത്തത്, വീട്ടിലെ ഭൗതിക അവസ്ഥ, വീട്ടിൽ നിന്നും പ്രഭാതഭക്ഷണം കഴിച്ചു പോകുവാനുള്ള സൗകര്യമില്ലാത്തത്.
- വീട് ഉൾപ്പെടുന്ന സങ്കേതത്തിൽ ഒത്തു ചേർന്നു പരസ്പരം ആശയവിനിമയം നടത്തുന്നതിനും മുതിർന്നവരോടു സംശയങ്ങൾ നിവാരണം ചെയ്യുന്നതിനുമുള്ള സൗകര്യമില്ല.

- വീടും വിദ്യാഭ്യാസ സ്ഥാപനവുമായുള്ള ദൂരക്കൂടുതൽ നിത്യവും സ്കൂളിൽ പോകുന്നതിനു തടസ്സമാകുന്നു.
- അഭ്യസ്ത വിദ്യരായ യുവതീ-യുവാക്കൾക്ക് തൊഴിൽ ലഭിക്കാത്തത്.
- ഉന്നത വിദ്യാഭ്യാസത്തിനു സ്ഥാപനത്തിനടുത്ത് താമസ സൗകര്യത്തിന്റെ അഭാവം.
- സർക്കാർ അനുവദിക്കുന്ന സ്റ്റൈപ്പന്റ് തുക വിനിയോഗിച്ചു താമസ ഭക്ഷണ ചിലവും പഠന ചിലവും വഹിക്കുവാനാകുന്നില്ല.
- ഉന്നത വിദ്യാഭ്യാസ കോഴ്സുകൾക്കു പ്രവേശനം ലഭിക്കുമ്പോൾ വേണ്ടി വരുന്ന പ്രാരംഭ ചിലവുകൾ വഹിക്കുന്നതിനു നേരിടുന്ന സാമ്പത്തിക പ്രയാസം.
- പ്രൈമറി സ്കൂൾ വിദ്യാഭ്യാസത്തിലെ അദ്ധ്യായന നിലവാരക്കുറവു മൂലം ഉന്നത വിദ്യാഭ്യാസ കോഴ്സുകളുമായി സമരസപ്പെടുന്നതിനുള്ള പ്രയാസം.
- പ്രൊഫഷണൽ കോഴ്സുകളെ കുറിച്ചുള്ള അവബോധക്കുറവും, പ്രവേശന പരീക്ഷയ്ക്കുള്ള പരിശീലനത്തിന്റെ തയ്യാറെടുപ്പിന്റെയും അഭാവം.
- ടെക്നിക്കൽ ഹൈസ്കൂൾ, ഐ.ടി.ഐ പോളി ടെക്നിക് തുടങ്ങിയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ കുറിച്ചുള്ള അവബോധക്കുറവും അവയുടെ സമീപം താമസ സൗകര്യം ലഭിക്കാത്തതും.
- കേന്ദ്രീയ വിദ്യാലയങ്ങൾ, നവോദയ വിദ്യാലയം സൈനിക സ്കൂൾ എന്നിവിടങ്ങളിൽ ചേർന്നു പഠിക്കുന്നതിനുള്ള ധാരണയില്ലായ്മയും പ്രോത്സാഹനക്കുറവും.
- സ്കൂൾ യുവജനോത്സവം, സ്പോർട്സ് മീറ്റ്, ശാസ്ത്രമേള, ക്രാഫ്റ്റ് മത്സരം, ക്വിസ് മത്സരം, എൽ.എസ്.എസ്., യു.എസ്.എസ് , എൻ.റ്റി.എസ്.ഇ തുടങ്ങി മത്സര സ്വഭാവമുള്ളവയ്ക്ക് ചേരുന്നതിനുള്ള പ്രോത്സാഹനകുറവ്.
- പഠനം ഉപേക്ഷിക്കുന്നവരെ കണ്ടെത്തി പ്രശ്നങ്ങൾ അപഗ്രഥിച്ചു തിരിച്ചു സ്കൂളിൽ എത്തിക്കുന്നതിനുള്ള പരിപാടിയുടെ അഭാവം.

3 ആരോഗ്യം

ആരോഗ്യപരിചരണത്തിന് സമീപിക്കുന്ന സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ

ടേബിൾ 3.1

ക്രമ നമ്പർ	ബ്ലോക്ക്	സർക്കാർ സ്ഥാപനം	സ്വകാര്യ സ്ഥാപനം	മറ്റ് മാർഗം	ആകെ
		കുടുംബങ്ങൾ (എണ്ണം)	കുടുംബങ്ങൾ (എണ്ണം)	കുടുംബങ്ങൾ (എണ്ണം)	കുടുംബങ്ങൾ (എണ്ണം)
1.	**അടിമാലി**	1614	277	21	1912
2.	**ദേവികുളം**	2465	674	44	3183
3.	**നെടുങ്കണ്ടം**	332	19	1	352
4.	**ഇളംദേശം**	145	54	2	201
5.	**ഇടുക്കി**	1219	516	52	1787
6.	**കട്ടപ്പന**	1053	125	11	1189
7.	**തൊടുപുഴ**	22	7	0	29
8.	**അഴുത**	509	129	2	640
	ആകെ	7359	1801	133	9293

അവലംബം: പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം 2008

ടേബിൾ 3.2

പാരമ്പര്യ ചികിത്സാ രീതി നിലവിലുള്ള ഊരുകൾ

ക്രമ നം.	ബ്ലോക്ക്	പാരമ്പര്യ ചികിത്സാ രീതി നിലവിലുള്ള ഊരുകൾ (എണ്ണം)	പാരമ്പര്യ വൈദ്യൻ താമസ മുള്ള ഊരുകൾ (എണ്ണം)	പാരമ്പര്യ വൈദ്യൻ സമീപത്ത് താമസ മുള്ള ഊരുകൾ(എ ണ്ണം)
1.	**അടിമാലി**	11	9	4
2.	**ദേവികുളം**	32	18	16
3.	**നെടുങ്കണ്ടം**	2	1	2
4.	**ഇളംദേശം**	1	2	1
5.	**ഇടുക്കി**	10	6	9
6.	**കട്ടപ്പന**	3	3	3
7.	**തൊടുപുഴ**	0	0	0
8.	**അഴുത**	0	0	0
	ആകെ	59	39	35

അവലംബം: പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം 2008

ക്രമ നമ്പർ	ബ്ലോക്ക്	ആരോഗ്യപരിചരണ സേവനങ്ങൾ ലഭ്യമായിട്ടുള്ള ഊരുകൾ (എണ്ണം)									
		ആരോഗ്യ സേവനത്തിന് പൊതുസംവിധാനം നിലവിലുള്ള ഊരുകൾ	ആരോഗ്യപ്രവർത്തകരുടെ സേവനം ലഭിക്കുന്ന ഊരുകൾ	രോഗപ്രതിരോധ കുത്തിവെയ്പ്പുകൾ,ശുചീകരണ പ്രവർത്തനങ്ങൾ,ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടങ്ങിയവ നിലവിലുള്ള ഊരുകൾ	സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും സേവനം ലഭ്യമാകുന്ന ഊരുകൾ	ഊരിലെ വനിതകൾക്ക് സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ഗർഭ പരിരക്ഷ, പ്രസവ-പ്രസവാനന്തര പരിചരണം ലഭിക്കുന്ന ഊരുകൾ	സർക്കാർആരോഗ്യസ്ഥാപനങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭിക്കുന്ന ഊരുകൾ	സർക്കാർ സ്ഥാപനങ്ങളിൽ മരുന്ന് ലഭിക്കുന്ന ഊരുകൾ	ഗുരുതരമായ രോഗമുള്ളവർക്ക് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും സഹായംലഭിച്ചിട്ടുള്ളവ	തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുംചികിത്സാധനസഹായം ലഭിച്ചിട്ടുള്ള ഊരുകൾ	ഊരുനിവാസികൾക്ക് സർക്കാരിതര സംഘടനകളുടെ സഹായം ലഭിച്ചിട്ടുള്ള ഊരുകൾ
1.	**അടിമാലി**	10	25	22	32	24	21	21	21	3	13
2.	**ദേവികുളം**	52	75	57	85	41	59	56	79	30	29
3.	**നെടുങ്കണ്ടം**	8	15	13	16	14	13	14	13	9	10
4.	**ഇളംദേശം**	6	8	8	9	7	7	6	6	3	4
5.	**ഇടുക്കി**	25	40	34	46	41	39	22	38	8	14
6.	**കട്ടപ്പന**	11	25	22	26	22	19	15	15	7	11
7.	**തൊടുപുഴ**	0	0	0	0	1	1	1	0	0	1
8.	**അഴുത**	6	8	7	11	6	9	10	7	3	3
	ആകെ	118	196	163	225	156	168	145	179	63	85

അവലംബം: പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം 2008

അഞ്ച് വയസിൽ കുറവ് പ്രായമുള്ള കുട്ടികൾക്ക് ലഭിച്ചപ്രതിരോധ പരിചരണം

ക്രമ നം.	*ബ്ലോക്ക്*	*അഞ്ച് വയസിൽ കുറവ് പ്രായമുള്ള കുട്ടികൾ ഉള്ള കുടുംബങ്ങൾ*	*വാക്സിനേഷൻ നിശ്ചിത അളവിൽ ലഭിച്ച കുടുംബങ്ങൾ*	*ഭാഗികമായി വാക്സിനേഷൻ ലഭിച്ച കുട്ടികൾ ഉള്ള കുടുംബങ്ങൾ*	*വാക്സിനേഷൻ ലഭിക്കാത്ത കുട്ടികൾ ഉള്ള കുടുംബങ്ങൾ*
1.	***അടിമാലി***	*527*	*407*	*69*	*29*
2.	***ദേവികുളം***	*776*	*549*	*64*	*103*
3.	***നെടുങ്കണ്ടം***	*80*	*54*	*9*	*1*
4.	***ഇളംദേശം***	*46*	*40*	*1*	*1*
5.	***ഇടുക്കി***	*373*	*346*	*11*	*3*
6.	***കട്ടപ്പന***	*344*	*289*	*43*	*4*
7.	***തൊടുപുഴ***	*6*	*5*	*1*	*0*
8.	***അഴുത***	*133*	*114*	*10*	*9*
	ആകെ	*2285*	*1804*	*238*	*150*

അവലംബം: പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം 2008

വിശകലനം

- അടിമാലി ദേവികുളം ബ്ലോക്കുകളിൽ പ്രതിരോധ പരിചരണം ലഭിക്കാത്ത കുട്ടികളുടെ എണ്ണം വളരെ കൂടുതലാണ്.
- ആരോഗ്യപദ്ധതികൾ ഈ ബ്ലോക്കുകളിൽ എത്തപ്പെടുന്നില്ല.

4 സാമൂഹ്യ സുരക്ഷ

ടേബിൾ 4.1

കുടുംബങ്ങളും കടബാധ്യതയും

ക്രമ നമ്പർ	ബ്ലോക്ക്	വായ്പയുടെ സ്രോതസ് അടിസ്ഥാനത്തിൽ കുടുംബങ്ങൾ(എണ്ണം)									
		പ്രാഥമിക സഹകരണ സംഘം	മറ്റ് പ്രാഥമിക സഹകരണ	ജില്ലാ/സംസ്ഥാന സഹകരണ ബാങ്ക്	മറ്റ് ബാങ്ക്	കുടുംബശ്രീ	സ്വകാര്യവ്യക്തി	സ്വകാര്യസ്ഥാപനം	ബന്ധുക്കൾ	മറ്റ് തിയതികൾ	ആകെ
1.	**അടിമാലി**	59	41	53	82	238	1195	212	60	40	1980
2.	**ദേവികുളം**	59	84	104	71	357	1618	401	133	245	3126
3.	**നെടുങ്കണ്ടം**	11	13	2	6	15	46	2	230	0	96
4.	**ഇളംദേശം**	25	2	22	37	73	27	21	11		219
5.	**ഇടുക്കി**	376	106	218	232	520	415	381	105	38	2391
6.	**കട്ടപ്പന**	163	68	86	94	155	482	143	15	54	1260
7.	**തൊടുപുഴ**	6	0	7	1	3	5	5	0	4	31
8.	**അഴുത**	23	35	22	57	96	86	77	21	260	677
	ആകെ	776	349	514	579	1457	3874	1242	347	642	9780

അവലംബം: പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം 2008

ടേബിൾ 4.2

വിധവകൾ, വിവാഹബന്ധം നിലവിലില്ലാത്തവർ, നാഥകളായിട്ടുള്ള കുടുംബങ്ങൾ

ക്രമ നമ്പർ	ബ്ളോക്ക്	സ്ത്രീകൾ കുടുംബനാഥകളായിട്ടുള്ള കുടുംബങ്ങൾ(എണ്ണം)			
		വിധവ	വിവാഹബന്ധം നിലവിൽ ഇല്ലാത്തവർ	അവിവാഹിതരായ അമ്മമാർ	ആകെ
1.	അടിമാലി	162	62	2	226
2.	ദേവികുളം	263	65	7	335
3	നെടുങ്കണ്ടം	45	11	0	56
4	ഇളംദേശം	10	6	2	2
5	ഇടുക്കി	245	32	3	280
6	കട്ടപ്പന	180	35	2	217
7	തൊടുപുഴ	2	3	0	5
8	അഴുത	75	7	1	83
	ആകെ	982	221	17	1220

അവലംബം: പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവര ശേഖരണം 2008

ടേബിൾ 4.3

ശാരീരിക ബുദ്ധിമുട്ടുകൾ നേരിടുന്നവർ

ക്രമ നമ്പർ	ബ്ലോക്ക്	വെല്ലുവിളികൾ അഭിമുഖീകരിക്കുന്നവർ അംഗങ്ങളായിട്ടുള്ള കുടുംബം	വെല്ലുവിളികൾ അഭിമുഖീകരിക്കുന്ന വ്യക്തികൾ (എണ്ണം)									
			ശാരീരിക പോരായ്മകൾ	സംസാര ശേഷിയിലായ്മ	കേൾവിയില്ലായ്മ	കാഴ്ചയില്ലായ്മ	ബുദ്ധിമാന്ദ്യം	മാനസികം	അപസ്മാരം	ഒന്നിലധികം വെല്ലുവിളികൾ	മറ്റുള്ളവ	ആകെ
1.	അടിമാലി	718	361	25	26	47	18	23	14	247	181	942
2.	ദേവികുളം	604	337	21	29	70	17	24	17	113	96	724
3.	നെടുങ്കണ്ടം	43	26	4	1	3	0	4	0	11	3	52
4.	ഇളംദേശം	44	12	3	3	2	1	9	8	16	11	60
5.	ഇടുക്കി	473	287	16	47	42	15	53	18	63	52	593
6.	കട്ടപ്പന	139	38	14	11	10	11	30	10	25	5	154
7.	തൊടുപുഴ	1	0	0	1	1	0	0	0	0	0	2
8.	അഴുത	104	28	5	3	8	6	10	0	37	38	135
	ആകെ	2126	1089	88	151	183	68	153	62	512	386	2662

അവലംബം: പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം 2008

5 തൊഴിൽ, ഉപജീവനം

ഒരു സമൂഹത്തിന്റെ പുരോഗതി ദാരിദ്ര്യത്തിന്റെ അളവുമായി ബന്ധപ്പെട്ടിരിക്കുന്നു. തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിലൂടെ ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യപ്പെടും. ഉല്പാദനപരമായ കാർഷിക വൃത്തിയാണ് ഗോത്രസമൂഹത്തിന്റെ നട്ടെല്ല്. പലവിധ കാരണങ്ങളാൽ അതിൽ ക്ഷതം സംഭവിച്ചിരിക്കുന്നു.ആധുനിക സമൂഹത്തിന്റെ മറ്റ് തൊഴിൽ വൃത്തികളിലേക്ക് കടന്നു കയറാൻ കഴിഞ്ഞിട്ടുമില്ലായെന്നത് യാഥാർത്ഥ്യമാണ്.

2008-10 വർഷത്തെ പട്ടികവർഗ്ഗ സാമൂഹ്യ സാമ്പത്തിക സർവ്വെ പ്രകാരം ഇടുക്കി ജില്ലയിൽ പ്രൈമറി തലം മുതൽ ബിരുദാനന്തര ബിരുദം വരെ വിദ്യാഭ്യാസ യോഗ്യതയുള്ള 26234 പേർ ഉണ്ട്. വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	യോഗ്യത	ആകെ	ശതമാനം
1	നിരക്ഷരർ	7804	21.69
2	നവസാക്ഷരർ	1940	5.39
3	പ്രൈമറി	13413	37.28
4	എസ്.എസ്.എൽ.സിക്കു താഴെ	8265	22.97
5	എസ്.എസ്.എൽ.സി	2581	7.17
6	പ്രിഡിഗ്രി/പ്ലസ്ടു	1356	3.77
7	ബിരുദം	433	1.20
8	ബിരുദാനന്തര ബിരുദം	120	0.33
9	മറ്റുള്ളവ	66	0.18
		35978	100

അവലംബം:-2008-10 ലെ സർവ്വെ പട്ടികവർഗ്ഗ വികസന വകുപ്പ്

വിശകലനം

6.അടിസ്ഥാന സൗകര്യങ്ങൾ

6.1 ഊരുകളിലെ വഴി സൗകര്യങ്ങൾ

ക്രമ നമ്പർ	ബ്ലോക്ക്	വഴി സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ ഊരുകൾ						
		യോഗ്യമായ വാഹനസൗകര്യം	ടാറിട്ട (യോഗ്യമല്ലാത്ത)	നടപ്പാതകൾ / കുന്നുകൾക്കിടയിലൂടെ അഭാവത്തിൽ	ടാറിട്ട/കോൺക്രീറ്റ് നടപ്പാത	തോണി/ബോട്ട്	മറ്റ് മാർഗ്ഗം	ആകെ ഊരുകൾ
1.	**അടിമാലി**	23	3	6	2	2	0	36
2.	**ദേവികുളം**	38	43	2	13	0	3	99
3.	**നെടുങ്കണ്ടം**	14	2	0	1	0	0	17
4.	**ഇളംദേശം**	6	1	1	1	0	1	10
5.	**ഇടുക്കി**	32	9	3	4	1	1	50

6.	**കട്ടപ്പന**	23	3	3	0	2	0	31
7.	**തൊടുപുഴ**	1	0	0	0	0	0	1
8.	**അഴുത**	7	4	1	0	0	0	12
	ആകെ	144	65	16	21	5	5	256

അവലംബം: പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം 2008

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. ഭവനനിർമ്മാണം, ഭവനപുനരുദ്ധാരണം, വയറിംഗ്, ശൗചാലയം, കിണർ നിർമ്മാണം,കിണർ പുനരുദ്ധാരണം, പൊതു കുളം സംരക്ഷിക്കൽ, പൈപ്പു ലൈൻ നീട്ടൽ തുടങ്ങിയ പ്രവർത്തികൾ യഥാസമയം പൂർത്തീകരിക്കുന്നുവെന്നു ഗ്രാമപഞ്ചായത്തു ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തുന്നില്ല. ഗ്രാമപഞ്ചായത്തുകൾ ഭവന നിർമ്മാണ പദ്ധതികൾക്ക് മുൻഗണന നൽകണം. ജില്ലയുടെ പ്രത്യേകത അനുസരിച്ച് വീടു നിർമ്മാണ സാമഗ്രികൾ സ്ഥലത്തേക്ക് എത്തിക്കുന്നതിനുള്ള കൂലിചെലവ് കൂടുതലായതിനാൽ ലഭിക്കുന്ന തുക ഉപയോഗിച്ച് വീട് പൂർത്തീകരിക്കുവാൻ സാധിക്കാത്തവർക്കായി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കണം.
2. കുടിവെള്ളം, വനാന്തര മേഖലകളിൽ താമസിക്കുന്നവരുടെ കുടിവെള്ളക്ഷാമം രൂക്ഷമാണ്. ജലനിധി പദ്ധതികൾ പല പഞ്ചായത്തുകളിലും ഊരുകളിലേക്കും എത്തുന്നില്ല. ജലം ശേഖരിച്ചു വെയ്ക്കുന്നതിനായി 1000 ലിറ്ററിന്റെ വാട്ടർടാങ്ക് എല്ലാ കുടുംബങ്ങൾക്കും ലഭ്യമാകുന്നതിനുള്ള പ്രോജക്ടുകൾക്ക് മുൻഗണന നൽകണം. കൂടാതെ കോളനികളിൽ എല്ലാ കാലങ്ങളിലും ജലലഭ്യത ഉണ്ടാകുന്നതിനുള്ള ഊരുതല പദ്ധതികൾ ഉണ്ടാകണം.
3. സാമൂഹ്യക്ഷേമപദ്ധതികൾ പരിഗണിക്കുമ്പോൾ അശരണരായവർക്ക് മുൻഗണന നൽകുന്നതാവണം പകൽ വീട് പോലെയുള്ള പദ്ധതികൾക്ക് പഞ്ചായത്ത് ശ്രദ്ധ ചെലുത്തേണ്ടതാണ്.
4. പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും പ്രൊഫഷണൽ കോഴ്സ്, പി.ജി, എൽ.എൽ.ബി എന്നീ കോഴ്സുകൾക്കു പഠിക്കുന്നവർക്കു ലാപ്ടോപ്പ് നൽകുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന ടി സഹായം നൽകുന്ന അവസരത്തിൽ ബിരുദധാരികൾക്ക് നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും സഹായം ലഭിച്ചിട്ടില്ല എന്നും ഉറപ്പു വരുത്തണം.
5. യൂണിഫോം, ഫർണിച്ചർ, പഠനോപകരണം ഇവ പല ഏജൻസികൾ വഴി നൽകുന്നു. ഒരാളിന് ഒന്നിലധികം ഏജൻസികളിൽ നിന്നും ഒരേ കാര്യത്തിനു സഹായം ലഭിക്കുന്നില്ല എന്നു ഉറപ്പു വരുത്തണം. വിദ്യാഭ്യാസ സംബന്ധിയായ ടി സഹായങ്ങൾ വിദ്യാഭ്യാസ വർഷാരംഭത്തിൽ തന്നെ നൽകണം. 2017-18 വർഷം ഇത്തരത്തിൽ ഒരു പദ്ധതിയും ഇതു വരെ നടപ്പാക്കിയിട്ടില്ല.
6. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പഠനമുറി, ഭൂരഹിതർക്ക് ഭൂമി, ഗവ: ആയുർവേദ ഡിസ്പെൻസറിയ്ക്കു മരുന്നു വാങ്ങൽ ഇവ പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ടു ഇരട്ടിപ്പു വരാത്തവിധം നിർവ്വഹിക്കണം.
7. സ്വയംതൊഴിലിന് ഇരുചക്രവാഹനം, ഓട്ടോറിക്ഷ വിതരണം ഇവ ഫലപ്രദമായ ഉപയോഗിക്കുന്നു എന്ന് ഉറപ്പു വരുത്തണം.
8. മുട്ടക്കോഴി വളർത്തൽ, ആടു വളർത്തൽ, കറവ പശു വളർത്തൽ ഇവ മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, മിൽക്ക് സൊസൈറ്റികൾ, കുടുംബശ്രീ ഇവയുമായി സംയോജിപ്പിച്ചു ടി പദ്ധതികൾ സുസ്ഥിരമായ വരുമാനദായകമായ രീതിയിൽ നടപ്പാക്കാവുന്നതാണ്. ഇത്തരം പദ്ധതികൾക്കു ഗുണഭോക്തൃ വിഹിതം ഒഴിവാക്കണം.
9. കൃഷി വികസനത്തിനു നാമമാത്രമായ പദ്ധതികൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. ജില്ലയിലെ പട്ടികവർഗ്ഗക്കാർ താരതമ്യേന കൈവശഭൂമിയുള്ളവരാണ്. വന മേഖലയിലാണ് അധികം സങ്കേതങ്ങളും എന്നതിനാൽ വരുമാനദായകമായ നിലയിൽ മുഴുവൻ ഭൂമിയും കൃഷി യോഗ്യമാക്കുക എന്നത് ദുഷ്കരമാണ്. എന്നിരുന്നാലും വന്യമൃഗ ശല്യത്തെ ചെറുത്ത് ആദായകരമായി നടത്താവുന്ന സുഗന്ധവ്യഞ്ജനങ്ങൾ വാണിജ്യപരമായി കൃഷി ചെയ്യുന്നതിനും അതിന്റെ തണലിൽ മറ്റു ഭക്ഷ്യവിളകളും കൃഷി ചെയ്തു ഭക്ഷ്യ സുരക്ഷയും വരുമാനവും ഉറപ്പു വരുത്താനാകുന്ന പ്രോജക്ടുകൾക്കു പ്രാമുഖ്യം നൽകണം.
10. പട്ടികവർഗ്ഗക്കാർക്ക് മതിയായ ഭൂമി ഉള്ളതിനാൽ, ടി ഭൂമി ഉപയോഗപ്പെടുത്തി വ്യവസായ വാണിജ്യ വകുപ്പിന്റെ സാങ്കേതിക സഹായത്തോടു കൂടി ചെറുകിട വ്യവസായ യൂണിറ്റുകൾ മതിയായ മുൻപിൻ ബന്ധങ്ങളോടും നൈപുണ്യ വികസന പരിശീലനത്തോടും കൂടി ആരംഭിക്കാനാകുന്ന പ്രോജക്ടുകൾക്കു രൂപം നൽകണം.
11. പട്ടികവർഗ്ഗക്കാരായ അഭ്യസ്തവിദ്യരായ യുവതീയുവാക്കളുടെ തൊഴിൽ ശേഷി വികസിപ്പിക്കുവാനാകും വിധമുള്ള പ്രോജക്ടുകൾക്കു മുൻഗണന നൽകണം.

12. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അദ്ധ്യായന നിലവാരം വർദ്ധിപ്പിക്കുന്നതിനും, ഡ്രോപ്പൗട്ട് നിശ്ശേഷം ഇല്ലാതാകുന്നതിനും ഉതകുന്ന പ്രോജക്ടുകൾ ആവിഷ്കരിക്കണം.
13. പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികളുടെ കലാകായിക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും എൽ.എസ്.എസ്, യു.എസ്.എസ്, എൻ.റ്റി.എസ്.ഇ, കെ.ബി.വി.പി.വൈ തുടങ്ങിയ സ്കോളർഷിപ്പുകൾ, ജി.വി.രാജ സ്പോർട്ട്സ് സ്കൂൾ, സൈനിക സ്കൂൾ, നവോദയ സ്കൂൾ, വിവിധ പ്രവേശന പരീക്ഷകൾക്കു പരിശീലനം എന്നിവ നൽകാനാകും വിധം പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു അനുമതി ഉണ്ടാകണം.
14. ടെക്നിക്കൽ സ്കൂൾ, ഐ.ടി.ഐ, പോളിടെക്നിക്ക് എന്നിവിടങ്ങളിൽ പട്ടികവർഗ്ഗ കുട്ടികൾ ചേർന്നു പഠിക്കുന്നതിനുവേണ്ട ഒത്താശകളും സാമ്പത്തിക സഹായങ്ങളും അനുവദിക്കുന്നതിനു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു കഴിയണം.
15. ഉന്നത വിദ്യാഭ്യാസത്തിനു പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു പ്രാരംഭ ചെലവുകൾ വഹിക്കുന്നതിനു സാമ്പത്തിക സഹായം, താമസ ഭക്ഷണം, ഒരുക്കുന്നതിനും പഠന ചെലവിനു സഹായം നൽകുന്നതിനുമുള്ള സ്വാതന്ത്ര്യം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകണം.
16. പട്ടികവർഗ്ഗ മേഖലയിലെ കുടിവെള്ള വിതരണ പദ്ധതിയുടെ ചെലവു ഗുണഭോക്തൃ സമിതികൾ വഹിക്കണമെന്നതിൽ നിന്നും പട്ടികവർഗ്ഗക്കാരെ ഒഴിവാക്കി ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നനിനും അനുമതി നൽകണം.
17. പട്ടികവർഗ്ഗ മേഖലയിലെ എൽ.പി, യു.പി, ഹൈസ്കൂൾ, ഹയർസെക്കന്ററി സ്ക്കൂൾ എന്നിവിടങ്ങളിൽ സ്കൂൾ കുട്ടികൾക്കു പ്രഭാതഭക്ഷണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പാക്കുന്നതിനു കഴിയണം.
18. പട്ടികവർഗ്ഗ ഉപസമിതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് ഇവ ഊരുകൂട്ടങ്ങളെ വിശ്വാസത്തിലെടുത്തു കൊണ്ടും അവരുടെ പങ്കാളിത്തത്തോടു കൂടി നടത്തുന്നതിനും പ്രാമുഖ്യം നൽകണം.

ഏകോപന - സംയോജന സാധ്യതകൾ- നിലവിലുള്ള പദ്ധതികളിൽ

1. ഗോത്രസാരഥി പദ്ധതി	-ത്രിതല പഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടാക്കി മാറ്റണം.
2. വ്യക്തിഗത പഠനോപകരണ സഹായ പദ്ധതി	-ത്രിതല പഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടാക്കി മാറ്റണം.
3. സാമൂഹ്യ പഠന മുറി	- പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടായി മാറ്റാവുന്നതാണ്.
4. കുടുംബ പഠനമുറി	- ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ടായി മാത്രം ഉൾപ്പെടുത്താവുന്നതാണ്.
5. സൈക്കിൾ വിതരണം	- പ്രാദേശികമായി ഉപയോഗ സാധ്യത പരിഗണിച്ച് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന പ്രോജക്ടാക്കി മാറ്റണം.
6. ലാപ്ടോപ്പ് വിതരണം	- വകുപ്പിന്റെയും തദ്ദേശഭരണസ്ഥാപനങ്ങളുടേയും മാർഗ്ഗ നിർദ്ദേശങ്ങളും മാനദണ്ഡങ്ങളും ഏകീകരണം.
7. എം.ജി.എൽ.സി (മൾട്ടി ഗ്രേഡ് ലേണിംഗ് സെന്റർ)	- വിദ്യാഭ്യാസ വകുപ്പിൽ നിന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഏറ്റെടുക്കുന്ന പ്രോജക്ടായി മാറ്റണം.
8. പി.കെ കാളൻ കുടുംബക്ഷേമ പദ്ധതി	- ചിന്നിച്ചിതറി താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ ക്ഷേമം, ഗ്രാമപഞ്ചായത്ത്/മുൻസിപ്പൽ കോർപ്പറേഷന്റെ പദ്ധതിയാക്കി മാറ്റണം.

9. പെട്ടിക്കട/ സ്വയം തൊഴിൽ പദ്ധതി -വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാനദണ്ഡങ്ങൾ ഏകീകരണം.

10. ജീവനോപാധി പദ്ധതികൾ - സംയുക്ത പ്രോജക്ടാക്കി മാറ്റണം.

പരിപ്രേക്ഷ്യത്തിന്റെയും നിർദ്ദേശങ്ങളുടേയും സംഗ്രഹം

പട്ടികവർഗ്ഗ വികസന പരിപ്രേക്ഷ്യം രൂപീകരിക്കുന്നതിന്റെ ഭാഗമായി ജില്ലയിലെ പട്ടിക വർഗ്ഗക്കാർ നേരിടുന്ന പ്രശ്നങ്ങൾ 4 വിഷയ മേഖലകളിലായി (വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, അടിസ്ഥാന സൗകര്യം,) തിരിച്ച് അവലോകനത്തിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും പ്രതീക്ഷിക്കുന്ന നേട്ടങ്ങളുമാണ് ഈ അധ്യായത്തിൽ സംഗ്രഹിച്ചിരിക്കുന്നത്.

വിദ്യാഭ്യാസമേഖല, പ്രശ്നങ്ങൾ, കാരണങ്ങൾ, നിർദ്ദേശങ്ങൾ

മുഖ്യ പ്രശ്നങ്ങൾ

1-പഠനം നിർത്തൽ

2- നിരക്ഷരർ

3-ഉന്നത വിദ്യാഭ്യാസത്തിന്റെ കുറവ്

4- പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന്റെ കുറവ്

5- സാങ്കേതിക വിദ്യാഭ്യാസത്തിന്റെ കുറവ്

മുഖ്യ പ്രശ്നം 1-പഠനം നിർത്തൽ		
കാരണം	**പ്രശ്നപരിഹാര നിർദ്ദേശങ്ങൾ**	
	കീഴ്തട്ട്	**മേൽത്തട്ട്**
സാമ്പത്തിക ബുദ്ധിമുട്ട്	തുല്യതാ പരീക്ഷ കോളനിയിൽ വ്യാപിപ്പിക്കുക	സ്വയംതൊഴിലിനുള്ള പരിശീലനം കൊടുക്കണം
	ഊരുകളിലെ മാതാപിതാക്കൾക്ക് പ്രത്യേക ബോധവത്ക്കരണ ക്ലാസ്സ് നടത്തുക. ഒപ്പം തന്നെ അവർക്ക് വരുമാനത്തിന് വേണ്ടിയുള്ള തൊഴിൽ അവസരങ്ങളും സൃഷ്ടിക്കണം.	എസ്.എസ്.എൽ.സി കഴിഞ്ഞ് പഠിക്കുന്ന കുട്ടികൾക്ക് തുടർ പഠനത്തിന് ഫണ്ട് അനുവദിക്കുക.
സീസണൽ ജോലിക്കു പോകുന്നതിനാൽ സ്കൂളുകളിൽ കൃത്യമായി പോകുന്നില്ല.	സീസണൽ ജോലികളിൽ ഏർപ്പെടുത്തുന്നത് നിയന്ത്രിക്കണം.	
	ലഹരി പദാർത്ഥങ്ങൾ നിർത്തലാക്കണം, ബോധവത്ക്കരണ സൗകര്യം ഏർപ്പെടുത്തണം.	
വാഹനസൗകര്യം കുറവ്		ഗോത്രസാരഥി പദ്ധതി വ്യാപിപ്പിക്കുക,ഹോസ്റ്റൽസൗകര്യവും വർദ്ധിപ്പിക്കുക.
മദ്യപാനം ഊരിൽ	ബോധവൽക്കരണ ക്ലാസ്സ് കുട്ടികളെയും യുവാക്കളേയും ഫോക്കസ് ചെയ്യുക.	
	കൂടുതൽ സഹകരണവും ശക്തമായ ഇടപെടലും സങ്കേതങ്ങളിൽ വേണം.	
വാസസ്ഥലത്തിന്റെ ശോചനീയമായ അവസ്ഥ, പഠന സൗകര്യത്തിന്റെ കുറവ്	പഞ്ചായത്ത് വാർഷിക പദ്ധതി നടപ്പിലാക്കുമ്പോൾ വിദ്യാഭ്യാസത്തിന് പ്രത്യേക ഫണ്ട് മാറ്റിവെക്കുക. അടിസ്ഥാന സൗകര്യവും ഏർപ്പെടുത്തേണ്ടതാണ്.	
കാട്ടുമൃഗങ്ങളുടെ ശല്യം കാരണം കുട്ടികൾ വിദ്യാലയ		ഹോസ്റ്റലുകളിൽ നിർത്തി പഠിപ്പിക്കാൻ സൗകര്യം ഏർപ്പാടാ

ത്തിൽ എത്തിപ്പെടുന്നില്ല.		ക്കുക. പ്രധാന സങ്കേതങ്ങൾ കേന്ദ്രീകരിച്ച് ഹോസ്റ്റലുകൾസ്ഥാപിക്കുക.
ഇടയ്ക്ക് വെച്ച് പരാജയപ്പെട്ടാൽ പഠനം നിർത്തുന്ന ശീലം.	സ്കൂൾ അദ്ധ്യാപകർ വഴിപ്രോത്സാഹനവും ബോധവത്ക്കരണവും നൽകി പഠനം തുടരുവാൻ ശ്രമം നടത്തുക. മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തി ഉടനടി പരിഹാരം കാണുക.	

മുഖ്യ പ്രശ്നം 2– നിരക്ഷരർ		
കാരണം	**പ്രശ്നപരിഹാര നിർദ്ദേശങ്ങൾ**	
	കീഴ്തട്ട്	**മേൽത്തട്ട്**
മാതാപിതാക്കളുടെ അറിവില്ലായ്മയും നിരക്ഷരതയും	സങ്കേതങ്ങൾ കേന്ദ്രീകരിച്ച് തുടർ വിദ്യാഭ്യാസപരിപാടി നടപ്പിലാക്കണം. സാക്ഷരതായജ്ഞം പുനരാരംഭിക്കുക.	
	സാക്ഷരതാ പ്രേരക്മാരെ ഊരിലേക്ക് അയയ്ക്കുക.	
സ്കൂളിൽ പോകുവാൻ കുട്ടികൾക്ക് മടി	വാഹനസൗകര്യം ഏർപ്പെടുത്തുക, ബോധവത്ക്കരണം നടത്തുക.	
ട്യൂഷൻ സംവിധാനം	ട്യൂഷൻ എടുക്കുന്നതിന് പഞ്ചായത്തിൽ നിന്നും ആനുകൂല്യങ്ങൾ നൽകുക. സാമൂഹ്യ പഠന കേന്ദ്രങ്ങൾ വ്യാപിപ്പിക്കുക.	
തൊഴിലധിഷ്ഠിത കോഴ്സുകളുടെ അപര്യാപ്തത		തൊഴിലധിഷ്ഠിത കോഴ്സുകളുടെ സംരംഭം തുടങ്ങുക
		ആവശ്യാനുസരണം ഹോസ്റ്റലുകൾ.
വിദ്യാഭ്യാസ സ്ഥാപനത്തിലേക്കുള്ള ദൂരം	സങ്കേതങ്ങൾ കേന്ദ്രീകരിച്ച് വാഹനങ്ങൾ ഏർപ്പെടുത്തുക.	
	ഊരുകൂട്ടത്തിലെ നിർദ്ദേശങ്ങൾ പരിശോധനാടിസ്ഥാനത്തിൽ മേൽനടപടിക്ക് വിടണം. ധനസഹായങ്ങളും അർഹമായ സ്ഥാനങ്ങളും നൽകി വിജയികളെ പ്രോത്സാഹിപ്പിക്കുക.	
വിദ്യാഭ്യാസ സ്ഥാപനങ്ങൾ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ 5 കി. മീ. പരിധിയിൽ ഇല്ലാത്തത്	ഇതിനുവേണ്ടി ആവശ്യമായ വാഹന സൗകര്യം പഞ്ചായത്ത് നൽകുക.	ഗോത്ര സാരഥി പദ്ധതി പഞ്ചായത്ത് മുഖേന നടപ്പിലാക്കുക.
	തുടർവിദ്യാഭ്യാസ പരിപാടി ആരംഭിക്കുക.	
	യഥാസമയങ്ങളിൽ വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് മോണിറ്ററിംഗ് ചെയ്യുക.	
	4,7,10, തുല്യത ക്ലാസ്സുകൾ നടത്തുക	
	പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ലഹരിവിരുദ്ധ കമ്മിറ്റി രൂപീകരിച്ച് കോളനികളിൽ ലഹരി ഉപയോഗം തടയുക.	
	പഞ്ചായത്ത് മെമ്പർ നേതൃത്വം വഹിച്ച് സ്കൂൾ സപ്പോർട്ട് ഗ്രൂപ്പ് ഉണ്ടാക്കണം.	

മുഖ്യ പ്രശ്നം 3-ഉന്നത വിദ്യാഭ്യാസത്തിന്റെ കുറവ്		
കാരണം	**പ്രശ്നപരിഹാര നിർദ്ദേശങ്ങൾ**	
	കീഴ്തട്ട്	**മേൽത്തട്ട്**
സാമ്പത്തിക പിന്നാക്കാ വസ്ഥ	ഊരുകൂട്ടം മുഖേന ബോധ വൽക്കരണം	ആവശ്യമായിട്ടുള്ള ഫണ്ട് അനു വദിക്കുക, പഠനോപകരണങ്ങൾ അനുവദിക്കുക.
കമ്പ്യൂട്ടർ പഠനത്തിനുള്ള സൗക ര്യകുറവ്	പ്രധാന സങ്കേതങ്ങളിൽ ഇന്റർനെറ്റ് സൗകര്യത്തോടുകൂടി ലൈബ്രറി ആരംഭിക്കുക.	
വിദ്യാഭ്യാസ പ്രാധാന്യത്തെ ക്കു റിച്ചുള്ള അറിവില്ലായ്മ	ബോധവൽക്കരണത്തിന് ഊരു കൂട്ടങ്ങൾക്ക് ധനസഹായം നൽകു.	
അംഗവൈകല്യമുള്ള കുട്ടി കൾക്ക് പ്രത്യേക പ്രോത്സാഹന മില്ലായ്മ	ഉപകരണങ്ങൾ നൽകുക, വ്യ ക്തിഗത പരിപാലന പദ്ധതി അനിവാര്യം.	
	പഠന ഉപകരണങ്ങൾ	
സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക പാക്കേജ് ഇല്ല	പഞ്ചായത്ത് തലത്തിൽ ഹൈസ്കൂൾക്ലാസ്സുകൾ മുതൽ കുട്ടികളുടെ സാമ്പത്തിക നില വാരം വിലയിരുത്തി പ്രത്യേക പദ്ധതികൾക്ക് രൂപം നൽകുക.	മദ്യവിമുക്ത ഗ്രാമങ്ങൾ സൃഷ്ടി ക്കുക.
ഉയർന്ന വിദ്യാഭ്യാസ സ്ഥാപന ത്തിന്റെ കുറവ് പ്രൊഫഷണൽ കോഴ്സുകൾ ഉള്ള സർക്കാർ കോളജുകൾ ഹോസ്റ്റൽ സൗകര്യത്തോട് കൂടി നവീന രീതിയിൽ ഉള്ള കോഴ്സുകൾ ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുറവ്	പ്രവേശനം നേടുന്നവർക്കു പ്രാഥമിക ചിലവു വഹിക്കുന്ന തിനു താമസം, ഭക്ഷണ ചിലവും പഠന ചിലവും വഹിക്കുന്നതിനു സാമ്പത്തിക സഹായം നൽക ണം.	പ്രൊഫഷണൽ കോഴ്സുകളെ കുറിച്ചു അവബോധം വളർത്തണം
	ഉയർന്ന വിദ്യാഭ്യാസത്തിന് ചേരുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ പിന്തുണ സംവി ധാനം ഏർപ്പെടുത്തണം.	താൽപ്പര്യമുള്ള യോഗ്യരായ വർക്കു പ്രവേശന പരീക്ഷ എഴു തുന്നതിനു പരിശീലനം നൽക ണം.
പോസ്റ്റ്മെട്രിക് ഹോസ്റ്റൽ സൗക ര്യം ഇല്ല	വിദ്യാഭ്യാസ അവകാശ നിയമം പഞ്ചായത്ത് കൂടി ഏറ്റെടുത്ത് നടപ്പിലാക്കുക.	പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആരം ഭിക്കുക.
തൊഴിൽ പരിശീലനങ്ങൾ വിദ്യാ ഭ്യാത്തോടൊപ്പം നിലവിൽ ഇല്ല.	കമ്പ്യൂട്ടർ പരിശീലനം പത്താം ക്ലാസ്സ് പാസ്സായ എല്ലാവർക്കും നൽകുവാനുള്ള പദ്ധതികൾ ഉദാ: അക്ഷയ കേന്ദ്രം വഴി കമ്പ ്യൂട്ടർ പരിശീലനത്തോടൊപ്പം തൊഴിൽ, പരിശീലനങ്ങളും നൽകുക. ഊരിൽ വിദ്യാഭ ്യാസം ലഭിച്ചവർക്കായി അക്ഷയ കേന്ദ്രങ്ങളിലൂടെ പ്ലേസ്മെന്റ് വഴി തൊഴിൽ ലഭ്യമാക്കുന്നതിന് പഞ്ചായത്തിന്റെ സേവനം ലഭ്യ മാക്കുക.	
മദ്യപാനം	ബോധവത്ക്കരണ സൗകര്യം ഏർപ്പെടുത്തണം	ലഹരിപദാർത്ഥങ്ങൾ നിർത്തലാ ക്കണം
	വ്യാജവാറ്റുകൾക്കെതിരെ പഞ്ചാ യത്ത കുടുംബശ്രീ, സി.ഡി.എ സ്.മുഖേന നടപടിയെടുക്കണം.	
+2 പാസ്സായ കുട്ടികൾ ഉന്നത വിദ്യാഭ്യാസത്തിനു അകലെയു ള്ളകോളേജുകളിൽ ചേരാതെ കൂലിപ്പണിക്ക് പോകുന്നു. കോളേജിൽ ചേർക്കാനോ യാത്രക്കോ അവരുടെ കയ്യിൽ പണമില്ല.	കരിയർ ഗൈഡൻസ് ക്ലാസ്സ് സാമൂഹ്യ ക്ഷേമ വകുപ്പിന്റെ സഹകരണത്തോടെ നടത്തി (ഐ.സി.ഡി.എസ്. വഴി) ഒപ്പം വിവിധ സ്കോളർഷിപ്പുകളെ കുറിച്ചും, സേവനങ്ങളും ക്ലാസ്സിൽ ഉൾപ്പെടുത്തി ഉന്നത പഠനത്തെ കുറിച്ചും, കോഴ്സു കൾ നടത്തുന്നസ്ഥാപനങ്ങളെ പറ്റിയുള്ള ബോധവത്ക്കരണ	

	ക്ലാസ്സ് പഞ്ചായത്തിന്റെ സഹായത്തോടെ നടപ്പിൽ വരുത്തുക. ഉന്നത പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് സൗജന്യമായി ലാപ്ടോപ്പ് നൽകുക. മേശ, കസേര, എന്നിവ നൽകുക അവകാശപ്പെട്ട വിദ്യാഭ്യാസാനുകൂല്യം അവരിൽ എത്തിക്കാൻ നടപടി സ്വീകരിക്കുക. താമസിച്ചു പഠിക്കുന്നതിന് സഹായം നൽകുക.	
ഇംഗ്ലീഷ് ഭാഷയിലുള്ള പ്രാവീണ്യ കുറവ്	ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ട്യൂഷൻ നൽകുക. ഊരിലെ കൗമാര പ്രായക്കാരായ കുട്ടികളുടെ ക്ലാസ്സുകൾ രൂപീകരിച്ച് കൊണ്ട് (അഡോൾസെന്റ് ക്ലബ്ബ്) ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുന്നതിന് പ്രായോഗിക ക്ലാസ്സുകൾ ഊരിൽ തന്നെ നൽകുക.(പ്രൊമോട്ടറുടെ നേതൃത്വത്തിൽ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച്)	

മുഖ്യ പ്രശ്നം 4- പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന്റെ കുറവ്		
കാരണം	**പ്രശ്നപരിഹാര നിർദ്ദേശങ്ങൾ**	
	കീഴ്തട്ട്	**മേൽത്തട്ട്**
അങ്കണവാടിയുടെ ഗുണനിലവാരകുറവ്	ആകർഷണീയമായ അങ്കണവാടികൾ ഒരുക്കുക. ദൂരക്കൂടുതൽ മൂലം സങ്കേതങ്ങളിൽ നിന്നും എത്തിച്ചേരാൻ കഴിയാത്ത കുട്ടികൾക്ക് വാഹനസൗകര്യം നൽകുക. സ്പോൺസർഷിപ്പിലൂടെ അങ്കണവാടികൾക്ക് ആധുനിക സൗകര്യങ്ങൾസ്ഥാപിക്കുക. ഇവയിലൂടെ കുട്ടികളുടെ സമഗ്രവികസനം സാധ്യമാക്കുക, പ്രത്യേകിച്ചും ആരോഗ്യ മേഖലയിൽ.	ആധുനിക കിന്റർ ഗാർട്ടനുകൾ വകുപ്പ് ആരംഭിക്കുക.

മുഖ്യ പ്രശ്നം 5- സാങ്കേതിക വിദ്യാഭ്യാസത്തിന്റെ കുറവ്		
കാരണം	**പ്രശ്നപരിഹാര നിർദ്ദേശങ്ങൾ**	
	കീഴ്തട്ട്	**മേൽത്തട്ട്**
സാങ്കേതിക വിദ്യാഭ്യാസത്തെ കുറിച്ചുള്ള അവബോധമില്ലായ്മ (വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കും)		പഠനവീട് എല്ലാ കോളനികളിലും പ്രോത്സാഹനപരമായി ഓരോ മാസവും ക്ലാസ്സുകൾ
	ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പഠന ഉപകരണം (മേശ, കസേര)	
	കംപ്യൂട്ടർ നൽകുക സംസ്കാരിക നിലയങ്ങൾ വഴി, കസേര-മേശ എന്നിവ നൽകുക.	
	ഉന്നത വിദ്യാഭ്യാസം ഉള്ള അദ്ധ്യാപകരെ ഊരിൽ അയച്ച് ബോധവത്ക്കരണം നൽകുക.	
	പഠന ഉപകരണം വാങ്ങുന്നതിനുള്ള പ്രോജക്റ്റ് നടപ്പിലാക്കുക.	

സങ്കേതങ്ങളിൽ നിന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്താനുള്ള യാത്രാക്ലേശങ്ങളും സാമ്പത്തിക വികസന പ്രശ്നങ്ങളും	ജനറൽ ഫണ്ടിൽ അനുവദിച്ച് റോഡ് നൽകുക.	വിദഗ്ധരെ കൊണ്ട് ക്ലാസ്സ് നടത്തുന്നതിന് ഫണ്ട് അനുവദിക്കുക.
	പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ് ഈ അഭിപ്രായം മുഖവിലക്കെടുത്ത് തീരുമാനങ്ങൾ നടപ്പിലാക്കുക.	13-ാം പദ്ധതിയിൽ ഉപരിപഠനത്തിന് പ്രത്യേക പ്രോജക്റ്റുകൾ ഉണ്ടാക്കി നടപ്പിലാക്കുക.
	യൂണിഫോം, പുസ്തകങ്ങൾ, കുട എന്നിവ ജൂൺമാസം മുതൽ ലഭ്യമാക്കണം. കുടുംബശ്രീ കൗമാര ക്ലബ്ബുകൾ തുടങ്ങിയവരുടെ സഹായത്തോടെ ഊരിൽ തന്നെ കുട നിർമ്മാണം, നോട്ട് പുസ്തക നിർമ്മാണം തുടങ്ങിയ പരിശീലനങ്ങൾ നൽകുക.	
	ഊരുകളിലെ മാതാപിതാക്കൾക്ക് പ്രത്യേക ബോധവൽക്കരണ ക്ലാസ്സ് നടത്തുക.	
	തൊഴിൽവീഥി പോലുള്ള പ്രസിദ്ധീകരണങ്ങൾ കോളനിയിൽ ലഭ്യമാക്കുക.	
കോച്ചിംഗ്, ട്രെയിനിംഗുകളുടെ അഭാവം.		പി.എസ്.സി കമ്പ്യൂട്ടർ, മറ്റ് ട്രെയിനിംഗ് എന്നിവ നൽകുന്നതിന് ധനസഹായം നൽകുക.

<u>വിദ്യാഭ്യാസം</u>

<u>പൊതു നിർദ്ദേശങ്ങൾ</u>

കീഴ്തട്ട്	**മേൽത്തട്ട്**
ഊരുകൾ, കമ്മ്യൂണിറ്റി സെന്റർ, വായനശാല എന്നിവ കേന്ദ്രീകരിച്ച് സാമൂഹ്യപഠനമുറി പദ്ധതി മാതൃകയിൽ പി.എസ്.സി., ബാങ്ക് തുടങ്ങിയ മത്സര പരീക്ഷകൾക്കുള്ള പരിശീലനം.	*ഇടുക്കി ജില്ലയിൽ സിബിഎസ്ഇ മോഡൽ റസിഡൻഷ്യൽ സ്കൂൾ വേണം*
കേന്ദ്രീയ വിദ്യാലയ, നവോദയ, സൈനിക സ്കൂളുകളിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പ്രവേശനം ഉറപ്പു വരുത്താൻ വേണ്ട പരിശീലന പരിപാടികൾ സംഘടിപ്പിക്കുക	*പോസ്റ്റ് മെട്രിക് ഹോസ്റ്റൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൂടുതലായുള്ള തൊടുപുഴ, അടിമാലി എന്നിവിടങ്ങളിൽ അത്യാവശ്യമാണ്.*
എസ്.എസ്.എൽ.സി., പ്ലസ്ടു-വിനു ശേഷം തുടർപഠനത്തിനു ചേരുന്ന കുട്ടികളിൽ തൊഴിലധിഷ്ഠിത കോഴ്സുകളെക്കുറിച്ചും, ജോലി സാദ്ധ്യതയുള്ള കോഴ്സുകളെക്കുറിച്ചും തങ്ങളുടെ അഭിരുചിക്കനുസൃതമായി കോഴ്സുകൾ തിരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം ഹോസ്റ്റൽ,	*മത്സരങ്ങളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കാവശ്യമായ ധനസഹായം നൽകുക (പ്രോത്സാഹന സമ്മാനം).*

സ്കൂൾ, കോളനി കേന്ദ്രീകൃതമായി നൽകണം	
	പി.എസ്.സി., യു.പി.എസ്.സി., വിവിധ ബാങ്കുകൾ നടത്തുന്ന മത്സര പരീക്ഷകൾക്കു തയ്യാറെടുക്കുന്നതിനും, തൊഴിൽ നേടിയെടുക്കുന്നതിനും വേണ്ട സമഗ്ര പരിശീലനം പ്ലസ്ടു തലം മുതൽക്കു തന്നെ കുട്ടികൾക്ക് ലഭിക്കേണ്ടതാണ്.
ഗോത്രസാരഥി പദ്ധതി നടപ്പിലാക്കാത്ത സ്കൂളുകളിൽ / സ്ഥലങ്ങളിൽ / ഹോസ്റ്റലുകളിൽ പഞ്ചായത്ത് ഭാഗത്തു നിന്നും ആവശ്യമായ തുക ബസ് ഫെയർ വകയിരുത്തുക (സ്ഥലദൂരവും, വരുമാനവും പരിഗണിച്ച്).	

ദീർഘകാല ലക്ഷ്യങ്ങൾ

പരിഹാര നടപടികളിലൂടെ വിദ്യാഭ്യാസ മേഖലയിൽ നേടാനാവുമെന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ പട്ടികയിൽ കൊടുത്തിരിക്കുന്നു.

പൊതു നിർദ്ദേശങ്ങൾ

ലക്ഷ്യസ്ഥാനം1- നിരക്ഷരത തുടച്ചു നീക്കുക	
കീഴ്തട്ട്	**മേൽത്തട്ട്**
സാക്ഷരതാ പ്രേരക്മാരുടെ പ്രവർത്തനം ഉറപ്പു വരുത്തുക	പഠിയ്ക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുക.
2019-ാം വർഷം ആകുമ്പോഴേക്കും നിരക്ഷരത പൂർണ്ണമായും ഇല്ലാതാക്കുക.	2021 ഓടെ എല്ലാ എസ്.ടി പഞ്ചായത്തുകളിലും മാതൃകാ കിന്റർ ഗാർട്ടനുകൾ.
ദാരിദ്ര്യമുള്ള കുടുംബങ്ങളെ വേർതിരിച്ച് സഹായിക്കുക.	
സങ്കേതങ്ങളിൽ വിദ്യാസമ്പന്നരായ കുട്ടികളെ കണ്ടെത്തി ആ കോളനിയിലെ നിരക്ഷരത ഒഴിവാക്കുന്നതിന് പഠിപ്പിക്കുന്ന കുട്ടികൾക്ക് ഓണറേറിയം ഉൾപ്പെടുത്തി കൊടുക്കാൻ പഞ്ചായത്തിൽ പദ്ധതി വേണം.	
തുല്യതാ പരീക്ഷ എഴുതുന്നതിന് നടപടികൾ ആരംഭിക്കുക. 18 മുതൽ 44 വയസ്സ് വരെയുള്ളവരെ ഇതിന് ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുക.	
പഞ്ചായത്ത് മുഖാന്തിരം ശക്തമായ നിർദ്ദേശം നൽകി പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുക.	
ട്യൂഷൻ നൽകുന്നത് മൂലം പഠന നിലവാരം കൂട്ടാൻ സാധിക്കും	

പൊതു നിർദ്ദേശങ്ങൾ

ലക്ഷ്യസ്ഥാനം 2- പ്രാഥമിക വിദ്യാഭ്യാസവും ഉന്നതവിദ്യാഭ്യാസവും ഉറപ്പ് വരുത്തുക	
കീഴ്തട്ട്	**മേൽത്തട്ട്**
സങ്കേതങ്ങളിൽ ഇന്റർനെറ്റ് അടക്കമുള്ള ട്യൂഷൻ സെന്റർ തുടങ്ങുക	ഫെയിൽഡ് സബ്ജക്റ്റുകൾ വീണ്ടും എഴുതുന്നതിന് എക്സാം ഫീസ് നൽകുക.
സെക്കന്ററി വിദ്യാഭ്യാസം ലഭിക്കാനുള്ള കുട്ടികളെ കണ്ടെത്തി അവരെ തുടർന്ന് പഠിപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നിന്നും ഡിപ്പാർട്ട്മെന്റിലേയ്ക്ക് ശുപാർശ ചെയ്യുക.	ഉന്നത വിദ്യാഭ്യാസ സൗകര്യം ചെയ്തുകൊടുക്കുക.

പഠനം നിർത്തിയവരെ കണ്ടെത്തി തുടർന്ന് പഠിക്കാൻ പ്രോത്സാഹിപ്പിക്കുക.	ഉയർന്നവിദ്യാഭ്യാസം ലഭിക്കുന്നതിന് മതിയായ ഹോസ്റ്റൽ സൗകര്യവും ലഭ്യമാക്കുക.
വിദ്യാഭ്യാസ പരിപാടികളുടെ എല്ലാ പ്രവർത്തനങ്ങളും നിരന്തരമായി പരിശോധിച്ച് അപ്പോഴപ്പോൾ പരിഹാരം കാണുവാനുള്ള മോണിറ്ററിംഗ് സംവിധാനം ഒരുക്കുക.	ട്യൂഷൻ ഫീസ്, എക്സാം ഫീസ് നൽകുക.
	ഉപജീവന മാർഗ്ഗ ഉപാധികൾ കണ്ടെത്താനുള്ള പ്രോജക്ടുകൾ വിദഗ്ധരുടെ സഹായത്തോടെ ആവിഷ്ക്കരിക്കുക.

ആരോഗ്യമേഖല

പ്രശ്നങ്ങൾ, കാരണങ്ങൾ, നിർദ്ദേശങ്ങൾ

മുഖ്യപ്രശ്നങ്ങൾ

1 – സേവന ലഭ്യതയുടെ പോരായ്മകൾ.

2 – ഭിന്നശേഷി.

3 – സ്ഥിരം രോഗി

4 – ആയുർദൈർഘ്യം കുറയുന്നു

5 – അമിത മദ്യപാനം

മുഖ്യ പ്രശ്നം –1 സേവനലഭ്യതയുടെ പോരായ്മകൾ		
കാരണം	**പ്രശ്നപരിഹാര നിർദ്ദേശങ്ങൾ**	
	കീഴ്തട്ട്	**മേൽത്തട്ട്**
ഊരും ആരോഗ്യസ്ഥാപനങ്ങളും തമ്മിലുള്ള അകലം		ദൂരക്കൂടുതലുള്ള ഊരുകളിൽ രാവിലെ 10 മുതൽ വൈകിട്ട് 2 വരെ മെഡിക്കൽ ക്യാമ്പുകൾ നടത്തുക.
പട്ടികവർഗ്ഗത്തിൽ നിന്ന് ആശാവർക്കർമാരെ തിരഞ്ഞെടുക്കുക.	പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പട്ടികവർഗ്ഗത്തിൽ നിന്നുള്ള ആശാവർക്കർമാരെ നിയോഗിക്കുക.	
മാരകരോഗങ്ങൾക്ക് വിദഗ്ധ ചികിത്സയും മരുന്നും ഇല്ലായ്മ	ഡോക്ടറും മരുന്നും എപ്പോഴും ഉണ്ടെന്ന് ഉറപ്പ് വരുത്തുക. വിദഗ്ധ ചികിത്സ ലഭ്യമാക്കുക.	മൊബൈൽ യൂണിറ്റുകൾ ഏർപ്പെടുത്തുക.
ആശുപത്രിയുണ്ടെങ്കിലും ആവശ്യത്തിന് ജീവനക്കാരില്ല.	ജീവനക്കാരുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് പഞ്ചായത്തിന്റെ സഹകരണം ഉറപ്പുവരുത്തുക.	
അസുഖം വരുന്നതിന് മുമ്പ് രോഗ പ്രതിരോധത്തിനുള്ള മുൻഗണനയില്ല.		മതിയായ ഫീൽഡ് ഉദ്യോഗസ്ഥരെ ആരോഗ്യവകുപ്പിൽ നിന്നും പട്ടികവർഗ്ഗ മേഖലകളിൽ നിയോഗിക്കണം.

മുഖ്യപ്രശ്നം 2 – ഭിന്നശേഷി.		
കാരണം	**പ്രശ്നപരിഹാര നിർദ്ദേശങ്ങൾ**	
	കീഴ്തട്ട്	**മേൽത്തട്ട്**
വൈവാഹിക ജീവതത്തിലെ തകർച്ചമൂലം മൗനം പാലിച്ചു ഒറ്റപ്പെട്ട ജീവിതം നയിക്കുന്ന സ്ത്രീകൾ.	മാനസിക വെല്ലുവിളികൾ നേരിടുന്നയാളിനു പെൻഷൻ അനുവദിപ്പിക്കാൻ നടപടിയെടുക്കണം വീൽചെയർ, ശ്രവണ സഹായി എന്നിവ നൽകുക. ഒറ്റപ്പെട്ട ജീവിതം നയിക്കുന്നവരെ സാമൂഹ്യമായി ഉൾച്ചേർക്കാനുള്ള പരിപാടികൾ സംഘടിപ്പിക്കുക. വ്യക്തിഗത പരിപാലനപദ്ധതി ആരംഭിക്കുക.	
അടുത്തടുത്തുള്ള പ്രസവം, 2 ൽ കൂടുതൽ കുട്ടികൾ.	കൗമാര ക്ലബ്ബുകൾ രൂപീകരിക്കുക, ആരോഗ്യ ബോധവത്ക്കരണം നൽകുക.	

	ഭിന്നശേഷിയുള്ളവരുടെ ഹെൽത്ത് കാർഡ് നൽകി ചികിത്സയും ഉപരണങ്ങളും യഥാസമയത്ത് നൽകുക.	
	ഇത്തരത്തിലുള്ളവർക്ക് ബോധവൽക്കരണവും സംരക്ഷണവും നൽകുക.	
	ചൂഷണം ആവർത്തിക്കാതിരിക്കാൻ പഞ്ചായത്ത് തല ജാഗ്രത സമിതി ഉണർന്ന് പ്രവർത്തിക്കണം.	
പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ	അതിക്രമങ്ങൾ നടക്കുന്ന അവസരത്തിൽ തന്നെ പി.ഒ.ആക്ട് 1989(2016) പ്രകാരം കേസ് രജിസ്റ്റർ ചെയ്യുക	
	മൊഴി തിരുത്തി പറയുന്നവരുടെ മേൽനടപടി സ്വീകരിക്കുക.	

മുഖ്യപ്രശ്നം 3 – സ്ഥിരം രോഗി		
കാരണം	**പ്രശ്നപരിഹാര നിർദ്ദേശങ്ങൾ**	
	കീഴ്തട്ട്	**മേൽത്തട്ട്**
പാരമ്പര്യമായ ചികിത്സ കാരണം ആധുനിക ചികിത്സയോടു മടി കാണിക്കുന്നു.	വൈദ്യസഹായം വീടുകളിൽ എത്തിക്കുക. ആധുനിക ചികിത്സയുടെ നേട്ടങ്ങളെക്കുറിച്ച് ബോധവത്ക്കരിക്കുക.	
	എപ്പോഴും അവരെ ശ്രദ്ധിക്കാൻ ഊരുകളിൽ ഏർപ്പാട് ഉണ്ടാക്കുക.	
	അവരുടെ ജീവിതസൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ സഹായം നൽകുക.	
അറിവില്ലായ്മ, ലഹരിവസ്തുക്കൾ ഉപയോഗം		ലഹരിവസ്തുക്കൾ നിർത്തലാക്കുക. കർശന നടപടികൾ തുടരുക.
പോഷാകാഹാരമില്ലായ്മ		അങ്കണവാടികൾ വഴി പോഷകാഹാരം എത്തിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക. പ്രത്യേക പദ്ധതി ആരംഭിക്കുക.
ശുചിത്വമില്ലായ്മ, ശുദ്ധമായ കുടിവെള്ളമില്ലായ്മ	ഹെൽത്ത് ഇൻസ്പെക്ടർ വന്ന് കാര്യങ്ങൾ നേരിട്ട് മനസ്സിലാക്കി വേണ്ട നിർദ്ദേശം നൽകുക.	
കൃത്യമായി ആരോഗ്യപരിചരണത്തിൽ ശ്രദ്ധയില്ലായ്മ	മെഡിക്കൽക്യാമ്പ്, വയോമിത്രങ്ങൾക്ക് വീടുകളിൽ ചികിത്സാ ലഭ്യമാക്കുക.	
	ശുചീകരണ പ്രവർത്തനം, ആരോഗ്യരംഗത്ത് പഞ്ചായത്ത് ഇടപെടുക.	
പരിസരമലിനീകരണം	ബോധവൽക്കരണ ക്ലാസ്സ് നടത്തുക. ഊർ കമ്മിറ്റികൾക്ക് ചുമതലകളും നൽകുക.	
ദൈവികമായ അന്ധവിശ്വാസം മൂലം ആശുപത്രികളിൽ പോകാതിരിക്കൽ, രോഗം പകരുന്നത്.	പട്ടികവർഗ്ഗത്തിൽപ്പെട്ട ആശാവർക്കർമാരുടെ ഇടപെടൽ പി.എച്ച്.സി.കളുടെ കോളനിയിൽ ഉള്ള ഇടപെടൽ. അന്ധവിശ്വാസങ്ങളുടെ അശാസ്ത്രീയത ബോദ്ധ്യപ്പെടുത്തുക.	വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം.

മുഖ്യപ്രശ്നം 4 – ആയുർദൈർഘ്യം കുറയുന്നു

കാരണം	പ്രശ്നപരിഹാര നിർദ്ദേശങ്ങൾ	
	കീഴ്തട്ട്	**മേൽത്തട്ട്**
ശരിയല്ലാത്ത ഭക്ഷണക്രമം	കിഴങ്ങ്, ഇലക്കറികൾ എന്നിവ കൃഷി ചെയ്ത് ഉപയോഗിക്കുവാനുള്ള പദ്ധതികൾ രൂപീകരിക്കുക.	പഞ്ചായത്ത് തലത്തിൽ ജെ.പി. എച്ച്, ജെ.എച്ച്, പാലിയേറ്റീവ് സഹായം തേടുക.
മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം കാരണം പലരും മരണത്തിന് കീഴടങ്ങുന്നു.	ബോധവൽക്കരണ ക്ലാസ്സ് നടത്തുക	
	കുടുംബശ്രീ മുഖേന ഊരുകളിൽ മദ്യവിൽപ്പന തടയുക.	
	നല്ല മാതൃകാ കുടുംബങ്ങളെ ആദരിക്കൽ	
	തൊഴിലുറപ്പ് മുഖേനെ ഊരുകൾ ശുചീകരിക്കുന്ന പ്രവൃത്തി ചെയ്യുക.	
	ജനമൈത്രി പോലീസിന്റെ സഹായം തേടുക	
പോഷകാഹാരക്കുറവ്	പോഷാകാഹാരം അടങ്ങിയ ആഹാര കിറ്റുകൾ പഞ്ചായത്ത് നൽകുക.	അങ്കണവാടി, ആരോഗ്യകേന്ദ്രം വഴി പോഷകാഹാരം എത്തിക്കാനുള്ള സംവിധാനം, പച്ചക്കറി ത്തോട്ടങ്ങൾ ഉണ്ടാക്കുന്നതിന് വേണ്ട പ്രോത്സാഹനം നൽകുക.
	പഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന വാക്സിനേഷൻ, മരുന്നുകൾ എന്നിവ ഹെൽത്ത് സെന്റർ മുഖേന നൽകുക.	ഹോസ്പിറ്റലിൽ പോകുന്നതിന് യാത്രാബത്ത അനുവദിക്കുക.
ആഹാരപദാർത്ഥങ്ങളിൽ അമിതമായ കീടനാശിനി, വള പ്രയോഗം	കൃഷിഭവൻ മുഖേന ജൈവവളങ്ങൾ നൽകുക. ബോധവൽക്കരണം നടത്തുക.	ത്രിതല പഞ്ചായത്ത് വകുപ്പ്, എം.എൽ.എ. എം.പി.ഫണ്ട് എന്നിവ സംയോജിപ്പിച്ച് കൊണ്ട് പരിഹാരം
ആധുനിക ചികിത്സാ സംവിധാനം, സാമ്പത്തിക പരാധീനത മൂലം ലഭ്യമല്ല.		ആശുപത്രികളിൽ മെച്ചപ്പെട്ട ചികിത്സ നൽകുക. ചെലവേറിയ ചികിത്സക്ക് പ്രത്യേക സംവിധാനം ഏർപ്പെടുത്തുക.

മുഖ്യപ്രശ്നം 5 – അമിത മദ്യപാനം

കാരണം	പ്രശ്നപരിഹാര നിർദ്ദേശങ്ങൾ	
	കീഴ്തട്ട്	**മേൽത്തട്ട്**
കൂലിപ്പണിക്കുപോകുന്നവർ പണി കഴിഞ്ഞു ഊരിലേക്ക് വരുമ്പോൾ മദ്യം വാങ്ങിക്കൊണ്ടു വന്നു കുടിക്കുകയും മറ്റുള്ളവർക്ക് വിൽക്കുകയും ചെയ്യുന്നു.	മദ്യപാനത്തിന്റെ ദുഷ്യഫലങ്ങളെക്കുറിച്ച് ഡോക്ടർമാർ, എക്സൈസ്/പോലീസ് അധികാരികൾ ക്ലാസ്സുകൾ നടത്തണം. കർശന നടപടികൾ സ്വീകരിക്കാൻ അധികാരികൾ ശ്രദ്ധിക്കണം. മദ്യപാനത്തിൽ അടങ്ങിയ ചൂഷണ ലക്ഷ്യങ്ങളെ തിരിച്ചറിഞ്ഞ് തന്ത്രങ്ങൾ ആവിഷ്ക്കരിക്കുക.	

<u>ദീർഘകാല ലക്ഷ്യങ്ങൾ</u>

പരിഹാര നടപടികളിലൂടെ ആരോഗ്യ മേഖലയിൽ നേടാനാവുമെന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ താഴെ കൊടുക്കുന്നു.

ദീർഘകാല ലക്ഷ്യങ്ങൾ

ലക്ഷ്യസ്ഥാനം 1– സ്ഥിരം രോഗാവസ്ഥയിൽ നിന്ന് മോചനം	
കീഴ്തട്ട്	**മേൽത്തട്ട്**
ഊരുകൾ കേന്ദ്രീകരിച്ച് മെഡിക്കൽ ക്യാമ്പ്	ആരോഗ്യ കേന്ദ്രങ്ങളുടെ നവീകരണവും ക്രിയാത്മക പ്രവർത്തനവും
ഭിന്നശേഷിയുള്ളവർക്ക് സ്വയംതൊഴിൽ പരിശീലനകേന്ദ്രം നിർമ്മിക്കുക.	ഭിന്നശേഷിയുള്ളവരെ പരിചരിക്കുന്ന കുടുംബങ്ങൾക്ക് വേതനം
ഭിന്നശേഷിയുള്ളവരുടെ പരിചരണവും സംരക്ഷണവും	സ്ഥിരരോഗികൾക്ക് മരുന്നും പോഷകാഹാര കിറ്റും വിതരണം
ഭിന്നശേഷിയുള്ളവരെ പൊതുസമൂഹത്തിൽ എത്തിക്കുന്നതിന് ഇവരുടെ കഴിവ് മനസ്സിലാക്കി, പഞ്ചായത്ത് അധികൃതരെ പ്രൊമോട്ടർ വിവരങ്ങൾ ധരിപ്പിക്കുക.	മദ്യവും മയക്കുമരുന്നും ഉപയോഗം നിർത്തുന്നതിന് ബോധവത്ക്കരണം
	മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും നിരോധനം
പാലിയേറ്റീവ് കെയർ വഴി മരുന്ന് എത്തിക്കുന്നതിനും പരിചരണം ചെയ്യുന്നതിനും ശ്രമിക്കുക.	

ലക്ഷ്യസ്ഥാനം 1– മെച്ചപ്പെട്ട ചികിത്സാ സൗകര്യം	
കീഴ്തട്ട്	**മേൽത്തട്ട്**
വ്യക്തി ശുചിത്വം, പരിസര ശുചിത്വം	പോഷകാഹാര കിറ്റ് വിതരണം ഊരുകളിൽ, പാരമ്പര്യ ജൈവകൃഷിയ്ക്ക് പ്രോത്സാഹാനം നൽകുക.
പ്രതിരോധ കുത്തിവെയ്പ് ഗർഭിണികൾക്കും കുട്ടികൾക്കും	ആധുനിക വൈദ്യശാസ്ത്രത്തെക്കുറിച്ച് ബോധവത്ക്കരണം
സൗജന്യ മരുന്ന് വിതരണം	ഊരുകളോട് ചേർന്ന് കൂടുതൽ ആരോഗ്യ കേന്ദ്രങ്ങൾ അനുവദിക്കുക.
ആശുപത്രികളിൽ കൂടുതൽ ചികിത്സാ വിഭാഗങ്ങൾ അനുവദിക്കുക.	എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുവാനും ശരിതെറ്റുകൾ തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കുവാനുള്ള മോണിറ്ററിംഗ് സംവിധാനം എല്ലാതലങ്ങളിലും ഏർപ്പെടുത്തണം
ചെലവേറിയ ചികിത്സയ്ക്ക് ധനസഹായം സമയബന്ധിതമായി എത്തിക്കാൻ നടപടി സ്വീകരിക്കുക.	
പാരമ്പര്യ ചികിത്സ പ്രോത്സാഹിപ്പിക്കുക.	

ആരോഗ്യം

1.. ഡി അഡിക്ഷൻ ഹോസ്പിറ്റൽ കൊണ്ടുവരണം.

2. ഊരുകൂട്ടം തലം മുതൽ തന്നെ മദ്യപാനം, പുകവലി, പുകയില, കഞ്ചാവ് തുടങ്ങിയവയുടെ ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം, കുട്ടികൾ തുടക്കം മുതലെയുള്ള ബോധവൽക്കരണം ആവശ്യമാണ്.

3.. പാരമ്പര്യ ചികിത്സാ രീതികളുടെ പ്രോത്സാഹനം.

4. ആശുപത്രിയിലേയ്ക്ക് എത്തിപ്പെടാൻ ബുദ്ധിമുട്ടുള്ള കോളനിയിലേയ്ക്ക് ഒരു ആംബുലൻസ് വേണം.

5. പരമ്പരാഗത ഭക്ഷണരീതികൾ പ്രോത്സാഹിപ്പിക്കുക. റാഗിപ്പുല്ല്, തെന, കമ്പ്, ചീര, കാട്ടുകിഴങ്ങുകൾ ഇവയുടെ കൃഷി പ്രോത്സാഹിപ്പിക്കുക.

6. പക്ഷാഘാതം, ക്യാൻസർ തുടങ്ങിയ മാരക രോഗങ്ങൾ കാരണം കിടപ്പിലായ രോഗികൾക്ക് ചികിത്സാസഹായം, അവരെ പരിചരിക്കുന്നവർക്ക് വേണ്ട ധനസഹായം.

7. മാലിന്യ സംസ്ക്കരണം – ഉറവിടത്തിൽ തന്നെ സംസ്ക്കരണം വേണം.

8. പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്കായി കേന്ദ്രീയ വിദ്യാലയം

9. ഊരുകൂട്ടം തലത്തിൽ മാതാപിതാക്കൾക്ക് കുട്ടികളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ബോധവൽക്കരണം.

തൊഴിൽ/ഉപജീവനം

പ്രശ്നങ്ങൾ, കാരണങ്ങൾ, നിർദ്ദേശങ്ങൾ

മുഖ്യപ്രശ്നങ്ങൾ

1– സ്ഥിരവരുമാനം ഇല്ലാത്ത തൊഴിൽ

2.സ്ഥിരവരുമാനമില്ലാത്ത തൊഴിലാളികൾ

3. വിദ്യാഭ്യാസമുള്ള തൊഴിൽരഹിതർ

4. വന്യമൃഗശല്യം

മുഖ്യപ്രശ്നം 1 – സ്ഥിരവരുമാനം ഇല്ലാത്ത തൊഴിൽ

കാരണം	**പ്രശ്നപരിഹാര നിർദ്ദേശങ്ങൾ**	
	കീഴ്തട്ട്	**മേൽത്തട്ട്**
പരമ്പരാഗത തൊഴിലിൽ നിന്നു വരുമാനം ലഭിക്കുന്നില്ല.	പാരമ്പര്യ കൃഷി പരമ്പരാഗത തൊഴിൽ പ്രോത്സാഹിപ്പിയ്ക്കുക, വരുമാനം ലഭിക്കാനുള്ള മാർഗ്ഗങ്ങൾ/പദ്ധതികൾ തയ്യാറാക്കുക.	വന സംരക്ഷണത്തിൽ കൂടുതൽ പങ്കാളിത്തം, വന്യമൃഗ സംരക്ഷണം ഉറപ്പാക്കണം.
	പാട്ടകൃഷി ഭൂമി പഞ്ചായത്ത് തലത്തിൽ ഏറ്റെടുത്ത് നൽകുക	2006 ലെ വനാവകാശ നിമം അനുസരിച്ചുള്ള സാമൂഹിക വനാവകാശ നിയമം നടപ്പാക്കി സാമൂഹിക വനാവകാശ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിയ്ക്കുക.

മുഖ്യപ്രശ്നം 2.സ്ഥിരവരുമാനമില്ലാത്ത തൊഴിലാളികൾ

കാരണം	**പ്രശ്നപരിഹാര നിർദ്ദേശങ്ങൾ**	
	കീഴ്തട്ട്	**മേൽത്തട്ട്**
തൊഴിലുറപ്പ് പദ്ധതിയിൽ കൂലി കുറവായതിനാൽ പുരുഷൻമാർ പോകുന്നില്ല.നിത്യവും വൈകുന്നേരം കൂലി കിട്ടാൻ തൊഴിലുറപ്പു പദ്ധതിയിൽ വ്യവസ്ഥയില്ല.		ഫോട്ടോ എടുപ്പിയ്ക്കാനും തൊഴിൽ കാർഡുകൾ കൊടുക്കാനും പ്രാദേശികമായി തൊഴിൽ കണ്ടെത്താനും നടപടി സ്വീകരിയ്ക്കുക. റിവോൾവീംഗ് ഫണ്ട് രൂപീകരിച്ച് കൂലി പ്രശ്നം പരിഹരിയ്ക്കുക. കൂലി വിതരണത്തിലെ കാലതാമസം ലഘൂകരിയ്ക്കുകയും വേണം.
വിദ്യാഭ്യാസ പരമായ പിന്നോക്ക അവസ്ഥ	പഞ്ചായത്ത് വിദ്യാഭാസ സമിതി ഊർജിതമാക്കണം	
സ്വയം തൊഴിലുകൾ അഭ്യസിക്കാനുള്ള സാഹചര്യം നിലവിൽ ഇല്ല.	സാദ്ധ്യതയുള്ള മേഖലകളിൽതൊഴിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പാക്കണം. സ്വയം തൊഴിൽ ചെയ്യുന്നതിന് വേണ്ടുന്ന സഹായം അനുവദിയ്ക്കുക.	
കൈ തൊഴിൽ ചെയ്യുന്നതിനുള്ള സാഹചര്യം ഇല്ല.	കൈ തൊഴിൽ ചെയ്യുന്നതിന് വേണ്ടുന്ന സഹായം അനുവദിയ്ക്കുക. കൃഷി വകുപ്പ് നടപ്പാക്കുന്ന പദ്ധതികളുമായി ബന്ധപ്പെടുത്തുക.	
കാർഷികമേഖലയിലെ പ്രതിസന്ധി		വിത്തും, വളവും ഊരുകൂട്ടം മുഖാന്തിരം ഈ മേഖലയിൽ എത്തിയ്ക്കുക
കൃഷിഭൂമിയുടെ അപര്യാപ്തത	നിലവിലുള്ള കൃഷിഭൂമി കൃഷിയ്ക്ക് അനുയോജ്യമാക്കുന്നതിനുള്ള നടപടി	

ചെറുകിട വ്യവസായ സംരംഭങ്ങളുടെ കുറവ്	വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി പലവിധത്തിലുള്ള തൊഴിൽ പരിശീലനങ്ങൾക്ക് ഫണ്ട് വകയിരുത്തുക.	അനുയോജ്യമായ ചെറുകിട വ്യവസായങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടി വ്യവസായ വകുപ്പ് മുഖേന സ്വീകരിയ്ക്കുക.
സ്ഥിരമായി ജോലി ലഭിയ്ക്കാനുള്ള സ്ഥാപനം ഇല്ലായ്മ	ചെറുകിട വ്യവസായ സംരംഭങ്ങൾ പ്രോൽസാഹിപ്പിയ്ക്കുക. മലയടി (തൊളിക്കോട്) കൈത്തറി വ്യവസായ സഹകരണ സംഘം പോലുള്ള പദ്ധതികൾ പുനസംഘടിപ്പിച്ച് പ്രവർത്തനം സജ്ജമാക്കുക.	

മുഖ്യപ്രശ്നം 3. വിദ്യാഭ്യാസമുള്ള തൊഴിൽ രഹിതർ

കാരണം	**പ്രശ്നപരിഹാര നിർദ്ദേശങ്ങൾ**	
	കീഴ്തട്ട്	**മേൽത്തട്ട്**
പരിശീലന സ്ഥാപനങ്ങളുടെ അഭാവം	തൊഴിൽ പരിശീലന പരിപാടികൾ പ്രോൽസാഹിപ്പിയ്ക്കുക	
സമൂഹവുമായി ഇടപഴകാനുള്ള മടി	കൗൺസിലിംഗ് നടത്തുക	
വിദ്യാഭ്യാസം ഉണ്ടായിട്ടും തൊഴിലിന് വേണ്ടി ശ്രമിയ്ക്കുന്നില്ല. തൊഴിലിനെ കുറിച്ച് അവബോധം ഇല്ലായ്മ	വിദ്യാസമ്പന്നരായവർക്ക് മത്സരപരീക്ഷകൾക്കു പരിശീലനം നേടുന്നതിനു സാമ്പത്തിക സഹായം നൽകുക.	
സങ്കേതങ്ങൾ	യൂത്ത് ക്ലബുകൾ രൂപീകരിയ്ക്കുക, പ്രോത്സാഹനം നൽകുക, തൊഴിൽ നേടാനുള്ള അവബോധം നൽകുക.	മദ്യവും ലഹരി പദാർത്ഥങ്ങളും വിപണനം നടത്തുന്നതിനെതിരെ നടപടി സ്വീകരിയ്ക്കുക.
	പെൺകുട്ടികളുടെ കൂട്ടായ്മ സംഘടിപ്പിയ്ക്കുക.	
നിലവിൽ ട്രൈബൽ ഡിപ്പാർമെന്റിലുള്ള സ്ഥാപനങ്ങൾ കാര്യക്ഷമമായി പ്രവർത്തിയ്ക്കാത്തത്	പ്രവർത്തനങ്ങൾ വിലയിരുത്തി കാലോചിതമായ മാറ്റങ്ങൾ വരുത്തുക.	സംസ്ഥാന സർക്കാരിലേയ്ക്ക് മാറ്റങ്ങൾക്ക് വേണ്ട ശുപാർശ നൽകുക.
തൊഴിൽ അവസരങ്ങൾ ശ്രദ്ധിയ്ക്കാൻ കഴിയാത്തത്.	ഊരിലെ എല്ലാവർക്കും തൊഴിലുറപ്പ് കാർഡ് നൽകുകയും തൊഴിൽ കൊടുക്കുകയും ചെയ്യുക.	ലേബർ ബാങ്ക് ഉണ്ടാക്കി സീസണൽ കലണ്ടർ പ്രകാരം തൊഴിൽ ഉള്ള ദിനങ്ങൾ ക്രമീകരിക്കേണ്ടതും ജോലിയ്ക്ക് നിയോഗിക്കേണ്ടതുമാണ്.
ട്രെയിനിംഗ് സെന്ററിന്റെ കുറവ് (ഫിനിഷിംഗ് സ്കൂൾ)	വിദ്യാർത്ഥികൾക്ക് തൊഴിൽ നേടുന്നതിനു ഫിനിഷിംഗ് സ്കൂൾ സൗകര്യം നൽകുക.	ഔഷധ സസ്യകൃഷി പ്രോത്സാഹിപ്പിയ്ക്കുക.
വായ്പ ബാങ്കുകളിൽ നിന്ന് ലഭിയ്ക്കുന്നില്ല.	പൊതു പരീക്ഷകൾ നടത്തുമ്പോൾ യാത്രബത്ത മുൻകൂട്ടി നൽകുക	ശാരീരിക വൈകല്യമുള്ള ദുരിതമനുഭവിയ്ക്കുന്നവർക്ക് അവരുടെ താൽപര്യ പ്രകാരമുള്ള തൊഴിൽ സംരംഭങ്ങൾ തുടങ്ങുക.

മുഖ്യപ്രശ്നം 3. വിദ്യാഭ്യാസമുള്ള തൊഴിൽ രഹിതർ

കാരണം	**പ്രശ്നപരിഹാര നിർദ്ദേശങ്ങൾ**	
	കീഴ്തട്ട്	**മേൽത്തട്ട്**
വന്യമൃഗങ്ങളുടെ ശല്യം കാരണം കോളനികളിൽ കൃഷി ചെയ്യാൻ സാധിയ്ക്കുന്നില്ല.	വന്യമൃഗശല്യം കാരണം കൃഷി നശിച്ചവർക്ക് പഞ്ചായത്ത് തലത്തിൽ അന്വേഷണം നടത്തി നഷ്ടപരിഹാരം ലഭിയ്ക്കുന്നതിനുള്ള സ്ഥിരം സംവിധാനങ്ങൾ ഏർപ്പെടുത്തുക.	

വന്യമൃഗങ്ങൾ വരാതെ തടയാനുള്ള സംവിധാനമില്ല	തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ട്രഞ്ച് നിർമ്മിയ്ക്കുക, ജൈവവേലി പ്രോത്സാഹിപ്പിയ്ക്കുക	ഇതിനുള്ള പദ്ധതി തയ്യാറാക്കി സർക്കാറിന് സമർപ്പിയ്ക്കുകയും അതിന്റെ ഫോളോഅപ്പ് നടത്തുകയും ചെയ്യുക.സോളാർ ഫെൻസിംഗ് നടപ്പിലാക്കേണ്ടതാണ്.
വയലുകൾ നികത്തുന്നതുമൂലം കൃഷി ചെയ്യാൻ സ്ഥലമില്ല		

മുഖ്യപ്രശ്നം 3. വിദ്യാഭ്യാസമുള്ള തൊഴിൽ രഹിതർ		
കാരണം	**പ്രശ്നപരിഹാര നിർദ്ദേശങ്ങൾ**	
	കീഴ്തട്ട്	**മേൽത്തട്ട്**
നെൽകൃഷി ലാഭകരമല്ലാത്തതിനാൽ നെൽകൃഷി ഉപേക്ഷിച്ച് നാണ്യവിള കൃഷി ചെയ്യുന്നു.	ആദായകരമായി നെൽകൃഷി / കരനെൽ നടത്തി ഭക്ഷ്യഭദ്രത ഉറപ്പാക്കുക.	

<u>ദീർഘകാല ലക്ഷ്യങ്ങൾ</u>

പരിഹാര നടപടികളിലൂടെ തൊഴിൽ/ വരുമാന മേഖലയിൽ നേടാനാവുമെന്ന് പ്രതീക്ഷിയ്ക്കുന്ന നേട്ടങ്ങൾ

<u>ദീർഘകാല ലക്ഷ്യങ്ങൾ</u>

ലക്ഷ്യസ്ഥാനം 1– കാർഷിക രംഗത്തെ വികസനം	
കീഴ്തട്ട്	**മേൽത്തട്ട്**
ഊരുകൾ കേന്ദ്രീകരിച്ച് ബോധവത്കരണം	ചെലവ് കുറഞ്ഞ യന്ത്രോപകരണത്തോടുകൂടി കാർഷിക വൃത്തി നടപ്പിലാക്കുക.
തൊഴിലുറപ്പ് ഉൾപ്പെടുത്തി(കാലാവസ്ഥയ്ക്ക് അധീതമായി) തുടർസജ്ജീകരണം	വന്യമൃഗശല്യങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിയ്ക്കുക
പാരമ്പര്യ കാർഷിക വിളകൾ ഉൽപ്പാദനം വർദ്ധിപ്പിയ്ക്കുക	ക്ഷീരമേഖല പ്രോൽസാഹിപ്പിയ്ക്കുക
കാർഷിക ഉൽപ്പന്നങ്ങൾക്ക് ഉയർന്ന വില ലഭ്യമാകത്തക്ക വിപണി കണ്ടെത്തുക	

ലക്ഷ്യസ്ഥാനം 2– കൂടുതൽ തൊഴിൽ/ സ്വയം തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുക	
കീഴ്തട്ട്	**മേൽത്തട്ട്**
സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ആവശ്യമായ ധനസഹായം അനുവദിയ്ക്കുക	വിദേശജോലിയ്ക്ക് ആവശ്യമായ ധനസഹായം നൽകുക
പി.എസ്.സി കോച്ചിംഗ് വ്യാപകമാക്കുക	വിദേശജോലിയ്ക്കായി നടത്തുന്ന ഇൻറ്റർവ്യൂകളിൽ പട്ടികവർഗ്ഗക്കാരെ ഉൾപ്പെടുത്താൻ സഹായകമായ പ്രവർത്തനം നടപ്പിലാക്കുക.
തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപെടുത്തി കാർഷിക മേഖലയിൽ കർഷകർക്ക് ആവശ്യമായ പണികൾ ചെയ്യുക.	ഉയർന്ന വിദ്യാഭ്യാസമുള്ള വിദ്യാർത്ഥികളെ വിദേശത്ത് അയയ്ക്കാനുള്ള നടപടികൾ സ്വീകരിയ്ക്കുക
ക്ഷീര കർഷകർക്ക് തീറ്റപുല്ല്, കൃഷി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുക.	വിദ്യാഭ്യാസത്തിനുവേണ്ടി പുതിയ തൊഴിൽ മേഖലകളിൽ പരിശീലനം നൽകുക.
ട്യൂഷൻ സെന്റ്ററർ എസ്.റ്റി ഊരുകളിൽ അനുവദിയ്ക്കുക	
വിദ്യാഭ്യാസമില്ലാത്ത രക്ഷിതാക്കൾക്ക് ബോധവൽക്കരണം നൽകുക. പി.എസ്.സി. കോച്ചിംഗ് സെന്ററുകൾ നൽകുക.	

തൊഴിൽ/ഉപജീവനം

1. **മതിയായ തൊഴിൽ/തൊഴിൽ അവസരങ്ങൾ ലഭ്യമല്ല**
 സ്വയംതൊഴിൽ പ്രോൽസാഹിപ്പിക്കണം പരിശീലനം നൽകണം
പരമ്പരാഗത തൊഴിൽ പ്രോൽസാഹിപ്പിക്കണം, പരിശീലിപ്പിക്കണം
തൊഴിലുറപ്പ് പദ്ധതിയുടെ പ്രയോജനം പൂർണ്ണമായി കിട്ടുന്നില്ല
തൊഴിലുറപ്പു ദിനങ്ങൾ 200 എണ്ണം കിട്ടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക
യഥാസമയം കൂലി വിതരണം ചെയ്യണം
വിദ്യാഭ്യാസപരമായ പിന്നാക്കാവസ്ഥ
ഊരുതലങ്ങളിൽ പദ്ധതികൾ ആവിഷ്കരിക്കണം
കാർഷിക വിളകളുടെ വിലത്തകർച്ച
വിത്ത്, തൈകൾ, വളം എന്നിവ സൗജന്യമായി വിതരണം ചെയ്യണം
പട്ടികവർഗ്ഗക്കാരുടെ കാർഷികോൽപന്നങ്ങൾ ബ്രാൻഡ് ചെയ്ത് കയറ്റുമതി ചെയ്യണം
2. **കൃഷിഭൂമിയുടെ ലഭ്യതക്കുറവ്**
ഭൂരഹിതർക്ക് ഭൂമി വിതരണം ചെയ്യണം
പാട്ട വ്യവസ്ഥയിൽ ഭൂമി ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിന് ധനസഹായം നൽകണം
വനാവകാശം സ്ഥാപിച്ചു നൽകണം
പരമ്പരാഗത തൊഴിൽ മേഖലയുടെ തളർച്ച
പരമ്പരാഗത തൊഴിലുകൾ, കൃഷി , കൃഷി രീതികൾ, നാട്ടറിവുകൾ എന്നിവ പരിപോഷിപ്പിക്കണം
വനസംരക്ഷണവുമായി ബന്ധപ്പെട്ട ജോലികളിൽ അർഹരായ എല്ലാ പട്ടികവർഗ്ഗക്കാർക്കും അവസരം ഉറപ്പു വരുത്തണം
വനഭൂമിയിൽ കൃഷി അനുവദിക്കുന്നില്ല
മുൻകാലങ്ങളിൽ ആദിവാസികൾ വനത്തിനുള്ളിൽ ഏലം പോലെയുള്ള കൃഷി ചെയ്യുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ ഇപ്പോൾ ഇത് അനുവദിക്കുന്നില്ല. അനുമതി നൽകി കൃഷി പുനരാരംഭിക്കണം
3. **ചെറുകിട വ്യവസായ സംരഭങ്ങളുടെ കുറവ്**
സംരംഭങ്ങൾ തുടങ്ങുന്നതിന് ധനസഹായം നൽകണം
തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കണം
സ്ഥിരവരുമാനമുള്ള ജോലിയുടെ അഭാവം
സ്ഥിരവരുമാനദായമായ സ്ഥാപനങ്ങൾ ആരംഭിക്കണം
4. **അഭ്യസ്തവിദ്യരായവർക്ക് യോഗ്യതയ്ക്കനുസരിച്ചുള്ള തൊഴിൽ**
യോഗ്യതയുള്ളവരെ കണ്ടെത്തി പ്രത്യേക റിക്രൂട്ട്മെന്റ് നടത്തണം
മത്സര പരീക്ഷകൾക്ക് പ്രത്യേക കോച്ചിംഗ് നൽകണം
അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ മതിയായ പ്രാതിനിധ്യം ഉറപ്പു വരുത്തണം
ഉന്നതപഠനം ഉറപ്പുവരുത്തണം

വിവിധ കോഴ്സുകളിൽ പട്ടികവർഗ്ഗക്കാർക്കുള്ള സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കണം

വൈദഗ്ദ്ധ്യത്തിന്റെ അഭാവം

വിദഗ്ദ്ധ തൊഴിൽ പരിശീലനം നടപ്പാക്കണം

പരിശീലനം ലഭിക്കുന്നവർക്ക് ഉപകരണവും ധനസഹായവും ലഭ്യമാക്കണം

5. **കുറഞ്ഞ കൂലി**

ദേവികുളം ബ്ലോക്കിൽ പ്രത്യേകിച്ച് മറയൂർ മേഖലകളിൽ കൂലി താരതമ്യേന തീരെ കുറവാണ്. ഇത് ഉയർത്തി ഏകീകരിക്കണം

വിദ്യാഭ്യാസമുള്ള തൊഴിൽരഹിതർ

പരിശീലന സ്ഥാപനങ്ങളുടെ അഭാവം

കൂടുതൽ സ്ഥാപനങ്ങൾ ആരംഭിക്കണം

നവീന കോഴ്സുകൾ അനുവദിക്കണം

6. **ഇടപഴകാനുള്ള മടി**

കൗൺസലിംഗ് ഏർപ്പെടുത്തണം

ആദിവാസി മേഖലയിലുള്ള ഗവ. സ്കൂളുകളിൽ പ്രീ-പ്രൈമറി സ്കൂളുകൾ തുടങ്ങണം

എൽകെജി/യുകെജി മുതലായവ ആരംഭിച്ച് ഇംഗ്ലീഷ് വിദ്യാഭ്യാസം

പ്രോൽസാഹിപ്പിക്കണം

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവം

അടിമാലി, പെരിങ്ങാശ്ശേരി, പൂമാല, കഞ്ഞിക്കുഴി എന്നിവിടങ്ങളിൽ ഹോസ്റ്റൽ സൗകര്യത്തോടുകൂടി കോളേജ് അനുവദിക്കണം

നിലവിലുള്ള സർക്കാർ/എയ്ഡഡ് കോളേജുകളിൽ കൂടുതൽ കോഴ്സുകൾ അനുവദിക്കണം

സങ്കേതങ്ങൾ

മദ്യം-മയക്കുമരുന്ന്, മറ്റു ലഹരി പദാർത്ഥങ്ങൾ എന്നിവയ്ക്കെതിരെ ബോധവൽകരണം നടത്തണം

കുടുംബശ്രീയുടെ നേതൃത്വത്തിൽ ബോധവൽകരണം നടത്തണം

കൂടുതൽ സ്വയംസഹായ സംഘങ്ങൾ അയൽക്കൂട്ടങ്ങൾ എന്നിവ രൂപീകരിക്കുക

ക്ലബ്ബുകൾ, കൂട്ടായ്മകൾ എന്നിവ രൂപീകരിക്കുക

ട്രൈബൽ മേഖലയിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം

സ്ഥാപനങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് പ്രാദേശിക തലത്തിലെ അഭിപ്രായം കൂടി ആരാഞ്ഞ് പദ്ധതികൾ തയ്യാറാക്കുക

തൊഴിലവസരങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ

ബോധവൽക്കരണ/ കരിയർ ഗൈഡൻസ് സെമിനാറുകൾ സംഘടിപ്പിക്കുക

വായ്പാലഭ്യത

ഭൂമിക്ക് പട്ടയം ഇല്ലാത്തതിനാൽ കാർഷിക ആവശ്യങ്ങൾക്കുപോലും വായ്പ ലഭിക്കുന്നില്ല.
റവന്യുഭൂമി/വനഭൂമി എന്ന വ്യത്യാസമില്ലാതെ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും പട്ടയം അനുവദിക്കുക
ബാങ്കിംഗ് ഇതര ധനകാര്യസ്ഥാപനങ്ങൾ മുഖേന പ്രത്യേക ധനസഹായ/വായ്പാ പദ്ധതികൾ നടപ്പിലാക്കുക
വായ്പ എഴുതിത്തള്ളൽ പദ്ധതി പൂർണ്ണമായും നടപ്പാക്കുക.

ശാരീരിക വൈകല്യം മൂലമുള്ള ദുരിതം

ഓരോരുത്തരുടെയും അവസ്ഥ പരിഗണിച്ച് പ്രത്യേക പദ്ധതി തയ്യാറാക്കണം
സ്ഥിരവരുമാനം ഉറപ്പാക്കണം
മിൽമ മുഖേനയുള്ള ക്ഷീരവികസന പദ്ധതി നടപ്പാക്കണം
കാർഷിക പണിയായുധങ്ങൾ വിതരണം ചെയ്യണം

<u>അടിസ്ഥാന സൗകര്യമേഖല</u>

ഊരുകൂട്ടങ്ങൾ ശാക്തീകരിക്കണം
ആശിക്കും ഭൂമി പദ്ധതി കാര്യക്ഷമമായി നടപ്പാക്കണം

<u>വീടുകൾ</u>

ഇടനിലക്കാരെ പൂർണ്ണമായും ഒഴിവാക്കുന്നതിന് കഴിയണം
ആദിവാസികളുടെ ഭവനനിർമ്മാണത്തിന് പ്രത്യേക പാക്കേജ് അനുവദിക്കണം
ഹിൽപുലയ/മലമ്പണ്ടാരം/മുതുവാൻ വിഭാഗങ്ങൾക്ക് പ്രത്യേക പാക്കേജ് നടപ്പിലാക്കണം
വീട് അറ്റകുറ്റപ്പണിക്ക് കൂടുതൽ തുക അനുവദിക്കണം
വന്യജീവി സങ്കേതങ്ങൾക്കുള്ളിലുള്ള കോളനികളിലും വൈദ്യുതി എത്തിക്കണം

റോഡ്

റോഡ് നിർമ്മാണത്തിന് വനംവകുപ്പിന്റെ തടസ്സങ്ങൾ ഒഴിവാക്കുന്നതിന് പ്രത്യേക നടപടികൾ കൈക്കൊള്ളണം

അടിസ്ഥാന സൗകര്യമേഖല

പ്രശ്നങ്ങൾ, കാരണങ്ങൾ, നിർദ്ദേശങ്ങൾ

അടിസ്ഥാന സൗകര്യമേഖലയിലെ പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ കണ്ടെത്തുന്നതിനായി നില നിൽക്കുന്ന പ്രശ്നങ്ങളും പ്രശ്നകാരണങ്ങളും നിർദ്ദേശങ്ങളും ചുവടെ കൊടുത്തിരിയ്ക്കുന്നു.

പ്രശ്നങ്ങൾ, കാരണങ്ങൾ, നിർദ്ദേശങ്ങൾ

മുഖ്യ പ്രശ്നം-1 വീടും സ്ഥലവും ഇല്ലാത്തവർ

കാരണം	പ്രശ്നപരിഹാര നിർദ്ദേശങ്ങൾ	
	കീഴ്തട്ട്	മേൽത്തട്ട്
പട്ടികവർഗ്ഗകാരുടെ ഭൂമി പാട്ടം,ഒറ്റി നൽകുന്നത്	ഭൂമി, ഭൂമിയിലെ മേലാദായം ഇവ അന്യാധീനപ്പെടുത്തിയാൽ സ്വ മേധയാ നടപടി സ്വീകരിയ്ക്കു ക.	
ഭൂമി രാഹിത്യം	ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്താനുള്ള ക്രമീകര ണങ്ങൾ നടപ്പിലാക്കുക.	
വനവകാശ നിയമം നടപ്പിലാക്കാ ത്തത്	പഞ്ചായത്തിലെ ബന്ധപ്പെട്ട അധികാരികൾ കൃത്യമായി വനാ വകാശ ഊരുകൂട്ടത്തിൽ പങ്കെടു ക്കുക	നിലവിലുള്ള കൈവശഭൂമിയ്ക്ക് രേഖകൾ ലഭ്യമാക്കുക സാമൂഹ്യ വനവിഭവ മാനേ ജ്മെന്റ് അവകാശം നൽകി അതിനനുസൃതമായ അവകാശ കമ്മിറ്റി രൂപീകരിയ്ക്കണം.
സ്ഥലം കൈവശം വെക്കുന്ന തിന്റെ അറിവില്ലായ്മ, കൃത്യ മായ രേഖകൾ ഇല്ലായ്മ	സ്ഥലം അളന്ന് അതാതു കുടും ബങ്ങൾക്ക് രേഖാമൂലം നൽകി ചുറ്റുവേലി കെട്ടി സംരക്ഷിയ്ക്കു ക. റവന്യൂ വകുപ്പിൽ ഭൂരേഖ ഉണ്ടാ കാനുള്ള വഴി ഒരുക്കുക.	

മുഖ്യപ്രശ്നം-2 ജീർണ്ണാവസ്ഥയിലുള്ള വീടുകൾ

കാരണം	പ്രശ്നപരിഹാര നിർദ്ദേശങ്ങൾ	
	കീഴ്തട്ട്	മേൽത്തട്ട്
അസൗകര്യമുള്ള വീടുകൾ	ജീർണ്ണാവസ്ഥയിലുള്ളവയ്ക്ക് പകരം പുതിയ വീടുകൾ നൽകു ന്നു. അടിസ്ഥാന സൗകര്യങ്ങൾ ഉറ പ്പുവരുത്തുക.	
ഗുണമേന്മയില്ലാത്ത സാധന സാമഗ്രികൾ ഉപയോഗിച്ചുള്ള വീട് നിർമ്മാണം	ഗുണമേന്മയുള്ള സാധന സാമ ഗ്രികൾ, പഞ്ചായത്തിൽ നിന്ന് കൊടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.	
അറ്റകുറ്റപണി നടത്താൻ സാമ്പ ത്തികം ഇല്ലായ്മ	മെയിന്റനൻസ് തുക വർദ്ധിപ്പി യ്ക്കുക. അർഹതപ്പെട്ടവർക്ക് നൽകുക.	നിർമ്മാണപ്രവൃത്തിയിൽ താല്പര്യമുള്ള പട്ടികവർഗ്ഗ ക്കാർക്ക് പരിശീലനം നൽകി നിർമ്മാണ പ്രവർത്തനം അവർ മുഖേന നിർവഹിയ്ക്കുക.. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ വികസന പ്രവർത്തനങ്ങൾ ഊർ കൂട്ട സമിതിയാൽ സംഘടിപ്പിച്ച്

		അവർ മുഖേന നടപ്പിലാക്കണം.
	യാത്രാക്ലേശമുള്ള കോളനികളിൽ വീട് നിർമ്മാണത്തിന് തുക കൂടുതൽ അനുവദിയ്ക്കുക.	

മുഖ്യപ്രശ്നം-3 കക്കൂസ് ഇല്ലാത്ത വീടുകൾ

കാരണം	**പ്രശ്നപരിഹാര നിർദ്ദേശങ്ങൾ**	
	കീഴ്തട്ട്	**മേൽത്തട്ട്**
കക്കൂസ് നിർമ്മാണം നല്ല രീതിയിൽ അല്ല നടക്കുന്നത്	ഫണ്ട് വർദ്ധനവ് വരുത്തുക. മെച്ചപ്പെട്ടവ സുരക്ഷിതമായി സംരക്ഷിയ്ക്കാൻ നടപടി എടുക്കുക.	
ഫണ്ടിന്റെ അപര്യാപ്ത		ട്രൈബൽ ഡിപ്പാർട്ട്മെന്റിന്റെ തുക വർദ്ധിപ്പിയ്ക്കുക.
മോശമായ രീതിയിലുള്ള കക്കൂസിന്റെ ഉപയോഗം	ജലസേചനസൗകര്യം ഏർപ്പെടുത്തുകയും ഉപയോഗത്തിന് ബോധവൽക്കരണം നടത്തുകയും വേണം	
	വീട് നിർമ്മാണത്തിൽ കക്കൂസിനായി പ്രത്യേക പ്ലാൻ തയ്യാറാക്കുക	

മുഖ്യപ്രശ്നം-4 വൈദ്യുതി ഇല്ലാത്ത വീടുകൾ

കാരണം	**പ്രശ്നപരിഹാര നിർദ്ദേശങ്ങൾ**	
	കീഴ്തട്ട്	**മേൽത്തട്ട്**
വൈദ്യുതി എത്തിയിട്ടും വൈദ്യുതീകരിയ്ക്കാത്ത വീടുകൾ	എല്ലാ വീടും വൈദ്യുതീകരിയ്ക്കുക. ഊരിന് സമീപത്ത് കൂടി വൈദ്യുതിലൈൻ വലിയ്ക്കുക. വീടുകൾക്ക് വൈദ്യുതി നൽകുക	
വൈദ്യുതീകരിയ്ക്കാൻ പറ്റാത്ത വീടുകൾ	പുതിയ വീടിന്റെ ലഭ്യത ഉറപ്പുവരുത്തുക	
ഊരിൽ എത്തിയിട്ടും വീടുകളിൽ വൈദ്യുതി എത്തിയിട്ടില്ല.	പഞ്ചായത്ത് ഏറ്റെടുത്ത് തീരുമാനങ്ങൾ നടപ്പാക്കാം	
ഇലക്ട്രിക് പോസ്റ്റിന്റെ കുറവ്	കെ.എസ്. ഇ.ബി യുമായി ബന്ധപ്പെട്ട് നടപടികൾ ത്വരിതപ്പെടുത്തണം.	
സ്വകാര്യവ്യക്തികളുടെ അനുമതി ഇല്ലാത്തതുകൊണ്ട്	സാധ്യമായ മറ്റ് പോംവഴികൾ തേടുക.	എം.എൽ.എ യുടെ ഫണ്ടുകൾ കൊണ്ട് വന്ന് പ്രശ്നങ്ങൾ പരിഹരിയ്ക്കുന്നതിന് തയ്യാറാകുക.
ഊര് നിവാസികൾക്ക് ഓണർഷിപ്പ്, റേഷൻകാർഡ്, നികുതി ചീട്ട് ഇല്ലായ്മ.	സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തുക. ഊര് തലത്തിൽ ഉദ്യോഗസ്ഥരുടെ ക്യാമ്പ് സംഘടിപ്പിച്ച് പരിഹാരം കാണുക.	

മുഖ്യപ്രശ്നം-5കുടിവെള്ളം ലഭ്യമല്ല

കാരണം	**പ്രശ്നപരിഹാര നിർദ്ദേശങ്ങൾ**	
	കീഴ്തട്ട്	**മേൽത്തട്ട്**
വെള്ളത്തിന്റെ കുറവ്	കുടിവെള്ള പദ്ധതി നടപ്പിലാക്കുക. ഗാർഹിക കണക്ഷൻ നൽകുക. കിണർ നിർമ്മിക്കുക.	
ശുദ്ധമായ കുടിവെള്ളം കോളനികളിൽ ലഭിക്കുന്നില്ല. ശുദ്ധജലത്തിന്റെ കുറവ്	പദ്ധതികൾ നടപ്പിലാക്കി കുടിവെള്ളം എത്തിക്കുന്നതിനുള്ള പ്രവർത്തനം നടത്തണം	സ്വാഭാവിക ഉറവകൾ സംരക്ഷിക്കുകയും വൃത്തിയായി പരിപാലിക്കുകയും ഗ്രാവിറ്റി പൈപ്പ് കണക്ഷൻ സാധ്യമായിടങ്ങളിൽ

		പ്രസ്തുത പദ്ധതി പൂർണമാക്കുക.
	മഴവെള്ള സംഭരണി നിർമ്മാണം	വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ ഊരുകളിൽ എത്തിച്ച് ഗാർഹിക കണക്ഷൻ നൽകുക.
	കിണറുകൾക്ക് ചുറ്റും പ്ലാറ്റ്ഫോം നിർമ്മിക്കുക. വർഷംതോറും കിണറുകൾ ശുചിയാക്കുക.	
	ഒ& എം. ചിലവ് ഗ്രാമപഞ്ചായത്തുകളുടെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുക.	

മുഖ്യപ്രശ്നം-6 റോഡിന്റെ ശോചനീയാവസ്ഥയും ഗതാഗത സൗകര്യമില്ലായ്മയും		
കാരണം	**പ്രശ്നപരിഹാര നിർദ്ദേശങ്ങൾ**	
	കീഴ്തട്ട്	**മേൽത്തട്ട്**
സങ്കേതങ്ങളിൽ ഗതാഗത സൗകര്യവും, നടപ്പാതയും ഇല്ലാത്തതുകൊണ്ട് കുട്ടികൾക്ക് സ്കൂളിൽ പോകാൻ കഴിയുന്നില്ല. രോഗിയെ ഹോസ്പിറ്റലിൽ എത്തിക്കാൻ കഴിയുന്നില്ല.		ട്രൈബൽ സബ് പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പാതകൾ കോൺക്രീറ്റ് ചെയ്യുക. സങ്കേതങ്ങളിൽ റോഡ് നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുക. സങ്കേതത്തിലേയ്ക്കുള്ള റോഡുകൾ പൊതുഫണ്ട് ചെലവഴിച്ച് നടപ്പിലാക്കുക.

മുഖ്യപ്രശ്നം-7 ഊരിന്റെ വികസനത്തിന് മൂപ്പനും പ്രൊമോട്ടറും സംയുക്തമായി പ്രവർത്തിക്കുന്നില്ല.		
കാരണം	**പ്രശ്നപരിഹാര നിർദ്ദേശങ്ങൾ**	
	കീഴ്തട്ട്	**മേൽത്തട്ട്**
മൂപ്പനും പ്രൊമോട്ടറും പലപ്പോഴും അലസത കാണിക്കുന്നു.		നല്ല മൂപ്പനും നല്ലപ്രൊമോട്ടർക്കും അവാർഡ് നൽകണം. ഊര് മുപ്പന്മാർക്കും എസ്.റ്റി. പ്രൊമോട്ടർമാർക്കും പരിശീലനം നൽകണം.

മുഖ്യപ്രശ്നം-8 സംരക്ഷണ നിയമങ്ങൾ നടപ്പാക്കുന്നതിലെ വീഴ്ച		
കാരണം	**പ്രശ്നപരിഹാര നിർദ്ദേശങ്ങൾ**	
	കീഴ്തട്ട്	**മേൽത്തട്ട്**
സംരക്ഷണ നിയമങ്ങൾ നടപ്പാക്കുന്നതിൽ വീഴ്ച	അതിക്രമങ്ങൾ തടയൽ നിയമം, ഭൂമി അന്യാധീനപ്പെടുത്തുന്നതു തടയൽ നിയമം, വനാവകാശ നിയമം ഇവ ശരിയായ രീതിയിൽ നടപ്പാക്കണം.	

ദീർഘകാല ലക്ഷ്യങ്ങൾ

പരിഹാര നടപടികളിലൂടെ അടിസ്ഥാന സൗകര്യ മേഖലയിൽ നേടാനാവുമെന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ പട്ടികയിൽ കൊടുത്തിരിക്കുന്നു.

ലക്ഷ്യ സ്ഥാനം 1- അടിസ്ഥാന സൗകര്യ വികസനം	
കീഴ്തട്ട്	**മേൽത്തട്ട്**
സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ആവശ്യമായ ധനസഹായം അനുവദിയ്ക്കുക	എസ്റ്റിമേറ്റു പ്രകാരമുള്ള തുക അനുവദിക്കുക
വീടുകൾ റിപ്പയർ ചെയ്യുക	വീട് നിർമ്മാണത്തിന് അംഗങ്ങളുടെ എണ്ണമനുസരിച്ചു സ്ഥലസൗകര്യത്തോടുകൂടി വീട് എസ്റ്റിമേറ്റ് തയ്യാറാക്കി അനുവദിക്കുക.

ഗുണനിലവാരമുള്ള വസ്തുക്കൾ ഉപയോഗിക്കുക.	എല്ലാ ഭൂരഹിതർക്കും ഒരേക്കർ ഭൂമി നൽകാൻ നടപടി സ്വീകരിക്കുക.
അടുക്കള നിർമ്മിച്ച് നൽകുക.	എല്ലാ ഊരുകളിലെയും വീടുകളിൽ വൈദ്യുതീകരണം പൂർത്തിയാക്കുക.
നിലവിൽ വളർത്തുമൃഗങ്ങളെ വളർത്തുന്നവർക്ക് തൊഴുത്ത് നിർമ്മിച്ചു നൽകുക.	
ഒറ്റപ്പെട്ടു താമസിക്കുന്നവർക്കും മറ്റുള്ളവർക്കും കുടിവെള്ളം ലഭ്യമാക്കണം. പൊതുടാപ്പുകൾ അനുവദിക്കുക.	
കുടുംബങ്ങളിലേക്കുള്ള വഴികൾ വൃത്തിയാക്കുക.	
പഞ്ചായത്തുകൾ നേരിട്ട് വീട് നിർമ്മാണ പ്രവർത്തനം നടത്തണം.	
ഊര് മൂപ്പൻ അദ്ധ്യക്ഷത വഹിക്കുന്ന ഊരു വികസന സമിതിയ്ക്ക് രൂപം നൽകി ശക്തമായ മോണിറ്ററിംഗ് എന്ന സംവിധാനം ഏർപ്പെടുത്തുക.	

അടിസ്ഥാന സൗകര്യമേഖല

നിർദ്ദേശങ്ങൾ

- *ഈറ്റ ഉൽപ്പന്നങ്ങളുടെ നിർമ്മാണ പരിശീലനം, വിപണനകേന്ദ്രം.*
- *പേപ്പർ ഉൽപ്പന്ന നിർമ്മാണ പരിശീലനം.*
- *നമ്മുടെ സ്ഥാപനങ്ങളിൽ ഉൽപ്പന്നങ്ങൾ വിപണനം നടത്തുക.*
- *ജില്ലയിലെ പട്ടികവർഗ്ഗ വികസന വകുപ്പ് വക ഉപയോഗ ശൂന്യമായ കെട്ടിടങ്ങൾ കണ്ടെത്തി സംയുക്ത സംരംഭം (പഞ്ചായത്ത് / വകുപ്പ്) വഴി ഉപയോഗയോഗ്യമാക്കുക.*
- *പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്ന് സ്ഥലം ഏറ്റെടുത്ത് നടത്തുന്ന പദ്ധതികളിൽ/സംരംഭങ്ങളിൽ ദാതാവായ കുടുംബങ്ങളിൽ നിന്ന് ഒരാൾക്കെങ്കിലും ജോലി നൽകുക.*
- *സ്വയം തൊഴിലിന് ഇരുചക്ര വാഹനം, ഓട്ടോറിക്ഷ വിതരണം ഇവ ഫലപ്രദമായി ഉപയോഗിക്കുന്നില്ലാത്തത് തിരിച്ചുപിടിച്ച് അർഹരായവർക്ക് കൊടുക്കുക.*
- *തരിശുഭൂമിയിലെ കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ.*
- *സഹകരണ സംഘങ്ങളിൽ പട്ടികവർഗ്ഗ വിഭാഗക്കാരുടെ പ്രാതിനിധ്യം ഉറപ്പു വരുത്തുക.*
- *പ്രവർത്തനങ്ങൾ വിലയിരുത്തപ്പെടണം.*
- *എസ്റ്റി റേഷൻകട (പട്ടികവർഗ്ഗ മേഖലകളിൽ)*
- *ഓണക്കിറ്റ്, ഓണക്കോടി വിതരണങ്ങൾ റേഷൻകട വഴി നടപ്പാക്കാവുന്നതാണ്.*
- *മൊബൈൽ റേഷൻകടകൾ (വാഹന സൗകര്യമില്ലാത്ത എസ്റ്റി കുട്ടികളിൽ) പ്രവർത്തനം*
- *കൃത്യമായി വിലയിരുത്തപ്പെടണം.*

നവീന ആശയങ്ങൾ/നിർദ്ദേശങ്ങൾ-സംയുക്ത പ്രോജക്ടുകൾക്കായി-

8. വെട്ടപ്പുര(വയോജന പരിപാലന പദ്ധതി)

വാർദ്ധക്യം കൊണ്ടും രോഗങ്ങൾ കൊണ്ടും ഒറ്റപ്പെട്ടവരും അഗതികളുമായ നിരവധിയാളുകൾ എല്ലാ സങ്കേതങ്ങളിലുമുണ്ട്. അവരുടെ ശാരീരികവും മാനസികവുമായ ഉല്ലാസത്തിനും ആരോഗ്യ സംരക്ഷണത്തിനുമായുള്ള പരിപാടി:

- സങ്കേതങ്ങൾക്കകത്തോ സമീപത്തോ തയ്യാറാക്കുന്ന പൊതു വിശ്രമസ്ഥലങ്ങൾ പരാമ്പരാഗത രീതിയിൽ തയ്യാറാക്കുന്ന'പുരകൾ'
- കാർഷികവൃത്തി ചെയ്യാൻ കഴിവുള്ളവർക്ക് അതിനും മുളയുൽപ്പന്നങ്ങൾ ചെയ്യാനാവുന്നവർക്ക് അതിനുമുള്ള സൗകര്യങ്ങൾ.
- തുടർച്ചയായ മെഡിക്കൽ ക്യാമ്പുകളും ആരോഗ്യ പരിശോധനകളും
- പൊതു അടക്കളയും പാചകവും
- ഒരു ഫെസിലിറ്റേറ്ററുടെ സഹായം.

9. <u>ഒപ്പം</u> (ആശ്രിതരില്ലാത്ത രോഗികൾക്ക് കൂട്ടിരിപ്പിന് ആളെ നൽകൽ)

നോക്കാനാളില്ലാത്ത രോഗികൾക്ക് ആശുപത്രികളിൽ കൂട്ടിരിക്കാൻ ആരുമില്ലാത്ത സാഹചര്യം തുടർച്ചയായി റിപ്പോർട്ട് ചെയ്യപ്പെടാറുണ്ട്. ഇക്കാരണത്താൽ ആശുപത്രിയിൽ പോകാത്ത രോഗികളുമുണ്ട്. ആശ്രിതരില്ലാത്ത പട്ടികവർഗ്ഗ രോഗികൾക്ക് ആശുപത്രിയിൽ കൂട്ടിരിക്കാനും സഹായിക്കാനുമായി ബൈസ്റ്റാൻഡേഴ്സ് ബാങ്ക്. അതോടൊപ്പം നിയമസഹായം വേണ്ടവർക്ക് ഒപ്പം ചെല്ലാനും സാക്ഷിയാകാനും ഇത്തരക്കാരെ നിയോഗിക്കുവാനും കഴിയും.

- പട്ടികവർഗ്ഗക്കാരായ, യോഗ്യതയുള്ളവരെ ബൈസ്റ്റാൻഡേഴ്സ് ബാങ്കിലേയ്ക്ക് കണ്ടെത്തുന്നു. ആവശ്യമുള്ളിടങ്ങളിൽ'ഹെൽത്ത് പ്രമോട്ടർമാർ' മുഖാന്തിരം എത്തിക്കുന്നു.
- സമഗ്ര ആരോഗ്യ സുരക്ഷാപദ്ധതിയുടെ ഭാഗമായി കൂട്ടിരിപ്പുകാർക്കുള്ള ആനുകൂല്യത്തിനൊപ്പം ഒരു വിഹിതം അധികമായി ദിനബത്തയായി അനുവദിക്കും.
- 'അതിക്രമങ്ങൾ തടയൽ ആക്ട് ഉൾപ്പെടെ നിരവധി നിയമസഹായങ്ങൾ വേണ്ടവർക്ക് പോലീസ് സ്റ്റേഷനിലും കോടതിയിലും ഒപ്പം പോകാനും സഹായിക്കാനുമായി ഇവരെ വിനിയോഗിക്കാം.

10. <u>ഗോത്രായനം.</u>(ഉത്തരവാദിത്വ ഗോത്ര ടൂറിസം)

ജില്ലയിലെ പ്രധാനപ്പെട്ട ടൂറിസ്റ്റ് സ്പോട്ടുകൾ പട്ടികവർഗ്ഗ സങ്കേതങ്ങളുമായി ബന്ധപ്പെട്ട് സ്ഥിതി ചെയ്യുന്നു. പക്ഷേ പട്ടികവർഗ്ഗ കല, സംസ്കാരം, വന-പാരമ്പര്യ-കാർഷികോല്പന്നങ്ങൾ ഇതിന്റെ ഭാഗമാക്കാനോ പട്ടികവർഗ്ഗക്കാർക്ക് തൊഴിലവസരങ്ങൾ കിട്ടാനോ ഇതുവരെ സാഹചര്യമുണ്ടായിട്ടില്ല. ഉത്തരവാദിത്വ ടൂറിസത്തിന്റെ ഭാഗമായി ഗോത്രമേഖലയ്ക്ക് അവസരങ്ങൾ സൃഷ്ടിക്കുന്ന പ്രത്യേക പദ്ധതി.

- ടൂറിസ്റ്റ് സ്പോട്ടുകളിൽ പാരമ്പര്യ-അനുഷ്ഠാന കലാ പ്രദർശനങ്ങൾ, ഗോത്രപാരമ്പര്യ ചിഹ്നങ്ങൾ, ഉൾപ്പെടുന്ന മ്യൂസിയം.
- വംശീയഭക്ഷണം, വംശീയ ചികിത്സാസൗകര്യങ്ങൾ
- ബാംബൂ ഉല്പന്നങ്ങൾ (ഉല്പാദനവും വിപണനവും)
- ഡി.റ്റി.ഡി.സി., കിർത്താഡ്സ് സഹകരണത്തോടെ
- ഉല്പന്നങ്ങളുടെ ബ്രാൻഡിംഗ് & മാർക്കറ്റിംഗ്

11. (ബദൽ അംഗനവാടി/ കിന്റർഗാർട്ടനുകൾ)

ഏതാണ്ട് 50% ഓളം 3-6 പ്രായമുള്ള കുട്ടികൾക്ക് ഗോത്രമേഖലയിൽ അംഗനവാടി സൗകര്യങ്ങളോ, പ്രീപ്രൈമറി സൗകര്യങ്ങളോ ജില്ലയിൽ ലഭിക്കുന്നില്ല. വനാന്തര ഊരുകളിൽ ഇത്രയും അംഗനവാടികൾ ആരംഭിക്കുന്നതിന് വളരെ കാലതാമസമുണ്ടാകും. അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരവും 3-6 പ്രായമുള്ള കുട്ടികൾക്ക് മെച്ചപ്പെട്ട പ്രീ-പ്രൈമറി വിദ്യാഭ്യാസം നൽകാനുമായി ഒരു സമാന്തര സ്ഥാപനം. ഭാവിയിൽ കിന്റർഗാർട്ടനുകളായി പരിവർത്തനംചെയ്യാനാവും വിധം സജ്ജീകരിക്കാവുന്നതാണ്.

- യോഗ്യതയുള്ള ഫെസിലിറ്റേറ്ററുടെ സേവനം
- ഭക്ഷണവും പാചകവും അമ്മമാരുടെ സമിതിയുടെ ചുമതല
- കുട്ടികൾക്ക് മെച്ചപ്പെട്ട അക്ഷര വിദ്യാഭ്യാസവും മാനസികോല്ലാസവും പ്രദാനം ചെയ്യുന്നു.
- അമ്മമാർക്കും കുഞ്ഞുങ്ങൾക്കും നൈപുണ്യവികസന സാഹചര്യങ്ങൾ.
- തുടർച്ചയായ ആരോഗ്യപരിശോധനയും പരിചരണവും.

12. <u>അപ്പാരൽ പാർക്ക്(ചെറുകിട വ്യവസായ നൈപുണ്യ പരിപാടികൾ)</u>

നൈപുണ്യമുണ്ടായിട്ടും തൊഴിലവസരങ്ങളില്ലാത്ത പട്ടികവർഗ്ഗ വനിതകൾ എല്ലാ സങ്കേതങ്ങളിലുമുണ്ട്. തറിനെയ്ത്ത്, തയ്യൽ, ബാംബൂ ഉല്പന്നങ്ങളുടെ നിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം, ഫുഡ് പ്രോസ്സസിംഗ്, കുടനിർമ്മാണം, സാനിട്ടറി നാപ്കിൻ നിർമ്മാണം തുടങ്ങിയവയിൽ പ്രാവീണ്യമുള്ള വനിതകൾക്കായി ഒരേ കുടകീഴിൽ വ്യവസായ പാർക്കുകൾ.

- നിലവിൽ പ്രവർത്തന രഹിതമായതോ നാമമാത്രമായി പ്രവർത്തിക്കുന്നതോ ആയ പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ പരിവർത്തനം ചെയ്യാനുള്ള സാധ്യത.
- ആധുനിക അപ്പാരൽ പാർക്കുകളുടെ മാതൃകയിലുള്ള സംവിധാനങ്ങൾ.
- പരിശീലനത്തിനുള്ള പ്രത്യേക സംവിധാനം.
- ഉല്പാദനത്തിനും കച്ചവടത്തിനും സാധ്യതകൾ.

13. <u>പുമ്പാറ്റകൾ(വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി)</u>

ഊരുകളിൽ ഇതുവരെ സ്കൂളിൽ എത്താത്ത കുട്ടികളെയും കൊഴിഞ്ഞുപോക്കിനു വിധേയമായ കുട്ടികളെയും സ്കൂളിലെത്തിക്കുന്നതിന് കുട്ടികൾക്കും രക്ഷാകർത്താക്കൾക്കും ഊരുവാസികൾക്കും ഫലപ്രദമായ ബോധവത്ക്കരണം നൽകുന്നതിന് സാമൂഹ്യനീതിവകുപ്പിന്റെ (ജില്ലാ ശിശു സംരക്ഷണയൂണിറ്റ്) വിജയകരമായ പ്രോജക്ടാണിത്. ജില്ലയിലെ അവികസിത ഗോത്ര മേഖലകളിലാകെ തന്നെ മാതൃകയാക്കാവുന്ന നവീനമായൊരു ആശയവും ഇടപെടലുമാണിത്.

- ഓരോ കുട്ടിക്കും വ്യക്തിഗത പരിപാലന പദ്ധതി
- MSW/MA Sociology വിദ്യാർത്ഥികളുടെ സഹകരണം
- ഭിന്നശേഷിക്കാർക്ക് പ്രത്യേക പദ്ധതി
- അച്ഛനമ്മമാർക്കും കുട്ടികൾക്കും സഹവാസക്യാമ്പുകൾ.
- നിരന്തരമായ ഇടപെടലുകളും സഹായവും
- യുവജനസമിതിയും അമ്മമാരുടെ സമിതിയും രൂപീകരിക്കൽ

<u>ഉപസംഹാരം</u>

<u>ലക്ഷ്യവും- കാഴ്ചപ്പാടും</u>

- പട്ടികവർഗ്ഗ ഉപപദ്ധതിയുടെ ഫണ്ട് ഗുണമേന്മയോടുകൂടി പൂർണമായി പട്ടികവർഗ്ഗക്കാരുടെ ക്ഷേമവികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുക.
- ഗോത്രസൗഹൃദ ജില്ലയും ഗോത്രസൗഹൃദ പഞ്ചായത്തുകളും എന്ന നയത്തിലൂന്നിയുള്ള പദ്ധതികൾ.
- വൃത്തി, വെളിച്ചം, കുടിവെള്ളം, വാഹനസൗകര്യം തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങളോടെയുള്ള കുടുംബങ്ങളും ഊരുകളും സാധ്യമാക്കുക.
- മുഴുവൻ കുടുംബങ്ങൾക്കും വൈദ്യുതിയും കക്കൂസും സുരക്ഷിതമായ വീടുകളും സാധ്യമാക്കുക.
- ഗോത്രകലകളും സാസ്കാരിക തനിമകളും നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
- പ്രദേശത്തിനും സംസ്കാരത്തിനും അനുയോജ്യമായ സമീപനത്തിലൂന്നി പ്രാദേശിക വികസനവും ജീവിത നിലവാരമുയർത്തിയും സാധ്യമാക്കുക.
- തൊഴിലും വരുമാനവും വർദ്ധിപ്പിച്ചും ജീവിതനിലവാരം ഉയർത്തിയും അടിസ്ഥാനസൗകര്യങ്ങൾ സ്വയമാർജിക്കാൻ അടുത്ത തലമുറയെ പ്രാപ്തരാക്കുക.
- ഉപപദ്ധതി ഫണ്ടിനു പുറമേ ജനറൽ ഫണ്ടും ഇതര സംവിധാനങ്ങളിലെ സ്രോതസും വിനിയോഗിച്ച് ധനപരമായ പ്രവർത്തനം സംയോജനം സാധ്യമാക്കുക.
- ഊരുകൂട്ടങ്ങൾ സജീവവും ക്രിയാത്മകവുമായുള്ള വഴി പങ്കാളിത്ത ജനാധിപത്യവത്കരണം സാധ്യമാക്കുക.
- തൊഴിൽ വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിനും പാരമ്പര്യവും നൂതനവുമായ തൊഴിൽ സാധ്യതകളെ ഉപയോഗപ്പെടുത്തുക. യുവജനങ്ങൾക്ക് തൊഴിൽ പരിശീലനവും കരിയർ ഗൈഡൻസ് പരിപാടികളും തുടർച്ചയായി ആവിഷ്കരിച്ച് നടപ്പിലാക്കുക
- ലഹരിവസ്തുക്കളുടെ ഉപയോഗം തടയുന്നതിന് പ്രായോഗികവും തുടർച്ചയുള്ളതുമായ സൗഹൃദപദ്ധതികൾ ആവിഷ്കരിക്കുക.
- വിദ്യാഭ്യാസം തടസ്സപ്പെടാതിരിക്കാൻ സങ്കേതങ്ങളിൽ പ്രത്യേക സമിതിയുടെ നിരീക്ഷണവും ഇടപെടലും സാധ്യമാക്കുക.

❖ പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ വികസനത്തിനായി വ്യക്തിഗതി പരിപാലന പദ്ധതി ആവിഷ്കരിക്കുക.

തദ്ദേശീയ ജനതയുടെ അവകാശ സംരക്ഷണത്തിനും അതിജീവനത്തിനും വേണ്ടി, അവരുടെ അന്തസും സംസ്കാരവും നിലനിർത്തുന്നതിനും പാരമ്പര്യ അറിവുകളും വിഭവങ്ങളും സംരക്ഷിക്കുന്നതിനും ഒപ്പം പുതിയ കാലത്തെ വിദ്യാഭ്യാസം, സംസ്കാരം, ആരോഗ്യ പരിപാലനം, ആശയ വിനിമയ സംവിധാനങ്ങൾ അവരുടെ അറിവോടെ അവർക്കും അനുഭവവേദ്യമാക്കുന്നതിന് പരിപാടികൾ ആവിഷ്കരിക്കുന്നതിനുമായി സുതാര്യവും സമഗ്രവും സംയോജിതവുമായ നിർവ്വഹണ പരിപാടികൾ ആവിഷ്കരിക്കാം.

പട്ടികവർഗ്ഗ വികസനവകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ പരിഷ്കാര നിർദ്ദേശങ്ങൾ

1. വസ്ത്ര വിതരണം

ട്രൈബൽ സ്കൂളുകളിലെ ലോവർ പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓരോ വർഷവും 2 ജോഡി യൂണിഫോം നൽകുന്ന പദ്ധതി വിദ്യാഭ്യാസവകുപ്പ് മുഖേനയും സൗജന്യയൂണിഫോം നൽകുന്നതിനാൽ നിൽത്തലാക്കാവുന്നതാണ്.

2. ബോർഡിംഗ് ഗ്രാന്റ്

പട്ടികവർഗ്ഗ വികസനവകുപ്പിന് കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിലും മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും കുട്ടികളുടെ ഒഴിവ് നികത്താതെ കിടക്കുന്ന സാഹചര്യത്തിൽ സന്നദ്ധ സംഘടനകൾ നടത്തുന്ന ഹോസ്റ്റലുകളിൽ നൽകുന്ന ബോർഡിംഗ് ഗ്രാന്റ് നിർത്തലാക്കാവുന്നതാണ്.

3. മാതാപിതാക്കൾക്ക് പ്രോത്സാഹന ഗ്രാന്റ്

പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളിൽ അയയ്ക്കുന്നതിന് വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പ്രതിമാസം 50/- രൂപ നിരക്കിൽ നൽകുന്ന ഗ്രാന്റിന് വരുമാനപരിധി നിശ്ചയിക്കാവുന്നതാണ്.

4. ജനനി ജന്മരക്ഷ

പട്ടികവർഗ്ഗത്തിൽപ്പെട്ട അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും പോഷകാഹാര ലഭ്യത ഉറപ്പു വരുത്തുന്നതിന് ഗർഭിണി ആയതിനുശേഷമുള്ള 3 മാസം മുതൽ കുട്ടിക്ക് 1 വയസ്സ് ആകുന്നതു വരെ പ്രതിമാസം 1000/- രൂപ നൽകുന്ന പദ്ധതിക്കും വരുമാനപരിധി ഏർപ്പെടുത്താവുന്നതാണ്.

5.പ്രൊമോട്ടർമാർ

100 കുടുംബങ്ങൾക്ക് 1 പ്രൊമോട്ടർ എന്ന രീതിയിൽ പ്രൊമോട്ടർമാരുടെ എണ്ണം ക്രമീകരിക്കാവുന്നതാണ്.

6. ഭവനനിർമ്മാണം/ വീടുകളുടെ അറ്റകുറ്റപണി

ജില്ലയിലെ കോളനികളുടെ ദുർഘടാവസ്ഥ പരിഗണിച്ച് ഓരോ വീടുകളിലും എസ്റ്റിമേറ്റിന്റെയും പ്ലാനിന്റെയും അടിസ്ഥാനത്തൽ തുക അനുവദിക്കാവുന്നതാണ്. സ്വന്തമായി വീട് പണിയാൻ പ്രാപ്തി ഇല്ലാത്തവർക്ക് വീട് നിർമ്മിച്ച് നൽകുന്നതിന് ഒരു ഏജൻസിയെ ചുമതലപ്പെടുവുന്നതാണ്.

നിലവിൽ ടി.എസ്.പി.ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികൾ 50%ൽ അധികം പട്ടികവർഗ്ഗക്കാർ ഉണ്ടെങ്കിൽ മാത്രമേ നടപ്പിലാക്കാൻ സാധിക്കുന്നുള്ളൂ. ആയത് മൂലം 50%ൽകുറവ് പട്ടികവർഗ്ഗക്കാർ ഉള്ള കോളനികളിൽ ടി.എസ്.പി ഫണ്ട് ഉപയോഗിക്കാൻ നിർവ്വാഹമില്ല. ആയതിനാൽ ആനുപാതിക വകയിരുത്തലിന് അനുമതി നൽകാവുന്നതാണ്.

7. ഓണക്കോടി/ഓണക്കിറ്റ് വിതരണം

പട്ടികവർഗ്ഗക്കാർക്ക് നൽകുന്ന ഓണക്കിറ്റ് വിതരണത്തിനും 60 വയസിനു മുകളിൽ ഉള്ളവർക്ക് നൽകുന്ന ഓണക്കോടി വിതരണത്തിനും സർക്കാർ ജീവനക്കാരെയും സ്ഥിരവരുമാനമുള്ളവരെയും ഒഴിവാക്കി വരുമാനപരിധി ഏർപ്പെടുത്താവുന്നതാണ്.

ഇടമലക്കുടി ട്രൈബൽ സെറ്റിൽമെന്റിനെക്കുറിച്ച് സമർപ്പിക്കുന്ന കുറിപ്പ്

ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ, മൂന്നാർ പഞ്ചായത്തിൽ മൂന്നാറിൽ നിന്ന് 20 കിലോമീറ്റർ അകലെ വാഹന യാത്രാ സൗകര്യമുള്ള പെട്ടിമുടിയിൽ നിന്നും 18 ലേറെ കിലോമീറ്റർ കാൽ നടയായി കൊടും വനത്തിലൂടെ സഞ്ചരിച്ചാൽ മാത്രമേ ഇടമലക്കുടിയിൽ എത്താൻ സാധിക്കുകയുള്ളു. ആകെ 28 കുടികളിലായി 700 ലേറെ കുടുംബങ്ങളിലായി 2500 ലേറെ പട്ടികവർഗ്ഗക്കാർ ഇവിടെ അധിവസിക്കുന്നു. മുഴുവൻ കുടുംബങ്ങളും പട്ടികവർഗ്ഗ മുതുവാൻ വിഭാഗത്തിൽ ഉൾപ്പെടുന്നവരാണ്.

സംസ്ഥാനത്തെ ആദ്യത്തെ പട്ടികവർഗ്ഗ ഗ്രാമപഞ്ചായത്തായ ഇടമലക്കുടി മൂന്നാർ ഫോറസ്റ്റ് ഡിവിഷന് കീഴിൽ, മൂന്നാർ ഫോറസ്റ്റ് റേഞ്ചിന്റ പരിധിയിലുള്ളതാണ്. 28 കുടികളിലായി 737 കുടും

ബങ്ങളാണുള്ളത്. മുതുവാൻ സമുദായത്തിൽപ്പെട്ട കുടുംബങ്ങളുടെ പ്രധാന വരുമാനം ഏലം, കുരുമുളക് എന്നിവയിൽ നിന്നുമാണ്. ശരാശരി ഒരു കുടുംബത്തിന് 20 ഏക്കർ വരെ ഭൂമി കൈവശമുണ്ട്.

ആകെ കുടുംബങ്ങൾ	-	737
ആകെ ജനസംഖ്യ	-	2647
ആകെ കുടികൾ	-	28
ആകെ വാർഡുകൾ	-	13
ആസ്ഥാനം	-	സൊസൈറ്റിക്കുടി

ആകെ 26 കുടികളിൽ ആൾ താമസമുണ്ട്.

<u>സെറ്റിൽമെന്റുകൾ</u>

1) ആവൻകുടി
2) ഇഡലിപ്പാറക്കുടി
3) പുതുക്കുടി
4) ഷെഡുകുടി
5) നൂറടിക്കുടി
6) ചെന്നായ്പ്പാറക്കുടി
7) വെള്ളവരക്കുടി
8) ഇരുപ്പുകല്ല്
9) മീൻകുത്തിക്കുടി
10) മുളകുതറ
11) കൂടല്ലാർകുടി
12) നടുക്കുടി
13) അമ്പലപ്പടിക്കുടി
14) കീഴ്പ്പത്തംകുടി
15) പത്തംകുടി
16) അമ്പലപ്പാറക്കുടി
18) തേൻപാറക്കുടി
19) നെൻമണൽക്കുടി
20) കവക്കാട്ടുകുടി
21) ചപ്പുകുടി (ആൾവാസമില്ല)
22) കള്ളക്കുട്ടികുടി
23) പരപ്പയാർകുടി
24) ഏലപ്പാറ (ആൾവാസമില്ല)
25) പെരിയകുടി
26) കീഴ്വളയാംപാറ
27) തകരംതട്ടി
28) മേൽവളയംപാറ

ഭാഗം 111

അടിമാലി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിന്റെ കീഴിലുള്ള സ്കൂളുകൾ	
1	കൊടകല്ല്- അടിമാലി റ്റി.ഇ.ഒ
2	പ്ലാമലക്കുടി- അടിമാലി റ്റി.ഇ.ഒ
3	കട്ടമുടി- അടിമാലി റ്റി.ഇ.ഒ
4	പുതുക്കുടി- മറയൂർ ടി.ഇ.ഒ
5	ഒള്ളവയൽ- മറയൂർ ടി.ഇ.ഒ
6	വത്സപ്പെട്ടി- മറയൂർ ടി.ഇ.ഒ
7	തീർത്ഥമല - മറയൂർ ടി.ഇ.ഒ
8	പാളപ്പെട്ടി- മറയൂർ ടി.ഇ.ഒ

9	ഈച്ചാംപെട്ടി- മറയൂർ ടി.ഇ.ഒ
10	സ്വാമിയറള- മറയൂർ ടി.ഇ.ഒ
11	കമ്മാളംകുടി- മറയൂർ ടി.ഇ.ഒ
12	തായണ്ണൻകുടി- മറയൂർ ടി.ഇ.ഒ
13	ലക്കം -മൂന്നാർ റ്റി.ഇ.ഒ.
14	ഇഡ്ഡലിപ്പാറക്കുടി- -മൂന്നാർ റ്റി.ഇ.ഒ.
15	പരപ്പയാർ- -മൂന്നാർ റ്റി.ഇ.ഒ.
16	ശേവൽക്കുടി-മൂന്നാർ റ്റി.ഇ.ഒ.
17	കമ്പനിക്കുടി -മൂന്നാർ റ്റി.ഇ.ഒ.
18	കോഴിയളക്കുടി -മൂന്നാർ റ്റി.ഇ.ഒ.
19	കൂടല്ലാർകുടി - മറയൂർ ടി.ഇ.ഒ
20	തട്ടേക്കണ്ണൻകുടി- അടിമാലി റ്റി.ഇ.ഒ
21	ചൊക്രമുടി- അടിമാലി റ്റി.ഇ.ഒ
22	മീൻകുത്തി- -മൂന്നാർ റ്റി.ഇ.ഒ.
ഐ.റ്റി.ഡി.പി.യുടെ കീഴിലുള്ള സ്കൂൾ	
23	മേമാരി-കട്ടപ്പന റ്റി.ഇ.ഒ

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ (ബ്ലോക്ക്, ഗ്രാമപഞ്ചായത്ത്)

2016-17 സാമ്പത്തികവർഷത്തിലെ പദ്ധതി തുക (TSP) അവലോകനം.

തദ്ദേശ സ്ഥാപനങ്ങളുടെ 2016-17 വർഷത്തെ ടി.എസ്.പി. വിഹിതം

ക്രമ നം.	തദ്ദേശ സ്ഥാപനം	ടി.എസ്.പി അലോട്ട്മെന്റ് (കോടിയിൽ)
1	അടിമാലി ബ്ലോക്ക്	70.21
2	അഴുതബ്ലോക്ക്	41.98
3	ദേവികുളംബ്ലോക്ക്	117.91
4	ഇളംദേശംബ്ലോക്ക്	110.39
5	ഇടുക്കിബ്ലോക്ക്	90.05
6	കട്ടപ്പന ബ്ലോക്ക്	50.59

7	നെടുങ്കണ്ടം ബ്ലോക്ക്	14.26
8	തൊടുപുഴ ബ്ലോക്ക്	10.67
9	അടിമാലി	172.43
10	പള്ളിവാസൽ	6.51
11	കൊന്നത്തടി	13.29
12	ബൈസൺവാലി	16.59
13	വെള്ളത്തൂവൽ	6.3
14	ഏലപ്പാറ	3.39
15	കൊക്കയാർ	30.99
16	കുമളി	45.08
17	പീരുമേട്	9.72
18	പെരുവന്താനം	25.68
19	വണ്ടിപ്പെരിയാർ	11.1
20	ദേവികുളം	6.47
21	മൂന്നാർ	5.7
22	മറയൂർ	88.57
23	കാന്തല്ലൂർ	67.48
24	വട്ടവട	47.57
25	ചിന്നക്കനാൽ	23.3
26	ശാന്തമ്പാറ	6.69
27	ഇടമലക്കുടി	61.28
28	മാങ്കുളം	46.66
29	വെള്ളിയാമറ്റം	153.89
30	ആലക്കോട്	1.38
31	കരിമണ്ണൂർ	1.86
32	വണ്ണപ്പുറം	65.59
33	ഉടുമ്പന്നൂർ	70.96
34	കുടയത്തൂർ	37.37
35	കോടിക്കുളം	0.11
36	അറക്കുളം	121.01
37	കഞ്ഞിക്കുഴി	90.15
38	കാമാക്ഷി	1.42
39	മരിയാപുരം	1.35

40	വാത്തിക്കുടി	21.42
41	വാഴത്തോപ്പ്	34.79
42	അയ്യപ്പൻകോവിൽ	9.68
43	ചക്കുപള്ളം	10.53
44	ഇരട്ടയാർ	1.38
45	കാഞ്ചിയാർ	36.5
46	ഉപ്പുതറ	64.36
47	വണ്ടൻമേട്	17.13
48	കട്ടപ്പന മുനിസിപ്പാലിറ്റി	12.21
49	നെടുങ്കണ്ടം	6.51
50	കരുണാപുരം	0.75
51	പാമ്പാടുംപാറ	4.02
52	രാജാക്കാട്	0.46
53	രാജകുമാരി	6.57
54	സേനാപതി	5.34
55	ഉടുമ്പൻചോല	19.17
56	ഇടവെട്ടി	2.91
57	കരിങ്കുന്നം	2.73
58	കുമാരമംഗലം	0.42
59	മണക്കാട്	0.57
60	മുട്ടം	24.32
61	പുറപ്പുഴ	1.05

അവലംബം: പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം 2008

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ (ഗ്രാമപഞ്ചായത്ത്)

2017-18 സാമ്പത്തികവർഷത്തിലെ പദ്ധതി (TSP) അവലോകനം.

ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ പ്രോജക്ടുകൾ വിലയിരുത്തി. പ്രധാന പ്രോജക്ടുകൾ താഴെ വിവരിക്കുന്നു.

1. ഭവന നിർമ്മാണം(PMAY/IAY) വിഹിതം ഉൾപ്പെടെ)
2. പാർപ്പിടം, വീട് വൈദ്യുതീകരണം, ചേരി വികസനം.
3. ജലസേചനം, കുടിവെള്ളം, കിണർ റീചാർജ്ജിംഗ് , വാട്ടർ ടാങ്ക് വിതരണം
4. ശുചിത്വം, മാലിന്യസംസ്ക്കരണം- സമ്പൂർണ ശൗചാലയം.
5. തെരുവു വിളക്ക്/ ഓഫീസ് വൈദ്യുതീകരണം , വൈദ്യുതിലൈൻ, ട്രാൻസ്ഫോർമർ
6. വിദ്യാഭ്യാസം കമ്പ്യൂട്ടർ/ലാപ്ടോപ്പ് വിതരണം, ഫർണിച്ചർ, പഠനോപകരണ വിതരണം, പഠനമുറി,
7. മൃഗസംരക്ഷണം - ആടുവളർത്തൽ, കാലിതൊഴുത്ത് നിർമ്മാണം, മുട്ടക്കോഴി വളർത്തൽ, പശു വളർത്തൽ.

8. സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം- വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പ്, കട്ടിൽ, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ക്ഷേമപദ്ധതി.
9. അംഗൻവാടി പോഷകാഹാരം/ കെട്ടിടം, ഫർണിച്ചർ.
10. വ്യവസായം, സ്വയംതൊഴിൽ സംരംഭങ്ങൾ, വിപണന പ്രോത്സാഹനം
11. മെഡിക്കൽ ക്യാമ്പ്/ഗവ: ആയുർവേദ ആശുപത്രിയ്ക്കു മരുന്നു വാങ്ങൽ/ഫർണിച്ചർ/ടോയ്‌ലെറ്റ്
12. തൊഴിൽ വൈദഗ്ദ്ധ്യപോഷണം- ഡ്രൈവിംഗ് പരിശീലനം, തയ്യൽസെന്റർ നവീകരണം
13. കൃഷി ഗ്രോ ബാഗ്/ ഫലവൃക്ഷ തൈകൾ റമ്പൂട്ടാൻ /സുഗന്ധവ്യഞ്ജന വിളകൾ
14. ഉൽപ്പാദനസേവനമേഖലകളിലുൾപ്പെടാത്ത പൊതു കെട്ടിടങ്ങൾ.
15. കലാ സാംസ്ക്കാരിക കായിക വികസനം, യുവജനക്ഷേമം/വായനശാല, ലൈബ്രറി/ ഗ്രാമ സഭ/വാർഡുസഭ കേന്ദ്രങ്ങൾ.
16. ഗതാഗതം - വിവിധ റോഡുകളുടെ നിർമ്മാണം
17. മണ്ണ് ജലസംരക്ഷണം, പരിസ്ഥിതി, വനവൽക്കരണം,
18. മത്സ്യബന്ധനം- മത്സ്യബന്ധന ഉപകരണങ്ങൾ നൽകൽ.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടികവർഗ്ഗ പദ്ധതി നിർവ്വഹണം

സമഗ്ര സംയോജന സാധ്യതകളും പൊതു നിർദ്ദേശങ്ങളും

1. പത്തും പതിനൊന്നും പഞ്ചവത്സര പദ്ധതികളിൽ പട്ടികവർഗ്ഗ ഉപപദ്ധതിയിൽ പരിഹാര വകയിരുത്തലുകൾ ഉണ്ടായിരുന്നു. അതായത് മുൻവർഷത്തിൽ പൊതുവികസന ഫണ്ടിന്റെ വിനിയോഗത്തെക്കാൾ കുറവാണ്. വർഷം പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ട് വിനിയോഗിക്കണമെങ്കിൽ തൊട്ടടുത്ത വർഷം പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ട് വകയിരുത്തുമ്പോൾ ഇതിന് ആനുപാതികമായ വർദ്ധനവ് വകയിരുത്തലിൽ ഉണ്ടാകുമായിരുന്നു. എന്നാൽ പന്ത്രണ്ടാം പഞ്ച വത്സര പദ്ധതിയിൽ ഇത് ഉണ്ടായിട്ടില്ല. ഇത് പുന:സ്ഥാപിക്കാവുന്നതാണ്.
2. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പട്ടികവർഗ്ഗ ഉപപദ്ധതി നടത്തിപ്പിൽ ശരിയായ മോണിറ്ററിംഗ് നടക്കുന്നില്ല. ഒരു നിശ്ചിത ശതമാനത്തിലധികം പട്ടികജാതി/പട്ടികവർഗ്ഗ ജനസംഖ്യയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെങ്കിലും പട്ടികജാതി പട്ടികവർഗ്ഗ സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നത് ഉചിതമായിരിക്കും.
3. പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും നടപ്പിലാക്കുന്ന പദ്ധതികൾ തദ്ദേശ സ്വയംഭണ സ്ഥാപനം നടപ്പാക്കുമ്പോൾ ഡ്യൂപ്ലിക്കേഷൻ ഒഴിവാക്കുന്നതിനായി ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് തലത്തിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്മാരും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരും അടങ്ങുന്ന ഒരു കോ ഓർഡിനേഷൻ സമിതിയുടെ നിരീക്ഷണത്തിലായിരിക്കണം ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കേണ്ടതും പദ്ധതി നിർവ്വഹണം നടത്തേണ്ടതും. (ഉദാഹരണത്തിന് - വിവാഹ ധന സഹായം, കമ്പ്യൂട്ടർ വാങ്ങി നൽകൽ, വീട് നിർമ്മാണം, സ്കോളർഷിപ്പ് മുതലായവ പട്ടികവർഗ്ഗ വികസന വകുപ്പ് നൽകുന്ന കോഴ്സുകൾ ഒഴിച്ച് ബാക്കിയുള്ളവയ്ക്ക് മാത്രം തദ്ദേശ സ്വയം ഭരണ വകുപ്പ് ലാപ്ടോപ്പ് വിതരണം നൽകിയാൽ മതിയാകും. വകുപ്പ് നൽകുന്ന സ്പെസിഫിക്കേഷൻ ഉറപ്പു വരുത്തണം. സംയുക്ത സംയോജിത പദ്ധതികളുടെ സാധ്യത ഈ കമ്മിറ്റിയ്ക്ക് പരിശോധിക്കാവുന്നതാണ്).
4. തദ്ദേശ ഭരണ സ്ഥാപനങ്ങളും, പട്ടികവർഗ്ഗ വികസന വകുപ്പും പല പദ്ധതികളിലൂടെയും നടപ്പിലാക്കിയിട്ടുള്ള കുടിവെള്ള പദ്ധതി, കമ്മ്യൂണിറ്റി ഹാളുകൾ എന്നിവ വൈദ്യുതി ചാർജ്ജ് അടയ്ക്കാത്തതിനാൽ പ്രവർത്തനരഹിതമായിക്കിടക്കുന്നു. ഇത് അടയ്ക്കാൻ നിർവ്വാഹമില്ലാത്തതിനാൽ പട്ടികവർഗ്ഗക്കാർക്ക് പദ്ധതിയുടെ ഫലം ലഭിക്കാതെ പോകുന്നു. പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ഈ ചാർജ്ജ് അടയ്ക്കണം.
5. തദ്ദേശ ഭരണ സ്ഥാപനങ്ങൾ ടി.എസ്.പി. ഫണ്ട് പലപ്പോഴും ഐ.എ.വൈ.ഹൗസിംഗ് പദ്ധതിക്കാണ് വകയിരുത്തുന്നത്. എന്നാൽ പലപ്പോഴും അതാത് വർഷങ്ങളിൽ വീടുകൾ പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ പലപ്പോഴും എല്ലാ ഗഡുക്കളും കൊടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ ടി.എസ്.പി. തുക പൂർണ്ണ ഗഡുക്കളും ചെലവഴിക്കാൻ കഴിയാതെ വരുന്നു. സ്ഥിരമായി വീടിനും റോഡിനുമാണ് റ്റി.എസ്.പി. വിഹിതം വകയിരുത്തികാണുന്നത്. 2017-18 ൽ ഇതുവരെ അംഗീകരിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പരിശോധിച്ചാൽ പതിമൂന്നാം പദ്ധതിയിലും തൽസ്ഥിതി തുടരുന്നതായി കാണാം. വികസനത്തിലുള്ള നിർണായക വിടവുകൾ (ക്രിട്ടിക്കൽ ഗ്യാപ്) പരിഹരിക്കുന്നതിനായിട്ടുള്ള ജീവനോപാധി ഉറപ്പു വരുത്തുന്നതു പോലുള്ള പദ്ധതികൾ ഭാവിയിൽ ഉറപ്പു വരുത്തേതാണ്. വിവിധ വകുപ്പുകളെ

ഏകോപിപ്പിച്ചു കൊണ്ട് ടി.എസ്.പി. നിർവ്വഹണത്തിനായി ഊരടിസ്ഥാനത്തിൽ മൈക്രോപ്ലാനുകൾ ഉണ്ടായിരിക്കുന്നത് നന്നായിരിക്കും.

6. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ:- പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗ രേഖ പ്രകാരം കഴിഞ്ഞ മൂന്ന് വർഷമായി പ്രവർത്തിക്കുന്നതും ഓഹരി മൂലധനത്തിന്റെ (ഷെയർ ക്യാപ്പിറ്റൽ) 50 ശതമാനത്തിൽ കൂടുതൽ നഷ്ടമില്ലാത്തതുമായ സംഘങ്ങൾക്ക് ധനസഹായത്തിനുള്ള അർഹത ഉണ്ടായിരിക്കും. തൊഴിൽ നൽകുന്നതിനുള്ള പ്രോജക്ടുകൾക്ക് മൂലധന ചെലവിന്റെ 50% എന്ന പരിധിക്ക് വിധേയമായി ധനസഹായം നൽകാവുന്നതാണ് മാനേജീരിയൽ സബ്സിഡി നൽകാൻ പാടുള്ളതല്ല. ടി മാനദണ്ഡം പലപ്പോഴും പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കാൻ വിഘാതം സൃഷ്ടിച്ചിരുന്നു. എന്നാൽ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് മാത്രമേ ധനസഹായം നൽകാൻ പാടുള്ളൂ. നിലവിൽ പട്ടികവർഗ്ഗ സംഘങ്ങളിൽ ബഹുഭൂരിപക്ഷവും നഷ്ടത്തിൽ പ്രവർത്തിക്കുന്നവയാണ്. പരിഹാര നടപടി ഉണ്ടാകണം.
7. പട്ടികവർഗ്ഗ വികസന വകുപ്പു വഴിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കുന്ന പട്ടികവർഗ്ഗക്കാർക്കായുള്ള എല്ലാ പദ്ധതികളും ജില്ലാ ആസൂത്രണ സമിതി പ്രത്യേകം വിലയിരുത്തേണ്ടതാണ്. ഫണ്ട് ദുരുപയോഗം ശ്രദ്ധയിൽ പ്പെട്ടാൽ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയായ ജില്ലാ കളക്ടർ തന്നെ അന്വേഷിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി നടപടി സ്വീകരിക്കാവുന്നതാണ്.
8. ടി.എസ്.പി. വകയിരുത്തൽ ഉള്ളതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ജനറൽ ഫണ്ടിന്റെ പ്രയോജനം ഒട്ടും തന്നെ പട്ടികവർഗ്ഗക്കാർക്ക് ലഭിക്കാത്ത സാഹചര്യം ഉണ്ട്. റ്റി.എസ്.പി. ഫണ്ടിനു പുറമേ ജനറൽ ഫണ്ടും കൂടി പട്ടികവർഗ്ഗക്കാർക്ക് വകയിരുത്തുന്നസ്ഥിതി ഉണ്ടാകണം എന്നാൽ മാത്രമേ പട്ടികവർഗ്ഗക്കാർക്ക് വികസനം സാധ്യമാകുകയുള്ളൂ.
9. തദ്ദേശ ഭരണ സ്ഥാപനത്തിന്റെ തനത് ഫണ്ടിൽ നിന്നും ഒരു നിശ്ചിത ഷെയർ പട്ടികവർഗ്ഗക്കാർക്കായി നീക്കി വയ്ക്കണം.
10. ഊരുകൂട്ടങ്ങൾ യഥാവിധം കൂടുന്നുണ്ടോ എന്ന് മോണിറ്റർ ചെയ്യുന്നതിനായി ജില്ലാ ആസൂത്രണ സമിതി അംഗങ്ങളെ ചുമതലപ്പെടുത്തണം.
11. വൈദ്യുതി, കുടിവെള്ളം എന്നീ പൊതുസൗകര്യ പ്രോജക്ടുകളുടെ ആകെ ഗുണഭോക്തൃ കുടുംബങ്ങളിൽ 50% ൽ അധികം പട്ടികവർഗ്ഗക്കാരാണെങ്കിൽ മാത്രമേ പ്രത്യേക ഘടക പദ്ധതി വിഹിതം വകയിരുത്താവൂ. ഈ മാനദണ്ഡം പലപ്പോഴും പ്രസ്തുത ശതമാനത്തിൽ താഴെ ജനസംഖ്യയുള്ള പ്രദേശങ്ങളിൽ ടി.എസ്.പി. ഫണ്ട് ഉപയോഗിച്ചുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തികൾ നടപ്പിലാക്കാൻ കഴിയാതെ വരുന്നു. എന്നാൽ ജനറൽ ഫണ്ടും വകയിരുത്തുന്നതായി കാണുന്നില്ല. ആയതിനാൽ ടി.എസ്.പി. വകയിരുത്തലിൽ പ്രോറേറ്റാ അടിസ്ഥാനത്തിൽ വകയിരുത്തൽ ഉണ്ടാകുന്നത് നന്നായിരിക്കും.
12. പട്ടികവർഗ്ഗ മേഖലകളിൽ കോൺക്രീറ്റ് നടപ്പാത, റോഡ് നിർമ്മാണം എന്നീ പ്രവർത്തികൾക്കുള്ള എസ്റ്റിമേറ്റ് എടുത്ത് നൽകുമ്പോൾ ഫോറസ്റ്റിന്റെ ക്ലിയറൻസ് ലഭിക്കുമോയെന്ന് തീർച്ചപ്പെടുത്താതെയാണ് പഞ്ചായത്ത് എഞ്ചിനീയർ സമർപ്പിക്കുന്നത്. പദ്ധതി അംഗീകരിച്ചതിനു ശേഷം ഫോറസ്റ്റിന്റെ ക്ലിയറൻസ് ലഭിക്കാതെ പദ്ധതി തുക ലാപ്സാകുന്നത് സാധാരണമാണ്. ആയതിനാൽ കോർപ്പസ് ഫണ്ടിലും പഞ്ചായത്ത് ഫണ്ടിലും പരിഗണിക്കുന്നതിനായി ടി പദ്ധതികൾക്ക് സോഷ്യൽ മാപ്പ്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിക്കാവുന്നതു പോലെ ഫോറസ്റ്റിന്റെ ക്ലിയറൻസ് സർട്ടിഫിക്കറ്റും പ്രോജക്ടിനോടൊപ്പം സമർപ്പിക്കേണ്ടതാണെന്ന് മാർഗ്ഗ രേഖയിൽ സൂചിപ്പിക്കേണ്ടതുണ്ട്.
13. 51 ശതമാനത്തിൽ കൂടുതൽ പട്ടികവർഗ്ഗ കുട്ടികളുള്ള സ്കൂളുകളിൽ റ്റി.എസ്.പി. ഫണ്ട് ഉപയോഗിച്ചു തന്നെ പ്രഭാത ഭക്ഷണം ഒരുക്കാൻ നിർദ്ദേശിക്കാവുന്നതാണ്. 50% ൽ കുറവുള്ള സ്കൂളുകളിൽ പ്രോറേറ്റാ വ്യവസ്ഥയിലും.
14. ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവ് വഹിക്കുന്നതിന് സാമ്പത്തിക സഹായം, താമസം, ഭക്ഷണം, വസ്ത്രം യൂണിഫോം മുതലായവ അനുവദിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് വയ്ക്കുന്നതിനുള്ള നിർദ്ദേശം നൽകാവുന്നതാണ്.
15. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കലാകായിക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് എൽ.എസ്.എസ്., യു.എസ്.എസ്., സൈനിക സ്കൂൾ, നവോദയ, ജി.വി. രാജ സ്പോർട്ട്സ്, മുതലായ പ്രവേശന പരീക്ഷകൾക്ക് പരിശീലനം നൽകുന്ന വിധം പ്രോജക്ടുകൾ ഏറ്റെടുക്കാൻ അനുമതി നൽകാവുന്നതാണ്.
16. വിദാഭ്യാസ സംബന്ധിയായ സഹായ പദ്ധതികളെല്ലാം വിദ്യാഭ്യാസ വർഷത്തിന്റെ ആദ്യപാതത്തിൽ തന്നെ നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകേണ്ടതാണ്.

17. ഭൂമി ശാസ്ത്രപരമായി അനുയോജ്യമല്ലാത്ത പട്ടികവർഗ്ഗ മേഖലകളിൽ സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സൈക്കിൾ വിതരണ പദ്ധതി ഒഴിവാക്കുന്നതാണ് അഭികാമ്യം.
18. തെരുവ് വിളക്ക് പദ്ധതിക്ക് പട്ടികവർഗ്ഗ ഉപപദ്ധതി തുക ഉപയോഗിക്കാതെ ജനറൽ ഫണ്ട് ഉപയോഗിക്കാൻ നിർദ്ദേശം നൽകാവുന്നതാണ്.
19. പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞു പോക്ക് തടയുന്നതിനും അദ്ധ്യയന നിലവാരം ഉയർത്തുന്നതിനും തുടർ വിദ്യാഭ്യാസത്തിനും പദ്ധതികൾ ഏറ്റെടുക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകാവുന്നതാണ്.
20. സബ്സിഡി നൽകുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള ചുവടെ പറയുന്ന ഇനങ്ങൾക്ക് പട്ടിക വർഗ്ഗക്കാർക്ക് ഇളവ് നൽകണം.
    1. തയ്യൽ മെഷീൻ
    2. കോടാലി, പിക്കാസ്, മൺകോരി, മൺവെട്ടി, കത്തി (വനാശ്രിത സമൂഹമായതുകൊണ്ട്)
    3. എൽ.പി.ജി. കണക്ഷൻ
21. വീടു വയറിംഗ് ഇല്ലാത്തതിനാൽ സമ്പൂർണ്ണ വൈദ്യുതികരണത്തിൽ ഉൾപ്പെടാത്ത ധാരാളം പട്ടികവർഗ്ഗ ഭവനങ്ങൾ ഉണ്ട്. വീടു വയറിംഗ് നിർബന്ധമായും ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകണം.
22. ഭവന നിർമ്മാണം, പുനരുദ്ധാരണം, വയറിംഗ് ശുചിത്വം, കിണർ, കുടിവെള്ള പദ്ധതികൾ തുടങ്ങിയ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ യഥാസമയം പൂർത്തീകരിക്കുന്നുവെന്ന് അതാത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ ഉറപ്പു വരുത്തുന്നതിനാവശ്യമായ നിർദ്ദേശം രൂപപ്പെടുത്തണം.

4.4.3. വനിതകൾ, വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷി യുള്ളവർ, ഭിന്നലിംഗക്കാർ എന്നിവരുടെ വികസനം

ഇന്ത്യൻ ഭരണ ഘടന സ്ത്രീക്ക് തുല്യനീതിയും തുല്യ അവകാശങ്ങളും പുരുഷനോടൊപ്പം ഉറപ്പുവരുത്തണമെന്ന് അനുശാസിക്കുന്നു. അധികാരവികേന്ദ്രീകരണത്തിലൂടെ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൂടുതൽ അധികാരവും ഉത്തരവാദിത്വവും ചുമതലകളുമുള്ള ഭരണതലമായി മാറിക്കഴിഞ്ഞു. പ്രാദേശിക വികസന പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ കണ്ടെത്തുക, അവ പരിഹരിക്കുന്നതിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുക, എന്നിവ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രധാന ചുമതലകളാണ്. അതോടൊപ്പം സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്താനും പരിഹരിക്കാനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാനുമുള്ള ശ്രമങ്ങളും പ്രാദേശിക സർക്കാരുകൾ എന്ന നിലയിൽ ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ നിർവഹിച്ചു വരുന്നു. വനിതകൾക്ക് സമൂഹത്തിൽ ലഭ്യമായിട്ടുള്ള പ്രത്യേക പരിഗണനയുടെയും മുൻഗണനകളുടെയും അടിസ്ഥാനത്തിൽ വനിതകളുടെ സാമൂഹ്യ- സാമ്പത്തിക-രാഷ്ട്രീയ-തൊഴിൽപരമായ പങ്കാളിത്തം മുമ്പെന്നത്തേക്കാളും വിപുലമായിട്ടുണ്ട്.

ഇന്നത്തെ അവസ്ഥ

വിസ്തൃതി കൊണ്ട് സംസ്ഥാനത്തെ രണ്ടാമത്തെ വലിയ ജില്ലയാണ് ഇടുക്കി. വൈവിധ്യവൈരുദ്ധ്യങ്ങൾ ഇത്രയേറെ പ്രകടമായ മറ്റൊരു ജില്ലയില്ല. അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത, വ്യാവസായിക, വിദ്യാഭ്യാസ, സാമ്പത്തിക മേഖലകളിലെ പോരായ്മകൾ എന്നിവയെല്ലാം ജില്ലയുടെ മൊത്തത്തിലുള്ള പിന്നോക്കാവസ്ഥയ്ക്കു കാരണമാകുന്നു. പരമ്പരാഗത സൂചകങ്ങളായ സാക്ഷരതാ, മാതൃമരണനിരക്ക്, രോഗാതുരത, ആയുർദൈർഘ്യം തുടങ്ങിയവയൊക്കെ കാണിക്കുന്നത് സ്ത്രീകളുടെ മുന്നോക്കാവസ്ഥയാണെങ്കിലും ഓരോന്നും പ്രത്യേകമായി എടുത്ത് പരിശോധിച്ചാൽ നിലപാടുകൾ തകിടം മറിയുന്ന അവസ്ഥയാണ് ഇന്ന് പലയിടത്തും നിലനിൽക്കുന്നത്.

ജനസംഖ്യ

ആകെയുള്ള 1108974 ആളുകളിൽ 552808 പേർ പുരുഷൻമാരും, 556166 പേർ സ്തീകളുമാണ്. ഇതിൽ 145486 പട്ടികജാതിക്കാരും 55815 പട്ടികവർഗ്ഗക്കാരും ഉൾപ്പെടുന്നു. ജില്ലയിലെ സ്ത്രീ പരുഷ അനുപാതം ആയിരം പുരുഷൻമാർക്ക് 1006 സ്ത്രീകൾ എന്നാണ്. ഇത് സംസ്ഥാനതല അനുപാതത്തിൽ കുറവാണ്. (കേരളം 1000 പുരുഷൻമാർക്ക് 1084 സ്ത്രീകൾ)

VILLAGE WISE POPULATION-CENSUS 2011

Name	House holds	Population			Scheduled Caste			Scheduled Tribe		
		Total	Male	Female	Total	Male	Female	Total	Male	Female
Idukki District	**279812**	**1108974**	**552808**	**556166**	**145486**	**72399**	**73087**	**55815**	**27995**	**27820**

District wise Population by Religious Community - 2011 Census

State/ District	Hindu				Muslim			
	Total	Male	Female	Fe male%	Total	Male	Female	Fe male%
Kerala	18282492	8803455	9479037	51.85	8873472	4176255	4697217	52.94
Idukki	541854	269356	272498	50.29	82206	40819	41387	50.35

ആരോഗ്യം

സ്ത്രീവിദ്യാഭ്യസത്തിലുള്ള പുരോഗതി സ്ത്രീയുടെ ആരോഗ്യപരിരക്ഷ മെച്ചപ്പെടുത്തുന്നതിനും ശിശു മരണ നിരക്ക് കുറയ്ക്കുന്നതിനും സഹായിച്ചിട്ടുണ്ട്. ഔദ്യോഗിക കണക്കുകൾ പ്രകാരം പ്രസവാനുബന്ധിയായ മരണവും ശിശു മരണവും ജില്ലയിൽ വളരെ കുറവാണ്. എങ്കിലും വിദൂര കോളനികളിലും പല പിന്നോക്ക പ്രദേശങ്ങളിലും ഇത്തരം മരണങ്ങൾ വിരളമല്ല. അവ റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല എന്നുമാത്രം. വൈദ്യശുശ്രൂഷാരംഗത്ത് കാര്യമായ പുരോഗതി നിലവിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ ഗവൺമെന്റ് ആശുപത്രികളിൽ പ്രസവം നടക്കുന്നത് ജില്ലയിൽ 28.76% മാത്രമാണ്. അതേസമയം സ്വകാര്യ ആശുപത്രികളിൽ 70.71% പ്രസവം നടക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. 2015 - 16 വർഷത്തിൽ ജില്ലയിൽ ജനിച്ച പെൺകുട്ടികളുടെ എണ്ണം (11757) മറ്റു ജില്ലകളെ അപേക്ഷിച്ച് ഏറ്റവും കുറവാണ്.

Sex Ratio at Birth for the year 2015

State/Districts	No.of Live Birth			
	Male	Female	Total	Sex Ratio
Kerala	245826	234486	480312	954
Idukki	6191	5785	11976	934

പോഷക ദാരിദ്ര്യം നികത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ജില്ലയിൽ നടന്നു വരുന്നു. ഗ്രാമീണ ആരോഗ്യ പരിപാടികളിലൂടെ ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും 5 വയസിൽ താഴെയുള്ള കുട്ടികളുടെയും ആരോഗ്യ പരിരക്ഷക്കുള്ള സേവനം ലഭ്യമാക്കുന്നുണ്ട്. എന്നാൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ സ്ത്രീകൾക്ക് സ്വകാര്യമായി സ്വന്തം രോഗവിവരങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കാനുള്ള സൗകര്യം ലഭിക്കുന്നില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പച്ചക്കറി കൃഷി, മൃഗസംരക്ഷണം എന്നിവയിലൂടെ സ്ത്രീകളുടെ പോഷകവൈകല്യങ്ങൾ ഒരു പരിധിവരെ കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്.

വിദ്യാഭ്യാസം

മലഞ്ചരിവുകളും പാറക്കെട്ടുകളും നദികളും കൊണ്ട് മനോഹരമായ ഇടുക്കിയുടെ വിദ്യാഭ്യസരംഗത്തെ പുരോഗതിയ്ക്ക് തടസ്സം നിൽക്കുന്നതും ഈ ഘടകങ്ങൾ തന്നെയാണ്. സർക്കാർ ഹൈസ്കൂളുകൾ, ഹയർസെക്കണ്ടറി സ്കൂളുകൾ, സാങ്കേതികപരിശീലന സ്ഥാപനങ്ങൾ എന്നിവ നിലവിലുണ്ട്. എന്നിരുന്നാലും പൊതുവെ അടിസ്ഥാന സൗകര്യങ്ങളുടെയും ഭൗതിക

സാഹചര്യങ്ങളുടെയും അപര്യാപ്തത ജില്ലയിലെ വിദ്യാഭ്യാസ നിലവാരത്തെ സാരമായി ബാധിക്കുന്നുണ്ട്.

District wise number of Total Literates, Illiterates and Literacy Rate – 2011 Census

State/ District	Literates			Illiterates			Literacy Rate		
	Total	Male	Female	Total	Male	Female	Total	Male	Female
Kerala	28135824	13704903	14430921	5270237	2322509	2947728	94.00	96.11	92.07
Idukki	923010	471881	451129	185964	80927	105037	91.99	94.56	89.45

പട്ടികജാതി വനിതാ സാക്ഷരതാ നിരക്ക് കേരളം 85.07ഇടുക്കി 77.58
പട്ടികവർഗ്ഗ വനിതാസാക്ഷരതാനിരക്ക് കേരളം 71.08ഇടുക്കി 70.93

സാക്ഷരതയിൽ ജില്ലയിലെ സ്ത്രീകൾ വളരെ പിന്നിലല്ലാ എങ്കിലും ചില പ്രദേശങ്ങളിൽ സ്ഥിതി മോശമായിട്ടാണ് കാണുന്നത്. സംസ്ഥാനത്തെ സ്ത്രീ സാക്ഷരത 92.07 % ഉള്ളപ്പോൾ ജില്ലയിൽ 89.45% ഉള്ളൂ.

തൊഴിൽ മേഖല

Female Work Participation Rate (FWPR) കേരളത്തിലെ മറ്റു ജില്ലകളെ അപേക്ഷിച്ച് ഇടുക്കി ജില്ലയിൽ വളരെ കൂടുതലാണ്. ആയതിന് കാരണമായി കാണുന്നത് കാർഷിക മേഖലയായ തേയില, ഏലം എന്നീ തോട്ടം മേഖലകളിലും കൂടാതെ റബ്ബർ പ്ലാന്റേഷനുകളിലും സ്ത്രീകളാണ് കൂടുതലായി ജോലിയിൽ ഏർപ്പെട്ടിരിക്കുന്നത് എന്നതാണ്. 2011 ലെ സെൻസസ് പ്രകാരം കേരളത്തിൽ workers population rate (WPR) 34.78% ആണ്. മറ്റു ജില്ലകളെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ WPR ഇടുക്കിയാലാണ്. (46.56%). ഇതിൽ തന്നെ സ്ത്രീകളുടെ WPR കേരളത്തിൽ 18.23%. ഇവിടെയും ഏറ്റവും കൂടുതൽ ഇടുക്കി ജില്ലയിൽ തന്നെയാണ് (33.20%).

ജില്ലയിൽ തൊഴിൽ മേഖലകളിൽ എല്ലാം തന്നെ സ്ത്രീ പ്രാതിനിധ്യം സംസ്ഥാനതലത്തെ അപേക്ഷിച്ച് നോക്കുമ്പോൾ കൂടുതലായാണ് കാണുന്നത്. കുടുംബഭാരം ചുമലിൽ ഉള്ളതിനാൽ ഇവർ അത്യദ്ധ്വാനം ചെയ്യേണ്ടി വരുന്നു. ഇത് സ്ത്രീ തൊഴിലാളികളുടെ ആരോഗ്യത്തെ സാരമായി ബാധിക്കുന്നുണ്ട്.

പൊതുമേഖലയിലെ സ്ത്രീ പങ്കാളിത്തം

	Central service		State service	
State/District	Total	Female	Total	Female
Kerala	58259	13985	265371	104877
Idukki	334	140	8247	2490

മറ്റു തൊഴിൽ മേഖലകളിലെ സ്ത്രീ തൊഴിലാളികളുടെ പങ്കാളിത്തം

State/District	Cultiveters	Agriculture labours	Household industries
Kerala	14.57%	31.56%	33.37%
Idukki	18.72%	41.41%	28.07%

SSI units registerd up to September 2015

State/District	SC	ST	Others	Total	Women
Kerala	9907	1868	245891	257466	64293
Idukki	431	172	5010	5613	2281

സ്ത്രീകൾക്കെതിരായുള്ള കുററകൃത്യങ്ങൾ

സ്ത്രീകളോടുള്ള അതിക്രമങ്ങൾ കൂടുന്നത് അവരുടെ ഉന്നമനത്തിനും, ശാക്തീകരണത്തിനും തടസ്സം നേരിടുന്നതിന് ഒരു പരിധിവരെ കാരണമാകുന്നു.

Atrocities against Women for the Year 2015										
State/Districts	Rape	Kidnapping	Dowry Deaths	Molestation	Sexual harassment(eve-teasing)	Cruelty by husband or relative	Indecent Representations of Women	Dowry Prohibition Act	Immoral Traffic (P) Act	Total
Kerala	1848	297	13	6237	396	5532	6	7	259	14595
Idukki	85	12	0	181	13	108	0	0	0	399

ഇത് കാണിക്കുന്നത് സ്ത്രീപീഡനവും ഗാർഹികപീഡനവുമാണ് ഇടുക്കി ജില്ലയിലെ സ്ത്രീകൾ പൊതുവെ നേരിടുന്ന പ്രധാന പ്രശ്നം എന്നതാണ്. ജാഗ്രതാ സമിതികൾ എല്ലാ പഞ്ചായത്തുകളിലും രൂപീകരിച്ചിട്ടുണ്ടെങ്കിലും അവയുടെ പ്രവർത്തനം ഫലപ്രദമല്ല എന്നതാണ് വസ്തുത.

കുടുംബശ്രീ - 2017 -വിവരശേഖരണം		
1	രജിസ്റ്റർ ചെയ്തിട്ടുള്ള ആകെ കുടുംബശ്രീകളുടെ എണ്ണം	12381
2	ആകെ അംഗങ്ങൾ/കുടുംബങ്ങൾ	173334
3	ബി.പി.എൽ അംഗങ്ങൾ	123604
4	എ.പി.എൽ അംഗങ്ങൾ	49730
5	എസ്.സി. അംഗങ്ങൾ	23899
6	എസ്.ടി. അംഗങ്ങൾ	9555
7	ആകെ നിക്ഷപം	130.86 കോടി
8	ആകെ വായ്പ നൽകിയ തുക	ആന്തരീക വായ്പ 445.86 കോടി ബാങ്കിൽ നിന്നും എടുത്ത വായ്പ 301.34 കോടി
9	വായ്പ നൽകിയത് എന്തൊക്കെ ആവശ്യങ്ങൾക്ക്	അയൽക്കൂട്ട അംഗങ്ങളുടെ വ്യക്തിപരമായ ആവശ്യങ്ങൾക്ക്, കാഷിക ആവശ്യങ്ങൾക്ക്, ചെറുകിട സംരംഭങ്ങൾ തുടങ്ങാൻ

10	ബാങ്ക് ലിംങ്കേജ് ഏതൊക്കെ ബാങ്കിൽ നിന്ന്	സർവ്വീസ് സഹകരണബാങ്കുകൾ, ജില്ലാ ബാങ്ക്, യൂണിയൻ ബാങ്ക്, കാനറ ബാങ്ക്, കെ.ജി.ബി, സെൻട്രൽ ബാങ്ക്, എസ്.ബി.ഐ, ഫെഡറൽ ബാങ്ക് മുതലായ ബാങ്കുകൾ
11	നാളിതുവരെ തുടങ്ങിയ സംരംഭങ്ങൾ	1535
12	പ്രവർത്തിക്കുന്നവ	785
13	വായ്പ നൽകിയതിലൂടെ തൊഴിൽ ലഭിച്ചവർ	3925
14	പൊതു പരിപാടികളിൽ കുടുംബശ്രീ അംഗങ്ങളുടെ പങ്കാളിത്തം	98%
15	കുടംബശ്രീ അംഗങ്ങളിൽ വിവിധ തലങ്ങളിൽ ജനപ്രതിനിധികളായവർ	2015 ലെ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പ് മുതൽ ഗ്രാമപഞ്ചായത്ത്-291, ബ്ലോക്ക് പഞ്ചായത്ത് 34, ജില്ലാ പഞ്ചായത്ത് 3, മുനിസ്സിപ്പാലിറ്റി-19, ആകെ-347

Mahatma Gandhi NREGA-Cumulative Persons days generated (2015-16)

State/Districts	SCs	STs	Others	Total	Women	Female%
Kerala	12906815	2888020	58378822	74173657	67701373	91.27
Idukki	640002	501166	4198113	5339281	4026700	75.42

സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങളും വരുമാനവും ഉറപ്പാക്കുന്ന പദ്ധതികൾ നടപ്പിലാക്കികൊണ്ട് സമൂഹത്തെ ചലനാത്കമാക്കുവാൻ ഒരുപരിധിവരെ കുടുബശ്രീ സംരംഭങ്ങൾ, തൊഴിലുറപ്പ് പദ്ധതികൾ എന്നിവയിലൂടെ സാധിച്ചിട്ടുണ്ട്. മഹത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പങ്കെടുക്കുന്ന സ്ത്രീകളുടെ കുടുംബത്തിന്റെ സാമ്പത്തിക വരുമാനം ഉയരുന്നതിനും കുട്ടികൾ അടക്കമുള്ളവരുടെ ആരോഗ്യ, വിദ്യാഭ്യാസ കാര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ചിരകാലമായി ആഗ്രഹിച്ചിരുന്നതും എന്നാൽ സാമ്പത്തിക ബുദ്ധിമുട്ടിനാൽ സ്വായത്തമാക്കുവാൻ കഴിയാതിരുന്നതുമായ വീട്ടുപകരണങ്ങൾ അടക്കമുള്ള സാധനങ്ങൾ വാങ്ങുന്നതിനും സഹായകരമായിട്ടുണ്ട്.

പൊതു സമൂഹത്തിൽ നിന്നും അകന്നുകഴിയുന്ന സ്ത്രീകളെ സാമൂഹിക ജിവിതത്തിൽ ഇടപെടലുകൾ നടത്തുന്നതിന് ആവശ്യമായ ബോധവത്കരണവും പരിശീലനവും നൽകേണ്ടതുണ്ട്. കുടുംബശ്രീ പോലുള്ള സംവിധാനങ്ങളെ ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. തൊഴിലുറപ്പു പദ്ധതിയിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിച്ചത് വരുമാന വർദ്ധനവിനും ജീവിത നിലവാരം ഉയർത്തുന്നതിനും ഇടയായിട്ടുണ്ട്.

District wise no. of Candidate contesting in 2015 local body election in Grama Panchayath, Block Panchayath, District Panchayath, Municipality

Sl. No.	State/ District	Grama Panchayath		Block Panchayath		District Panchayath		Municipality		Total	
		Male	Female	Male	Female	Male	Female	Male	Female	Male	Female
1	Kerala	26890	28066	3413	3502	690	592	5302	5131	37281	38268
2	Idukki	1328	1326	176	187	25	27	139	131	1668	1671

District wise Female Representation in Fourteenth Legislative Assembly

State / Districts	Total No. of seats	No of Women
Kerala	140	8
Idukki	5	1 (പീരുമേട്)

എല്ലാ തദ്ദേശശ്വയംഭരണ സ്ഥാപനങ്ങളിലും ഇപ്പോൾ വനിതാപ്രാതിനിധ്യം 50% തന്നെയാണ്. വനിതാ വോട്ടർമാർ കേരളത്തിൽ 51.95% വും ഇടുക്കിയിൽ ഇത് 50.32% വും ആണ്.

ഇടുക്കി ജില്ലയിൽ നടപ്പാക്കേണ്ട പദ്ധതികൾ

മലയോര ജില്ല എന്നുള്ള നിലയിൽ ഇടുക്കി ജില്ലയിലെ ഭൂപ്രകൃതി മനസ്സിലാക്കി ഹൈറേഞ്ചിനേയും ലോറേഞ്ചിനേയും വ്യത്യസ്ത Angle ൽ കണ്ടുവേണം പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കേണ്ടത്.

വനിതാ തൊഴിൽ പങ്കാളിത്ത നിരക്ക് മറ്റു ജില്ലകളെ അപേക്ഷിച്ച് കൂടുതലായതിനാൽതന്നെ ഏകദേശം 12 ഓളം സുഗന്ധ വ്യഞ്ജനങ്ങളുടെ ഉല്പാദനം, വിതരണം എന്നിവ മുന്നിൽക്കണ്ട് സർക്കാർ തലത്തിൽ സ്ത്രീ പ്രാതിനിധ്യത്തോടെ വലിയ സംരംഭങ്ങൾ ഉണ്ടാകേണ്ടിയിരിയ്ക്കുന്നു. തൊഴിൽ പങ്കാളിത്ത നിരക്ക് കൂടിയാൽ മാത്രം പോര, ലാഭം സ്ത്രികളുടെ കൈകളിൽ എത്താൻ പാകത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

കൂടാതെ ഗോത്രവർഗ്ഗക്കാരുടെ തനതു കരകൗശലവസ്തുക്കൾ അന്താരാഷ്ട്ര വിപണിയിൽ എത്തിക്കുവാൻ പാകത്തിന് ആദിവാസി മേഖലയിൽ ഉള്ള സ്ത്രീകളെ ശാക്തീകരിക്കുന്ന വിധത്തിൽ പദ്ധതികൾ ഉണ്ടാവേണ്ടതാണ്.

ഭാഷാ ന്യൂനപക്ഷമായ തമിഴർ താമസിയ്ക്കുന്ന ജില്ല എന്നുള്ള നിലയിൽ സാക്ഷരതയിൽ ഈ മേഖല അല്പം പിറകോട്ടാണ്. വിദ്യാഭ്യാസ രംഗത്ത് ഊന്നൽ നൽകേണ്ടതായിട്ടുണ്ട്.

ഇടുക്കി ജില്ലയിൽ ടൂറിസം വരും കാലങ്ങളിൽ വളരെയധികം വരുമാനം നേടിത്തരുന്ന ഒരു മേഖലയായിക്കണ്ട് സർക്കാർ തലത്തിൽ ഹോട്ടൽ മാനേജ്മെന്റ് പഠിപ്പിക്കുന്ന സ്ഥാപനങ്ങൾ സ്ത്രീകൾക്കായി ഉണ്ടാവേണ്ടിയിരിക്കുന്നു.

കായികക്ഷമതയിൽ ഇതര ജില്ലക്കാരെ അപേക്ഷിച്ച് വളരെ മുന്നേറ്റം കൈവരിച്ചിട്ടുള്ള ജില്ലയിൽ അതിനായി പ്രത്യേകം സ്പോർട്സ് സ്കൂളുകൾ ഉണ്ടാവേണ്ടിയിരിയ്ക്കുന്നു.

കൂടാതെ സാഹസിക ടൂറിസം ഇഷ്ടപ്പെടുന്ന വരുംതലമുറയിലെ പെൺകുട്ടികളെ ട്രക്കിംഗ് പോലുള്ള മേഖലകൾ പരിചയപ്പെടുത്തുവാൻ പരിശീലനം നൽകുന്ന സ്ഥാപനങ്ങൾ ഉണ്ടായാൽ ഭാവിയിൽ ഉത്തരവാദിത്വ ടൂറിസത്തിന്റെ ഭാഗമാക്കുവാൻ കഴിയും.

ഗാർഹിക പീഡനം, ബാല്യവിവാഹം എന്നിവ ഇടുക്കി ജില്ലയിൽ ഉണ്ടെങ്കിൽ പോലും പുറത്തുവരുന്ന കേസുകൾ വളരെ കുറവാണ്. അതിനാൽ തമിഴ് വംശജർ താമസിക്കുന്ന മേഖലയിൽ അവബോധം സൃഷ്ടിക്കേണ്ടതുണ്ട്.

സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ആവശ്യമായ പ്രോത്സാഹനവും പരിശീലനവും നൽകേണ്ടതുണ്ട്. പീഡനങ്ങളും മറ്റും തടയുന്നതിന് ശക്തമായ ബോധവത്ക്കരണം നൽകി ജാഗ്രതയുള്ള ഒരു സമൂഹത്തെ വാർത്തെടുക്കേണ്ടത് ഒരു പരിഷ്കൃത സമൂഹത്തിന്റെ ബാധ്യതയാണ്. വനിതാ കമ്മീഷൻ, പോലീസ് തുടങ്ങിയ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി ജാഗ്രതാ സമിതിപോലുള്ളവയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്.

വികസന പരിപ്രേക്ഷ്യം

- പദ്ധതി നടത്തിപ്പിന് വായ്പയും സബ്സിഡിയും എന്ന ശൈലിയിൽ നിന്നും മാറി, വിപണന സൗകര്യം, പരിശീലനം, പിന്തുണ ഇവ ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾക്ക് മുൻഗണന നൽകുക.
- ഗ്രാമീണ ഉത്പന്നങ്ങളുടെ ഉപയോഗത്തിന് ആവശ്യമായ പ്രചരണം ത്രിതല സമിതികൾ മുഖേന നൽകുക.
- മദ്യത്തിനും, മയക്കുമരുന്നിനും എതിരെ പ്രവർത്തിക്കുന്നതിന് ഡി-അഡിക്ഷൻ-കം ഫാമിലി കൗൺസിലിംഗ് സെന്ററുകൾ ഓരോ ബ്ലോക്ക് പഞ്ചായത്തിലും നടപ്പിൽ വരുത്തണം.
- സ്ത്രീകൾക്കായി ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുമ്പോൾ പുരുഷൻമാരെകൂടി പങ്കെടുപ്പിക്കേണ്ടതാണ്.
- കലാ സാംസ്കാരിക രംഗങ്ങളിൽ വളർച്ചയ്ക്കായി കലാ കായിക മത്സരങ്ങൾ അയൽകൂട്ടങ്ങളിൽ നിന്ന് തുടങ്ങണം. ഇവർക്ക് പ്രോൽസാഹന സമ്മാനങ്ങളും ഏർപ്പെടുത്തുക.
- ഏകീകൃത സ്വഭാവത്തോടെയും പൊതുവായ ഉദ്ദേശലക്ഷ്യങ്ങൾ പരിഗണിച്ചും ലഭ്യമായ മുഴുവൻ ഫണ്ടും ഏകോപിപ്പിച്ചുകൊണ്ടുള്ള പദ്ധതികൾ ത്രിതല പഞ്ചായത്തുകൾ ഏറ്റെടുത്ത് നടപ്പിലാക്കുക.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. വനിതാ സെക്ടറിനുള്ള ധന സഹായം ഉപയോഗിച്ച് പണിതിട്ടുള്ള കെട്ടിടങ്ങൾ ഉപയോഗിക്കാതെ കിടക്കുന്നിടത്ത് വനിതാ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങുക.
2. വൈദ്യശുശ്രൂഷാരംഗത്ത് കാര്യമായ പുരോഗതി നിലവിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ ജില്ലയിൽ ഗവൺമെന്റ് ആശുപത്രികളിൽ പ്രസവം നടക്കുന്നത് 28.76% വും സ്വകാര്യ ആശുപത്രികളിൽ 70.71 % ആണ്. ഗവൺമെന്റ്

ആശുപത്രികളുടെ അടിസ്ഥാന സൗകര്യവും ഡോക്ടർമാരുടെ സേവനവും ഉറപ്പുവരുത്തേണ്ടതാണ്.

3. ജില്ലയിലെ സർക്കാർ മറ്റ് ഇതര സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന വനിതകൾക്ക് സുരക്ഷിതമായ താമസ സൗകര്യം (ഹോസ്റ്റൽ സൗകര്യം) ഒരുക്കുക.
4. സ്ത്രീകളുടെ പ്രാധിനിധ്യത്തോടെ സുഗന്ധവ്യഞ്ജനങ്ങളുടെ ഉൽപ്പാദനം വിപണനം എന്നിവയെ അടിസ്ഥാനമാക്കി വലിയ സംരഭങ്ങൾ ആരംഭിക്കാം.
5. വനിതകൾക്ക് പ്രയോജനം ലഭിക്കത്തക്ക വിധം ഗ്രാമ പഞ്ചായത്തുകൾ നീക്കിവെക്കുന്ന 10% തുകയിൽ നിശ്ചിത ശതമാനം തുക വിധവകൾക്കായി നീക്കിവെക്കേണ്ടതാണ്.

<u>കീഴ്ത്തട്ട് നിർദ്ദേശങ്ങൾ</u>

1. ആദിവാസി മേഖലയിലുള്ള സ്ത്രീകളുടെ പങ്കാളിത്തത്തോടെ ഗോത്രവർഗ്ഗക്കാരുടെ തനത് കരകൗശല വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് വിപണിയിൽഎത്തിക്കുക.

<u>സ്ത്രീകൾ വിവിധ മേഖലകളിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് ത്രിതല പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കാവുന്ന പരിഹാര മാർഗങ്ങൾ</u>

മേഖലകൾ	ഗ്രാമപഞ്ചായത്ത് തലത്തിൽ	ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ	ജില്ലാ പഞ്ചായത്ത് തലത്തിൽ
തൊഴിലധിഷ്ഠിത വിദ്യാഭ്യാസം	അയൽക്കൂട്ട തലത്തിലും, പട്ടിക വർഗ്ഗ മേഖലകളിലും ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക	പരമ്പരാഗത തൊഴിലുകൾക്ക് പുറമേ ആധുനിക തൊഴിൽ സംരംഭങ്ങളിൽ വൈദഗ്ധ്യം നേടുന്നതിനാവശ്യമായ പരിശീലനം നൽകുക.	ആധുനിക തൊഴിൽ സംരംഭങ്ങളുടെ (കരകൗശല വസ്തുക്കളുടെ നിർമ്മാണം,) ഉത്പാദനം, വിപണനം തുടങ്ങിയവയുടെ കേന്ദ്രങ്ങൾ ആരംഭിക്കുക.
സാങ്കേതിക വിദ്യാഭ്യാസം	അർഹരായ വനിതകളെ കണ്ടത്തി ബോധവത്കരണ ക്ലാസുകൾ നടത്തുക	കമ്പ്യൂട്ടർ, ഹോട്ടൽ മാനേജ്മെന്റ്, ട്രെക്കിംഗ്, തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകുക	പരിശീലനം ലഭിച്ചവർക്ക് അതാത് മേഖലകളിൽ തൊഴിൽ ലഭ്യമാക്കുന്നതിനാവശ്യമായ സഹായങ്ങൾ അനുവദിക്കുക
കലാ കായിക മേഖല	കലാകായിക മത്സരങ്ങൾ അയൽകൂട്ടങ്ങളിൽ നടപ്പിൽ വരുത്തുക	കലാകായിക മത്സരങ്ങൾ ബ്ലോക്ക് തലത്തിൽ സംഘടിപ്പിക്കുകയും പ്രോത്സാഹന സമ്മാനങ്ങൾ ഏർപ്പെടുത്തുക	കലാകായിക മത്സരങ്ങൾ ജില്ലാ തലത്തിൽ സംഘടിപ്പിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്യുക
മദ്യം, മയക്കുമരുന്ന്	സ്ത്രീകൾക്കായി ബോധവത്കരണ സെമിനാറുകൾ	ഡി-അഡിഷൻ-കം ഫാമിലി കൗൺസിലിംഗ്	ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകൾക്ക് ആവശ്യമായ

	സംഘടിപ്പിക്കുമ്പോൾ പുരുഷൻമാരെക്കൂടി പങ്കെടുപ്പിക്കുക	സെന്ററുകൾ ഒരോ ബ്ലോക്ക് പഞ്ചായത്തിലും നടപ്പിലാക്കുക	പിന്തുണ സംവിധാനം ഒരുക്കുക
സ്ത്രീ സുരക്ഷ	നിരന്തരമായ ബോധവത്കരണം, ആത്മരക്ഷയ്ക്കുതകുന്ന പ്രതിരോധ പരിശീലനം, കൗൺസിലിംഗ് എന്നിവ സംഘടിപ്പിക്കുക	സർക്കാർ തല പദ്ധതികളുടെ ഫലപ്രദമായ നിർവഹണം, സന്നദ്ധ സംഘടനകളുടെയും സാമൂഹിക പ്രസ്ഥാനങ്ങളുടെയും മികച്ച പങ്കാളിത്തം ഉറപ്പു വരുത്തുക	ത്രിതല പഞ്ചായത്തുകൾക്ക് ആവശ്യമായ സാങ്കേതികവും സാമ്പത്തികവുമായ പിന്തുണ നൽകുക
ആരോഗ്യം	സ്ത്രീകൾക്കിടയിലുള്ള പോഷകാഹാരക്കുറവ്, രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ അഭാവം എന്നിവ നികത്തുന്നുതിനാവശ്യമായ ബോധവത്കരണ – പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുക	സ്ത്രീകളുടെയും, കുട്ടികളുടെയും ചികിത്സയ്ക്കായി പ്രത്യേക പരിഗണനാ സംവിധാനങ്ങൾ ഉണ്ടാക്കുക.	സ്ത്രീകളുടെയും, കുട്ടികളുടെയും ആരോഗ്യ സംരക്ഷണ മേഖലയിൽ സ്ഥിരം സംവിധാനങ്ങൾ ഏർപ്പെടുത്തുക

വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷി യുള്ളവർ, ഭിന്നലിംഗക്കാർ എന്നിവരെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം എന്ന ഭാഗത്ത് നൽകിയിരിക്കുന്നു.

അദ്ധ്യായം 5

കേന്ദ്ര സംസ്ഥാന സർക്കാരുകൾ ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ അവലോകനവും അവ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും.

2017 – 2018 സാമ്പത്തിക വർഷം സംസ്ഥാന വാർഷിക പദ്ധതിയിലും കേന്ദ്രാവിഷ്കൃത പദ്ധതിയിലും ഉൾപ്പെടുത്തി ജില്ലയിൽ നടപ്പിലാക്കിയ വിവിധ വകുപ്പുകളുടെ സ്കീമുകളാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്.

2016–17 വർഷം ദേശീയതലത്തിലും സംസ്ഥാനതലത്തിലും സമ്പദ്വ്യവസ്ഥയുടെ വളർച്ചാനിരക്ക് ഏതാണ്ട് ഏഴ് ശതമാനമാണ്. തൃതീയ മേഖല സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കും വളരെയധികം ഉത്തേജകമായിരുന്നു. കാർഷിക മേഖലയിൽ വളർച്ചയുടെ നല്ല സൂചനകൾ ദൃശ്യമായിട്ടുണ്ടെങ്കിലും അത് അപര്യാപ്തമാണ്. 2017–ൽ കേരളത്തിലുണ്ടായ അതിരൂക്ഷമായ വരൾച്ച സ്ഥിതിഗതികൾ കൂടുതൽ വഷളാക്കി. വ്യവസായ മേഖലയിൽ കൂടുതൽ നഷ്ടം വരുത്തിയിരുന്ന കെമിക്കൽ ഇലക്ട്രോണിക് പൊതുമേഖല സംരംഭങ്ങൾ ലാഭകരമാക്കി മാറ്റുവാൻ കഴിഞ്ഞു. കൂടാതെ കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

സംസ്ഥാനത്തിലേയും ഇടുക്കി ജില്ലയിലേയും വിവിധ വകുപ്പുകൾക്ക് ബഡ്ജറ്റ് പ്രകാരം I II, III, IV എന്നീ കാറ്റഗറികളിലായി അനുവദിച്ച തുകകളാണ് താഴെ കൊടുത്തിരിക്കുന്നത്.

പട്ടിക 5.1

ക്രമ നം	മേഖല/ഉപമേഖല	സംസ്ഥാനത്തിന് അനുവദിച്ച തുക (ലക്ഷത്തിൽ)	ഇടുക്കി ജില്ല (2017–18)				
			CATEGORY				
			I	II	III	IV	TOTAL
I	കൃഷിയും അനുബന്ധ മേഖലകളും						
1.1	കൃഷി (SS)	63682		45.66	60	32.1	137.76
	കൃഷി (CS)					1500.09	1500.09
1.2	മണ്ണ് ജല സംരക്ഷണം	10200		23.57	250	287.1	560.67
1.	ജില്ലാ മണ്ണ് സംരക്ഷണ ആഫീസർ കട്ടപ്പന	10200		23.57	250	280	553.57

2	ജില്ലാ മണ്ണ് സംരക്ഷണ ആഫീസർ മൂലമറ്റം						
3	സോയിൽ സർവ്വേ					7.1	
1.3	മൃഗ സംരക്ഷണം (SS)	30828	400	20	167	973.8	1560.80
	മൃഗ സംരക്ഷണം (CS)					130	130.00
1.4	ക്ഷീരവികസനം	9775		0	176	634	810.00
1.5	മത്സ്യ ബന്ധനം (SS)	22558		0	0	124.15	124.15
	മത്സ്യ ബന്ധനം(CS)					50	50.00
1.6	വനവും വന്യ ജീവി സംരക്ഷണവും (SS)	23750		0	0	3282.7	3282.70
	വനവും വന്യ ജീവി സംരക്ഷണവും(CS)					1760	1760.00
1	ഡി.എഫ്.ഒ. മാങ്കുളം						
2	ഡി.എഫ്.ഒ. മറയൂർ						
3	ഡി.എഫ്.ഒ. മൂന്നാർ						
4	സോഷ്യൽ ഫോറസ്റ്ററി ഡിവിഷൻ, ഇടുക്കി						
5	ഡെപ്യൂട്ടി ഡയറക്ടർ പ്രോജക്ട് ടൈഗർ						
6	ഡെപ്യൂട്ടി ഡയറക്ടർ പ്രോജക്ട് ടൈഗർ, തേക്കടി						
7	വൈൽഡ് ലൈഫ് വാർഡൻ, മൂന്നാർ						
8	വൈൽഡ് ലൈഫ് വാർഡൻ, ഇടുക്കി						
1.8	വിതരണം, സംഭരണം &വെയർഹൗസ്	7622				210	210.00
	കൃഷിയും അനുബന്ധ മേഖലകളും (TOTAL)			**89.23**	**653.00**	**9271.04**	**10013.27**
II	ഗ്രാമവികസനം						
2.1	ഗ്രാമവികസന പദ്ധതികൾ (SS)	51372		0	0	651.58	651.58
	(CS)					977.38	977.38

2.2	സാമൂഹ്യ വികസനവും പഞ്ചായത്തുകളും (SS)	45997				1128.69	1128.69
	(CS)					337	337.00
1	കുടുംബശ്രീ					903.69	903.69
2	ജില്ലാ സാമൂഹ്യ നീതി ഓഫീസ്						0.00
3	ശുചിത്വ മിഷൻ					225	225.00
2.3	പ്രത്യേക മേഖല പദ്ധതികൾ	40402		0	50	16.5	66.50
	ഗ്രാമവികസനം (TOTAL)			0	50	4239.84	4289.84
III	സഹകരണം (SS)	**12450**		**0**	**92**	**531.5**	**623.50**
	(CS)				**863**		**863.00**
	സഹകരണം (TOTAL)			**0**	**955**	**531.5**	**1486.50**
IV	ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും						
4.1	വൻകിട ഇടത്തര ജലസേചനം	41323		0	6800		6800.00
1	എം.വി.ഐ.പി						0.00
2	പാമ്പാർ പ്രൊജക്ട്, സബ് ഡിവിഷൻ, മാങ്കുളം						0.00
3	ഭൂജലവകുപ്പ്						0.00
4.2	ചെറുകിട ജലസേചനം	20856			18	440	458.00
	ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും (TOTAL)			**0**	**6818**	**440**	**7258.00**
V	ഊർജ്ജം						
5.1	കേരള സ്റ്റേറ്റ് ഇല്ക്ട്രിസിറ്റി ബോർഡ്	156525		11500		4400	15900.00
5.2	പാമ്പര്യ ഊർജ്ജവും പുനരാരംഭിക്കാവുന്ന ഊർജ്ജവും	6404					0.00
	ഊർജ്ജം (TOTAL)			11500	0	4400	15900.00
VI	വ്യവസായവും ധാതുക്കളും						
6.1	ഗ്രാമ ചെറുകിട സംരംഭങ്ങൾ	40446		0	0	190.41	190.41
2	ഇടത്തര വൻകിട സംരംഭങ്ങൾ	48296		1	0	0	1.00

6.3	ധാതുക്കൾ	135			0		0.00
6.4	വിവര സാങ്കേതിക വിദ്യ	54931			0	348	348.00
1	വ്യവസായ കേന്ദ്രം						0.00
	വ്യവസായവും ധാതുക്കളും (TOTAL)	143808		1	0	538.41	539.41
VII	ഗതാഗതവും വാർത്താവിനിമയവും						
7.1	കെ.എസ്. ആർ.ടി.സി.			50	0		50.00
7.2	വിനോദ സഞ്ചാരം	34273		0			0.00
1	ഡി ടി പി ടി സി				0		0.00
	ഗതാഗതവും വാർത്താവിനിമയവും (TOTAL)	2077.81		50	0	0	50.00
VIII	ശാസ്ത്ര സാങ്കേതിക വിദ്യ & പരിസ്ഥിതി	20808				28	28.00
IX	സാമൂഹ്യവും സാമൂഹ്യ സേവനപരവുമായ സർവ്വീസുകൾ						
9.1	വിദ്യാഭ്യാസം	171926		0			0.00
9.2	ആർട്ട്സ് & കൾച്ചർ	13134		154.63			154.63
9.3	കായികം & യുവജനക്ഷമം	12374		50			50.00
9.4	വൈദ്യ ശുശ്രൂഷയും പൊതുജനാരോഗ്യവും	131495					0.00
1	ജില്ലാ മെഡിക്കൽ ഓഫീസർ (ഹെൽത്ത്)			0	0	1654.47	1654.47
2	ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ)			0		120.65	120.65
3	ജില്ലാ മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)			0			0.00

9.5	ശുദ്ധജല വിതരണവും മാലിന്യ നിവാരണവും (SS)	105824		0	700	7106.09	7806.09
	ശുദ്ധജല വിതരണവും മാലിന്യ നിവാരണവും (CS)					1057	1057.00
1	കേരള വാട്ടർ അതോറിറ്റി , തൊടുപുഴ			0			0.00
2	കേരള വാട്ടർ അതോറിറ്റി , കട്ടപ്പന			0			0.00
9.6	നഗര വികസന മേഖല (SS)	74965				453.91	453.91
	നഗര വികസന മേഖല (CS)					383.6	383.60
9.7	തൊഴിലും തൊഴിലാളി ക്ഷേമവും	63360		100			100.00
1	ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ഇടുക്കി						0.00
2	ജില്ലാ ലേബർ ഓഫീസർ						0.00
10. പദ്ധതി ആനുകൂല്യങ്ങൾക്കുള്ള മാനദണ്ഡമായി മൃഗസംരക്ഷണ കർഷക രജിസ്ട്രേഷൻ കണക്കാക്കുക.
11. ഭക്ഷ്യോൽപ്പാദന മേഖല എന്ന നിലയിൽ വലിയ ഫാമുകൾ, പദ്ധതികൾ എന്നിവ ആരംഭിക്കുവാൻ പദ്ധതി മാർഗ്ഗരേഖയിലെ മാനദണ്ഡങ്ങളിൽ ഇളവുകൾ അനുവദിക്കേണ്ടതാണ്
12. മാംസ പരിശോധനയ്ക്ക് കരാർ അടിസ്ഥാനത്തിൽ വെറ്ററിനറി ഡോക്ടർമാരെയും അനുബന്ധ ജീവനക്കാരെയും നിയമിക്കുവാൻ വേണ്ട അനുമതി പഞ്ചായത്തുകൾക്ക് നൽകുക.
13. ആന്റി ബയോട്ടിക് അവക്ഷിപ്തം ഇല്ലാതാക്കുവാൻ ചികിത്സാനന്തരം പാൽ നിശ്ചിത കാലത്തേയ്ക്ക് ഉപയോഗിക്കുവാൻ പാടില്ലാത്തതുകൊണ്ട് കർഷകർക്കുണ്ടാകുന്ന നഷ്ടവും, അകിടുവീക്കം വരുമ്പേമ്പോഴുള്ള ഉല്പാദനനഷ്ടം മുഖേനയുള്ള സാമ്പത്തിക നഷ്ടവും പരിഹരിക്കുവാൻ സർക്കാർ പദ്ധതി നടപ്പിലാക്കണം.
14. ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് പാഠ്യപദ്ധതിയുടെ ഭാഗമാക്കുക.
15. സംസ്ഥാനത്തെ സ്വകാര്യ കൃത്രിമബീജാധാന കേന്ദ്രങ്ങൾക്ക് ലൈസൻസ് ഏർപ്പെടുത്തണം. ലൈസൻസ് നടപടികൾ ലഘൂകരിക്കണം. സംസ്ഥാന പ്രജനന നയത്തിന് വിരുദ്ധമായി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ബീജാധാന കേന്ദ്രങ്ങളുടെ പേരിൽ കർശന ശിക്ഷണ നടപടികൾ സ്വീകരിക്കണം.
16. 5000/- രൂപ വരെ ധനസഹായം നൽകുന്ന പദ്ധതിയിൽ കർഷക രജിസ്ട്രേഷനുള്ള ഗുണഭോക്താക്കൾക്ക് മറ്റു സാക്ഷ്യപത്രങ്ങളിൽ നിന്നും ഒഴിവു നൽകുക.
17. ഓമന മൃഗങ്ങളുടെ ഇൻഷ്വറൻസ് പദ്ധതിക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടത്തുവാൻ അനുമതി നൽകുക.
18. മൃഗചികിത്സാ ചിലവുകൾ ഉൾപ്പെടുന്ന ഇൻഷ്വറൻസ് പദ്ധതികൾ കുറഞ്ഞ പ്രീമിയം നിരക്കിൽ നടപ്പിലാക്കുക.
19. ഒരു ദിവസം പ്രായമായ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ വർഷത്തിൽ എല്ലാ സമയത്തും ഒരേ വിലയ്ക്ക് നൽകുന്നതിനാവശ്യമായ ഇറച്ചിക്കോഴികളുടെ പേരന്റ് സ്റ്റോക്ക്, ഹാച്ചറി എന്നിവ സർക്കാർ സ്വകാര്യ സഹകരണ മേഖലയിൽ ആരംഭി

ക്കുക. സ്വകാര്യ മേഖലയിൽ ഉല്പാദിപ്പിക്കപ്പെടുന്ന കോഴികുഞ്ഞുങ്ങളെ നിശ്ചിത നിരക്കിൽ വിതരണം ചെയ്യുമ്പോൾ ഉണ്ടാകുന്ന നഷ്ടം സർക്കാർ നികത്തണം.

20. ക്ഷീരകർഷക വൃത്തിയെ ദാരിദ്ര്യലഘൂകരണ ഉപാധിയായി മാത്രം പരിഗണിക്കാതെ പോഷകാഹാര ലഭ്യതയിലും, ഉൽപ്പാദനമേഖലയിലുമുള്ള സംഭാവനകളും പരിഗണിച്ച് ധനസഹായം നല്കുന്നതിനുള്ള വരുമാനപരിധി നീക്കം ചെയ്യുകയോ ഉയർത്തുകയോ ചെയ്യുക.

21. ലളിതമായ ഏകജാലക ലൈസൻസിംഗ് സംവിധാനം ഏർപ്പെടുത്തുക.

22. ഫാം ടൂറിസം പദ്ധതികൾക്ക് 75% വരെ സബ്സിഡി അനുവദിക്കുവാൻ വേണ്ട മാനദണ്ഡങ്ങൾ പരിഷ്ക്കരിക്കുക.

23. 40 ചതുരശ്ര കിലോമീറ്ററിൽ കൂടുതൽ ഭൂവിസ്തൃതി ഉള്ളതും പക്ഷി വർഗം ഒഴികെ 5000-ൽ കൂടുതൽ മൃഗങ്ങൾ ഉള്ള പഞ്ചായത്തുകളിൽ ഒന്നിൽ കൂടുതൽ വെറ്ററിനറി സ്ഥാപനങ്ങൾ ആരംഭിക്കണം.

24. നിലവിൽ വെറ്ററിനറി സബ്സെന്റർ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ ആരംഭിക്കേണ്ടതും നിലവിലുള്ള സബ്സെന്ററുകൾ ആവശ്യാനുസരണം മാറ്റി സ്ഥാപിക്കുകയും ചെയ്യണം.

25. തമിഴ്നാടുമായി അതിർത്തി പങ്കിടുന്ന മറയൂർ ഉദുമൽപേട്ട ചിന്നാർ റോഡിൽ മൃഗസംരക്ഷണ ചെക്ക്പോസ്റ്റ് സ്ഥാപിക്കണം.

26. മൂന്നാർ വെറ്ററിനറി പോളിക്ലിനിക്ക് കാമ്പസിൽ റീജിയണൽ ഡയഗ്നോസ്റ്റിക് & ക്വാളിറ്റി കൺട്രോൾ ലബോറട്ടറി സ്ഥാപിക്കണം.

27. വെറ്ററിനറി പോളിക്ലിനിക്ക് ഇല്ലാത്ത ജില്ലയിലെ ഉടുമ്പൻചോല, പീരുമേട് താലൂക്കുകളിൽ വെറ്ററിനറി പോളിക്ലിനിക്ക് ആരംഭിക്കണം.

28. നിലവിൽ സീനിയർ വെറ്ററിനറി സർജൻ ഇല്ലാത്ത ഇടുക്കി, ഇളംദേശം ബ്ലോക്കുകളിൽ ഓരോ വെറ്ററിനറി സർജന്റെ തസ്തിക ഉയർത്തേണ്ടതാണ്.

29. വാഗമണ്ണിൽ പ്രവർത്തിക്കുന്ന മൊബൈൽ ഫാം എയ്ഡ് യൂണിറ്റ് വെറ്ററിനറി ഡിസ്പെൻസറിയായി ഉയർത്തണം.

30. എരുമക്കുട്ടികളെ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതികളിൽ ഉൾപ്പെടുത്തണം.

31. ജില്ലയിൽ സ്വന്തമായി കെട്ടിടമില്ലാത്ത മൃഗസംരക്ഷണ സ്ഥാപനങ്ങൾക്ക് കെട്ടിടം പണിയുന്നതിന് സ്ഥലം ലഭ്യമല്ലാത്ത പഞ്ചായത്തുകളിൽ സ്ഥലം വാങ്ങുവാനുള്ള അനുമതി നൽകണം.

32. എല്ലാ ബ്ലോക്കുകളിലും രാത്രികാല സേവനത്തിനായി സ്ഥിരം സംവിധാനം ഏർപ്പെടുത്തണം

33. വാഗമൺ മൃഗസംരക്ഷണ പരിശീലന കേന്ദ്രം പൂർണ്ണ തോതിൽ പ്രവർത്തിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

34. ആട്, എരുമ, നാടൻ പശുക്കൾ എന്നിവയുടെ പാൽ, മുട്ട സംഭരണത്തിനും വിപണത്തിനുമായി ക്ഷീര സംഘങ്ങളെ ഉപയോഗപ്പെടുത്തണം.

35. സർക്കാർ ഉദ്യോഗസ്ഥർക്ക് തുടങ്ങുവാൻ ഉദ്ദേശിക്കുന്ന ചികിത്സ ഇൻഷുറൻസ് പദ്ധതി പോലെയുള്ള പദ്ധതി മൃഗസംരക്ഷണ മേഖലയിലുള്ളവർക്കും നടപ്പിലാക്കണം.
36. മൃഗ ചികിത്സ സ്ഥാപനങ്ങളിൽ ക്ലറിക്കൽ തസ്തിക സൃഷ്ടിക്കുകയോ ദിവസക്കൂലി അടിസ്ഥാനത്തിൽ അവരെ നിയമിക്കുവാൻ പഞ്ചായത്തുകൾക്ക് അനുവാദം നൽകുകയോ ചെയ്യുക.
37. ഗുണമേന്മ പരിശോധന ലാബോറട്ടറികൾ സ്ഥാപിക്കണം.
38. പേവിഷബാധ ടെറ്റനസ്, സർപ്പദംശനം എന്നിവയ്ക്ക് ആവശ്യമായ ആന്റി സിറം ജില്ലാ തലത്തിൽ സംഭരിക്കണം.
39. യോഗ്യതയില്ലാത്തവരുടെ മൃഗചികിത്സ പരിപൂർണ്ണമായും അവസാനിപ്പിക്കണം.
40. മേഖലയിലുള്ളവർക്ക് താക്കോൽ സ്ഥാനങ്ങളിൽ സംവരണം ഏർപ്പെടുത്തണം.
41. ക്ഷീരസംഘങ്ങളോട് ചേർന്ന് മിനി സൂപ്പർമാർക്കറ്റുകൾ ആരംഭിക്കുവാനും സംഘങ്ങളുടെ സേവനം ബാങ്കിംഗ് മേഖകളിലേയ്ക്ക് വ്യാപിപ്പിക്കുകയും ചെയ്യണം.

<u>കീഴ്ത്തട്ടു നിർദ്ദേശങ്ങൾ</u>

1. ഗുണമേന്മയുള്ള കുട്ടികളെ ഉത്പ്പാദിപ്പിക്കുവാൻ പ്രോജനി ബാങ്ക് ആരംഭിക്കണം.
2. ഭക്ഷ്യസുരക്ഷയും രോഗനിർണ്ണയവും ഉത്പ്പന്നങ്ങളുടെ ഗുണമേന്മയും ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ പരിശോധനകൾ നടത്തുന്നതിന് ലബോറട്ടറികൾ സ്ഥാപിക്കുക.
3. ശാസ്ത്രീയമായ വലിയ കാലിത്തൊഴുത്തുകൾ, മറ്റ് മൃഗങ്ങളുടെ കൂടുകൾ, ഫാം നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകണം.
4. കട്ടപ്പന, അടിമാലി, മേഖല മൃഗസംരക്ഷണ കേന്ദ്രങ്ങൾക്കും കട്ടപ്പന ഊർജ്ജിത കന്നുകാലി വികസന കേന്ദ്രം പ്രോജക്ട് ഓഫീസിനും വാഗമൺ മൊബൈൽ ഫാം എയ്ഡ് യൂണിറ്റ്, ഇടുക്കി മൊബൈൽ വെറ്ററിനറി ഡിസ്പെൻസറിക്കും പുതിയ കെട്ടിടം നിർമ്മിക്കണം.
5. തരിശ് സ്ഥലങ്ങളിൽ തീറ്റപ്പുൽകൃഷി ആരംഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി ഫോഡർ ബാങ്കുകൾ സ്ഥാപിക്കണം.
6. ഉണക്ക ചാണകം, മൂത്രം എന്നിവ വ്യവസായിക അടിസ്ഥാനത്തിൽ സംഭരിച്ച് വിപണനം നടത്തണം.
7. പാൽ ഉത്പ്പാദക ഇൻസെന്റീവ്, കാലിത്തീറ്റ സബ്സിഡി എന്നിവയ്ക്ക് പദ്ധതികൾ വേണം.
8. ഗുണമേന്മയുള്ള മൃഗങ്ങളുടെ ബീജം വിതരണം നടത്തണം.
9. കൂടോടുകൂടിയുള്ള അടുക്കള മുറ്റത്ത് കോഴി വളർത്തൽ യൂണിറ്റ് പദ്ധതി ആരംഭിക്കുകയും മുട്ടയുടെ വിപണന ശൃംഖല സ്ഥാപിക്കുകയും വേണം.
10. കോലാനി, പന്നി/കോഴി വളർത്തൽ കേന്ദ്രത്തിലെ പന്നിയുടെയും, കോഴിയുടെയും പേരന്റ് സ്റ്റോക് നാലിരട്ടി ആക്കുക.
11. വിട്ടുകിട്ടപ്പെട്ട സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.
12. ഫാമുകളുടെ ആധുനികവത്ക്കരണവും, യന്ത്രവത്ക്കരണവും നടപ്പിലാക്കുക.

13. ആധുനിക അറവുശാലകൾ സ്ഥാപിക്കുക.
14. മൃഗങ്ങൾക്കുള്ള തീറ്റയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് മൊബൈൽ സംവിധാനം ഒരുക്കണം.
15. മാലിന്യ സംസ്ക്കരണത്തിന് റെണ്ടറിംഗ് പ്ലാന്റുകളും ഉണക്കചാണകം ലഭ്യമാക്കുവാൻ ഡങ്ങ് ഡീവാട്ടറുകളും സ്ഥാപിക്കണം.
16. മൃഗസംരക്ഷണ മേഖലയിൽ പരമാവധി യന്ത്രവത്ക്കരണം നടപ്പിലാക്കണം.
17. ഫാം ടൂറിസം പദ്ധതികൾ ആരംഭിക്കണം.
18. സെക്സ്ഡ് ബീജം, പ്രീമിയം ബീജം എന്നിവ ലഭ്യമാക്കണം.
19. മൃഗ വിപണന ചന്തകൾ ആരംഭിക്കണം.
20. ക്ഷീര സംഘങ്ങൾക്ക് മൊബൈൽ പാൽ സംഭരണ വാഹനം നൽകണം.
21. നിലവിലെ മാർഗ്ഗരേഖ പ്രകാരമുള്ള പദ്ധതികൾ തുടരണം.
22. തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുവാൻ ത്രിതല പഞ്ചായത്ത്-വകുപ്പ്തല സംയോജന പദ്ധതികൾ ആവിഷ്കരിക്കണം.
23. പാൽ സൊസൈറ്റികൾ, മൃഗസംരക്ഷണ സ്ഥാപനങ്ങൾ മുഖേന ധാതുലവണമിശ്രിതം വിതരണം ചെയ്യണം.
24. ചെറുകിട സൈലേജ് യൂണിറ്റുകൾ ആരംഭിക്കണം.
25.ആനിമൽ വെൽഫെയർ ക്ലബ്ബ്, സ്കൂൾ പൗൾട്രി ക്ലബ്ബ് എന്നിവ ആരംഭിക്കണം.
26. ഉത്പ്പാദക രോഗങ്ങൾ തടയുവാൻ ബോധവത്ക്കരണം നടത്തണം.
27. ആശുപത്രിക്ക് മരുന്ന് വാങ്ങുവാനുള്ള പദ്ധതി എല്ലാ പഞ്ചായത്തിലും നടപ്പിലാക്കണം.
28. എ, ബി, സി പദ്ധതിയ്ക്കാവശ്യമായ ഉദ്യോഗസ്ഥരുടെ നിയമനവും പദ്ധതി നിർവ്വഹണവും നടത്തണം.
29. നായ വളർത്തൽ ലൈസൻസിംഗ് നിർബന്ധമാക്കണം.
30. വനാതിർത്തി പങ്കിടുന്ന പഞ്ചായത്തുകളിൽ വനം വകുപ്പിന്റെ സഹകരണത്തോടെ പ്രതിരോധ കുത്തിവയ്പ്പുകൾ നടപ്പിലാക്കണം.
31. വിവിധ പ്രതിരോധ കുത്തിവയ്പ്പ് പരിപാടികൾക്ക് വാഹനം ലഭ്യമാക്കണം.
32. ചെറുകിട ഇടത്തരം ഫാമുകൾക്ക് ധനസഹായം ചെയ്യണം.
33. ആധുനിക അറവുശാലകൾ സംയോജിത പദ്ധതിയായി നടപ്പിലാക്കണം.
34. മാംസപരിശോധനയ്ക്കു വേണ്ട നിയമനങ്ങൾ നടത്തണം.
35. ബയോഗ്യാസ്, മണ്ണിരകംമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കണം.
36. ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകൾ ആരംഭിക്കണം.
37. കുടയത്തൂർ, ദേവികുളം വെറ്ററിനറി ഡിസ്പെൻസറികൾക്കും പെരുവന്താനം, അടിമാലി വെറ്ററിനറി ഹോസ്പ്പിറ്റലുകൾക്കും പുതുതായി കെട്ടിടം നിർമ്മിക്കണം.
38. ഓമന മൃഗങ്ങളുടെയും, അരുമ പക്ഷികളുടെയും പ്രജനന-വിപണന പദ്ധതികൾ നടപ്പിലാക്കണം.
39. പശു, കിടാരി, കിടാക്കൾ, ആട്, പന്നി, മുയൽ, കോഴി, താറാവ്, ടർക്കി, കാട, എരുമ

എന്നിവയെ വളർത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കണം.

40. മൃഗസംരക്ഷണ സ്ഥാപനങ്ങൾക്കും, സബ്സെന്ററുകൾക്കും കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുകയും വിജ്ഞാന വ്യാപന വിവര സാങ്കേതിക വിദ്യയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കണം.
41. ചെറുകിട ഫാം ടൂറിസം പദ്ധതികളെ പ്രോത്സാഹിപ്പിക്കണം.
42. പരിക്കേറ്റ മൃഗങ്ങളെ ആശുപത്രിയിൽ എത്തിക്കുന്നതിനായും ഹോയിസ്റ്റ് സംവിധാന ത്തോടെയുള്ള ആംബുലൻസുകൾ ഓരോ ബ്ലോക്കിലും ഏർപ്പെടുത്തണം.
43. സ്ലറി പമ്പുകൾ, പവർ ക്ലീനറികൾ, ഫ്ളോർമാറ്റ്, കറവയന്ത്രം, ഫാൻ, ചാഫ് കട്ടർ എന്നിവ വിതരണം നടത്തണം.
44. വന്ധ്യതാ പരിശോധനയ്ക്കും, ചികിത്സയ്ക്കുമുള്ള പദ്ധതികൾ നടപ്പിലാക്കണം.
45. എഗ്ഗർ നേഴ്സറികൾ, മുട്ടകോഴി വളർത്തൽ ഫാമുകൾ സ്ഥാപിക്കണം.
46. ചെറുകിട ശേഷിയുള്ള ഇൻകുബേറ്ററുകൾ നൽകണം.
47. ആത്മ, പദ്ധതികളുമായി മൃഗസംരക്ഷണ വകുപ്പ്, ത്രിതല പഞ്ചായത്ത് പദ്ധതികൾ ഏകോപിപ്പിക്കണം.
48. മാംസാവശ്യത്തിനായി ഇറച്ചികോഴി, മുട്ടനാട്, പോത്ത് കിടാവ്, മൂരികിടാവ്, മുയൽ, കാട, ടർക്കി എന്നിവയെ മാത്രം വളർത്തുന്ന യൂണിറ്റുകൾ ആരംഭിക്കണം.
49. ആട്ടിൻപാൽ, മുട്ട, നാടൻപശുക്കളുടെ പാൽ എന്നിവയുടെ സംഭരണ വിപണനത്തിനുള്ള സംവിധാനങ്ങൾ പാൽസൊസൈറ്റി/കുടുംബശ്രീ മുഖേന ആരംഭിക്കണം.
50. മഴവെള്ള സംഭരണി, പടുതാക്കുളം എന്നിവ നിർമ്മിക്കുകയും കിണർ റീ ചാർജ്ജിംഗ് പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.
51. 10 മുതൽ 50 മുട്ടകോഴികളെ വളർത്താവുന്ന ചെറുകിട യൂണിറ്റുകൾ ആരംഭിക്കണം.
52. വിവിധയിനം മൃഗങ്ങളുടെ ശാസ്ത്രീയമായ കൂടുകൾ നിർമ്മിക്കുവാൻ പദ്ധതി നടപ്പിലാക്കണം.
53. വംശനാശം നേരിടുന്ന പ്രാദേശിക ജനുസുകളെ സംരക്ഷിക്കണം.
54. മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ-വിപണന യൂണിറ്റുകൾ ആരംഭിക്കണം.
55. ആധുനിക ഇറച്ചി വിപണന കേന്ദ്രങ്ങൾ ആരംഭിക്കണം.
56. സ്കൂൾ കുട്ടികൾ, യുവജന ക്ലബ്ബുകൾ, കർഷക സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവർക്ക് പഠന പര്യടനം നടപ്പിലാക്കണം.
57. ന്യായവില മെഡിക്കൽ ഷോപ്പുകൾ ആരംഭിക്കണം.
58. ക്ഷീരകർഷകർക്ക് സൗരോർജ്ജ വിളക്കുകൾ അനുവദിക്കണം.

4.1.3. മത്സ്യ വികസനം

മേൽതട്ട് നിർദ്ദേശങ്ങൾ (മത്സ്യമേഖല)

1. ജില്ലയിൽ മുട്ടം വില്ലേജിൽ കുടയത്തൂർ കൈപ്പകവലക്ക് സമീപം, മലങ്കരഡാം ക്യാച്മെന്റ് ഏരിയ, കുളമാവ് ഡാമിന് സമീപം എന്നിവിടങ്ങളിൽ മത്സ്യവിത്ത്

ഉല്പാദനകേന്ദ്രങ്ങൾ സ്ഥാപിക്കുക, ഇതിലൂടെ ഗുണനിലവാരമുള്ള മത്സ്യവിത്ത് ജില്ലയിൽ തന്നെ ഉല്പാദിപ്പിക്കാൻ സാധിക്കും. കൃഷിയിടങ്ങളിൽ മത്സ്യങ്ങളുടെ അതിജീവന നിരക്ക് കൂടുകയും, ഉല്പാദനം ഗണ്യമായി വർദ്ധിക്കുകയും ചെയ്യും. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയുള്ള പ്രവർത്തനം മേൽ മത്സ്യ വിത്ത് ഉൽപാദന കേന്ദ്രം യാഥാർത്ഥ്യമാക്കുന്നതിന് ഗുണം ചെയ്യും. (ജലസേചനം,വൈദ്യുതി, വനം, റവന്യൂ) (സ്റ്റേറ്റ് ലെവൽ)

2 വിനോദ സഞ്ചാരികളുടെ പറുദീസയായ ജില്ലയിൽ അലങ്കാര മത്സ്യകൃഷി മേഖലയുമായി ബന്ധപ്പെട്ട്, തൊടുപുഴ മുട്ടം കേന്ദ്രമാക്കി അലങ്കാരമത്സ്യങ്ങളുടെ പ്രദർശനം, ഉല്പാദനയൂണിറ്റ് എന്നിവ നടപ്പിലാക്കാൻ കഴിയും. (ജില്ലാതലം)

3 മീശപ്പുലിമലയിൽ ശീതജല മത്സ്യോല്പാദന ഹാച്ചറി നിർമ്മിക്കുക. (ജില്ലാതലം)

4 റിസർവ്വോയറുകളിൽ മത്സ്യകൃഷി ആരംഭിക്കുക. (ജില്ലാതലം)

5. ജില്ലയിൽ വിനോദസഞ്ചാരികളുടെ പ്രധാന ആകർഷണ കേന്ദ്രമായ തേക്കടി (പെരിയാർ ടൈഗർ റിസർവ്)യുമായി ബന്ധപ്പെട്ട് അലങ്കാരമത്സ്യപ്രദർശന കേന്ദ്രം സ്ഥാപിക്കുക. ലക്ഷങ്ങളുടെ റവന്യൂ ഇതിലൂടെ നേടാൻ സാധിക്കുന്നതാണ്. (ജില്ലാതലം)

6. മുല്ലപ്പെരിയാർ, പൊൻമുടി എന്നീ പ്രദേശങ്ങളിൽ ഡാമുകളുമായി ബന്ധപ്പെട്ട് ഫിഷ് സാങ്ചറികൾ സ്ഥാപിക്കുക. (ജില്ലാതലം)

7. വികസനസമിതി ഉപസമിതികളുടെയും, ജനപ്രതിനിധികളുടെയും ആവശ്യപ്രകാരം വില്പനക്കെത്തുന്ന മത്സ്യങ്ങളിലെ മായം കലർത്തലും, രാസവസ്തുക്കളുടെ സാന്നിദ്ധ്യവും കത്തെുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക, ഇതുമായി ബന്ധപ്പെട്ടുള്ള പരിശോധന ശക്തമാക്കുക, ഇത്തരം സംവിധാനങ്ങളിലൂടെ മായം കലർത്തുന്നവർക്ക് എതിരെ തക്കതായ ശിക്ഷാനടപടികൾ സ്വീകരിക്കുക എന്നീ കർമ്മ പദ്ധതികൾ നടപ്പാക്കുക. (ബ്ലോക്ക് തലം)

8. വികസന സമിതി ഉപസമിതികളുടെയും, ജനപ്രതിനിധികളുടെയും ആവശ്യപ്രകാരം ജില്ലയിൽ നിലവിലുള്ള അക്വാകൾച്ചർ ക്ലസ്റ്ററിന്റെ എണ്ണം വർദ്ധിപ്പിക്കുക. (ബ്ലോക്ക്തലം)

2. കീഴ്ത്തട്ട് നിർദ്ദേശങ്ങൾ (മത്സ്യമേഖല)

1. മത്സ്യമേഖലയുമായി ബന്ധപ്പെട്ട പശ്ചാത്തല സൗകര്യങ്ങളായ മത്സ്യസംസ്കരണ വിപണനകേന്ദ്രങ്ങൾ, ലാന്റിംഗ് സെന്ററുകൾ, ഐസ്പ്ലാന്റ് യൂണിറ്റുകൾ, നെറ്റ്മെന്റിംഗ് യാർഡുകൾ, മത്സ്യബന്ധന സാമഗ്രി വിപണനകേന്ദ്രങ്ങൾ, ഗതാഗതസൗകര്യങ്ങൾ, മത്സ്യത്തൊഴിലാളി സ്തീ വിശ്രമകേന്ദ്രങ്ങൾ എന്നിവയുടെ നിർമ്മാണം. (ബ്ലോക്ക്തലം)
2. മത്സ്യമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് നൂതന മത്സ്യബന്ധനസംവിധാനങ്ങൾ, സുരക്ഷാ ക്രമീകരണങ്ങൾ എന്നിവ ഏർപ്പെടുത്തുക. (ബ്ലോക്ക്തലം)
3. ജല പുന:ചംക്രമണസംവിധാന (RAS) ത്തിലുള്ള മത്സ്യകൃഷിയൂണിറ്റുകൾ വ്യാപകമാക്കുക. കൂടുതൽ ഗുണഭോക്താക്കൾക്ക് കുറഞ്ഞസ്ഥലത്ത് കൂടുതൽ മത്സ്യോല്പാദനവും ഒപ്പം പച്ചക്കറികൃഷിയിലൂടെയും മികച്ച വരുമാനവും നേടാൻ കഴിയുന്ന തരത്തിലുള്ള ഇത്തരം പദ്ധതികൾ വ്യാപകമാക്കുക. (ബ്ലോക്ക്തലം)
4. മത്സ്യബന്ധന സാദ്ധ്യതയുള്ള മേഖലകളിൽ പട്ടികവർഗ്ഗക്കാർക്ക് മത്സ്യബന്ധന ഉപകരണങ്ങൾ വിതരണം ചെയ്യുക.
5. പാറക്കുളങ്ങളിലെ മത്സ്യകൃഷി, മൺകുളങ്ങൾ നവീകരിക്കൽ പദ്ധതി എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കുക (പഞ്ചായത്ത് തലം)
6. ചെറുകിട അലങ്കാര മത്സ്യയൂണിറ്റുകൾ, മത്സ്യത്തീറ്റ നിർമ്മാണ യൂണിറ്റുകൾ എന്നിവയ്ക്ക് ധനസഹായം, ഇതുമായി ബന്ധപ്പെട്ട പരിശീലനപരിപാടികൾ എന്നിവ നടപ്പിലാക്കുക (ബ്ലോക്ക് തലം)

7. മത്സ്യ കർഷകരുടെ കൃഷിയിടത്തിലെ മത്സ്യങ്ങൾ വിപണനം ചെയ്യുന്നതിന് മത്സ്യബൂത്തുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുക(ബ്ലോക്ക്തലം)

15. മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾക്ക് വായ്പ, സംഘം പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ നവീകരണം, സംഘങ്ങൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുക, മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പദ്ധതി എന്നിവ ആവിഷ്കരിച്ച് നടപ്പിൽ വരുത്തുക. (ബ്ലോക്ക് തലം)
16. മൂല്യവർദ്ധിത ഉല്പന്നങ്ങൾനിർമ്മിക്കുന്നതിനുള്ള യൂണിറ്റ് സ്ഥാപിക്കുക.(ബ്ലോക്ക് തലം)
10. ചെറുകിട ഐസ് പ്ലാന്റ് യൂണിറ്റ് സ്ഥാപിക്കുക (ബ്ലോക്ക് തലം)

11. ചെറുകിട പടുതാക്കുളങ്ങൾ (2 സെന്റ്) സ്പോൺ റിയറിംഗ് യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുക. (പഞ്ചായത്ത് തലം)

4.1.4 വനവികസനം

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. വനത്തിൽ ഉണ്ടാകുന്നത തീപിടുത്തം തടയാനുള്ള നടപടികൾ സ്വീകരിക്കുക.

2. കാടിനുള്ളിലെ യൂക്കാലിപ്റ്റ്സ്, അക്ക്വേഷ്യ, വാറ്റിൽ തുടങ്ങിയ മരങ്ങളുടെ കൃഷി തടയാനുള്ള നടപടികൾ സ്വീകരിക്കുക.

3. വനം കൈയ്യേറ്റം, അനധികൃത മരംമുറി, മറ്റ് വനം കുറ്റകൃത്യങ്ങൾ ഇല്ലാതാക്കണം.

4. പ്ലാസ്റ്റിക്, ഇ-വേസ്റ്റ്- മറ്റ് ജൈവ മാലിന്യങ്ങൾ വനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിക്ഷേപിക്കുന്നത് തടയണം

5. നിരോധിക്കപ്പെട്ടതും അല്ലാത്തതുമായ രാസ കീടനാശിനി പ്രയോഗം കുറക്കാനുള്ള നടപടികൾ സ്വീകരിക്കുക.

6. വനത്തോട് ചേർന്ന് ജീവിക്കുന്ന ജനങ്ങളെ വനത്തിനും വന്യജീവികൾക്കും എതിരാക്കാതെ അനുകൂലമാക്കുവാൻ വേണ്ട ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കണം.

7. വനസംരക്ഷണത്തിൽ ജനങ്ങളെ കൂടി പങ്കെടുപ്പിക്കുന്ന പങ്കാളിത്ത വനപരിപാലന പദ്ധതികൾ വേണ്ട സ്ഥലങ്ങളിൽ ഇനിയും നടപ്പിലാക്കുക.

8. കാട്ടിലെ ജലലഭ്യത വർദ്ധിപ്പിക്കുവാൻ വേണ്ട നടപടികൾ അടിയന്തിരമായി നടപ്പാക്കണം. ജീവികൾക്ക് ജലലഭ്യത ഉറപ്പ് വരുത്തണം.

9. വനത്തിലെ പുൽമേടുകൾ പുൽമേടുകളായിത്തന്നെ സംരക്ഷിക്കണം. ജീവികൾക്ക് വനത്തിൽ തന്നെ ഭക്ഷണം ലഭ്യമാക്കുകയും ചെയ്യണം.

9. ജനവാസ മേഖലകളിൽ ഉള്ള വനാതിർത്തികളിൽ മൃഗങ്ങൾക്ക് സുഗമായി നാട്ടിലേക്ക് ഇറങ്ങുവാൻ പറ്റാത്ത രീതിയിലുള്ള ജൈവവേലികൾ, ട്രഞ്ചുകൾ സോളാർ വേലികളും തീർക്കുക.

10. വനം തീ കത്തിനശിക്കുമ്പോഴുള്ള ഭവിഷത്തുകൾ ജനങ്ങളിലെത്തിക്കുവാനുള്ള ബോധവൽക്കരണ പരിപാടികൾ നവമാധ്യമങ്ങളിലൂടെയും അല്ലാതെയും നടപ്പിലാക്കുക.

11. ആന തുടങ്ങിയുള്ള ജീവികൾ ജനവാസമേഖലയിൽ പതിവായി ഇറങ്ങിയുള്ള പ്രശ്നങ്ങൾ കേരളമൊട്ടുക്കും പ്രത്യേകിച്ച് ഇടുക്കി ജില്ലയിലും ഇന്ന് നിത്യസംഭവമായിരിക്കുന്നു. മനുഷ്യനും വന്യജീവികൾക്കും വസ്തുവകകൾക്കും നാശമുണ്ടാക്കാതെ ഇത് കൈകാര്യം ചെയ്യണം

12. പ്രകൃതി രമണീയമായ ഇടുക്കി ജില്ലയിൽ വനത്തിലെക്ക് കടക്കാതെ തന്നെ വനാതിർത്തികളിൽ സീസണിൽ നൂറുകണക്കിനായ കൊച്ചു കൊച്ചു വെള്ളചാട്ടങ്ങളും ഒപ്പം ദൃശ്യ ഭംഗിയുള്ള പ്രദേശങ്ങളും ഉണ്ട്. ഇവിടെ ശലഭ പാർക്കുകളും ഔഷധ തോട്ടങ്ങളും വച്ച് പിടിപ്പിച്ച് സംരക്ഷിക്കാവുന്നതാണ്. കൂടാതെ നീരുറവകളുടെ ഇരുവശത്തും അനുയോജ്യമായ സസ്യങ്ങളും ഫല വൃക്ഷങ്ങളും വച്ചുപിടിപ്പിക്കാവുന്നതാണ്.

കീഴ്ത്തട്ടു നിർദ്ദേശങ്ങൾ

1. പങ്കാളിത്ത വനപരിപാലന പദ്ധതി നടപ്പിലാക്കണം.

2. സ്കൂൾ വിദ്യാർത്ഥികളെ ചെറിയ പ്രായം മുതൽ തന്നെ വനം പരിചയപ്പെടുത്തുന്ന പദ്ധതിൽ നടപ്പാക്കണം. ഇതിനായി സ്കൂളുകളിൽ നേച്ചർ ക്ലാസ് തുടങ്ങി പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കണം.

4.1.5. വ്യവസായം

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ജില്ലയിലെ ഏറ്റവും കൂടുതൽ വികസിച്ചിട്ടുള്ള പ്രദേശമായ തൊടുപുഴ ഗതാഗത സൗക ര്യങ്ങളും ജലം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന വിഭവങ്ങളും ലഭ്യമായ തൊടുപുഴ പ്രദേ ശത്ത് 20 ഏക്കറിൽ കുറയാത്ത ഒരു വ്യവസായ പാർക്ക് നിർമ്മിക്കുന്നത് പ്രദേശത്തെ വ്യവ സായ വളർച്ചയ്ക്ക് വളരെ അത്യന്താപേക്ഷിതമാണ്.

2. നിലവിൽ ജില്ലാ വ്യവസായ കേന്ദ്രം ഖാദി വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, ഖാദി വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ, എന്നീ ഏജൻസികൾ നടപ്പിലാക്കി വരുന്ന സംരംഭകത്വ സഹായ പദ്ധതി (ഇ.എസ്.എസ്), പി.എം.ഇ.ജി.പി, എന്റെ ഗ്രാമം എന്നിവയും പട്ടികജാതി വികസന വകുപ്പ്, തൊഴിലും നൈപുണ്യവും വകുപ്പ്, പിന്നോക്ക കോർപ്പറേഷൻ എന്നിവർ നടപ്പിലാക്കി വരുന്ന വിവിധങ്ങളായ സ്വയംതൊഴിൽ പദ്ധതികളും കൃത്യമായ ആസൂത്രണം മുഖേന ഏകോപിച്ച് ജില്ലയുടെ ഭൂപ്രകൃതിയ്ക്കും വിഭവ ലഭ്യതയും അനുസരിച്ച് നടപ്പിലാ ക്കാവുന്നതാണ്.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

ജില്ലയിലെ ചെറികിട വ്യവസായ മേഖലയിലെ വികസനത്തിന് പഞ്ചായത്തുകൾ തോറും ഒരേക്കർ മുതൽ രണ്ട് ഏക്കർ വരെയുള്ള സ്ഥലം കണ്ടെത്തി ബഹുനില വ്യവ സായ കോംപ്ലക്സുകൾ നിർമ്മിക്കുന്നത് നന്നായിരിക്കും. ഇത് ഭൂമി ലഭ്യതയെ കൂടുതലായി ബാധിക്കുകയില്ല.

ഇടുക്കി ജില്ലയിലെ ജില്ല, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകളുടെ ഉടമസ്ഥതയിൽ വിവിധ പദ്ധതികളിലായി വ്യവാസായിക ആവശ്യത്തിനായി വാങ്ങിയ ഭൂമിയും, വ്യാവസായിക ആവശ്യത്തിനായി നിർമ്മിച്ച കെട്ടിടങ്ങളിൽ ഭൂരിഭാഗവും ശരിയായി വിനിയോഗിക്കാതെയും, വ്യാവസായിക ആവശ്യത്തിന് ഉപയോഗപ്പെടുത്താതെയും കിടക്കുന്ന സാഹചര്യം നിലവിലുണ്ട്. ഇത്തരം നിഷ്ക്രീയ ആസ്തികളെ, വ്യവസായിക ആവശ്യത്തിനായി ഉപയോഗപ്പെടുത്താവുന്നതാണ്. വ്യവസായിക അടിസ്ഥാനത്തിൽ വ്യവസായിക എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിന് താഴെപ്പറയുന്ന മൂന്നു മോഡലുകൾ/നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

1. പ്രൈവറ്റ് പബ്ലിക്ക് പാർട്ട്നർഷിപ്പ്(PPP) മോഡൽ പ്രൊപ്പോസൽ പ്രകാരം നിലവിൽ പൂട്ടിക്കിടക്കുന്ന ഉപയോഗശൂന്യമായ ഷെഡുകൾ ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തും വ്യവസായ വകുപ്പും സംയുക്തമായി 50:50 എന്ന അനുപാതത്തിൽ ഫണ്ട് സ്വരൂപിച്ച് അറ്റകുറ്റപ്പണികൾ നടത്തുകയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനവും വ്യവസായ വകുപ്പും സംയുക്തമായി ഒരു കമ്മിറ്റി രൂപീകരിച്ച് ടി കമ്മിറ്റിയുടെ മേൽനോട്ടത്തിൽ നവീകരിച്ച ഷെഡുകൾ അർഹരായവർക്ക് നൽകുകയും ഈ കമ്മിറ്റി ആയതിന്റെ മോണിറ്ററിംഗ് നടത്തുകയും വാടക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് പിരിച്ചെടുക്കാവുന്നതുമാണ്. ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയിൽ എസ്റ്റേറ്റുകൾ നിർമ്മിക്കുവാനും ഈ മാർഗ്ഗം സ്വീകരിക്കാവുന്നതാണ്.

2. വ്യവസായ മേഖലകളുടെ വികസനത്തിനാവശ്യമായ തുക പദ്ധതി വിഹിതമായി പഞ്ചായത്തുകളുടെ ജനകീയാസൂത്രണ പദ്ധതിയിൽ ലഭ്യമാക്കേണ്ടതുണ്ട്.

3. ആവശ്യമായ പരിശീലനങ്ങൾ നൽകുക.

4. പ്രാദേശിക തലത്തിൽ ഉപയോഗിക്കാതെ പോകുന്നതും പോഷക സമൃദ്ധവുമായ ചക്ക, പപ്പായ, മാങ്ങ തുടങ്ങിയ കാർഷിക വിളകളെ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിനുള്ള സംസ്ക്കരണ ശാലകൾ ആരംഭിക്കുക.

4.2.1. ആരോഗ്യമേഖല

മോഡേൺ മെഡിസിൻ

മേൽത്തട്ട് നിർദ്ദേശങ്ങൾ

- നിലവിലുള്ള ഹെൽത്ത് ബ്ലോക്കുകളുടെ പ്രവർത്തന മേഖല ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനമാക്കി ക്രമീകരിക്കുക
- താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുക
- അടിമാലിയിൽ അമ്മമാരുടേയും കുട്ടികളുടേയും ആശുപത്രി സ്ഥാപിക്കുക.വന്ധ്യതാചികിൽസ ഇതോടൊപ്പം ആരംഭിക്കുക
- റോഡ് ഒഴികെ മറ്റു ഗതാഗത സൗകര്യങ്ങൾ ലഭ്യമല്ലാത്തതിനാൽ എയർ ആംബുലൻസിന്റെ സാധ്യത.

- ഐ ബാങ്ക്
- ജില്ലാ ആശുപത്രികളിൽ ബ്ലഡ് സെപ്പറേഷൻ യൂണിറ്റ്. ജില്ലാ താലൂക്ക് കേന്ദ്രങ്ങളിൽ ട്രോമാ കെയർ സംവിധാനം.
- പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഇല്ലാത്ത താഴെ പറയുന്ന 3 പഞ്ചായത്തുകളിൽ ആയത് സ്ഥാപിക്കുക
- പീരുമേട്
- മൂന്നാർ
- ഇടമലക്കുടി
- ട്രാൻസ്ജെൻഡർ വിഭാഗത്തിനായി ജില്ലാ ആശുപത്രിയിൽ ശാരീരിക,മാനസിക ചികിൽസാ, കൗൺസിലിംഗ് സൗകര്യങ്ങളുള്ള ക്ലിനിക് ആവശ്യമാണ്
- ആയുഷ്, എൻ.എച്ച്.എം.പദ്ധതികളിലൂടെ വരുന്ന ഫണ്ട് കൂടുതലായി ആയുർവേദ മേഖലയിൽ വിനിയോഗിക്കാനും ഡിപ്പാർട്ടിമെന്റ് വികസനത്തിനായും ഉപയോഗിക്കണം.
- എല്ലാ ഗവൺമെന്റ് ഡിസ്പെന്റികളിലും യോഗവെൽനെസ് സെന്റർ ആരംഭിക്കുക.
- മാനസിക ആയുർവേദ ആശുപത്രി ജില്ലയിൽ ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുക.
- മറയൂർ കേന്ദ്രീകരിച്ച് വിദൂരമായ ആദിവാസി മേഖലകളിൽ ആരോഗ്യപരിചരണം ലഭ്യമാക്കുന്നതിനായി മൊബൈൽ ഡിസ്പെൻസറി ആരംഭിക്കേണ്ടതാണ്.
- പൊതുജനാരോഗ്യപ്രശ്നങ്ങൾ ചർച്ച ചെയ്യുമ്പോൾ ഭാരതത്തിന്റെ തനത് വൈദ്യശാസ്ത്രമായ ആയുർവേദത്തെക്കൂടി ഉൾപ്പെടുത്തണം.
- പരിസരശുചീകരണം, മാലിന്യനിർമ്മാർജ്ജനം, പാലിയേറ്റീവ് കെയർ എന്നീ മേഖലകളിൽ ആയുർവേദത്തിന് തനതായി ചെയ്യാവുന്നതായ രീതിയിൽ പദ്ധതികൾ ആരംഭിക്കുക.
- ഔഷധ സസ്യകൃഷി, വനവിഭവ സംഭരണം, വിതരണം, വിപണനം, സംസ്കരണം എന്നിവയ്ക്കായി ആദിവാസി മേഖലയിൽ സംഘങ്ങൾ തുടങ്ങണം.
- എൻ.എച്ച്.എം. പദ്ധതിയിലൂടെ ജില്ലയ്ക്ക് ആവശ്യമായ ഡോക്ടർമാർ, ഫാർമസിസ്റ്റുകൾ, തെറാപ്പിസ്റ്റുകൾ മുതലായ തസ്തികകളിലേക്ക് നിയമനം നടത്തുക.
- പുഷ്പകണ്ടം ആശുപത്രിയിൽ സദ്ഗമയ യൂണിറ്റ് പുനരാരംഭിക്കുക.
- പുഷ്പകണ്ടം ആശുപത്രിയിൽ അലർജി ക്ലിനിക്ക് അനുവദിക്കുക.
- ഓരോ ബ്ലോക്കിലും ചീഫ് മെഡിക്കൽ ഓഫീസർ കേഡറിലുള്ളവരുടെ നേതൃത്വത്തിലുള്ള സ്ഥാപനങ്ങൾ ഐഡന്റിഫൈ ചെയ്ത് ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരിക. ഇതുമൂലം സംയുക്ത പ്രോജക്ടുകൾ ചെയ്യുവാൻ സാധിക്കും. ത്രിതല പഞ്ചായത്ത് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ സാധിക്കും.

- പെരിഫെറൽ ഒ.പി.കൾക്കും, അതിദുർഘടപ്രദേശങ്ങളിലും മരുന്ന് വിതരണത്തിനായി ടുവീലർ മൊബിലിറ്റി സപ്പോർട്ട് ആവശ്യമാണ്
- ഹോമിയോ ഡോക്ടർമാർക്ക് റേഡിയോ ഡയഗ്നോസിസ്, മെഡിക്കൽ ഇമേജിംഗ് പരിശീലനം ലഭ്യമാക്കുക.
- എല്ലാ സ്ഥാപനങ്ങളിലും റെപ്പർട്ടറൈസേഷൻ സോഫ്റ്റ് വെയർ നൽകുക.
- ഹോംകോയുടെ മരുന്നു വിതരണം, സ്റ്റോക്ക് എന്നിവ സംബന്ധിച്ച കാര്യങ്ങൾ ഡിജിറ്റൽ സംവിധാനത്തിൽ വരുത്തുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

ഗ്രാമപഞ്ചായത്ത് തലം

1. പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.

2. ആശുപത്രികളിലെ മരുന്നുകളുടെ ഗുണനിലവാരം സംരക്ഷിക്കുന്നതിനായി സ്റ്റോർ ഫാർമസി എന്നിവ ശീതീകരിക്കുന്നതിനുള്ള നടപടികൾ.

3. കെട്ടിടം ഇല്ലാത്ത ഉപകേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക

4. കുടിവെള്ളലഭ്യത ഇല്ലാത്ത ആരോഗ്യ സ്ഥാപനങ്ങളിൽ ലഭ്യത ഉറപ്പുവരുത്തൽ

5. പി എച്ച് സി കളിൽ പ്രതിരോധ കുത്തിവയ്പ്പിന് സുരക്ഷിതമായ പ്രത്യേകസ്ഥലം, വാക്സിനുകൾ സൂക്ഷിക്കുന്നതിന് പ്രത്യേക മുറി, മുലയൂട്ടൽ സൗകര്യം

- പാറേമാവ് ജില്ലാ ആയുർവേദ ആശുപത്രിയുടെ കെട്ടിടം പൂർത്തിയാക്കാൻ ജില്ലാ പഞ്ചായത്തിൽ നിന്നും ഫണ്ട് അനുവദിച്ച് പൂർത്തിയാക്കുക.
- ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ ആണ്ടവൻകുടിയിൽ പ്രവർത്തിക്കുന്ന ആയുർവേദ ഡിസ്പെൻസറിയുടെ കെട്ടിടനിർമ്മാണവും സ്റ്റാഫ് ക്വാട്ടേഴ്സുകളും നിലവിൽ വരുത്തുക.
- എല്ലാ പഞ്ചായത്ത് ആയുർവേദ ഡിസ്പെൻസറികളിലും ശുദ്ധമായ കുടിവെള്ളം, മുലയൂട്ടൽ കേന്ദ്രങ്ങൾ(Feeding Corner), ഫ്രണ്ട് ഓഫീസ് എന്നുവ നടപ്പിലാക്കുക.
- വഴിത്തല, രാജാക്കാട് എന്നിവിടങ്ങളിൽ ഡിസ്പെൻസറികൾ ആശുപത്രിയായി ഉയർത്താൻ അതാത് പഞ്ചായത്തകൾ പദ്ധതികൾ രൂപീകരിക്കേണ്ടതാണ്.
- പാമ്പാടുംപാറ പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന തേഡ് ക്യാമ്പ് ആയുർവേദ ആശുപത്രിയെ ത്രിതല പഞ്ചായത്ത് സംയുക്തമായി 100 ബഡ്ഡ് ആശുപത്രിയായി വികസിപ്പിക്കുകയും ആവശ്യമായ ഔഷധം ലഭ്യമാക്കേണ്ടതുമാണ്.
- ശുദ്ധജലക്ഷാമം പരിഹരിക്കാൻ ആവശ്യമായ കിണറുകളും പമ്പ് സെറ്റുകളും സ്ഥാപിക്കാനായി തുക അനുവദിക്കാൻ നടപടികൾ സ്വീകരിക്കുക.

- മാലിന്യനിർമ്മാർജ്ജന സൗകര്യങ്ങളും, ബയോഗ്യാസ് പ്ലാന്റുകളും, സോളാർ സിസ്റ്റങ്ങളും സ്ഥാപിച്ച് ആശുപത്രികൾ പരിസ്ഥിതി സൗഹൃദമാക്കാനായി തുക ജില്ലാ പഞ്ചായത്ത് അനുവദിക്കുക.
- മൂന്നാർ ഡിസ്പൻസറിയുടെ കെട്ടിടം 2 നിലകളിലാക്കി വികസിപ്പിച്ച് ആശുപത്രിയാക്കാൻ മൂന്നാർ പഞ്ചായത്ത് മുഖാന്തിരം പദ്ധതികൾക്ക് രൂപം കൊടുക്കുക.
- വാത്തിക്കുടി ഗ്രാമപഞ്ചായത്തിൽ നിന്നും തുക മാറ്റിവച്ച്, ജനങ്ങൾ വാങ്ങി പഞ്ചായത്തിന് കൈമാറിയ സ്ഥലത്ത് ആശുപത്രി പണിത് ജനോപകാരമായ രീതിയിൽ പ്രവർത്തിക്കുന്നതിനായി ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടെ 2 കോടി രൂപയോളം വിനിയോഗിക്കുക.
- അടിമാലിയിൽ, ബ്ലോക്ക് പഞ്ചായത്തും ഗ്രാമപഞ്ചായത്തും ജില്ലാ പഞ്ചായത്തും സംയുക്തമായി ഒരു താലൂക്ക് ആയുർവേദ ആശുപത്രി സ്ഥാപിച്ച് ആരോഗ്യസംരക്ഷണം ജനോപകാരപ്രദമാക്കാൻ നടപടികൾ സ്വീകരിക്കുക.
- മറയൂർ ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവരുടെ സംയുക്തമായി മറയൂർ ഡിസ്പൻസറിയിൽ 2 ഏക്കർ സ്ഥലത്ത് ഔഷധസസ്യത്തോട്ടവും ആശുപത്രിയും പണിത് ടൂറിസം വികസിപ്പിക്കാവുന്നതാണ്.
- ജില്ലയിൽ ആയൂർവേദ ടൂറിസം വികസിപ്പിക്കുന്നതിന് നല്ല സാദ്ധ്യതയാണുള്ളത്. അതിനുള്ള പ്രോജക്ടുകൾ ജില്ലാ തലത്തിൽ രൂപപ്പെടേണ്ടതാണ്.
- ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് പൊതുജനങ്ങൾക്ക് എത്തുന്നതിനുള്ള റോഡ് ഗതാഗതയോഗ്യവും റാമ്പ് സൗകര്യം, ഇരിപ്പിട സൗകര്യം ഇവ നൽകേണ്ടതാണ്, സ്വകാര്യതയുള്ള പരിശോധനാ മുറികൾ, പ്രത്യേകം ശുചിമുറികൾ എന്നിവ നൽകേണ്ടതാണ്.
- ജില്ലയിൽ പ്രവർത്തിക്കുന്ന സീതാലയം, സദ്ഗമയ എന്നീ യൂണിറ്റുകളുടെ പ്രവർത്തനം ബ്ലോക്ക് അടിസ്ഥാനത്തിൽ കൊണ്ടുവരിക. അല്ലെങ്കിൽ സ്ക്രീനിംഗ് സംവിധാനം ഏർപ്പെടുത്തുക.
- അത്യാവശ്യ ഘട്ടത്തിൽ പഞ്ചായത്ത് തല മനുഷ്യവിഭവശേഷി നൽകൽ.
- ഓരോ ബ്ലോക്കിലും ആംബുലൻസ് നെറ്റ് വർക്ക് ഉണ്ടായിരിക്കുക. കോൺടാക്ട് നമ്പറുകൾ ഓരോ ആരോഗ്യസ്ഥാപനങ്ങളിലും ലഭ്യമാക്കുക.
- മത്സ്യമാംസ വിപണന കേന്ദ്രങ്ങളിൽ വിറ്റഴിക്കുന്ന മത്സ്യവു മാംസവും പരിശോധിക്കുന്നതിനുള്ള ലാബുകൾ ബ്ലോക്ക് പ്രദേശങ്ങളിൽ ആരംഭിക്കുക. പരിശോധന ശക്തവും കുറ്റമറ്റതുമാക്കുക.

4.2.2 കുടിവെള്ളം

മേൽത്തട്ട് നിർദ്ദേശങ്ങൾ

ജില്ലാപഞ്ചായത്ത് തലം

_1.. പുതിയ റോഡുകളോ പുതിയ പദ്ധതികളോ ആവിഷ്കരിക്കുമ്പോഴും നിലവിലുള്ള റോഡുകൾ വീതി കൂട്ടുമ്പോഴും വാട്ടർ അതോറിറ്റിക്ക് പൈപ്പുലൈൻ സ്ഥാപിക്കേണ്ടുന്നതിനു വേണ്ട സ്ഥലം കൂടി പരിഗണിക്കേണ്ടതാണ്. (ഉദാഹരണം ഇപ്പോൾ ഫുട്പാത്തും ഡ്രെയിനും കൊടുക്കുന്നതുപോലെ)

2. ഇപ്പോൾ ചെയ്യുന്ന പദ്ധതികളിൽ കുടിവെള്ള വിതരണ പൈപ്പുകൾ സ്ഥാപിക്കുമ്പോൾ പിബ്ല്യൂഡിക്ക് ഡെപ്പോസിറ്റ് ചെയ്യാതെ ആ റോഡിന്റെ പുനരുദ്ധാരണം കൂടി ജലഅതോറിറ്റിക്ക് അനുവദിക്കാവുന്നതാകുന്നു. വർക്കിന്റെ ഗുണനിലവാരം പി.ഡബ്ല്യു.ഡിയ്ക്ക് സൂപ്പർവൈസ് ചെയ്യുന്നതിനും അതിന്റെ സൂപ്പർവൈസറി ചാർജ്ജ് പി.ഡബ്ല്യു.ഡിയ്ക്ക് അടയ്ക്കാവുന്നതുമായാൽ പൈപ്പ് ലൈൻ സ്ഥാപിച്ച് പുനരുദ്ധാരണവും കഴിഞ്ഞ് പി.ഡബ്ല്യു.ഡിയ്ക്ക് കൈമാറാവുന്നതാണ്

3. സാധ്യതയുള്ള സ്ഥലങ്ങളിൽ ചെക്ക് ഡാമുകളും തടയണകളും നിർമ്മിക്കുന്നത് ശാസ്ത്രീയ പഠനങ്ങൾക്കുശേഷം മാത്രം ആക്കുക.

4. വന നശീകരണം തടയാനുള്ള നടപടികൾ സ്വീകരിക്കുക.

5. പൂർത്തീകരിയ്ക്കാതെ കിടക്കുന്ന വൻകിട കുടിവെള്ള പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

6. വളരെ പഴക്കമുള്ള പൈപ്പുകൾ മാറ്റി ഗുണമേന്മയുള്ള പൈപ്പുകൾ സ്ഥാപിയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുക.

<u>കീഴ്ത്തട്ട് നിർദ്ദേശങ്ങൾ</u>

1. പുതിയ കുഴൽകിണറുകൾക്ക് അനുമതി നൽകുന്നത് ലിമിറ്റുചെയ്യുകയും ഗ്രൗണ്ട് വാട്ടർ അതോറിറ്റി പഞ്ചായത്തു തലത്തിൽ നിരീക്ഷിക്കുകയും വേണം.

2. ജലവിതരണ ശൃംഖലയുടെ മാപ്പുണ്ടാക്കുന്നതിനു വേണ്ട സഹായങ്ങൾ ജില്ലാ പഞ്ചായത്ത് ജല അതോറിറ്റിയുമായി ചേർന്ന് നിർവ്വഹിക്കണം. ജില്ലയിലെ ശുദ്ധജല വിതരണ ശൃംഖലയുടെ മാപ്പ് തയ്യാറാക്കി എല്ലാ ജല അതോറിറ്റി ഓഫീസുകളിലും സ്വയംഭരണ സ്ഥാപനങ്ങളിലും സൂക്ഷിക്കുക.

3. നിലവിലുണ്ടായിരുന്ന തോടുകളും നീർച്ചാലുകളും കയ്യേറ്റങ്ങൾ കണ്ടുപിടിച്ച് ഒഴിവാക്കി പുനർ സൃഷ്ടിക്കണം. തോടുകളുടെ വീതി പല സ്ഥലങ്ങളിലും കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെടുത്താൻ ഗ്രാമ/ മുനിസിപ്പാലിറ്റികളുടെ സഹകരണം ആവശ്യമാണ്.

4. ജലവിതരണ ശൃംഖലയിലെ കേടുപാടുകൾ ഉടൻ നന്നാക്കുന്നതിന് പ്രാദേശികമായി ജനപങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടെ ഉള്ള സംവിധാനം ഉണ്ടാക്കുക.

5. പുഴകളിലെ മണൽവാരൽ കർശനമായി നിയന്ത്രിക്കുക.

6. കിണർ റീച്ചാർജിംഗ്, മഴക്കുഴി നിർമ്മാണം, മഴക്കൊയ്ത്ത് എന്നിവ പ്രോത്സാഹിപ്പിക്കുകയും വീടിന്റെ മുറ്റവും പരിസരവും കോൺക്രീറ്റ്/ ടൈലിഗ് ചെയ്യുന്നത് നിരുത്സാഹപ്പെടുത്തുകയും ചെയ്യുക.

7. വെള്ളത്തിന്റെ അമിത ഉപയോഗവും ദുരുപയോഗവും നിരുത്സാഹപ്പെടുത്തുക. ഇതിനായി ബോധവത്കണം നടത്തുക.

8. ജല ശ്രോതസ്സുകൾ സംരക്ഷിക്കുകയും മലിനീകരണം തടയുകയും ചെയ്യുക.

4.2.3. ശുചിത്വം

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. ജില്ലയിലെ എല്ലാ ടൂറിസം കേന്ദ്രങ്ങളിലും ആവശ്യാനുസരണം ടോയ്‌ലറ്റുകൾ നിർമ്മിക്കുക.

2. പ്രധാന റോഡുകളുടെ ഓരങ്ങളിൽ ടൂറിസ്റ്റുകൾക്ക് ടോയ്‌ലറ്റു സൗകര്യങ്ങളോടു കൂടിയ വിശ്രമ കേന്ദ്രങ്ങൾ നിർമ്മിക്കുക.

3. ജില്ലയിലെ ഹോട്ടലുകളിൽ ആവശ്യമായടോയ്‌ലറ്റു സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പു വരുത്തുക.

4. ബസ് സ്റ്റാന്റുകളിലും, മറ്റു പൊതു ഇടങ്ങളിലും ആവശ്യമായടോയ്‌ലറ്റു സൗകര്യങ്ങൾ നിർമ്മിക്കുക. നിലവിലുള്ളവ വൃത്തിയായി സൂക്ഷിക്കുന്നു എന്നുറപ്പു വരുത്തുക. ഇതിനായി ജനകീയ പരിശോധനാ സംവിധാനം ഏർപ്പെടുത്തുക.

5. എല്ലാ സ്കൂളുകളിലും മതിയായ സ്ത്രീ സൗഹൃദടോയ്‌ലറ്റുകൾ ഉൾപ്പെടെടോയ്‌ലറ്റു സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പു വരുത്തുക.

6. എല്ലാ അംഗൻവാടികളിലും മതിയായ ബാല സൗഹൃദടോയ്‌ലറ്റുകൾ ഉണ്ടെന്ന് ഉറപ്പു വരുത്തുക.

7. ആവശ്യമുള്ള ആദിവാസി കോളനികളിൽ വാലായ്മപ്പുരകളും, ടോയ്‌ലറ്റുകളും നിർമ്മിയ്ക്കുക.

8. എല്ലാ വീടുകളിലും സോക്കേജു പിറ്റുകൾ നിർമ്മിയ്ക്കുക.

9. തേയില/ ഏലം എസ്റ്റേറ്റുകളിൽ ലയങ്ങളോടു ചേർന്ന് എല്ലാ കുടുംബങ്ങളിലും ടോയ്‌ലറ്റുകൾ ഉണ്ടെന്ന് ഉറപ്പു വരുത്തുക.

10. എല്ലാ പഞ്ചായത്തുകളിലും മാർക്കറ്റ് മാലിന്യങ്ങൾ അനുയോജ്യമായ രീതിയിൽ സംസ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

11. ആശുപത്രി മാലിന്യങ്ങൾ ഇമേജ് മുഖാന്തരം സംസ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

12. എല്ലാ പഞ്ചായത്തുകളിലും ഹരിത കർമ്മസേന രൂപീകരിക്കുകയും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് ക്ലീൻ കേരളാ കമ്പനിക്ക് കൈമാറുക.

13. എല്ലാ പഞ്ചായത്തുകളേയും സീറോ വെയ്സ്റ്റ് പഞ്ചായത്തുകൾ ആക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

4.2.4. പാർപ്പിടം

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. സാമൂഹിക സാമ്പത്തിക ജാതി സെൻസസിൽ ഉൾപ്പെട്ടിരുന്ന കുടുംബങ്ങൾക്ക് വീട് അനുവദിക്കുന്നതിന് കേന്ദ്ര മാനദണ്ഡങ്ങൾ തടസ്സമാകുന്നെങ്കിൽ അവരെ പൂർണ്ണ മായും ലൈഫ് മിഷൻ പദ്ധതിയിലേക്ക് ഉൾപ്പെടുത്തണം.

2.ദരിദ്ര കുടുംബങ്ങൾ ഇപ്പോൾ അധിവസിക്കുന്ന പ്രദേശങ്ങളിൽ പട്ടയം ലഭ്യമല്ലെ ങ്കിൽ വീട് വയ്ക്കുന്ന ആവശ്യത്തിലേക്ക് മാത്രം കുറഞ്ഞത് മൂന്ന് സെന്റിനെങ്കിലും പട്ടയം/കൈവശാവകാശം നൽകണം.

3.തോട്ടം മേഖലയിൽ ഉള്ളവർക്ക് തോട്ടം മാനേജ്മെന്റുകളുമായി ആലോചിച്ച് തോട്ട ത്തിനുള്ളിൽ തന്നെ ഭവനം നിർമ്മിക്കുവാൻ ആവശ്യമായ സ്ഥലം കണ്ടെത്തണം.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1 ഫ്ളാറ്റുകൾ നഗര സ്വഭാവമുള്ള പ്രദേശങ്ങളിൽ മാത്രം കേന്ദ്രീകരിക്കണം. ഭവന നിർമ്മാണം ഗുണഭോക്താവ് നേരിട്ട് ഏറ്റെടുത്തും സമയബന്ധിതമായി പൂർത്തീകരിക്കുന്ന തിനും അവബോധം വളർത്തിയെടുക്കണം.

2. ഭവന നിർമ്മാണത്തിനാവശ്യമുള്ള സിമന്റുകട്ട ഉൾപ്പെടെയുള്ള സാധനസാമഗ്രികൾ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ ഉത്പാദിപ്പിച്ച് നൽകേണ്ടതാണ്.

4.2.5. സാമൂഹ്യനീതി, സാമൂഹ്യ സുരക്ഷിതത്വം

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ഓരോ കുട്ടികളുടെയും പ്രായത്തിനനുയോജ്യമായ തരത്തിലുള്ള ലൈംഗീക വിദ്യാ ഭ്യാസം സിലബസിന്റെ ഭാഗമാക്കുക.
2. കുട്ടികൾക്ക് പ്രാഥമിക ചികിൽസാ പരിശീലനം സിലബസ്സിന്റെ ഭാഗമാക്കുക. കുട്ടികളിലെ ആത്മഹത്യ പ്രവണത നേരിടുന്നതിനായി Toll Free number ഉപയോഗിച്ചുള്ള കൗൺസിലിംഗ് സംവിധാനം സ്ഥിരമായി ഏർപ്പെടുത്തുക.

3. സ്കൂൾ ഹെൽത്ത് പ്രോഗ്രാം മതിയായ ജീവനക്കാരെ നിയമിച്ചും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും കൂടുതൽ കാര്യക്ഷമമാക്കുക.
4. ഇടുക്കി ജില്ലയിൽ ചിൽഡ്രൻസ് ഹോം ആരംഭിക്കുക
5. ഇടമലക്കുടിയിൽ 0-5 കുട്ടികൾക്ക് സ്നേഹഷിവിർ പദ്ധതി നടപ്പിലാക്കുക.
6. ഇടമലക്കുടിയിൽ കുട്ടികളെ വിദ്യാലയങ്ങളിൽ എത്തിക്കുന്നതിന് പ്രൊമോട്ടർമാരെ നിയമിക്കുക.
7. സ്കൂളുകളിൽ പ്രഭാത ഭക്ഷണം നൽകുന്ന പദ്ധതി ആരംഭിക്കുക.
8. എല്ലാ കുട്ടികൾക്കും ഹെൽത്ത് കാർഡ് നൽകുക. (ബി.എം.ഐ, പ്രതിരോധ കുത്തിവയ്പ്പുകൾ, എച്ച്. ബി. മുതലായവ രേഖപ്പെടുത്തിയത്)

<u>ജില്ലാ പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കേണ്ടത്</u>

1. ഗർഭ ധാരണ കാലയളവിൽ സ്ത്രീകൾ അഭിമുഖീകരിക്കുന്ന മാനസീക സമ്മർദ്ദ ങ്ങൾ പരിഹരിക്കുന്നതിന് തലൂക്ക് ആശുപത്രിയോട് അനുബന്ധിച്ച് കൗൺസിലിംഗ് സംവിധാനം ഏർപ്പെടുത്തുക.
2. അഭിരുചിക്കനുസരിച്ച് അനുയോജ്യമായ പഠന മേഖലകൾ തിരഞ്ഞെടുക്കുന്നതിന് സൗജന്യ കരിയർ ഗൈഡൻസ് ക്ലിനിക്കുകൾ സ്കൂളുകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കുക.
3. കുട്ടികളുടെ ശാസ്ത്രീയമായ കണ്ടുപിടുത്തങ്ങൾ പ്രദർശിപ്പിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനും അതുവഴി ഉന്നത സ്കോളർഷിപ്പുകൾ കരസ്ഥമാക്കു ന്നതിനമുള്ള പ്ലാറ്റ്ഫോം ജില്ലാ തലത്തിൽ നടപ്പിൽ വരുത്തുക.
4. ദിവസ വേതനക്കാരായ (തോട്ടം തൊഴിലാളികൾ തുടങ്ങിയവർ) സ്ത്രീകളുടെ കുട്ടി കളെ പകൽസമയങ്ങളിൽ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള പകൽ പരിപാലന കേന്ദ്രങ്ങൾഏർപ്പെടുത്തുക.

<u>ഹ്രസ്വകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട പദ്ധതികൾ</u>

ജില്ലാ പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കേണ്ടത്

1. എല്ലാ സർക്കാർ വിദ്യാലയങ്ങളിലും കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ജല ലഭ്യതയുള്ള ടോയ്‌ലറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തുക.
2. കുട്ടികളുടെ ഉല്ലാസവും കായിക വിവസനവും ലക്ഷ്യമാക്കി കളിസ്ഥലങ്ങൾ, പാർക്കുകൾ എന്നിവ സ്ഥാപിക്കുക.
3. ഇടുക്കി ജില്ലയിലെ എല്ലാ ഹൈസ്ക്കൂൾ, ഹയർ സെക്കന്ററി സ്കൂൾ എന്നിവിടങ്ങ ളിൽ കൗൺസിലിംഗ് റൂമുകൾ നിർമ്മിക്കുക/സജ്ജീകരിക്കുക.
4. തോട്ടം മേഖലയിൽ തൊഴിലെടുക്കുന്ന കുട്ടികളെ കണ്ടെത്തി വിദ്യാലയങ്ങളി ലേയ്ക്ക് തിരിച്ചെത്തിക്കുന്നതിനുള്ള പദ്ധതി ആരംഭിയ്ക്കുക.
5. എല്ലാ വിദ്യാലയങ്ങളിലും കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിജിലൻസ് കമ്മറ്റി കൾ രൂപീകരിക്കുക.
6. വിദ്യാലയത്തിന്റെ ഹരിതവത്കരണം സാധ്യമാക്കുന്ന പോഷണത്തോട്ടങ്ങൾ, പൂന്തോട്ടങ്ങൾ വനവത്കരണം തുടങ്ങിയവ നടപ്പിലാക്കുക.

7. കുട്ടികൾ സ്കൂളിൽ ഹാജരാകാതിരുക്കുന്നത് കണ്ടെത്തുന്നതിനും പരിഹരിക്കുന്ന തിനുമുള്ള നിരീക്ഷണ സംവിധാനം നടപ്പിലാക്കുക. ഓൺലൈൻ അറ്റന്റൻസ് ട്രാക്കിംഗ് സംവിധാനം ഉപയോഗപ്പെടുത്താം.
8. എല്ലാ വിദ്യാലയങ്ങളുലും ക്ലാസ്സ് റൂമുകളിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിക്കുക.
9. പട്ടിക വർഗ്ഗക്കോളനികളിൽ പഠന മുറി സജ്ജീകരിക്കുക.
10. താലൂക്കാശുപത്രികൾ ബാലസൗഹൃദമാക്കുക.

ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കേണ്ടത്.

1. പി.എസ്സ്.സി/ ബാങ്ക് കോച്ചിംഗ്/ സിവിൽ സർവ്വീസ്/ മെഡിക്കൽ/ എൻജിനീയ റിംഗ് കോച്ചിംഗ് സെന്ററുകൾ ബ്ലോക്ക് തലത്തിൽ ആരംഭിക്കുക.
2. സി.എച്ച്.സി കൾ ബാലസൗഹൃദമാക്കുക.
3. സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിന് വേണ്ടി വിദ്യാർത്ഥികളേയും, മാതാപിതാക്കളേയും, അദ്ധ്യാപക രേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ക്ലബ്ബുകൾ രൂപീകരിച്ച് ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
4. തോട്ടം മേഖലകൾ കേന്ദ്രീകരിച്ച് പെൺകുട്ടികൾക്ക് ശൈശവ വിവാഹ നിരോധന നിയമം സംബന്ധിച്ച് ബോധവത്കരണ സെമിനാറുകൾ സംഘടിപ്പിക്കുക.

ഗ്രാമ പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കേണ്ടത്.

1.കുട്ടികളുടെ ശാരീരികവും മാനസീകവുമായ ആരോഗ്യ സംരക്ഷണം, സ്വയം സംര ക്ഷണം, ആത്മവിശ്വാസം വളർത്തുക എന്നീ ലക്ഷ്യങ്ങളോടെ എൽ പി, യൂ പീ സ്കൂൾ തലത്തിൽ തായ്ക്കോണ്ട/കരാട്ടേ/മാർഷ്യൽ ആർട്ട്സ് എന്നിവയുടെ പരിശീ ലനം സംഘടിപ്പിക്കുക.

2. ആദിവാസികുടികൾ കേന്ദ്രീകരിച്ച് ക്രഷുകൾ ആരംഭിക്കുക.

3.എല്ലാ സർക്കാർ എൽ.പി./ യൂ പി വിദ്യാലയങ്ങളിലും കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ജല ലഭ്യതയുള്ള ടോയ്‌ലറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തുക.

4.എല്ലാ സർക്കാർ എൽ.പി./ യൂ പി വിദ്യാലയങ്ങളിലും ക്ലാസ്സ് മുറികളിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിക്കുക.

5. പി. എച്ച് സി കൾ ബാലസൗഹൃദമാക്കുക.

6. ആദിവാസി മേഖലകളിൽ ജനന രജിസ്ട്രേഷനായി പ്രത്യേക സംവിധാനം ഒരു ക്കുക.

7. റോഡ് സുരക്ഷയെക്കുറിച്ച് കുട്ടികളിൽ അവബോധം ഉണ്ടാക്കുന്നതിനായി ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

8. കുട്ടികളുടെ ബാലസഭ (ഗ്രാമസഭ മാതൃകയിൽ) വർഷത്തിൽ രണ്ടു തവണ എങ്കിലും നടപ്പിലാക്കുക.

9. കുട്ടികൾക്കായുള്ള പദ്ധതികൾ കുട്ടികളെ ഉൾപ്പെടുത്തി സോഷ്യൽ ഓഡിറ്റ് നട ത്തുക.

10. എല്ലാ ശിശു പരിപാലന ഇടങ്ങളിലും (ക്രഷുകൾ, അങ്കണവാടികൾ മുതലായവ) ശിശു സൗഹൃദ പശ്ചാത്തലം ഒരുക്കുക.പ്രായനുസൃതമായ പ്രവർത്തനങ്ങൾക്കും, കളികൾക്കും ആവശ്യമായ ഉപകരണങ്ങൾ വിതരണം ചെയ്യുക.

11.എൽ. പി./യൂ പീ സ്കൂളുകളിൽ ജൈവഗ്രാമം പദ്ധതി നടപ്പിലാക്കുക

12. അങ്കണവാടികൾ, സ്കൂളുകൾ എന്നിവിടങ്ങളിൽ മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ ഏർപ്പെടുത്തുക.

13. അങ്കണവാടികളിൽ ഉയര,തൂക്ക ഉപകരണങ്ങൾ ലഭ്യമാക്കുക.

മേൽത്തട്ടു നിർദ്ദേശങ്ങൾ

1. വയോജനങ്ങലുടെ അടിസ്ഥാന പ്രശ്നങ്ങൾ സൗജന്യമായി പരിഹരിക്കുന്നതിനായി
   പ്രത്യേക പോലീസ് സ്റ്റേഷൻ
2. വയോമിത്രം പദ്ധതി എല്ലാ പഞ്ചായത്തുകളിലും വ്യാപിപ്പിക്കുക.
3. .അങ്കണവാടികൾ മുഖേന വയോജനങ്ങൾക്ക് പോഷകാഹാരം വിതരണം ചെയ്യുന്നതിനുള്ള സമഗ്രപദ്ധതി.
4. വയോജന ക്ഷേമത്തിനായി പ്രത്യേക സർക്കാർ വകുപ്പ്.
5. തനിച്ച് പാർക്കുന്ന വയോജനങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് വാർഡ് തല സമിതികൾ രൂപീകരിക്കുക.
6. മുതിർന്നവരുടെ സമഗ്ര വിവരശേഖരണം.
7. പകൽ പരിപാലന കേന്ദ്രങ്ങൾ വിവിധ സേവനങ്ങൾ നൽകുന്ന കേന്ദ്രങ്ങളാക്കി ഉയർത്തുക.
8. പ്രായാധിക്യമുള്ളവരുടെ മാനസിക, വൈകാരിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക മാനസികാരോഗ്യ പദ്ധതി
9. ആരോഗ്യവകുപ്പിലെ ഡോക്ടർമാർ, നേഴ്സുമാർ, ഫീൽഡ്തല ജീവനക്കാർ എന്നിവർക്ക് ജെറിയാട്രിക് കെയറിൽ പ്രത്യേക പരിശീലനം

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

ജില്ലാ പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കേണ്ടത്

1. കൗൺസിലിംഗ്, ഹെൽപ്പ് ഡെസ്ക്, ഹോകെയർ സേവനങ്ങൾ, പകൽ പരിപാലന കേന്ദ്രങ്ങളിൽ ഫിസിയോതെറാപ്പി യൂണിറ്റുകൾ.
2. അൽഷിമേഴ്സ്/ഡിമൻഷ്യാ കെയർ സെന്ററുകൾ.
3. മുതിർന്നവർക്കായി പ്രത്യേക ആരോഗ്യ സേവന പാക്കേജ് (കൃത്യമായ ഇടവേളകളിലുള്ള മൊബൈൽ ക്ലിനിക്ക് വഴിയുള്ള മെഡിക്കൽ ചെക്കപ്പ്, സൗജന്യ മരുന്ന് വിതരണം)
4. മറ്റ് ചികിത്സാ വിഭാഗങ്ങളുടെ സേവനങ്ങൾ ഏകോപിപ്പിക്കുക

ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കേണ്ടത്.

1. മുതിർന്നവരുടെ സ്വയംസഹായ സംഘങ്ങൾ രൂപീകരിച്ച് വരുമാനദായക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

ഗ്രാമ പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കേണ്ടത്.

1. PHC, ആശുപത്രികൾ എന്നിവിടങ്ങളിൽ ജെറിയാട്രിക് ക്ലിനിക്കുകൾ ആരംഭിക്കുക.

2. ഭവനരഹിത വയോജനങ്ങൾ കൂടുതലായുള്ള തോട്ടം മേഖലകളിൽ പ്രത്യേക ഭവന പദ്ധതി നടപ്പാക്കുക.

3. പകൽവീടുകൾ, മറ്റ് കെയർ സ്ഥാപനങ്ങൾ എന്നിവയുടെ നടത്തിപ്പിൽ സർക്കാരിതര സംഘടനകൾ, വയോജന സംഘടനകൾ എന്നിവരുടെ സഹകരണം ഉറപ്പാക്കുക

<u>സംയോജന ഏകോപന സാധ്യതകൾ</u>

1. പകൽ വീട്-വയോജനങ്ങൾക്ക് പകൽ സമയത്ത് ഒത്തുകൂടുന്നതിനും, അവരുടെ പ്രശ്നങ്ങൾ, അറിവുകൾ എന്നിവ പങ്കിടുന്നതിനും അവസരം ഒരുക്കുക (ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾ)

2. മൊബൈൽ മെഡിക്കൽ യൂണിറ്റ്- വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ മുൻനിർത്തി മാസത്തിൽ രണ്ടു തവണ വീതം മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ സേവനം ലഭ്യമാക്കുക

(ആയുഷ് പദ്ധതിയുമായി ബന്ധപ്പെടുത്തി ജില്ലാ പഞ്ചായത്ത് മുഖേന)

3.ശ്രവണ സഹായികൾ, കണ്ണട, മറ്റ് ഉപകരണങ്ങൾ(ജില്ലാ പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത്)

<u>പ്രവർത്തനങ്ങൾ</u>

1. അടിസ്ഥാന വിവരശേഖരണത്തിനായി ഒരു Online Site, Toll Free Number, Unique ID എന്നിവ ലഭ്യമാക്കുക. ആവശ്യമായ പബ്ലിസിറ്റി നൽകുക. (NGO, സുരക്ഷാമിഷൻ - ഈ പ്രവർത്തനം ഏറ്റെടുത്ത് നടത്തുക).
2. ഭിന്നലിംഗത്തിൽപ്പെട്ട കുട്ടികൾക്കായി സംസ്ഥാന തലത്തിൽ ഒരു Children's Home സ്ഥാപിക്കുക - (സാമൂഹ്യനീതി വകുപ്പിന് കീഴിൽ) J.J. Act ന്റെ പരിധിയിൽ ഇവരെയും ഉൾപ്പെടുത്തുക.
3. വിദ്യാഭ്യാസ മേഖലയിൽ വിവേചനം ഇല്ലാതാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക. ഉപരിപഠനത്തിന് പ്രത്യേക സംവരണം ഏർപ്പെടുത്തുക.
4. സർക്കാർ - പൊതുമേഖല സ്ഥാപനങ്ങളിൽ തൊഴിൽ സംവരണം നൽകുക.
5. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകുക.
6. കുടുംബശ്രീ വഴി അയൽക്കൂട്ടങ്ങൾ രൂപീകരിക്കുക.
7. തൊഴിൽ സംരഭങ്ങളിൽ ഏർപ്പെടുന്നവർക്ക് തൊഴിൽ നികുതി ഇളവ് നൽകുക.

8. ജില്ലാതലത്തിൽ പുനരധിവാസ കേന്ദ്രങ്ങൾ അനുവദിക്കുക. പുനരധിവാസ കേന്ദ്രങ്ങൾ വഴി നൈപുണ്യ പരിശീലനങ്ങൾ നൽകുക.

9. എല്ലാ മേഖലകളിലും പ്രത്യേകിച്ച് പൊതുശുചീകരണമുറി, ആശുപത്രി, പൊതുഗതാഗത സംവിധാനം, അപേക്ഷ ഫോമുകൾ എന്നിവയിലൊക്കെ ആൺ, പെൺ, വിഭാഗങ്ങൾക്കൊപ്പം ഭിന്ന ലിംഗത്തിൽപ്പെട്ടവരേ കൂടി പ്രത്യേകമായി പരിഗണിക്കണം.

10. എല്ലാ ആധികാരിക തിരിച്ചറിയൽ രേഖകളിലും ആൺ/പെൺ/ഭിന്നലിംഗം എന്ന നാമകരണം പ്രത്യേകം നൽകണം.

11. സർക്കാർ ആശുപത്രികളിൽ ഭിന്നലിംഗക്കാർക്ക് പ്രത്യേക ചികിത്സാ സൗകര്യം അനുവദിക്കണം.

12. വിവാഹം, ദത്തെടുക്കൽ, വിവാഹമോചനം എന്നീ കാര്യങ്ങളിൽ സൗജന്യ നിയമസഹായം നൽകുക.

13. ഭിന്നലിംഗക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നിയമസഹായങ്ങൾ നൽകുന്നതിനും സൗജന്യ നിയമസഹായം ഏർപ്പെടുത്തുക.

14. ക്ഷേമ പെൻഷൻ പദ്ധതിയിൽ ഭിന്നലിംഗക്കാരെയും കൂടി ഉൾപ്പെടുത്തുക.

ഗ്രാമ പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

പഞ്ചായത്തുകളിൽ ടുറിസ്റ്റ് മേഖലയിലും സ്കൂളുകളിലും പൊതു ടോയിലറ്റുകളിൽ പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാകുന്നു.

ഭിന്ന ലിംഗക്കാരായ കുട്ടികൾക്ക് സ്കൂളുകളിൽ പ്രത്യക കൗൺസിലിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

താലൂക്ക് ആശുപത്രികളിൽ ഭിന്നലിംഗക്കാരായവർക്കുവേണ്ടി പ്രത്യേകം ചികിൽസാസൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

ഭിന്ന ലിംഗത്തിൽപ്പെട്ടവർക്കായി ജില്ലാ പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

സ്വയംതൊഴിൽ സംരഭകർക്ക് സാമ്പത്തീക സഹായം നൽകൽ

ഭിന്ന ലിംഗത്തിൽപ്പെട്ടവർക്കായി തൊഴിൽപരിശീലനം

ഭിന്ന ലിംഗത്തിൽ പെട്ടവരുടെ സാമൂഹ്യ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുള്ള മീറ്റിംഗ് കേന്ദ്രം ഒരുക്കുക.

സർക്കാർ സംവിധാനത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യണം.

വികസന പരിപ്രേക്ഷ നിർദ്ദേശങ്ങൾ

ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ

- ഭിന്നശേഷിസൗഹൃദ ജില്ല-പോളിസി, ആഡിറ്റ്.
- തടസരഹിത ചലന സാഹചര്യങ്ങൾ.
- ഭിന്നശേഷിക്കാരായ വ്യക്തികൾക്കനുകൂലമായ സാമ്പത്തിക-മാനസിക-ബൗദ്ധിക സാഹചര്യങ്ങൾ.
- നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള സേവനങ്ങൾ (Mobile app, Help Line).
- ഓഡിബിൾ ടാക്റ്റൈൽ ട്രാഫിക് സിഗ്നലുകൾ, ടാക്റ്റൈൽ ഗ്രൗണ്ട് സർഫസ് ഇൻഡിക്കേറ്റേഴ്സ് സ്ഥാപിക്കുക.
- ഭിന്നശേഷിക്കാർക്കുള്ള എല്ലാ സേവനങ്ങളും ഒരു കുടക്കീഴിൽ (Integrated disability protection scheme).
- ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ആവശ്യമായ പ്രൊജക്ടുകൾ സംയുക്ത പ്രോജക്ടുകളായി ഏറ്റെടുത്ത് ഗ്രാമപഞ്ചായത്തുകൾ നിർവ്വഹണം നടത്തുന്നതാണ് ഉചിതം.

ഹ്രസ്വകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ

- ബഡ്സ് സ്കൂളുകളും ഏർലി ഇന്റർവെൻഷൻ സെന്ററുകളും (എല്ലാ സൗകര്യങ്ങളോടും കൂടിയ, സ്പീച്ച്, ഫിസിയോതെറാപ്പി, വൊക്കേഷണൽ ട്രയിനിംഗ്സ് പുനരധിവാസം) സ്ഥാപിക്കുക.
- പുനരധിവാസകേന്ദ്രങ്ങൾ (മുതിർന്നവർക്കായി) പകൽവീടുകൾ എന്നിവ സ്ഥാപിക്കുക.
- ഭിന്നശേഷി സൗഹൃദ ശുചിമുറികൾ.
- പൊതുവാഹന സംവിധാനങ്ങളിൽ ഭിന്നശേഷിക്കാർക്ക് വീൽചെയർ/സഹായികൾ സഹിതം തടസമന്യേ പ്രവേശിക്കാവുന്ന തരത്തിലുള്ള സംവിധാനങ്ങൾ.
- എല്ലാ കെട്ടിടങ്ങളിലും റാമ്പ്, ലിഫ്റ്റ് സ്ഥാപിക്കുക.
- ശ്രവണവൈകല്യമുള്ളവർക്കായി ശ്രവണസഹായികൾ (Word Processor / Computer).
- Sign languages പരിശീലനം - ശ്രവണ വൈകല്യമുള്ളവർക്ക്.

ഗ്രാമ പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കാവുന്ന പദ്ധതികൾ

1. എല്ലാ പഞ്ചായത്തിലും ബഡ്സ് സ്കൂൾ ആരംഭിക്കുക.
2. ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് എല്ലാ പഞ്ചായത്തിലും പകൽ വീടുകൾ ആരംഭിക്കുക.
3. പകൽവീടുകളോട് അനുബന്ധിച്ച് തൊഴിൽ പരിശീലന കേന്ദ്രങ്ങളും, സ്വയം തൊഴിൽ സംരംഭങ്ങളും അനുവദിക്കുക.

4. പഞ്ചായത്ത് പരിധിയിൽ വരുന്ന സ്കൂളുകൾ ഓഫീസുകൾ എന്നിവ ഭിന്നശേഷി സൗഹൃദമാക്കുക.
5. ഓഫീസുകളിലും സ്കൂളുകളിലും ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റ് സ്ഥാപിക്കുക.
6.അന്ധരായ വിദ്യാർത്ഥികൾക്ക് ബ്രയിലി കംപ്യൂട്ടർ വിതരണം ചെയ്യുക.

ബ്ലോക്ക് പഞ്ചായത്തിന് നടപ്പിലാക്കാവുന്ന പദ്ധതികൾ

1.ബ്ലോക്ക് തലത്തിൽ ഭിന്നശേഷിക്കാർക്കായി കരിയർ ഗൈഡൻസ് സെന്ററുകൾ/റിസോഴ്സ് സെന്ററുകൾ സ്ഥാപിക്കുക.

2. ബ്ലോക്ക് തലത്തിൽ ഭിന്നശേഷിക്കാർക്കായി പുനരധിവാസ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

3. ഭിന്നശേഷിയുള്ളവരെ തിരിച്ചറിയുന്നതിനായി ബ്ലോക്ക്/ താലൂക്ക് തലത്തിൽ Early Detection Centre കൾ സ്ഥാപിക്കുക

ജില്ലാ പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

1. മാനസീക വെല്ലുവിളികൾ നേരിടുന്നവർക്ക് ജില്ലാ തലത്തിൽ മാതൃകാ കേന്ദ്രം ആരംഭിക്കുക. (ബിഹേവിയർ തെറാപ്പി , ഫിസിയോ തെറാപ്പി, ഒക്കുപ്പേഷണൽ തെറാപ്പി, സ്പീച്ച് തെറാപ്പി മുതലായവ ഉൾപ്പെടുത്തുക)

2. മാതാപിതാക്കൾക്ക് തൊഴിൽ പരിശീലനകേന്ദ്രവും, സ്വയം തൊഴിൽ സംരംഭങ്ങളും ആരംഭിക്കുക.

4.2.6. വിദ്യാഭ്യാസം

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ഹയർ സെക്കണ്ടറി വിദ്യാഭ്യാസം പൊതുവിദ്യാഭ്യാസത്തിന്റെ കീഴിൽ ഒന്നു മുതൽ പന്ത്രണ്ട് വരെ ഒരു യൂണിറ്റ് ആയി കണക്കാക്കണം.
2. സ്ഥാപന തലവൻ ഒരാളായിരിക്കണം.
3. സ്കൂളിലെ പൊതു വസ്തുക്കൾ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി ഭേദമില്ലാതെ എല്ലാവർക്കും ഉപയോഗിക്കാൻ കഴിയണം.
4. ഉപജില്ല വിദ്യാഭ്യാസ ജില്ല, ജില്ലാ ഓഫീസുകൾ അനുബന്ധമായി വരണം. ഇവിടങ്ങളിൽ ഹയർ സെക്കണ്ടറിയെ ഉൾപ്പെടുത്തണം.
5. ഗവേഷണ പ്രധാന്യമുള്ള ലാബുകൾ സജ്ജീകരിക്കണം.
6. അദ്ധ്യാപകരുടെ സേവന വേതന പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കണം.
7. വിദ്യാർത്ഥികളുടെ അഭിരുചിക്ക് അനുസരിച്ചുള്ള കോമ്പിനേഷനുകൾ ലഭ്യമാ ക്കണം.
8. എല്ലാ പഞ്ചായത്തിലും ഹയർ സെക്കണ്ടറി സ്കൂളുകൾ ഉണ്ടെങ്കിലും താത്പര്യമനുസരിച്ചുള്ള കോഴ്സുകൾ ഇപ്പോഴും വിദ്യാർത്ഥികൾക്ക് ലഭിക്കുന്നില്ല.
9. ഒരേ ക്യാമ്പസ്സിൽ പ്രവർത്തിക്കുന്ന ഹൈസ്കൂളും ഹയർ സെക്കണ്ടറിയും 2 അധികാരികളായി നിൽക്കുന്നത് സമഗ്ര വികസനത്തിന് തടസ്സം നിൽക്കുന്നുണ്ട്. ഇത് ഒരു യൂണിറ്റ് ആയി കണക്കാക്കാനുള്ള ശ്രമം ഉണ്ടാകണം.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. കായിക അദ്ധ്യാപകരില്ലാത്ത സ്കൂളുകളിൽ ഗ്രാമപഞ്ചായത്ത് ഹോണറേറിയം നൽകി അദ്ധ്യാപകരെ നിയമിക്കുക.
2. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുക.
3.. എല്ലാ സ്കൂളുകളിലും ജൈവവൈവിദ്ധ്യ പാർക്കുകൾ ആരംഭിക്കുക.
4. കുട്ടികൾക്കുള്ള ഭക്ഷണവിതരണം കുറ്റമറ്റതാക്കുക.
5. സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുക.

4.3.1. ഊർജ്ജം

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ജില്ലയിലെ വിവിധ പ്രദേശങ്ങളിലുള്ള വെള്ളച്ചാട്ടങ്ങളെ സംബന്ധിച്ചും ജല സ്ത്രോസ്സുകളെ സംബന്ധിച്ചും പഠനം നടത്തി. മാങ്കുളം ഗ്രാമപഞ്ചായത്ത് ആരംഭിച്ചിട്ടുള്ളത് പോലെയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുക.
2. ജില്ലയിലെ മൊട്ടകുന്നുകളും വിജിനമായ സ്ഥലങ്ങളും നല്ല തോതിൽ കാറ്റ് ലഭിക്കുന്ന പ്രദേശങ്ങളെ കണ്ടെത്തി അവിടങ്ങളിൽ കാറ്റാടിയിൽ നിന്നുള്ള വൈദ്യുതി ഉൽപാദിപ്പിക്കുന്നത് സംബന്ദിച്ച പഠനം നടത്തി സാധ്യമായ സ്ഥലങ്ങളിൽ കാറ്റാടി യന്ത്രങ്ങൾ സ്ഥാപിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്നതാണ്
3. ജില്ലയിലെ വിവിധ മാർക്കറ്റുകളിൽ ഉണ്ടാകുന്ന ജൈവമാലിന്യങ്ങളിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കൽ

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. വയറിംഗുകൾ വൈദ്യുത ഉപകരണങ്ങൾ എന്നിവ നിശ്ചിത ഗുണനിലവാരമുള്ളവയാണന്ന് ഉറപ്പുവരുത്തജശ
2. എൽ.ഇ.ഡി ബൾബുകൾ വ്യാപകമാക്കുക.
3. സൗരോർജ്ജം ജൈവോർജ്ജം സാദ്ധ്യമായ ഇടങ്ങളിൽ ഉപയോഗപ്പെടുത്തുക വൈദ്യുത അലങ്കാരങ്ങൾ കുറക്കാൻ ബോധവൽക്കരണം
4. ചെറുകിട ജലവൈദ്യുത പദ്ധതികൾ പ്രോത്സാഹിപ്പിക്കുക.
5. സോളാർ വഴിവിളക്കുകൾ ഗ്രാമങ്ങളിൽ വ്യാപിപ്പിക്കുക.

4.3.2. ഗതാഗതം

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ജില്ലയിലെ ഉദ്യോഗസ്ഥർക്ക് ആവശ്യമായ താമസ സൗകര്യം ക്വാർട്ടേഴ്സുകൾ നിർമിക്കുക
2. പൊതുമരാമത്ത് വകുപ്പിന്റെ ഗസ്റ്റ് ഹൗസുകൾ അറ്റകുറ്റപണികൾ നടത്തുക
3. ജില്ലാ കേന്ദ്രമായ പൈനാവിലെ വിശ്രമകേന്ദ്രത്തിന് ഒന്നര ഏക്കർ സ്ഥലമുണ്ട് അവിടെ ജീവനക്കാർക്കായുള്ള ക്വാർട്ടേഴ്സുകൾ നിർമിക്കാവുന്നതാണ്
4. ജില്ലയിൽ പൊതുവെ ഗതാഗത സൗകര്യം കുറവാണ് കൂടുതൽ ഗ്രാമീണ റോഡുകൾ ആവശ്യമാണ്.
5. ജില്ലാ കേന്ദ്രത്തിൽ വിവിധ ഉദ്ദേശ ആധുനീക സൗകര്യങ്ങളോടു കൂടിയതും കുറഞ്ഞത് 250 പേർക്ക് താമസ സൗകര്യത്തോടു കൂടിയതുമായ ഒരു പരിശീലന കേന്ദ്രം.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1.. റോഡ് ടെൻഡർ ചെയ്യുമ്പോൾ നിശ്ചിത കാലയളവിലേക്കുള്ള മെയിന്റനൻസ് വാറണ്ടി എല്ലാ റോഡുകൾക്കും ഉറപ്പാക്കുക.

2. റോഡ് സൈഡിൽ ഓട നിർമ്മാണം ഉറപ്പാക്കുക.

3. ജനവാസമേഖലയിലുള്ള റോഡുകളിൽ നിശ്ചിത ദൂരത്തിനിടയിൽ കലുങ്കുകൾ നിർമ്മിക്കുക. (കേബിളുകളും പൈപ്പുകളും കടത്തിവിടുന്നതിന് ഇത് ഉപകരിക്കും).
4.. നിശ്ചിത കാലാവധിക്കുള്ളിൽ റോഡുകളിലെ കുഴികളടയ്ക്കുന്നതിന് സ്ഥിരസംവിധാനം ഏർപ്പെടുത്തുക.

4.3.3. വിനോദ സഞ്ചാരം

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ഇടുക്കി ജില്ലയെ ടൂറിസം മേഖലയായി പ്രഖ്യാപിക്കുക
2. കുമളി ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ''ഹോളി ഡേ ഹോം'' എന്ന കേന്ദ്രം നവീകരിച്ച് കൂടുതൽ ടൂറിസ്റ്റുകളെ താമസിപ്പിക്കാൻ കഴിയുന്ന തരത്തിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തണം.
3. ശ്രീനാരായണപുരം ടൂറിസം പദ്ധതി, 2-ാം ഘട്ടം
4. ടൂറിസ്റ്റ് അമിനിറ്റി സെന്റർ & കൺവെൻഷൻ സെന്റർ, മൂന്നാർ
5. മൂന്നാർ ഗാർഡൻ ഡി.റ്റി.പി.സി ആഫീസിന് സമീപം "M/s Pithavadian Ernakualm" ഏജൻസിമുഖേന പ്രൊജക്ട് തയ്യാറാക്കി സമർപ്പിച്ചു.
6. ബോട്ടാണിക്കൽ ഗാർഡൻ 2-ാം ഘട്ടം.
7. ഉറുമ്പിക്കര ടൂറിസം സർക്യൂട്ട്
   കൊക്കയാർ പഞ്ചായത്ത് ഹാബിറ്റാറ്റ് മുഖേന തയ്യാറാക്കിയ പ്രൊജക്ട് 29.09.16 സമർപ്പിച്ചു. എസ്റ്റിമേറ്റ് തുക 1.17 കോടി.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ ടൂറിസം കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തൽ, (വാഹനം, താമസം ടൂറിസ്റ്റ് ഗൈഡ് ഉൾപ്പെടെ) ടൂറിസം പാക്കേജ് എന്നിവ നടപ്പാക്കാവുന്നതാണ്
2. മൗണ്ടൻ & അഡ്വഞ്ചർ ടൂറിസം സർക്യൂട്ട്
   മാങ്കുളം-ചെങ്കുളം-പള്ളിവാസൽ-വെള്ളത്തൂവൽലക്ഷ്മി-മാട്ടുപ്പെട്ടി- കുണ്ടള - ടോപ്പ് സ്റ്റേഷൻ, ചിന്നാർ - ബൈസൺവാലി - മറയൂർ.

രാമക്കൽമേട് - ആമപ്പാറ- മതികെട്ടാൻ ചോല - ചെല്ലാർകോവിൽ.

വാഗമൺ - ഒട്ടകത്തലമേട് -അരിവിക്കുഴി - സത്രം - പരുന്തുംപാറ - പാഞ്ചാലിമേട്

തൊമ്മൻകുത്ത് - ഇലവീഴാപൂഞ്ചിറ - കാറ്റാടിപ്പാറ(കാറ്റാടിക്കടവ്) - ഇടുക്കി ഡാം ഗോപ്പ്-പൊന്മുടി-കൊന്നത്തടി-കുത്തുങ്കൽ - പാണ്ടിപ്പാറ- കാൽവരിമൗണ്ട്-ഉപ്പുകുന്ന്

3. ട്രൈബൽ & കൾച്ചറൽ ടൂറിസം സർക്യൂട്ട്.
4. ഇടമലക്കുടി, മറയൂർ, വട്ടവട, ചിന്നപ്പാറക്കുടി (അടമാലി) കുറത്തിക്കുടി, കോഴിമല, മന്നാക്കുടി, പളിയക്കുടി (കുമളി), ചൊത്രാംകുടി (ബൈസൺവാലി), അമ്മച്ചികൊട്ടാരം (കുട്ടിക്കാനം)
5. മൺസൂൺ ടൂറിസം സർക്യൂട്ട്

ചീയപ്പാറ, വാളറ, അടിമാലി ടൗൺ, കല്ലാർ, പൂതക്കുഴി (വാഗമൺ), ഇലപ്പുള്ളി, കാഞ്ഞാർ, ചെറുതോണി, ചിന്നക്കനാൽ, ശ്രീനാരായണപുരം, വാളറ, അരുവക്കുഴി, തൊമ്മൻകുത്ത്, വളഞ്ഞാങ്കാനം, കുത്തുങ്കൽ, (രാജാക്കാട്)

1. സ്പൈസ് & ഫാം ടൂറിസം സർക്യൂട്ട്

അണക്കര, കല്ലാർ, (മൂന്നാർ), വട്ടവട, വാളറ, കുമളി, കട്ടപ്പന, വാഴത്തോപ്പ് വെള്ളത്തൂവൽ - പണ്ടിപെരിയാർ - അരിക്കുഴ, കോലാനി, പാമ്പാടുംപാറ

2. ഹെൽത്ത് ടൂറിസം സർക്യൂട്ട്

ഇടുക്കി - തൊടുപുഴ- പള്ളിവാസൽ - ഉടുമ്പൻചോല - കുമളി

3. ഡാംസ് ആന്റ് ലേയ്ക്ക് ടൂറിസം സർക്യൂട്ട്

1. ഇടുക്കി ആർച്ച് ഡാം, ചെറുതോണി ഡാം, കുളമാവ്, മലങ്കര, മുല്ലപ്പെരിയാർ, കല്ലാർകുട്ടി ഡാം, ചെങ്കുളം, മാട്ടുപ്പെട്ടി

4. പിൽഗ്രീം ടൂറിസം സർക്ക്യൂട്ട്

പീരുമേട് സത്രം, അയ്യപ്പൻകോവിൽ ക്ഷേത്രം, അണ്ണാമല നാഥർ ക്ഷേത്രം തൊടുപുഴ, ഉറവപ്പാറ ക്ഷേത്രം തൊടുപുഴ, നൈനാരു പള്ളി തൊടുപുഴ, സെന്റ് ജോർജ്ജ് പള്ളി മുതലക്കോടം, മൈലക്കൊമ്പ് പള്ളി, പട്ടുമല പള്ളി, കൊന്നത്തടി സെന്റ്ജോർജ്ജ് ചർച്ച്, സെന്റ്തോമസ് ചർച്ച് പള്ളിക്കുന്ന്.

5.. എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

4.4.1.പട്ടികജാതി വികസനം

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. പട്ടികജാതിക്കാർക്കായുള്ള പദ്ധതിരൂപീകരണങ്ങളിൽ സുസ്ഥിര സാമ്പത്തിക വികസനം എന്നത് മുഖ്യലക്ഷ്യമായി കാണുക
2. വികസനത്തിലെ സ്വയം നിർണ്ണയാവകാശം പട്ടികജാതിക്കാർക്ക് ഉറപ്പുവരുത്തണം
3. പട്ടികജാതിക്കാരുടെ സാമൂഹ്യ-സാമ്പത്തികസ്ഥിതിയും ആവശ്യങ്ങളും അറിയുന്നതിനായി സമഗ്രമായ സാമ്പത്തിക വികസന സെൻസസ് നടത്തുക.
4. പട്ടികജാതിക്കാർക്ക് കൈവശഭൂമി പരിമിതമായതിനാൽ ഭൂമി ആവശ്യമുള്ള വികസന മേഖലകളായ കൃഷി, മൃഗസംരക്ഷണം, മൽസ്യകൃഷി, വ്യവസായ സംരഭങ്ങൾ തുടങ്ങിയ മേഖലകളിൽ ആവിഷ്ക്കരിക്കുന്ന പദ്ധതികളുടെ പൂർണ്ണമായ പ്രയോജനം ലഭ്യമാകാൻ കഴിയില്ല. അതിനാൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും അവിടെ ലഭ്യമായതും പട്ടികജാതി സങ്കേതങ്ങളോടത്തു കിടക്കുന്നതുമായ സർക്കാർ ഭൂമിയിൽ വ്യവസായ പാർക്കുകൾ, മൃഗസംരക്ഷണ പാർക്കുകൾ, പശുവളർത്തൽ കേന്ദ്രങ്ങൾ, പൊതു കൃഷിയിടങ്ങൾ എന്നിവ ഒരുക്കേണ്ടതുണ്ട്. അതിനായി ഭൂമി ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കുക.
5. അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള സർക്കാർ സ്ഥാപനങ്ങളുടെ ഉപയോഗത്തിനു വേണ്ടി വരുന്ന സാധനങ്ങളും സേവനങ്ങളും വാങ്ങുമ്പോൾ 25% അതാത് പ്രാദേശിക സർക്കാരുകളെ പരിധിയിലുള്ള പട്ടികജാതി സംരഭകരുണ്ടാക്കുന്ന ഉൽപ്പന്നങ്ങളും സേവനങ്ങളുമായിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുക.
6. ഭൂമിയുടേയും മൂലധനത്തിന്റേയും അഭാവത്താൽ സംരഭകരാകാൻ ആഗ്രഹിക്കുന്ന പട്ടികജാതിക്കാർക്ക് മതിയായ സെക്യൂരിറ്റി നൽകാൻ കഴിയാത്തതിനാൽ ബാങ്ക്വായ്പ ലഭ്യമാകാൻ ഇടയാകാത്ത സാഹചര്യത്തിൽ ഒരു സെക്യൂരിറ്റി ഫണ്ട് ഉണ്ടാക്കുക. ആ ഫണ്ടിന്റെ ഈടിൻമേൽ ബാങ്ക് വായ്പ ലഭ്യമാക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഷോപ്പിംഗ് കോംപ്ലക്സുകളിൽ പട്ടികജാതിക്കാർക്കായി സംവരണം ചെയ്തിട്ടുള്ള മുറികൾ അവർക്ക് തന്നെ നൽകാനാവശ്യമായ നടപടി സ്വീകരിക്കുക. ബിനാമികളുണ്ടെങ്കിൽ ഒഴിപ്പിക്കുക. വാടകയും ഡെപ്പോസിറ്റും ഇപ്പോഴത്തെ നിരക്കിന്റെ 50% കുറയ്ക്കുക.

2. പട്ടികജാതി സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളും സഞ്ചാരസൗകര്യങ്ങളും വർദ്ധിപ്പിക്കുക.
3. പഠന-സാംസ്ക്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കുക.
4. ആരോഗ്യ ബോധവൽക്കരണവും, തുടർസേവനങ്ങളും ഉറപ്പാക്കുക.
5. വരുമാനദായകമായ സ്വയംതൊഴിൽ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുക.

ജില്ലാ പദ്ധതി നിർദ്ദേശങ്ങൾ

വിദ്യാഭ്യാസ മേഖല

1. നഴ്സറി മുതൽ 10-ാം ക്ലാസ്സ്വരെയുള്ള ലംപ്സം ഗ്രാന്റ് തുകയും മറ്റ് വിദ്യാഭ്യാസാനുകൂല്യങ്ങളും ഏകീകരിച്ച് വിദ്യാർത്ഥികളുടെ അദ്ധ്യായന വർഷാരംഭത്തിലെ മുഴുവൻ ചെലവുകളും നിർവ്വഹിക്കുന്നതിനാവശ്യമായ തുക ധനസഹായമായി നൽകുക.

2. വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിക്കൊണ്ട് ജില്ലയിൽ പുതിയ പ്രൊഫഷണൽ കോഴ്സുകൾ ആരംഭിക്കുക. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് പ്രമുഖ കമ്പനികളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും അപ്രന്റിസ്ഷിപ്പ് ഉറപ്പുവരുത്തുകയും മതിയായ സ്റ്റൈപ്പന്റ് ജോലി ലഭിക്കുന്നതുവരെ നൽകുന്നതിന് നടപടി ഉണ്ടാവുക.
3. എസ്.എസ്.എൽ.സിക്കു ശേഷമുള്ള പഠനത്തിന് വർഷാരംഭത്തിൽ തന്നെ പ്രാഥമിക പഠനാവശ്യങ്ങൾക്കുള്ള തുക നൽകുക. വരുമാന പരിധി നോക്കി ഏറ്റവും ചുരുങ്ങിയത് 10000 രൂപ എങ്കിലും നൽകുക.
4. ത്രിതല പഞ്ചായത്തിന്റെ സഹായത്തോടെ മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനത്തിന് പ്രതിമാസ സ്റ്റൈപ്പന്റ് ട്യൂഷൻ ഫീസും ഹോസ്റ്റൽ ഫീസും ഉൾപ്പെടെ ഒരു ലക്ഷം രൂപ എങ്കിലും ഒരു വിദ്യാർത്ഥിക്ക് ലഭിക്കത്തക്ക വിധത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുക.
5. ത്രിതല പഞ്ചായത്തിന്റെ സഹായത്തോടെ ബാങ്ക് കോച്ചിംഗ് ,പി .എസ്.സി കോച്ചിംഗ് മറ്റ് മത്സര പരീക്ഷകൾക്ക് പ്രത്യേക പരിശീലന സ്ഥാപനങ്ങൾ ജില്ലയിൽ ആരംഭിക്കുക.ആയതിന് സർക്കാർ ഭൂമി ലഭ്യമാക്കി മതിയായ ഹോസ്റ്റൽ സൗകര്യം ഉൾപ്പെടെ ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുക.
6. മറ്റ് ജില്ലകളിലോ സ്ഥാപനങ്ങളിലോ പരിശീലനം നടത്തുന്നവർക്ക് ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസും ഉൾപ്പെടെ മതിയായ ധനസഹായം നൽകുന്ന പദ്ധതികൾ നടപ്പിലാക്കുക.
7. വാഹന സൗകര്യം ഇല്ലാത്ത സ്കൂളുകൾക്ക് സർക്കാർ തലത്തിൽ വാഹനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുക.

തൊഴിൽ

1. വിവിധ പ്രൊഫഷണൽ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് വിദേശ രാജ്യങ്ങളിൽ ഉൾപ്പെടെ തൊഴിൽ നേടുന്നതിനുള്ള പരിശീലനങ്ങളും പരിജ്ഞാനവും പകർന്നു നൽകുന്നതിനുള്ള നൂതന സ്ഥാപനങ്ങൾ ആരംഭിക്കുക ഇതിന് മതിയായ ധനസഹായം നൽകുക.
2. അഭ്യസ്ത വിദ്യരായ യുവജനങ്ങൾക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് പലിശ രഹിതമായി വായ്പ ലഭ്യമാക്കുക.സംരംഭം നല്ല രീതിയിൽ പുരോഗമിച്ചാൽ പ്രത്യേക ഇൻസെന്റീവായി സബ്സിഡി നൽകുന്ന പദ്ധതി നടപ്പിലാക്കുക.

4.4.2. പട്ടികവർഗ്ഗ വികസനം

1. പത്തും പതിനൊന്നും പഞ്ചവത്സര പദ്ധതികളിൽ പട്ടികവർഗ്ഗ ഉപപദ്ധതിയിൽ പരിഹാര വകയിരുത്തലുകൾ ഉണ്ടായിരുന്നു. അതായത് മുൻവർഷത്തിൽ പൊതുവികസന ഫണ്ടിന്റെ വിനിയോഗത്തെക്കാൾ കുറവാണ്. വർഷം പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ട് വിനിയോഗിക്കണമെങ്കിൽ തൊട്ടടുത്ത വർഷം പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ട് വകയിരുത്തുമ്പോൾ ഇതിന് ആനുപാതികമായ വർദ്ധനവ് വകയിരുത്തലിൽ ഉണ്ടാകുമായിരുന്നു. എന്നാൽ പന്ത്രണ്ടാം പഞ്ച വത്സര പദ്ധതിയിൽ ഇത് ഉണ്ടായിട്ടില്ല. ഇത് പുന:സ്ഥാപിക്കാവുന്നതാണ്.
2. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പട്ടികവർഗ്ഗ ഉപപദ്ധതി നടത്തിപ്പിൽ ശരിയായ മോണിറ്ററിംഗ് നടക്കുന്നില്ല. ഒരു നിശ്ചിത ശതമാനത്തിലധികം പട്ടികജാതി/പട്ടികവർഗ്ഗ ജനസംഖ്യയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെങ്കിലും പട്ടികജാതി പട്ടികവർഗ്ഗ സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നത് ഉചിതമായിരിക്കും.
3. പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും നടപ്പിലാക്കുന്ന പദ്ധതികൾ തദ്ദേക സ്വയംഭണ സ്ഥാപനം നടപ്പാക്കുമ്പോൾ ഡ്യൂപ്ലിക്കേഷൻ ഒഴിവാക്കുന്നതിനായി ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് തലത്തിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്മാരും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരും അടങ്ങുന്ന ഒരു കോ ഓർഡിനേഷൻ സമിതിയുടെ നിരീക്ഷണത്തിലായിരിക്കണം ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കേണ്ടതും പദ്ധതി നിർവ്വഹണം നടത്തേണ്ടതും. (ഉദാഹരണത്തിന് - വിവാഹ ധന സഹായം, കമ്പ്യൂട്ടർ വാങ്ങി നൽകൽ, വീട് നിർമ്മാണം, സ്കോളർഷിപ്പ് മുതലായവ പട്ടികവർഗ്ഗ വികസന വകുപ്പ് നൽകുന്ന കോഴ്സുകൾ ഒഴിച്ച് ബാക്കിയുള്ളവയ്ക്ക് മാത്രം തദ്ദേശ സ്വയം ഭരണ വകുപ്പ് ലാപ്ടോപ്പ് വിതരണം നൽകിയാൽ മതിയാകും. വകുപ്പ് നൽകുന്ന സ്പെസിഫിക്കേഷൻ ഉറപ്പു വരുത്തണം. സംയുക്ത സംയോജിത പദ്ധതികളുടെ സാധ്യത ഈ കമ്മിറ്റിയ്ക്ക് പരിശോധിക്കാവുന്നതാണ്).
4. തദ്ദേശ ഭരണ സ്ഥാപനങ്ങളും, പട്ടികവർഗ്ഗ വികസന വകുപ്പും പല പദ്ധതികളിലൂടെയും നടപ്പിലാക്കിയിട്ടുള്ള കുടിവെള്ള പദ്ധതി, കമ്മ്യൂണിറ്റി ഹാളുകൾ എന്നിവ വൈദ്യുതി ചാർജ്ജ് അടയ്ക്കാത്തതിനാൽ പ്രവർത്തന രഹിതമായി ക്കിടക്കുന്നു. ഇത് അടയ്ക്കാൻ നിർവ്വാഹമില്ലാത്തതിനാൽ പട്ടികവർഗ്ഗക്കാർക്ക് പദ്ധതിയുടെ ഫലം ലഭിക്കാതെ പോകുന്നു. പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ഈ ചാർജ്ജ് അടയ്ക്കണം.
5. തദ്ദേശ ഭരണ സ്ഥാപനങ്ങൾ ടി.എസ്.പി. ഫണ്ട് പലപ്പോഴും ഐ.എ.വൈ.ഹൗസിംഗ് പദ്ധതിക്കാണ് വകയിരുത്തുന്നത്. എന്നാൽ പലപ്പോഴും അതാത് വർഷങ്ങളിൽ വീടുകൾപൂർത്തീകരിക്കാൻ കഴിയാത്തതിനാൽ പലപ്പോഴും എല്ലാ ഗഡുക്കളും കൊടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ ടി.എസ്.പി. തുക പൂർണ്ണ ഗഡുക്കളും ചെലവഴിക്കാൻ കഴിയാതെ വരുന്നു. സ്ഥിരമായി വീടിനും റോഡിനുമാണ് റ്റി.എസ്.പി. വിഹിതം വകയിരുത്തികാണുന്നത്. 2017-18 ൽ ഇതുവരെ അംഗീകരിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പരിശോധിച്ചാൽ പതിമൂന്നാം പദ്ധതിയിലും

തൽസ്ഥിതി തുടരുന്നതായി കാണാം. വികസനത്തിലുള്ള നിർണായക വിടവുകൾ (ക്രിട്ടിക്കൽ ഗ്യാപ്) പരിഹരിക്കുന്നതിനായിട്ടുള്ള ജീവനോപാധി ഉറപ്പു വരുത്തുന്നതു പോലുള്ള പദ്ധതികൾ ഭാവിയിൽ ഉറപ്പു വരുത്തേതാണ്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് ടി.എസ്.പി. നിർവ്വഹണത്തിനായി ഊരടിസ്ഥാനത്തിൽമൈക്രോപ്ലാനുകൾ ഉണ്ടായിരിക്കുന്നത് നന്നായിരിക്കും.

6. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ:- പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗ രേഖ പ്രകാരം കഴിഞ്ഞ മൂന്ന് വർഷമായി പ്രവർത്തിക്കുന്നതും ഓഹരി മൂലധനത്തിന്റെ (ഷെയർ ക്യാപ്പിറ്റൽ) 50 ശതമാനത്തിൽ കൂടുതൽ നഷ്ടമില്ലാത്തതുമായ സംഘങ്ങൾക്ക് ധനസഹായത്തിനുള്ള അർഹത ഉണ്ടായിരിക്കും. തൊഴിൽ നൽകുന്നതിനുള്ള പ്രോജക്ടുകൾക്ക് മൂലധന ചെലവിന്റെ 50% എന്ന പരിധിക്ക് വിധേയമായി ധനസഹായം നൽകാവുന്നതാണ് മാനേജീരിയൽ സബ്സിഡി നൽകാൻ പാടുള്ളതല്ല. ടി മാനദണ്ഡം പലപ്പോഴും പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കാൻ വിഘാതം സൃഷ്ടിച്ചിരുന്നു. എന്നാൽ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് മാത്രമേ ധനസഹായം നൽകാൻ പാടുള്ളൂ. നിലവിൽ പട്ടികവർഗ്ഗ സംഘങ്ങളിൽ ബഹുഭൂരിപക്ഷവും നഷ്ടത്തിൽ പ്രവർത്തിക്കുന്നവയാണ്. പരിഹാര നടപടി ഉണ്ടാകണം.
7. പട്ടികവർഗ്ഗ വികസന വകുപ്പു വഴിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കുന്ന പട്ടികവർഗ്ഗക്കാർക്കായുള്ള എല്ലാ പദ്ധതികളും ജില്ലാ ആസൂത്രണ സമിതി പ്രത്യേകം വിലയിരുത്തേണ്ടതാണ്. ഫണ്ട് ദുരുപയോഗം ശ്രദ്ധയിൽ പ്പെട്ടാൽ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയായ ജില്ലാ കളക്ടർ തന്നെ അന്വേഷിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി നടപടി സ്വീകരിക്കാവുന്നതാണ്.
8. ടി.എസ്.പി. വകയിരുത്തൽ ഉള്ളതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ജനറൽ ഫണ്ടിന്റെ പ്രയോജനം ഒട്ടും തന്നെ പട്ടികവർഗ്ഗക്കാർക്ക് ലഭിക്കാത്ത സാഹചര്യം ഉണ്ട്. റ്റി.എസ്.പി. ഫണ്ടിനു പുറമേ ജനറൽ ഫണ്ടും കൂടി പട്ടികവർഗ്ഗക്കാർക്ക് വകയിരുത്തുന്നസ്ഥിതി ഉണ്ടാകണം എന്നാൽ മാത്രമേ പട്ടികവർഗ്ഗക്കാർക്ക് വികസനം സാധ്യമാകുകയുള്ളൂ.
9. തദ്ദേശ ഭരണ സ്ഥാപനത്തിന്റെ തനത് ഫണ്ടിൽ നിന്നും ഒരു നിശ്ചിത ഷെയർ പട്ടികവർഗ്ഗക്കാർക്കായി നീക്കി വയ്ക്കണം.
10. ഊരുകൂട്ടങ്ങൾ യഥാവിധം കൂടുന്നുണ്ടോ എന്ന് മോണിറ്റർ ചെയ്യുന്നതിനായി ജില്ലാ ആസൂത്രണ സമിതി അംഗങ്ങളെ ചുമതലപ്പെടുത്തണം.
11. പട്ടികവർഗ്ഗ മേഖലകളിൽ കോൺക്രീറ്റ് നടപ്പാത, റോഡ് നിർമ്മാണം എന്നീ പ്രവർത്തികൾക്കുള്ള എസ്റ്റിമേറ്റ് എടുത്ത് നൽകുമ്പോൾ ഫോറസ്റ്റിന്റെക്ലിയറൻസ് ലഭിക്കുമോയെന്ന് തീർച്ചപ്പെടുത്താതെയാണ് പഞ്ചായത്ത് എഞ്ചിനീയർ സമർപ്പിക്കുന്നത്. പദ്ധതി അംഗീകരിച്ചതിനു ശേഷം ഫോറസ്റ്റിന്റെ ക്ലിയറൻസ് ലഭിക്കാതെ പദ്ധതി തുക ലാപ്സാകുന്നത് സാധാരണമാണ്. ആയതിനാൽ കോർപ്പസ് ഫണ്ടിലും പഞ്ചാത്ത് ഫണ്ടിലും പരിഗണിക്കുന്നതിനായി ടി പദ്ധതികൾക്ക് സോഷ്യൽ മാപ്പ്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിക്കാവുന്നതു പോലെ ഫോറസ്റ്റിന്റെ ക്ലിയറൻസ് സർട്ടിഫിക്കറ്റും പ്രോജക്ടിനോടൊപ്പം സമർപ്പിക്കേണ്ടതാണെന്ന് മാർഗ്ഗ രേഖയിൽ സൂചിപ്പിക്കേണ്ടതുണ്ട്.
12. 51 ശതമാനത്തിൽകൂടുതൽ പട്ടികവർഗ്ഗ കുട്ടികളുള്ള സ്കൂളുകളിൽറ്റി.എസ്.പി. ഫണ്ട് ഉപയോഗിച്ചു തന്നെ പ്രഭാത ഭക്ഷണം ഒരുക്കാൻ നിർദ്ദേശിക്കാവുന്നതാണ്. 50% ൽ കുറവുള്ള സ്കൂളുകളിൽപ്രോറേറ്റാ വ്യവസ്ഥയിലും.
13. ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവ് വഹിക്കുന്നതിന് സാമ്പത്തിക സഹായം, താമസം, ഭക്ഷണം, വസ്ത്രം യൂണിഫോം മുതലായവ അനുവദിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് വയ്ക്കുന്നതിനുള്ള നിർദ്ദേശം നൽകാവുന്നതാണ്.
14. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കലാകായിക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് എൽ.എസ്.എസ്., യു.എസ്.എസ്., സൈനിക സ്കൂൾ, നവോദയ, ജി.വി. രാജ സ്പോർട്ട്സ്, മുതലായ പ്രവേശന പരീക്ഷകൾക്ക് പരിശീലനം നൽകുന്ന വിധം പ്രോജക്ടുകൾ ഏറ്റെടുക്കാൻ അനുമതി നൽകണം.
15. വിദാഭ്യാസ സംബന്ധിയായ സഹായ പദ്ധതികളെല്ലാം വിദ്യാഭ്യാസ വർഷത്തിന്റെ ആദ്യപാതത്തിൽ തന്നെ നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകണം.

16. പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞു പോക്ക് തടയുന്നതിനും അദ്ധ്യയന നിലവാരം ഉയർത്തുന്നതിനും തുടർ വിദ്യാഭ്യാസത്തിനും പദ്ധതികൾ തദ്ദേശ സ്ഥാപനങ്ങൾ ഏറ്റെടുക്കണം.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1.. സബ്സിഡി നൽകുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള ചുവടെ പറയുന്ന ഇനങ്ങൾക്ക് പട്ടിക വർഗ്ഗക്കാർക്ക് ഇളവ് നൽകണം.

1. തയ്യൽ മെഷീൻ
2. കോടാലി, പിക്കാസ്, മൺകോരി, മൺവെട്ടി, കത്തി (വനാശ്രിത സമൂഹമായതുകൊണ്ട്)
3. എൽ.പി.ജി. കണക്ഷൻ

2.. വീടു വയറിംഗ് ഇല്ലാത്തതിനാൽ സമ്പൂർണ്ണ വൈദ്യുതികരണത്തിൽ ഉൾപ്പെടാത്ത ധാരാളം പട്ടികവർഗ്ഗ ഭവനങ്ങൾ ഉണ്ട്. വീടു വയറിംഗ് നിർബന്ധമായും ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകണം.

3.. ഭവന നിർമ്മാണം, പുനരുദ്ധാരണം, വയറിംഗ് ശുചിത്വം, കിണർ, കുടിവെള്ള പദ്ധതികൾ തുടങ്ങിയ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ യഥാസമയം പൂർത്തീകരിക്കുന്നുവെന്ന് അതാത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ ഉറപ്പു വരുത്തുന്നതിനാവശ്യമായ നിർദ്ദേശം രൂപപ്പെടുത്തണം.

4.4.3. വനിതകൾ, വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷി യുള്ളവർ, ഭിന്നലിംഗക്കാർ എന്നിവരുടെ വികസനം

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. വനിതാ സെക്ടറിനുള്ള ധന സഹായം ഉപയോഗിച്ച് പണിതിട്ടുള്ള കെട്ടിടങ്ങൾ ഉപയോഗിക്കാതെ കിടക്കുന്നിടത്ത് വനിതാ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങുക.
2. വൈദ്യശുശ്രൂഷാരംഗത്ത് കാര്യമായ പുരോഗതി നിലവിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ ജില്ലയിൽ ഗവൺമെന്റ് ആശുപത്രികളിൽ പ്രസവം നടക്കുന്നത് 28.76% വും സ്വകാര്യ ആശുപത്രികളിൽ 70.71 % ആണ്. ഗവൺമെന്റ് ആശുപത്രികളുടെ അടിസ്ഥാന സൗകര്യവും ഡോക്ടർമാരുടെ സേവനവും ഉറപ്പുവരുത്തേണ്ടതാണ്.

ജില്ലാതല മുൻഗണന

3. ജില്ലയിലെ സർക്കാർ മറ്റ് ഇതര സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന വനിതകൾക്ക് സുരക്ഷിതമായ താമസ സൗകര്യം (ഹോസ്റ്റൽ സൗകര്യം) ഒരുക്കുക.
4. സ്ത്രീകളുടെ പ്രാധിനിധ്യത്തോടെ സുഗന്ധവ്യഞ്ജനങ്ങളുടെ ഉൽപ്പാദനം വിപണനം എന്നിവയെ അടിസ്ഥാനമാക്കി വലിയ സംരഭങ്ങൾ ആരംഭിക്കാം
.
5. വനിതകൾക്ക് പ്രയോജനം ലഭിക്കത്തക്ക വിധം ഗ്രാമ പഞ്ചായത്തുകൾ നീക്കിവെക്കുന്ന 10% തുകയിൽ നിശ്ചിത ശതമാനം തുക വിധവകൾക്കായി നീക്കിവെക്കേണ്ടതാണ്.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. ആദിവാസി മേഖലയിലുള്ള സ്ത്രീകളുടെ പങ്കാളിത്തത്തോടെ ഗോത്രവർഗ്ഗക്കാരുടെ തനത് കരകൗശല വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് വിപണിയിൽഎത്തിക്കുക.

പൊതുനിർദ്ദേശങ്ങൾ

4.1 മേൽത്തട്ട് നിർദ്ദേശങ്ങൾ

1. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് അടിസ്ഥാനമാക്കി കൂടുതൽ ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.
2. പ്രോജക്ടുകൾ ഭേദഗതി ചെയ്യുന്നതിനുള്ള അവസരങ്ങളുടെ എണ്ണം മുൻകൂട്ടി നിജപ്പെടുത്താവുന്നതാണ്.
3. ടി.എസ്.പി ഫണ്ട് ജനസംഖ്യ റിപ്പോർട്ടിന് അനുസൃതമായി അനുവദിക്കാവുന്നതാണ്.
4. പ്രാധാന വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ അഭാവം പദ്ധതി നടത്തിപ്പിനെ വലിയ തോതിൽ മന്ദീഭവിപ്പിക്കുന്നുണ്ട്. ആയതിനാൽ ഇതിനുള്ള പരിഹാര നടപടികൾ പരിഗണിക്കാവുന്നതാണ്.

4.2 കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. പദ്ധതി രൂപീകരണ സമയത്ത് ഭേദഗതി സാധ്യതകൾ മുൻകൂട്ടി കണക്കാക്കി പ്രോജക്ടുകൾ തയ്യാറാക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.
2. വർക്കിംഗ് ഗ്രൂപ്പുകളിലേയും ഇതര സമിതികളിലേയും അംഗങ്ങളെ തെരഞ്ഞെടുക്കുമ്പോൾ കൂടുതൽ സംഭാവനകളും ഇടപെടലുകളും നടത്തുവാൻ സാധിക്കുന്നവരെ ഉൾപ്പെകടുത്താൻ ശ്രമിക്കേണ്ടതാണ്.
3. ഇടുക്കി ജില്ല കാർഷിക മേഖലക്ക് പ്രാധാന്യമുള്ള ജില്ലയായതിനാൽ ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തും കൃഷി, ക്ഷീര വികസനം, ജലസംരക്ഷണം, മത്സ്യ ബന്ധനം, ചെറുകിട വ്യവസായം, ഊർജ്ജോല്പാദനം ജൈവവള നിർമ്മാണം തുടങ്ങിയ വിഭാഗങ്ങളിൽ സ്വന്തമായി പ്രോജക്ടുകൾ ഏറ്റെടുക്കുകയോ അല്ലെങ്കിൽ വിഹിതം നൽകി വിനിയോഗം വർദ്ധിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്.

4. പാട്ടകൃഷി പ്രോജക്ടുകൾ നടപ്പാക്കുകയാണെങ്കിൽ ഉല്പാദന മേഖല വിനിയോഗം സാധ്യമാകുന്നതാണ്. ഉൽപാദന മേഖല എസ്.സി.പി വിഭാഗത്തിൽ ജില്ലാ പഞ്ചായത്ത് അനുയോജ്യമായ പ്രോജക്ടുകൾ കണ്ടെത്തി വിനിയോഗം ഉറപ്പാക്കേണ്ടതാണ്.
5. കൃഷി അനുബന്ധ മേഖലയ്ക്ക് പ്രാധാന്യമുള്ള ജില്ലയായതിനാലും പട്ടിക വർഗ്ഗവിഭാഗക്കാർ മുഖ്യമായും കൃഷി ചെയത് ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിനാലും ഈ ഇനത്തിൽ ജില്ലാ പഞ്ചായത്ത് പ്രോജക്ട് രൂപീകരിച്ച് വിനിയോഗിക്കേണ്ടത് പട്ടിക വർഗ്ഗ മേഖലയുടെ ഉന്നമനത്തിന് അനിവാര്യമാണ്.
6. ജില്ലാ പഞ്ചായത്ത് ആരോഗ്യം, കുടിവെള്ളം പാർപ്പിടം തുടങ്ങിയ പ്രോജക്ടുകൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ പൊതുവായി കൂടുതൽ നിലവാരത്തിലേക്ക് ഉയരേണ്ടതുണ്ട്. മാലിന്യ സംസ്കരണം പരിഹരിക്കുന്നതിന് കുറെക്കൂടി ക്രിയാത്മകമായ ഇടപെടലുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതുണ്ട് മുൻ വർഷങ്ങളിലെ പദ്ധതികളുടെ ആവർത്തനമെന്ന അവസ്ഥ ഒഴിവാക്കി പഞ്ചായത്തിന്റെ നിലവിലുള്ള അവസ്ഥക്ക് അനുസൃതമായ പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. ചെലവഴിച്ച പണത്തിന്റെ അളവിനേക്കാൾ വികസന പ്രക്രിയിക്ക് എത്രത്തോളം ഗുണകരമായി എന്നതായിരിക്കണം മേന്മയുടെ മാനദണ്ഡം.

അദ്ധ്യായം-8

സംയോജിത ഏകോപിത പ്രോജക്ടുകളും നൂതന പ്രോജക്ടുകളും

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വകുപ്പുകളും തമ്മിലുള്ളതും ത്രിതല പഞ്ചായത്തുകൾ തമ്മിലുള്ള ഏകോപനവും കൂടാതെ വകുപ്പുകൾ തമ്മിലുള്ള ഏകോപനവും നടക്കുന്നതുമൂലം പദ്ധതികളുടെ ഇരട്ടിപ്പ് തടയാനും കൂടുതൽ വിഭവങ്ങൾ കണ്ടെത്തി കാര്യക്ഷമതയോടെ സമയബന്ധിതമായി കൂടുതൽ ഗുണഭോക്താക്കൾക്ക് പ്രയോജനപ്രദമായ വലിയ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാനും ജില്ലാടിസ്ഥാനത്തിലുള്ള ഏകോപിത പദ്ധതികൾ തയ്യാറാക്കുന്നതുകൊണ്ട് സാധിക്കും.

സമഗ്ര ഹരിത ഗ്രാമം പദ്ധതി

മൃഗസംരക്ഷണ പ്രവർത്തനത്തെ അടിസ്ഥാനമാക്കി വിവിധ കാർഷിക പ്രവർത്തന ഘടകങ്ങളെ ഉൾപ്പെടുത്തിയുള്ള സംയോജിത പുരയിട കൃഷി സംരംഭകർക്ക് ആവശ്യമായ പിന്തുണകൾ നൽകി അവരുടെ കൂട്ടായ്മ അയൽപ്പക്കം അടിസ്ഥാനമാക്കി വ്യവസ്ഥാപിതമാക്കുന്ന ഒരു സംയോജിത പദ്ധതിയാണ് സമഗ്ര ഹരിത ഗ്രാമം പദ്ധതി.

പശു, ആട്, കോഴി, പന്നി, മുയൽ എന്നിവയിലൊന്നിന്റെ ഉൽപ്പാദനത്തിൽ നിന്നായിരിക്കും സംരംഭകന്റെ പ്രധാന വരുമാനം. അവയുടെ ചാണകം, കാഷ്ടം എന്നിവയിൽ നിന്നും ഗാർഹിക ആവശ്യത്തിന് ഇന്ധനവും സ്വന്തം പുരയിടത്തിലെ കൃഷിക്കാവശ്യമായതും വിവിധ മൂല്യവർദ്ധിത ജൈവവളങ്ങളും ഉൽപ്പാദിപ്പിക്കാൻ കഴിയും. അങ്ങനെ വീട്ടിലും പുരയിടത്തിലും ഉണ്ടാവുന്ന മുഴുവൻ ജൈവ മാലിന്യങ്ങളെയും മൃഗങ്ങൾക്ക് ഭക്ഷണമോ ചെടികൾക്ക് വളമായോ മാറ്റി പുരയിടത്തെ ശൂന്യമാലിന്യ പുരയിടമാക്കി മാറ്റുന്നതിന് സംയോജിത കൃഷിയിലൂടെ കഴിയും. ത്വരിത ജൈവ പുനചംക്രമണത്തിലൂടെ സുരക്ഷിതമായ കൃഷി രീതിയാണ് സംയോജിത കൃഷി. മണ്ണ് , ജലം, വായു ഇവയെ മലിനമാക്കാതെ മണ്ണിന്റെ ആരോഗ്യവും ഫല ഭൂയിഷ്ടിതയും നിലനിർത്തി പുരയിടത്തെ ജൈവ വൈവിധ്യ സമ്പന്നമാക്കുന്ന പരമ്പരാഗത കൃഷി രീതിയോടൊപ്പം ആധുനിക സാങ്കേതിക വിദ്യയും ഇവിടെ സമന്വയിപ്പിക്കുന്നു. ഉൽപ്പന്നങ്ങളുടെ പ്രാദേശിക വിപണന സംവിധാനത്തിലൂടെ ഇടനിലക്കാരെ ഒഴിവാക്കി ഉൽപ്പാദകന് ഉയർന്ന വിലയും ഉപഭോക്താവിന് തനിമയാർന്ന ഭക്ഷ്യവസ്തുക്കളുടെ ലഭ്യതയും ഇതിലൂടെ ഉറപ്പാക്കുന്നു.

പത്ത് വീതം അംഗങ്ങളുള്ള പത്ത് ഗ്രൂപ്പ് പൈലറ്റ് അടിസ്ഥാനത്തിൽ ഒരു ഗ്രാമപഞ്ചായത്തിൽ ഏറ്റെടുക്കുന്നത് ഉചിതമായിരിക്കും. പാലുൽപാദനത്തിലും (പ്രതി ദിനം 30,000 ലിറ്റർ) പച്ചക്കറി ഉൽപാദനത്തിലും ഒന്നാം സ്ഥാനത്തുള്ള വാത്തിക്കുടി പഞ്ചായത്തിനെ ഇതിനായി തിരഞ്ഞെടുക്കാവുന്നതാണ്. കൃഷി, മൃസംരക്ഷണം, മത്സ്യം ഇതിലേതെങ്കിലും ഒരു ഘടകം അധികമായി ചെയ്യുന്നതിനായി ഗുണഭോക്തൃ വിഹിതത്തിന്റെ 50% പരമാവധി 20,000 രൂപ വരെ ഒരംഗത്തിന് സംബ്സിഡിയായി നൽകാവുന്നതാണ്. സമഗ്ര നീർത്തട പരിപാലന പരിപാടികൾ ഉൾപ്പെടുത്തി മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ, ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ ഇവയ്ക്കായി തൊഴിലുറപ്പിലും മറ്റും അധികമായി ചെലവഴിക്കാൻ കഴിയും. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മൃഗസംരക്ഷണം, ക്ഷീര വികസനം, മത്സ്യം, തൊഴിലുറപ്പ്, ജലസേചനം, മണ്ണ് സംരക്ഷണം തുടങ്ങിയ

വകുപ്പുകളുടെ സാങ്കേതിക സാമ്പത്തിക പിന്തുണയോടൊപ്പം ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും യഥാക്രമം സംയോജിപ്പിച്ചുകൊണ്ട് കേരളത്തിന് മാതൃകയായി പദ്ധതി ഏറ്റെടുക്കാൻ കഴിയും.

2. കായിക രംഗം പദ്ധതി നിർദ്ദേശങ്ങൾ

ഇടുക്കി ജില്ലക്ക് കായിക മത്സരങ്ങൾ നടത്തുന്നതിനോ, പരിശീലനം നടത്തുന്നതിനോ നിലവിൽ ഒരു നല്ല സ്റ്റേഡിയം ഇല്ലാത്ത സാഹചര്യത്തിൽ താഴെപ്പറയുന്ന സർക്കാർ സ്റ്റേഡിയങ്ങൾ ജില്ലാപഞ്ചായത്ത് ഫണ്ട് എന്നിവ ഉപയോഗിച്ച് നിർമ്മിക്കാവുന്ന സ്റ്റേഡിയങ്ങളും അവ നിർമ്മിക്കുന്നതിനാവശ്യമായ തുകയും ചുവടെ ചേർക്കുന്നു.

3. മുട്ടം പോളിടെക്നിക് സ്റ്റേഡിയം

തൊടുപുഴ താലൂക്കിൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ മുട്ടത്ത് സ്ഥിതി ചെയ്യുന്ന ഗവ.പോളിടെക്നിക് സ്റ്റേഡിയത്തിന്റെ നിലവിലെ അവസ്ഥയിൽ ഗ്രൗണ്ടിന് സമീപത്തായി കുന്നുപോലെ കിടക്കുന്ന മണ്ണ് നീക്കം ചെയ്ത് ലെവലാക്കിയാൽ 400 മീറ്റർ ട്രാക്ക് സൗകര്യമുള്ള സ്റ്റേഡിയം നിർമ്മിക്കാവുന്നതാണ്. വെട്ടുകല്ല് പോയിട്ട് ഉറപ്പിച്ചെടുത്താൽ 6 ട്രാക്കുകൾ ഈ ഗ്രൗണ്ടിൽ നിർമ്മിക്കുവാൻ കഴിയും. പ്രസ്തുത ഗ്രൗണ്ടിനു ചുറ്റും കോമ്പൗണ്ട് വാൾ, പവലിയൻ, ടോയിലറ്റ് സൗകര്യം, ഡ്രസ്സിംഗ് റൂം, സ്റ്റോർ റൂം, ജിംനേഷ്യം, തുടങ്ങിയവ നിർമ്മിക്കേണ്ടതുണ്ട്. ഏകദേശം ഒരു കോടി 40 ലക്ഷം രൂപ ചെലവിൽ മേൽ സ്റ്റേഡിയത്തിന്റെ നിർമ്മാണം പൂർത്തിയാക്കുവാൻ കഴിയും. ജില്ലാ സ്പോർട്സ് കൗൺസിൽ സ്കൂളുകൾ, ജില്ലയിലെ മറ്റ് സർക്കാർ ഡിപ്പാർട്ടുമെന്റുകൾ, നടത്തികൊണ്ടിരിക്കുന്ന ജില്ലാ സംസ്ഥാന കായികമത്സരങ്ങളെല്ലാം ഈ ഗ്രൗണ്ടിൽ നടത്തുവാൻ സാധിക്കും. ഇടുക്കി ജില്ലയിലെ കായികതാരങ്ങളിൽ നല്ല ശതമാനവും മറ്റ് ജില്ലകളിലും, അതുപോലെ മറ്റ് സംസ്ഥാനങ്ങളിലും പരിശീലനം നടത്തുന്ന സാഹചര്യത്തിൽ ഈ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തോടുകൂടി ഇതിനെല്ലാം ഒരു പരിഹാരമാകും.

4. ഇടുക്കി ജില്ലാ പഞ്ചായത്ത് സ്റ്റേഡിയം

ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഇടുക്കി ജില്ലാ പഞ്ചായത്ത് സ്റ്റേഡിയത്തിന്റെ സമീപത്തായി സർക്കാർ ഉടമസ്ഥതയിലുള്ള റവന്യു ഭൂമി കൂടി ഉപയോഗപ്പെടുത്തി 200 മീറ്റർ ട്രാക്ക് സ്റ്റേഡിയം നിർമ്മിക്കാവുന്നതാണ്.

ജില്ലാ ആസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന ഏക സ്റ്റേഡിയമായ ടി സ്റ്റേഡിയത്തിന്റെ ചുരുങ്ങിയ സ്ഥലപരിമിതിയിലാണ് സ്വാതന്ത്ര്യാദിനത്തിലും, റിപ്പബ്ലിക് ദിനത്തിലും പരേഡുകൾ സംഘടിപ്പിക്കുന്നത്. പ്രസ്തുത സ്റ്റേഡിയം നവീകരിക്കുന്നത് വഴി അതിവിപുലമായ രീതിയിൽ പരേഡുകൾ സംഘടിപ്പിക്കുന്നതിനും, ജില്ലാ പഞ്ചായത്ത് സംഘടിപ്പിക്കുന്ന കേരളോത്സവം പോലെ മറ്റ് കായിക മത്സരങ്ങളും നല്ല രീതിയിൽ ഇവിടെ സംഘടിപ്പിക്കുവാൻ സാധിക്കും. കൂടാതെ ഈ സ്റ്റേഡിയത്തിനു സമീപത്തായി കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള ഇടുക്കി വോളീബോൾ അക്കാഡമിയിലെ കുട്ടികൾക്ക് നല്ല രീതിയിൽ പ്രാക്ടീസ്

ചെയ്യുന്നതിനും ഉപയോഗപ്പെടുത്താവുന്നതാണ്. ഉദ്ദേശം 80 ലക്ഷം രൂപ ചിലവിൽ ഈ സ്റ്റേഡിയം നവീകരിക്കാവുന്നതാണ്.

5. തൊടുപുഴ മുനിസിപ്പൽ മൈതാനം

തൊടുപുഴ നഗരസഭയുടെ ഹെഡ്ക്വാർട്ടേഴ്സ് എന്ന രീതിയിൽ നിലകൊള്ളുന്ന ഗാന്ധിസ്ക്വയർ ജംഗ്ഷനു സമീപം തൊടുപുഴ മുനിസിപ്പാലിറ്റിയുടെയും, റവന്യു ഡിപ്പാർട്ടുമെന്റിന്റെയും ഉടമസ്ഥതയിൽ പഴയ പ്രൈവറ്റ് ബസ് സ്റ്റാൻഡ് പരിസരത്ത് ഉദ്ദേശം 3 ഏക്കർ സ്ഥലം സ്റ്റേഡിയം നിർമ്മാണത്തിന് അനുയോജ്യമായ രീതിയിൽ കിടക്കുന്നു. ഇത് സ്റ്റേഡിയമാക്കി ഉയർത്തുന്ന പക്ഷം സ്ഥല പരിമിതിമൂലം കായിക പരിശീലനം നടത്തുവാൻ സാധിക്കാത്ത തൊടുപുഴയിലെയും സമീപങ്ങളിലെയും സ്കൂളികളിലെയും കുട്ടികൾക്ക് കായിക പരിശീലനം നടത്തുവാൻ കഴിയും. കൂടാതെ തൊടുപുഴ മുനിസിപ്പാലിറ്റിയും നിലവിൽ തൊടുപുഴ കേന്ദ്രമായി പ്രവർത്തിക്കുന്ന ജില്ലാ സ്പോർട്സ് കൗൺസിലും സംഘടിപ്പിക്കുന്ന നിരവധികളായ കായിക മത്സരങ്ങളും കോച്ചിംഗ് ക്യാമ്പുകളും പ്രസ്തുത ഗ്രൗണ്ടിൽ വളരെ ഭംഗിയായി നടത്തുവാൻ സാധിക്കും. ഏകദേശം ഒരു കോടി രൂപ ചിലവിൽ സ്റ്റേഡിയം നിർമ്മിക്കാവുന്നതാണ്.

6. നെടുംകണ്ടം ഗവ.വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ സ്റ്റേഡിയം

നെടുംകണ്ടം ഗവ.വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ സ്റ്റേഡിയം 200 മീറ്റർ ട്രാക്ക് സൗകര്യമുള്ളതാണ്. നിലവിലെ അവസ്ഥയിൽ സ്റ്റേഡിയത്തിന്റെ സമീപം മണ്ണിട്ട് ലെവലാക്കി എടുക്കേണ്ടതുണ്ട്. പ്രസ്തുത സ്റ്റേഡിയത്തിന്റെ സമീപത്താണ് കായിക കേരള ഭൂപടത്തിൽ ഇടുക്കി ജില്ലയുടെ യശസ്സ് ഉയർത്തികാട്ടിയ കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസലിനു കീഴിലുള്ള നെടുംകണ്ടം സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ സ്ഥിതി ചെയ്യുന്നത്. അത്‌ലറ്റിക്സ്, ആർച്ചറി, ജൂഡോ, എന്നീ കായികയിനങ്ങളിലായി ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും ഇവിടെ പരിശീലനം നടത്തുന്നു. ഗ്രൗണ്ടിന്റെ സ്ഥലപരിമിതി എക്കാലത്തും ഹോസ്റ്റൽ കായിക താരങ്ങളുടെ പ്രകടനത്തെ ബാധിക്കാറുണ്ട്. ഈ സ്റ്റേഡിയം നവീകരിക്കുന്നത് വഴി ഹോസ്റ്റൽ കാര്യങ്ങൾക്കും,

പ്രസ്തുത സ്കൂളിലെ കുട്ടികൾക്കും, മലയോര മേഖലയായ നെടുങ്കണ്ടത്തെ സമീപ പ്രദേശങ്ങളിലെ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കുട്ടികളുടെ കായികപരമായ ഉയർച്ചയ്ക്ക് ഗുണം ചെയ്യുന്നതാണ്. ഉദ്ദേശം 50,00,000/- രൂപ ചിലവിൽ സ്റ്റേഡിയത്തിന്റെ പണികൾ നടത്തുവാൻ സാധിക്കും.

7. **വണ്ടിപ്പെരിയാർ പഞ്ചായത്ത് സ്റ്റേഡിയം**

ഇടുക്കി ജില്ലയുടെ അതിർത്തി പ്രദേശമായി നിലകൊള്ളുന്ന വണ്ടിപ്പെരിയാർ പഞ്ചായത്ത് സ്റ്റേഡിയം 200 മീറ്റർ സ്റ്റേഡിയമായി നവീകരിക്കുന്ന പക്ഷം തികച്ചും ഹൈറേഞ്ച് മേഖലയായ വണ്ടിപ്പെരിയാർ, പീരുമേട്, തുടങ്ങി അഴുത ബ്ലോക്കിനുകീഴിൽ സ്ഥിതിചെയ്യുന്ന നിരവധികളായ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കുട്ടികളുടെ കായിക വളർച്ചയിൽ നിർണ്ണായക

പങ്കു വഹിക്കുന്നതാണ്. ഉദ്ദേശം 50 ലക്ഷം രൂപ ചിലവിൽ 200 മീറ്റർ ട്രാക്ക് സ്റ്റേഡിയം സ്ഥലപരിമിതികൾക്കൂടി പരിഗണിച്ച് ഇവിടെ നിർമ്മിക്കാവുന്നതാണ്.

8. കുമളി ഗവ.വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ സ്റ്റേഡിയം

ഇടുക്കി ജില്ലയുടെ അതിർത്തി പ്രദേശമായ കുമളി കേന്ദ്രമാക്കി നിലകൊള്ളുന്ന കുമളി ഗവ.ഹയർ സെക്കണ്ടറി സ്കൂൾ ഗ്രൗണ്ട് നവീകരിക്കുന്ന പക്ഷം തികച്ചും ഹൈറേഞ്ച് മേഖലയിലുള്ള അഴുത ബ്ലോക്കിനു കീഴിൽ സ്ഥിതി ചെയ്യുന്ന നിരവധികളായ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് കായികപരമായ ഉയർച്ചയ്ക്ക് സഹായകമാണ്. ഫിഫ അണ്ടർ 17 ലോകകപ്പിൽ സെലക്ഷൻ കിട്ടിയിരുന്നതും, ഈ വർഷം നടന്ന നാഷണൽ സ്കൂൾ ചാമ്പ്യൻഷിപ്പിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ കേരളാ ടീമിലെ അഗംവുമായ കുമളിക്കാരനായ അബു താഹിർ ഈ സ്കൂൾ ഗ്രൗണ്ടിൽ പരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന കായികതാരവുമാണ്. 60 ലക്ഷം രൂപ ചെലവിൽ 200 മീറ്റർ ട്രാക്ക് സ്റ്റേഡിയം സ്ഥലപരിമിതികൾക്കൂടി പരിഗണിച്ച് ഇവിടെ നിർമ്മിക്കാവുന്നതാണ്.

കേരളത്തിന്റെ കായികഭൂപടത്തിൽ നിർണ്ണായക സ്ഥാനം പിടിച്ചുള്ള ഒട്ടനവധി കായിക താരങ്ങൾ ഇടുക്കി ജില്ലയിൽ നിന്നുള്ളവരാണെന്നത് നമുക്ക് അഭിമാനകരമായ ഒന്നാണ്. എന്നാൽ എല്ലാ വിധ സൗകര്യങ്ങളുമുള്ള ഒരു പൊതുസ്റ്റേഡിയത്തിന്റെ അപര്യാപ്തത മൂലം ഈ കായിക താരങ്ങളെല്ലാം മറ്റ് ജില്ലകളിലെ കായിക പരിശീല സൗകര്യം ഉപയോഗിച്ചാണ് ഈ നേട്ടങ്ങൾ കൈവരിച്ചിട്ടുള്ളത്. ഇത് കാലകാലങ്ങളായി കായിക മേഖലയിൽ ഇടുക്കി ജില്ല നേരിടുന്ന ഒരു വലിയ പ്രതിസന്ധിയാണ്. ജില്ലയിൽ എല്ലാവിധ സൗകര്യങ്ങളുമുള്ള അന്താരഷ്ട്ര നിലവാരത്തിലുള്ള ഒരു പൊതുസ്റ്റേഡിയം അടിയന്തിരമായി നിർമ്മിക്കേണ്ടതുണ്ട്.

9. ഇടവെട്ടി ചിറയെ ജില്ലാ അക്വാട്ടിക് കേന്ദ്രമായി രൂപപ്പെടുത്തുക

ഇടുക്കി ജില്ലയിലെ അക്വാട്ടിക് പരിശീലനങ്ങൾക്കും മത്സരങ്ങൾക്കും വേദിയൊരുക്കത്തക്ക വിധം വിസ്തൃതി കൊണ്ടും എത്തിച്ചേരാനുള്ള സൗകര്യങ്ങൾ കൊണ്ടും അനുയോജ്യമാണ് ഇടവെട്ടി ചിറ.

പ്രത്യേകതകൾ

1. ഇടവെട്ടി ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള മൂന്നര ഏക്കറോളം സ്ഥലത്താണ് ഇടവെട്ടിച്ചിറയുള്ളത്.
2. തൊടുപുഴ മാത്രമാണ് മീറ്റർ 250 നിന്നും പൂമാല റോഡിൽ റോഡ് ഉണ്ട് ചിറയിലേക്കുള്ള ദൂരം
3. സെന്റാണ് 63 ഏക്കർ 2 ചിറയുടെ വിസ്തൃതി
4. വീതിയുമുള്ള അന്താരാഷ്ട്ര നിലവാരത്തിലുള്ള മീറ്റർ 60 നീളവും മീറ്റർ 250 നീന്തൽക്കുളമാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

ഇതുമായി ബന്ധപ്പെട്ട് പല പഠനങ്ങളും പലവിധ ഇടപെടലുകളും പ്രഖ്യാപനങ്ങളും ഉണ്ടായിട്ടുണ്ട്.

(എ) ശ്രീ വിജയകുമാർ എം. മന്ത്രിയായിരിക്കുമ്പോൾ അദ്ദേഹം നേരിൽ പങ്കെടുത്തുകൊണ്ട് പ്രോജക്ട് അംഗീകരിക്കലും പ്രഖ്യാപനവും ആയിരക്കണക്കിന് ജനങ്ങൾ പങ്കെടുത്ത യോഗത്തിൽ വച്ച് നടന്നിരുന്നു. പിന്നീട് നിയമാനുസൃതമായ ചില പ്രവർത്തനങ്ങൾ മുടങ്ങി.

(ബി) മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ പഠനവും ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കലും ടെണ്ടറും കുറെ പ്രവർത്തനങ്ങളും നടന്നു ചിറയുടെ അടിഭാഗത്തെ ചെളി കോരി മാറ്റി പ്രോജക്ട് പ്രകാരമുള്ള അടിത്തറ തയ്യാറാക്കലും കോൺക്രീറ്റിംഗും പിന്നീട് നടന്നു പുരോഗതി ഉണ്ടായില്ല. നം മുടങ്ങി പ്രവർത്ത (സി) ജില്ലാ-ബ്ലോക്ക്- ഗ്രാമ പഞ്ചായത്തുകൾ ഇക്കാര്യത്തിൽ താല്പര്യം കാണിച്ചിട്ടുണ്ടെങ്കിലും ഫലപ്രദമായിട്ടില്ല.

<u>ചിറയുടെ ദുര്യോഗാവസ്ഥ</u>

ചെളിയും പായലും മൂടി അറപ്പുളവാക്കുന്ന നിലയിൽ ഉപയോഗശൂന്യമായി കിടക്കുന്ന ചിറയുടെ ചിത്രം ആരേയും വേദനിപ്പിക്കുന്ന ഒന്നാണ്. മെമ്പറുംഗ്രാമ പഞ്ചായത്തു വാർഡ് എന്നാൽ ഭരണ സമിതിയും കാണിച്ച സവിശേഷ ശ്രദ്ധയും ചില സന്നദ്ധ മുതലക്കോടം ജയ്ഹിന്ദ് ലൈബ്രറി സംഘടനകളുൾപ്പെടെ പായലും അഴുക്കുമെല്ലാം വാരി മാറ്റി ആർജ്ജവവും മൂലം കഴിഞ്ഞിട്ടുണ്ട് ആകർഷകമാക്കാൻ ഒറ്റ നോട്ടത്തിൽ സാങ്കേതികോപദേശത്തിന്റെ കൂടിയടിസ്ഥാനത്തിൽ ജില്ലയ്ക്ക് അഭിമാനിക്കാവുന്ന ഒരു അക്വാറ്റിക് കേന്ദ്രമായി രൂപപ്പെടുത്തിയെടുത്താൽ ഇത് മാറ്റാം ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്.

1. സാങ്കേതിക വിദഗ്ദ്ധരുടെ പഠനവും തദനുസൃദമായ നിർദ്ദേശ്ശങ്ങളും
2. വിശദമായ പ്രോജക്ട് റിപ്പോർട്ട് എസ്റ്റിമേറ്റ് തയ്യാറാക്കൽ
3. ഗ്രാമപഞ്ചായത്ത് വകയായ സ്ഥലത്ത് പ്രവർത്തിക്കുന്ന ആയ്യുർവ്വേദാശുപത്രി വില്ലേജ് ഓഫീസ് എന്നിവ ചുറ്റുമതിൽ ലൈബ്രറി കെട്ടി വേർതിരിക്കുക.
4. ചിറകഴിഞ്ഞുള്ള സ്ഥലത്ത് ഒരു കിഡ്സ് പാർക്കിനുള്ള എല്ലാ സൗകര്യങ്ങളും ഇത് യാഥാർത്ഥ്യമാക്കണം അനുയോജ്യാന്തരീക്ഷവുമുണ്ട്.
5. ഒരു സംയോജിത പ്രോജക്ട് എന്ന നിലയിൽ ഇടുക്കി ജില്ലാ പഞ്ചായത്ത് ഇടവെട്ടി ഗ്രാമപഞ്ചായത്ത് തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് സംസ്ഥാന വിഹിതവും എന്നിവയുടെ ഏകോപനത്തിലൂടെ നടപ്പാക്കാം അല്ലെങ്കിലും തൊടുപുഴ മുൻസിപ്പാലിറ്റിയിൽചിറ ആകാം. മുൻസിപ്പാലിറ്റിയോട് തൊട്ട് ചേർന്ന കായൽ ഉപയോഗപ്പെടുത്താം.

അനുകരണീയമായ മാതൃകകൾ

മാലിന്യസംസ്കരണം

അടിമാലി ഗ്രാമപഞ്ചായത്ത്

അടിമാലി ഗ്രാമപഞ്ചായത്തിലെ മാലിന്യങ്ങൾ ദൈനംദിനം പെരുകുകയും പൊതു ഇടങ്ങളിലും മറ്റും കൂടിക്കിടന്നു ജനങ്ങളുടെ സൈര്യ ജീവിതത്തിനു തടസ്സം സൃഷ്ടിക്കുകയും നിരവധി ആരോപണങ്ങൾക്കിടയാക്കുകയും ചെയ്ത് ഒരു പരിഹാരമില്ലാത്ത പ്രശ്നമായി മാറിയപ്പോഴാണ് പുതിയ ഭരണ സമിതി പ്രശ്നപരിഹാരത്തിന് മാർഗ്ഗങ്ങൾ ആരാഞ്ഞത്. അതുവരെ മാലിന്യങ്ങൾ ശേഖരിച്ചു വനപ്രദേശങ്ങളിൽ തള്ളുകയോ മണ്ണിട്ട് മൂടുകയോ ആണ് ചെയ്തുവന്നിരുന്നത്. ഇവയൊന്നും ശാശ്വത പരിഹാരമാവില്ല എന്ന തിരിച്ചറിവുണ്ടായപ്പോൾ പഞ്ചായത്ത് അധികൃതർ മാധ്യമം പത്രത്തിന്റെയും ശുചിത്വമിഷന്റെയും വ്യാപാരി വ്യവസായി സംഘടനകൾ എന്നിവയുടെയും സഹകരണത്തോടെ ചർച്ചകളും സംവാദങ്ങളും സംഘടിപ്പിച്ചു പിന്നീട് ശുചിത്വമിഷനുമായി കൈകോർത്തു പദ്ധതി ആസൂത്രണങ്ങൾക്കു തുടക്കം കുറിച്ചു. ദൈനംദിനം മാലിന്യം ഉല്പാദിപ്പിക്കുന്ന എല്ലാ വിഭാഗങ്ങളുടെയും യോഗങ്ങൾ വിളിച്ചു ചേർത്ത് പൊതു ഇടങ്ങളിൽ മാലിന്യ നിക്ഷേപം തടയുന്നതിന് നിർദ്ദേശങ്ങൾ സ്വീകരിച്ചു. തുടർന്ന് 2016 ആഗസ്ത് മാസം ഗ്രീൻ അടിമാലി ക്ലീൻ ദേവിയാർ പദ്ധതിക്ക് തുടക്കം കുറിച്ചു ഹരിത കേരളം മിഷൻ പ്രവർത്തനങ്ങളും പദ്ധതി പ്രവർത്തനങ്ങളും കൈകോർത്തു നീങ്ങുന്ന രീതിയിലാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത് പദ്ധതി നടത്തിപ്പിന്റെ മുന്നോടിയായി പഞ്ചായത്തിലെ നിലവിലെ അവസ്ഥ വിശകലനം എന്നിവരുടെ സഹായത്തോടെ പൂർത്തിയാക്കി.

ജൈവ മാലിന്യ സംസ്കരണം

അടുത്ത പടിയായി ആവശ്യാനുസരണം ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ ലഭ്യ മാക്കി .1070 കുടുംബങ്ങൾക്ക് റിംഗ് കമ്പോസ്റ്റും .107 പേർക്ക് ബയോഗ്യാസ് പ്ലാന്റും നൽകിയതിനൊപ്പം ഉറവിട മാലിന്യ സംസ്കരണം സാധ്യമല്ലാത്തവർക്കു വേണ്ടി തുമ്പൂർമൂഴി മാതൃക എയ്റോ ബിന്നുകളും സ്ഥാപിച്ചു. കച്ചവട സ്ഥാപനങ്ങൾക്ക് അനുയോജ്യമായ മാലിന്യ സംസ്കരണ മാർഗ്ഗങ്ങൾ തിരഞ്ഞെടുക്കാൻ അവരെ പ്രേരിപ്പിച്ചു. ആധുനിക ഗ്യാസ് ക്രെമറ്റോറിയം സ്ഥാപിച്ചു.

അജൈവ മാലിന്യ സംസ്കരണം

അജൈവ മാലിന്യസംസ്കരണത്തിനായി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയും പ്ലാസ്റ്റിക് ശ്രെഡിംഗ് യൂണിറ്റും സ്ഥാപിച്ചു. പരീക്ഷണാടിസ്ഥാനത്തിൽ ബസ് സ്റ്റാൻഡ് പരിസരത്തു അജൈവ വസ്തുക്കൾ ശേഖരിക്കുന്നതിനായി അഴികളോട് കൂടിയ ഇരുമ്പു ബിന്നുകൾ സ്ഥാപിച്ചു ഇവയുടെ പുറത്തു ഏതു തരണം മാലിന്യങ്ങൾ ആണ് നിക്ഷേപിക്കേണ്ടതെന്നു കൃത്യമായ നിർദ്ദേശങ്ങളും പ്രദർശിപ്പിച്ചു.

ക്യാമ്പയിൻ പ്രവർത്തനങ്ങൾ

1. ശുചിത്വമിഷൻ ലഘു ലേഖയും ശുചിത്വപ്രതിജ്ഞയും കുട്ടികളുടെ എല്ലാ ഭവനങ്ങളിലും എത്തിച്ചു.

2. പഞ്ചായത്തിൽ പൊതു ജനങ്ങൾക്കായി ഖരമാലിന്യ ഉപാധികളുടെ പ്രദർശനം നടത്തുകയും ആവശ്യക്കാർക്ക് സ്പോട് ബുക്കിംഗിനു സൗകര്യം ഒരുക്കുകയും ചെയ്തു.
3. പൊതു ഇടങ്ങളിൽ ശുചിത്വ സന്ദേശങ്ങൾ ചുമരെഴുത്തുകൾ വഴി പ്രദർശിപ്പിച്ചു.
4. സ്കൂളുകൾ കേന്ദ്രീകരിച്ച് മൈ പ്ലാസ്റ്റിക് പദ്ധതി നടപ്പിലാക്കി കുട്ടികൾ വഴി വൃത്തിയാക്കി ഉണക്കി സൂക്ഷിച്ച പ്ലാസ്റ്റിക്ക് കളക്ട് ചെയ്തു പദ്ധതി നല്ലരീതിയിൽ നടപ്പിലാക്കിയ സ്കൂളുകൾക്ക് പാരിതോഷികം ഏർപ്പെടുത്തി
5. നിയമനടപടികൾ കർശനമാക്കി.
6. പൊതുസ്ഥലങ്ങളിലും ജലാശയങ്ങളിലും മറ്റും മാലിന്യം നിക്ഷേപിക്കുന്നവരിൽനിന്നും കൃത്യമായി പിഴ ഈടാക്കി മാലിന്യങ്ങൾ അവരെക്കൊണ്ട് തന്നെ ക്ലീൻ ചെയ്യിച്ചു വരുന്നു.

7. പൊതുസ്ഥലങ്ങളിലും ജലാശങ്ങളിലും മാലിന്യ നിക്ഷേപം നടത്തുന്നവരെ പാട്ടി വ്യക്തമായ തെളിവുകൾ സഹിതം മൊബൈൽ ഫോട്ടോസ് ഉൽപ്പെടെ റിപ്പോർട്ട് ചെയ്യുന്നവർക്ക് ആകർഷകമായ സമ്മാനങ്ങൾ പ്രഖ്യാപിച്ചു നൽകി വരുന്നുണ്ട്.

8. മാലിന്യം നിക്ഷേപിക്കുന്നവരെ പിടിക്കുന്നതിനു മെമ്മറി കാർഡ് ഓട് കൂടിയ നൈറ്റ് വിഷൻ ക്യാമറ സ്ഥാപിച്ചു.

9. കേരളം പഞ്ചായത്തീരാജ് ചട്ടപ്രകാരം കെട്ടിട നിർമ്മാണം പൂർത്തിയാക്കി വരുന്ന വരുന്നവർ ഖരമാലിന്യ സംവിധാനം മഴവെള്ള സംഭരണി കിണർ റീചാർജ്ജിംഗ് ഇവ ഏർപ്പെടുത്തിയിരിക്കണം എന്ന വ്യവസ്ഥ കർശനമാക്കി പാലിക്കപ്പെടുന്നുണ്ടെന്നു ബോധ്യമായതിനു ശേഷം മാത്രം കെട്ടിട നമ്പർ ലൈസൻസ് മുതലായവ നൽകുന്നു

10. 14-08 പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളും അജിവ മാലിന്യ ശേഖരണ സംവിധാനങ്ങളും ഇല്ലാത്ത സ്ഥാപനങ്ങളുടെ പ്രവർത്തനാനുമതി എടുത്തുകളയുമെന്നു നിഷ്കർഷിച്ചിട്ടുണ്ട്.

11. 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ വിൽപ്പന നിരോധിച്ചിട്ടുണ്ട് റൂൾസ് പ്ലാസ്റ്റിക് മാനേജ് പ്രകാരം 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകൾ വിക്കണമെങ്കിൽ സ്ഥാപനങ്ങൾ പഞ്ചായത്തിന് പ്രതിമാസം 4000 രൂപ ഫീസ് നൽകണമെന്നും നിഷ്കർഷിച്ചു

ഗ്രീൻ പ്രോട്ടോകോൾ

റെഡ്യൂസ് റീയൂസ് റീസൈക്കിൾ തത്വങ്ങൾ പ്രചരിപ്പിച്ചു അതുവഴി മാലിന്യത്തിന്റെ തോത് കുറയ്ക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായി ഗ്രീൻ പ്രോട്ടോകോൾ നിർബന്ധമാക്കി പഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളും

പരിപാടികളിൽ ഗ്രീൻ പ്രോട്ടോകോൾ കർശമായും ഗോപാലിച്ചിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്

കുടുംബശ്രീ യൂണിറ്റുകൾ വഴി പ്ലാസ്റ്റിക് ബദൽ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നുണ്ട്.

എല്ലാ ഓഡിറ്റോറിയങ്ങളിലും ഡിസ്പോസിബിൾ പ്ലേറ്റ് ഗ്ലാസ് തുടങ്ങിയവയുടെ ഉപയോഗം നിരോധിച്ചുകൊണ്ടുള്ള ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.

അനുഭവ പാഠങ്ങൾ

പൊതുജനങ്ങളിൽ അനുകൂലമായ സ്വഭാവമാറ്റങ്ങൾ കൊണ്ടുവരുന്നതിന് അവബോധ പ്രവർത്തനങ്ങൾ പോലെ തന്നെ ശിക്ഷ നടപടികൾക്കും സ്ഥാനമുണ്ട്.

മാലിന്യം വലിച്ചറിയുന്നതു റിപ്പോർട്ട് ചെയ്യുന്നതിന് പാരിതോഷികം നൽകുന്നത് നിയമ ലംഘകകരെ കണ്ടെത്തുന്നതിന് വളരെ അധികം സഹായകമാകുന്നുണ്ട്.

ഉപസംഹാരം

ജില്ലാ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളാകെ സാധിക്കുന്ന ഒരു രേഖയാണിതെന്ന് പറയാനാകില്ല. സമയക്കുറവുൾപ്പെടെ വിവിധ ഘടകങ്ങൾ ഇതിന്റെ പൂർണ്ണതയ്ക്ക് തടസ്സമായി നിന്നിട്ടുണ്ട്. എങ്കിലും 21 വിഷയ ഗ്രൂപ്പുകളിലായി ഏതാനും മാസങ്ങൾ നീണ്ട പ്രവർത്തനത്തിന്റെ ഉല്പന്നമായ ഈ രേഖ തീർച്ചയായും ഇടുക്കി ജില്ലയുടെ വരുംവർഷങ്ങളിലെ പദ്ധതിക്ക് തിളക്കം കൂട്ടും എന്ന കാര്യത്തിൽ തർക്കമില്ല.

ഭാഗം – III

അനുബന്ധം

അനുബന്ധം: 1

ജില്ലയിലെ സ്ത്രീ പുരുഷാനുപാതം

ആയിരം പുരുഷൻമാർക്ക് സ്ത്രീകളുടെ എണ്ണം എന്നതാണ് ഇതിൽ നിന്നും ഉദ്ദേശിക്കുന്നത്. സ്ത്രീ പുരുഷ അനുപാതം ഏറ്റവും കൂടുതലുള്ള സംസ്ഥാനമാണ് കേരളം. കേരളത്തിൽ ഇത് കണ്ണൂരിൽ ഏറ്റവും കൂടുതലും ഇടുക്കിയിൽ ഏറ്റവും കുറവുമാണ്.



	1901	1911	1921	1931	1941	1951	1961	1971	1981	1991	2001	2011
India	972	964	955	950	945	946	941	930	934	926	933	943
Kerala	1004	1008	1011	1022	1027	1028	1022	1016	1032	1036	1058	1084
Idukki	839	842	850	834	875	909	914	937	963	975	993	1006

ഉയർന്ന സ്ത്രീ പുരുഷ അനുപാതം സ്ത്രീ ശാക്തീകരണത്തിന്റേയും സാമൂഹിക സുരക്ഷയുടേയും സൂചകങ്ങളാണ്. കേരളത്തിലെ സ്ത്രീ പുരുഷ അനുപാതം 1901 മുതൽ നാളിതുവരെ ആയിരത്തിൽ കൂടി നിന്നിരുന്നു എന്നത് അഭിമാനിക്കാവുന്ന വസ്തുതയാണ്. എന്നിരുന്നാലും ഇടുക്കിയിൽ ഈ നേട്ടം കൈവരിക്കാൻ 2011 വരെ കാത്തിരിക്കേണ്ടിവന്നു. 1961 വരെ സത്രീ പുരുഷ അനുപാതം ഇന്ത്യയുടെ ശരാശരിയേക്കാൾ കുറവായിരുന്നു.

അനുബന്ധം 2

സ്ത്രീ പുരുഷ അനുപാതം കുട്ടികളിൽ (0-6 വിഭാഗം)

	2001		2011			
വർഷം	സ്ത്രീ പുരുഷ അനുപാതം	സ്ത്രീപുരുഷ അനുപാതം കുട്ടികളിൽ	സ്ത്രീപുരുഷ അനുപാതം	സ്ത്രീ പുരുഷ അനുപാതം കുട്ടികളിൽ	സ്ത്രീകളിൽ പുരുഷ അനുപാത വളർച്ച	സ്ത്രീ പുരുഷ അനുപാതം കുട്ടികളിൽ വളർച്ചാ നിരക്ക്
ഇന്ത്യ	933	927	940	919	0.75%	1.90%
കേരളം	1058	960	1084	964	2.50%	0.40%
ഇടുക്കി	993	969	1006	964	1.30%	-0.50%

സംസ്ഥാന ജനസംഖ്യയിൽ (0-6) വയസ്സിലുള്ള കുട്ടികളിൽ 2001 മുതൽ 2011 വരെ -8.44% കുറവുണ്ടായി. മലപ്പുറം ജില്ലയിൽ മാത്രമാണ് വർദ്ധനവ് ഉണ്ടായിരിക്കുന്നത്. ഇക്കാലഘട്ടത്തിൽ രാജ്യത്തെ മൊത്തം സ്ത്രീ പുരുഷ അനുപാതത്തിൽ 0.75% വർദ്ധനവ് കേരളത്തിൽ 2.5% ഉം ഇടുക്കിയിൽ 1.3% വർദ്ധനവും ഉണ്ടായിട്ടുണ്ട്.

ബ്ലോക്ക്	**സ്ത്രീ പുരുഷ അനുപാതം**			**സ്ത്രീപുരുഷ അനുപാതം കുട്ടികളിൽ**
	ആകെ	**പട്ടികജാതി വിഭാഗം**	**പട്ടിക വർഗ്ഗ വിഭാഗം**	**ആകെ**
അടിമാലി	995	1025	990	954
അഴുത	1005	1012	1019	952
ദേവികുളം	992	999	969	982
ഇളംദേശം	1009	1008	966	972

ഇടുക്കി	1005	1022	1027	993
നെടുംകണ്ടം	1006	1020	975	946
കട്ടപ്പന	1012	1005	1029	948
തൊടുപുഴ	1002	1014	1016	982
തൊടുപുഴ മുനിസിപ്പാലിറ്റി	1036	1054	1200	964
ആകെ	**1006**	**1010**	**994**	**964**

എങ്കിലും കുട്ടികളുടെ ആൺ പെൺ അനുപാതത്തിൽ പത്ത് വർഷത്തിനുള്ളിൽ ജില്ലയിൽ 0.5% കുറവാണ് ഉണ്ടായിരിക്കുന്നത്. പട്ടിക ജാതി വിഭാഗത്തിൽ ഇത് 1010 ഉം പട്ടിക വർഗ്ഗ വിഭാഗത്തിൽ ഇത് 994 ഉം ആണ്.



<u>അനുബന്ധം 3</u>

പഞ്ചായത്തുകളും മുൻസിപ്പാലിറ്റികളും- വിസ്തൃതി കുടുംബങ്ങളുടെ എണ്ണം, ജനസാന്ദ്രത, കുടുംബാംഗങ്ങളുടെ ശരാശരി എണ്ണം

പഞ്ചായത്ത്/ ബ്ലോക്ക്	വിസ്തൃതി	കുടുംബങ്ങളുടെ എണ്ണം	ജനസംഖ്യ ആകെ	സാന്ദ്രത	കുടുംബാംഗങ്ങളുടെ എണ്ണം
അടിമാലി	271.53	10336	40484	149	3.9
ബൈസൺവാലി	44.03	3474	13941	317	4.0
കൊന്നത്തടി	93.08	7398	29092	313	3.9
പള്ളിവാസൽ	67.47	4269	17044	253	4.0
അടിമാലി ബ്ലോക്ക്	43.06	6437	25701	597	4.0
അടിമാലി ബ്ലോക്ക്	**519.17**	**31914**	**126262**	243	4.0
ഏലപ്പാറ	83.74	6108	23666	283	3.9

കൊക്കയാർ	55.91	2952	11786	211	4.0
കുമളി	795.28	8826	35915	45	4.1
പീരുമേട്	114.75	5539	21712	189	3.9
പെരുവന്താനം	57.36	3843	15626	272	4.1
വണ്ടിപ്പെരിയാർ	107.83	10148	40809	378	4.0
അഴുത ബ്ലോക്ക്	**1214.87**	**37416**	**149514**	123	4.0
ചിന്നക്കനാൽ	66.71	3099	11553	173	3.7
ദേവികുളം	215	6166	23709	110	3.8
കാന്തല്ലൂർ	116.21	2923	10963	94	3.8
മാങ്കുളം	123	2513	9595	78	3.8
മറയൂർ	108.1	3307	12399	115	3.7
മൂന്നാർ	187	7968	32029	171	4.0
ശാന്തൻപാറ	78.81	4408	15632	198	3.5
വട്ടവട	67.81	1561	5697	84	3.6
ദേവികുളം ബ്ലോക്ക്	**962.64**	**31945**	**121577**	126	3.8
ആലക്കോട്	22.54	2344	9768	433	4.2
കരിമണ്ണൂർ	33.33	4764	19675	590	4.1
കോടിക്കുളം	18.92	3252	12952	685	4.0
കുടയത്തൂർ	27.64	2940	12122	439	4.1
ഉടുമ്പന്നൂർ	30.94	5896	23859	771	4.0
വണ്ണപ്പുറം	23.29	7324	28900	1241	3.9
വെള്ളിയാമറ്റം	30.56	5362	21440	702	4.0
ഇളംദേശം ബ്ലോക്ക്	**187.22**	**31882**	**128716**	688	4.0
അറക്കുളം	192.64	4776	18481	96	3.9
ഇടുക്കി കഞ്ഞിക്കുഴി	226.88	6838	26809	118	3.9
കാമാക്ഷി	32.38	4773	19762	610	4.1
മരിയാപുരം	32.18	2879	12071	375	4.2
വാത്തിക്കുടി	50.9	6898	27670	544	4.0
വാഴത്തോപ്പ്	199.84	4933	19723	99	4.0
ഇടുക്കി ബ്ലോക്ക്	**734.82**	**31097**	**124516**	169	4.0
കരുണാപുരം	44.76	6590	26637	595	4.0
നെടുംകണ്ടം	71.95	10744	41980	583	3.9
പാമ്പാടുംപാറ	44.64	5332	21172	474	4.0
രാജാക്കാട്	31.03	3783	15198	490	4.0

രാജകുമാരി	38.15	4188	16086	422	3.8
സേനാപതി	31.23	3228	12529	401	3.9
ഉടുമ്പൻചോല	80.14	4118	14059	175	3.4
നെടുംകണ്ടം	**341.9**	**37983**	**147661**	432	3.9
അയ്യപ്പൻകോവിൽ	42.08	4046	15611	371	3.9
ചക്കുപള്ളം	40.71	5642	21936	539	3.9
ഇരട്ടയാർ	32.37	4539	19097	590	4.2
കാഞ്ചിയാർ	64.65	5642	22513	348	4.0
കട്ടപ്പന	52.77	10394	42546	806	4.1
ഉപ്പുതറ	71.62	6842	26236	366	3.8
വണ്ടൻമേട്	68.18	8115	30567	448	3.8
കട്ടപ്പന ബ്ലോക്ക്	**372.38**	**45220**	**178506**	479	3.9
ഇടവെട്ടി	18.92	3516	14260	754	4.1
കരിംകുന്നം	22.67	3167	12454	549	3.9
കുമാരമംഗലം	18.93	3506	14865	785	4.2
മണക്കാട്	19.85	3764	15106	761	4.0
മുട്ടം	25.44	2659	10909	429	4.1
പുറപ്പുഴ	23.52	2952	11836	503	4.0
തൊടുപുഴ ബ്ലോക്ക്	129.33	19564	79430	614	4.1
തൊടുപുഴ മുൻസിപ്പാലിറ്റി	35.43	12604	52045	1469	4.1
ആകെ	4358	279812	1108974	255	4.0

അനുബന്ധം:4

പഞ്ചായത്ത് ചരിത്രം

ഇടുക്കി ജില്ലയിലെ പഞ്ചായത്തുകളിലേക്കൊരു എത്തിനോട്ടം

1. അടിമാലി ഗ്രാമപഞ്ചായത്ത്

1955 ആദ്യത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ കുട്ടമ്പുഴ -മന്നാംകണ്ടം എന്നീ പ്രദേശങ്ങൾ കവളങ്ങാട് പഞ്ചായത്തിന്റെ ആറാം വാർഡ് ആയിരുന്നു. 1960 ൽ ആണ് മന്നാംകണ്ടം പഞ്ചായത്ത് രൂപീകരിച്ചത്. 1967 ൽ കുട്ടമ്പുഴ പഞ്ചായത്ത് രൂപീകരിച്ചപ്പോൾ മന്നാംകണ്ടം പഞ്ചായത്തിന്റെ രണ്ടു വാർഡുകൾ നഷ്ടപ്പെട്ട് ഇന്നത്തെ രൂപത്തിലായി. പിന്നീട് മന്നാംകണ്ടം അടിമാലി പഞ്ചായത്തെന്ന് പുനർനാമകരണം ചെയ്തു. മലയുടെ അടിവാരങ്ങളിൽ പ്രധാനമായി കേന്ദ്രീകരിച്ചുകിടക്കുന്നതുകൊണ്ട് അടിമാലിയെന്ന ഓമനപ്പേരിൽ അറിയപ്പെടുന്നു. ഇടുക്കി ജില്ലയിലെ പ്രധാന വ്യാപാര കേന്ദ്രമാണിത്. ഈ പഞ്ചായത്തിന്റെ തെക്ക് ഭാഗത്തിലൂടെ പെരിയാർ നദി ഒഴുകുന്നു. കൊച്ചി, മധുര ദേശീയപാത

അടിമാലിയിലൂടെ കടന്നു പോകുന്നു. കൊടുംവനങ്ങളും നീർച്ചാലുകളും നിറഞ്ഞതാണ് ഈ പ്രദേശം. പ്രകൃതി മനോഹരമായ ഹരിത വനങ്ങളിലെ കരിമ്പാറക്കൂട്ടങ്ങളിലൂടെ കുതിച്ചുചാടുന്ന ചീയപ്പാറ വെള്ളച്ചാട്ടം വാളറ വെള്ളച്ചാട്ടവും നാഷണൽ ഹൈവേ 49-ലൂടെയുള്ള യാത്രയിൽ നയനാന്ദകരമായ കാഴ്ചയാണ്.

2. <u>ആലക്കോട് ഗ്രാമപഞ്ചായത്ത്</u>

1953-ൽ രൂപം കൊണ്ടതാണ് ഈ പഞ്ചായത്ത്, കേരളം പഴയ നാട്ടു രാജ്യങ്ങളായിരുന്ന കാലത്തെ ഈ പ്രദേശം വടക്കുംകൂർ രാജാവിന്റെ ഭരണത്തിലായിരുന്നു. ഇന്നത്തെ കാരിക്കോട് ആയിരുന്നു രാജധാനി. മലകയറ്റം തുടങ്ങുന്നതിന് മുമ്പ് വിശ്രമിക്കുവാനുള്ള ആലകൾ സ്ഥിതിചെയ്തിരുന്ന സ്ഥലമായിരുന്നതിനാൽ ആലക്കോട് എന്ന പേര് ലഭിച്ചു എന്നും ആലകൾ നിറഞ്ഞ സ്ഥലമെന്ന അർത്ഥത്തിൽ ആലക്കോട് എന്ന പേര് ലഭിച്ചുവെന്നും പറയപ്പെടുന്നുണ്ട്. ഇവിടുത്തെ പ്രധാന കൃഷി റബ്ബറാണ്

.

3. <u>അറക്കുളം ഗ്രാമപഞ്ചായത്ത്</u>

1954- ലാണ് പഞ്ചായത്ത് രൂപം കൊണ്ടത്. ഇന്നത്തെ വെള്ളിയാമറ്റം, വാഴത്തോപ്പ് പഞ്ചായത്തുകൾകൂടി ഉൾപ്പെട്ടതായിരുന്നു. ആദ്യത്തെ അറക്കുളം പഞ്ചായത്ത് ഭൂഗർഭ പവ്വർഹൗസിന്റെ ഉദ്ഘാടനം 1975-ൽ ഇൻഡ്യൻ പ്രധാനമന്ത്രിയായിരുന്ന ശ്രീമതി. ഇന്ദിരാഗാന്ധി മൂലമറ്റത്ത് നിർവ്വഹിച്ചു. ഇവിടുത്തെ ശ്രീധർമ്മക്ഷേത്രത്തിന് (മൂലക്ഷേത്രത്തിന്) രണ്ടായിരിത്തിൽപ്പരം വർഷപ്പഴക്കമുണ്ട്. അടർക്കുളം എന്ന പദം ലോപിച്ചാണ് അറക്കുളം എന്ന സ്ഥലനാമം ഉണ്ടായതെന്ന് പറയപ്പെടുന്നു. ആറു വലിയ കുളങ്ങൾ ഉള്ള പ്രദേശം അറക്കുളമായി എന്ന് മറ്റൊരഭിപ്രായവുമുണ്ട്. മുനിയുടെ അറയും കുളവും ഉള്ള പ്രദേശത്തിന് അറക്കുളം എന്ന പേരുണ്ടായി എന്നും പറയപ്പെടുന്നു. അറക്കുളത്തുനിന്നും പഞ്ചായത്ത് ആഫീസ് മൂലമറ്റത്തേക്ക് മാറ്റി.

4. <u>അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത്</u>

കേരളത്തിലെ ഏറ്റവും വലിയ കുടിയിറക്ക് നടന്നത് ഇവിടെയാണ്. അയ്യപ്പൻകോവിൽ. വെള്ളിലാംകണ്ടം, മടുക്ക എന്നീ പ്രദേശങ്ങളിലെ കുടുംബങ്ങൾക്ക് പകരം

ഭൂമി നൽകി. പെരിയാർ നദിക്ക് കുറുകെ അയ്യപ്പൻകോവിൽ പഞ്ചായത്തിനെയും കാഞ്ചിയാർ പഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന തൂക്കുപാലം മനോഹരമായ കാഴ്ചയാണ്. പരശുരാമൻ പ്രതിഷ്ഠ നിർവ്വഹിച്ചതായി കരുതുന്ന ഒരു പഴയ ക്ഷേത്രം (അയ്യപ്പൻകോവിൽ ശ്രീധർമ്മശാസ്ത്ര ക്ഷേത്രം) അയ്യപ്പൻകോവിൽ പഞ്ചായത്തിൽ പെരിയാറിന്റെ തീരത്തായി സ്ഥിതി ചെയ്യുന്നു. 1963-ൽ ഇടുക്കി ജലവൈദ്യുത പദ്ധതിയ്ക്കു വേണ്ടി സ്ഥലം അളന്ന് തിട്ടപ്പെടുത്തിയപ്പോൾ ഈ ക്ഷേത്രം ജലാശയത്തിന്റെ ഉൾഭാഗത്തുൾപ്പെട്ടു. സ്വരാജ്-തൊപ്പിപ്പാളക്കടുത്ത് പകരമായി സർക്കാർ ഒരു ക്ഷേത്രം നിർമ്മിച്ച് നൽകുകയുണ്ടായി. ഈ ക്ഷേത്രം ഇപ്പോൾ സ്ഥിതി ചെയ്യുന്നത് ഇടുക്കി അണക്കെട്ടിലെ ജലസംഭരണ കേന്ദ്രത്തിനുള്ളിലാണ്. 1976-ൽ ഇടുക്കി അണക്കെട്ടിന്റെ പണി പൂർത്തിയായപ്പോൾ അയ്യപ്പൻകോവിൽ ചന്തയും ചുറ്റുമുള്ള പ്രദേശങ്ങളും വെള്ളത്തിലായി. അക്കാലത്തെ ഹൈറേഞ്ചിലെ ഏറ്റവും വലിയ ചന്തയായിരുന്നു അയ്യപ്പൻകോവിൽ ചന്ത. ഇടുക്കി അണക്കെട്ടിലേക്ക് ജലം സംഭരിക്കപ്പെട്ടിരുന്നതിൽ ഈ പഞ്ചായത്തും ഉൾപ്പെടുന്നു.

5. **ബൈസൺവാലി ഗ്രാമപഞ്ചായത്ത്**

ബൈസൺവാലി ഗ്രാമപഞ്ചായത്ത് 1969-ലാണ് ഔദ്യോഗികമായി നിലവിൽ വന്നത്. 1850-കളിൽ തമിഴ്നാട്ടുകാർ ഇന്നത്തെ ബൈസൺവാലി പഞ്ചായത്തിന്റെ വടക്കുകിഴക്കു ഭാഗങ്ങളിൽ ഏലത്തോട്ട വ്യവസായം ആരംഭിച്ചു. 1949-50 കാലഘട്ടത്തിലാണ് ബൈസൺവാലി പഞ്ചായത്തിൽ ആധുനിക കുടിയേറ്റം ആരംഭിക്കുന്നത്. ഭൂപ്രകൃതിയനുസരിച്ച് മലനാട് മേഖലയിൽ സ്ഥിതിചെയ്യുന്ന ബൈസൺവാലി ഗ്രാമപഞ്ചായത്തിൽ ഏലവും കുരുമുളകുമാണ് പ്രധാനമായും കൃഷി ചെയ്തുവരുന്ന വിളകൾ

6. **ചക്കുപള്ളം ഗ്രാമപഞ്ചായത്ത്**

ഈ പഞ്ചായത്ത് 1977-ലാണ് രൂപം കൊണ്ടത്. തമിഴ്നാട്ടിൽ നിന്നെത്തിയ ചക്കിലിയിൻമാർ താമസിക്കുന്ന പള്ളം (ചതുപ്പ്, പുൽമേട്, വനം) ആണ് ചക്കുപള്ളമായതെന്നും അതല്ല ജഗ്ഗു എന്ന തമിഴർ പേരു ചേർത്ത് ചക്കുപള്ളം ആയതാണെന്നും രണ്ടുപക്ഷമുണ്ട്. ഏറെ തമിഴർ അധിവസിക്കുന്ന ചക്കുപള്ളം മേഖലയിൽ ഗോത്രവിദ്യാലയം 1950-ൽ തന്നെ സ്ഥാപിതമായി. ഏലം, കുരുമുളക് എന്നിവയുടെ ഉൽപാദനത്തിൽ ഭാരതത്തിൽ തന്നെ ഒരു മികച്ചസ്ഥാനം പഞ്ചായത്തിനുണ്ട്.

7. **ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത്**

ഈ പഞ്ചായത്ത് 1969 സെപ്തംബർ 29 നാണ് നിലവിൽ വന്നത്. തമിഴ് മലയാള സങ്കര സംസ്കാരമാണ് ഇവിടെ നിലനിന്നു വരുന്നത്. ടിപ്പു സുൽത്താന്റെ പടയോട്ടക്കാലത്ത് മധുരയിൽ നിന്ന് ചിന്നക്കനാൽ ഭാഗത്തേക്ക് കുടിയേറ്റമുണ്ടായി. കാരറ്റ്, ബീറ്റ്റൂട്ട്, കാബേജ്, പട്ടാണി, വെളുത്തുള്ളി, ബീൻസ് എന്നീ ശീതകാല പച്ചക്കറികൾ പഞ്ചായത്തിൽ കൃഷി ചെയ്തു വരുന്നു. പഞ്ചായത്തിലെ പ്രധാന മലയായ കൊളുക്കുമല ഏവരേയും ആകർഷിക്കുന്ന സ്ഥലമാണ്.

8. **ദേവികുളം ഗ്രാമപഞ്ചായത്ത്**

2005 ഒക്ടോബർ 2 നാണ് ദേവികുളം ഗ്രാമപഞ്ചായത്ത് ഔദ്യോഗികമായി നിലവിൽ വന്നത്. പഞ്ചായത്തിന്റെ 6% വനമേഖലയാണ്. പ്രകൃതി രമണീയമായ പള്ളിവാസൽ വെള്ളച്ചാട്ടം, തേയിലത്തോട്ടങ്ങൾ, ചുവപ്പും നീലയും അരക്കും മരങ്ങൾ എന്നിങ്ങനെ നയനാന്ദകരമായ കാഴ്ചകൾ ദേവികുളത്തുണ്ട്. പാണ്ഡവൻമാരുടെ വനവാസക്കാലത്തെ സൂചിപ്പിക്കുന്ന നിരവധി സ്ഥലമാനങ്ങൾ പ്രദേശത്തുണ്ട്. ശ്രീരാമന്റെ വനവാസക്കാലവും ഈ പ്രദേശത്ത് ചെലവഴിച്ചതായി ഐതിഹ്യങ്ങളിൽ കാണുന്നു. സീതാദേവി കുളിച്ച കുളങ്ങളാണ് തേവികുളമായതും പിന്നീട് ദേവികുളമായും മാറിയതത്രേ. തമിഴ് മലയാള സങ്കര സംസ്കാരമാണ് ഇവിടെ നിലനിന്നിരുന്നത്. കൊടുമുടികളും കിഴക്കാം തൂക്കായ പാറകളും, കുന്നുകളും, താഴ്വരകളും, ചെറിയ സമതലങ്ങളും നിറഞ്ഞ പ്രദേശമാണ് ദേവികുളം.

9. **ഇടമലക്കുടി ഗ്രാമപഞ്ചായത്ത്**

കേരളത്തിലെ ഒരേ ഒരു ആദിവാസി പഞ്ചായത്താണ് ഇടമലക്കുടി ഗ്രാമപഞ്ചായത്ത്. 2010 നവംബർ 1 നാണ് പ്രാബല്യത്തിൽ വന്നത്. ഇടുക്കി ജില്ലയിലെ മൂന്നാറിൽ നിന്നും 36 കിലോമീറ്റർ വടക്ക് മാറി, കൊടും വനത്തിൽ ആണ് ഈ ഗിരിവർഗ മേഖല. ഈ പ്രദേശം മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 13-ാം

വാർഡ് ആയിരുന്നു. ആനമുടിക്ക് സമീപമുള്ള രാജമല (വരയാടുകളുടെ സാമ്രാജ്യം) പുല്ലുമേട് എന്നീ സ്ഥലങ്ങളിലൂടെ 32 കിലോമീറ്റർ ജീപ്പിൽ യാത്ര ചെയ്തു ഇടമലക്കുടിയിലെ ആദ്യ കുടിയായ ഷെഡ്ഡുകൂടി വരെ നടക്കാതെ എത്താം. ഇടയ്ക്കു ചിലപ്പോൾ ആന, കടുവ വനപാലകരുടെ അനുവാദവും സഹായവും ഉണ്ടെങ്കിലെ ഇവിടെ എത്തിച്ചേരുവാൻ സാധിക്കു. ആദിവാസി വർഗ്ഗത്തിപ്പെട്ട മുതുവാൻ ഗിരിവർഗ്ഗക്കാരാണ് ഇവിടെയുള്ളത്. വനത്തിൽ ചിതറിയുള്ള 38 കോളനികളിലായി ഇവർ താമസിക്കുന്നു. നാലാം തരം വരെയുള്ള സർക്കാർ എൽ.പി. സ്കൂളുകൾ മാത്രമാണ് ഇവിടെയുള്ളത്. മുഖ്യ ഉപജീവനമാർഗ്ഗം വനവിഭവ ശേഖരണവും കൃഷിയുമാണ്. ഏലം, നെല്ല്, റാഗി എന്നിവ മുഖ്യമായി കൃഷി ചെയ്യുന്നു.

10. <u>ഇടവെട്ടി ഗ്രാമപഞ്ചായത്ത്</u>

1953 -ൽ ആലക്കോട് പഞ്ചായത്ത് നിലവിൽ വരുകയും ഇടവെട്ടി യൂണിറ്റ് ആലക്കോട് പഞ്ചായത്തിന്റെ ഭരണപരിധിക്കുള്ളിൽ ആവുകയും ചെയ്തു. 1968 ജൂലൈ 27 ന് ആലക്കോട് പഞ്ചായത്ത് വിഭജിച്ച് കാരിക്കോട് പഞ്ചായത്ത് രൂപീകരിച്ചു. 1981 -ൽ ഇത് പുനർനാമകരണം ചെയ്ത് ഇടവെട്ടി ഗ്രാമപഞ്ചായത്ത് നിലവിൽ വരികയും ചെയ്തു. ഇടവെട്ടി പഞ്ചായത്തിന്റെ ഏതാണ്ട് മദ്ധ്യഭാഗത്തായി സ്ഥിതി ചെയ്യുന്ന ഇടവെട്ടി ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചിരുന്ന ശ്രീകൃഷ്ണ വിഗ്രഹം ഐതീഹ്യപ്രകാരം നൂറ്റാണ്ടുകൾക്ക് മുമ്പ് ഇടവെട്ടി ചിറയുടെ കരയിൽ ഉണ്ടായിരുന്ന രണ്ട് വെട്ടിമരങ്ങൾക്കിടിയിൽ നിന്നും കിട്ടിയതു കൊണ്ടാണ് ഈ പ്രദേശം ഇടവെട്ടി എന്ന് അറിയപ്പെടുന്നത്. ഇടവെട്ടി പഞ്ചായത്തിൽ മലങ്കര എസ്റ്റേറ്റിന്റെ മിച്ച ഭൂമി ഭൂരഹിത കർഷക തൊഴിലാളികൾക്ക് വിതരണം ചെയ്യണം എന്നാവശ്യപ്പെട്ട് നടന്ന സമരം പ്രസിദ്ധമാണ്. റബ്ബറാണ് പ്രധാന കൃഷി. മലങ്കര റബ്ബർ കമ്പനി സ്ഥാപിതമായ കാലത്ത് കമ്പനി ആവശ്യത്തിനുവേണ്ടി നിർമ്മിക്കുകയും സംരക്ഷിച്ചു പോരുകയും ചെയ്തിട്ടുള്ള കാരിക്കോട്-മലങ്കര ഗെയ്റ്റ് റോഡുമാണ് ഈ പഞ്ചായത്തിലെ പുരാതനവും പ്രധാനവുമായ റോഡുകൾ. അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയരാൻ സാധ്യതയുള്ള ക്രിക്കറ്റ് സ്റ്റേഡിയമാണ് ഇടവെട്ടി പഞ്ചായത്തിലെ തെക്കും ഭാഗത്തായി നിർമ്മാണം പുരോഗമിച്ച് കൊണ്ടിരിക്കുന്നത് 2.63 ഏക്കർ വിസ്തൃതിയുള്ള ഇടവെട്ടിച്ചിറ ഈ ഗ്രാമപഞ്ചായത്തിലാണ്.

11. <u>ഏലപ്പാറ ഗ്രാമപഞ്ചായത്ത്</u>

പീരുമേട് താലൂക്കിലെ പ്രധാന മാർക്കറ്റുകളിൽ ഒന്നാണ് ഏലപ്പാറ മാർക്കറ്റ്. പീരുമേട് നിയോജക മണ്ഡലത്തിലെ 14 യു.പി. സ്കൂളുകളിൽ നിന്ന് ഏലപ്പാറ സ്കൂളിനെ ഹൈടെക് സ്കൂളായി തെരഞ്ഞെടുത്തു. ഏലപ്പാറ ഗ്രാമപഞ്ചായത്തിൽ നിന്ന് ജോൺ ദാനിയേൽ മൺറോ ആണ് ഇന്നത്തെ ഇടുക്കി ജില്ലയിലെ തോട്ട വ്യവസായത്തിന്റെ പുരോഗതിയ്ക്ക് അടിത്തറ പാകിയത്. തോട്ട വ്യവസായം പഞ്ചായത്തിന്റെയും പീരുമേട് താലൂക്കിന്റെയും മുഖച്ഛായ മാറ്റി.

12. <u>ഇരട്ടയാർ ഗ്രാമപഞ്ചായത്ത്</u>

1971 കാലയളവു വരെയും കട്ടപ്പന പഞ്ചായത്തിന്റെ ഒരു വാർഡായിരുന്ന ഇരട്ടയാർ. ഇരട്ടയാർ പ്രദേശത്തിലെ ജനങ്ങളുടെ ശ്രമങ്ങളുടെ ഫലമായി കട്ടപ്പന പഞ്ചായത്തിലെ പ്രദേശങ്ങളും ഇരട്ടയാർ, കാമാക്ഷി, പാമ്പാടുംപാറ എന്നീ പഞ്ചായത്തുകളുടെ കുറച്ച് ഭാഗങ്ങളും ചേർത്ത് 1971 ജൂലൈ 1-ാം തീയതി ഇരട്ടയാർ പഞ്ചായത്ത് രൂപീകൃതമായി. ഇടുക്കി ജലവൈദ്യുതി പദ്ധതിയുടെ മൂന്നാം

ഘട്ടമായിരുന്നു. പദ്ധതി പൂർത്തിയാകുമ്പോൾ വെള്ളത്താൽ ചുറ്റപ്പെട്ടു പോകുന്ന ഇരട്ടയാറുമായി ഇതര പ്രദേശങ്ങളെ ബന്ധിക്കാൻ മൂന്ന് പാലങ്ങൾ പണിയുന്നതിനും തീരുമാനമായി. അപ്രകാരമുള്ള പാലങ്ങളാണ് ഇരട്ടയാർ , ശാന്തിഗ്രാം, ഇരട്ടയാർ തോവാള, ഇരട്ടയാർ വാഴവര, രണ്ട് നദികൾ സംഗമിക്കുന്ന സ്ഥലമെന്ന നിലയിൽ ഇരട്ടയാർ എന്ന നാമമുണ്ടായി.

13. ഇടുക്കി കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്

1976- ലാണ് പഞ്ചായത്ത് രൂപീകൃതമായത്. വാഴത്തോപ്പ് പഞ്ചായത്തിന്റെ നാലാം വാർഡിലെ കരിമ്പൻ ഒഴിവാക്കിയുള്ള പ്രദേശമാണ് ഇന്നത്തെ ഇടുക്കി കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്. സമുദ്ര നിരപ്പിൽ നിന്നും 2250 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഇടുക്കി കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രകൃതി പ്രധാനമായും മലനിരകളും ചെരിവുപ്രദേശങ്ങളുമാണ്.

14. കാമാക്ഷി ഗ്രാമപഞ്ചായത്ത്

കോട്ടയം ജില്ലയിൽപെട്ട കട്ടപ്പന പഞ്ചായത്തിലെ 6-ാം വാർഡായിരുന്ന കാമാക്ഷി പ്രദേശം 1968 ജൂൺമാസം 9-ാം തീയതിയാണ് കാമാക്ഷി പഞ്ചായത്തായി രൂപീകൃതമായത്. ഇവിടുത്തെ പ്രധാന കാർഷിക ഉൽപ്പന്നങ്ങളായ ഏലം, ഗ്രാമ്പു, ചുക്ക്, കുരുമുളക്, കൊക്കോ തുടങ്ങിയ നാണ്യവിളകൾ വിദേശനാണ്യം നേടിത്തരുന്നു.

15. കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്

ആദ്യകാലത്ത് ഉപ്പുതറ പഞ്ചായത്തിന്റെ ഭാഗമായിരുന്ന കാഞ്ചിയാർ 1977 ൽ വിഭജിച്ച് പുതിയ പഞ്ചായത്ത് രൂപം കൊണ്ടു. 2016 ജനുവരി 15 ന് സംസ്ഥാനത്തെ ആദ്യ പുകരഹിത പഞ്ചായത്തായി കാഞ്ചിയാറിനെ പ്രഖ്യാപിച്ചു. സംസ്ഥാനത്തെ ഏക ഗോത്ര വർഗ്ഗ രാജഭരണം നിലനിൽക്കുന്ന പഞ്ചായത്താണിത്. പഞ്ചായത്തിലെ 10-ാം വാർഡിൽ പെടുന്ന കോവിൽമല എന്ന കോഴിമലയിലാണ് മന്നാൻ ഗോത്ര വർഗ്ഗ വിഭാഗത്തിലെ രാജാവിന്റെ ആസ്ഥാനം. മന്നാൻ സമുദായം അധിവസിക്കുന്ന 42 കുടികളുടെ അധികാരിയാണ് കോവിൽമല രാജാവ്. മുത്തശ്ശികഥകളുടെ ഏടുകളിൽ നിന്നും ഇറങ്ങിവന്നതുപോലുള്ള രാജ്യമാണ് കോഴിമല. കോഴിമലയ്ക്ക് കീഴിൽ നാല് കാട്ടുരാജ്യങ്ങളുണ്ട്. ഉടുമ്പൻചോല താലൂക്കിലെ നടുക്കുട, മണിയാറൻകുടി ഭാഗത്തെ ആറ്റാൽ, ഒരുപുറം അടിമാലിക്കടുത്ത് ചെങ്കനാട്ടുമല എന്നിവയാണവ. രാജാവിന്റെ പ്രതിനിധികളായി ഒമ്പത് കാണിക്കാർ എല്ലാ രാജ്യങ്ങളിലുമായി ഭരണം നിയന്ത്രിക്കുന്നു. ഇന്ത്യയിൽ ഇതുപോലെ മറ്റൊരു രാജവംശം ഉള്ളത് ത്രിപുരയിലാണ്. ഇപ്പോഴത്തെ രാജാവായ രാമൻ രാജമന്നാൻ 16-ാമത്തെ രാജാവാണ്. രാജാവും മന്ത്രിയും കഴിഞ്ഞാൽ ഏറെ അധികാരമുള്ള രണ്ട് തട്ടുകളാണ് ആയിരം കുടിയാന്മാരുടേയും കാണിക്കാരുടേയും സമുദായത്തിലെ ഏതാനും കാരണവന്മാരുടെ സംഘമാണ് ആയിരം കുടിയാന്മാരുടേത്. കുടിയിലുണ്ടാകുന്ന വിഷമ പ്രശ്നങ്ങൾക്കൊക്കെ ആധികാരിക തീരുമാനമെടുക്കുന്നത് ഇവരാണ്. രാജഭരണം മരുമക്കത്തായ വ്യവസ്ഥയിൽ അധിഷ്ഠിതമാണ്. മരുമക്കത്തായ സമ്പ്രദായത്തിലാണ് രാജാക്കൻമാരെ വാഴിക്കുന്നത്. കോവിൽമല കേന്ദ്രമായി 1934-ലാണ് രാജഭരണം നിലവിൽ വന്നത്.

16. കാന്തല്ലൂർ ഗ്രാമപഞ്ചായത്ത്

ഈ പഞ്ചായത്ത് രൂപം കൊണ്ട് 1953 ഓഗസ്റ്റ് 15 നാണ്. തമിഴ് പ്രധാന ഭാഷയായി സംസാരിക്കുന്ന ഒരു പഞ്ചായത്താണ് കാന്തല്ലൂർ, ചരിത്ര പുരാവസ്തു ഗവേഷകർ 3000 കൊല്ലങ്ങൾക്ക് മേൽ പ്രായം കണക്കാക്കിയിട്ടുള്ള പിതാമഹന്മാർ വരച്ച എഴുത്തറകളും നൂറ്റാണ്ടുകളിലായി നിലനിൽക്കുന്ന ചരിത്രമുറങ്ങുന്ന മുനിയറകളും ഈ പ്രദേശത്തിന്റെ മാത്രം സ്വന്തം . കേരളത്തിൽ നിന്നും കിഴക്കോട്ടൊഴുകുന്ന നദികളിലൊന്നായ പാമ്പാർ ഈ പഞ്ചായത്തിലൂടെ ഒഴുകി തിമിഴ്നാട്ടിൽ എത്തുന്നു. കൃഷി ഇവിടുത്തുകാർക്ക് ഉപജീവനമാർഗ്ഗം മാത്രമല്ല, അഭിമാനവുമാണ്. ശൈത്യകാല പച്ചക്കറികൾ വ്യാപകമായി ഇവിടെ കൃഷി ചെയ്യുന്നു. കേരളത്തിൽ ആപ്പിൾ കൃഷി ചെയ്യുന്ന ഏക ഗ്രാമം കൂടിയാണ് കാന്തല്ലൂർ. കാന്തല്ലൂരിൽ വിളയുന്ന ആപ്പിൾ, പ്ലം, മാതളനാരകം, പേരയ്ക്കാ, നെല്ലിക്ക, മുട്ടപ്പഴം, പീച്ചി, കോളിഫ്ളവർ, കാരറ്റ്, ബീൻസ്, ഉരുളക്കിഴങ്ങ്, ബീറ്ററൂട്ട്, വെളുത്തുള്ളി തുടങ്ങിയ കേരളത്തിൽ കണ്ടുവരുന്നതും അല്ലാത്തതുമായ പഴം, പച്ചക്കറി വർഗ്ഗങ്ങൾ ഇവിടെ കൃഷി ചെയ്തുവരുന്നു. പട്ടിശ്ശേരി ഡാം, കീഴാന്തൂർ വെള്ളച്ചാട്ടം, പയസ് നഗറിലെ മുനിയറകൾ, മന്നവൻ ചോല സംരക്ഷിത വനം കളച്ചിവയൽ വ്യൂപോയിന്റ് ആനക്കോട് പാറ എന്നിവ ഈ പഞ്ചായത്തിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളാണ്.

17. കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്

നിമ്നോന്നതമായ ഇവിടുത്തെ ഭൂപ്രകൃതിയും ഹരിതാഭാമായ നെൽവയലുകളും കിഴക്കു പടിഞ്ഞാറായി ഒഴുകുന്ന മൂന്നിലേറെ പ്രധാനപ്പെട്ട തോടുകളും തൊമ്മൻകുത്ത് ഉൾപ്പെടുന്ന കണ്ണാടിയാറും സമീപമുള്ള വനപ്രദേശങ്ങളും എല്ലാം ചേർന്ന് പ്രകൃതി മനോഹരമായ ഈ പഞ്ചായത്ത് ഇന്ന് ടൂറിസം ഭൂപടത്തിൽ സ്ഥാനം പിടിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഇവിടുത്തെ മുഖ്യവിളകൾ റബ്ബറും തെങ്ങുമാണ്. പഞ്ചായത്തിന്റെ 5.7 വാർഡുകളിൽ കിഴക്കു പടിഞ്ഞാറായി 100 ലിങ്ക്സ് വീതിയിൽ കിടക്കുന്ന കോട്ട കരിമണ്ണൂർ പഞ്ചായത്തിന്റെ ചരിത്ര സ്മാരകമാണ്. കേരളത്തിൽ അത്യപൂർവ്വമായുള്ള വരാഹക്ഷേത്രങ്ങളിലൊന്നായ ഇവിടുത്തെ പന്നൂർ ശ്രീവരാഹസ്വാമി ക്ഷേത്രം ത്രേതായുഗത്തിൽ സ്ഥാപിക്കപ്പെട്ടതാണെന്ന് പറയപ്പെടുന്നു. ഇപ്പോൾ പഞ്ചായത്ത് ആസ്ഥാനമായ കരിമണ്ണൂർ ടൗൺ പണ്ട് പന്നിക്കാമറ്റം എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്.

18. കരിങ്കുന്നം ഗ്രാമപഞ്ചായത്ത്

നൂറ്റാണ്ടുകൾക്ക് മുമ്പ് തൊടുപുഴയ്ക്കടുത്തുള്ള കാരിക്കോട് ആസ്ഥാനമായി നാടുവാണിടുന്ന വടക്കുംകൂർ രാജവംശത്തിന്റെ ഭരണത്തിൻ കീഴിലായിരുന്നു ഇപ്പോഴത്തെ കരിങ്കുന്നം ഗ്രാമം. ഈ പ്രദേശം ആനകളുടെ വിഹാര കേന്ദ്രമായിരുന്നു. ഈ പ്രദേശത്തെ കരിങ്കുന്ന് എന്ന് ആളുകൾ വിളിച്ചിരുന്നു. കരിങ്കുന്നത്തെ ആദ്യകാല ആരാധാനാലയമായി എല്ലാവരും അംഗീകരിച്ചു പോരുന്നത് ശാസ്താം പാറയിലെ ശാസ്താം ക്ഷേത്രത്തെയാണ്. അതുപോലെ ഇല്ലിചാരിയിലുള്ള ഭഗവതി ക്ഷേത്രത്തിനും നൂറ്റാണ്ടുകളുടെ പഴക്കം ഉണ്ട്. 1970-ൽ റബ്ബറിൽ നിന്നുണ്ടാകുന്ന ഉയർന്ന ആദായമാണ് കരിങ്കുന്നം ഗ്രാമത്തിൽ ഇത്രയധികം അഭിവൃദ്ധി ഉണ്ടാക്കിയത്. ഫലഭൂയിഷ്ഠമായ കരിങ്കുന്നം മണ്ണിലേക്ക് റബ്ബറിനെ പരിചയപ്പെടുത്തിയത് വലിയ വിജയമായി മാറി.

19. കരുണാപുരം ഗ്രാമപഞ്ചായത്ത്

കരുണാപുരം പഞ്ചായത്ത് 1976-ലാണ് രൂപീകൃതമായത്. കരുണാപുരത്തിന് ആദ്യകാലത്ത് പള്ളിമുക്ക് എന്നായിരുന്നു പേര്. അവിടെ അന്നുണ്ടായിരുന്ന പ്രധാന സ്ഥാപനം കത്തോലിക്കാ പള്ളിയായിരുന്നു. പള്ളിയോട് അനുബന്ധിച്ച് ഒരു ആർട്സ് ക്ലബ് രൂപീകരിച്ചപ്പോൾ വികാരി ഫാ.ജെ.റ്റി ഊന്നുകല്ലിൽ നിർദ്ദേശിച്ച പേരാണ് കരുണാപുരം. പിന്നീട് ഇത് പഞ്ചായത്തിന്റെ തന്നെ ഭാഗമായിരുന്നു. പാമ്പാടുംപാറ പഞ്ചായത്ത് വിഭജിച്ചാണ് ഇന്നത്തെ കരുണാപുരം പഞ്ചായത്ത് രൂപീകരിച്ചത്.

20. കോടിക്കുളം ഗ്രാമപഞ്ചായത്ത്

വില്ലേജ് യൂണിയനായി പ്രവർത്തിച്ചുവന്നിരുന്ന കോടിക്കുളം, 1954-ലെ തിരു-കൊച്ചി പഞ്ചായത്ത് ആക്ട് അനുസരിച്ച് കരിമണ്ണൂർ വില്ലേജിലെ കോടിക്കുളം, നെടുമറ്റം, വണ്ടമറ്റം, കുറുമ്പാലമറ്റം എന്നീ കരകൾ ചേർത്ത് കോടിക്കുളം ഹെഡ് ക്വാർട്ടേഴ്സ് ആയി രൂപീകരിച്ച പഞ്ചായത്താണ്. 1953 - ൽ 7 വാർഡുകളായിരുന്നു ഉണ്ടായിരുന്നത്. 1976- ജൂലൈ മാസത്തിൽ കോടിക്കുളം പഞ്ചായത്ത് കോടിക്കുളം, വണ്ണപ്പുറം എന്നിങ്ങനെ രണ്ട് പഞ്ചായത്തുകളായി വിഭജിച്ചു. ഒരിക്കൽ പൂഞ്ഞാർ തമ്പുരാട്ടി സഹോദരിയെ കാണാൻ എഴുന്നള്ളുകയും താമസ സ്ഥലത്ത് എത്തും മുമ്പ് വഴിയിൽ വൃത്തവും ചതുരവുമല്ലാത്ത ഒരു കുളം കാണുകയും ഒരു ഭംഗിയുമില്ലാത്ത വാതരോഗിയുടെ ചുണ്ട് കോടിയതുപോലുള്ള ഈ കുളം ആര് കുത്തിയതാണെന്ന് ചോദിക്കുകയും അന്ന് മുതൽ ആ കുളത്തിനും ഈ കരയ്ക്കും കോടിക്കുളമെന്ന് പേര് വീണു എന്നുമാണ് ഐതീഹ്യം.

21. കൊക്കയാർ ഗ്രാമപഞ്ചായത്ത്

കൊക്കയാർ തികച്ചും ഒരു കാർഷിക ഗ്രാമമാണ്. കൊക്കയാർ പഞ്ചായത്ത് ആദ്യകാലത്ത് പെരുവന്താനം വില്ലേജിന്റെ ഭാഗമായിരുന്നു. 01.8.1982-ൽ പുതിയ കൊക്കയാർ വില്ലേജ് പ്രവർത്തനം ആരംഭിച്ചു. പഞ്ചായത്തിലെ കുറ്റിപ്ലാംഗാടു പ്രദേശത്തുള്ള പാറക്കയം വെള്ളച്ചാട്ടം നയനമനോഹരമായ ഒരു കാഴ്ചയാണ്. ഏതാണ്ട് 250 അടി ഉയരത്തിൽ നിന്നും പതിക്കുന്ന വെള്ളച്ചാട്ടത്തിനും പാറക്കുമിടയിലൂടെ നനയാതെ സഞ്ചരിക്കാൻ കഴിയും. കൂടാതെ പട്ടിക്കുന്ന് മുതൽ ഉറുമ്പിക്കര വിനോദ സഞ്ചാര കേന്ദ്രത്തിലെ വിശാലമായ പുൽമേട് സ്വദേശികളും വിദേശികളുമായ സഞ്ചാരികൾക്ക് ഹരം പകരുന്ന അപൂർവ്വമായ കാഴ്ചയാണ്.

22. കൊന്നത്തടി ഗ്രാമപഞ്ചായത്ത്

1953-ൽ ഇന്ത്യയിൽ പഞ്ചായത്തുകൾ രൂപീകരിക്കപ്പെട്ടു തുടങ്ങിയതിനു തുടർച്ചയായി ഇപ്പോഴത്തെ വാത്തിക്കുടി-കൊന്നത്തടി പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തി കൊണ്ട് ഉടുമ്പൻചോല പഞ്ചായത്ത് രൂപീകരിക്കപ്പെട്ടു. 1962-ൽ ഉടുമ്പൻചോല പഞ്ചായത്ത് വിഭജിച്ച് കൊന്നത്തടി പഞ്ചായത്ത് രൂപീകരിക്കുവാൻ തീരുമാനമായി. 18-2-1964-ൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി അധികാരമേൽക്കുന്നതുവരെ സ്പെഷ്യൽ ഓഫീസർ ഭരണം നിലനിന്നു. എല്ലാ വർഷവും ചിന്നാർ പുഴയുടെ തീരത്ത് ആദിവാസി കലാരൂപമായി നടന്നു വരുന്ന മന്നാകൂത്ത് പ്രസിദ്ധമാണ്. പഞ്ചായത്തിൽ പൊൻമുടി ഡാമിന്റെ പരിസരത്ത് 500 ഹെക്ടറും പെരിഞ്ചാംകുട്ടിയിൽ 240 ഹെക്ടറും വനമാണുള്ളത്. ഭൂമിയുടെ ഭൂരിഭാഗവും കൃഷിക്കായി ഉപയോഗിക്കുന്നു.

23. കുടയത്തൂർ ഗ്രാമപഞ്ചായത്ത്

കുടയത്തൂർ പഞ്ചായത്ത് സ്ഥാപിച്ചത് 1953-54-ൽ ആണ്. കുടയത്തൂർ പഞ്ചായത്ത് ആദ്യകാലഘട്ടങ്ങളിൽ വനപ്രദേശവും ആദിവാസി അധിനിവേശ കേന്ദ്രവുമായിരുന്നു. ശബരിമല ശാസ്താവ് യാത്രാ മദ്ധ്യേ കുടയത്തൂരിലെ വനപ്രദേശത്ത് ഓലക്കുട വച്ച ശേഷം വിശ്രമിക്കുകയുണ്ടായെന്നും കുടവെച്ച ഊരായതു കൊണ്ട് 'കുടവെച്ചൂർ ' എന്ന പേരുണ്ടായെന്നും കാലപ്പഴക്കത്തിൽ കുടവെച്ചൂർ കുടയത്തൂർ ആയി മാറിയെന്നുമാണ് കുടയത്തൂർ പഞ്ചായത്തിന്റെ നാമകരണത്തെക്കുറിച്ചുള്ള കേട്ടുകേൾവി. ആഴ്വാഞ്ചേരി തമ്പ്രാക്കളുടെ പടയാളികൾ പടവെട്ടിപിടിച്ച ഈ ദേശം അധീശാധികാരം സ്ഥാപിക്കുന്നതിന് ഏറ്റവും ഉയരമുള്ള മലയുടെ മുകളിൽ കുടകളും കൊടി തോരണങ്ങളും കൊണ്ടലങ്കരിച്ച് ആഘോഷം നടത്തി . അങ്ങനെ കുടയും കൊടിയും നാട്ടിയ ഊരെന്ന് അർത്ഥമാകുന്ന കുടയത്തൂർ എന്ന പേരു ലഭിച്ചു എന്ന് മറ്റു ചില രേഖകളിൽ കാണുന്നു. കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ തെക്കു ഭാഗത്ത് തലയുയർത്തി നിൽക്കുന്ന പർവ്വത നിരയ്ക്ക് 3500 അടി ഉയരമുണ്ട്. ഇത് വിന്ധ്യ പർവ്വതത്തിന്റെ പതിപ്പായതു കൊണ്ട് ഇതിനെ കുടയത്തൂർ വിന്ധ്യനെന്ന് വിളിക്കുന്നു. ഇതിൽ നിന്നാണ് കുടയത്തൂർ എന്ന പേരു ലഭിച്ചതെന്ന ഒരു വിശ്വാസം കൂടെ നിലനിൽക്കുന്നുണ്ട്. അക്കാലത്ത് കൃഷി ചെയ്യാൻ കാട് വെട്ടിത്തെളിക്കുമ്പോൾ പഴക്കമേറിയ ഒരു തറയും അമ്പലത്തിന്റെ അവശിഷ്ടങ്ങളും കണ്ടെത്തുകയും ചെയ്തു. ഈ ക്ഷേത്രമാണ് ചക്കുളത്ത് കാവായി അറിയപ്പെടുന്നത്.

24. കുമാരമംഗലം ഗ്രാമപഞ്ചായത്ത്

പഴയ കുമാരമംഗലം, കല്ലൂർകാടും മഞ്ഞള്ളൂരും ഉൾപ്പെട്ട പ്രദേശമായിരുന്നു. മലനാടിന്റെയും തീരഭൂമിയുടേയും ഇടയിൽ കിടക്കുന്ന ഇടനാട് പ്രദേശമാണ് കുമാരമംഗലം ഗ്രാമം. എന്നാൽ മലനാടിനോടാണ് കൂടുതൽ സാമ്യം. കുമരൻ എന്നു പേരുള്ള ഒരു രാജാവ് ക്ഷേത്രമഠങ്ങളും ഊട്ടുപുരകളും അഗതി മന്ദിരങ്ങളും മറ്റും സ്ഥാപിച്ചു. ഇവിടെ സമംഗളം നാടുവാണിരുന്നു എന്നും അങ്ങനെയാണ് കുമാരമംഗലം എന്ന പേര് വന്ന് ചേർന്നതെന്നും വിശ്വസിക്കുന്നു. ഇവിടെയുള്ള ശ്രീകൃഷ്ണ ക്ഷേത്രം അതിപുരാതനമാണ്. പൈങ്കുളത്ത് പ്രവർത്തിക്കുന്ന മാനസീക ചികിത്സാ കേന്ദ്രം കേരളത്തിലെ തന്നെ എണ്ണപ്പെട്ട ചികിത്സാകേന്ദ്രാമാണ്. ഭാരതത്തിന്റെ തനത് ചികിത്സാ രീതിയായ ആയ്യുർവ്വേദത്തിന് അമൂല്യ സംഭാവനകൾ നല്കിയ പല ഭിഷഗ്വരന്മാരും ഈ ഗ്രാമത്തിനു കിട്ടിയ വരപ്രസാദങ്ങളായിരുന്നു.

25. കുമളി ഗ്രാമപഞ്ചായത്ത്

1953 ഡിസംബർ മാസം 26-ാം തീയതി കുമളി പഞ്ചായത്ത് രൂപീകരിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. വിശ്വപ്രസിദ്ധ ടൂറിസ്റ്റ് കേന്ദ്രമായ തേക്കടിയുടെ കവാടത്തിലുള്ള പട്ടണമാണ് കുമളി, പ്രകൃതി സൗന്ദര്യവും കാലാവസ്ഥയും ഒത്തിണങ്ങിയുള്ള പഞ്ചായത്തിന്റെ സിംഹഭാഗവും നിത്യഹരിതവനങ്ങളാണ്. 816.73 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള പഞ്ചായത്തിന്റെ 777.54 ചതുരശ്ര കിലോമീറ്ററും പെരിയാർ വന്യമൃഗസംരക്ഷണ കേന്ദ്രമാണ്. മുല്ലപ്പെരിയാർ ജലസംഭരണിയും, പെരിയാർ ശുദ്ധജല തടാകവും, കുമളി പഞ്ചായത്തിലാണ്. ടൂറിസ്റ്റ് കേന്ദ്രമായ തേക്കടി, പുരാതന ക്ഷേത്രമായ മംഗളാദേവി എന്നിവ ഈ പഞ്ചായത്തിലാണ്. ടൂറിസ്റ്റ് കേന്ദ്രമായ തേക്കടി, പുരാതന ക്ഷേത്രമായ മംഗളാദേവി എന്നിവ ഈ പഞ്ചായത്തിലാണ്. 1934 ൽ തിരുവതാംകൂർ

മഹാരാജാവ് തേക്കടി ഉൾപ്പെട്ട നെല്ലിക്കാംപെട്ടി വനപ്രദേശത്തെ വന്യമൃഗസംരക്ഷണ കേന്ദ്രമായി പ്രഖ്യാപിച്ചു. 1978-ൽ ആണ് പെരിയാർ വന്യമൃഗസംരക്ഷണ കേന്ദ്രം വംശനാശ ഭീഷണി നേരിടുന്ന കടുവകളെ സംരക്ഷിക്കുന്നതിന് പ്രോജക്ട് ടൈഗർ ആയി പ്രഖ്യാപിച്ചത്. ടൂറിസം വകുപ്പ് തേക്കടിയിൽ പണികഴിപ്പിച്ച ഹോട്ടൽ 1952-ൽ ഉദ്ഘാടനം നിർവ്വഹിച്ചത് ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ആണെന്നത് തേക്കടിയുടെ വിനോദസഞ്ചാര ചരിത്രത്തിന്റെ പ്രാധാന്യം തെളിയിക്കുന്ന സംഗതിയാണ്. പച്ചക്കാനം എസ്റ്റേറ്റിലേക്ക് മെയിൽ കൊണ്ടുപോകുന്നതിന് ആരംഭിച്ചതാണ് തേക്കടിയിലെ ആദ്യത്തെ ബോട്ട് സർവ്വീസ്. 1886-ൽ മുല്ലപ്പെരിയാർ ഡാമിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചതോടുകൂടി കൂടുതൽ ആളുകൾ കുമളിയിലേയ്ക്ക് വന്നു തുടങ്ങി. കുമളി എന്നുപേരുള്ള ഒരു സ്ത്രീ ഇന്നത്തെ ബസ് സ്റ്റാന്റിൽ മരിച്ചു കിടന്നതായും ആ സ്ത്രീയെ കാണാൻ വന്നവർ കുമളിയെ കാണാൻ പോകുന്നു എന്നു പറഞ്ഞതായും പിന്നീട് ആ പദം പരിണമിച്ച് കുമളി ആയതായും പറയപ്പെടുന്നു.

26. മണക്കാട് ഗ്രാമപഞ്ചായത്ത്

1958-ലാണ് ഈ പഞ്ചായത്ത് രൂപം കൊണ്ടത്. കൈപ്പിള്ളി, വരയ്ക്കത്താനം, പൂതക്കാവ്, മഠത്തിപ്പറമ്പ് എന്നീ പ്രദേശങ്ങൾ 1962 വരെ മണക്കാട് പഞ്ചായത്തിൽ ഉൾപ്പെടുന്നു. ഇന്നത്തെ പുറപ്പുഴ പഞ്ചായത്തിന്റെ പലഭാഗങ്ങളിൽ കാണപ്പെടുന്ന പുതുച്ചിറക്കാവ് തുടങ്ങിയ കാവുകളും ഇപ്പോഴത്തെ തൊടുപുഴ മുൻസിപ്പാലിറ്റിയിൽ ഉൾപ്പെടുന്ന കോലാനിക്കടുത്ത അമരംകാവും ഈ പഞ്ചായത്തിന്റെ പഴയകാല സമ്പത്താണ്. മണക്കാട് നരസിംഹ സ്വാമി ക്ഷേത്രം ഇവിടുത്തെ പ്രധാന ആരാധനാലയങ്ങളിലൊന്നാണ്.

27. മാങ്കുളം ഗ്രാമപഞ്ചായത്ത്

2000 ഒക്ടോബർ 2-ാം തീയതിയാണ് ഈ പഞ്ചായത്ത് രൂപീകരിച്ചത്. ഭൂപ്രകൃതിയനുസരിച്ച് മലനാട് മേഖലയിൽ വരുന്നു. മൊത്തം ഭൂവിസ്തൃതിയുടെ 25 ശതമാനം വനപ്രദേശമാണ്. ആനക്കുളം, ഓർ, പെരുമ്പൻകുത്ത്, നക്ഷത്രകുത്ത്, ചിന്നാർ കുത്ത്, കിളിക്കല്ല് കുത്ത്, വിരിഞ്ഞപാ മുനിയറ, കള്ളക്കുട്ടികുടി കുത്ത് , കോഴിവാലൻ കുത്ത്, വെല്ലിപാറകുട്ടി, വിരിപ്പാറ തൈലത്തോട്ടം എന്നിവ ഈ പഞ്ചായത്തിലേക്ക് വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന സ്ഥലങ്ങളാണ്. നെടുമ്പാശ്ശേരി -കൊടൈക്കനാൽ സംസ്ഥാനപാത പഞ്ചായത്തിലൂടെ കടന്നു പോകുന്നു. അമ്പതാം മൈൽ പ്രദേശത്തെ പഴയ മൈൽക്കുറ്റികൾ, ബ്രിട്ടീഷ് ആധിപത്യത്തിന്റെ ആധ്യത്വം വിളിച്ചോതുന്ന രീതിയിലുള്ള ബംഗ്ലാവിന്റെ അവ ശിഷ്ടങ്ങൾ എന്നിവ ഇവിടെ കാണാം.

28. മറയൂർ ഗ്രാമപഞ്ചായത്ത്

1953 ലാണ് മറയൂർ ഗ്രാമപഞ്ചായത്ത് ഔദ്യോഗികമായി നിലവിൽ വന്നത്. ഇപ്പോഴത്തെ പ്രധാന കൃഷി കരിമ്പാണ്. ഇവിടുത്തെ കരിമ്പിൽനിന്നും ഉൽപാദിപ്പിക്കുന്ന മറയൂർ ശർക്കര ഗുണനിലവാരത്തിന് വളരെ പ്രശസ്തമാണ്. പ്രകൃതിദത്ത ചന്ദനക്കാടുകളുടെ സൗരഭ്യവും മഹാശിലായുഗത്തോളം പഴക്കം അവകാശപ്പെടുന്ന മുനിയറകളുടെ പൈതൃകവും , സ്വായത്തമായുള്ള സ്ഥലമാണ് മറയൂർ, ഇരവികുളം ദേശീയ ഉദ്യാനം, കൊടൈക്കനാൽ മലനിരകൾ, ചിന്നാർ വന്യജീവി സംരക്ഷണ കേന്ദ്രം, തൂവാനം വെള്ളച്ചാട്ടം, രാജീവ് ഗാന്ധി ചിൽഡ്രൻസ്

പാർക്ക്, കുടക്കാട്ട് ഗുഹ, മറയൂരിലെ ചന്ദനക്കാടുകൾ മഹാശിലായുഗകാലത്തെ എഴുത്തറകളും, മുനിയറകളും, പാമ്പാറിന്റെ മനോഹരിത, കോവൽക്കടവിലെ, ഐതിഹാസികമായ തെങ്കാശിനാഥൻ ഗുഹാക്ഷേത്രം, കാന്തല്ലൂരിലെ ഗുഹാനാഥപുരം ജലാശയം, എന്നിവ ടൂറിസ്റ്റുകളെ ഇവിടേയ്ക്കാകർഷിക്കുന്നു. മുനിയറകൾ അക്കാലത്തുള്ളവരെ മറവുചെയ്ത ശവക്കല്ലറകളാണെന്നും മുനിമാർ തപസ്സുചെയ്തിരുന്നിടമാണെന്നും പറയപ്പെടുന്നു. ഒരാൾക്ക് നിൽക്കുകയും കിടക്കുകയും ചെയ്യാവുന്ന ഉയരവും നീളവുമുണ്ട് ഓരോ മുനിയറക്കും. മറയൂർ കോളനി കഴിഞ്ഞ് ഹൈസ്കൂളിനരുകിലെ പാറയിൽ ധാരാളം മുനിയറകളുണ്ട്. പാണ്ഡവൻ വനവാസക്കാലത്ത് മറയൂരിൽ എത്തിയിരുന്നു എന്നും അവർ ഒറ്റക്കല്ലിൽ പണിതതാണ് തെങ്കാശിനാഥൻ ക്ഷേത്രം എന്നും പറയപ്പെടുന്നു. വിറക് പെറുക്കാൻ പോയി ഒരു ഗുഹയക്കുള്ളിൽ കയറി ഇരുന്ന് ഉറങ്ങിപ്പോയ അനിയത്തിയുടേയും ജ്യേഷ്ഠത്തിയുടേയും കഥയാണ് ഇവിടുത്തെ അക്കാതങ്കച്ചി മലയ്ക്ക് പറയാനുള്ളത്.

29. മരിയാപുരം ഗ്രാമപഞ്ചായത്ത്

ഉടുമ്പൻചോല പഞ്ചായത്തിന്റെയും തുടർന്ന് കട്ടപ്പന പഞ്ചായത്തിന്റേയും കാമാക്ഷി പഞ്ചായത്തിന്റേയും ഭാഗമായിരുന്നു കോട്ടയം ജില്ലയുടെ ഭാഗമായിരുന്ന മരിയാപുരം. പിന്നീട് കാമാക്ഷി പഞ്ചായത്ത് വിഭജിച്ച് 10/02/1973-ൽ മരിയാപുരം പഞ്ചായത്ത് നിലവിൽ വന്നു. 1950-കളിൽ വ്യത്യസ്ത സാംസ്കാരിക പൈതൃകമുള്ള വ്യത്യസ്ത പ്രദേശക്കാരായ ആളുകളാണ് മരിയാപുരത്ത് കുടിയേറിയത്. പഞ്ചായത്തിൽ ഉപജീവനത്തിനായി മൃഗസംരക്ഷണമേഖലയെ ആശ്രയിക്കുന്നവരുടെ എണ്ണം വളരെയധികമാണ്.

30. മൂന്നാർ ഗ്രാമ പഞ്ചായത്ത്

മുത്തശ്ശി കഥകളുടെ ഏടുകളിൽ നിന്നും ഇറങ്ങിവന്നതുപോലുള്ള രാജ്യമാണ് കോഴിമല. കോഴിമലക്ക് കീഴിൽ നാല് കാട്ടുരാജ്യങ്ങളു്. ഉടുമ്പൻചോല താലൂക്കിലെ നടുക്കൂട, മണിയാറങ്കുടി ഭാഗത്തെ ആറ്റാൽ, ഒരുപുറം, അടിമാലിക്കടുത്ത് ചെങ്കനാട്ടുമല എന്നിവയാണവ. രാജാവിന്റെ പ്രതിനിധികളായി ഒമ്പത് കാണിക്കാർ ഭരണം നിയന്ത്രിക്കുന്നു. ഇന്ത്യയിൽ ഇതുപോലെ മറ്റൊരു രാജവംശം ഉള്ളത് ത്രിപുരയിലാണ്. ഇപ്പോഴത്തെ രാജാവായ രാമൻരാജമന്നാൻ 16-ാമത്തെ രാജാവാണ്. രാജാവും മന്ത്രിയും കഴിഞ്ഞാൽ ഏറെ അധികാരമുള്ള ര് തട്ടുകളാണ്. ആയിരം കുടിയാന്മാരുടേതും കാണിക്കാരുടേതും. സമുദായത്തിലെ ഏതാനും കാരണവന്മാരുടെ സംഘമാണ് ആയിരം കുടിയാന്മാരുടേത്. കുടിയിലുാകുന്ന വിഷമ പ്രശ്നങ്ങൾക്കൊക്കെ ആധികാരിക തീരുമാനമെടുക്കുന്നത് ഇവരാണ്. രാജഭരണം മരുമക്കത്തായ വ്യവസ്ഥയിൽ അധിഷ്ഠിതമാണ്. മരുമക്കത്തായ സമ്പ്രദായത്തിലാണ് രാജാക്കന്മാരെ വാഴിക്കുന്നത്. 1934-ലാണ് മന്നാൻരാജഭരണത്തിന്റെ കേന്ദ്രമായി കോവിൽമല മാറിയത്.

16. കാന്തല്ലൂർ ഗ്രാമപഞ്ചായത്ത്

ഈ പഞ്ചായത്ത് രൂപം കൊത് 1953 ഓഗസ്റ്റ് 15-നാണ്. തമിഴ് പ്രധാന ഭാഷയായി സംസാരിക്കുന്ന ഒരു പഞ്ചായത്താണ് കാന്തല്ലൂർ. ചരിത്രപുരാവസ്തു ഗവേഷകർ 3000 കൊല്ലങ്ങൾക്ക് മേൽ പ്രായം കണക്കാക്കിയിട്ടുള്ള പിതാമഹന്മാർ വരച്ച എഴുത്തറകളും നൂറ്റാുകളായി നിലനിൽക്കുന്ന ചരിത്രമുറങ്ങുന്ന മുനിയറകളും ഈ പ്രദേശത്തിന്റെ മാത്രം സ്വന്തം. കേരളത്തിൽ നിന്നും കിഴക്കോട്ടൊഴുകുന്ന നദികളിലൊന്നായ പാമ്പാർ ഈ പഞ്ചായത്തിലൂടെ ഒഴുകി തമിഴ്നാട്ടിൽ എത്തുന്നു. കൃഷി ഇവിടുത്തുകാർക്ക് ഉപജീവനമാർഗ്ഗം മാത്രമല്ല,

അഭിമാനവുമാണ്. ശൈത്യകാല പച്ചക്കറികൾ വ്യാപകമായി ഇവിടെ കൃഷി ചെയ്യുന്നു. കേരളത്തിൽ ആപ്പിൾ കൃഷി ചെയ്യുന്ന ഏക ഗ്രാമം കൂടിയാണ് കാന്തല്ലൂർ, കാന്തല്ലൂരിൽ വിളയുന്ന ആപ്പിൾ, പ്ലം, മാതളനാരകം, പേരയ്ക്ക, നെല്ലിക്ക, മുട്ടുപ്പഴം, പീച്ചി, കോളിഫ്ളവർ, കാരറ്റ്, ബീൻസ്, ഉരുളക്കിഴങ്ങ്, ബീറ്ററൂട്ട്, വെളുത്തുള്ളി തുടങ്ങിയ കേരളത്തിൽ കുവരുന്നതും അല്ലാത്തതുമായ പഴം, പച്ചക്കറി വർഗ്ഗങ്ങൾ ഇവിടെ കൃഷി ചെയ്തുവരുന്നു. പട്ടിശൈ ഡാം, കീഴാന്തൂർ വെള്ളച്ചാട്ടം, പയസ് നഗറിലെ മുനിയറകൾ, മന്നവൻ ചോല സംരക്ഷിത വനം കുളച്ചിവയൽ വ്യൂ പോയിന്റ് ആനക്കോട് പാറ എന്നിവ ഈ പഞ്ചായത്തിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളാണ്.

17. കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്

നിർമോന്നതമായ ഇവിടുത്തെ ഭൂപ്രകൃതിയും ഹരിതാഭമായ നെൽവയലുകളും കിഴക്കു പടിഞ്ഞാറായി ഒഴുകുന്ന മൂന്നിലേറെ പ്രധാനപ്പെട്ട തോടുകളും തൊമ്മൻകുത്ത് ഉൾപ്പെടുന്ന കണ്ണാടിയാറും സമീപമുള്ള വനപ്രദേശങ്ങളും എല്ലാം ചേർന്ന് പ്രകൃതി മനോഹരമായ ഈ പഞ്ചായത്ത് ഇന്ന് ടൂറിസം ഭൂപടത്തിൽ സ്ഥാനം പിടിച്ചു കൊിരിക്കുകയാണ്. ഇപ്പോൾ ഇവിടുത്തെ മുഖ്യവിളകൾ റബ്ബറും തെങ്ങുമാണ്. പഞ്ചായത്തിന്റെ 5,7 വാർഡുകളിൽ കിഴക്കു പടിഞ്ഞാറായി 100 ലിങ്ക്സ് വീതിയിൽ കിടക്കുന്ന കോട്ട കരിമണ്ണൂർ പഞ്ചായത്തിന്റെ ചരിത്ര സ്മാരകമാണ്. കേരളത്തിൽ അത്യപൂർവ്വമായുള്ള വരാഹക്ഷേത്രങ്ങളിലൊന്നായ ഇവിടുത്തെ പന്നൂർ ശ്രീവരാഹസ്വാമീ ക്ഷേത്രം ത്രേതായുഗത്തിൽ സ്ഥാപിക്കപ്പെട്ടതാണെന്ന് പറയപ്പെടുന്നു. ഇപ്പോൾ പഞ്ചായത്ത് ആസ്ഥാനമായ കരിമണ്ണൂർ ടൗൺ പ് പന്നിക്കാമറ്റം എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്.

18. കരിങ്കുന്നം ഗ്രാമപഞ്ചായത്ത്

നൂറ്റാുകൾക്ക് മുമ്പ് തൊടുപുഴയ്ക്കടുത്തുള്ള കാരിക്കോട് ആസ്ഥാനമായി നാടുവാണിരുന്ന വടക്കുംകൂർ രാജവംശത്തിന്റെ ഭരണത്തിന് കീഴിലായിരുന്നു ഇപ്പോഴത്തെ കരിങ്കുന്നം ഗ്രാമം. ഈ പ്രദേശം ആനകളുടെ വിഹാരകേന്ദ്രമായിരുന്നു. ഈ പ്രദേശത്തെ കരിങ്കുന്ന് എന്ന് ആളുകൾ വിളിച്ചുവന്നു. കരിങ്കുന്നത്തെ ആദ്യകാല ആരാധനാലയമായി എല്ലാവരും അംഗീകരിച്ചുപോരുന്നത് ശാസ്താം പാറയിലെ ശാസ്താം ക്ഷേത്രത്തെയാണ്. അതുപോലെ ഇല്ലിചാരിയിലുള്ള ഭഗവതി ക്ഷേത്രത്തിനും നൂറ്റാുകളുടെ പഴക്കം ു്. 1970-ൽ റബ്ബറിൽ നിന്നുായ ഉയർന്ന ആദായമാണ് കരിങ്കുന്നം ഗ്രാമത്തിൽ ഇത്രയധികം അഭിവൃദ്ധി ഉ

ാക്കിയത്. ഫലഭൂയിഷ്ഠമായ കരിങ്കുന്നം മണ്ണിലേക്ക് റബ്ബറിനെ പരിചയപ്പെടുത്തിയത് വലിയ വിജയമായി മാറി.

19. കരുണാപുരം ഗ്രാമപഞ്ചായത്ത്

കരുണാപുരം പഞ്ചായത്ത് 1976-ലാണ് രൂപീകൃതമായത്. കരുണാപുരത്തിന് ആദ്യകാലത്ത് പള്ളിമുക്ക് എന്നായിരുന്നു പേര്. അവിടെ അന്നുായിരുന്ന പ്രധാന സ്ഥാപനം കത്തോലിക്കാ പള്ളിയായിരുന്നു. പള്ളിയോട് അനുബന്ധിച്ച് ഒരു ആർട്സ് ക്ലബ് രൂപീകരിച്ചപ്പോൾ വികാരി ഫാ.ജെ.റ്റി ഊന്നുകല്ലിൽ നിർദ്ദേശിച്ച പേരാണ് കരുണാപുരം. പിന്നീട് ഇത് പഞ്ചായത്തിന്റെ തന്നെ പേരായിത്തീർന്നു. ഉടുമ്പൻചോല താലൂക്കിലെ വൻമേട് പഞ്ചായത്തിന്റെ ഭാഗമായിരുന്നു പാമ്പാടുംപാറ പഞ്ചായത്ത്. പാമ്പാടുംപാറ പഞ്ചായത്ത് വിഭജിച്ചാണ് ഇന്നത്തെ കരുണാപുരം പഞ്ചായത്ത് രൂപീകരിച്ചത്.

20. കോടിക്കുളം ഗ്രാമപഞ്ചായത്ത്

വില്ലേജ് യൂണിയനായി പ്രവർത്തിച്ചുവന്നിരുന്ന കോടിക്കുളം, 1954 -ലെ തിരുകൊച്ചി പഞ്ചായത്ത് ആക്ട് അനുസരിച്ച് കരിമണ്ണൂർ വില്ലേജിലെ കോടിക്കുളം, നെടുമുറ്റം, വമറ്റം, കുറുമ്പാലമറ്റം എന്നീ കരകൾ ചേർത്ത് കോടിക്കുളം ഹെഡ് ക്വാർട്ടേഴ്സ് ആയി രൂപീകരിച്ച പഞ്ചായത്താണ്. 1953 -ൽ 7 വാർഡുകളായിരുന്നു ഉായിരുന്നത്. 1976 -ജൂലൈ മാസത്തിൽ കോടിക്കുളം പഞ്ചായത്ത് കോടിക്കുളം, വണ്ണപ്പുറം എന്നിങ്ങനെ ര് പഞ്ചായത്തുകളിലായി വിഭജിച്ചു. ഒരിക്കൽ പൂഞ്ഞാർ തമ്പുരാട്ടി സഹോദരിയെ കാണാൻ എഴുന്നള്ളുകയും താമസസ്ഥലത്ത് എത്തും മുമ്പ് വഴിയിൽ വൃത്തവും ചതുരവുമല്ലാത്ത ഒരു കുളം കാണുകയും ഒരു ഭംഗിയുമില്ലാത്ത വാതരോഗിയുടെ ച്ു് കോടിയതുപോലുള്ള ഈ കുളം ആർ കുത്തിയതാണെന്ന് ചോദിക്കുകയും അന്ന് മുതൽ ആ കുളത്തിനും ഈ കരയ്ക്കും കോടിക്കുളമെന്ന പേര് വീണു എന്നുമാണ് ഐതീഹ്യം.

21. കൊക്കയാർ ഗ്രാമപഞ്ചായത്ത്

കൊക്കയാർ തികച്ചും ഒരു കാർഷിക ഗ്രാമമാണ്. കൊക്കയാർ പഞ്ചായത്ത് ആദ്യകാലത്ത് പെരുവന്താനം വില്ലേജിന്റെ ഭാഗമായിരുന്നു. 1.8.1982-ൽ പുതിയ കൊക്കയാർ വില്ലേജ് പ്രവർത്തനം ആരംഭിച്ചു. പഞ്ചായത്തിലെ കുറ്റിപ്ലംഗാടു പ്രദേശത്തുള്ള പാറക്കയം വെള്ളച്ചാട്ടം നയനമനോഹരമായ ഒരു കാഴ്ചയാണ്. ഏതാ് 250 അടി ഉയരത്തിൽ നിന്നും പതിക്കുന്ന വെള്ളച്ചാട്ടത്തിനും പാറക്കുമിടയിലൂടെ നനയാതെ സഞ്ചരിക്കാൻ കഴിയും. കൂടാതെ പട്ടിക്കുന്ന് മുതൽ ഉറുമ്പിക്കര വരെ വ്യാപിച്ചു കിടക്കുന്ന ഉറുമ്പിക്കര വിനോദ സഞ്ചാര കേന്ദ്രത്തിലെ വിശാലമായ പുൽമേടുകൾ സ്വദേശികളും വിദേശികളുമായ സഞ്ചാരികൾക്ക് ഹരം പകരുന്ന അപൂർവ്വമായ കാഴ്ചയാണ്.

22. കൊന്നത്തടി ഗ്രാമപഞ്ചായത്ത്

1953-ൽ ഇന്ത്യയിൽ പഞ്ചായത്തുകൾ രൂപീകരിക്കപ്പെട്ടു തുടങ്ങിയതിനു തുടർച്ചയായി ഇപ്പോഴത്തെ വാത്തിക്കുടി-കൊന്നത്തടി പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തി കെ് ഉടുമ്പൻചോല പഞ്ചായത്ത് രൂപീകരിക്കപ്പെട്ടു. 1962-ൽ ഉടുമ്പൻചോല പഞ്ചായത്ത് വിഭജിച്ച് കൊന്നത്തടി പഞ്ചായത്ത് രൂപീകരിക്കുവാൻ തീരുമാനമായി. 18-2-1964 -ൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി അധികാരമേൽക്കുന്നവരുടെ സ്പെഷ്യൽ ഓഫീസർ ഭരണം നിലനിന്നു. എല്ലാവർഷവും ചിന്നാർ പുഴയുടെ തീരത്ത് ആദിവാസി കലാരൂപമായി നടന്നു വരുന്ന മന്നാംകൂത്ത് പ്രസിദ്ധമാണ്. പഞ്ചായത്തിൽ പൊൻമുടി ഡാമിന്റെ പരിസരത്ത് 500 ഹെക്ടറും പെരിഞ്ചാംകൂട്ടിയിൽ 240 ഹെക്ടറും വനമാണുള്ളത്. ഭൂമിയുടെ ഭൂരിഭാഗവും കൃഷിക്കായി ഉപയോഗിക്കുന്നു.

23. കുടയത്തൂർ ഗ്രാമപഞ്ചായത്ത്

കുടയത്തൂർ പഞ്ചായത്ത് സ്ഥാപിച്ചത് 1953-54 ൽ ആണ്. കുടയത്തൂർ പഞ്ചായത്ത് ആദ്യകാലഘട്ടങ്ങളിൽ വനപ്രദേശവും ആദിവാസി അധിനിവേശ കേന്ദ്രവുമായിരുന്നു. ശബരിമല ശാസ്താവ് യാത്രാ മദ്ധ്യേ കുടയത്തൂരിലെ വനപ്രദേശത്ത് ഓലക്കുട വച്ചശേഷം വിശ്രമിക്കുകയുായെന്നും കുടവെച്ച ഊരായതുകെ് കുടവെച്ചൂർ എന്നു പേരുായെന്നും കാലപ്പഴക്കത്തിൽ കുടവെച്ചൂർ എന്നു പേരുായെന്നും കാലപ്പഴക്കത്തിൽ കുടവെച്ചൂർ കുടയത്തൂർ ആയി മാറിയെന്നുമാണ് കുടയത്തൂർ പഞ്ചായത്തിന്റെ നാമകരണത്തെക്കുറിച്ചുള്ള കേട്ടുകേൾവി. ആഴ് വാഞ്ചേരി തമ്പ്രാക്കളുടെ പടയാളികൾ പട വെട്ടിപ്പിടിച്ച ഈ ദേശം അധീശാധികാരം സ്ഥാപിക്കുന്നതിന് ഏറ്റവും ഉയരമുള്ള മലയുടെ മുകളിൽ കുടകളും കൊടി തോരണങ്ങളും കൊലങ്കരിച്ച് ആഘോഷം നടത്തി. അങ്ങനെ കുടയും കൊടിയും നാട്ടിയ ഊരെന്ന് അർത്ഥമാകുന്ന കുടയത്തൂർ എന്ന പേരു ലഭിച്ചു എന്ന് മറ്റു ചില രേഖകളിൽ കാണുന്നു. കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ തെക്കുഭാഗത്ത് തലയുയർത്തി നിൽക്കുന്ന പർവ്വത നിരയ്ക്ക് 3500 അടി ഉയരമു്. ഇത് വിന്ധ്യ പർവ്വതത്തിന്റെ പതിപ്പായതു കെ് ഇതിനെ കുടയത്തൂർ വിന്ധ്യനെന്ന് വിളിക്കുന്നു. ഇതിൽ നിന്നാണ് കുടയത്തൂർ എന്ന പേരു ലഭിച്ചതെന്ന ഒരു വിശ്വാസം കൂടെ നിലനിൽക്കുന്നു്. അക്കാലത്ത് കൃഷി ചെയ്യാൻ കാട് വെട്ടിത്തെളിക്കുമ്പോൾ പഴക്കമേറിയ ഒരു തറയും അമ്പലത്തിന്റെ അവശിഷ്ടങ്ങളും കത്തുകയും ചെയ്തു. ഈ ക്ഷേത്രത്തിന് ചക്കുളത്ത് കാവായി അറിയപ്പെടുന്നത്.

24. കുമാരമംഗലം ഗ്രാമപഞ്ചായത്ത്

പഴയ കുമാരമംഗലം കല്ലൂർകാടും മഞ്ഞളളൂരും ഉൾപ്പെട്ട പ്രദേശമായിരുന്നു. മലനാടിന്റെയും തീരഭൂമിയുടേയും ഇടയിൽ കിടക്കുന്ന ഇടനാട് പ്രദേശമാണ് കുമാരമംഗലം

ഗ്രാമം. എന്നാൽ മലനാടിനോടാണ് കൂടുതൽ സാമ്യം . കുമരൻ എന്നു പേരുള്ള ഒരു രാജാവ് ക്ഷേത്രമഠങ്ങളും ഊട്ടുപുരകളും അഗതി മന്ദിരങ്ങളും മറ്റും സ്ഥാപിച്ചു ഇവിടെ സമംഗളം നാടുവാണിരുന്നു എന്നും അങ്ങനെയാണ് കുമാരമംഗലം എന്ന പേര് വന്ന് ചേർന്നതെന്നും വിശ്വസിക്കുന്നു. ഇവിടെയുള്ള ശ്രീകൃഷ്ണ ക്ഷേത്രം അതിപുരാതനമാണ്. പൈങ്കുളത്ത് പ്രവർത്തിക്കുന്ന മാനസിക ചികിത്സാകേന്ദ്രം കേരളത്തിലെ തന്നെ എണ്ണപ്പെട്ട ചികിത്സാകേന്ദ്രമാണ്. ഭാരതത്തിന്റെ തനത് ചികിത്സാ രീതിയായ ആയുർവ്വേദത്തിന് അമൂല്യ സംഭാവനകൾ നൽകിയ പല ഭിഷഗ്വരന്മാരും ഈ ഗ്രാമത്തിനു കിട്ടിയ വരപ്രസാദങ്ങളായിരുന്നു.

25. കുമളി ഗ്രാമപഞ്ചായത്ത്

1953 ഡിസംബർ മാസം 26-ാം തീയതി കുമളി പഞ്ചായത്ത് രൂപീകരിച്ചുകൊ് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. വിശ്വപ്രസിദ്ധ ടൂറിസ്റ്റ് കേന്ദ്രമായ തേക്കടിയുടെ കവാടത്തിലുള്ള പട്ടണമാണ് കുമളി, പ്രകൃതി സൗന്ദര്യവും കാലാവസ്ഥയും ഒത്തിണങ്ങിയിട്ടുള്ള പഞ്ചായത്തിന്റെ സിംഹഭാഗവും നിത്യഹരിതവനങ്ങളാണ്. 816.73 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള പഞ്ചായത്തിന്റെ 777.54 ചതുരശ്ര കിലോമീറ്ററും പെരിയാർ വന്യമൃഗസംരക്ഷണ കേന്ദ്രമാണ്. മുല്ലപ്പെരിയാർ ജലസംഭരണിയും, പെരിയാർ ശുദ്ധജല തടാകവും കുമിളി പഞ്ചായത്തിലാണ്. ടൂറിസ്റ്റ് കേന്ദ്രമായ തേക്കടി, പുരാതന ക്ഷേത്രമായ മംഗളാദേവി എന്നിവ ഈ പഞ്ചായത്തിലാണ്. 1934 ൽ തിരുവതാംകൂർ മഹാരാജാവ് തേക്കടി ഉൾപ്പെട്ട നെല്ലിക്കാംപെട്ടി വനപ്രദേശത്തെ വന്യമൃഗസംരക്ഷണ കേന്ദ്രമായി പ്രഖ്യാപിച്ചു. 1978-ൽ ആണ് പെരിയാർ വന്യമൃഗസംരക്ഷണ കേന്ദ്രം വംശനാശ ഭീഷണി നേരിടുന്ന കടുവകളെ സംരക്ഷിക്കുന്നതിന് പ്രോജക്ട് ടൈഗർ ആയി പ്രഖ്യാപിച്ചത്.. ടൂറിസം വകുപ്പ് തേക്കടിയിൽ പണികഴിപ്പിച്ച ഹോട്ടൽ 1952ൽ ഉദ്ഘാടനം നിർവ്വഹിച്ചത് ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ആണെന്നത് തേക്കടിയുടെ വിനോദസഞ്ചാര ചരിത്രത്തിന്റെ പ്രാധാന്യം തെളിയിക്കുന്ന സംഗതിയാണ്. പച്ചക്കാനം എസ്റ്റേറ്റിലേക്ക് മെയിൽ കൊുപോകുന്നതിന് ആരംഭിച്ചതാണ് തേക്കടിയിലെ ആദ്യത്തെ ബോട്ട് സർവ്വീസ്. 1886-ൽ മുല്ലപ്പെരിയാർ ഡാമിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചതോടുകൂടി കൂടുതൽ ആളുകൾ കുമളിയിലേക്ക് വന്നു തുടങ്ങി. കുമിളി എന്ന സ്ഥലപ്പേര് രൂപപ്പെട്ടതിനെപ്പറ്റി ര് കാരണങ്ങൾ പറയപ്പെടുന്നു. വർഷങ്ങൾക്കു മുമ്പു ചതുപ്പ് നിറഞ്ഞ പ്രദേശമായിരുന്നു കുമിളി. ഇവിടെ ഭൂമിക്കടിയിൽ നിന്ന് വെള്ളം കുമിളകളായി പുറത്തുവന്നിരുന്നു എന്നും ഇതു കവർ കുമിളകൾ ക സ്ഥലത്തെ കുമിളി എന്നു വിളിച്ചതായും പറയപ്പെടുന്നു. അതല്ല തമിഴ്നാട്ടിൽ നിന്നും പ ങ്ങോ വന്ന കുമളി എന്നു പേരുള്ള ഒരു സത്രീ ഇന്നത്തെ ബസ് സ്റ്റാന്റിൽ മരിച്ചു കിടന്നതായും ആ പേരുള്ള ഒരു സ്ത്രീയെ കാണാൻ വന്നവർ കുമിളിയെ കാണാൻ പോകുന്നു എന്നു പറഞ്ഞതായും പിന്നീട് ആ പദം പരിണമിച്ച് കുമളി ആയതായും പറയപ്പെടുന്നു.

26. മണക്കാട് ഗ്രാമപഞ്ചായത്ത്

1958-ലാണ് ഈ പഞ്ചായത്ത് രൂപം കൊത്. കൈപ്പിള്ളി, വരയ്ക്കത്താനം പൂതക്കാവ്, മഠത്തിപ്പറമ്പ് എന്നി പ്രദേശങ്ങൾ 1962 വരെ മണക്കാട് പഞ്ചായത്തിൽ ഉൾപ്പെട്ടിരുന്നു. ഇന്നത്തെ പുറപ്പുഴ പഞ്ചായത്തിന്റെ പലഭാഗങ്ങളിൽ കാണപ്പെടുന്ന പുതുച്ചിറക്കാവ് തുടങ്ങിയ കാവുകളും ഇപ്പോഴത്തെ തൊടുപുഴ മുൻസിപ്പാലിറ്റിയിൽ ഉൾപ്പെടുന്ന കോലാനിക്കടുത്ത അമരംകാവും ഈ പഞ്ചായത്തിന്റെ പഴയകാല സമ്പത്താണ്. മണക്കാട് നരസിംഹ സ്വാമി ക്ഷേത്രം ഇവിടുത്തെ പ്രധാന ആരാധനാലയങ്ങളിലൊന്നാണ്.

27. മാങ്കുളം ഗ്രാമപഞ്ചായത്ത്

2000 ഒക്ടോബർ 2-ാം തീയതിയാണ് ഈ പഞ്ചായത്ത് രൂപീകരിച്ചത്. ഭൂപ്രകൃതിയനുസരിച്ച് മലനാട് മേഖലയിൽ വരുന്നു. മൊത്തം ഭൂവിസ്തൃതിയുടെ 25 ശതമാനം വനപ്രദേശമാണ്. ആനക്കുളം ഓർ, പെരുമ്പൻകുത്ത്, നക്ഷത്രകുത്ത്, ചിന്നാർകുത്ത്, കിളിക്കല്ല് കുത്ത്, വിരിഞ്ഞപാറ തേയിലത്തോട്ടം എന്നിവ ഈ പഞ്ചായത്തിലേക്ക് വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന സ്ഥലങ്ങളാണ്. നെടുമ്പാശ്ശേരി -കൊടൈക്കനാൽ സംസ്ഥാന പാത പഞ്ചായത്തിലൂടെ കടന്നുപോകുന്നു. അമ്പതാം മൈൽ പ്രദേശത്തെ പഴയ മൈൽക്കുറ്റികൾ, ബ്രിട്ടീഷ് ആധിപത്യത്തിന്റെ ആഢ്യത്വം വിളിച്ചോതുന്ന രീതിയിലുള്ള ബംഗ്ലാവിന്റെ അവശിഷ്ടങ്ങൾ എന്നിവ ഇവിടെ കാണാം.

28. മറയൂർ ഗ്രാമപഞ്ചായത്ത്

1953 ലാണ് മറയൂർ ഗ്രാമപഞ്ചായത്ത് ഔദ്യോഗികമായി നിലവിൽ വന്നത്. ഇപ്പോഴത്തെ പ്രധാന കൃഷി കരിമ്പാണ്. ഇവിടുത്തെ കരിമ്പിൽനിന്നും ഉൽപാദിപ്പിക്കുന്ന മറയൂർ ശർക്കര ഗുണനിലവാരത്തിന് വളരെ പ്രശസ്തമാണ്. പ്രകൃതിദത്ത ചന്ദനക്കാടുകളുടെ സൗരഭ്യവും മഹാശിലായുഗത്തോളം പഴക്കം അവകാശപ്പെടുന്ന മുനിയറകളുടെ പൈതൃകവും, സ്വായത്തമായുള്ള സ്ഥലമാണ് മറയൂർ. ഇരവിക്കുളം ദേശീയ ഉദ്യാനം, കൊടൈക്കനാൽ മലനിരകൾ, ചിന്നാർ വന്യജീവി സംരക്ഷണ കേന്ദ്രം, തൂവാനം വെള്ളച്ചാട്ടം, രാജീവ് ഗാന്ധി ചിൽഡ്രൻസ് പാർക്ക്, കുടക്കാട്ട് ഗുഹ, മറയൂരിലെ ചന്ദനക്കാടുകൾ. മഹാശിലായുഗകാലത്തെ എഴുത്തറകളും, മുനിയറകളും, പാമ്പിന്റെ മനോഹരിത, കോവിൽക്കടവിലെ ഐതിഹാസികമായ തെങ്കാശിനാഥൻ ഗുഹാക്ഷേത്രം, കാന്തല്ലൂരിലെ ഗുഹനാഥപുരം ജലാശയം, എന്നിവ ടൂറിസ്റ്റുകളെ ഇവിടേയ്ക്കാകർഷിക്കുന്നു. മുനിയറകൾ അക്കാലത്തുള്ളവരെ മറവുചെയ്ത ശവക്കല്ലറകളാണെന്നും മുനിമാർ തപസ്സുചെയ്തിരുന്നിടമാണെന്നും പറയപ്പെടുന്നു. ഒരാൾക്ക് നിൽക്കുകയും കിടക്കുകയും

ചെയ്യാവുന്ന ഉയരവും നീളവുമ് ഓരോ മുനിയറയ്ക്കും, മറയൂർ കോളനി കഴിഞ്ഞ് ഹൈസ്കൂളിനരുകിലെ പാറയിൽ ധാരാളം മുനിയറകളു്. പാണ്ഢവൻ വനവാസക്കാലത്ത് മറയൂരിൽ എത്തിയിരുന്നു എന്നും അവർ ഒറ്റക്കല്ലിൽ പണിതതാണ് തെങ്കാശിനാഥൻ ക്ഷേത്രം എന്നും പറയപ്പെടുന്നു. വിറക് പെറുക്കാൻ പോയി ഒരു ഗുഹയ്ക്കുള്ളിൽ കയറി ഇരുന്ന് ഉറങ്ങിപ്പോയ അനിയത്തിയുടേയും ജ്യേഷ്ഠത്തിയുടേയും കഥയാണ് ഇവിടുത്തെ അക്കാതങ്കച്ചി മലയ്ക്ക് പറയാനുള്ളത്.

29.<u>മരിയാപുരം ഗ്രാമപഞ്ചായത്ത്</u>

ഉടുമ്പൻചോല പഞ്ചായത്തിന്റേയും തടർന്ന് കട്ടപ്പന പഞ്ചായത്തിന്റേയും കാമാക്ഷി പഞ്ചായത്തിന്റേയും ഭാഗമായിരുന്നു കോട്ടയം ജില്ലയുടെ ഭാഗമായിരുന്ന മരിയാപുരം. പിന്നീട് കാമാക്ഷി പഞ്ചായത്ത് വിഭജിച്ച് 10/02/1973- ൽ മരിയാപുരം പഞ്ചായത്ത് നിലവിൽ വന്നു. 1950-കളിൽ വ്യത്യസ്ത സാംസ്കാരിക പൈതൃകമുള്ള വ്യത്യസ്ത പ്രദേശക്കാരായ ആളുകളാണ് മരിയാപുരത്ത് കുടിയേറിയത്. പഞ്ചായത്തിൽ ഉപജീവനത്തിനായി മൃഗസംരക്ഷണമേഖലയെ ആശ്രയിക്കുന്നവരുടെ എണ്ണം വളരെയധികമാണ്.

30. <u>മൂന്നാർ ഗ്രാമപഞ്ചായത്ത്</u>

1961 ജനുവരി 24-ാം തീയതിയാണ് മൂന്നാർ ഗ്രാമപഞ്ചായത്ത് ഔദ്യോഗികമായി നിലവിൽ വന്നത്. മുതിരപ്പുഴ, നല്ലതണ്ണി, കുള എന്നീ മൂന്നു നദികളുടെ സംഗമവേദി ആയതുകൊാണ് മൂന്നാർ എന്ന പേരു വന്നത്. തെക്കിന്റെ കാശ്മീർ എന്ന അപരനാമത്തിൽ മൂന്നാർ പ്രസിദ്ധമാണ്. പച്ചവിരിച്ച് കിടക്കുന്ന തേയിലത്തോട്ടങ്ങൾ നിറഞ്ഞ മൂന്നാർ പ്രദേശങ്ങളിൽ കാരറ്റ്, ബീറ്റ്റൂട്ട്, കാബേജ്, പട്ടാണി തുടങ്ങിയ ശീതകാല പച്ചക്കറികൾ മുതൽ സംസ്ഥാനത്ത് തന്നെ അപൂർവ്വമായ ഗോതമ്പ്, സൂചിഗോതമ്പ്, വെളുത്തുള്ളി, പഴവർഗ്ഗങ്ങൾ എന്നിവ കൃഷിചെയ്യുന്നു. ഹൈറേഞ്ചിലെ ആദിവാസി ജനത ഉൾപ്പെടെയുള്ളവർ വർഷത്തിലൊരിക്കൽ ഒത്തുചേരുന്ന മൂന്നാറിലെ കാർത്തിക മഹോത്സവത്തിന് പ്രത്യേക പ്രാധാന്യമു്. 1790 ലാണ് ബ്രിട്ടീഷുകാർ ആദ്യം കണ്ണൻദേവൻ കുന്നുകളിൽ വന്നത്. ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണകാലത്ത് തേയിലക്കൃഷിക്കായി വികസിപ്പിച്ചെടുത്ത സ്ഥലമാണ് മൂന്നാർ. ബ്രിട്ടീഷുകാർക്ക് താമസിക്കാനായി അക്കാലത്ത്പണിത കുറെ ബംഗ്ലാവുകളും മൂന്നാറിൽ ഉ്. മൂന്നാറിൽ കഴിഞ്ഞ നൂറ്റാിന്റെ തുടക്കത്തിൽ തന്നെ മോണോറെയിൽ സ്ഥാപിക്കപ്പെട്ടിരുന്നു. മോണോറെയിൽ 1908 ൽ തീവി പാതയായി മാറി. മാട്ടുപെട്ടിയിലും പാലാറിലും റെയിൽവേ സ്റ്റേഷനുകളുമുായിരുന്നു. എന്നാൽ, 1924 ലെ വെള്ളപ്പൊക്കത്തിൽ തീവിപ്പാത തകർന്നു. മൂന്നാർ ടൗണും അന്നത്തെ കനത്ത പ്രളയത്തിൽ തകർന്നു. തീവിപാതയുടെ തകർച്ചയെ തുടർന്ന്

റോപ്‌വെയെ അശ്രയിച്ചാണ് തേയില ടോപ്സ്റ്റേഷനിൽ എത്തിച്ചത്. പിന്നീടാണ് പാതകൾ വികസിപ്പിച്ചതും തേയില ടോപ്സ്റ്റേഷനിൽ എത്തിയത്. പിന്നീടാണ് പാതകൾ വികസിപ്പിച്ചതും തേയില നീക്കം റോഡ് മാർഗ്ഗമാക്കിയതും. ജലവൈദ്യുതി പദ്ധതിക്ക് വഴികാട്ടിയായതും കന്നുകാലി വർഗ്ഗോദ്ധാരണത്തിന് തുടക്കമിട്ടതും ഈ മണ്ണിൽ നിന്നാണ്. മാടുകളുടെ ഗ്രാമം എന്നർത്ഥം വരുന്ന മാട്ടുപ്പെട്ടിയിൽ വികസിപ്പിച്ചെടുത്ത സുനന്ദിനി എന്ന സങ്കരയിനം ബീജമാണ് കേരളത്തിൽ ധവള വിപ്ലവത്തിന് വഴിയൊരുക്കിയത്. 2000 ത്തിൽ കേരളസർക്കാർ മൂന്നാറിലെ ഒരു വിനോദസഞ്ചാരകേന്ദ്രമായി പ്രഖ്യാപിച്ചു. മുതിരപ്പുഴയിലാണ് സർ. സി.പി. രാമസ്വാമി അയ്യർ ഹെഡ്‌വർക്സ് എന്ന ചെറിയ അണക്കെട്ട് സ്ഥിതി ചെയ്യുന്നത്. നിരവധി തേയില ഫാക്ടറികൾ, എണ്ണമറ്റ വെള്ളച്ചാട്ടങ്ങൾ, തേയില തോട്ടങ്ങൾ, കോളോണിയൽ പാരമ്പര്യം പേറുന്ന ബംഗ്ലാവുകൾ, ശീതകാലാവസ്ഥ, 12 വർഷത്തിലൊരിക്കൽ പൂക്കുന്ന നീലക്കുറിഞ്ഞി മലനിരകൾ എന്നിവ പതിനായിരകണക്കിന് ടൂറിസ്റ്റുകളെ ഇവിടേയ്ക്കാകർഷിക്കുന്നു. ഈ നാടിന്റെ പാരമ്പര്യമായ തേയിലക്കൃഷിയുടെ വികാസ പരിണാമങ്ങൾ ദൃശ്യവൽക്കരിക്കുന്ന ഒരു മ്യൂസിയം മൂന്നാറിലെ നല്ലത്താണി എസ്റ്റേറ്റിൽ ടാറ്റാ ടികമ്പനി സജ്ജീകരിച്ചിട്ടു്. തേയില ഉൽപാദനത്തിന്റെ കഥ വിവരിക്കുന്ന നിരവധി ഫോട്ടോകൾ, യന്ത്രസാമഗ്രികൾ, കൗതുക വ്സ്തുക്കൾ എന്നിവ ഈ മ്യൂസിയത്തിലു്. മൂന്നാറിലെ പ്രധാന ആകർഷണങ്ങളിലൊന്നാണ് ഇരവികുളം ദേശീയോദ്യാനം. നീലഗിരി മേഖലയിൽ മാത്രം കാണുന്ന തദ്ദേശീയ ജീവിവർഗ്ഗമായ വരയാടുകളുടെ (നീലഗിരി താർ) വാസസ്ഥാനമെന്നതരത്തിൽ ശ്രദ്ധേയമാണ് ദേശീയോദ്യാനം. ആനയിറങ്കൽ റിസർവോയർ മറ്റൊരു പ്രധാനപ്പെട്ട കേന്ദ്രമാണ്. പോത്തൻമേട്, ആട്ടുകൽ, രാജമല, ഇക്കോ പോയിന്റ്, മൂനുളി, നാടുകാണി എന്നിവയാണ് മൂന്നാറിലെ മറ്റു പ്രധാന കേന്ദ്രങ്ങൾ. ടോപ്-സ്റ്റേഷനിലേയ്ക്ക് പോയാൽ മൂന്നാർ-കൊടൈക്കനാൽ റോഡിലെ ദൃശ്യഭംഗികൾ ആസ്വദിക്കാം.

31. <u>മുട്ടം ഗ്രാമപഞ്ചായത്ത്</u>

1953-ൽ പഞ്ചായത്തുകൾ നിലവിൽ വന്നപ്പോൾ നിലവിലുള്ള ഇടവെട്ടി പഞ്ചായത്തിന്റെ ര ുവാർഡുകളും കരിങ്കുന്നം പഞ്ചായത്തിന്റെ ഒരു വാർഡും ഈ പഞ്ചായത്തിന്റെ ഭാഗമായിരുന്നു. തൊടുപുഴയാറിനോടു ചേർന്ന് മലകളാൽ ചുറ്റപ്പെട്ടു കിടക്കുന്ന മുട്ടം തികച്ചും ഒരു കാർഷിക ഗ്രാമമാണ്. ഇവിടുത്തെ മുഖ്യമായ കൃഷി ഏതാ് 75% വരുന്ന റബ്ബർ ആണ്. മൂലമറ്റം പവ്വർ ഹൗ സിൽ നിന്നും വരുന്ന വെള്ളം ഒഴുകുന്ന ഒരിക്കലും വറ്റാത്ത തൊടുപുഴയാർ ഈ പഞ്ചായത്തിന്റെ വടക്കു കിഴക്ക് അതിർത്തി വഴി ഒഴുകുന്നു. മലങ്കര ഡാം അണക്കെട്ട് ഈ ഗ്രാമത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഇലവീഴാപൂഞ്ചിറ വിനോദ സഞ്ചാര കേന്ദ്രം മുട്ടത്തുനിന്ന് ഏകദേശം 8 കിലോമീറ്റർ അകലെയായി സ്ഥിതിചെയ്യുന്നു. ഇടുക്കിയിലേക്ക് പോകുന്ന പാതയിലുള്ള മറ്റൊരു പ്രധാന സ്ഥലമാണ് നാടുകാണി മണ്ഡപം. ഇതിൽ നിന്നും താഴേക്കു നോക്കിയാൽ മൂലമറ്റം പവർഹൗസും മൂലമറ്റം ടൗണും കാണാം.

32. നെടുംകം ഗ്രാമപഞ്ചായത്ത്

ദേവികുളം താലൂക്കിനെ വിഭജിച്ച് ഉടുമ്പൻചോല താലൂക്കും ഉടുമ്പൻചോല പഞ്ചായത്തിനെ വിഭജിച്ച് നെടുംകം പഞ്ചായത്തും രൂപീകരിച്ചു. അങ്ങനെ 01/07/1968-ലെ ജി.ഒ.(എം.എസ്) നമ്പർ.342/1/681/ഡി എന്ന ഉത്തരവ് പ്രകാരം നെടുംകം പഞ്ചായത്ത് നിലവിൽ വന്നു. കുരുമുളക്, ഏലം എന്നിവയാണ് ഏറ്റവും പ്രധാന കൃഷി. ഇവിടുത്തെ കർഷകരുടെ ഒരു പ്രധാന വരുമാന മാർഗ്ഗം കന്നുകാലി വളർത്തലാണ്. പശു, ആട്, എരുമ എന്നിവയെയാണ് കൂടുതലും വളർത്തുന്നത്. മുയൽ, പന്നി എന്നിവരെയും അങ്ങിങ്ങായി വളർത്തുന്നു്. സങ്കര ഇനം പശുക്കളാണ് ഏറ്റവും കൂടുതലുള്ളത്.

33. പള്ളിവാസൽ ഗ്രാമപഞ്ചായത്ത്

1953-ൽ പഞ്ചായത്ത് നിലവിൽ വന്നു. പ്രസിദ്ധമായ പള്ളിവാസൽ ജലവൈദ്യുതപദ്ധതി ഈ പഞ്ചായത്തിലാണ്. ശ്രീ ചിത്തിരതിരുനാൾപള്ളിവാസലിൽ എത്തിയതിന്റെ ഓർമ്മയ്ക്കായി ഒരു സ്തംഭം സ്ഥാപിച്ചിട്ടുള്ള സ്ഥലമാണ് ചിത്തിരപുരം. വിശുദ്ധ തോമാസ് ശ്ലീഹാ തമിഴ്നാട്ടിൽ നിന്നും കോതമംഗലത്തേക്ക് വരുന്ന വഴി രാത്രി തങ്ങിയ സ്ഥലമാണത്രെ പള്ളിവാസൽ. പരിശുദ്ധ എൽദോ മാർ ബസേലിയോസ് ബാവ തിരുമനസ് കുർബാന അർപ്പിച്ച സ്ഥലം എന്ന നിലയിലും പള്ളിവാസൽ പ്രസിദ്ധമായി. പള്ളിവാസലിലെ പ്രകൃതിസിദ്ധമായ ജലപാതം ബ്രിട്ടീഷ് കമ്പനിയെ ആകർഷിച്ചു. 1906-ൽ കമ്പനി സ്വന്തമാവശ്യത്തിനുവേ 200 കിലോവാട്ട് വൈദ്യുതി ഉല്പാദിപ്പിച്ചു. പെരിയാറിന്റെ പോഷക നദിയായ മുതിരപ്പുഴയെ ഹെഡ് വർക്സിൽ തടഞ്ഞുനിർത്തി 3121.67 മീറ്റർ നീളമുള്ള ടണൽ വഴി തിരിച്ചുവിട്ടു. 2214.3 മീറ്റർ വീതം നീളമുള്ള 4 പെൻസ്റ്റോക്കുകൾ വഴി അതിനെ താഴേക്കൊഴുകി, പവർഹൗസിൽ എത്തിച്ചു. അതുപയോഗിച്ചു പവർഹൗസ് പ്രവർത്തിപ്പിച്ചു. 1938-ൽ ആരംഭിച്ച പവർഹൗസിന്റെ പണി 1940-ൽ പൂർത്തിയാക്കി. ഇതാണ് ചരിത്രപ്രസിദ്ധമായ കേരളത്തിലെ ആദ്യത്തെ ജലവൈദ്യുതപദ്ധതി പള്ളിവാസൽ പവർ ഹൗസ്.

34.പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത്

1962-ൽ വൻമേട് പഞ്ചായത്ത് വിഭജിച്ചാണ് പാമ്പാടുംപാറ പഞ്ചായത്ത് രൂപംകൊത്. സ്വാതന്ത്ര്യം നേടിയകാലത്ത് ഏഷ്യയിലെ ഒന്നാമത്തേത് എന്നവകാശപ്പെടാവുന്ന ഏലത്തോട്ടമായിരുന്നു പാമ്പാടുംപാറ എസ്റ്റേറ്റ്. കുന്നിൻ പ്രദേശങ്ങളാൽ നിറഞ്ഞ ഭൂപ്രകൃതിയാണ് ഇവിടെ. വടക്ക് കല്ലാർമെട്ടു മുതൽ തെക്ക് പുളിയൻമല വരെ നീുകിടക്കുന്ന ഒരു പർവതനിരയും അതിന്റെ പാർശ്വങ്ങളിലെ ചെരിവും ചെറുകുന്നുകളും ചേർന്നതാണ്

പഞ്ചായത്ത്. ഏറ്റവും ഉയരംകൂടിയ ഭാഗം 1138 മീറ്റർ ഉയരമുള്ള പൂവേഴ്സ് മൗ ആണ്. പഞ്ചായത്തിൽ കുത്തനെയുള്ള കുന്നിന് ചെരുവുകളിലെ പാറക്കെട്ടുകളിൽ പുൽവർഗ്ഗത്തിൽപ്പെട്ട അപൂർവ്വ സസ്യങ്ങളും ഔഷധസസ്യങ്ങളും അങ്ങിങ്ങായി കാണാം.

35.പീരുമേട് ഗ്രാമപഞ്ചായത്ത്

കേരളത്തിലെ പ്രധാന സുഖവാസ കേന്ദ്രങ്ങളിലൊന്നാണ് പീരുമേട്. സമുദ്രനിരപ്പിൽ നിന്ന് 3500 അടി ഉയരത്തിൽ പീരുമേട് സ്ഥിതി ചെയ്യുന്നു. രാജവാഴ്ചക്കാലത്ത് പീരുമേട് തിരുവതാംകൂറിന്റെ വേനൽക്കാല തലസ്ഥാനമായിരുന്നു. സഹ്യസാനുക്കിളിലെ, ഉത്തുംഗ ഗിരിശ്യൃംഗങ്ങളിലാണ് പീരുമേട് പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. ആദ്യകാലങ്ങളിൽ ആിൽ 6 മാസം അതിവൃഷ്ടിയും, മൂന്നുമാസം മൂടൽമഞ്ഞും മറ്റു സമയങ്ങളിൽ സമശീതോഷ്ണാവസ്ഥയും നിലനിന്നിരുന്ന പഞ്ചായത്തിന്റെ പകുതിയിലധികവും തേയിലത്തോട്ടങ്ങളാണ്. ഒളരെ കാലങ്ങൾക്ക് മുമ്പ് ഇവിടെ പാർത്തിരുന്ന പീർ മുഹമ്മദ് എന്ന സൂഫി സന്ന്യാസിയുടെ ഖബറിടം ഇവിടെയു്. ഇദ്ദേഹത്തിന്റെ പേരിൽ നിന്നാണ് ഈ സ്ഥലത്തിന് പീരുമേട് എന്ന പേരിന്റെ ഉത്ഭവമെന്നു കരുതുന്നു. മനോഹരമായ ചെറിയ വെള്ളച്ചാട്ടങ്ങൾ, പുൽമൈതാനങ്ങൾ, പൈൻ മരങ്ങൾ ഇവയൊക്കെ ഇവിടുത്തെ പ്രധാന ആകർഷണങ്ങളാണ്. പഞ്ചാലിമേട്, പരുന്തും പാറ, വാഗമൺ എന്നിവ പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളായിത്തീർന്നിട്ടു്. നാലു കിലോമീറ്റർ അകലെയുള്ള ത്രിശങ്കു കുന്നുകളാണ് പീരുമേട്ടിലെ മറ്റൊരു ശ്രദ്ധേയമായ കാഴ്ച.

36.പെരുവന്താനം ഗ്രാമപഞ്ചായത്ത്

1953-ൽ പെരുവന്താനം പഞ്ചായത്ത് നിലവിൽ വന്നു. ഇടുക്കി ജില്ലയുടെ കവാടമായി ഈ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നു. പ്രസിദ്ധമായ മണിമലയാറിന്റെ ഉത്ഭവവും ഈ പഞ്ചായത്തിലാണ്. ദക്ഷിണേന്ത്യയിൽ തന്നെ പ്രസിദ്ധമായ വള്ളിയാംകാവ് ദേവീക്ഷേത്രം, പരശുരാമനാൽ പ്രതിഷ്ഠിക്കപ്പെട്ടു എന്ന് വിശ്വസിക്കുന്ന പെരുവന്താനം ശാസ്താക്ഷേത്രം എന്നിവ ഈ പഞ്ചായത്തതിർത്തിയിലാണ്. പഞ്ചപാണ്ഡവന്മാർ വനവാസകാലത്ത് കുറെക്കാലം വസിച്ചിരുന്നു എന്ന് ഐതിഹ്യമുള്ള ''പാഞ്ചാലിമേട്'' ഈ പഞ്ചായത്തിന്റെ പ്രശസ്തിയുടെ ഘടകമാണ്. പാഞ്ചാലിക്ക് കുളിക്കാൻ ഭീമന് നിർമ്മിച്ചതെന്ന് വിശ്വസിക്കപ്പെടുന്ന പാഞ്ചാലിക്കുളം എന്നും തെളിനീര് നിറഞ്ഞ് വിസ്മയമായി പുരാണകഥയുടെ പരിവേഷമണിഞ്ഞ് നില്ക്കുന്നു. അതുപോലെ തന്നെ ഒന്നിന് മീതെ ഒന്നായി എടുത്തു വച്ചതുപോലെയുള്ള ഭീമൻ പാറക്കല്ലുകളും അത്ഭുതം ജനിപ്പിക്കുന്ന

കാഴ്ചകളാണ്. ''പീരുവന്തതാനം'' എന്ന തമിഴ് വാക്കിൽ നിന്നുമാണ് പെരുവന്താനം എന്ന സ്ഥലനാമം ഉായത് എന്നാണ് ഐതിഹ്യം.

37. <u>പുറപ്പുഴ ഗ്രാമപഞ്ചായത്ത്</u>

1962-ൽ ജനുവരി 1-ന് മണക്കാട് വിഭജിച്ച് മണക്കാട്,പുറപ്പുഴ എന്നീ രു പഞ്ചായത്തുകളായി. അതിപുരാതനകാലത്തു തന്നെ ജനവാസകേന്ദ്രമായിരുന്നുവെന്നതിന് തെളിവാണ് എ.ഡി. 999-ൽ പണിത നെടിയശാല പള്ളി.

38.<u>രാജാക്കാട് ഗ്രാമപഞ്ചായത്ത്</u>

1996 സെപ്റ്റംബർ 20-ാം തീയതിയാണ് രാജാക്കാട് ഗ്രാമപഞ്ചായത്ത് രൂപീകൃതമായത്. എ.ഡി. 8-ാം നൂറ്റാിൽ ചേരമാൻ പെരുമാൾ ആഴ്വർ രാജാവിന്റെ അധീനതയിലായിരുന്നു രാജാക്കാട് ഗ്രാമപഞ്ചായത്ത് പ്രദേശം. രാജാവിന്റെ വംശത്തിൽപ്പെട്ട ചേരുചെങ്കുവന്റെ ഭരണസിരാകേന്ദ്രം നിലനിന്നിരുന്ന ഇവിടെ രാജാക്കാട് എന്ന് അറിയപ്പെട്ടു.

39.<u>രാജകുമാരി ഗ്രാമപഞ്ചായത്ത്</u>

02/09/1969 –ൽ രാജകുമാരി പഞ്ചായത്ത് രൂപീകരിക്കപ്പെട്ടു. ഗിരിവർഗ്ഗക്കാരായ ആദിവാസികളുടെ പറുദീസ ആയിരുന്നു ഇവിടം. രാജകുമാരി പഞ്ചായത്തിലെ ഭൂ വിസ്തൃതിയിൽ മൂന്നീലൊന്നു ഭാഗം ഏലക്കാടുകളാണ്. എ.ഡി 8-ാം നൂറ്റാിൽ ചേരമാൻ പെരുമാൾ ആഴ്വർ വംശത്തിൽപ്പെട്ട ചേരചെങ്കുവൻ രാജാവിന്റെ പുത്രിയെ പാർപ്പിച്ചിരുന്നിടം രാജകുമാരിയെന്ന് അറിയപ്പെട്ടു എന്ന് ചരിത്രം പറയപ്പെടുന്നു.

40. <u>ശാന്തൻപാറ ഗ്രാമപഞ്ചായത്ത്</u>

1958-ൽ ഈ പഞ്ചായത്ത് നിലവിൽ വന്നു. ഏലത്തിന്റെ നാടാണ് ശാന്തൻപാറ. ഇപ്പോഴത്തെ ശാന്തൻപാറയിലുള്ള ടാങ്കുമേടിൽ പാറപ്പലകകൾ വീടുപോലെ അടുക്കിവെച്ച് ശാന്തൻ എന്ന മഹർഷി തപസനുഷ്ഠിച്ചിരുന്നുവത്രെ. അദ്ദേഹത്തിന്റെ പേരുമായി ബന്ധപ്പെട്ടാണ് ഈ പഞ്ചായത്തിന് ശാന്തൻപാറ എന്ന പേര് ലഭിച്ചതെന്നും പറയപ്പെടുന്നു. ശാന്തൻപാറയിൽ മണ്ണുസംരക്ഷണം മുൻഗണന നേടിയിരിക്കുന്നു. ശാന്തൻപാറ, ചിന്നക്കനാൽ പഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്ന ആനയിറങ്കൽ ഡാം മത്സ്യകൃഷിക്ക് യോജ്യമാണ്.

41. <u>സേനാപതി ഗ്രാമപഞ്ചായത്ത്</u>

1.12.1971-ലാണ് സേനാപതി പഞ്ചായത്ത് രൂപം കൊത്. അന്ന് ഉടുമ്പൻചോല പഞ്ചായത്തിൽ ഉൾപ്പെട്ടിരുന്ന 8,11,12 എന്നീ വാർഡുകൾ ഉൾപ്പെടുത്തിയാണ് സേനാപതി പഞ്ചായത്തിന് രൂപം കൊടുത്തത്. സമുദ്രനിരപ്പിൽ നിന്നും ഉദ്ദേശം 4100 അടി ഉയരമുള്ള കാറ്റൂതിമേട് എന്ന മലയുടെ നടുഭാഗത്ത് അതിവിസ്തൃതമായ ഒരു കുളവും അതിന്റെ പാർശ്വഭാഗത്ത് നാലു മരങ്ങളു്. കുളത്തിന്റെ പാർശ്വഭാഗങ്ങളിൽ ഏഴു കന്യകമാരുടെ ഒറ്റക്കല്ലിൽകൊത്തിയ ശിലാവിഗ്രഹവും കാണുന്നു്. ഇതിനടുത്ത തലയൻകാവ് ദേവീക്ഷേത്രത്തിനടുത്ത് ദളവാപ്പാറ എന്ന സ്ഥലത്ത് ഉരലിന്റെ കുഴിപ്പാടുകൾ ഉള്ള പാറകൾ ഉ്. വട്ടപ്പാറ എന്ന സ്ഥലത്തിനോടടുത്ത് ഒരു വിമാനത്തിന്റെ ആകൃതിയിലുള്ള പ്രകൃതി ദത്തമായ പ്ലെയിൻപാറ നിലനിൽക്കുന്നു. പൊതുവേ നോക്കുമ്പോൾ മൂന്നുവശവും പുഴകളാൽ ചുറ്റപ്പെട്ടുകിടക്കുന്ന ഒരു പ്രദേശമാണ് സേനാപതി ഗ്രാമപഞ്ചായത്ത്. സേനാനായകന്റെ അധീനതയിലുായിരുന്നിടം സേനാപതിയെന്നും ചേരമാൻ പെരുമാൾ ആഴ്വർ വംശത്തിൽപ്പെട്ട ചേരചെങ്കുവൻ രാജാവിന്റെ സേനാപതി താമസിച്ച സ്ഥലം സേനാപതി എന്ന് അറിയപ്പെട്ടു എന്ന് ചരിത്രം പറയപ്പെടുന്നു.

42. <u>ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്</u>

ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് നിലവിൽ വന്നത് 1958-ൽ ആണ്. അതിവിസ്തൃതി ഉായിരുന്ന ഉടുമ്പൻചോല പഞ്ചായത്തിനെ വിഭജിച്ച് നെടുംകം, സേനാപതി തുടങ്ങിയ പഞ്ചായത്തുകൾ രൂപപ്പെട്ടു. ആദ്യകാലത്ത് ഗവൺമെന്റ് ഓഫീസുകൾ ഉടുമ്പൻചോലയിലാണ് പ്രവർത്തിച്ചിരുന്നത്. കോട്ടയം ജില്ലാ കളക്ടറായിരുന്ന ജോർജ് ജോസഫ് താലൂക്ക് ഓഫീസ്, കോടതിയുൾപ്പെടെയുള്ള ഗവ.ഓഫീസുകൾ ഉടുമ്പൻചോലയിൽ നിന്നും മാറ്റുകയുായി. പഞ്ചപാണ്ഡവൻമാർ വനവാസക്കാലത്ത് ചതുരംഗം കളിച്ച പാറയാണ് ഈ പഞ്ചായത്ത് അതിർത്തിയിലുള്ള ചതുരംഗപ്പാറ എന്ന് സ്ഥലത്തിന്റെ ഐതിഹ്യമായി പഴമക്കാർ പറയുന്നു. ഈ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളുടെ പേരുകൾ എല്ലാം തന്നെ പുരാണങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്നു.

43. <u>ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത്</u>

1953-ലാണ് ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് രൂപീകൃതമായത്. ജില്ലയിലെ ആദ്യത്തെ ജൈവതേൻ ഗ്രാമമാണ് ഉടുമ്പന്നൂർ. ഈ പഞ്ചായത്തിലെ വളരെ പഴക്കം ചെന്ന ക്ഷേത്രങ്ങളാണ് അമയപ്ര ക്ഷേത്രം, വേളൂർ ക്ഷേത്രം, തട്ടക്കുഴ ക്ഷേത്രം എന്നിവ. തെക്കുംകൂർ, വടക്കുംകൂർ രാജാവിന്റെ അതിർത്തിയായ കോട്ടയുടെ അവശിഷ്ടങ്ങൾ കിടങ്ങുരൂപത്തിൽ ഇന്നു കാണാം. പെരിങ്ങാശ്ശേരി ഗവ.ഹൈസ്കൂൾ ഗ്രൗിൽ എട്ടോളം

മൺപാറകളുടെ വക്കുകൾ മണ്ണിനു മുകളിൽ തെളിഞ്ഞു കാണാം. വിനോദ സഞ്ചാരികളെ ആശ്രയിക്കുന്ന ഒരിടമാണ് പഞ്ചായത്തിലെ കീഴാർക്കുളത്ത് വെള്ളച്ചാട്ടം സാഹിത്യകാരനായ ജോസഫ് ഇടമറുകിന്റെ ജന്മസ്ഥലമായ ഇടമറുക് ഈ പഞ്ചായത്തിലാണ്.

44. ഉപ്പുതറ ഗ്രാമപഞ്ചായത്ത്

1952-ൽ കേരളത്തിൽ പഞ്ചായത്തുകൾ രൂപീകൃതമായപ്പോൾ ഉപ്പുതറ പഞ്ചായത്തും രൂപീകൃതമായി. ഇന്നത്തെ വ്യാപാരകേന്ദ്രമായ കട്ടപ്പന അന്നത്തെ ഉപ്പുതറ പഞ്ചായത്തിന്റെ ഒരു വാർഡായിരുന്നു. ആദ്യകാലത്ത് മേച്ചേരി കടഭാഗത്തുള്ള ചതുപ്പുനിലങ്ങളിൽ നിന്നും വെള്ളം കുടിക്കുന്നതിനുവേ, പെരിയാർ നദി കടന്ന്, കാട്ടു മൃഗങ്ങൾ വരുമായിരുന്നു. ഇതിന്റെ രഹസ്യം അന്വേഷിച്ച് എത്തിയവർക്ക്, ഈ പ്രദേശത്തെ വെള്ളത്തിന് 'ഉപ്പുരസം' ഉന്നെു മനസ്സിലായി. ഉപ്പുരസം കലർന്ന വെള്ളം ഊറി വരുന്ന ഈ സ്ഥലം ''ഉപ്പുതറ'' എന്ന പേരിൽ പിന്നീട് അറിയപ്പെടാൻ തുടങ്ങി.

45. വൻമേട് ഗ്രാമപഞ്ചായത്ത്

പഞ്ചായത്ത് രൂപീകൃതമായത് 1953 ആഗസ്റ്റ് 15-ാം തീയതിയാണ്. 1962 ൽ ഈ പഞ്ചായത്തിലെ ജനങ്ങളിൽ 39.8% തമിഴരും ബാക്കി മലയാളികളുമാണ്. ഏലം ആണ് പ്രധാനപ്പെട്ട തോട്ടവിള. അന്യാർ തൊളുവിൽ ഇപ്പോൾ നിലവിലുള്ള ആദിവാസികുടിയിൽ പ്രാച്ചുപിള്ള കുടി) ഇന്നും എല്ലാവർഷവും മെയ്മാസത്തിലെ പൗർണ്ണമി ദിവസം രാത്രിയിൽ തങ്ങളുടെ കാട്ടുദേവനെ പ്രീതിപ്പെടുത്തുന്നതിന് ആടിനെ ബലിയർപ്പിക്കുന്നതായും പരമ്പരാഗത ആചാരമായ കൂത്ത് നടത്തിവരുന്നതായും കാണാൻ സാധിക്കും. 1971-ലെ തോട്ടം തൊഴിലാളികളുടെ അവകാശ സമരം ഈ നാടിനെ അക്ഷരാർത്ഥത്തിൽ തന്നെ പിടിച്ചുകുലുക്കിയ ഒരു ചരിത്ര സംഭവം ആയിരുന്നു.

46. വിപ്പെരിയാർ ഗ്രാമപഞ്ചായത്ത്

1951-ൽ വിപ്പെരിയാർ പഞ്ചായത്ത് രൂപം കൊു. പെരിയാർ നദിയുടെ ഇരുകരകളിലായി കിടക്കുന്ന വിപ്പെരിയാർ പഞ്ചായത്ത് കേരളത്തിലെ വലിയ പഞ്ചായത്തുകളിൽ ഒന്നാണ്. ജനതയിൽ നല്ലൊരു പങ്ക് തമിഴ് വംശജരാണ്. പ്രസിദ്ധമായ ശബരിമലയിലേക്കുള്ള മുഖ്യകവാടമാണ് വിപ്പെരിയാർ. ഭൂരിപക്ഷം വരുന്ന ജനങ്ങളും തേയിലത്തോട്ടങ്ങളെ ആശ്രയിച്ച് ഉപജീവനം നടത്തുന്നു.

47. വണ്ണപ്പുറം ഗ്രാമപഞ്ചായത്ത്

1956-ൽ കോടിക്കുളം പഞ്ചായത്ത് രൂപീകൃതമായി. അന്ന് വണ്ണപ്പുറം പഞ്ചായത്തിന്റെ ഇന്നു കാണുന്ന പ്രദേശം മുഴുവനും കോടിക്കുളം പഞ്ചായത്തിന്റെ ഒന്നാം വാർഡ് ആയിരുന്നു. 1976-ൽ വണ്ണപ്പുറം പഞ്ചായത്ത് രൂപീകരിച്ചു. ആയിരം കൊല്ലങ്ങൾക്കുമപ്പുറത്ത് ഗോത്രവർഗ്ഗക്കാർ താമസിച്ചിരുന്നതിനുള്ള സൂചനകളാണ് വണ്ണപ്പുറത്തിനു സമീപം കൊരമ്പനള്ള് എന്ന സ്ഥലത്തെ പുരാതനമായ ലിഖിതങ്ങൾ.

47. വാത്തിക്കുടി ഗ്രാമപഞ്ചായത്ത്

1953-ൽ കൊന്നത്തടി, വാത്തിക്കുടി എന്നീ പ്രദേശങ്ങൾ കോട്ടയം ജില്ലയിലെ ഉടുമ്പൻചോല പഞ്ചായത്തിന്റെ 2-ാം വാർഡായിരുന്നു. 17-4-70 ലെ ജി.ഒ.എം.എസ്. 81/70 –ആർ.ഡി ഉത്തരവ് പ്രകാരം കൊന്നത്തടി പഞ്ചായത്തിന്റെ ഒന്നാം വാർഡ് ഉൾപ്പെടുത്തികൊ് വാത്തിക്കുടി പഞ്ചായത്ത് രൂപവത്കരിക്കപ്പെട്ടു. ആദിവാസികളായ ''മന്നാൻമാരുടെ പുരോഹിതനായിരുന്ന 'വാത്തിയുടെ' കുടിയായിരുന്നതിനാൽ വാത്തിക്കുടി എന്ന പേരുായി.

48. വട്ടവട ഗ്രാമപഞ്ചായത്ത്

1954 നവംബർ 17-ാം തീയതിയാണ് വട്ടവട ഗ്രാമപഞ്ചായത്ത് രൂപീകൃതമായത്. പഞ്ചായത്തിന്റെ 20% വനമേഖലയാണ്. വിനോദസഞ്ചാരികളെ ആകർഷിക്കുന്ന സ്ഥലങ്ങളായ പാമ്പാടുംചോല നാഷണൽ പാർക്ക്, കമ്പക്കല്ലാർ, ആനമുടി ചോല എന്നിവ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു. വട്ടവട പഞ്ചായത്ത് പച്ചക്കറികൃഷിക്കാണ് പ്രാമുഖ്യം നൽകിയിരിക്കുന്നത്.

49. വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്

സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തായ വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് 1970 ലാണ് രൂപീകരിച്ചത്. ഏഷ്യയിലെ തന്നെ രാമത്തെ ആർച്ച് ഡാം ആയ ഇടുക്കി ഡാം സ്ഥിതി ചെയ്യുന്ന പഞ്ചായത്താണിത്. മലനാട് മേഖലയിൽ വരുന്ന പ്രദേശമാണ് വാഴത്തോപ്പ് പഞ്ചായത്ത്. പഞ്ചായത്തിലെ പ്രധാന മലയായ പാൽക്കുളംമേട് വിനോദ

സഞ്ചാരികളെ ആകർഷിക്കുന്ന പ്രദേശമാണ്. ഇടുക്കി ഡാമും വിനോദസഞ്ചാരികളുടെ കേന്ദ്രമാണ്. പഞ്ചായത്തിലെ മറ്റൊരു ആകർഷണമാണ് പൈനാവിലുള്ള ഹിൽവ്യൂ പാർക്ക്, ഇടുക്കി ഡാമിന് അനുയോജ്യമായ സ്ഥലം കുപിടിക്കാൻ വഴികാട്ടിയായത് ആദിവാസിയായ കൊലുമ്പനാണ്. അദ്ദേഹത്തിന്റെ ഭൗതികശരീരം അടക്കം ചെയ്തിരിക്കുന്ന വെള്ളപ്പാറയിൽ കൊലുമ്പന് ഒരു സ്മാരകം പണിതിട്ട്. ജില്ലാ ആശുപത്രി സ്ഥിതിചെയ്യുന്നത് ജില്ലാ ആസ്ഥാനമായ പൈനാവിലാണ്. ഗവ.എൻജിനീയറിംഗ് കോളേജ് പൈനാവിൽ പ്രവർത്തിക്കുന്നു. 1972-ൽ ഇടുക്കി ജില്ല രൂപീകരിക്കുകയും 1976-ൽ ജില്ലാ ആസ്ഥാനം കോട്ടയം ദേവലോകത്തുനിന്നും പൈനാവിലേക്കു മാറ്റി സ്ഥാപിക്കുകയും ചെയ്തു. 1976-ൽ അന്നത്തെ പ്രധാനമന്ത്രി ഇടുക്കി പദ്ധതി രാഷ്ട്രത്തിനു സമർപ്പിക്കുകയുായി.

51.വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത്

1961-ൽ പള്ളിവാസൽ പഞ്ചായത്ത് വിഭജിച്ചാണ് വെള്ളത്തൂവൽ പഞ്ചായത്ത് രൂപീകൃതമായത് (റ്റി.ൊ.എം.എസ് 196/ഡി.പി 28/2/61). അതുവരെ, ഈ പ്രദേശം പള്ളിവാസൽ പഞ്ചായത്തിലെ 8-ാം വാർഡായിരുന്നു. 1946-ൽ വെള്ളത്തൂവലിൽ ചെങ്കുളം പവ്വർ ഹൗസിന്റെ പണി തുടങ്ങിയതോടു കൂടിയാണ് ഇവിടെ ജനവാസം ആരംഭിക്കുന്നത്. വെള്ളത്തൂവൽ, കൂമ്പൻപാറ, ചെങ്കുളം, കല്ലാർകുട്ടി (അട്ടിക്കളം) തുടങ്ങി മിക്ക സ്ഥലനാമങ്ങളും ആദിവാസികൾ നൽകിയതാണ്. ഇലക്ട്രിസിറ്റി ബോർഡിന്റെ കീഴിലുള്ള ചെങ്കുളം, കല്ലാർകുട്ടി ഡാമുകളും, ചെങ്കുളം പവർഹൗസും വെള്ളത്തൂവൽ ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ പര്യാപ്തമാണ്.

52. വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത്

1961 ഡിസംബർ 28-നാണ് വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് രൂപീകരിച്ചത്. ഇപ്പോഴത്തെ വെള്ളിയാമറ്റം പഞ്ചായത്തിൽ ഉൾപ്പെടുന്ന വെള്ളിയാമറ്റം വില്ലേജ് അറക്കുളം പഞ്ചായത്തിലും ഇളംദേശം ഭാഗം ആലക്കോട് പഞ്ചായത്തിലും ഉൾപ്പെട്ടിരുന്നു. ഇപ്രകാരം ഈ പ്രദേശത്തെ ജനങ്ങൾ ര് പഞ്ചായത്തിൽ ആയതിനാൽ വളരെയേറെ ബുദ്ധിമുട്ടുകൾ ഉാവുകയും വികസനപ്രവർത്തനങ്ങൾ തടസ്സപ്പെടുകയും ചെയ്തിരുന്നു. അതുകൊ് ഇവിടുത്തെ ജനങ്ങൾ സംഘടിച്ച് ഒരു പൗരമുന്നണി രൂപീകരിച്ച് വെള്ളിയാമറ്റം പഞ്ചായത്ത് അനുവദിച്ച് കിട്ടുന്നതിനുവേി ശ്രമങ്ങൾ ആരംഭിച്ചു. വടക്കനാറാണ് പഞ്ചായത്തിന്റെ ജീവനാഡി. ഈ പുഴയാണ് വെള്ളിയാമറ്റം പഞ്ചായത്തിന്റെ കാർഷികമേഖലയുടെ പച്ചപ്പിനും ഐശ്വര്യത്തിനും ആധാരം. നാടുകാണിമല, തുമ്പിച്ചിമല, ഞിറുക്കി വെള്ളച്ചാട്ടം, കാലൻമാലി വെള്ളച്ചാട്ടം എന്നിവ പഞ്ചായത്തിലെ പ്രകൃതിസുന്ദരപ്രദേശങ്ങളാണ്.

1. <u>തൊടുപുഴ നഗരസഭ</u>

1978 സെപ്റ്റംബർ 1-ാം തീയതിയാണ് നഗരസഭ രൂപീകൃതമായത്. ഇടുക്കി ജില്ലയിലെ ര് നഗരസഭകളിൽ ഒന്നാണ് തൊടുപുഴ. തൊടുപുഴ എന്ന പേരിൽ ഒരു താലൂക്കും ഒരു ബ്ലോക്കുമു്. ഇടുക്കി ജില്ലയിലെ ഏറ്റവും വലിയ പട്ടണവും വാണിജ്യകേന്ദ്രവുമാണ് ഇത്. ഇടുക്കി ജില്ലയിൽ നിന്നു കേരളത്തിന്റെ മറ്റിതരസ്ഥലങ്ങളിലേക്ക് പോകാനുള്ള ഒരു പ്രവേശനകവാടം കൂടിയാണ് തൊടുപുഴ. പട്ടണത്തിൽ നിന്നും അകലെയല്ലാത്ത ജലവൈദ്യുത പദ്ധതിയായ 'മലങ്കര അണക്കെട്ട്' വിനോദസഞ്ചാരികളുടെ പ്രിയപ്പെട്ട ഒരു കേന്ദ്രമായി മാറിക്കൊിരിക്കുന്നു. വ്യാവസായികമായി അതിവേഗം വളർന്നുകൊിരിക്കുന്ന പ്രമുഖ മലഞ്ചരക്ക് വ്യാപാരകേന്ദ്രമാണ് മലയോര പട്ടണമായ തൊടുപുഴ. മഴക്കാലത്ത് മലമേഖലകളിൽ നിന്നും ഈ പ്രദേശം "തോടുപുഴ" എന്ന് വിളിക്കപ്പെടുകയും പിൽക്കാലത്ത് സ്ഥലനാമപദം ലോപിച്ച് തൊടുപുഴ എന്നായി മാറുകയും ചെയ്തുവെന്ന് കരുതപ്പെടുന്നു. പുഴതൊട്ടൊഴുകുന്ന സ്ഥലം എന്നതിൽ നിന്നാണ് തൊടുപുഴ എന്ന പേര് ഉായതെന്ന് മറ്റൊരു നിഗമനവും കേൾക്കുന്നു്. എന്തായാലും തൊടുപുഴ നഗരത്തിന്റെ ഹൃദയഭാഗത്തുകൂടിയാണ് തൊടുപുഴയാർ ഒഴുകുന്നത്.

2. <u>കട്ടപ്പന നഗരസഭ</u>

1964 ൽ ആണ് കട്ടപ്പന ഗ്രാമപഞ്ചായത്ത് രൂപം കൊള്ളുന്നത്. അതുവരെ ഈ പ്രദേശം ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിക്കുള്ളിലായിരുന്നു. സർക്കാരിന്റെ കണക്കുകൾ പ്രകാരം ഏറ്റവും കൂടുതൽ ആസൂത്രണ ധനം കൈകാര്യം ചെയ്യുന്ന സംസ്ഥാനത്തെ എണ്ണപ്പെട്ട നഗരസഭകളിൽ ഒന്നാണ് ഇപ്പോൾ കട്ടപ്പന. ജില്ലയിലെ രാമത്തെ നഗരസഭയാണിത്. കട്ടപ്പനയുടെ സമ്പദ് വ്യവസ്ഥ.. പ്രധാനമായും കുരുമുളക്, ഏലം, കാപ്പി, കൊക്കൊ മുതലായ കൃഷിയെ ആശ്രയിച്ചിരിക്കുന്നു. ആയിരത്തി തൊള്ളായിരത്തി നാല്പ്പതുകൾ വരെ കട്ടപ്പന ആദിവാസി മേഖലയായിരുന്നു. ഇന്ന് ഈ നഗരം വളരെ ജനസാന്ദ്രമാണ്. മലഞ്ചരക്കു വ്യാപാരത്തിന്റെ തലസ്ഥാനം എന്നു വിശേഷിപ്പിക്കാവുന്ന തരത്തിൽ വാണിജ്യപരമായി വളർന്ന് കട്ടപ്പന പഞ്ചായത്ത് നഗരസഭയായിത്തീർന്നു. നാണ്യവിളകളുടെ വിലയെ ആശ്രയിച്ചാണ് ഇന്നും കട്ടപ്പനയുടെ സാമ്പത്തിക സ്ഥിതി നിലനിൽക്കുന്നത്. കൃഷിയെമാത്രം ആശ്രയിക്കുന്ന ഉപജീവനത്തിൽ നിന്നും വ്യാപാര സേവനമേഖലകളിലേക്കുംകൂടി ജനങ്ങൾ മാറി പ്രവർത്തിച്ച് തുടങ്ങി. കല്യാണത്ത് മലനിരകൾ വിനോദ സഞ്ചാര മേഖലകളിൽ ഇടം പിടിച്ചുകൊണ്ടിരിക്കുന്നു.

അവലംബം- 1. ഇടുക്കി ചരിത്രവും ചരിത്രാതീതവും (മനോജ് മാതിരപ്പള്ളി)

2. അതിജീവനത്തിന്റെ ഗോത്രപാഠങ്ങൾ (കാഞ്ചിയാർ രാജൻ)

3. ഇടുക്കി-മണ്ണും മനുഷ്യനും (കെ.റ്റി രാജീവ്)

4. ചരിത്രരേഖകൾ (ടി രാജേഷ്)

5. (എൽ.എസ്.ജി വെബ്സൈറ്റ്)

അനുബന്ധം 55

വികസന ശ്രേണിയിലെ ക്രമം

8.1 ഇടുക്കിജില്ലയിലെ അധിവാസകേന്ദ്രങ്ങളുംഅവയുടെസഞ്ചിത പ്രവർത്തന സൂചകവും

ക്ര. നം	തദ്ദേശ ഭരണസ്ഥാപനത്തിന്റെ പേര്	നിലവിലെ ക്രമം	സഞ്ചിത പ്രവർത്തന സൂചകം(CFI)
1.	തൊടുപുഴമുനിസിപ്പാലിറ്റി	1	230.68
2.	കട്ടപ്പന മുനിസിപ്പാലിറ്റി	2	167.37
3.	മൂന്നാർ	3	95.08
4.	നെടുങ്കണ്ടം	3	83.72
5.	അടിമാലി	3	82.15
6.	കുമളി	3	79.22
7.	പീരുമേട്	3	74.01
8.	വണ്ടിപ്പെരിയാർ	3	58.54
9.	വാഴത്തോപ്പ്	3	55.40
10.	മണക്കാട്	4	47.68
11.	അറക്കുളം	4	45.65
12.	മുട്ടം	4	42.95
13.	വാത്തിക്കുടി	4	41.32
14.	ഉപ്പുതറ	4	40.41
15.	പാമ്പാടുംപാറ	4	39.20
16.	കരിമണ്ണൂർ	4	37.73
17.	പുറപ്പുഴ	4	34.58
18.	ഉടുമ്പഞ്ചോല	4	34.24
19.	ഏലപ്പാറ	4	32.85
20.	വെള്ളത്തൂവൽ	4	32.42
21.	ഇടുക്കി-കഞ്ഞിക്കുഴി	4	30.92
22.	രാജാക്കാട്	4	30.56
23.	വണ്ണപ്പുറം	4	29.73
24.	പെരുവന്താനം	4	29.55
25.	രാജകുമാരി	4	26.11
26.	കുമാരമംഗലം	4	25.77
27.	ചക്കുപള്ളം	5	24.41
28.	കരുണാപുരം	5	23.45
29.	ഉടുമ്പന്നൂർ	5	23.36
30.	കാഞ്ചിയാർ	5	23.24
31.	കാമാക്ഷി	5	23.22
32.	കൊന്നത്തടി	5	22.67
33.	കരിങ്കുന്നം	5	18.89
34.	പള്ളിവാസൽ	5	18.76
35.	വെള്ളിയാമറ്റം	5	18.47
36.	കൊക്കയാർ	5	18.16
37.	കോടിക്കുളം	5	17.86

38.	മറയൂർ	5	17.53
39.	കാന്തല്ലൂർ	5	16.45
40.	മരിയാപുരം	5	15.42
41.	ഇടമലക്കുടി	5	15.40
42.	അയ്യപ്പൻകോവിൽ	5	15.36
43.	ദേവികുളം	5	15.18
44.	ഇരട്ടയാർ	5	14.95
45.	കുടയത്തൂർ	5	14.83
46.	ചിന്നക്കനാൽ	5	13.72
47.	ബൈസൺവാലി	5	12.61
48.	ആലക്കോട്	5	12.51
49.	ശാന്തൻപാറ	5	11.55
50.	വണ്ടൻമേട്	5	10.59
51.	മാങ്കുളം	5	9.50
52.	ഇടവെട്ടി	5	8.28
53.	സേനാപതി	5	7.55
54.	വട്ടവട	5	7.38

8.2ഇടുക്കിജില്ലയിലെ അധിവാസകേന്ദ്രങ്ങളുടെ ഭാവിയിലെ ക്രമം

അധിവാസകേന്ദ്രത്തിന്റെ ക്രമം	ക്രമ. നം.	അധിവാസകേന്ദ്രം	ജനസംഖ്യ (2011)
I	1	തൊടുപുഴമുനിസിപ്പാലിറ്റി	52045
	2	കട്ടപ്പനമുനിസിപ്പാലിറ്റി	42546
	3	വാഴത്തോപ്പ്	19723
II	4	നെടുങ്കണ്ടം	41980
	5	അടിമാലി	40484
	6	വണ്ടിപെരിയാർ	40809
	7	കുമളി	35915
	8	മൂന്നാർ	32029
	9	വാത്തിക്കുടി	27670
	10	പീരുമേട്	21712
III	11	വണ്ണപ്പുറം	28900
	12	ഏലപ്പാറ	23666
	13	അറക്കുളം	18481
	14	ഉടുമ്പഞ്ചോല	14059
	15	മറയൂർ	12399
	16	മുട്ടം	10909
IIII	17	മണക്കാട്	15106
	18	ഉപ്പുതറ	26236
	19	പാമ്പാടുംപാറ	21172
	20	കരിമണ്ണൂർ	19675
	21	പുറപ്പുഴ	11836
	22	വെള്ളത്തൂവൽ	25701
	23	ഇടുക്കി-കഞ്ഞിക്കുഴി	26809
	24	രാജാക്കാട്	15198
	25	പെരുവന്താനം	15626
	26	രാജകുമാരി	16086
	27	കുമാരമംഗലം	14865
	28	ചക്കുപള്ളം	21936
	29	കരുണാപുരം	26637
	30	ഉടുമ്പന്നൂർ	23859
	31	കാഞ്ചിയാർ	22513
	32	കാമാക്ഷി	19762
	33	കൊന്നത്തടി	29092
	34	കരിങ്കുന്നം	12454
	35	പള്ളിവാസൽ	17044
	36	വെള്ളിയാമറ്റം	21440

	37	കൊക്കയാർ	11786
	38	കോടിക്കുളം	12952
	39	കാന്തല്ലൂർ	10963
	40	മരിയാപുരം	12071
	41	ഇടമലക്കുടി	
	42	അയ്യപ്പൻകോവിൽ	15611
	43	ദേവികുളം	23709
	44	ഇരട്ടയാർ	19097
	45	കുടയത്തൂർ	12122
	46	ചിന്നക്കനാൽ	11553
	47	ബൈസൺവാലി	13941
	48	ആലക്കോട്	9768
	49	ശാന്തൻപാറ	15632
	50	വണ്ടൻമേട്	30567
	51	മാങ്കുളം	9595
	52	ഇടവെട്ടി	14260
	53	സേനാപതി	12529
	54	വട്ടവട	5697

അനുബന്ധം 56

പ്രവർത്തന സ്വഭാവം

10.1: Functional Classification of Local bodies

SL. No	Name of LSG	Character	SL. No	Name of LSG	Character
1	Adimaly	Rural	28	Arakkulam	Rural
2	Baisonvaly	Rural	29	Idukki-Kanjikuzhi	Rural
3	Konnathady	Rural	30	Kamakshi	Rural
4	Pallivasal	Rural	31	Mariyapuram	Rural
5	Vellathooval	Rural	32	Vathikudy	Rural
6	Elappara	Rural	33	Vazhathope	Rural
7	Kokkayar	Rural	34	Ayyappancoil	Rural
8	Kumily	Rural	35	Chakkuppallam	Rural
9	Perumedu	Rural	36	Erattayar	Rural
10	Peruvamthanam	Rural	37	Kanchiyar	Rural
11	Vandiperiyar	Rural	38	Kattappana	Semi Rural
12	Chinnakkanal	Rural	39	Upputhara	Rural
13	Devikulam	Rural	40	Vandanmedu	Rural
14	Kanthalloor	Rural	41	Karunapuram	Rural
15	Mankulam	Rural	42	Nedumkandom	Rural
16	Marayoor	Rural	43	Pampadumpara	Rural
17	Munnar	Rural	44	Rajakkadu	Rural
18	Santhanpara	Rural	45	Rajakumari	Rural
19	Vattavada	Rural	46	Senapathy	Rural
20	Alakodu	Rural	47	Udumbanchola	Rural
21	Karimannor	Rural	48	Edavetty	Semi Rural
22	Kodikkulam	Rural	49	Karimkkunnam	Rural
23	Kudayathoor	Rural	50	Kumaramangalam	Rural
24	Udambannor	Rural	51	Manakkad	Rural
25	Vannappuram	Rural	52	Muttam	Rural
26	Velliyamattam	Rural	53	Purapuzha	Rural
27	Edamalakudi	Rural	54	Thodupuzha	Urban

10.2: Composite Function Index of Local Bodies

SL. No	Name of LSG	CFI	SL. No	Name of LSG	CFI
1	Thodupuzha (M)	230.68	28	Karunapuram	23.45
2	Kattappana (M)	167.37	29	Udumbannoor	23.36
3	Munnar	95.08	30	Kanchiyar	23.24
4	Nedumkandam	83.72	31	Kamakshy	23.22
5	Adimali	82.15	32	Konnathady	22.67
6	Kumily	79.22	33	Karimkunnam	18.89
7	Peerumade	74.01	34	Pallivasal	18.76
8	Vandiperiyar	58.54	35	Velliyamattom	18.47
9	Vazhathope	55.4	36	Kokkayar	18.16
10	Manakkad	47.68	37	Kodikulam	17.86
11	Arakkulam	45.65	38	Marayoor	17.53
12	Muttom	42.95	39	Kanthalloor	16.45
13	Vathikudy	41.32	40	Mariyapuram	15.42
14	Upputhara	40.41	41	Edamalakudi	15.4
15	Pampadumpara	39.2	42	Ayyappancoil	15.36
16	Karimannoor	37.73	43	Devikulam	15.18
17	Purapuzha	34.58	44	Erattayar	14.95
18	Udumbanchola	34.24	45	Kudayathoor	14.83
19	Elappara	32.85	46	Chinnakanal	13.72
20	Vellathuval	32.42	47	Baisonvally	12.61
21	Idukki-Kanjikuzhi	30.92	48	Alacode	12.51
22	Rajakkad	30.56	49	Santhanpara	11.55
23	Vannapuram	29.73	50	Vandanmedu	10.59
24	Peruvanthanam	29.55	51	Mankulam	9.5
25	Rajakumari	26.11	52	Edavetty	8.28
26	Kumaramangalam	25.77	53	Senapathy	7.55
27	Chakkupallam	24.41	54	Vattavada	7.38

പ്രളയം-2018

ഭാരതത്തിന്റെ 72-ാം സ്വാതന്ത്ര്യ ദിനമായ 2018 ആഗസ്റ്റ് 15-ാം തീയതി മുതൽ 17-ാം തീയതി വരെ തുടർന്ന മഹാപ്രളയത്തിനും അതിനോടനുബന്ധിച്ചുണ്ടായ പ്രകൃതി ദുരന്തങ്ങൾക്കും കേരളം സാക്ഷ്യം വഹിച്ചു. ഇത് 1924 ജൂലൈ മാസം 16 മുതൽ 18 വരെയുണ്ടായ കനത്ത മഴയ്ക്ക് സമാനമായിരുന്നു. 2018 ആഗസ്റ്റ് 15 മുതൽ 17 തീയതി വരെ കേരളത്തിലുണ്ടായ മഴയുടെ ശരാശരി തോത് 414 മി.മീറ്റർ ആണ്. ആഗസ്റ്റ് 1 മുതൽ 19 വരെയുണ്ടായ മഴയുടെ തോത് 758.6 മി.മീറ്ററാണ്. ഇതിൽ 414 മി.മീറ്റർ മഴയുണ്ടായത് 3 ദിവസം കൊണ്ടാണ്. ആയത് കടുത്ത വെള്ളപ്പൊക്കത്തിന് കാരണമായി. ജില്ലയിലുണ്ടായ സാധാരണ മഴയുടെ തോത് 1851.7 മി.മീറ്ററാണ്. 2018 ജൂൺ 1 മുതൽ ആഗസ്റ്റ് 22 വരെ ജില്ലയിലുണ്ടായ മഴയുടെ തോത് 3555.5 മി.മീറ്ററാണ്. ആതായത് 92%-ത്തിൽ കൂടുതൽ മഴ ലഭിച്ചിട്ടുണ്ട്. കടുത്ത വെള്ളപ്പൊക്കത്തിന്റെ ഫലമായി സംസ്ഥാനത്ത് ചുവപ്പ് ജാഗ്രതാ നിർദ്ദേശം കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിച്ചു.

26 വർഷങ്ങൾക്കുശേഷം 9-8-2018 ന് ഇടുക്കി അണക്കെട്ടിന്റെ ഭാഗമായ ചെറുതോണി ഡാമിന്റെ 5 ഷട്ടറുകളും തുറന്നു. മുൻകാലങ്ങളിൽ വടക്കു കിഴക്കൻ മൺസൂൺ സമയത്താണ് ഡാം തുറന്നിരുന്നത്. ചില ചെറിയ അണക്കെട്ടുകൾ തുറക്കുകയും ചിലപ്പോൾ തുടർച്ചയായി തുറന്നിടുകയും ചെയ്തിട്ടുണ്ട്. എന്നാൽ മുല്ലപ്പെരിയാർ ഡാം ഉൾപ്പെടെ ജില്ലയിലെ എല്ലാ ജലസംഭരണികളും കനത്ത പേമാരിയുടെ ഫലമായി തുറക്കേണ്ടി വന്നു. 33835 ആളുകൾക്കായി 211 ക്യാമ്പുകൾ തുറക്കേണ്ടി വന്നു. തെക്കു പടിഞ്ഞാറൻ മൺസൂണിന്റെ ഭാഗമായ അതിവർഷം ജില്ലയിൽ വളരെയധികം മണ്ണിടിച്ചിലിനും ഉരുൾപ്പൊട്ടലിനും വെള്ളപ്പൊക്കത്തിനും ആളുകളുടെ ജീവനും സ്വത്തിനും അടിസ്ഥാന സൗകര്യങ്ങൾക്കും നാശം വിതച്ചു. ജില്ലയിൽ 278 ഉരുൾപൊട്ടലും 1800-ൽ പരം മണ്ണിടിച്ചിലുകളും സംഭവിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടു. 59 പേർക്ക് ജീവൻ നഷ്ടപ്പെടുകയും 7 പേരെ കാണാതാവുകയും 78 പേർക്ക് പരിക്ക് പറ്റുകയും ചെയ്തിട്ടുണ്ട്.

താലൂക്ക് അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് പ്രകാരമാണ്.

ക്രമ നമ്പർ	താലൂക്ക്	മരണസംഖ്യ	കാണാതായവർ	പരിക്ക് പറ്റിയവർ
1	ഇടുക്കി	28	6	12
2	ദേവികുളം	19	0	49
3	ഉടുമ്പൻചോല	6	0	8
4	പീരുമേട്	4	1	3
5	തൊടുപുഴ	2	0	6
	ആകെ	**59**	**7**	**78**

ജില്ലയിലെ പ്രധാനപ്പെട്ട വിനോദ സഞ്ചാര കേന്ദ്രമായ മൂന്നാർ ചരിത്രത്തിലെ ഏറ്റവും വലിയ വെള്ളപ്പൊക്കത്തിന് സാക്ഷ്യം വഹിച്ചു. ജില്ലയിൽ ഏറ്റവും കൂടുതൽ നഷ്ടം സംഭവിച്ചത് കാർഷിക മേഖലയ്ക്കും (6725 ലക്ഷം രൂപ) റോഡ്, വാർത്താ വിനിമയ സംവിധാനങ്ങൾക്കുമാണ്. ദേശീയ പാതകൾക്കും സംസ്ഥാന പാതകൾക്കും ഗ്രാമീണ റോഡുകൾക്കും ഏകദേശം 229885 ലക്ഷം രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായി. വൈദ്യുത മേഖലയെയും വാർത്താവിനിമയ സംവിധാനത്തെയും പ്രളയം സാരമായി ബാധിച്ചു. മണ്ണിടിച്ചിലിന്റെയും ഉരുൾപ്പൊട്ടലിന്റെയും ഭാഗമായി നാണ്യവിളകളുടെ സിംഹഭാഗവും നഷ്ടപ്പെടുകയും കൃഷിഭൂമി വീണ്ടും കൃഷി ചെയ്യാൻ പറ്റാത്ത വിധത്തിൽ തരിശുഭൂമിയായി മാറുകയും ചെയ്തു.

മൃഗസംരക്ഷണ മേഖലയിൽ കനത്ത നാശനഷ്ടങ്ങൾ ഉണ്ടായി. വളർത്തുമൃഗങ്ങൾ നഷ്ടപ്പെടുകയും, തൊഴുത്തുകൾ, ഷെഡുകൾ, തീറ്റപ്പുൽ, വൈക്കോൽ കൂനകൾ എന്നിവ നശിച്ചുപോവുകയും ചെയ്തു. (2748 ലക്ഷം രൂപ) വളരെയധികം വീടുകൾ പൂർണ്ണമായി നശിക്കുകയും ഭൂരിഭാഗം വീടുകളും താമസയോഗ്യമല്ലാതാവുകയും ചെയ്തു. (10711 ലക്ഷം രൂപ) വീടുകളെ കൂടാതെ ചുറ്റുപാടുമുള്ള ഭൂമിയും നാമാവശേഷമായി. ഭൂമിയിലുണ്ടായിരിക്കുന്ന വിണ്ടുകീറലുകളും വിള്ളലുകളും വരാൻ പോകുന്ന മഴക്കാലത്ത് അപകട ഭീഷണി ഉയർത്തുന്നതാണ്. കനത്ത മഴയെ തുടർന്ന് ജലാശയങ്ങൾ വരളാൻ തുടങ്ങിയിട്ടുണ്ട്.

നാശനഷ്ടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഇനം	തുക
1	വീടുകൾ	107,11,13,357
2	കൃഷി	67,24,74,110
3	മൃഗസംരക്ഷണം	27,47,69,450
4	ദേശീയപാത	1,66,80,00,000
5	പൊതുമരാമത്ത് റോഡ്	15,92,65,55,000
6	പാലങ്ങൾ	26,50,00,000
7	കെ.എസ്.റ്റി.പി റോഡുകൾ	8,10,00,000
8	ഗ്രാമീണ റോഡുകൾ	204,13,00,000
9	പി.എം.ജി.എസ്.വൈ റോഡുകൾ	3,27,16,30,000
10	വൈദ്യുതി	25,07,20,000
11	വാർത്താ വിനിമയം	53,15,12,638
12	കുടിവെള്ളം	10,54,00,000
13	ജലസേചനം	64,22,41,000
14	വിദ്യാഭ്യാസം	6,93,14,800
15	സർക്കാർ കെട്ടിടങ്ങൾ	18,60,00,000
16	വ്യവസായം	12,26,64,000
17	വിനോദസഞ്ചാരം	62,40,000
18	മറ്റ് നഷ്ടങ്ങൾ	18,00,000
	ആകെ	27,18,59,34,355

മാർഗ്ഗ നിർദ്ദേശങ്ങൾ

1.. മുല്ലപ്പെരിയാർ ഡാം അപകടാവസ്ഥയിൽ നിൽക്കുന്ന സാഹചര്യത്തിൽ മൺസൂൺ കാലത്ത് മുൻകരുതലായി ഇടുക്കി ജലാശയത്തിലെ സംഭരണ ശേഷി കുറയ്ക്കുക.
2. ചെറുതോണി ഡാമിന്റെ എല്ലാ ഷട്ടറുകളും ഒരുമിച്ച് തുറന്നാലും വെള്ളം കയറാത്ത വിധത്തിൽ ചെറുതോണിപ്പാലം നിർമ്മിക്കുക.
3. പ്രളയബാധിതർക്ക് അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഊർജ്ജിതമാക്കുക.
4. ഇടുക്കി ഡാം ഭാവിയിൽ തുറക്കേണ്ടി വന്നാൽ മറ്റ് ജില്ലയിൽ താമസിക്കുന്ന ജനങ്ങൾക്ക് ഉൾപ്പെടെ യഥാസമയം മുന്നറിയിപ്പ് നൽകുന്നതിനുള്ള സംവിധാനം വിപുലപ്പെടുത്തുക.
5. എല്ലാ കാർഷിക വിളകൾക്കും ഇൻഷുറൻസ് ഏർപ്പെടുത്തുക.
6. എല്ലാ വളർത്തുമൃഗങ്ങൾക്കും കന്നുകാലികൾക്കും ഇൻഷുറൻസ് ഏർപ്പെടുത്തുക.
7. കാർഷിക ലോണുകൾക്ക് മോറട്ടേറിയം ഏർപ്പെടുത്തുക.
8. കൃഷി നാശം സംഭവിച്ചവർക്ക് കാർഷിക ലോണുകൾക്ക് പലിശ ഇളവ് നൽകുക.
9. ദുരന്ത നിവാരണ സേനയ്ക്കായി ഹെലിപ്പാഡുകൾ നിർമ്മിക്കുക.
10. പ്രളയത്തിൽ പ്രധാന റോഡുകൾ തകർന്ന് ജില്ല ഒറ്റപ്പെടാതിരിക്കാൻ ഇടുക്കി-ഉടുമ്പന്നൂർ റോഡ് സഞ്ചാരയോഗ്യമാക്കുക.
11. പ്രളയ ദുരന്തത്തിൽ പെട്ട ചെറുകിട കൃഷിക്കാരേയും വ്യവസായ സംരംഭകരേയും പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക.

ജില്ലാ ആസൂത്രണ സമിതി – ഇടുക്കി

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് & ചെയർപേഴ്സൺ, ഡി.പി.സി	–	കുമാരി കൊച്ചു ത്രേസ്യാ പൗലോസ്
ജില്ലാ കളക്ടർ &മെമ്പർ സെക്രട്ടറി ഡി.പി.സി	–	ശ്രീ. ജീവൻ ബാബു ഐ.എ.എസ്
ജില്ലാ പ്ലാനിംഗ് ആഫീസർ & ജോയിന്റ് കോ-ഓർഡിനേറ്റർ, ഡി.പി.സി ആസൂത്രണ സമിതി	–	ശ്രീമതി. ഷീല.കെ.കെ
ഫെസിലിറ്റേറ്റർ, ജനകീയാസൂത്രണം	–	ശ്രീ.എം.എം ഷാഹുൽ ഹമീദ്

ഉപസമിതിയും അംഗങ്ങളും

ചെയർ പേഴ്സൺ	കൺവീനർ	ചെയർ പേഴ്സൺ	കൺവീനർ
ആമുഖം		വിഭവ ലഭ്യത	
ശ്രീ.എം.ഹരിദാസ് ഡി.പി.സി സർക്കാർ നോമിനി	ശ്രീ. സുനിൽ അഗസ്റ്റിൻ ഡെപ്യൂട്ടി ഡയറക്ടർ, സാമ്പത്തിക സ്ഥിതി വിവര വകുപ്പ്	ശ്രീ.എം. ഹരിദാസ്, ഡി.പി.സി സർക്കാർ നോമിനി	ശ്രീമതി. ടെസ്.പി. മാത്യു, ജില്ലാ പ്ലാനിംഗ് ഓഫീസർ
വികസനത്തിന്റെ സ്ഥലമാനങ്ങൾ		നീർത്താടാധിഷ്ഠിത വികസനം (കൃഷി, ജലസേചനം,തോട്ടവിള)	
ശ്രീമതി മോളി മൈക്കിൾ, ഡി.പി.സി അംഗം	ശ്രീ. ജിമ്മിച്ചൻ മാത്യു, ജില്ലാ ടൗൺപ്ലാനർ	ശ്രീമതി . മോളി മൈക്കിൾ, ഡി.പി.സി അംഗം	ശ്രീമതി. പി.ജി. ഉഷാകുമാരി പ്രിൻസിപ്പൽ കൃഷി ഓഫീസർ
മത്സ്യ വികസനം		സാമൂഹ്യനീതി, സാമൂഹ്യ സുരക്ഷിതത്വം	
ശ്രീ. മനോജ് കുമാർ എൻ.റ്റി. ഡി.പി.സി അംഗം	ശ്രീ.പി ശ്രീകുമാർ അസി. ഡയറക്ടർ, ഫിഷറീസ്	ശ്രീമതി. വിജയകുമാരി ഉദയസൂര്യൻ, ഡി.പി.സി അംഗം	ശ്രീമതി. സോഫി ജേക്കബ്, ജില്ലാ സാമൂഹ്യനീതി ഓഫീസർ
മണ്ണ്, ജലസംരക്ഷണം, കുടിവെള്ളം		വനസംരക്ഷണം, പരിസ്ഥിതി, മൈനിംഗ് & ജിയോളജി	
ശ്രീ. ഇൻഫന്റ് തോമസ്, ഡി.പി.സി അംഗം	ശ്രീ. അരുൺ രാജ് ജില്ലാ മണ്ണു സംരക്ഷണ ഓഫീസർ	ശ്രീ.നോബിൾ ജോസ് ഡി.പി.സി അംഗം	ശ്രീ. നരേന്ദ്ര ബാബു എസ് ഐ.എഫ്.എസ്, ഡി.എഫ്.ഒ, മൂന്നാർ
വ്യവസായം, സഹകരണം		ആരോഗ്യം, ആയുർവ്വേദം, ഹോമിയോ	
ശ്രീമതി.കുഞ്ഞുമോൾ ചാക്കോ ഡി.പി.സി അംഗം	ശ്രീ. ബിജു കുര്യൻ, ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം	ശ്രീമതി. കുഞ്ഞുമോൾ ചാക്കോ ഡി.പി.സി അംഗം	ഡോ.പി.കെ. സുഷമ ഡി.എം.ഒ. ആരോഗ്യം
ശുചിത്വം		പാർപ്പിടം	
ശ്രീ. നോബിൾ ജോസ് ഡി.പി.സി അംഗം	ശ്രീ. സാജുസെബാസ്റ്റ്യൻ, ജില്ലാ കോർഡിനേറ്റർ ശുചിത്വ മിഷൻ	ശ്രീ. മനോജ് മുരളി ഡി.പി.സി അംഗം	ശ്രീ. മുഹമ്മദ് ഡ്വാ റ്റി.എം, പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യലഘൂകരണം

ചെയർ പേഴ്സൺ	കൺവീനർ	ചെയർ പേഴ്സൺ	കൺവീനർ
വിദ്യാഭ്യാസം (അംഗൻവാടി ഉൾപ്പെടെ), സംസ്കാരം		**കായികം യുവജന ക്ഷേമം**	
ശ്രീ.എസ് വിജയകുമാർ, ഡി.പി.സി അംഗം	**ശ്രീ. എ. അബുബക്കർ,** വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ	**ശ്രീ. മനോജ് കുമാർ** ഡി.പി.സി അംഗം	**ശ്രീമതി. മായാദേവി എൽ** സെക്രട്ടറി ജില്ലാ സ്പോർട്സ് കൗൺസിൽ
ഊർജ്ജം		**അടിസ്ഥാന സൗകര്യ വികസനം, ഗതാഗതം, കെട്ടിടം, റോഡ്സ്**	
അഡ്വ. സിറിയക് തോമസ് ഡി.പി.സി അംഗം	**ശ്രീ. ശശാങ്കൻനായർ സി.എസ്.** ഡെപ്യൂട്ടി സി.ഇ, ഇലക്ട്രിക്കൽ സർക്കിൾ തൊടുപുഴ	**അഡ്വ. സിറിയക്തോമസ്.** ഡി.പി.സി അംഗം	**ശ്രീമതി. ജെസ്സി. ഇ.എസ്,** എക്സി.എഞ്ചിനിയർ എൽ.എസ്.ജി.ഡി.
വിനോദസഞ്ചാരം		**പട്ടികജാതി വികസനം**	
ശ്രീ.ഇൻഫന്റ് തോമസ് ഡി.പി.സി അംഗം	**ശ്രീ. ജയൻ പി വിജയൻ** സെക്രട്ടറി, ഡി.റ്റി.പി.സി	**ശ്രീ.എസ്.വിജയകുമാർ** ഡി.പി.സി അംഗം	**ശ്രീ.അബ്ദുൾ സത്താർ കെ.എച്ച്,** ജില്ലാ പട്ടികജാതി വികസന ഓഫീസർ
പട്ടികവർഗ്ഗ വികസനം		**വനിത, വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷി /ഭിന്ന ലിംഗക്കാർ**	
ശ്രീമതി. സി.വി സുനിത ഡി.പി.സി അംഗം	**ശ്രീമതി. ശ്രീരേഖ** ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസർ	ശ്രീമതി.നിർമ്മല നന്ദകുമാർ ഡി.പി.സി അംഗം	**ശ്രീമതി. ഹേമ എസ്.** ഡി.ഡബ്ല്യു.ഡബ്ല്യു.ഒ

എഡിറ്റോറിയൽ കമ്മിറ്റി അംഗങ്ങൾ

ശ്രീ. സുരേഷ് എം.എസ്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ	ശ്രീ. എസ് രാജീവ് (റിസോഴ്സ് പേഴ്സൺ)
ശ്രീ. എൻ. ഹരി, അസി. ഡവലപ്പ്മെന്റ് കമ്മിഷണർ (ജനറൽ)	ശ്രീ. വി.വി. ഫിലിപ്പ് ,,
ഡോ. ജി മധു, ജില്ലാ കോ-ഓർഡിനേറ്റർ, ഹരിതകേരളം മിഷൻ	ശ്രീ. പോൾ കെ.ജെ ,,
ശ്രീ. പ്രവീൺ .കെ ജില്ലാ കോ-ഓർഡിനേറ്റർ, ലൈഫ് മിഷൻ	ശ്രീ. സി.എസ് ശശീന്ദ്രൻ ,,
ശ്രീ. സന്തോഷ് എൻ.പി, ജില്ലാ ഇൻഫർമേഷൻ ആഫീസർ	ശ്രീ. വി.ബി ദിലീപ് കുമാർ ,,
ശ്രീ. ബിജോയ് കെ വർഗ്ഗീസ്, ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ, എം.ജി.എൻ.ആർ.ഇ.ജി.എ	ശ്രീ. കെ. ആർ. രാമചന്ദ്രൻ ,,
ശ്രീ. ജോൺ എം (റിസോഴ്സ് പേഴ്സൺ)	ശ്രീ. ടോമി ജോസഫ് ,,
ശ്രീ. കെ.കെ സുകുമാരൻ ,,	ശ്രീ. പി.സി തോമസ് ,,
ശ്രീ. കാഞ്ചിയാർ രാജൻ ,,	ശ്രീ. പി.എസ് വിനയൻ ,,
ശ്രീ. വി.എം പരീത് ,,	ശ്രീമതി.സജിത കെ.സി (റിസേർച്ച് ഓഫീസർ)

***

ജില്ലാ പ്ലാനിംഗ് ഓഫീസ്, ഇടുക്കി